മലങ്കര മാർത്തോമ്മാ സുറിയാനി സഭ

പ്രതിനിധിമണ്ഡലം

2019-20

2019–2020 ലെ വാർഷിക റിപ്പോർട്ട് വരവ് ചെലവ് കണക്ക് 2020–21 ലെ ബഡ്ജറ്റ്

തീയതി : 2021 ഒക്ടോബർ 13,14,15
(ബുധൻ, വ്യാഴം, വെള്ളി)

സ്ഥലം : ഡോ. അലക്സാണ്ടർ മാർത്തോമ്മാ
വലിയ മെത്രാപ്പോലീത്താ സ്മാരക ആഡിറ്റോറിയം, തിരുവല്ല
ZOOM WEBINAR

MALANKARA MAR THOMA SYRIAN CHURCH

Prathinidhi Mandalam 2019–2020

Annual Report and Accounts 2019-2020
Budget for 2020-2021

Venue: **Dr. Alexander Mar Thoma Valiya Metropolitan Smaraka Auditorium, Tiruvalla**

Date: **2021 October 13,14,15** **(Wednesday, Thursday &Friday)**

ഉള്ളടക്കം

ഭാഗം I

സഭയുടെ ബഡ്ജറ്റ് ഇല്ലാതെയും, ബഡ്ജറ്റിൽ കവിഞ്ഞും ഉള്ള ചെലവുകൾ ..... I - 7

2020-21-ലെ കണക്കു പരിശോധകരുടെ ലിസ്റ്റ് ..... I - 8

ഭാഗം II

സഭയുടെയും സ്ഥാപനങ്ങളുടെയും റിപ്പോർട്ട്

ആമുഖം ..... II -1

1. കേന്ദ്ര പ്രവർത്തനം ..... II - 2

1.1 പ്രതിനിധി മണ്ഡലയോഗം 2018-'19, സ്പെഷ്യൽ മണ്ഡലം, എപ്പിസ്കോപ്പൽ സ്ഥാനത്തേയ്ക്കുള്ള തിരഞ്ഞെടുപ്പിനുവേണ്ടി കൂടിയ മണ്ഡലയോഗം ..... II - 2

1.2 എപ്പിസ്കോപ്പൽ സിനഡ് ..... II -3

1.3 സഭാ കൗൺസിൽ ..... II -4

1.4 ഡോ. അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ സ്മാരക പ്രഭാഷണം ..... II -5

1.5 ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്തായുടെ ജന്മദിന സമ്മേളനം ..... II -5

2. മേലദ്ധ്യക്ഷന്മാരുടെ പ്രവർത്തന വൃത്താന്തം ..... II -5

2.1 മോസ്റ്റ് റവ. ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്ത ... II -5

2.2 മോസ്റ്റ് റവ. ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്ത ..... II -6

2.3 റൈറ്റ് റവ. ഡോ. ഗീവർഗീസ് മാർ തെയഡോഷ്യസ് എപ്പിസ്കോപ്പാ ..... II -9

2.4 റൈറ്റ് റവ. ഡോ. യുയാക്കിം മാർ കൂറിലോസ് എപ്പിസ്കോപ്പാ ..... II -11

2.5 റൈറ്റ് റവ. ജോസഫ് മാർ ബർന്നബാസ് എപ്പിസ്കോപ്പാ ..... II -13

2.6 റൈറ്റ് റവ. തോമസ് മാർ തിമൊഥെയോസ് എപ്പിസ്കോപ്പാ ..... II -14

2.7 റൈറ്റ് റവ. ഡോ. ഐസക് മാർ ഫീലക്സിനോസ് എപ്പിസ്കോപ്പാ ..... II -16

2.8 റൈറ്റ് റവ. ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പാ ..... II -18

2.9 റൈറ്റ് റവ. ഡോ. മാത്യൂസ് മാർ മക്കാറിയോസ് എപ്പിസ്കോപ്പാ ..... II -20

2.10 റൈറ്റ് റവ. ഗ്രീഗോറിയോസ് മാർ സ്തേഫാനോസ് എപ്പിസ്കോപ്പാ ..... II -22

2.11 റൈറ്റ് റവ. ഡോ. തോമസ് മാർ തീത്തോസ് എപ്പിസ്കോപ്പാ ..... II -24

3. ഭദ്രാസന പ്രവർത്തനങ്ങൾ ..... II -27

3.1 നിരണം-മാരാമൺ ഭദ്രാസനം ..... II -27

3.2 കോട്ടയം - കൊച്ചി ഭദ്രാസനം ..... II -31

3.3 റാന്നി - നിലയ്ക്കൽ ഭദ്രാസനം ..... II -34

3.4 മലേഷ്യ-സിംഗപ്പൂർ-ഓസ്ട്രേലിയ- ന്യൂസിലാന്റ് ഭദ്രാസനം ..... II -36

3.5 മുംബൈ ഭദ്രാസനം ..... II -36

3.6 കൊട്ടാരക്കര - പുനലൂർ ഭദ്രാസനം ..... II -39

3.7 തിരുവനന്തപുരം - കൊല്ലം ഭദ്രാസനം ..... II -43

3.8 ചെങ്ങന്നൂർ - മാവേലിക്കര ഭദ്രാസനം ..... II -47

3.9 നോർത്ത് അമേരിക്ക - യൂറോപ്പ് ഭദ്രാസനം ..... II -51

3.10 അടൂർ ഭദ്രാസനം ..... II -53

3.11 ചെന്നൈ - ബാംഗ്ലൂർ ഭദ്രാസനം ..... II -55

3.12 ഡൽഹി ഭദ്രാസനം ..... II -59

3.13 കുന്ദംകുളം-മലബാർ ഭദ്രാസനം ..... II -61

4. അംഗീകൃത സ്ഥാപനങ്ങൾ ..... II - 71

4.1 മാർത്തോമ്മാ സുവിശേഷ പ്രസംഗസംഘം ..... II -71
4.2 മാർത്തോമ്മാ സണ്ടേസ്കൂൾ സമാജം ..... II -73
4.3 മാർത്തോമ്മാ സന്നദ്ധ സുവിശേഷക സംഘം ..... II -73
4.4 മാർത്തോമ്മാ സുവിശേഷ സേവികാ സംഘം ..... II -75
4.5 മാർത്തോമ്മാ യുവജനസഖ്യം ..... II -77
4.6 ഡിപ്പാർട്ടുമെന്റ് ഓഫ് സേക്രഡ് മ്യൂസിക് ആന്റ് കമ്മ്യൂണിക്കേഷൻസ് ..... II -81
4.7 മാർത്തോമ്മാ റിട്ടയാർഡ് ക്ലെർജി ഫെലോഷിപ്പ് ..... II -84
4.8 മാർത്തോമ്മാ സ്റ്റുഡന്റ്സ് കോൺഫറൻസ് ..... II -85

5. പൊതു സ്ഥാപനങ്ങൾ ..... II - 85

5.1 മാർത്തോമ്മാ വൈദിക സെമിനാരി, കോട്ടയം ..... II -85
5.2 എപ്പിസ്കോപ്പൽ ജൂബിലി ഇൻസ്റ്റിറ്റ്യൂട്ട്, കൊമ്പാടി, തിരുവല്ല ..... II -87
5.3 യൂഹാനോൻ മാർത്തോമ്മാ മെമ്മോറിയൽ സ്റ്റഡി സെന്റർ, മണ്ണന്തല ..... II -87
5.4 ഡോ. തോമസ് മാർ അത്താനാസ്യോസ് മെമ്മോറിയൽ റിസേർച്ച് & ഓറിയന്റേഷൻ സെന്റർ മാങ്ങാനം, കോട്ടയം ..... II -89
5.5 തോമസ് മാർ അത്താനാസ്യോസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൗൺസിലിംഗ്, അമലഗിരി ..... II -89
5.6 ഈശോ മാർ തിമൊഥെയോസ് സെന്റർ ഫോർ ഇവാഞ്ചലിസം ആന്റ് റൂറൽ ഡവലപ്പ്മെന്റ്, സീഹോറ ..... II -90
5.7 ഈശോ മാർ തിമൊഥെയോസ് മെമ്മോറിയൽ ഇവാഞ്ചലിസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, ഹോസ്ക്കോട്ട് ..... II -90
5.8 ഡോ. അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ സ്മാരക ധർമ്മജ്യോതി വിദ്യാപീഠം, ഫരീദാബാദ് ഹരിയാന ..... II -91
5.9 ചർച്ച് ആനിമേഷൻ സെന്റർ ..... II -91
5.10 മാർത്തോമ്മാ സഭാ മ്യൂസിയം & സഭാ റഫറൻസ് ലൈബ്രറി ..... II -92
5.11 യൂഹാനോൻ മാർത്തോമ്മാ & മാത്യൂസ് മാർ അത്താനാസ്യോസ് മെമ്മോറിയൽ സമഗ്ര വികസന കേന്ദ്രം, അയിരൂർ ..... II -92

6. കമ്മിറ്റികൾ ..... II -93

6.1 വൈദിക തെരഞ്ഞെടുപ്പു കമ്മിറ്റി ..... II -93
6.2 പ്രോപ്പർട്ടി & ബിൽഡിംഗ് കമ്മിറ്റി ..... II -93
6.3 സർവ്വീസ് കമ്മീഷൻ ..... II -94
6.4 ഹയർ എഡ്യൂക്കേഷൻ കമ്മീഷൻ ..... II -94
6.5 കമ്മീഷൻ ഓൺ എക്യുമെനിക്കൽ റിലേഷൻസ് ..... II -95
6.6 മാർത്തോമ്മാ ലിറ്റർജിക്കൽ കമ്മീഷൻ ..... II -95
6.7 മാർത്തോമ്മാ സഭാ വെബ്സൈറ്റ് കമ്മിറ്റി ..... II -95
6.8 "മലങ്കര ദർശൻ" ചാനൽ പ്രോഗ്രാം ..... II -96
6.9 മാർത്തോമ്മാ സ്കൂൾ കൗൺസിലിംഗ് പ്രോഗ്രാം ..... II -96
6.10 ലഹരി വിമോചന സമിതി ..... II -96
6.11 മാർത്തോമ്മാ തിയോളജിക്കൽ കമ്മീഷൻ ..... II -97
6.12 സോഷ്യോ പൊളിറ്റിക്കൽ കമ്മീഷൻ ..... II -97
6.13 ഇക്കളജിക്കൽ കമ്മീഷൻ ..... II -98

7. ഭദ്രാസനങ്ങളും, ഇടവകകളും, പട്ടക്കാരും, മണ്ഡലാംഗങ്ങളും ..... II -98

7.1 ഭദ്രാസനങ്ങളും, ഇടവകകളും ..... II -98
7.2 റിപ്പോർട്ട് വർഷം രൂപീകൃതമായ ഇടവകകൾ ..... II -98

7.3 സജീവ സേവനത്തിൽനിന്നും വിരമിച്ച പട്ടക്കാർ ..... II -98
7.4 നിര്യാതരായ വന്ദ്യവൈദികർ ..... II -98
7.5 നിര്യാതരായ മണ്ഡലാംഗങ്ങൾ ..... II -98
7.6 2019-2020-ൽ പട്ടത്വ ശുശ്രൂഷയിലേക്ക് പ്രവേശിച്ചവർ ..... II -98
7.7 പട്ടക്കാരുടെ വാർഷിക കോൺഫ്രറൻസ് ..... II -99
7.8 മാർത്തോമ്മാ സഭ കൺവൻഷൻ പ്രസംഗകരുടെ കോൺഫറൻസ് ..... II -99
8. വിദ്യാഭ്യാസ സ്ഥാപനങ്ങൾ ..... II -100
8.A. കോളജുകൾ ..... II -100
8.A.*1. മാർത്തോമ്മാ കോളജ്, തിരുവല്ല* ..... II -100
8.A.*2. സെന്റ് തോമസ് കോളജ്, കോഴഞ്ചേരി* ..... II -103
8.A.*3. ക്രിസ്ത്യൻ കോളജ്, ചെങ്ങന്നൂർ* ..... II -104
8.A.*4. മാർത്തോമ്മാ കോളജ്, ചുങ്കത്തറ* ..... II -105
8.A.*5. ടൈറ്റസ് II ടീച്ചേഴ്സ് കോളജ്, തിരുവല്ല* ..... II -106
8.B. എം. റ്റി. ആന്റ് ഇ. എ. സ്കൂൾസ് കോർപ്പറേറ്റ് മാനേജ്മെന്റ് ..... II -107
8.B. *1. മാർത്തോമ്മാ സെമിനാരി ഹയർ സെക്കന്ററി സ്കൂൾ, കോട്ടയം* ..... II -107
8.B. *2. മാർത്തോമ്മാ ഹയർ സെക്കന്ററി സ്കൂൾ, പത്തനംതിട്ട* ..... II -107
8.B *3. സെന്റ് തോമസ് ഹയർ സെക്കന്ററി സ്കൂൾ, കീഴില്ലം* ..... II -108
8.B *4. എസ്. സി. എസ്. ഹയർ സെക്കന്ററി സ്കൂൾ, തിരുവല്ല* ..... II -108
8.B *5. ആശ്രമം ഹയർ സെക്കന്ററി സ്കൂൾ, പെരുമ്പാവൂർ* ..... II -109
8.B *6. മാർത്തോമ്മാ ഹയർ സെക്കന്ററി സ്കൂൾ, വെണ്മണി* ..... II -109
8.B *7. മാർത്തോമ്മാ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ, കുന്നം* ..... II -110
8.B *8. മാർത്തോമ്മാ ഹയർ സെക്കന്ററി സ്കൂൾ, വാളകം* ..... II -110
8.B *9. മാർത്തോമ്മാ ഗേൾസ് ഹൈസ്കൂൾ, കൊട്ടാരക്കര* ..... II -111
8.B *10. എ.എം.എം. ഹൈസ്കൂൾ, കരവാളൂർ* ..... II -112
8.B *11. എം.റ്റി.എസ്. ഗേൾസ് ഹൈസ്കൂൾ, ആനപ്രാമ്പാൽ* ..... II -112
8.B *12. റ്റി.എം.റ്റി. ഹൈസ്കൂൾ, തലവടി* ..... II -112
8.B *13. മാർത്തോമ്മാ ഹൈസ്കൂൾ, ചണ്ണപ്പേട്ട* ..... II -113
8.B *14. ഗുരുകുലം ഹയർ സെക്കന്ററി സ്കൂൾ, ഇടക്കുളം* ..... II -113
8.B *15. എ. എം. എം. ഹൈസ്കൂൾ, ഓതറ* ..... II -113
8.B *16. സെന്റ് തോമസ് റ്റി. റ്റി. ഐ., തിരുവല്ല* ..... II -113
8.B *17. സെന്റ് ജോർജ്ജ് യു.പി. സ്കൂൾ, വാഴൂർ* ..... II -114
8.B *18. മാർത്തോമ്മാ പ്രീ പ്രൈമറി ടീച്ചേഴ്സ് ട്രെയിനിംഗ് സ്കൂൾ, മഞ്ഞാടി* ..... II -114
8.D. ഇതര വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ..... II -115
8.D. *1. മാർത്തോമ്മാ സ്കൂൾസ് ടീച്ചേഴ്സ് അസ്സോസിയേഷൻ* ..... II -115
8.D. *2. മാർത്തോമ്മാ പ്രൈമറി സ്കൂൾ ടീച്ചേഴ്സ് അസ്സോസിയേഷൻ* ..... II -115
9. സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾ ..... II -115
9.1 നവോദയ മൂവ്മെന്റ് സൊസൈറ്റി ..... II -115

9.2 മാർത്തോമ്മാ മെഡിക്കൽ മിഷൻ ..... II -116
9.3 സെന്റ് തോമസ് മിഷൻ ആശുപത്രി, കറ്റാനം ..... II -116
9.4 ഫെലോഷിപ്പ് മിഷൻ ആശുപത്രി, കുമ്പനാട് ..... II -117
9.5 മാർത്തോമ്മാ മിഷൻ ആശുപത്രി, ചുങ്കത്തറ ..... II -118

10. വികസന പ്രവർത്തനങ്ങൾ ..... II -118
10.1 ഡവലപ്പ്മെന്റ് ഡിപ്പാർട്ടുമെന്റ് ..... II -118
10.2 ബാക്ക്‌വേർഡ് കമ്മ്യൂണിറ്റി ഡവലപ്പ്മെന്റ് കമ്മീഷൻ (ബി.സി.ഡി.സി) ..... II -119
10.3 ക്രിസ്ത്യൻ ഏജൻസി ഫോർ റൂറൽ ഡവലപ്പ്മെന്റ് ..... II -119

11. മദ്യവർജ്ജന ചികിത്സാ പുനരധിവാസ പ്രവർത്തനങ്ങൾ ..... II -120
11.1 മോചന ലഹരി ആസക്തി വിമോചന ചികിത്സാ കേന്ദ്രം, മാങ്ങാനം ..... II - 120
11.2 നവജീവകേന്ദ്രം, മലയാലപ്പുഴ ..... II - 121
11.3 ഐ. സി. എസ്. ഡി. ഡി-അഡിക്ഷൻ റിട്രീറ്റ് കം - റീഹാബിലിറ്റേഷൻ സെന്റർ, വാളകം II - 121

12. ജീവകാരുണ്യ പ്രവർത്തനങ്ങൾ ..... II -122
12.1 എം.സി.ആർ.ഡി, തെള്ളിയൂർ ..... II -122
12.2 നവജീവൻ സെന്റർ, മുംബൈ ..... II -122
12.3 ദളിത് വിദ്യാഭ്യാസ പദ്ധതി ..... II -123
12.4 ശാന്തിഗിരി ആശ്രമം, ആലുവ ..... II -123
12.5 ഭൂ-ഭവനദാന പ്രസ്ഥാനം ..... II -123
12.6 സ്നേഹകരം പദ്ധതി ..... II -124
12.7 മന്ദിരങ്ങൾ ..... II -124

13. മാർത്തോമ്മാ പബ്ലിക്ക് ചാരിറ്റബിൾ ട്രസ്റ്റ് ..... II -133
13.1 ചാരിറ്റബിൾ ട്രസ്റ്റ് ..... II -133
13.2 സ്നേഹഭവൻ ..... II -133

14. മാർത്തോമ്മാ ദയറായ / സന്യാസിനി സമൂഹം ..... II -134
14.1 ദയറായ സമൂഹം ..... II -134
14.2 സന്യാസിനി സമൂഹം ..... II -134

15. പ്രസിദ്ധീകരണങ്ങൾ ..... II -134
15.1 സഭാ ബുക്ക് ഡിപ്പോ ..... II -134
15.2 മലങ്കര സഭാ താരക ..... II -134
15.3 പബ്ലിക്കേഷൻ സൊസൈറ്റി ..... II -135
15.4 മാർത്തോമ്മാ പ്രസ് ..... II -135

16.A പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ..... II -135

16.B ഫണ്ടുകൾ ..... II -135

17. സഭാ ഓഫീസ് ..... II -136

18. ധനകാര്യം ..... II -136
കൃതജ്ഞത ..... II -137
ഉപസംഹാരം ..... II -137
സഭാ കൗൺസിൽ അംഗങ്ങളുടെ ഹാജർനില ..... II -139

ഭാഗം III

സഭയുടെ ആഡിറ്റ് ചെയ്ത വരവു ചെലവു കണക്കുകളും ബഡ്ജറ്റും, ബാക്കിപത്രവും, അനുബന്ധങ്ങളും

1. 2019-2020 ലെ വരവു ചെലവു കണക്കും 2020-2021-ലെ ബഡ്ജറ്റും ..... III - 1
2. സഭാ ബാക്കിപത്രവും അനുബന്ധങ്ങളും ..... III - 18

ഭാഗം IV

സ്ഥാപനങ്ങളുടെ ആഡിറ്റ് ചെയ്ത വരവു ചെലവു കണക്കുകളും, ബഡ്ജറ്റും, ബഡ്ജറ്റില്ലാതെയും ബഡ്ജറ്റിൽ കവിഞ്ഞും ഉള്ള ചെലവുകൾ.

1. മാർത്തോമ്മാ തിയോളജിക്കൽ സെമിനാരി, കോട്ടയം ..... IV - 1
2. എപ്പിസ്കോപ്പൽ ജൂബിലി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇവാഞ്ചലിസം, കൊമ്പാടി ..... IV - 9
3. മാർത്തോമ്മാ സെന്റർ ഫോർ റീഹാബിലിറ്റേഷൻ & ഡവലപ്പ്മെന്റ്, തെള്ളിയൂർ ..... IV -14
4. ഈശോ മാർ തിമൊഥെയോസ് സെന്റർ ഫോർ ഇവാഞ്ചലിസം & റൂറൽ ഡവലപ്പ്മെന്റ്, സിഹോറ ..... IV -21
5. ഡോ. തോമസ് മാർ അത്താനാസ്യോസ് മെമ്മോറിയൽ റിസേർച്ച് & ഓറിയന്റേഷൻ സെന്റർ മാങ്ങാനം, കോട്ടയം ..... IV -23
6. ഈശോ മാർ തിമൊഥെയോസ് സ്മാരക സുവിശേഷ പരിശീലന കേന്ദ്രം, ഹോസ്കോട്ട് .. IV -30
7. ഡോ. യൂഹാനോൻ മാർത്തോമ്മാ മെമ്മോറിയൽ സ്റ്റഡി സെന്റർ, തിരുവനന്തപുരം ..... IV -33
8. മലങ്കര സഭാ താരക ..... IV -38
9. എം. റ്റി. & ഇ. എ. സ്കൂൾസ് കോർപ്പറേറ്റ് മാനേജ്മെന്റ്, തിരുവല്ല ..... IV -42
10. മാർത്തോമ്മാ സഭാ ബുക്ക് ഡിപ്പോ, തിരുവല്ല ..... IV -47
11. മാർത്തോമ്മാ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്റർ, ചെറുകോൽ കോഴഞ്ചേരി ..... IV -52
12. ജെ. എം. & എം. എ. മെമ്മോറിയൽ സമഗ്രവികസന കേന്ദ്രം, അയിരൂർ ..... IV -56

ഭാഗം V

സ്ഥാപനങ്ങളുടെ ആഡിറ്റ് ചെയ്ത വരവു ചെലവു കണക്ക്

(മണ്ഡലാംഗങ്ങളുടെ അറിവിലേക്കുമാത്രം പ്രസിദ്ധീകരിക്കുന്നത്)

1. ഡവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റ് ..... V - 1
2. മാർത്തോമ്മാ പബ്ലിക് ചാരിറ്റബിൾ ട്രസ്റ്റ്, തിരുവല്ല ..... V - 3
3. മാർത്തോമ്മാ ദയറായ സമൂഹം, പുനലൂർ ..... V - 5
4. മാർത്തോമ്മാ സന്യാസിനി സമൂഹം ..... V - 8
5. ടൈറ്റസ് II ടീച്ചേഴ്സ് കോളജ്, തിരുവല്ല ..... V - 11
6. ക്രിസ്ത്യൻ കോളജ്, ചെങ്ങന്നൂർ ..... V - 15
7. മാർത്തോമ്മാ കോളജ്, തിരുവല്ല ..... V - 18
8. ശാന്തിഗിരി ആശ്രമം, ആലുവ ..... V - 23
9. മാർത്തോമ്മാ കോളജ്, ചുങ്കത്തറ ..... V - 26
10. മാർത്തോമ്മാ പബ്ലിക്കേഷൻ സൊസൈറ്റി ..... V - 30
11. സെന്റ് തോമസ് കോളജ്, കോഴഞ്ചേരി ..... V - 34

2019-2020 സാമ്പത്തിക വർഷം സഭയുടെ ബഡ്ജറ്റിൽ കവിഞ്ഞ് ചെലവായ തുകകൾ

നമ്പർ	പേജ് നമ്പർ	നമ്പർ	ഇന വിവരം	ബഡ്ജറ്റ് 2019-2020	അസ്സൽ 2019-2020	അധിക ചെലവ്	വിശദീകരണം
1	III-10	(d)-II 12	മാർത്തോമ്മാ മെറിറ്റ് അവാർഡ്	50,000.00	90,000.00	40,000.00	മാർത്തോമ്മാ സഭാംഗങ്ങളായ Ph.D നേടിയ അദ്ധ്യാപകർക്കും റാങ്ക് നേടിയ വിദ്യാർത്ഥികൾക്കും നൽകുന്ന അവാർഡിനായി ലഭിച്ച അപേക്ഷകളുടെ എണ്ണം മുൻ വർഷത്തേക്കാൾ കൂടിയതിനാൽ. അർഹതയുള്ള 18 അപേക്ഷകർക്ക് നൽകിയ തുക.
2	III-13	(g)- 1	ബിഷപ്പ് മെഡിക്കൽ എയ്ഡ് ഫണ്ടിലേക്ക് ട്രാൻസ്ഫർ (വാടകയുടെ 5%)	9,00,000.00	9,18,802.00	18,802.00	കെട്ടിട വാടക ഇനത്തിലെ വരുമാനത്തിന്റ വർദ്ധനയുണ്ടായതിനാൽ (Income & Exp. A/C ൽ Rs 1,83,76,043 രൂപയുടെ 5%) യഥാർത്ഥ വരുമാനത്തിന്റെ 5% transfer ചെയ്ത തുക.
3	III-15	III-12	ജി. എസ്. ടി സ്ഥാപനങ്ങളിൽ നിന്നും പാരിഷിൽ നിന്നും	60,00,000.00	74,73,883.70	14,73,883.70	ജി.എസ്.ടി ഇനത്തിൽ സ്ഥാപനങ്ങളും ഇടവകകളും ശേഖരിച്ച് സഭാ ആഫീസ് വഴി അടച്ച യഥാർത്ഥ തുക.
			ആകെ	**69,50,000.00**	**84,82,685.70**	**15,32,685.70**	

Appointment of Statutory Auditors for the year 2020-2021

Taking into account the quality of work done, the following firms of Chartered Accountants are proposed to be appointed for the audit of the accounts of the Sabha and the various Institutions for the year 2020-2021:-

1. M/s. Cheriyan & Cheriyan, Chartered Accountants, Miss East Road, Kottayam- 686 001.
2. M/s. Reji John & Co., Chartered Accountants, Near Children's Library, Kottayam.
3. M/s. Kuruvilla & Co., Chartered Accountants, Pathanamthitta - 689 645.
4. M/s. Thomas Mathew & Associates, Chartered Accountants, Power House Road, Tiruvalla - 689 101.
5. M/s. Thomas Jacob & Co., Chartered Accountants, 2nd Floor, Cliff Terrace, YMR Junction, Nanthancode, Kowdiar, Trivandrum -35
6. M/s. M. Johanen & Co., No. 13 Crescent Road, Shenoy Nagar, Chennai - 30.
7. M/s. K.C. Koshal & Co. Chartered Accountants, 1507, Wright Town, Jabalpur (M.P).
8. M/s. K. I. Abraham & Co., Chartered Accountants, Tiruvalla.
9. M/s. Jacob Kovoor & Co., Chartered Accountants, Cochi.
10. M/s. Jacob Abraham & Co., Chartered Accountants, Chengannur.

Supplimentary Budget of Institutions 2019-2020

ഭാഗം IV

Pages: 7, 10, 18, 22, 26, 34, 39, 46, 49, 54, 58

ഭാഗം II

വാർഷിക റിപ്പോർട്ട്

2019 ഏപ്രിൽ 1 മുതൽ 2020 മാർച്ച് 31 വരെ

ആമുഖം

അടിച്ചമർത്തലിന്റെയും, അസഹിഷ്ണതയുടെയും, അസമത്വത്തിന്റെയും, ആകുലതകളുടെയും, അവസാനം അടച്ചുപൂട്ടലിന്റെയും കാലഘട്ടമായിട്ടായിരിക്കും ഭാരതത്തിന്റെ കഴിഞ്ഞ ഒരു വർഷകാലയളവിനെ (2019-20) ചരിത്രം അടയാളപ്പെടുത്തുക. പ്രകൃതിക്ഷോഭങ്ങളും പ്രതിഷേധങ്ങളും അലയടിച്ച കാലഘട്ടത്തിന്റെ അവസാനം കോവിഡ് 19 മഹാമാരിയുടെ നിശബ്ദവും കഠിനവുമായ പ്രക്ഷുബ്ധതയിലേക്കാണ് ലോകമൊന്നാകെ കടപുഴകി വീണത്. നിശ്ചയങ്ങളെ അപ്രസക്തമാക്കുന്ന അനിശ്ചിതത്വത്തിലേക്ക് ലോകമൊന്നടങ്കം അതിവേഗം വഴുതിവീണപ്പോൾ, ചോദ്യങ്ങൾക്കപ്പുറമുള്ള സമസ്യകളുടെ കൂമ്പാരമായി ജീവിതം മാറിപ്പോയി. ലോക്ക് ഡൗൺ എന്ന പദത്തിന്റെ അർത്ഥവും വ്യാപ്തിയും ജീവിതവും മരണവും തമ്മിലുള്ള ഇഴയടുപ്പത്തെ മുറിച്ചുമാറ്റുന്ന കാലമായി ഇടപെട്ടുകൊണ്ടിരുന്നു. അകലുംതോറും അടുപ്പം വർദ്ധിപ്പിക്കുന്ന സ്നേഹ കരുതലിന്റെ തണലിടങ്ങൾ വിദ്വേഷത്തിന്റെയും വെറുപ്പിന്റെയും ചങ്ങലക്കണ്ണികളെ പൊട്ടിച്ചെറിഞ്ഞു (Break the Chain) ഉമിണ്ണു കളയാതെയിരിക്കുന്ന ഉമിനീര് പോലും ഉറ്റവരോടുള്ള ഊഷ്മളതയുടെ ഉപഹാരങ്ങളായി. മുഖങ്ങൾ മറച്ചു പിടിച്ച മുഖാവരണങ്ങൾ മനുഷ്യ സ്നേഹത്തിന്റെ മൂടുപടങ്ങളായി ഇടപെട്ടു. "ഇനിയും മരിക്കാത്ത ഭൂമി" അതിന്റെ പൂർവ്വ സുകൃതങ്ങളെയൊന്നൊഴിയാതെ തിരിച്ചുപിടിച്ചത് മനുഷ്യകുലത്തെയൊന്നടങ്കം തടവിലിട്ടു കൊണ്ടായിരുന്നു. മനുഷ്യ കേന്ദ്രീകൃതമായ എല്ലാ സിദ്ധാന്തങ്ങളും പ്രകൃതി അഥവാ സൃഷ്ടി കേന്ദ്രീകൃതമായ കാഴ്ച്ചപ്പാടുകളിൽ ഒതുങ്ങിപ്പോയി. നിസ്സഹായരായി മരിച്ചു വീണുകൊണ്ടിരുന്ന ലക്ഷക്കണക്കിന് മനുഷ്യ ജീവനുകൾ, എത്ര നിസ്സാരരാണ് സൃഷ്ടിയുടെ മകുടമെന്ന് മറക്കാതിരിക്കണമെന്ന് ഓർമിപ്പിച്ചുകൊണ്ടേയിരിക്കും. ജീവിതം നിമിഷാർദ്ധങ്ങൾക്കുള്ളിൽ കൈവിടുമ്പോൾ ലോകം മരണത്തിന്റെ വിളനിലമാകുമ്പോൾ, സകല പ്രതീക്ഷകളും അസ്തമിക്കുമ്പോൾ; നമ്മിൽ നിന്ന് ഉയർന്നതും ഉയരേണ്ടതും ക്രൂശിലെ ആ നിലവിളിയാണ് "ഏലി ഏലി ലമ്മാ ശബക്താനി"

കാലാതീതമായി നിരന്തരം രൂപപ്പെട്ടുകൊണ്ടിരിക്കുന്ന ചരിത്രത്തിലുള്ള ദൈവീക ഇടപെടലിന്റെ സാക്ഷ്യപത്രമാണ് സഭ. നിലവിളികളുടെ ലോകത്ത് നിശബ്ദരായിരിപ്പാനല്ല, നെടുവീർപ്പുകളുടെ മധ്യത്തിൽ പങ്കപ്പാടിന്റെ പങ്കാളിയാകുവാനും സഹയാത്രികരായി മാറുവാനുമാണ് സഭ വിളിക്കപ്പെട്ടിരിക്കുന്നത് കൂടിയാണ്. ക്രൂശിലെ നിലവിളികൾക്കപ്പുറം ഉത്ഥാനത്തിന്റെ നിസ്വനങ്ങളു ണ്ടെന്ന, പ്രതീക്ഷകളുടെ പുതുപാട്ടുകൾ പാടുവാനുള്ള നിയോഗം എല്ലാ കാലത്തും സഭയിൽ ഭരമേല്പിക്കപ്പെട്ടിരിക്കുന്നു. വെറുമയാക്കലിന്റെ വെച്ചുപാട്ടായിരുന്നു എന്നും സഭയുടെ നിയോഗവും ദർശനവും. കോവിഡ്-19ന്റെ കാലത്ത്, കൂട്ടായ്മയും കൂടിച്ചേരലുമെന്ന സഭയുടെ സവിശേഷമായ ആത്മീയമുഖത്തെ മറച്ചു വെയ്ക്കുകയെന്ന നിയോഗവും വെല്ലുവിളിയും ഏറെ നൊമ്പരത്തോടെ തന്നെയാണ് സഭയാകമാനം ഉൾക്കൊണ്ടത്. അടച്ചിട്ട പള്ളികളും ഓൺലൈൻ ആരാധനപങ്കാളിത്തവും സഭയുടെ പുതിയ മുഖമായി. അപ്പോഴും അതൊന്നും വേർതിരിക്കപ്പെട്ട ദൈവാലയാരാധനയനുഭവത്തിന് പകരമാവില്ലയെന്നും ഒട്ടൊരു നൊമ്പരത്തോടെ നാം തിരിച്ചറിഞ്ഞു. കാലഘട്ടത്തിന്റെ വെല്ലുവിളികളോട് സമരസപ്പെടാത്ത, ഒരുമയുടെ നിയോഗം എല്ലാ വിധത്തിലും നിർവ്വഹിക്കുന്നതിന് വേണ്ടി സഭ സാക്ഷ്യ സമൂഹമായി നിലകൊണ്ടു. മനുഷ്യനന്മയ്ക്ക്, ജനങ്ങളുടെ ജീവന്റെ പരിപാലനത്തിന് സഭയുടെ കൂടിവരവുകളും വി. കുർബ്ബാനയടക്കമുള്ള കൂദാശകളും നിർത്തിവെയ്ക്കേണ്ടി വന്നപ്പോൾ, അത് ക്രൂശിന്റെ തണലിലായിരിക്കുന്ന ദൗത്യാനുഭവമായിരുന്നെന്ന് സഭ തിരിച്ചറിഞ്ഞു. സഭയുടെ പരിചിത മുഖമല്ലാതായി തീരുന്നതാണ് മാനവികതയുടെ രക്ഷയ്ക്ക് മുഖാന്തരമാകുന്നതെങ്കിൽ, അത്തരത്തിൽ സഭയുടെ ബാഹ്യരൂപം വെടിയുകയെന്ന വെല്ലുവിളി ദൗത്യമായി ഏറ്റെടുക്കുവാൻ ലോകമാകെയുള്ള ക്രൈസ്തവ സഭയ്ക്കും, വിവിധ മതങ്ങൾക്കും സാധിച്ചു എന്നുള്ളത് കൃപയുടെ ദർശനമായി വേണം നാം ഉൾക്കൊള്ളേണ്ടത്.

ഇതിന്റെയെല്ലാം മധ്യത്തിലും ദുർബലരുടെയും ന്യൂനപക്ഷങ്ങളുടെയും സ്വരങ്ങൾ കൂടുതൽ ബലഹീനവും നിശബ്ദവുമായിപ്പോയി എന്ന യാഥാർഥ്യവും നാം കണ്ടില്ലയെന്ന് നടിക്കരുത്. ഒരു രാജ്യം അതിലെ ഏറ്റവും ബലഹീനരായ കുടിയേറ്റ തൊഴിലാളി സമൂഹത്തോട് വച്ചു പുലർത്തിയ നിസ്സംഗമായ നിലപാടുകൾ, സ്വന്തം രാജ്യത്ത് അഭയാർത്ഥികളെപ്പോലെ ആയിരക്കണക്ക് കിലോ മീറ്ററുകൾ കാൽനടയായി പലായനം ചെയ്യേണ്ട ഗതികേടിലേക്ക് അവരെ കൊണ്ടെത്തിച്ചു. ഭാരതത്തിന്റെ നാഡീഞരമ്പുകൾ പൊലെ പടർന്നുകിടക്കുന്ന റെയിൽവേ പാളങ്ങളിൽ ഇതാ ചിതറിപ്പോകുന്ന ഞങ്ങളുടെ ശരീരവും രക്തവും എന്ന് നിശബ്ദമായി ഞരങ്ങിക്കൊണ്ട്, രക്തത്തിൽ മുങ്ങിയ റൊട്ടികഷണങ്ങളിൽ ഒന്നു നിലവിളിക്കാൻ പോലുമാകാതെ ചിന്നിച്ചിതറിപ്പോയ ദരിദ്രരും നിരാലംബരുമായ തൊഴിലാളികൾ ഇന്ത്യയുടെ ആത്മാവിലെ കറുത്ത കുർബ്ബാനയായി, ക്രിസ്തുവിനൊപ്പം നുറുക്കപ്പെട്ടു. സ്വന്ത കുടുംബത്തിന്റെയും നാടിന്റെയും ക്ഷേമത്തിനായി വർഷങ്ങളായുള്ള പ്രവാസജീവിതം നയിച്ച പലരും ഈ മഹാമാരിയിൽ പ്രവാസ മണ്ണിൽ അന്ത്യവിശ്രമം കൊണ്ടു. അങ്ങനെയങ്ങനെ എണ്ണിയാലൊടുങ്ങാത്ത നൊമ്പരങ്ങളിൽ കുതിർന്ന കാലം കൂടിയായിട്ടായിരിക്കും ഈ മഹാമാരിയെ മനുഷ്യ ചരിത്രം അടയാളപ്പെടുത്തുക.

"ബദ്ധന്മാർക്ക് വിടുതലും കുരുടന്മാർക്ക് കാഴ്ചയും, പീഡിതന്മാരെ വിടുവിച്ചയപ്പാനും.... എന്നെ അയച്ചിരിക്കുന്നു....." എന്ന് ഘോഷിക്കുന്ന ക്രിസ്തുവിനെ നസ്രേത്തിലെ പള്ളി ചുമരുകളുടെ തുറവിയിൽ നാം ദർശിക്കുന്നുണ്ട് (ലൂക്കോസ് 4:16-18). ഈ ക്രിസ്തുദർശനമാണ് ഓരോ സാധാരണക്കാരന്റെയും കണ്ണിൽ നിന്നും കണ്ണീർ തുടച്ചു മാറ്റുന്ന ഇന്ത്യയെക്കുറിച്ച് സ്വപ്നം കണ്ട രാഷ്ട്രപിതാവിന്റെ സ്വപ്നങ്ങളിൽ നിന്നും നാം കണ്ടെടുക്കുന്നതും.

യേശുവിന്റെ ക്രൂശുമരണത്തിന് ശേഷം അടച്ചുപൂട്ടിയ അപ്പൊസ്തലന്മാരുടെ ലോക്ക്ഡൗൺകാല അനുഭവങ്ങളുടെ മൂശയിൽ വാർത്തെടുത്ത എന്റെ കർത്താവും എന്റെ ദൈവവുമായുള്ളോവേ..(യോഹ 20:28) എന്ന വിശ്വാസ പ്രഖ്യാപനം നടത്തിയത് തോമസ് അപ്പൊസ്തലനായിരുന്നു. ക്രൂശിലെ നൊമ്പരങ്ങളുടെ നിലവിളികൾ അവസാനിക്കുന്നത് ഉത്ഥാനത്തിന്റെ പ്രഭാതത്തിലുയർന്നുകേട്ട വിശ്വാസ പ്രഖ്യാപനങ്ങളിലാണ്. ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു (യോഹ 14:6) എന്നുള്ള പ്രതീക്ഷയുടെ ആരംഭങ്ങളിലാണ് തോമസ് അപ്പോസ്തോലന്റെ വിശ്വാസ പ്രഖ്യാപനത്തിന്റെ അടിത്തറ പാകിയിരിക്കുന്നത്. ഇന്ത്യൻ തെരുവുകളിൽ ഉയർന്നു കേൾക്കുന്ന നിലവിളികൾ നമ്മുടെ നൊമ്പരങ്ങളിൽ പങ്ക് ചേരുന്ന ക്രിസ്തുവിന്റെ കണ്ണീർക്കണങ്ങളാണ്. പൂർവ്വ കോവിഡ് കാലത്തും, കോവിഡാനന്തര ലോകത്തും "ദൈവം നമ്മുടെ സങ്കേതവും ബലവും ആകുന്നു. കഷ്ടങ്ങളിൽ അവൻ ഏറ്റവും അടുത്ത തുണയായിരിക്കുന്നു" (സങ്കീ 46:1) എന്ന ബോധ്യത്തോടെ സഭയായി

നമുക്ക് സമർപ്പിതരാകാം. അനിശ്ചിതത്വങ്ങളുടെ കാലത്ത് അപരിമേയമായ ദൈവകൃപയിലാശ്രയിച്ചുകൊണ്ട് മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ 2019-20 വർഷത്തെ വാർഷിക റിപ്പോർട്ട് സമർപ്പിക്കുന്നു.

1.കേന്ദ്ര പ്രവർത്തനം

1.1 പ്രതിനിധി മണ്ഡലയോഗം 2018-2019

മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ പ്രതിനിധിമണ്ഡലയോഗം 2019 സെപ്റ്റംബർ 13,14 (വെള്ളി, ശനി) തീയതികളിൽ തിരുവല്ലാ ഡോ. അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ സ്മാരക ഓഡിറ്റോറിയത്തിൽ നി.വ.ദി. മ.ശ്രീ. ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ മഹനീയ അദ്ധ്യക്ഷതയിൽ കൂടി. 13-ാം തീയതി വെള്ളിയാഴ്ച 2 പി.എം. ന് യോഗനടപടികൾ ആരംഭിച്ചു. അഭിവന്ദ്യരായ ഡോ. ഗീവർഗീസ് മാർ തിയഡോഷ്യസ്, ഡോ. യൂയാക്കിം മാർ കൂറിലോസ്, ജോസഫ് മാർ ബർന്നബാസ്, തോമസ് മാർ തിമൊഥെയോസ്, ഡോ. ഐസക് മാർ ഫിലക്സിനോസ്, ഡോ. ഏബ്രഹാം മാർ പൗലോസ്, ഡോ. മാത്യൂസ് മാർ മക്കാറിയോസ്, ഗ്രിഗോറിയോസ് മാർ സ്തേഫാനോസ്, ഡോ. തോമസ് മാർ തീത്തോസ് എന്നീ എപ്പിസ്ക്കോപ്പാമാരും, സഭാ സെക്രട്ടറി ദിവ്യശ്രീ കെ.ജി. ജോസഫ്, വൈദിക ട്രസ്റ്റി ദിവ്യ ശ്രീ. തോമസ് സി. അലക്സാണ്ടർ അത്മായ ട്രസ്റ്റി & ട്രഷറാർ ശ്രീ. പി.പി. അച്ചൻകുഞ്ഞ്, എന്നീ ഔദ്യോഗിക ഭാരവാഹികളും വേദിയിൽ ഉപവിഷ്ടരായിരുന്നു. മണ്ഡലാംഗങ്ങളായ വൈദികരും, അത്മായ പ്രതിനിധികളും, സന്ദർശകരും ഹാളിൽ സന്നിഹിതരായിരുന്നു. ''സ്വർഗ്ഗീയ പിതാവേ നിൻ തിരുഹിതം'' എന്ന ഗാനത്തോടെ യോഗ നടപടികൾ ആരംഭിച്ചു. പ്രത്യേകം തയ്യാറാക്കിയ ആരാധനക്രമം അനുസരിച്ച് അഭിവന്ദ്യ മെത്രാപ്പോലീത്താ തിരുമേനിയുടെ നേതൃത്വത്തിൽ ആരാധന നടത്തി. റവ. സി.വി. സൈമൺ, റവ. കെ.ഇ. ഗീവർഗിസ്, അഡ്വ. ഉമ്മൻ തോമസ് എന്നിവരെ റെക്കാർഡിംഗ് സെക്രട്ടറിമാരായി നിയമിച്ചു. അഭിവന്ദ്യ മെത്രാപ്പോലീത്താ തിരുമേനി അദ്ധ്യക്ഷ പ്രസംഗം നടത്തി.

മണ്ഡലയോഗത്തിന്റെ പ്രധാന തീരുമാനങ്ങളും നടപടികളും:

1. സഭയുടെയും സ്ഥാപനങ്ങളുടെയും''2018-2019 ൽ ബഡ്ജറ്റില്ലാതെയും ബഡ്ജറ്റിൽ കവിഞ്ഞും ചെലവായ തുകകൾക്ക് അനുമതി നൽകുക'' എന്ന പ്രമേയത്തിന് ചർച്ചകൾക്കു ശേഷം മണ്ഡലയോഗം അംഗീകാരം നൽകി.
2. അച്ചടിച്ച് പ്രസിദ്ധം ചെയ്തിരുന്ന 01-04-2018 മുതൽ 31-03-2019 വരെയുള്ള ഭരണറിപ്പോർട്ടും കണക്കുകളും അംഗീകരിക്കുകയും സഭ, വൈദിക സെമിനാരി, സഭാ ബുക്ക് ഡിപ്പോ, മലങ്കര സഭാ താരക, എം.റ്റി. & ഇ. എ. സ്കൂൾസ് കോർപ്പറേറ്റ് മാനേജ്മെന്റ്, എപ്പിസ്ക്കോപ്പൽ ജൂബിലി ഇൻസ്റ്റിറ്റ്യൂട്ട്, ജെ. എം. എം. സ്റ്റഡി സെന്റർ, റ്റി.എം.എ.എം. റിസേർച്ച് & ഓറിയന്റേഷൻ സെന്റർ, എം.റ്റി. ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്റർ, എം.സി.ആർ.ഡി., ഈശോ മാർ തിമൊഥെയോസ് സെന്റർ ഫോർ ഇവാഞ്ചലിസം & റൂറൽ ഡവലപ്പ്മെന്റ് സീഹോറ, ഈശോ മാർ തിമൊഥെയോസ് മെമ്മോറിയൽ ഇവാഞ്ചലിസ്റ്റ്സ് ട്രെയിനിംഗ് സെന്റർ ഹോസ്കോട്ട്, ജെ.എം. & എം.എ. മെമ്മോറിയൽ സെന്റർ ഫോർ ഹോളിസ്റ്റിക് ഡവലപ്പ്മെന്റ്, അയിരൂർ എന്നിവയുടെ ആഡിറ്റ് ചെയ്ത വരവ് ചെലവ് കണക്കുകളും, ബാലൻസ് ഷീറ്റും ഏകകണ്ഠമായി സഭാ മണ്ഡലം പാസ്സാക്കി.
3. 2019-2020 സാമ്പത്തിക വർഷത്തെ, സഭ, വൈദിക സെമിനാരി, സഭാ ബുക്ക് ഡിപ്പോ, മലങ്കര സഭാ താരക, എം.റ്റി. & ഇ.എ. സ്കൂൾസ് കോർപ്പറേറ്റ് മാനേജ്മെന്റ്, എപ്പിസ്ക്കോപ്പൽ ജൂബിലി ഇൻസ്റ്റിറ്റ്യൂട്ട്, ജെ.എം.എം. സ്റ്റഡി സെന്റർ, റ്റി.എം.എ.എം. റിസേർച്ച് & ഓറിയന്റേഷൻ സെന്റർ, എം.റ്റി. ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്റർ, എം.സി.ആർ.ഡി., ഈശോ മാർ തിമൊഥെയോസ് സെന്റർ ഫോർ ഇവാഞ്ചലിസം & റൂറൽ ഡവലപ്പ്മെന്റ് സീഹോറ, ഈശോ മാർ തിമൊഥെയോസ് മെമ്മോറിയൽ ഇവാഞ്ചലിസ്റ്റ്സ് ട്രെയിനിംഗ് സെന്റർ ഹോസ്കോട്ട്, ജെ.എം. & എം.എ. മെമ്മോറിയൽ സെന്റർ ഫോർ ഹോളിസ്റ്റിക് ഡവലപ്പ്മെന്റ്, അയിരൂർ എന്നിവയുടെ ബഡ്ജറ്റ് സഭാ മണ്ഡലം സർവ്വസമ്മതമായി പാസ്സാക്കി.
4. 2020-2021-ലെ ആദ്യത്തെ ആറ് മാസം, 2019-2020-ൽ ചെലവാകുന്ന തുകയുടെ 6/12 -ൽ കവിയാതെയുള്ള തുക ചെലവാക്കുന്നതിന് സഭാ കൗൺസിലിന് അനുമതി നൽകുക'' എന്ന പ്രമേയത്തിന് മണ്ഡലയോഗം ഏകകണ്ഠമായി അനുമതി നൽകി.
5. 2019-2020 ലേക്ക് താഴെപ്പറയുന്ന കണക്കു പരിശോധകരെ നിയമിക്കുക എന്ന സഭാ കൗൺസിലിന്റെ പ്രമേയം ഏകാഭിപ്രായമായി മണ്ഡലയോഗം അംഗീകരിച്ചു.

1. M/s. Cheriyan & Cheriyan, Chartered Accountants, Miss East Road, Kottayam- 686 001.
2. M/s. Reji John & Co., Chartered Accountants, Near Children's Library, Kottayam.
3. M/s. Kuruvilla & Co., Chartered Accountants, Pathanamthitta - 689 645.
4. M/s. Thomas Mathew&Associates, Chartered Accountants, Power House Road, Tiruvalla - 689 101.
5. M/s.Thomas Jacob&Co.,Chartered Accountants, Malankara Building Complex, Palayam, Trivandrum.
6. M/s. M. Johanen & Co., No. 13 Crescent Road, Shenoy Nagar, Chennai - 30.
7. M/s. K.C. Koshal & Co. Chartered Accountants, 1507, Wright Town, Jabalpur (M.P).
8. M/s. K. I. Abraham & Co., Chartered Accountants, Tiruvalla.
9. M/s. Jacob Kovoor & Co., Chartered Accountants, Cochi.
10. M/s. Jacob Abraham & Co., Chartered Accountants, Chengannur.

6. നോർത്ത് അമേരിക്കാ ഭദ്രാസനത്തിൽ നിന്നും ദിവ്യശ്രീ. ജോജി തോമസ് കശ്ശീശാ കോട്ടയം - കൊച്ചി ഭദ്രാസനത്തിലേക്ക് സ്ഥലം മാറ്റം മൂലം പോയ ഒഴിവിലേക്ക് ദിവ്യശ്രീ. ഷിബി വർഗീസ് പി. കശ്ശീശയെ സഭാ ഭരണഘടന 164(5) വകുപ്പു പ്രകാരം സഭാ കൗൺസിലിലേയ്ക്ക് നോമിനേറ്റ് ചെയ്തത് അംഗീകരിക്കുക എന്ന പ്രമേയത്തിന് മണ്ഡലം അംഗീകാരം നൽകി.
7. കുന്നംകുളം-മലബാർ ഭദ്രാസനത്തിൽ നിന്നും ദിവ്യശ്രീ. കുരുവിള ഫിലിപ്പ് കശ്ശീശാ ചെങ്ങന്നൂർ - മാവേലിക്കര ഭദ്രാസനത്തിലേക്ക് സ്ഥലം മാറ്റം മൂലം പോയ ഒഴിവിലേക്ക് ദിവ്യശ്രീ. തോമസ് കോശി കശ്ശീശയെ സഭാ ഭരണഘടന 164(5) വകുപ്പു പ്രകാരം സഭാ കൗൺസിലിലേയ്ക്ക് നോമിനേറ്റ് ചെയ്തത് അംഗീകരിക്കുക എന്ന പ്രമേയത്തിന് മണ്ഡലം അംഗീകാരം നൽകി.
8. വൈദീക തെരഞ്ഞെടുപ്പ് കമ്മറ്റി അംഗമായ റവ. ഡോ. കെ.എ. ഏബ്രഹാം സഭയുടെ സജീവ സേവനത്തിൽ നിന്നും വിരമിച്ച ഒഴിവിൽ വൈദീക തെരഞ്ഞെടുപ്പ് കമ്മറ്റി അംഗമായി റവ. വി.റ്റി ജോസനെ ഭരണഘടന പ്രകാരം നിയമിച്ചത് സഭാ സെക്രട്ടറി മണ്ഡലയോഗത്തിൽ റിപ്പോർട്ട് ചെയ്തു.
9. ''സഭാ കൗൺസിലിന്റെയും എപ്പിസ്കോപ്പൽ സിനഡിന്റെയും ആലോചനയോടുകൂടി മേല്പ്പട്ടത്തമൂപ്പ് അനുസരിച്ച് രണ്ട് പേരെ സഫ്രഗൻ മെത്രാപ്പോലീത്താമാരായി നിയോഗിക്കുവാൻ അഭിവന്ദ്യ മെത്രാപ്പോലീത്തായോട് ഈ സഭാ പ്രതിനിധി മണ്ഡലം ആവശ്യപ്പെടുന്നു'' എന്ന പ്രമേയം മണ്ഡലം ഐകകണ്ഠ്യേന പാസ്സാക്കി.
10. പഠനം:വിഷയം: ''നവോത്ഥാനവും നവീകരണവും : ദർശനവും പ്രയോഗവും'' എന്ന വിഷയം മണ്ഡലത്തിൽ അവതരിപ്പിച്ചു. ഈ വിഷയം സംബന്ധിച്ച് കൂടുതൽ പഠനങ്ങൾ ഇടവക -സെന്റർ -ഭദ്രാസന തലങ്ങളിൽ നടത്തുന്നത് അഭികാമ്യമാണെന്ന് അഭിവന്ദ്യ മെത്രാപ്പോലീത്താ തിരുമേനി ഓർമ്മിപ്പിച്ചു.

സ്പെഷ്യൽ മണ്ഡലം

ഭരണഘടന 390-ാം വകുപ്പു പ്രകാരം പ്രത്യേക വിജ്ഞാപനം അനുസരിച്ച് 2019 സെപ്റ്റംബർ മാസം 14-ാം തീയതി

തിരുവല്ലാ ഡോ. അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ സ്മാരക ഓഡിറ്റോറിയത്തിൽ കൂടിയ പ്രത്യേക പ്രതിനിധിമണ്ഡല യോഗത്തിൽ നിർദ്ദിഷ്ഠ കോറം ഇല്ലാത്തതിനാൽ ഭരണഘടനാ ഭേദഗതി പ്രമേയങ്ങൾ പരിഗണനയ്ക്ക് എടുക്കുന്നില്ല എന്ന് അദ്ധ്യക്ഷൻ അറിയിച്ചു.

എപ്പിസ്കോപ്പൽ സ്ഥാനത്തേയ്ക്കുള്ള തിരഞ്ഞെടുപ്പിനു വേ കൂടിയ മണ്ഡലയോഗം

എപ്പിസ്കോപ്പൽ സ്ഥാനത്തേയ്ക്കുള്ള തിരഞ്ഞെടുപ്പിനു വേണ്ടിയുള്ള മണ്ഡലയോഗം 2019 സെപ്റ്റംബർ മാസം 12, 13 (വ്യാഴം, വെള്ളി) എന്നീ തീയതികളിൽ അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ അധ്യക്ഷതയിൽ തിരുവല്ലാ ഡോ. അലക്സാണ്ടർ മാർത്തോമ്മ വലിയ മെത്രാപ്പോലീത്താ സ്മാരക ഓഡിറ്റോറിയത്തിൽ നടന്നു.

എപ്പിസ്കോപ്പൽ നോമിനേഷൻ ബോർഡ് ശുപാർശ ചെയ്ത, നാരകത്താനി പടുതോട്ട്, ദിവ്യശ്രീ. ഡോ. പി. ജി ജോർജ്ജ് കശ്ശീശാ, ആർത്താറ്റ് കുന്നംകുളം ചെമ്മണ്ണൂർ ദിവ്യശ്രീ. സാജു സി പാപ്പച്ചൻ കശ്ശീശാ, കൊച്ചുകോയിക്കൽ കാരംവേലി മണ്ണിൽ ദിവ്യശ്രീ. ഡോ. ജോസഫ് ഡാനിയേൽ കശ്ശീശാ, തലവടി ഓലിക്കര പുത്തൻപറമ്പിൽ ദിവ്യശ്രീ. ഡോ. മോത്തി വർക്കി കശ്ശീശാ എന്നിവരെ മാർത്തോമ്മാ സഭയിൽ എപ്പിസ്കോപ്പൽ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കുവാൻ നടത്തിയ വോട്ടെടുപ്പിൽ 1-ാം ദിവസമായ സെപ്റ്റംബർ 12-ാം തീയതി യഥാക്രമം വൈദിക പ്രതിനിധികളുടെ 33.63, 40.76, 54.57, 55.01 ശതമാനവും അത്മായ പ്രതിനിധികളുടെ 57.34, 65.30, 74.25, 74.50 ശതമാനവും വോട്ടു ലഭിച്ചു. എന്നാൽ സഭാ ഭരണഘടന പ്രകാരം പട്ടക്കാരുടേയും അത്മായരുടേയും നിശ്ചിത ശതമാനം (75%) വോട്ടുകൾ നാലുപേർക്കും ലഭിച്ചിട്ടില്ലാത്തതിനാൽ ഈ മണ്ഡലയോഗത്തിന്റെ തുടർച്ച രണ്ടാം ദിവസവും നടന്നു.

2-ാം ദിവസം (സെപ്റ്റംബർ-13 ന്) യഥാക്രമം വൈദിക പ്രതിനിധികളുടെ 30.45, 38.18, 53.18, 51.82 ശതമാനവും അത്മായ പ്രതിനിധികളുടെ 45.25, 53.69, 71.24, 70.58 ശതമാനം വോട്ടുകൾ ലഭിച്ചു. സഭാ ഭരണഘടന പ്രകാരം പട്ടക്കാരുടേയും അത്മായരുടേയും നിശ്ചിത ശതമാനം വോട്ടുകൾ (75% വീതം) സ്ഥാനാർത്ഥികളായ നാലുപേർക്കും ലഭിച്ചിട്ടില്ലാത്തതിനാൽ നാലുപേരും എപ്പിസ്കോപ്പാ സ്ഥാനത്തേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ടിട്ടില്ല എന്ന് അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനി പ്രഖ്യാപിച്ചു.

1.2 എപ്പിസ്ക്കോപ്പൽ സിനഡ്

റിപ്പോർട്ടു വർഷം 5 പ്രാവശ്യം എപ്പിസ്ക്കോപ്പൽ സിനഡ് സമ്മേളിച്ചു. പ്രധാന തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

1. പട്ടക്കാരുടെ സ്ഥലം മാറ്റം, നിയമനം, ഉപരിപഠനം, വിദേശയാത്രയ്ക്കുള്ള അനുമതി തുടങ്ങിയവ സംബന്ധിച്ച് തീരുമാനങ്ങൾ ചെയ്തു.
2. എപ്പിസ്ക്കോപ്പൽ തെരഞ്ഞെടുപ്പിനുള്ള നടപടിക്രമം അംഗീകരിച്ചു.
3. സഭാ മണ്ഡലയോഗങ്ങൾ, ഭദ്രാസന അസംബ്ലികൾ/ സോൺ എന്നിവയുടെ തീരുമാനങ്ങൾ അംഗികരിച്ചു.
4. ശെമ്മാശ്, കശ്ശീശാ പട്ടംകൊട ശുശ്രൂഷകൾ സംബന്ധിച്ചു തീരുമാനം ചെയ്തു.
5. സഭയുടെ സ്പോൺസർഷിപ്പ് ഇല്ലാതെ ബി.ഡി. ബിരുദം കരസ്ഥമാക്കിയവരുടെ അപേക്ഷകൾ, പ്രായോഗിക പരിശീലനം ആദിയായവ സംബന്ധിച്ചു തീരുമാനങ്ങൾ എടുത്തു.
6. 2020 ലെ ലക്ഷനറി അംഗീകരിച്ചു.
7. ന്യൂജേഴ്സി റെഡീമർ മാർത്തോമ്മാ, ഡാളസ് ക്രോസ്വേ മാർത്തോമ്മാ, ഹൂസ്റ്റൺ സെന്റ് തോമസ് മാർത്തോമ്മാ, കോതന്നൂർ ഇമ്മാനുവേൽ മാർ ത്തോമ്മാ, മിച്ചിഗൺ സെന്റ് ജോൺസ് മാർത്തോമ്മാ, ആടുവള്ളി ഹെബ്രോൻ മാർത്തോമ്മാ, വേങ്ങോട് സെന്റ് സ്റ്റീഫൻസ് മാർത്തോമ്മാ എന്നീ ഇടവകകൾ രൂപീകരിക്കുന്നതിനു തീരുമാനിച്ചു.
8. സൗദി അറേബ്യയിൽ അൽ-കാർജ് മാർത്തോമ്മാ കോൺഗ്രിഗേഷന് അംഗീകാരം നൽകി.
9. സൗദി അറേബ്യയിലെ ബുറൈദാൻ ക്രിസ്തോസ് മാർത്തോമ്മാ കോൺഗ്രിഗേഷന് അംഗീകാരം നൽകി.
10. ബാംഗ്ലൂർ വൈറ്റ്ഫീൽഡ് മാർത്തോമ്മാ കോൺഗ്രിഗേഷന് അംഗീകാരം നൽകി.
11. സെൻട്രൽ ആസ്ട്രേലിയായിൽ ആലീസ് സ്പ്രിംഗ്സ് മാർത്തോമ്മാ കോൺഗ്രിഗേഷൻ രൂപീകരിക്കുന്നതിന് അനുമതി നൽകി.
12. മാർത്തോമ്മാ തിയോളജിക്കൽ സെമിനാരി പ്രിൻസിപ്പാൾ റവ. ഡോ. പ്രകാശ് കെ. ജോർജ്, അദ്ധ്യാപകൻ റവ. ഡോ. വി.എസ്. വർഗീസ് എന്നിവരുടെ ടി സ്ഥാനങ്ങളുടെ കാലാവധി ഒരു വർഷത്തേക്കു നീട്ടുന്നതിനു തീരുമാനിച്ചു.
13. മാർത്തോമ്മാ യുവജനസഖ്യം പഠനപുസ്തകമായി, മാർത്തോമ്മാ സഭ കേരളീയ നവോത്ഥാനത്തിൽ എന്ന പുസ്തകം അംഗീകരിച്ചു.
14. അഖില ലോക സഭാ കൗൺസിൽ പതിനൊന്നാം അസംബ്ലിയിലേക്കുള്ള പ്രതിനിധികളെ നിശ്ചയിച്ചു.
15. റൈറ്റ് റവ. ഡോ. ഗീവർഗിസ് മാർ തിയഡോഷ്യസ് എപ്പിസ്ക്കോപ്പായെ മുംബൈ ഭദ്രാസനത്തിന്റെ ചുമതലയിൽ നിന്നു വിടർത്തി റാന്നി-നിലയ്ക്കൽ ഭദ്രാസനത്തിന്റെ ചുമതലയിൽ 2020 ഏപ്രിൽ 1 നു നിയമിക്കുന്നതിനു തീരുമാനിച്ചു. റൈറ്റ് റവ. ഡോ. മാത്യൂസ് മാർ മക്കാറിയോസ് എപ്പിസ്ക്കോപ്പായ്ക്കു ഇപ്പോഴത്തെ ചുമതലയോടൊപ്പം മലേഷ്യാ-സിംഗപ്പൂർ- ആസ്ട്രേലിയ-ന്യൂസിലാൻഡ് ഭദ്രാസനത്തിന്റെ ചുമതലയും റൈറ്റ് റവ. ഡോ. ഗ്രിഗോറിയോസ് മാർ സ്തേഫാനോസ് എപ്പിസ്ക്കോപ്പായ്ക്കു ഇപ്പോഴത്തെ ചുമതലയോടൊപ്പം മുംബൈ ഭദ്രാസനത്തിന്റെ ചുമതലയും കൂടെ 2020 ഏപ്രിൽ 1 മുതൽ നൽകുന്നതിനു തീരുമാനിച്ചു.
16. 2020 ഏപ്രിൽ 1 മുതൽ കോഴഞ്ചേരി സെന്റ് തോമസ് കോളജ് മാനേജരായി റൈറ്റ് റവ. ഡോ. ഗീവർഗിസ് മാർ തിയഡോഷ്യസ് എപ്പിസ്ക്കോപ്പായെയും ചെങ്ങന്നൂർ ക്രിസ്ത്യൻ കോളജ് മാനേജരായി റൈറ്റ് റവ. തോമസ് മാർ തീമൊഥെയോസ് എപ്പിസ്ക്കോപ്പായെയും നിയമിക്കുന്നതിനു തീരുമാനിച്ചു.
17. റൈറ്റ് റവ. ഡോ. ഗീവർഗിസ് മാർ തിയഡോഷ്യസ് എപ്പിസ് ക്കോപ്പായുടെ സഫ്രഗൻ മെത്രാപ്പോലിത്താ നിയോഗ ശുശ്രൂഷ 2020 ഏപ്രിൽ നാലാം തീയതി നടത്തുന്നതിനു തീരുമാനിച്ചു.15,16,17 തീരുമാനങ്ങൾക്ക് കൽപ്പന അയച്ചു എന്നു വരികിലും പ്രാവർത്തികമാക്കുന്നതിന് കോവിഡ് -19 കാലഘട്ടം ആയതുകൊണ്ട് തീയതി നീട്ടിവച്ചതായി മെത്രാപ്പോലിത്താ തീരുമാനിച്ചു. ലോക്ഡൗൺ മാറുമ്പോൾ അത് പ്രാവർത്തികമാക്കുന്നതായിരിക്കും.
18. റവ. റോബി ജേക്കബ് മാത്യുവിന്റെ രാജി സ്വീകരിക്കുകയും, അദ്ദേഹത്തിന്റെയും അദ്ദേഹത്തിന്റെ കുടുംബത്തിന്റെയും പേരുകൾ സഭയുടെ പ്രാഥമിക അംഗത്വത്തിൽ നിന്നു നീക്കം ചെയ്യുന്നതിനു തീരുമാനിക്കുകയും ചെയ്തു.
19. മൂവായിരത്തി അഞ്ഞൂറു കുട്ടികൾക്കു പ്രയോജനപ്രദമാകു ന്നതും ഇന്ത്യയിലെ വിവിധ ഭദ്രാസനങ്ങളിലൂടെയും സംഘടനകളിലൂടെയും നിർവ്വഹിക്കപ്പെടുന്നതിനു ഉദ്ദേശിക്കുന്നതുമായ നോർത്ത് അമേരിക്ക-യൂറോപ്പ് ഭദ്രാസനത്തിന്റെ പരിപാടിയായ 'ലൈറ്റ് റ്റു ലൈഫ്' സഭാ കൗൺസിലിന്റെ അനുമതിയോടെ ഇന്ത്യയിൽ സൊസൈറ്റിയായി രജിസ്റ്റർ ചെയ്യുന്നതിനു തീരുമാനിച്ചു.
20. വൈദികർക്കു വേണ്ടിയുള്ള കോഡ് ഓഫ് കോണ്ടാക്ടിനു രൂപം നൽകുന്നതിനു സബ് കമ്മറ്റി രൂപീകരിച്ചു.
21. റവ. ലിജോ ജോർജ്ജ് ഉമ്മനെ സംബന്ധിച്ച തുടർ നടപടികൾക്കായി വൈദിക തെരഞ്ഞെടുപ്പു കമ്മറ്റി മുമ്പാകെ അയയ്ക്കുന്നതിനു തീരുമാനിച്ചു.
22. സഭയുടെയും സ്ഥാപനകളുടെയും പൂർണ്ണസമയ സെക്രട്ടറി സ്ഥാനത്തേയ്ക്ക് സ്ഥാനാർത്ഥിയാകുന്നതിനു താത്പര്യപ്പെടുന്ന വൈദികരുടെ അപേക്ഷ ക്ഷണിക്കുന്നതിനുള്ള അറിയിപ്പ് സഭാതാരകയിൽ പ്രസിദ്ധീകരിക്കുന്നതിനു തീരുമാനിച്ചു.
23. അറ്റ്ലാന്റാ കാർമ്മൽ മാർത്തോമ്മാ സെന്ററിന്റെ മാനേജ്മെന്റ് പോളിസിയും ഓപ്പറേഷൻ മാനുവലും അംഗികരിച്ചു.

24. വൈദികരുടെയും സഭാ സ്റ്റാഫിന്റെയും ശമ്പള പരിഷ്ക്കരണത്തിനായി കമ്മീഷനെ അടുത്ത സാമ്പത്തിക വർഷത്തിൽ നിയമിക്കുന്നതിനു തീരുമാനിച്ചു.

1.3 സഭാ കൗൺസിൽ

റിപ്പോർട്ടുവർഷം സഭാ കൗൺസിലിന്റെ 7 മീറ്റിംഗുകൾ നടന്നു. പ്രധാന തീരുമാനങ്ങളും നടപടികളും ചുവടെ ചേർക്കുന്നു.

സഭയുടെയും സ്ഥാപനങ്ങളുടെയും വാർഷിക റിപ്പോർട്ടും, വരവ് ചെലവ് കണക്കും, ബാലൻസ് ഷീറ്റും ബഡ്ജറ്റും (2019-20) അംഗീകരിക്കുകയും സഭാ മണ്ഡലത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കാൻ തീരുമാനിക്കയും ചെയ്തു.

എപ്പിസ്ക്കോപ്പൽ സ്ഥാനത്തേയ്ക്കുള്ള തെരെഞ്ഞെടുപ്പിനായി 2019 സെപ്റ്റംബർ 12,13 തീയതികളിൽ തിരുവല്ല ഡോ. അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലിത്താ സ്മാരക ആഡിറ്റോറിയത്തിൽ വച്ച് സഭാ പ്രതിനിധിമണ്ഡല യോഗം സമ്മേളിക്കുന്നതിനു തീരുമാനിച്ചു.

2020 സെപ്റ്റംബർ 2,3,4 തീയതികളിൽ സഭാ മണ്ഡല യോഗം നടത്തുന്നതിനു തീരുമാനിച്ചു.

അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലിത്താ തിരുമേനിയുടെ നവതി ആഘോഷങ്ങൾക്കായി കമ്മറ്റി രൂപീകരിച്ചു.

ജനറൽ ട്രാൻസ്ഫർ മൂലം സഭാ കൗൺസിലിലേക്കും, വിവിധ കമ്മറ്റിയിലേക്കും ഒഴിവുവന്ന സ്ഥാനത്തേയ്ക്ക് പകരം നോമിനേറ്റ് ചെയ്യുന്നതിന് തീരുമാനിച്ചു.

പുതിയ സഭാ ഓഫീസ് കോംപ്ലക്സ് നിർമ്മിക്കുന്നതിനും അതിന് ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ നവതി സഭാ ഓഫീസ് കോംപ്ലക്സ് എന്നു നാമകരണം ചെയ്യുന്നതിനും തീരുമാനിച്ചു.

മാർത്തോമ്മ പ്രസ്സിന് സമീപം മാർത്തോമ്മാ കൊമേഴ്സ്യൽ ബിൽഡിംഗ് നിർമ്മിക്കുന്നതിന് തീരുമാനിച്ചു.

എസ്.സി.എസ് ഹയർ സെക്കന്ററി സ്കൂളിനോടനുബന്ധിച്ചുള്ള കെട്ടിട നിർമ്മാണത്തിന് അനുവാദം നൽകി.

മാർത്തോമ്മാ സഭാ ബുക്ക് ഡിപ്പോ പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങളുടെ വില പുതുക്കി നിശ്ചയിച്ചു.

സഭാ ഓഫീസ് മാനേജരായി. ശ്രീ വർഗീസ് റ്റി. മങ്ങാടിനെ നിയമിച്ചു.

ചെയർമാൻസ് റോഡിൽ നിന്നും എസ്. സി. എസ് ക്യാമ്പസിലേക്ക് പ്രവേശിക്കുന്ന രീതിയിൽ റോഡ് പണിയുന്നതിനും പു തിയ ഗേറ്റ് നിർമ്മിക്കുന്നതിനും തീരുമാനിച്ചു.

2019-ലെ മാനവസേവ അവാർഡ് റവ. തോമസ് പി. ജോർജ്ജ്-ന് നൽകുവാൻ തീരുമാനിച്ചു.

2019-ലെ ഹരിത അവാർഡ് കോട്ടയം മാർത്തോമ്മാ തിയോളജിക്കൽ സെമിനാരി, കായംകുളം ശാലേം മാർത്തോമ്മാ ചർച്ച്, എന്നിവർക്ക് നൽകുവാൻ തീരുമാനിച്ചു.

2019-ലെ മാളിയേക്കൽ എം.സി. ജോർജ്ജ് അച്ചൻ മെമ്മോറിയൽ പ്രൈസ് റവ. ഡോ. കെ. ജെയിംസണും റവ. മാത്യു തോമസ് വട്ടക്കോട്ടാൽ മെമ്മോറിയൽ പ്രൈസ് റവ. ഡോ. ജോൺ ഫിലിപ്പ് അട്ടത്തറയിലിനും നൽകുന്നതിന് തീരുമാനിച്ചു.

2019-ൽ ഡോക്ടറേറ്റ് നേടിയ മാർത്തോമ്മാ അദ്ധ്യാപകർക്കുള്ള അവാർഡ് ഡോ. ബിനിജ ജോർജ്ജ്, ഡോ. സുനിത മേരി ജോൺ, ഡോ. പ്രീതാ മേരി രാജൻ, ഡോ. ഷീൻ ഏബ്രഹാം, ഡോ. ജിജോയ് പി. മാത്യു, ഡോ. റീനു എലിസബേത്ത് ജോൺ, ഡോ. മേരി കെ.ജെ, ഡോ. സുബി എലിസബേത്ത് ഉമ്മൻ, ഡോ. അൻസാ സി. പ്രസാദ്, ഡോ. മിന്നി ജോർജ്ജ്, ഡോ. റിനു എലിസബേത്ത് റോയി, ഡോ. ജിം ചാക്കോ എന്നിവർക്കു നൽകുന്നതിന് തീരുമാനിച്ചു.

റാങ്ക് നേടിയ മാർത്തോമ്മാ വിദ്യാർത്ഥികൾക്കുള്ള മെറിറ്റ് അവാർഡ് ജെയ് എൽസാ ജോർജ്ജ്, ഗോഡ്വിൻ ഡേവിഡ് സി മാത്യു, റിബു വർഗീസ് മാത്യു, ധന്യാ മറിയം ഷാജി, ബ്ലെസനാ മേരി വർഗീസ്, ലൊയോള ആൻ ജോർജ്ജ് എന്നിവർക്ക് നൽകുന്നതിന് തീരുമാനിച്ചു.

സുവിശേഷപ്രവർത്തനം മൂലം സഭാംഗങ്ങൾ ആയവരിൽ നിന്നും നിന്നും എസ്.എസ്.എൽ.സി. പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കിയവർക്കുള്ള മെറിറ്റ് അവാർഡിന് സ്നേഹാ സന്തോഷ്, അൻസു ജോസഫ്, നന്ദന ജി.സി, സോണ. എസ്. ഫിലിപ്പ് എന്നിവർക്കു നൽകുന്നതിന് തീരുമാനിച്ചു.

കർഷക അവാർഡ് കുലശേഖരം സെന്റ് തോമസ് മാർത്തോമ്മാ ഇടവകാംഗമായ ശ്രീ. കെ. ജേക്കബ് കുര്യന് നൽകുന്നതിന് തീരുമാനിച്ചു.

സെമിത്തേരി അവാർഡ് കുറിയന്നൂർ ശാലേം, കുമ്പനാട് ശാലേം മാർത്തോമ്മ എന്നീ പള്ളികൾക്ക് നൽകുന്നതിന് തീരുമാനിച്ചു.

സഭാ താരകയുടെ പരസ്യ നിരക്കും വരിസംഖ്യയും പുതുക്കി നിശ്ചയിച്ചു.

18-ാമത് ഡോ. അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ സ്മാരക പ്രഭാഷണം ഏപ്രിൽ 18-ന് നടത്തുവാൻ തീരുമാനിച്ചു.

വലിയ മെത്രാപ്പോലീത്തായുടെ 103-ാം ജൻമദിനത്തിന് ഒരു സ്തോത്രശുശ്രൂഷയും കുർബാനയും കുമ്പനാട് ഫെലോഷിപ്പ് ആശുപത്രിയിൽ നടത്തുന്നതിന് തീരുമാനിച്ചു.

2018-ലെ മഹാപ്രളയത്തിൽ ഭവനം നഷ്ടപ്പെട്ടവർക്കായി പണിത 65 വീടുകളുടെ താക്കോൽദാനം നിർവ്വഹിച്ചു.

ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ നവതി ആഘോഷങ്ങൾക്ക് തുടക്കം കുറിയ്ക്കുന്നതിന് തീരുമാനിച്ചു.

ലൈറ്റ് റ്റു ലൈഫ്-ഇൻഡ്യയുടെ ഡ്രാഫ്റ്റ് ഭരണഘടന, ധാരണാപത്രം, നിയമങ്ങളും ചട്ടങ്ങളും അംഗീകരിക്കുകയും സഭാ പ്രതിനിധി മണ്ഡലത്തിൽ അവതരിപ്പിക്കുന്നതിനായി സഭാ സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തു.

സഭാ പ്രതിനിധി മണ്ഡലത്തിന്റെ സുഗമമായ നടത്തിപ്പിന് വിവിധ കമ്മറ്റികളെ നിശ്ചയിച്ചു.

സഭാ പ്രതിനിധി മണ്ഡലത്തിന്റെയും സഭാ കൗൺസിലിന്റെയും ഇലക്ഷൻ ഷെഡ്യൂൾ അംഗീകരിച്ചു.

സഭാ പ്രതിനിധികളുടെ ലിസ്റ്റ് താരകയിൽ പ്രസിദ്ധീകരിക്കുന്നതിനും ഓഫീസിൽ നിന്നും ലിസ്റ്റ് വിലയ്ക്ക് നൽകുന്നതിനും തീരുമാനിച്ചു.

ക്ലർജി ഡയറക്ടറി-2020 തയ്യാറാക്കുന്നതിന് തീരുമാനിക്കുകയും അതിനു വേണ്ടി ഒരു കമ്മറ്റി രൂപീകരിക്കുകയും ചെയ്തു.

താഴെപ്പറയുന്നവരുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി:

മോസ്റ്റ് റവ. ഗീവർഗീസ് മാർ തിമൊഥിയോസ് മെത്രാപ്പോലീത്ത, മലങ്കര കത്തോലിക്കാ സഭ

ശ്രീ. കെ.എം. മാണി, മുൻ ധനകാര്യ മന്ത്രി, പാലാ എം.എൽ. എ.

ശ്രീ. തോമസ് ചാണ്ടി, എം.എൽ.എ

റവ. റ്റി.സി. മാമ്മൻ, ന്യൂയോർക്ക്

റവ. ഡോ. ഗീവർഗ്ഗീസ് മാത്യു, ഇരവിപേരൂർ

റവ. റ്റി.സി. തോമസ്, പാലാരിവട്ടം

റവ. റ്റി.സി. ജോൺ, ചെങ്ങന്നൂർ

റവ. കെ. എസ് ഏബ്രഹാം, റാന്നി

ഡോ. ഡി. ബാബു പോൾ, ഐ.എ.എസ്

പ്രൊഫ. സി.റ്റി. റ്റൈറ്റസ്, കുറ്റപ്പുഴ, തിരുവല്ലാ മാർത്തോമ്മാ കോളജ് മുൻ പ്രിൻസിപ്പാൾ

ഡോ. ചാൾസ് പി. അലക്സാണ്ടർ, വൈസ് ചാൻസലർ, ICFAI യൂണിവേർസിറ്റി നാഗാലാൻഡ്

ശ്രീ. എം. ഒ. ശാമുവേൽ, സഭാ കൗൺസിൽ അംഗം റവ. എം. എസ്. ഡാനിയേലിന്റെ പിതാവ്

ശ്രീ. പി. റ്റി. തോമസ്, സഭാ പ്രതിനിധി മണ്ഡലാംഗം

ശ്രീ.ജോൺ സി. ജോർജ്ജ്, സഭാ പ്രതിനിധി മണ്ഡലാംഗം.

ഡോ. ഒ.സി. കോശി, ഡിട്രോയിറ്റ്, മുൻ സഭാ കൗൺസിൽ അംഗം

ഡോ. ജോർജ്ജ് പോൾ, മലങ്കര ഓർത്തഡോക്സ് സഭയുടെ അത്മായ ട്രസ്റ്റി.

ശ്രീ. സൈമൺ കൈപ്പള്ളാലുംകൽ, സഭയുടെ മുൻ കൺസൽട്ടിംഗ് എഞ്ചിനീയർ.

ശ്രീ. തോംസൺ പി. മാത്യു, സഭാ ഓഫീസ് മുൻ ജീവനക്കാരൻ

ശ്രീമതി റെയ്ച്ചൽ മാത്യു, വികാരി ജനറാൾ കെ. എസ് മാത്യു അച്ചന്റെ സഹധർമ്മിണി

സി.എൻ.ഐ. മോഡറേറ്റർ മോസ്റ്റ് റവ. പി. സി. സിംങ്ങിന്റെ മാതാവ്

ശ്രീമതി മേരി ജോസ്, റവ. ജോസ് വർഗീസിന്റെ സഹധർമ്മിണി

ശ്രീമതി അന്നമ്മ ചെറിയാൻ, വികാരി ജനറാൾ എൻ. എം ചെറിയാൻ അച്ചന്റെ സഹധർമ്മിണി
ശ്രീമതി. ജോളി ജോൺ, റവ. ഡോ. എം. ജെ ജോസഫ് (കീക്കൊഴൂർ) അച്ചന്റെ സഹധർമ്മിണി.
ജോയാനാ റേച്ചൽ വിനിത്, റവ. വിനിത് മാത്യു അച്ചന്റെ മകൾ മുൻ സഭാ കൗൺസിൽ അംഗം ഈശോ മാത്യു അച്ചന്റെ കൊച്ചുമകൾ
ശ്രീമതി ഏലിയാമ്മ ബേബികുട്ടി, സഭാ കൗൺസിൽ അംഗം ശ്രീ. എൻ. സണ്ണിയുടെ മാതാവ്
സിസ്റ്റർ റ്റി. എ റോസ്, സേവിനി, സേവികാ സംഘം
സിസ്റ്റർ കുഞ്ഞമ്മ ഫിലിപ്പ്, സേവിനി, സേവികാ സംഘം

താഴെപ്പറയുന്നവരെ അനുമോദിച്ചു:

മോസ്റ്റ് റവ. ഡോ ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ, എപ്പിസ്കോപ്പാ സ്ഥാനത്ത് 45 വർഷം പൂർത്തിയാക്കിയതിന്.
റൈറ്റ് റവ. ഡോ. ഐസക്ക് മാർ ഫിലക്സിനോസ് എപ്പിസ്കോപ്പാ- ന്യൂയോർക്കിലെ മലയാളി സമൂഹത്തിന്റെ സേവനത്തിന്റെ അംഗീകാരമായി ന്യൂയോർക്ക് സെനറ്റ് മെയ് മാസം മലയാളീ ഹെറിറ്റേജ് മാസം ആയി തിരഞ്ഞെടുക്കുകയും സെനറ്റ് ഹാളിൽ നടന്ന മീറ്റിംഗിൽ പ്രസംഗിക്കുന്നതിന് റൈറ്റ് റവ. ഡോ. ഐസക്ക് മാർ ഫിലക്സിനോസ് എപ്പിസ്കോപ്പായ്ക്ക് അവസരം നൽകുകയും ചെയ്തതിന്.
റൈറ്റ് റവ. ഡോ. തോമസ് മാർ തീത്തോസ് എപ്പിസ്കോപ്പായ്ക്ക് കേരള സംയുക്ത ക്രൈസ്തവ മദ്യവർജന സമിതിയുടെ വെരി. റവ. കുറിയാക്കോസ് പാറയ്ക്കൽ കോർ എപ്പിസ്കോപ്പാ അവാർഡ് -2019 ലഭിച്ചതിന്.
റൈറ്റ് റവ. ഡോ. ഗ്രിഗോറിയോസ് മാർ സ്തേഫാനോസ് എപ്പിസ്കോപ്പ നോർത്ത് വെസ്റ്റ് ഇൻഡ്യാ കൗൺസിൽ ഓഫ് ചർച്ചസ് പ്രസിഡന്റ് ആയി തിരഞ്ഞെടുക്കപ്പെട്ടതിനും ഡോക്ടറേറ്റ് ലഭിച്ചതിനും.
റൈറ്റ് റവ. ഡോ. യൂയാക്കിം മാർ കൂറിലോസ് എപ്പിസ്കോപ്പാ, 69-ാം ജന്മദിനത്തിന്.
റവ. ബൈജു സാമുവേൽ, എം.റ്റി.എച്ച്-ന് ഒന്നാം റാങ്ക് ലഭിച്ചതിന്.
റവ. മാത്യു. കെ. ജോൺ 4 സെനറ്റ് പ്രൈസ് ലഭിച്ചതിന് (Bachelor of Divinity-2019).
ശ്രീ. കെവിൻ തോമസ്- സെനറ്റർ ഓഫ് ന്യൂയോർക്ക് ആയി തിരഞ്ഞെടുക്കപ്പെട്ടതിന്
റവ. ബൈജു. മർക്കോസ്- പി.എച്ച്ഡി ലഭിച്ചതിന്.
തിരുവല്ലാ മാർത്തോമ്മാ കോളജിന് ഇൻഡ്യാ ഗവൺമെന്റിന്റെ എച്ച്. ആർ.ഡി. മിനിസ്ട്രിയിൽ നിന്നും ഇൻഡ്യയിൽ 92-ാം റാങ്കും, കേരളത്തിൽ 17-ാം റാങ്കും ലഭ്യമായതിന് ഒപ്പം NAAC 'A ഗ്രേഡ് ലഭിച്ചതിനും.
ശ്രീ. വർക്കി ഏബ്രഹാമിനെ, കേരളാ ഗവൺമെന്റ് ലോക കേരള സഭയിലേക്ക് നോമിനേറ്റ് ചെയ്തതിന്
ശ്രീ. കോശി സാമുവേലിനെ കേരളാ ഗവൺമെന്റ് ലോക കേരള സഭയിലേക്ക് നോമിനേറ്റ് ചെയ്തതിന്

1.4 ഡോ. അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ സ്മാരക പ്രഭാഷണം.

18-ാമതു ഡോ. അലക്സാണ്ടണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ സ്മാരക പ്രഭാഷണം, 2019 ഏപ്രിൽ 13ന് ശനിയാഴ്ച നന്തൻകോട് ജറുസലേം മാർത്തോമ്മാ പള്ളിയിൽ അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്തയുടെ അദ്ധ്യക്ഷതയിൽ നടന്നു. കേരളാ മുൻ ചീഫ് സെക്രട്ടറി ശ്രീ. എസ്.എം. വിജയാനന്ദ് ഐ.എ.എസ് മുഖ്യ പ്രഭാഷണം നടത്തി. നവകേരളവും നവോത്ഥാനവും എന്നതായിരുന്നു പ്രഭാഷണ വിഷയം. അഭിവന്ദ്യ ജോസഫ് മാർ ബർന്നബാസ് എപ്പിസ്ക്കോപ്പാ പ്രാരംഭ പ്രാർത്ഥനയും വൈദിക ട്രസ്റ്റി റവ. തോമസ് സി. അലക്സാണ്ടർ സമാപന പ്രാർത്ഥനയും നടത്തി. അത്മായ ട്രസ്റ്റി ശ്രീ. പി.പി. അച്ചൻകുഞ്ഞ് മുഖ്യപ്രഭാഷകന് ഉപഹാരം നൽകി. സഭാ സെക്രട്ടറി റവ. കെ.ജി. ജോസഫ് സ്വാഗതവും ഇടവക വികാരി റവ. മാത്യു കെ. ജാക്സൻ നന്ദിയും പറഞ്ഞു. നന്തൻകോട് ജറുസലേം മാർത്തോമ്മാ, പാറ്റൂർ സെന്റ് തോമസ് മാർത്തോമ്മാ എന്നീ ഇടവക ഗായകസംഘങ്ങൾ ഗാനശുശ്രൂഷയ്ക്കു നേതൃത്വം നൽകി.

1.5 ഡോ.ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്തായുടെ ജന്മദിന സമ്മേളനം

ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്തായുടെ 102-ാം ജന്മദിന സമ്മേളനം 2019 ഏപ്രിൽ മാസം 27-ന് കുമ്പനാട് ഫെലോഷിപ്പ് മിഷൻ ആശുപത്രി ചാപ്പലിൽ നടന്നു. അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലിത്തയുടെ നേതൃത്വത്തിൽ സ്തോത്ര പ്രാർത്ഥനയും വിശുദ്ധ കുർബ്ബാന ശുശ്രൂഷയും നടത്തി.

2.മേലദ്ധ്യക്ഷന്മാരുടെ പ്രവർത്തന വൃത്താന്തം

2.1. മോസ്റ്റ് റവ.ഡോ.ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയമെത്രാപ്പോലീത്താ

ദൈവകരുണയാൽ ഞാൻ 103-ാം വയസിലേക്ക് പ്രവേശിച്ചു. നാളിതുവരെ ലഭിച്ച ദൈവകൃപയെ നന്ദിയോടെ ഓർക്കുന്നു. അനേകരുടെ സ്നേഹവും കരുതലും ലഭിച്ചു. ജന്മദിനത്തിൽ എന്റെ സഭ ഒരുക്കിയ ആദരവിന്റെയും സ്തോത്രത്തിന്റെയും അവസരത്തിൽ വിശുദ്ധ കുർബ്ബാന സ്വീകരിപ്പാനും, കോവിഡ് 19 ന്റെ പരിമിതികളിലും അനേകരുടെ പ്രാർത്ഥനയും, ആശംസകളും സ്വീകരിപ്പാനും സാധിച്ചതിൽ ദൈവത്തെ മഹത്വപ്പെടുത്തുന്നു.
യഹോവ എനിക്ക് ചെയ്ത സകല ഉപകാരങ്ങൾക്കും ഞാൻ അവന് എന്ത് പകരം കൊടുക്കും?. ഞാൻ രക്ഷയുടെ പാനപാത്രം എടുത്ത് യഹോവയുടെ നാമം വിളിച്ചപേക്ഷിക്കും. യഹോവയ്ക്ക് ഞാൻ എന്റെ നേർച്ചകളെ അവന്റെ സകല ജനവും കാൺകെ കഴിക്കും (സങ്കീ 116:12-13) ഞാൻ എപ്പോഴും ദൈവത്തോട് വിശ്വസ്തനായിരിക്കും. ദൈവം എന്നോട് വിശ്വസ്തനാ യിരുന്നു. കഴിഞ്ഞ 76 സംവത്സരം ഒരു വൈദീകനായി ഈ സഭയിൽ ശുശ്രൂഷ ചെയ്യുവാൻ നാഥൻ ഒരുക്കിയ വ്യത്യസ്ത സന്ദർഭങ്ങളിലും മേഖലകളിലും സഹകരിച്ചും പ്രാർത്ഥിച്ചും എനിക്ക് വേണ്ടുന്ന പിന്തുണ നൽകിയ എല്ലാവരോടും കൃതജ്ഞതയും ദൈവത്തിനു സ്തോത്രവും അർപ്പിക്കുന്നു.
പ്രളയാനന്തരം ഇപ്പോൾ കുമ്പനാട് ഫെലോഷിപ്പ് മിഷൻ ആശുപത്രിയിൽ വിശ്രമിക്കുന്നു. ദൈവകരുതലിന്റെയും പരിപാലനത്തിന്റെയും വ്യത്യസ്ത അനുഭവങ്ങൾ ഈ ദിനങ്ങളെ ധന്യമാക്കുന്നു. നമ്മുടെ സഭാംഗമായ ശ്രീ. ബ്ലസ്സി ഐപ്പ് തോമ സ് സംവിധാനം ചെയ്ത 48 മണിക്കൂർ 10 മിനിറ്റ് ദൈർഘ്യ മുള്ള ഡോക്യുമെന്ററിക്ക് ഗിന്നസ് വേൾഡ് റേക്കോർഡിൽ അംഗീകാരം ലഭിച്ചതിൽ സന്തോഷിക്കുന്നു. (100 Years of Chrysostom) എന്ന് നാമകരണം ചെയ്തിട്ടുള്ള ഡോക്യുമെന്ററിയിലൂടെ എനിക്ക് ലഭിച്ച ആദരവിന് ദൈവത്തെ മഹത്വപ്പെടുത്തുന്നു. തിരുവല്ല പൗരാവലി ഒരുക്കിയ സ്വീകരണ സമ്മേളനത്തിൽ സംബന്ധിക്കുന്നതിനും തദവസരത്തിൽ Official Participant Certificate സ്വീകരിച്ച് സദസ്സിന്റെ അനുമോദനങ്ങൾ ഏറ്റുവാങ്ങിയതും ഒരു നല്ല അനുഭവമായി. ജനുവരി 2-ാം തീയതി കേരള ഗവർണ്ണർ ശ്രീ. ആരിഫ് മുഹമദ് ഖാൻ വന്ന് സന്ദർശിച്ചതും മാരാമൺ കൺവൻഷന്റെ അതിഥികളായ പ്രസംഗകർ ജില്ലാ കളക്ടർ ശ്രീ. പി.ബി. നൂഹ്, ജില്ലാപോലീസ് മേധാവി ശ്രീ. കെ.ജി. സൈമൺ എന്നിവരുടെ സന്ദർശനവും സന്തോഷകരമായിരുന്നു.
സഭയുടെ മെത്രാപ്പോലീത്തായും ഇതര സഭാ മേലദ്ധ്യക്ഷന്മാരും നമ്മുടെ തിരുമേനിമാരും പട്ടക്കാരും കുടുംബാംഗങ്ങളും മറ്റനവധി ശ്രേണികളിൽ നിന്നുള്ള വിശിഷ്ട വ്യക്തിത്വങ്ങളും ഈ നാളുകളിൽ എന്നെ സന്ദർശിച്ച് സ്നേഹാദരങ്ങളും പ്രാർത്ഥനകളും നൽകി എന്നെ ബലപ്പെടുത്തുന്നു. ആശുപത്രിയിൽ നിന്നു ലഭിക്കുന്ന കരുതലും കൂട്ടായ്മയും ഏറെ പ്രശംസനീയം. രാഷ്ട്രം പത്മഭൂഷൺ ബഹുമതി നൽകി ആദരിച്ചതും, ഗിന്നസ് ലോക റേക്കോഡിന് അർഹത ലഭിച്ച ഡോക്യൂമെന്റ റിയിൽ പങ്കാളിയായതും അവിസ്മരണീയ അനുഭവങ്ങളാണ്. അനുഗ്രഹീതരായ മാതാപിതാക്കൾ, സഹോദരങ്ങൾ സ്നേഹിതർ എന്നും എനിക്ക് പ്രചോദനമായിരുന്നു. നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കുക എന്ന കർത്തൃവചനം ഉൾകൊണ്ട് പരസ്പര

സ്നേഹവും ബഹുമാനവും വളർത്തുക എന്നതായിരിക്കട്ടെ നമ്മുടെ ജീവിതലക്ഷ്യം.

കോവിഡ് 19 ന്റെ ഭീകരതയിൽ അതിഭീമമായ ആൾനാശവും ആകുലതയും വർദ്ധിച്ചു. ഇതുപോലൊരു സന്ദർഭം എന്റെ ഓർമ്മയിൽ കോളറയുടെ കഠിന ദിനങ്ങളാണ്. ഈ മഹാമാരിയെയും അതിജീവിക്കാൻ ദൈവം സഹായിക്കട്ടെ. സർവ്വ ജനത്തിനും ആശ്വാസവും വിടുതലും ലഭിക്കട്ടെ. ജനക്കൂട്ടത്തെ കണ്ട് മനസ്സലിഞ്ഞ യേശു ശിഷ്യരെ പഠിപ്പിച്ചതു പോലെ ലോകത്തെ കണ്ട് മനസ്സലിഞ്ഞ ദൈവം ലോകത്തിനുവേണ്ടി സഭയെ ഒരുക്കിക്കൊണ്ടിരിക്കുന്നു. ലോകത്തിനു വേണ്ടി സഭ സജ്ജമാകണമെന്ന ദർശനത്തോടെ സഭ ഒരുങ്ങുവാനും ദൗത്യങ്ങൾ ഏറ്റെടുക്കുവാനും സർവ്വ ശക്തന്റെ കൃപ വ്യാപരിക്കട്ടെ.

2.2 മോസ്റ്റ് റവ. ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ

ആമുഖം

ദൈവകൃപയുടെ സമൃദ്ധമായ നിറവിലും ദൈവകൃപയുടെ അനുഗൃഹീതമായ തണലിലും സംവത്സരങ്ങളെ തന്റെ നന്മ കൊണ്ടലങ്കരിക്കുന്ന സർവ്വശക്തനായ ദൈവത്തിന്റെ കരുതലിലും പരിപാലനയിലും ഒരു സംവത്സരം കൂടി നാം പിന്നിടുകയാണ്. സുഖദുഃഖ സമ്മിശ്രമായ ജീവിതവഴികളിലൂടെയാണ് നാം ഇപ്പോൾ കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. കൊറോണാ വൈറസ് ബാധയുടെ അപ്രതീക്ഷിതമായ അരങ്ങേറ്റം ലോകരാഷ്ട്രങ്ങളെയെല്ലാം പിടിച്ചുകുലുക്കിയിരിക്കുകയാണ്. കോവിഡ് 19 എന്ന മഹാമാരിക്ക് പ്രതിവിധിയായി ഒരു വാക്സിൻ കണ്ടുപിടിക്കുവാനുള്ള തീവ്രമായ പരിശ്രമത്തിൽ ശാസ്ത്രലോകവും ആരോഗ്യരംഗവും തീക്ഷ്ണതയോടെ ഏർപ്പെട്ടുകൊണ്ടിരിക്കുന്നു. മഹാജ്ഞാനിയായിരുന്ന ശലോമോൻ രാജാവിനോട് ദൈവം അരുളിച്ചെയ്ത വാക്കുകൾ നമ്മുടെയെല്ലാം ചിന്തയിലും ധ്യാനത്തിലും ജീവിതാനുഭവങ്ങളിലും പുനർജ്ജനിക്കേണ്ട ഒരു കാലഘട്ടമത്രെയിത്. ദൈവം അന്ന് അരുളിച്ചെയ്തു-"ഞാൻ നിന്റെ പ്രാർത്ഥന കേട്ട് ഈ സ്ഥലം എനിക്കു യാഗത്തിനുള്ള ആലയമായിട്ട് തിരഞ്ഞെടുത്തിരിക്കുന്നു. മഴ പെയ്യാതിരിക്കേണ്ടതിനു ഞാൻ ആകാശം അടയ്ക്കയോ ദേശത്തെ തിന്നുമുടിക്കേണ്ടതിന് വെട്ടുക്കിളിയോടു കൽപിക്കയോ എന്റെ ജനത്തിന്റെ ഇടയിൽ മഹാമാരി വരുത്തുകയോ ചെയ്താൽ, എന്റെ നാമം വിളിക്കപ്പെട്ടിരിക്കുന്ന എന്റെ ജനം തങ്ങളെത്തന്നെ താഴ്ത്തി പ്രാർത്ഥിച്ച് എന്റെ മുഖം അന്വേഷിച്ച് തങ്ങളുടെ ദുർമാർഗ്ഗങ്ങളെ വിട്ടുതിരിയുമെങ്കിൽ ഞാൻ സ്വർഗ്ഗത്തിൽ നിന്നു കേട്ട് അവരുടെ പാപം ക്ഷമിച്ച് അവരുടെ ദേശത്തിനു സൗഖ്യം വരുത്തിക്കൊടുക്കും. ഈ സ്ഥലത്തു കഴിക്കുന്ന പ്രാർത്ഥനയോട് എന്റെ കണ്ണു തുറന്നിരിക്കയും എന്റെ ചെവി ശ്രദ്ധിച്ചിരിക്കുകയും ചെയ്യും. എന്റെ നാമം ഈ ആലയത്തിൽ എന്നേക്കും ഇരിക്കേണ്ടതിനു ഞാൻ ഇപ്പോൾ അതിനെ തിരഞ്ഞെടുത്തു വിശുദ്ധീകരിച്ചിരിക്കുന്നു. എന്റെ ദൃഷ്ടിയും എന്റെ ഹൃദയവും എല്ലായ്പ്പോഴും ഇവിടെ ഇരിക്കും" (2 ദിന. 7:12-16). ഈ പ്രപഞ്ചം തന്നെ ദൈവത്തിന്റെ ആലയമാണ്. നാം വസിക്കുന്ന ഭൂമി ദൈവത്തിന്റെ ആലയമാണ്. നാം ഓരോരുത്തരും ദൈവത്തിന്റെ മന്ദിരങ്ങളാണ്. ദൈവം ശലോമോനോട് അരുളിച്ചെയ്തതുപോലെ ദൈവത്തിന്റെ ദൃഷ്ടിയും ഹൃദയവും നമ്മിൽ ആയിരിക്കുന്നതാണ് ജീവിതത്തിന്റെ ധന്യത എന്നു നാം തിരിച്ചറിയേണ്ട ഒരു കാലമാണിത്. കഴിഞ്ഞ ഒരു സംവത്സരത്തിൽ പ്രതികൂലതകളുടെ മധ്യത്തിൽ ഇടറിപ്പോകാതെയും അനുകൂലതകളുടെ മധ്യത്തിൽ അലസരായി തകർന്നുപോകാതെയും നമ്മെ വഴി നടത്തിയ ദൈവകൃപയ്ക്കു ഹൃദയനിറവിൽ സ്തോത്രം ചെയ്യുന്നു. റിപ്പോർട്ടു വർഷത്തിന്റെ അവസാന നാളുകളിലേക്കു നാം കടന്നുവന്നപ്പോൾ കൊറോണ വൈറസിനെതിരായ പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഏർപ്പെടുത്തിയ ലോക്ഡൗൺ നിയന്ത്രണങ്ങൾ മൂലം നമ്മുടെ പള്ളികളും അടച്ചിടേണ്ടിവന്നു. ഈ മഹാമാരിയിൽ നിന്ന് നമ്മുടെ സമൂഹത്തെ രക്ഷിക്കാൻ വേണ്ടിയാണ് അപ്രകാരമൊരു നടപടിക്ക് നാം നിർബ്ബന്ധിതരായത്. അപരനോടുള്ള കരുതലാണ് ഇപ്രകാരമുള്ള നടപടികളിലൂടെ വെളിപ്പെട്ടത് എന്നു നാം തിരിച്ചറിയണം. ദൈവാലയങ്ങൾ അടച്ചിടേണ്ടിവന്നു എന്നത് ഒരു യാഥാർത്ഥ്യമാണെങ്കിലും അടഞ്ഞുകിടക്കുന്ന വാതിലുകളെ നോക്കി കരഞ്ഞുകൊണ്ടിരിക്കുന്നതല്ല, തുറക്കപ്പെടുന്ന പുതിയ വാതിലുകളിലൂടെ സുവിശേഷ ഘോഷണത്തിനും ആരാധനയ്ക്കുമുള്ള സാധ്യതകൾ കണ്ടെത്തുന്നതാണ് സഭയുടെ ദൗത്യം എന്നു തിരിച്ചറിഞ്ഞുകൊണ്ടാണ് ലോക്ഡൗൺ പ്രഖ്യാപിച്ച സമയം മുതൽ എല്ലാ ഞായറാഴ്ചകളിലും പ്രത്യേക വിശേഷദിനങ്ങളിലും പൂലാത്തീൻ ചാപ്പലിൽ നിയന്ത്രണങ്ങൾ പാലിച്ചുകൊണ്ടുതന്നെ വി. കുർബ്ബാന നിർവ്വഹിക്കുന്നതിനും അതു സംപ്രേഷണം ചെയ്യുന്നതിനും നാം ക്രമീകരണം ചെയ്തത് എന്ന വസ്തുത പ്രത്യേകം ഓർമ്മിപ്പിക്കട്ടെ. ഭദ്രാസന എപ്പിസ്കോപ്പാമാരുടെ അരമന ചാപ്പലിൽ നിന്നും പ്രത്യേക ദിനങ്ങളിലും വെള്ളിയാഴ്ചകളിലും ശുശ്രൂഷകൾ അനുഷ്ഠിക്കപ്പെടുകയും അവ സംപ്രേഷണം ചെയ്യപ്പെടുകയും ചെയ്തു എന്നതും പ്രത്യേകം പ്രസ്താവ്യമാണ്. പിന്നീട് നമ്മുടെ പല ദൈവാലയങ്ങളിലും ഈ മാതൃകയിൽ നിയന്ത്രണങ്ങൾ പാലിച്ചുകൊണ്ട് ശുശ്രൂഷകൾ നിർവ്വഹിക്കപ്പെടുകയും അവ സംപ്രേഷണം ചെയ്യുകയുമുണ്ടായി എന്നതും അനുകരണീയമായ അനുഭവമായിരുന്നു. പൂലാത്തീനിൽ നിന്നും ലോക്ഡൗൺ പ്രഖ്യാപിച്ച കാലം മുതൽ നടന്ന വി. കുർബ്ബാന ശുശ്രൂഷകൾക്കും പീഡാനുഭവ വാരത്തിലെ ശുശ്രൂഷകൾക്കും നേതൃത്വം നൽകുവാൻ നമ്മെ ബലപ്പെടുത്തിയ ദൈവത്തിനു സ്തോത്രം. പൂലാത്തീനിൽ നടക്കുന്ന ആരാധനയുടെ സംപ്രേഷണം പ്രയോജനപ്പെടുത്തി ആരാധനയിൽ പങ്കുചേർന്ന് പതിനായിരങ്ങൾ സ്വന്തം ഭവനത്തെ ആരാധനാലയമാക്കി മാറ്റുന്നു എന്നത് എത്രയോ ധന്യമായ അനുഭവമാണ്! വിളിച്ചവൻ വിശ്വസ്തൻ എന്ന് അനുനിമിഷം രുചിച്ചറിഞ്ഞുകൊണ്ടും "എന്നെ ശക്തനാക്കുന്നവൻ മുഖാന്തിരം ഞാൻ സകലത്തിനും മതിയാകുന്നു" എന്ന അപ്പൊസ്തലനായ വിശുദ്ധ പൗലോസിന്റെ സാക്ഷ്യത്തോടുംകൂടി മെത്രാപ്പോലീത്താ എന്ന നിലയിൽ നമ്മുടെ രക്ഷകനും കർത്താവും ദൈവവുമായ ക്രിസ്തു യേശുവിന്റെ ശരീരമായ സഭയിൽ ശുശ്രൂഷകൾ നിർവ്വഹിപ്പാൻ ശക്തീകരിച്ച ദൈവകൃപയ്ക്ക് സ്തുതിസ്തോത്രങ്ങൾ അർപ്പിച്ചുകൊണ്ട് 2019-20 ലെ നമ്മുടെ പ്രവർത്തന വൃത്താന്തത്തിന്റെ സംക്ഷിപ്തരൂപം അവതരിപ്പിച്ചുകൊള്ളുന്നു.

DETAILS OF HIS GRACE THE MAR THOMA METROPOLITAN'S PROGRAMMES

I. PARISH VISITS WITHIN THIRUMENI'S DIOCESE

1. Niranam–Maramon Diocese
   - a. Kuriannoor Salem MTC
   - b. Vengal Salem MTC
   - c. Mepral Immanuel MTC
   - d. Thiruvalla St. Thomas MTC
   - e. Kuttapuzha Jerusalem MTC
   - f. Kozhencherry St. Thomas MTC
   - g. Niranam St. Thomas MTC
   - h. Niranam St. Thomas MTC
   - i. Ahmadi Immanuel MTC
2. Kottayam–Kochi Diocese
   - a. Ernakulam Salem MTC
   - b. Thalappady Nazreth MTC
   - c. Kochara Nazreth MTC
   - d. Elamkulam Jerusalem MTC
   - e. Changanacherry St. Thomas MTC
   - f. Kottayam Jerusalem MTC
3. Ranni–Nilackal Diocese
   - a. Uthimoodu MTC
   - b. Vayalathala St. Thomas MTC
   - c. Kumplampoika Salem MTC
   - d. Kalahandi Mission Chapel

e. Pazhavangadikara Immanuel MTC
f. Perumpetty Jerusalem MTC
g. Ranni Convention Holy Qurbana

4. Malaysia–Singapore–Australia– New Zealand

1. Perth MTC
2. Church Visit & Meetings
   a. Kulalumpur St. Thomas MTC
   b. Klang St. Thomas
   c. Banting MTC
   d. Seramban MTC

II. Parish Visits Outside Thirumeni's Diocese

1. Within Kerala
   a. Trinity MTC, Trivandrum
   b. Pattoor MTC, Trivandrum
   c. Kuzhikala MTC (Centenary Programme)
   d. Mylom Christos MTC
2. Outside Kerala

a. Korba MTC
b. Bilaspur MTC
c. Satna MTC
d. Mysore MTC
e. Vellore St. Thomas MTC
f. Visakapattanam St. Thomas MTC
g. Coimbatore MTC
   h. Pune Kirkee St. Johns MTC
   i. Mumbai Convention Holy Qurbana

3. Overseas Parishes Outside Dioceses
   a. Abu Dhabi MTC
   b. Oman Mar Thoma Parish, Ruwi, Muscat
   c. Liverpool Carmel MTC
   d. Manchester Tabor MTC
   e. Houston Immanuel MTC
   f. Lubbock Emmanuel MTC
   g. New York St. Thomas MTC
   h. Dubai MTC

III. Mission Field Visits

1. Satna Mission (MP)
2. Sihora Ashram (MP)
3. Srikakulam Mission (Andhra Pradesh)
4. Kalahandi Mission (Orrisa)
5. Khariar Road (Orrisa)
6. Kuttampuzha Mission (Kerala)
7. Kambam Mission (Tamil Nadu)
8. Tharayil Kadavu Mission (Kerala)
9. Mydakkur Mission (Andhra Pradesh)
10. Beduvel Mission (Andhra Pradesh)
11. Kadappa Mission (MTYS, Andhra Pradesh)
12. Onipenta Mission (Dubai MTC, Andhra Pradesh)
13. Narasapuram Mission (Andhra Pradesh)
14. Chagalamari Mission (Andhra Pradesh)
15. Gundalpett Mission (Karnataka)
16. Mumbai Navjeevan Centre (Maharashtra)

IV. Church Dedications

1. Vayyattupuzha Bethel MTC on 1-4-2019
2. Moonnukallu Sehion MTC on 10-4-2019
3. Methala Immanuel MTC on 12-4-2019
4. Mukkada Hebron MTC on 30-4-2019
5. Mulakaramedu MT Congregation,Kattapana on 17-5-2015
6. Perth Mar Thoma Church,Australia on 17-8-2019
7. Thadiyoor Immanuel MTC on 12-10-2019
8. Manchester Tabor MTC on 15-10-2019
9. Houston St. Thomas MTC on 26-10-2019
10. Kakkanad Christos MTC (re-dedication) on 3-1-2020
11. Naranammoozhy St. Thomas MTC(Re-dedication) On1-2-2020
12. Narasapuram St. Thomas MTC on 23-2-2020
13. Mylom Christos MTC on 07-3-2020

V. Deacon Ordination

1. Thiruvalla St. Thomas MTC-5 Candidates on 18-6-2019
2. Kottayam Jerusalem MTC-3 Candidates on 20-6-2019
3. Ranni Nazreth MTC-4 Candidates on 22-6-2019

VI. Kassesa Ordinations

1. Pullad Sehion MTC-3 Candidates on 12-7-2019
2. Kuriannoor St. Thomas MTC-2 Candidates on 16-7-2019
3. Thiruvalla St. Thomas MTC- 2 Candidates on 18-1-2020

VII. Important Events 2019-20

1. Holy Mooron Koodasa on 9-6-2019 at St. Thomas MTC, Thiruvalla
2. Dr. Alexander Mar Thoma Valiya Metropolitan Memorial Lecture at Nandancode, Trivandrum on 13-4-2019
3. Dedication of Rt. Rev. Geevarghese Mar Athanasius Memorial Mar Thoma Convention Centre, Ranni (Please check the official name) on 28-4-2019
4. Mar Thoma Students conference on 21-24 May, 2019 at Pathana mthitta
5. Dedication of new building for St. Thomas School, Mysore on 8-6-2019
6. Divya Sangeetha Sandhya by DSM & C on 22-6-2019
7. Kalahandi School Dedication on 5-6 July, 2019
8. Khariar Road Mission Field Visit 7-9 July, 2019
9. Ranni-Nilackal Diocesan Assembly on 23-7-2019
10. Niranam -Maramon Diocesan Assembly on 3-7-2019
11. Gulf Mar Thoma Youth Conference at Abu Dhabi 8-11August, 2019
12. Kottayam-Kochi Diocesan Assembly on 20-8-2019
13. Dedication of Kumily Mar Thoma Meadows 1st floor on 25-8-2019
14. Reception to Most Rev. Dr. Justin Welby, Hon Archbishop of Canterbury by the Malankara Mar Thoma Syrian Church at Jerusalem MTC, Kottayam on 2-9-2019
15. Mar Thoma Sabha Prathinidhi Mandalam on 12-14 September, 2019
16. Dr. Juhanon Mar Thoma Memorial Lecture at Kottarakara on 28-9-2019
17. Abraham Malpan Memorial Lecture on 8-11-2019 at MT Seminary, Kottayam
18. Inauguration of self Financed Course Block at Kozhencherry St. Thomas College on 18-11-2019
19. Dr. Thomas Mar Athanasius Suffragan Metropolitan Memorial Lecture at TMAM, Manganam on 23-11-2019
20. Dr. Jacob Oommen Memorial Lecture 25-11-2019 at Fellowship Mission Hospital, Kumbanad
21. 'Kanivu Project' of Kambam MissionCommunity Hall (Kottayam-Kochi Diocese) Dedication 9-12-2019
22. Pulkkoottil Pookalam 30th November atThiruvalla & 11th December at Chungathara
23. Distribution of Keys of houses from the Mar Thoma Church Flood Relief Project on 2nd January, 2020 by Shri. Arif Mohammad Khan, Hon. Governor of Kerala.
24 Inauguration & Annual Meetings of Recognized organizations at the Diocesan Level Sevika Sanghom, Yuvajana Sakhyam, Sunday School Camp, Development Department.
25. Diocesan Conventions (Adoor, N-M, K-K, R-N, C-M,K-P, T-Q & Mumbai) during January 2020
26. Inauguration of the Silver Jubilee of Navjeevan Centre, Mumbai on 24-26 January 2020

27. Dedication of Mission House at Sakhyam Gramam, Kadappa on 22-2-2020
28. Dedication of New Block at Mar Thoma College for Special Education, Badiadka, Kasargod on 26-2-2020
29. Key Note Address on Communal Harmony at Cherukole Shri Shubhananda Ashram, Mavelikkara on 4-3-2020

VIII. Zonal / Diocesan Clergy Meetings

1. Puthupally-Kottayam Zonal Clergy on 15-4-2019
2. Thiruvalla-Niranam Zonal Clergy on 16-4-2019
3. Maramon-Kozhencherry-Eraviperoor Zonal Clergy on 4-6-2019
4. Ernakulam-Keezhillom Zonal Clergy on 5-6-2019
5. Ranni-Nilackal Diocesan Clergy Meeting on 11-6-2019
6. Niranam-Maramon Diocesan Clergy & Office Bearers Meeting on 17-6-2019
7. Puthupally-Kottayam Zonal Clergy on 16-7-2019
8. Maramon-Kozhencherry-Eraviperoor Zonal Clergy on 10-9-2019
9. Ranni-Nilackal Diocesan Clergy & Office Bearers Meeting on 20-9-2019
10. Annual Clergy Conference at Charalkunnu 27-30 November 2019
11. Kottayam-Kochi Diocesan Clergy Conference 9-11 December 2019
12. Thiruvalla-Niranam Zonal Clergy on 7-1-2020
13. Maramon-Kozhencherry-Eraviperoor Zonal Clergy on 10-1-2020
14. Ranni-Nilackal Diocesan Clergy Conference at Angamoozhy on 21-1-2020

IX. Ecumenical Meetings

1. Nilackal Ecumenical Trust Meetings
2. Inter-Church Council Meetings
3. Knanaya Kudumba Sangamom on 25-5-2019
4. Bible Society of India, Visakapattanam on 2-4 July 2019
5. Henry Martin Institute Hyderabad Board Meetings on 18-7-2019
6. Puthencruz Patriarchal Centre on 22-6-2019
7. BSI Kerala Auxiliary 63rd Anniversary at Kozhencherry on 23-8-2019
8. Public Reception to Hon. Archbishop of Canterbury at Kottayam by CSI Madhya Kerala Diocese on 31-8-2019
9. Kuravilangad Nazrani Maha Sangamam on 1-9-2019
10. Preparatory Meeting of CCA's 15th General Assembly at Nanthencode, Trivandrum on 8-9-2019
11. Visit of Bro. Jean Patrick from Taize Ecumenical Community, France & Taize Prayer Gathering at Church Animation Centre, Old Poolatheen on 11-10-2019
12. CBCI Panel Discussion at Major Archi-Episcopal Centre, Kochi
13. Kananaya Sabha Programme on 25-12-2019 Inauguration of Sculpture regarding Coonan Cross Oath
14. Ecumenical Christmas Carol, St. George Ferona Church, Edathua on 27-12-2019
15. CSI Synod at Bishop Heber College, Trichy, Tamil Nadu on 12-14 January, 2020
16. Inauguration of 100th Session of Mallapally Ecumenical Convention on 17-1-2020
17. Benedictory Speech at the Felecitation Meeting with regard to the consecration of the Bishop of Kanjirappally Mar Jose Pulickal on 3-2-2020

മാരാമൺ കൺവൻഷന്റെ അനുഗൃഹീതമായ നടത്തിപ്പിന് ആവശ്യമായ നേതൃത്വം നൽകാൻ കഴിഞ്ഞത് ചാരിതാർത്ഥ്യജനകമായ ഒരു അനുഭവമായിരുന്നു. പ്രസംഗകരായി തക്ക ആളുകളെ കണ്ടെത്തുവാൻ ദൈവം കൃപചെയ്തു. മനുഷ്യനിർമ്മിതവും പ്രകൃതി നിർമ്മിതവുമായ ദുരന്തത്തിന്റെ ദുരിതഫലങ്ങൾ ഏറ്റുവാങ്ങേണ്ടി വന്നവരുടെ ആശ്വാസത്തിനായി കേന്ദ്ര, സംസ്ഥാന ഗവണ്മെന്റുകളുടെ പ്രവർത്തനത്തിന് ശക്തമായ പിന്തുണയും സഹായവും നൽകാൻ കഴിഞ്ഞു. പ്രളയ ദുരന്തനിവാരണത്തിന്റെ ഭാഗമായി 100 ഭവനങ്ങൾ നിർമ്മിച്ചു നൽകാൻ സഭയായി തീരുമാനിച്ചതിൽ നിർമ്മാണം തുടങ്ങിവെച്ച 98 ഭവനങ്ങളിൽ 64 ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ച് ബന്ധപ്പെട്ടവർക്ക് നൽകുവാൻ കഴിഞ്ഞു എന്നതിൽ ചാരിതാർത്ഥ്യമുണ്ട്. 34 വീടുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. കാലവർഷം ശക്തിപ്പെടുന്നതിനു മുമ്പുതന്നെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിച്ച് വീടുകൾ ബന്ധപ്പെട്ടവർക്ക് നൽകുവാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു.

കഴിഞ്ഞ സംവത്സരത്തിന്റെ അവസാന നാളുകളിലേക്ക് എത്തിച്ചേർന്നപ്പോൾ ലോകത്തെയാകെ ഗ്രസിച്ച കോവിഡ് 19 എന്ന മഹാമാരി ഇന്നും എല്ലാ രാഷ്ട്രങ്ങൾക്കും ഒരു ഭീഷണിയായി തുടരുകയാണ്. ഉത്തരേന്ത്യയിൽ വെട്ടുക്കിളിശല്യം ഭയാശങ്കകൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു. കഴിഞ്ഞ നൂറ്റാണ്ടിലെ മൂന്നാം ദശകത്തിൽ സംഭവിച്ചതുപോലുള്ള സാമ്പത്തിക മാന്ദ്യത്തിന്റെ ലക്ഷണങ്ങൾ ഇന്ന് കണ്ടുകൊണ്ടിരിക്കുന്നു. സർവ്വശക്തനായ ദൈവത്തോടു ഹൃദയം നുറുങ്ങിയ അനുഭവത്തിൽ നമുക്കു പ്രാർത്ഥിക്കാം. "കൃപാലുവായ ദൈവമേ, നിന്റെ കൃപയാൽ ഭൂലോകത്തെ രൂപാന്തരപ്പെടുത്തേണമേ, ദേശത്തിന് സൗഖ്യം വരുത്തേണമേ". മീഖാ പ്രവാചകനിലൂടെ ദൈവം നമ്മോടു അരുളിച്ചെയ്യുന്നു- "മരണത്തിനു വിധേയനായിക്കൊണ്ടിരിക്കുന്ന മനുഷ്യാ, നല്ലത് എന്തെന്ന് അവൻ നിനക്ക് കാണിച്ചു തന്നിരിക്കുന്നു. ന്യായം പ്രവർത്തിപ്പാനും ദയാതൽപരനായിരിപ്പാനും നിന്റെ ദൈവത്തിന്റെ സന്നിധിയിൽ താഴ്മയോടെ നടപ്പാനും അല്ലാതെ എന്താകുന്നു യഹോവ നിന്നോടു ചോദിക്കുന്നത്" (മീഖാ. 6:8). നമുക്കു അനുതപിക്കാം. നമ്മുടെ അനുതാപത്തിന്റെ കണ്ണുനീർ വീഴുമ്പോൾ കരുണാമയനായ ദൈവം നമ്മുടെ ദേശത്തിനു സൗഖ്യം വരുത്തും. ദൈവിക കരുതലിന്റെ കാരുണ്യം അനുഭവിച്ചുകൊണ്ട്, ആർദ്രഹൃദയരായി ദൈവസന്നിധിയിൽ താഴ്മയോടെ നടപ്പാൻ ദൈവം കൃപ പകരട്ടെ.

നമ്മുടെ മാർത്തോമ്മാ കോർപറേറ്റ് മാനേജ്മെന്റിലെ സ്കൂളുകൾക്കെല്ലാം ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷയിൽ ഉന്നതവിജയം കരസ്ഥമാക്കുവാൻ ഇടയായി എന്നത് അഭിമാനകരമായ ഒരു വസ്തുതയാണ്. 15 സ്കൂളുകളിൽ 14 സ്കൂളുകൾ 100% വിജയം കരസ്ഥമാക്കുകയുണ്ടായി. നമ്മുടെ സ്കൂളുകളിൽ പരീക്ഷയെഴുതിയ 1796 കുട്ടികളിൽ 1795 പേരും പാസ്സായി. ഫുൾ A+ നേടിയവർ 254 പേരാണ്. നമ്മുടെ മാനേജ്മെന്റ് സ്കൂളുകളിൽ മികച്ച വിജയം കരസ്ഥമാക്കുവാൻ നേതൃത്വം നൽകിയ മാർത്തോമ്മാ കോർപ്പറേറ്റ് സ്കൂൾ മാനേജർ ശ്രീമതി ലാലമ്മ വർഗ്ഗീസിനെയും സ്കൂൾ പ്രഥമാദ്ധ്യാപകരെയും അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും പ്രത്യേകം അഭിനന്ദിക്കുന്നു. നമ്മുടെ സഭയിലെ ഇടവകകളുടെ നേതൃത്വത്തിലുള്ള സ്കൂളുകൾക്കും ഉന്നതവിജയ ശതമാനം കരസ്ഥമാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ബന്ധപ്പെട്ട എല്ലാവരെയും സഭയുടെ അനുമോദനം അറിയിക്കുന്നു.

റിപ്പോർട്ട് വർഷത്തിൽ പ്രവർത്തനങ്ങളിൽ ആത്മാർത്ഥമായ സഹായസഹകരണങ്ങൾ നൽകിയ സഭാ ഓഫീസിലെയും ഭദ്രാസന ഓഫീസിലെയും എല്ലാ പ്രവർത്തകരോടുമുള്ള നന്ദിയും സ്നേഹവും അറിയിക്കുന്നു. കഴിഞ്ഞ മൂന്നര സംവത്സരക്കാലം മെത്രാപ്പോലീത്തായുടെ സെക്രട്ടറിയായി പ്രവർത്തിച്ച റവ. ഷിജോയ് ഏബ്രഹാം സഖറിയ അച്ചൻ M.Th. പഠനത്തിനായി പോകുകയാണ്. പ്രിയപ്പെട്ട അച്ചനിലൂടെ നമുക്ക് ലഭിച്ച സ്നേഹത്തിനും അനുഗൃഹീതമായ ശുശ്രൂഷകൾക്കുമുള്ള കൃതജ്ഞത അറിയിക്കുന്നു. റവ. റോവിൻ വർഗീസ് ജോൺ അച്ചൻ മെത്രാപ്പോലീത്തായുടെ സെക്രട്ടറിയായി തുടർന്നും ധന്യമായ ശുശ്രൂഷകൾ നിർവ്വഹിച്ചുകൊണ്ടിരിക്കുന്നു. റവ. ഷിജോയ് ഏബ്രഹാം സഖറിയ അച്ചൻ പോയ ഒഴിവിൽ, ഇപ്പോൾ B.D. പഠനം പൂർത്തിയാക്കിയ ശ്രീ. ബ്ലെസൻ ഫിലിപ്പ് മെത്രാപ്പോലീത്തായുടെ സെക്രട്ടറിയായി നിയമിതനായിട്ടുണ്ട്. പൂലാത്തീൻ ഓഫീസുമായി ബന്ധപ്പെട്ട എല്ലാ ഉത്തരവാദിത്വങ്ങളും ആത്മാർത്ഥതയോടും കാര്യക്ഷമതയോടും പരിചയസമ്പന്നതയോടും കൂടി നിർവ്വഹിക്കുന്ന പൂലാത്തീൻ ഓഫീസ് മാനേജർ ശ്രീ. സണ്ണിയോടും ഇതര പ്രവർത്തകരോടുമുള്ള നന്ദി അറിയിക്കുന്നു.

ഉപസംഹാരം

"യഹോവ എനിക്കു ചെയ്ത സകല ഉപകാരങ്ങൾക്കും ഞാൻ അവന് എന്തു പകരം കൊടുക്കും? ഞാൻ രക്ഷയുടെ പാനപാത്രം എടുത്തു യഹോവയുടെ നാമം വിളിച്ചപേക്ഷിക്കും. യഹോവയ്ക്കു ഞാൻ എന്റെ നേർച്ചകളെ അവന്റെ സകല ജനവും കാൺകെ കഴിക്കും" (സങ്കീ. 116:12 -14) എന്ന അനുഭവ സാക്ഷ്യത്തോടുകൂടിയാണ് നാം ഈ സംവത്സരത്തോടു വിടപറഞ്ഞ് പുതിയൊരു സംവത്സരത്തെ വരവേൽക്കുന്നത്. ദൈവം അനുഗ്രഹിച്ചു നൽകിയ ആയുസ്സിന്റെ 89 സംവത്സരങ്ങൾ നാം പിന്നിട്ട് പുതിയ സംവത്സരത്തിലേക്കു പ്രവേശിക്കുകയാണ്. വ്യത്യസ്തമായ അനുഭവങ്ങളിലൂടെ കടന്നുപോകേണ്ടി വന്നപ്പോഴും നാം ഒറ്റയ്ക്കായിരുന്നില്ല ആ അനുഭവങ്ങളിലൂടെ കടന്നുപോയത്, ഉള്ളംകൈയ്യിൽ നമ്മെ സൂക്ഷിക്കുവാൻ 'ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടു കൂടെയുണ്ട്' എന്ന് അരുളിച്ചെയ്ത കർത്താവ് നമ്മോടുകൂടെ ഉണ്ടായിരുന്നു. പട്ടത്വശുശ്രൂഷയിൽ 64-ാം സംവത്സരത്തിലേക്കും എപ്പിസ്കോപ്പൽ സ്ഥാനാരോഹണത്തിന്റെ 45-ാം സംവത്സരത്തിലേക്കും നാം പ്രവേശിക്കുന്നു. മെത്രാപ്പോലീത്തായായി സ്ഥാനമേറ്റിട്ട് 13-ാം സംവത്സരത്തിലേക്ക് പദമൂന്നുന്നു. നിയോഗവഴികളിൽ അനുദിനം ബലപ്പെടുത്തുന്ന ദൈവം തുടർന്നും ജയോത്സവമായി വഴി നടത്തും എന്ന ഉറപ്പോടും വിശ്വാസത്തോടുംകൂടി നാം മുന്നോട്ടുപോകുകയാണ്. ഇക്കഴിഞ്ഞ സംവത്സരത്തിൽ പ്രാർത്ഥനയുടെയും സഹകരണത്തിന്റെയും പ്രോത്സാഹനത്തിന്റെയും ഊർജ്ജം പകർന്ന ഏവരെയും നന്ദിയോടുകൂടി ഓർക്കുന്നു. സഭ വിളിച്ചു വേർതിരിക്കപ്പെട്ട കൂട്ടമാണ്. എന്നാൽ ലോകത്തിന്റെ വെളിച്ചമാകാനും ഭൂമിയുടെ ഉപ്പാകുവാനും ദൈവം സഭയെ നിയോഗിച്ചിരിക്കുന്നത് പ്രശ്ന സങ്കീർണ്ണമായ ഈ ലോകത്തിലാണ്. "ലോകത്തിൽ നിങ്ങൾക്ക് കഷ്ടം ഉണ്ട് എങ്കിലും ധൈര്യപ്പെടുവിൻ, ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു" എന്ന് അരുളിച്ചെയ്ത കർത്താവിൽ ശക്തിപ്പെട്ട് മുന്നോട്ടു പോകുവാൻ ദൈവം നമ്മെ എല്ലാവരെയും അനുഗ്രഹിച്ചു വഴി നടത്തട്ടെ.

2.3 റൈറ്റ് റവ. ഡോ. ഗീവർഗ്ഗീസ് മാർ തിയഡോഷ്യസ് എപ്പിസ്കോപ്പാ

മഹാരാഷ്ട്ര, ഗുജറാത്ത്, ഗോവ എന്നീ സംസ്ഥാനങ്ങളിലും ഗൾഫിൽ റൂവി, സോഹർ എന്നിവിടങ്ങളിലുമായി (മസ്കറ്റ്) വ്യാപിച്ചുകിടക്കുന്ന മുംബൈ ഭദ്രാസനത്തിന്റെ അദ്ധ്യക്ഷനായി 2019-20 കാലഘട്ടത്തിലും തുടരുവാൻ ഇടയായതിൽ ദൈവത്തെ സ്തുതിക്കുന്നു. 7 സെന്ററുകളി ലായി 59 ഇടവകകളും, 10 മിഷൻ കോൺഗ്രിഗേഷനുകളുമുൾപ്പെടെ (ബൊയാച്ചപ്പാട, ജവഹാർ, ഖർടി, കുങ്കാട, ബേജ്ഗാവ്, ഷെൻഗാവ്, നാന്ദ്ഗാവ്, മോക്കാട, ചിഞ്ചിലി, പരത്ത്വാഡാ) 18 കോൺഗ്രിഗേഷനുകളും, 5 സ്ക്കൂളുകളും ഈ ഭദ്രാസനത്തിലുണ്ട്. 62 പട്ടക്കാരും 26 സുവിശേഷ കരും 5 മിഷൻ കോ-ഓർഡിനേറ്റർമാരും ഇതിൽ പ്രവർത്തിക്കുന്നു. അഞ്ച് മേഖലകളായി തിരിച്ച് മിഷൻ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച്വരുന്നു. നവി മുംബൈയിലെ 'വാഷി' യിലുള്ള മാർത്തോമ്മാ സെന്ററിൽ താമസിച്ച് ഭദ്രാസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കി. പ്രവർത്തന രംഗങ്ങളിൽ ലഭിക്കുന്ന ജനപങ്കാളിത്തത്തിനും വ്യാപരിക്കുന്ന ദൈവകൃപകൾക്കുമായി സർവ്വശക്തനായ ദൈവത്തിന് സ്തുതി സ്തോത്രങ്ങൾ അർപ്പിക്കുന്നു.

ഭദ്രാസന എപ്പിസ്ക്കോപ്പാ എന്ന നിലയിൽ ഭദ്രാസന അസംബ്ലി, ഭദ്രാസന കൗൺസിൽ മീറ്റിംഗുകൾ എന്നിവയ്ക്ക് അദ്ധ്യക്ഷത വഹിച്ചു. സഭയുടെ ഔദ്യോഗിക സംഘടനകളുടെ ഭദ്രാസനതലത്തിലുള്ള കമ്മിറ്റി മീറ്റിംഗുകൾക്കും വാർഷിക മീറ്റിംഗുകൾക്കും നേതൃത്വം നല്കി. 'വെസ്റ്റേൺ ഇൻഡ്യാ സോണൽ അസംബ്ലി' എന്ന രജിസ്ട്രേഡ് സൊസൈറ്റിയുടെ നിയന്ത്രണത്തിലാണ് ഭദ്രാസനത്തിലെ എല്ലാ സംഘടനകളും അഡ്മിനിസ്ട്രേറ്റിവ് യൂണിറ്റുകളും പ്രവർത്തിക്കുന്നത്. അതിന്റെ പ്രവർത്തനങ്ങൾക്കും നേതൃത്വം നല്കുന്നു. ഭദ്രാസന വാർത്തകളും പ്രവർത്തനങ്ങളും ഭദ്രാസനത്തിലെ എല്ലാ ജനങ്ങളിലു മെത്തിക്കുവാനായി പ്രസിദ്ധീകരിക്കുന്ന 'സുവാർത്താ പത്രിക' എന്ന ത്രൈമാസികയുടെ 3 ലക്കങ്ങൾ റിപ്പോർട്ട് വർഷം പ്രസിദ്ധീകരിച്ചു. അതിലൂടെ എല്ലാ വായനക്കാ രെയും അഭിസംബോധന ചെയ്യുന്നു. ഭദ്രാസനത്തിന്റെ എല്ലാ മേഖലകളിലും, പ്രത്യേകമായി മുംബൈ, കല്യാൺ, ഗോവ, ഗുജറാത്ത് സെന്റർ എന്നിവിടങ്ങളിലും, കുടുംബ ശാക്തീകരണ പരിപാടി നടത്തി. 2019 ആഗസ്റ്റ് മാസത്തിൽ വടക്കൻ കേരളത്തി ലുണ്ടായ ജലപ്രളയത്തിൽ ദുരിതം അനുഭവിച്ചവർക്ക് ഭദ്രാസനമായി സഹായം എത്തിച്ചു നല്കി. ഈ പ്രവർത്തനങ്ങൾക്ക് പട്ടക്കാരുടെയും ആത്മായ നേതാക്കളുടെയും സഹക രണത്തോടെ, നേതൃത്വം നല്കി. ലോണാവാലയിലുള്ള കാംശേത്തിലെ മാർ ക്രിസോസ്റ്റം ആശ്രമത്തിന്റെയും ക്യാമ്പ് സെന്ററിന്റെയും, സെന്റ് തോമസ് ഇംഗ്ലീഷ് മീഡിയം സ്ക്കൂളിന്റെയും വികസനത്തിനായി നടപടികൾ സ്വീകരിച്ചു. മൂർബാദിലുള്ള നവജീവൻ സെന്ററിന്റെ പ്രവർത്തനങ്ങൾ അനുഗ്രഹപ്രദമായി നടക്കുന്നു. 25-ാമത് വാർഷികം 2019 ഒക്ടോബർ 2-ന് നടത്തി. നോർത്ത് അമേരിക്ക യൂറോപ്പ് ഭദ്രാസന അദ്ധ്യക്ഷൻ അഭി. ഡോ. ഐസക്ക് മാർ ഫിലക്സിനോസ് എപ്പിസ്ക്കോപ്പാ മുഖ്യാതിഥി ആയിരുന്നു. മേഖലാതലത്തിൽ നവജീവന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് ബോധവത്ക്കരണ പരിപാടികൾ വാപി, ഗോറിഗോൺ എന്നിവിടങ്ങളിൽ അനുഗ്രഹപ്രദമായി നടത്തി. മൂർബാദ് നവജീവൻ വില്ലേജിൽ വിവിധ പരിപാടികൾക്കായി ഉപയോഗിക്കത്തക്ക വിധത്തിൽ നിർമ്മാണം നടത്തിയ ബഹു-സവിശേഷഹാൾ കൂദാശ ചെയ്തു. നവജീവൻ സെന്ററിന്റെ ജൂബിലി ആഘോഷങ്ങൾ ഈ ഹാളിൽ വെച്ചാണ് നടത്തിയത്. നവജീവൻ വില്ലേജിലെ ഭവനങ്ങളുടെ നിർമ്മാണത്തിനായി ധനശേഖരണാർത്ഥം നടത്തിയ 'സ്ട്രീംസ് ഓഫ് ലൈഫ്' എന്ന പരിപാടി വിജയപ്രദമായിരുന്നു. ഭദ്രാസനത്തിലെ ഔദ്യോഗിക സംഘടനകളുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന കോഴി വളർത്തൽ, മീൻ വളർത്തൽ, പൂന്തോട്ട നിർമ്മാണം, കുട്ടികളുടെ സ്പോൺ സർഷിപ്പ് എന്നിവ നവജീവൻ വില്ലേജിന്റെ ആകമാന വികസനത്തിനും വളർച്ചയ്ക്കും പ്രചോദനം നല്കി. കല്ല്യാൺ സെന്ററിന്റെ ആഭിമുഖ്യ ത്തിൽ 2020 ജാനുവരി 5-ന് നടത്തപ്പെട്ട 'നക്ഷത്രപൂക്കാലം' എന്ന ഗാനസന്ധ്യയും, പട്ടക്കാരുടെ 'അഡോണായ്' (Adonai) എന്ന ഗായകസംഘം നടത്തിയ 'ക്വാവാഡിസ്' (Quo Vadis) ഗാന പ്രോഗ്രാമും വളരെ അനുഗ്രഹ പ്രദമായിരുന്നു.

നവോദയ മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ റാഗ് പിക്കേഴ്സിന്റെ ഇടയിലുള്ള പ്രവർത്തനങ്ങൾ ഭംഗിയായി പുരോഗമിക്കുന്നു. ഇപ്പോൾ ഇത്തരത്തിലുള്ള 583 കുട്ടികൾ അംഗീകൃത സ്ക്കൂളുകളിൽ പഠിക്കുന്നു. നവോദയയുടെ കീഴിൽ 16 സ്വയം സഹായ സംഘങ്ങൾ (204 ആളുകൾ) മൈക്രോ ഫിനാൻസിംഗിലൂടെ നടത്തുന്നു. 21 യുവജനങ്ങൾ രണ്ട് സ്വയം സഹായ സംഘങ്ങളിലൂടെ പ്രവർത്തിക്കുന്നു.

ഭദ്രാസന തലത്തിൽ കാൻസർ ബാധിതരായ കുഞ്ഞുങ്ങളെ സഹായിക്കുന്നതിന് സണ്ടേസ്ക്കൂൾ വിദ്യാർത്ഥികളെയും സ്ത്രീകളെ സഹായിക്കുന്നതിനായി സേവികാ സംഘത്തെയും പ്രോത്സാഹിപ്പിച്ച് ഫണ്ട് സമാഹരിച്ച് നല്കുന്നു. സാമ്പത്തി കമായി ബുദ്ധിമുട്ടുള്ള 17 ഹൃദ്രോഗികളെ 'സേവ് എ ഹാർട്ട്' പദ്ധതിയിലൂടെ സഹായിച്ചു. വിശക്കുന്നവർക്ക് ഭക്ഷണം നല്കുന്നതിനും, വരൾച്ച ബാധിത പ്രദേശങ്ങളിൽ കുടിവെള്ളമെത്തിക്കുന്നതിനും പ്രാദേശിക ഇടങ്ങളിൽ ഇടവകകളും ഭദ്രാസനവും നേതൃത്വം നല്കുന്നു. മൂർബാദ്, കാംശേത്ത് കാമ്പസുകൾ മോടി പിടിപ്പിക്കുന്നതിനും മരങ്ങൾ വെച്ചു പിടിപ്പിക്കുന്നതിനും സാധിച്ചു.

എപ്പിസ്കോപ്പൽ സിനഡ്, സഭാ കൗൺസിൽ, സഭാ പ്രതിനിധി മണ്ഡലം എന്നിവയുടെ മീറ്റിംഗുകളിൽ സംബന്ധിച്ചു. മാരാമൺ കൺവൻഷൻ യോഗങ്ങളിൽ പങ്കെടുത്ത് നേതൃത്വം നല്കുകയും ഫെബ്രുവരി 15, ശനിയാഴ്ച വൈകുന്നേരത്തെ യോഗത്തിൽ പ്രസംഗിക്കുകയും ഫെബ്രുവരി 16 ഞായറാഴ്ച കോഴഞ്ചേരി സെന്റ് തോമസ് മാർത്തോമ്മാ പള്ളിയിൽ വെച്ച് വിശുദ്ധ കുർബ്ബാനയ്ക്ക്

നേതൃത്വം നല്കുകയും ചെയ്തു. ഭദ്രാസന ലീഗൽ അഫയേഴ്സ് കമ്മറ്റിയുടെ അദ്ധ്യക്ഷനായി പ്രവർത്തിക്കുകയും നിയമപരവും ഭരണഘടനാപരവുമായി കമ്മറ്റിയുടെ പരിഗണനയ്ക്ക് വന്ന വിഷയങ്ങളിൽ തീരുമാനം കൈക്കൊള്ളുകയും ചെയ്തു. പല എക്യൂമെനിക്കൽ കൂട്ടായ്മകളിലും സഭയെയും ഭദ്രാസനത്തെയും പ്രതിനിധീകരിച്ച് സംബന്ധിച്ചു.

ബാംഗ്ലൂർ വൈറ്റ്ഫീൽഡിലുള്ള ഇ.സി.സിയുടെ പ്രസിഡന്റ് എന്ന നിലയിൽ എക്സിക്യൂട്ടീവ് കമ്മിറ്റി, വാർഷിക മീറ്റിംഗ്, റവ. ഡോ. എം.എ. തോമസ് അനുസ്മരണ പ്രഭാഷണം എന്നിവയ്ക്ക് അദ്ധ്യക്ഷത വഹിക്കുകയും പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുകയും ചെയ്തു. 2019 ആഗസ്റ്റ് 22 മുതൽ 24 വരെ 'Artificial Intelligence and Its Impact on Society' എന്ന വിഷയത്തെ അധികരിച്ച് നടത്തപ്പെട്ട സെമിനാറിൽ സംബ ന്ധിച്ച് നേതൃത്വം നല്കി. കാസായുടെ വെസ്റ്റേൺ സോണൽ കമ്മിറ്റിയിൽ പ്രവർത്തിച്ചു. കാലിക പ്രസക്തവും ദൈവശാസ്ത്രപരവുമായ ലേഖനങ്ങൾ തയ്യാറാക്കി. ഏതാനും പുസ്തകങ്ങൾക്ക് അവതാരിക എഴുതുകയും ചെയ്തു. വിവിധ എക്യൂമെനിക്കൽ സമ്മേളനങ്ങളിൽ സംബന്ധിക്കുകയും പ്രഭാഷണം നടത്തുകയും ചെയ്തു. ഐക്യവാര കൂട്ടായ്മകളിലും, വൈ.എം.സി.എ.യുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട ക്രിസ്തുമസ് ഗാനസന്ധ്യയിലും സംബന്ധിക്കുകയും വചന ശുശ്രൂഷ നടത്തുകയും ചെയ്തു. എപ്പിസ്ക്കോപ്പൽ സിനഡിന്റെയും സഭാ കൗൺസിലിന്റെയും തീരുമാന പ്രകാരം തിയോളജിക്കൽ കമ്മീഷനിലും ഫാമിലി എംപവർമെന്റ് ആൻഡ് ഫാമിലി എൻറിച്ച്മെന്റ് കമ്മിറ്റിയിലും നേതൃത്വം നല്കിവരുന്നു. ബസ്ക്കിയോമോസ് കോൺ ഫറൻസിൽ റിപ്പോർട്ട് വർഷം സംബന്ധിച്ച് നേതൃത്വം നല്കി.

റവ. ഷിനോയ് തോമസിന്റെ (അഹമ്മദാബാദ്) ശെമ്മാശ് പട്ടംകൊട അഹമ്മദാബാദ് മാർത്തോമ്മാ പള്ളിയിൽ വെച്ചും, കശീശ്ശാ പട്ടംകൊട ഡിസംബർ 21 ന് വസായ്റോഡ് സെന്റ് തോമസ് മാർത്തോമ്മാ പള്ളിയിൽ വെച്ചും നടത്തി. വാഷിയിലുള്ള സെന്റ് പോൾസ് മാർത്തോമ്മാ ഇടവകയുടെ ഷെൻഗാവ് മിഷൻ ചാപ്പൽ കൂദാശയും, മുള്ളുണ്ട് ക്രിസ്തോസ് മാർത്തോമ്മാ ഇടവകയുടെ ബേജ്ഗാവ് മിഷൻ ഭവനത്തിന്റെ കൂദാശയും നടത്തി. സൂററ്റ് സ്ക്കൂളിന്റെ സോളാർ എനർജി യൂണിറ്റ് ഉദ്ഘാടനം ചെയ്തു. വാപി സ്ക്കൂൾ അഡ്മിനി സ്ട്രേറ്റേഴ്സ് ക്വാർട്ടേഴ്സിന്റെ കൂദാശ 2020 മാർച്ച് 17 ന് നടത്തി. 2019 മേയ് 14 മുതൽ 16 വരെ ലോണാവാലാ കാംശേത്ത് ക്യാമ്പ് സെന്ററിൽ നടത്തിയ സുവിശേകരുടെ ഫാമിലി സമ്മേളന ത്തിൽ സംബന്ധിച്ച് നേതൃത്വം നല്കി.

എപ്പിസ്ക്കോപ്പൽ സ്ഥാനാരോഹണത്തിന്റെ 30-ാമത് വാർഷികം മുംബൈ ഭദ്രാസനതലത്തിൽ പൂനെ സെന്ററിന്റെ ആഭി മുഖ്യത്തിൽ മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷ തയിൽ കിർക്കി മാർത്തോമ്മാ പള്ളിയിൽ 2019 ഡിസംബർ 7 ന് നടത്തി. ഭദ്രാസനത്തിന്റെ വിവിധ ഇടവകകളിൽ നിന്നും 1500ലധികം വിശ്വാസികൾ പങ്കെടുത്ത പരിപാടി വളരെ ഹൃദ്യവും ദൈവസന്നിധിയിൽ സ്തുതി സ്തോത്രത്തിന്റെ അവസരവുമായിരുന്നു.

വിവിധ സംഘടനകളുടെ ഭദ്രാസനതല കോൺഫറൻസുകൾ നടത്തി. ഭദ്രാസന സേവികാസംഘം മീറ്റിംഗ് ഗുജറാത്തിൽ 2019 ആഗസ്റ്റ് 10 മുതൽ 12 വരെയും, ഭദ്രാസന ടീനേജേഴ്സ് കോൺഫറൻസ് കാംശേത്തിൽ വെച്ച് സെപ്തംബർ 6 മുതൽ 8 വരെയും, ഭദ്രാസന സീനിയർ സിറ്റിസൺസ് കോൺഫറൻസ് ഗുജറാത്തിൽ വെച്ച് സെപ്തംബർ 19,20 തീയതികളിലും ഭദ്രാസന വൈദീക കോൺഫറൻസ് കാംശേത്തിൽ വെച്ച് സെപ്തംബർ 25 മുതൽ 27 വരെയും, ഭദ്രാസന സന്നദ്ധ സുവിശേഷക സംഘത്തിന്റെ വാർഷിക കോൺഫറൻസ് ഗോവയിലുള്ള പിലാർ ആനിമേഷൻ സെന്ററിൽ വെച്ച് 2020 ജനുവരി 31 മുതൽ ഫെബ്രുവരി 2 വരെയും നടത്തി.

കോട്ടയം മാർത്തോമ്മാ വൈദീക സെമിനാരി സന്ദർശിക്കുകയും 2020 ഫെബ്രുവരി 5-ന് വിശുദ്ധ കുർബ്ബാനയ്ക്ക് നേതൃത്വം നല്കുകയും ചെയ്തു. ഫെബ്രുവരി 6-ാം തീയതി ഡോ. യേശുദാസ് അത്യാൽ രചിച്ച 'സാക്ഷി കളുടെ ഇത്ര വലിയ സമൂഹം' എന്ന പുസ്തകത്തിന്റെ പ്രകാശന സമ്മേളനത്തിൽ സംബന്ധിക്കുകയും പ്രകാശനം നിർവ്വഹിക്കുകയും ചെയ്തു. കറ്റാനം സെന്റ് തോമസ് മിഷൻ ആശുപത്രി ഫെബ്രുവരി 17 ന് സന്ദർശിക്കുകയും വിശുദ്ധകുർബ്ബാന അനുഷ് ഠിക്കുകയും ചെയ്തു. തിരുവല്ല മാർത്തോമ്മാ കോളേജ് ഫിസി ക്സ് ഡിപാർട്ട്മെന്റിന്റെ ഡയമണ്ട് ജൂബിലി ആഘോഷത്തിൽ പ്രധാന പ്രഭാഷണം നടത്തി. ഫെബ്രുവരി 22 ന് മാർത്തോമ്മാ പ്രൈമറിസ്ക്കൂൾ അദ്ധ്യാപക മീറ്റിംഗിൽ സംബന്ധിച്ച് നേതൃത്വം നല്കി.

അഭിവന്ദ്യ മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്തായുടെ ജന്മശതാബ്ദി പദ്ധതിയായി ആരംഭിച്ച ട്രാൻസ്ജൻഡേഴ്സ് മിനിസ്ട്രിയുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്നു. ബോധവത്ക്കരണ പരിപാടികളും വിവിധ തൊഴിൽ മേഖലയിൽ പ്രാവീണ്യം വർദ്ധിപ്പിക്കു ന്നതിന് ഉതകുന്ന പരിശീലന കളരികളും തുടരുന്നു. കോവിഡ് -19 ന്റെ കാലഘട്ടത്തിൽ 9 ജില്ലകളിലുള്ള ട്രാൻസ്ജൻഡർ അംഗങ്ങൾക്ക് ഒരു മാസത്തെ ഭക്ഷണ സാധനങ്ങൾ വിതരണം ചെയ്തു.

മുംബൈ ഭദ്രാസനത്തിൽ യൂത്ത് ചാപ്ലയിന്റെ സഹായത്തോടെ യൂത്ത് മിനിസ്ട്രി ക്രമീകൃതമായി നടത്ത പ്പെടുന്നു. യുവജനങ്ങളിൽ ദൈവവചനത്തോടും സഭയോടും ആഭിമുഖ്യം വളർത്തുന്നതിനും സഭാ ശുശ്രൂഷയിലേക്ക് ആനയിക്കുന്നതിനും ഇത് കാരണ മായിട്ടുണ്ട്. വില്ലേജുകളിൽ സുവിശേഷ വുമായി കടന്ന് പോകുവാൻ സുവിശേഷകരെ സജ്ജരാക്കി ഗ്രാമങ്ങളിലേക്ക് അയയ്ക്കുന്നു. ഭദ്രാസനത്തിന്റെ ആകമാന സുവിശേഷദൗത്യ നിർവ്വഹണത്തിന് മേൽനോട്ടം നൽകുകയും സുവിശേഷകരുടെ ശമ്പളം, മെഡിക്കൽ ഇൻഷുറൻസ്, ക്ഷേമപദ്ധതികൾ എന്നിവയ്ക്കുള്ള ധനസമാഹരണ മുൾപ്പെടെയുള്ള കാര്യങ്ങൾക്ക് ചുമതല വഹിക്കുകയും ചെയ്യുന്ന മിഷൻ ബോർഡിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കി. മറാത്തി മേഖലയിൽ നിന്നും സഭാ ശുശ്രൂഷയിലേക്ക് കടന്നുവന്ന ശ്രീ. കിഷോർ വാങ്കടെ ഫരീദാബാദ് ധർമ്മ ജ്യോതി സെമിനാരിയിൽ നിന്നും പഠനം പൂർത്തിയാക്കുകയും ഇപ്പോൾ കേരളത്തിൽ പ്രായോഗിക പരിശീലനം പൂർത്തിയാക്കിവരികയും ചെയ്യുന്നു എന്നത് വളരെ സന്തോഷകരമായ സംഗതിയാണ്. റിപ്പോർട്ട് വർഷത്തിൽ ഭദ്രാസനത്തിനുള്ളിൽ 30 ഇടവകകളിലും ഭദ്രാസനത്തിനു വെളിയിൽ പ്രത്യേക ക്ഷണപ്രകാരം 28 ഇടവകകളിലും സന്ദർശനം നടത്തി. വിവിധ റീജിയനുകളിലുള്ള ഇടവകകളുടെയും ആദ്ധ്യാത്മിക സംഘടനകളുടെയും, മിഷൻ പ്രവർത്തനങ്ങളുടെയും പരിപോക്ഷണത്തിനുതകുന്ന ശുശ്രൂഷകൾ നിർവ്വഹിക്കുകയും ചെയ്തു. ഇടവക സന്ദർശനത്തോടനുബന്ധിച്ച് ആദ്യകുർബ്ബാന സ്വീകരിക്കുന്ന കുട്ടികളുടെ സമർപ്പണ ശുശ്രൂഷ, ഇടവകദിന സ്തോത്ര ശുശ്രൂഷ, ഇടവക ക്രമീകരിക്കുന്ന ഇതര പരിപാടികൾ എന്നിവയ്ക്ക് നേതൃത്വം നല്കി. ഭദ്രാസനത്തിന്റെ വിവിധ ക്യാമ്പുകൾ, കോൺഫറൻസുകൾ, സംഘടനകളുടെ വാർഷിക പൊതു യോഗങ്ങൾ, വിവിധ കമ്മിറ്റികൾ, സബ് കമ്മിറ്റികൾ എന്നിവയ്ക്ക് നേതൃത്വം നല്കി. നവജീവൻ, നവോദയ എന്നിവയുടെ പ്രവർത്തനസ്ഥലങ്ങൾ സന്ദർശിക്കുകയും പ്രവർത്തനങ്ങളിൽ പങ്ക് ചേരുകയും ചെയ്തു. ഭദ്രാസനത്തിലങ്ങോളമിങ്ങോളമുള്ള മിഷൻ കേന്ദ്രങ്ങൾ സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തുകയും വിശ്വാസികളുമായി കൂട്ടായ്മ ആചരിക്കുകയും സുവിശേഷകരെ പ്രവർത്തനങ്ങളിൽ പ്രോത്സാഹിപ്പിക്കുകയും ചെയ്തു വരുന്നു. ഭദ്രാസന കൺവൻഷൻ മീറ്റിംഗുകൾ ക്രമീകരിക്കുകയും അദ്ധ്യക്ഷത വഹിക്കുകയും വചന ശുശ്രൂഷ നിർവ്വഹിക്കുകയും ചെയ്തു. കുന്നംകുളം - മലബാർ ഭദ്രാസന കൺവൻഷൻ സമാപന ദിനത്തിൽ വിശുദ്ധ കുർബ്ബാനയ്ക്ക് നേതൃത്വം നല്കുകയും സമാപന സന്ദേശം നല്കുകയും ചെയ്തു.

2019 ലെ മണ്ഡലം പഠനവിഷയമായ 'നവോത്ഥാനവും, നവീകരണവും - ദർശനവും പ്രായോഗികതയും' എന്ന വിഷ

യത്തെ സംബന്ധിച്ച് തുടർപഠനം പൂനെ, മുംബെ, ഗുജറാത്ത്, ഗോവ സെന്ററുകളിൽ നടത്തി. പട്ടക്കാരുടെ വേദപഠന കൂട്ടായ്മയിലും, ഭദ്രാസനതല കൂടിവരവിലും, ചരൽക്കുന്നിൽ വെച്ചുള്ള വാർഷിക സമ്മേളനത്തിലും സംബന്ധിച്ച് നേതൃത്വം നല്കി. വൈദീകരുടെ സെന്റർ, മേഖലാ തലങ്ങളിലുള്ള മീറ്റിംഗുകൾ പഠനസമ്മേളനങ്ങളായും കുടുംബകൂട്ടായ്മകളായും ക്രമീകരിച്ച് നടത്തുകയും ശുശ്രൂഷാ രംഗങ്ങളിൽ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും കൂട്ടായ്മയും നല്കുകയും ചെയ്യുന്നു. വേനൽകാലത്ത് വരൾച്ച ബാധിത പ്രദേശങ്ങൾ കണ്ടുപിടിച്ച് ക്രമമായി കുടിവെള്ളം വിതരണം ചെയ്തു (streams of living water). പ്രകൃതി സംരക്ഷണം നമ്മുടെ ഉത്തരവാദിത്തം ആണെന്ന് ഉദ്ബോധിപ്പിക്കുകയും 'ഗോയിംഗ് ഗ്രീൻ' പദ്ധതി യിലൂടെ പ്രാദേശിക തലങ്ങളിൽ വർഷകാലത്ത് വൃക്ഷതൈകൾ വച്ചുപിടിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കുകയും ബോധവത്കരണ ക്ലാസ്സുകൾക്ക് നേതൃത്വം നല്കുകയും ചെയ്തു. ഈദൃശ്യ പ്രവർത്തനങ്ങളിൽ ഇടവകകളുടെയും സുവിശേഷകരുടെയും സഹകരണം പ്രോത്സാഹജനകമായിരുന്നു.

മൂന്ന് പതിറ്റാണ്ടുകൾ മേല്പട്ടത്വ ശുശ്രൂഷയിൽ അനുഭവിച്ച ദൈവകൃപ അവർണ്ണനീയം. വൈവിധ്യമാർന്ന അനുഭവങ്ങളിലൂടെ ദൈവം വഴിനടത്തി. ശുശ്രൂഷാ സരണികളിൽ കൈത്താങ്ങായ എല്ലാവരെയും ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു. അതോടൊപ്പം കഴിഞ്ഞ 4 വർഷക്കാലം മുംബൈ ഭദ്രാസനത്തിന്റെ അദ്ധ്യക്ഷൻ എന്ന നിലയിൽ പ്രവർത്തിപ്പാൻ ഇടയായതിനെ ഓർത്തും ദൈവത്തെ സ്തുതിക്കുന്നു. വൈവിധ്യമാർന്ന പ്രവർത്തനസാധ്യതകൾ അനവധിയുള്ളത് ഈ ഭദ്രാ സനത്തിന്റെ പ്രത്യേകതയാണ്. അത് കാലികമായി നില നിർത്തി ദൗത്യസരണിയിൽ മുന്നേറുവാൻ ഭദ്രാസനത്തെ ദൈവം സഹായിക്കട്ടെ. പ്രവർത്തനപങ്കാളിത്തം നല്കിയ നേതൃനിരയോടും പ്രാർത്ഥനകൊണ്ടും അർത്ഥവത്തായ ഇടപെടൽ കൊണ്ടും ശുശ്രൂഷയെ ധന്യമാക്കിയ ജനങ്ങളോടുമുള്ള നന്ദി അറിയിക്കുന്നു.

കോറോണാ വൈറസ് രോഗം അഥവാ കോവിഡ് - 19 ലോക രാഷ്ട്രങ്ങളെ ഭീതിയിലും ആശങ്കയിലുമാക്കി. അതിരുകളെ എല്ലാം തകർത്ത് വൈറസിന്റെ വ്യാപനം കടന്ന് ചെല്ലാത്ത ഒരു ഇടവും ഇല്ലായിരുന്നു. യുദ്ധസമാനമായ അനുഭവമായിരുന്നു ഇക്കഴിഞ്ഞ നാളുകൾ. സ്വയം നിയന്ത്രണം കൊണ്ടും, സമർപ്പണത്തോടെയും അനേകർ അദ്ധ്വാനിച്ചത് കൊണ്ടാണ് ഈ മഹാമാരിയെ ഇത്രത്തോളം പിടിച്ചുനിർത്തുവാൻ സാധിച്ചത്. സ്വന്തം ജീവരക്ഷപോലും മറന്ന് കോവിഡ് പ്രതിരോധത്തിലും ചികിത്സയിലും പരിചരണത്തിലും ശ്രദ്ധയൂന്നിയ ആരോഗ്യ പ്രവർത്തകർ, സുരക്ഷാ ഉദ്യോഗസ്ഥർ, നിയമപാലകർ, സാമൂഹ്യ-രാഷ്ട്രീയപ്രവർത്തകർ, ആരെയും വിസ്മരിച്ചുകൂടാ. മുന്നണി പോരാളികളെപ്പോലെ അവർ സർവ്വസജ്ജമായി നിലയുറപ്പിച്ചത് കൊണ്ടും, ആയുസ്സ് പണയംവെച്ച് സേവനം ചെയ്തതുകൊണ്ടും കൂടിയാണ് ജനങ്ങൾക്ക് വീട്ടിൽ സമാധാനത്തോടും സുരക്ഷയോടും ഇരിക്കാൻ സാധിച്ചത്.

കോവിഡ്-19, ആരോഗ്യരംഗത്ത് മാത്രമല്ല ലോക സമ്പദ്വ്യവസ്ഥയെയും, ഉത്പാദന-വിപണന സംവിധാനങ്ങളെയും, എന്നു വേണ്ട മനുഷ്യജീവിതത്തിന്റെ സമസ്ത മേഖലകളെയും സ്തംഭിപ്പിച്ചു. മനുഷ്യന്റെ പെരുമാറ്റത്തിലും, പൊതുബോധത്തിലും, സാമൂഹ്യ ഇടപെടലുകളിലും, ജീവിത വീക്ഷണത്തിൽ തന്നെയും കാര്യമായ വ്യതിയാനം സംഭവിച്ചിട്ടുണ്ട്. ആകസ്മിക മായുണ്ടാകുന്ന വേർപാടുകൾ, തൊഴിൽനഷ്ടം, ക്വാറന്റീൻ- നിരീക്ഷണ സംവിധാനങ്ങൾ, സാമൂഹ്യ അകലവും അത് നല്കുന്ന ആശങ്കകളും, ലോക്ഡൗണും അതുയർത്തുന്ന വെല്ലു വിളികളും എല്ലാം മനുഷ്യസമൂഹത്തെ പുത്തൻ ശീലങ്ങളിലേക്കും പ്രവണതകളിലേക്കും തള്ളിനീക്കി. ആദ്ധ്യാത്മിക രംഗങ്ങളിൽ നാളിതുവരെ അനുവർത്തിച്ചു വന്നിരുന്ന ആരാധനാരീതികളും ക്രമങ്ങളും പ്രായോഗികമല്ലാതായി. തന്മൂലം പുത്തൻ രീതികൾ പരീക്ഷിക്കപ്പെട്ടു. ആലയങ്ങളിൽ ഒരുമിച്ച് ചേർന്ന് വരുവാൻ സാധിക്കാത്ത സാഹചര്യങ്ങളിൽ നമ്മുടെ ഭവനങ്ങൾ ആലയങ്ങളായി. വെബ് ബേസ്ഡ് ആരാധന ക്രമീകരണങ്ങളും ആരംഭിച്ചു.

കോവിഡിനു ശേഷം മാറിവരുന്ന പുത്തൻ സാഹചര്യങ്ങളിൽ സഭ എന്തായിരിക്കണം സഭയുടെ ശുശ്രൂഷാ സരണികളും, ശൈലികളും എങ്ങനെയായിരിക്കണം എന്നത് ഗൗരവമായി ചിന്തിക്കേണ്ട കാര്യങ്ങളാണ്. മാറ്റങ്ങളെ ഭയക്കരുത്. എല്ലാ കാലഘട്ടത്തിലും പ്രതീക്ഷകളും ഒപ്പം പ്രതിസന്ധികളും ഉണ്ടായിട്ടുണ്ട്. പ്രതിരോധ പോരാട്ടങ്ങളിൽ സഭ സജീവമായി പങ്ക് ചേരണം. മാറിവന്ന സാഹചര്യത്തിൽ നമ്മുടെ സംവിധാനങ്ങളും പ്രവർത്തനശൈലികളും മാറേണ്ടിയിരിക്കുന്നു. പ്രതിസന്ധികളിൽ എന്നും മാതൃകാപരമായി നിന്നിട്ടുള്ള മാർത്തോമ്മാ സഭ, ഈ കൊറോണാനന്തര കാലത്തും പുത്തൻ ശൈലികൾ രൂപപ്പെടുത്തണം. ലോകരാഷ്ട്രങ്ങൾ തങ്ങളുടെ സാമ്പത്തിക വ്യവസ്ഥ തിരിച്ചുപിടിക്കാൻ ശ്രമിക്കുമ്പോൾ സഭ ദൈവരാജ്യ പ്രവർത്തനങ്ങൾക്ക് പുത്തൻ മുഖം നല്കുകയാണ് വേണ്ടത്. ഭീതിയുടെ മദ്ധ്യത്തിൽ പ്രത്യാശയുടെ ഗോപു രമാകണം സഭ. തൊഴിൽരഹിതരും സാമ്പത്തികഭദ്രത നഷ്ടപ്പെട്ട വരും കൂടുതൽ യാഥാർത്ഥ്യമായി സഭയ്ക്ക് അഭിമുഖീ കരിക്കേണ്ടി വരും. പ്രവാസി മടക്കവും അതിഥി തൊഴിലാളികളുടെ ആവശ്യങ്ങളും നാം കണ്ടില്ലെന്ന് നടിക്കരുത്. പ്രതിസന്ധികൾ സൃഷ്ടിക്കുന്ന മാനസിക സംഘർഷവും വളരെ വലുതായിരിക്കും. പ്രകൃതിയെ ഇനിയും ഗൗരവമായിത്തന്നെ നാം കാണണം. പ്രളയവും മഹാമാരിയും സഭയ്ക്കും ചില ഓർമ്മപ്പെടുത്തലുകൾ നല്കുന്നുണ്ട്. മലിനീകരണവും ഇന്ധന - ഊർജ്ജ വിനിയോഗവും കുറയ്ക്കുവാൻ കഴിയണം. കാലാവസ്ഥാവ്യതിയാനം വരുത്തുന്ന സർവ്വനാശത്തിൽ നിന്നും ഭൂമിയെ തിരികെപിടിക്കുവാൻ നമുക്കൊരു കടമയുണ്ട്. ക്രിസ്തു ശരീരമാകുന്ന സഭയുടെ പുത്തൻമാനങ്ങൾ പകർന്ന് നല്കി ഒരു നവനിർമ്മാണ പ്രക്രിയയാണ് ഇന്ന് ആവശ്യം. സൃഷ്ടിയുടെ മകുടമായ മനുഷ്യന് മാത്രമല്ല, സകല ജീവജാലങ്ങളേയും എന്തിനേറെ, കേവലം സൂക്ഷ്മാണു ക്കളെപ്പോലും ഗൗരവമായി ക്കാണുന്ന ഒരു ആത്മീയക്രമമാണ് നമുക്കാവശ്യം. പ്രകൃതി യോടും അപരനോടും സമൂഹത്തോടുമുള്ള ബന്ധത്തിൽ ആ പുത്തൻ സാമൂഹ്യകൂട്ടായ്മയിലേക്ക് നമുക്ക് വളരാം. അതിനായി നമ്മെ സഭയായി ദൈവകരങ്ങളിലർപ്പിക്കാം.

2.4 റൈറ്റ്. റവ. ഡോ. യുയാക്കീം മാർ കുറിലോസ് എപ്പിസ്കോപ്പാ

ദൈവീക ശുശ്രൂഷയുടെ കൃപാപൂരിതമായ ഇടയ ശുശ്രൂഷയിൽ 5-ാം ദശാബ്ദത്തിലേക്കും, മേല്പട്ടത്വത്തിന്റെ 4-ാം ദശാബ്ദത്തിലേക്കും പദമൂന്നിയിരിക്കുമ്പോൾ, അനുഭവവേദ്യമായ ദൈവീക പരിപാലനത്തിന്റെ പങ്കുകാരനായി ഏറ്റം ശരണപ്പെടുന്നു. കാലികവും വെല്ലിവിളികൾ നിറഞ്ഞതുമായ പ്രേഷിത വൃത്തി തുറന്നുതന്ന മഹാകാരുണ്യവാനായ ദൈവത്തിന്റെ സന്നിധിയിൽ ആയിരമായിരം സ്തോത്രങ്ങൾ അർപ്പിക്കുന്നു. കഴിഞ്ഞ ആറ് വർഷത്തിലധികമായി ഭദ്രാസന കേന്ദ്രമായ ഊർശലേം അരമനയിൽ താമസിച്ചുകൊണ്ട് ഭദ്രാസനത്തിന്റെയും സഭയുടെയും വിവിധ പ്രവർത്തനങ്ങളിൽ നേതൃത്വം നൽകുവാൻ സാധിക്കുന്നു. റിപ്പോർട്ട് വർഷത്തിലും ഭദ്രാസനത്തിലെ 91 ഇടവകകൾ, 14 മിഷൻ ഫീൽഡുകൾ എന്നിവയ്ക്കു നൽകിയ നേതൃത്വത്തിനു പുറമെ, സുവിശേഷ പ്രസംഗസംഘം പ്രവർത്തനങ്ങളിലും, 125-ാം മാരാമൺ കൺവൻഷനിലും നേതൃത്വം നൽകുവാനും നിർണ്ണായക തീരുമാനങ്ങൾ കൈക്കൊണ്ട് നടപ്പിൽ വരുത്തുവാനും കഴിഞ്ഞു.

ഈ വർഷം ഭദ്രാസനത്തിലെ 37 ഇടവകകൾ സന്ദർശിച്ച് വി. കുർബ്ബാന അനുഷ്ഠിച്ചു. കൂടാതെ വിവിധ മിഷൻ ഫീൽഡുകളിലായി, സഹോദരി ഭദ്രാസനങ്ങളിലുമായി 34 ദൈവാലയങ്ങൾ സന്ദർശിച്ച് വി. കുർബ്ബാന അനുഷ്ഠിച്ചു. 500-ലധികം കുഞ്ഞുങ്ങൾക്ക് ആദ്യകുർബ്ബാനയുടെ അനുഗ്രഹം പങ്കിട്ടു നൽകി. ഭദ്രാസന ഇടവക സന്ദർശന വേളയിൽ സാധാരണയായി രോഗികളെയും ബുദ്ധിമുട്ടിലിരിക്കുന്നവരെയും കാണുകയും അവരോടൊപ്പം സമയം ചിലവഴിക്കുകയും ചെയ്യുന്നു. ഇടവകയിലെ പോഷക സംഘടനകളെയും അതിന്റെ ഭാരവാഹികളെയും കൈസ്ഥാന സമിതി അംഗങ്ങളെയും കാണുന്നതിനും ആവശ്യങ്ങൾ

കേൾക്കുന്നതിനും ശ്രദ്ധിക്കുന്നു. ഇടവകയുടെ ആത്മീകവും ഭൗതീകവുമായ സമഗ്ര വളർച്ചയ്ക്ക് ഉതകുന്ന കൂട്ടായ തീരുമാനങ്ങൾ എടുക്കുവാനും, ഉത്തരവാദിത്തങ്ങൾ നിറവേറ്റുവാനും അവരെ പ്രേരിപ്പിക്കുന്നു. ഇളമ്പൽ സെന്റ് തോമസ്, വിളക്കുവെട്ടം എം.റ്റി.സി., വാളകം സെന്റ് തോമസ് എന്നീ പള്ളികളിൽ നടത്തപ്പെട്ട പട്ടംകൊട ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. ഭദ്രാസനത്തിലുൾപ്പെട്ട ഏക വിദേശ ഇടവകയായ ദോഹ ഇമ്മാനുവേൽ മാർത്തോമ്മാ ഇടവക 2019 ജൂൺ 12 മുതൽ 24 വരെ സന്ദർശിക്കുകയും ആവശ്യമായ ശുശ്രൂഷകൾ കൂട്ടായ്മകൾ പകരുകയും ചെയ്തു.

ഈ റിപ്പോർട്ട് വർഷം ഇളമ്പൽ ജെറുസലേം, മൈലം ക്രിസ്തോസ് എന്നീ ദൈവാലയങ്ങളുടെ കൂദാശയിൽ സഹകാർമ്മികത്വം വഹിപ്പാനും, ഹോസ്ക്കോട്ട് മിഷനിലെ ഉമ്മാളു, കാച്ചിറക്കനഹള്ളി എന്നീ മിഷൻ ഹൗസുകളുടെ കൂദാശ നിർവ്വഹിപ്പാനും കഴിഞ്ഞു. തലച്ചിറ ശാലേം, മൈലം കുളം ഷാലോം, വെള്ളൂർക്കോണം സെന്റ് തോമസ്, കുര്യാത്തി ട്രിനിറ്റി, മരുതമൺപള്ളി എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ സ്ഥലം സന്ദർശിച്ച് പ്രാർത്ഥിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി. കൊട്ടാരക്കര എപ്പിസ്ക്കോപ്പൽ ജൂബിലി മന്ദിരം ഓഫീസ് സമുച്ചയത്തിന്റെ നിർമ്മാണം പൂർത്തിയാക്കി അവിടെയുള്ള ഹോസ്പീസിന്റെ പുതിയ ബ്ലോക്കിന്റെ പണികൾ നടന്നുവരുന്നു. പുനലൂർ സ്നേഹാരാം സെന്ററിലെ സ്മൃതി കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾക്ക് നേരിട്ട് നേതൃത്വം നൽകി. ഭദ്രാസനത്തിലെ വിവിധ ഇടവകകൾ പ്രാദേശികമായി നിർമ്മിച്ചു നൽകിയ വീടുകളുടെ കൂദാശ കർമ്മം നടത്തുകയും അപ്രകാരം തുടരുവാൻ അവരെയും ഇതര ഇടവകകളെയും പ്രോത്സാഹിപ്പിച്ചു.

ഈ വർഷത്തിൽ കേരളത്തിന്റെ വടക്കൻ ജില്ലകളിൽ പ്രളയം ദുരന്തമായി തുടർച്ചയായ രണ്ടാം വർഷവും സംഭവിച്ചപ്പോൾ 2019 ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലായി ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് ഈ ഭദ്രാസനത്തിൽ നിന്നും നേതൃത്വം നൽകി. കിടക്കവിരികൾ, വസ്ത്രങ്ങൾ എന്നിവയും ശേഷം അവശ്യസാധനങ്ങളും അവിടെ എത്തിച്ചു നൽകി. ഭദ്രാസന ജനങ്ങളുടെ സഹായങ്ങളും, യുവജനങ്ങളും അവരുടെ ബൃഹത്തായ പങ്കാളിത്തവും വാഹനങ്ങൾ വിട്ടു നൽകിയതും, ശാരീരിക അദ്ധ്വാനം പല പ്രകാരേണ ലഭിച്ചതും പ്രത്യേകം പ്രസ്താവ്യമാണ്. ബഹുദൂരം യാത്ര ചെയ്ത് നിർവ്വഹിച്ച ശുശ്രൂഷകൾ എല്ലാം ശ്രദ്ധേയമായി. 2020 മാർച്ച് മാസം രണ്ടാം ഞായറാഴ്ച്ചയോടുകൂടി കോവിഡ്-19 രോഗത്തിന്റെ ഭീതി പടർന്നു തുടങ്ങിയപ്പോൾ തന്നെ, നമ്മുടെ ഭവനങ്ങളിൽ മരുന്ന്, ഭക്ഷണം ആദിയായവ എത്തിക്കുവാനുള്ള ക്രമീകരണങ്ങൾ അതത് ഇടവക വികാരിമാരിലൂടെയും ചുമതലക്കാരിലൂടെയും നിർവ്വഹിപ്പാൻ സാധിച്ചു. ഭദ്രാസന മിഷൻ കേന്ദ്രങ്ങളായ നെടുമങ്ങാട്, ചെങ്കോട്ട, ആന്ധ്രാപ്രദേശിലെ യാഡിക്കി മിഷൻ എന്നീ ഇടങ്ങൾ സന്ദർശിച്ച് വി. കുർബ്ബാനയും ഇടയപരിപാലനവും നിർവ്വഹിച്ചു. 50 അംഗങ്ങൾ യാഡിക്കിയിൽ വി. കുർബാനയിൽ പങ്കുചേർന്നു. ദോഹ ഇമ്മാനുവേൽ മാർത്തോമ്മാ ഇടവകയുടെ ജൂബിലി പ്രോജ ക്ടിന്റെ കൈത്താങ്ങലും ഈ മിഷന് ലഭിച്ചുകൊണ്ടിരിക്കുന്നു എന്നത് സന്തോഷത്തോടെ ഓർക്കുന്നു. യാഡിക്കിയിലെ മിഷൻ ഹൗസിന്റെയും ചാപ്പലിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

മാർത്തോമ്മാ സുവിശേഷ പ്രസംഗസംഘത്തിന്റെ എല്ലാ ഉത്തരവാദിത്തങ്ങളും, ദയറാ പ്രസ്ഥാനത്തിന്റെ ചുമതലകളും ദൈവകൃപയിൽ ശരണപ്പെട്ട് നിറവേറ്റി. ഹോസ്കോട്ട്, പൊ ള്ളാച്ചി, ശിവനാപുരം, ചാഗലമാരി, നന്ദ്യാൽ, ഉദുമൽപേട്ട, പു തുപ്പാളയം, സെക്കന്ദ്രാബാദ് ശാന്തിമന്ദിരം, സത്ന തുടങ്ങിയ നിരവധി മിഷൻ സെന്ററുകൾ സന്ദർശിക്കുകയും അനവധി പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുകയും ചെയ്തു. പെരുമ്പാവൂർ വിമെൻസ് കോളജ്, എംബിഎ കോളജ്, ആശ്രമം സ്കൂൾ, തിരുവല്ല നിക്കോൾസൺ സ്കൂൾ എന്നിവയുടെ പ്രവർത്തനങ്ങളിൽ ഭാഗഭാക്കാകുവാനും സാധിച്ചു. ഉന്നത വിദ്യാഭ്യാസ രംഗങ്ങളിൽ സാന്നിദ്ധ്യം അറിയിപ്പാൻ ഈ സഭയ്ക്ക് കഴിയുന്നത് എത്രയോ സന്തോഷകരമാണ്.

മാർത്തോമ്മാ കോർപ്പറേറ്റ് മാനേജ്മെന്റിന്റെ ചുമതലയിലുള്ള അനേകം സ്കൂളുകൾ സന്ദർശിച്ച് വിവിധ പരിപാടികളിൽ മുഖ്യാതിഥിയായി സന്ദേശങ്ങൾ നൽകി. വാളകം മാർത്തോമ്മാ ഹയർ സെക്കണ്ടറി സ്കൂൾ, കരവാളൂർ എ.എം.എം.എച്ച്.എസ്., നിക്കോൾസൺ സ്കൂൾ തിരുവല്ല, കൊട്ടാരക്കര ഗേൾസ് എച്ച്.എസ്. & എൽ. പി. സ്കൂൾ, കോട്ടവട്ടം, പുനലൂർ വി.ഒ.യു.പി. തുടങ്ങിയ നിരവധി സ്കൂളുകൾ ഈ ഗണത്തിൽ പെടും. 5 സ്കൂളുകൾക്ക് എൽ.സി.ഡി. പ്രൊജക്ടർ, സ്ക്രീൻ, ലാപ്ടോപ്പ് എന്നിവ ഇടയ ശുശ്രൂഷയുടെ 40-ാം വാർഷിക പദ്ധതിയുടെ ഭാഗമായി മുൻവർഷത്തിൽ നൽകുവാൻ കഴിഞ്ഞത് പ്രയോജനകരമായി തീർന്നു എന്ന് കാണുവാൻ ഇടയായി.

മല്ലപ്പള്ളി കൺവൻഷൻ ശതാബ്ദി സമാപന സമ്മേളനം, കൊട്ടാരക്കര-പുനലൂർ ഓർത്തഡോക്സ് സഭാ ഭദ്രാസന കൺ വൻഷൻ, കോട്ടയം മാർത്തോമ്മാ ഭദ്രാസന കൺവൻഷൻ, പു നലൂർ, നെടുമങ്ങാട്, വാളകം സെന്റർ കൺവൻഷനുകൾ, തേവലക്കര സെന്റർ കൺവൻഷൻ, ശാന്തിപുരം കൺവൻഷൻ, എറണാകുളം സെന്റർ കൺവൻഷൻ, കുന്നംകുളം, കുഴൽമന്ദം, ഹരിപ്പാട്, വാളക്കുഴി, കൈതക്കോട്, നാരകത്താനി തുടങ്ങി സഭയുടെയും സഹോദരി സഭകളുടെയും വിവിധ കൺവൻഷനുകളിൽ സംബന്ധിച്ച് വചനഘോഷണം നിർവ്വഹിച്ചു.

എപ്പിസ്ക്കോപ്പൽ രജതജൂബിലിയുമായി ബന്ധപ്പെട്ട് ഭദ്രാസനം ആരംഭിച്ച സഹായി, സ്നേഹാമൃതം, അഭയം എന്നീ പദ്ധതികൾ ദൈവസ്നേഹത്തിന്റെ നീർച്ചാലുകളായി അനേകരിലേക്ക് ഒഴുകിയെത്തുന്നു. സഹായിയിലൂടെ പ്രസ്തുത വർഷം 35 പേർക്ക്, ഓരോ മാസത്തിലും ഏകദേശം 510 ഡയാലിസിസുകൾക്കായി സഹായിച്ചുവരുന്നു. നിർദ്ധനരായ ഈ കുടുംബങ്ങളിലെ അംഗങ്ങളെ കൂട്ടിവരുത്തുവാനും, കൂട്ടായ്മയും ഇതര സഹായങ്ങളും ഫലപ്രദമായി നൽകുവാനും കഴിഞ്ഞു.

ഏറെ ഇടങ്ങളിൽ തിമിര ശസ്ത്രക്രിയ ക്യാമ്പുകളും നെടുമങ്ങാട്, വിലങ്ങറ, വാളകം എന്നീ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് പ്രാദേശിക ഇടവകകളുടെ സഹകരണത്തോടെ ജനറൽ മെഡിക്കൽ ക്യാമ്പുകളും നടത്തുവാൻ നേതൃത്വം നൽകി. 18 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് ഹൃദയ ശസ്ത്രക്രിയ, തലച്ചോർ സംബന്ധിയായി ശസ്ത്രക്രിയ, കുട്ടികളുടെ കാൻസർ സംബന്ധിയായ ചികിത്സകൾ എന്നിവ നൽകുവാൻ കഴിഞ്ഞു. 12 കുട്ടികൾക്ക് ഹൃദയശസ്ത്രക്രിയയും, 5 കുട്ടികളുടെ ബ്രെയിൻ ട്യൂമർ ശസ്ത്രക്രിയയും നടത്തുവാൻ സാമ്പത്തിക സഹായം നൽകി. യുവജനസഖ്യം നേതൃത്വം നൽകുന്ന സ്നേഹാമൃതം പദ്ധതി തുടർച്ചയായി 6 വർഷങ്ങൾ പിന്നിട്ടു എന്നത് അപാരമായ ദൈവകൃപയാണ്. ഏകദേശം 300 പ്രഭാത ഭക്ഷണ പൊതികൾ കൊട്ടാരക്കര താലൂക്ക് ആശുപത്രിയിലും സമീപ തെരുവിലും, 250 പൊതികൾ പുനലൂർ താലൂക്ക് മുനിസിപ്പൽ ആശുപത്രിയിലും അതിരാവിലെ നൽകിവരുന്നു. കുണ്ടറ സെന്ററിൽ ബഥേൽ ശാലേം ഇടവകകളുടെ സമീപത്ത് വാങ്ങിയ 40 സെന്റ് സ്ഥലത്ത് പണികഴിപ്പിച്ച എപ്പിസ്ക്കോപ്പൽ സിൽവർ ജൂബിലി ഹോമിൽ 36 കുട്ടികൾ താമസിച്ച് പഠിക്കുന്നു. ഇവിടങ്ങൾ സന്ദർശിച്ച് നിർദേശങ്ങൾ നൽകുവാൻ സാധിച്ചു.

പുനലൂർ സ്നേഹാരം സെന്ററിൽ 2018 മെയ് 1-ന് ഡിമെൻഷ്യ, അൽഷിമേഴ്സ് റീഹാബിലിറ്റേഷൻ പദ്ധതിയുടെ കെട്ടിട സമുച്ചയത്തിന് തറക്കല്ലിട്ടു. സ്മൃതി എന്ന് നാമകരണം ചെയ്യപ്പെട്ട മലങ്കര സഭയിലെ തന്നെ പ്രഥമം എന്ന് കരുതുന്ന ഈ പദ്ധതിക്ക് 2018 ഡിസംബർ 9 ഞായർ 3ന് താല്ക്കാലിക ആസ്ഥാനത്ത് പ്രവർത്തനോദ്ഘാടനം നിർവ്വഹിച്ചു. 10 അന്തേവാസികളും ഏറെ പേർ അന്വേഷകരുമായി ഈ സ്ഥാപനത്തിൽ എത്തുന്നുണ്ട് എന്നത് ഈ പദ്ധതിയെ സമൂഹം ഏറ്റെടുത്തതിന്റെ അടയാളമാണ്. സ്മൃതി കെട്ടിടത്തിന്റെ പണിയുടെ ഒന്നാം ഘട്ടം പൂർത്തിയാക്കി 2019 ഡിസംബർ 9ന് കൂദാശ നിർവ്വഹിച്ചു. വിവിധ സഭാ മേലദ്ധ്യക്ഷൻമാരുടെയും സാമൂഹിക രാഷ്ട്രീയ നേതാക്കളുടെയും സഭാ ജനങ്ങളുടെയും പട്ടക്കാരുടെയും നേതൃത്വവും സഹകരണവും ഏറെ അനുഭവവേദ്യമായി. എപ്പിസ്ക്കോപ്പൽ പേൾ ജൂബിലിയുടെ ഭാഗമായി ഭദ്രാസനം എനിക്ക് ഇത്

സമർപ്പിച്ചതിൽ ഞാൻ ഏറെ കൃതജ്ഞതയുള്ളവനാണ്.
സഭ ഭദ്രാസനത്തെ ഏൽപ്പിച്ച ജോർജ്ജ് ജോൺ അച്ചൻ മെമ്മോറിയൽ ഹോസ്പിറ്റൽ നവീകരിച്ച് ആശ്വാസ് ഡി-അഡിക്ഷൻ സെന്ററായും ഒപ്പം ഇ-അഡിക്ഷൻ സെന്ററായും പ്രവർത്തിച്ചുവരുന്നു. ഈ സെന്ററിൽ പുതുതായി ചാപ്പൽ സൗകര്യവും ഏർപ്പെടുത്തി. ഓരോ മാസത്തിലുമുള്ള ഓരോ ക്യാമ്പിലും യഥാക്രമം 20 കുടുംബങ്ങൾ പാർത്തുവരുന്നു. ഈ ക്യാമ്പുകളും, എ.എ. കൂട്ടായ്മകളും സന്ദർശിച്ച് ആവശ്യമായ പരിപാലനങ്ങൾ പകരുന്നു. ഈ വർഷം ലഹരി വിമുക്ത ബോധവത്ക്കരണ ഭദ്രാസനം എന്ന പദവി നേടുകയുണ്ടായി. ഭദ്രാസനത്തിലെ 220-ഓളം സ്കൂളുകൾ സന്ദർശിച്ച് ലഹരി വിരുദ്ധ പ്രചാരണങ്ങളും പ്രതിജ്ഞയും നടത്തുകയും സംസ്ഥാന എക്സൈസ് വകുപ്പ് ഈ സായൂജ്യം പദ്ധതിയെ അഭിനന്ദിക്കുകയും ഉണ്ടായി.
ഈ വർഷത്തിൽ കൊട്ടാരക്കര ജൂബിലി മന്ദിരം ചാപ്പലിൽ വച്ച് ഇടവക ചുമതലക്കാരുടെയും അസംബ്ലി മണ്ഡല അംഗങ്ങളുടെയും കൂടിവരവ് നടത്തി. കേന്ദ്ര സർക്കാർ തീരുമാനങ്ങളും അഭി. മെത്രാപ്പോലീത്താ തിരുമേനിയുടെ നിർദ്ദേശങ്ങളും അനുസരിച്ച് ഇടവക-സ്ഥാപന സാമ്പത്തിക കാര്യങ്ങൾ എഴുതി ക്രമപ്പെടുത്തുന്നതിന് നിർദ്ദേശിച്ചു. ഇടവക ആത്മായ ശുശ്രൂഷകരുടെ കൂടിവരവ്, ഇടവക ശുശ്രൂഷകരുടെ കൂടിവരവ്, സഹായി സുഹൃത്തുക്കളുടെ, ട്രാൻസ് ജെൻഡർ, അനപത്യ ദുഃഖം അനുഭവിക്കുന്നവരുടെ, കാഷ്യൂ വർക്കേഴ്സ്, ഓട്ടോറിക്ഷാ ഡ്രൈവേഴ്സ് എന്നിവരുടെ കൂടിവരവുകളും ക്രമീകരിച്ച് നടത്തി. നമ്മുടെ സ്കൂളുകളിലും വിവിധ ഇടങ്ങളിലും ലഹരി വിരുദ്ധ മീറ്റിംഗുകളും ക്യാമ്പുകളും നടത്തുവാനും കഴിഞ്ഞു. ഭദ്രാസന ക്രോസ്വേ മിനിസ്ട്രി യുവജനങ്ങളുമായി ബന്ധപ്പെടുത്തി കേഫാ ക്യാമ്പുകളും പൂർണ്ണ സുവിശേഷവേലയ്ക്ക് സമർപ്പിതരായവരുടെ ക്യാമ്പുകളും നടത്തി. ഭദ്രാസനത്തിൽ നിന്നുമുള്ള വി.ബി.എസ്. ലീഡേഴ്സായി പോകുന്നവരുടെ ഒരു ഏകദിന കൂടിവരവും ക്രമീകരിച്ച് നിർദ്ദേശങ്ങൾ നൽകി. സേവികാസംഘം സഹകരണത്തിൽ ബ്ലോസം ഫോർ ബോയ്സ്, ബ്ലോസം ഫോർ ഗേൾസ് എന്നീ ത്രിദിന ക്യാമ്പുകളും, ഭദ്രാസന സണ്ടേസ്കൂൾ സീനിയർ, ജൂനിയർ ക്യാമ്പുകൾ, ഭദ്രാസന യുവജനസഖ്യം ക്യാമ്പുകൾക്കും നേതൃത്വം നൽകി.
ഭദ്രാസനത്തിന്റെ 6-ാമത് ഭദ്രാസന അസംബ്ലി 2019 ജൂലൈ 27ന് പനവേലി ബഥേൽ മാർത്തോമ്മാ പള്ളിയിൽ വച്ച് എന്റെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. സമയോചിതമായും ക്രമീകൃതമായും ഭദ്രാസന വാർഷിക റിപ്പോർട്ട്, വരവ്-ചെലവ് കണക്കുകൾ, ബഡ്ജറ്റ് എന്നിവ അവതരിപ്പിച്ച് പാസ്സാക്കി. ഭദ്രാസന ആത്മീയ സാമൂഹിക വളർച്ചയ്ക്ക് ഉതകുന്ന ചർച്ചകളും അർത്ഥവത്തായി നടത്തപ്പെട്ടു. കൊട്ടാരക്കര-പുനലൂർ മാർത്തോമ്മാ ഡവലപ്മെന്റ് സൊസൈറ്റിയുടെ വാർഷികത്തിനും പൊതുയോഗ നടപടിക്രമങ്ങൾക്കും അന്നേദിനത്തിൽ നേതൃത്വം നൽകി.
ഭദ്രാസന ഞായർ പ്രസ്താവനകൾക്കും ധനശേഖരണങ്ങൾക്കുമായി ക്രമീകരണങ്ങൾ ചെയ്തു. ഭദ്രാസനത്തിന്റെ വളർച്ചയ്ക്കും പരിപോഷണത്തിനും ആവശ്യമായ സുപ്രധാന തീരുമാനങ്ങൾ എടുക്കുന്നതിനായി ഭദ്രാസന കൗൺസിൽ തന്നാണ്ടിൽ 10 പ്രാവശ്യം കൂടി. കൊട്ടാരക്കര ജൂബിലി മന്ദിരം, സനോഹ, ആശ്വാസ്, അഭയം, സ്മൃതി, സ്നേഹാരം എന്നീ സ്ഥാപനകൾ ക്രമീകൃതമായി സന്ദർശിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും തിരുത്തലുകൾ വരുത്തുകയും ചെയ്തു. ഭദ്രാസനത്തിന്റെ 18 സബ് കമ്മിറ്റികൾക്കും, ഭദ്രാസന സംഘടനാ കമ്മിറ്റികൾക്കും നേതൃത്വം നൽകി. എക്യുമെനിക്കൽ ക്ലെർജി, റെസിഡൻഷ്യൽ അസോസിയേഷൻ, സോഷ്യൽ ഫോറംസ് ആദിയായ പൊതു ഇടങ്ങളിൽ അദ്ധ്യക്ഷം വഹിച്ചു.
2019 സെപ്റ്റംബർ 12,13,14 തീയതികളിൽ നടത്തപ്പെട്ട മാർത്തോമ്മാ സുറിയാനി സഭ പ്രതിനിധി മണ്ഡലത്തിൽ സംബന്ധിച്ചു. എപ്പിസ്ക്കോപ്പൽ ഇലക്ഷൻ ക്രമീകരണങ്ങൾക്ക് മെത്രാപ്പോലീത്തായുടെ നിർദ്ദേശപ്രകാരം കൂട്ടായ നേതൃത്വം നൽകി. ഭദ്രാസനത്തിലെ പട്ടക്കാരുടെ മൂന്ന് മാസത്തിലൊരിക്കൽ നടക്കുന്ന സോണൽ ക്ലെർജി കോൺഫറൻസിനും അതേ കാലയളവിൽ നടക്കുന്ന സെന്റർ ക്ലെർജി ഫാമിലി മീറ്റിംഗിലും, ബസ്ക്യാമ്മോസ് ഫെലോഷിപ്പിലും പതിവായി സംബന്ധിച്ചു. എല്ലാ മാസത്തിലും നടക്കുന്ന ബ്രേക്ക്ഫാസ്റ്റ് ബൈബിൾ സ്റ്റഡിയിലും സംബന്ധിച്ച് കൂട്ടായ വേദപുസ്തക പഠനവും ഒപ്പം കാലിക വിഷയ അവതരണങ്ങളും നടത്തി. ഭദ്രാസന പട്ടക്കാരുടെ വാർഷിക കോൺഫറൻസ് 2019 ഒക്ടോബർ 7,8,9,10 തീയതികളിലായി കോട്ടയം റോയൽ റിവേറ കോട്ടേജിൽ കൂടിയതിന് പൂർണ്ണമായ സാന്നിദ്ധ്യവും അദ്ധ്യക്ഷതയും നൽകി. ഏകദിന ഭദ്രാസന ക്ലെർജി ഫാമിലി കൂടിവരവ് കാട്ടാക്കട വയോജന മന്ദിരത്തിലും നടന്നു. പട്ടക്കാരുടെ വാർഷിക കോൺഫറൻസിൽ സംബന്ധിച്ചതും, ഡോ. യൂഹാനോൻ മാർത്തോമ്മാ ലക്ച്ചറിന് അദ്ധ്യക്ഷം വഹിച്ചതും അനുഗ്രഹകരമായി.
ഭദ്രാസനത്തിലെ വിരമിച്ച പട്ടക്കാരുടെയും, സുവിശേഷകരുടെയും, ആ കൂട്ടത്തിലെ വിധവമാരായവരുടെയും ഭവനങ്ങൾ ഈ വർഷവും സന്ദർശിച്ച് പ്രാർത്ഥിച്ച് സന്തോഷവും കരുതലും പങ്കുവച്ചു. അത് ഏവർക്കും ഒരുപോലെ അനുഗ്രഹകരമായി. ഭദ്രാസനത്തിലെ എല്ലാ സംഘടനകളും വളരെ ശക്തമായി പ്രവർത്തിച്ചുവരുന്നു എന്നതിൽ സന്തോഷമുണ്ട്. ആയതിന്റെ പ്രവർത്തനോദ്ഘാടനങ്ങളിലും വാർഷികങ്ങളിലും പ്രത്യേക മീറ്റിംഗുകളിലും എത്തിച്ചേരാൻ കഴിഞ്ഞതിൽ സന്തോഷമുണ്ട്.
62-ാമത് ഭദ്രാസന കൺവൻഷൻ 2020 ജനുവരി 26 ഞായർ മുതൽ ഫെബ്രുവരി 2 ഞായർ വരെ കൺവൻഷൻ ഗ്രൗണ്ടിൽ നടത്തപ്പെട്ടു. അഭി. മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനിയുടെ സാന്നിദ്ധ്യവും സമാപന ദിനത്തിൽ അഭി. മാത്യൂസ് മാർ മക്കാറിയോസ് തിരുമേനിയുടെ വി. കുർബ്ബാന അർപ്പണവും സന്ദേശവും, മറ്റ് എപ്പിസ്ക്കോപ്പാമാരുടെ കൺവൻഷൻ ദിനങ്ങളിലുള്ള സാന്നിദ്ധ്യവും വളരെ അനുഗ്രഹകരമായി. കൺവൻഷൻ ഗ്രൗണ്ടിലെ വചനഘോഷണ ഇടത്തെ ദീപ്തമാക്കിയ സ്ഥിരവേദി ഏറെ ഉപകരിച്ചു. റിന്യൂവെൽ കോൺഫറൻസിന്റെ ഓരോ ദിനവും ഏകദേശം 700 പേർ ഒരുമിച്ച് കൂടിയതും പഠനം നടത്തിയതും പ്രത്യേകത ആയിരുന്നു. വേദപഠനവും കുട്ടികളുടെ സമർപ്പണ ശുശ്രൂഷയും, മിഷൻ ഫീൽഡിൽ നിന്നുള്ളവരുടെ സാന്നിദ്ധ്യവും എല്ലാം തന്നെ ദൈവകൃപയുടെ കാഴ്ച്ചയായിരുന്നു. ആരംഭം മുതൽ അവസാനം വരെ എല്ലാ മീറ്റിംഗുകളിലും നേതൃത്വം നൽകുവാൻ കഴിഞ്ഞത് എനിക്കും ഏറെ സന്തോഷമായി.
കൃതാർത്ഥതയോടെ പറയട്ടെ, പകർന്നുകിട്ടിയ ദൈവകൃപ അപാരമാണ്. ദൈവജനത്തിന്റെ സഹകരണം, പട്ടക്കാരുടെ, സുവിശേഷകരുടെ, കൗൺസിൽ അംഗങ്ങളുടെ അകമഴിഞ്ഞ ശുശ്രൂഷാ പങ്കാളിത്തങ്ങൾ എല്ലാമാണ് ഈ സ്നേഹ-ശുശ്രൂഷാ- കരുതൽ പദ്ധതികളെ സാധിതമാക്കിയത്. ലോകമെങ്ങുമുള്ള സഭാ മക്കളുടെ പ്രാർത്ഥനയും പ്രോത്സാഹനവും സ്നേഹവും മറക്കുന്നില്ല. എന്റെ ദൈവമേ നിന്റെ ഇഷ്ടം ചെയ്യുവാൻ ഞാൻ പ്രിയപ്പെടുന്നു. നിന്റെ ന്യായപ്രമാണം എന്റെ ഉള്ളിലിരിക്കുന്നു.... നിന്റെ വിശ്വസ്തതയും രക്ഷയും ഞാൻ പ്രസ്താവിച്ചു. നിന്റെ ദയയും സത്യവും ഞാൻ മഹാസഭയ്ക്ക് മറച്ചതുമില്ല (സങ്കീ. 40:8,10). സഭയെ ഏൽപ്പിച്ച ശുശ്രൂഷകൾ പൂർണ്ണമായും ഉത്തരവാദിത്തത്തോടെ നിർവ്വഹിച്ച് ദൈവത്തിൽ ശരണപ്പെട്ട് ജനത്തിന് അനുഗ്രഹമാകാൻ ഇടയാകണമേ എന്ന പ്രാർത്ഥനയോടെ റിപ്പോർട്ട് ചുരുക്കുന്നു. ദൈവം നമ്മെ എല്ലാവരെയും ശക്തീകരിക്കട്ടെ.

2.5 റൈറ്റ്. റവ. ജോസഫ് മാർ ബർന്നബാസ് എപ്പിസ്ക്കോപ്പാ

തിരുവനന്തപുരം - കൊല്ലം ഭദ്രാസനത്തിന്റെ ചുമതലയിൽ ഒരു വർഷം കൂടെ പ്രവർത്തിക്കുവാൻ ദൈവം കൃപ ചെയ്തു. ദൈവത്തിന് സ്തോത്രം.
കുട്ടികൾ, യൗവ്വനക്കാർ, സ്ത്രീകൾ, മുതിർന്ന തലമുറ തുടങ്ങി സമൂഹത്തിൽ വിവിധ തലത്തിൽ ജീവിക്കുന്ന വിശ്വാസ സമൂഹത്തിന്റെ വളർച്ചയ്ക്കും നിലനില്പിനുമായി പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി. അവര

വർ ഉൾപ്പെട്ടു നിൽക്കുന്ന സഭയുടെ അടിസ്ഥാന വിശ്വാസങ്ങൾ പഠിക്കുന്നതിന് വേണ്ടക്രമീകരണം ചെയ്തു.
പട്ടക്കാർ, ബസ്ക്കിയാമ്മമാർ, സുവിശേഷകർ, അത്മായക്കാർ തുടങ്ങിയവരുടെ ക്രമീകൃതമായ ഒത്തുചേരൽ പഠനത്തിന് സഹായകരമായിരുന്നു. എപ്പിസ്കോപ്പൽ സിനഡിന്റെ തിരുമാനപ്രകാരം ആടുവള്ളി, വേങ്ങോട് കോൺഗ്രിഗേഷനുകൾക്ക് യഥാക്രമം ഹെബ്രോൻ, സെന്റ്. സ്റ്റീഫൻസ് എന്നീ പേരുകൾ നൽകി പുതിയ ഇടവകകളായി രൂപപ്പെട്ടു. ഭദ്രാസന ഇടവകകളിലെ സണ്ടെസ്കൂൾ കുട്ടികൾ നേതൃത്വം കൊടുക്കുന്ന ബാലസമാജ കലോത്സവം ശലഭം എന്ന പേരിൽ പേരൂർക്കട പള്ളിയിൽ വച്ചു നടത്തപ്പെട്ടു. വിവിധ സഭകളിലെ വൈദീകർക്കായി ജെ.എം.എം സെന്ററിന്റെ ചുമതലയിൽ പഠന കോൺഫ്രൻസ് ക്രമീകരിച്ചു.
പ്രാർത്ഥനാവാരത്തിൽ കോട്ടയം വൈ.എം.സി.എ, വെള്ളയമ്പലം കൊച്ചുത്രേസ്യാ പള്ളി ഇവിടങ്ങളിൽ നടന്ന പ്രാർത്ഥനാ യോഗങ്ങൾക്ക് നേതൃത്വം നൽകി. ഏപ്രിൽ 9-ാം തീയതി നടന്ന വിശുദ്ധ മൂറോൻ കൂദാശയിൽ മെത്രാപ്പോലിത്താ തിരുമേനിയോടും മറ്റ് തിരുമേനിമാരോടും ചേർന്ന് പങ്കെടുത്തു. പുതുക്കി പണിയുന്ന കുളത്തൂർ ഇമ്മാനുവേൽ, ചന്തവിള സെന്റ പോൾസ്, മണക്കോട്, കൊടിഞ്ഞൽ പള്ളികൾക്ക് ശിലാസ്ഥാപനം നിർവ്വഹിച്ചു. ഏഴംകുളം, ശ്രീകാര്യം പാഴ്സനേജുകൾക്കും അഞ്ചൽ യരുശലേം പാരിഷ് ഹാളിനും കല്ലിട്ടു. കുന്നത്തുകാൽ മിഷൻ വീട് കൂദാശ ചെയ്തു.
ഭദ്രാസന കൺവൻഷനും സെന്റർ കൺവൻഷനുകളായ ലോഗോസ് (തെക്കൻ തിരുവിതാംകൂർ ചാരുപാറ), അഞ്ചൽ കൺവൻഷനുകൾക്കും നേതൃത്വം നൽകി. പാലക്കാട് ആശ്രമം, പുതുപ്പള്ളി ഹോറേബ്, ബഹ്റൈൻ ഇടവക, ചെങ്ങന്നൂർ ഭദ്രാസനം, കൊട്ടാരക്കര ഭദ്രാസനം തുടങ്ങിയ കൺവൻഷനു കളിൽ പങ്കെടുത്തു. ദുബായ് ഇടവകയുടെ ജൂബിലി സമാപന യോഗത്തിൽ മെത്രാപ്പോലീത്ത തിരുമേനിയോടൊപ്പം പങ്കെടുത്തു. ദുബായ് ഇടവകയും ഭദ്രാസനവും ചേർന്ന് ആരംഭിക്കുന്ന കുളത്തൂർ ജൂബിലി പ്രോജക്ട് മെത്രാപ്പോലീത്ത തിരുമേനി ശിലാസ്ഥാപനം നിർവഹിച്ചു.
ഭദ്രാസന എപ്പിസ്കോപ്പായുടെ സപ്തതി സമ്മാനമായി കർദ്ദിനാൾ ക്ലീമിസ് ബാവ, അഞ്ചൽ സെൻറ് പോൾസ് ഇടവകാംഗത്തിന് നൽകിയ വീടിന്റെ കൂദാശ ക്ലീമിസ് ബാവ തിരുമേനിയോടു ചേർന്ന് നിർവ്വഹിച്ചു. കോഴഞ്ചേരി പള്ളിയിൽ വച്ച് നടന്ന കുട്ടികളുടെ പ്രതിഷ്ഠാ ശുശ്രൂഷയിൽ പങ്കെടുത്തു.
ആന്ധ്രപ്രദേശിൽ ആരംഭിച്ച സഖ്യം ഗ്രാമത്തിൽ പണികഴിപ്പിച്ച മിഷൻ വീടിന്റെ കൂദാശയിലും നരസാപുരം മിഷ്യന്റെ ജൂബിലി സമ്മേളനത്തിലും മെത്രാപ്പോലീത്ത തിരുമേനി, തോമസ് തിരുമേനി, തിത്തൂസ് തിരുമേനി ഇവരോടൊപ്പം പങ്കെടുത്തു.
അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് തിരുമേനിയുടെ സപ്തതി സമ്മേളനത്തിൽ പങ്കെടുത്തു.
തിരുവനന്തപുരം ക്രൈസ്റ്റ് ചർച്ചിൽ ഐക്യ ഞായറാഴ്ച ആചരണത്തോട് ചേർന്ന് ആരാധനയ്ക്ക് നേതൃത്വം നൽകി. പട്ടം അരമനയിൽ കൂടിയ ആൾ കേരള ബിഷപ്പ് മീറ്റിൽ പങ്കെടുത്തു. വിവിധ ഇടങ്ങളിൽ നടന്ന ഇഫ്താർ പാർട്ടികളിൽ സംബന്ധിച്ചു. വെള്ളപ്പൊക്ക ബാധിതരായ മലബാറിലെ കവളപ്പാറ പ്രദേശം സന്ദർശിച്ച ജനത്തെ സാന്ത്വനപ്പെടുത്തി.
ഭദ്രാസനത്തിലെ ട്രസ്റ്റിമാരുടെ സമ്മേളനം കൊല്ലം, അഞ്ചൽ, ജെ.എം.എം സെന്റർ, ചാരുപാറ തുടങ്ങിയ സെന്ററുകളിൽ വച്ച് നടത്തുകയുണ്ടായി. വൈദീക വാർഷിക കോൺഫ്രൻസ്, ഭദ്രാസന വൈദീക കോൺഫ്രൻസ് (കന്യാകുമാരി), മാരാമൺ കൺവൻഷൻ ഇവയിലൊക്കെ സംബന്ധിച്ച് നേതൃത്വം നൽകി.
ക്രിസോസ്റ്റം മാർത്തോമ്മ വലിയ മെത്രാപ്പോലീത്താ തിരുമേനിയുടെ താൽപര്യപ്രകാരം തെക്കൻ തിരുവിതാംകൂർ വിശ്വാസ സമൂഹത്തെ സഹായിക്കുന്നതിനായി ടാഅഞ്ചല ന്റെ നേതൃത്വത്തിൽ ആടുവള്ളിയിൽ 'വസ്ത്ര' എന്ന പേരിൽ ആരംഭിച്ചിരിക്കുന്ന ഗാർമെന്റ് യൂണിറ്റിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു.
തിരുവനന്തപുരം സെന്ററിലെ ഇടവകകളുടെ നേതൃത്വത്തിൽ നടക്കുന്ന ക്രിസ്തുമസ് വിളംബരം സമ്മേളനം ഗോഡ്സ് ഓൺ നൈറ്റ് സെനറ്റ് ഹാളിൽ നടന്നു, ജസ്റ്റിസ് സിറിയക്ക് ജോസഫ് ദൂത് നൽകി. പത്തനംതിട്ടയിൽ നടന്ന സ്റ്റുഡൻസ് കോൺഫ്ര ൻസിൽ പങ്കെടുത്തു നേതൃത്വം നൽകി. കേരള ഗവൺമെന്റ് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ക്രിസോസ്റ്റം തിരുമേനിക്ക് മുഖ്യമന്ത്രി നൽകിയ വീട്, തിരുമേനി തിരുവനന്തപുരം ഭദ്രാസനത്തിലെ വീടും സ്ഥലവുമില്ലാത്ത ഒരാൾക്കായി നൽകി. അതനുസരിച്ച് കുട്ടമല ഇമ്മാനുവേൽ ഇടവകാംഗത്തിന് നൽകിയ വീടിന്റെ കൂദാശ നിർവ്വഹിച്ചു.
താഴെ പറയുന്നവരുടെ പട്ടം കൊട നിർവ്വഹിച്ചു.
ശെമ്മാശ്
നിജോ. എ വർഗീസ് (കൈതക്കുഴി), റോബിൻ. ജി.കെ. (മലപ്പേരൂർ)
കശ്ശീശാ
ഷാജൻ വർഗീസ് മാത്യു (അയിരൂർ), ഷിധിൻ ശാമുവേൽ (അയിരൂർ), അഖിലേഷ് ജോൺ സക്കറിയ (കോട്ടയം), റെക്സ് തോമസ് തോമസ് (കാനം), നിജോ. എ. വർഗീസ് (കൈതക്കുഴി), റോബിൻ. ജി. കെ (മലപ്പേരൂർ)
ഭദ്രാസനത്തിന് ഉള്ളിൽ 50 ഇടവകകളും ഭദ്രാസനത്തിന് വെളിയിൽ 28 ഇടവകകളും സന്ദർശിച്ച് വിശുദ്ധ കുർബാന അനുഷ്ഠിച്ചു. 301 കുട്ടികൾക്ക് ആദ്യകുർബാന നൽകി. 18 ഇടവകകളിൽ നോമ്പ് നമസ്കാരത്തിൽ പങ്കുകൊണ്ടു. വിശ്വാസം ശോധന ചെയ്യപ്പെടുന്ന ഒരു കാലത്ത് നാം ജീവിക്കുന്നു. കുടുംബ ബന്ധങ്ങളിൽ അകൽച്ച കൂടിക്കൊണ്ടിരിക്കുന്നു. ഇടവകകളിൽ പ്രായം ചെന്നവർ കൂടിവരുന്നു. പ്രായം ചെന്നവരും കുട്ടികളും സഭയുടെ വലിയ ശ്രദ്ധ ആവശ്യപ്പെടുന്നു. നമ്മുടെ സുവിശേഷ ദർശനത്തിന് തീക്ഷ്ണത ഏറിയിരിക്കണം. കൊയ്ത്തിന് വിളഞ്ഞു കിടക്കുന്ന വയൽ നമ്മുടെ മുമ്പാകെ തെളിവായിരിക്കുന്നു. ഉത്സാഹത്തോടെ മുന്നേറിടാം.

2.6 റൈറ്റ് റവ. തോമസ് മാർ തിമൊഥെയോസ് എപ്പിസ്കോപ്പാ

ചെങ്ങന്നൂർ-മാവേലിക്കര ഭദ്രാസനത്തിന്റെ എപ്പിസ്കോപ്പയായിനാല് വർഷം ശുശ്രൂഷ ചെയ്യുവാൻ കൃപ ചൊരിഞ്ഞ സർവ്വശക്തനായ ദൈവത്തിനു സ്തുതി സ്തോത്രങ്ങൾ അർപ്പിക്കുന്നു. എനിക്ക് ശക്തി നൽകിയ ക്രസ്തുയേശു എന്ന നമ്മുടെ കർത്താവ് എന്നെ വിശ്വസ്തൻ എന്ന് എണ്ണി ശുശ്രൂഷയ്ക്ക് ആക്കിയത് കൊണ്ട് ഞാൻ അവനെ സ്തുതിക്കുന്നു. പൗലോസ് അപ്പോസ്തോലന്റെ വിശ്വാസ പ്രഖ്യാപനം നമുക്കേവർക്കും ക്രിസ്തുവിൽ മുതിർന്നുവരുവാൻ ഉതകട്ടെ എന്നു പ്രാർത്ഥിക്കുന്നു. ദൈവത്തോട് കൂടുതൽ അടുക്കുവാനും സഭയുടെയും, സമൂഹത്തിന്റെയും പൊതുനന്മയ്ക്കും, പുരോഗതിക്കും സുവിശേഷത്തിന്റെ വ്യാപനത്തിനും അദ്ധ്വാനിക്കുന്നതിന് നിരവധി അവസരങ്ങൾ ലഭിച്ചു. ദൈവരാജ്യ ശുശ്രൂഷയിൽ എപ്പോഴും നയിക്കുന്ന കർത്താവിൽ ശരണപ്പെട്ട് ഇടയപരിപാലനം നയിക്കുന്നതിന് പരിശ്രമിച്ചു. എപ്പിസ്കോപ്പൽ സിനഡിന്റെയും പട്ടക്കാരുടെയും സഭാജനങ്ങളുടെയും കൂട്ടായ്മയും കരുതലും പങ്കാളിത്തവും അനുഗ്രഹപ്രദമായിരുന്നു. ഈ തലമുറ കണ്ടിട്ടില്ലാത്ത കോവിഡ് 19 എന്ന പകർച്ചവ്യാധിയുടെ വ്യാപനം മൂലം ലോകമാസകലം ജനം വളരെ വേദനയിലും ആശങ്കയിലുമാണ്. 25 ലക്ഷത്തിൽപരം ജനം ലോകത്തിൽ രോഗബാധിതരാണ്. കോവിഡെന്ന മഹാവ്യാധിയെ ഒറ്റക്കെട്ടായി നേരിടുവാനുള്ള സമയമാണിത്. ദേശത്തും വിദേശത്തുമുള്ള ജനങ്ങളെയെല്ലാം ഒരുപോലെ ബാധിച്ചിരിക്കുന്ന ഈ വ്യാധിയെ നമുക്കൊരുമിച്ച് പ്രാർത്ഥനയോടെ നേരിടാം.
ഭദ്രാസനം: 8 സെന്ററുകളിലായി പ്രത്യേകിച്ച് മസ്കറ്റിലെ സെന്റ് പോൾസ് മാർത്തോമ്മാ, സലാലാ മാർത്തോമ്മാ ഇടവകകളും, യു.എ.ഇ.യിലെ ഫുജൈറാ ഇമ്മാനുവേൽ റാസ് അൽ ഖൈമാ സെന്റ് തോമസ് എന്നീ ഇടവകകൾ ഉൾപ്പടെ 92 ഇടവകകൾ ചേർന്നതാണ് ചെങ്ങന്നൂർ-മാവേലിക്കര

ഭദ്രാസനം. സജീവ സേവനത്തിലുള്ള 82 വൈദീകരും 12 സുവിശേഷകരും സജീവ സേവനത്തിൽ നിന്ന് വിരമിച്ച 32 പട്ടക്കാരും സഭയുടെ ദൗത്യ നിർവഹണത്തിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നു.

സന്ദർശനവും ശുശ്രൂഷകളും: ഭദ്രാസനത്തിലെ 41 ഇടവകകളും, ഭദ്രാസനത്തിന് പുറത്തുള്ള 25 ഇടവകകളും സന്ദർശിച്ച് വിശുദ്ധകുർബ്ബാന അർപ്പിക്കുകയും ആദ്യകുർബ്ബാനയ്ക്ക് നേതൃത്വം കൊടുക്കുകയും ചെയ്തു. കൂടാതെ അജഗണത്തിന്റെ ആദ്ധ്യാത്മിക വളർച്ചയ്ക്ക് ആവശ്യമായ പ്രബോധനങ്ങൾ കൊടുക്കുകയും ചെയ്തു. ഇടവകകളിൽ ക്രമീകരിക്കപ്പെട്ട മറ്റ് പരിപാടികൾക്കും നേതൃത്വം നൽകി.

എപ്പിസ്കോപ്പൽ സിനഡ്, സഭാ കൗൺസിൽ, പട്ടക്കാരുടെ വാർഷിക സമ്മേളനം എന്നിവയിൽ പങ്കെടുത്തു. വൈദീകരുടെ സെന്റർ, മേഖലതല കൂട്ടായ്മകൾ ക്കും പട്ടക്കാരുടെയും കുടുംബങ്ങളുടെയും ഏകോപിച്ചുള്ള സമ്മേളനങ്ങളിലും നേതൃത്വം നൽകി. പുത്തൻകാവ് മതിലകം ആരോഹണം മാർത്തോമ്മാ ഇടവകയിൽ കൂടിയ ഭദ്രാസന അസംബ്ലിയോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. റിപ്പോർട്ട് വർഷം 4 ഭദ്രാസന കൗൺസിൽ യോഗങ്ങൾ കൂടി ഭരണപരമായ തീരുമാനങ്ങൾ കൈക്കൊണ്ടു. കൗൺസിലായി രൂപപ്പെടുത്തിയ സബ്-കമ്മറ്റി കളിലും, സ്ഥാപന കളുടെ ഭരണ നിർവഹണ സമിതികളിലും ആവശ്യാനുസരണം വേണ്ട നിർദ്ദേശങ്ങൾ നൽകുകയുണ്ടായി. ഇടവക ഭാരവാഹികളുടെ സമ്മേളനങ്ങൾ നാല് മേഖലകളിൽ വെച്ച് നടത്തപ്പെട്ടു. സഭയുടെ ഭദ്രാസനത്തിലെ വൈദിക വിദ്യാർത്ഥികളെ ക്രമമായി കാണുകയും അവരുടെ പഠന പരിശീലനങ്ങൾ വിലയിരുത്തി ആവശ്യമായ ഉപദേശങ്ങളും, നിർദേശങ്ങളും നൽകുകയും ചെയ്തു.

കാലോചിതമായ ദൗത്യസരണി: ഭദ്രാസന പരിധിയിൽ താമസിക്കുന്ന കാൻസർ, വൃക്ക രോഗികൾക്ക് ആവശ്യമായ സഹായവും പരിചരണവും നൽകുന്ന കാൻസർ കെയർ & കൗൺസിലിങ്ങ് സെന്ററിലൂടെ (കരുതൽ) -ൽ 1000ൽപരം രോഗികളേയും അവരുടെ കുടുംബങ്ങളേയും സഹായിച്ചു വരുന്നു. വിവാഹ പ്രായം കഴിഞ്ഞിട്ടും പണമില്ലാത്തതുകൊണ്ട് മംഗല്യഭാഗ്യം ലഭിക്കാത്ത യുവതികൾക്ക് കുടുംബജീവിതം യാഥാർത്ഥ്യമാക്കുന്ന വിവാഹ സഹായ പ്രോജക്ട് (VISA) ഫലകരമായി ഈ വർഷവും പ്രവർത്തിച്ചു. ഭദ്രാസനത്തിലെ വിദ്യാർത്ഥികളുടെ ആത്മീയ വർദ്ധനക്കും വ്യക്തിത്വ വികസനത്തിനുമായി പ്രവർത്തിക്കുന്ന സ്റ്റുഡന്റ്സ് മിനിസ്ട്രിക്ക് മേൽനോട്ടം വഹിച്ചു. വൈധവ്യത്തിലും വാർദ്ധക്യത്തിലും ഏകാന്തതയിലും കഴിയുന്നവർക്ക് ആശ്വാസവും കൂട്ടായ്മയും നല്കിവരുന്ന MIWWA (Ministry to the Widows Widowers and the Aged) പദ്ധതി ഫലപ്രദമായി നടത്തുന്നതിന് നേതൃത്വം നൽകി. നാദം പ്രോജക്ടിലൂടെ മൂകരും ബധിരരുമായവർക്ക് കൂട്ടായ്മ നൽകി. സ്കൂളുകളിൽ പഠിക്കുന്ന സമർത്ഥരായ വിദ്യാർത്ഥികളുടെ സ്വഭാവ രൂപവൽക്കരണത്തിനും നേതൃത്വ ഗുണ മേന്മയ്ക്കും പഠനത്തിൽ അവരെ പ്രോത്സാഹിപ്പിക്കുന്നതിനും ആരംഭിച്ച ബോധന അനേകം വിദ്യാർത്ഥികൾക്ക് നന്മയായി ഭവിക്കുന്നു. മേഖലാ അടിസ്ഥാനത്തിൽ ക്ലാസ്സുകൾ ക്രമീകരിച്ച് ബോധനയുടെ പ്രയോജനം കൂടുതൽ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നു.

കരുതൽ മീവാ വോളന്റീയേഴ്സ്: ഭദ്രാസനത്തിന്റെ പ്രധാന പ്രവർത്തനമായ കരുതലിന്റേയും മീവായുടേയും പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകുന്നത് 200 ഓളം സന്നദ്ധ പ്രവർത്തകരായ അൽമായരാണ്. ഭാഗ്യസ്മരണീയനായ സഖറിയാസ് സഫ്രഗൻ മെത്രാപ്പോലീത്തായാൽ രൂപപ്പെട്ട മിഴിവേറിയ ദർശനമായിരുന്നു പട്ടക്കാരോടൊപ്പം ചേർന്നു നിൽക്കുന്ന ഒരു പറ്റം സന്നദ്ധ അൽമായർ. തങ്ങളുടെ ആയുസിന്റെ ദശാംശം മറ്റുള്ളവരെ കരുതുവാനും, ശുശ്രൂഷിക്കുവാനും, സുവിശേഷ പ്രവർത്തനങ്ങൾക്ക് ഉതകുന്ന രീതിയിൽ വേർതിരിക്കുവാനും ഇവർ സദാ സന്നദ്ധരായി നിൽക്കുന്നു.

സ്ഥാപനകളുടെ നേതൃത്വം: വെൺമണിയിൽ സാധു സദൻ കേന്ദ്രത്തിൽ പകൽവീടിന്റെയും, കരുതൽ, മീവാ എന്നിവയുടെ പ്രവർത്തനങ്ങളും, തയ്യൽ ക്ലാസുകളും നടത്തപ്പെടുന്നു. തുമ്പമണ്ണിൽ സ്ഥാപിതമായ ശ്രേയസ്സിന്റെ ചുമതലയിൽ കാൻസർ രോഗികൾക്കുവേണ്ടി സാന്ത്വന ശുശ്രൂഷ, വൃദ്ധ സദനം, എല്ലാ ദിവസങ്ങളിലും പത്തനംതിട്ട ജില്ലാ ആശുപത്രിയിൽ പ്രഭാതഭക്ഷണം നൽകുന്ന സുകൃതം, കൗൺസിലിങ്ങ് സെന്റർ എന്നിവ പ്രവർത്തിക്കുന്നു. മദ്യപന്മാരായ ആളുകളെ കണ്ടെത്തി വൻ വിപത്തിൽ നിന്ന് അവർ രക്ഷപ്പെടാൻ വേണ്ട മാർഗ്ഗനിർദ്ദേശങ്ങളും കൗൺസിലിങ്ങും നൽകുന്നതിന് കിടങ്ങന്നൂർ നവദർശൻ കേന്ദ്രം പ്രവർത്തിക്കുന്നു. കൊഴുവല്ലൂരിൽ ആരാമവും ഓതറയിൽ വികാസും സേവനത്തിന്റെ പാതയിൽ മുന്നേറുന്നു. ഹരിപ്പാട് മാർത്തോമ്മാ സെന്ററിന്റെ ഭാഗമായി ആരംഭിച്ച കാവൽ പ്രോജക്ട് ജനോപകാര പ്രവർത്തനങ്ങൾ ആവിഷ്കരിച്ചു നടപ്പാക്കുന്നു. ഈ കേന്ദ്രങ്ങളിലെല്ലാം മുഴുവൻ സമയ പ്രവർത്തകരുടെ സേവനം ലഭ്യമാക്കുന്നതിന് പ്രത്യേകം ശ്രദ്ധിച്ചു. തരംഗം മാർ ക്രിസോസ്റ്റം നവതി പാലിയേറ്റീവ് കെയർ സെന്ററിലൂടെ മരണാസന്നരായ രോഗികൾക്ക് സാന്ത്വന ശുശ്രൂഷയും നൽകിവരുന്നു. മാർ സഖറിയാസ് മെമ്മോറിയൽ തരംഗം മിഷൻ ആക്ഷൻ സെന്ററിലൂടെ സഭയിലും സമൂഹത്തിലും ശുശ്രൂഷയുടെ തരംഗങ്ങൾ സൃഷ്ടിക്കുന്നു. മറ്റുള്ളവരുടെ വേദനകൾ സ്വന്തം വേദനയായി ഏറ്റെടുത്ത് ക്രിയാത്മകമായി അതിനോട് പ്രതികരിക്കുകയും സഹായഹസ്തങ്ങൾ നീട്ടുകയും ചെയ്തു.

മിഷൻ കേന്ദ്രങ്ങളുടെ നേതൃത്വം: ഭദ്രാസനത്തിന്റെ ചുമതലയിലുള്ള മിഷൻ കേന്ദ്രങ്ങളായ നരസാപുരം അലഗഢ മിഷനുകളിലായി 27 ഗ്രാമങ്ങളും, പാണ്ഡവൻപാറ, തോട്ടപ്പള്ളി, തൃക്കുന്നപ്പുഴ, പെരിങ്ങാല, പൂപ്പറത്തി എന്നിവിടങ്ങളിലും മിഷൻ പ്രവർത്തനങ്ങൾക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും വിലയിരുത്തുകയും ചെയ്തു. നരസാപുരത്തു കാനാപുരം എന്ന സ്ഥലത്ത് ഒരു ദൈവാലയം കൂദാശ ചെയ്യുവാൻ സാധിച്ചു.

ഒലിവറ്റ് നാദം: ഭദ്രാസനത്തിന്റെ ഔദ്യോഗിക നാവായ ഒലിവറ്റ് നാദത്തിന്റെ പ്രസിദ്ധീകരണത്തിൽ മികവ് പുലർത്തുവാൻ പ്രത്യേകം ശ്രദ്ധിച്ചു. ഭദ്രാസനത്തിലെ എല്ലാ ഭവനങ്ങൾക്കും ഒലിവറ്റ് നാദം ലഭിക്കത്തക്ക രീതിയിൽ ഇപ്പോൾ പ്രസിദ്ധീകരിക്കുന്നു.

രജത ജൂബിലി അഭിനന്ദനവാല്യം: എപ്പിസ്കോപ്പൽ രജത ജൂബിലിയോടനുബന്ധിച്ച് സഹ മേൽപ്പട്ടക്കാരുടെ ആശംസകളും ആത്മകഥയും, ധ്യാനങ്ങളും, സമൂഹത്തിന്റെ വിവിധ തുറകളിൽ പ്രവർത്തിക്കുന്ന പട്ടക്കാരുടേയും അൽമായരുടേയും രചന കളും കോർത്തിണക്കി ഒരു അഭിനന്ദന വാല്യം, 'ഓർമ്മകൾ പൂക്കുന്ന വഴിയിലൂടെ' എന്ന പുസ്തകം പ്രസിദ്ധീകരിക്കുവാൻ സാധിച്ചു.

ഭദ്രാസന ലീഗൽ അഫയേഴ്സ് കമ്മറ്റി: ലീഗൽ അഫയേഴ്സ് കമ്മറ്റിയുടെ മീറ്റിംഗുകൾ ക്രമമായി കൂടി വേണ്ട തീരുമാനങ്ങൾ എടുക്കുന്നു. റിപ്പോർട്ട് വർഷത്തിൽ 24 പേർക്ക് പുനർവിവാഹത്തിന് അനുവാദം നൽകി.

ക്രിസ്ത്യൻ ഏജൻസി ഫോർ റൂറൽ ഡവലപ്പ്മെന്റ് (CARD) & ഡവലപ്പമെന്റ് ഡിപ്പാർട്ട്മെന്റ്: ക്രിസ്ത്യൻ ഏജൻസി ഫോർ റൂറൽ ഡവലപ്പ്മെന്റിന്റേയും വികസനസമിതിയുടേയും പ്രസിഡന്റായി കഴിഞ്ഞ മൂന്നു വർഷക്കാലം പ്രവർത്തിക്കുവാനും വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുവാനും സാധിച്ചു.

കൺവൻഷനുകൾ: മാരാമൺ കൺവൻഷൻ, ഭദ്രാസന കൺവൻഷൻ, മേഖല കൺവൻഷൻ (കെറിഗ്മാ)- ഹരിപ്പാട് കാവൽ എന്നിവയിൽ ആദ്യവസാനം സംബന്ധിച്ച് ആവശ്യമായ നേതൃത്വം നൽകി. കൂടാതെ വിവിധ ഭദ്രാസനങ്ങളിലേയും, സെന്ററുകളുടേയും, ഇടവകകളുടേയും കൺവൻഷനുകൾക്കും ധ്യാനയോഗങ്ങൾക്കും നേതൃത്വം നൽകി.

മിഷൻ അവയർനെസ്സ് പ്രോഗ്രാം/ മിഷൻ എക്സ്പോ: ഭദ്രാസനത്തിന്റെ മിഷൻ പ്രവർത്തനങ്ങളെ കണ്ടും, കേട്ടും, തൊട്ടുമറിയുവാൻ ജനങ്ങൾക്ക് അവസരം ഒരുക്കുന്ന പ്രവർത്തനമാണ് മിഷൻ അവയർനെസ് പ്രോഗ്രാം. ഭദ്രാസനത്തിന്റെ രജതജൂബിലിയോടനുബന്ധിച്ച് ഭദ്രാസനത്തിലെ

എല്ലാ പ്രവർത്തനങ്ങളേയും ഏകോപിപ്പിച്ചുകൊണ്ട് സ്നേഹ തീർത്ഥം എന്ന പേരിലുള്ള ഒരു ഡോക്യുമെന്ററി പുറത്തിറക്കുവാൻ സാധിച്ചു. മിഷൻ അവയർനെസ് പ്രോഗ്രാമിലൂടെ ഈ ഡോക്യുമെന്ററി എല്ലാ ഇടവകകളിലും പ്രദർശിപ്പിക്കുന്നു. ഭദ്രാസനതല എല്ലാ പ്രവർത്തനമേഖലകളും സന്ദർശിക്കുവാൻ മിഷൻ എക്സ്പോയിലൂടെ സാധിച്ചു.

പ്രളയക്കെടുതി: കഴിഞ്ഞ വർഷം മലബാറിലുണ്ടായ പ്രകൃതിക്ഷോഭത്താലുണ്ടായ പ്രളയവും ഉരുൾപൊട്ടലും ജനജീവിതത്തെ ആകെ സ്തംഭിപ്പിച്ചു. കുന്നംകുളം-മലബാർ ഭദ്രാസനത്തോട് ചേർന്ന് ഭവനങ്ങൾ നഷ്ടപ്പെട്ടവർക്ക് ഭവനങ്ങൾ വെച്ചു നൽകുന്നതിനുള്ള സംരംഭത്തിൽ നമ്മുടെ ഭദ്രാസനവും പങ്കാളികളായി. നാല് ഭവനങ്ങൾ പുനർനിർമ്മിക്കുവാനുള്ള സാമ്പത്തിക സഹായവും, ഭദ്രാസനത്തിലെ എല്ലാ ഇടങ്ങളിലേക്കു ആവശ്യമായ സാധനങ്ങളും എത്തിച്ചുകൊടുക്കുവാൻ സാധിച്ചു. ആവശ്യങ്ങളിൽ താങ്ങായി അർപ്പണബോധമുള്ളവരായി നിൽപ്പാൻ നമുക്ക് വരും കാലങ്ങൾ സാധിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

കോവിഡ് 19 ദുരിതാശ്വാസം: ഭദ്രാസനത്തിന്റെ ദൗത്യസരണികളായ ആറാട്ടുപുഴ തരംഗം, ഹരിപ്പാട് കാവൽ, കിടങ്ങന്നൂർ നവദർശൻ എന്നിവിടങ്ങളിൽ നിന്നായി അശരണരും ആലംബഹീനരുമായ ജനങ്ങൾക്കും, അതിഥി തൊഴിലാളികൾക്കും ആഹാര കിറ്റു വിതരണം നടന്നു. കൂടാതെ ഭദ്രാസനത്തിലെ ദലിത് ഇടവകാംഗങ്ങൾക്കും മറ്റ് ഇടവകകളിലും മാസശമ്പളമില്ലാത്തവർക്ക് സാമ്പത്തിക സഹായവും നൽകുവാനിടയായത് കൃതാർത്ഥതയോടെ ഓർക്കുന്നു. കൂടാതെ ഭദ്രാസനത്തിലെ മിഷൻഫീൽഡുകളായ പാണ്ഡവൻപാറ, തോട്ടപ്പള്ളി, തൃക്കുന്നപ്പുഴ എന്നിവിടങ്ങളിൽ നിന്ന് മാസ്കുകൾ തയ്ച്ച് വിതരണം ചെയ്യുകയുണ്ടായി. ചെങ്ങന്നൂർ, ആറന്മുള എന്നിവിടങ്ങളിലെ കമ്മ്യൂണിറ്റി കിച്ചണിലേക്ക് അടിയന്തര സാമ്പത്തിക സഹായം നൽകുവാനിടയായി. ഇടവകാതിർത്തിയിലുള്ള ആവശ്യക്കാർക്ക് ആഹാര സാധനങ്ങൾ എത്തിക്കുവാനും, ഹാന്റ് വാഷ്, ഹാന്റ് സാനിറ്റൈസർ, മാസ്കുകൾ എന്നിവയുടെ വിതരണവും നടന്നു.

ബൂസ്റ്റ്: ചെങ്ങന്നൂർ-മാവേലിക്കര ഭദ്രാസന സേവികാ സംഘത്തിന്റെ നേതൃത്വത്തിൽ 10,11,12 ക്ലാസ്സുകളിലെ ദളിത് പെൺകുട്ടികളുടെ വ്യക്തിത്വ വികസനം, കരിയർ ഗൈഡൻസ്, ഇവ ലക്ഷ്യമാക്കി നടത്തപ്പെട്ട ബൂസ്റ്റിൽ സംബന്ധിച്ചു നേതൃത്വം നൽകി.

സമൃദ്ധി: പൂപ്പറത്തി, തോട്ടപ്പള്ളി, വെണ്മണി തുടങ്ങിയ മിഷൻ ഫീൽഡുകളിൽ കഴിയുന്ന വൃദ്ധ മാതാപിതാക്കൾക്ക് ഉച്ചഭക്ഷണം നൽകുന്ന പദ്ധതി 2017 മെയ് 1 മുതൽ ആരംഭിച്ചു. 150 ഭവനങ്ങളിൽ ഉച്ചഭക്ഷണം ലഭ്യമാക്കുന്നു. കൂടുതൽ അർഹരായവർക്ക് എത്തിച്ചുകൊടുക്കുവാൻ ശ്രമിക്കുന്നു. വരും കാലങ്ങളിൽ ഇടവക തലത്തിൽ സമൃദ്ധി ആരംഭിക്കുവാനും വിശപ്പുരഹിത ഭദ്രാസനം എന്ന തലത്തിൽ നമ്മുടെ സുവിശേഷ പ്രവർത്തനം ആരംഭിക്കുവാനും ആഗ്രഹിക്കുന്നു. തുമ്പമൺ ശ്രേയസിൽ നിന്നും അർഹരായവർക്ക് സമൃദ്ധി പദ്ധതിയിലൂടെ ഉച്ചഭക്ഷണം നൽകുന്നു.

എഡ്യൂകെയർ: ഓതറ വികാസിനടുത്തുള്ള കോളനികളിൽ നിന്ന് തെരഞ്ഞെടുത്ത കുട്ടികളുടെ തുടർപഠനത്തെ സഹായിക്കുന്ന പദ്ധതിയാണ് എഡ്യുകെയർ. 20 കുട്ടികൾ ഇപ്പോൾ ഈ പദ്ധതിയിലുണ്ട്. കൂടുതൽ കുഞ്ഞുങ്ങളെ ഇതിൽ ചേർക്കുവാൻ ആഗ്രഹിക്കുന്നു.

ബോദ്ധ്യം/ഗ്രാഹ്യം (Lay Training Institute): അൽമായരെ ദൈവാവബോധത്തിലും ക്രിസ്താനുഭവത്തിലും വളർത്തുന്നതിനും അതിൽ നിലനിൽക്കുന്നതിനും സഭയുടെ വിശ്വാസാചാരങ്ങൾ ചരിത്രം, വേദപുസ്തകം ഇവ പരിശീലിപ്പിക്കുന്നതിനു ഒരു പരിശീലന കളരി നടത്തപ്പെടുന്നു. 223 പേർ ഇതിൽ സംബന്ധിച്ചു പഠനം പൂർത്തിയാക്കി.

നിർമ്മാണ പ്രവർത്തനങ്ങൾ: നരസാപുരം മിഷന്റെ ഭാഗമായി ഉണ്ടായിരുന്ന ദേവാലയം പുതുക്കി പണിയുവാനും അഭിവന്ദ്യ മാർത്തോമ്മാ മെത്രാപ്പോലീത്തായാൽ കൂദാശ ചെയ്യുവാനും സാധിച്ചു. അലീഗഢ്മിഷന്റെ ഭാഗമായ റെഡ്ഢിപ്പള്ളിയിൽ ഒരു ദൈവാലയം നിർമ്മാണം പൂർത്തീകരിച്ചു. ഇതിന്റെ പൂർത്തീകരണത്തിൽ വിശ്വാസ സമൂഹത്തിന്റെ കൈത്താങ്ങൽ ധാരാളമായി ഉണ്ടായിരുന്നു. ഏവരേയും അഭിനന്ദിക്കുകയും ചെയ്യുന്നു.

ഭദ്രാസന പ്രവർത്തനങ്ങൾക്ക് ആവശ്യാനുസരണം വ്യക്തികളിൽ നിന്നും ഇടവകകളിൽ നിന്നും ധനസമാഹരണം നടത്തി. സുവിശേഷ വേലക്കായി യുവജനങ്ങളിൽ നിന്നും കുറേക്കൂടി താത്പര്യപൂർവ്വമായ പ്രതികരണം ഉണ്ടാകേണ്ടിയിരിക്കുന്നു. അത്മായക്കാർ ആയുസ്സിന്റെ ദശാംശം കർത്താവിനായ് (Life's Tithe for Christ - LTC) നൽകി സഭാ പ്രവർത്തനങ്ങളിൽ കൂടുതൽ വ്യാപൃതരാകേണ്ടിയിരിക്കുന്നു. ഭദ്രാസനത്തിലെ എല്ലാ ഇടവകകളിൽ നിന്നും ഭദ്രാസന വികസന പ്രവർത്തന ങ്ങളിൽ ലഭിച്ച സഹകരണം ശ്ലാഘനീയമത്രെ. റിപ്പോർട്ട് വർഷത്തിൽ ഗാലാ സെന്റ് പോൾസ്, സലാലാ സെന്റ് തോമസ്, റാസൽ ഖൈമാഹ് സെന്റ് തോമസ്, ഫുജൈറാ ഇമ്മാനുവേൽ എന്നീ ഇടവകകളും ഭദ്രാസനത്തിന്റെ ഭാഗമായി സജീവ സഹകരണം നൽകുന്നു.

ഉപസംഹാരം: അനേക ദൈവമക്കളുടെ പ്രാർത്ഥനയും, പ്രോത്സാഹനവും എന്റെ ശുശ്രൂഷകൾക്ക് അനുഗ്രഹമായി. ധാരാളം പദ്ധതികളും പ്രവർത്തനങ്ങളും ഈ നാളുകളിൽ ഭംഗിയായി പൂർത്തീകരിക്കുവാൻ സാധിച്ചത് ബഹുമാനപ്പെട്ട പട്ടക്കാരുടെയും സുവിശേഷകരുടെയും, കൗൺസിൽ അംഗങ്ങളുടെയും ദൈവജനത്തിന്റെയും ആത്മാർത്ഥമായ സഹകരണം കൊണ്ടാകുന്നു. ദൈവരാജ്യത്തിന്റെ വർദ്ധനവിനും, വ്യാപനത്തിനുമായി സഭാമക്കളെ ഒരുക്കുക. ചിലരെ എങ്കിലും ഭദ്രാസന പ്രവർത്തനങ്ങളിലും സഭാ ശുശ്രൂഷയിലും പങ്കെടുപ്പിക്കുക എന്നതായിരുന്നു എന്റെ ശുശ്രൂഷയുടെ പരമമായ ലക്ഷ്യം. ദൈവാശ്രയത്തിലൂടെ അതിജീവനത്തിന്റെ കരുത്തും തിന്മയോട് പോരാടുവാനുള്ള ധൈര്യവും ആശങ്കയുടേയും ഭീതിയുടേയും ഈ വർഷത്തിൽ മുന്നോട്ടു പോകുവാൻ നമുക്ക് ലഭിക്കട്ടെ. ബുദ്ധിമുട്ടുന്നവരെ കഴിയും വിധം സഹായിക്കുവാൻ എല്ലാവരും പരസ്പരം കൈകോർത്തു നിൽക്കണം. നവീനമായ ആശയങ്ങളും പുത്തൻ ദർശനങ്ങളും, കാലോചിതമായ കർമ്മധീരതയും ഉൾക്കൊണ്ട് സഭാ ദൗത്യത്തിൽ കൂടുതൽ കരുത്തോടെ മുന്നേറുവാൻ നമുക്കിടയാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

2.7 റൈറ്റ് റവ. ഡോ. ഐസക്ക് മാർ ഫിലക്സിനോസ് എപ്പിസ്കോപ്പാ

അനുഗ്രഹ ജീവിതത്തിലൂടെ സഭയിലും സമൂഹത്തിലും അർത്ഥവത്തായി കഴിഞ്ഞ വർഷവും പ്രവർത്തിപ്പാൻ ദൈവം ശക്തീകരിച്ചു. മാർത്തോമ്മാ സഭയുടെ നോർത്ത് അമേരിക്ക-യൂറോപ്പ് ഭദ്രാസനത്തിന്റെ അദ്ധ്യക്ഷൻ എന്ന നിലയിൽ ശുശ്രൂഷ നിർവ്വഹിക്കുന്നു. സങ്കീർണ്ണ പ്രശ്നത്തിലൂടെ മാനവ സമൂഹം കടന്നു പോകുന്നു. ഭയാനകമായി ഏവരിലും ആശങ്ക ഉളവാക്കുന്ന അണുരോഗബാധ ഒരു മഹാമാരിയായി ജീവന് ഭീഷണിയായിത്തീർന്നിരിക്കുന്നു. ഭദ്രാസന ആസ്ഥാനമായ ന്യൂയോർക്ക് -അമേരിക്കയിൽ അണുരോഗം പടർന്ന കേന്ദ്രസ്ഥാനമായി തീർന്നിരിക്കയാണ്. ആശ്വാസവും, സൗഖ്യവും, സമാധാനവും ദൈവം പ്രദാനം ചെയ്യട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

രണ്ട് ഭൂഖണ്ഡങ്ങളിലായി ചിതറിക്കിടക്കുന്ന ഇടവകകളും, വിശ്വാസ സമൂഹവും ഈ ഭദ്രാസനത്തിന്റെ പ്രത്യേകതയാണ്. ചെറുതും വലുതുമായ ആരാധനാക്കൂട്ടങ്ങൾ പല രാജ്യങ്ങളിൽ ചേർന്നു വരുമ്പോൾ കർത്താവിൽ ആത്മീയ സമൂഹത്തെ ശക്തിപ്പെടുത്തി, സഭയുടെ വിശ്വാസ അടിസ്ഥാനത്തിൽ ഉറപ്പിക്കുവാൻ പരിശ്രമിക്കുന്നു. അപ്രതീക്ഷിതമായി ഉളവാകുന്ന പ്രതിസന്ധിയിൽ തളരാതെ ദൈവാശ്രയത്തിൽ മുന്നേറുവാൻ ഇടയായിത്തീരണം.

ലോകം കോവിഡ് മഹാമാരി എന്ന ദുരന്തത്തിന്റെ ഭീതിയിൽ ആയിരിക്കുമ്പോൾ ശക്തമായ ഇടപെടലിലൂടെ ശാന്തിയും, സമാധാനവും ജനഹൃദയങ്ങളിൽ നിലനിർത്തേണ്ടത് ആവശ്യമാണല്ലോ, അനേകർ മരണം വഴിയായി ലോകത്തിൽ നിന്നും മാറ്റപ്പെടുമ്പോൾ, രോഗബാധിതരായി കഴിയുമ്പോൾ ആശ്വസിപ്പിക്കുന്ന, ധൈര്യപ്പെടുത്തുന്ന സന്ദേശങ്ങളും, സാന്ത്വനവാക്കുകളും, ജീവൻ പരിരക്ഷിക്കുന്ന പ്രവർത്തനങ്ങളും അത്യന്താപേക്ഷിതമാണ്.

ഭദ്രാസനമായി എല്ലാ ഇടവകകളെയും ഈ സന്ദർഭത്തിൽ ശക്തിപ്പെടുത്തുന്നതിന് സാധിച്ചു. ദൈവാലയങ്ങളിൽ ആരാധന സാദ്ധ്യമല്ലാതിരിക്കെ, ആധുനിക ദൃശ്യശ്രവണ മാദ്ധ്യമങ്ങളിലൂടെ ആരാധന നിർവ്വഹിക്കുന്നതിനും സാധിച്ചു. വെല്ലുവിളികൾ അനുഭവപ്പെടുമ്പോൾ അവയിലെ സാദ്ധ്യത കണ്ടെത്തി, അർത്ഥവത്തായി പ്രതികൂല സാഹചര്യങ്ങളെ ആത്മസംയമനത്തോടെ അഭിമുഖീകരിക്കുന്നതിനും, ക്രിയാത്മകമായ ഇടപെടലിലൂടെ ജീവിതത്തെ കരുപ്പിടിപ്പിക്കുന്നതിനും ശ്രദ്ധിക്കുന്നു.

ഭദ്രാസന പ്രവർത്തനങ്ങളിൽ അനുഗ്രഹകരമായ കരുതലും ആലോചനയും നൽകിവരുന്നു. ഭദ്രാസനത്തിലെ 48 ഇടവകകളും, ഭദ്രാസനത്തിന് പുറത്ത് ഏഴ് ഇടവകകളും സന്ദർശിച്ച് ആത്മീയ പരിപോഷണം നൽകുവാൻ സാധിച്ചു. ഇടവക സന്ദർശന വേളയിൽ കഴിവതും ഇടവകയിലെ കൈസ്ഥാന സമിതി, വിവിധ സംഘടനകൾ ഇവയുമായി ആശയവിനിമയം നടത്തുവാൻ സമയം കണ്ടെത്തുന്നു. ഇടവകയിൽ ആദ്യകുർബ്ബാന ശുശ്രൂഷ നിർവ്വഹിപ്പാനും ശ്രദ്ധിക്കുന്നു. ഇടവകയിൽ രോഗസ്ഥരായി ഭവനത്തിൽ ആയിരിക്കുന്ന രോഗികളെ സന്ദർശിച്ച് പ്രാർത്ഥിപ്പാനും ആശ്വാസം പകരുവാനും, വൃദ്ധജനങ്ങളെ സന്ദർശിക്കുന്നതിനും പരമാവധി ശ്രമിക്കുന്നു. ഓരോ ഇടവകയുടെയും ആവശ്യം തിരിച്ചറിഞ്ഞ് ആത്മീയ പ്രവർത്തനത്തിനും സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിനും പ്രോത്സാഹിപ്പിക്കുന്നു. ഇടവകകളിൽ ഐക്യവും, ബന്ധത്തിന്റെ നന്മയും കാത്തു സൂക്ഷിപ്പാനും ആത്മീയ സമൂഹം ക്രിസ്തുവിന്റെ സാക്ഷികളായി സമൂഹത്തിൽ പ്രവർത്തിപ്പാനും ആവശ്യമായ പ്രചോദനം നൽകുന്നു. പ്രവാസ സമൂഹം എന്ന നിലയിൽ ഓരോ ഇടവകയും അതിന്റെ തനിമ പുലർത്തേണ്ടത് ആവശ്യമാണല്ലോ. മാർത്തോമ്മാ സഭയുടെ വിശ്വാസ ആചാരങ്ങളിൽ അധിഷ്ഠിതമായി സഭാനാഥനായ യേശുക്രിസ്തുവിൽ സമർപ്പിതരായി ജീവിപ്പാൻ എല്ലാ തലമുറകളിലുമുള്ള വിശ്വാസികളെയും ഉത്ബോധിപ്പിക്കുന്നു. വിവിധ പ്രവർത്തന മേഖലകളിൽ ആയിരിക്കുന്ന സഭാ മക്കൾ ആത്മീയ തീഷ്ണത നിലനിർത്തുന്നതിനും, തങ്ങൾക്ക് ലഭിച്ച നല്ല പൈതൃകം കാത്തുസൂക്ഷിക്കുന്നതിനും വേദപഠനവും പ്രാർത്ഥനാജീവിതവും ക്രമീകൃതമായി നിർവ്വഹിക്കേണ്ടതാണല്ലോ. ഇടവകതലത്തിൽ നടക്കുന്ന ആത്മീയ കൂട്ടായ്മകളും പഠനങ്ങളും അതിന് സഹായകരമാക്കുവാൻ പ്രോത്സാഹിപ്പിക്കുന്നു. വിവിധ സംഘടനകൾ ക്രിയാത്മകമായ പ്രവർത്തനത്തിലൂടെ ഇതു സാദ്ധ്യമാക്കുന്നു. ഭദ്രാസന തലത്തിലും വിവിധ മേഖലകളിലും നടത്തപ്പെടുന്ന കോൺഫറൻസുകൾ സഭയുമായുള്ള ബന്ധത്തിൽ ദൗത്യനിർവ്വഹണത്തിന് സഹായകമാകുന്നു.

വ്യത്യസ്തതകൾ നിറഞ്ഞ പ്രവർത്തനമേഖലയിൽ ജീവിക്കയും പ്രവർത്തിക്കയും ചെയ്യുന്ന വിശ്വാസസമൂഹം, പ്രവാസികളായാലും, രണ്ടും മൂന്നും തലമുറക്കാരായാലും, മാർത്തോമ്മാ സഭയുടെ വിശ്വാസം, ആചാരം, ആരാധനയിലൂടെയും, ദൗത്യത്തിലൂടെയും, പ്രതിഫലിപ്പിക്കേണ്ടത് ആവശ്യമാണല്ലോ. അമേരിക്ക, കാനഡ, യു.കെ., യൂറോപ്പ് പ്രദേശങ്ങളിൽ വിവിധ രീതിയിൽ ആരാധനയും പ്രവർത്തനങ്ങളും നടക്കുന്നു. മലയാളം, ഇംഗ്ലീഷ്, ജർമ്മൻ, സ്പാനിഷ് ഭാഷകളിൽ ആരാധന വിവിധ സ്ഥലങ്ങളിലായി നടക്കുന്നത് ആ ദേശത്തെ വിശ്വാസികൾക്ക് സഹായകരമാണ്.

യു.കെ.-യൂറോപ്പ് സോണിന്റെ പ്രവർത്തനങ്ങൾ ഏറ്റവും നല്ല രീതിയിൽ നടക്കുന്നു. സ്വതന്ത്രമായി പ്രവർത്തിപ്പാൻ കഴിഞ്ഞ രണ്ടു വർഷങ്ങൾ സാദ്ധ്യമായപ്പോൾ ഇടവകകളും വിവിധ സംഘടനകളും കൂടുതൽ ഉത്സാഹത്തോടെ പ്രവർത്തനങ്ങൾ ക്രമീകരിക്കുകയും, സോണിന് ആവശ്യമായ കൈതാങ്ങൽ നൽകുകയും ചെയ്യുന്നു. സോണൽ യൂത്ത് കോൺഫറൻസ് ജൂലൈ 19-21 വരെയും സോണൽ ഫാമിലി കോൺഫറൻസ് ആഗസ്റ്റ് 23-25 വരെയും Yarnfield Conference സെന്ററിൽ നടക്കുകയുണ്ടായി. ഇവയിൽ എല്ലാം സംബന്ധിച്ച് നേതൃത്വം നൽകുവാൻ സാധിച്ചു. ജൂലൈ 13-ന് ലണ്ടൻ സെന്റ് ജോൺസ് ദൈവാലയത്തിൽ നടന്ന യൂറോപ്പ് സോണൽ അസംബ്ലിക്ക് നേതൃത്വം നൽകി. സോണൽ കൗൺസിൽ മൂന്നു പ്രാവശ്യം കൂടി ആവശ്യമായ തീരുമാനങ്ങൾ കൈക്കൊണ്ടു.

ആത്മീയ സമൂഹം ആരാധനയിലൂടെയും കൂട്ടായ്മയിലൂടെയും ചൈതന്യം പ്രാപിപ്പാൻ സ്വന്തമായി ദൈവാലയം എന്ന സ്വപ്നം എല്ലാ വിശ്വാസികളിലും കാണാമല്ലോ. മാൻചെസ്റ്റർ ഇടവക വാങ്ങിയ ദൈവാലയത്തിന്റെ പ്രതിഷ്ഠാകർമ്മം ഒക്ടോബർ 19-ാം തീയതി നിർവ്വഹിക്കുകയുണ്ടായി. ഹൂസ്റ്റൺ സെന്റ്. തോമസ് ഇടവക നിർമ്മിച്ച ദൈവാലയത്തിന്റെയും പാഴ്സനേജിന്റെയും പ്രതിഷ്ഠാ ശുശ്രൂഷ ഒക്ടോബർ 26-ാം തീയതി നടക്കുകയുണ്ടായി. മെത്രാപ്പോലീത്താ തിരുമേനിയോടൊപ്പം ഈ രണ്ടു ശ്രുശ്രൂഷകളിലും ആവശ്യമായ നേതൃത്വം നൽകി. ന്യൂജേഴ്സി സെന്റ് പീറ്റേഴ്സ് ഇടവക വാങ്ങിയ പാഴ്സനേജ് ഡിസംബർ 27-ന് ആശീർവ്വദിക്കുകയുണ്ടായി.

ഭദ്രാസന അസംബ്ലി മെയ് 17-18 തീയതികളിൽ അറ്റ്ലാന്റാ കർമ്മേൽ മാർത്തോമ്മാ സെന്ററിൽ കൂടുകയുണ്ടായി. ഭദ്രാസന കൗൺസിൽ നാലു പ്രാവശ്യം കൂടി ഭദ്രാസന പ്രവർത്തനങ്ങൾക്ക് ആലോചന നൽകി. ഭദ്രാസന ക്ലെർജി കോൺഫറൻസ് മെയ് 16-17 തീയതികളിൽ അറ്റ്ലാന്റാ കാർമ്മേൽ മാർത്തോമ്മാ സെന്ററിൽ കൂടി. 'Virtual Church of the Future-Possibilities and Challenges' എന്ന വിഷയത്തെ അധികരിച്ച് പഠനം നടത്തുകയുണ്ടായി. ദൈവാലയങ്ങൾ അടച്ചിടപ്പെട്ട ഇപ്പോഴത്തെ സാഹചര്യത്തിൽ ആരാധനയും, പ്രാർത്ഥനകളും നടത്തി ഇടവക ജനങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് പട്ടക്കാർക്ക് ഇത് സഹായകരമായിത്തീർന്നു. മെയ് 22-ന് ന്യൂയോർക്ക് സെനറ്റിൽ ആശംസകൾ അറിയിക്കുന്നതിനും പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകുന്നതിനും അവസരം ലഭിച്ചു. അന്നേദിവസം മാർത്തോമ്മാ സഭയുടെ ഈ പ്രദേശത്തെ പ്രവർത്തനങ്ങളെ പ്രകീർത്തിച്ച് Resolution പാസാക്കിയത് സഭയ്ക്കും, വിശ്വാസ സമൂഹത്തിനും അഭിമാനകരമാണ്. എപ്പിസ്കോപ്പൽ സിനഡ്, സഭാ കൗൺസിൽ എന്നിവയിൽ പങ്കെടുക്കുവാൻ ശ്രമിച്ചു. നവംബർ 26 മുതൽ 29 വരെ ചരൽക്കുന്നിൽ നടന്ന പട്ടക്കാരുടെ വാർഷിക സമ്മേളനത്തിൽ പങ്കെടുത്തു ഭദ്രാസനത്തിലേക്കു നിയോഗിക്കപ്പെട്ട പട്ടക്കാർക്ക് ഓറിയന്റേഷൻ പ്രോഗ്രാം TMAM Centre-ൽ ഫെബ്രുവരി 20,21 തീയതികളിൽ നടത്തപ്പെട്ടു. ഭദ്രാസന പ്രവർത്തനങ്ങളുടെ അവലോകനം പുതിയ സാഹചര്യത്തെ എങ്ങനെ അഭിമുഖീകരിക്കാം മറ്റ് ഒരുക്കങ്ങൾ എല്ലാം ചർച്ച ചെയ്യപ്പെട്ടു. ഫെബ്രുവരി 9 മുതൽ 16 വരെ നടന്ന മാരാമൺ കൺവൻഷനിൽ പങ്കെടുത്തു.

ഭദ്രാസനത്തിലെ വിവിധ സംഘടനകളുടെ ആഭിമുഖ്യത്തിൽ നടന്ന കോൺഫറൻസുകളിൽ സജീവമായി നേതൃത്വം നൽകി. ഓരോ സംഘടനകളും ക്രമീകൃതമായി പ്രവർത്തിക്കുന്നതിനും ആത്മീയ ചൈതന്യം പ്രാപിച്ച് സാക്ഷ്യം നിർവ്വഹിക്കുന്നതിനും പരമാവധി ശ്രമിക്കുന്നു. സണ്ടേസ്കൂളിന്റെ ചുമതലയിൽ ജൂൺ മാസം 27 മുതൽ 29 വരെ ന്യൂജേഴ്സിയിൽ റാംപോ കോളജിൽ നടന്ന സൗത്ത് ഈസ്റ്റ് റീജിയണൽ കോൺഫ്രൻസിലും, ജൂലൈ 11 മുതൽ 13 വരെ ന്യൂയോർക്ക് സെന്റ് ജോൺസ് കോളജിൽ നടന്ന നോർത്ത് ഈസ്റ്റ് റീജിയണൽ കോൺഫറൻസിലും സംബന്ധിച്ച് പ്രോത്സാഹനം നൽകി. ക്രമമായി എല്ലാ വർഷവും നടക്കുന്ന ഈ ജൂനിയർ-സീനിയർ കോൺഫ്രൻസ് കുട്ടികളിൽ സഭയുമായുള്ള ബന്ധത്തിൽ വിശ്വാസരൂപീകരണത്തിന് സഹായകമാകുന്നു. ഡാലസ് ഫാർമേഴ്സ് ബ്രാഞ്ച് ഇടവകയിൽ വച്ച് ജൂലൈ 25 മുതൽ 28 വരെ നടന്ന യൂത്ത് ഫെലോഷിപ്പ് ഡയോസിഷൻ കോൺഫ്രൻസിന് ആലോചന നൽകി. യുവജനങ്ങളെ കർത്താവുമായുള്ള ബന്ധത്തിൽ നിലനിർത്തുന്നതിന് നേതൃത്വം നൽകി. സന്ന്യാസ സുവിശേഷക സംഘത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന ഭദ്രാസന കോൺഫറൻസ് ആഗസ്റ്റ് മാസം 1 മുതൽ 4 വരെ ടൊറൊന്റോ സെന്റ് മാത്യൂസ് ഇടവകയിൽ നടത്തപ്പെട്ടു. അനുഗ്രഹകരമായി നടന്ന ആ കോൺഫറൻസിൽ സംബന്ധിച്ച് പ്രോത്സാഹനം നൽകി. സതേൺ റീജിയണൽ ഫാമിലി കോൺഫറൻസ് സെപ്തംബർ 20 -22 വരെ ഫ്ളോറിഡാ സെന്റ് ലൂക്ക്സ് മാർത്തോമ്മാ ഇടവകയുടെ ചുമതലയിൽ ഒർലാന്റോയിൽ വച്ചു നടക്കുകയുണ്ടായി. ആവശ്യമായ നേതൃത്വം നൽകി.

ഭദ്രാസന നീനിയർ ഫെലോഷിപ്പ് കോൺഫ്രൻസ് സെപ്തംബർ 25 -28 വരെ ഫിലഡൽഫിയ അസ്സൻഷൻ മാർ

ത്തോമ്മാ ദൈവാലയത്തിൽ നടക്കുകയുണ്ടായി. മുതിർന്ന മാർത്തോമ്മാ വിശ്വാസികൾ അനുഭവങ്ങളും, അനുഗ്രഹങ്ങളും കൂടുതലായി വെളിപ്പെടുത്തുന്ന വേദിയാണല്ലോ ഈ സമ്മേളനം. ആദ്യാവസാനം അവരോടൊപ്പം ചിലവഴിച്ച് ആത്മീയ പ്രചോദനം നൽകുന്നതിന് ഇടയായി. ഒക്ടോബർ 4 മുതൽ 6 വരെ ഫിലഡൽഫിയ ക്രിസ്തോസ് ഇടവകയിലെ യുവജനസഖ്യത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന ഭദ്രാസന യുവജനസഖ്യത്തിന്റെ കോൺഫ്രൻസിലും, ഒക്ടോബർ 10 മുതൽ 13 വരെ ഹൂസ്റ്റൺ ട്രിനിറ്റി മാർത്തോമ്മാ സേവികാ സംഘത്തിന്റെ ചുമതലയിൽ നടന്ന ഭദ്രാസന സേവികാ സംഘം കോൺഫ്രൻസിലും സംബന്ധിച്ച് നേതൃത്വം നൽകുകയുണ്ടായി.

സഭയുടെ വിശ്വാസ ആചാരക്രമത്തിൽ യുവതീയുവാക്കളെ പരിശീലിപ്പിച്ച് നേതൃത്വ നിരയിലേക്ക് കൊണ്ടുവരുന്നതിന് സഹായകമായി യൂത്ത് ലീഡർഷിപ്പ് കോൺഫ്രൻസ് ജനുവരി 2 മുതൽ 5 വരെ അറ്റ്ലാന്റാ കാർമ്മേൽ മാർത്തോമ്മാ സെന്ററിൽ നടക്കുകയുണ്ടായി. അറ്റ്ലാന്റാ ഇടവകയിലെ യുവതീയുവാക്കൾ വേണ്ട ക്രമീകരണങ്ങൾ ചെയ്തു. ആദ്യാവസാനം അവരോടൊപ്പം ആയിരിപ്പാനും, സഭയുടെ തനിമ കൂടുതലായി മനസ്സിലാക്കിക്കൊടുക്കുന്നതിനും സാധിച്ചു. പഠനക്ലാസ്സുകൾ, Youth Chaplains Ministry, Campus Ministry തുടങ്ങിയ പ്രവർത്തനത്തിലൂടെ രണ്ടാം തലമുറക്കാരായ യുവതീ യുവാക്കളെ കർത്താവുമായുള്ള ബന്ധത്തിൽ നിലനിർത്തുന്നതിനും സഭയുടെ പ്രവർത്തനത്തിൽ പങ്കാളികളാക്കുന്നതിനും ശ്രമിക്കുന്നു.

എക്യുമെനിക്കൽ പ്രസ്ഥാനങ്ങളിലുള്ള പങ്കാളിത്തം തുടർന്നു കൊണ്ടുപോകുവാൻ സാധിക്കുന്നു. അഖിലലോക സഭാ കൗൺസിൽ കമ്മിറ്റികളിലും, നാഷണൽ കൗൺസിൽ ഓഫ് ചർച്ചസ്, യു.എസ്.എ.-യുടെ ഗവേണിംഗ് ബോർഡ് മീറ്റിംഗുകളിലും കനേഡിയൻ കൗൺസിൽ ഓഫ് ചർച്ചസിന്റെ ഗവേണിംഗ് ബോർഡ് മീറ്റിംഗുകളിലും സംബന്ധിപ്പാൻ ഇടയായി. HCDI-Executive Committee അംഗമായി സേവനം അനുഷ്ഠിച്ചു. സഭയുടെ എക്യുമെനിക്കൽ റിലേഷൻസ് കമ്മറ്റിയുടെ ചെയർമാനായും, ക്ലെർജി ഉന്നത വിദ്യാഭ്യാസത്തിന്റെ ചുമതലയും നിർവ്വഹിക്കുകയുണ്ടായി. ശാന്തിഗിരി ആശ്രമത്തിന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ ആലോചന നൽകിവരുന്നു. ഒക്ടോബർ 2-ന് നടന്ന നവജീവൻ സെന്ററിന്റെ സിൽവർ ജൂബിലി ആഘോഷത്തിൽ പങ്കുചേർന്നത് സന്തോഷ അനുഭവമായിരുന്നു. ബോംബെയിൽ നവജീവൻ ഗ്രാമം കാപ്രി ഗ്രാമത്തിൽ യാഥാർത്ഥ്യമാക്കുവാൻ ഇടയാക്കിയ മുഖാന്തിരങ്ങളെ അനുസ്മരിക്കുന്ന സന്ദർഭമായിരുന്നു. ആഗസ്റ്റ് മാസം 6 മുതൽ 8 വരെ ഫ്രാൻസിലെ Taize Community -യിൽ ചിലവഴിച്ചത് ഒരു പ്രത്യേകത പകരുന്ന അനുഭവമായിരുന്നു. സ്വയശിക്ഷണത്തോടെ പ്രാർത്ഥനയിലും ധ്യാനത്തിലും ആയിരിപ്പാൻ ആയിരങ്ങൾക്ക് ഒരേ സമയം സാദ്ധ്യമാകുന്ന സംവിധാനമാണ് അവിടെ ഒരുക്കിയിരുന്നത്. ലോകത്തിന്റെ നാനാ ഭാഗങ്ങളിൽ നിന്നും യുവാക്കളും, മറ്റു പ്രായക്കാരും വന്നു ചേരുന്നത് പ്രത്യേകത വെളിപ്പെടുത്തുന്ന ഒന്നാണ്.

ഭദ്രാസന ആസ്ഥാനമായ ന്യൂയോർക്കിലുള്ള സീനായി മാർത്തോമ്മാ സെന്റർ എല്ലാ പ്രവർത്തനങ്ങളും ക്രമീകൃതമായി ഏകോപിപ്പിക്കുന്നതിന് സജ്ജമാണ്. പ്രത്യേകിച്ച് കോവിഡ് മഹാമാരി ഉളവാക്കിയ ഭയവും പ്രയാസവും ഇടവകകളെയും വിശ്വാസ സമൂഹത്തെയും ബാധിച്ചപ്പോൾ അവരിൽ ആത്മധൈര്യവും, രോഗങ്ങളിൽ പ്രയാസപ്പെടുന്നവർക്ക് ആശ്വാസവും പകരുവാൻ വീഡിയോ കോൺഫ്രൻസിലൂടെയും മറ്റു മാധ്യമങ്ങളിലൂടെയും പ്രാർത്ഥനയും, ആരാധനയും ക്രമീകരിപ്പാൻ സാധിച്ചു. ഭദ്രാസന ഓഫീസിൽ പ്രവർത്തിക്കുന്നവരും, വിവിധ കമ്മിറ്റികളിലും ഭദ്രാസന കൗൺസിലിലും സേവനം അനുഷ്ഠിക്കുന്നവരും ഒന്നിച്ച് ഈ ഭദ്രാസനത്തെ പുതിയ ദിശയിലേക്ക് നയിക്കുന്നതിന് ശ്രദ്ധിക്കുന്നു. അറ്റ്ലാന്റയിൽ കാർമ്മേൽ മാർത്തോമ്മാ സെന്ററിലൂടെ ഭദ്രാസനത്തിന്റെ വിവിധ മിഷൻ പ്രവർത്തനങ്ങളും, സമൂഹത്തിന്റെ ഉദ്ധാരണത്തിനു സഹായകരമായ സേവനങ്ങളും നിർവ്വഹിപ്പാൻ ഇടയാക്കുന്നു. ആത്മാർത്ഥതയോടെ അവിടെ പ്രവർത്തിക്കുന്ന സഭാംഗങ്ങളെ ഓർത്ത് സ്തോത്രം ചെയ്യുന്നു. ഭദ്രാസനത്തിന്റെ ശ്രദ്ധേയമായ മിഷൻ പ്രവർത്തനം Light to Life അനേകായിരം കുട്ടികൾക്ക് അനുഗ്രഹമായിത്തീർന്നു.

ദൈവരാജ്യ വ്യാപ്തിയിൽ ആവോളം പങ്കാളിയായി ക്രിസ്തുദർശനം അനേകരിലേക്ക് പങ്കിടുവാൻ തുടർന്നും ദൈവം സഹായിക്കട്ടെ. ഭയവും, ആകുലതയും നിലനിൽക്കുന്ന ലോകത്തിൽ വികസന പാതയിൽ മുൻപിൽ എന്ന് അഭിമാനിക്കുന്ന രാഷ്ട്രങ്ങൾ സാമ്പത്തികവും, സാമൂഹ്യവുമായി തകർന്ന് പോകുമ്പോൾ, മുൻപിൽ ദിവ്യവെളിച്ചം പ്രശോഭിതമായി കാണുന്നു എന്ന ദർശനത്തോടെ, വിശ്വാസത്തോടെ, പ്രത്യാശയോടെ ജീവിതയാത്ര നയിപ്പാൻ ഏവർക്കും ഇടയാകട്ടെ. കർത്താവിന്റെ വേലയിൽ മടുത്തുപോകാതെ ഏറ്റം ശുഷ്കാന്തിയോടെ മുന്നോട്ടു പോകുവാൻ സർവ്വശക്തനായ ദൈവം കാത്തു പരിപാലിക്കട്ടെ.

2.8 റൈറ്റ് റവ. ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പാ

മനുഷ്യരാശിയുടെ നിലനിൽപ്പിന് തന്നെ ഭീഷണിയാകുന്ന മാരക വൈറസുകളുടെ വ്യാപനവും, മനുഷ്യരെ തമ്മിലടിപ്പിക്കുന്ന സങ്കുചിത താല്പര്യങ്ങളും, വിഭാഗീയതയും നമ്മെ വളരെയധികം ഉത്കണ്ഠയിലാക്കുന്നുണ്ട്. ദൈവവിശ്വാസത്തിന്റെയും സഭയുടെ ദൗത്യത്തിന്റെയും പ്രസക്തി സമൂഹത്തിന് പങ്കുവെയ്ക്കേണ്ടത് ഇത്തരം വെല്ലുവിളികളോടുള്ള പ്രതികരണത്തിലൂടെയാണ്. ഭയന്ന് പിൻമാറുവാനല്ല, വിശ്വാസ ത്തിൽ മുന്നേറുവാനാണ് നാം വിളിക്കപ്പെട്ടിരിക്കുന്നത്. അടൂർ ഭദ്രാസന അദ്ധ്യക്ഷനായി ഹെർമ്മോൻ അരമനയിൽ താമസിച്ച് സഭ ഭരമേല്പിച്ച ശുശ്രൂഷ നിറവേറ്റുവാൻ ആയുസ്സും ആരോഗ്യവും നൽകിയ പരമകാരുണ്യവാനായ ദൈവത്തിന് നന്ദി കരേറ്റുന്നു. കുവൈറ്റ് സെന്റ് ജോൺസ്, അൽ-അയിൻ (UAE) ഉൾപ്പെടെ 92 ഇടവകകളും സജീവസേവനത്തിലുള്ള 62 പട്ടക്കാരും, സജീവസേവനത്തിൽ നിന്നും വിരമിച്ച 23 പട്ടക്കാരും 12 സുവിശേഷകരും അത്മായ സമൂഹവും ചേർന്ന് ഭദ്രാസനത്തിന്റെ വ്യത്യസ്തമായ ദൗത്യനിർവ്വഹണത്തിന് നേതൃത്വം നൽകുന്നു.

സന്ദർശനങ്ങൾ: റിപ്പോർട്ട് വർഷം അടൂർ ഭദ്രാസനത്തിലെ 40 ഇടവകകളും ഭദ്രാസനത്തിന് പുറത്ത് ഇന്ത്യയിൽ 7, ഇന്ത്യയ്ക്ക് പുറത്ത് അമേരിക്ക, കുവൈറ്റ്, യു.എ.ഇ, ആസ്ട്രേലിയ എന്നീ രാജ്യങ്ങളിലെ 6 ഇടവകകളും സന്ദർശിച്ച് വിശുദ്ധ കുർബ്ബാ നയ്ക്ക് നേതൃത്വം നൽകി. ആദ്യ കുർബ്ബാന ക്രമീകരിക്കുന്നതിനും രോഗികളെ സന്ദർശിക്കുന്നതിനും എപ്പിസ്ക്കോപ്പൽ സന്ദർശന വേളയിൽ സാധിച്ചിട്ടുണ്ട്. ഭദ്രാസനത്തിലെ മിഷൻ കേന്ദ്രങ്ങൾ, സ്ഥാപനങ്ങൾ ഇവ സന്ദർശിച്ച് പുരോഗതി വിലയിരുത്തുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ഭദ്രാസനത്തിലെ ഇടവകകളുടെ ആത്മാർത്ഥമായ പിന്തുണ മിഷൻ പ്രവർത്തനങ്ങൾക്കും സ്ഥാപനങ്ങളുടെ വളർച്ചയ്ക്കും ലഭിക്കുന്നുണ്ട്.

ദൈവാലയ കൂദാശ: ചാത്തന്നൂർപുഴ ശാലേം ഇടവകയുടെ ദൈവാലയ കൂദാശ, ചാരുംമൂട് ക്രിസ്തോസ് പാഴ്സനേജ് കൂദാശ, കണ്ണംകോട് മാർത്തോമ്മാ പാരീഷ്ഹാൾ ശിലാസ്ഥാപനകർമ്മം, പോരുവഴി ബഥേൽ ഇടവക പുനർനിർമ്മിക്കുന്ന ദൈവാലയത്തിന്റെ ശിലാസ്ഥാപനം, കലയപുരം സീയോൻകുന്നിൽ മാർത്തോമ്മാ സ്കൂൾ കെട്ടിടത്തിന്റെ ശിലാസ്ഥാപനം, താമരക്കുളം സെന്റ് തോമസ് ഇടവക പണികഴിപ്പിച്ച പാരീഷ്ഹാളിന്റെ പ്രതിഷ്ഠാ ശുശ്രൂഷ ഇവയ്ക്ക് നേതൃത്വം നൽകി.

ഈശോ മാർ തിമൊഥെയോസ് മെമ്മോറിയൽ സ്പിരിറ്റ്വാലിറ്റി സെന്റർ: അടൂർ സ്പിരിറ്റ്വാലിറ്റി സെന്റർ കേന്ദ്രീകരിച്ച് വ്യത്യസ്തങ്ങളായ ആത്മീയശുശ്രൂഷകൾ നടന്നുവരുന്നു. എല്ലാ ഒന്നാം ശനിയാഴ്ചകളിലെ കരിസ്മാറ്റിക് ഫെലോഷിപ്പ് കൂട്ടായ്മയ്ക്ക് ഭദ്രാസനത്തിലെ ഓരോ സെന്ററുകൾ നേതൃത്വം നൽകുന്നു. രണ്ടാം വെള്ളിയാഴ്ച യുവജനങ്ങൾക്കായുള്ള കോർ ഗ്രൂപ്പ് ഫെലോഷിപ്പും മൂന്നാം വെള്ളിയാഴ്ച മുഴുരാത്രി പ്രാർത്ഥനയും ക്രമീകരിക്കുന്നു. നാലാം

ശനിയാഴ്ചതോറും പെയിൻ ആൻഡ് പാലിയേറ്റീവ് വോളന്റിയേഴ്സിന്റെ റിട്രെയി നിംഗ് നടത്തിവരുന്നു. വിപുലമായ പുസ്തക ശേഖരത്തോടു കൂടിയ ഒരു ലൈബ്രറിയും ഇവിടെ പ്രവർത്തിക്കുന്നു.

അനുഗ്രഹ ഡി-അഡിക്ഷൻ ആൻഡ് കൗൺസിലിംഗ് സെന്റർ: ഭദ്രാസനത്തിലെ ലഹരിവിമോചന പ്രവർത്തന ങ്ങൾക്ക് നേതൃത്വം നൽകുന്ന അനുഗ്രഹ ഡി-അഡിക്ഷൻ ആൻഡ് കൗൺസിലിംഗ് സെന്ററിന്റെ ക്യാമ്പുകളും കൂടിവരവുകളും അടൂർ ഈശോ മാർ തിമൊഥെയോസ് ധ്യാനകേന്ദ്രത്തോട് ചേർന്ന് പണികഴിപ്പിച്ച മാർ ക്രിസോസ്റ്റം ജന്മശതാബ്ദി ബ്ളോക്കിൽ നടന്നുവരുന്നു. 22 ഡി അഡിക്ഷൻ ക്യാമ്പുകളിലായി ഇതിനോടകം 292ൽപരം കുടുംബങ്ങൾ സംബന്ധിക്കുകയും സൗഖ്യ ജീവിതം നയിക്കുകയും ചെയ്യുന്നു.

പ്രിമാരിറ്റൽ കൗൺസിലിംഗ്: അടൂർ ഭദ്രാസനത്തിന്റെ ചുമതലയിൽ സ്പരിറ്റ്വാലിറ്റി സെന്ററിൽ ക്രമീകൃതമായ രീതിയിൽ പ്രിമാരിറ്റൽ, ഫാമിലി കൗൺസിലിംഗ് നടക്കുന്നു. ഭദ്രാസനത്തിൽ നിന്നും ഭദ്രാസനത്തിന് പുറത്ത് നിന്നുമുള്ള ധാരാളം കുടുംബങ്ങൾ ഈ സൗകര്യം പ്രയോജനപ്പെടുത്തുന്നുണ്ട്.

ആർദ്രതാ പെയിൻ ആൻഡ് പാലിയേറ്റീവ് മിഷൻ: ഭദ്രാസന തലത്തിൽ പെയിൻ ആൻഡ് പാലിയേറ്റീവ് ട്രെയിനിംഗ് പ്രോഗ്രാം തിരുവല്ല പുഷ്പഗിരി മെഡിക്കൽ കോളജിലെ ഡോക്ടർമാരുടെ നേതൃത്വത്തിൽ ക്രമീകൃതമായി നടക്കുന്നു. സെന്റർ-ഇടവക തലങ്ങളിലുള്ള സാന്ത്വന പരിപാലന ശുശ്രൂഷകൾ ശക്തമാക്കുന്നതിന് ഇത് സഹായകരമാകുന്നു. കിടപ്പു രോഗികളെ സന്ദർശിക്കുകയും മരുന്നും മറ്റ് സഹായങ്ങളും നൽകുകയും ചെയ്യുന്നു.

വിജയവഴി: ഭദ്രാസനത്തിൽ ഉൾപ്പെട്ട ഇടവകകളിലെ ഹൈസ്ക്കൂൾ കോളജ് വിദ്യാർത്ഥികളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥി- വിദ്യാർത്ഥിനികൾക്കായി ഉന്നത ലക്ഷ്യങ്ങളിലേക്ക് നയിക്കത്തക്ക ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. മേജർ ജനറൽ എം.കെ. വർഗീസ് പണിക്കറുടെ നേതൃത്തിൽ പരിചയസമ്പന്നരായ അദ്ധ്യാ പകർ ഇതിന് നേതൃത്വം നൽകുന്നു. ശാരാശരി 40 വിദ്യാർത്ഥികൾ ക്യാമ്പു കളിൽ സംബന്ധിച്ചുവരുന്നു.

സ്കൂൾ വർഷാരംഭത്തിൽ ഭദ്രാസനത്തിലെ പുതിയ ഇടവക കളിലെ സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന കുട്ടികൾക്ക് പഠനോപകരണങ്ങൾ നൽകു**ന്നതിനും** അവർക്കായി സ്കൂൾ വർഷാരംഭ റിട്രീറ്റ് ക്രമീകരിക്കുന്നതിനും കഴിഞ്ഞു.

ഭദ്രാസന വികസന സംഘം: കാർഷിക പരിശീലനം, ജൈവകൃഷി പ്രോത്സാഹനം, തേനീച്ച വളർത്തൽ, മുട്ടകോഴി വളർത്തൽ പരിശീലനം ഇവ നടത്തുകയുണ്ടായി. ഓണത്തിന് ഒരു നേന്ത്രക്കുല എന്ന പ്രോഗ്രാമിൽ ഉൾപ്പെടുത്തി ഏത്തവാഴ കൃഷി പലയിടങ്ങളിൽ ചെയ്യുകയും ഭദ്രാസന വികസന സംഘത്തിന്റെ നേതൃത്വത്തിൽ വിളവെടുപ്പ് നടത്തുകയും ചെയ്തു.

പട്ടംകൊടശുശ്രൂഷ: പന്തളം മാർത്തോമ്മാ ഇടവകയിൽ ജൂൺ 06-നും കുളക്കട സെന്റ് തോമസ് ഇടവകയിൽ ജൂലൈ 09-നും കുറിയന്നൂർ ശാലേം ഇടവകയിൽ ജൂലൈ 19-നും നടന്ന പട്ടംകൊട ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

കോൺഫ്രൻസുകൾ: ബൈബിൾ സൊസൈറ്റിയുടെ കേരളാ ഓക്സിയലറി എക്സിക്യൂട്ടീവ് കമ്മറ്റിഅംഗം, ദേശീയ കൗൺസിൽ അംഗം എന്ന നിലകളിൽ വിവിധ മീറ്റിംഗുകളിൽ സംബന്ധിച്ചു. കൊമ്പാടി ഇ.ജെ. ഇൻസ്റ്റി ട്യൂട്ടിന്റെ ബിരുദദാന ചടങ്ങിൽ മുഖ്യ സന്ദേശം നൽകി. തിരുവല്ല വൈ എം.സി.എ. സംഘടിപ്പിച്ച സാം ഫിലിപ്പ് മെമ്മോറിയിൽ പ്രഭാഷണത്തിന് നേതൃത്വം നൽകി. സെപ്റ്റംബർ 12 മുൽ 14 വരെ നടത്തപ്പെട്ട സഭാ പ്രതിനിധി മണ്ഡലം യോഗങ്ങളിൽ സംബന്ധിച്ചു. നോർത്ത് അമേരിക്ക ഭദ്രാസനം ഹൂസ്റ്റണിൽവെച്ച് നടത്തിയ സേവികാസംഘം കോൺഫ്രൻസിൽ ക്ളാസുകൾക്ക് നേതൃത്വം നൽകി, ഫിലാഡൽഫിയായിൽ നടന്ന ഭദ്രാസന യുവജന സഖ്യം കോൺഫ്രൻസിൽ സംബന്ധിച്ചു, ഭദ്രാസനത്തിന്റെ മെക്സിക്കോ മിഷൻ സന്ദർശിച്ചു. നവംബർ 12-ന് കോട്ടയം ദൈവദിക സെമിനാരി സംഘടിപ്പിച്ച പൂർവ്വവിദ്യാർത്ഥി സമ്മേളനത്തിൽ നേതൃത്വം വഹിച്ചു. പെരുമ്പാവൂർ വിമൻസ് കോളജിന്റെ ഫൗണ്ടേഴ്സ് ഡേ പ്രോഗ്രാമിൽ മുഖ്യാതി ഥിയായി സംബന്ധിച്ച് പ്രഭാഷണം നൽകി. നവംബർ 26 മുതൽ 29 വരെ ചരൽക്കുന്നിൽ നടന്ന വാർഷിക വൈദിക കോൺ ഫ്രൻസിൽ സംബന്ധിച്ചു, 29-ാം തീയതി നടന്ന വിശുദ്ധ കുർബ്ബാനയ്ക്ക് നേതൃത്വം നൽകി. ഹോസ്കോട്ട് നേഴ്സിംഗ് കോളജിന്റെ ലാംപ്ലൈറ്റനിംഗ് പ്രോഗ്രം, മാർത്തോമ്മാ യുവജനസഖ്യം കേന്ദ്ര കലാമേള, ഓതറ എ.എം.എം സ്കൂൾ വാർഷികം എന്നിവടങ്ങളിൽ സന്ദേശം നൽകി. അഖില ലോക സഭാകൗൺ സിലിന്റെ 11-ാ മത് കോൺഫ്രൻസിന്റെ ചിന്താവിഷയമായ വിഭജിക്കപ്പെട്ട ലോകത്തിൽ അനുരഞ്ജനത്തിനായുള്ള ആഹ്വാനം അടിസ്ഥാനമാക്കി മാർത്തോമ്മാ സെമിനാരിയിൽ ഫെബ്രുവരി 4-ന് നടന്ന പ്രഭാഷണ ത്തിന് നേതൃത്വം നിൽകി. 2019 ഡിസംബർ 08 ഭദ്രാസനമായി ക്രമീകരിച്ച സ്യഷ്ടിക്ക് ഒരു സങ്കീർത്തനം എന്ന ക്രിസ്തുമസ് ഗാനസന്ധ്യയ്ക്ക് നേതൃത്വം നൽകി, സഹിത്യകാരൻ ബന്യാമിൻ മുഖ്യസന്ദേശം നൽകി. റാന്നി ഭദ്രാസനത്തിന്റെ ഇടയഗീതം, എറണാകുളം സെന്റർ സേവികാസംഘം, അടൂർ മാർക്രിസോസ്റ്റം കോളേജ്, മണക്കാല ഗുരുകുലം, പത്തനാപുരം ആശഭവൻ തറയിൽ കടവ് മിഷൻ, അടൂർ എക്യൂമിനിക്കൽ യൂണിയൻ ക്രിസ്തുമസ് പ്രോഗ്രാമു കളിൽ മുഖ്യസന്ദേശം നൽകി. 2020 ഫെബ്രുവരി 09 മുതൽ 16 വരെ നടന്ന മാരാമൺ കൺവൻഷനിൽ സംബന്ധിച്ചു. 11-ാം തീയതി രാവിലെ യോഗത്തിൽ മുഖ്യസന്ദേശം നൽകി. സഭാകൗൺസിൽ മീറ്റിംഗുകളിലും എപ്പിസ്കോപ്പൽ സിനഡ് മീറ്റിംഗുകളിലും ക്രമമായി സംബന്ധിച്ചു.

സോഷ്യോ പൊളിറ്റിക്കൽ കമ്മീഷൻ: 2020 ജനുവരി 17-ന് തിരുവനന്തപുരം JMM Study centre-ൽ സോഷ്യോ പൊളിറ്റിക്കൽ കമ്മീഷന്റെ ആഭിമുഖ്യത്തിൽ പൗരത്വ ഭേദഗതി നിയമത്തെക്കുറിച്ച് നടന്ന സെമിനാറിൽ അദ്ധ്യ ക്ഷത വഹിച്ചു. Kerela Council of Historical Research ഡയറക്ടർ ഡോ. സനൽ മോഹൻ മുഖ്യപ്രഭാഷണം നടത്തി.

വൈദീക പഠന മീറ്റിംഗുകൾ: എല്ലാ മാസത്തിന്റെയും ഒന്നാം ചൊവ്വാഴ്ച ഭദ്രാസനത്തിലെ വൈദികർ ഏവൻഗേലിയോൻ ഫെലോഷിപ്പിനായി അടൂർ യൂത്ത്സെന്റർ ചാപ്പലിൽ ഒത്തു കൂടുന്നു. വചന പഠനത്തിനും അവലോകനങ്ങൾക്കും ഈ കൂടിവരവ് സഹായിക്കുന്നു. എല്ലാ ഒന്നാം ബുധനാഴ്ച കളിലും ഭദ്രാസന സുവിശേഷകരുടെ മീറ്റിംഗും പ്രവർത്തന അവലോകനവും നടത്തുന്നു.

ഭദ്രാസന അസംബ്ളി, കൗൺസിൽ: അടൂർ ഭദ്രാസന അസംബ്ളി 2019 ജൂലൈ 13-ന് അടൂർ സ്പരിറ്റ്വാലിറ്റി സെന്ററിൽ നടത്തപ്പെട്ടു. റിപ്പോർട്ട് വർഷം ഭദ്രാസന കൗൺസിൽ 6 യോഗങ്ങൾ കൂടി ഭരണപരമായ തീരുമാനങ്ങൾ കൈക്കൊണ്ടു.

ഭദ്രാസന കൺവൻഷൻ: 2020 ജനുവരി 02 മുതൽ 06 വരെയുള്ള ദിവസങ്ങളിൽ അടൂർ കൺവൻഷൻ നഗറിൽ വെച്ച് നടന്ന ഭദ്രാസന കൺവൻഷന്റെ എല്ലാ മീറ്റിംഗു കളിലും സംബന്ധിച്ച് നേതൃത്വം നൽകി. ഇതുകൂടാതെ ഇടത്തറ, കലയപുരം സീയോൻകുന്ന്, വെസ്റ്റ് കല്ലട എന്നിവടങ്ങളിൽ നടന്ന പ്രാദേശിക കൺവൻഷനുകൾക്കും നേതൃത്വം നൽകി. 2019 ജനുവരി 26-ന് ഭദ്രാസന കുടുംബ സംഗമം നടത്തപ്പെട്ടു. അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രപ്പോലീത്താ ഉദ്ഘാടനം ചെയ്ത 2020 കൺവൻഷനിൽ 40-ാം വർഷത്തിലേക്ക് പ്രവേശിക്കുന്ന അടൂർ ഭദ്രാസനത്തിന്റെ റൂബി ജൂബിലിആഘോഷ ങ്ങൾക്ക് തുടക്കം കുറിച്ചു. കുടുംബ ദൃഢീകരണം എന്ന വിഷയം അടിസ്ഥാനമാക്കി തയ്യാറാക്കിയ അനുദിന ധ്യാന ചിന്തകളടങ്ങിയ വചനകൂട് എന്ന ഗ്രന്ഥം പ്രകാശനം ചെയ്തു.

മിഷൻ ഫീൽഡ് സന്ദർശനം: ഭദ്രാസനത്തിന്റെ ചുമതലയിൽ നടക്കുന്ന മിഷൻ ഫീൽഡുകൾ, അനുബന്ധസ്ഥാപനങ്ങൾ ഇവ സന്ദർശിച്ചു. മിഷനറി അച്ചൻമാരുടെയും സുവിശേഷ കരുടെയും പ്രവർത്തനങ്ങൾ നേരിൽകണ്ട് അവലോകനം

ചെയ്തു. കേരളത്തിന് പുറത്ത് ഗഡ്ഗേശ്വർ, സത്യവാടി എന്നിവിടങ്ങളിലെ പ്രവർത്തനങ്ങൾക്കും ആവശ്യമായ കൈത്താങ്ങലുകൾ നൽകുന്നു.

തറയിൽകടവ്, പുതുപ്പള്ളി, മണിവേലികടവ് മിഷൻ: കായംകുളം തറയിൽക്കടവിൽ ഒരു മിഷൻഹൗസ് നിർമ്മിച്ച് കുദാശ നടത്തി, അൽ-അയിൻ ഇടവകയുടെ സഹയത്തോടെ ഇവിടെയുള്ള ആരാധനലയത്തിന്റെ പുനർനിർമ്മാണം പൂർത്തിയായിവരുന്നു. കുട്ടികളുടെ വിദ്യഭാസത്തിനും ആരോഗ്യ പരിപാലനത്തിനും ഇവിടെയുള്ള പ്രവർത്തനങ്ങൾ ഊന്നൽ നൽകുന്നു.

കായംകുളം പുതുപ്പള്ളിയിൽ തയ്യൽ പരിശീലനം, സായാഹ്ന മെഡിക്കൽ ക്ളിനിക്ക്, മാരകരോഗബാധിതർക്ക് വൈദ്യസഹായവും ഓരോ മാസത്തേക്കുള്ള ഫുഡ്കിറ്റും നൽകി വരുന്നു. മണിവേലികടവിലെ പ്രവർത്തനങ്ങൾ പുതുതായി ആരംഭിച്ചതാണ്. ഈ പ്രവർത്തനങ്ങൾക്ക് അൽ-അയിൻ (UAE) ഇടവകയും മറ്റ് അഭ്യുദയകാംഷികളും നിർല്ലോഭമായ സഹായങ്ങൾ നൽകുന്നത് നന്ദിയോടെ സ്മരിക്കുന്നു. പഴയ ചാപ്പൽ പുതുക്കിപണിയുന്നതിനുള്ള അടിസ്ഥാനശില സ്ഥാപിച്ചു.

മാർത്തോമ്മാ സുവിശേഷ സേവികാസംഘം ശതാബ്ദി ആഘോഷങ്ങൾ: സംഘം പ്രസിഡന്റ് എന്ന നിലയിൽ സുവിശേഷ സേവികാ സംഘത്തിന്റെ വിവിധ സ്ഥലങ്ങളിൽ നടന്ന സമ്മേളനങ്ങളിൽ അദ്ധ്യക്ഷത വഹിച്ചു. ശതാബ്ദിയുടെ ഭാഗമായി ആരംഭിച്ച സാക്ഷ്യ കർമ്മ പദ്ധതിയിലൂടെ അവഗണിക്കപ്പെട്ടവരും പാർശ്വവത്ക്കരിക്കപ്പെട്ടവരുമായ സ്ത്രീകളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കോണ്ടുവരുന്നതിനും, സ്ത്രീകൾക്കായി തൊഴിൽ പരിശീലനം, ആരോഗ്യപരിചരണം ഭവനനിർമ്മാണ സഹായം, പഠന സഹായം, ചികിത്സാസഹായം എന്നിവ നടപ്പാക്കുന്നതിന് യത്നിക്കുന്നു.

ടൈറ്റസ് സെക്കന്റ് ടീച്ചേഴ്സ് ട്രെയിനിംഗ് കോളജ് ഗവേണിംഗ് ബോർഡിന്റെ അദ്ധ്യക്ഷനായി പ്രവർത്തിക്കുന്നു. സഭയുടെ സോഷ്യോ-പൊളിറ്റിക്കൽ കമ്മീഷൻ ചെയർമാൻ, ബൈബിൾ സൊസൈറ്റി സ്റ്റേറ്റ്, നാഷണൽ സമിതികളിലെ അംഗം എന്നീ നിലകളിൽ സഭ ഏല്പിച്ച ശുശ്രൂഷകൾ നിറവേറ്റുന്നതിന് ദൈവം കൃപചെയ്തു.

അടൂർ ഭദ്രാസന അദ്ധ്യക്ഷൻ എന്ന നിലയിൽ പ്രവർത്തിക്കുവാൻ ബഹു. എപ്പിസ്ക്കോപ്പൽ സിനഡ്, സഭാ കൗൺസിൽ, പട്ടക്കാർ, സുവിശേഷകർ, ഭദ്രാസന കൗൺസിൽ, ജനങ്ങൾ തുടങ്ങി എല്ലാവരുടെയും ആത്മാർത്ഥമായ സഹായ സഹകരണങ്ങൾ ലഭിച്ചതോർത്ത് ദൈവത്തെ സ്തുതിക്കുന്നു. തുടർന്നും പ്രാർത്ഥനയിൽ ഓർക്കണമേ.

2.9 റൈറ്റ്. റവ. ഡോ. മാത്യൂസ് മാർ മക്കാറിയോസ് എപ്പിസ്ക്കോപ്പാ

ദൈവം യേശു ക്രിസ്തുവിലൂടെ സാധ്യമാക്കിയ രക്ഷാപദ്ധതിയി ലുള്ള പങ്കാളിത്തമാണ് ക്രിസ്തീയ ശുശ്രൂഷ. ചെന്നൈ - ബാംഗ്ലൂർ ഭദ്രാസന എപ്പിസ്കോപ്പാ എന്ന നിലയിൽ കഴിഞ്ഞ ഒരു വർഷം കൂടി ശുശ്രൂഷ ചെയ്യുവാൻ ഇടയായതിൽ ദൈവത്തെ സ്തുതിക്കുന്നു. ലോകത്തിന്റെ വിവിധ ഇടങ്ങളിൽ ആശങ്കകൾ സൃഷ്ടിച്ച് രോഗങ്ങൾ പടരുന്നു. ഭാരതത്തിൽ എല്ലാ ജനതയ്ക്കും നീതി ലഭിക്കുന്നുണ്ടോ എന്ന ഭയാശങ്കകൾ ഉളവാക്കപ്പെടുന്നു. ഈ സാഹചര്യത്തിൽ സഭയുടെ ശുശ്രൂഷ കൂടുതൽ വെല്ലുവിളികൾ നേരിടുന്നു. കൂടുതൽ അർത്ഥവത്തായ ശുശ്രൂഷ സാധ്യമാകേണ്ടിയിരിക്കുന്നു. നമുക്കും നമ്മുടെ ചുറ്റുപാടുകൾക്കു വേണ്ടിയും കൂടുതൽ വിശ്വാസത്തോടു കൂടി പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു. മനുഷ്യ ജീവിത സാഹചര്യങ്ങളിൽ ആധുനികത തീർത്ത വിള്ളലുകൾ വളരെയാണ് അവയുടെ സ്വാധീനത്താൽ പരിവർത്തിതമായിരിക്കുന്ന ചുറ്റുപാടുകളും ധാരാളം. ഇവയുടെ മധ്യത്തിൽ ഒരു വ്യതിരിക്ത സമൂഹമായി നിലനിന്ന് നാം സാക്ഷ്യം വഹിക്കേണ്ടിയിരി ക്കുന്നു. അത് സഭ ഒരു കൗദാശിക സമൂഹമായി നിലനിൽക്കുക എന്നതാണ്. ദൈവജനത്തോടു ചേർന്ന് സഭയുടെയും ഭദ്രാസനത്തിന്റെയും പ്രവർത്തനങ്ങളിൽ പങ്കാളിത്തം വഹിക്കുവാൻ ഇടയായി. സമൂഹത്തിന്റെയും സഭയുടെയും പൊതുനന്മയ്ക്കും പുരോഗതിക്കും സുവിശേഷത്തിന്റെ വ്യാപനത്തിനും വേണ്ടി പ്രവർത്തിക്കുന്നതിന് നിരവധി അവസരങ്ങൾ ലഭിച്ചു. എപ്പിസ്കോപ്പൽ സിനഡിന്റെയും, പട്ടക്കാരുടെയും, സുവിശേഷ കരുടെയും, വിശ്വാസ സമൂഹത്തിന്റെയും പ്രാർത്ഥനയും സ്നേ ഹവും സഹകരണവും ശുശ്രൂഷയ്ക്ക് പ്രചോദനം നല്കുന്നു.

ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളായ തമിഴ്നാട്, കർണ്ണാടക, ആന്ധ്രപ്രദേശ്, തെലുങ്കാന, കേന്ദ്രഭരണ പ്രദേശങ്ങളായ ആൻഡമാൻ നിക്കോബാർ ദ്വീപുകൾ, പോണ്ടിച്ചേരി, എന്നീ പ്രദേശങ്ങളിൽ സ്ഥിതിചെയ്യുന്ന ഇടവകകളും കുവൈറ്റ് സെന്റ്. ജെയിംസ്, സെന്റ്. തോമസ് എന്നീ വിദേശ ഇടവകകളും മിഷൻ കേന്ദ്രങ്ങളും ഉൾപ്പെടുന്ന ഈ ഭദ്രാസനത്തിന്റെ സുവിശേഷ മുന്നേറ്റം അനുഗ്രഹമായി നിർവ്വഹിക്കപ്പെടുന്നു.

അനേകം മിഷൻ ഫീൽഡുകൾ ഉൾക്കൊള്ളുന്ന ഒരു ഭദ്രാസനമാണ് ചെന്നൈ-ബാംഗ്ലൂർ ഭദ്രാസനം. മിഷനറി അച്ചൻമാരും സുവിശേഷകരും തദ്ദേശീയരായ ജനങ്ങളുടെ ഇടയിൽ വളരെ ഉത്സാഹപൂർവ്വം സുവിശേഷപ്രവർത്തനത്തിന് നേതൃത്വം നൽകുന്നു. വിവിധ ഭാഷകളുടെയും, സംസ്ക്കാരങ്ങളുടെയും ഒത്തുചേരൽ ഈ ഭദ്രാസനത്തെ വ്യത്യസ്തമാക്കുന്നു.

ഭദ്രാസനത്തിന്റെ ചുമതലയിലുള്ള മിഷൻ ഫീൽഡുകളോട് ചേർന്ന് സുവിശേഷ പ്രസംഗസംഘത്തിന്റെ ചുമതലയിലുള്ള മിഷൻ പ്രവർത്തനങ്ങളും, കേരളത്തിലെ വിവിധ ഭദ്രാസനങ്ങൾ ഏറ്റെടുത്ത് നടത്തുന്ന മിഷൻ കേന്ദ്രങ്ങളും ചേർന്നുള്ള ഈ ഭദ്രാസനത്തിന്റെ പ്രവർത്തനം സവിശേഷത നിറഞ്ഞതാണ്. സമൂഹത്തിന്റെ വളർച്ചയ്ക്കും തദ്ദേശീയരായ വിശ്വാസികളുടെ ഉന്നമനത്തിനുമായി വിവിധ പ്രവർത്തനങ്ങളും, പരിപാടികളും ക്രമീകരിക്കുവാൻ ഈ വർഷവും സർവ്വശക്തൻ സഹായിച്ചു.

10 സെന്ററുകളിലായി 74 ഇടവകകളും 71 കോൺഗ്രിഗേഷനുകളും 54 ചാപ്പലുകളും 44 മിഷൻ കേന്ദ്രങ്ങളും ഉൾപ്പെടുന്നതാണ് ഈ ഭദ്രാസനം. റിപ്പോർട്ട് വർഷം 46 ഇടവകകൾ സന്ദർശിച്ച് വി. കുർബ്ബാന അനുഷ്ഠിക്കുകയും വിവിധ പരിപാടികൾക്ക് നേതൃത്വം നൽകുകയും ചെയ്തു. ഇടവകകൾ സന്ദർശിക്കുമ്പോൾ പോഷകസംഘടനകളുടെ ചുമതലക്കാരെ കാണുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്യുന്നു. ഭദ്രാസനത്തിന് പുറത്ത് 8 ഇടവകകൾ സന്ദർശിക്കുകയും വി. കുർബ്ബാന അനുഷ്ഠിക്കുകയും വിവിധ ശുശ്രൂഷകൾക്കും മീറ്റിംഗുകൾക്കും അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു.

ഭദ്രാസനത്തിലെ വൈദികരുടെ ഒത്തുചേരൽ: ഭദ്രാസനത്തിലെ വിവിധ സെന്ററുകളിൽ വൈദികരുടെ ഒത്തുചേരൽ ക്രമീകൃതമായി നടക്കുന്നു. 2019 നവംമ്പർ 5 മുതൽ 8-ാം തീയതി വരെ ഗോവയിലെ Catholic Pilar Seminary യിൽ വച്ച് വാർഷിക വൈദിക സമ്മേളനം നടത്തപ്പെട്ടു. 'kenosis unveil the time' എന്നതായിരുന്നു ചിന്താവിഷയം. ഭദ്രാസനത്തിലെ എല്ലാ അച്ചൻമാരും കോൺഫറൻസിൽ പങ്കടുത്തു. ഈ കോൺഫറൻസിന് നേതൃത്വം നൽകാൻ സാധിച്ചു.

ടീനേജേഴ്സ് കോൺഫറൻസ്: ഭദ്രാസനത്തിന്റെ ടീനേജേഴ്സ് കോൺഫറൻസ് ഷോളയൂർ ദർശന റിഹാബിലിറ്റേഷൻ സെന്ററിൽ 2019 ആഗസ്റ്റ് 31 മുതൽ സെപ്റ്റബർ 2 വരെ നടത്തപ്പെട്ടു. 90 ഓളം ടീനേജ് കുട്ടികൾ പങ്കെടുത്തു.

ഡയോസിഷൻ യൂത്ത് കോൺഫറൻസ് : ഭദ്രാസനത്തിലെ 500 ഓളം യുവജനങ്ങൾ പങ്കെടുത്ത 14-ാമത് ഭദ്രാസന യുവജന സമ്മേളനം 2019 മെയ് 30 മുതൽ ജൂൺ 2 വരെ ചെന്നൈ ഹിന്ദുസ്ഥാൻ യൂണിവേഴ്സിറ്റി ക്യാമ്പസിൽ നടത്തപ്പെട്ടു. ചെന്നൈ സെന്റർ കോൺഫറൻസിന്റെ നടത്തിപ്പിന് ക്രമീകരണം ചെയ്തു. റവ. സി.എ. ബെഞ്ചമിൻ കോൺഫറൻസിനു നേതൃത്വം നൽകി. ഇതിൽ ആദിയോടന്തം പങ്കെടുത്ത് നേതൃത്വം നല്കി.

റീജിനൽ യൂത്ത് കോൺഫൺറൻസ് : ഭദ്രാസനത്തിന്റെ ചുമതലയിലുള്ള വിവിധ പ്രദേശങ്ങളിലെ പ്രാദേശിക യുവജനങ്ങളെ ഒരുമിപ്പിച്ച് പല സംസ്ഥാനങ്ങളിലായി റീജിനൽ

യൂത്ത് കോൺഫറൻസ് നടത്തുവാൻ സാധിച്ചു. കന്നഡ റീജനൽ യൂത്ത് കോൺഫറൻസ് 2019 ഒക്ടോബർ 25 മുതൽ 27 വരെ ബീരസാന്ദ്രയിലുള്ള മാർത്തോമ്മാ ക്യാമ്പ് സെന്ററിൽ വച്ചും തമിഴ് റീജിനൽ യൂത്ത് കോൺഫറൻസ് ഡിൻഡിഗലിൽ വച്ച് 2020 ജനുവരി 3 മുതൽ 5 വരെയും തെലുങ്ക് റീജനൽ യൂത്ത് കോൺഫറൻസ് 2020 ജനുവരി 14 മുതൽ 15 വരെ മൈദാക്കൂറിലും നടത്തപ്പെട്ടു. തദ്ദേശീയരായ 300 ൽപരം യുവജനങ്ങൾ ഒരോ കോൺഫറൻസുകളിലും പങ്കെടുത്തു. നമ്മുടെ സുവിശേഷവേലയുടെ ഫലങ്ങളാണ് ഈ യുവതലമുറ. ഇങ്ങനെയുള്ള കൂടിവരവുകൾ യുവതല മുറയെ കൂടുതൽ വിശ്വാസത്തിൽ ഉറപ്പിച്ച് നിർത്താൻ മുഖാന്തരമാകുന്നു. പ്രസ്തുത കോൺഫറൻസുകളിൽ പങ്കെടുക്കുവാനും നേതൃത്വം നൽകുവാനും സാധിച്ചു.

ഇടവക ചുമതലക്കാരുടെ മീറ്റിംഗ് : ഭദ്രാസനത്തിലെ വിവിധ സെന്ററുകളായ ചെന്നൈ, ബാംഗ്ലൂർ, കോയമ്പത്തൂർ, ഹൈദ്രബാദ് - സെക്കന്തരാബാദ് എന്നീ സെന്ററുകളിൽ ഉൾപ്പെടുന്ന ഇടവക ചുമതലക്കാരുടെ ഓരോ ഏകദിന പഠന സമ്മേളനം ക്രമീകരിക്കുകയുണ്ടായി. എല്ലാ സെന്ററുകളിലേയും മീറ്റിംഗുകളിൽ അദ്ധ്യക്ഷത വഹിച്ചു.

പെയിൻ ആന്റ് പാലിയേറ്റിവ് : ചെന്നൈ, ബാംഗളൂർ സെന്ററുകളിലുള്ള ഇടവകകളിലും പരിസര പ്രദേശങ്ങളിലും ഉള്ള രോഗികളുടെയും വാർദ്ധക്യസഹജമായ ക്ഷീണാവസ്ഥയിലാ യിരിക്കുന്നവരുടെയും കരുതലിനു വേണ്ടി പെയിൻ ആന്റ് പാലിയേറ്റിവ് കെയർ യൂണിറ്റുകളുടെ പ്രവർത്തനം ഭംഗിയായി നടത്തപ്പെടുന്നു. സന്നദ്ധപ്രവർത്തകരെ ഏകോപിപ്പിച്ച് സംഘമായി പ്രവർത്തിക്കുകയും രോഗികളെ സന്ദർശിക്കുകയും അവർക്കു വേണ്ടുന്ന കൈത്താങ്ങലുകൾ നൽകിയും വരുന്നു. ഇടവക സന്ദർശന വേളയിൽ വികാരിമാരോടും പെയിൻ ആന്റ് പാലിയേറ്റിവ് കെയർ വൊളന്റിയേഴ്സിനോടും ചേർന്ന് രോഗികളായവരേയും പ്രായധിക്യക്ഷീണത്തിലായിരിക്കുന്നവരെയും സന്ദർശിക്കുവാൻ സാധിച്ചു.

സെന്റർ കൺവൻഷൻ : ഭദ്രാസനത്തിന്റെ നേതൃത്വത്തിലുള്ള കൺവൻഷനുകൾ മൂന്ന് സെന്ററുകളിലായി നടത്തപ്പെട്ടു. ഹൈദരാബാദ് - സെക്കന്തരാബാദ് സെന്റർ കൺവൻഷൻ 2019 നവംബർ 14-17 വരെ നടന്നു. ബാംഗ്ലൂർ സെന്റർ കൺവൻഷൻ 2020 ജനുവരി 16-19വരെ നടന്നു. ചെന്നൈ സെന്റർ കൺവൻ ഷൻ 2020 ജനുവരി 10-12 വരെ നടന്നു. ഈ മൂന്നു സെന്ററുകളിലായി നടത്തപ്പെട്ട എല്ലാ കൺവൻഷൻ മീറ്റിംഗുകളിലും പങ്കെടുക്കുവാനും നേതൃത്വം നൽകുവാനും സാധിച്ചു.

തദ്ദേശീയ വിശ്വാസികളുടെ സംഗമം: തദ്ദേശീയ വിശ്വാസികളുടെ ഏകദിന സമ്മേളനങ്ങൾ വിവിധ കേന്ദ്രങ്ങളിൽ നടത്തപ്പെട്ടു. ബാംഗ്ലൂർ ബീരസാന്ദ്ര ക്യാമ്പ് സെന്ററിൽ വച്ചു നടന്ന കന്നട വിശ്വാസ സംഗമത്തിൽ 2000-ൽപരം വിശ്വാസികൾ സംബന്ധിക്കുകയും ഒരു ദിവസം പൂർണ്ണമായും വചന പഠനത്തിനായും കൂട്ടായ്മയ്ക്കായും ചെലവഴിക്കുകയും ചെയ്തു.

സ്റ്റുഡൻസ് മിനിസ്ട്രി: ബാംഗ്ലൂർ, ബല്ലാരി, ബൽഗാം, ചെന്നൈ, പോണ്ടിച്ചേരി, കോയമ്പത്തൂർ, ഈറോഡ്, കടപ്പ, ദാവൻഗരെ, ഗുൽബർഗ, ഹൈദരാബാദ്, സെക്കന്തരാബാദ്, കുമാരപാളയം, മംഗലാപുരം, മണിപ്പാൽ, സേലം, തുംകൂർ, വെല്ലൂർ, കാരെക്കൽ എന്നീ 21 പ്രധാന കേന്ദ്രങ്ങളിൽ, ഉപരിപഠനാർത്ഥം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും ഭദ്രാസനാ തിർത്തി യിലുള്ള കലാലയങ്ങളിൽ വന്നു ചേരുന്ന കുട്ടികളുടെ ആത്മീയ പരിപോഷണത്തിനും വളർച്ചയ്ക്കും ഉതകുന്ന പ്രവർത്തനങ്ങൾ ചെയ്തുവരുന്നു. സ്റ്റുഡൻസ് ചാപ്ലയിൻ അച്ചന്മാർ അതിനു നേതൃത്വം നൽകുന്നു. ഇടവകകൾ സന്ദർശിക്കുമ്പോൾ ആരാധനയ്ക്കു ശേഷം യുവജനങ്ങളുടെ കൂടിവരവ് ക്രമീകരിക്കുകയും അതിലൂടെ അവരെ പരിചയപ്പെടുകയും അവർക്ക് മീറ്റിംഗിന് വേണ്ടുന്ന നിർദേശങ്ങൾ നൽകുകയും കൂടിവരവിന് നേതൃത്വം നൽകിവരികയും ചെയ്യുന്നു.

അഡയാർ കാൻസർ സെന്റർ വിസിറ്റ് : ചെന്നൈയിലെ യുവജനങ്ങളെ പങ്കെടുപ്പിച്ച് അഡയാർ കാൻസർ സെന്റർ വിസിറ്റ് ക്രമീകൃതമായി നടക്കുന്നു. രോഗികളായവരെ സന്ദർശിച്ച് അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും Nutritional food kit നൽകുകയും ചെയ്തു.

അൻപിൻ കരം : ഭദ്രാസനത്തിന്റെ ചുമതലയിലുള്ള കുരുവാക്കളം മിഷനിൽ HIV/AIDS ബാധിതരുടെ ബോധവത്കരണത്തിനും, കൂട്ടായ്മയ്ക്കുമായി 'അൻപിൻ കരം' എന്ന പേരിൽ ഒരു കൂട്ടായ്മ നടത്തപ്പെടുന്നു. 250ൽ അധികമാളുകൾ ക്രമമായി സംബന്ധിക്കുന്നു. പങ്കെടുക്കുന്നവർക്ക് കൗൺസിലിംഗ് ക്ലാസുകൾ നൽകുന്നു. ധാന്യവർഗ്ഗങ്ങൾ അടങ്ങിയ ഫുഡ് കിറ്റ് നൽകുന്നു. പ്രവർത്തനങ്ങൾക്ക് ആവശ്യമായ നേതൃത്വവും, നിർദ്ദേശങ്ങളും നൽകുന്നു.

പട്ടംകൊട ശുശ്രൂഷ: 2019 June 11-ാം തീയതി KR PURAM BETHEL MTC ൽ വച്ച് റവ: Lethin Joseph നു കശ്ശീശ പട്ടം നല്കപ്പെട്ടു. റവ: നരേഷ് ബാബുവിനും റവ: വസന്ത് പോളിനും 2019 October 14-ന് St. Thomas Mar Thoma Church ചിന്താമണിയിൽ വച്ച് ശെമ്മാശ്ശ പട്ടം കൊട ശുശ്രൂഷയും November 9-ന് ബൽഗാം മാർത്തോമ്മാ പള്ളിയിൽ വച്ച് കശ്ശീശ്ശ പട്ടംകൊട ശുശ്രൂഷയും നടത്തപ്പെട്ടു. ഈ ശുശ്രൂഷകൾക്ക് പ്രധാന കാർമ്മികത്വം നൽകാൻ സാധിച്ചു. ഭദ്രാസനത്തിൽ നിന്ന് ഈ വർഷം 3 വൈദീക വിദ്യാർത്ഥികൾ സഭാ ശുശ്രൂഷയിലേക്ക് പ്രവേശിച്ചു.

ദൈവാലയ ശിലാസ്ഥാപനവും കൂദാശകളും : 2019 ജൂലൈ 20-ന് ദേവനഹള്ളി മിഷനിൽ ഉൾപ്പെടുന്ന ചാപ്പലിന്റെ ശിലാസ്ഥാപന ശുശ്രൂഷയും, 2019 ഏപ്രിൽ 7-ന് മാംഗ്ലൂർ പാരിഷ് ഹാളിന്റെ സമർപ്പണ ശുശ്രൂഷയും, 2019 ഏപ്രിൽ 15-ന് കുംത, അലള്ളി Community Hall സമർപ്പണ ശുശ്രൂഷയും 2019 മെയ് 4-ന് ICSA നിർമ്മിച്ച Jubilee centre ന്റെ സമർപ്പണ ശുശ്രൂഷയും, 2019 ജൂൺ 29-ന് നീരേട്മേട്ട് പുതുതായി നിർമ്മിക്കുന്ന ദൈവാലയത്തിന്റെ ശിലാസ്ഥാപന ശുശ്രൂഷയും, 2019 ആഗസ്റ്റ് 10 Adayar St. Pauls MTC നിർമ്മിച്ചു നൽകിയ മഥുരയിലെ ചാപ്പലിന്റെ കൂദാശയും, 2019 ഡിസംബർ 21-ന് ചെട്ട്പെട്ട് Madras Mar Thoma Syrian ചർച്ചിന്റെ പുതുക്കി പണിത ത്രോണോസിന്റെ പുനഃപ്രതിഷ്ഠയ്ക്കും നേതൃത്വം നൽകി. 2020 ഫെബ്രുവരി 1-ന് അയിരൂർ കർമ്മേൽ മന്ദിരത്തിന്റെ പുതിയ കെട്ടിടത്തിന് ശിലാസ്ഥാപന ശുശ്രൂഷ മന്ദിരം ഫെലോഷിപ്പിന്റെ President എന്ന നിലയിൽ നിർവ്വഹിക്കാൻ സാധിച്ചു. 2019 ഒക്ടോബർ 28-ന് വിജയവാട ചാപ്പലിന്റെ പ്രതിഷ്ഠാ ശുശ്രൂഷയും നടത്തപ്പെട്ടു.

മിഷൻ ഭവനങ്ങളുടെ പ്രതിഷ്ഠ ശുശ്രൂഷ : 2019 ഡിസംബർ 7-ന് പൊള്ളാച്ചി മിഷന്റെ പാഴ്സനേജിന്റെ പ്രതിഷ്ഠാ ശുശ്രൂഷ നടത്തപ്പെട്ടു.

മിഷൻ ഫീൽഡ് ആനിവേഴ്സറി : ശിവാനാപുരം മിഷൻ, ദേവാനാഹള്ളി മിഷൻ, കെ.എൻ.എസ്. മിഷൻ എന്നീ മിഷൻ കേന്ദ്രങ്ങളുടെ ആനിവേഴ്സറിയിൽ പങ്കെടുക്കുവാനും നേതൃത്വം നൽകുവാനും സാധിച്ചു.

ഹൈയർ എഡ്യൂക്കേഷൻ കമ്മീഷൻ : സഭയുടെ ഹയർ എഡ്യൂക്കേഷൻ കമ്മീഷന്റെ ചുമതലയിൽ സഭയിലെ കോളജ് അദ്ധ്യാപകർക്കായി 2019 November 30 National Education Policy യെക്കുറിച്ച് തിരുവല്ല മാർത്തോമ്മ കോളേജിൽ വച്ച് ക്യാമ്പ് നടത്തപ്പെട്ടു. പ്രസ്തുത ക്യാമ്പിൽ സംബന്ധിച്ച് നേതൃത്വം നൽകി.

ജസ്റ്റിസ് ആൻഡ് പീസ് കമ്മീഷൻ : ബാംഗ്ലൂർ പ്രിംറോസ് റോഡ് മാർത്തോമ പള്ളിയിൽ വച്ച് 'Citizenship in India today' എന്ന വിഷയത്തിൽ ഒരു സെമിനാർ നടത്തപ്പെട്ടു. ഈ സെമിനാറിനു ബാംഗ്ലൂർ National law college professor Dr. Sarasu നേതൃത്വം നൽകി. ബാംഗ്ലൂർ സെന്ററിലുള്ള എല്ലാ വൈദികരും സഭാംഗങ്ങളും പങ്കെടുത്തു. ഈ സെമിനാറിന് നേതൃത്വം നൽകാൻ സാധിച്ചു. സഭാ പ്രതിനിധി മണ്ഡല പഠന പുസ്തകമായ. 'നവോത്ഥാനവും നവീകരണവും: ദർശനവും പ്രയോഗവും' എന്ന വിഷയത്തെ ആസ്പദമാക്കി വിവിധ സെന്ററുകളിൽ വച്ച് സെമിനാർ നടത്തപ്പെട്ടു. ഈ യോഗങ്ങൾക്കും നേതൃത്വം നൽകുവാൻ സാധിച്ചു.

ചുമട്ടുതൊഴിലാളി കൂട്ടായ്മ : ചെന്നൈ സെൻട്രറൽ റെയിൽവേ സ്റ്റേഷനുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ചുമട്ടുതൊഴിലാളികൾക്കായി ഒരു കൂട്ടായ്മ ഭദ്രാസനമായി

വലിയ തിരുമേനിയുടെ 100-ാം ജന്മദിന ആഘോഷത്തോടു നുബന്ധിച്ച് ആരംഭിച്ചു. ചുമട്ടുതൊഴിലാളികളുടെ ജീവിത ഭാരങ്ങളിൽ കൈത്താങ്ങൽ നൽകുവാൻ പ്രസ്തുത കൂടി വരവ് ഇടയാക്കുന്നു. 2019 ഡിസംബർ 19ാം തീയതി X- MAS Carol - Central Railway Station ൽ വച്ച് നടത്തപ്പെട്ടു. മാർച്ച് മാസം ലോക്ക് ഡൗൺ കാരണം ജോലി നഷ്ടമായ 100ഓളം ചുമട്ടുതൊഴിലാളികൾക്ക് provision kit കൾ നൽകാനും സാധിച്ചു.

പുതിയ കോൺഗ്രിഗേഷൻ: ബാംഗ്ലൂർ വൈറ്റ് ഫീൽഡിൽ ചുറ്റുപാടുമുള്ള സഭാജനങ്ങളുടെ കൂട്ടായ്മക്കും ആരാധനയ്ക്കുമായി പുതിയ ഒരു കോൺഗ്രിഗേഷനു എപ്പിസ്കോപ്പൽ സിനഡ് അംഗീകാരം നൽകി. 60 ഓളം കുടുംബങ്ങൾ ഈ കോൺഗ്രിഗേഷനിൽ അംഗങ്ങളായിട്ടുണ്ട്. ഈ കോൺഗ്രിഗേഷൻ സന്ദർശിക്കുകയും വിശുദ്ധ കുർബാന അനുഷ്ഠിക്കുകയും ചെയ്യാൻ സാധിച്ചു.

മിഷൻ ഫീൽഡ് സന്ദർശനം: ഭദ്രാസനത്തിന്റെ ചുമതലയിൽ ഉള്ള എല്ലാ മിഷൻ ഫീൽഡുകളും സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തുകയും, നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. സഭാപ്രതിനിധി മണ്ഡലം, സഭാ കൗൺസിൽ, എപ്പിസ്ക്കോപ്പൽ സിനഡ് എന്നിവയിലും സഭയുടെ ഔദ്യോഗിക പരിപാടികളിലും സഭയുടെ വാർഷിക വൈദീക കോൺഫറൻസിലും ക്രമമായി സംബന്ധിക്കുന്നു. മാരാമൺ കൺവൻഷനോടു അനുബന്ധിച്ച് സുവിശേഷ വേലക്കായി സമർപ്പിച്ചിട്ടുള്ളവരുടെ പ്രതിഷ്ഠാ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. സുവിശേഷ വേലക്കായി സമർപ്പിക്കപ്പെട്ട കുട്ടികളുടെ ഒരു കോൺഫറൻസ് നടത്തപ്പെട്ടു. പ്രസ്തുത കോൺഫറൻസിനു നേതൃത്വം നൽകാൻ സാധിച്ചു. NCCIയുടെ Executive committee member ആയി പ്രവർത്തിച്ചു. ക്രൈസ്തവ സാഹിത്യസമിതി ബോർഡ് ചെയർമാനായും നേതൃത്വം നല്കി. NMS ന്റെ Board Meetingൽ സംബന്ധിച്ചു. ഈ വർഷവും ICSA യുടെ ചെയർമാനായി പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുവാൻ സാധിച്ചു. ദൈവശാസ്ത്ര സാഹിത്യസമിതിയുടെയും (റ്റി.എൽ.സി) അദ്ധ്യക്ഷനായി ഈ വർഷവും നേതൃതം നല്കുവാൻ സാധിച്ചു. CASA Eastern Zonal കമ്മറ്റിയംഗം, സഭയുടെ മന്ദിരം ഫെലോഷിപ്പിന്റെ പ്രസിഡന്റായും നേതൃത്വം നല്കി. സഭയുടെ Justice and Peace Commission-ന്റെ ചെയർമാൻ, വെല്ലൂർ CMC HOSPITAL കൺസിൽ അംഗം എന്നീ നിലയിൽ പ്രവർത്തിച്ചു.

ഭദ്രാസനത്തിലെ എല്ലാ സംഘടനകളുടെയും കമ്മിറ്റികൾ, മീറ്റിംഗുകൾ, വാർഷിക സമ്മേളനങ്ങൾ എന്നിവയിൽ അദ്ധ്യക്ഷനായിരിക്കുകയും നേതൃത്വം നൽകുകയും ചെയ്തു.

ദൈവരാജ്യ ശുശ്രൂഷയ്ക്കായിട്ടാണ് നാം വിളിക്കപ്പെട്ടിരിക്കുന്നത്. ഈ കാലയളവിൽ നമ്മുടെ സമൂഹത്തിനുവേണ്ടി, ലോകത്തിനുവേണ്ടി കൂടുതൽ വിശ്വാസത്തോടുകൂടെ പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു. 'ദൈവജനം' എന്ന നിലയിൽ ഒരു വ്യത്യസ്ത സമൂഹമായി നിലനിന്ന് സാക്ഷ്യം നിർവ്വഹിക്കേണ്ടതാണ്. സഭ ഒരു കൗദാശിക സമൂഹമായി നിലനില്ക്കുക എന്നത്രെ സഭയെക്കുറിച്ചുള്ള ദൈവികപദ്ധതി. പ്രതീക്ഷ നഷ്ടപ്പെട്ട ഇടങ്ങളിൽ ദൈവജനത്തിനു പ്രതീക്ഷയുടെ വാഹകരാകാൻ സഭയ്ക്ക് കഴിയണം. ലോകമെങ്ങും രോഗത്തിന്റെ, മരണത്തിന്റെ കരിനിഴലിൽ വലയുന്ന ജനതയ്ക്ക് ഒരു മെഴുകുതിരി നാളമായ് തീരാൻ നമുക്കേവർക്കും സാധിക്കണം അതിനായ് ദൈവത്തോട് നമുക്ക് പ്രാർത്ഥിക്കാം.

2.10 റൈറ്റ്. റവ. ഡോ. ഗ്രിഗോറിയോസ് മാർ സ്തേഫാനോസ് എപ്പിസ്ക്കോപ്പാ

നമ്മുടെ കർത്താവും ദൈവവുമായ ലോകരക്ഷകനായ യേശുക്രിസ്തുവിലൂടെ ദൈവം ലോകത്തിന് സമ്മാനിച്ച രക്ഷയുടെ ഓഹരിക്കാരായി ലോകത്തിന്റെ വെളിച്ചവും ഭൂമിയുടെ ഉപ്പുമായി തീരുവാൻ വിളിച്ച് വേർതിരിക്കപ്പെട്ട ആഗോളക്രൈസ്തവ സഭയുടെ ഭാഗമായിട്ടുള്ള മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ ഡൽഹി ഭദ്രാസനത്തിന്റെ അജപാലനശുശ്രൂഷയിൽ ഭദ്രാസന എപ്പിസ്കോപ്പായായി ശുശ്രൂഷ നിർവ്വഹിപ്പാൻ ഒരു സംവത്സരം കൂടി നൽകിയ വലിയവനായ ദൈവത്തിന് സ്തുതിസ്തോത്രങ്ങൾ അർപ്പിക്കുന്നു. സുഖദുഃഖ സമ്മിശ്രമായ അനുഭവങ്ങളിലൂടെയാണ് നാം റിപ്പോർട്ടു വർഷം കടന്നുപോയത്. അപ്രതീക്ഷിതമായി കടന്നുവന്ന കൊറോണ ഭീതിയിൽ ലോകം മുഴുവൻ ആയിരിക്കുന്ന സ്ഥിതിവിശേഷവും ഉണ്ടായി. ലോകജനതയുടെമേൽ ദൈവം നൽകുന്ന അത്ഭുതകരമായ സൗഖ്യം പരിശുദ്ധാത്മാവിൽ അനുഭവിച്ചറിയുവാൻ ഇടയാകട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം. കോവിഡ്-19 രോഗബാധയ്ക്കെതിരായുള്ള പോരാട്ടത്തിൽ നിസ്തുല്യസേവനം നിർവ്വഹിക്കുന്ന നമ്മുടെ കേന്ദ്ര, സംസ്ഥാന ഭരണസംവിധാനങ്ങളേയും ലോകമെങ്ങുമുള്ള ഗവൺമെന്റ് സംവിധാനങ്ങളേയും ഡോക്ടർമാരെയും നേഴ്സുമാരെയും ആരോഗ്യരംഗത്തെ പ്രവർത്തകരെയും ഈ മഹത്തായ പ്രവർത്തനങ്ങളിൽ പ്രത്യക്ഷമായും പരോക്ഷമായും സഹകരിക്കുന്ന എല്ലാവരേയും നമുക്ക് പ്രത്യേകം പ്രാർത്ഥനയിൽ ഓർക്കാം. ഈ രോഗത്തിന് ഫലപ്രദമായ ഒരു മരുന്ന് കണ്ടുപിടിക്കുന്നതിന് ശാസ്ത്ര സമൂഹത്തിന് നല്ല ആലോചനകൾ ദൈവത്തിന്റെ പരിശുദ്ധാത്മാവിൽ വെളിപ്പെടേണ്ടതിനായി നമുക്ക് ദൈവസന്നിധിയിൽ യാചിക്കാം.

അപ്രതീക്ഷിതമായ പ്രതിസന്ധികളുടെയും പ്രശ്നസങ്കീർണ്ണതകളിലൂടെയും സഭയും സമൂഹവും ദേശവും കടന്നുപോകുമ്പോഴും പ്രതീക്ഷയുടെ സുവിശേഷമായ ക്രിസ്തു എന്ന നമ്മുടെ രക്ഷകനെ വാക്കിലൂടെയും പ്രവൃത്തിയിലൂടെയും പ്രഘോഷിക്കുവാൻ ദൈവം നൽകുന്ന ബലത്തിനായി സ്തോത്രം. അപ്പൊസ്തലനായ വിശുദ്ധ പൗലോസിനെപോലെ "എങ്കിലും ഞാനാകുന്നത് ദൈവകൃപയാലാകുന്നു" (1 കൊരി. 15:10) എന്നും "ഞങ്ങൾ സകലവിധത്തിലും കഷ്ടം സഹിക്കുന്നവർ എങ്കിലും നിരാശപ്പെടുന്നില്ല; ഉപദ്രവം അനുഭവിക്കുന്നവർ എങ്കിലും ഉപേക്ഷിക്കപ്പെടുന്നില്ല; വീണുകിടക്കുന്നവർ എങ്കിലും നശിച്ചുപോകുന്നില്ല; യേശുവിന്റെ ജീവൻ ഞങ്ങളുടെ ശരീരത്തിൽ വെളിപ്പെടേണ്ടതിന് യേശുവിന്റെ മരണം ശരീരത്തിൽ എപ്പോഴും വഹിക്കുന്നു (2 കൊരി. 4:8-10) എന്ന ഉറപ്പോടും പ്രത്യാശയോടുംകൂടി മുമ്പോട്ടു പോകുന്നതിൽ എല്ലാവരുടെയും ആത്മാർത്ഥമായ സഹകരണം ലഭിച്ചു എന്നത് നന്ദിപൂർവ്വം ഓർക്കുന്നു.

മരണത്തിന്റെ ശക്തികൾ എല്ലായിടത്തും കടന്നുകയറ്റം നടത്താൻ ശ്രമിക്കുമ്പോൾ അവിടെ സമൃദ്ധിയായ ജീവന്റെ ഉല്ലാസഘോഷം സൃഷ്ടിക്കുവാനും നിരാശയുടെ താഴ്വരകളിൽ ഉഴലുമ്പോൾ അവിടെ പ്രത്യാശയുടെ ആരോഹണഗീതങ്ങൾ പാടുവാനും ദുഃഖത്തിന് പകരം രക്ഷയുടെ സന്തോഷത്തിന്റെ ദൂതുവാഹകരാകുവാനും ഭീരുത്വത്തിന്റെ ആത്മാവിനെ അല്ല ശക്തിയുടെയും സ്നേഹത്തിന്റെയും സുബോധത്തിന്റെയും ആത്മാവിനെ പ്രാപിപ്പാനും ക്രിസ്തു എന്ന നിസ്തുല്യ സുവിശേഷത്തെ സാക്ഷ്യത്തിന്റെ നിറശോഭയോടെ ലോകത്തോട് പ്രഖ്യാപിപ്പാനും നിയോഗം ലഭിച്ച മലങ്കര മാർത്തോമ്മാ സുറിയാനി സഭയിലെ വിശ്വാസ സമൂഹം മലങ്കരയിൽ മാത്രം ഒതുങ്ങിനിൽക്കാതെ കേരളത്തിന്റെ അതിർത്തികൾ കടന്ന് ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലേക്കും ലോകത്തിന്റെ പല ഇടങ്ങളിലേക്കും വ്യത്യസ്ത ജീവിത മേഖലകൾ തേടി പുറപ്പെട്ടപ്പോൾ കേരളത്തിന് വെളിയിൽ പല ഭദ്രാസനങ്ങളും സഭയ്ക്ക് രൂപം കൊള്ളുകയുണ്ടായി. അങ്ങനെ ഇന്ത്യയിലെ 18 സംസ്ഥാനങ്ങളിലായി വ്യത്യസ്ത ഭാഷകളും സംസ്കാരങ്ങളും നിലവിലിരിക്കുന്ന ഒരു വലിയ സമൂഹത്തിന്റെ മധ്യത്തിൽ ശുശ്രൂഷ നിർവ്വഹിപ്പാൻ രൂപം കൊണ്ട ഭദ്രാസനമാണ് ഡൽഹി ഭദ്രാസനം. വിശാലമായി പടർന്നുകിടക്കുന്ന ഈ ഭദ്രാസനത്തിന്റെ വിവിധ ശുശ്രൂഷാ സരണികളിൽ ഫലപ്രദമായ ശുശ്രൂഷകൾ നിർവ്വഹിപ്പാൻ കഴിഞ്ഞ ഒരു സംവത്സരം ദൈവം ഭദ്രാസനത്തെ ഒരുക്കിയത് നന്ദിയോടുകൂടി ഓർക്കാം. ഭദ്രാസന പ്രവർത്തനങ്ങളിൽ സജീവമായി സഹകരിച്ച് നേതൃത്വം നൽകിയ ഭദ്രാസന കൗൺസിലിനോടും ഭദ്രാസന അസംബ്ലിയോടും ഇടവകകളോടും ബഹുമാന്യരായ പട്ടക്കാരോടും വിശ്വാസ സമൂഹത്തോടും ഭദ്രാസനത്തിലെ വിവിധ പ്രസ്ഥാനങ്ങളോടും സ്ഥാപനങ്ങളോടുമുള്ള നന്ദിയും സ്നേഹവും അറിയിച്ചുകൊണ്ടും ഭദ്രാസനപ്രവർത്ത

നങ്ങളിൽ ആദിയോടന്തം സമൃദ്ധമായി വ്യാപരിച്ച ദൈവ കൃപയ്ക്ക് ഒരിക്കൽ കൂടി സ്തുതി സ്തോത്രങ്ങൾ അർപ്പിച്ചുകൊണ്ടും ഈ റിപ്പോർട്ട് സമർപ്പിച്ചുകൊള്ളുന്നു.

മലങ്കര സഭയിൽ നവീകരണ കാഹളം മുഴക്കിയ ഏബ്രഹാം മല്പാന്റെ സുവിശേഷ പിൻഗാമികൾ ഭാരതത്തിന്റെ എല്ലാ കോണുകളിലേക്കും സുവിശേഷം വ്യാപിപ്പിക്കുക എന്ന ലക്ഷ്യത്തോട് കൂടി സഞ്ചരിച്ചു. തൊഴിൽ തേടി എത്തിയ മാർത്തോമ്മാ വിശ്വാസികൾ നമ്മുടെ പട്ടക്കാരും സുവിശേഷകരുമായി ചേർന്ന് ഇടവകകൾ, മിഷൻ ഫീൽഡുകൾ, സ്ഥാപനകൾ എന്നിവ രൂപപ്പെടുത്തി. തൽഫലമായി വടക്കേ ഇൻഡ്യയിലെ 18 സംസ്ഥാനങ്ങളിലായി, വിവിധ ഭാഷയും സംസ്കാരങ്ങളും ഉള്ള ജനവിഭാഗത്തിന്റെ മധ്യേ ക്രിസ്തീയ സാക്ഷ്യം നിർവ്വഹിക്കുന്ന ഒരു സഭയായി മാർത്തോമ്മ സഭ പരിണമിച്ചു. 64 ഇടവകകൾ, 25 കോൺഗ്രിഗേഷനുകൾ, 83 പട്ടക്കാർ 30 സുവിശേഷകർ, ധാരാളം സ്കൂളുകൾ, അനേകം സാമൂഹിക സേവന പദ്ധതികൾ എന്നിവയാൽ സമ്പന്നമായ ഈ ഭദ്രാസനം കഴിഞ്ഞ 13 വർഷമായി ദേശത്ത് അനുഗ്രഹീത സാക്ഷ്യം നിർവ്വഹിക്കുന്നു. ഭദ്രാസനത്തിന്റെ എല്ലാ ഇടങ്ങളിലും ചലനാത്മകതയുടെ ചൈതന്യം പ്രവർത്തനങ്ങളിൽ പ്രസരിപ്പിക്കുവാൻ ദൈവകൃപയാൽ നമുക്ക് സാധിച്ചു. ദൈവനടത്തിപ്പിന്റെ അനുഗ്രഹങ്ങൾ എവിടെയും ദൃശ്യമായിരുന്നു. ദൈവജനം ആത്മാർത്ഥതയോടും പ്രാർത്ഥനാപൂർവ്വവും എല്ലാ പ്രവർത്തനങ്ങളിലും സഹകരിച്ചു. ഭദ്രാസന കൗൺസിലും ഭദ്രാസന അസംബ്ലിയും Northern India Zonal Assembly Societyയുടെ Council ലും, Assembly യും, ചുമതലക്കാരും വിവിധ സംഘടനകളുടെയും പ്രസ്ഥാനങ്ങളുടെയും ചുമതലക്കാരും പട്ടക്കാരും സുവിശേഷകരും പ്രവർത്തനങ്ങൾക്ക് ദിശാബോധത്തിന്റെ സൗന്ദര്യം നൽകി. ഭദ്രാസന പ്രവർത്തനങ്ങളിൽ പ്രത്യക്ഷമായും പരോക്ഷമായും സഹകരിച്ച എല്ലാവരേയും ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു. എവരോടുമുള്ള ഹൃദയപൂർവ്വമായ നന്ദി രേഖപ്പെടുത്തുന്നു. അനുനിമിഷം അനവരതമായ കൃപയുടെ അനുഗ്രഹം നൽകി വഴി നടത്തുന്ന സർവ്വശക്തനായ ദൈവത്തിന് സ്തുതി സ്തോത്രങ്ങൾ അർപ്പിക്കുന്നു. സഭ ഏൽപ്പിച്ച ഉത്തരവാദിത്വ ങ്ങൾ സഭയുടെ നാഥനായ കർത്താവിനോടുകൂടെ വിശ്വസ്തത യോടെ നിർവ്വഹിക്കുവാൻ ദൈവം കൃപ പകർന്നു.

പോയ വർഷം ഭദ്രാസനത്തിലും, ഭദ്രാസനത്തിന് പുറമേയുമായി ഇടവകകളും കോൺഗ്രിഗേഷനുകളും സന്ദർശിക്കുകയും 72 വിശുദ്ധ കുർബാന ശുശ്രൂഷകൾ അനുഷ്ഠിക്കുകയും 322 കുട്ടികളെ ആദ്യ കുർബാനയിലൂടെ സഭയുടെ പൂർണ്ണ അംഗത്വത്തിലേക്ക് പ്രവേശിപ്പിക്കുകയും ചെയ്തു. ഭദ്രാസനത്തിലെ ഇടവക സന്ദർശന വേളകളിൽ ഇടവകളിലെ സംഘടനകളെ മനസ്സിലാക്കുന്നതിനും. ഭാരവാഹികളെയും, കൈസ്ഥാന സമിതി അംഗങ്ങളെയും നേരിൽ കാണുന്നതിനും ആശയങ്ങൾ പങ്കിടുന്നതിനും, പ്രാർത്ഥനയ്ക്കും, പഠനത്തിനും, ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും പ്രോത്സാഹനം നൽകുന്നതിനും സാധിച്ചു.

എപ്പിസ്കോപ്പൽ സിനഡ്, സഭാ കൗൺസിൽ, സഭാ പ്രതിനിധിമണ്ഡല യോഗം എന്നിവയിൽ സംബന്ധിക്കുകയും ഭദ്രാസന കൗൺസിൽ മീറ്റിംഗുകൾക്കും, ഭദ്രാസന അസംബ്ലി മീറ്റിംഗിനും Northern India Zonal Assembly Society Council & Assembly മീറ്റിംഗിനും അദ്ധ്യക്ഷം വഹിക്കുകയും ചെയ്തു. മാർത്തോമ്മാ സഭാ സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ അദ്ധ്യക്ഷനായി പ്രവർത്തിച്ചു. മാർത്തോമ്മാ സന്നദ്ധ സുവിശേഷക സംഘത്തിന്റെ അദ്ധ്യക്ഷനായി നേതൃത്വം നൽകി വരുന്നു. 2019 മെയ് 21-24 വരെ പത്തനംതിട്ട മാർത്തോമ്മാ ഹയർസെക്കണ്ടറി സ്കൂളിൽ വെച്ച് നടത്തപ്പെട്ട സ്റ്റുഡൻസ് കോൺഫറൻസിൽ ആദ്യാവസാനം സംബന്ധിക്കുന്നതിനും നേതൃത്വം നൽകുന്നതിനും സാധിച്ചു.

ഡോ. യൂഹാനോൻ മാർത്തോമ്മ മെമ്മോറിയൽ പ്രഭാഷണം YWCA Constantia Hall-ൽ വച്ച് സെപ്റ്റംബർ മാസം 13-ന് നടത്തപ്പെട്ടു. Safeguarding വേല "idea of India" എന്ന വിഷയത്തെ അധികരിച്ച് ശ്രീ. സീതാറാം യച്ചൂരി പ്രഭാഷണം നടത്തി. ഭദ്രാസനത്തിലെ വൈദികരെ കൂടാതെ, സഹോദരി സഭകളിലെ വൈദീകർ, ഇടവക ജനങ്ങൾ എന്നിവർ സംബന്ധിച്ചു. പ്രസ്തുത മീറ്റിംഗിന് ആവശ്യമായ നേതൃത്വം നൽകി.

"Women: The preservers and promoters of faith" എന്ന വിഷയത്തെ കേന്ദ്രീകരിച്ച് 2019 സെപ്റ്റംബർ മാസം 27-29 തീതികളിൽ സേവാകേന്ദ്ര കൽക്കത്തയിൽ വെച്ച് നടത്തപ്പെട്ട ഭദ്രാസന സേവികാസംഘ കോൺഫറൻസിനും നേതൃത്വം നൽകി. ഒക്ടോബർ 6-9 വരെ വിശാഖപട്ടണത്തിൽ നടത്തപ്പെട്ട 68-ാമത് ഈസ്റ്റ് ഇന്ത്യ യൂത്ത് ആന്റ് ഫാമിലി കോൺഫറൻസിന് നേതൃത്വം നൽകി. 2019 ഒക്ടോബർ 31 മുതൽ നവംബർ 3 വരെയുള്ള തീയതികളിൽ ഗ്രേയിറ്റർ കൈലാഷിലുള്ള സെന്റ് ജോൺസ് സ്കൂളിൽ വെച്ചും, മാർത്തോമ്മാ പബ്ലിക് സ്കൂൾ ഗാസിയാബാദിൽ വെച്ചും നടത്തപ്പെട്ട ഭദ്രാസന കൺവൻഷന് അദ്ധ്യക്ഷം വഹിച്ച് നേതൃത്വം നൽകി. കൂടാതെ വിവിധ ഭദ്രാസനങ്ങളിലെ സെന്റർ കൺവൻഷനുകളിലും, ഇടവക കൺവൻഷനുകളിലും, കേരളത്തിലെ വിവിധ എക്യുമനിക്കൽ ക്രിസ്തുമസ് കരോളുകളിലും സംബന്ധിച്ച് ദൂതുകൾ നൽകി. 2019 നവംബർ മാസം 5 മുതൽ 7 വരെയുള്ള തീയതികളിൽ "Called to reflect God's heart for a redemptive ministry" എന്ന വിഷയത്തെ അടിസ്ഥാനമാക്കി ഡൽഹി മാർത്തോമ്മാ പബ്ലിക് സ്കൂൾ, ഗാസിയാബാദിൽ വെച്ച് നടത്തപ്പെട്ട ഭദ്രാസന ക്ലെർജി കോൺഫറൻസിന് ആദ്യാവസാനം നേതൃത്വം നൽകി. 2019 ലെ സഭയുടെ വാർഷിക വൈദീക സമ്മേളന ത്തിൽ ആദ്യാവസാനം സംബന്ധിച്ചു. 2020 ജനുവരി 28-30 വരെ തീയതികളിൽ ഒറീസയിലെ ഖരിയാറോഡ് മിഷനിൽ വെച്ച് "This is the way, walk in it" എന്ന വിഷയം കേന്ദ്രീകരിച്ച് നടത്തപ്പെട്ട നോർത്ത് ഇന്ത്യാ മിഷിനറി കോൺഫറൻസിൽ സംബന്ധിച്ച് നേതൃത്വം നൽകാനും സാധിച്ചു.

ഈ വർഷത്തെ മാരാമൺ കൺവൻഷനിൽ ആദ്യാവസാനം സംബന്ധിക്കുന്നതിനും വെള്ളിയാഴ്ച സന്ധ്യയിലെ വചന ശുശ്രൂഷ നിർവ്വഹിക്കുന്നതിനും സാധിച്ചു. കൂടാതെ സന്നദ്ധ സുവിശേഷകസംഘ മീറ്റിംഗിൽ അദ്ധ്യക്ഷത വഹിക്കുകയും, വെള്ളിയാഴ്ചയും, ശനിയാഴ്ചയും കോഴഞ്ചേരി മാർത്തോമ്മാ പള്ളിയിൽ നടത്തപ്പെട്ട സമർപ്പണ ശുശ്രൂഷകൾക്കും നേതൃത്വം നൽകുകയും ചെയ്തു.

ഭദ്രാസനത്തിലെ വിവിധ മിഷൻ ഫീൽഡുകൾ സന്ദർശിച്ച് സുവിശേഷകരെ കാണുകയും വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ശ്രീകാകുളം മിഷൻ, ബെവഹാരി മിഷൻ, ഇറ്റാർസി മിഷൻ, റാഞ്ചി മാർത്തോമ്മാ നവ ജീവൻ മിഷൻ, ചത്തീസ്ഗഢ് മിഷൻ, സമസ്തിപൂർ മിഷൻ ടെയ്മർ മിഷൻ, ജഗദൽ മിഷൻ, ബിക്കാനീർ മിഷൻ, ബിൽവാറ മിഷൻ എന്നീ മിഷൻ സെന്ററുകൾ സന്ദർശിക്കുകയും അവിടെയുള്ള മിഷൻ പ്രവർത്തനങ്ങളിൽ പങ്കുചേരുകയും നേതൃത്വം നൽകുന്ന വൈദീകരോടും സുവിശേഷകരോടും ചേർന്ന് അനുഗ്രഹീതമായ കൂട്ടായ്മകൾ പങ്കുവെയ്ക്കുവാനും സാധിച്ചു. മിഷൻ പ്രവർത്തനങ്ങളിലൂടെ അനേകരെ ക്രിസ്തു സ്നേഹത്തിലേക്ക് നയിക്കുന്നു എന്നുള്ളതിൽ സന്തോഷിക്കുന്നു.

ക്രിസ്തുജനനത്തിന്റെ സന്തോഷം പ്രഘോഷിക്കുന്നതിനായി 11-ാമത് ക്രിസ്തുമസ് ഗാനശുശ്രൂഷ "Gloria-2019" ഡിസംബർ 14-ന് ന്യൂഡൽഹി ജീസസ് ആന്റ് മേരി കോൺവെന്റ് സ്കൂൾ ഓഡിറ്റോറിയത്തിൽ വെച്ച് നടത്തപ്പെട്ടു. ആദരണീയനായ ശ്രീ. വി.കെ. സിങ്ങ് മുഖ്യ സന്ദേശം നൽകി. ഡൽഹി സെന്ററിലെ വിവിധ ഇടവകകൾ ഗാനസന്ധ്യയ്ക്ക് നേതൃത്വം നൽകി. വൈദീകരുടെയും വിശ്വാസ സമൂഹത്തി ന്റെയും വലിയ പങ്കാളിത്തം ലഭിച്ചു. ഈ ഗാന ശുശ്രൂഷയ്ക്ക് അദ്ധ്യക്ഷം വഹിച്ച് വേണ്ട നേതൃത്വം നൽകി. 2020 മാർച്ച് മാസം 8-ന് ന്യൂഡൽഹി ജെറുശലേം മാർത്തോമ്മാ പള്ളിയിൽ വെച്ച് നടത്തപ്പെട്ട സാധുകൊച്ചുകുഞ്ഞ് ഉപദേശി സ്മാരക Lenten recital സംബന്ധിച്ച് നേതൃത്വം നൽകി.

ഡൽഹി ഭദ്രാസനത്തിലെ വിവിധ സ്ഥാപനങ്ങളിലൂടെയും വിവിധ സാമൂഹിക സേവനങ്ങളിലൂടെയും അനേകരിലേക്ക്

ക്രിസ്തു സ്നേഹത്തെ എത്തിക്കുവാൻ നമുക്ക് സാധിക്കുന്നു. വടക്കേ ഇന്ത്യയിൽ സുവിശേഷകരെ പരിശീലിപ്പിക്കുവാൻ ഫരീദാബാദിൽ ആരംഭിച്ച ധർമ്മജ്യോതി വിദ്യാപീഠിൽ B. D., M.Th, D.C.P.C., B.C.S എന്നീ കോഴ്സുകളിൽ വിവിധ സഭകളിൽ നിന്നുള്ളവരും, സഭയുടെ സ്പോൺസർഷിപ്പിലുള്ളവരുമായ വിദ്യാർത്ഥി കൾ പരിശീലനം നേടുന്നു. റവ. ഡോ. സണ്ണി ഇ. മാത്യു പ്രിൻസിപ്പൽ ആയി സേവനം അനുഷ്ഠിക്കുന്നു. ഡൽഹി മാർത്തോമ്മാ പബ്ലിക്ക് സ്കൂൾ ഗാസിയാബാദ്, സെന്റ് തോമസ് സ്കൂൾ കോർബ, സെന്റ് തോമസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ ജയ്സിങ്ങ് നഗർ, ഡൽഹി മാർത്തോമ്മാ പബ്ലിക് സ്കൂൾ പാംഗഡ്, ക്രിസ്തു ജ്യോതി മിഷൻ സ്കൂൾ ബെവഹാരി, സെന്റ് ജോൺസ് സ്കൂൾ ഗ്രേറ്റർ കൈലാഷ്, സെന്റ് തോമസ് സ്കൂൾ, റാഞ്ചി, മാർത്തോമ്മാ പബ്ലിക് സ്കൂൾ, ഇൻഡോർ എന്നീ സ്കൂളുകളുടെ വാർഷിക ദിനത്തിലും അദ്ധ്യാപക മീറ്റിംഗിലും സംബന്ധിച്ചു. ബെവഹാരി ക്രിസ്തുജ്യോതി മിഷൻ സ്കൂൾ, സെന്റ് തോമസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, ജെയിസിങ്ങ് നഗർ, മധ്യപ്രദേശ് എന്നിവയ്ക്ക് സി.ബി.എസ്.ഇ അംഗീകാരം ലഭിച്ചത് പ്രസ്തുത സ്കൂളുകളുടെ വളർച്ചയിൽ ഒരു നാഴിക കല്ലാണ്. ഭദ്രാസനത്തിൽ നിന്നും യുവജനങ്ങളെ സഭാ ശുശ്രൂഷയ്ക്കായി ഒരുക്കുവാനും അവർക്ക് വേണ്ട പ്രായോഗിക പരിശീലനം നൽകുവാനും സാധ്യമായി. ബഹു മാനപ്പെട്ട എപ്പിസ്ക്കോപ്പൽ സിനഡ് നിയോഗിച്ച് ഈ ഭദ്രാസനത്തിലേക്ക് പ്രായോഗീക പരിശീലനത്തിനായി അയയ്ക്കുന്ന വൈദിക വിദ്യാർത്ഥികൾക്ക് കൂട്ടായ്മയും കരുതലും പ്രോത്സാഹനവും നൽകി. സെമിനാരിയിൽ പഠിച്ചുകൊണ്ടിരിക്കുന്ന വൈദീക വിദ്യാർത്ഥികളുടെ മാർഗ്ഗ ദർശിയായി പ്രവർത്തിച്ചു. ഡൽഹി ഭദ്രാസനത്തിന്റെ ഭാഗമായ കുവൈറ്റ് അഹമ്മദി, സെന്റ് പീറ്റേഴ്സ് എന്നീ ഇടവകകൾ സന്ദർശിക്കുവാനും, ക്രിസ്തുമസ് പുതുവത്സര ശുശ്രൂഷകൾക്ക് നേതൃത്വം നൽകുവാനും സാധിച്ചു. സന്നദ്ധ സുവിശേഷക സംഘത്തിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട വിവിധ പ്രോഗ്രാമുകൾക്ക് ആവശ്യമായ നേതൃത്വം നൽകി. 2019 ആഗസ്റ്റ് 22, 23 തീയതികളിൽ കായംകുളം ശാലേം മാർത്തോമ്മാ പള്ളിയിൽ നടത്തപ്പെട്ട സംഘ വാർഷിക സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. 2019 ഡിസംബർ 1-ന് കാരക്കൽ സെന്റ് തോമസ് മാർത്തോമ്മാ പള്ളിയിൽ നടന്ന സാധു കൊച്ചുകുഞ്ഞ് ഉപദേശി സ്മാരക സംഗീത സായാഹ്ന ത്തിൽ അദ്ധ്യക്ഷത വഹിച്ചു. 2020 ജനുവരി 12-ന് ആനപ്രാമ്പാൽ മാർത്തോമ്മാ പള്ളിയിൽ നടന്ന ഏബ്രഹാം മാർത്തോമ്മാ സ്മാരക കൺവൻഷനിൽ മുഖ്യസന്ദേശം നൽകി. 2020 ഫെബ്രുവരി 8-ന് മാവേലിക്കര തഴക്കര മാർത്തോമ്മാ പള്ളിയിൽ നടന്ന ഏബ്രഹാം മാർത്തോമ്മാ സ്മാരക പ്രഭാഷണത്തിൽ അദ്ധ്യക്ഷത വഹിച്ചു.

എക്യൂമെനിക്കൽ സംഘടനകളായ നോർത്ത് വെസ്റ്റ് ഇന്ത്യ കൗൺസിൽ ഓഫ് ചർച്ചസിന്റെ (NWICC) പ്രസിഡന്റായും, ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യാ നോർത്ത് വെസ്റ്റ് ഓക്സിലറിയുടെയും, ISPCK യുടെയും ബോഡ് മെമ്പറായും, CMC Ludhiana Board member, SHUATS University Alahabad Board Member, CASA യുടെ നാഷണൽ ബോഡ് അംഗം എന്നീ നിലകളിലും പ്രവർത്തിച്ചുവരുന്നു. നാഷണൽ കൗൺസിൽ ഓഫ് ചർച്ചസ് ഇൻ ഇന്ത്യ (NCCI), കമ്മ്യൂണിയൻ ഓഫ് ചർച്ച് ഇൻ ഇന്ത്യ (CCI) ക്രിസ്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി സ്റ്റഡി ഓഫ് റിലീജിയൻ ആന്റ് സൊസൈറ്റി (CISRS) എന്നിവയുടെ വിവിധ മീറ്റിംഗിൽ സംബന്ധിച്ചു. സി.എൻ.ഐ, സി.എസ്.ഐ. ഓർത്തഡോക്സ്, കാത്തലിക്സ്, യാക്കോബായ എന്നീ സഭകളിലെ വിവിധ പ്രോഗ്രാമുകളിലും പങ്കെടുത്തു. ഇതര മത വിഭാഗങ്ങൾ നടത്തിയ അവരുടെ വിവിധ ആഘോ ഷങ്ങളിലും, കൂട്ടായ്മകളിലും പങ്കെടുക്കുകയും അതുവഴി മതസൗഹാർദ്ദം പ്രോത്സാഹിപ്പിക്കുന്നതിനും സാധിച്ചു. 2020 ഫെബ്രുവരി മാസം നോർത്ത് വെസ്റ്റ് ഡൽഹിയിൽ പൊട്ടി പ്പുറപ്പെട്ട കലാപത്തിൽ ഇരകളായവരെ, നോർത്ത് വെസ്റ്റ് ഇന്ത്യ കൗൺസിൽ ഓഫ് ചർച്ചസും (NWICC), കാസയും (CASA) നമ്മുടെ സഭയുമായി ചേർന്ന് സന്ദർശിക്കുന്നതിനും ഭക്ഷ്യ സാധനങ്ങൾ വിതരണം ചെയ്യുന്നതിനും നേതൃത്വം നൽകി. എപ്പിസ്കോപ്പാ എന്ന നിലയിൽ കഴിഞ്ഞ നാളുകളിലെ ശുശ്രൂഷയിൽ അഭിവന്ദ്യരായ വലിയ മെത്രാപ്പോലീത്താ, മാർത്തോമ്മാ മെത്രാപ്പോലീത്താ എന്നിവരിൽ നിന്നും അഭിവന്ദ്യരായ സഹോദര മേൽപ്പട്ടക്കാരിൽ നിന്നും ബഹുമാനപ്പെട്ട വൈദീകർ, സുവിശേഷകർ, പ്രീയമുള്ള സഭാമക്കൾ എന്നിവരിൽ നിന്നും ലഭിച്ച സ്നേഹവും കരുതലും, സർവ്വോപരി സർവ്വശക്തനായ ദൈവത്തിന്റെ അളവറ്റ കൃപയും അവർണ്ണനീയമാണ്. തുടർന്നും അനുഗ്രഹകരമായ ശുശ്രൂഷ സഭയിലും സമൂഹത്തിലും നിർവ്വഹിക്കുവാൻ വലിയവനായ ദൈവം കൃപ നൽകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

2.11 റൈറ്റ് റവ. ഡോ. തോമസ് മാർ തീത്തോസ് എപ്പിസ്ക്കോപ്പാ

മിഥ്യാബോധങ്ങൾകൊണ്ട് ലഹരിപിടിച്ച് മുമ്പോട്ടുപോകുന്ന മനുഷ്യനെ പിടിച്ചുനിർത്തി ദുഃഖസത്യങ്ങളുടെ മുഖം കാട്ടിത്തന്ന കാലമാണ് കോവിഡ് 19 കാലം. അറിവാണ് മനുഷ്യനെ ജീവലോകത്തിലെ മറ്റു ജീവജാലങ്ങളിൽനിന്നും വേർതിരിക്കുന്നത്. തനിക്ക് ഇരയാക്കാവുന്നതും തന്നെ ഇരയാക്കാവുന്നതും എന്തെന്ന് തിരിച്ചറിയുന്നതാണ് അറിവിന്റെ അതിർത്തി. അനുഭവസീമയിൽ വരുന്ന എന്തിനെയും നിർവ്വചിക്കുവാനും അതി ന്റെ സ്വഭാവവും ധർമ്മവും നിർണ്ണയിക്കുവാനും ശ്രമിക്കുന്ന മനുഷ്യൻ പകച്ചുനിന്ന ഒരുകാലം ഇതിനുമുമ്പ് ഉണ്ടായിട്ടില്ല. അനുഭവത്തെ അറിവാക്കുന്നിടത്താണ് മനുഷ്യന്റെ മനുഷ്യൻ എന്ന നിലയ്ക്കുള്ള ജീവിതം ആരംഭിക്കുന്നത്. നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം തിരിച്ചറിഞ്ഞ് ലോകത്തിന്റെ രൂപാന്തരത്തിന് ചാലകശക്തിയായി മാറുവാനും നമ്മെ നിയോഗിച്ച ദൈവത്തോടു ചേർന്ന് മാർത്തോമ്മാ സഭയിലെ മേൽപ്പട്ടക്കാരനായി ഒരു സംവത്സരംകൂടി ശുശ്രൂഷ നിർവ്വഹിപ്പാനും അനുവദിച്ച ദൈവകൃപയ്ക്ക് നന്ദികരേറ്റുന്നു. ബഹുമാനപ്പെട്ട എപ്പിസ്ക്കോപ്പൽ സിനഡിന്റെ നിയോഗപ്രകാരം മാർത്തോമ്മാ സഭയുടെ വടക്കൻ ഭദ്രാസനമായ കുന്നംകുളം-മലബാർ ഭദ്രാസനത്തിന്റെ ചുമതല ഏറ്റെടുത്ത് നാലു സംവത്സരങ്ങൾ പൂർത്തീകരിപ്പാൻ സാധിച്ചത് ദൈവകൃപ ഒന്നുകൊണ്ട് മാത്രമാണ് എന്ന ബോദ്ധ്യത്തോടെ വിനയപൂർവ്വം സകലത്തേയും നിയന്ത്രിക്കുന്ന സർവ്വശക്തന്റെ മുമ്പിൽ ശിരസ്സു നമിക്കുന്നു.

ഭദ്രാസനം/ ഭദ്രാസന കൗൺസിൽ: ഉത്തര കേരളത്തിലെ തൃശ്ശൂർ മുതൽ കാസർഗോഡ് വരെയുള്ള ഏഴു ജില്ലകളിലും, ഗൂഡല്ലൂരിലും, ഷാർജ്ജയിലുമുൾപ്പെടെ വ്യാപിച്ചുകിടക്കുന്ന ബൃഹത്തായ കുന്നംകുളം - മലബാർ ഭദ്രാസനത്തെ എട്ടു സെന്ററുകളായി തിരിച്ചിരിക്കുന്നു. 69 ഇടവകകൾ, 8 കോൺഗ്രിഗേഷനുകൾ, 24 മിഷൻ ഫീൽഡുകൾ, 22 സ്ഥാപനകൾ എന്നിവയുടെ ആദ്ധ്യാത്മികവും, സാമൂഹികവും, സാംസ്ക്കാരികവും, വിദ്യാഭ്യാസപരവുമായ വളർച്ചയ്ക്ക് ഊന്നൽ നൽകി. റിപ്പോർട്ട് വർഷം ഭദ്രാസന കൗൺസിൽ 5 തവണ കൂടുകയും ആവശ്യമായ തീരുമാനങ്ങളെടുത്ത് നടപ്പിലാക്കുകയും ചെയ്തു.

സന്ദർശനങ്ങളും, ശുശ്രൂഷകളും: ഭദ്രാസനത്തിലെ വിവിധ ഇടവകകളും, കോൺഗ്രിഗേഷനുകളും, മിഷൻഫീൽഡുകളും സന്ദർശിക്കുകയും ഇടവകകളിലും, കോൺഗ്രിഗേഷനുകളിലും, വിശുദ്ധ കുർബ്ബാന അനുഷ്ഠിക്കുകയും, ആദ്യകർബ്ബാനയ്ക്ക് നേതൃത്വം നൽകുകയും ചെയ്തു. ഇടവകകളോടനുബന്ധിച്ചുള്ള ഇടവകദിനം, വാർഷികങ്ങൾ, കൺവൻഷനുകൾ എന്നിവയിൽ പങ്കെടുക്കുകയും, ആത്മീയ നേതൃത്വവും, പ്രബോധനങ്ങളും നൽകുകയുണ്ടായി. പ്രത്യേക സന്ദർഭങ്ങളിൽ ഭദ്രാസനത്തിനു വെളിയിലുള്ള ഇടവകകൾ സന്ദർശിക്കുയും, ആത്മീയ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുകയും ചെയ്തു. ഭദ്രാസനത്തിന്റെ ഭാഗമായ ഷാർജ്ജാ മാർത്തോമ്മാ ഇടവക സന്ദർശിക്കുകയും, വിവിധ പ്രോഗ്രാമുകൾക്ക് നേതൃത്വം നൽകുകയും ചെയ്തു. ഭദ്രാസനത്തിലെ എല്ലാ ഇടവകകളിലെയും ഇടവകച്ചുമതലക്കാർക്കായി 2019 ആഗസ്റ്റ് 19-ന് പാലക്കാട് സെന്റ് തോമസ് മാർത്തോമ്മാ പള്ളിയിൽ വച്ചും ആഗസ്റ്റ് 21-ന് കോഴിക്കോട്

സെന്റ് പോൾസ് മാർത്തോമ്മാ പള്ളിയിൽ വച്ചും ആഗസ്റ്റ് 23-ന് ഉപ്പട മലബാർ മാർത്തോമ്മാ മിഷൻ കോംപ്ലക്സിൽ വച്ചും ഏകദിന സമ്മേളനങ്ങൾ നടത്തപ്പെട്ടു.

സ്ഥാപനങ്ങളും നേതൃത്വവും: ഭദ്രാസനത്തിന്റെ രജിസ്റ്റേർഡ് സൊസൈറ്റിയായ കുന്നുംകുളം- മലബാർ ഭദ്രാസന വികസന, ക്ഷേമകാര്യ സംഘത്തിനുകീഴിലുള്ള 18 സ്ഥാപനങ്ങളുടെയും 2 പദ്ധതികളുടെയും പ്രാദേശിക ഉപദേശകസമിതികൾക്ക് നേതൃത്വം നൽകുകയും, ആവശ്യമായ തീരുമാനങ്ങൾ എടുക്കുകയും ചെയ്തു. വിവിധ സ്ഥാപനങ്ങൾക്ക് നേതൃത്വം നൽകുന്ന വൈദികരുടെയും സഹപ്രവർത്തകരുടെയും മീറ്റിംഗുകൾ കൂടുകയും ആവശ്യമായ ഉപദേശവും, പ്രോത്സാഹനവും നൽകുകയും ചെയ്തു. അതുകൂടാതെ ഗൂഡല്ലൂർ എഡ്യൂക്കേഷണൽ സൊസൈറ്റി, ചുങ്കത്തറ മാർത്തോമ്മാ കോളേജ്, കാസർഗോഡ് കോളേജ് ഫോർ ഹിയറിംഗ് ഇംപയേർഡ്, തൃശ്ശൂർ രവിവർമ്മ മന്ദിരം എന്നിവയുടെ ഗവേണിംഗ് ബോർഡുകൾക്ക് അദ്ധ്യക്ഷത വഹിക്കുകയും, നേതൃത്വം നൽകുകയും ചെയ്തു.

കരുതൽ കുടുംബസംഗമം- 2019: വിവിധ കാരണങ്ങളാൽ ജയിൽശിക്ഷ അനുഭവിക്കുന്നവരുടെ കുടുംബാംഗങ്ങളുടെ പുനരധിവാസത്തിനായി രൂപം നൽകിയ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ ജന്മശതാബ്ദി പദ്ധതിയായ കരുതൽ എന്ന പദ്ധതിയിൽ 20 കുടുംബങ്ങളുടെ പുനരധിവാസം നടത്തുന്നു. 2019 ഏപ്രിൽ 1-ന് ഉപ്പട മലബാർ മാർത്തോമ്മാ മിഷൻ കോംപ്ലക്സിൽ വച്ച് കരുതൽ കുടുംബസംഗമം നടത്തി. പ്രിസൺ ഫെല്ലോഷിപ്പ് ഇന്ത്യ ശ്രീ സാബു റ്റി തോമസ് നേതൃത്വം നൽകി. കരുതൽ കുടുംബത്തിലെ കുട്ടികളുടെ വിദ്യാഭ്യാസത്തോടൊപ്പം കുടുംബാംഗങ്ങളുടെ പുനരധിവാസം, ആരോഗ്യപരിപാലനം, ഭൗതിക ചുറ്റുപാടുകളുടെ വികസനം എന്നീ വിപുലമായ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

ഷഷ്ട്യബ്ദപൂർത്തി ഭവനപദ്ധതി: ദൈവകൃപയുടെ തണലിൽ ആയുസ്സിന്റെ 60 സംവത്സരങ്ങൾ പരിപാലിച്ച ദൈവത്തിന് നന്ദികരേറ്റി തന്നാണ്ടിൽ കാവൽ കുടുംബത്തിലെ ജയിൽവാസിയും പെരിന്തൽമണ്ണ സ്വദേശിയും ഭവനരഹിതനുമായ ഒരു വ്യക്തിയുടെ കുടുംബത്തിന് ഭവനം നിർമ്മിച്ചുനൽകുകയും മറ്റ് രണ്ടു കുടുംബങ്ങൾക്ക് ഭവനനിർമ്മാണം പൂർത്തീകരിപ്പാൻ ഭാഗികമായി സഹായിക്കുകയും ചെയ്തു.

കാവൽ - ഡേ കെയർ, കോട്ടൂപ്പാടം: ഭിന്നശേഷിയുള്ളവരുടെ പരിശീലനത്തിനും, പുനരധിവാസത്തിനുമായി രൂപം നൽകിയ കാവൽ എന്ന പദ്ധതിയുടെ ആദ്യഘട്ടമായി സമാരംഭിച്ച കാവൽ ഡേ കെയർ രണ്ടു വർഷം പിന്നിട്ട് മൂന്നാം വർഷത്തിലേക്ക് പ്രവേശിച്ചു. റിപ്പോർട്ട് വർഷം 24 കുട്ടികൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നു. പദ്ധതിയുടെ രണ്ടാംഘട്ടം വികസനമായ കാവൽ സ്പെഷ്യൽ സ്ക്കൂൾ നിർമ്മാണ പ്രവർത്തനങ്ങൾ തന്നാണ്ടിൽ ആരംഭിക്കുന്നതിനുള്ള ഒരുക്കങ്ങൾ പൂത്തീകരിച്ചു. കോഴിക്കോട് റീജിയൻ സൗത്ത് ഇന്ത്യൻ ബാങ്ക് കാവലിലെ കുട്ടികളുടെ ഉപയോഗത്തിനായി ഒരു മാരുതി ഈക്കോ നൽകി സഹായിച്ചു.

ഭിന്നലിംഗക്കാരുടെ മദ്ധ്യേയുള്ള ശുശ്രൂഷ: റിപ്പോർട്ട് വർഷം ഭിന്നലിംഗക്കാരുടെ മദ്ധ്യേയുള്ള ശുശ്രൂഷ കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതിന് സാധിച്ചു. കോഴിക്കോട്, വയനാട്, പാലക്കാട്, തൃശ്ശൂർ, തമിഴ്നാട്ടിലെ നീലഗിരി ജില്ലകളിൽ പ്രത്യേക കൂടിവരവുകൾ ക്രമീകരിച്ചു. മാർത്തോമ്മാ സഭയുടെ ട്രാൻസ്ജെന്റേഴ്സ് മിനിസ്ട്രിയോട് സഹകരിച്ച് നേതൃത്വ പരിശീലനപരിപാടികൾ തൃശ്ശൂർ നെല്ലിക്കുന്ന് ശ്രീ രവിവർമ്മ മന്ദിരത്തിൽ വച്ച് നടത്തപ്പെട്ടു. സഭയുടെ വിവിധ സ്ഥാപനങ്ങളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും തൊഴിൽ കണ്ടെത്തുവാനും സ്റ്റാർട്ടപ്പ് പദ്ധതികൾക്ക് അവരെ പ്രാപ്തിപ്പെടുത്തുന്ന വിപുലമായ പദ്ധതികളും ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നു. കോഴിക്കോട് ഹോസ്പിറ്റൽ ഗൈഡൻസ് സെന്ററിൽ മീറ്റിംഗുകൾ നടത്തിവരുന്നു.

മാനസികാരോഗ്യ കേന്ദ്രങ്ങളിലൂടെ: മാനസികാരോഗ്യകേന്ദ്രങ്ങളിലെ ചികിത്സയ്ക്കുശേഷം സൗഖ്യം പ്രാപിച്ചിട്ടും സ്വഭവനങ്ങളിൽ ചേർത്തുകൊള്ളപ്പെടാത്തതിനാൽ ദീർഘവർഷങ്ങളായി ആരോഗ്യകേന്ദ്രങ്ങളിൽ തന്നെ കഴിയേണ്ടിവരുന്ന നിസ്സഹായരായ പുരുഷന്മാരുടെയും സ്ത്രീകളുടെയും പുനരധിവാസാർത്ഥം കാടമനയിൽ ആരംഭിച്ച പ്രശാന്ത്ഭവൻ, ഉപ്പട കരുണാലയം എന്നീ ഹാഫ് വേ ഹോമുകൾ (സൈക്കോ സോഷ്യൽ റീഹാബിലിറ്റേഷൻ സെന്റേഴ്സ്) വളരെ പ്രയോജനപ്രദമായി പ്രവർത്തിക്കുന്നു. പ്രശാന്തഭവൻ രണ്ടു വർഷങ്ങൾ പിന്നിട്ട് മൂന്നാം വർഷത്തിലും കരുണാലയം ഒരു വർഷം പിന്നിട്ട് രണ്ടാം വർഷത്തിലും ഫലപ്രദമായി പ്രവർത്തിച്ചുവരുന്നു. വടക്കൻ കേരളത്തിലെ വിവിധ ജില്ലകളിൽനിന്നുള്ള 10 പുരുഷന്മാർ പ്രശാന്ത്ഭവനിൽ അന്തേവാസികളായിട്ടുണ്ട്. വിവിധ ജില്ലകളിൽനിന്നുള്ള 9 സ്ത്രീകൾ കരുണാലയത്തിൽ അന്തേവാസികളായി പാർക്കുന്നു. രണ്ട് ഹാഫ് വേ ഹോമുകൾക്കും കേരള സാമൂഹ്യനീതിവകുപ്പിന്റെ അംഗീകാരം ലഭിക്കുകയും കേരള സർക്കാരിന്റെ കമ്മ്യൂണിറ്റി ഹെൽത്ത് വർക്കേഴ്സിന്റെ സേവനം ലഭിക്കുകയും ചെയ്യുന്നു. കാടമന പ്രശാന്തഭവൻ രണ്ടാംഘട്ട വികസനത്തിലൂടെ 10 പുരുഷന്മാരെക്കൂടി പുനരധിവസിപ്പിക്കുവാൻ പര്യാലോചിക്കുന്നു.

സേവ് എ ഹാർട്ട്: അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ പട്ടത്വ വജ്രജൂബിലി പ്രോജക്ടായി നിർധനകുടുംബങ്ങളിലെ ഹൃദ്രോഗികളായ കുട്ടികളുടെയും മുതിർന്നവരുടെയും ചികിത്സയ്ക്കും, ശസ്ത്രക്രിയയ്ക്കും സഹായിക്കുന്ന പദ്ധതിയാണ് സേവ് എ ഹാർട്ട്. പരുമല മാർ ഗ്രിഗോറിയോസ് കാർഡിയോ വാസ്ക്കുലാർ സെന്ററുമായി സഹകരിച്ച് 4 കുട്ടികളുടെ ഹൃദയ ശസ്ത്രക്രിയയിൽ സാമ്പത്തിക സഹായം നൽകുകയുണ്ടായി. 18 വയസ്സുവരെയുള്ള കുട്ടികളുടെയും കൗമാരക്കാരുടെയും ഹൃദയശസ്ത്രക്രിയ സർക്കാർ സൗജന്യമായി ചെയ്യുമെങ്കിലും ശസ്ത്രക്രിയയ്ക്കാവശ്യമായ കയ്യുറകൾ, പഞ്ഞി, ക്ലീനിംഗ് ലോഷൻ എന്നിവയ്ക്ക് ദൗർലഭ്യം നേരിടുന്നതിനാൽ കോഴിക്കോട് മെഡിക്കൽ കോളേജിന് അങ്ങനെയുള്ളവ വാങ്ങിക്കൊടുത്തുവരുന്നു. ഇടവക സന്ദർശനവേളയിലെ സ്തോത്രകാഴ്ച സേവ് എ ഹാർട്ട് പദ്ധതിക്കായി ഉപയോഗിക്കുന്നു.

കൂദാശകൾ: റിപ്പോർട്ട് വർഷം പുതുക്കിപ്പണിത ചുങ്കത്തറ മാർത്തോമ്മാ കോളേജ് ചാപ്പലിന്റെ പ്രതിഷ്ഠാശുശ്രൂഷ 2019 നവംബർ 18 തിങ്കളാഴ്ച വൈകുന്നേരം 3 മണിക്ക് നിർവ്വഹിച്ചു. റിപ്പോർട്ട് വർഷം പഴഞ്ഞി ഇമ്മാനുവേൽ മാർത്തോമ്മാ ഇടവകയിൽ കൂടാരം ശ്രീ ജോസഫ് ലിനോയുടെയും വടക്കഞ്ചേരി ഹെർമ്മോൻ ഇടവകയിൽ ശ്രീ വിപിൻ സാമിന്റെയും ശെമ്മാശ് പട്ടംകൊട ശുശ്രൂഷയ്ക്ക് 2019 ജൂൺ 8-ന് വടക്കഞ്ചേരി ഹെർമ്മോൻ മാർത്തോമ്മാ പള്ളിയിൽ നേതൃത്വം നൽകി. റവ ഡീക്കൻ സൂരജ് തോമസ് ചെറിയാൻ ശെമ്മാശ്ന്റെ കശ്ശീശാ പട്ടംകൊട ശുശ്രൂഷയ്ക്ക് 2019 ഡിസംബർ 21 ശനിയാഴ്ച ഷാർജ്ജാ മാർത്തോമ്മാ പള്ളിയിൽ നേതൃത്വം നൽകി. സുൽത്താൻ ബത്തേരി ജീവൻ ജ്യോതി ഗേൾസ് കെയർ സെന്ററിന് പുതിയ കെട്ടിടത്തിന്റെ ശിലാസ്ഥാപനം 2019 തൃശ്ശൂർ എബനേസർ മാർത്തോമ്മാ ഇടവകയുടെ പുതിയ ദൈവാലയത്തിന്റെ ശിലാസ്ഥാപനം ഉപ്പടയിൽ ആരംഭിക്കുന്ന കരുണ ഡീ അഡിക്ഷൻ സെന്ററിന്റെ ശിലാസ്ഥാപനം 2020 ജനുവരി 7-ന് കടവല്ലൂർ മാർത്തോമ്മാ എൽ.പി. സ്കൂളിന്റെ പുതിയ ബ്ലോക്കിന്റെ കൂദാശ 2020 ജനുവരി 17-ന് നിർവ്വഹിച്ചു.

വൈദിക കൂട്ടായ്മ: ഭദ്രാസനത്തിലെ ഷാർജ്ജാ ഒഴിച്ചുള്ള 7 സെന്ററുകളിലെയും വൈദികരുടെ കൂട്ടായ്മകൾ മൂന്നു മാസത്തിലൊരിക്കൽ ക്രമമായി നടത്തിവരുന്നു. വൈദിക കൂട്ടായ്മകളിൽ പ്രാദേശികമായ വിഷയങ്ങൾ ചർച്ച ചെയ്യുകയും അവയോരോന്നും പ്രവർത്തന പദ്ധതികളാക്കുവാൻ ശ്രമിക്കുയും ചെയ്യുന്നു. ഭദ്രാസനത്തിലെ വൈദികരുടെ വാർഷിക സമ്മേളനം 2019 ഒക്ടോബർ 8 മുതൽ 11 വരെ പെരിങ്ങാലം മാർത്തോമ്മാ ധ്യാനതീരത്ത് വച്ച് അനുഗ്രഹീതമായി നടത്തപ്പെട്ടു. മതനിരപേക്ഷ സാമൂഹ്യ ഇടത്തിലെ ക്രൈസ്തവ സാക്ഷ്യം എന്ന വിഷയം ചർച്ചചെയ്യുകയും പ്രാവർത്തികമാക്കുവാൻ തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു. 2019 നവംബർ 26 മുതൽ 29 വരെ ചരൽക്കുന്നിൽ വച്ചുനടന്ന വാർഷിക വൈദിക സമ്മേളനത്തിന്റെ അദ്ധ്യക്ഷനായി പൂർണ്ണസമയം നേതൃത്വം നൽകി.

സുവിശേഷകരുടെ സമ്മേളനവും പരിശീലനവും: ഭദ്രാസനത്തിലെ സുവിശേഷകരുടെ സമ്മേളനം 67-ാമത് ഭദ്രാസന കൺവൻഷനോടനുബന്ധിച്ച് 2020 ജനുവരി 29 ബുധനാഴ്ച ചുങ്കത്തറ ശാലേം മാർത്തോമ്മാ പള്ളിയിൽ നടത്തപ്പെട്ടു. 29 വർഷത്തെ ശുശ്രൂഷ പൂർത്തീകരിച്ച് വിരമിച്ച ശ്രീ. എം.എം. ഏബ്രഹാമിന് കൺവൻഷൻ പൊതു യോഗത്തിൽ മെമന്റോ നൽകി ആദരിച്ചു. 2019 ജൂലൈ 23ന് സുവിശേഷകരെല്ലാവരും ഭദ്രാസന ആസ്ഥാനത്ത് ഒരുമിച്ച് കൂടുകയും ചാപ്പലിൽ കൂട്ടായ്മ ആചരിക്കുകയും ചെയ്തു.

കൺവൻഷനുകൾ: ഭദ്രാസനത്തിലെ എല്ലാ സെന്ററുകളുടെയും സെന്റർ കൺവൻഷനുകളിൽ അദ്ധ്യക്ഷത വഹിക്കുകയും സന്ദേശം നൽകുകയും ചെയ്തു. 2020 ജനുവരി 26 ഞായർ മുതൽ ഫെബ്രുവരി 2 ഞായർ വരെ 67-ാമത് ഭദ്രാസന കൺവൻഷൻ ചുങ്കത്തറ ശാലേം മാർത്തോമ്മാ പള്ളിയങ്ക ണത്തിൽ തയ്യാറാക്കിയ പന്തലിൽ നടന്നു. കൺവൻഷന്റെ എല്ലാ യോഗങ്ങളിലും അദ്ധ്യക്ഷനായി നേതൃത്വം നൽകി. അതുപോലെ 2020 ഫെബ്രുവരി 9 മുതൽ 16 വരെ നടന്ന 125-ാമത് മാരാമൺ കൺവൻഷനിൽ പൂർണ്ണ സമയം സംബന്ധിച്ചു. കൂടാതെ വിവിധ ഇടവകകളിലെ കൺവൻഷനുകളിലും സംബന്ധിച്ച് സന്ദേശങ്ങൾ നൽകുകയും ചെയ്തു.

ലഹരി വിമോചന പ്രവർത്തനങ്ങൾ: ഭദ്രാസനത്തെ ലഹരി മുക്തമാക്കുവാൻ ഭദ്രാസന ലഹരി വിമോചന സമിതിക്ക് രൂപം നൽകുകയും, വിവിധ സെന്റർ തലത്തിൽ സമിതികൾ രൂപീകരിക്കുകയും, ഇടവകകളിൽ നിന്നുള്ള പ്രതിനിധികൾക്ക് ലഹരി വിമോചന പ്രവർത്ത നങ്ങൾക്ക് പരിശീലനം നൽകുകയും, സെന്റർ തലങ്ങളിൽ ബോധവത്കരണ, ചികിത്സാ ക്യാമ്പുകൾ ക്രമീകരിക്കുകയും, ഇടവകതലങ്ങളിൽ ലഹരിയാസക്തരെ സൗഖ്യജീവിതത്തിലേക്ക് നയിക്കുകയും ചെയ്തു. 2020 ഫെബ്രുവരി 1 ശനിയാഴ്ച കൺവൻഷൻ നഗറിൽ നടത്തിയ പൊതുസമ്മേളനത്തിൽ തലശ്ശേരി കേരള മദ്യനിരോധന സമിതി പ്രസിഡന്റ് ഫാ. തോമസ് തൈത്തോട്ടം ബോധവത്കരണ ക്ലാസ്സ് നയിക്കുകയും വിവിധ മേഖലകളിൽ നിന്നും മദ്യത്തിൽനിന്നും ലഹരിമരുന്നുകളിൽനിന്നും മുക്തരായവർ തങ്ങളുടെ അനുഭവ സാക്ഷ്യം പറയുകയും ചെയ്തു. ഈ യജ്ഞം അനസ്യൂതം തുടരുവാൻ സെന്റർ തലങ്ങളിൽ ലീഡേഴ്സിനെ നിയോഗിച്ച് അനുധാവന പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഭദ്രാസനത്തിലെ ലഹരി വിമോചന പ്രവർ ത്തനങ്ങളെ പരിഗണിച്ച് കേരള സംയുക്ത ക്രൈസ്തവ മദ്യവർജ്ജനസമിതി വന്ദ്യ ദിവ്യശ്രീ പാരയ്ക്കൽ കുര്യാക്കോസ് കോർ എപ്പിസ്ക്കോപ്പാ അവാർഡ്- 2019 സമ്മാനിച്ചത് ഈ പ്രവർത്തനങ്ങൾക്ക് പ്രചോദനം പകരുന്നു.

മിഷൻ ഫീൽഡുകളിലൂടെ: വയനാട് മിഷന് കീഴിലുള്ള 8 മിഷൻഫീൽഡുകളും, അട്ടപ്പാടി മിഷന് കീഴിലുള്ള 3 മിഷൻഫീൽഡുകളും പാലക്കാട് മിഷന് കീഴിലുള്ള 2 മിഷൻഫീൽഡുകളും കോട്ടൂപ്പാടം, മാമ്പറ്റ, ചെറുപുഴ, അങ്ങാടിശ്ശേരിത്തട്ട്, ഇരിട്ടി, മട്ടന്നൂർ, ഉപ്പട, വരാക്കര, പെരുമണ്ണൂർ, പൊന്നാനി, കൊരട്ടിക്കര എന്നീ മേഖലകളിലായി വിസ്തൃതമായ 24 മിഷൻഫീൽഡുകളിൽ സുവിശേഷകരെയും കുടുംബങ്ങളെയും, വിശ്വാസികളെയും സന്ദർശിച്ച് പ്രവർത്തന ങ്ങൾ വിലയിരുത്തി മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ആദിവാസികളായ സുവിശേഷകരടക്കം 24 സുവിശേഷകർ വിവിധ മിഷൻ ഫീൽഡുകളിൽ സമർപ്പണത്തോടെ പ്രവർത്തിക്കുന്നു. ബത്തേരി പ്രർത്തന മേഖലകളിലെ ട്രൈബൽ കുഞ്ഞുങ്ങളിൽ ഓർഫൻ, സെമി ഓർഫൻ, നിർധന വിഭാഗങ്ങളിൽപ്പെട്ട പെൺകുട്ടികളെ താമസിപ്പിച്ച് മെച്ചപ്പെട്ട പഠനസൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുവാൻ പ്രവർത്തിച്ചുവരുന്ന ജീവൻജ്യോതി ഹോസ്റ്റൽ ആധുനിക സൗകര്യങ്ങളോടെ കൂടുതൽ കുട്ടികൾക്ക് പ്രയോജനകരമാംവിധം വികസിപ്പിക്കുവാൻ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

ഭദ്രാസനം നേതൃത്വം നൽകുന്ന ജീവകാരുണ്യ, സാമൂഹ്യ, ക്ഷേമ, വികസനപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിവരുന്നു. പരിയാരം മെഡിക്കൽ കോളേജിൽ ചികിത്സയ്ക്കെത്തുന്ന നിർധനരോഗികൾക്കും, കൂട്ടിരിപ്പുകാർക്കും ദിവ്യാനികേതനിൽ താമസിക്കുവാനുള്ള ക്രമീകരണങ്ങൾ ചെയ്തുവരുന്നു. കുഴൽമന്ദം ബി.എ.ജെ.എം. ആശുപത്രി കൂടുതൽ പ്രയോജനകരമായി പ്രവർത്തനസജ്ജമാക്കുവാൻ പദ്ധതികൾ തയ്യാറാക്കിവരുന്നു. ബഹുമാനപ്പെട്ട എപ്പിസ്ക്കോപ്പൽ സിനഡ് യോഗങ്ങളിലും, കൗൺസിൽ യോഗങ്ങളിലും പരമാവധി സംബന്ധിച്ചു. ഭദ്രാസനത്തിലെ സണ്ടേസ്കൂൾ, യുവജനസഖ്യം, സേവികാസംഘം, സന്നദ്ധസുവിശേഷക സംഘം എന്നിവയുടെ പഠനസമ്മേളനങ്ങൾ, കോൺഫ്രൻസുകൾ, വാർഷിക സമ്മേളനങ്ങൾ, ക്യാമ്പുകൾ എന്നിവയ്ക്ക് നേതൃത്വം നൽകി. സഭയുടെ ബി.സി.ഡി. സി.യുടെ അദ്ധ്യക്ഷനായി മീറ്റിംഗുകൾക്കും, പഠനസമ്മേളനത്തിനും, ക്യാമ്പിനും നേതൃത്വം നൽകി. ബഹുമാനപ്പെട്ട എപ്പിസ്ക്കോപ്പൽ സിനഡിന്റെ നിയോഗപ്രകാരം മാർ ത്തോമ്മാ യുവജനസഖ്യത്തിന്റെയും വാർഷിക വൈദിക സമ്മേളനത്തിന്റെയും അദ്ധ്യക്ഷപദവിക്കടുത്ത ഉത്തരവാദിത്വങ്ങൾ നിർവ്വഹിച്ചു.

തൃപ്തി ചെറുകിട വരുമാന പദ്ധതി: ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ നിസ്സഹായരായ വിധവമാരെ സംരക്ഷിക്കുന്ന പദ്ധതിയായ തൃപ്തി പദ്ധതി വിപുലപ്പെടുത്തി ഭദ്രാസനത്തിലെ വിധവമാരെ സ്വയംപര്യാപ്തരാക്കുവാൻ ചെറുകിട വരുമാനപദ്ധതികളാരംഭിച്ചു. ഒരു പ്രദേശത്തുള്ള വിധവമാർ ഒരുമിച്ചുകൂടി കറിപ്പൊടികൾ, പലഹാരങ്ങൾ, വിവിധയിനം അച്ചാറുകൾ ഇവ തയ്യാറാക്കി സമീപത്തുള്ള പള്ളികളിലും, വിശേഷാൽ കൂടിവരവുകളിലും കൊടുത്തുവരുന്നു. അത്തരത്തിൽ ആദ്യയൂണിറ്റ് ചെറുപുഴ യരുശലേം മാർത്തോമ്മാ ഇടവകയിൽ 2019 ആഗസ്റ്റ് 15-ന് ഉദ്ഘാടനം ചെയ്തു. മറ്റു മേഖലകളിൽ ആരംഭിക്കുന്നതിനുള്ള പരിശ്രമം നടത്തുന്നു.

ഇടവക ചുമതലക്കാരുടെ സമ്മേളനം: ഭദ്രാസനത്തിലെ എല്ലാ ഇടവകകളിലെയും ഇടവകച്ചുമതലക്കാർക്കായി മേഖലാടിസ്ഥാനത്തിൽ 2019 ആഗസ്റ്റ് 19 തിങ്കളാഴ്ച പാലക്കാട് സെന്റ് തോമസ് മാർത്തോമ്മാ പള്ളിയിൽ വച്ചും ആഗസ്റ്റ് 21 ബുധനാഴ്ച കോഴിക്കോട് സെന്റ് പോൾസ് മാർത്തോമ്മാ പള്ളിയിൽ വച്ചും ആഗസ്റ്റ് 22 വ്യാഴാഴ്ച ഉപ്പട മലബാർ മാർത്തോമ്മാ മിഷൻ കോംപ്ലക്സിൽ വച്ചും ഏകദിന സമ്മേളനങ്ങൾ നടത്തപ്പെട്ടു. സമ്മേളനത്തിൽ ഇടവകച്ചുമതലക്കാർ ഓരോരുത്തരുടെയും ചുമതലകളും ഉത്തരവാദിത്വങ്ങളും സി.ജി.എസ്സ്.റ്റി., എസ്സ്.ജി.എസ്സ്.റ്റി. എന്നിവയുടെ പശ്ചാത്തലത്തിൽ ഇടവക ട്രസ്റ്റിമാരുടെ ഉത്തരവാദിത്വങ്ങൾക്കും വ്യക്തത വരുത്തുന്ന ക്ളാസ്സുകൾക്ക് റവ. ജോർവിൻ ജോസഫും, റവ. എസ്സ് ജോർജ്ജും നേതൃത്വം നൽകി.

പുൽക്കൂട്ടിൽ പൂക്കാലം 2019: സഭയുടെ സംഗീതവിഭാഗമായ ഡി.എസ്സ്.എം.സി.യുടെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് റിപ്പോർട്ട് വർഷം പുൽക്കൂട്ടിൽ പൂക്കാലം മൂന്ന് മേഖലകളിൽ നടത്തുവാൻ ഡി.എസ്സ്.എം.സി. തീരുമാനിച്ചതിൽ വടക്കൻ മേഖലയ്ക്കുവേണ്ടി പുൽക്കൂട്ടിൽ പൂക്കാലം 2019 ഡിസംബർ മാസം 11 ബുധനാഴ്ച ചുങ്കത്തറ ശാലേം മാർത്തോമ്മാ പള്ളിയിൽ വച്ച് നടത്തുവാൻ ആവശ്യമായ ക്രമീകരണങ്ങൾ ചെയ്തു. അഭിവന്ദ്യ മാർത്തോമ്മാ മെത്രാപ്പോലീത്തായോടൊപ്പം നേതൃത്വം നൽകുകയും ക്രിസ്തുമസ്സ് സന്ദേശം നൽകുകയും ചെയ്തു.

ഈ ലോകം മുഴുവൻ കലുഷ്യങ്ങളില്ലാത്ത കൻമഷങ്ങളില്ലാത്ത ശത്രുതയില്ലാത്ത കേവലസ്നേഹവും വാത്സല്യവും മാത്രം ബാക്കിനിൽക്കുന്ന ഒരിടമായി മാറ്റുവാൻ കോവിഡ് 19 കാലം മനുഷ്യരാശിയെ പരിശീലിപ്പിച്ചു. മനുഷ്യനെ ആകമാനം ഒന്നായി കാണുകയും മനുഷ്യനും പ്രകൃതിയും ചരാചരങ്ങളും ഒത്തുചേരുന്ന ഒരു സാകല്യത്തിലേക്ക് നമ്മെ കൂടുതൽ ആനയിക്കുകയും ചെയ്യാത്തതെന്തും തെറ്റാണെന്ന ബാലപാഠവും നമ്മെ അനുസ്മരിപ്പിച്ചു. തെറ്റുകൾ ആവർത്തിക്കാതിരിപ്പാൻ നമുക്ക് ജാഗ്രതപുലർത്താം. റിപ്പോർട്ടു വർഷം ഭദ്രാസനത്തിന്റെ പ്രവർത്തനങ്ങൾ ഭംഗിയായി നിർവഹിപ്പാൻ സഹായിച്ച ദൈവത്തിന്റെ വലിയകൃപ നന്ദിപൂർവ്വം സ്മരിക്കുന്നു. അഭിവന്ദ്യ വലിയ മെത്രാപ്പോലീത്താ തിരുമേനി, മെത്രാപ്പോലീത്താ തിരുമേനി, മറ്റു തിരുമേനിമാർ, വികാരി ജനറാൾമാർ, വൈദികർ, കൗൺസിലംഗങ്ങൾ, അസംബ്ലി

യംഗങ്ങൾ, സുവിശേഷകർ, സ്വമേധാ ശുശ്രൂഷകർ, ആഫീസ് പ്രവർത്തകർ ഏവരുടെയും കലവറകൂടാത്ത സഹകരണത്തിനും, പ്രാർത്ഥനയ്ക്കും ഹൃദയംഗമമായ നന്ദി.

3. ഭദ്രാസന പ്രവർത്തനങ്ങൾ

3.1 നിരണം - മാരാമൺ ഭദ്രാസനം

നിരണം, തിരുവല്ലാ വെസ്റ്റ്, തിരുവല്ലാ ഈസ്റ്റ്, ഇരവിപേരൂർ, മാരാമൺ, കോഴഞ്ചേരി, എന്നീ ആറു സെന്ററുകളിലായി 82 ഇടവകകളും ഗൾഫ് മേഖലയിൽ 5 ഇടവകകളും (ബഹ്റിൻ -2, കുവൈറ്റ്-2, സൗദിഅറേബ്യ-1) മറ്റ് മേഖലയിൽ 2 ഇടവകകളും (സതേൺ ആഫ്രിക്ക-1, നൈജീരിയ-1) ഉൾപ്പെടെ 89 ഇടവകകൾ ഈ ഭദ്രാസനത്തിലുണ്ട്. ഭദ്രാസനത്തിൽ സജീവ സേവനത്തിൽ 99 പട്ടക്കാരും, റിട്ടയർ ചെയ്ത 57 പട്ടക്കാരും ഉണ്ട്. ഭദ്രാസനത്തിന്റെ ചുമതലയിലുള്ള ഖരിയാർ റോഡിലെ ഒറീസ്സാ മിഷനിൽ രണ്ടു വൈദികരും, 8 സുവിശേഷകരും സേവനം അനുഷ്ഠിക്കുന്നു. കൂടാതെ ചേന്നങ്കരി - കിടങ്ങറ മിഷൻ സെന്ററുകൾ, കുമ്പനാട് കടപ്ര ഡി-അഡിക്ഷൻ & കു ടുംബ സംപുഷ്ടീകരണ കേന്ദ്രം എന്നിവിടങ്ങളിൽ ഭദ്രാസനത്തിന്റെ ഓരോ സുവിശേഷകരും താമസിച്ച് പ്രവർത്തിക്കുന്നു.

നേതൃത്വം: അഭിവന്ദ്യ ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനി ഭദ്രാസനത്തിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകുന്നു. ഭദ്രാസന സെക്രട്ടറിയായി റവ. ജോജൻ മാത്യൂസ് ജോണും ട്രഷറാറായി അഡ്വ. അൻസിൽ സഖറിയായും സേവനം അനുഷ്ഠിച്ചു. 28 അംഗങ്ങൾ ഉൾപ്പെടുന്ന ഭദ്രാസന കൗൺസിലും, വിവിധ ഉപസമിതികളും, സംഘടനകളും ഒത്തൊരുമിച്ച് പ്രവർത്തിക്കുന്നു.

സുവിശേഷകർ: ഭദ്രാസനത്തിൽ (കേരളത്തിൽ) 4 സുവിശേഷ കർ പ്രവർത്തിക്കുന്നു. ഭദ്രാസന സുവിശേഷ പ്രവർത്തനങ്ങൾ സുഗമമായി നടത്തുവാൻ ഭദ്രാസനത്തെ മൂന്ന് മേഖലകളായി തിരിച്ചിട്ടുണ്ട്. ഓരോ മേഖലയിലും സുവിശേഷകർ ഗ്രൂപ്പായി മാസത്തിലൊരിക്കൽ ക്രമീകൃതമായി ജാതി-മതഭേദമെന്യെ ഭവനങ്ങൾ സന്ദർശിക്കുന്നു. ഇതോടൊപ്പം ഭദ്രാസന വേല സ്ഥലങ്ങളായ കിടങ്ങറ, ചേന്നങ്കേരി കേന്ദ്രങ്ങളിൽ എല്ല സുവിശേഷകരും മാസത്തിലൊരു ബുധനാഴ്ച കൂടി ഗ്രൂപ്പു കളായി തിരിഞ്ഞ് ഭവനസന്ദർശനം, കൂട്ടായ്മ എന്നിവ നടത്തുകയും ചെയ്യുന്നു. എല്ലാ മാസത്തിന്റെയും അവസാനം സുവിശേഷകർ ഭദ്രാസന സെക്രട്ടറിയുടെയും ട്രഷറാറുടെയും നേതൃത്വത്തിൽ ഒരുമിച്ചു കൂടി പ്രവർത്തനങ്ങൾ വിലയിരുത്തുന്നു.

ഓഡിറ്റേഴ്സ്: കൗൺസിലംഗങ്ങളായ ശ്രീ. ജോസഫ് ചാക്കോ, അഡ്വ. കുര്യൻ ജോസഫ് എന്നിവർ ഇന്റേണൽ ഓഡിറ്ററർമാരായും, ങ/ം. തോമസ് മാത്യു ആൻഡ് അസോസിയേറ്റ്സ്, തിരുവല്ല എക്സ്റ്റേണൽ ഓഡിറ്ററായും സേവനമനുഷ്ഠിച്ചു. ഇവരുടെ സേവനങ്ങളെ നന്ദിപൂർവ്വം സ്മരിക്കുന്നു.

ഭദ്രാസന ഓഫീസ്: തിരുവല്ല എസ്.സി.എസ്. ക്യാംപസിലുള്ള റ്റി.എം.എ.എം. മെമ്മോറിയൽ ബ്ലോക്കിൽ ഭദ്രാസന ഓഫീസ് പ്രവർത്തിക്കുന്നു. ശ്രീ. കെ.കെ. തോമസ് സീനിയർ ക്ലാർക്കായും, ശ്രീ. ചെറിയാൻ തോമസ് ക്ലാർക്കായും, ശ്രീ. ബിജു കെ.എസ്. ഓഫീസ് പ്യൂണായും പ്രവർത്തിക്കുന്നു. അവരുടെ ആത്മാർത്ഥ സേവനങ്ങൾക്ക് നന്ദി.

ഭദ്രാസന അസംബ്ലി: ഭദ്രാസന അസംബ്ലിയുടെ 2018-2019ലെ വാർഷികയോഗം 2019 ആഗസ്റ്റ് 3 ശനിയാഴ്ച രാവിലെ 10.00ന് ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ തിരുവല്ല സെന്റ് തോമസ് മാർത്തോമ്മാ പള്ളിയിൽ നടന്നു. ഭദ്രാസനത്തിന്റെയും, ഒറീസാമിഷൻ, ആനപ്രാമ്പാൽ ജെ.എം.എം. ജൂബിലി മന്ദിരം എന്നിവയുടെയും 2018-2019ലെ പ്രവർത്തന റിപ്പോർട്ടുകൾ ഉൾപ്പെടുന്ന ഭദ്രാസനത്തിന്റെ 2018-2019ലെ വാർഷിക റിപ്പോർട്ടും, വരവ് ചെലവ് തെരട്ടും, 2019-2020ലെ ബഡ്ജറ്റും പാസ്സാക്കി.

ഭദ്രാസന കൗൺസിൽ: അഭിവന്ദ്യ മെത്രാപ്പോലീത്താ തിരുമേനി അദ്ധ്യക്ഷനായി പ്രവർത്തിക്കുന്ന ഭദ്രാസന കൗൺസിലിൽ 28 അംഗങ്ങളുണ്ട്. റിപ്പോർട്ട് വർഷം നാലു പ്രാവശ്യം കൗൺസിൽയോഗം കൂടി ഭദ്രാസനത്തിന്റെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ തീരുമാനങ്ങൾ കൈക്കൊണ്ടു.

ഭദ്രാസനദിനം: ഭദ്രാസനത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഓർത്ത് പ്രാർത്ഥിക്കുന്നതിനും, പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിക്കുന്നതിനും സഭാജനങ്ങളെ ഈദൃശ്യ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്നതിനുമായാണ് ഭദ്രാസനദിനം ക്രമീകരിക്കുന്നത്. ഈ വർഷം 2019 നവംബർ 17 ഞായറാഴ്ച ഭദ്രാസനദിനമായി ആചരിച്ചു. അന്ന് പുൾപിറ്റ് ചേഞ്ച് ക്രമീകരിച്ചു. ഭദ്രാസനത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി പട്ടക്കാരുടെ നേതൃത്വത്തിൽ പ്രത്യേകം ടീമായി ഇടവകകൾ സന്ദർശിച്ച് ഫണ്ട് ശേഖരണം നടത്തുകയുണ്ടായി. ഭദ്രാസന ത്തിലെ പള്ളികളിൽ മെത്രാപ്പോലീത്താ തിരുമേനി അംഗീകാരം നൽകിയ സ്തോത്ര ശുശ്രൂഷാക്രമം ഉപയോഗിച്ച് പ്രാരംഭ ശുശ്രൂഷ നടത്തി.

സുവിശേഷ പ്രവർത്തനങ്ങൾ

ഒറീസാ മിഷൻ (ഖരിയാർ റോഡ്): നിരണം - മാരാമൺ ഭദ്രാസനത്തിന്റെ ചുമതലയിൽ 1985ൽ തുടക്കം കുറിച്ചതാണ് ഒറീസ്സായിലെ ഖരിയാർറോഡ് മിഷൻ ഫീൽഡ്. 120 കിലോമീറ്റർ ചുറ്റളവിൽ, ഖരിയാർറോഡ്, നിത്യാനന്ദപൂർ, സിൽഡ, തർബോഡ്, മേരിപൂർ, പദംമ്പൂർ, അമൻപുരി, കട്ടാബഞ്ചി, ബാദിഘട, ജാടമുണ്ട, കൊമഖാൻ എന്നിങ്ങനെ പതിനൊന്ന് കേന്ദ്രങ്ങളിലായി മിഷൻ പ്രവർത്തനം നടക്കുന്നു. മിഷനറി റവ. റൊണാൾഡ് രാജു, അസി. മിഷനറി റവ. ക്രിസ്റ്റി ഏബ്രഹാം എന്നിവരെ കൂടാതെ 8 സുവിശേഷകരും വിവിധ കേന്ദ്രങ്ങളിൽ താമസിച്ച് പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നു. ആദിവാസികൾ തിങ്ങിപ്പാർക്കുന്ന ഈ മേഖലയിൽ ഗ്രാമവാസികളുടെ കുട്ടികൾക്കായി രണ്ട് ഹോസ്റ്റലുകൾ നടത്തുന്നു. ആൺകുട്ടികളുടെ നവജീവൻ ഹോസ്റ്റലിൽ 55ഉം, പെൺകുട്ടികളുടെ ബാലികാഭവൻ ഹോസ്റ്റലിൽ 35ഉം കുട്ടികൾ താമസിച്ച് പഠിക്കുന്നു. കൂടാതെ മൂന്ന് വില്ലേജ് ഹോസ്റ്റലുകളിലായി 30 കുട്ടികളും താമസിച്ച് പഠിക്കുന്നു. ഒന്നാം ക്ലാസ്സ് മുതൽ ഡിഗ്രി വരെ പഠിക്കുന്ന കുട്ടികളുണ്ട്. ഭദ്രാസന സേവികാ സംഘത്തിന്റെ ചുമതലയിൽ ആണ് ബാലികാഭവന്റെ നടത്തിപ്പ്. എസ്.എസ്.എൽ.സി. കഴിയുന്ന കുട്ടികളെ ഉപരിപഠനത്തിനും അയയ്ക്കുന്നു. 10 ബാലാവാടികളിലൂടെ ഇരുന്നൂറ്റിയൻപതോളം കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസം നടത്തുന്നു. വിവിധ വില്ലേജുകളിലായി 10 റ്റ്യൂഷൻ സെന്ററുകളും പ്രവർത്തിക്കുന്നു. ആശുപത്രി സന്ദർശനം, ഭവന സന്ദർശനം, ബോധവൽക്കരണ പരിപാടികൾ, സുവിശേഷ പ്രതി-ലഘുലേഖ വിതരണം, വി.ബി.എസ്., മിഷൻ ടുസ്കൂൾ, ജയിൽ മിനിസ്ട്രി, ഫിലിം മിനിസ്ട്രി, ജാഗ്രതി പ്രയർ, വിദ്യാലയാരംഭ ശുശ്രൂഷ, സൺഡേസ്കൂൾ, യൂത്ത് മീറ്റിംഗ്, ഡി- അഡിക്ഷൻ പരിപാടി, ക്രിസ്തേതരർക്കായുള്ള ക്രിസ്തുമസ്, പ്രവർത്തകർക്കായുള്ള റിട്രീറ്റ്, വർക്കേഴ്സ് മീറ്റിംഗ്, ഗ്രൂപ്പ് വർക്ക് എന്നീ പരിപാടികൾ മുടങ്ങാതെ നടത്തിവരുന്നു. ഒറീസാ മിഷന്റെ ചുമതലയിൽ ചത്തീസ്ഗഢ് സംസ്ഥാനത്തെ മഹാസമുദ് ജില്ലയിൽ കൊമാഖാൻ വില്ലേജിൽ പ്രവർത്തിക്കുന്ന സ്കൂളായ മാർത്തോമ്മാ ഗുരുകുൽ വിദ്യാപീഠിൽ ഇപ്പോൾ ഇരുന്നോറോളം കുട്ടികൾ പഠിക്കുന്നു. സ്കൂളിന്റെ പ്രവർത്തനം ഏറ്റവും മെച്ചമായ രീതിയിൽ നടക്കുന്നു. മിഷന്റെ പ്രവർത്തനങ്ങൾ നേരിട്ടു കണ്ടു മനസ്സിലാക്കുന്നതിനായി എല്ലാ വർഷവും ഭദ്രാസന സെക്രട്ടറിയുടെ നേതൃത്വത്തിൽ ഭദ്രാസന കൗൺസിലംഗങ്ങൾ ഭദ്രാസനത്തിലെ വിവിധ ഇടവകകളിൽ നിന്നുള്ള അംഗങ്ങൾ എന്നിവരുൾപ്പെട്ട ടീം മിഷൻ സെന്റർ സന്ദർശിക്കുന്നു.

കിടങ്ങറ, ചേന്നങ്കരി മിഷൻ സെന്ററുകൾ: ഭവനസന്ദർശനം, കൂട്ടായ്മ യോഗങ്ങൾ, ദുരിതാശ്വാസ പ്രവർത്തനങ്ങൾ, സാധുജന സഹായം, മെഡിക്കൽ ക്യാമ്പുകൾ, ആരോഗ്യ ബോധവൽക്കരണ സെമിനാറുകൾ, പൾസ് പോളിയോ ക്യാമ്പ്, ദേശീയ ദിനാഘോഷ പരിപാടികൾ, ക്രിസ്മസ്-ഓണഘോഷ പരിപാടികൾ എ.എ. കൂട്ടായ്മ, ചിൽഡ്രൻസ് ഫെസ്റ്റ് എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ. സുവിശേഷ

കൻ ശ്രീ. സന്തോഷ് ജോർജ്ജ് കുടുംബമായി ചേന്നങ്കരി മിഷൻ സെന്ററിൽ താമസിച്ച് ഈ രണ്ട് സെന്ററുകളുടെയും പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

അർത്തിശ്ശേരി മിഷൻ മന്ദിരം: ആനപ്രാമ്പാൽ ജെ.എം.എം. ജൂബിലി മന്ദിരത്തിന്റെ ഉടമസ്ഥതയിൽ അർത്തിശ്ശേരിയിൽ മിഷൻ മന്ദിരം ഉണ്ട്.

ഫിനാൻസ് കമ്മറ്റി: വിവാഹസഹായം, വൈദ്യസഹായം എന്നീ സാമ്പത്തിക സഹായങ്ങൾ നിശ്ചയിക്കുകയും, വിതരണം ചെയ്യുകയും ചെയ്തു. ഭദ്രാസന സെക്രട്ടറി ചെയർമാനായും ട്രഷറാർ കൺവീനറായും പ്രവർത്തിച്ചു.

പഠനവിഭാഗം കമ്മറ്റി: വിവിധ വിഷയങ്ങളെ ആധാരമാക്കി പഠനക്ലാസ്സുകൾ നടത്തുകയാണ് കമ്മറ്റിയുടെ മുഖ്യ പരിപാടി. വലിയ നോമ്പിനോടനുബന്ധിച്ച് നോമ്പ് ആത്മതപനത്തിന്റെ ഓർമ്മപ്പെടുത്തൽ എന്ന പേരിൽ നോമ്പുധ്യാന പുസ്തകം പ്രസിദ്ധീകരിച്ചു.

മിഷൻ ടു പാരീഷ്: ഭദ്രാസനത്തിലെ ഇടവകകളെ കൂടുതൽ ആത്മീയമായി ശക്തിപ്പെടുത്തുവാൻ ഉദ്ദേശിച്ചു കൊണ്ടുള്ള മിഷൻ-ടു-പാരീഷ് പരിപാടിയുടെ ഭാഗമായ ഉണർവ്വ് യോഗ ങ്ങൾ 2019 ജൂൺ 29 ശനിയാഴ്ച കവിയൂർ ഞാൽഭാഗം സ്ലീബാ, ഒക്ടോബർ 19-ന് കല്ലൂപ്പാറ സെന്റ് തോമസ്, നവംബർ 23-ന് പുത്തൻകാവുമല സെന്റ് തോമസ്, 2020 ജനുവരി 11-ന് പൂവത്തൂർ സെന്റ് പോൾസ് എന്നീ ഇടവകകളിൽ നടത്തി. റവ. രഞ്ജി വർഗീസ്, റവ. ജേക്കബ് വി. ജോർജ്, റവ. ഡോ. സജു മാത്യു, ബ്രദർ ബിജു നെടുമ്പ്രം എന്നിവർ വചന ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. അന്നേ ദിവസം രാവിലെ 9.30 മുതൽ മിഷൻ ടു പാരീഷ് കമ്മറ്റി അംഗങ്ങൾ, സുവിശേഷകർ എന്നിവരുടെ നേതൃത്വത്തിൽ ഇടവകയിലെ ഭവനങ്ങളും സന്ദർശിച്ചു.

കൗൺസലിംഗ്: സ്കൂളുകൾ, കോളജുകൾ എന്നിവ കേന്ദ്രീകരിച്ച് കൗൺസിലിംഗ് ക്ലാസ്സുകൾ നടത്തുന്നു. ഭദ്രാസനത്തിലെ എല്ലാ സെന്ററുകളും കേന്ദ്രീകരിച്ച് കുടുംബ ശാക്തീകരണ ക്ലാസ്സ് നടത്തുന്നു. യുവജനങ്ങൾ, യുവദമ്പതികൾ, മുതിർന്ന ദമ്പതികൾ എന്നി മൂന്നു വിഭാഗങ്ങളിലുള്ളവർക്കു വേണ്ടിയാണ് ക്ലാസ്സുകൾ ക്രമീകരിച്ചിരിക്കുന്നത്. 2019 ഒക്ടോബർ 23ന് കുറ്റപ്പുഴ യെരുശലേം മാർത്തോമ്മാ പള്ളിയിൽ കുടുംബധ്യാനം നടന്നു. റവ. ജേക്കബ് മാത്യു, റവ. ഡോ. ജോ ജോസഫ് കുരുവിള എന്നിവർ നേതൃത്വം നൽകി.

മിഷൻ ടൂ സ്കൂൾസ്: ഭദ്രാസനത്തിലെ വിവിധ സ്കൂളുകൾ സന്ദർശിച്ച് മൂല്യാധിഷ്ഠിത ക്ലാസ്സുകൾ, കൗൺസലിംഗ് ക്ലാസ്സുകൾ, പരീക്ഷ ഒരുക്ക ക്ലാസ്സുകൾ എന്നിവ നടത്തി. റിപ്പോർട്ടു വർഷം തിരുവല്ല എസ്.സി.എസ്. ഹയർ സെക്കണ്ടറി, ഇരുവെള്ളിപ്ര ഇ.എ. & എൽ.പി. സ്കൂൾ എന്നീ സ്കൂളുകൾ സന്ദർശിച്ചു. കൂടാതെ തിരുവല്ല എസ്.സി.എസ്. ഹയർ സെക്കന്ററി സ്കൂളിന്റെ ചുമതലയിൽ എല്ലാ വെള്ളിയാഴ്ചയും തിരുവല്ല സെന്റ് തോമസ് പള്ളിയിൽ വെച്ച് നടക്കുന്ന വിദ്യാർത്ഥികളുടെ കൂട്ടായ്മയ്ക്ക് നേതൃത്വം നൽകുന്നു.

ഡി-അഡിക്ഷൻ: വളർന്നു വരുന്ന തലമുറയെ ലഹരി വസ്തുക്കളുടെ ദൂഷ്യഫലങ്ങളെക്കുറിച്ച് ബോധവത്ക്കരിക്കാനും ലഹരി വിമുക്ത സമൂഹ നിർമ്മിതിക്കായി സജ്ജരാക്കാനും വിവിധ സ്കൂളുകളിൽ ബോധവത്ക്കരണ എക്സിബിഷനും ക്ലാസ്സുകളും നടത്തപ്പെട്ടു. മദ്യപാനരോഗികളുടെ വിടുതലിനായി ആസക്തർക്കും അവരുടെ കുടുംബാഗങ്ങൾക്കുമായി പ്രത്യേക കൗൺസിലിംഗും തെറാപ്പികളും നൽകുന്നു. ഭദ്രാസനത്തിന്റെ വിവിധ ഭാഗങ്ങളിൽ നടത്തപ്പെടുന്ന എ.എ. കൂട്ടായ്മകൾ മദ്യാസക്തർക്കും അവരുടെ കുടുംബാംഗങ്ങൾക്കും ആവശ്യമായ കൂട്ടായ്മ നൽകുന്നു. ഇടവകകളിൽ മദ്യവർജ്ജന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്ക് പരിശീലനം നൽകുന്നു. ഭദ്രാസന മദ്യവർജ്ജന സമിതി, നിരണം സെന്റ് തോമസ് സെന്റർ, എ.എ. കൂട്ടായ്മ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ 2019 ഡിസംബർ 13-ാം തീയതി വെള്ളിയാഴ്ച വൈകിട്ട് 6 മുതൽ നിരണം അനുഗ്രഹതീരം പ്രൊജക്ട് സെന്ററിൽ വെച്ച് റവ.ജോർജ്ജ് അലക്സാണ്ടർ അനുസ്മരണവും മദ്യവിമുക്തരുടെ കുടുംബസംഗമവും നടത്തി. റവ. ജോജൻ മാത്യൂസ് ജോൺ അദ്ധ്യക്ഷത വഹിച്ചു. റവ. തോമസ് പി. ജോർജ്ജ്, റവ. സഖറിയാ ജോൺ ഭദ്രാസന ട്രഷറാർ അഡ്വ. അൻസിൽ സഖറിയാ, എ.എ. കൂട്ടായ്മ നിരണം യൂണിറ്റ് കൺവീനർ ശ്രീ. കെ.വി.തോമസ് എന്നിവർ നേതൃത്വം നൽകി.

ഭദ്രാസന ദീപം: ഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണമാണ് ഭദ്രാസനദീപം. ഭദ്രാ സനാദ്ധ്യക്ഷൻ, വികാരി ജനറാൾ, സെക്രട്ടറി എന്നിവരുടെ സന്ദേശങ്ങൾ ഭദ്രാസനത്തിന്റെ പ്രവർത്തന പരിപാടികൾ, സംഘടനാ പ്രവർത്തനങ്ങൾ, ഈടുറ്റ ലേഖനങ്ങൾ, ധ്യാനങ്ങൾ എന്നിവയാണ് ഭദ്രാസനദീപത്തിന്റെ ഉള്ളടക്കം.

പെയ്ൻ & പാലീയേറ്റീവ് കെയർ: മാരക രോഗത്തിന് അടിമപ്പെട്ടവർക്ക് ആവശ്യമായ ശുശ്രൂഷയും സഹായവും നൽകുന്നു. കൂടാതെ സ്വാന്തന പരിചരണ പ്രവർത്തക പരിശീലനവും നടത്തുന്നു. ഭദ്രാസനത്തിന്റെ വിവിധ ഇടവകകളിൽ പെയ്ൻ & പാലീയേറ്റീവ് കെയറിന്റെ പ്രവർത്തനം വളരെ ഭംഗിയായി നടക്കുന്നു. കുമ്പനാട് കടപ്രയിൽ പ്രവർത്തിക്കുന്ന കുടുംബ സംപൂഷ്ടീകരണ കേന്ദ്രത്തിൽ സ്നേഹാർദ്രം എന്ന പേരിൽ പാലിയേറ്റീവ് കെയർ യൂണിറ്റ് ആരംഭിച്ചു.

വനിതാ ഫോറം: സ്ത്രീ ശാക്തീകരണം ലക്ഷ്യമാക്കി രൂപീകൃതമായ വനിതാഫോറത്തിന്റെ ആഭിമുഖ്യത്തിൽ വനിതകളുടെ കൂടിവരവും സെമിനാറുകളും കാര്യക്ഷമമായി നടക്കുന്നു. 2019 മെയ് 28 ചൊവ്വാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് 12.30 കൊമ്പാടി ഡോ. ജോസഫ് മാർത്തോമ്മാ ക്യാമ്പ് & റിസേർച്ച് സെന്ററിൽ നേതൃത്വ പരിശീലന കളരി നടന്നു. അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്ത സമ്മേനത്തിൽ 'Living life well' എന്ന വിഷയത്തെ ആധാരമാക്കി ശ്രീമതി നിഷ ജോസ് പ്രഭാഷണം നടത്തി. നവംബർ 29-ന് തിരുവല്ല സെന്റ് തോമസ് മാർത്തോമ്മാ പള്ളിയിൽ സ്ത്രീ സമത്വം: മതേതര ഭാരതത്തിൽ എന്ന വിഷയത്തെ ആധാരമാക്കി പ്രഭാഷണം നടന്നു. പ്രസ്തുത സമ്മേളനം അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു. അരൂർ എം.എൽ.എ. അഡ്വ.ഷാനിമോൾ ഉസ്മാൻ പ്രഭാഷണം നടത്തി.

മ്യൂസിക് പ്ലസ്സ് മിനിസ്ട്രി: ഭദ്രാസനത്തിലെ ഇടവകകൾ കേന്ദ്രീകരിച്ച് ഇടവകകളിലെ എല്ലാ പ്രായത്തിൽപ്പെട്ടവർക്കും വിവിധതരത്തിൽ പങ്കെടുക്കുവാൻ അവസരങ്ങൾ ഒരുക്കിക്കൊണ്ട് എല്ലാ സംഘടനകളെയും പ്രാർത്ഥനാകൂട്ടങ്ങളെയും പങ്കെടുപ്പിച്ച് മ്യൂസിക് പ്ലസ്സ് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ സംഗീത ആരാധന നടത്തുന്നു. പ്രത്യേകം തെരഞ്ഞെടുക്കുന്ന വിഷയത്തിന് ചേരുന്ന ഗാനങ്ങളും തിരുവചന ഭാഗങ്ങളും അടിസ്ഥാനമാക്കിയും Powerpoint presentation സഹായത്തോടെയുമാണ് പരിപാടി നടത്തുന്നത്. കൂടാതെ ഭദ്രാസനത്തിലെ ഒരോ സെന്ററിലെയും ഇടവകകളെ ഏകോപിപ്പിച്ചുകൊണ്ട് ക്രിസ്തുമസ്, ഈസ്റ്റർ എന്നീ പ്രത്യേക അവസരങ്ങളിലും പ്രത്യേക ഗാനശുശ്രൂഷ നടത്തുന്നു.

മിഷൻ ബോർഡ്: ഭദ്രാസനത്തിന്റെ മിഷൻ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള ആലോചന നൽകുന്നു.

ഭദ്രാസന കൺവൻഷൻ: 8-ാമത് ഭദ്രാസന കൺവൻഷൻ 2020 ജനുവരി 16 വ്യാഴം മുതൽ 19 ഞായർ വരെ ചാത്തങ്കരി സെന്റ് പോൾസ് മാർത്തോമ്മാ പള്ളിയിൽ നടന്നു.

സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ

ആനപ്രമ്പാൽ ജെ.എം.എം. ജൂബിലി മന്ദിരം, എടത്വാ: സുവിശേഷ താല്പര്യവും സാമൂഹ്യദർശനവുമുള്ള ആനപ്രമ്പാൽ ഇടവക ജനങ്ങൾ തങ്ങളുടെ ദൈവാലയ കനക ജൂബിലി ആഘോഷത്തോടനുബന്ധിച്ച് ഇടവകയിൽ ഒരു അഗതിമന്ദിരം സ്ഥാപിക്കണമെന്ന് ആഗ്രഹിച്ചു. അതിനായി ക്രമീകരണങ്ങൾ നടത്തി വന്ന സമയത്ത് എടത്വാ ഓടേറ്റിൽ ശ്രീമതി അച്ചാമ്മ തോമസ് 1965 മെയ് 30-ന് തന്റെ സമ്പത്തു മുഴുവനും ആനപ്രമ്പാൽ മാർത്തോമ്മാ ഇടവകയ്ക്ക് ദാനം ചെയ്തു. ദാനം കിട്ടിയ സ്ഥലത്ത് അഗതി മന്ദിരം സ്ഥാപിക്കുവാൻ ഇടവകയായി തീരുമാനിക്കുകയും മന്ദിരത്തിനു

വേണ്ടി 1965 ഒക്ടോബർ 16-ന് രണ്ട് മുറിയുള്ള കെട്ടിടത്തിനു തറക്കല്ലിടുകയും ചെയ്തു. ആനപ്രമ്പാൽ ഇടവക ശുശ്രൂഷാസംഘത്തിന്റെ നേതൃത്വത്തിൽ മന്ദിരം പ്രവർത്തനം ആരംഭിച്ചു. ഇടവകാംഗങ്ങളിൽ നിന്നുള്ള നെല്ലുപിരിവും സ്തോത്രകാഴ്ചയുമായിരുന്നു ആരംഭകാലത്തേ മന്ദിരത്തിന്റെ വരുമാനമാർഗ്ഗങ്ങൾ. രണ്ട് അന്തേവാസികളും ശ്രീമതി അച്ചാമ്മ തോമസും ഒരു സേവിനിയുമായി ആരംഭിച്ച അഗതി മന്ദിരത്തിൽ അന്തേവാസികളുടെ എണ്ണം കൂടിവരികയും അതനുസരിച്ച് വരുമാനം വർദ്ധിക്കാതിരിക്കയും ചെയ്ത സാഹചര്യത്തിൽ മന്ദിരത്തിന്റെ പുരോഗതി ലക്ഷ്യമാക്കി മന്ദിരത്തേയും അതിന്റെ പ്രവർത്തനങ്ങളേയും ആനപ്രമ്പാൽ ഇടവക, നിരണം-മാരാമൺ ഭദ്രാസനത്തെ ഏല്പിച്ചു. തുടർന്ന് മന്ദിരത്തിന്റെ ഭരണവും ചുമതലയും ഭദ്രാസനം ഏറ്റെടുത്തു. 1971 നവംബർ 19-ന് ഇപ്പോഴത്തെ മന്ദിരത്തിന്റെ ഔപചാരികമായ ഉദ്ഘാടനവും പുതുതായി പണികഴിപ്പിച്ച കെട്ടിടത്തിന്റെ കൂദാശയും നടത്തപ്പെട്ടു. മാർത്തോമ്മാ സഭാ പരമാദ്ധ്യക്ഷനായിരുന്ന ഡോ. യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ സ്ഥാനാരോഹണ രജത ജൂബിലി സ്മാരകമായി ഈ മന്ദിരത്തിന് ജെ.എം.എം. ജൂബിലി മന്ദിരം, ആനപ്രമ്പാൽ എന്ന് നാമകരണം ചെയ്തു. തുടർന്ന് കൂടുതൽ സ്ഥലം വാങ്ങിക്കുകയും കൂടുതൽ കെട്ടിടങ്ങൾ, ഓഫീസ് റൂം, ഐസലേഷൻ വാർഡ്, സൂപ്രണ്ട് ക്വാർട്ടേഴ്സ് മുതലായവും നിർമ്മിച്ചു. ദുബായി വർക്കി ഗ്രൂപ്പ് സ്പോൺസർ ചെയ്ത കുഴൽ കിണർ, കംപ്യൂട്ടർ സിസ്റ്റം, മന്ദിരം ചുറ്റുമതിൽ മുതലായവയും അബുദാബി മാർത്തോമ്മാ ഇടവക സ്പോൺസർ ചെയ്ത ഒരു വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റും മന്ദിരത്തിൽ സ്ഥാപിച്ചു.

മന്ദിരത്തിന്റെ ഭരണചുമതല അഭി. ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ പ്രസിഡന്റായുള്ള 24 അംഗ ഭരണ സമിതി നിർവ്വഹിച്ചു. റവ. ഡോ. പി.ജി. ജോർജ്ജ് വൈസ് പ്രസിഡന്റായും നിരണം-മാരാമൺ ഭദ്രാസന സെക്രട്ടറി, സെക്രട്ടറിയും കൺവീനറും, ഭദ്രാസന ട്രഷറർ ട്രഷററും ആയിരുന്നു.

ആനപ്രമ്പാൽ ഇടവക വികാരി റവ. രഞ്ചി വർഗീസ്, മല്ലപ്പള്ളി നിർവ്വാഹക സമിതി പ്രസിഡന്റായും റവ. വർഗീസ് ചെറിയാൻ വൈസ്പ്രസിഡന്റായുമുള്ള 16 അംഗ നിർവ്വാഹക സമിതി മന്ദിരത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് നേതൃ ത്വം നൽകി. റിപ്പോർട്ടു വർഷം റവ. തോമസ് സി. അലക്സാണ്ടർ മന്ദിരം സൂപ്രണ്ടായും, ശ്രീ. കെ.എം. ജോൺ സെക്രട്ടറിയായും, ശ്രീമതി. ജിജി തോമസ് പ്രസാദ് ട്രഷററായും സേവനം അനുഷ്ഠിച്ചു.

എല്ലാ വർഷവും മന്ദിരം ഫെലോഷിപ്പിന്റെ നേതൃത്വത്തിൽ നടത്തുന്ന മന്ദിരം കലാമേളയ്ക്കും മറ്റുപരിപാടികളിലും മന്ദിരം ചുമതലക്കാരും അന്തേവാസികളും പങ്കെടുത്തു. വിവിധ ആഘോഷങ്ങൾ, ഓണം, ക്രിസ്മസ്, റിപ്പബ്ലിക്ദിനം, വിശുദ്ധ കുർബ്ബാന ശുശ്രൂഷ മുതലായവയും നടത്തപ്പെട്ടു.

2019 -20 റിപ്പോർട്ടുവർഷം 29 പേർ മന്ദിരത്തിൽ അന്തേവാസികളായി ഉണ്ടായിരുന്നു. ഇവരുടെ മാനസികോല്ലാസത്തിനായി കേബിൾ ടി.വി, മൂസിക്, പത്രമാസികകൾ മുതലായവയുടെ ക്രമീകരണങ്ങൾ ഉണ്ട്. ഇവരെ ശുശ്രൂഷിക്കുന്നതിലേക്ക് 2019ൽ കൊമ്പാടി ഇ.ജെ. ഇൻസ്റ്റിറ്റ്യൂട്ടിൽ ബി.റ്റി.എച്ച് പഠനം പൂർത്തീകരിച്ച ശ്രീ. ജെബിൻ സി. ബ്ലെസ്സൻ ഉൾപ്പെടെ 7 സ്റ്റാഫ് അംഗങ്ങൾ മന്ദിരത്തിൽ പ്രവർത്തിച്ചുവരുന്നു.

കൗൺസലിംഗ് സെന്റർ: തിരുവല്ല എസ്.സി.എസ്. കോമ്പൗണ്ടിൽ റ്റി.എം.എ.എം. മെമ്മോറിയൽ ബ്ലോക്കിലാണ് നിരണം-മാരാമൺ ഭദ്രാസനത്തിന്റെ കൗൺസിലിംഗ് സെന്ററർ പ്രവർത്തിക്കുന്നത്. കൗൺസലിംഗ് സെന്റർ ആഴ്ചയിലെ എല്ലാ ദിവസവും ആളുകളുടെ ആവശ്യം അനുസരിച്ച് തുറന്നു പ്രവർത്തിക്കുന്നു. ഈ വർഷം ഏകദേശം 212 വ്യക്തികളും കുടുംബങ്ങളും കൗൺസിലിംഗ് സഹായം തേടിയിരുന്നു. താഴെപ്പറയുന്ന കൗൺസിലിംഗ് സഹായങ്ങളാണ് നൽകിയത്.

പ്രീ-മാരേജ് കൗൺസലിംഗ്: ഈ വർഷം ഏകദേശം 136 ദമ്പതികൾ വിവാഹ ഒരുക്ക കൗൺസലിംഗിനായി സെന്ററിന്റെ സേവനം പ്രയോജനപ്പെടുത്തി. നമ്മുടെ ഭദ്രാസനത്തിൽ നിന്നും മറ്റു ഭദ്രാസനങ്ങളിൽ നിന്നും യു.എസ്.എ., ഗൾഫ്, ഓസ്ട്രേലിയ എന്നീ രാജ്യങ്ങളിൽ നിന്നും ദമ്പതികൾ വിവാഹ ഒരുക്ക കൗൺസലിംഗിൽ സംബന്ധിച്ചു.

വിദ്യാഭ്യാസ കൗൺസലിംഗ്: പഠനം മെച്ചപ്പെടുത്തുന്നതിനും പഠനവൈകല്യങ്ങൾ കണ്ടുപിടിക്കുന്നതിനും സ്വഭാവരൂപീകരണം വ്യക്തിത്വ രൂപീകരണം എന്നിവയ്ക്കായും അനേകം കുട്ടികളും മാതാപിതാക്കളും കൗൺസലിംഗ് സെന്ററിന്റെ സേവനം പ്രയോജനപ്പെടുത്തി.

ഫാമിലി കൗൺസലിംഗ്: കുടുംബ ശിഥിലീകരണം സംഭവിച്ചു കൊണ്ടിരിക്കുന്ന അനേക കുടുംബങ്ങൾ കഴിഞ്ഞ വർഷം ഈ സെന്ററിലൂടെ പ്രശ്നപരിഹാരം തേടി. ഇക്കാലയളവിൽ 38 കുടുംബങ്ങൾ കൗൺസിലിംഗിന് വിധേയരായി.

കൗൺസലിംഗ് ടു സ്കൂൾ പ്രോഗ്രാം: സഭയുടെ കൗൺസലിംഗ് ടു സ്കൂൾ പ്രോഗ്രാമിന് നമ്മുടെ കൗൺസിലിംഗ് സെന്റർ നേതൃത്വം നൽകി. വിവിധ സ്കൂളുകളുടെ ആവശ്യമനുസരിച്ച് തക്കതായ കൗൺസലർമാരെ നിയമിക്കുകയും സ്കൂളുകളിൽ ഉള്ള കൗൺസിലിംഗ് കാര്യക്ഷമമായി പ്രവർത്തിക്കത്തക്ക വിധത്തിൽ കൗൺസിലിംഗ് സെന്റർ ഡയറക്ടർ നേതൃത്വം നൽകി.

കുടുംബ ശാക്തീകരണം: നമ്മുടെ ഭദ്രാസനത്തിന്റെയും സഭയുടെയും വിവിധ ഇടവകകളിൽ ഞായറാഴ്ചതോറും കുടുംബ ശാക്തീകരണ ക്ലാസ്സ് ക്രമീകരിക്കുകയും കുടുംബങ്ങൾ, യുവദമ്പതികൾ എന്നിവർക്കായി സെമിനാറുകളും ക്ലാസ്സുകളും നടത്തുകയും ചെയ്തു. ഇവ കൂടാതെ പല ഇടവകകളിലും വ്യക്തിത്വ വികസന സെമിനാറുകൾ, പഠന മാർഗ്ഗ നിർദ്ദേശ കൗൺസലിംഗ്, പരീക്ഷ ഒരുക്ക ക്ലാസ്സ് എന്നിവയും നടത്തി.

ഓൺലൈൻ കൗൺസിലിംഗ്: മാരകമായ കോവിഡ് രോഗം മൂലം മാനസിക സംഘർഷം അനുഭവിക്കുന്ന വ്യക്തികൾക്ക് സാന്ത്വനം നൽകുന്നതിനായി ഭദ്രാസനത്തിന്റെ ചുമതലയിൽ മാർച്ച് മാസത്തിൽ ഒരു സൗജന്യ ഓൺലൈൻ കൗൺസിലിംഗ് മിനിസ്ട്രി ആരംഭിച്ചു. ഏകദേശം നൂറോളം ആളുകൾ ഇതിന്റെ സേവനം പ്രയോജനപ്പെടുത്തി.

വരുമാനം: സെന്ററിന്റെ കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനങ്ങളിലൂടെ ഭദ്രാസനത്തിന് ഏകദേശം 1,60,250/- രൂപ ലഭിച്ചു. കൗൺസിലിംഗ് സെന്ററിന്റെ കൗൺസലറായും, ഡയറക്ടറായും റവ. ഡോ. ജോ ജോസഫ് കുരുവിള സേവനമനുഷ്ഠിക്കുന്നു.

ഡി-അഡിക്ഷൻ സെന്റർ: ലഹരിയാസക്തിയിൽ നിന്ന് വിമുക്തി നേടുന്നതിന് ആഗ്രഹിക്കുന്നവർക്കായി കുമ്പനാട് കടപ്രയിൽ ഭദ്രാസനത്തിന്റെ ഡി-അഡിക്ഷൻ സെന്റർ പ്രവർത്തിക്കുന്നു. സെന്ററിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുകയും അവിടുത്തെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള പരിപാടികൾ ക്രമീകരിക്കുകയും ചെയ്യുന്നു. റവ. റോയി ഗീവർഗീസ്, ഇരവിപേരൂർ സെന്ററിൽ നിന്നുള്ള കൗൺസിൽ അംഗങ്ങളായ ശ്രീ. റ്റി.എം. മാത്യു, ശ്രീമതി മറിയാമ്മ ചാക്കോ എന്നിവർ അവിടുത്തെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

കുടുംബ സംപുഷ്ടീകരണ കേന്ദ്രം: കുമ്പനാട് കടപ്രയിലുള്ള കുടുംബ സംപുഷ്ടീകരണ കേന്ദ്രം പ്രസ്തുത സ്ഥാപനത്തിൽ മദ്യവിമുക്തരുടെ എ.എ. കൂട്ടായ്മ പുനരാരംഭിച്ച് കഴിഞ്ഞു. പ്രസ്തുത കൂട്ടായ്മ എല്ലാ ഞായറാഴ്ചയും വൈകിട്ട് 4 മണിക്ക് റവ. ജോർജ്ജ് തോമസ് അച്ചന്റെ നേതൃത്വത്തിൽ നടത്തിവരുന്നു. കൂടാതെ 3 മാസത്തിലൊരിക്കൽ വിവാഹപ്രായമായ യുവതീയുവാക്കൾക്കായി പ്രീ-മാരിറ്റൽ കൗൺസിലിംഗ് സർട്ടിഫിക്കേറ്റ് കോഴ്സും ആരംഭിക്കുന്നതിനുള്ള ക്രമീകരണം ചെയ്യുന്നു. കുടുംബശാക്തീകരണ കേന്ദ്രത്തിലെ കൗൺസിലിംഗ് ശുശ്രൂഷയ്ക്കും പ്രവർത്തനങ്ങൾക്കും കുമ്പനാട് ശാലേം മാർ തോമ്മാ ഇടവക വികാരി റവ. ജോൺ ഫിലിപ്പ് പി. നേതൃത്വം നൽകുന്നു. ഭദ്രാസന സുവിശേഷകൻ ശ്രീ. ബിജു ജോർജ്ജിനെ കോ-ഓർഡിനേറ്റർ എന്ന നിലയിൽ പൂർണ്ണസമയ സേവനത്തിനായി അവിടെ നിയോഗിച്ചു. അദ്ദേഹം പ്രവർത്തനങ്ങൾക്ക്

നേതൃത്വം നൽകുന്നു.

വിവാഹ സഹായം: ജാതിമത ഭേദമന്യേ ഈ ഫണ്ടിൽ നിന്നും സഹായം നൽകിവരുന്നു. സഭ ഓഫീസിൽ നിന്നും ലഭിക്കുന്ന വിഹിതമാണ് ഇതിന്റെ പ്രധാന മാർഗ്ഗം.

വൈദ്യസഹായം: നിർദ്ധനരായ രോഗികൾക്ക് വികാരി മാരുടെ ശുപാർശയോടു കൂടി ലഭിക്കുന്ന അപേക്ഷ പ്രകാരം സഹായം നൽകി.

പട്ടക്കാരുടെ മേഖല സമ്മേളനം: പട്ടക്കാരുടെ മേഖലാ സമ്മേ ളനങ്ങൾ മൂന്നു മാസത്തിലൊരിക്കൽ കിഴക്ക്, പടി ഞ്ഞാറ് എന്നീ രണ്ടു മേഖലകളിലായി അഭിവന്ദ്യ മെത്രാ പ്പോലീത്താ തിരുമേനി, വികാരി ജനറാൾമാർ എന്നിവരുടെ നേതൃത്വത്തിൽ നടക്കുന്നു. കിഴക്കൻ മേഖല (ഇരവിപേരൂർ, മാരാമൺ, കോഴഞ്ചേരി). കൺവീനറായി ആനമല സെന്റ് തോമസ് ഇടവക വികാരി റവ. ജോൺ ജോർജ്ജ് പ്രവർത്തി ച്ചു. പടിഞ്ഞാറൻ മേഖല (നിരണം, തിരുവല്ല ഈസ്റ്റ്, തിരു വല്ല വെസ്റ്റ്) സമ്മേളനം ഈ വർഷം രണ്ടു പ്രാവശ്യം കൂടി. 2019 ഏപ്രിൽ 16-ന് ആമല്ലൂർ സെഹിയോൻ മാർത്തോമ്മാ പള്ളിയിലും, 2020 ജനുവരി 7-ന് നെടുമ്പ്രം ക്രിസ്തോസ് മാർത്തോമ്മാ പള്ളിയിലും നടന്നു. സമ്മേളനത്തിന് അഭി വന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരു മേനി നേതൃത്വം നൽകി. തിരുവല്ല സെന്റ് തോമസ് ഇടവക വകാരി റവ. ജോജൻ മാത്യൂസ് ജോൺ കൺവീനറായി പ്രവർത്തിച്ചു.

മൂന്നു മാസത്തിലൊരിക്കൽ അഭിവന്ദ്യ മെത്രാപ്പോലീത്താ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ മുൻകൂട്ടി ക്രമീകരിക്കുന്ന സമ്മേളനത്തിൽ, ഇടവക ശുശ്രൂഷകൾ ഭംഗിയായി നടത്തു ന്നതിനാവശ്യമായ നിർദ്ദേശങ്ങളും, പ്രബോധനങ്ങളും അഭി വന്ദ്യ തിരുമേനിയിൽ നിന്നു ലഭിക്കുന്നു. കൂടാതെ പട്ടക്കാർ തന്നെ ധ്യാനപ്രസംഗം, ആനുകാലിക വിഷയങ്ങളെക്കുറി ച്ചുള്ള പഠനക്ലാസ്സുകൾ, ബൈബിൾ ക്ലാസ്സുകൾ, മധ്യസ്ഥ പ്രാർത്ഥന എന്നിവയ്ക്ക് നേതൃത്വം നൽകുന്നു. സാധാരണ രാവിലെ 10ന് ആരംഭിച്ച് ഉച്ചയ്ക്ക് 1 മണിക്ക് അവസാനി ക്കുന്നു.

ബസ്ക്യാമ്മാസ് ഫെലോഷിപ്പ്: പ്രത്യേക അവസരങ്ങളിൽ വിധവമാരായ ബസ്ക്യാമ്മാരെ ഭവനത്തിൽ പോയി സന്ദർശിച്ച് കൂട്ടായ്മ ആചരിക്കുകയും ഉപഹാരം നൽകു കയും ചെയ്യുന്നു. കൂടാതെ ഭദ്രാസന സമ്മേളനവും ഓരോ ഭാഗത്തും ഏരിയ പ്രയറും നടത്തുന്നു.

ഇടവക ചുമതലക്കാരുടെ സമ്മേളനം: ഭദ്രാസനത്തിന്റെ പ്രവർ ത്തനങ്ങളിൽ ഇടവകകളുടെ പങ്കാളിത്തം കൂടു തലായി ഉണ്ടാ കുന്നതിനും ഭദ്രാസനദിനം, ഭദ്രാസന ഫണ്ട് കളക്ഷൻ എന്നിവ കൂടുതൽ ഊർജ്ജിതപ്പെടുത്തുന്നതി നുമായി സെന്റർ തലങ്ങളിൽ ഇടവക ചുമതലക്കാരുടെ (വികാരി, അസി. വികാരി, വൈസ് പ്രസിഡന്റ്, ട്രസ്റ്റിമാർ, സെക്രട്ടറി, ഭദ്രാസന അസംബ്ലി-കൗൺസിൽ അംഗങ്ങൾ) സമ്മേളനം ഒക്ടോബർ 9 ബുധനാഴ്ച തിരുവല്ല സെന്റ് തോമസ് മാർത്തോമ്മാ പള്ളിയിൽ നടന്നു. അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു. GST, KFC എന്നിവ സംബന്ധിച്ച ക്ലാസ്സിന് സഭാ ഫിനാൻസ് മാനേജർ റവ. ജോർവിൻ ജോസഫ് നേതൃത്വം നൽകി. 2019 നവംബർ 8 വെള്ളിയാഴ്ച വട്ടക്കോട്ടാൽ ക്രൈസ്റ്റ് ചർച്ചിൽ നടത്തപ്പെട്ടു.

ക്രിസ്തുമസ് ഗാനശുശ്രൂഷ: ഭദ്രാസനം തെള്ളിയൂർ എം.സി. ആർ.ഡി. നവജ്യോതി സ്കൂൾ, മാരാമൺ സെന്റർ യുവജ നസഖ്യം എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ഡിസം ബർ 6 വെള്ളിയാഴ്ച വൈകിട്ട് 6 മണിക്ക് തെള്ളിയൂർ എം. സി.ആർ.ഡി. നവജ്യോതി സ്കൂളിൽ ക്രിസ്തുമസ് ഗാനശു ശ്രൂഷ നടത്തി. ഭദ്രാസന സെക്രട്ടറി റവ. ജോജൻ മാത്യൂസ് ജോൺ അദ്ധ്യക്ഷത വഹിച്ചു. മലങ്കര ഓർത്തഡോക്സ് സഭാ നിരണം ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോ സ്റ്റമോസ് മെത്രാപ്പോലീത്താ ക്രിസ്തുമസ് സന്ദേശം നൽകി. ചലച്ചിത്രതാരം ശ്രീ. പ്രശാന്ത് അലക്സാ ണ്ടർ മുഖ്യാതിഥിയായിരുന്നു. മാർത്തോമ്മാ ക്ലറിക്സ് ഹാർമ ണി, പ്രൊ വിഡൻസ് മിഷൻ വോയ്സ് കുമ്പനാട് എന്നീ ഗായകസംഘങ്ങൾ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. മാരാമൺ സെന്റർ യുവജനസഖ്യാംഗങ്ങൾ, എം.സി.ആർ. ഡി. സ്കൂൾ വിദ്യാർത്ഥികൾ എന്നിവരുടെ വിവിധ കലാപ രിപാടികൾ ഏറെ ആനന്ദകരമായിരുന്നു. ഭദ്രാസന ട്രഷറാർ അഡ്വ. അൻസിൽ സഖറിയാ, എം.സി.ആർ.ഡി. ഡയറക്ടർ റവ. വിനോദ് ഈശോ, സെക്രട്ടറി ഡോ. എം.എൻ. ജോർജ്ജ്, പ്രിൻസിപ്പാൾ ശ്രീ. തോമസ് റ്റി. ജോർജ്ജ് എന്നി വർ പ്രസംഗിച്ചു.

ഭദ്രാസന കൺവൻഷൻ: നിരണം-മാരാമൺ ഭദ്രാസന ത്തിന്റെ 8-ാമത് കൺവൻഷൻ ദൈവകൃപയാൽ 2020 ജനു വരി 16 വ്യാഴം മുതൽ 19 ഞായർ വരെ ചാത്തങ്കരി സെന്റ് പോൾസ് മാർത്തോമ്മാ പള്ളിയിൽ നടന്നു. 16-ാം തീയതി അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനി ഉദ്ഘാടന കർമ്മം നിർവ്വഹിച്ച് അനുഗ്രഹിച്ചു. അന്നേ ദിവസം റവ. ഡോ. ജോസഫ് ഡാനിയേൽ വചനശുശ്രൂഷ നിർവ്വഹിച്ചു. 17 വെള്ളിയാഴ്ച നടന്ന സന്ധ്യ സുവിശേഷക സംഘം, സേവികാസംഘം എന്നിവയുടെ സംയുക്ത യോഗത്തിൽ പി.എം. ജോൺസൺ സന്ദേശം നൽകി. അന്ന് വൈകിട്ടത്തെ യോഗത്തിൽ റവ. സി.ജെ. തോമസ്, പുനലൂർ പ്രസംഗിച്ചു. 18-ാം തീയതി നടന്ന യുവ ജനസഖ്യത്തിന്റെ യോഗത്തിൽ, സൺഡേസ്കൂൾ കുട്ടിക ളുടെ സംഗമത്തിന് സൺഡേസ്കൂൾ സമാജം പ്രവർത്ത കരും നേതൃത്വം നൽകി. വൈകിട്ട് പൊതുയോഗത്തിൽ തിരു വല്ല സെന്റ് തോമസ് ടി.ടി.ഐ. പ്രിൻസിപ്പാൾ ശ്രീ. ഷാജി ജോർജ്ജ് വചനശുശ്രൂഷ നിർവ്വഹിച്ചു. 19 ഞായറാഴ്ച ഭദ്രാ സന സെക്രട്ടറി റവ. ജോജൻ മാത്യൂസ് ജോൺ വിശുദ്ധ കുർബ്ബാന അർപ്പിച്ചു. തുടർന്ന് സമാപന സമ്മേളനത്തിൽ മലങ്കര കത്തോലിക്കാ സഭാ പരമാദ്ധ്യക്ഷൻ കർദ്ദിനാൾ മോറോൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവാ സമാപന സന്ദേശം നൽകി. സഭയുടെ പ്രസിദ്ധീക രണ വിഭാഗമായ മാർത്തോമ്മാ സഭാ ബുക്ക് ഡിപ്പോയുടെ പുസ്തക ശാല, സഭയുടെ മുഖപത്രമായ മലങ്കര സഭാതാരക സ്റ്റാൾ, യുവജനസഖ്യം, ഭദ്രാസന ഓഫീസ് എന്നിവയും കൺവൻഷൻ നഗറിൽ പ്രവർത്തിച്ചു. സഭാതാരക, സുവി ശേഷദൂതൻ എന്നിവയുടെ സ്റ്റാളുകളിലൂടെ നിരവധിപേർ സഭാതാരകയുടെയും സുവിശേഷ ദൂതന്റെയും വാർഷിക വരിസംഖ്യ അടച്ച് വരിക്കാരായി. സമാപന ദിവസവും കൺവൻഷനിൽ പങ്കെടുത്ത വിശ്വാസികൾക്ക് ഉച്ചഭക്ഷണം നൽകി. എല്ലാ ദിവസവും വൈകിട്ട് 6.30ന് ഗാനശുശ്രൂഷ യോടെ പൊതുയോഗം ആരംഭിച്ചു. ചാത്തങ്കരി സെന്റ് പോൾസ് ഇടവകയിലെ ഗായകസംഘം ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. ഗാനശുശ്രൂഷ റവ. ജിജോ പി. സണ്ണി യുടെ നേതൃത്വത്തിലാണ് നടന്നത്. ഭദ്രാസനത്തിലെ നിരവധി പട്ടക്കാർ യോഗങ്ങളിൽ സംബന്ധിച്ചു. കൺവൻഷന്റെ സുഗ മമായ നടത്തിപ്പിന് അക്ഷീണം പ്രയത്നിച്ചത് ജനറൽ കൺവീ നറും ചാത്തങ്കരി സെന്റ് പോൾസ് മാർത്തോമ്മാ ഇടവക വികാരിയുമായ ജോൺ തോമസ് അച്ചനാണ്. കൈസ്ഥാന സമിതി അംഗങ്ങളും അച്ചനോടൊപ്പം നിന്ന് ആവശ്യമായ എല്ലാ ക്രമീകരണങ്ങളും ചെയ്ത് സഹായിച്ചു.

ട്രാൻസ്ജെൻഡർ പഠനശിബിരം: മാർത്തോമ്മാ സഭാ നവോദയ മൂവ്മെന്റിന്റെ ആഭിമുഖ്യത്തിലും നിരണം-മാരാ മൺ ഭദ്രാസനത്തിന്റെ ചുമതലയിലും 2020 ഫെബ്രുവരി 8 ശനിയാഴ്ച വൈകിട്ട് 4 മണിക്ക് കാരയ്ക്കൽ സെന്റ് തോമസ് മാർത്തോമ്മാ പള്ളിയിൽ ലിംഗ-ദ്വന്ദ സമീപനങ്ങൾക്ക് ഒരു പാഠഭേദം എന്ന വിഷയത്തെ ആധാരമാക്കി ട്രാൻസ്ജെൻ ഡർ അർദ്ധദിന പഠന ശിബിരം നടത്തി. അഭിവന്ദ്യ ഡോ. ഗീവർഗീസ് മാർ തിയഡോഷ്യസ് എപ്പിസ്കോപ്പാ ഉദ്ഘാ ടനം നിർവ്വഹിച്ച സമ്മേളനത്തിൽ ഭദ്രാസന സെക്രട്ടറി, ട്രഷ റാർ, റവ. ഫിലിപ്പ് ജോർജ്ജ്, ഡോ. എ.ജെ. ജോൺ, ഡോ. റോയി ജോൺ മാത്യു, ദേവൂട്ടി ഷാജി എന്നിവർ പ്രസം ഗിച്ചു.

മാരാമൺ കൺവൻഷൻ സ്റ്റാൾ: 2020ലെ മാരാമൺ കൺവൻഷനോടനുബന്ധിച്ച് മണപ്പുറത്ത് ഭദ്രാസന സ്റ്റാൾ ക്രമീകരിച്ചിരുന്നു. ഭദ്രാസന പ്രവർത്തനങ്ങൾ വിശദമാക്കുന്ന പോസ്റ്ററുകൾ, ഒറീസ മിഷൻ ഫീൽഡിലെ വിവിധ ചിത്രങ്ങള ടങ്ങിയ പോസ്റ്ററുകൾ, കിടങ്ങറ, ചേന്നങ്കരി മിഷൻ

പ്രവർത്തനങ്ങൾ, ആനപ്രാമ്പാൽ ജെ.എം.എം. ജൂബിലി മന്ദിര പ്രവർത്തനങ്ങൾ മുതലായവ വിശദമാക്കുന്ന ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിച്ചിരുന്നു. കൺവൻഷനിൽ സംബന്ധിച്ചവർക്ക് ഭദ്രാസനത്തെക്കുറിച്ചും വിശിഷ്യാ ഒറീസാമിഷൻ പ്രവർത്തനങ്ങളെക്കുറിച്ചും മനസ്സിലാക്കുന്നതിന് ഈ സ്റ്റാൾ ഉപകരിച്ചു.

സംഘടനകൾ

സൺഡേ സ്കൂൾ: ഡിസ്ട്രിക്ട് കൺവൻഷനുകൾ, വിദ്യാർത്ഥി ക്യാമ്പുകൾ, സെന്റർ-ശാഖ തലങ്ങളിൽ ഏകദിന ക്യാമ്പുകൾ, വി.ബി.എസ്., അഖില ലോക സൺഡേ സ്കൂൾ ദിനം, അദ്ധ്യാപക ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, ഹെഡ്മാസ്റ്റേഴ്സ് കോൺഫ്രൻസ്, അദ്ധ്യാപക സംഗമം അർദ്ധ വാർഷിക പരീക്ഷ വാർഷിക പരീക്ഷയും ബിരുദ പരീക്ഷയും താലന്ത് പരിശോധനയും ദിവ്യസംഗീതോത്സവും, വിദ്യാഭ്യാസ അവാർഡ്, ബെസ്റ്റ് സൺഡേസ്കൂൾ, സൺഡേസ്കൂൾ പ്രവർത്തക സമ്മേളനം, ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം, മൈഷെയർ ഫോർ മിഷൻ വർക്ക് & മിഷൻ സൺഡേ ഭദ്രാസന സൺഡേസ്കൂൾ ദിന സ്തോത്രകാഴ്ച എന്നിവ നടത്തി.

യുവജനസഖ്യം: പ്രവർത്തനോദ്ഘാടനം, ഈസ്റ്റർ സംഗമവും ഗാനശുശ്രൂഷയും, കരിയർ ഗൈഡൻസ്, കലാമേള, യുവജനസംഗമം, ക്രിസ്മസ് ഗാനസന്ധ്യ, മിഷൻ ടു പാരീഷ്, സ്വരരാഗ, യുവജനവാര പ്രവർത്തനങ്ങൾ, കമ്മിറ്റി റിട്രീറ്റ്, നോമ്പ് ധ്യാനം, സെന്റർ-ശാഖ സന്ദർശനം എന്നിവയായിരുന്നു പ്രധാന പ്രവർത്തന പരിപാടികൾ.

വികസനസംഘം: കരിയർ ഗൈഡൻസ് ക്ലാസ്സ്, ആരോഗ്യ ബോധവത്ക്കരണ സെമിനാർ, വിദ്യാഭ്യാസ അവാർഡ്, മാലിന്യ സംസ്ക്കരണ ബോധവത്ക്കരണ സെമിനാർ എന്നിവ നടത്തി.

സേവികാസംഘം: ഭരണസമിതിയംഗങ്ങൾക്കായുള്ള റിട്രീറ്റ്, സെക്രട്ടറിമാരുടെ സമ്മേളനം, മേഖലാ പഠനസമ്മേളനങ്ങൾ, സേവികാ സംഘദിനാചരണം, കലാമത്സരം, എല്ലാ സെന്ററുകളെയും ഉൾപ്പെടുത്തിയുള്ള പ്രതിഭാസംഗമം, വിനോദയാത്ര എന്നിവയായിരുന്നു പ്രധാന പരിപാടികൾ. ഒരു രൂപാ ശേഖരണത്തിലൂടെ ശാഖകളിൽ നിന്നും ലഭിക്കുന്ന തുക സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വരുടെ അപേക്ഷാനുസരണം വിവാഹം, ചികിത്സ എന്നീ ആവശ്യങ്ങൾക്കായി സഹായം നൽകുന്നു. ഭദ്രാസനത്തിന്റെ പ്രധാന സുവിശേഷവേലസ്ഥലമായ ഖരിയാർ റോഡിലെ ബാലിക ഭവന്റെ നടത്തിപ്പ് എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ.

സന്നദ്ധ സുവിശേഷക സംഘം: ഇടവകമിഷൻ പ്രവർത്തക സമ്മേളനം, മേഖലാ സമ്മേളനങ്ങൾ, ഭവന സന്ദർശനം, ഉപവാസ പ്രാർത്ഥന, ജയിൽ സന്ദർശനം, മദ്ധ്യസ്ഥ പ്രാർത്ഥന, സാക്ഷ്യയോഗം, ഭദ്രാസന സ്വമേധാ സുവിശേഷകരുടെ സമ്മേളനം, ആത്മായ പരിശീലന ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയായിരുന്നു **പ്രധാന പരിപാടികൾ**

സീനിയർ സിറ്റിസൺസ് ഫെലോഷിപ്പ്: സീനിയർ സിറ്റിസൺസ് ഫെലോഷിപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നു. വാർഷികയോഗം, ഭദ്രാസന പൊതുസമ്മേളനങ്ങൾ, സെന്റർ മീറ്റിംഗുകൾ എന്നിവയായിരുന്നു പ്രധാന പരിപാടികൾ. ഇടവകകളിൽ മാസംതോറുമുള്ള മീറ്റിംഗുകൾ, സ്റ്റഡി ക്ലാസുകൾ, ബൈബിൾപഠനം, ഭവനസന്ദർശനം, കലാ-കായിക പരിപാടികൾ എന്നിവ നടക്കുന്നു. രോഗത്തിലും ക്ഷീണത്തിലും ഏകാന്തതയിലും ഉള്ളവരെ സന്ദർശിച്ചു കൂട്ടായ്മയും അവർക്കു വേണ്ട സാന്ത്വനവും നല്കുന്നു. പ്രായമുള്ള വർക്കായി പ്രത്യേക കുർബ്ബാനശുശ്രൂഷ മാസംതോറുമോ രണ്ടു മാസത്തിൽ ഒരിക്കലോ ഇടവകകളിൽ നടത്തുന്നുണ്ട്. വിശേഷ സന്ദർഭങ്ങളിലെ പരിപാടികളും ഏകദിനപര്യടനവും പല ഇടവകകൾ നടത്തുന്നു. ചുരുക്കം ചില ഇടവകകളിൽ Health Care Centre ഉം പകൽ വീടിന്റെ സായാഹ്നകൂട്ടായ്മയും നടക്കുന്നു.

3.2 കോട്ടയം - കൊച്ചി ഭദ്രാസനം

കോട്ടയം മാങ്ങാനം ബഥേൽ അരമന ആസ്ഥാനമായി, കോട്ടയം, എറണാകുളം, പത്തനംതിട്ട, ഇടുക്കി, തൃശ്ശൂർ എന്നീ അഞ്ചു ജില്ലകളിലായി വ്യാപിച്ചു കിടക്കുന്ന വിസ്തൃതമായ മേഖലയാണ് കോട്ടയം - കൊച്ചി ഭദ്രാസനം. കോട്ടയം, പുതുപ്പള്ളി, വാഴൂർ, മല്ലപ്പള്ളി, കുമളി, എറണാകുളം, കീഴില്ലം, മൂന്നാർ എന്നീ എട്ടു സെന്ററുകളിലായി 114 ഇടവകയും 5 കോൺഗ്രിഗേഷനുകളും 26 മിഷൻ ഫീൽഡുകളും ഭദ്രാസനത്തിൽ ഉൾപ്പെടുന്നു. സജീവ സേവനത്തിൽ 101 പട്ടക്കാരും, റിട്ടയർ ചെയ്ത 20 പട്ടക്കാരും 21 സുവിശേഷകരും ഉണ്ട്.

ഭദ്രാസന അസംബ്ലി: 27-ാമത് ഭദ്രാസന അസംബ്ലി 2019 ആഗസ്റ്റ് 20 ചൊവ്വാഴ്ച കോട്ടയം ജെറുശലേം മാർത്തോമ്മാ പള്ളിയിൽ ഭദ്രാസന അദ്ധ്യക്ഷൻ നി.വ.ദി.മ.ശ്രീ. ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ മഹനീയതയിൽ കൂടി.

ഭദ്രാസനത്തിന്റെയും അനുബന്ധ സ്ഥാപനത്തിന്റെയും 2018-2019 വർഷത്തെ വാർഷിക റിപ്പോർട്ടും ബഡ്ജറ്റിൽ കവിഞ്ഞും ബഡ്ജറ്റിൽ ഇല്ലാതെയും ചെലവാക്കിയ തുകയും വരവ്-ചെലവ് കണക്കും 2019-20ലെ ബഡ്ജറ്റും അവതരിപ്പിച്ച് പാസ്സാക്കി. 2020-21ലെ ആദ്യത്തെ ആറു മാസം 2019-20ൽ ചെലവാകുന്ന തുകയുടെ 6/12ൽ കവിയാതെയുള്ള തുക ചെലവഴിക്കുന്നതിന് ഭദ്രാസന കൗൺസിലിനെ ചുമതലപ്പെടുത്തുന്ന പ്രമേയം പാസ്സാക്കി. എക്സ്റ്റേണൽ ഓഡിറ്റേഴ്സായി മെസേഴ്സ് ജോർജ് & ഷാജൻ ചാർട്ടേഡ് അക്കൗണ്ടന്റ്സിനെ നിയമിച്ചു. ഇടവകകൾക്കുള്ള മെറിറ്റ് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. ഭദ്രാസന സെക്രട്ടറി റവ. റ്റി.എസ്. ഫിലിപ്പ് സ്വാഗത വും ട്രഷറാർ കൃതജ്ഞതയും രേഖപ്പെടുത്തി.

ഭദ്രാസന കൗൺസിൽ: അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മോ മെത്രാപ്പോലീത്താ അദ്ധ്യക്ഷനായുള്ള 27 അംഗ കൗൺസിൽ ഭദ്രാസനത്തിന്റെ ആകമാനമായ പ്രവർത്തനങ്ങൾക്ക് ആവശ്യമായ നേതൃത്വം നൽകി. റിപ്പോർട്ടുവർഷം നാലു പ്രാവശ്യം കൗൺസിൽ യോഗങ്ങൾ കൂടി ആവശ്യമായ തീരുമാനങ്ങൾ കൈക്കൊണ്ട് നടപ്പിലാക്കി.

ഭദ്രാസനദിനം: 2019 ആഗസ്റ്റ് 11-ാം തീയതി ഞായറാഴ്ച ഭദ്രാസന ദിനമായി ആചരിച്ചു. അഭിവന്ദ്യ മെത്രാപ്പോലീത്താ തിരുമേനിയുടെ അംഗീകാരത്തോടെ പള്ളികളിൽ പ്രത്യേക ആരാധനക്രമം ഉപയോഗിച്ച് ആരാധന ക്രമീകരിക്കുകയും വൈദികരും സുവിശേഷകരും ഭദ്രാസന കൗൺസിൽ അസംബ്ലി അംഗങ്ങളും ഡപ്യൂട്ടേഷനിൽ പങ്കെടുത്ത് അനുഗ്രഹകരമാക്കുകയും ചെയ്തു. ഭദ്രാസന പ്രവർത്തനങ്ങളെ ഓർത്ത് എല്ലാവരും പ്രാർത്ഥിക്കുകയും ചെയ്തു.

ഭദ്രാസന കൺവൻഷൻ 2020: 24-ാമത് ഭദ്രാസന കൺവൻഷൻ 2020 ജനുവരി 5 മുതൽ 12 വരെ കോട്ടയം എം.റ്റി. സെമിനാരി ഹയർ സെക്കണ്ടറി സ്കൂൾ ഗ്രൗണ്ടിൽ പ്രത്യേകം തയ്യാറാക്കിയ പന്തലിൽ നടത്തി. അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ കൺവൻഷൻ ഉദ്ഘാടനം ചെയ്തു. തുടർന്നുള്ള ദിവസങ്ങളിൽ മോസ്റ്റ് റവ. സഖറിയാസ് മോർ ഫീലക്സിനോസ് മെത്രാപ്പോലീത്താ, റവ. ജോസഫ് ശമുവേൽ, ഡോ. ജോർജ് ചെറിയാൻ എന്നിവർ വചനശുശ്രൂഷ നിർവഹിച്ചു. തിങ്കൾ മുതൽ വെള്ളി വരെയുള്ള ദിവസങ്ങളിൽ രാവിലെ വേദപഠനത്തിന് റവ. സാബു കോശി നേതൃത്വം നൽകി. തിങ്കൾ, ചൊവ്വാ, ബുധൻ ദിവസങ്ങളിൽ നടന്ന സുവിശേഷകരുടെ പ്രത്യേക കൂടി വരവിൽ യഥാക്രമം റവ. ഡോ. ജേക്കബ് ജോർജ്, റവ. ബോബി ഫിലിപ്പ്, റവ. ഏബ്രഹാം സ്കറിയ പി. എന്നിവർ നേതൃത്വം നൽകി. ചൊവ്വാഴ്ച നടന്ന വൈദികരുടെ കുടുംബ സംഗമം, ബസ്ക്യാമ്മോസ് ഫെലോ ഷിപ്പ് വാർഷികം എന്നിവയ്ക്ക് റവ. ജോസഫ് ശമുവേൽ മുഖ്യസന്ദേശം നൽകി. സേവികാസംഘം, സന്നദ്ധ സുവിശേഷകസംഘം, യുവജനസഖ്യം, സൺഡേസ്കൂൾ എന്നീ സംഘടനകളുടെ കൂടിവരവുകൾക്ക് യഥാക്രമം ശ്രീമതി അനു കുര്യൻ, ഡോ. തോമസ് ജോർജ്, ശ്രീ. ജോണി റ്റോം വർഗീസ് ഐ.എ.എസ്., സൺഡേ സ്കൂൾ സമാജം ടീം എന്നിവരുടെ നേതൃത്വത്തിൽ നടത്തി. ഭദ്രാസന വികസന സമിതിയുടെ ആഭിമുഖ്യത്തിൽ നടത്തിയ പരിസ്ഥിതി വികസന സെമിനാർ റൈറ്റ് റവ. ഡോ. ഗീവർഗീസ് മാർ

കൂറിലോസ് മെത്രാപ്പോലീത്താ പ്രസംഗിച്ചു. സാമൂഹ്യ തിന്മകൾക്കെതിരെയുള്ള ബോധവൽക്കരണ സെമിനാറിന് പ്രമുഖ സാമൂഹ്യപ്രവർത്തക ശ്രീമതി ദയാബായി നേതൃത്വം നൽകി. സമാപന ദിവസത്തിൽ വിശുദ്ധ കുർബ്ബാന ശുശ്രൂഷയ്ക്ക് അഭിവന്ദ്യ ഡോ. യുയാക്കിം മാർ കൂറിലോസ് എപ്പിസ്കോപ്പാ മുഖ്യ കാർമ്മികത്വം വഹിക്കുകയും സമാപന സന്ദേശം നൽകുകയും ചെയ്തു.

ശുശ്രൂഷകരുടെ സമ്മേളനം: ഭദ്രാസനത്തിൽ ഉൾപ്പെടുന്ന ഇടവകകളിലെ ശുശ്രൂഷകരുടെ കൂടിവരവ് 2020 ജനുവരി 8-ാം തീയതി ഭദ്രാസന കൺവൻഷൻ പന്തലിൽ നടത്തി. റവ. ഏബ്രഹാം സ്കറിയാ പി. നേതൃത്വം നൽകി.

മിഷനറി കോൺഫറൻസ്: ഭദ്രാസനത്തിലെ വിവിധ മിഷൻ ഫീൽഡുകളിൽ ശുശ്രൂഷ ചെയ്യുന്ന മിഷനറി അച്ചന്മാരുടെയും സുവിശേഷകരുടെയും കുടുംബസംഗമം 2020 ജനുവരി 27 മുതൽ 30 വരെ ബാംഗ്ലൂർ ഹോസ്കോട്ട് മാർത്തോമ്മാ മിഷൻ സെന്ററിൽ നടത്തി. റവ. ബിജോയി ദാനിയേൽ (ഹോസ്കോട്ട് മിഷനറി) ഉദ്ഘാടനം ചെയ്തു. സഭയും ദൗത്യവും എന്ന വിഷയത്തെ ആസ്പദമാക്കി റവ. ജോളി തോമസ് പ്രധാന പ്രഭാഷണങ്ങൾ നടത്തി. റവ. റ്റി.എസ്. ഫിലിപ്പ്, റവ. ജോസഫ് ജോണി, റവ. പ്രസാദ് മാത്യു, റവ. നൈനു ചാണ്ടി, റവ. ലിജോ ജെ. ജോസഫ്, ശ്രീ. ജോസി ജോൺ, സുവി. സാമുവൽ ജോസഫ് എന്നിവർ വിവിധ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

വൈദിക സമ്മേളനം: ഭദ്രാസനത്തിലെ വൈദികരുടെ വാർഷിക സമ്മേളനം 2019 ഡിസംബർ 9 മുതൽ 11 വരെ തേക്കടി മാർത്തോമ്മാ മെഡോസിൽവച്ച് നടത്തി. അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു. "Church for Unity and Reconciliation" എന്ന പ്രധാന വിഷയത്തെ ആസ്പദമാക്കി റവ. ഫാ. ഡോ.ഒ. തോമസ് ക്ലാസ്സുകൾ നയിച്ചു. റവ. ബോബി ഫിലിപ്പ്, റവ. ബോബി മാത്യു എന്നിവർ വേദപഠനങ്ങൾക്ക് നേതൃത്വം നൽകി. വെരി റവ. എൻ.എം. ചെറിയാൻ, റവ. സാജൻ പി. മാത്യു, റവ. ഡോ. ജയിംസൺ കെ. എന്നിവർ വിവിധ പ്രോഗാമുകൾക്ക് നേതൃത്വം വഹിച്ചു.

ഇടവക ചുമതലക്കാരുടെ മീറ്റിംഗ്: എറണാകുളം, ആലുവ, കീഴില്ലം, മൂന്നാർ സെന്ററുകളിലെ ചുമതലക്കാരുടെ മീറ്റിംഗ് പെരുമ്പാവൂർ സെന്റ് പോൾസ് പള്ളിയിൽ വച്ച് 2019 നവംബർ 30നും കോട്ടയം, പുതുപ്പള്ളി, വാഴൂർ, മല്ലപ്പള്ളി എന്നീ സെന്ററു കളിലെ ഇടവക ചുമതലക്കാരുടെ മീറ്റിംഗ് 2019 ഡിസംബർ 7-ന് മാങ്ങാനം സെന്റ് പീറ്റേഴ്സ് പള്ളിയിലും നടത്തി.

സഭയുടെ കണക്കുകളും നികുതികളും എന്ന വിഷയത്തിൽ സഭയുടെ ഫിനാൻസ് മാനേജർ റവ. ജോർവിൻ ജോസഫ് ക്ലാസ്സിനു നേതൃത്വം നൽകി. കുമളി സെന്ററിലെ ഇടവക ചുമതലക്കാരുടെ പ്രത്യേക കൂടിവരവ് 2019 ജൂലൈ 27ന് തേക്കടി മാർത്തോമ്മാ മെഡോസിൽ നടത്തി.

ട്രാൻസ്ജെൻഡർ പഠനശിബിരം: നമ്മുടെ ഭദ്രാസനവും ട്രാൻസ്ജെൻഡറിന്റെ ഉന്നമനത്തിനും സമൂഹത്തിലുള്ള യഥാസ്ഥാനപ്പെടുത്തലിനുമായി സഭ ആരംഭിച്ച മാർത്തോമ്മാ നവോദയ മൂവ്മെന്റും ചേർന്ന് 2019 ഫെബ്രുവരി 7-ന് മാങ്ങാനം സെന്റ് പീറ്റേഴ്സ് പള്ളിയിൽ വച്ച് പരമ്പരാഗത ലിംഗ പദവികളുടെ പുനർവിചിന്തനം എന്ന വിഷയത്തെ ആസ്പദ മാക്കി ഒരു ബോധവൽക്കരണ പരിപാടി നടത്തി. റൈറ്റ് റവ. ഡോ. ഗീവർഗീസ് മാർ തിയഡോഷ്യസ് എപ്പിസ്കോപ്പാ, റവ. ഫിലിപ്പ് ജോർജ്, റവ. നിഷാദ് ഐസക്ക് ചാണ്ടി, ഡോ. സൂ ആൻ സഖറിയാ, ട്രാൻസ്ജെൻഡർ ജോൽസ്ന റെറ്റീഷ് എന്നിവർ നേതൃത്വം നൽകി.

ലൈറ്റ് റ്റു ലൈഫ് പ്രൊജക്റ്റ്: നമ്മുടെ നോർത്ത് അമേരിക്ക-യൂറോപ്പ് ഭദ്രാസനത്തിന്റെ സഹായത്താൽ നമ്മുടെ ഭദ്രാസനത്തിലെ മിഷൻ ഫീൽഡുകളിലെ പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസത്തിനും സമഗ്രമായ വളർച്ചയ്ക്കും വികസനത്തിനുമായി ആരംഭിച്ച ലൈറ്റ് റ്റു ലൈഫ് പദ്ധതിയുടെ ഔദ്യോഗികമായ ഉദ്ഘാടനം 2019 ജൂലൈ 22ന് അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ നിർവ്വഹിച്ചു. കുട്ടമ്പുഴ, പൂയംകുട്ടി, ഉരുളൻ തണ്ണി, ഞായപ്പള്ളി, പൊയ്ക, പഴമ്പള്ളിച്ചാൽ, മാമലക്കണ്ടം, പുന്നേക്കാട്, ഒട്ടകത്തലമേട്, കുമളി എന്നീ മിഷൻ സെന്ററുകളിൽനിന്നുള്ള ഒന്നാം ക്ലാസ്സ് മുതൽ പത്താം ക്ലാസ്സ് വരെ പഠിക്കുന്ന 498 കുട്ടികൾ ഇപ്പോൾ ഗുണഭോക്താക്കളാണ്. ആരോഗ്യ സംരക്ഷണം, വ്യക്തിത്വ വികസനം, പോഷകാഹാരം, കൗൺസലിംഗ്, സാമ്പത്തിക സഹായം, മാതാപിതാക്കൾക്കും കുട്ടികൾക്കുമുള്ള ബോധവൽക്കരണ പരിപാടികൾ തുടങ്ങിയ മേഖലകളിലുള്ള പ്രവർത്തനങ്ങൾ ഈ പദ്ധതിയിലൂടെ നടത്തപ്പെടുന്നു.

ഹൈറേഞ്ച് കുടുംബ സംഗമം: 2019 ഡിസംബർ 29 ഞായറാഴ്ച കൊച്ചറ നസ്രേത്ത് മാർത്തോമ്മാ പള്ളിയിൽ ഹൈറേഞ്ചിലുള്ള എല്ലാ ഇടവകകളും മിഷൻ സെന്ററുകളും ചേർന്ന് വിശുദ്ധ കുർബ്ബാനയും കുടുംബസംഗമവും നടത്തി. ഭദ്രാസന സെക്രട്ടറി റവ. റ്റി.എസ്. ഫിലിപ്പ് വിശുദ്ധകുർബ്ബാന ശുശ്രൂഷ യ്ക്ക് കാർമ്മികത്വം വഹിച്ചു. തുടർന്ന് വിവിധ പരിപാടികളോടെ നടന്ന കുടുംബ സംഗമത്തിന് റവ. വിനോയി ദാനിയേൽ (ഇ.ജെ. ഇൻസ്റ്റിറ്റ്യൂട്ട്, കൊമ്പാടി) നേതൃത്വം നൽകി. എല്ലാവർക്കും സ്നേഹവിരുന്നും നൽകി. 27, 28 തീയതികളിൽ കമ്പം, കല്ലാർ, കട്ടപ്പന എന്നിവിടങ്ങളിൽ കുട്ടികളുടെ സമർപ്പണം, യുവജന സമ്മേളനം, കൺവൻഷൻ തുടങ്ങിയ പരിപാടികൾ നടത്തി. റവ. ജോസഫ് ജോണി, റവ. കെ.സി. ചാക്കോ, സുവി. മാത്യു ജോൺ എം., ശ്രീ. എ.എം. മാണി തുടങ്ങിയവർ നേതൃത്വം നൽകി.

കുടുംബശാക്തീകരണ സെമിനാർ: ഭദ്രാസനത്തിന്റെ ചുമതലയിൽ നോർത്ത് പറവൂർ, മ്ലാമല, വണ്ടിപ്പെരിയാർ, പൊയ്ക എന്നീ മിഷൻ സെന്ററുകൾ കേന്ദ്രീകരിച്ച് റ്റി.എം. എ.എം. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൗൺസിലിംഗ്, അമലഗിരിയുടെ നേതൃത്വത്തിൽ രണ്ടും നാലും ഞായറാഴ്ചകളിൽ കുടുംബ ശാക്തീകരണ സെമിനാറുകൾ ക്രമീകരിച്ചു. വിശുദ്ധ കുർബ്ബാനയെ തുടർന്ന് കുടുംബ ജീവിതത്തിന്റെ വേദശാസ്ത്രപരവും, മനഃശാസ്ത്രപരവുമായ ശാക്തീകരണങ്ങളെക്കുറിച്ച് ഫാമിലി തെറാപ്പിയുടെ അടിസ്ഥാനത്തിൽ ക്ലാസ്സുകൾ നടന്നു. സജീവമായ ചർച്ചയും ഉണ്ടായിരുന്നു. ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ റവ. ഡോ. ജേക്കബ് ചെറിയാന്റെ നേതൃത്വത്തിലുള്ള ടീം വിശുദ്ധ കുർബ്ബാനയ്ക്കും, ക്ലാസ്സുകൾക്കും നേതൃത്വം നൽകി.

മിഷൻ ഫീൽഡ് സന്ദർശനം: ഭദ്രാസനത്തിലെ മിഷൻ പ്രവർത്തനങ്ങൾ മനസ്സിലാക്കുന്നതിനും ആവശ്യങ്ങൾ മനസ്സിലാക്കി പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിനുമായി ഭദ്രാസന ചുമതലക്കാർ മിഷൻ ഫീൽഡുകളിൽ സന്ദർശനം നടത്തി. റിപ്പോർട്ടുവർഷം വട്ടവട, കുട്ടമ്പുഴ, പൂയംകൂട്ടി, ഉരുളൻതണ്ണി, മുളകരമേട്, ഞായപ്പള്ളി, പൊയ്ക, വടക്കൻ പറവൂർ, വടാട്ടുപാറ, പഴമ്പള്ളിച്ചാൽ, മാമലക്കണ്ടം, പുന്നയ്ക്കാട്, മാങ്കുളം തുടങ്ങിയ മിഷൻ സെന്ററുകൾ സന്ദർശിച്ചു.

യാത്രയയപ്പ്: ഭദ്രാസന ആഫീസിൽ അക്കൗണ്ടന്റായി 21 വർഷങ്ങൾ സേവനം അനുഷ്ഠിച്ച് വിരമിച്ച ശ്രീ. എ.വി. ജേക്കബിനും ക്ലാർക്കായി മൂന്നു വർഷം സേവനം അനുഷ്ഠിച്ച് വിദേശത്ത് പോകുന്ന ശ്രീ. നിബിൻ സാബു വർഗീസിനും 2020 ഫെബ്രുവരി 10ന് കൂടിയ കൗൺസിൽ യോഗത്തിൽ വച്ച് യാത്രയയപ്പ് നൽകി. ഭദ്രാസന സെക്രട്ടറി റവ. റ്റി.എസ്. ഫിലിപ്പ് യാത്രാമംഗളങ്ങൾ ആശംസിച്ചു. അഭിവന്ദ്യ മെത്രാപ്പോലീത്താ മെമന്റോ നൽകി. ഭദ്രാസന ആഫീസ് പ്രവർത്തനങ്ങളിൽ സ്തുത്യർഹമായി സേവനം ചെയ്തതിലുള്ള ഹൃദയംഗമായ നന്ദി അറിയിക്കുന്നു.

സബ് കമ്മറ്റികൾ

പ്ലാനിംഗ് & ഫിനാൻസ്: ഭദ്രാസനത്തിന്റെ ആകമാനമായ പ്രവർത്തനങ്ങൾക്കും രൂപരേഖ തയ്യാറാക്കുന്നതിനും, വരവ്-ചെലവ് മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും വിലയിരുത്തുന്നതിനും ബഡ്ജറ്റ് തയ്യാറാക്കുന്നതിനും പ്ലാനിംഗ് & ഫിനാൻസ് കമ്മറ്റി പ്രവർത്തിച്ചു. ഭദ്രാസന സെക്രട്ടറി കൺവീനറായിരുന്നു.

ഗോസ്പൽ ടീം: ഭദ്രാസനത്തിലെ മിഷൻ ഫീൽഡുകളിലും, ഇടവകകളിലും കൺവൻഷനും മറ്റ് ശുശ്രൂഷകൾക്കും നേതൃത്വം നൽകുന്നു. റിപ്പോർട്ടു വർഷത്തിൽ കീഴില്ലം നസ്രേത്ത്, മാങ്കുളം ജറുശലേം, കീഴ്വായ്പൂർ സെന്റ്

തോമസ്, കുമളി സെന്റർ, കുറിച്ചി, കറുകച്ചാൽ, മുളകരമേട് എന്നിവിടങ്ങളിൽ ഗോസ്പൽ ടീം ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. സുവിശേഷകൻ ശ്രീ. മാത്യു ജോൺ എം. കൺവീനറായി പ്രവർത്തിച്ചു.

പബ്ലിക്കേഷൻ ബോർഡ്: ഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണമായ ഭദ്രാസന പ്രകാശിനി വിവിധ ചിന്താ വിഷയങ്ങളെ അടിസ്ഥാനമാക്കി ത്രൈമാസികയായി പ്രസിദ്ധീകരിക്കുന്നു. ശ്രീ. സജി. റ്റി. ചെറിയാൻ ചീഫ് എഡിറ്ററായി സേവനം അനുഷ്ഠിച്ചു.

ലീഗൽ അഫയേഴ്സ് കമ്മിറ്റി: ഭദ്രാസനത്തിലെ ഇടവകകളിൽനിന്നും വിവാഹമോചനം, ഇതര നിയമപ്രശ്നങ്ങൾ എന്നിവ സംബന്ധിച്ച് ഉചിതമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനായി ഭദ്രാസന എപ്പിസ്കോപ്പ അദ്ധ്യക്ഷനായുള്ള ലീഗൽ അഫയേഴ്സ് കമ്മറ്റി പ്രവർത്തിക്കുന്നു. റിപ്പോർട്ടു വർഷം കമ്മറ്റികൂടി കേസുകളിൽ തീരുമാനം കൈക്കൊണ്ടു. വെരി റവ. എൻ. എം. ചെറിയാൻ, റവ. ഡോ. ജോസഫ് ജോണി, റവ. റ്റി.എസ്. ഫിലിപ്പ്, ശ്രീ. എ.എം. മാണി, അഡ്വ. പി.വി. ചെറിയാൻ, അഡ്വ.ജയിംസ് മാത്തൻ, അഡ്വ. പ്രസാദ് ജോർജ്, ഡോ. അന്ന മാത്യു എന്നിവർ അംഗങ്ങളായി പ്രവർത്തിക്കുന്നു.

കൺസ്ട്രക്ഷൻ കമ്മറ്റി: വിവിധ നിർമ്മാണ പ്രവർത്തനങ്ങൾക്കും അറ്റകുറ്റ പണികൾക്കും ആവശ്യമായ ക്രമീകരണം ചെയ്തു. കുമളി ഒട്ടകത്തലമേട് തേക്കടി മാർത്തോമ്മാ മെഡോസിൽ രണ്ടാംഘട്ട നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. വിവിധ മിഷൻ ഹൗസ്, പള്ളികൾ തുടങ്ങിയവയുടെ അറ്റകുറ്റ പണികൾ ചെയ്തു. കമ്പം കനിവ് പദ്ധതിക്കായി ഒരു കമ്മ്യൂണിറ്റി ഹാൾ നിർമ്മിച്ചു.

പഠനവിഭാഗം: ഭദ്രാസന പഠനവിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ മൂന്ന് മേഖലകളിലായി പഠനസമ്മേളനങ്ങൾ നടന്നു. "നവീകരണവും നവോത്ഥാനവും - ദർശനവും പ്രയോഗവും" എന്ന വിഷയത്തെ (2019 സഭാപ്രതിനിധി മണ്ഡലം പഠനവിഷയം) അധികരിച്ച് 2019 നവംബർ 9-ന് പരയ്ക്കത്താനം സെന്റ് തോമസ് മാർത്തോമ്മാ പള്ളിയിൽ മല്ലപ്പള്ളി ഈസ്റ്റ് & വെസ്റ്റ്, വാഴൂർ സെന്ററുകളിലെ ഇടവകകൾക്കായി പഠനം നടന്നു. റവ. ഡോ. ജോൺ ഫിലിപ്പ് എ. (എപ്പിസ്കോപ്പൽ ജൂബിലി ഇൻസ്റ്റിറ്റ്യൂട്ട് കൊമ്പാടി) പഠനവിഷയം അവതരിപ്പിച്ച് ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

വാഴൂർ, കോട്ടയം-പുതുപ്പള്ളി സെന്ററുകൾക്കായി 2019 ഡിസംബർ 14 ശനിയാഴ്ച എറികാട് മോറിയാ പള്ളിയിൽവച്ച് പഠനസമ്മേളനം നടന്നു. റവ. ഡോ. ബോബി മാത്യു നേതൃത്വം നൽകി. എറണാകുളം-ആലുവ, കീഴില്ലം-മൂന്നാർ സെന്ററുകൾ ഉൾപ്പെടുത്തിക്കൊണ്ട് 2019 നവംബർ 16 ശനിയാഴ്ച ആലുവ സെന്റ് തോമസ് പള്ളിയിൽ വച്ച് പഠനസമ്മേളനം ക്രമീകരിച്ചു. റവ. വി.എം. മാത്യു ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. എല്ലാ പഠനസമ്മേളനങ്ങളിലും 75 മുതൽ 100 വരെ അംഗങ്ങൾ സംബന്ധിച്ചു. ഭദ്രാസന ചുമതലക്കാർ, ഓരോ മേഖലയിലെയും കൗൺസിൽ അംഗങ്ങൾ, പട്ടക്കാർ, അസംബ്ലി അംഗങ്ങൾ, മണ്ഡലാംഗങ്ങൾ, ഇടവക ചുമതലക്കാർ, അത്മായ നേതാക്കൾ എന്നിവർ സമ്മേളനത്തിൽ പങ്കെടുത്തു. റവ. കെ.പി. സാബു കൺവീനറായി പ്രവർത്തിച്ചു.

മിഷൻ ടു സ്കൂൾസ് & കോളേജസ് : നമ്മുടെ ഭദ്രാസനത്തിലെ വിവിധ സ്കൂളുകൾ കേന്ദ്രീകരിച്ച് മിഷൻ ടു സ്കൂൾസ് & കോളേജസ് കമ്മറ്റിയുടെ പ്രവർത്തനങ്ങൾ നടത്തി. വിദ്യാർത്ഥി കൾക്ക് ബോധവൽക്കരണ ക്ലാസ്സുകളും കൗൺസിലിംഗ് ക്ലാസ്സുകളും നടത്തി. കോട്ടയം എം.റ്റി.എസ്. എച്ച്.എസ് .എസിൽ എല്ലാ വെള്ളിയാഴ്ചകളിലും മിഷൻ ടു സ്കൂൾ പ്രോഗ്രാം നടത്തി. കോട്ടയം വൈദിക സെമിനാരിയിൽ എം.റ്റി.എച്ച്. വിദ്യാർത്ഥികളായ പട്ടക്കാർ നേതൃത്വം നൽകി. കീഴില്ലം, പെരുമ്പാവൂർ എന്നീ മാർത്തോമ്മാ സ്കൂളുകളിലും മിഷൻ പരിപാടികൾ നടത്തി.

പകൽവീട്: മുതിർന്നവരുടെ കൂട്ടായ്മ. എല്ലാ ചൊവ്വാഴ്ച ദിവസങ്ങളിലും രാവിലെ 9.30 മണി മുതൽ 12.30 മണിവരെ മോചനയുടെ ഹാളിൽ കൂടിവരുന്നു. ബഹു. റവ. ഡോ. കെ.വി. സൈമൺ പ്രസിഡന്റായും ശ്രീ. ഏബ്രഹാം തോമസ് കൺവീനറായും ശ്രീമതി സാലി ചെറിയാൻ ട്രഷറർ ആയും സേവനം അനുഷ്ഠിക്കുന്നു. ആഴമേറിയ തിരുവചന പഠനം, വ്യായാമം, ചിരിക്കുവാനും ചിന്തിക്കുവാനും സഹായിക്കുന്ന പരിപാടികൾ കൂടാതെ ബൈബിൾ ക്വിസ്, ബൈബിൾ കഥാപാത്രാവിഷ്കാരം എന്നു തുടങ്ങി വിവിധ പരിപാടികൾ അംഗങ്ങൾ അവതരിപ്പിക്കുന്നു. ശരാശരി 25നും 35നും ഇടയ്ക്ക് ആളുകൾ പതിവായി പങ്കെടുക്കുന്നു. സഭാവ്യത്യാസമെന്യേ സന്തോഷത്തോടെ പങ്കെടുക്കുന്ന ഒരു ഒത്തുചേരലാണ് പകൽവീട്.

ഇക്കോളജിക്കൽ കമ്മറ്റി: ജൂൺ 5 ലോക പരിസ്ഥിതിദിനം വിപുലമായി ആചരിച്ചു. സെന്റർ ഇടവകതലത്തിൽ ഗ്രീൻ പാരീഷ് പദ്ധതിപ്രകാരം സംസ്ഥാന വനംവകുപ്പിന്റെ സാമൂഹിക വനവൽക്കരണത്തിന്റെ ഭാഗമായി വൃക്ഷത്തൈകൾ നട്ട് സംരക്ഷിച്ചുവരുന്നു. ഇതിന്റെ ഭദ്രാസന തല ഉദ്ഘാടനം എറണാകുളം മംഗളവനത്തിൽ വച്ച് പ്രമുഖ പരിസ്ഥിതി പ്രവർത്തകൻ സി.ആർ. നീലകണ്ഠൻ നിർവ്വഹിച്ചു. ഭദ്രാസന സെക്രട്ടറി റവ. റ്റി.എസ്. ഫിലിപ്പ്, ട്രഷറാർ ശ്രീ. എ.എം. മാണി, പരിസ്ഥിതി പ്രവർത്തകർ, ഭദ്രാസന കൗൺസിൽ, അസംബ്ലി അംഗങ്ങൾ എന്നിവർ പങ്കെടുത്തു. മാർത്തോമ്മാ സഭ ഇക്കോളജി കമ്മീഷന്റെയും ഭദ്രാസന വികസന സംഘത്തിന്റെയും സഹകരണത്തോടുകൂടി "പഞ്ചഭൂതങ്ങൾ ജീവന്റെ പ്രതീകം", "റൈറ്റ് ടു വാട്ടർ ഈസ് റൈറ്റ് ടു ലൈഫ്", "ശബ്ദ മലിനീകരണം" എന്നീ വിഷയങ്ങ ളിൽ വിവിധ സെന്റർ തലത്തിൽ സെമിനാറുകൾ സംഘടി പ്പിച്ചു. മാർത്തോമ്മാ സഭ ഇക്കോളജി കമ്മീഷൻ കൺവീനർ റവ. ഡോ. എം.ജെ. ജോസഫ് നേതൃത്വം നൽകി. 24-ാമത് ഭദ്രാസന കൺവൻഷനോടനുബന്ധിച്ച് വികസന സംഘവുമായി സഹകരിച്ച് ജനുവരി 9ന് കോട്ടയത്ത് കൺവൻഷൻ പന്തലിൽവച്ച് പരിസ്ഥിതി വികസന സെമിനാർ സംഘടിപ്പിച്ചു. യാക്കോബായ സുറിയാനി സഭയിലെ ഡോ. ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ സെമിനാർ ഉദ്ഘാടനം ചെയ്തു. പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനം, മഴവെള്ള സംഭരണം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് വിവിധ ഇടവക തലത്തിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു. ജൈവ പച്ചക്കറി ഉല്പാദിപ്പിക്കുന്നതിന് കെ.വി.കെ.യിൽനിന്നും വി.എഫ്.പി. സി. കെയിൽ നിന്നും വിത്തുകളും തൈകളും വാങ്ങി വിതരണം നടത്തി. ഭദ്രാസന ഇക്കോളജി കമ്മറ്റി കൺവീനറായി കുരുവിള മാത്യൂസ് (പാലാരിവട്ടം ഷാരോൺ എം.റ്റി.സി.) പ്രവർത്തിച്ചു.

മിഷൻ ഫീൽഡുകൾ: പുഞ്ചവയൽ, പാമ്പനാർ, മ്ലാമല, കമ്പംമെട്ട, പുളിയൻമല, മുളകരമേട്, മത്തായിപ്പാറ, നോർത്ത് പറവൂർ, അത്താണി, ഇല്ലിത്തോട്, പാണിയേലി, പുന്നേക്കാട്, പൊയ്ക, ഉരുളൻതണ്ണി, പൂയംകുട്ടി, പഴമ്പള്ളിച്ചാൽ, മാമലക്കണ്ടം, കൂവക്കണ്ടം, ചിന്നപ്പാറ, ചാറ്റുപാറ, മാങ്കുളം, വട്ടവട, വടാട്ടുപാറ, കുട്ടമ്പുഴ തുടങ്ങിയവ കേരളത്തിനുള്ളിൽ ഭദ്രാസനത്തിന്റെ മിഷൻ ഫീൽഡുകളാണ്.

മന്ത്രാലയം മിഷൻ: ആന്ധ്രാപ്രദേശിലെ മന്ത്രാലയം ഗ്രാമത്തിൽ സാമ്പത്തിക പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി സെന്റ് തോമസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ പ്രവർത്തിക്കുന്നു. നേഴ്സറി മുതൽ ആറുവരെയുള്ള ക്ലാസ്സുകളിലായി 436 കുട്ടികൾ പഠിക്കുന്നു. രണ്ടേക്കർ സ്ഥലത്ത് സ്കൂൾ, മിഷൻവീട് എന്നിവ നിർമ്മിച്ചു. ദൈവാലയം, പാഴ്സനേജ്, സ്കൂൾ വിപുലീകരണത്തിനായുള്ള കെട്ടിടം, സ്കൂൾ ബസ് തുടങ്ങിയവ ഉണ്ടാകേണ്ടിയിരിക്കുന്നു. സമീപത്തുള്ള ഗ്രാമങ്ങളിൽ ബാലവാടികൾ, ആരാധന, പ്രാർത്ഥനക്കൂട്ടങ്ങൾ തുടങ്ങിയവ ക്രമീകരിക്കുന്നു. മിഷൻ പ്രവർത്തനങ്ങളിലൂടെ അവിടെയുള്ള ജനങ്ങളുടെ ആത്മീയ, ഭൗതിക, വിദ്യാഭ്യാസ വളർച്ചയ്ക്ക് ആവശ്യമായ നേതൃത്വം കൊടുക്കുവാൻ ഇടയാകുന്നു.

'കനിവ്' - കമ്പം: തമിഴ്നാട്ടിലെ HIV/AIDS ബാധിതരായ ആളുകൾക്കുവേണ്ടിയുള്ള ശുശ്രൂഷയാണ് കനിവ്. HIV/AIDS ബാധിതരായ 192 കുടുംബങ്ങൾ എല്ലാ മാസവും ഒന്നിച്ചു കൂടുന്ന ബോധവൽക്കരണം, കൗൺസിലിംഗ്, വൈദ്യപരിശോധന എന്നിവ നടത്തുകയും ആരോഗ്യ

പരിപാലനത്തിനായി ധാന്യവർഗ്ഗങ്ങൾ അടങ്ങിയ കിറ്റുകൾ നൽകുകയും ചെയ്യുന്നു. രോഗികൾക്ക് ഒത്തുചേരുന്നതിനായും മറ്റു പരിപാടികൾ നടത്തുന്നതിനുമായും ഈ വർഷം ഒരു കമ്മ്യൂണിറ്റി ഹാൾ നിർമ്മിച്ചു.

സ്ഥാപനങ്ങൾ: പെരുമ്പാവൂർ ബാലികാമന്ദിരം, പോഞ്ഞാശ്ശേരി ട്രൈബൽ ഹോസ്റ്റൽ, മല്ലപ്പള്ളി ആശ്രയ (Old age home), സ്നേഹജ്യോതി ബാലികാഭവൻ, വിപ്പെരിയാർ സ്നേഹ സങ്കേതം (Centre for mentally challenged children), മാങ്ങാനം മോചന ഡി അഡിക്ഷൻ സെന്റർ, അമലഗിരി റ്റി.എം.എ. കൗൺസലിംഗ് സെന്റർ തുടങ്ങിയ സാമൂഹ്യക്ഷേമ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. പീരുമേട് സ്റ്റുഡന്റ്സ് സെന്റർ, വാഴക്കുളം സ്റ്റുഡന്റ്സ് സെന്റർ, തൃക്കാക്കര ലേഡീസ് ഹോസ്റ്റൽ എന്നിവ ഭദ്രാസനത്തിന്റെ ചുമതലയിൽ പ്രവർത്തിക്കുന്നു. വിനോദ സഞ്ചാരികൾക്കു താമസിക്കുന്നതിനും ഭക്ഷണത്തിനും ക്യാമ്പുകൾ കോൺഫ്രൻസുകൾ, സെമിനാറുകൾ എന്നിവ നടത്തുന്നതിനുമായി ഭദ്രാസനത്തിന്റെ സ്ഥാപനങ്ങളാണ് മൂന്നാർ മാർത്തോമ്മാ റിട്രീറ്റ് ഹോം, കുമളി ഒട്ടകത്തലമേട്ടിലുള്ള തേക്കടി മാർത്തോമ്മാ മെഡോസ്.

സംഘടനകൾ: സൺഡേസ്കൂൾ, യുവജനസഖ്യം, സേവികാ സംഘം, സന്നദ്ധ സുവിശേഷകസംഘം, വികസനസംഘം തുടങ്ങിയ സംഘടനകൾ ഭദ്രാസന തലത്തിൽ വളരെ സജീവമായി പ്രവർത്തിക്കുന്നു.

കോവിഡ് 19 സഹായപദ്ധതി: കോവിഡ് 19 മൂലം ഉായ ലോക്ഡൗണിൽ ദുരിതപൂർണ്ണമായ ഹൈറേഞ്ച് മേഖലയിലെ ഭവനങ്ങൾക്കും നമ്മുടെ ഭദ്രാസനത്തിലെ 26 മിഷൻ ഫീൽഡുകളിലെ ഭവനങ്ങൾക്കും ഭക്ഷണസാധനങ്ങൾ, മരുന്ന് തുടങ്ങി ഒരു ഭവനത്തിന് ആയിരം രൂപയിൽ കുറയാത്ത സഹായങ്ങൾ നൽകി. ഇടവകകളിൽ നിന്നും വ്യക്തികളിൽ നിന്നും ലഭിച്ച മൂന്നു ലക്ഷത്തിലധികം രൂപ അതിനായി ചെലവഴിച്ചു.

എൻഡോവ്മെന്റുകൾ: വിവിധ എൻഡോവ്മെന്റുകളിൽ നിന്നും ലഭിക്കുന്ന പലിശ മിഷൻ പ്രവർത്തനം, വിവാഹ സഹായം, വിദ്യാഭ്യാസസഹായം എന്നിവയ്ക്കായി ഉപയോഗിക്കുന്നു. എൻഡോവുമെന്റുകളുടെ വിശദവിവരം അന്യത്ര ചേർത്തിട്ടു്.

ഭദ്രാസന ചുമതലക്കാർ: അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ അദ്ധ്യക്ഷനായി ധന്യമായ നേതൃത്വം നൽകുന്നു. റവ. ജോസഫ് ജോണി ബിഷപ്പ് സെക്രട്ടറിയായും റവ. റ്റി.എസ്. ഫിലിപ്പ് ഭദ്രാസന സെക്രട്ടറിയായും ശ്രീ. എ.എം. മാണി ഭദ്രാസന ട്രഷറാറായും പ്രവർത്തിച്ചു.

കഴിഞ്ഞ പ്രവർത്തനവർഷത്തിൽ ലഭിച്ച എല്ലാ ദൈവിക നടത്തിപ്പിനും ദൈവകരുണയ്ക്കും സ്തുതി സ്തോത്രങ്ങൾ അർപ്പിച്ചുകൊ് 2019–20–ലെ കോട്ടയം–കൊച്ചി ഭദ്രാസനത്തിന്റെ പ്രവർത്തനറിപ്പോർട്ട് ഉപസംഹരിച്ചുകൊള്ളുന്നു.

3.3 റാന്നി–നിലയ്ക്കൽ ഭദ്രാസനം

1990 ജനുവരി 1 നു നിലവിൽ വന്ന റാന്നി–നിലയ്ക്കൽ ഭദ്രാസനം പ്രേഷിത പ്രവർത്തനത്തിൽ 29 വർഷം പൂർത്തീകരിച്ചു. ഈ ഭദ്രാസനത്തിൽ 129 ഇടവകകളും ഒരു കോൺഗ്രിഗേഷനും ഉണ്ട്.

ഭദ്രാസന അദ്ധ്യക്ഷൻ: നമ്മുടെ സഭയുടെ പരമാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലിത്താ തിരുമേനി ഭാരിച്ച ചുമതലകളുടെ മദ്ധ്യത്തിലും ഭദ്രാസനത്തിന് ശ്രേഷ്ഠമായ നേതൃത്വം നൽകുന്നു. ഭദ്രാസനത്തിലെ എല്ലാ കാര്യങ്ങളും തിരുമേനി ശ്രദ്ധിക്കുകയും, ആവശ്യമായ നിർദ്ദേശങ്ങളും പ്രോൽസാഹനങ്ങളും നൽകി സഹായിക്കുകയും ചെയ്യുന്നു. നവതിയുടെ നിറവിലായിരിക്കുന്ന അഭിവന്ദ്യ തിരുമേനിക്ക് പ്രാർത്ഥനാനിർഭരമായ ആശംസകൾ നേരുന്നു.

ഭദ്രാസന ചുമതലക്കാർ, പട്ടക്കാർ, സുവിശേഷകർ: വെരി റവ. സ്കറിയാ ഏബ്രഹാം ഭദ്രാസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ നേതൃത്വം നൽകിവരുന്നു. റവ. പി.എ.ഏബ്രഹാം ഭദ്രാസന സെക്രട്ടറിയായും, ശ്രീ. സജി മുക്കരണത്ത് ട്രഷറാറായും പ്രവർത്തിക്കുന്നു. ഔദ്യോഗിക ചുമതലക്കാർക്കു പുറമേ 24 പേർ അടങ്ങുന്ന ഭദ്രാസന കൗൺസിൽ പ്രവർത്തിക്കുന്നു.

റിപ്പോർട്ട് വർഷം 86 വൈദികർ ഭദ്രാസനത്തിൽ വിവിധ ഇടവകകളിലും, മിഷൻ ഫീൽഡുകളിലും, സ്ഥാപനകളിലുമായി സജീവ സേവനം ചെയ്തു. കൂടാതെ സജീവസേവനത്തിൽ നിന്നു വിരമിച്ച 33 വൈദികർ ഭദ്രാസനത്തിനുള്ളിൽ താമസിച്ച് വിവിധ പ്രവർത്തനങ്ങളിൽ പങ്കാളികളായി. ഭദ്രാസനത്തിനുള്ളിൽ 13 സുവിശേഷകരും, ഒഡിഷാ–കലഹാണ്ടിയിൽ 17 സുവിശേഷകരും ധന്യമായ നേതൃത്വം നൽകി. ഭദ്രാസന ആഫീസിൽ 3 പേർ ഭദ്രാസന പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിന് സഹായിക്കുന്നു.

ഭദ്രാസന അസംബ്ലിയും, കൗൺസിലും മറ്റ് ഉപസമിതികളും: അസംബ്ലിയുടെ 2018–19 ലെ വാർഷിക പൊതുയോഗം 2019 ജൂലൈ 13 ശനിയാഴ്ച ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലിത്താ തിരുമേനിയുടെ മഹനീയ അദ്ധ്യക്ഷതയിൽ റാന്നി വൈക്കം കലമണ്ണിൽ ഉമ്മനച്ചൻ മെമ്മോറിയൽ ഹാളിൽ നടത്തപ്പെട്ടു. 2018–19 ലെ വാർഷിക റിപ്പോർട്ട്, വരവു ചെലവു കണക്ക് 2019–20 ലെ ബഡ്ജറ്റ് എന്നിവ പാസ്സാക്കി.

ഗീവർഗീസ് മാർ അത്താനാസ്യോസ് സഫ്രഗൻ മെത്രാപ്പോലിത്താ അനുസ്മരണ പ്രഭാഷണം: 2019 ഏപ്രിൽ 28 ഞായർ 3 പി.എം.ന് റാന്നി ഇട്ടിയപ്പാറ മാർത്തോമ്മാ ആഡിറ്റോറിയത്തിൽ നടത്തപ്പെട്ടു. അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലിത്താ സമ്മേളനം ഉൽഘാടനം ചെയ്തു. ഡോ. സിറിയക് തോമസ്സ് സ്മാരകപ്രഭാഷണം നിർവ്വഹിച്ചു.

റാന്നി ഇട്ടിയപ്പാറ കൺവൻഷൻ ഗ്രൗണ്ടിനോട് ചേർന്ന് നിർമ്മാണം പൂർത്തീകരിച്ച ഗീവർഗീസ് മാർ അത്താനാസ്യോ സ് ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടത്തിന്റെയും, ആഡിറ്റോറിയത്തിന്റെയും കൂദാശ കർമ്മവും 2019 ഏപ്രിൽ 28–ന് അഭിവന്ദ്യ മെത്രാപ്പോലിത്താ തിരുമേനി നിർവ്വഹിച്ചു.

വൈദിക സമ്മേളനം: ഭദ്രാസനത്തിലെ വൈദികരുടെ സമ്മേളനം 2019 ജൂൺ 11 –ന് പഴവങ്ങാടിക്കര ഇമ്മാനുവേൽ പള്ളിയിൽ നടത്തപ്പെട്ടു. ഭദ്രാസന അദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനി നേതൃത്വം നൽകി. വൈദികരുടെ വാർഷിക സമ്മേളനം 2020 ജനുവരി 21–ന് ആങ്ങമൂഴി മാർത്തോമ്മാ നിലയ്ക്കൽ റിട്രീറ്റ് സെന്ററിൽ നടത്തപ്പെട്ടു. അഭിവന്ദ്യ മെത്രാപ്പോലീത്താ തിരുമേനി നേതൃത്വം നൽകി.

സുവിശേഷകരുടെ സമ്മേളനം: ഭദ്രാസനത്തിലെ സുവിശേഷകരുടെ സമ്മേളനം എല്ലാ മാസത്തിന്റെയും അവസാന ചൊവ്വാഴ്ച ഭദ്രാസന ആസ്ഥാനത്ത് വച്ച് നടന്നുവരുന്നു.

ചുമതലക്കാരുടെ സമ്മേളനം: 2019 സെപ്റ്റംബർ 20– ന് ഭദ്രാസന ആസ്ഥാനത്ത് നടത്തപ്പെട്ടു. അഭിവന്ദ്യ മെത്രാപ്പോലീത്താ തിരുമേനി അദ്ധ്യക്ഷത വഹിച്ചു. സഭയുടെ ഫിനാൻസ് മാനേജർ റവ. ജോർവിൻ ജോസഫ് ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

ഭദ്രാസന കൺവൻഷൻ: 21–ാമത് ഭദ്രാസന കൺവൻഷൻ 2020 ജനുവരി 12 മുതൽ 19 വരെ ഇട്ടിയപ്പാറ മാർത്തോമ്മാ കൺവൻഷൻ നഗറിൽ പ്രത്യേകം തയ്യാറാക്കിയ പന്തലിൽ നടത്തപ്പെട്ടു. അഭിവന്ദ്യ ഡോ.ഏബ്രഹാം മാർ പൗലോസ് തിരുമേനി കൺവൻഷൻ ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ മെത്രാപ്പോലിത്താ തിരുമേനി സമാപന ദിവസം വി. കുർബ്ബാന അനുഷ്ഠിക്കുകയും, സമാപന സന്ദേശം നൽകുകയും ചെയ്തു.

സമർപ്പിതരുടെയും, രക്ഷിതാക്കളുടെയും സംഗമം: സുവിശേഷവേലയ്ക്ക് സമർപ്പിച്ച ഭദ്രാസനത്തിലെ കുട്ടികളുടെയും, അവരുടെ രക്ഷിതാക്കളുടെയും സമ്മേളനം 2019 സെപ്റ്റംബർ 21–ന് വൈക്കം കെ.ഓ.എ.എം. ഹാളിൽ നടത്തപ്പെട്ടു. വികാരി ജനറാൾ വെരി റവ. സ്കറിയാ ഏബ്രഹാം, റവ. സുനു ബേബി കോശി, റവ. ജെഫ് ജാക്ക് ഫിലിപ്പ്സ്, സുവിശേഷകൻ മാത്യു കെ. തമ്പി എന്നിവർ നേതൃത്വം നൽകി.

കലഹാണ്ടി സപ്പോർട്ടേഴ്സ് മീറ്റിംഗ്: 2019 ഒക്ടോബർ 7–ാം തീയതി ഭദ്രാസന കേന്ദ്രത്തിൽ നടത്തി. വെരി റവ. സ്കറിയാ ഏബ്രഹാം അദ്ധ്യക്ഷനായിരുന്നു.

ട്രാൻസ്ജെൻഡർ ബോധവൽക്കരണ സമ്മേളനം: 2020 ഫെബ്രുവരി 8 ശനിയാഴ്ച വടശ്ശേരിക്കര സെന്റ് ആൻഡ്രൂസ് പള്ളിയിൽ നടത്തപ്പെട്ടു. അഭിവന്ദ്യ ഡോ.ഗീവർഗീസ് മാർ തിയഡോഷ്യസ് എപ്പിസ്കോപ്പാ, അഡ്വ. തോമസ് മാത്യു-ഇടത്തിൽ, റവ. ഫിലിപ്പ് ജോർജ്ജ്, ദേവൂട്ടി ഷാജി എന്നിവർ നേതൃത്വം നൽകി.

ദളിത് സംഗമവും ക്രിസ്തുമസ് ആഘോഷവും: ഭദ്രാസനത്തിലെ സുവിശേഷ വേലയുടെ ഫലമായി രൂപീകൃതമായ 14 ഇടവകകളിലെ അംഗങ്ങളുടെ സംഗമവും ക്രിസ്തുമസ്സ് ആഘോഷവും 2019 ഡിസംബർ 15, 3 പി.എം.ന് കെ.ഓ.ഏ.എം. ഹാളിൽ നടത്തി. പങ്കെടുത്ത എല്ലാ ഇടവകകളിലെയും ഗായകസംഘങ്ങൾ ഗാനങ്ങൾ ആലപിച്ചു.

ഭദ്രാസന സുവിശേഷ നിധി: ഭദ്രാസന സുവിശേഷ പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള സുവിശേഷനിധി ശേഖരണം 2019 ആഗസ്റ്റ് 18 ഞായറാഴ്ച ഇടവകകളിൽ നടത്തി. സുവിശേഷ പ്രവർത്തനങ്ങൾക്കു വേണ്ടി ഭദ്രാസനത്തിലെ ഓരോ ഭവനങ്ങളിൽ നിന്നും ഡപ്പികളിൽ നിക്ഷേപിച്ച് നൽകുന്ന സംഭാവനയാണ് സുവിശേഷനിധി.

ഭദ്രാസന ഞായർ: ഭദ്രാസനത്തെ ഓർത്ത് പ്രാർത്ഥിക്കുന്നതിനും, പ്രവർത്തനങ്ങളെപ്പറ്റി വിശദീകരിക്കുന്നതിനും, ധനസമാഹരണ ത്തിനുമായി 2019 നവംബർ 10-ന് ഭദ്രാസന ഞായറാഴ്ചയായി വേർതിരിച്ചു. അന്നേദിവസം പട്ടക്കാരും, സുവിശേഷകരും, കൗൺസിൽ അംഗങ്ങളും, ഇതര പ്രവർത്തകരും ഇടവകകൾ സന്ദർശിച്ച് ഭദ്രാസനദിന ശുശ്രൂഷകൾക്ക് നേതൃത്വം നൽകുകയും ചെയ്തു.

മാരാമൺ കൺവൻഷൻ സ്റ്റാൾ: മാരാമൺ കൺവൻഷനോടനുബന്ധിച്ച് ഭദ്രാസനത്തിന്റെ സ്റ്റാൾ ഈ വർഷവും പ്രവർത്തിച്ചു. ഭദ്രാസനത്തിലെ വിവിധ സ്ഥാപനങ്ങൾ, മിഷൻ ഫീൽഡുകൾ മുതലായവയെക്കുറിച്ചുള്ള വിവരങ്ങൾ സ്റ്റാളിലൂടെ ലഭ്യമാകുന്നതിനും സംഭാവനകൾ സ്വീകരിക്കുന്നതിനും ഇടയായി.

ഭദ്രാസന ധ്വനി: ഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണമായ ഭദ്രാസന ധ്വനി റിപ്പോർട്ടു വർഷം നാല് ലക്കങ്ങൾ പ്രസിദ്ധീകരിച്ചു.

മിഷൻ ബോർഡ്: മിഷൻ ബോർഡിന്റെ ചുമതലയിൽ ടീച്ചിംഗ് മിഷൻ, മിഷൻ ടു പ്രൊഫഷണൽസ്, മിഷൻ ടു സ്കൂൾസ്, മിഷൻ ടു കോളജ്സ്, മിഷൻ ടു ആൽക്കഹോളിക്സ്, മിഷൻ ടു വിഡോസ്, മിഷൻ ടു എയ്ജ്ഡ് & സിക്ക്, മിഷൻ ടു പാരീഷ്/ഗോസ്പൽ ടീം, കൗൺസിലിംഗ് എന്നീ സബ് കമ്മറ്റികൾ പ്രവർത്തിച്ചു.

സുവിശേഷ വേലസ്ഥലങ്ങളും, മിഷൻ പ്രവർത്തനവും: ഭദ്രാസനത്തിനുള്ളിൽ കോന്നി-കൊക്കാത്തോട്, കട്ടച്ചിറ, മോതിരവയൽ, പെരുവയൽ, തൃക്കോമല, വട്ടാർകയം, ഏഴോലി, വെള്ളയിൽ, താവളപ്പാറ, തോമ്പിക്കണ്ടം, വാകത്താനം, മുട്ടപ്പള്ളി, ചാത്തൻതറ, വാഹമുക്ക്, ആങ്ങമൂഴി, ആലപ്ര, കുരുമ്പൻമൂഴി, തെക്കുംമല, മലയാലപ്പുഴ എന്നീ കേന്ദ്രങ്ങളിൽ സുവിശേഷ പ്രവർത്തനങ്ങൾ സജീവമായി നടന്നു. 13 സുവിശേഷകർ ആയതിന് നേതൃത്വം നൽകുന്നു.

മാർത്തോമ്മാ മിഷൻ സെന്റർ, കലഹാണ്ടി-ഒറീസ്സാ: കലഹാണ്ടിമിഷൻ പ്രവർത്തനങ്ങൾ 19 വർഷം പിന്നിട്ടു. കലഹാണ്ടി മിഷനിലൂടെ 17 ഗ്രാമങ്ങളിൽ സുവിശേഷ വെളിച്ചം കടന്നു ചെല്ലുന്നു. പ്രവർത്തനങ്ങൾക്ക് റവ. ഷിബു തോമസ്സ് സ്കറിയായും, റവ. ജോബിൻ ഈ.ടി. ഏബ്രഹാമും 17 സുവിശേഷകരും സജീവമായ നേതൃത്വം നൽകുന്നു. ബിരിപ്പാടി ഗ്രാമത്തിൽ പ്രവർത്തിക്കുന്ന ഗ്രാമജ്യോതി സ്ക്കൂളിൽ 40 വിദ്യാർത്ഥികളും, 3 അദ്ധ്യാപകരുമുണ്ട്. ഗ്രാമങ്ങളിലുള്ള ദളിത്, ആദിവാസി വിഭാഗങ്ങളിൽപ്പെട്ട 35 കുട്ടികൾ നമ്മുടെ 2 ഹോസ്റ്റലുകളിൽ താമസിച്ചുപഠിക്കുന്നു. Light to Life Project ൽ 150 കുഞ്ഞുങ്ങൾ പഠിക്കുന്നു. ഇവിടെയുള്ള മാർത്തോമ്മാ ഇംഗ്ലീഷ് മീഡിയം സ്ക്കൂളിൽ നഴ്സറി മുതൽ 8-ാം ക്ലാസ്സ് വരെ 400 വിദ്യാർത്ഥികൾ പഠിക്കുന്നു. പുതുതായി നിർമ്മാണം പൂർത്തീകരിച്ച സ്ക്കൂൾ കെട്ടിടത്തിന്റെ ഒന്നാം നിലയുടെ കൂദാശ 2019 ജൂലൈ 6-ന് അഭിവന്ദ്യ മെത്രാപ്പോലിത്താ തിരുമേനി നിർവ്വഹിച്ചു.

കൊക്കാത്തോട് മിഷൻ സെന്റർ-കോന്നി: 1990 ൽ ആരംഭിച്ച കൊക്കാത്തോട് മിഷൻ 29 വർഷങ്ങൾ പിന്നിടുന്നു. കറ്റിക്കുഴി എബനേസർ, ഒരേക്കർ ഇമ്മാനുവേൽ എന്നീ ഇടവകകളും, കോട്ടോംപാറ ചാപ്പലും മിഷന്റെ കീഴിൽ പ്രവർത്തിക്കുന്നു. റാന്നി-നിലയ്ക്കൽ ഭദ്രാസനത്തിന്റെയും ദുബായ് മാർത്തോമ്മാ യുവജനസഖ്യത്തിന്റെയും സംയുക്ത സംരംഭമായ പ്രതീക്ഷാ ചൈൽഡ് ഡവലപ്മെന്റ് സെന്റർ പ്രവർത്തിക്കുന്നു. 102 കുട്ടികൾക്ക് സൗജന്യ ട്യൂഷനും, അവരുടെ സ്വഭാവരൂപീകരണത്തിനാവശ്യമായ സ്പിരിച്ചൽ ക്ലാസ്സുകളും വ്യക്തിത്വ വികസനക്ലാസ്സുകളും, സാമൂഹ്യ അവബോധം വളർത്തുന്നതിന് സഹായകരമായ സെമിനാറുകളും നടത്തപ്പെടുന്നു. ഭദ്രാസന സേവികാസംഘത്തിന്റെ സഹകരണത്തോടെ ഒരു തയ്യൽ സ്ക്കൂളും പ്രവർത്തിക്കുന്നു.

സ്ഥാപനങ്ങൾ

മാർത്തോമ്മാ ടീച്ചേഴ്സ് ട്രെയ്നിംഗ് കോളജ്- ഇടക്കുളം: ഇടക്കുളം മാർത്തോമ്മാ ടീച്ചേഴ്സ് ട്രെയ്നിംഗ് കോളജും പ്രവർത്തനമികവിൽ 24 വർഷങ്ങൾ പിന്നിടുന്നു. N.C.T.E. യുടെയും, N.A.A.C. ന്റെ A Grade ന്റെയും അംഗീകാരം ഈ കോളജിന് ലഭിച്ചിട്ടുണ്ട്. കഴിഞ്ഞ അദ്ധ്യയനവർഷം 100% വിജയം കരസ്ഥമാക്കിയിട്ടുണ്ട്. പ്രിൻസിപ്പൽ ഡോ. കെ.എസ്സ്. ജോർജ്ജിനെ കൂടാതെ 8 അദ്ധ്യാപകരും, 4 അനദ്ധ്യാപകരും ഒരു ക്രാഫ്റ്റ് ഇൻസ്പെക്റ്റും ഉൾപ്പെടെ 14 സ്റ്റാഫ് അംഗങ്ങൾ അർപ്പണബോധത്തോടുകൂടെ പ്രവർത്തിക്കുന്നു. ഭദ്രാസന സേവികാസംഘത്തിന്റെ മേൽനോട്ടത്തിൽ കോളജ് ഹോസ്റ്റലും പ്രവർത്തിച്ചുവരുന്നു.

വനിതാ ഹോസ്റ്റൽ- പത്തനംതിട്ട: പത്തനംതിട്ട മാർത്തോമ്മാ പള്ളിയോടു ചേർന്ന് ഭദ്രാസനത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് പ്രവർത്തിക്കുന്നു. ഭദ്രാസന സേവികാസംഘം ഹോസ്റ്റൽ നടത്തിപ്പിന്റെ ചുമതല വഹിക്കുന്നു.

മുക്തി കൗൺസിലിംഗ് സെന്റർ-റാന്നി: ഭദ്രാസന ആസ്ഥാനത്തോടടുത്തുള്ള ബാങ്ക് കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. അനേകർ ഈ സ്ഥാപനത്തിന്റെ സേവനം പ്രയോജനപ്പെടുത്തുന്നു.

മാർത്തോമ്മാ നിലയ്ക്കൽ റിന്യൂവൽ സെന്റർ-ആങ്ങമൂഴി: നിലയ്ക്കൽ, ഗവി എന്നിവിടങ്ങളിൽ സന്ദർശകരായി എത്തുന്നവർക്ക് വിനോദത്തിനും വിശ്രമത്തിനുമായി ഒരിടം. ക്യാമ്പുകൾ, കോൺഫറൻസുകൾ, റിട്രീറ്റുകൾ എന്നിവയ്ക്ക് അനുയോജ്യമായ ക്രമീകരണങ്ങൾ. നൂറിലധികം പേർക്ക് താമസിക്കുന്നതിനുള്ള ക്രമീകരണങ്ങൾ. 2019 ഡിസംബർ 23 ന് അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലിത്താ തിരുമേനി കൂദാശ നിർവ്വഹിച്ചു.

സഹായ പദ്ധതികൾ: ഭദ്രാസന സിൽവർ ജൂബിലി പ്രോജക്ടായി ആരംഭിച്ച വിദ്യാഭ്യാസ സഹായ പദ്ധതിയിൽ ഈ ഭദ്രാസനത്തിൽ ഉൾപ്പെട്ട ഇടവകകളിലെ സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ള ഭവനങ്ങളിലെ നാല് പെൺകുട്ടികൾ ഹോസ്കോട്ട് മിഷൻ ഹോസ്പിറ്റലിൽ ബി.എസ്സ്.സി. നഴ്സിംഗ് പഠനം നടത്തുന്നു. സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹ ആവശ്യങ്ങൾക്ക് അപേക്ഷകൾ പരിശോധിച്ച് അർഹരായവർക്ക് സാമ്പത്തിക സഹായം നൽകുന്നു. സുവിശേഷ വേലയുടെ ഭാഗമായി രൂപീകൃതമായ ഭദ്രാസനത്തിലെ ഇടവകാംഗമായ പെൺകുട്ടിയുടെ വിവാഹച്ചെലവ് പൂർണ്ണമായി ഭദ്രാസനം ഏറ്റെടുത്ത് നടത്തുകയുണ്ടായി.

സാമൂഹ്യ വികസന പദ്ധതികൾ

കൃപാസമിതി: ഭദ്രാസനത്തിന്റെ സാമൂഹ്യ സേവന വികസന പദ്ധതികൾ ഏകോപിപ്പിച്ച് നടപ്പിലാക്കുന്നതിനു രൂപീകരിച്ചിരിക്കുന്ന രജിസ്റ്റേഡ് സൊസൈറ്റിയാണ് കൃപാസമിതി.

പ്രത്യാശാ ഭവൻ - മാർ ക്രിസോസ്റ്റം ജന്മാ ശതാബ്ദി ഹാഫ് - വേ - ഹോം, അഞ്ചുകുഴി

കേരളത്തിലെ വിവിധ മാനസികരോഗാശുപത്രികളിൽ നിന്നും ചികിത്സ ലഭിച്ച മാനസിക രോഗത്തിൽ നിന്ന് വിമുക്തി നേടിയവരെ പുനരധിവസിപ്പിച്ച് തുടർചികിത്സയും പരിചരണങ്ങളും നൽകിവരുന്നു. ഈ വർഷം 290 ആളുകൾക്ക് ശുശ്രൂഷ നൽകി. രോഗികൾക്ക് ആയുഷ്ക്കാലം താമസിക്കുന്നതി നുള്ള ക്രമീകരണം ലഭ്യമാണ്. 62 പേർ ഇപ്പോൾ താമസിക്കുന്നു. അതിൽ 28 പേർ സ്ഥിരാംഗങ്ങളാണ്.

നവജീവ കേന്ദ്രം – ഡി-അഡിക്ഷൻ സെന്റർ, മലയാലപ്പുഴ: മദ്യ-മയക്കുമരുന്നുകൾക്ക് അടിമകളായവരെ ചികിത്സിക്കുന്ന സ്ഥാപനമാണിത്. റിപ്പോർട്ട് വർഷം 200 ആളുകൾക്ക് സേവനം ലഭ്യമാക്കി. ലഹരി ആസക്തി ചികിത്സ നേടിയവർക്ക് ദീർഘ കാല പുനരധിവാസത്തിനായുള്ള സൗകര്യവും ലഭ്യമാണ്.

പ്രതീക്ഷാഭവൻ – വയോജന മന്ദിരം, മൈലപ്ര: സാമ്പത്തിക പരാധീനതകളും, സാമൂഹ്യ ഒറ്റപ്പെടുത്തലുകളും നിമിത്തം പ്രതീക്ഷകൾ നഷ്ടപ്പെട്ട വയോജനങ്ങളെ താമസിപ്പിക്കുന്ന ഈ സ്ഥാപനത്തിൽ പുരുഷന്മാരും സ്ത്രീകളും ഉൾപ്പെടെ 22 വയോജനങ്ങൾക്ക് അഭയം നൽകിയിരിക്കുന്നു.

കൃപാഭവൻ – വയലത്തല: ബുദ്ധിമാന്ദ്യമുള്ള 18 വയസിന് മുകളിൽ പ്രായമുള്ള പുരുഷന്മാരുടെ സംരക്ഷണയ്ക്കായി 2008 ൽ ആരംഭിച്ചു. ഇവിടെ 11 പുരുഷന്മാർ അന്തേവാസികളായുണ്ട്.

പ്രതീക്ഷാ ചൈൽഡ് ഡെവലപ്മെന്റ് സെന്റർ-കൊക്കാത്തോട്, കോന്നി: ദുബായ് മാർത്തോമ്മാ യുവജന സഖ്യത്തിന്റെ സഹകരണത്തോടെ 2008 നവംബർ 1 ന് കൊക്കാത്തോടിന്റെ വികസനത്തിനു വേണ്ടി ആരംഭിച്ച പ്രോജക്ടാണിത്. ഇപ്പോൾ നിർദ്ധനരായ 102 വിദ്യാർത്ഥികൾക്ക് സൗജന്യ ട്യൂഷനും, ഭക്ഷണവും നൽകുന്നു.

മാർത്തോമ്മാ ചിൽഡ്രൻസ് ഹോം – താവളപ്പാറ: കേരള സർക്കാരിന്റെ സാമൂഹ്യനീതി വകുപ്പിൽ രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൽ സാമ്പത്തികമായും സാമൂഹ്യമായും പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ 20 ആൺകുട്ടികൾ താമസിച്ച് സമീപ പ്രദേശത്തുള്ള സ്കൂളുകളിൽ പോയി പഠിക്കുന്നു.

ലൈറ്റ് റ്റു ലൈഫ് ചൈൽഡ് ഡവലപ്മെന്റ് പ്രോജക്ടുകൾ: മാർത്തോമ്മാ ചൈൽഡ് ഡവലപ്പ്മെന്റ് സെന്റർ കുരുമ്പൻമൂഴി, ചൈൽഡ് ഡവലപ്പ്മെന്റ് സെന്റർ കട്ടച്ചിറ, മാർത്തോമ്മാ ചൈൽഡ് ഡവലപ്പ്മെന്റ് സെന്റർ താവളപ്പാറ പിന്നോക്കാവസ്ഥയുള്ള ഭവനങ്ങളിലെ 500 കുഞ്ഞുങ്ങളുടെ സമഗ്രവളർച്ച ലക്ഷ്യമാക്കി ഈ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. നോർത്ത് അമേരിക്ക & യൂറോപ്പ് ഭദ്രാസന മിഷൻ ബോർഡിന്റെ നേതൃത്വത്തിലുള്ള ലൈറ്റ് ടു ലൈഫ് പദ്ധതിയിൽ നിന്നും ഭദ്രാസനത്തിലെ ഈ പ്രോജക്ടുകൾക്ക് സാമ്പത്തിക സഹായം ലഭിക്കുന്നു.

3.4.മലേഷ്യ-സിംഗപ്പൂർ-ഓസ്ട്രേലിയ-ന്യൂസിലാൻഡ് ഭദ്രാസനം

ഏഷ്യ, ആസ്ത്രേലിയ ഭൂഖണ്ഡങ്ങളിൽ വ്യാപിച്ചുകിടക്കുന്ന ഈ ഭദ്രാസനത്തിന്റെ പ്രവർത്തനം ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ജോസഫ് മാർത്തോമ്മാ മെത്രപ്പൊലീത്ത തിരുമേനിയുടെ നേരിട്ടുള്ള ചുമതലയിൽ അനുഗ്രഹകരമായി തുടരുവാൻ റിപ്പോർട്ടു വർഷവും സാധിച്ചു.

മലേഷ്യൻ സോൺ: മലേഷ്യൻ മാർത്തോമ്മാ മിഷൻ ബോർഡിന്റെ ചുമതലയിൽ പൺടാമാരൻ മിഷൻ, ലാബിസ് മിഷൻ, ഇവ പ്രവർത്തിക്കുന്നു. പൺടാമാരൻ മിഷൻ ക്വാലലംപുരിൽ നിന്നും 40 കി.മി. അകലെ സെലാംഗോർ സംസ്ഥാനത്തിലെ ക്ലാങ്ങിൽ സ്ഥിതി ചെയ്യുന്നു. സണ്ടേ സ്കൂൾ, ഗാനപരിശീലനം. സ്ത്രീകളുടെ കൂട്ടായ്മ, ട്യൂഷൻ, കംപ്യൂട്ടർ പരിശീലനം, ഭവന സന്ദർശനം, ആശുപത്രി സന്ദർശനം ഇവയും നടന്നുവരുന്നു. ലാബിസ് മിഷൻ ക്വാലലംപുരിൽ നിന്നും 28 കിലോമീററർ അകലെ ജൊറാൻ സംസ്ഥാനത്ത് സ്ഥിതിചെയ്യുന്നു. സണ്ടേ സ്കൂൾ, വി.ബി.എസ്. യുവജന ക്യാമ്പുകൾ, ഭവനസന്ദർശനം ഇവ നടന്നുവരുന്നു. 17 ഇടവകകൾ ഈ സോണിൽ ഉണ്ട് ശ്രീ. ജോർജ്ജ് തോമസ് (ഒലഹയീൗ്ല) സഭാ കൗൺസിലിൽ ഈ ഭദ്രാസനത്തെ പ്രതിനിധീകരിക്കുന്നു. ഒരു പൂർണ്ണസമയ സുവിശേഷകൻ തമിഴ് ജനതയുടെ ഇടയിൽ പ്രവർത്തിക്കുന്നു.

ഓസ്ട്രേലിയ: ഓസ്ട്രേലിയ, ന്യൂസിലാന്റ് രാജ്യങ്ങളിലെ ഇടവകകൾ നന്നായി പ്രവർത്തിക്കുന്നു. ഓസ്ട്രേലിയായിൽ 7 ഇടവകകളുണ്ട് രണ്ട് കോൺഗ്രിഗേഷനും ഉണ്ട്. സഭയിലെ എല്ലാ സംഘടനകളും ഇടവകതലത്തിൽ സജീവമായി പ്രവർത്തിക്കുന്നു. വി.ബി.എസ്. ഭംഗിയായി ക്രമീകരിക്കുന്നു. നമ്മുടെ സഭ ഇവിടുത്തെ നാഷണൽ കൗൺസിൽ ഓഫ് ചർച്ചസിൽ അംഗത്വം സ്വീകരിച്ചിട്ടുണ്ട്. സാധുജന സഹായത്തിനായി മാർത്തോമ്മാ കെയർ എന്ന സംഘടനയും, മെൽബണിൽ കാരുണ്യ എന്ന സംഘടനയും പ്രവർത്തിക്കുന്നു.

ന്യൂസ്ലാന്റ്: ഓക്ലാന്റിൽ ഒരു ഇടവകയും, വെല്ലിംഗ്ടണിൽ ഒരു കോൺഗ്രിഗേഷനും ഉണ്ട് കൂടാതെ ഹാമിൽട്ടൺ, ക്രൈസ്റ്റ് ചർച്ച് എന്നീ സ്ഥലങ്ങളിലും, കോൺഗ്രിഗേഷനുകളും പർമേഴ്സണിൽ ആരാധയ്ക്കുള്ള ക്രമീകരണങ്ങളുണ്ട്. സഭയിലെ സംഘടനകളെല്ലാം ഇവിടെ സജീവമാണ്. വി.ബി.എസ്. കൺവൻഷൻ, ഫാമിലി ക്യാമ്പ് ഇവയും നടത്തപ്പെടുന്നു. യുവജനങ്ങൾക്കും പുതുതായി വന്നുചേരുന്ന ആളുകൾക്കും പ്രത്യേക കൂട്ടായ്മ നൽകുന്നതിൽ ശ്രദ്ധയോടെ പ്രവർത്തിക്കുന്നു.

സിംഗപ്പൂർ: ഇവിടെ 268 കുടുംബങ്ങൾ ഉണ്ട്. ആഴ്ചതോറുമുള്ള ആരാധന, സൺഡേസ്കൂൾ പഠനം, ഓരോ ഭാഗങ്ങളിലുമുള്ള പ്രാർത്ഥനായോഗങ്ങൾ, ബൈബിൾ പഠനങ്ങൾ, വാർഷിക യുവജന കൂട്ടായ്മ, വാർഷിക കുടുംബ സമ്മേളനം, അവധിക്കാല വേദപഠനക്ലാസ് എന്നിവ നടത്തപ്പെടുന്നു. സിംഗപ്പൂർ ഇടവക അതിന്റെ പ്രവർത്തന മേഖലയിൽ 82 വർഷങ്ങൾ പിന്നിട്ടു. നാഷണൽ കൗൺസിൽ ഓഫ് ചർച്ചസിലും ലഹരിക്ക് അടിമകളായിരുന്നവരെ പുനരധിവസിപ്പിക്കുന്ന സെന്ററിലും പങ്കാളികളാണ്.

3.5 മുംബൈ ഭദ്രാസനം

ജോലി സംബന്ധമായി 1930 കാലങ്ങളിൽ ലോകത്തിന്റെ നാനാ ഭാഗങ്ങളിലേക്ക് ചിതറിപ്പാർത്ത നമ്മുടെ സഭാംഗങ്ങളിൽ മുംബൈയിൽ എത്തിയവരും തദ്ദേശ വിശ്വാസികളും ചേർന്നുള്ള കൂട്ടായ്മയായ മുംബൈ ഭദ്രാസനം ഇപ്പോൾ മഹാരാഷ്ട്ര, ഗോവ, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങളിലും, ഇന്ത്യക്ക് പുറത്ത് മസ്ക്കറ്റ്, സോഹാർ എന്നിവിടങ്ങളിലും ശക്തമായ ക്രിസ്തീയ സാന്നിധ്യമായി നിലകൊള്ളുന്നു. 2005ൽ മുംബൈ ആസ്ഥാനമായി നിലവിൽ വന്ന ഭദ്രാസനം ഇപ്പോൾ 15 വർഷം പൂർത്തികരിക്കുന്നു. 2016 ഏപ്രിൽ മുതൽ ഭദ്രാസന അദ്ധ്യക്ഷനായി അഭി. ഡോ. ഗീവർഗ്ഗീസ് മാർ തിയഡോഷ്യസ് തിരുമേനി പുത്തൻ ദർശനങ്ങളോടും ആത്മീയ നിറവോടുംകൂടി ധീരമായ നേതൃത്വം നൽകിവരുന്നു. അഭി. തിരുമേനിയുടെ സുവിശേഷ തൽപരതയും ദാർശനികതയും ഭദ്രാസനത്തെ പുതിയ ആത്മീയ തലങ്ങളിലേക്ക് എത്തിച്ചിരിക്കുന്നു. 59 ഇടവകകളും, 18 കോൺഗ്രിഗേഷനിലുമായി 62 വൈദീകരും 31 സുവിശേഷകരും മിഷൻ പ്രവർത്തനങ്ങളിൽ മുഴുകിയിരിക്കുന്നു. റവ. ജിജി തോമസ് ഭദ്രാസന സെക്രട്ടറിയായും, റവ. ജോയൽ ശാമുവേൽ തോമസ് ബിഷപ് സെക്രട്ടറിയായും റിപ്പോർട്ട് വർഷത്തിൽ പ്രവർത്തിച്ചു. ശ്രീ. പി.കെ. അച്ചൻകുഞ്ഞ് ഭദ്രാസന ട്രഷറാറായി ശുശ്രൂഷ നിർവഹിക്കുന്നു. ഗോവ, ഗുജറാത്ത്, കല്യാൺ, മുംബൈ, നവി മുംബൈ, പൂനെ, മസ്ക്കറ്റ് എന്നീ 7 സെന്ററുകളിലായി സുവിശേഷ മുന്നേറ്റം നടത്തിക്കൊണ്ടിരിക്കുന്നു.

സഭാമണ്ഡലം & സ്പെഷ്യൽ മണ്ഡലം : ഭദ്രാസനത്തെ പ്രതിനിധീകരിച്ച് 79 പേർ സഭാമണ്ഡല യോഗങ്ങളിൽ പങ്കെടുക്കുന്നു.

സഭാ കൗൺസിൽ : ഭദ്രാസനത്തിൽ നിന്നും റവ. ഈപ്പൻ ഏബ്രഹാം, ഡോ. ജോൺ മാത്യു, ശ്രീമതി. അനി കോശി എന്നിവർ സഭാ കൗൺസിൽ അംഗങ്ങളാണ്.

ഭദ്രാസന അസംബ്ലി: വെസ്റ്റേൺ ഇന്ത്യാ സോണൽ അസംബ്ലി എന്ന പേരിൽ രജിസ്റ്റർചെയ്ത് അറിയപ്പെടുന്ന ഭദ്രാസന അസംബ്ലിയുടെ വാർഷിക പൊതുയോഗം 2019 ജൂലൈ 20 ന് മാർത്തോമ്മാ സെന്റർ, വാശിയിൽ അഭി. ഡോ. ഗീവർഗ്ഗീസ് മാർ തിയഡോഷ്യസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. റിപ്പോർട്ട്, വരവ്-ചെലവ് കണക്ക് എന്നിവ പാസാക്കുകയും, പുതുവർഷത്തെ ബഡ്ജറ്റ് അംഗീകരിക്കുകയും, തുടർ പ്രവർത്തനങ്ങൾക്ക് ആവശ്യമായ തീരുമാനം കൈക്കൊള്ളുകയും ചെയ്തു.

ഭദ്രാസന കൗൺസിൽ: 21 പേർ അടങ്ങുന്ന ഭദ്രാസന കൗൺ

സിൽ റിപ്പോർട്ട് വർഷത്തിൽ 7 തവണ കൂടുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും അവ പ്രാവർത്തികമാക്കുകയും ചെയ്തു.

ലീഗൽഅഫയേഴ്സ്കമ്മിറ്റി : അഭി. തിരുമേനിയുടെ അദ്ധ്യക്ഷതയിൽ തന്നാണ്ടിൽ മൂന്ന് പ്രാവശ്യം കമ്മിറ്റികൂടുകയും ഉചിതമായ തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

ഭദ്രാസന കൺവൻഷൻ : ഗോവ, ഗുജറാത്ത്, പൂനെ എന്നിവിടങ്ങളിൽ സെന്റർ കൺവൻഷനും, 2020 ജനുവരി 23-ന് ഡോംബിവില്ലി എബനേസർ മാർത്തോമ്മാ പള്ളിയിൽ വച്ചും, 24-ന് ദാദർ മാർത്തോമ്മാ പള്ളിയിൽ വച്ചും, 25-ന് വാശി സിഡ്കോ എക്സിബിഷൻ സെന്ററിൽ വച്ചും കൺവൻഷൻ യോഗങ്ങളും നടത്തി. 24 വെള്ളിയാഴ്ച സേവികാസംഘത്തിന്റെ സംഗമം മുളുണ്ട് ക്രിസ്തോസ് മാർത്തോമ്മാ ഇടവകയിൽ വച്ചും, 25 ശനിയാഴ്ച രാവിലെ പട്ടക്കാരുടെ കുടുംബ സംഗമം വാശി സെന്റ് പോൾസ് മാർത്തോമ്മാ ഇടവകയിൽ വച്ചും നടത്തപ്പെട്ടു. ഭദ്രാസന അദ്ധ്യക്ഷനെ കൂടാതെ റവ. വിനോദ് വിക്ടർ (സി.എസ്.ഐ- തിരുവനന്തപുരം) വചന ശുശ്രൂഷകൾ നടത്തി. അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനി സമാപനദിവസം (26-ന്) വിശുദ്ധ കുർബ്ബാന അർപ്പിക്കുകയും. സമാപന സന്ദേശം നല്കുകയും, നവജീവൻ സെന്ററിന്റെ സിൽവർ ജൂബിലി ആഘോഷങ്ങൾക്ക് സമാപനം കുറിക്കുകയും ചെയ്തു.

ഭദ്രാസന ദിനാചരണം: 2019 ആഗസ്റ്റ് 18 ഭദ്രാസന ഞായർ ആയി ആചരിച്ചു. ഭദ്രാസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഫണ്ട് (Diocesan Development Fund) ശേഖരണത്തിനും ഭദ്രാസന പ്രവർത്തനങ്ങളെ അറിയിക്കുന്നതിനുമായി വൈദികരും സുവിശേഷകരും ഇടവകകൾ സന്ദർശിച്ച് ഭദ്രാസന പ്രവർത്തനങ്ങൾ വിശദീകരിച്ചു. DDF ശേഖരണ ക്രമീകരണത്തോടനുബന്ധിച്ച് ഭദ്രാസനത്തിലെ വിവിധ മേഖലകളിൽ ഇടവക ട്രസ്റ്റിമാരുടെ യോഗം ചേരുകയുണ്ടായി.

പട്ടംകൊട ശുശ്രൂഷ : റിപ്പോർട്ടു വർഷത്തിൽ ഭദ്രാസനത്തിലെ 1 വിദ്യാർത്ഥി വൈദീക വിദ്യാഭ്യാസം പൂർത്തികരിക്കുകയും, വൈദീക ശുശ്രൂഷയിൽ പ്രവേശിക്കുകയും ചെയ്തു. ഇപ്പോൾ 6 വിദ്യാർത്ഥികൾ വൈദീക വിദ്യാഭ്യാസം നടത്തിവരുന്നു.

വൈദിക കോൺഫറൻസ്: 2019 സെപ്റ്റംബർ 25-27 വരെ Mar Chrysostom Ahsram, Kamshetൽ വച്ച് വൈദിക കോൺഫറൻസ് നടത്തപ്പെട്ടു. "Ministerial Paradigms for an Inclusive Church in a Planetary Earth" എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസുകൾ നടത്തപ്പെട്ടു. ഭദ്രാസന അദ്ധ്യക്ഷൻ, റവ. ഡോ. ബൈജു മാർക്കോസ് Dharmajyoti, മറ്റു വൈദികർ എന്നിവർ നേതൃത്വം നൽകി.

Come and Dine: അഭി. ഡോ. ഗീവർഗ്ഗീസ് മാർ തിയഡോഷ്യസ് തിരുമേനിയുടെ പ്രത്യേക താൽപര്യപ്രകാരം "Ministry of knowing the neighbouring community" എന്ന ആശയത്തോടെ Come and Dine എന്ന പദ്ധതി രൂപം കൊണ്ടു. ഭദ്രാസനത്തിലെ പല ഇടവകകളിലും ഇത് നല്ല രീതിയിൽ പ്രവർത്തിക്കുന്നു.

സുവാർത്താ പത്രിക: ഭദ്രാസനത്തിന്റെ ഔദ്യോഗിക നാവായ സുവാർത്താ പത്രിക 3 മാസത്തിലൊരിക്കൽ പ്രസിദ്ധീകരിക്കുന്നു. ചീഫ് എഡിറ്ററായി റവ. ഡോ. ഐസക്ക് ജി. വർഗീസ് പ്രവർത്തിക്കുന്നു.

സ്റ്റഡിസെന്റർ: പട്ടക്കാരുടെ വേദപഠനം, ആനുകാലിക വിഷയങ്ങളെപ്പറ്റിയുള്ള ചർച്ചകൾ എന്നിവയ്ക്കായി പ്രവർത്തിക്കുന്ന സെന്ററിന്റെ കൺവീനറായി റവ. ഡോ. സോളമൻ കെ. സേവനം അനുഷ്ഠിച്ചു. ഭദ്രാസനത്തിലെ സെന്റർ തലങ്ങളിൽ Post-Mandalam Study ക്രമീകരിച്ചു.

Save A Heart: സാമ്പത്തികമായി പ്രയാസം അനുഭവിക്കുന്ന 17 ഹൃദ്രോഗികൾക്ക് ശസ്ത്രക്രിയയ്ക്കായി നടപ്പുവർഷം സാമ്പത്തിക സഹായം നൽകി. പ്രൊഫ. കേണൽ, ഡോ. ജയിംസ് തോമസ് (D. Y. Patil Hospital) ന്റെ സേവനം പ്രശംസനീയം തന്നെ.

Streams of Living Water : ഔറംഗാബാദിൽ വരൾച്ച നേരിടുന്ന പ്രദേശങ്ങളിൽ വെള്ളം വിതരണം നടത്തുകയുണ്ടായി.

മിഷൻ പ്രവർത്തനങ്ങൾ : മഹാരാഷ്ട്രാ, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങളിലെ പാൽഘർ, താനെ, റായ്ഗഡ്, പൂനെ, വിദർഭ, ആഹാ, വാപി, പിപ്പൽപാഡ എന്നീ കേന്ദ്രങ്ങളിൽ മിഷൻ പ്രവർത്തനങ്ങൾ നടന്നുവരുന്നു. മുന്നൂറിലധികം വില്ലേജുകളിലും ആദിവാസി മേഖലകളിലും നടക്കുന്ന പ്രവർത്തനങ്ങൾക്ക് മിഷനറി അച്ചന്മാരും, സുവിശേഷകരും, കോ-ഓർഡിനേറ്റേഴ്സും നേതൃത്വം നൽകുന്നു.നടപ്പു വർഷത്തിൽ രൂപംകൊണ്ട 5 കോൺഗ്രിഗേഷൻ ഉൾപ്പെടെ 9 മറാത്തി കോൺഗ്രി ഗേഷനുകളും, ഒരു ഗുജറാത്തി കോൺഗ്രിഗേഷനും ഇന്ന് ഭദ്രാസനത്തിന്റെ ഭാഗമായി ഉണ്ട്. മറാത്തി ഭാഷയിലുള്ള വി. കുർബ്ബാന ശുശ്രൂഷാക്രമവും, മറ്റ് അവസരങ്ങളിൽ ഉപയോഗിക്കേണ്ട ആരാധനക്രമങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. ഭദ്രാസനത്തിലെ വിവിധ ഇടവകകൾ മിഷൻ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാമ്പത്തിക സഹായം നൽകുന്നു. റവ. ജോയൽ ശാമുവേൽ തോമസ് ഭദ്രാസന മിഷനറിയായും റവ. അലൻ റ്റി ശാമുവേൽ, റവ. ക്രിസ്റ്റി വർഗീസ്, റവ. നോബിൻ ഏബ്രഹാം, റവ. ഷിനോയി തോമസ് എന്നിവർ പ്രാദേശിക മിഷനറിമാരായും പ്രവർത്തിച്ചുവരുന്നു. ഭദ്രാസനതലത്തിൽ ഒരു മിഷൻ ബോർഡും പ്രവർത്തിക്കുന്നു. വിശ്വാസികൾക്കായി വി. കുർബ്ബാന (മറാത്തി ഭാഷയിൽ), റിട്രീറ്റ്, ടെയ്‌ലറിംഗ് ക്ലാസുകൾ, വി.ബി.എസ്., സ്ത്രീ ശാക്തീകരണ പദ്ധതികൾ, സംഗീത ഭജനകൾ, മെഡിക്കൽ ക്യാമ്പ് എന്നിവ നടത്തപ്പെടുന്നു. തന്നാണ്ടിൽ സുവിശേഷകർക്കായി Capacity Building Programme, Monthly Bible Study Fellowship, Evangelist Family Fellowship എന്നിവ നടത്തപ്പെട്ടു. സുവിശേഷകർക്കായി ഫാമിലി ഇൻഷുറൻസ് പദ്ധതി നടത്തിവരുന്നു. മിഷൻ ഫീൽഡിലെ വിവിധ ഭാഗങ്ങളിൽ വൃക്ഷത്തൈകൾ നട്ടു വളർത്തുകയുണ്ടായി. ഷെൻഗാവ് മിഷൻ ചാപ്പലിന്റെയും, ബേജ്ഗാവ് മിഷൻ ഭവനത്തിന്റെയും കൂദാശ നടന്നു.

മാർ ക്രിസോസ്റ്റം ആശ്രമം, ലോണാവാലാ: പ്രകൃതി സൗന്ദര്യംകൊണ്ട് ആകർഷണീയമായ മാർ ക്രിസോസ്റ്റം റിട്രീറ്റ് സെന്റർ ക്യാമ്പുകൾക്കും പഠന ശിബിരങ്ങൾക്കും സൗകര്യം ഒരുക്കുന്നു.

മാർ ക്രിസോസ്റ്റം ബൈബിൾ സ്റ്റഡി സെന്റർ, ലോണാവാലാ: 2009 ൽ ആരംഭിച്ച ഈ സ്ഥാപനം തദ്ദേശീയരെ സുവിശേഷ വേലയ്ക്കായി സജ്ജരാക്കുന്നു. വിദ്യാർത്ഥികൾ പഠനം പൂർ ത്തിയാക്കി ശുശ്രൂഷയിൽ പ്രവേശിച്ചു. മിഷൻ ഫീൽഡിലെ വിദ്യാർത്ഥികളുടെ ഉന്നത പഠന നിലവാരത്തിനായി ശാന്തി നികേതൻ (ആഹാ), കരുണാ നികേതൻ (ഗഡ്ചിറോളി), മിത്ര നികേതൻ ട്രൈബൽ ഗേൾസ് ഹോസ്റ്റൽ (പിപ്പൽപാട), മാർത്തോമ്മാ സ്മാർട്ട് ഹോസ്റ്റൽ (വാപ്പി) എന്നിവ പ്രവർത്തിക്കുന്നു. ഇന്നത്തെ സാഹചര്യത്തിൽ ഇവ നടത്തിക്കൊണ്ടു പോകുന്നതിൽ നിയമപരമായ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുണ്ട്.

വിദ്യാഭ്യാസ സ്ഥാപനങ്ങൾ : ഭദ്രാസനത്തിലെ WIZA യുടെ കീഴിൽ സെന്റ് തോമസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ (STEMS) എന്ന നാമധേയത്തിൽ 5 സ്കൂളുകൾ പ്രവർത്തിച്ചുവരുന്നു. അഭി. ഡോ. ഗീവർഗീസ് മാർ തിയഡോഷ്യസ് എപ്പിസ്ക്കോപ്പാ, റവ. ജിജി തോമസ് (മാനേജർ), ശ്രീ. പി.കെ. അച്ചൻകുഞ്ഞ് എന്നിവരോടൊപ്പം 7 കമ്മറ്റി അംഗങ്ങൾ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുന്നു.

സെന്റ് തോമസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, സൂററ്റ്: 1997 ൽ ആരംഭിച്ച സ്കൂളിൽ 1925 കുട്ടികൾ പഠിക്കുന്നു. 60 അദ്ധ്യാപകർ സേവനം അനുഷ്ഠിക്കുന്നു. വളരെ ശ്ലാഘനീയമായ രീതിയിൽ സ്കൂൾ പ്രവർത്തിക്കുന്നു. കൂടുതൽ ക്ലാസ് മുറികളും മറ്റു സൗകര്യങ്ങളും മെയ് മാസത്തിൽ പൂർത്തിയാകും. റവ. സജി തോമസ് അഡ്മിനിസ്ട്രേറ്ററായി പ്രവർത്തിക്കുന്നു.

സെന്റ് തോമസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, വാപ്പി : 2009 ൽ ആരംഭിച്ച സ്കൂളിൽ 609 കുട്ടികൾ സി.ബി.എസ്.ഇ. സിലബസിൽ പഠിക്കുന്നു. റവ. ഫിലിപ്പ് ഫിലിപ്പ് അഡ്മിനിസ്ട്രേറ്റർ ആയും, 34 പേർ അദ്ധ്യാപക-അനദ്ധ്യാപകരായും

പ്രവർത്തിക്കുന്നു. ആവശ്യത്തിനനുസൃതമായി കൂടുതൽ ക്ലാസ് മുറികൾ ഉണ്ടാകേണ്ടതായിട്ടുണ്ട്. പന്ത്രണ്ടാം ക്ലാസ്സിന്റെ ആദ്യ ബാച്ച് 100% വിജയത്തോടെ പഠനം പൂർത്തീകരിച്ചു എന്നത് അഭിനന്ദനാഹർഹമാണ്. അഡ്മിനിസ്ട്രേറ്ററിന് വേണ്ടി പണികഴിപ്പിച്ച പുതിയ വസതിയുടെ കൂദാശ നിർവ്വഹിച്ചു.

സെന്റ് തോമസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, ആഹവാ-ഗുജറാത്ത് : 2014 ൽ ആരംഭിച്ച ഈ സ്കൂളിൽ 39 കുട്ടികൾ പഠിക്കുന്നു. 6 അദ്ധ്യാപകർ പ്രവർത്തിക്കുന്നു. ഈ സ്കൂളിന്റെ വികസനം സംബന്ധിച്ച കാര്യങ്ങൾ നടന്നുവരുന്നു.

സെന്റ് തോമസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, ബുജ് : 2016 ജൂണിൽ ആരംഭിച്ച ഈ സ്കൂളിൽ 84 കുട്ടികൾ പഠിക്കുന്നു. റവ. ജസ്റ്റിൻ കെ. മാത്യു ആഡ്മിനിസ്ട്രേറ്ററായി പ്രവർത്തിക്കുന്നു. 6 അദ്ധ്യാപകരും പ്രവർത്തിക്കുന്നു. ഈ സ്കൂളിന്റെ നടത്തിപ്പിൽ സ്ഥലപരിമിതി അനുഭവപ്പെടുന്നുണ്ട്.

സെന്റ് തോമസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, കാംഷെഡ് : റവ. നോബിൾ ഏബ്രഹാം അഡ്മിനിസ്ട്രേറ്ററായും, ശ്രീ. അലൻ പി. വർഗീസ് പ്രിൻസിപ്പാളായും, ശ്രീമതി. ആനി നോബിൾ പ്രിൻസിപ്പാൾ ഇൻ ചാർജ്ജായും പ്രവർത്തിക്കുന്ന ഈ സ്കൂളിൽ 145 കുട്ടികളും 11 അദ്ധ്യാപക-അനദ്ധ്യാപകരും പ്രവർത്തിക്കുന്നു. പുതിയ സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാ ണം പൂർത്തിയായി.

ഭദ്രാസനത്തിനുള്ളിൽ സാന്താക്രൂസ്, ചെമ്പൂർ, മുള്ളണ്ട്, താനെ, കല്യാൺ വെസ്റ്റ്, വിശ്രാന്തവാഡി, ബറോഡ ബഥേൽ, ഗാന്ധിധാം, മീരാറോഡ്, നല്ലസോപ്പാറ, നാസിക് എന്നീ ഇടവകകളും വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

സാർവജനിക്ക് മിഷൻ ഹോസ്പിറ്റൽ, വാപ്പി : വാപ്പി സാർവജനിക്ക് മിഷൻ ഹോസ്പ്പിറ്റലിന്റെ നേതൃത്വത്തിൽ ഭദ്രാസനത്തിന്റെ വിവിധ ഭാഗങ്ങളിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയുണ്ടായി.

നവജീവൻ സെന്റർ: മുംബൈയിലെ ചുവന്ന തെരുവിൽ ജനിച്ച കുട്ടികളുടെ സമഗ്രപുരോഗതിക്കായി ആരംഭിച്ച നവജീവൻ സെന്റർ 25-ാം വർഷത്തിലേക്ക് (സിൽവർ ജൂബിലി) കടന്നു. അഭി. ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്ത പേട്രനായും, ഭദ്രാസന എപ്പിസ്ക്കോപ്പാ പ്രസിഡന്റായും, റവ. ജിനു ഈപ്പൻ കുര്യൻ ഡയറക്ടറായും, റവ. എസ്. മനു ഏബ്രഹാം അസി. ഡയറക്ടറായും പ്രവർത്തിക്കുന്നു. നവജീവനിൽ 58 സ്റ്റാഫ് അംഗങ്ങളും, 201 കുഞ്ഞുങ്ങളും ഉണ്ട്. 2016 മുതൽ പ്രസിഡന്റായി ചുമതലയേറ്റ അഭി. ഗീവർഗ്ഗീസ് മാർ തിയഡോഷ്യസ് തിരുമേനിയുടെ നേതൃത്വം നവജീവന് പുത്തനുണർവ്വ് നല്കി. ഈ വർഷവും വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുകയും കൃഷിക്കും ജലസംരക്ഷണത്തിനുമായി പുതിയ കർമ്മപദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുകയും ചെയ്തു. നവജീവൻ വില്ലേജിലെ ഭവനങ്ങളുടെ നിർമ്മാണത്തിന് ധനശേഖരണാർത്ഥം 'സ്ട്രീംസ് ഓഫ് ലൈഫ്' എന്ന പരിപാടി നടത്തി. കൂടാതെ നവജീവൻ മൂർബാദ് സെന്ററിൽ Multi–Utility ഹാളിന്റെ നിർമ്മാണം പൂർത്തീകരിച്ചു. ഭദ്രാസനത്തിലെ ഔദ്യോഗിക സംഘടനകളുടെ ആഭിമുഖ്യത്തിൽ കോഴി വളർത്തൽ, മീൻ വളർത്തൽ, പൂന്തോട്ട നിർമ്മാണം, കുട്ടികളുടെ സ്പോൺസർഷിപ്പ് എന്നിവ നവജീവൻ വില്ലേജിന്റെ ആകമാന വികസനത്തിനും വളർച്ചയ്ക്കുമായി നടത്തി.

നവജീവൻ സെന്റർ - സിൽവർ ജൂബിലി ആഘോഷം

റിപ്പോർട്ട് വർഷം നവജീവൻ സെന്ററിന്റെ സിൽവർ ജൂബിലി ആഘോഷിച്ചു. അഭിവന്ദ്യ ഡോ. ഐസക് മാർ ഫിലക്സി നോസ് എപ്പിസ്ക്കോപ്പാ മുഖ്യാതിഥിയായി ഒക്ടോബർ 2-ന് നവജീവൻ ഡേ ആചരിച്ചു. ജൂബിലി വർഷത്തിൽ ഭദ്രാസനത്തിലുള്ള സംഘടനകളെ സെന്ററിന്റെ പ്രവർത്തനങ്ങളുമായി കൂടുതൽ ക്രീയാത്മക മായി ഇടപെടുത്തി. ഭദ്രാസന സണ്ടേസ്ക്കൂൾ പുന്തോട്ടം നിർമ്മാണം, ലൈബ്രറി എന്നിവയിലും, സേവികാസംഘം കോഴി വളർത്തൽ, യുവജനസഖ്യം മീൻവളർത്തൽ, സന്നദ്ധ സുവിശേഷക സംഘം 120 കുട്ടികളെ സപോൺസർ ചെയ്യുന്നതിലും സഹായിച്ചു. ഭദ്രാസന- സെന്റർ തലങ്ങളിൽ വിവിധ പരിപാടികളിലൂടെയും സാമ്പത്തിക സഹകരണത്തിലൂടെയും നവജീവൻ പ്രവർത്തനങ്ങളെ അതിന്റെ ജൂബിലി വർഷത്തിൽ ശക്തിപ്പെടുത്തി.

നവോദയ മൂവ്മെന്റ് : ഭദ്രാസനത്തിലെ സാമൂഹിക വികസന പദ്ധതികളെ ഒരു കുടക്കീഴിൽ കൊണ്ടുവരിക എന്ന ആശയത്തോടെ 2012 ൽ ആരംഭിച്ച നവോദയ മൂവ്മെന്റ് ഇന്ന് താഴെ പറയുന്ന പ്രവർത്തനങ്ങളോടെ മുന്നേറ്റത്തിന്റെ പാതയിലാണ്.

റാഗ് പിക്കേഴ്സ്, ട്രാൻസ്ജെൻഡർ റീ-ഇന്റഗ്രേഷൻ എന്നിവ വളരെ ശ്ലാഘനീയമായ രീതിയിൽ പ്രവർത്തിക്കുന്നു. മെഡിക്കൽ ക്യാമ്പുകൾ, തൊഴിൽ പരിശീലനം, ആരോഗ്യ ബോധവൽക്കരണ ക്ലാസുകൾ, ടോൾഫ്രീ ഹെൽപ് ലൈൻ (1800 3000 510) എന്നിവ നടത്തപ്പെടുന്നു. ഡയറക്ടറായി റവ. ഷിനോയി കുഞ്ഞപ്പൻ പ്രവർത്തിക്കുന്നു.

യൂത്ത് മിനിസ്ട്രി: ഭദ്രാസനത്തിലെ യുവജനങ്ങളുടെ ആത്മീയ പരിപോഷണത്തിനായി "The Game Changer Project" എന്ന പേരിൽ റവ. മാത്യൂസ് ജോർജ്ജിന്റെ നേതൃത്വത്തിൽ യൂത്ത് മിനിസ്ട്രി പ്രവർത്തിച്ചുവരുന്നു. യുവജന പഠന ശിബിരങ്ങൾ, സംഗീത പരിപാടികൾ, മിഷൻ ഫീൽഡ് സന്ദർശനങ്ങൾ, കൗൺസിലിംഗ്, ഭദ്രാസന യുവജന കോൺഫറൻസ് എന്നിവ നടത്തിവരുന്നു.

മാർ തിയഡോഷ്യസ് തിരുമേനിയുടെ മേല്പട്ടത്വസ്ഥാനാരോഹണത്തിന്റെ 30-ാം വാർഷികാഘോഷം: ഭദ്രാസന അദ്ധ്യക്ഷൻ അഭി. ഡോ. ഗീവർഗ്ഗീസ് മാർ തിയഡോഷ്യസ് എപ്പിസ്ക്കോപ്പാ തിരുമേനിയുടെ മേല്പട്ടത്വ സ്ഥാനാരോഹണത്തിന്റ 30-ാം വാർഷികത്തിന്റെ ഭാഗമായി സ്തോത്ര ശുശ്രൂഷയും പൊതുസമ്മേളനവും ഡിസംബർ 7-ന് പൂനെ സെന്റ് ജോൺസ് മാർത്തോമ്മാ പള്ളിയിൽ വെച്ച് നടത്തി. അഭി. ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനി മുഖ്യാതിഥി ആയിരുന്നു. റോമൻ കത്തോലിക്കാ സഭയുടെ പൂനെ ഭദ്രാസന അദ്ധ്യക്ഷൻ റൈറ്റ് റവ. തോമസ് ഡാബ്രേ, മലങ്കര ഓർത്തഡോക്സ് സഭയുടെ പൂനെ ഭദ്രാസന അദ്ധ്യക്ഷൻ അഭി. ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോ ലീത്താ, മലങ്കര കത്തോലിക്കാ സഭയുടെ പുനെ കട്ക്കി St. EphremEparchy യുടെ അഭി. തോമസ് മാർ അന്തോണിയോസ് മെത്രാപ്പോലീത്താ എന്നിവരും അതിഥികളായി സംബന്ധിച്ചു. ഭദ്രാസനത്തിലെ വിവിധ ഇടവകകളിൽ നിന്നും, സഹോദരീസഭകളിൽ നിന്നും വൈദീകരും, അത്മായരും, സന്യസ്തരും, നവജീവൻ സെന്ററിൽ നിന്നും പ്രവർത്തകരും കുഞ്ഞുങ്ങളും, സഭാ കൗൺസിൽ, ഭദ്രാസന കൗൺസിൽ അംഗങ്ങളും ഈ മീറ്റിംഗിൽ സംബന്ധിക്കുകയും, അഭിവന്ദ്യ തിയഡോഷ്യസ് തിരുമേനിക്ക് ആശംസകൾ അർപ്പിക്കുകയും, തിരുമേനിയിലൂടെ സഭയ്ക്കും സമൂഹത്തിനും ലഭിക്കുന്ന നേതൃത്വത്തിന് ദൈവത്തെ സ്തുതിക്കുകയും ചെയ്തു.

തിരുമേനിയുടെ മേല്പട്ടത്വ സ്ഥാനാരോഹണത്തിന്റ 30-ാം വാർഷികാഘോഷങ്ങളുടെ അവസരത്തിൽ ഭദ്രാസനമായി 'Beyond Homogeneity: Identities, Mission and Resurgent Fundamentalism' എന്ന പേരിൽ ഒരു അഭിനന്ദന വാല്യവും, 'Missio Dei: Mar Theodosius-Mission of God manifested in a Life Consecrated' എന്ന പേരിൽ ഒരു Memoir ഉം പ്രസിദ്ധീകരിച്ചു. മീറ്റിംഗ് ഹൃദ്യവും ദൈവസ്തുതിയുടെ അവസരവുമായിരുന്നു.

പോഷക സംഘടനകൾ: സണ്ടേസ്കൂൾ, യുവജനസഖ്യം, സന്നദ്ധ സുവിശേഷകസംഘം, സേവികാസംഘം, സീനിയർ സിറ്റിസൺ ഫോറം എന്നീ പോഷക സംഘടനകൾ ഭദ്രാസനത്തിൽ സജീവമായി പ്രവർത്തിക്കുന്നു. കലാമത്സരങ്ങൾ, നേതൃത്വ പരിശീലനപരിപാടികൾ, ക്യാമ്പുകൾ എന്നിവ വർഷംതോറും നടത്തപ്പെടുന്നു. ഭദ്രാസന സംഘടനാ ഭാരവാഹികളുടെ സ്തുത്യർഹമായ സേവനങ്ങളിലൂടെ ശാഖാ-സെന്റർ തലങ്ങളിലുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടത്തിവരുന്നു.

സണ്ടേസ്കൂൾ: റിപ്പോർട്ട് വർഷത്തിൽ ഭദ്രാസന സണ്ടേസ്കൂളിന്റെ ആഭിമുഖ്യത്തിൽ താലന്ത് പരിശോധന,

വി.ബി.എസ്. നേതൃത്വ പരിശീലനകളരി, സണ്ടേസ്കൂൾ അദ്ധ്യാപകർക്കായുള്ള പരിശീലനം, വെക്കേഷൻ ബൈബിൾ ക്ലാസുകൾ, അഖിലലോക സണ്ടേസ്കൂൾ ദിനം, റ്റീനേജേഴ്സ് കോൺ ഫ്രൻസ്, സണ്ടേസ്കൂൾ വാർഷിക-ബിരുദ് പരീക്ഷകൾ, കുട്ടികളുടെ കൺവൻഷൻ, Save A Little Heart Project, Gadchiroli Hostel Sponsorship, നവജീവൻ സെന്ററിന്റെ സിൽവർ ജൂബിലിയുടെ ഭാഗമായി പൂന്തോട്ട നിർമ്മാണം, വായനശാല രൂപീകരണം എന്നീ പ്രവർത്തനങ്ങൾ ദൈവകൃപയാൽ നടത്തപ്പെട്ടു. ഭദ്രാസന സണ്ടേസ്കൂൾ പ്രവർത്തനങ്ങൾക്ക് ലഭിച്ച ചെറുതും വലുതുമായ എല്ലാ പിന്തുണയ്ക്കും ഏവരോടുമുള്ള നന്ദി അറിയിക്കുന്നു. റവ. ഡോ. കെ. സോളമൻ ഉപാദ്ധ്യക്ഷനായും, റവ. അബു ചെറിയാൻ സെക്രട്ടറിയായും, ശ്രീ. വി.എസ്. മാത്യു ട്രഷറാറായും ചുമതലകൾ നിർവഹിച്ചു.

യുവജന സഖ്യം: തന്നാണ്ടിൽ ഭദ്രാസന യുവജന സഖ്യത്തിന്റെ ആഭിമുഖ്യത്തിൽ യൂത്ത് കോൺഫ്രസ്, കലാമേള, യൂത്ത് ഫെസ്റ്റ്, മിഷൻ ഫീൽഡ് സന്ദർശനം എന്നിവ നടത്തപ്പെട്ടു. ഭദ്രാസന യൂത്ത് കോൺഫ്രൻസിന് ഗോവ സെന്റർ ആതിഥേയത്വം വഹിച്ചു. 'Editor's Choice' എന്ന വിഷയത്തെ ആസ്പദമാക്കി പഠനങ്ങൾ നടത്തപ്പെട്ടു. ഭദ്രാസന യുവജന സംഖ്യാംഗങ്ങൾ കേന്ദ്ര കലാമേളയിൽ പങ്കെടുക്കുകയും വിവിധ ഇനങ്ങളിൽ സമ്മാനാർഹരായി തീരുകയും ചെയ്തു. ഭദ്രാസന കൺവൻഷനോടനുബന്ധിച്ച് ക്യാൻവാസ് 2020 എന്ന പേരിൽ പെയിന്റ് ിംഗ് എക്സിബിഷൻ സംഘടിപ്പിക്കുകയും, ഇതിൽനിന്നും ശേഖരിച്ച തുക പിപ്പൽപാട ഗേൾസ് ഹോസ്റ്റലിന്റെ പ്രവർത്തനങ്ങൾക്ക് നൽകുകയും ചെയ്തു. റവ. റ്റോം ജോൺ ഉപാദ്ധ്യക്ഷനായും, ശ്രീ. ലിജിൻ ജോർജ്ജ് വർഗ്ഗീസ് സെക്രട്ടറിയായും, ഷെറിൻ ഫിലിപ്പ് ലേഡി സെക്രട്ടറിയായും, കാരുണ്യ സുനിൽ ട്രഷറാറായും ചുമതലകൾ നിർവ്വഹിച്ചു.

സേവികാ സംഘം: സേവികാ സംഘത്തിന്റെ ആഭിമുഖ്യത്തിൽ തന്നാണ്ടിൽ നടത്തിയ വിവിധ പ്രവർത്തനങ്ങൾക്ക് സേവികാ സംഘാംഗങ്ങളിൽ നിന്നും നല്ല പങ്കാളിത്വം ലഭിച്ചു. ഗുജറാത്ത് ചമറശമറ ക്യാമ്പ് സെന്ററിൽ സംഘടിപ്പിച്ച ത്രിദിന ക്യാമ്പിൽ വിവിധ സെന്ററുകളിൽ നിന്നായി നൂറ്റമ്പതോളം അംഗങ്ങൾ പങ്കെടുത്തു. "Rooted and Strengthened in Christ" എന്ന വിഷയത്തിൽ പഠനം നടത്തി. സ്ത്രീ ശാക്തീകരണം ലക്ഷ്യമാക്കിയുള്ള ഭദ്രാസന നേതൃത്വ പരിശീലന സെമിനാറും ഭദ്രാസന ടീനേജേഴ്സ് കോൺഫറൻസും ഭദ്രാസന കൺവൻഷനോടനുബന്ധിച്ച് നടത്തിയ മീറ്റിംഗും സ്ത്രീകൾ നേരിടുന്ന ആനുകാലിക വെല്ലുവിളികളെ വിശകലനം ചെയ്യുന്നവയും പങ്കെടുക്കുന്നവർക്കെല്ലാം നൂതന ദർശനം പകരുന്നവയും ആയിരുന്നു.

സന്നദ്ധ സുവിശേഷക സംഘം : മാർത്തോമ്മാ സന്നദ്ധ സുവിശേഷക സംഘം പ്രവർത്തനങ്ങൾക്ക് തന്നാണ്ടിൽ അഭി. ഡോ. ഗീവർഗ്ഗീസ് മാർ തിയഡോഷ്യസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ പട്ടക്കാരും, അത്മായരും ഉൾപ്പെടുന്ന 23 അംഗ ഭദ്രാസന കമ്മിറ്റി നേതൃത്വം നൽകി. പ്രവർത്തനങ്ങളുടെ ആരംഭമായി വാർഷികയോഗം മെയ് മാസം 18-ാം തീയതി വാശി സെന്റ് പോൾസ് മാർത്തോമ്മാ ഇടവകയിൽവച്ച് നടത്തപ്പെട്ടു. സംഘവാരം, സംഘദിനം പരിപാടികൾക്ക് കേന്ദ്ര കമ്മിറ്റി നേതൃത്വം നൽകി. ഭദ്രാസന സുവിശേഷ പ്രവർത്തനങ്ങളുടെ മുഖ്യ സ്രോതസ് ആയ സുവിശേഷ നിധി സമാഹരണം ഭദ്രാസന ഇടവകകളിൽ നടത്തപ്പെട്ടു. ഭദ്രാസന പ്രവർത്തനങ്ങളിൽ പ്രധാന ഇനങ്ങളായ Witness 2020, One Day Retreat, Home-Land Fellowship 2020 എന്നിവ സമുചിതമായി തന്നാണ്ടിലും നടത്തപ്പെട്ടു. നവജീവൻ സെന്ററിലെ 120 വിദ്യാർത്ഥികളെ സ്പോൺസർ ചെയ്യുന്നു. കുടുംബ ശാക്തീകരണം എന്ന വിഷയത്തിൽ ശ്രീ. ജിബി തോമസ് ക്ലാസ്സുകൾക്ക് നേതൃത്വം നല്കി. മിഷൻ പ്രവർത്തനങ്ങളിലുള്ള പങ്കാളിത്തം, ആത്മായ പരിശീലനം, ഫീൽഡ് സന്ദർശനങ്ങൾ എന്നിവ കാര്യക്ഷമമായി പുരോഗമിച്ചു. റവ. ഷിബു പി.വി. ഉപാദ്ധ്യക്ഷനായും, ശ്രീ. പി.വി. ഏബ്രഹാം ആത്മായ ഉപാദ്ധ്യക്ഷനായും, ശ്രീ. രാജു ഐപ്പ് സെക്രട്ടറിയായും, ശ്രീ. കെ.എസ്. ജോൺ ട്രഷറാറായും ചുമതലകൾ നിർവഹിച്ചു.

സീനിയർ സിറ്റിസൺസ് ഫെലോഷിപ്പ്: ഭദ്രാസനത്തിലെ മുതിർന്ന പൗരന്മാരുടെ കൂട്ടായ്മയായ സീനിയർ സിറ്റിസൺ ഫെലോഷിപ്പ് റിപ്പോർട്ടു വർഷത്തിൽ കാര്യക്ഷമമായി പ്രവർത്തിച്ചു. ഭദ്രാസനത്തിലെ മിക്ക ഇടവകകളിലും എല്ലാ സെന്ററുകളിലും ഈ കൂട്ടായ്മ സജീവമാണ്. മുംബൈ, നവിമുംബൈ, കല്യാൺ, ഗുജറാത്ത് സെന്ററുകളിൽ ഏകദിന സമ്മേളനങ്ങൾ, സെമിനാറുകൾ എന്നിവ നടത്തുകയുണ്ടായി. കൂടാതെ ഇടവക തലത്തിൽ ക്രമമായി മീറ്റിംഗുകൾ, ഭവന സന്ദർശനങ്ങൾ, മറ്റു പ്രോഗ്രാമുകൾ എന്നിവയും നടത്തി വരുന്നു. 2019 സെപ്തംബർ 19, 20 തീയതികളിൽ ഗുജറാത്ത് Nadiad Catholic Pastoral സെന്ററിൽ നടന്ന ഭദ്രാസന ക്യാമ്പിൽ അഭി. ഡോ. ഗീവർഗ്ഗീസ് മാർ തിയഡോഷ്യസ് എപ്പിസ്ക്കോപ്പാ വിശുദ്ധ കുർബ്ബാന അർപ്പിക്കുകയും നേതൃത്വം നൽകുകയും ചെയ്തു. റവ. ഈപ്പൻ ഏബ്രഹാം ഉപാദ്ധ്യക്ഷനായും, ശ്രീ. വർഗ്ഗീസ് ശാമുവേൽ സെക്രട്ടറിയായും, ശ്രീ. കെ.എസ്. വർഗ്ഗീസ് ട്രഷറാറായും ചുമതലകൾ നിർവഹിച്ചു.

3.6 കൊട്ടാരക്കര - പുനലൂർ ഭദ്രാസനം

മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ 13-ാമത് ഭദ്രാസനമായി രൂപീകരിക്കപ്പെട്ട കൊട്ടാരക്കര-പുനലൂർ ഭദ്രാസനം പ്രേക്ഷിത പ്രവർത്തനത്തിൽ 6 വർഷം പൂർത്തീകരിച്ചു. തിരുവനന്തപുരം, കൊല്ലം എന്നീ ജില്ലകളിലായി കൊട്ടാരക്കര ഈസ്റ്റ്, കൊട്ടാരക്കര വെസ്റ്റ്, കുണ്ടറ, നെടുമങ്ങാട്, പുയപ്പള്ളി, പുനലൂർ ഈസ്റ്റ്, പുനലൂർ വെസ്റ്റ്, തലവൂർ, വാളകം, എന്നീ 9 സെന്ററുകളിലെ ഇടവകളും, 14 മിഷൻ ഫീൽഡുകളും, ദോഹ ഇമ്മാനുവേൽ എന്നീ ഇടവകകളും ഉൾപ്പെടുന്ന ഈ ഭദ്രാസനത്തിൽ 91 ഇടവകകളും, 2 കോൺഗ്രിഗേഷനും 10 സ്ഥാപനകളും ഉണ്ട്. ഈ ഭദ്രാസനത്തിൽ സജീവ സേവനത്തിൽ നിന്നും വിരമിച്ച 12 വൈദീകരും, പൂർണ്ണസമയ ശുശ്രൂഷയിൽ 72 വൈദീകരും (ഇതിൽ ഓരോ വൈദീകർ ചെങ്കോട്ട, യാഡിക്കി മിഷൻ സെന്ററുകളിൽ പ്രവർത്തിക്കുന്നു), 12 സുവിശേഷകരും, പ്രായോഗിക പരിശീലനം നടത്തുന്ന വൈദീക വിദ്യാർത്ഥികളും അനുബന്ധ പ്രവർത്തകരും ആത്മായ നേതാക്കളും വിവിധ പ്രവർത്തനങ്ങളിൽ പങ്കാളിത്തം വഹിച്ചുവരുന്നു.

ഭദ്രാസന നേതൃത്വം: അഭിവന്ദ്യ ഡോ. യുയാക്കീം മാർ കൂറിലോസ് എപ്പിസ്ക്കോപ്പാ തിരുമേനിയുടെ ഉദാത്തവും ഊഷ്മളവുമായ നേതൃത്വം ഭദ്രാസനത്തെ പ്രേഷിതവൃത്തിയിലും സ്നേഹ കാരുണ്യ ശുശ്രൂഷയിലും തിരുസഭയോടുള്ള കൂറിലും ഏറെ മുൻപോട്ട് നയിച്ചുകൊണ്ടിരിക്കുന്നു. ഭദ്രാസന ട്രഷറാറായി ശ്രീ. സാം കെ. ജോണും സെക്രട്ടറിയായി റവ. അനിൽ ജോർജ്ജും നേതൃത്വം നൽകിവരുന്നു. കൗൺസിലിന്റെയും പട്ടക്കാരുടെയും നേതൃത്വവും ഏറെ വിലമതിക്കേണ്ടതുണ്ട്.

ഭദ്രാസന കൗൺസിൽ & ഭദ്രാസന അസംബ്ലി: 27 അംഗങ്ങൾ അടങ്ങിയ ഭദ്രാസന കൗൺസിൽ റിപ്പോർട്ട് വർഷം 10 പ്രവാശ്യം ചേർന്നുവന്നു. ഭദ്രാസനത്തിന്റെ സമഗ്രമായ വളർച്ചയ്ക്ക് സഹായകരമായ കർമ്മപദ്ധതികളും മാർഗ്ഗനിർദ്ദേശവും, തീരുമാനങ്ങളും കൈക്കൊണ്ടു. 18 സബ് കമ്മിറ്റികളും കൂടിവരികയും പ്രവർത്തനങ്ങൾക്ക് ഊർജ്ജം പകരുകയും ചെയ്യുന്നു. ഭദ്രാസനത്തിന്റെ 6-ാമത് ഭദ്രാസന അസംബ്ലി (2018-2019) 2019 ജൂലൈ 27 ശനി രാവിലെ 10-ന് പനവേലി ബഥേൽ മാർ ത്തോമ്മാ പള്ളിയിൽ ഭദ്രാസന അദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. യുയാക്കീം മാർ കുറിലോസ് എപ്പിസ്കോപ്പായുടെ അദ്ധ്യക്ഷതയിൽ നടത്തി. ഭദ്രാസനത്തിന്റെ 2018-19 വാർഷിക റിപ്പോർട്ടും, വരവ്-ചെലവ് കണക്കും, 2019-20-ലേക്കുള്ള ബഡ്ജറ്റും ചർച്ച ചെയ്ത് അംഗീകരിച്ചു. ഭദ്രാസനത്തിന്റെ സർവ്വാത്മകമായ വളർച്ചയ്ക്കാവശ്യമായ ഇതര തീരുമാനങ്ങളും കൈക്കൊണ്ടു.

ഭദ്രാസന ദിനം: 2019 ആഗസ്റ്റ് 18 ഞായറാഴ്ച്ച ഭദ്രാസനദിനമായി ആചരിച്ചു. അന്നേ ദിവസം പ്രത്യേക ആരാധനക്രമം ഉപയോഗിച്ച് ആരാധന നടത്തുകയും, വൈദീകരും, സുവിശേഷകരും, ഭദ്രാസന കൗൺസിൽ അംഗങ്ങളും, ഡപ്യൂട്ടേ

ഷനിൽ പങ്കെടുത്ത് അനുഗ്രഹകരമാക്കുകയും ചെയ്തു. ഭദ്രാസനത്തിന്റെ വിശാലവും പ്രസക്തവുമായ പ്രവർത്തനങ്ങളെ ഓർത്ത് എല്ലാവരും പ്രാർത്ഥിക്കുകയും, ഭദ്രാസന ദിന ധനശേഖരണത്തിൽ അത്മാർത്ഥമായി സഹകരിക്കുകയും ചെയ്തു. ദോഹ ഇമ്മാനുവേൽ ഇടവകയുടെ നല്ല പങ്കാളിത്തം എല്ലാ ദൗത്യ നിർവ്വഹണ പദ്ധതികൾക്കും ലഭിച്ചത് പ്രത്യേകം പരാമർശിക്കുന്നു.

എപ്പിസ്ക്കോപ്പൽ ജൂബിലി മന്ദിരം: സംരക്ഷിക്കുവാൻ ആരുമില്ലാത്തവരേയും ആലംബഹീനരേയും സാന്ത്വനപ്പെടുത്തുവാനും, ശുശ്രൂഷിക്കുവാനുമായി ഭാഗ്യസ്മരണീയരായ ഡോ. യൂഹാന്നോൻ മാർത്തോമ്മാ മെത്രാപ്പോലീത്താ, ഡോ. മാത്യൂസ് മാർ അത്താനാസ്യോസ് എപ്പിസ്ക്കോപ്പാ എന്നിവരുടെ മേൽപ്പട്ടത്ത രജതജൂബിലി സ്മാരകമായി 1966 ആഗസ്റ്റ് 27-ന് കൊട്ടാരക്കരയിൽ ആരംഭിച്ചതാണ് മാർത്തോമ്മാ എപ്പിസ്ക്കോപ്പൽ ജൂബിലി മന്ദിരം. മന്ദിരത്തിന് കരുതലിന്റെയും പങ്കിടലിന്റെയും ശുശ്രൂഷ നിറപടിയായി ചെയ്യുന്നതിന് കഴിഞ്ഞ നാളുകളിൽ കഴിഞ്ഞതിൽ ദൈവത്തെ സ്തുതിക്കുന്നു. രണ്ടുപേരുമായി ആരംഭിച്ച മന്ദിരത്തിൽ 626 അശരണർക്ക് അഭയം നൽകുവാൻ കഴിഞ്ഞു. ഇപ്പോൾ ജാതി മതഭേദമെന്യേ 32 പുരുഷന്മാരും 43 സ്ത്രീകളും ഉൾപ്പെടെ 75 പേർ സന്തോഷത്തോടെ കഴിഞ്ഞു വരുന്നു. എജ്യൂക്കേഷൻ കെയർ പ്രോജക്ടിന്റെ ഭാഗമായി 4 കുട്ടികൾ സ്കൂളുകളിലും 10 കുട്ടികൾ നേഴ്സിംഗ് സ്കൂളുകളിലും, ഡിഗ്രി കോഴ്സിനും, B.Ed ഓരോരുത്തരും പഠിക്കുന്നു. ജൂബിലി മന്ദിരം ഓഫീസ് സമുചയത്തിന്റെ പണികൾ ബൃഹത്തായും സുന്ദരമായും പൂർത്തീകരിച്ചു.

ഹോസ്പീസ്: ശയ്യാവലംബികളായ രോഗികളെ താമസിപ്പിച്ച് ശുശ്രൂഷ നൽകുന്ന ഈ സ്ഥാപനം ഇതിനോടകം 110 രോഗികൾക്ക് ശുശ്രൂഷ നൽകി. അത്യാവശ്യ സന്ദർഭങ്ങളിൽ മന്ദിരാംഗങ്ങൾക്ക് പുറമേ പുറത്തുനിന്നുള്ള ക്ഷീണിതരും മരണാസന്നരായ രോഗികളെയും പ്രവേശിപ്പിച്ച് ശുശ്രൂഷകൾ നൽകി. ഇപ്പോൾ 22 പേർ ഹോസ്പീസിൽ പരിചരിക്കപ്പെടുന്നു. ഹോസ്പീസിനുവേണ്ടി ആധുനിക സൗകര്യത്തോടുകൂടിയ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിച്ച് പണികൾ പുരോഗമിച്ചുവരുന്നു.

പെയിൻ & പാലിയേറ്റീവ് കെയർ യൂണിറ്റ്: കൊട്ടാരക്കര ജൂബിലി മന്ദിരത്തിന്റെ സുവർണ്ണ ജൂബിലി പരിപാടികളുടെ ഭാഗമായി പെയിൻ & പാലിയേറ്റീവിന്റെ ഒരു യൂണിറ്റ് ആരംഭിച്ചു. ഇതിൽ പ്രവർത്തിക്കുവാൻ സന്നദ്ധരായി വന്നവർക്ക് തുടർ ട്രെയിനിംഗ് ക്യാമ്പുകൾ ക്രമീകരിച്ചു. 79 പേർ സജീവ വോളന്റിയേഴ്സായി പ്രവർത്തിക്കുന്നു. ജൂബിലി മന്ദിരം കേന്ദ്രമാക്കി 8 യൂണിറ്റുകളായി പെയിൻ & പാലിയേറ്റീവിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. പ്രസ്തുത പ്രവർത്തനങ്ങൾക്ക് ന്യൂയോർക്ക് സെന്റ് ജോൺസ് യുവജനസഖ്യം വാഹനം ക്രമീകരിച്ചിട്ടുണ്ട്. കൊട്ടാരക്ക, പുനലൂർ, വാളകം, പൂയപ്പള്ളി, കുണ്ടറ എന്നിവിടങ്ങളിൽ പ്രവർത്തനം നടത്തുന്നു.

സനോഹ: കൊട്ടാരക്കര ജൂബിലിമന്ദിരത്തിന്റെ ഭാഗമായി സദാനന്തപുരത്ത് നിർമ്മിച്ച സീനിയർ സിറ്റിസൺസ് അസിസ്റ്റഡ് ലിവിംഗ് ഹോമിന്റെ (സനോഹ) പ്രവർത്തനങ്ങൾ ആരംഭിച്ചിട്ട് 7 വർഷങ്ങൾ പിന്നിട്ടു. എല്ലാ സൗകര്യങ്ങളോടും കൂടിയ പ്രാർത്ഥനാ മുറി, സ്വീകരണമുറി, കിടക്കമുറി, ബാത്ത്റും, കിച്ചൻനെറ്റ് തുടങ്ങിയ ക്രമീകരണങ്ങളോടെയുള്ള യൂണിറ്റുകളാണ് ഇവിടെയുള്ളത്. ലിഫറ്റ് ക്രമീകരിച്ചു. രണ്ടാം നിലയിൽ എല്ലാ യൂണിറ്റു കളുടെയും പണികൾ പൂർത്തീകരിച്ചു. മനോഹരമായ ഒരു ചാപ്പൽ നിർമ്മാണവും പൂർത്തീകരിച്ചുവരുന്നു. ഇപ്പോൾ 33 കുടുംബങ്ങൾക്ക് (യൂണിറ്റുകൾ) താമസ സൗകര്യമുണ്ട്. പ്രശാന്ത സുന്ദരമായ ചുറ്റുപാടിലും പ്രാർത്ഥനാനിർഭരമായ അന്തരീക്ഷത്തിലും അംഗങ്ങൾ സന്തോഷപൂർവ്വം സമഭാവനയോടെ താമസിച്ചുവരുന്നു.

റെയാൻ നൈനാൻ മെമ്മോറിയൽ പ്രോജക്ട് ഫോർ കാൻസർ സെന്റർ: കാൻസർ രോഗത്താൽ അസ്വസ്ഥത അനുഭവിക്കുന്ന 18 വയസ്സിൽ താഴെയുള്ള കുഞ്ഞുങ്ങളെ സഹായിക്കുന്നതിനായി Mrs. & Mr. സജി നൈനാൻ ഭദ്രാസന വുമായി സഹകരിച്ച് ഈ പ്രോജക്ട് തുടങ്ങിയത്. ഇതുവരെ 20 കുട്ടികൾക്ക് സഹായം നൽകി. ജാതിമത ഭേദമെന്യേ അനേകർക്ക് നല്ല സാമ്പത്തിക സഹായം ഈ പദ്ധതിയിലൂടെ നൽകിവരുന്നു.

പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾ & കോവിഡ് കാല കരുതലുകൾ: ഈ വർഷത്തിൽ കേരളത്തിന്റെ വടക്കൻ ജില്ലകളിൽ പ്രളയം ദുരന്തമായി തുടർച്ചയായ രണ്ടാം വർഷവും സംഭവിച്ചപ്പോൾ 2019 ഓഗസ്റ്റ് -സെപ്റ്റംബർ മാസങ്ങളിലായി ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് ഈ ഭദ്രാസനത്തിൽ നിന്നും നേതൃത്വം നൽകി. കിടക്കവിരികൾ, വസ്ത്രങ്ങൾ എന്നിവയും ശേഷം അവശ്യസാധനങ്ങളും അവിടെ എത്തിച്ചു നൽകി. ഭദ്രാസന ജനങ്ങളുടെ സഹായങ്ങളും, യുവജനങ്ങളും അവരുടെ ബൃഹത്തായ പങ്കാളിത്തവും വാഹനങ്ങൾ വിട്ടു നൽകിയതും, ശാരീരിക അദ്ധ്വാനം പല പ്രകാരേണ ലഭിച്ചതും പ്രത്യേകം പ്രസ്താവ്യമാണ്. ബഹുദൂരം യാത്ര ചെയ്ത് നിർവ്വഹിച്ച ശുശ്രൂഷകൾ എല്ലാം ശ്രദ്ധേയമായി. 2020 മാർച്ച് രണ്ടാം ഞായറാഴ്ച്ചയോടുകൂടി കോവിഡ്-19 രോഗത്തിന്റെ ഭീതി പടർന്നു തുടങ്ങിയപ്പോൾ തന്നെ, നമ്മുടെ ഭവനങ്ങളിൽ മരുന്ന്, ഭക്ഷണം ആദിയായവ എത്തിക്കുവാനുള്ള ക്രമീകരണങ്ങൾ അതത് ഇടവക വികാരിമാരിലൂടെയും ചുമതലക്കാരിലൂടെയും നിർവ്വഹിപ്പാൻ സാധിച്ചു.

ദോഹ ഇമ്മാനുവേൽ മാർത്തോമ്മാ ഇടവക: ഭദ്രാസനത്തിന്റെ ഏക വിദേശ ഇടവകയായ ദോഹ ഇമ്മാനുവേൽ മാർത്തോമ്മാ ഇടവക നൽകിതരുന്ന സാമൂഹിക സുവിശേഷ സന്ധാരണങ്ങളും സഹായങ്ങളും ഏറ്റം വിലമതിക്കുന്നു. ആ ഇടവകയുടെ ജൂബിലി പദ്ധതികളുടെ ഭാഗമായി യാഡിക്കി മിഷൻ ഏറ്റെടുത്തതും ചാപ്പൽ നിർമ്മാണവും മിഷൻ ഹൗസ് നിർമ്മാണവും നിർവ്വഹിച്ചു തന്നതും ഓർക്കുന്നു. ഭദ്രാസന പദ്ധതികളായ സ്നേഹാമൃതത്തിൽ ആ ഇടവക യുവജന സഖ്യവും, അഭയത്തിൽ ആ ഇടവക സേവികാസംഘവും അനിതര സാധാരണമായ സഹായ പദ്ധതികളാണ് നൽകി തരുന്നത്. ശാഖാ യുവജനസഖ്യം സ്നേഹാമൃതത്തിനു നൽകിയ (മാരുതി ഈക്കോ) വാഹനവും, സ്മൃതി പ്രോജക്ടിനായി നൽകിയ പ്രത്യേക കരുതലും, ഇടവക മിഷൻ പണികഴിപ്പിക്കുന്ന അംബാസമുദ്രം ചാപ്പലും, ഭദ്രാസന കളക്ഷനിലൂടെയും വ്യക്തികളായും ഇടവക ഒന്നായും നൽകി തരുന്ന കൈത്താങ്ങലുകളും പ്രത്യേകം പരാമർശിക്കുന്നു.

എപ്പിസ്കോപ്പൽ രജതജൂബിലി പദ്ധതികൾ: ഭദ്രാസനത്തെ മാനവീകതയുടെ നെറുകയിലെത്തിച്ച മുന്ന് പദ്ധതികളാണ് സഹായി, സ്നേഹാമൃതം, അഭയം. അഭിവന്ദ്യ ഡോ. യൂയാക്കീം മാർ കൂറിലോസ് തിരുമേനിയുടെ എപ്പിസ്കോപ്പൽ രജത ജൂബിലി സമ്മാനമായി ഭദ്രാസനവും ഭദ്രാസന സംഘടനകളും നൽകിയതാണ് ഈ ജീവകാരുണ്യ പദ്ധതികൾ.

സഹായി: ജാതിമത വ്യത്യാസമില്ലാതെ ആവശ്യത്തിലിരിക്കുന്ന ആളുകളെ കരംപിടിച്ച് നടത്തുന്ന കരുതൽ പദ്ധതിയാണ് സഹായി. ഈ പദ്ധതി സാമ്പത്തിക പ്രയാസം അനുഭവിക്കുന്ന രോഗികൾക്ക് ഒരു വലിയ ആശ്വാസമാണ്. ജാതിമത വ്യത്യാസമില്ലാതെ എല്ലാതരത്തിലുമുള്ള പാവപ്പെട്ടവർക്ക് ഒരു അത്താണിയാണ് സഹായി. മൂന്നു വിധത്തിലുള്ള പ്രവർത്തനമാണ് ഇപ്പോൾ നടക്കുന്നത്, ഒപ്പം മെഡിക്കൽ ക്യാമ്പുകളും.

നേത്രപരിശോധനയും തിമിര ശസ്ത്രക്രിയയും: കറ്റാനം സെന്റ് തോമസ് ആശുപത്രിയോട് ചേർന്ന് സൗജന്യ നേത്ര പരിശോധനയും തിമിര ശസ്ത്രക്രിയയും നടത്തുവാൻ കഴിഞ്ഞു. ഈ വർഷം ഓരോ മാസവും രണ്ട് ക്യാമ്പുകൾ വീതം ഭദ്രാസനത്തിന്റെ വിവിധ സ്ഥലങ്ങളിൽ വച്ച് നടത്തി. നാളിതുവരെ 533-ൽപരം ആളുകൾക്ക് ഈ സഹായ പദ്ധതിയിൽ നിന്ന് സാമ്പത്തിക സഹായം നൽകി. പ്രവർത്തന വർഷം 20 പേർക്ക് കൂടി തിമിര ശസ്ത്രക്രിയ നടത്തി.

ഡയാലിസിസ്: പുനലൂർ താലൂക്ക് ആശുപത്രിയോട് ചേർന്ന് സാമ്പത്തികമായി പ്രയാസം അനുഭവിക്കുന്ന കിഡ്നി സംബന്ധമായ രോഗമുള്ള ആളുകളെ കണ്ടെത്തി ഡയാലിസിസ് നടത്തിവരുന്നു. ഈ വർഷം 35 പേർക്ക് മുടങ്ങാതെ ആഴ്ചയിൽ രണ്ടും മൂന്നും പ്രാവശ്യംവീതം ഡയാലിസിസ് നട

ത്തിവരുന്നു. നാളിതുവരെ 151 ആളുകൾക്ക് ഈ പദ്ധതിയിലൂടെ സഹായം നൽകി. ഒന്നര കോടിയിൽ അധികം രൂപ നാം ആശുപത്രികൾക്ക് കൈമാറി.

Brain & Heart ശസ്ത്രക്രിയകൾ: 18 വയസിൽ താഴെയുള്ള കുഞ്ഞുങ്ങൾക്ക് ദോഹ ഇമ്മാനുവേൽ മാർത്തോമ്മാ ഇടവകാംഗമായ ശ്രീ. ജോർജ്ജ് ചാണ്ടി ഏർപ്പെടുത്തിയിരിക്കുന്ന മോസസ് മെമ്മോറിയൽ ഫൗണ്ടേഷനിലൂടെ തലച്ചോർ ഹൃദയസംബന്ധിയായ ശസ്ത്രക്രിയകൾ നടത്തുവാൻ സഹായിക്കുന്നു. പ്രസ്തുത വർഷം 12 ഹൃദയ ശസ്ത്രക്രിയകൾക്കും 5 ബ്രെയിൻ ട്യൂമർ ശസ്ത്രക്രിയകൾക്കും സാമ്പത്തിക സഹായം നൽകി.

മിഴി മെഡിക്കൽ ക്യാമ്പുകൾ: ഭദ്രാസന സൺഡേസ്കൂളും പ്രാദേശിക ഇടവകകളുമായി സഹകരിച്ച് മൂന്ന് മെഡിക്കൽ ക്യാമ്പുകൾ നെടുമങ്ങാട്, വിലങ്ങറ, വാളകം എന്നീ സ്ഥലങ്ങളിൽ ക്രമീകരിച്ചു. ഓരോ ക്യാമ്പിലും 200-250 മദ്ധ്യേ ആളുകൾ പങ്കെടുത്തിരുന്നു. കറ്റാനം മിഷൻ ഹോസ്പിറ്റൽ, പരുമല ഹാർട്ട് ഹോസ്പിറ്റൽ ഡോ. എബി കുവൈറ്റ് എന്നിവരുടെ സഹകരണം ലഭിച്ചു.

സ്നേഹാമൃതം: തെരുവിലും, കൊട്ടാരക്കര, പുനലൂർ താലൂക്ക് ആശുപത്രികളിലും കിടക്കുന്ന നിർദ്ധനരായ രോഗികൾക്കും പ്രഭാതഭക്ഷണം എത്തിക്കുന്ന നിശബ്ദ ശുശ്രൂഷയാണ് സ്നേഹാമൃതം. 6 വർഷം നടത്തിയ ദൈവത്തിന് നന്ദി അർപ്പിക്കുന്നു. ഏകദേശം 25 പേർ ജൂബിലി മന്ദിരത്തിൽ പ്രഭാതത്തിലെ തണുപ്പിനെ അവഗണിച്ച് എത്തിച്ചേർന്ന് ഭക്ഷണം 500 പായ്ക്കറ്റുകളിലാക്കി വിതരണം ചെയ്യുന്നു. ഈ പദ്ധതി ആറ് വർഷം പിന്നിട്ടിരിക്കുന്നത് അഭിമാനർഹമാണ്.

അഭയം: 2018 മെയ് 18-ന് അഭി. മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് കൂദാശ നിർവ്വഹിച്ച് മാർ കൂറിലോസ് എപ്പിസ്ക്കോപ്പൽ സിൽവർ ജൂബിലി ഹോം എന്ന സ്വന്തം കെട്ടിടത്തിലേക്ക് പ്രവേശിച്ച് പ്രവർത്തിച്ചുവരുന്നു. ഇപ്പോൾ ഈ സ്ഥാനപത്തിൽ 36 കുട്ടികളും, ഒരു വാർഡനും, ഒരു ട്യൂഷൻ ടീച്ചറും, രണ്ട് പാചകക്കാരും താമസിച്ചുവരുന്നു. 5 മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന പെൺകുട്ടികൾ ഇവിടെയുണ്ട്. ദൈനംദിന ചെലവുകൾ ഓരോ വ്യക്തികളും സംഘടനകളും ഇടവകകളും സ്പോൺസർ ചെയ്യുന്നു. അമേരിക്കയിലെ ഓസ്റ്റിൻ മാർത്തോമ്മാ ഇടവക ഒരു ബൊലേറോ വാഹനം അഭയത്തിന് നൽകി.

സ്മൃതി: അഭിവന്ദ്യ കൂറിലോസ് തിരുമേനിയുടെ എപ്പിസ്ക്കോപ്പസി പേൾ ജൂബിലി സ്മരണാർത്ഥം ഭദ്രാസനം സമർപ്പിച്ച പദ്ധതിയാണ് സ്മൃതി. ഇദംപ്രഥമമായി മലങ്കര സഭയിൽ ഡിമെൻഷ്യ റീഹാബിലിറ്റേഷൻ സെന്റർ ആരംഭിപ്പാൻ ഇടയായതിൽ വ്യാപരിച്ച ദൈവകൃപ വലുതാണ്. 2018 മെയ് 1 ന് അഭി. ഭദ്രാസന അദ്ധ്യക്ഷൻ തിരുമേനിയുടെ 40-ാം പൗരോഹിത്യ ജൂബിലിയുടെ നിറവിൽ ഈ സ്ഥാപനയ്ക്ക് തറക്കല്ലിട്ടു. ഇപ്പോൾ 10 അന്തേവാസികളും ഏറെ പേർ അന്വേഷിച്ചും എത്തുന്നുണ്ട്. ആധുനിക സൗകര്യങ്ങളോടു കൂടിയ കെട്ടിടത്തിന്റെ ഒന്നാംഘട്ട നിർമ്മാണം 2019 ഡിസംബർ 9ന് പൂർത്തീകരിച്ച് കൂദാശ നിർവ്വഹിച്ചു. ഒരു നേഴ്സും രണ്ട് പാലകരും ഒരു പാചകക്കാരിയും സ്റ്റാഫുകളായി പ്രവർത്തിക്കുന്നു. ഡോക്ടറുടെയും റവ. സുരേഷ് വർഗ്ഗീസ് അച്ചന്റെയും മേൽനോട്ടവും ലഭിക്കുന്നു.

ഭദ്രാസന കൺവൻഷൻ: 62-ാമത് ഭദ്രാസന കൺവൻഷൻ 2020 ജനുവരി 26 ഞായർ മുതൽ ഫെബ്രുവരി 2 ഞായർ വരെ പുതുതായി തയ്യാറാക്കിയ കൺവൻഷൻ വേദിയിലും ഗ്രൗണ്ടിലും നടത്തപ്പെട്ടു. അഭി. മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനിയുടെ സാന്നിദ്ധ്യവും, സമാപന ദിനത്തിൽ അഭി. മാത്യൂസ് മാർ മക്കാറിയോസ് തിരുമേനിയുടെ വി. കുർബ്ബാന അർപ്പണവും സന്ദേശവും, മറ്റ് എപ്പിസ്ക്കോപ്പാമാരുടെ കൺവൻഷൻ ദിനങ്ങളിലുള്ള സാന്നിദ്ധ്യവും ഉജ്ജ്വലമായ പ്രഭാഷണങ്ങളും വളരെ അനുഗ്രഹകരമായി. റവ. ഫാ. പൗലോസ് പാറേക്കര, റവ. എ.റ്റി. സഖറിയ, റവ. അലക്സാണ്ടർ എ. തോമസ്, റവ. ഡോ. പി.പി. തോമസ്, റവ. കെ.സി. സന്തോഷ് എന്നിവർ സന്ദേശങ്ങൾ നൽകി. റിന്യൂവെൽ കോൺഫറൻസിന്റെ ഓരോ ദിനവും ഏകദേശം 700 പേർ ഒരുമിച്ച് കൂടിയതും പഠനം നടത്തിയതും പ്രത്യേകത ആയിരുന്നു. റവ. ബോബി മാത്യു (റ്റി.എം.എ.എം) നേതൃത്വം നൽകി. വേദപഠനവും കുട്ടികളുടെ സമർപ്പണ ശുശ്രൂഷയും, മിഷൻ ഫീൽഡിൽ നിന്നുള്ളവരുടെ സാന്നിദ്ധ്യവും എല്ലാം തന്നെ ദൈവകൃപയുടെ കാഴ്ച്ചയായിരുന്നു. ഭദ്രാസന സ്ഥാപനകളുടെയും മിഷൻ ഫീൽഡുകളുടെയും സ്റ്റോളുകൾ കൺവൻഷൻ നഗറിൽ ക്രമീകരിച്ചിരുന്നു.

മിഷൻ ഫീൽഡുകൾ: ദൈവരാജ്യ ശുശ്രൂഷകളുടെ തുടർച്ചയെന്നവണ്ണം ഭദ്രാസനത്തിനുള്ളിൽ നെടുമങ്ങാട്, ചെങ്കോട്ട, സീമാന്ധ്ര എന്നീ സെന്ററുകളിലായി 12 സുവിശേഷകർ പ്രവർത്തിക്കുന്നു. പച്ചമല, ഇടിഞ്ഞാർ, നാഗമല, അച്ചൻകോവിൽ, അംബാസമുദ്രം, റോസ്മല, ഭഗവതിപുരം, തെന്മല, കുറവൻതാവളം, ചെങ്കോട്ട എന്നീ സ്ഥലങ്ങളിലും തമിഴ്നാട്ടിൽ ചെങ്കോട്ടാ മിഷൻ ഫീൽഡിനോട് ചേർന്ന് ആരംഭിച്ച പുളിയറ, മിഷൻ കേന്ദ്രത്തിലും പുതിയതായി ആരംഭിച്ച യാഡികി മിഷൻ ഫീൽഡിലും ഡ്വാഡുപുത്രിയിലും (ആന്ധ്രാപ്രദേശ്) സുവിശേഷ പ്രവർത്തനങ്ങൾ മുന്നേറുന്നു. സുവിശേഷകരായ രവി, സുരേഷ് എന്നിവർ 8 ഗ്രാമങ്ങളിൽ അവിടെ പ്രവർത്തിക്കുന്നു. 50 പേർ സ്നാനപ്പെട്ടവരായി നമ്മുടെ ആരാധനയിലും വി. കുർബ്ബാനയിലും സംബന്ധിക്കുന്നു. യാഡികി മിഷൻ ഹൗസ്, ചാപ്പൽ എന്നിവയ്ക്ക് നവംബർ 2-ന് അഭി. ഭദ്രാസന അദ്ധ്യക്ഷൻ തിരുമേനി തറക്കല്ലിട്ടു. പണികൾ പൂർത്തീകരണത്തിലാണ്. കൊട്ടാരക്കര കൺവൻഷൻ വജ്രജൂബിലി സ്മരണാർത്ഥം, താഡുപത്രിയെന്ന സീമാന്ധ്രയിലെ ഏറെ ജനസാന്ദ്രതയുള്ള സ്ഥലത്ത് 1.07 ഏക്കർ സ്ഥലം വാങ്ങി പ്രവർത്തനം നടക്കുന്നു.

ആശ്വാസ് ഡി-അഡിക്ഷൻ സെന്റർ, വാളകം: ബഹുമാനപ്പെട്ട ജോർജ്ജ് ജോൺ അച്ചന്റെ നാമധേയത്തിൽ വാളകത്ത് ആരംഭിച്ച ഹോസ്പിറ്റൽ, ഇപ്പോൾ ഭദ്രാസനമായി ഏറ്റെടുത്ത് ഡി-അഡിക്ഷൻ സെന്ററായും, ഇ-അഡിക്ഷൻ സെന്ററായും പ്രവർത്തിച്ചുവരുന്നു. ഇവിടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. ഈ വർഷം ഒരു ചാപ്പലിന്റെ ക്രമീകരണവും സെന്ററിൽ ഉണ്ടായി. സഭയുടെ ലഹരിവിമോചനസമിതിയും കൊട്ടാരക്കര-പുനലൂർ ഭദ്രാസന ഡീ-അഡിക്ഷൻ മിനിസ്ട്രിയും ചേർന്ന് കുടുംബസംഗമം പരിപാടി, ലഹരിവിമോചന പ്രവർത്തനങ്ങളിൽ പങ്കാളികളാകാൻ ആഗ്രഹിക്കുന്നവർക്കുവേണ്ടി ഏകദിന പരിശീലന ക്യാമ്പ് എന്നിവ നടത്തി. പ്രസ്തുത വർഷം 10 ക്യാമ്പുകൾ യഥാക്രമം 20 കുടുംബങ്ങൾ വീതം കൂടിവന്ന് നടത്തപ്പെട്ടു. റവ. ഷിജി സാം ഡയറക്ടറായും രണ്ട് പേർ കൗൺസിലേഴ്സായും ഒരു നേഴ്സും, രണ്ട് പേർ പാചകക്കാരായും പ്രവർത്തിക്കുന്നു. എ.എ. കൂടിവരവുകളും പ്രത്യേകാൽ ക്രമീകൃതമായി നടക്കുന്നു. സമ്പൂർണ്ണ ലഹരി വിരുദ്ധ ഭദ്രാസനമായി ഈ വർഷം പ്രഖ്യാപിക്കപ്പെട്ടു. സായൂജ്യം എന്ന പേരിൽ കുട്ടികളുടെ ഇടയിൽ നടത്തപ്പെട്ട ബോധവത്ക്കരണ പരിപാടി കൊല്ലം ജില്ലയിലെ 220 സ്കൂളുകൾ സന്ദർശിച്ച് നടപ്പിലാക്കി.

ഭദ്രാസന അദ്ധ്യക്ഷൻ തിരുമേനിയുടെ മേൽപട്ടത്വ പേൾ ജൂബിലി: അഭി. യുയാക്കീം മാർ കൂറിലോസ് തിരുമേനിയുടെ മേൽപട്ടത്വ ശുശ്രൂഷയുടെ 30-ാം വാർഷികം 2019 ഡിസംബർ 9-ന് സമുചിതമായി കൊണ്ടാടുകയും, ദൈവത്തോട് സ്തോത്രം അർപ്പിക്കുകയും ചെയ്തു. രാവിലെ 8ന് കരവാളൂർ ബഥേൽ മാർത്തോമ്മാ പള്ളിയിൽ വച്ച് വി. കുർബ്ബാനയോടും ശേഷം ഉച്ചകഴിഞ്ഞ് 3ന് സ്മൃതി കെട്ടിടത്തിന്റെ കൂദാശയും 4ന് പ്രത്യേകാൽ അഭിനന്ദന യോഗത്തോടും ആഘോഷിച്ചു. അഭി. തോമസ് മാർ തിമൊഥെയോസ് തിരുമേനി അദ്ധ്യക്ഷനായും, കർദിനാൾ ക്ലിമ്മിസ് കത്തോലിക്കാ ഭാവാ, തേവദോറോസ് മെത്രാപ്പോലീത്താ തിരുമേനി, മന്ത്രിമാർ, സാമൂഹിക രാഷ്ട്രീയ നേതാക്കൻമാർ എന്നിവരുൾപ്പെടെ അനേകം വിശിഷ്ട അതിഥികളും പ്രസ്തുത യോഗത്തിൽ സന്നിധരായി ആശംസകൾ നേർന്നു. തുടർന്ന് സ്മൃതി ഡിമൻഷ്യ റീഹാബിലിറ്റേഷൻ സെന്റർ അഭി. തിരുമേനിയുടെ പേൾ ജൂബിലി പ്രോജക്ടായി, ഭദ്രാസനം ആദരപൂർവ്വം സമർപ്പിച്ചു.

പ്രത്യേക മിഷൻ പദ്ധതികൾ

സദാനന്ദപുരം മിഷൻ പ്രോജക്ട്: വ്യത്യസ്ത ശുശ്രൂഷ നിയോഗങ്ങൾ ഏറ്റെടുത്ത് ദൗത്യവഴി യാത്രയിൽ മാർത്തോമ്മാ മൗണ്ടിലും പ്രവർത്തിക്കുന്നു. തോമസ് മാർ തിമോഥെയോസ് ഷഷ്ടബ്ദ്ധ്യപൂർത്തി സെന്ററിൽ പ്രീ-മാരിറ്റൽ കൗൺസിലിംഗ്, യെങ്ങ് കപ്പിൾസ് മീറ്റ്, മോട്ടീവോഷൻ ക്ലാസ്സ്, വിംഗ്സ് എന്നി ക്ലാസുകളും ഏകദിന പരിപാടികളും ക്രമീകരിക്കപ്പെട്ടു. പോളി ഹൗസിൽ കൃഷികൾ ചെയ്തുവരുന്നു.

സ്നേഹാരം പ്രോജക്ട്: വേൾഡ് വിഷൻ ഭദ്രാസനത്തെ ഏൽപ്പിച്ച സ്നേഹാരം പ്രോജക്ട് കൊട്ടാരക്കര-പുനലൂർ ഭദ്രാസനത്തിൽ പുനലൂർ- അഞ്ചൽ റൂട്ടിൽ ചുടുകട്ടയിൽ പ്രവർത്തനം സജീവമായി മുന്നോട്ടു പോകുന്നു. ഡി- അഡിക്ഷൻ മിനിസ്ട്രി, കൗൺസിലിംഗ്, സെമിനാറുകൾ ബോധവത്കരണ ക്ലാസുകൾ, ഗ്രാമസന്ദർശനം, മെഡിക്കൽ ക്യാമ്പ് തുടങ്ങിയവ ഈ സെന്ററിലൂടെ നടത്തപ്പടുന്നു.

ഡൈവേഴ്സിഫൈഡ് മിനിസ്ട്രി

ട്രാൻസ്ജെൻഡേഴ്സ് കൂടിവരവ്: സഭയായി ഏറ്റെടുത്ത നവോദയ പദ്ധതിയെ ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ വിവിധ പ്രോഗ്രാമുകൾ നടത്തി ഏറ്റെടുത്തു. ട്രാൻസ്ജെൻഡർ കൂടിവരവുകൾ പലവുരു ക്രമീകരിച്ചു. ഭദ്രാസന നവോദയ കമ്മിറ്റി രൂപീകരിക്കുകയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്തു.

കാഷ്യൂ വർക്കേഴ്സ് : കശുവണ്ടിയുടെ നാടായ കൊല്ലം ജില്ലയിൽ കാഷ്യൂ വർക്കേഴ്സിന്റെ ഇടയിലുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. ക്രിസ്തുമസ് കാലയളവിൽ പ്രത്യേക ക്ലാസ്സുകൾ ക്രമീകരിച്ച് അവരെ കൂട്ടിവരുത്തി സാമ്പത്തീക ആരോ ഗ്യ ബോധവത്ക്കരണം നടത്തുകയും ചെറിയ ഉപഹാരങ്ങൾ ഏവർക്കും നൽകുകയും ചെയ്തു.

വിധവാ സമ്മേളനം: ജീവിത യാത്രയിൽ പങ്കാളിയെ നഷ്ടപ്പെട്ട സ്ത്രീജനങ്ങളുടെ ഒരു കൂടിവരവ് 2019 ഓഗസ്റ്റ് 2ന് കൊട്ടാരക്കര ജൂബിലി മന്ദിരം ചാപ്പലിൽ വച്ച് നടത്തപ്പെട്ടു. ലിസി ജോൺ കൊച്ചമ്മ കുറിയന്നൂർ അതിജീവനത്തിന്റെ സന്ദേശം നൽകുകയുണ്ടായി.

ഓട്ടോറിക്ഷാ ഡ്രൈവേഴ്സ് : ഭദ്രാസന യുവജനസഖ്യവുമായി സഹകരിച്ച് ക്രിസ്തുമസ് കാലയളവിൽ കൊട്ടാരക്കര പട്ടണത്തിലെ ഓട്ടോറിക്ഷാ ഡ്രൈവേഴ്സിനെ കൂട്ടിവരുത്തുകയും ക്രിസ്തുമസ് സന്ധ്യയും, സന്ദേശവും, ഉപഹാരവും ക്രമീകരിച്ചു. 120 പേർ പങ്കെടുത്തു. ശ്രീ. കെ.എൽ. ജോൺകുട്ടി എസ്.പി. മുഖ്യാതിഥിയായിരുന്നു.

അനപത്യതാ കൂട്ടായ്മ: മക്കളില്ലാതെ ഭാരപ്പെടുന്ന ദമ്പതികളെ കൂട്ടിവരുത്തുകയും, സമാന അനുഭവങ്ങളുടെ പങ്കിടലിനും അനുഭവസാക്ഷ്യങ്ങൾക്കും അവസരം ഒരുക്കുകയും ചെയ്തു. വിവിധ സെന്ററുകളിലായി നടന്ന കൂടിവരവിൽ 30-ഓളം ദമ്പതികൾ പങ്കെടുത്തു.

ഭദ്രാസന സ്പന്ദനം: ഭദ്രാസന നാവായ ഭദ്രാസന സ്പന്ദനം ത്രൈമാസ വാരികയായി പ്രസിദ്ധീകരിക്കുന്നു. ഭദ്രാസന പ്രവർത്തനങ്ങൾക്ക് ഉണർവ്വ് നല്കുകുകയും സഭാജനങ്ങളെ ഭദ്രാസനവുമായി കൂടുതൽ ബന്ധിപ്പിക്കുകയും ചെയ്യുന്നു. വാർഷിക വരിസംഖ്യ ഈടാക്കാതെ സഭാംഗങ്ങളുടെ നിർലോഭമായ സഹകരണത്താൽ ഇത് വിതരണം ചെയ്തുവരുന്നു.

സ്റ്റുഡൻസ് മിനിസ്ട്രി: കൊട്ടാരക്കര-പുനലൂർ ഭദ്രാസനത്തിന്റെ സ്റ്റുഡൻസ് മിനിസ്ട്രി ഭാഗമായ് വാളകം എച്ച്എസ്എസ്, കൊട്ടാരക്കര മാർത്തോമ്മാ ഹൈസ്കൂൾ, കുണ്ടറ മാർത്തോമ്മാ ഹൈസ്കൂൾ, കരവാളൂർ എ.എം.എച്ച്.എസ്., കൊട്ടാരക്കര സെന്റ് ഗ്രിഗോറിയോസ് കോളേജ്, സമീപ പ്രദേശത്തെ എൻഞ്ചിനിയറിംങ് കോളേജുകൾ എന്നിവ കേന്ദ്രീകരിച്ച് കൗൺസിലിംഗ്, ബൈബിൾ പഠനങ്ങൾ, ആരാധനകൾ, കൂട്ടായ്മ എന്നിവ നടത്തിവരുന്നു.

ക്രോസ് വേ മിനിസ്ട്രി: ഭദ്രാസനത്തിലെ ടീനേജ് കുട്ടികളെ ഫോക്കസ് ചെയ്ത് ആരംഭിച്ച ശുശ്രൂഷയാണിത്. സോഷ്യൽ മീഡിയായിലൂടെ പാഥേയം എന്ന ദൈനംദിന ധ്യാനങ്ങളും ഒപ്പം കോളേജ്, സ്കൂളുകളിൽ പ്രത്യേക സ്റ്റെപ്സ് എന്ന പേരിൽ പ്രത്യേക സമ്മേളനങ്ങളും നടത്തിവരുന്നു. ശ്രീ. അനിൽ കെ. സാം കോർഡിനേറ്ററായി പ്രവർത്തിക്കുന്നു. ഒരു സംഘം യുവജനങ്ങളുടെ നേതൃത്വവും ഏറെ വിലമതിക്കുന്നു.

പട്ടക്കാരുടെ സമ്മേളനങ്ങൾ: ഭദ്രാസനത്തിലെ പട്ടക്കാരുടെ സമ്മേളനങ്ങൾ, സെന്റർ, റീജൺ തലങ്ങളിൽ മൂന്ന് മാസത്തിലൊരിക്കൽ ക്രമമായി നടത്തപ്പെട്ടു. ഭദ്രാസന വൈദീക കോൺഫറൻസ് 2019 ഒക്ടോബർ 7 മുതൽ 10 വരെ കോട്ടയം, റോയൽ റിവേറിയ കോട്ടേജിൽ നടത്തപ്പെട്ടു. അഭി. കൂറിലോസ് തിരുമേനി, റവ. ഡോ. വി.എസ്. വർഗ്ഗീസ്, ഫാ. ജെറി കുര്യൻ, ഡോ. മോഹൻ വർഗ്ഗീസ് എന്നിവർ പാസ്റ്റേഴ്സ് ആർ ഐക്കൺസ് ഓഫ് ക്രൈസ്റ്റ് എന്ന വിഷയത്തിൽ ക്ലാസ്സുകൾ നയിച്ചു. ഏകദിന വൈദീക കുടുംബ കൂട്ടായ്മ കാട്ടാക്കട വയോജന മന്ദിരത്തിലും നടത്തുകയുണ്ടായി.

ഇടവക ചുമതലക്കാരുടെയും ശുശ്രൂഷകരുടെയും ആത്മായ ശുശ്രൂഷകരുടെയും കൂടിവരവുകൾ: ഭദ്രാസനത്തിലെ ഇടവക ചുമതലക്കാരുടെയും ആത്മായ ശുശ്രൂഷകരുടെയും ഇടവക ശുശ്രൂഷകരുടെയും കൂടിവരവുകൾ എപ്പിസ്ക്കോപ്പൽ ജൂബിലി മന്ദിരം ചാപ്പലിൽ വച്ച് വ്യത്യസ്ത വേളകളിൽ നടത്തപ്പെട്ടു. ഇടവക ശുശ്രൂഷകരുടെ കുടുംബാമയുള്ള വിനോദയാത്ര മൂന്നാറിലേക്ക് ക്രമീകരിച്ചു.

കൗൺസിലിംഗ് ശുശ്രൂഷകൾ: ഭദ്രാസനത്തിന്റെ 3 സെന്ററുകളിലായി കൊട്ടാരക്കര ജൂബിലി മന്ദിരം, പുനലൂർ സ്നേഹാരം, വാളകം ആശ്വാസ് എന്നിവിടങ്ങളിൽ കൗൺസിലിംഗ് നടത്തി വരുന്നു. പതിവ് മേഖലകൾ കൂടാതെ ഇ-അഡിക്ഷൻ, അക്കാഡമിക്ക് കൗൺസിലിംഗ് എന്നിവയും നടത്തുന്നു.

മിഷനറി മീറ്റിംഗ്: ഭദ്രാസനത്തിലെ 14 സുവിശേഷകരും, 5 മിഷനറി പട്ടക്കാരും, ഒരുമിച്ച് ഡിസംബർ 9ന് അരമന കൗൺസിൽ ചേംബറിൽ കൂടിവരികയും പ്രാർത്ഥന, ധ്യാനം ചർച്ചകൾ എന്നിവ ക്രമീകരിക്കുകയും, ക്രിസ്തുമസ് സമ്മാനങ്ങൾ നൽകുകയും ചെയ്തു.

ഭദ്രാസന സ്റ്റഡി ഫോറം: ഒരു വർഷ കൗൺസിലിംഗ് ക്ലാസ്സുകൾ എറണാകുളം ഗൈഡൻസ് സെന്ററിന്റെ നേതൃത്വത്തിൽ ജൂബിലി മന്ദിരം കേന്ദ്രമാക്കി നടന്നുവരുന്നു. ലൈഫ് എന്ന ആറുമാസ പഠന പ്രോഗ്രാം ആത്മായർക്കുവേണ്ടി തലവൂർ നടുത്തേരി, വാളകം സെന്റ് തോമസ് എന്നിവിടങ്ങളിൽ നടന്നു, വാല്യങ്ങളായി ബുക്ക് ലെറ്റുകൾ പ്രസിദ്ധീകരിക്കുകയും കൂടാതെ നോവിന്റെ വഴികളിലെ നോമ്പ് എന്ന ധ്യാന പുസ്തകവും പ്രകാശനം ചെയ്തു.

ലീഗൽ അഫയേഴ്സ് കമ്മറ്റി: ലീഗൽ അഫയേഴ്സ് കമ്മറ്റ് 6 പ്രാവശ്യം കൂടി വിവിധ തീരുമാനങ്ങൾ എടുക്കുകയും നിയമോപദേശം നല്കുകയും പുനർവിവാഹങ്ങൾക്ക് അനുമതി നല്കുകയും ചെയ്തു.

ഭദ്രാസനത്തിലെ സംഘടനകൾ

മാർത്തോമ്മാ യുവജന സഖ്യം: കൊട്ടാരക്കര-പുനലൂർ ഭദ്രാസന യുവജനസഖ്യത്തിന്റെ 2019-2020 പ്രവർത്തനങ്ങൾ അനുഗ്രഹമായി നടത്തപ്പെട്ടു. സ്നേഹാമൃതം പദ്ധതി ആറ് വർഷം പിന്നിട്ടു. ക്ലീൻ സിറ്റി & ഗ്രീൻ സിറ്റി, മിഷൻ ടു പാരിഷ്, പ്രതിഭാ സംഗമം, ഭദ്രാസന കലാമേള, എല്ലാ മാസവും 2-ാം വെള്ളിയാഴ്ച്ച അരമനയിൽ വച്ചു നടക്കുന്ന യുവജന കൂട്ടായ്മ, പ്രതിനിധിസംഗമം, നിരവധി യുവജന ക്യാമ്പുകൾ തുടങ്ങിയവ നടത്തപ്പെട്ടു. വിവിധ ഭദ്രാസന ക്യാമ്പുകൾക്കും യുവജനങ്ങൾ നേതൃത്വം നൽകി വരുന്നു.

സന്നദ്ധ സുവിശേഷക സംഘം: കൊട്ടാരക്കര-പുനലൂർ ഭദ്രാസന സന്നദ്ധ സുവിശേഷക സംഘത്തിന്റെ 2019-20 വർഷത്തെ പ്രവർത്തനോദ്ഘാടനം 2019 ജൂലൈ മാസം 3-ാം തീയതി വ്യാഴാഴ്ച 3-ന് കരിക്കം ക്രിസ്തോസ് മാർത്തോമ്മാ വച്ച് അഭി. ഭദ്രാസന അദ്ധ്യക്ഷൻ തിരുമനസ്സുകൊണ്ട് ഉദ്ഘാടനം ചെയ്തു. റിപ്പോർട്ട് വർഷം മിഷൻ ടൂ പാരിഷ്, ആത്മായ പരിശീലനം, കുടുംബ സംഗമം, ഉണർവ്വ് യോഗം, പ്രാർത്ഥനാസംഗമം റിട്രീറ്റ്, ഭദ്രാസന കൺവൻഷൻ ഒരുക്ക പ്രാർത്ഥന, ഊർശലേം അരമനയിൽ വച്ച് മുഴുരാത്രി പ്രാർത്ഥന, പ്രയർ & പ്രിപ്രേഷൻ എന്നിവ നടത്തപ്പെട്ടു. ഈ വർഷത്തെ പുതിയ പ്രോജക്ടായി ഊമരും ബധിരരുമായി സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന രണ്ട് കുട്ടികൾക്ക് പഠനചെലവും ഹോസ്റ്റൽ ഫീസും സംഘം വഹിച്ചുകൊണ്ടിരിക്കുന്നു.

സുവിശേഷക സേവികാസംഘം: ഭരണസമിതിയംഗങ്ങൾക്കായുള്ള റിട്രീറ്റ്, സെക്രട്ടറിമാരുടെ സമ്മേളനം, സേവികാസംഘ ദിനാചരണം, കലാമത്സരം, ബ്ലൂം ഫെസ്റ്റ്, ബ്ലോസം ക്യാമ്പുകൾ, വിനോദയാത്ര എന്നിവയായിരുന്നു പ്രധാന പരിപാടികൾ. സേവികാസംഘത്തിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന അഭയം പദ്ധതി അനുഗ്രഹകരമായി നടന്നുവരുന്നു. അതിൽ 35 കുട്ടികൾ പഠിക്കുന്നു. അഭയത്തിനായി സ്വന്തം സ്ഥലം സമ്പാദിച്ച് കെട്ടിട നിർമ്മാണം പൂർത്തിയായി. മാർത്തോമ്മാ സുവിശേഷ സേവികാസംഘം ജന്മശതാബ്ദി ആഘോഷങ്ങളിൽ ഭദ്രാസനത്തിന്റെ പങ്കാളിത്തം ഉണ്ടായിരുന്നു. ഭദ്രാസന മീറ്റിംഗുകളും ക്രമീകരിച്ചു മുൻകാല പ്രവർത്തകരെ ആദരിച്ചു.

സൺഡേസ്കൂൾ: വിദ്യാർത്ഥി ക്യാമ്പുകൾ, സെന്റർ - ശാഖതലങ്ങളിൽ ഏകദിന ക്യാമ്പുകൾ, വി.ബി.എസ്. ട്രെയിനിംഗ് ക്യാമ്പ്, അഖില ലോക സൺണ്ടേസ്കൂൾ ദിനം, അദ്ധ്യാപകസംഗമം, അർദ്ധവാർഷിക പരീക്ഷ, വാർഷിക പരീക്ഷയും, ബിരുദ പരീക്ഷയും, താലന്ത് പരിശോധനയും, മിഷൻ ടൂ സ്കൂൾ, സൺഡേ സ്കൂൾ പ്രവർത്തക സമ്മേളനം എന്നിവ നടത്തപ്പെട്ടു.

സീനിയർ സിറ്റിസൺസ്: സീനിയർ സിറ്റിസൺസ് ഫെലോഷിപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നു. വാർഷികയോഗം, ഭദ്രാസന പൊതു സമ്മേളനങ്ങൾ, സെന്റർ മീറ്റിംഗങ്ങുകൾ എന്നിവയായിരുന്നു പ്രധാനപരിപാടികൾ. സ്റ്റഡി ക്ലാസുകൾ ബൈബിൾ പഠനം, ഭവനസന്ദർശനം എന്നിവയും നടക്കുന്നു. പുനലൂർ ദയറ, മയിലാടുംപാറ ബഥേൽ മാർ ത്തോമ്മാ ഇടവക എന്നിവിടങ്ങളിൽ വച്ച് രണ്ട് ഭദ്രാസന മീറ്റിംഗുകളും ക്രമീകരിച്ചു.

ഡി.എസ്.എം.സി.: സഭയുടെ സംഗീത വിഭാഗമായ ഡിഎസ്എംസിയുടെ ഭദ്രാസനതലത്തിലുള്ള പ്രവർത്തനങ്ങൾ സജീവമായി നടന്നുവരു ന്നു. ഇടവകതലത്തിലും സെന്റർ തലത്തിലും ഭദ്രാസനത്തിലെ 9 സെന്ററുകളിലും സജീവമായി നടന്നുവരുന്നു. പരീശീലന കളരികൾ, ലിറ്റർജിക്കൽ ട്രെയിനിംഗുകൾ, ഗാനാലാപനം, ഗായകസംഘരൂപീകരണം എന്നിവ നടത്തപ്പെട്ടു. ആഡ്-ക്രൂസേം എന്ന നോമ്പുകാല ദൃശ്യ ശ്രാവ്യ ആവിഷ്ക്കാരം ഏറെ മനോഹരമായി. 9 സെന്റർ ഗായകസംഘങ്ങളുടെ നേതൃത്വത്തിൽ നൂറുകണക്കിന് സഭാ ജനങ്ങൾ കൂടി വന്ന് നോമ്പ് പ്രാർത്ഥനയും പ്രോഗ്രാമും 2019 ഏപ്രിൽ 11-ന് നടത്തപ്പെട്ടു. ഭദ്രാസന അദ്ധ്യക്ഷൻ തിരുമേനിയും, പട്ടക്കാരും, ഡിഎസ്എംസി ഭാരവാഹികളും പ്രോഗ്രാമിനെ നയിച്ചു. കെ.സി.സി. പ്രസിഡന്റ് അഭി. ഗീവർഗ്ഗീസ് മാർ കൂറിലോസ് തിരുമേനി മുഖ്യസന്ദേശവും നൽകി. പുൽക്കൂട്ടിൽ പൂക്കാലവും ഡി.എസ്.എം.സി. കനകജൂബിലിയും കുണ്ടറ ശാലേം മാർത്തോമ്മാ പള്ളിയിൽ നടത്തപ്പെട്ടു.

പ്രേഷിതവൃത്തി എന്നെന്നും ക്രിസ്തുവിൽ അടിസ്ഥാനപ്പെട്ടതും വിശ്വാസത്തിലും പ്രാർത്ഥനയിലും മുളപൊട്ടിയതും, വെല്ലുവിളികളെ ഏറ്റെടുത്ത് കരുത്താർജ്ജിച്ചതും, നീതിയും സമാധാനവും പരിശുദ്ധാത്മാവിന്റെ സന്തോഷവും വിളങ്ങുന്ന ദൈവരാജ്യത്തിന്റെ പ്രകാശനവുമാണ്. ആയതിന് നാഥാ ഞങ്ങളെയും സമർപ്പിക്കുന്നേ എന്ന പ്രാർത്ഥനയോടെ ഈ സംക്ഷിപ്ത പ്രവർത്തന റിപ്പോർട്ട് ഉപസംഹരിക്കുന്നു.

3.7 തിരുവനന്തപുരം - കൊല്ലം ഭദ്രാസനം

കേരള സംസ്ഥാനത്തിന്റെ തെക്കൻ പ്രദേശങ്ങളായ തിരുവനന്തപുരം - കൊല്ലം ജില്ലകളും തമിഴ്നാട് സംസ്ഥാനത്തിലെ കന്യാകുമാരി ജില്ലയിലുമായി 7 സെന്ററുകളും യു.എ.ഈ.യിലെ ദുബായ് ഇടവക ഉൾപ്പടെ 8 സെന്ററുകളിലായി 86 ഇടവകകളും 8 കോൺഗ്രിഗേഷനുകളും ഉൾപ്പെട്ടതാണ് തിരുവനന്തപുരം - കൊല്ലം ഭദ്രാസനം. ഈ ഭദ്രാസനത്തിൽ 62 പട്ടക്കാർ സജീവ സേവനത്തിലും റിട്ടയർ ചെയ്ത 13 വൈദീകരും കൂടാതെ ഭദ്രാസനത്തിന്റെ 15 സുവിശേഷകരും പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

1. ഭദ്രാസന എപ്പിസ്ക്കോപ്പാ: ആദ്ധ്യാത്മിക തേജസ്സുകൊണ്ട് ഭദ്രാസനത്തെ പ്രോജ്വലിപ്പി ക്കുന്ന അഭിവന്ദ്യ ജോസഫ് മാർ ബർന്നബാസ് തിരുമേനി ഭദ്രാസനത്തിന്റെ സമഗ്രവളർച്ചയ്ക്ക് ശക്തമായ അടിത്തറപാകി. നിശബ്ദവും ഫലപുഷ്ടവുമായ സേവനം നിർവ്വഹിക്കുന്ന അഭിവന്ദ്യ ജോസഫ് മാർ ബർന്നബാസ് തിരുമേനി ഭദ്രാസനത്തിലെ വിശ്വാസികൾക്ക് ഉണർവ്വും ഓജസ്സും പ്രദാനം ചെയ്തു. സുവിശേഷത്തിന്റെ മൗലിക ഭാവങ്ങൾ ചോരാതെയും സഭയുടെ മഹത്തായ പാരമ്പര്യങ്ങൾ നഷ്ടമാക്കാതെയും പ്രാർത്ഥനയും ആരാധനയും സേവനവും സമന്വയിപ്പിച്ച് സഭയുടെ കെട്ടുപണിക്കായി അക്ഷീണം പ്രവർത്തിക്കുന്ന തിരുമേനിയുടെ വിശിഷ്ടമായ നേതൃത്വത്തിനായി സ്തോത്രം. 2019 സെപ്തംബർ 8-ന് സപ്തതി കൊണ്ടാടിയ തിരുമേനിക്ക് ഭദ്രാസനത്തിന്റെ ആശംസകളും നന്മകളും നേരുന്നു.

2. കൗൺസിൽ ഭാരവാഹികൾ: ഭദ്രാസന എപ്പിസ്ക്കോപ്പാ, ഭദ്രാസന സെക്രട്ടറി - റവ. ഈപ്പൻ ചെറിയാൻ, ഭദ്രാസന ട്രഷറാർ - ശ്രീ. സാബു അലക്സ്, കൗൺസിൽ അംഗങ്ങൾ:- ശ്രീ. ഡി. ജ്ഞാനദാസ്, ശ്രീ. തോമസ് മാത്യു, ശ്രീ. സ്റ്റുവർട്ട് ഹാരിസ്, ശ്രീ. ജോർജ്ജ് എം. തോമസ്, ശ്രീ. സജി മര്യാപുരം, റവ. മാത്യു കെ. ജാക്സൺ, റവ. മാത്യു വർഗ്ഗീസ്, ശ്രീ. ഡി. ജോൺ, ശ്രീമതി. ആനിയമ്മ ശാമുവേൽ, ശ്രീ. പി.ഒ. സണ്ണി, ശ്രീ. സാനു ജോർജ്ജ്, ശ്രീ. കുഞ്ഞുകുഞ്ഞുകുട്ടി, ശ്രീ. ഷിബു വർഗ്ഗീസ്, റവ. ജോർജ്ജ് ഏബ്രഹാം, ശ്രീ. എം.കെ. ഷാജി, ശ്രീ. എൽ. ബേബി, ശ്രീ. അലക്സ് വൈ. റെജി, ശ്രീമതി അന്നമ്മ കുരികേശു, ശ്രീ. ജോൺ പി. തോമസ്, ശ്രീ. ജോസ് തോമസ്, ശ്രീമതി. പുത്രി മാത്യു, ശ്രീ. ഷിനു ജോർജ്ജ്, ശ്രീമതി. മഞ്ചു സെയ്റാ ജോൺ, ശ്രീമതി. മിനി. എം. ജോയി എന്നിവർ കൗൺസിൽ അംഗങ്ങളായും പ്രവർത്തിച്ചു.

റിപ്പോർട്ട് വർഷം 5 തവണ ഭദ്രാസന കൗൺസിൽ യോഗം ചേർന്ന് ഭദ്രാസന പ്രവർത്തനങ്ങൾക്ക് വേണ്ട ആലോചനകളും തീരുമാനങ്ങളും കൈക്കൊണ്ടു.

3. ഭദ്രാസന അസംബ്ലി: ഭദ്രാസന അസംബ്ലിയുടെ 39-ാമത് സമ്മേളനം 2019 ആഗസ്റ്റ് 03-ന് യൂഹാനോൻ മാർത്തോമ്മാ സ്റ്റഡി സെന്ററിൽ ഭദ്രാസന അദ്ധ്യക്ഷൻ അഭിവന്ദ്യ ജോസഫ് മാർ ബർന്നബാസ് എപ്പിസ്ക്കോപ്പായുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു.

4. ഭദ്രാസന ദിനം: 2019 ആഗസ്റ്റ് 18 ഭദ്രാസന ദിനമായി ആചരിച്ചു. അന്നേ ദിവസം പ്രത്യേക ആരാധന ക്രമീകരിച്ചു. ഇടവക തലത്തിൽ ഭവന സന്ദർശനവും ധനശേഖരണവും നടത്തി.

5. ഭദ്രാസന കൺവൻഷൻ: തിരുവനന്തപുരം - കൊല്ലം ഭദ്രാസന കൺവൻഷൻ 2020 ജനുവരി 9 മുതൽ 12 വരെ ആയൂർ മാർത്തോമ്മാ കോളേജ് കൺവൻഷൻ ഗ്രൗണ്ടിൽ അനുഗ്രഹപ്രദമായി നടന്നു. മാർത്തോമ്മാ സഭ പരമാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്ത കൺവൻഷൻ ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ ജോസഫ് മാർ ബർന്നബാസ് എപ്പിസ്ക്കോപ്പാ, റവ. സി.വി. സൈമൺ, ശ്രീമതി. പ്രീനാ മാത്യു, റവ. ഷാജി തോമസ്, വെരി. റവ. കെ.ഒ. ഫിലിപ്പോസ്, ശ്രീ. ബാബു പുല്ലാട്, റവ. ഫാ. തോമസ് കൊടിനാട്ടുകുന്നേൽ എന്നിവർ വചനശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. കേന്ദ്ര സണ്ടേസ്കൂളിന്റെ നേതൃത്വത്തിൽ കുട്ടികളുടെ മീറ്റിംഗിന് നേതൃത്വം നൽകി. സേവികാസംഘം, സന്നദ്ധ സുവിശേഷക സംഘം, യുവജന സഖ്യം എന്നീ സംഘടനകളുടെ മീറ്റിംഗും കുട്ടികളുടെ സമർപ്പണ ശുശ്രൂഷയുമുണ്ടായിരുന്നു.

തെക്കൻ തിരുവിതാംകൂർ മേഖല കൺവൻഷൻ ലോഗോസ് 2019 ഒക്ടോബർ 24 മുതൽ 27 വരെ കാട്ടാക്കട മാർ ക്രിസോസ്റ്റം ഹാളിൽ വച്ച് നടന്നു. വിവിധ യോഗങ്ങളിൽ റവ. ഡോ. പി.പി. തോമസ്, റവ. തോമസ് ബേബി. റ്റി, റവ. പ്രേംജിത്ത് കുമാർ, ബ്രദർ മനു റസ്സൽ എന്നിവർ പ്രസംഗകരായിരുന്നു.

6. മിഷൻ ഫീൽഡുകൾ: നാഗർകോവിൽ, വേങ്ങോട്, പച്ചമുക്ക്, മഞ്ഞപ്പാറ, വർക്കല, കിളിമാനൂർ, പുത്തൻകുളം, കുളത്തൂപ്പുഴ- സാംനഗർ, പഴയേരൂർ സ്നേഹാരാം മിഷൻ, അണ്ടുകോട്, പേയാട്, വാഴിച്ചൽ, വഴുതൂർ, ആടുവള്ളി, മരങ്ങോട് - കൂടൽ ഭാഗം, പെരുങ്ങാലം എന്നിവിടങ്ങളിൽ മിഷൻ പ്രവർത്തനങ്ങൾ നടത്തപ്പെടുന്നു.

7. ഭദ്രാസനത്തിലെ സംഘടനകൾ

i) സൺഡേസ്കൂൾ: വാർഷിക പൊതുയോഗം 2019 ജൂലൈ 13-ന് പെരുങ്ങള്ളൂർ മാർത്തോമ്മാ പള്ളിയിൽ നടത്തപ്പെട്ടു. റിപ്പോർട്ട് വർഷം വിദ്യാലയ വർഷാരംഭ ശുശ്രൂഷ, കുട്ടികൾക്കു വേണ്ടിയുള്ള ക്യാമ്പുകൾ, വി.ബി.എസ്സ് - അനുധാവന സമ്മേളനം, അഖിലലോക സണ്ടേസ്കൂൾ ദിനാഘോഷം, ഭദ്രാസന സണ്ടേസ്കൂൾ ദിനാചരണം, അർദ്ധവാർഷിക പരീക്ഷ, ബിരുദു പരീക്ഷ, അദ്ധ്യാപക പ്രതിഷ്ഠാ ശുശ്രൂഷ, അദ്ധ്യാപക കൺവൻഷനുകൾ, അദ്ധ്യാപക പരീക്ഷ, ഹെഡ്മാസ്റ്റേഴ്സ് കോൺ ഫ്രൻസ്, പഠനസമ്മേളനം, കരിക്കുലം ട്രെയിനിംഗ് ക്യാമ്പുകൾ, അദ്ധ്യാപക സമ്മേളനം, ടീച്ചേഴ്സ് ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം, എന്നിവ നടത്തപ്പെട്ടു. ഭദ്രാസനതലത്തിൽ ക്വിസ് പ്രോഗ്രാമും, താലന്ത് പരിശോധനയും നടത്തുകയു ണ്ടായി. ഭദ്രാസനത്തിലെ വിവിധ ഇടവകകളിൽ വി.ബി.എസ്സ് ക്രമീകരിച്ചു. 2019 സെപ്തംബർ 10-ന് ഭദ്രാസനതലത്തിൽ കുട്ടികളുടെ ബാലകലോത്സവം ശലഭം 2019 എന്നപേരിൽ പേരൂർക്കട എബനേസർ മാർത്തോമ്മാ പള്ളിയിൽ നടത്ത പ്പെട്ടു. സണ്ടേസ്കൂൾ ഡയറി-2020 പ്രസിദ്ധീകരിച്ചു. സ്നേ ഹിതൻ മാസിക പ്രസിദ്ധീകരിക്കുന്നു. മിക്ക സണ്ടേ സ്കൂളുകളിലും ബാല സമാജം ആരംഭിച്ചു പ്രവർത്തിക്കുന്നു.

ii) യുവജനസഖ്യം: റിപ്പോർട്ട് വർഷം 90% ശതമാനത്തോളം യുവജനസഖ്യംഗങ്ങൾ കേന്ദ്രയുവജനസഖ്യത്തിൽ രജിസ്റ്റർ ചെയ്തു. 'മികച്ച ശാഖാമത്സരം' നടത്തി. ഭദ്രാസന കൺവൻഷനോടു ചേർന്ന് യുവവേദി നടത്തി. മെരിസ് പ്രോജക്ടിലൂടെ ഭദ്രാസനത്തിലെ ഇടവകകളിലേക്ക് കുർബ്ബാനയ്ക്ക് ആവശ്യമായ വസ്തുക്കൾ എത്തിച്ചു നൽകുന്ന പരിപാടി നടപ്പിലാക്കി കൂടാതെ പ്രോജക്ടിന്റെ ഭാഗമായി വിദ്യാഭ്യാസ സഹായ വിതരണവും നടത്തി. സ്നേഹതീരം കുഞ്ഞുങ്ങളോടും മാതാ പിതാക്കളോടും ഒപ്പം ബദ്ലഹേം നാദം എന്ന ക്രിസ്മസ് ആഘോഷം നെയ്യാ റ്റിൻകര ഐശ്വര്യ ആഡിറ്റോറിയത്തിൽ സംഘടിപ്പിച്ചു. കൂടാതെ സ്നേഹസമ്മാനം എന്ന പേരിൽ കുട്ടികൾക്ക് ഭക്ഷണകിറ്റും ക്രിസ്മസ് കേക്കും വിതരണം ചെയ്യുകയും ചെയ്തു. സ്റ്റഡിഫോറം കമ്മിറ്റിയുടെ നേതൃത്വ ത്തിൽ Know Your Church എന്ന വിഷയത്തെ ആസ്പദമാക്കി പഠന ശിബിരം ക്രമീകരിച്ചു. കൂടാതെ അടൂർ യൂത്ത് സെന്ററിൽ വച്ച് യൂത്ത് കോൺഫ്രൻസും നടത്തി. സായൂജ്യം എന്ന പേരിൽ നോമ്പ് ധ്യാനം അഞ്ചൽ കുലശേഖരം എന്നീ സെന്ററു കളിൽ ക്രമീകരിച്ചു.

വർക്കല ചെറിയന്നൂർ മാർത്തോമ്മാ സെൻട്രൽ സ്കൂളിൽ വച്ച് ലഹരി വിരുദ്ധ ബോധവത്കരണ ക്ലാസ്സ് നടത്തി. തിരുവനന്തപുരം - കൊല്ലം ഭദ്രാസന യുവജനസഖ്യം കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഭദ്രാസന കലാമേള ആയൂർ മാർത്തോമ്മാ കോളേജിൽ വച്ച് നടത്തപ്പെട്ടു. ദൃശ്യ-ശ്രവ്യ കലകളുടെ പ്രോത്സാഹനത്തെ കൂടാതെ യുവജനങ്ങളുടെ സാഹിത്യ രചനാബോധത്തെ ഉണർത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി കൈയ്യെഴുത്ത് പതിപ്പ് മത്സരം നടപ്പിലാക്കി. കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി യുവകർഷക അവാർഡ് ഏർപ്പെടുത്തി. പരിസ്ഥിതി പ്രതിബദ്ധതയെ പ്രോത്സാഹിപ്പിക്കാൻ WOW എന്ന പദ്ധതി ആവിഷ്കരിച്ചു. സോഷ്യൽ ഫോറം കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ജാലകം (ഫോട്ടോഗ്രാഫി കോമ്പറ്റീഷൻ) നടത്തി. ഭദ്രാസന കൺവൻഷനോടനുബ ന്ധിച്ച് കൺവൻഷൻ ഗ്രൗൽ ബുക്ക് സ്റ്റാൾ ക്രമീകരി ക്കുകയുായി.

iii) സേവികാസംഘം: 2018-19 ലെ വാർഷിക സമ്മേളനം 2019 ജൂലൈ 05-ന് മണ്ണന്തല യൂഹാനോൻ മാർത്തോമ്മാ സ്റ്റഡി സെന്ററിൽ നടന്നു. സേവികാസംഘവാരം സെപ്റ്റംബ ർ 01 മുതൽ 08 വരെയും സംഘദിനം 8-ന് ആചരിച്ചു. സ്ത്രീകൾ ദൈവരാജ്യ ശുശ്രൂഷയിൽ പങ്കാളികൾ എന്ന തായിരുന്നു പഠന വിഷയം. കമ്പംകോട് ആൾസെയിന്റ്സ് മാർത്തോമ്മാപള്ളി, കാട്ടാക്കട മാർത്തോമ്മാ വയോജന മന്ദിരം എന്നിവിടങ്ങളിൽ വച്ച് ആരാധനയിലൂടെ യുള്ള സാക്ഷ്യം എന്ന വിഷയത്തെ അധികരിച്ച് മേഖലാസമ്മേള ങ്ങൾ നടത്തി. സേവികാസംഘം ശതാബ്ദിയോടനുബന്ധിച്ച് വസ്തുവും ഭവനവും ഇല്ലാത്ത അഞ്ചൽ സെന്ററിലുൾപ്പെട്ട ഇടവാകംഗത്തിന് വസ്തുവും വീടും ഭദ്രാസന സേവികാ സംഘമായി വാങ്ങി നൽകി. ഭദ്രാസന എപ്പിസ്ക്കോപ്പായുടെ സപ്തതി പ്രോജക്ടിലേക്ക് 75000/- രൂപയും നൽകി. ഭദ്രാ സന കൺവെൻഷനോട് അനുബന്ധിച്ച് സേവികാ സംഘത്തിന്റെ ഭക്ഷണസ്റ്റാൾ പ്രവർത്തിച്ചു. ജെ.എം.എം. സ്റ്റഡി സെന്ററിൽവച്ച് 2019 ഏപ്രിൽ 28 വരെ തീയതികളിൽ പെൺകുട്ടികൾക്കായിട്ടുള്ള ബ്ലൂംഫെസ്ററ് & എംബോ ഫെസ്റ്റ് ക്രമീകരിച്ചു. ദിദിന പഠനക്യാമ്പ് പേയാട് നൈർമല്യ ഡി-അഡിക്ഷൻ സെന്ററിൽവച്ച് നടത്തുകയുണ്ടായി. വിവാഹ സഹായമായി 2 പേർക്ക് 20,000/- രൂപയും, 3 പേർക്ക് വിദ്യാഭ്യാസ സഹായമായി 59,000/- രൂപയും, ചികിത്സാ സഹായമായി 5,000/- രൂപയും നൽകി.

iv) സന്നദ്ധ സുവിശേഷക സംഘം: 40-ാമത് വാർഷിക പൊതുയോഗം 2019 ജൂൺ 21 ന് പരുത്തിപ്പാറ ഇമ്മാനുവേൽ മാർത്തോമ്മാ പള്ളിയിൽ നടത്തപ്പെട്ടു. 2019 ജൂലൈ 31-ന് മണക്കോട് സെന്റ് തോമസ് മാർത്തോമ്മാ പള്ളിയിൽ അഭിവന്ദ്യ ജോസഫ് മാർ ബർന്നബാസ് എപ്പിസ്ക്കോ പ്പായുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ 2019-20 വർഷത്തെ പ്രവർത്തനോദ്ഘാടനം റവ. സുനിൽ എം. ജോൺ നിർവഹിച്ചു. ഇടവക മിഷൻ പ്രവർത്തകരുടെ സമ്മേളനം 2019 ആഗസ്റ്റ് 28-ന് ചാത്തന്നൂർ ക്രിസ്തോസ് മാർത്തോമ്മാ പള്ളിയിൽ നടന്നു. ഇടവകകളിൽ ഡപ്യൂ ട്ടേഷന് പോകുന്നവർക്കായി കൊട്ടാരക്കര ജൂബിലി മന്ദിരം സൂപ്രണ്ട് റവ. മാത്യു ബേബി ക്ലാസ്സുകൾ എടുത്തു. കമ്പംകോട് ആൾസെയിന്റ്സ് മാർത്തോമ്മോ ഇടവകയിൽ വച്ചും, ചാരുപാറ മാർത്തോമ്മാ വയോജന മന്ദിരത്തിൽ വച്ചും രണ്ടു മേഖലകൾക്കായി മേഖലാസമ്മേളനം നടത്തി. സാക്ഷ്യ ജീവിതത്തിനായി ഒരുക്കപ്പെടുന്ന ആരാധന എന്ന വിഷയം പഠനവിധേയമാക്കി. മത്തായിമുക്ക് ഇമ്മാനുവേൽ മാർത്തോമ്മാ പള്ളിയിൽ മുഴുരാത്രി പ്രാർത്ഥന ക്രമീകരിച്ചു. കോവിഡ് 19 വൈറസിന്റെ വ്യാപനം മൂലം ഭാരപ്പെടുന്ന ലോക ജനതയുടെ വിടുതലിനും സൗഖ്യത്തിനുമായി പ്രാർത്ഥനാ ശൃംഖല ക്രമീകരിച്ചു. രണ്ടാമത് പാരിഷ് മിഷൻ കൊടിഞ്ഞൽ സെന്റ് തോമസ് മാർത്തോമ്മാ പള്ളിയിലും ക്രമീകരിച്ചു. രണ്ടിടങ്ങളിലും ധ്യാനയോഗവും വിശുദ്ധ കുർബ്ബാനയും നടത്തപ്പെട്ടു. മുക്കോലയ്ക്കൽ ബഥേൽ മാർത്തോമ്മാ പള്ളിയിൽ വച്ച് 2019 ഒക്ടോബർ 29-ന് കുടുംബസംഗമം ക്രമീകരിച്ചു. കുടുംബ ഭദ്രത എന്ന വിഷയം ആസ്പദമാക്കി പ്രൊഫ. ഡോ. സിസിലി തോംസൺ ക്ലാസ് എടുത്തു. ഭദ്രാസന കൺവൻഷനോട് അനുബന്ധിച്ചുള്ള സംഘത്തിന്റെ യോഗത്തിൽ സുവി. ബാബു പുല്ലാട് മുഖ്യ സന്ദേശം നൽകി.

8. പ്രവർത്തന മേഖലകൾ: മിഷൻ റ്റു സ്കൂൾസ് & കോളേജസ്, പദ്ധതിയിലൂടെ സ്കൂൾ, കോളേജ്, വിദ്യാർത്ഥികൾക്ക് ലക്ഷ്യബോധം നൽകുന്ന പരിപാടികൾ നടത്തപ്പെട്ടു. കൺവൻഷ നോടനുബന്ധിച്ച് മാർത്തോമ്മാ സെൻട്രൽ സ്കൂൾ വർക്കല, ചണ്ണപ്പേട്ട ബഥനി മാർത്തോമ്മാ ഹൈസ്കൂൾ എന്നിവടങ്ങളിൽ ക്ലാസ്സുകൾ ക്രമീകരിച്ചു. കൗമാര പ്രായക്കാർക്കു വേണ്ടിയുള്ള പ്രത്യേക ക്യാമ്പു കളും, സ്കൂൾ കുട്ടികൾക്കായുള്ള പ്രാർത്ഥനാ ക്ലബ്ബുകളും, ഭദ്രാസന കൺവൻഷനോട് ചേർന്ന് സണ്ടേ സ്കൂളുകൾ കുട്ടികൾക്കുള്ള വിശേഷാൽ യോഗങ്ങളും നടത്തപ്പെട്ടു.

പേയാട് നൈർമല്യ ഡി-അഡിക്ഷൻ കൗൺസിലിംഗ് & നാഷണൽ റിസോഴ്സ് സെന്റർ കേന്ദ്രമാക്കിയുള്ള മിഷൻ റ്റു മെന്റൽ പേഷ്യന്റ്സ് പ്രവർത്തനം പ്രത്യേകം കണ്ടെത്തിയിട്ടുള്ള 15 മാനസിക രോഗികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും വളരെ ആശ്വാസകരമായിത്തീർന്നു. ലഹരി ആസക്തരെ അതിൽ നിന്ന് മോചിപ്പിക്കാനുള്ള ഡി-അഡിക്ഷൻ മിനിസ്ട്രിയുടെ ക്യാമ്പുകൾ എല്ലാ മാസവും 15-ാം തീയതി മുതൽ 10 ദിവസം ദൈർഘ്യമുള്ള ക്യാമ്പ് നൈർമല്യ ഡി-അഡിക്ഷൻ സെന്ററിൽ സംഘടിപ്പിക്കു കയും ലഹരിക്ക് അടിമപ്പെട്ട് കഴിയുന്നവർക്ക് സൗഖ്യ ജീവിതത്തി ലേക്കുള്ള വഴി ഒരുക്കുകയും ചെയ്തു. റിപ്പോർട്ട്

വർഷം ഒരു ലഹരിവിമോചന ക്യാമ്പ് സെന്ററിൽ വച്ച് നടത്തുകയുണ്ടായി. ലഹരി മുക്തരായവരുടെ കൂട്ടായ്മയും പ്രത്യേക സമ്മേളനങ്ങളും ഈ സ്ഥാപനത്തിലൂടെ ക്രമീകരിക്കപ്പെടുന്നു.

9. സാമൂഹ്യ പ്രവർത്തനങ്ങൾ

1). സ്നേഹതീരം / സ്നേഹഗിരി: മഞ്ഞാലുംമൂട് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സ്നേഹതീരം പദ്ധതി 300ലധികം എച്ച്. ഐ.വി. എയിഡ്സ് ബാധിതരായ വ്യക്തികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും കൂട്ടായ്മയും പരിചരണവും നൽകുന്നു. ഒരു പെയിൻ & പാലിയേറ്റീവ് യൂണിറ്റ് പ്രവർത്തിക്കുന്നു. സ്നേഹഗിരിയിൽ കുട്ടികളുടെ കൂട്ടായ്മ ക്രമീകരിച്ചുവരുന്നു. കമ്പ്യൂട്ടർ ക്ലാസ്സുകളും, വൊക്കേഷണൽ കരിയർ ഗൈഡൻസ് തുടങ്ങിയവ നടക്കുന്നു. എയിഡ്സ് രോഗികളുടെ പ്രതിമാസ കൂടിവരവ് ക്രമീകരിക്കുകയും കുടുംബങ്ങളിൽ പതിവു സന്ദർശനം നടത്തുകയും ചെയ്യുന്നു. സ്നേഹതീരത്തിന്റെ 19-ാമത് വാർഷികവും സ്നേഹഗിരിയുടെ 10-ാമത് വാർഷികവും ലോക എയ്ഡ്സ് ദിനാചരണവും 2019 ഡിസംബർ 1-ന് ഉദിയൻ കുളങ്ങര ഐശ്വര്യാ ആഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ടു. മേല്പാല ട്രിനിറ്റി ഇന്റർ നാഷണൽ സ്കൂൾ, സെന്റ് മേരീസ് ഹയർ സെക്കന്ററി സ്കൂൾ സന്ദർശിക്കുകയും ബോധവൽ ക്കരണം നൽകുകയും റെഡ് റിബൺ വിതരണം ചെയ്യുകയും ചെയ്തു. അന്നേദിവസം ഉച്ചകഴിഞ്ഞ് ബൈക്ക് റാലി സംഘടിപ്പിക്കുകയും മാൾ ഓഫ് ട്രാവൻകൂറിൽ ഫ്ളാഷ് മോബ് അവതരിപ്പിക്കുകയും സ്നേഹതീരത്തെ പരിചയപ്പെടുത്തുകയും ചെയ്തു.

2).കാട്ടാക്കട മാർത്തോമ്മാ വയോജന മന്ദിരം: കാട്ടാക്കട മാർത്തോമ്മാ വയോജന മന്ദിരത്തിൽ പ്രായം ചെന്ന 22 സഹോ ദരിമാർ താമസിക്കുന്നു. അവർക്കാവശ്യമായ കൗൺസിലിംഗും മറ്റു പരിചരണങ്ങളും നൽകി അദ്ധ്യാത്മിക വളർച്ചയ്ക്കും ശാരീരിക ക്ഷേമത്തിനും മാനസിക ഉല്ലാസത്തിനും വേണ്ട പരിപാടികൾ ക്രമീകരിച്ചു. മാസത്തിൽ ഒരിക്കൽ ഡോക്ടറും നഴ്സ്മാരും വന്ന് മന്ദിരാംഗങ്ങളെ പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങളും മരുന്നുകളും നൽകുന്നു. തെക്കൻ തിരുവിതാം കൂർ മേഖല കൺവൻഷൻ ലോഗോസ് 2019 ഒക് ടോബർ 24 മുതൽ 27 വരെ കാട്ടാക്കട മാർ ക്രിസോസ്റ്റം ഹാളിൽ വച്ച് നടന്നു. മാർ ക്രിസോസ്റ്റം ഹാൾ തെക്കൻ തിരുവിതാം കൂറിലെ ഇടവകകളുടെ വിവിധ പരിപാടികൾക്കും ക്യാമ്പുകൾ ക്കും വേദിയായി. മന്ദിരത്തിൽ വച്ച് ഒരു കാർഷിക സെമിനാറും, കാർഷിക ഉൽപ്പന്ന പ്രദർശനവും ക്രമീകരിച്ചു. റിപ്പോർട്ട് വർഷം മന്ദിരത്തോട് ചേർന്നുള്ള 7സെന്റ് പുരയിടം വാങ്ങുന്ന തിനു ദൈവം കൃപനൽകി.

3). ഹോസ്പിറ്റൽ ഗൈഡൻസ് & കൗൺസലിംഗ് സെന്റർ - തിരുവനന്തപുരം: തിരുവനന്തപുരം മാർത്തോമ്മാ ഹോസ്പിറ്റൽ ഗൈഡൻസ് & കൗൺസിലിംഗ് സെന്റർ തിരുവനന്തപുരം നഗരത്തിൽ വിവിധ ആശുപത്രികളിൽ ചികിത്സാർത്ഥം എത്തുന്ന നിർധന രോഗികൾക്ക് ആശാകേന്ദ്രമായി. സെന്റ റിന്റെ 37-ാമത് വാർഷികം 2019 ജൂലൈ 26-ന് സെന്ററിൽ വച്ച് നടത്തി. പ്രസ്തുത സ്ഥാപനത്തിൽ 2861 പുരുഷന്മാരും, 3011 സ്ത്രീകളും ഉൾപ്പടെ 5872 പേർ സെന്ററിന്റെ സേവനം പ്രയോജനപ്പെടുത്തി.

കൗൺസിലിംഗ് സെന്ററിലൂടെ പ്രീമാരിറ്റൽ, പോസ്റ്റ് മാരിറ്റൽ കൗൺസലിംഗും, ത്രൈമാസ കോഴ്സുകളും, ഡി.സി.പി.സി. കോഴ്സിന്റെ 12-ാമത്തെ ബാച്ച് കൗൺസിലിംഗ് കോഴ്സും പൂർത്തിയാക്കി. സെന്ററിലെ നാലു നിലകളിൽ എത്തിച്ചേരുവാൻ ലിഫ്റ്റ് സ്ഥാപിക്കുകയും കെട്ടിടങ്ങൾ പെയിന്റിംഗ് ചെയ്ത് വൃത്തിയാക്കുകയും ചെയ്തു.

4). ബഹറിൻ സെന്റർ, ചാത്തന്നൂർ: മാർത്തോമ്മാ സഭയുടെയും ബഹറിൻ മാർത്തോമ്മാ സേവികാസംഘത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ 1984-ൽ ചാത്തന്നൂരി നടുത്ത് കല്ലു വാതുക്കലിൽ സ്ഥാപിപിക്കപ്പെട്ടതാണ് ബഹറിൻ സെന്റർ. വിവിധ കാരണങ്ങളാൽ സ്വഭവനത്തിൽ കഴിയാൻ സാധി ക്കാത്ത 60 വയസ്സ് കഴിഞ്ഞ മുതിർന്ന പൗരന്മാർക്ക് ജാതിമത വ്യത്യാസങ്ങളില്ലാതെ ഭവനാന്തരീക്ഷത്തിൽ തനിച്ചോ ഭാര്യാഭർത്താക്കന്മാർ ഒരുമിച്ചോ സുരക്ഷിതമായി കഴിയുവാൻ ബഹറിൻ സെന്റർ അവസരം ഒരുക്കുന്നു. ഇപ്പോൾ 28 അന്തേവാസികൾ താമസിക്കുന്നു. അന്തേവാസികൾ വിവിധ കൃഷികളിലും, ജീവജാല പരിപാലനത്തിലും പങ്കാളികളാകുന്നു.

5). വിദ്യാഭ്യാസ പ്രവർത്തനങ്ങൾ:

I) ഭദ്രാസനത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ

1) മാർത്തോമ്മാ പ്രൈവറ്റ് ഐ.റ്റി.ഐ.: അഞ്ചൽ മാർത്തോമ്മാ പ്രൈവറ്റ് ഐ.റ്റി.ഐ. യിൽ റിപ്പോർട്ട് വർഷം അഡ്മിഷൻ ലഭിച്ച് വിവിധ ട്രെയിഡുകളിലായി 248 വിദ്യാർത്ഥികൾ പഠനം നടത്തി. 82.4% കുട്ടികൾ വിജയിച്ചു. പ്രിൻസിപ്പാളും, അദ്ധ്യാപകരും അനദ്ധ്യാപകരുമായി 18 പേർ സേവനം ചെയ്യുന്നു.

2) വർക്കല മാർത്തോമ്മാ സെൻട്രൽ സ്കൂൾ: വർക്കല മാർത്തോമ്മാ സെൻട്രൽ സ്കൂളിൽ 10-ാം ക്ലാസ്സുവരെയുള്ള ക്ലാസ്സുകളിൽ 270 വിദ്യാർത്ഥികളും, വർക്കല മാർത്തോമ്മാ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ 4 ക്ലാസ്സുകളിലായി 93 കുട്ടികളും പഠനം നിർവഹിച്ചു. പുതിയ കിഡ്സ് സ്കൂൾ, പാർക്ക് എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചു. അഭിവന്ദ്യ ജോസഫ് മാർ ബർന്നബാസ് തിരുമേനിയുടെ മേല്പ്പട്ടത്വ രജത ജൂബിലിയുടെ ഭാഗമായി ഒരു ഓപ്പൺ ആഡിറ്റോറിയം നിർമ്മിച്ചു.

3) വർക്കല മാർത്തോമ്മാ ഇംഗ്ലീഷ് മീഡിയം സ്കൂൾ: 42 വർഷം മുമ്പാരംഭിച്ച വർക്കല മിഷൻ സ്കൂളിൽ എൽ. കെ. ജി മുതൽ 4-ാം ക്ലാസ്സുവരെ 94 കുട്ടികൾ പഠനം നടത്തി വരുന്നു. 8 അദ്ധ്യാപകരും 2 അനദ്ധ്യാപകരും സേവനമനുഷ്ഠിക്കുന്നു.

4) കിളിമാനൂർ മിഷൻ സ്കൂൾ: റിപ്പോർട്ടു വർഷം കിളിമാനൂർ മിഷനിലുള്ള നഴ്സറി സ്കൂളിൽ എൽ. കെ. ജി., യു.കെ. ജി. ക്ലാസ്സുകളിൽ 17 വിദ്യാർത്ഥികൾ പഠനം നടത്തി ര് അദ്ധ്യാപകർ സേവനമനുഷ്ഠിച്ചു.

II) രജിസ്റ്റേർഡ് സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ

i) Educational Technical Training & Research Centre (ETTARC) - ആയൂർ

1) മാർത്തോമ്മാ കോളേജ് ഓഫ് സയൻസ് ആന്റ് ടെക്നോളജിയിൽ പ്രസ്തുത കോളേജിൽ ബിരുദ- ബിരുദാനന്തര കോഴ്സുകളിലായി 826 വിദ്യാർത്ഥികൾ പഠനം നടത്തി. 67 അദ്ധ്യാപകരും, 20 അനദ്ധ്യാപകരും പ്രവർത്തിച്ചു.

2)മാർത്തോമ്മാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി: ഈ സ്ഥാപനത്തിൽ എം.ബി.എ., എം.സി.എ. കോഴ്സുകളിലായി 157 വിദ്യാർത്ഥികളും, ഫാക്കൽറ്റി അംഗങ്ങളായി 18 പേരും, അനദ്ധ്യാപകരായി 8 പേരും ഉ്. സൊസൈറ്റിയുടെ കീഴിലുള്ള സ്കൂളിൽ C.B.S.E സിലബസ്സിൽ എൽ.കെ.ജി. മുതൽ ഏഴാം ക്ലാസ്സുവരെ 414 വിദ്യാർത്ഥികൾ പഠനം നടത്തി. 25 അദ്ധ്യാപകരും 15 അനദ്ധ്യാപകരും സേവനം അനുഷ്ഠിച്ചു.

ii) മാർത്തോമ്മാ ചർച്ച് എഡ്യൂക്കേഷണൽ സൊസൈറ്റി - മുക്കോലയ്ക്കൽ: 1966-ൽ സ്ഥാപിതമായതാണ് തിരുവനന്തപുരം മാർത്തോമ്മാ ചർച്ച് എഡ്യൂക്കേഷണൽ സൊസൈറ്റി. സൊസൈറ്റിയുടെ കീഴിൽ സെന്റ് തോമസ് റസിഡൻഷ്യൽ സ്കൂളിൽ 2503 വിദ്യാർത്ഥികളും, സെന്റ് തോമസ് സെൻട്രൽ സ്കൂളിൽ 3164 വിദ്യാർത്ഥികളും, സെന്റ് തോമസ് ഹയർ സെക്കന്ററി സ്കൂളിൽ 810 വിദ്യാർത്ഥികളും അഭ്യസനം നടത്തി. 250 അദ്ധ്യാപകർ മൂന്നു സ്ക്കൂളുകളിലുമായി സേവന മനുഷ്ഠിച്ചു. സെന്റ് തോമസ് പ്രീപ്രൈമറി സ്കൂളിൽ 856 കുട്ടികളും, കുമാരപുരം പ്ലേ സ്ക്കൂളിൽ 57 കുട്ടികളും പഠനം നടത്തി. 34 അദ്ധ്യാപകർ സേവനം അനുഷ്ഠിച്ചു. സെന്റ് തോമസ് ടീച്ചേഴ്സ് ട്രെയിനിംഗ് കോളേജിൽ 100 വിദ്യാർത്ഥികൾ അഭ്യസനം നടത്തി. 7 അദ്ധ്യാപകർ പ്രസ്തുത സ്ഥാപനത്തിൽ സേവന മനുഷ്ഠിച്ചു. സൊസൈറ്റിയുടെ തന്നെ സ്ഥാപനമായ സെന്റ് തോമസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജിയിൽ 5 ബ്രാഞ്ചുകളിലായി അദ്ധ്യയന വർഷം 450

വിദ്യാർത്ഥികൾ ഉായിരുന്നു. 44 അദ്ധ്യാപകർ സേവന മനുഷ്ഠിച്ചു. ചന്തവിളയിൽ സെന്റ് തോമസ് പബ്ലിക്ക് സ്കൂളിൽ എൽ. കെ. ജി. മുതൽ 8–ാം ക്ലാസ്സ് വരെയുള്ള സ്കൂളിൽ 923 കുട്ടികൾ അഭ്യസനം നടത്തി. 40 അദ്ധ്യാപകർ സേവനമനുഷ്ഠിച്ചു.

iii) സെന്റ് തോമസ് മാർത്തോമ്മാ ചർച്ച് എഡ്യൂക്കേഷണൽ സൊസൈറ്റി - കുലശേഖരം: സെന്റ്തോമസ് മെട്രിക്കുലേഷൻ ഹയർ സെക്കന്ററി സ്കൂളിൽ 12–ാം ക്ലാസ്സുവരെ അംഗീകാരം ലഭിച്ച ഒരു ഹയർ സെക്കന്ററി സ്ക്കൂൾ പ്രവർത്തിക്കുന്നു. 410 വിദ്യാർത്ഥികളും, 33 അദ്ധ്യാപകരും, 7 അനദ്ധ്യാപകരും ഉണ്ട്. **6). സ്റ്റുഡന്റ് സെന്റർ & യൂത്ത് മിനിസ്ട്രി:** കൊല്ലം പട്ടത്താനത്തും, നാഗർകോവിലിലും ഉള്ള സ്റ്റുഡന്റ്സ് സെന്ററുകളിലൂടെ വിദ്യാർത്ഥികളുടെ ഇടയിലുള്ള ആദ്ധ്യാ ത്മിക പ്രവർത്തനങ്ങൾ നടത്തപ്പെട്ടു. കൊല്ലം സ്റ്റുഡന്റ്സ് സെന്ററിൽ എഡ്യൂകെയർ എന്ന നൂതന വിദ്യാഭ്യാസ പദ്ധതി നടപ്പാക്കുന്നു. നാഗർകോവിലിലുള്ള സ്റ്റുഡന്റ്സ് സെന്റർ കേന്ദ്രമാക്കിയും, ആയൂർ കോളേജ് കേന്ദ്രമാക്കിയും, കൊല്ലം സ്റ്റുഡന്റ്സ് സെന്റർ കേന്ദ്രമാക്കിയും സ്റ്റുഡന്റ്സ് ച്യാപ്ലെയിൻസ് വിദ്യാർത്ഥികൾക്കിടയിലുള്ള മൂല്യബോധന ത്തിനു നേതൃത്വം നൽകി. കൂടാതെ തിരുവനന്തപുരത്തുള്ള വിവിധ കോളേജുകളിലെ വിദ്യാർത്ഥികളെയും യുവജന ങ്ങളെയും സംഘടിപ്പിച്ച് തിരുവനന്തപുരം കേന്ദ്രമാക്കി സ്റ്റുഡന്റ്സ് ച്യാപ്ലെയിൻ പ്രവർത്തിക്കുന്നു. ഹോസ്പിറ്റൽ ഗൈഡൻസ് സെന്ററർ, മാർ ഇവാനിയോസ് കോളേജ്, സെന്റ് തോമസ് എൻജിനീയറിംഗ് കോളേജ്. കിംസ് നഴ്സിംഗ് സ്കൂൾ, ഇൻഫോസിസ്, യു.സി.റ്റി ഗ്ലോബൽ, ടെക്നോപാർക്ക് എന്നിവിടങ്ങളിലെ മാർത്തോമ്മാ വിദ്യാർത്ഥികൾക്ക് ഫെല്ലോഷിപ്പ് നൽകുന്നു. അട്ടപ്പാടി മാർത്തോമ്മാ ക്യാമ്പ് സെന്ററിൽ വച്ച് ക്യാമ്പ് ക്രമീകരിച്ചു. പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. ഗ്ലോറിയ എന്ന പേരിൽ ക്രിസ്മസ് സെലി ബ്രേഷൻ ക്രമീകരിച്ചു. സ്നേഹപൊതി പദ്ധതിയിലൂടെ തെരുവിൽ അന്തിയുറങ്ങുന്നവർക്ക് ഭക്ഷണപൊതി നൽകി. അപകട ത്തിൽ തളർന്നു കിടക്കുന്ന പോത്തൻകോട് സ്വദേശിയുടെ ഭവനം വാസയോഗ്യമാക്കി നൽകി. 1500/- രൂപ പ്രതിമാസ സഹായമായും നൽകുന്നു.

7) പടവുകൾ: തെക്കൻ തിരുവിതാംകൂറിലെ കുട്ടികൾക്കായി ഇന്ത്യൻ സിവിൽ സർവ്വീസ് പോലെയുള്ള ഉന്നത മേഖലകളി ലേക്ക് പ്രവേശിക്കത്തക്കവിധം ദൈവത്തോടും, സമൂഹത്തോ ടുമുള്ള ബന്ധത്തിൽ പഠനകാലത്തെ ക്രമീകരിക്കുന്ന പദ്ധതിയാണിത്. തെരഞ്ഞടുക്കപ്പെട്ട കുട്ടികൾക്കുള്ള കോച്ചിംഗ് ക്ലാസ്സുകൾ നടന്നുവരുന്നു. പഠനത്തിൽ മികവു പുലർത്തുന്നു കുട്ടികളെ വിവിധ കേന്ദ്രങ്ങളിൽ അയച്ച് എൻട്രൻസ് കോച്ചിംഗ് ഉൾപ്പടെ യുള്ള ട്രെയിനിംഗ് നൽകുന്നു.

8). മാർത്തോമ്മാ ധ്യാനതീരം- പെരുങ്ങാലം: കായൽ പരപ്പിന്റെ ദൃശ്യഭംഗി കവിഞ്ഞൊഴുകുന്ന അഷ്ടമുടി- പെരുങ്ങാലം ദ്വീപിലെ മനോഹരമായ ക്യാമ്പ് സെന്റർ ക്യാമ്പുകൾക്കും ഏകദിന സമ്മേളനങ്ങൾക്കും ഏറ്റവും അനുയോജ്യമായ ഇടമാണ്. 150 പേർക്ക് താമസ സൗകര്യമുണ്ട്. ദുബായ് മാർത്തോമ്മാ ഇടവക മിഷന്റെ ആഭിമുഖ്യത്തിൽ ദ്വീപ് നിവാസികളുടെ സമഗ്ര വികസന ത്തിനായി സമഗ്ര എന്ന പ്രോജക്ട് പ്രവർത്തിക്കുന്നു. പ്രസ്തുത പ്രോജക്ടിലൂടെ കുട്ടികൾക്കുള്ള സ്കോളർ ഷിപ്പുകൾ, വിദ്യാഭ്യാസസഹായം, വിവാഹസഹായം വൃദ്ധജനസഹായം തുടങ്ങിയ സാമ്പത്തിക സഹായങ്ങൾ നൽകുന്നു. തന്നാണ്ടിൽ 32 ക്യാമ്പുകളും, 72 ഏകദിന സമ്മേ ളനങ്ങളും, 23 കുടുംബ കൂട്ടായ്മയും നടക്കുകയുണ്ടായി.

9). South Travancore Agency for Rural Development (STARD): നെയ്യാർഡാം കാരുണ്യ സി.ഡി.സി യിൽ 179 കുട്ടികൾ ക്കും, മലൈക്കോട് സ്നേഹജ്യോതി സി.ഡി.സി യിൽ 165 കുട്ടികൾക്കും വിദ്യാഭ്യാസവും മറ്റ് സഹായങ്ങളും നൽകി. ചൈൽഡ് ഡവലപ്മെന്റ് സെന്റർ (സി.ഡി.സി) പ്രവർത്തിക്കുന്നു. വഴുതൂരിലുള്ള വിമൻസ് ഹോസ്റ്റലിന്റെ, സേവനം ഉദ്യോഗസ്ഥ വനിതകൾ ഉൾപ്പടെ 114 പേർ പ്രയോജനപ്പെടു ത്തി. തെക്കൻ തിരുവിതാംകൂർ മേഖലയിൽ 3 ബേബി ക്രഷുകൾ കേരള സംസ്ഥാന സോഷ്യൽ വെൽഫയർ ബോർഡിന്റെ ധനസഹായത്താൽ പ്രവർത്തി ക്കുന്നു. 57 കുട്ടികളെ ഈ പദ്ധതിയുടെ ഭാഗമായി സംരക്ഷി ക്കപ്പെടുന്നു. സ്റ്റാർഡിന്റെ ചുമതലയിൽ എരുത്താവൂരിൽ പ്രവർത്തിക്കുന്ന സെന്റ് പോൾസ് മാർത്തോമ്മാ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ എൽ. കെ.ജി. മുതൽ 5–ാം ക്ലാസ്സ് വരെ 47 കുട്ടികൾ പഠിക്കുന്നു. ആടുവള്ളി മിഷൻ കേന്ദ്രമാക്കി അഭിവന്ദ്യ ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്തായുടെ പേരിൽ സ്ത്രീശാക്തീ കരണ പദ്ധതിയായി വസ്ത്ര എന്ന പേരിൽ ഒരു ഗാർമെന്റ് യൂണിറ്റ് ആരംഭിച്ചു. തിരുവനന്തപുരം സെന്ററിലെ ഇടവകകൾ ബേബിക്രഷുകളുടെ പ്രവർത്തന ങ്ങളിൽ സാമ്പത്തികമായി സഹായിക്കുന്നു.

ശിശുവികസന കേന്ദ്രങ്ങളുടെ പ്രവർത്തനത്തിന് അഭിവന്ദ്യ ജോസഫ് മാർ ബർന്നബാസ് തിരുമേനിയുടെ പ്രത്യേക താല്പര്യപ്രകാരം നോർത്ത് അമേരിക്ക & യൂറോപ്പ് ഭദ്രാസ നത്തിന്റെ കീഴിലുള്ള മാർത്തോമ്മാ മിഷൻ ബോർഡിന്റെ 'Light to Life' പ്രോജക്ടിലൂടെ 344 കുട്ടികൾക്ക് 42.78 ലക്ഷം രൂപാ സഹായമായി നൽകുകയുായി.

10). അഞ്ചൽ റബ്ബർ എസ്റ്റേറ്റ്: അഞ്ചൽ ഐ.റ്റി.സി. യോടു ചേർന്നുള്ള 12.5 ഏക്കർ റബ്ബർ തോട്ടത്തിൽ പുതിയ റബ്ബർ പ്ലാന്റ് ചെയ്ത് ഭംഗിയായി സംരക്ഷിച്ചുവരുന്നു.

11.) തോമസ് മാർ അത്തനാസ്യോസ് ഹാൾ - മൈലച്ചൽ: കാട്ടാക്കട മൈലച്ചലിൽ ഉണ്ടായിരുന്ന തോമസ് മാർ അത്തനാസ്യോസ് ഐ.റ്റി.സി. കെട്ടിടം തെക്കൻ തിരുവിതാം കൂറിലെ സഭാ മക്കൾക്ക് ഉപയുക്തമാകും വിധത്തിൽ ഒരു കമ്മ്യൂണിറ്റി സെന്ററായി പ്രവർത്തിക്കുന്നു.

10.) എക്ലീസിയ: ഭദ്രാസനത്തിന്റെ മുഖപത്രമായ എക്ലീസിയ റിപ്പോർട്ട് വർഷം ത്രൈമാസിക ആയി പ്രസിദ്ധീകരിക്കുന്നു. ഭദ്രാസനത്തിലെ എല്ലാ വീടുകളിലും എക്ലീസിയ ഇടവക ചുമതലയിൽ എത്തിക്കുന്നു.

11). ഭദ്രാസന ലീഗൽ അഫയേഴ്സ് കമ്മറ്റി: പ്രസ്തുത കമ്മറ്റി 3 പ്രാവശ്യം കൂടി 14 വിവാഹമോചന കേസുകൾ പരിഗണി ക്കുകയും പുനർവിവാഹത്തിന് അർഹരായവർക്ക് അനുമതി നൽകുകയും ചെയ്തു.

12. സോഷ്യൽ ഓഡിറ്റിംഗ് കമ്മറ്റി: ഭദ്രാസനത്തിലുള്ള സ്ഥാപനകളുടെയും, മിഷൻ ഫീൽഡുകളുടെയും പ്രവർത്ത നോദ്യേശ്യങ്ങളെക്കുറിച്ചും, ഇപ്പോഴുള്ള പ്രവർത്തനങ്ങളെ ക്കുറിച്ചും താരതമ്യം ചെയ്ത് വിലയിരുത്തുന്നതിന് പ്രസ്തുത കമ്മിറ്റിയുടെ നേതൃത്വത്തിൽ സോഷ്യൽ ആഡിറ്റിംഗ് നടത്തി പുതിയ മാർഗ്ഗരേഖകൾ അനുസരിച്ച് പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകാനുള്ള നിർദ്ദേശങ്ങൾ നൽകി.

13.) മീറ്റിംഗുകൾ

i) ജോസഫ് മാർ ബർന്നബാസ് തിരുമേനിയുടെ സപ്തതി സ്തോത്ര ശുശ്രൂഷ: ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ജോസഫ് മാർ ബർന്നബാസ് തിരുമേനിയുടെ സപ്തതി സ്തോത്ര ശുശ്രൂഷയും പൊതു സമ്മേളനവും 2019 സെപ്തംബർ 8– ഞായറാഴ്ച തിരുവനന്തപുരം യൂണിവേഴ്സിറ്റി സെനറ്റ് ഹാളിൽ വച്ച് സമുചിതമായി ആഘോഷിച്ചു. അഭിവന്ദ്യ ഡോ. ഏബ്രഹാം മാർ പൗലൊസ് തിരുമേനിയുടെ പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്ത അദ്ധ്യക്ഷത വഹിച്ച സമ്മേളനം ശ്രീ. കടകം പള്ളി സുരേന്ദ്രൻ (ബഹു. ദേവസം ബോർഡ് & സഹകരണ വകുപ്പ്മന്ത്രി) ഉദ്ഘാടനം ചെയ്തു. ശ്രീ. സാബു അലക്സ് സപ്തതി പ്രോജക്ട് അവതരിപ്പിച്ചു. കർദ്ദിനാൾ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കത്തോലിക്കാ ബാവ, ശ്രീ. ഗുരുരത്നം ജ്ഞാന തപസ്വി, ശ്രീ. വി.പി. സുഹൈബ് മൗലവി, മോസ്റ്റ് റവ. ഡോ. സാമുവേൽ മാർ ഐറേനിയസ് മെത്രാപ്പോലീത്താ, റൈറ്റ്. റവ. തോമസ് മാർ തീത്തോസ് എപ്പിസ്ക്കോപ്പാ തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു. അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്ത സപ്തതി സ്മരണിക

പ്രകാശനം ചെയ്തു.

ii) ഭദ്രാസന വൈദീക കൂട്ടായ്മ: ഭദ്രാസന വൈദീക വാർഷിക കോൺഫ്രൻസ് 2019 സെപ്റ്റംബർ 24–26 തീയതികളിൽ കന്യാകുമാരി വൈ.എം.സി.എ. ക്യാമ്പ് സെന്ററിൽ വച്ച് അഭിവന്ദ്യ ജോസഫ് മാർ ബർന്നബാസ് എപ്പിസ്ക്കോപ്പായുടെ അദ്ധ്യക്ഷതയിൽ നടന്നു.

iii) ഇടവക ചുമതലക്കാരുടെ സമ്മേളനം: 2019 ആഗസ്റ്റ് 12 -ന് രാവിലെ 10 മണിക്ക് കൊല്ലം സെന്ററിലെ ഇടവക ചുമതലക്കാരുടെ സമ്മേളനം അഭിവന്ദ്യ ജോസഫ് മാർ ബർന്നബാസ് തിരുമേനിയുടെ മഹനീയ അദ്ധ്യക്ഷതയിൽ പട്ടത്താനം സെന്റ് ജോൺസ് മാർത്തോമ്മാ പള്ളയിൽ വച്ചും, അഞ്ചൽ പെരുങ്ങള്ളൂർ സെന്ററിലെ സമ്മേളനം ഉച്ചയ്ക്ക് 2 മണിക്ക് അഞ്ചൽ ജറുശലേം മാർത്തോമ്മാ പള്ളിയിൽ വച്ചും ക്രമീകരിച്ചു. സി. എ.ശ്രീ. അജിത്ത് സാം ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. തിരുവനന്തപുരം സെന്ററിലേത് വൈകിട്ട് 4 മണിക്ക് മുക്കോലക്കൽ ബഥേൽ മാർത്തോമ്മാ പള്ളിയിൽ വച്ച് നടന്നു. സി.എ.ശ്രീ. തോമസ് ജേക്കബ്ബ് ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. തെക്കൻ തിരുവിതാംകൂറിലെ സമ്മേളനം ആഗസ്റ്റ് 16 -ന് വൈകിട്ട് 5 മണിയ്ക്ക് കാട്ടാക്കട മാർ ക്രിസോസ്റ്റം ഹാളിൽവച്ച് നടന്നു. സി.എ. ശ്രീമതി. സൂസൻ വർഗ്ഗീസ് ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

3.8 ചെങ്ങന്നൂർ–മാവേലിക്കര ഭദ്രാസനം

ചെങ്ങന്നൂർ, ഉമയാറ്റുകര, ഇടയാറന്മുള, ഇലന്തൂർ, തുമ്പമൺ, വെണ്മണി, മാവേലിക്കര, കാർത്തികപള്ളി എന്നീ 8 സെന്ററുകളിലെ 88 ഇടവകകളും ഗൾഫ് മേഖലയിൽ ഒമാനിലെ ഗാല, സലാല, യു. എ. ഇ.-ലെ ഫ്യുജൈറ, റാസൽ ഖൈമ എന്നീ ഇടവകകളും ചേർന്നിട്ടുള്ളതാണ് ചെങ്ങന്നൂർ–മാവേലിക്കര ഭദ്രാസനം.

പെരിങ്ങാല, തൃക്കുന്നപ്പുഴ, പാണ്ഡവൻപാറ, തോട്ടപ്പള്ളി, എരിക്കാവ്, പൂപ്പറത്തി എന്നീ മിഷൻ ഫീൽഡുകളിലും ആന്ധ്രാപ്രദേശിലെ കടപ്പാ ജില്ലയിൽ നരസാപുരം, അലഗഡ എന്നീ മിഷൻ ഫീൽഡുകളിലെ 25 ഗ്രാമങ്ങളിലും ചൈതന്യവത്തായ സുവിശേഷ പ്രവർത്തനങ്ങളും, സാമൂഹ്യ ക്ഷേമപ്രവർത്തനങ്ങളും നിർവ്വഹിച്ചുവരുന്നു.

1. ഭദ്രാസന അസംബ്ലി, ഭദ്രാസന കൗൺസിൽ: ചെങ്ങന്നൂർ –മാവേലിക്കര ഭദ്രാസനത്തിന്റെ 26–ാമത് വാർഷികയോഗം 2019 ആഗസ്റ്റ് 10–ന് പുത്തൻകാവ് മാർത്തോമ്മാ മതിലകം ആരോഹണം പള്ളിയിൽ ഭദ്രാസന അധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ തിമൊഥയോസ് എപ്പിസ്ക്കോപ്പായുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. വെരി. റവ. ഡോ. ജയൻ തോമസ് വികാരി ജനറാളായും, റവ. തോമസ് ജോർജ്ജ് (മാരാമൺ) സെക്രട്ടറിയായും, ശ്രീ. ജിജി മാത്യു സ്കറിയ ട്രഷറാറായും പ്രവർത്തിച്ചു. ഔദ്യോഗിക ചുമതലക്കാർക്ക് പുറമെ 24 അംഗങ്ങൾ അടങ്ങുന്ന ഭദ്രാസന കൗൺസിൽ 4 പ്രാവശ്യം കൂടി തീരുമാനങ്ങൾ എടുത്ത് പ്രവർത്തനങ്ങൾക്ക് മാർഗ്ഗ നിർദ്ദേശം നൽകുകയും, നടപ്പിൽ വരുത്തുകയും ചെയ്തു.

2. വൈദീകർ, സുവിശേഷകർ: ഭദ്രാസനത്തിലെ 92 ഇടവകകളിലും, കേരളത്തിനുള്ളിൽ 5 ഉം ആന്ധ്രാപ്രദേശത്ത് നരാസാപുരം, അലഗഡ എന്നീ മിഷൻ ഫീൽഡുകളിലുമായി 82 വൈദീകരും 12 സുവിശേഷകരും പ്രശംസനീയമായ രീതിയിൽ പ്രവർത്തിച്ചു. സജീവ സേവനത്തിൽ നിന്ന് വിരമിച്ച 29 വൈദികർ ഭദ്രാസനത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും ആത്മാർത്ഥ തയോടെ പങ്കെടുത്തു.

3. വൈദീകസമ്മേളനം: ഭദ്രാസനത്തിലെ വൈദീകരുടെ സമ്മേളനം 2019 നവംബർ 04 മുതൽ 06 വരെ കുമരകം Green Berge Holiday Resort, Kulamavu, Idukki ൽ നടത്തപ്പെട്ടു. വൈദീകർക്ക് ഒരുമിച്ച് കൂടി പരസ്പരം അനുഭവങ്ങൾ പങ്കുവയ്ക്കുന്നതിനും പഠിക്കുന്നതിനും അവസരം ലഭിച്ചു.

4. വൈദീകരുടെ മേഖലാസമ്മേളനം: ഭദ്രാസനത്തെ നാലു മേഖലകളായി തിരിച്ച് വൈദീകർ മൂന്നുമാസത്തിൽ ഒരിക്കൽ വിവിധ ഇടവകകളിൽകൂടിവരികയും പഠനത്തിനും, ധ്യാനത്തിനും, പ്രാർത്ഥനയ്ക്കും സമയം കണ്ടെത്തുന്നു. വിശുദ്ധ കുർബ്ബാനയോടു കൂടി സമ്മേളനം ആരംഭിക്കുന്നു. കൂടാതെ ഓരോ സെന്ററിലെ പട്ടക്കാരും കുടുംബാംഗങ്ങളും പതിവായി കൂട്ടായ്മ ആചരിക്കുന്നു.

5. സുവിശേഷകരുടെ സമ്മേളനം: എല്ലാ മാസത്തിന്റെയും ആദ്യ വെള്ളിയാഴ്ച രാവിലെ 10 മണിക്ക് സുവിശേഷകർ ഒലിവറ്റ് ഹാളിൽ കൂടിവരുന്നു. പാട്ട്, മദ്ധ്യസ്ഥപ്രാർത്ഥന, പ്രസംഗം, പ്രവർത്തനങ്ങളെ സംബന്ധിച്ച വിലയിരുത്തൽ എന്നിവ ക്രമമായി നടക്കുന്നു. പ്രവർത്തനങ്ങളെപ്പറ്റി രൂപരേഖയും തയ്യാറാക്കുന്നു.

6. ലോഗോസ്: അഭിവന്ദ്യ തോമസ് മാർ തിമൊഥയോസ് തിരുമേനിയുടെ നിർദ്ദേശാനുസരണമാണ് ഭദ്രാസനത്തിലെ പട്ടക്കാർക്ക് ഏവൻഗേലിയോൻ ഭാഗം പഠിക്കുന്നതിനും ധ്യാനിക്കുന്നതിനുമായി ലോഗോസ് എന്ന പരിപാടി ആരംഭിച്ചത്. ഭദ്രാസനത്തിലെ ചെങ്ങന്നൂർ, വെണ്മണി, ഇടയാറന്മുള, ഉമയാറ്റുകര എന്നീ സെന്ററിലെ പട്ടക്കാർക്ക് മാസത്തിൽ ആദ്യത്തെ ചൊവ്വാഴ്ച ആറാട്ടുപുഴ ഡോ. സഖറിയാസ് മാർ തെയോഫിലോസ് സഫഗ്രൻ മെത്രാപ്പോലീത്താ മെമ്മോറിയൽ തരംഗം മിഷൻ ആക്ഷൻ സെന്ററിലും, തുമ്പമൺ, ഇലന്തൂർ എന്നീ സെന്ററിലെ പട്ടക്കാർക്ക് മാസത്തിൽ ആദ്യത്തെ ചൊവ്വാഴ്ച തുമ്പമൺ ശ്രേയസിലും മാവേലിക്കര, കാർത്തികപ്പള്ളി സെന്ററിലെ പട്ടക്കാർക്ക് മാസത്തിൽ ആദ്യത്തെ ബുധനാഴ്ച ഹരിപ്പാട് കാവലിൽ നടത്തപ്പെട്ടു. ഓരോ ഞായറാഴ്ചത്തെയും ഏവൻഗേലിയോൻ ഭാഗത്തിൽ നിന്ന് ബഹു. അച്ചൻമാർ പ്രസംഗം തയ്യാറാക്കി അവതരിപ്പിക്കുകയും തുടർന്ന് ചർച്ചകൾക്കു സമയം കണ്ടെത്തുകയും ചെയ്യുന്നു.

7. ഭദ്രാസന കൺവൻഷൻ: അഭിവന്ദ്യ തോമസ് മാർ തിമൊഥയോസ് എപ്പിസ്ക്കോപ്പായുടെ അദ്ധ്യക്ഷതയിൽ ആറാട്ടുപുഴ, ഡോ. സഖറിയാസ് മാർ തെയോഫിലോസ് സഫഗ്രൻ മെത്രാപ്പോലീത്താ മെമ്മോറിയൽ തരംഗം മിഷൻ ആക്ഷൻ സെന്ററിൽ പ്രത്യേകമായി തയ്യാർ ചെയ്ത പന്തലിൽ 2020 ജനുവരി 22 മുതൽ 26 വരെ നടത്തപ്പെട്ടു. മോസ്റ്റ് റവ. ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലിത്ത, റവ. ജോർജ് വർഗീസ് പുന്നയ്ക്കാട്, റവ. ബേബി ജോൺ, റവ. ഡോ. പി.പി. തോമസ്, റവ. വർഗീസ് ഏബ്രഹാം, റവ. എ. റ്റി. തോമസ്, റവ. തോമസ് റിനു വറുഗീസ്, റവ. കെ. തോമസ്, ശ്രീ. പി.എസ്. തോമസ് എന്നിവർ വിവിധ യോഗങ്ങളിൽ പ്രസംഗിച്ചു. 26–ാം തീയതി ഞായറാഴ്ച പന്തലിൽ വച്ചുള്ള വിശുദ്ധ കുർബ്ബാന ശുശ്രൂഷക്ക് റൈറ്റ്. റവ. ജോസഫ് മാർ ബർന്നബാസ് എപ്പിസ്കോപ്പാ നേതൃത്വം നൽകി.

ഭദ്രാസന പ്രോജക്റ്റുകൾ

1. കരുതൽ: കാൻസർ, കിഡ്നി രോഗബാധിതരുടെ എണ്ണം വളരെയധികം വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ഈ രോഗികൾക്ക് സാന്ത്വന പരിചരണ ശുശ്രൂഷ നടത്തുന്ന ഭദ്രാസനത്തിന്റെ പ്രധാന പ്രവർത്തനമാണ് കരുതൽ. ഭദ്രാസനത്തിന്റെ പരിധിയിൽപ്പെടുന്ന ആളുകളാണ് കരുതൽ പ്രസ്ഥാനത്തിന്റെ ഗുണഭോക്താക്കൾ. ഭദ്രാസന പരിധിയിൽ വരുന്ന 1800 ഭവനങ്ങൾ ഇതിന്റെ ഗുണഫലം അനുഭവിച്ചിട്ടുണ്ട്. ചികിത്സയ്ക്കു ആവശ്യമായ സഹായവും നൽകിവരുന്നു. 200ഓളം പരിശീലനം നേടിയ സന്നദ്ധ പ്രവർത്തകർ രോഗികളെ സന്ദർശിച്ച് ഈ ശുശ്രൂഷയിൽ സഹായിക്കുന്നു.

2. ശ്രേയസ്സ്, തുമ്പമൺ: മാരകരോഗംമൂലം മരണസന്നരായി കഴിയുന്ന രോഗികൾക്ക് പ്രത്യാശയായും ഏകാന്തത അനുഭവിക്കുന്ന മാതാപിതാക്കൾക്ക് തണലായും ശ്രേയസ്സ് പ്രവർത്തിക്കുന്നു. ലഹരി വിമോചന കേന്ദ്രം, റിട്ടയർമെന്റ് ഹോം, മെഡിക്കൽ കെയർ, പകൽവീട് എന്നിവ ശ്രേയസ്സിന്റെ ശുശ്രൂഷകളാണ്. രോഗികളെ ഭവനങ്ങളിൽ സന്ദർശിച്ചു വേണ്ട സഹായങ്ങൾ നൽകി വരുന്നു. മാസം തോറും അവർക്ക് ഭക്ഷണകിറ്റുകൾ ഭവനങ്ങളിൽ എത്തിക്കുന്നു. പത്തനംതിട്ട ഗവൺമെന്റ് ഹോസ്പിറ്റലിലെ രോഗികൾക്കു പ്രഭാതഭക്ഷണം നൽകുന്ന സുകൃതം എന്ന പദ്ധതിയും പുതുതായി ആരംഭിച്ചു.

3. നവദർശൻ, കിടങ്ങന്നൂർ: ലഹരി ആസക്തർക്കായി ക്യാമ്പുകൾ, കൗൺസിലിംഗുകൾ, എ.എ. കൂട്ടായ്മകൾ, ലഹരിവി

രുദ്ധ ബോധവൽക്കരണം, ലഹരിക്കെതിരെ തെരുവുനാടകങ്ങൾ സംഘടിപ്പിക്കൽ, ലഹരി ആസക്തരുടെ കുടുംബങ്ങളുമായുള്ള പ്രാർത്ഥനാകൂട്ടായ്മകൾ എന്നിവ നടന്നുവരുന്നു. ആധുനിക സൗകര്യങ്ങളോടു കൂടിയ താമസ സൗകര്യങ്ങളും, ചികിത്സകളും ലഭ്യമാണ്. റിപ്പോർട്ട് വർഷം ചാപ്പലും, ഡയറക്ടേസ് കോട്ടേഴ്സ്മുറികളും നിർമ്മിച്ചു.

4. ആരാമം, കൊഴുവല്ലൂർ: പകൽവീട്, ലൈബ്രറിയുടെ പ്രവർത്തനം, മെഡിക്കൽ ക്യാമ്പുകൾ, കുട്ടികളുടെ ട്യൂഷൻ ക്ലാസ്സ്, കൗൺസിലിംഗ് എന്നിവ നടത്തുന്നു. കൂടാതെ എല്ലാ ചൊവ്വാഴ്ചകളിലും വയോജന കൂട്ടായ്മയും ക്രമീകരിച്ചിട്ടുണ്ട്. രോഗികളെ സന്ദർശിച്ചു ചികിത്സാ സഹായം നൽകുന്നു.

5. കാവൽ, ഹരിപ്പാട്: തീരദേശങ്ങളിൽ അനേകർ കാൻസർ, കിഡ്നി രോഗികളാണ്. ഇവരുടെ ആശാകേന്ദ്രമായി "കാവൽ" പ്രവർത്തിക്കുന്നു. ചികിത്സാസഹായങ്ങളോടൊപ്പം ദേശീയ ഉത്സവങ്ങളിലും, വിശേഷദിവസങ്ങളിലും രോഗികൾക്ക് കൂട്ടായ്മ നൽകുന്നതു കൂടാതെ ഭക്ഷണകിറ്റുകളും വിതരണം ചെയ്യുന്നു മധ്യസ്ഥപ്രാർത്ഥന, മുഴുരാത്രി പ്രാർത്ഥന, ഉണർവ്വ് യോഗങ്ങൾ, കൗൺസിലിംഗ് എന്നിവയും നടന്നുവരുന്നു. കനിവ് എന്ന പേരിൽ ഹോം കെയർ പദ്ധതിയും ആരംഭിച്ചു.

6. വികാസ്, ഓതറ: കുഞ്ഞുങ്ങളിൽ മൂല്യബോധം വളർത്തുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിച്ചുവരുന്ന വികാസ് ഗ്രാമവികസനവും ലക്ഷ്യമിടുന്നു. കുഞ്ഞുങ്ങൾക്ക് സൗജന്യ ട്യൂഷൻ, പഠനോപകരണങ്ങളുടെ വിതരണം എന്നിവ ഈ പ്രസ്ഥാനം ഏറ്റെടുക്കുന്നു. വിവിധ ജീവകാരുണ്യ പ്രവർത്തനങ്ങളും, കറി പൗഡർ യൂണിറ്റും പ്രവർത്തിക്കുന്നു. എഡ്യുകെയർ പദ്ധതിയിലൂടെ സമർത്ഥരും സാമ്പത്തിക ബുദ്ധിമുട്ട് ഉള്ളവരുമായ കുട്ടികൾക്ക് തുടർവിദ്യാഭ്യാസത്തിനുള്ള സഹായം നൽകുകയും അവരുടെ വിദ്യാഭ്യാസകാര്യങ്ങളിൽ ശ്രദ്ധിക്കുകയും ചെയ്യുന്നു.

7. നാദം: ബധിരരും മൂകരുമായ സഹോദരങ്ങളുടെ നന്മയും ആത്മീയ പരിപോഷണവും അവരുടെ ആവശ്യങ്ങളിലുള്ള ഇടപെടലും ലക്ഷ്യമാക്കിയുള്ള പ്രവർത്തനമാണ് "നാദം". ഭദ്രാസന പരിധിയിൽ വരുന്ന വിവിധ ഭവനങ്ങളിലെ 120 ആളുകൾ ഇപ്പോൾ നാദം കുടുംബത്തിൽ ഉൾപ്പെട്ടിരിക്കുന്നു. ഇവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുവാനും ഇവരുടെ കഴിവുകളെ കണ്ടെത്തി പ്രയോജനപ്പെടുത്തുവാനും, സ്വയം പര്യാപ്തരാക്കി തീർക്കുവാനുമുള്ള ബോധപൂർവ്വമായ ശ്രമം നാദം പ്രോജക്ടിലൂടെ നടത്തിവരുന്നു. എല്ലാ മാസവും ഇവർക്കുവേണ്ടിയുള്ള പ്രത്യേക ആരാധന നടത്തപ്പെട്ടു. ഭദ്രാസന യുവജനസഖ്യത്തിന്റെ സഹായവും, നേതൃത്വവും ഈ പ്രോജക്ടിന് ലഭിക്കുന്നു.

8. സുരക്ഷാ പെൻഷൻ പദ്ധതി: മക്കളുടെ സംരക്ഷണവും സാമീപ്യവും ലഭിക്കാതെയും മറ്റാരും സഹായമില്ലാതെയും ആഹാരവും, മരുന്നും ലഭിക്കാൻ സാഹചര്യമില്ലാത്തവരുമായ 60 വയസ്സിനു മുകളിൽ പ്രായമുള്ളവർക്ക് സഹായഹസ്തവും താങ്ങും തണലുമായി നിലകൊള്ളുന്ന പ്രോജക്ടാണ് "സുരക്ഷ". ഇവർക്ക് ഭദ്രാസനവും പ്രാദേശിക ഇടവകകളും സംയുക്തമായി ചേർന്ന് പെൻഷൻ നൽകിവരുന്നു.

9. ഡോ. സഖറിയാസ് മാർ തിയോഫിലോസ് സഫ്രഗൻ മെത്രാപ്പോലീത്താ മെമ്മോറിയൽ തരംഗം മിഷൻ ആക്ഷൻ സെന്റർ, ആറാട്ടുപുഴ: ഭദ്രാസനത്തിന്റെ മിഷൻ പ്രവർത്തനങ്ങളുടെ ഏകോപന കേന്ദ്രമായി ആറാട്ടുപുഴയിൽ തരംഗം മിഷൻ ആക്ഷൻ സെന്റർ പ്രവർത്തിക്കുന്നു. വിശ്വാസ സമൂഹത്തിന്റെ കൂട്ടായ്മയ്ക്കും സഭയിലെ ഇതര സംഘടനകളുടെ സംഗമത്തിനും ഉപയോഗിക്കാവുന്ന 400 പേർക്ക് ഇരിക്കാവുന്നതുമായ "തീർത്ഥം" ഹാൾ ഈ കേന്ദ്രത്തിന്റെ പ്രത്യേകതയാണ്. ധ്യാനത്തിനും പ്രാർത്ഥനയ്ക്കുമായി ഉപയോഗിക്കാൻ തപസ്സ് ചാപ്പലും 150 പേർക്ക് താമസിച്ച് ക്യമ്പ് നടത്താനുള്ള സൗകര്യവും ഇവിടെ ഉണ്ട്. ഭദ്രാസന കൺവൻഷൻ, കരുതൽ, മീവ പ്രവർത്തക കൂട്ടായ്മ, ലോഗോസ്, കൗൺസിലിംഗ് ക്ലാസ്സുകൾ, വിവിധ സംഘടനകളുടെ പ്രോഗ്രാമുകൾ,ക്യാമ്പുകൾ എന്നിവ തരംഗം മിഷൻ ആക്ഷൻ സെന്ററിൽ നടത്തപ്പെട്ടു.

10 ആംഫി തിയേറ്റർ: തരംഗം മിഷൻ ആക്ഷൻ സെന്ററിനു അനുബന്ധമായി പമ്പാനദിയുടെ തീരത്ത് 1000 ആളുകൾക്ക് ഇരുന്ന് പ്രോഗ്രാമുകളിൽ പങ്കെടുക്കത്തക്ക വിധത്തിൽ ക്രമീകരിച്ചിരിക്കുന്ന ആംഫി തിയ്യേറ്ററിൽ ഈസ്റ്റർ, ക്രിസ്തുമസ് ഗാനശുശ്രൂഷകളും, തരംഗം ദിനപരിപാടികളും നടത്തപ്പെട്ടു.

11. മാർ ക്രിസോസ്റ്റം ഡയമണ്ട് ജൂബിലി പെയ്ൻ ആന്റ് പാലിയേറ്റീവ്, കെയർ സെന്റർ, തരംഗം: തരംഗം മിഷൻ ആക്ഷൻ സെന്ററിന്റെ ഭാഗമായ മാർ ക്രിസോസ്റ്റം ഡയമണ്ട് ജൂബിലി പാലിയേറ്റീവ് കെയർ സെന്ററിന്റെ പ്രവർത്തനങ്ങൾ ഭംഗിയായി നടത്തപ്പെടുന്നു ഇതുവരെ മാരകരോഗത്താൽ മരണാസന്നരായി കിടക്കയിൽ ആയിരുന്ന 50 രോഗികൾക്ക് സ്വാന്തന പരിചരണ ശുശ്രൂഷ നൽകുവാൻ സാധിച്ചു. ആശ്വാസ് എന്ന പേരിൽ ഹോം കെയർ പുതുതായി ആരംഭിച്ചു.

12. വിസ (വിവാഹസഹായ പദ്ധതി): സാമ്പത്തിക ക്ലേശം മൂലം വിവാഹത്തിന് ബുദ്ധിമുട്ട് അനുഭവിക്കുന്ന യുവതികൾക്ക് മംഗല്യഭാഗ്യം ഒരുക്കുന്ന പദ്ധതിയാണ് വിസ. അർഹരായ യുവതികളുടെ വിവാഹ ആവശ്യത്തിന് സാമ്പത്തിക സഹായം നൽകി.

13. ഹെൽപ്പ് (ഹയർ എഡ്യൂക്കേഷൻ പ്രോജക്ട്): ഉപരിപഠനത്തിന് സാമ്പത്തീക ബുദ്ധിമുട്ടുള്ള വിദ്യാർത്ഥികൾക്ക് തൊഴിൽ അധിഷ്ഠിത വിദ്യാഭ്യാസത്തിന് സഹായം നൽകുന്ന പ്രോജക്ടാണ് ഹെൽപ്പ്. പ്രോജക്ടിലൂടെ വിദ്യാർത്ഥികൾക്കു ഉപരിപഠനത്തിന് സഹായം നൽകുന്നു.

14 മീവ (Ministry to the Widows, Widowers & The Aged): പ്രായാധിക്യത്തിലും ശാരീരിക ബലഹീനതയിലും, ജീവിത പങ്കാളികൾ നഷ്ടപ്പെട്ടതിലൂടെ വൈധവ്യത്തിലും ഏകാന്തതയിലും കഴിയുന്നവർക്ക് സാന്ത്വനവും കൂട്ടായ്മയും നൽകുന്നതിന് ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ ഇടവകതലങ്ങളിൽ നിർവ്വഹിക്കപ്പെടുന്ന ശുശ്രൂഷയാണ് 'മീവ'. സെന്റർ തലത്തിലും ഭദ്രാസനതലത്തിലും സമ്മേളനങ്ങൾ നടത്തപ്പെട്ടു. ത്യാഗ സമ്പന്നരായ വോളന്റിയേഴ്സ് നേതൃത്വം നൽകുന്നു.

15. തരംഗം കൗൺസിലിംഗ് സെന്റർ, ആറാട്ടുപുഴ: കൗൺസിലിംഗ് ആവശ്യം ഉള്ളവർക്ക് മുൻ നിശ്ചയപ്രകാരം മാർഗ്ഗനിർദ്ദേശം നൽകുന്നു. വിവാഹ ഒരുക്ക കൗൺസിലിംഗ്, സ്കൂൾ, കോളേജ് കേന്ദ്രീകരിച്ചുള്ള കൗൺസിലിംഗ് ക്ലാസ്സുകൾ, പരീക്ഷ ഒരുക്ക കൗൺസിലിംഗ് എന്നിവയും കൗൺസിലിംഗ് സെന്ററിൽ നടത്തപ്പെടുന്നു. ആത്മയർക്ക് കൗൺസിലിംഗിൽ പരിശീലനം ഈ സെന്ററിലൂടെ ലഭ്യമാക്കുന്നു. പരിശീലനം പൂർത്തിയാക്കിയവർക്ക് അഭിവന്ദ്യ ഭദ്രാസന തിരുമേനി സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. കുടുംബ ശാക്തീകരണ ക്ലാസുകളും നടത്തിവരുന്നു. റവ. സൈമൺ ബഹന്നാൻ കൗൺസിലിംഗ് ഡിപ്പാർട്ട്മെന്റിന്റെ ഡയറക്ടർ ആയി പ്രവർത്തിച്ചു. പരിശീലനം നേടിയ 12 പേരും കൗൺസിലിംഗ് ഡിപ്പാർട്ട്മെന്റിൽ പ്രവർത്തിക്കുന്നു.

16. ബോധന: ഹൈസ്കൂൾ തലങ്ങളിൽ പഠിക്കുന്ന കുട്ടികൾ യേശുക്രിസ്തുവുമായുള്ള ബന്ധത്തിൽ വളരുന്നതിനും, ജീവിക്കുന്നതിനും കുട്ടികളുടെ വ്യക്തിത്വവികസനം, സ്വഭാവരൂപീകരണം മുതലായവയ്ക്കും ബോധനയുടെ ക്ലാസ്സുകൾ വളരെയധികം പ്രയോജന പ്രദമാണ്. ഏകദേശം 600 കുട്ടികൾ ബോധനയുടെ ക്ലാസ്സിൽ സംബന്ധിച്ചു.

17 സാധുസദൻ, വെണ്മണി: വാർദ്ധക്യത്തിലും, ഏകാന്തതയിലും കഴിയുന്നവർക്ക് കൂട്ടായ്മ നൽകുന്നു. പകൽവീടിന്റെ പ്രവർത്തനങ്ങൾ സജീവമായി നടന്നുവരുന്നു. MIWWA യുടെയും കരുതലിന്റെയും പ്രവർത്തനങ്ങൾ നടത്തിവരുന്നു. സമൃദ്ധി പ്രോജക്റ്റിലൂടെ അർഹരായവർക്ക് ഉച്ചഭക്ഷണം നൽകുന്നു. ഉണർവ്വ് യോഗങ്ങൾ ക്രമീകരിച്ചു.

18 പ്രസിദ്ധീകരണങ്ങൾ

1. ഒലിവറ്റ് നാദം: ഭദ്രാസനത്തിന്റെ ഔദ്യോഗിക നാവായ ഒലിവറ്റ് നാദം ത്രൈമാസികയായി പ്രസിദ്ധീകരിച്ചുവരുന്നു. ഭദ്രാസനാദ്ധ്യക്ഷന്റെ കത്ത്, ഔദ്യോഗിക ചുമതലക്കാരുടെ കത്ത്, വിവിധ ലേഖനങ്ങൾ, കവിതകൾ, വാർത്തകൾ ബൈബിൾ ക്വിസ്, കുട്ടികൾക്കുള്ള പംക്തി എന്നിവ ഉൾക്കൊള്ളിച്ചിട്ടുണ്ട്. എല്ലാ ഭവനങ്ങളിലും ലഭിക്കത്തക്കവണ്ണം ക്രമീകരണം ചെയ്തിട്ടുണ്ട്.

2. ബോദ്ധ്യം, ഗ്രാഹ്യം: അത്മായ പരിശീലന കളരിയുടെ ഭാഗമായി പൊരുൾ തേടി, പാഠേയം എന്നീ രണ്ട് പുസ്തകങ്ങൾ പ്രകാശനം ചെയ്തു.

3. ഓർമ്മകൾ പൂക്കുന്ന കാലം: ഭദ്രാസന അദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ തിമഥിയോസ് എപ്പിസ്കോപ്പായുടെ സപ്തതി - മേൽപ്പട്ടത്വ സ്ഥാനാഭിഷേക രജതജൂബിലിയോടനുബന്ധിച്ച് ഓർമ്മകൾ പൂക്കുന്ന വഴിയിലൂടെ എന്ന അഭിനന്ദനവാല്യം പ്രസിദ്ധീകരിച്ചു. ആയുസ്സിന്റെ ദശാംശം കർത്താവിന് എന്ന ആപ്തവാക്യമായി സഭയ്ക്ക് പുതുദർശനം പകരുന്ന അഭിവന്ദ്യ തിരുമേനിയുടെ ശുശ്രൂഷസരണിയെ അടുത്തറിയുന്നതിന് ഈ ഗ്രന്ഥം പ്രയോജനപ്രദമാണ്.

19. സമൃദ്ധി: ഈ പ്രോജക്ടിലൂടെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വൃദ്ധരും രോഗികളുമായ മാതാപിതാക്കൾക്ക് എല്ലാ ദിവസവും ഉച്ചഭക്ഷണം നൽകിവരുന്നു. തോട്ടപ്പള്ളി, പൂപ്പറത്തി, വെണ്മണി, പെരിങ്ങാല, തുമ്പമൺ എന്നീ സ്ഥലങ്ങളിൽ ഇപ്പോൾ ഉച്ചഭക്ഷണം കൊടുക്കുന്നു.

20 എഡ്യുകെയർ: ഈ പ്രോജക്ടിലൂടെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് തുടർവിദ്യാഭ്യസത്തിന് സാമ്പത്തികമായി സഹായം നൽകുന്നു. ഓതറ വികാസിനോട് ചേർന്ന് സമർത്ഥരായ 18 വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് ഈ പ്രോജക്ടിലൂടെ സഹായിക്കുന്നു. ട്യൂഷനും ക്രമീകരിച്ചിട്ടുണ്ട്.

21 ബോധ്യം/ഗ്രാഹ്യം (അത്മായ പരിശീലനകളരി)- അത്മായരെ പ്രേഷിതത്വത്തിനു സജ്ജരാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പാഠ്യപദ്ധതിയാണ് ബോധ്യം. ദൈവശാസ്ത്രത്തിലും സഭയുടെ പാരമ്പര്യങ്ങളിലും തിരുവചനസത്യത്തിലും നവദർശനവും ശരിയായ കാഴ്ചപ്പാടും ലഭ്യമാക്കുന്നതിന് ഈ പഠനം സഹായകരമാകുന്നു. ബോധ്യം ക്ലാസുകളിൽ പങ്കെടുത്തവർക്ക് ഇപ്പോൾ ഗ്രാഹ്യം (അഡ്വാൻസഡ്കോഴ്സ്) നടത്തി. പഠനം പൂർത്തിയായവർക്ക് സർട്ടിഫിക്കറ്റുകൾ നൽകി.

22 മാവേലിക്കര പ്രോജക്ട്: ഭദ്രാസന സിൽവർ ജൂബിലിയുടെ ഭാഗമായി മാവേലിക്കരയിൽ ഭദ്രാസനത്തിനു ലഭിച്ച വസ്തുവിൽ ജൂബിലി പ്രോജക്ടിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നു.

ഉപസമിതികൾ

1. മിഷൻ ടൂ സ്കൂൾസ് & കോളജ്: ഭദ്രാസന പരിധിക്കുള്ളിലെ സ്കൂളുകളും കോളജുകളും കേന്ദ്രമാക്കി വിദ്യാർത്ഥികളുടെ ആത്മീയ പരിപോഷണത്തിനും, വ്യക്തിത്വവികസനത്തിനും സഹയാത്ര ശുശ്രൂഷ എന്ന പ്രോജക്ടിനു കീഴിൽ വിവിധങ്ങളായ പ്രവർത്തനങ്ങൾ ക്രമീകരിച്ചുവരുന്നു. ചാപ്ലയിൻ അച്ചന്മാർ സ്കൂളുകൾ സന്ദർശിച്ച് കുട്ടികൾക്ക് കൂട്ടായ്മ നൽകുന്നു. പരീക്ഷയ്ക്കുവേണ്ടിയുള്ള ഒരുക്ക ക്ലാസുകളും ക്രമീകരിച്ചു.

2. മദ്യവർജന സമിതി: ഭദ്രാസന തലത്തിൽ മദ്യവർജ്ജന സമിതിയുടെ നേതൃത്വത്തിൽ ലഹരിവിരുദ്ധ പ്രവർത്തനങ്ങളും ബോധവൽക്കരണ പരിപാടികളും നടത്തപ്പെട്ടു. പ്രധാനമായി ബോധവൽക്കരണം, തെരുവ് നാടകം, കിടങ്ങന്നൂർ നവദർശനിൽകൂടി ക്യാമ്പുകൾ, കുടുംബസംഗമം, എ.എ. കൂട്ടായ്മകൾ എന്നിവ ക്രമീകരിക്കുന്നു. ഇടവകകൾ കേന്ദ്രീകരിച്ചും, സെന്റർ തലങ്ങളിലും, വിവിധ സ്കൂളുകളിലും ബോധവൽക്കരണ പരിപാടികൾ നടത്തപ്പെട്ടു.

മിഷൻ ഫീൽഡുകൾ

1. നരസാപുരം മിഷൻ : ആന്ധ്രാപ്രദേശിലെ റായൽസീമ മേഖലയിലുള്ള സുവിശേഷ പ്രവർത്തനം നിർവ്വഹിക്കുന്ന മിഷൻ ഫീൽഡാണ് നരസാപുരം മിഷൻ. 18 ഗ്രാമങ്ങളിൽ സുവിശേഷ പ്രവർത്തനങ്ങളും, സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളും, ജീവകാരുണ്യ പ്രവർത്തനങ്ങളും നടത്തിവരുന്നു. 1995ൽ പ്രാരംഭം കുറിച്ച ഈ മിഷൻ, അതിന്റെ പ്രവർത്തന പന്ഥാവിൽ 24 വർഷം പിന്നിട്ടിരിക്കുന്നു. ഗ്രാമീണരിൽ സുവിശേഷം എത്തിക്കുന്നതിനും അവരുടെ ജീവിതത്തിന്റെ സമസ്ത മേഖലകളിലും ആകമാനമായ രൂപാന്തരം സൃഷ്ടിക്കുന്നതിനും ഈ മിഷൻ പ്രവർത്തനത്തിലൂടെ സാധിക്കുന്നു. ഗ്രാമങ്ങളിൽ 6 ആരാധനാലയങ്ങളും 770 വിദ്യാർത്ഥികളുള്ള സെന്റ്തോമസ് മാർത്തോമ്മാ ഇംഗ്ലീഷ് മീഡിയം ഹൈസ്ക്കൂളും, 13 ബാലവാടികളും, 1 ടെയ്ലറിംഗ് യൂണിറ്റും, അഹോബിലം, ബാച്ചിപ്പള്ളി എന്നീ സ്ഥലങ്ങളിൽ 2 പ്രീ പ്രൈമറി സ്ക്കൂളുകളും പ്രവർത്തിക്കുന്നു. ശുശ്രൂഷാ മേഖലകളിൽ 2 എണ്ണം ഭിക്ഷാടകർ മാത്രം താമസിക്കുന്നതായ കോളനികൾ ആണ്. ആത്മീയ പരിപോഷ ണം, കൺവൻഷനുകൾ, യുവതരംഗം മീറ്റിംഗ്, വി.ബി.എസ്, വനിതാസമ്മേളനം, ആരോഗ്യസംരക്ഷണം, അടിസ്ഥാന വിദ്യാഭ്യാസം, തൊഴിൽ പരിശീലനം, ഡി-അഡിക്ഷൻ പ്രോഗ്രാമുകൾ, കൗൺസിലിംഗ് ക്ലാസുകൾ എന്നിവ നടത്തിവരുന്നു. ബാലനിവാസ് ഹോസ്റ്റലിൽ 22 ആൺകുട്ടികൾ താമസിച്ച് പഠിച്ചുവരുന്നു. റവ. ഐസൺ ജോഷ്വ മിഷനറിയായും, നാല് സുവിശേഷകരും പ്രവർത്തിക്കുന്നു. നരസാപുരത്ത് പുതിയ ദൈവാലയത്തിന്റെ കൂദാശയും, സ്കൂൾ ക്ലാസ് മുറികളുടെ കൂദാശയും നടത്തി. നരസാപുരം മിഷന്റെ രജത ജൂബിലിയും നടത്തപ്പെട്ടു.

2. അലഗഡ മിഷൻ : നരസാപുരം മിഷൻ 2018 ഏപ്രിൽ ഒന്ന് മുതൽ വിഭജിച്ച് അലഗഡയിൽ പുതിയ മിഷൻ പ്രവർത്തനം ആരംഭിച്ചു. 14 ഗ്രാമങ്ങളിൽ സുവിശേഷ പ്രവർത്തനങ്ങളും, സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളും, ജീവകാരുണ്യ പ്രവർത്തനങ്ങളും നടത്തിവരുന്നു. ഗ്രാമീണരിൽ സുവിശേഷം എത്തിക്കുന്നതിനും അവരുടെ ജീവിതത്തിന്റെ സമസ്ത മേഖലകളിലും ആകമാനമായ രൂപാന്തരം സൃഷ്ടിക്കുന്നതിനും ഈ മിഷൻ പ്രവർത്തനത്തിലൂടെ സാധിക്കുന്നു. ഗ്രാമങ്ങളിൽ 8 ആരാധനാലയങ്ങളും 9 ബാലവാടികളും, 1 ടെയ്ലറിംഗ് യൂണിറ്റും പ്രവർത്തിക്കുന്നു. ആത്മീയ പരിപോഷണം, കൺവൻഷനുകൾ, യുവതരംഗം മീറ്റിംഗ്, വി.ബി.എസ്, വനിതാസമ്മേളനം, ആരോഗ്യസംരക്ഷണം, അടിസ്ഥാന വിദ്യാഭ്യാസം, തൊഴിൽ പരിശീലനം, ഡി-അഡിക്ഷൻ പ്രോഗ്രാമുകൾ, കൗൺസിലിംഗ് ക്ലാസുകൾ എന്നിവ നടത്തിവരുന്നു. റവ. സന്തോഷ് വർഗീസ് മിഷനറിയായും, നാല് സുവിശേഷകരും പ്രവർത്തിക്കുന്നു. റെഡിപ്പള്ളിയിൽ ഒരു പുതിയ ദൈവാലയം നിർമ്മാണം പൂർത്തിയായിവരുന്നു.

3. തോട്ടപ്പള്ളി മിഷൻ: ഭദ്രാസനത്തിന്റെ തീരദേശ മിഷൻ പ്രവർത്തനങ്ങളിൽ ഒന്നാണ് തോട്ടപ്പള്ളി. കടലിനോടും, കായലിനോടും, ജീവിതസന്ധാരണത്തിനുവേണ്ടി മല്ലടിക്കുന്ന ജനവിഭാഗത്തിന്റെ ഉന്നമനം ലാക്കാക്കിയാണ് പ്രവർത്തിക്കുന്നത്. മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നവരും, ചെമ്മീൻ പൊളിക്കുന്നവരും, കയർ പിരിക്കുന്നവരുമായ തൊഴിലാളി സമൂഹത്തിന്റെ ആരോഗ്യപരവും, സാമൂഹ്യവും, സാംസ്ക്കാരികവും, വിദ്യാഭ്യാസവും, ആത്മീയമായ വളർച്ചയ്ക്ക് ആക്കം കൂട്ടുകയാണ് ഈ മിഷൻ പ്രവർത്തനം കൊണ്ട് ലക്ഷ്യമാക്കുന്നത്. പ്രവർത്തന പരിപാടികളിൽ ഭവനസന്ദർശനവും പ്രാർത്ഥനായോഗങ്ങളും കാൻസർ കിഡ്നി രോഗികളുടെ ഇടയിൽ സജീവമായ പ്രവർത്തനങ്ങൾ ഭദ്രാസനത്തിന്റെ കരുതൽ പ്രസ്ഥാനത്തിലൂടെയുള്ള രോഗികൾക്കുള്ള സഹായ പദ്ധതികൾ എന്നിവ ക്രമമായി നടന്നുവരുന്നു. സ്വയം തൊഴിൽ പദ്ധതിയുടെ ഭാഗമായി തയ്യൽ സ്കൂൾ സജീവമായി പ്രവർത്തിച്ചുവരുന്നു. ജലബാധിത പ്രദേശമായതുകൊണ്ട് എപ്പോഴും ആരോഗ്യപരമായ കാര്യങ്ങൾക്ക് വളരെ പ്രാധാന്യം നൽകിയുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. വി.ബി.എസ്. കൂടാതെ കുട്ടികളുടെ സാമൂഹ്യവും സാംസ്കാരികവുമായ വളർച്ചയ്ക്ക് ഉതകുന്ന തരത്തിലുള്ള പ്രവർത്തന പരിപാടികൾ ഇവിടെ ആവിഷ്കരിച്ച് നടപ്പാക്കുന്നു. അദ്ധ്യയനവർഷാരംഭത്തിൽ കുട്ടികൾക്ക് പഠനോപകരണങ്ങൾ സൗജന്യമായി നൽകുന്നു. ഓണവാരവേല, ക്രിസ്തുമസ് കരോൾ എന്നിവയും ഇവിടെ സംഘടിപ്പിക്കപ്പെടുന്നു. സമൃദ്ധി പ്രോജക്റ്റിലൂടെ അർഹരായ മാതാപിതാക്കൾക്ക് ഉച്ചഭക്ഷണം നൽകുന്നു.

4. പെരിങ്ങാല മിഷൻ: പ്രാർത്ഥനാകൂട്ടായ്മ, വേദപഠനം, വിദ്യാഭ്യാസം, സ്വയംതൊഴിൽ പദ്ധതി, സാമൂഹിക സാംസ്കാരിക പ്രവർത്തനങ്ങൾ, ആരോഗ്യസംരക്ഷണം എന്നീ വിഷയങ്ങളിൽ ഊന്നൽ നൽകി റിപ്പോർട്ടുവർഷം പ്രവർത്തിക്കുകയുണ്ടായി. നേഴ്സറി സ്കൂൾ കുട്ടികളുടെ

വിദ്യാഭ്യാസ പുരോഗതിക്ക് സഹായകരമാണ്. കുട്ടികളുടെ ആദ്ധ്യാത്മിക വളർച്ചയ്ക്ക് സഹായകരമായി വി.ബി.എസ്. ക്രമീകരിച്ചുവരുന്നു. അദ്ധ്യയന വർഷാരംഭത്തിൽ പഠനോപകരണങ്ങൾ സൗജന്യമായി നൽകുന്നു. കൂടാതെ ദേശത്തിന്റെ ആരോഗ്യ രക്ഷയെ ലാക്കാക്കി ബോധവൽക്കരണ ക്ലാസ്സുകൾ നടത്തപ്പെട്ടു. വാർഷിക പരീക്ഷയ്ക്ക് ഒരുങ്ങുന്ന കുട്ടികൾക്ക് വേണ്ടി കൗൺസിലിംഗ് ക്ലാസ്സും നടത്തി. ഓണാഘോഷം, ക്രിസ്തുമസ് കരോൾ എന്നിവ സംഘടിപ്പിക്കപ്പെട്ടു. എല്ലാ ആഴ്ചയിലും ഭവനസന്ദർശനവും, പ്രാർത്ഥനകൂട്ടായ്മയും നടന്നുവരുന്നു. സമൃദ്ധി പ്രോജക്ടിലൂടെ അർഹരായവർക്ക് ഉച്ചഭക്ഷണം നൽകുന്നു.

5. പാണ്ഡവൻപാറ മിഷൻ: അക്ഷരാ ട്യൂഷൻ സെന്റർ ഈ മേഖലയിലെ കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസത്തിന് സഹായകരമായി പ്രവർത്തിക്കുന്നു. എല്ലാ മാസത്തിന്റെയും അവസാന ശനിയാഴ്ചകളിൽ മിഷൻ കേന്ദ്രങ്ങളിൽവച്ച് പ്രാർത്ഥനാകൂട്ടായ്മകൾ നടന്നുവരുന്നു. മെഡിക്കൽ ക്യാമ്പുകൾ, മറ്റ് ആരോഗ്യരക്ഷാപ്രവർത്തനങ്ങൾ, ഭവനസന്ദർശനം, സ്വാതന്ത്ര്യദിനാഘോഷം, ഓണാഘോഷം, ക്രിസ്തുമസ് പ്രോഗ്രാം, വി.ബി.എസ് എന്നിവ ഇവിടെയുള്ള മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമാണ്. ഈ മേഖലയിലുള്ള കാൻസർ രോഗികൾക്ക് ഭദ്രാസനത്തിന്റെ കരുതൽ പ്രസ്ഥാനത്തിലൂടെ ചികിത്സാ സഹായവും, കൂട്ടായ്മയും നൽകിവരുന്നു.

6. തൃക്കുന്നപ്പുഴ മിഷൻ: മാർത്തോമ്മാ സഭയുടെ ആദ്യകാല പ്രവർത്തന മേഖലകളിൽ ഒന്നാണ് തൃക്കുന്നപ്പുഴ മിഷൻ. അറബിക്കടലിനോടും, കായൽപരപ്പിനോടും ചേർന്നുകിടക്കുന്ന ഭൂപ്രദേശം. മത്സ്യബന്ധനവും, കയർപിരിക്കലും ഉപജീവനമാക്കിയ ജനവിഭാഗത്തിന്റെ ആരോഗ്യപ്രശ്നങ്ങളുടെ കാരണങ്ങളിൽ പ്രധാനഘടകമാണ് മദ്യപാനം. മലിന ജലാശയങ്ങൾ മൂലമുണ്ടാകുന്ന ജലജന്യരോഗങ്ങൾ, കാൻസർ, കിഡ്നി രോഗങ്ങൾ വർദ്ധിച്ചുവരുന്നു. എം.റ്റി.യു.പി. സ്കൂൾ ദേശത്തിന്റെ സാംസ്കാരിക മുന്നേറ്റത്തിന് പ്രതീകമായി നിലകൊള്ളുന്നു. പ്രസ്തുത സ്കൂളിലെ അദ്ധ്യാപകരുടെ സഹകരണം തൃക്കുന്നപ്പുഴ മിഷൻ പ്രവർത്തനങ്ങൾക്ക് സഹായകരമാണ്. കുട്ടികൾക്കായി വി.ബി.എസ്. നടത്തപ്പെട്ടു. വി.ബി.എസിൽ സംബന്ധിക്കുന്ന എല്ലാ കുഞ്ഞുങ്ങൾക്കും നോട്ടുബുക്കുകളും, പഠനോപകരണങ്ങളും നൽകി. കാൻസർ രോഗികൾ അധികമായിട്ടുള്ള ഈ മേഖലയിൽ കരുതലിന്റെ പ്രവർത്തനങ്ങൾ വളരെ പ്രയോജനകരമായി നടത്തപ്പെട്ടു. ഈ രോഗികളുടെ ആശ്വാസത്തിനും സൗഖ്യത്തിനുമായി പ്രാർത്ഥനകളും, സന്ദർശനങ്ങളും മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിക്കുന്നു. തയ്യൽ സ്കൂൾ, ട്യൂഷൻ സെന്ററിന്റെ പ്രവർത്തനം, ഭവനസന്ദർശനം എന്നിവ ക്രമമായി നടത്തപ്പെടുന്നു.

7. പൂപ്പർത്തി മിഷൻ: പാണ്ടനാട് പഞ്ചായത്തിലെ അവികസിതവും, ജലബാധിത മേഖലയുമാണ് പൂപ്പറത്തി. ഈ പ്രദേശത്ത് താമസിക്കുന്ന ദുർബല വിഭാഗങ്ങളുടെ ഉന്നമനം ലക്ഷ്യമിട്ട്, ഭദ്രാസനചുമതലയിൽ നടന്നുവരുന്ന പ്രവർത്തനമാണ് പൂപ്പറത്തി മാനവസേവാകേന്ദ്രം. ഭവനസന്ദർശനം ക്രമമായി നടന്നുവരുന്നു. മദ്യപന്മാരുടെ ഭവനങ്ങൾ സന്ദർശിക്കുന്നതിനും ഈ വിപത്തിനെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും, കുട്ടികളുടെ വിദ്യാഭ്യാസതലം മെച്ചപ്പെടുത്തുന്നതിന് സൗജന്യ ട്യൂഷൻ ക്ലാസ്സ് സംഘടിപ്പിക്കുന്നതിനും പ്രത്യേകം ശ്രദ്ധിച്ചുവരുന്നു. അദ്ധ്യയന വർഷാരംഭത്തിൽ പഠനോപകരണങ്ങൾ സൗജന്യമായി ഈ കുട്ടികൾക്ക് വിതരണം ചെയ്യുന്നു. തയ്യൽ സ്കൂളിന്റെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നു. ഓണാഘോഷം ക്രിസ്തുമസ് കാരൾ ഇവ സംഘടിപ്പിക്കുന്നു. വി.ബി.എസ്സിൽ കുഞ്ഞുങ്ങൾ ക്രമമായി വന്നു സംബന്ധിക്കുന്നു. കൂടാതെ മെഡിക്കൽ ക്യാമ്പുകൾ, പ്രാർത്ഥനാകൂട്ടായ്മകൾ ഇവ നടന്നുവരുന്നു. സമൃദ്ധി പ്രോജക്റ്റിലൂടെ വൃദ്ധരും രോഗികളുമായ മാതാപിതാക്കൾക്ക് ഉച്ചഭക്ഷണം നൽകിവരുന്നു.

സംഘടനകൾ

1. സൺഡേസ്കൂൾ: ഭദ്രാസനത്തിലെ സണ്ടേസ്ക്കൂളുകളെ മൂന്നു ഡിസ്ട്രിക്ടുകളായി വിഭജിച്ച് 9 സെന്ററുകളായി 114 സൺഡേസ്കൂൾ പ്രവർത്തിച്ച്വരുന്നു. അദ്ധ്യാപകർക്കുള്ള പരിശീലന ക്ലാസ്സുകൾ, വിദ്യാർത്ഥികൾക്കായി ഏകദിന സമ്മേളനങ്ങൾ, ക്യാമ്പുകൾ മുതലായവ നടത്തുന്നു.

2. സേവികാസംഘം: ഭദ്രാസന സേവികാസംഘ പ്രവർത്തനങ്ങൾ വളരെ സജീവമാണ്. ഭദ്രാസന സേവികാസംഘം കമ്മറ്റിയുടെ തീരുമാനം അനുസരിച്ച് എല്ലാ പ്രവർത്തനങ്ങളും റിപ്പോർട്ടു വർഷം നടത്തി. സുവിശേഷത്തിന്റെ അഭിവൃദ്ധിക്കും, ജീവകാരുണ്യപ്രവർത്തനങ്ങളിലും സേവികാസംഘം കൂടുതൽ താല്പര്യം കാണിച്ചുവരുന്നു. ഭദ്രാസനതലത്തിൽ സമ്മേളനങ്ങളും പഠന ക്യാമ്പും വിനോദയാത്രയും നടത്തി. ദളിത് പെൺകുട്ടികൾക്കുവേണ്ടി ബൂസ്റ്റ് എന്ന പ്രത്യേക ക്യാമ്പും നടത്തപ്പെട്ടു.

3. യുവജനസഖ്യം: മിഷൻ & ഇവാഞ്ചലിസം സബ് കമ്മറ്റിയുടെ ഭാഗമായി മിഷൻ ടൂ പാരീഷ് പ്രോഗ്രാം നടത്തപ്പെട്ടു. സോഷ്യൽ ആക്ഷൻ ഫോറം യുവജനസഖ്യത്തിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നു. യുവാക്കളുടെ സർഗ്ഗവാസന പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പ്രതിഭാവേദി പ്രവർത്തിച്ചുവരുന്നു. തന്നാണ്ടിൽ ഭദ്രാസന കലാമേള നടത്തപ്പെട്ടു. ബധിരരും, മൂകരുമായവരുടെ ഇടയിലുള്ള "നാദം" പ്രോജക്ട്, സ്റ്റഡിഫോറം ഇവ പ്രവർത്തിക്കുന്നു. ക്രിസ്തുമസ് കാരൾ സർവ്വീസ് സംഘടിപ്പിച്ചു. ഭദ്രാസന യുവജനസഖ്യ ക്യാമ്പും നടത്തപ്പെട്ടു.

4. ഭദ്രാസന വികസനസംഘം: ഇടവക, സെന്റർ, ഭദ്രാസനതലങ്ങളിൽ വികസന സംഘങ്ങൾ പ്രവർത്തിച്ചുവരുന്നു. സ്വയം വളരുക, ഒപ്പം മറ്റുള്ളവരെയും എന്ന മുദ്രാവാക്യവുമായി വികസനോന്മുഖമായ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ജൈവകൃഷി പരിപോക്ഷിപ്പിക്കുന്ന പ്രവർത്തനങ്ങളും വികസനസംഘമായി നടത്തിവരുന്നു. സെമിനാറുകളും പഠനസമ്മേളനവും നടത്തി. അർഹരായവർക്ക് തയ്യൽ മെഷീനുകളും ആടുകളും വിതരണം ചെയ്തു.

5. ഭദ്രാസന സന്നദ്ധസുവിശേഷകസംഘം: 8 സെന്ററുകളിലായി സന്നദ്ധസുവിശേഷകസംഘത്തിന്റെ പ്രവർത്തനം സജീവമാണ്. സെന്റർ മീറ്റിംഗുകൾ എല്ലാ സെന്ററുകളിലും ക്രമമായി നടന്നുവരുന്നു. ഭദ്രാസനത്തിൽപെടുന്ന ഇടവകകളിൽ മാസ ത്തിൽ ഒരിക്കൽ ഭവനസന്ദർശനവും മധ്യസ്ഥ പ്രാർത്ഥനയും ക്രമീകരിക്കുന്നു. മിഷൻ ഫീൽഡുകൾ സന്ദർശിച്ചുവരുന്നു. ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി അർഹരായ വ്യക്തികൾക്ക് ചികിത്സാസഹായം നൽകി. മിഷൻ ഫീൽഡുകൾക്ക് സാമ്പത്തീക സഹായവും നൽകി.

6. സീനിയർ സിറ്റിസൺസ് ഫെലോഷിപ്പ്: ഭദ്രാസനത്തിലെ വയോജനങ്ങളുടെ ആത്മികവും, ഭൗതികവുമായ അനുഗ്രഹത്തിനായി പ്രവർത്തിക്കുന്ന ഈ സംഘടന 8 സെന്ററുകൾ 4 സോണുകളായി ക്രമീകരിച്ച് ചിട്ടയായി പരിപാടികൾ നടത്തുന്നു. വാർഷിക പൊതുയോഗം ജനുവരിയിലും, അർദ്ധവാർഷിക പൊതുയോഗം ഓഗസ്റ്റിലും നടത്തിവരുന്നു. ഭദ്രാസനത്തിലെ എല്ലാ ഇടവകകളിലും സജീവമായി കൂട്ടായ്മയ്ക്കും, ആത്മികവളർച്ചയ്ക്കും, കലാപരമായി കഴിവുകൾ പ്രകടിപ്പിക്കുന്നതിനും സഹായകരമായ പരിപാടികൾ നടത്തപ്പെട്ടു. പകൽ വീടുകൾ വെണ്മണി, ഇടയാറന്മുള, ഉമയാറ്റുകര, ഓതറ എന്നീ ഇടവകകളിൽ അനുഗ്രഹകരമായി പ്രവർത്തിക്കുന്നു. നാലു സോണുകളിലും കുറഞ്ഞതു രണ്ടു മേഖലാ സമ്മേളനങ്ങൾ നടത്തിയിട്ടുണ്ട്. റിപ്പോർട്ടുവർഷം ഭദ്രാസനകമ്മറ്റി കൂടി തീരുമാനങ്ങളെടുത്ത് പ്രവർത്തനങ്ങൾ വളരെ ഭംഗിയായി ക്രമീകരിച്ചു.

7. ഡി.എസ്.എം.സി: സഭയുടെ സംഗീത സംവേദന വിഭാഗമായ ഡി.എസ്.എം.സിയുടെ ഭദ്രാസന തലത്തിലുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഭദ്രാസന കൺവൻഷൻ, ക്രിസ്തുമസ്-ഈസ്റ്റർ എന്നീ പരിപാടികൾക്ക് ഗായകസംഘം നേതൃത്വം നൽകി.

8. മിഷൻ എക്സ്പോ: ഭദ്രാസനത്തിലെ വിവിധങ്ങളായ മിഷൻ പ്രവർത്തനങ്ങളെയും പ്രോജക്ടുകളെയും പരിചയപ്പെടുന്നതിനുള്ള സുവർണ്ണാവസരമാണ് മിഷൻ എക്സ്പോ. ഇത് ഏകദിന മിഷൻ ടൂർ പ്രോഗ്രാമാണ്. വർഷത്തിൽ രണ്ടു പ്രാവശ്യം നടത്തുന്നു. നരസാപുരം, അലഗഡ എന്നീ മിഷൻ സെന്ററുകളിലേക്ക് വർഷത്തിൽ ഒരു പ്രാവശ്യം മിഷൻ

എക്സപോ ക്രമീകരിക്കുന്നു. സന്ദർശിക്കുന്നവർ മിഷൻ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നു.

9. മിഷൻ അവയർനസ് പ്രോഗ്രാം: ഭദ്രാസന രജതജൂബിലിയോടനുബന്ധിച്ച് മിഷൻ പ്രവർത്തനങ്ങളെയും വിവിധ പ്രോജക്ടുകളെയും പരിചയപ്പെടുത്തുന്നതിനായി ഭദ്രാസന ഒലിവറ്റ് മീഡിയാ സ്നേഹതീർത്ഥം എന്ന ഡോക്യുമെന്ററി പ്രസിദ്ധീകരിച്ചു. ഭദ്രാസനത്തിലെ പട്ടക്കാരുടെ ഒരു ഗായകസംഘം വൈറ്റ് മെലഡീസ് എന്ന പേരിൽ രൂപീകരിച്ചു. മിഷൻ അവയർനസ് പ്രോഗ്രാം പുതിയതായി ആരംഭിച്ചു. എല്ലാ ഇടവകകളിലും ഡോക്യുമെന്ററി പ്രദർശിപ്പിക്കുകയും വൈറ്റ് മെലഡീസ് ഗാനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്യുന്നു.

3.9 നോർത്ത് അമേരിക്ക-യൂറോപ്പ് ഭദ്രാസനം

ഈ ഭദ്രാസനത്തിൽ വടക്കേ അമേരിക്കൻ ഭൂഖണ്ഡത്തിലെ (അമേരിക്കൻ ഐക്യ നാടുകൾ, കാനഡ) 65 ഇടവകകളും 11 കോൺഗ്രിഗേഷനുകളും ഉൾപ്പെടുന്നു. വടക്കേ അമേരിക്ക യിൽ 7 റീജനുകളും (Northeast, Southeast, Southern, Midwest, Southwest, Western and Canada) 11 സെന്ററുകളും (Northeast A, Northeast B, Southeast A, Southeast B, Southern, Midwest, Southwest A, Southwest B, Western, Eastern Canada and Western Canada) 9285 കുടുംബങ്ങളുമുണ്ട്. ഈ വർഷം 2 കോൺഗ്രിഗേഷനുകൾ രൂപം കൊണ്ടു. 3 കോൺഗ്രിഗേഷനുകൾ ഇടവകകളായി ഉയർത്തി.

ഭദ്രാസന കേന്ദ്രമായ സീനായ് മാർത്തോമ്മാ സെന്റർ, ന്യൂയോർക്കിലെ ലോംഗ് ഐലന്റിൽ സ്ഥിതിചെയ്യുന്നു. അഭിവന്ദ്യ ഡോ. ഐസക് മാർ ഫീലക്സിനോസ് എപ്പിസ്കോപ്പാ തിരുമേനിയുടെ ശ്രേഷ്ഠവും അനുഗ്രഹീതവുമായ നേതൃത്വത്തിൽ ഭദ്രാസനത്തിന്റെ എല്ലാ മേഖലകളിലും ഗണ്യമായ വളർച്ചയുണ്ടായി. തിരുമേനിയുടെ ലളിതവും ശാന്തവുമായ ജീവിതശൈലിയും ഹൃദ്യവും സ്നേഹമസൃണവുമായ പെരുമാറ്റവും അചഞ്ചലമായ ദൈവാശ്രയവും ദീർഘവീക്ഷണവും ഭരണനൈപുണ്യവും ഒരു ദൗത്യ സമൂഹമായി വളർന്നു വരുവാനും മുന്നേറുവാനും ഭദ്രാസനത്തെ സഹായിക്കുന്നു. റവ. മനോജ് ഇടിക്കുള ഭദ്രാസന സെക്രട്ടറിയായി സേവനമനുഷ്ഠിക്കുന്നു. ശ്രീ. ഫിലിപ്പ് തോമസ് (ഡാലസ്) ഭദ്രാസന ട്രഷറാറായി സേവനമനുഷ്ഠിച്ചു. ഔദ്യോഗിക ചുമതലക്കാരോടൊപ്പം മറ്റു 15 അംഗങ്ങൾ കൂടെയുള്ള ഭദ്രാസന കൗൺസിൽ റിപ്പോർട്ടുവർഷം 4 പ്രാവശ്യം കൂടുകയും പ്രവർത്തനങ്ങൾക്ക് ആവശ്യമായ ആലോചനയും പങ്കാളിത്തവും നൽകുകയും ചെയ്തു.

സജീവ സേവനത്തിൽ നിന്നും വിരമിച്ച 10 പട്ടക്കാരുൾപ്പെട്ട 70 പട്ടക്കാർ ഭദ്രാസന പ്രവർത്തനങ്ങളിൽ പങ്കാളികളായി. സ്കൂൾ, യൂണിവേഴ്സിറ്റി തലങ്ങളിൽ യുവജനങ്ങൾ അഭിമുഖീകരിക്കുന്ന വെല്ലുവിളികളും സംഘർഷങ്ങളും ദൈവാശ്രയത്തിൽ തരണം ചെയ്യുവാൻ അവരെ സജ്ജമാക്കുന്നതിനും ക്രിസ്തുവുമായുള്ള ബന്ധത്തിൽ ഉറപ്പിക്കുന്നതിനും 3 യൂത്ത് ചാപ്ലയന്മാർ പ്രവർത്തിക്കുന്നു. കാമ്പസ് മിനിസ്ട്രി, കൗൺസലിംഗ് വേദപഠനം മുതലായവയിൽ നേതൃത്വം നൽകുകയും പ്രാദേശിക തലങ്ങളിൽ യൂത്ത് ഫെലോഷിപ്പിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്യുന്നതിൽ യൂത്ത് ചാപ്ലയന്മാരുടെ സേവനം വിലപ്പെട്ടതാണ്.

ഭദ്രാസന അസംബ്ലി: 31-ാമതു ഭദ്രാസന അസംബ്ലി മെയ് 17, 18 തീയതികളിൽ അറ്റ്ലാന്റയിലുള്ള കാർമ്മേൽ മാർത്തോമ്മാ സെന്ററിൽ നടത്തപ്പെട്ടു. ഭദ്രാസനാധിപൻ അഭിവന്ദ്യ ഡോ. ഐസക് മാർ ഫീലക്സിനോസ് എപ്പിസ്കോപ്പ അദ്ധ്യക്ഷത വഹിച്ചു. ഭദ്രാസന പ്രവർത്തനങ്ങളിൽ വ്യാപരിച്ച ദൈവകൃപയ്ക്കായി തിരുമേനി നന്ദി കരേറ്റി. അവ്യക്തതകളും പ്രശ്നങ്ങളുമുള്ള ലോകത്തിൽ യേശുക്രിസ്തുവിലൂടെ യഥാർത്ഥ സത്യം മനസ്സിലാക്കി പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറഞ്ഞു. ആധുനിക ശ്രവണ-ദൃശ്യ മാധ്യമങ്ങൾ ഉപയോഗിച്ചും ക്രിസ്തു സാക്ഷികളായി ജീവിച്ചും വരും തലമുറയെ രൂപാന്തരത്തിലേക്കു നയിക്കുവാൻ ആഹ്വാനം ചെയ്തു. 2018-ലെ റിപ്പോർട്ടും കണക്കും 2019-ലെ ബഡ്ജറ്റും അവതരിപ്പിച്ചു പാസാക്കി.

ഭദ്രാസനദിനം: 2019 മാർച്ച് 3 ഭദ്രാസന ഞായറാഴ്ചയായി ആചരിച്ചു. പ്രത്യേക ആരാധനക്രമവും ഭദ്രാസനത്തിന്റെ വിവിധ പ്രവർത്തനങ്ങൾ വിവരിക്കുന്ന ലഘു വീഡിയോയും എല്ലാ പള്ളികൾക്കും നൽകി. അച്ചന്മാരെ മറ്റു ഇടവകകളിലേക്ക് ഡപ്യൂട്ടേഷനിൽ അയച്ചു.

വാർഷിക വൈദിക സമ്മേളനം: വടക്കേ അമേരിക്കയിലെ വൈദികരുടെ കൂടിവരവ് മെയ് 16,17 തീയതികളിൽ അറ്റ്ലാന്റയിലെ കാർമ്മേൽ മാർത്തോമ്മാ സെന്ററിൽ നടന്നു. Virtual Church of the Future: Possibilities and Limitations (Challenges) എന്നതായിരുന്നു മുഖ്യ ചിന്താവിഷയം അഭിവന്ദ്യ ഡോ. ഐസക് മാർ ഫീലക്സിനോസ് എപ്പിസ്കോപ്പാ കൂടിവരവുകൾക്ക് അദ്ധ്യക്ഷത വഹിച്ചു നേതൃത്വം നൽകി. വെരി. ഡോ. ചെറിയാൻ തോമസ്, റവ. ഡോ. ഐപ്പ് ജോസഫ്, റവ. ഡോ. രാജ് നെഡേല്ലാ (Columbia Seminary) എന്നിവർ പ്രസംഗിച്ചു. റവ. പി. ഷിബി വർഗീസും റവ. പ്രിൻസ് വർഗീസും വേദപഠനങ്ങൾ നടത്തി. ഭദ്രാസനത്തിന്റെ വിവിധ സ്ഥലങ്ങളിൽ നിന്ന് 61 വൈദികർ പങ്കെടുത്തു.

കാർമ്മേൽ മാർത്തോമ്മാ സെന്റർ, അറ്റ്ലാന്റാ: ഭദ്രാസനാധിപൻ അഭിവന്ദ്യ ഡോ. ഐസക് മാർ ഫീലക്സിനോസ് എപ്പിസ്കോപ്പാ തിരുമേനിയുടെ ദർശനത്തിന്റെയും ആഴമായ ദൈവവിശ്വാസത്തിന്റെയും പ്രാർത്ഥനയുടെയും സാക്ഷാത്കാരമാണ് അറ്റ്ലാന്റയിലുള്ള ഒരു ചെറിയ കുന്നിൻ മുകളിൽ സ്ഥിതി ചെയ്യുന്ന കാർമ്മേൽ മാർത്തോമ്മാ സെന്റർ. 41.77 ഏക്കർ സ്ഥലത്ത് 2200 പേർക്കിരിക്കാവുന്ന വിശാലമായ ആരാധനാലയം, 200 പേർക്കിരിക്കാവുന്ന ചാപ്പൽ, 600 പേർക്കിരിക്കാവുന്നതും സ്റ്റേജും കർട്ടനുമുള്ള ഹാൾ, സുസജ്ജമായ ഇീാലൃരശമഹ അടുക്കള, 36 ക്ലാസുമുറികൾ, ജിംനേഷ്യം, അഡ്മിനിസ്ട്രേറ്റീവ് ഓഫീസ് എന്നിവ ഉൾപ്പെടെ 111,820 ചതുരശ്ര അടി കെട്ടിടങ്ങളും, ബേസ്ബോൾ ഫീൽഡ്, ആംഫി തിയേറ്റർ, കുട്ടികൾക്കുള്ള കളിസ്ഥലങ്ങൾ, 900 കാറുകൾ പാർക്ക് ചെയ്യുവാനുള്ള സ്ഥലം മുതലായവയുള്ള സെന്ററാണ് 5.9 മില്ല്യൺ ഡോളറിന് ഭദ്രാസനം വാങ്ങിയത്. ദൈവത്തിന്റെ കൃപയാലും സഭാംഗങ്ങളുടെ പ്രാർത്ഥന, സംഭാവനകളും വായ്പകളും നൽകിയുള്ള സാമ്പത്തിക സഹായം എന്നിവയാലും വിലയുടെ അവസാന ഗഡു ജൂൺ 28-ന് അടച്ച് സെന്റർ സ്വന്തമാക്കുവാൻ സാധിച്ചു. സെന്റ് തോമസ് ദിനമായ ജൂലൈ 3-ന് നടത്തിയ സ്തോത്ര ശുശ്രൂഷയിൽ പഴയ ഉടമകളായ മൗണ്ട് കാർമ്മൽ ക്രിസ്ത്യൻ ചർച്ചിന്റെ ചുമതലക്കാരും പങ്കെടുത്തു. നന്ദി സൂചകമായി ഓരോരുത്തർക്കും മെമെന്റോകളും നൽകി.

ഇപ്പോൾ മാർത്തോമ്മാ ചർച്ച് അറ്റ്ലാന്റയും മറ്റു 5 കോൺഗ്രിഗേഷനുകളും അവിടെ ആരാധിക്കുന്നു. ഒരു സ്കൂളും പ്രവർത്തിക്കുന്നു. ഈ സെന്റർ, കൺവൻഷനുകൾ, കോൺഫറൻസുകൾ, ഫാമിലി എൻറിച്ച്മെന്റ് പ്രോഗ്രാമുകൾ, ആത്മായ പരിശീലന കളരികൾ, റിഫ്രഷർ കോഴ്സുകൾ, ദൈവശാസ്ത്ര ക്ലാസുകൾ, പ്രസിദ്ധീകരണ കേന്ദ്രം, പ്രായമുള്ളവർക്കു വേണ്ടി റിട്ടയർമെന്റ് ഹോം മുതലായവ നടത്തുന്നതിന് സജ്ജമാക്കുകയാണ് അടുത്ത ഘട്ടത്തിൽ വിഭാവന ചെയ്യുന്നത്.

മിഷൻ ബോർഡ്: ഭദ്രാസനത്തിന്റെ മിഷൻ പ്രവർത്തനങ്ങൾ ഫെഡറൽ ഗവൺമെന്റിന്റെ രജിസ്ട്രേഷനുള്ള മിഷൻ ബോർഡിൽ കൂടെയാണ് ഏകോപിപ്പിച്ച് നടത്തുന്നത്. മിഷൻ ബോർഡിന്റെ പ്രവർത്തനങ്ങൾ 5 വ്യത്യസ്ത മേഖലകളിൽ കൂടെയാണ് നടക്കുന്നത്. അമേരിക്കൻ ഇൻഡ്യൻസിന്റെ ഇടയിൽ പ്രവർത്തിക്കുന്ന 'നേറ്റീവ് അമേരിക്കൻ മിഷൻ' പ്രാദേശികമായി പ്രവർത്തിക്കുന്ന 'നെയ്ബർ മിഷൻ' 'മെക്സിക്കോ മിഷൻ' ഭാരതത്തിലെ മിഷൻ പ്രവർത്തനങ്ങൾ നേരിട്ടു കണ്ടു മനസ്സിലാക്കുവാൻ യുവജനങ്ങളെ സജ്ജമാക്കുന്ന ഇൻഡ്യാ മിഷൻ ഭാരതത്തിലെ ദരിദ്രരായ കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസവും, ആളത്വ വികസനവും, ആരോഗ്യ പരിരക്ഷയും ലക്ഷ്യം ആക്കി അഭിവന്ദ്യ ഫീലക്സിനോസ് തിരുമേനിയാൽ രൂപീകൃതമായ 'ലൈറ്റ് റ്റു ലൈഫ്മിഷൻ എന്നിവയാണ്.

ലൈറ്റ് റ്റു ലൈഫ് പ്രോജക്ടിലൂടെ ഈ വർഷം 3500 കുട്ടികളെ വിവിധ ഭദ്രാസനങ്ങളിലൂടെയും, കാർഡിലൂടെയും സഹായിക്കുവാൻ സാധിച്ചു. കുറഞ്ഞത് 5000 കുട്ടികളെ സ്പോൺ

സർ ചെയ്യണമെന്നാണ് ഇപ്പോഴത്തെ ലക്ഷ്യം. ഒരു കുട്ടിക്ക് ഒരു മാസത്തേയ്ക്ക് 20 ഡോളർ വീതം ഒരു വർഷം 240 ഡോളർ നൽകി സപോൺസർ ചെയ്യാം. ഒരു സ്പോൺസറിൽ നിന്നും പ്രതീക്ഷിക്കുന്നത് അഞ്ചു വർഷത്തെ സഹായമാണ്. അയയ്ക്കുന്ന തുകകൾ കൃത്യമായി ഉപയോഗിക്കുന്നുവെന്നുറപ്പു വരുത്താൻ Holistic Child Development India (HCDI)യുമായി ഉടമ്പടിയിലേർപ്പെട്ടിട്ടുണ്ട്. വിവിധ മിഷൻ പ്രവർത്തനങ്ങളിൽ സഹായിച്ച എല്ലാവരോടുമുള്ള നന്ദി അറിയിക്കുന്നു.

സേവികാസംഘം: പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടന്നു. ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി ചെയിൻ ഓഫ് പ്രയർ ജനുവരി 10 മുതൽ 20 വരെ നടത്തി വേൾഡ് ഡേ ഓഫ് പ്രയർ ഓരോ പ്രദേശങ്ങളിലുമുള്ള എക്യുമെനിക്കൽ ഫെലോഷിപ്പുമായി ചേർന്ന് മാർച്ച് 3-ന് നടത്തി. സേവികാ സംഘദിനം സെപ്റ്റംബർ 8-ന് കൊണ്ടാടി. 19-ാമതു ഡയോസിഷൻ സേവികാസംഘം കോൺഫറൻസ് ഒക്ടോബർ 10 മുതൽ 13 വരെ ഹൂസ്റ്റണിലെ ട്രിനിറ്റി ഇടവകയിൽ നടത്തപ്പെട്ടു "Women as Agents of Life" (പുറ 1 : 17) ആയിരുന്നു മുഖ്യ ചിന്താവിഷയം അഭിവന്ദ്യ ഫീലക്സിനോസ് തിരുമേനിയോടൊപ്പം അഭിവന്ദ്യ ഡോ. എബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പയും നേതൃത്വം നൽകി. മിസ്സിസ് ആനി കോശി, മിസ്സിസ് നീതി പ്രസാദ് എന്നിവർ വിവിധ ക്ലാസ്സുകളെടുത്തു. അറ്റ്ലാന്റ കാർമ്മേൽ സെന്ററിനും ഭദ്രാസനത്തിനകത്തും പുറത്തുമുള്ള പ്രവർത്തനങ്ങൾക്കും വേണ്ട സഹായം നൽകി.

സണ്ടേസ്കൂൾ: ഭദ്രാസനത്തിൽ 73 സണ്ടേസ്കൂളുകളും 5500-ൽ പരം കുട്ടികളും 1000-ൽ പരം അദ്ധ്യാപകരുമുണ്ട്. സഴ്സറി മുതൽ 12^{വ} ഗ്രേഡ് വരെ മാർത്താമ്മാ സണ്ടേസ്കൂൾ പദ്ധതി തുടരുന്നു. പാഠപുസ്തകങ്ങൾ വടക്കേ അമേരിക്കയിലെ സാഹചര്യങ്ങൾക്കനുസരണമായി പരിഷ്കരിക്കുന്നതിൽ സഹായിച്ച എല്ലാവരോടുമുള്ള നന്ദി അറിയിക്കുന്നു. ഇടവക റീജിയൻ തലങ്ങളിൽ അദ്ധ്യാപക പരിശീലന കളരികൾ നടത്തുകയുണ്ടായി. വി.ബി.എസ് പാഠ്യപദ്ധതി തിരഞ്ഞെടുത്ത് വിവിധ സണ്ടേസ്കൂളുകളിൽ നടത്തി. ഭദ്രാസന പരീക്ഷയിൽ 59 സണ്ടേസ്കൂളുകൾ പങ്കെടുത്തു. 1394 കുട്ടികൾ പരീക്ഷ എഴുതി.

Kids for Kid Project: ഇതിൽ നിന്നും കിട്ടിയ തുക 'ലൈറ്റ് റ്റു ലൈഫ്' പദ്ധതിയിൽക്കൂടി നിർദ്ധനരായ കുട്ടികളുടെ വിദ്യാഭ്യാസത്തിനായി നൽകി. സഹകരിച്ച എല്ലാവർക്കും നന്ദി.

Senior / Junior Conference: വിവിധ റീജിയനുകളുടെ ചുമതലയിൽ നടത്തപ്പെട്ടു. നവംബർ 4 അഖിലലോക സസ്കൂൾ ദിനമായി വിവിധ ഇടവകകളിലും സെന്ററുകളിലും റീജിയനുകളിലും കൊാടി. മെക്സിക്കൻ മിഷൻ വി.ബി.എസ്, നേറ്റീവ് അമേരിക്കൻ മിഷൻ, ലൈറ്റ് റ്റു ലൈഫ് മിഷൻ എന്നിവയ്ക്ക് സംഭാവനകൾ നൽകി സഹായിച്ചു.

യൂത്ത് ഫെലോഷിപ്പ്: 40-ാമത് ഭദ്രാസന യൂത്ത് ഫെലോഷിപ്പ് കോൺഫറൻസ് ഡാളസ് ഫാർമേഴ്സ് ബ്രാഞ്ച് യൂത്ത് ഫെലോഷിപ്പിന്റെ ആഭിമുഖ്യത്തിൽ ജൂലൈ 25 മുതൽ 28 വരെ നടത്തപ്പെട്ടു.

Bloom where you are planted : (1 കൊരി. 3: 69) എന്നതായിരുന്നു മുഖ്യ ചിന്താവിഷയം. ഭദ്രാസനത്തിലെ വിവിധ ഇടവകകളിൽ നിന്നുമായി 175 പേർ സംബന്ധിച്ചു Rev. Charles Man ആയിരുന്നു മുഖ്യ പ്രസംഗകൻ. നോമ്പു സമയത്തേക്കുള്ള വായനാഭാഗങ്ങൾ ഉൾക്കൊള്ളുന്ന Bookmark തയ്യാറാക്കി വിതരണം ചെയ്തു. അംഗങ്ങൾ വിവിധ മിഷൻ പ്രവർത്തനങ്ങൾക്കായി അകമഴിഞ്ഞ് സംഭാവനകൾ നൽകി. 22-ാമതു ഡയോസിഷൻ ലീഡർഷിപ്പ് കോൺഫറൻസ് ജനുവരി 3 മുതൽ 6 വരെ കനേഡിയൻ മാർത്തോമ്മാ യൂത്ത് ഫെലോഷിപ്പിന്റെ സഹകരണത്തോടെ നടന്നു. "Lead to Serve; Serve to Lead" (ലൂക്കോ. 22 : 26) ആയിരുന്നു പഠനവിഷയം.

യൂവജനസഖ്യം: ഭദ്രാസന യുവജനസഖ്യം 2019 ൽ കാര്യക്ഷമമായി പ്രവർത്തിച്ചു. 32 ശാഖകൾ രജിസ്റ്റർ ചെയ്തു. "Be the Light, Walk in the Light" എന്ന വിഷയത്തെ ആസ്പദമാക്കി വിവിധ ഇടവകകളിലും സെന്ററുകളിലും റീജിയനുകളിലും പഠനങ്ങളും ചർച്ചകളും നടത്തപ്പെട്ടു. 20-ാമതു ഭദ്രാസന യുവജനസഖ്യം കോൺഫറൻസ് ഒക്ടോബർ 4 മുതൽ 6 വരെ ഫിലഡൽഫിയയിലെ ക്രിസ്തോസ് ഇടവകയുടെ നേതൃത്വത്തിൽ നടന്നു. "Be the Light; Walk in the Light" എന്നതായിരുന്നു മുഖ്യ ചിന്താവിഷയം. 600-ൽ പരം അംഗങ്ങൾ പങ്കെടുത്തു. ഒക്ടോബർ 13 മുതൽ 20 വരെ യുവജന വാരമായും ഒക്ടോബർ 20 യുവജന ഞായറായും കൊാടി.

മാർത്തോമ്മാ സന്നദ്ധസുവിശേഷക സംഘം (MTVEA): ഈ വർഷം 52 ശാഖകൾ രജിസ്റ്റർ ചെയ്തു. പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നു. 15-ാമതു ഭദ്രാസന ഇടവകമിഷൻ കോൺഫറൻസ് ആഗസ്റ്റ് 1 മുതൽ 4 വരെ കാനഡയിലെ സെന്റ് മാത്യൂസ് മാർത്തോമ്മാ ചർച്ച്, ടൊറന്റോയുടെ അതിഥേയത്വത്തിൽ നടന്നു. "Co-workers of the kingdom of God" (1 കൊരി. 3: 9) ആയിരുന്നു മുഖ്യ പഠനവിഷയം. അഭിവന്ദ്യ ഡോ. ഐസക് മാർ ഫീലക്സിനോസ് തിരുമേനി ഉത്ഘാടനം ചെയ്ത കോൺഫറൻസിൽ അഭിവന്ദ്യ ഡോ. മാത്യൂസ് മാർ മക്കാറിയോസ് തിരുമേനി മുഖ്യ പ്രഭാഷകനായിരുന്നു. വിവിധ ഇടവകകളിൽ നിന്നും 250 പ്രതിനിധികൾ പങ്കെടുത്തു.

Southwest, Western, Southern റീജിയനുകളുടെ നേതൃത്വത്തിൽ നടത്തുന്ന വിവിധ Tele Conference-കളും വേദപുസ്തക പഠനവും മാസംതോറും ക്രമമായി നടന്നു. പരിപാടികൾക്കു നേതൃത്വം നൽകിയ എല്ലാവരോടും പങ്കെടുത്തവരോടും നന്ദി അറിയിക്കുന്നു.

യംഗ് ഫാമിലി ഫെലോഷിപ്പ്: യുവകുടുംബങ്ങളെ ജീവിതത്തിലെ വെല്ലുവിളികൾ നേരിടുന്നതിന് സജ്ജമാക്കുന്നതിനും പരസ്പരം അനുഭവങ്ങൾ പങ്കിട്ട് ദൈവത്തോട് അടുത്തു ജീവിപ്പാൻ സഹായിക്കുന്നതിനും സഭയുടെ മിഷൻ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നതിനും പ്രേരകമാകുന്നു.

സീനിയർ ഫെലോഷിപ്പ്: സീനിയേഴ്സിന്റെ അദ്ധ്യാത്മികവും സാമൂഹ്യവുമായ ആവശ്യങ്ങൾ മനസ്സിലാക്കി അന്യോന്യം കരുതി ജീവിക്കുന്നതിന് സഹായിക്കുന്നു. 30 ശാഖകൾ ഭദ്രാസനത്തിൽ രജിസ്റ്റർ ചെയ്തു. 5-ാമത് ഭദ്രാസന സീനിയർ ഫെലോഷിപ്പ് കോൺഫറൻസ് ഫിലഡൽഫിയയിലെ അസൻഷൻ മാർത്തോമ്മാ ഇടവകയുടെ സഹായത്തോടെ സെപ്റ്റംബർ 25 മുതൽ 28 വരെ നടത്തപ്പെട്ടു. "Fear not, Stand Still" (പുറ.14:13) ആയിരുന്നു ചിന്താവിഷയം. 500 പേർ പങ്കെടുത്തു. അഭിവന്ദ്യ ഡോ. ഐസക് മാർ ഫീലക്സിനോസ് തിരുമേനി ഉത്ഘാടനം ചെയ്ത് നേതൃത്വം നൽകി. റവ. ഡോ. ജോസഫ് ദാനിയേൽ മുഖ്യപ്രഭാഷകനായിരുന്നു.

ഗായകസംഘം: ഭൂരിപക്ഷം ഇടവകകളിലും ഇംഗ്ലീഷ്-മലയാളം ഗായകസംഘങ്ങളു്. റിപ്പോർട്ട് വർഷം 15 ഗായകസംഘങ്ങൾ D.S.M.C.യിൽ രജിസ്റ്റർ ചെയ്തു. മെയ് മാസത്തെ അവസാന ഞായറാഴ്ച ഗായകസംഘ ദിനമായി കൊാടി. പ്രത്യേക ആരാധന നടത്തപ്പെട്ടു. പല റീജിയനുകളിലും ക്വയർ ഫെസ്റ്റ് സംഘടിപ്പിക്കുകയുായി.

യു.കെ. യൂറോപ്പ് സോൺ പ്രവർത്തന വൃത്താന്തം: യു.കെ. യൂറോപ്പിലുള്ള എല്ലാ ഇടവകകളുടെയും കോൺഗ്രിഗേഷനുകളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു സ്വതന്ത്രമായി തീരുമാനങ്ങൾ എടുത്തു നടത്തുന്നതിനായി സഭയായി രൂപീകരിച്ച ഒരു സംവിധാനമാണ് യു.കെ ആൻഡ് യൂറോപ്പ് സോൺ. യു.കെ.-യിൽ ഇത് ഒരു രജിസ്റ്റേർഡ് ചാരിറ്റബിൾ സൊസൈറ്റിയായി (രജിസ്റ്റർ നമ്പർ: 1175503) പ്രവർത്തിക്കുന്നു. റിപ്പോർട്ട് വർഷം സോണിന്റെ പ്രസിഡന്റായി അഭിവന്ദ്യ ഡോ. ഐസക് മാർ ഫീലിക്സിനോസ് എപ്പിസ്കോപ്പ തിരുമേനി, വൈസ് പ്രസിഡന്റായി വെരി റവ പി.റ്റി. തോമസ്, സെക്രട്ടറിയായി ശ്രീ. പി.എം. മാത്യു, ട്രഷറർ ആയി ശ്രീ. തോമസ് ഏബ്രഹാം എന്നിവർ സേവനമനുഷ്ഠിച്ചു.

സോണൽ അസംബ്ലി: സോണൽ അസംബ്ലിയുടെ റിപ്പോർട്ട് വർഷത്തിലെ മീറ്റിംഗ് 2019 ജൂലൈ 13-ന് ലണ്ടൻ സെന്റ് ജോൺസ് മാർത്തോമ്മ പള്ളിയിൽ നടത്തപ്പെട്ടു. 2018-19-ലെ വാർഷിക റിപ്പോർട്ടും വരവ് ചെലവ് കണക്കും 2019-20-ലെ ബഡ്ജറ്റും അവതരിപ്പിച്ചു പാസ്സാക്കി. സോണിന്റെ ഭാവി പരിപാടികളും ആസൂത്രണം ചെയ്തു.

സോണൽ കൗൺസിൽ: അഭിവന്ദ്യ ഡോ. ഐസക് മാർ ഫീലിക്സിനോസ് എപ്പിസ്കോപ്പ തിരുമേനിയുടെ അധ്യക്ഷ

തയിൽ മൂന്നു പ്രാവശ്യം കൂടി ആവശ്യമായ എല്ലാ തീരുമാനങ്ങളും കൈക്കൊണ്ടു.

സോണൽ ഡെവലപ്പ്മെന്റ് കമ്മിറ്റി: സോണിന്റെ വിപുലീകരണത്തിന്റെ ഭാഗമായി ഒരു സോണൽ സെന്റർ സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ, ധനസമാഹരണത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി രൂപീകൃതമായ ഈ കമ്മിറ്റി മൂന്നു പ്രാവശ്യം കൂടുകയും, പ്രവർത്തിക്കുകയും ചെയ്യുന്നു.

സോണൽ മീറ്റിങ്ങുകൾ: സോണിന്റെ നേരിട്ടുള്ള നേതൃത്വത്തിലും സംഘടനകളുടെ നേതൃത്വത്തിലുമായി വിവിധങ്ങളായ മീറ്റിങ്ങുകൾ വിശ്വാസികളുടെ ആത്മീയമായ ഉന്നമനത്തിനായി നടത്തുവാൻ സാധിച്ചു.

മാർത്തോമ്മാ മീറ്റ്: 2019 ഏപ്രിൽ മാസം 6-ന് റ്റാംവെർത്തിലുള്ള കോട്ടൺ ഗ്രീൻ ചർച്ചിൽ വച്ച് 900-ൽ അധികം വിശ്വാസികളെ ഉൾപ്പെടുത്തി മാർത്തോമ്മാ മീറ്റ് നടത്തുവാൻ സാധിച്ചു, ഡോ. ഐസക് മാർ ഫീലക്സിനോസ് എപ്പിസ്കോപ്പ, റവ. സാം കോശി എന്നിവർ നേതൃത്വം നൽകിയ സമ്മേളനത്തിൽ ഭദ്രാസന അധ്യക്ഷൻ തിരുമേനിയുടെ മേൽപ്പട്ടത്വ സുവർണ്ണ ജൂബിലിയുമായി ബന്ധപ്പെട്ടു ആദരവുകളർപ്പിച്ചുകൊണ്ടുള്ള ഒരു അനുമോദന വാല്യം പ്രസിദ്ധീകരിച്ചതു പ്രകാശനം ചെയ്തു.

ഫാമിലി കോൺഫറൻസ്: 37-ാമത് ഫാമിലി കോൺഫറൻസ് ലിവർപൂൾ കാർമ്മൽ മാർത്തോമ്മ ഇടവകയുടെ നേതൃത്വത്തിൽ 2019 ഓഗസ്റ്റ് മാസം 23 മുതൽ 25 വരെ സ്റ്റെഡ്ഫോർഡ്ഷയറിലുള്ള യാൺ ഫീൽഡ് കോൺഫെറൻസ് കേന്ദ്രത്തിൽ നടത്തപ്പെട്ടു. അഭിവന്ദ്യ ഫീലക്സിനോസ് തിരുമേനി നേതൃത്വം നൽകിയ സമ്മേളനത്തിൽ റവ. ഈപ്പൻ വർഗീസ് പഠനങ്ങൾക്ക് നേതൃത്വം നൽകി.

സോണൽ എക്യുമെനിക്കൽ കാരൾ സർവീസ്: വിവിധ ക്രൈസ്തവ സഭ വിഭാഗങ്ങളെ ഉൾക്കൊള്ളിച്ചു സോണിന്റെ മേൽനോട്ടത്തിൽ സൗത്ത്, നോർത്ത് സെന്ററു കളായി കാരൾ സർവീസ് 2019 ഡിസംബർ 29-ന് ലണ്ടൻ സെന്റ് ജോൺസ്, മിഡ്ലാന്റ് ഹെർമ്മോൺ എന്നീ ഇടവകകളിലായി നടത്തപ്പെട്ടു.

സോണൽ സണ്ടേ: സെപ്റ്റംബർ 22-ന് സോണൽ സണ്ടേയായി കൊണ്ടാടി. അന്നേദിവസം ക്രമീകരിച്ച പുൾപ്പിറ്റ് എക്സ് ചേഞ്ചിൽ അച്ചന്മാർ മറ്റ് ഇടവകകൾ സന്ദർശിക്കുകയും ആരാധനയ്ക്ക് നേതൃത്വം നൽകുകയും സോണൽ പ്രവർത്തനങ്ങളെപ്പറ്റി പ്രസ്താവനകൾ നടത്തുകയും ചെയ്തു.

എക്കുമെനിക്കൽ ബന്ധങ്ങൾ: വിവിധങ്ങളായ വിധത്തിൽ പ്രാദേശിക ക്രൈസ്തവ സഭകളുമായി സോൺ ബന്ധപ്പെട്ടു പ്രവർത്തിക്കുന്നു. സോണിന്റെ പ്രതിനിധികൾ Churches Together in England (CTE), Churches Together in Britain and lreland (CTBI) എന്നീ സംഘടനകളിലും പ്രാ തിനിധ്യം വഹിക്കുന്നു.

ഇതര പ്രവർത്തനങ്ങൾ: പ്രാദേശിക തലത്തിൽ ഇടവകയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന വിവിധ മിഷൻ പ്രവർത്തനങ്ങൾ, ആതുരസേവന പ്രവർത്തനങ്ങൾ എന്നിവയ്ക്കാവശ്യമായ മാർഗ്ഗനിർദേശങ്ങൾ നൽകുകയും പങ്കാളിത്തം വഹിക്കു കയും ചെയ്യുന്നു.

സോണൽ യൂത്ത് കോൺഫെറൻസ്, യൂത്ത് സണ്ടേ: വാർഷിക യുവജന കോൺഫറൻസ് അഭിവന്ദ്യ ഡോ. ഫീലിക്സിനോസ് തിരുമേനിയുടെ നേതൃത്വത്തിൽ ജൂലൈ 19-21 വരെ നടത്തപ്പെട്ടു. 2020 ഫെബ്രുവരി 19-ന് സൗത്ത്, നോർത്ത് സെന്ററുകളായി യൂത്ത് റിട്രീറ്റും നടത്തപ്പെട്ടു. ഒക്ടോബർ 20 ഞായർ യൂത്ത് സൺഡേ ആയി ആചരിച്ചു.

സേവികാ സംഘം കോൺഫറൻസ്: സോണൽ സേവികാ സംഘത്തിന്റെ വാർഷിക കോൺഫറൻസ് 2019 ജൂൺ 29-ന് ഡബ്ലിൻ മാർത്തോമ്മ ഇടവകയുടെ നേതൃത്വത്തിൽ അയർലണ്ടിൽ വച്ച് നടത്തപ്പെട്ടു. സെപ്റ്റംബർ 28, 30 തീയതികളിലായി യഥാക്രമം സൗത്ത്, നോർത്ത് സെന്ററുകളുടെ പ്രത്യേകമായ സമ്മേളനങ്ങളും നടത്തപ്പെട്ടു. ഇടവക മിഷനും സേവികാസംഘവുമായി സംയുക്ത മീറ്റിം ഗുകളും അനുഗ്രഹകരമായി നടത്തപ്പെടുന്നു.

സോണൽ സൺഡേ സ്കൂൾ: എല്ലാ ഇടവകകളിലും കോൺഗ്രിഗേഷനുകളിലും വളരെ സജീവമായി നടത്തപ്പെടുന്ന സൺഡേസ്കൂൾ പ്രവർത്തനങ്ങളെ സോണൽ തലത്തിൽ ഏകോപിപ്പിച്ചിരിക്കുന്നു. കേന്ദ്രീകൃതമായ വിധത്തിൽ വാർഷിക പരീക്ഷയും മൂല്യനിർണ്ണയവും നടത്തുന്നു. വി.ബി.എസ്സ്. നേതൃത്വ പരിശീലന സമ്മേളനങ്ങൾ നടത്തി ഇടവകകളിലെ വി.ബി.എസ്സിനാവശ്യമായ നേതൃനിരയെ സജ്ജമാക്കുന്നു. നവംബർ 2-ന് നടന്ന അഖിലലോക സൺഡേസ്കൂൾ ദിനാഘോഷത്തിൽ 800-ൽ അധികം അംഗങ്ങൾ പങ്കെടുക്കുകയും അദ്ധ്യാപകർക്കും മാതാപിതാക്കൾക്കും വിദ്യാർത്ഥികൾക്കുമായി വിവിധ മീറ്റിങ്ങുകൾ അനുഗ്രഹകരമായി ക്രമീകരിക്കുകയും ചെയ്തു.

ECHO: സോണിന്റെ പ്രസിദ്ധീകരണമായ എക്കോയുടെ 4 ലക്കങ്ങ ളും പ്രസിദ്ധീകരിക്കുവാൻ സാധിച്ചു.

കോവിഡ് 19 പ്രവർത്തനങ്ങൾ: കൊറോണ വൈറസിന്റെ വ്യാപനം വ്യാപൃതമായ സാഹചര്യത്തിൽ ആശങ്കാകുലരായ വിശ്വാസസമൂഹത്തെ ധൈര്യപ്പെടുത്തുവാനും സജീവമാക്കുവാനുമായി വിവിധ പ്രവർത്തനങ്ങൾക്ക് റിപ്പോർട്ട് വർഷത്തിൽ ആരംഭം കുറിക്കുവാൻ സാധിച്ചു. 2020 മാർച്ച് മുതൽ സോണിലെ ഇടവകകളെയും കോൺഗ്രിഗേഷനുകളെയും ചേർത്തുകൊണ്ടു എല്ലാ ഞായറാഴ്ചകളിലും വൈകുന്നേരം 8 മണിമുതൽ മധ്യസ്ഥപ്രാർത്ഥന ഓൺലൈൻ ആയി നടത്തുന്നു. ആതുര സേവന മേഖലകളിൽ കോവിഡ് 19-മായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന എല്ലാവരെയും പ്രത്യേകമായി സമർപ്പിച്ചു കൊണ്ടുള്ള പ്രസ്തുത പ്രാർത്ഥന ഏറെ അനുഗ്രഹകരം എന്ന് അനേകർ സാക്ഷിക്കുന്നു. സോണൽ യുവജന സഖ്യത്തിന്റെ നേതൃത്വത്തിൽ എല്ലാ ഇടവകകളെയും കോർത്തിണക്കിക്കൊണ്ട് വിഷമാവസ്ഥയിലായിരിക്കുന്ന ഇന്റർനാഷണൽ സ്റ്റുഡന്റ്സിനെ സഹായിക്കുന്ന പ്രവർത്തനങ്ങൾക്കും തുടക്കമായി. സോൺ നൽകിയ നിർദേശമനുസരിച്ചു കൊണ്ട് എല്ലാ ഇടവകകളും ഓരോ സപ്പോർട്ടിങ് ടീമിനെ രൂപീകരിക്കുകയും അവ കാര്യക്ഷമമായി പ്രവർത്തിക്കുകയും ചെയ്യുന്നു. ഇടവക അംഗങ്ങളുടെയും സമീപവാസികളുടെയും ആവശ്യങ്ങൾ അറിഞ്ഞു പ്രവർത്തിക്കാനായി രൂപീകൃതമായ ഈ ടീമിന്റെ പ്രവർത്തനങ്ങളെ സോണൽ തലത്തിൽ ഏകോപിപ്പിച്ചിരിക്കുന്നു.

സോണൽ സംവിധാനത്തിൽ പ്രവർത്തനം ആരംഭിച്ചിട്ട് 2 വർഷം പൂർത്തിയാകുമ്പോൾ അനുഗ്രഹകരമായ വിധത്തിൽ വിവിധങ്ങളായ ശുശ്രൂഷകൾ നിറവേറ്റുവാൻ സർവശക്തനായ ദൈവം സഹായിക്കുന്നു.

3.10 അടൂർ ഭദ്രാസനം

ഇടവക: പത്തനാപുരം, ഏനാത്ത്, കണ്ണംകോട്, തേവലക്കര, കായംകുളം, പന്തളം എന്നീ സെന്ററുകളിലായി 90 ഇടവകകളും, യു.എ.ഇ.ലെ അലൈനും കുവൈറ്റിലെ സെന്റ് ജോൺസും, ആന്ധ്രാപ്രദേശിലെ ഗഡ്ഗേശ്വറും തമിഴ്നാട്ടിലെ സത്യവാടിയും ചേർന്നതാണ് ഈ ഭദ്രാസനം. 2016 ഏപ്രിൽ 1 മുതൽ അഭിവന്ദ്യ ഡോ. ഏബ്രഹാം മാർ പൗലൊസ് എപ്പിസ്ക്കോപ്പാ തിരുമേനി ഭദ്രാസനത്തിന് നവീനവും ക്രിയാത്മകവുമായ നേതൃത്വം നൽകിവരുന്നു.

പട്ടക്കാർ: ഈ ഭദ്രാസനത്തിൽ സജീവ സേവനത്തിൽനിന്നും വിരമിച്ച 23 പട്ടക്കാർ ഉൾപ്പെടെ 85 വൈദികരുടെ സേവനം ലഭിച്ചുകൊണ്ടിരിക്കുന്നു. എല്ലാ മാസവും ആദ്യ ചൊവ്വാഴ്ചയിൽ യൂത്ത് സെന്റർ ചാപ്പലിൽ വെച്ച് ഏവൻഗേലിയോൻ കൂട്ടായ്മ നടത്തിവരുന്നു. ഭദ്രാസന വാർഷിക സമ്മേളനം 2019 സെപ്റ്റംബർ 2 മുതൽ 5 വരെ കുമരകം റോയൽ റിവേറയിൽ വെച്ച് നടത്തപ്പെട്ടു.

സുവിശേഷകർ: ഭദ്രാസനത്തിലെ വിവിധ ഇടവകകളിലും മിഷൻ കേന്ദ്രങ്ങളിലുമായി 12 സുവിശേഷകർ സേവനം അനുഷ്ഠിക്കുന്നു. എല്ലാ മാസവും ആദ്യ ബുധനാഴ്ചകളിൽ ഭദ്രാസന/ബിഷപ്പ് സെക്രട്ടറിയുടെ നേതൃത്വത്തിൽ കൂട്ടായ്മ നടത്തിവരുന്നു.

ഭദ്രാസന ചുമതലക്കാർ: റവ. വി. കുഞ്ഞുകോശി കശ്ശീശാ ഭദ്രാസന സെക്രട്ടറിയായി പ്രവർത്തിക്കുന്നു. ശ്രീ. വർഗ്ഗീസ്

തരകൻ ഭദ്രാസന ട്രഷറാറായും, ദിവ്യശ്രീ ഷിബു മാത്യു കശ്ശീശ ബിഷപ്പ് സെക്രട്ടറിയായും സേവനം ചെയ്യുന്നു.

ഭദ്രാസന കൗൺസിൽ/ഭദ്രാസന അസംബ്ലി: ഭദ്രാസനത്തിന്റെ വളർച്ചയ്ക്ക് ആവശ്യമായ ആലോചനകളും തീരുമാനങ്ങളും കൈക്കൊള്ളുന്നു. 28 അംഗ ഭദ്രാസന കൗൺസിൽ പ്രവർത്തിച്ചു. 2018-19 ലെ ഭദ്രാസന അസംബ്ലി യോഗം 2019 ജൂലൈ 13 ശനിയാഴ്ച രാവിലെ 10 മണിക്ക് അടൂർ ഇ.എം.റ്റി.എം. സ്പിരിചാലിറ്റി സെന്ററിൽ വെച്ച് നടന്നു. വാർഷിക റിപ്പോർട്ട്, കണക്ക് ബഡ്ജറ്റ് എന്നിവ അംഗീകരിച്ചു.

ഭദ്രാസന കൺവൻഷൻ: 36-ാമത് ഭദ്രാസന കൺവൻഷൻ 2020 ജനുവരി 1 മുതൽ 5 വരെ അടൂർ മാർത്തോമ്മാ കൺവൻഷൻ നഗറിൽ നടന്നു. അഭിവന്ദ്യ ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനി കൺവൻഷൻ ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ ഏബ്രഹാം മാർ പൗലൊസ് തിരുമേനി അദ്ധ്യക്ഷത വഹിച്ചു. റവ. അലക്സ് പി. ജോൺ, റവ. ഡോ. ജോൺ ഫിലിപ്പ്, റവ. ബോബി മാത്യു, റവ. എ. റ്റി. സക്കറിയ, റവ. സജു ശമുവേൽ, റവ. വിനോയി ഡാനിയേൽ, റവ. കെ. തോമസ്, ഡോ. തോമസ് ജോർജ്ജ്, പ്രൊഫ മേരി മാത്യു, സി.എസ്.എസ്.എം. പ്രവർത്തകർ എന്നിവർ മുഖ്യ പ്രസംഗകർ ആയിരുന്നു. ഞായറാഴ്ച വിശുദ്ധ കുർബ്ബാനയ്ക്ക് അഭിവന്ദ്യ തോമസ് മാർ തിമൊഥിയോസ് തിരുമേനി നേതൃത്വം നൽകി. 2020 ഭദ്രാസന കുടുംബത്തിന് പ്രാധാന്യം നൽകി കുടുംബ ദൃഢീകരണ വർഷമായി വേർതിരിച്ച് 365 ചിന്തകളടങ്ങിയ വചനക്കൂട് എന്ന പുസ്തകം പ്രസിദ്ധീകരിച്ചു.

ഭദ്രാസന റൂബി ജൂബിലി: അടൂർ ഭദ്രാസനം നാൽപ്പതാം വർഷത്തിലേക്ക് പ്രവേശിച്ചു. അതിന്റെ ഭാഗമായി വിവിധ പരിപാടികൾ നടത്തുവാനുള്ള ക്രമീകരണം ചെയ്തു. അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനി ഒരു വർഷം നീണ്ടു നിൽക്കുന്ന റൂബി ജൂബിലി ഉദ്ഘാടനം ചെയ്തു. കുടുംബസംഗമം, ഫാമിലി ഹാർമണി, ഉപന്യാസ മത്സരം, സുവർണ്ണ ദമ്പതികളെ ആദരിക്കൽ, ഫാമിലി ക്വിസ്, റൂബി ജൂബിലി സമാപനം എന്നിവ നടത്തുവാൻ ക്രമീകരണം ചെയ്തു.

സൃഷ്ടിക്കൊരു സങ്കീർത്തനം: 2019 ഡിസംബർ 8-ന് യൂത്ത് സെന്ററിൽ വെച്ച് നടത്തപ്പെട്ടു. ശ്രീ. ബന്യാമിൻ ക്രിസ്തുമസ് സന്ദേശം നൽകി.

കുടുംബസംഗമം: 2020 ജനുവരി 25-ന് കുടുംബസംഗമം നടത്തപ്പെട്ടു. റവ. പി. ഏബ്രഹാം സ്കറിയ, സണ്ടേസ്കൂൾ പ്രവർത്തകർ എന്നിവർ നേതൃത്വം നൽകി.

ഹെർമ്മോൻ ദൂതൻ: ഭദ്രാസനത്തിന്റെ ഔദ്യോഗിക മുഖപത്രമായ ഹെർമ്മോൻ ദൂതൻ മൂന്നുമാസത്തിൽ ഒരിക്കൽ പ്രസിദ്ധീകരിക്കുന്നു. ഭദ്രാസന എപ്പിസ്കോപ്പായുടെ കത്ത്, ഭദ്രാസന സെക്രട്ടറിയുടെ അറിയിപ്പുകൾ, ലേഖനങ്ങൾ, പഠനങ്ങൾ, മിഷൻ പ്രവർത്തനങ്ങൾ എന്നിവ ഇവയിൽ ഉൾപ്പെടുന്നു. ഈ ഭദ്രാസനത്തിലെ എല്ലാ ഭവനങ്ങളിലും ഇതിന്റെ കോപ്പി ലഭിക്കത്തക്കവിധത്തിൽ ഇടവക ബഡ്ജറ്റിൽ വക കൊള്ളിച്ചുകൊണ്ടുള്ള ക്രമീകരണം ചെയ്തിട്ടുണ്ട്.

ഭദ്രാസന ഞായർ: 2019 ആഗസ്റ്റ് 18-ന് ഭദ്രാസനദിന ഞായർ ആയി ആചരിച്ചു. ഭദ്രാസനത്തിലെ പൊതു ആവശ്യത്തിനായി ധനശേഖരണവും നടത്തി.

ജീവകാരുണ്യ പ്രവർത്തനങ്ങൾ: ഭദ്രാസനത്തിലെ വിവിധ പദ്ധതികളിലൂടെ ഭവനസഹായം, ചികിത്സാ സഹായം, വിവാഹസഹായം, വിദ്യാഭ്യാസ സഹായം, എന്നിവ നൽകി. പുതിയ ഇടവകകളുടെ നിർമ്മാണത്തിനായി സാമ്പത്തിക സഹായവും നൽകിയിട്ടുണ്ട്.

ബി.സി.ഡി.സി.: ഭദ്രാസനത്തിലെ പുതിയ ഇടവകകളുടെ ക്ഷേമപ്രവർത്തനങ്ങൾ ലക്ഷ്യമാക്കി ബി.സി.ഡി.സി. സബ് കമ്മിറ്റി പ്രവർത്തിക്കുന്നു.

ഇടവക ചുമതലക്കാരുടെ മീറ്റിംഗ്: 2019 ആഗസ്റ്റ് 11-ന് ഭദ്രാസനത്തിലെ ഇടവക ചുമതലക്കാരുടെ മീറ്റിംഗും ശുശ്രൂഷകരുടെ മീറ്റിംഗും നടത്തി.

മിഷൻ പ്രവർത്തനങ്ങൾ

ഗഡ്ഗേശ്വർ, ആന്ധ്രാപ്രദേശ്: സെക്കന്തരാബാദിനടുത്തുള്ള ഗഡ്ഗേശ്വർ വില്ലേജിൽ ഒരു സുവിശേഷകൻ താമസിച്ച് പ്രവർത്തിക്കുന്നു. ടെയ്‌ലറിംഗ് സ്കൂൾ, ട്യൂഷൻ സെന്റർ, മെഡിക്കൽ ക്യാമ്പ്, സൺഡേസ്കൂൾ, ആരാധന എന്നിവയും ഇവിടെ നടക്കുന്നു.

സത്യവാടി, തമിഴ്നാട്: അഭിവന്ദ്യ ഡോ. അലക്സാണ്ടർ മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ 80-ാമത് ജന്മദിനത്തോടനുബന്ധിച്ച് ആരംഭിച്ച തമിഴ്നാട്ടിലെ സത്യവാടി മിഷൻ 26 വർഷം പിന്നിടുന്നു. ഒരു സുവിശേഷകൻ ഇവിടെ താമസിച്ച് പ്രവർത്തിക്കുന്നു. എല്ലാ ഞായറാഴ്ചയും ആരാധന, ഭവന പ്രാർത്ഥന, തയ്യൽസ്കൂൾ, സൺഡേസ്കൂൾ, വി.ബി.എസ്. എന്നിവ ക്രമമായി നടന്നുവരുന്നു.

പൂതങ്കര: 1990-ൽ ഇളമണ്ണൂരിനു സമീപം ആരംഭിച്ച മിഷൻ കേന്ദ്രമാണിത്. 10 ഭവനങ്ങൾ ആരാധനയ്ക്കായി കൂടിവരുന്നു. ഭവനസന്ദർശനം, പ്രാർത്ഥനായോഗങ്ങൾ, സഹായപദ്ധതികൾ, തയ്യൽ പരിശീലനം. കൊടുമൺ പ്ലാന്റേഷനിലെ തൊഴിലാളികളുടെ ഇടയിലുള്ള പ്രവർത്തനം എന്നിവ പ്രധാനപ്പെട്ടതാണ്. പ്രസ്തുത വർഷം മിഷൻ വീട് പുതുക്കിപ്പണിതു.

പുന്നല: ദിവംഗതനായ എം.ജെ. ജോൺ കശ്ശീശാ സഭയ്ക്കു നൽകിയ സ്ഥലത്താണ് പത്തനാപുരത്തിനടുത്തുള്ള പുന്നല മിഷൻ. ഇവിടെ ഒരു സുവിശേഷകൻ താമസിച്ചുകൊണ്ട് പുന്നല, കുര്യോട്ടുമല എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്നു.

കുന്നത്തൂർ മിഷൻ: കണ്ണംകോട് സെന്ററിൽ ഉൾപ്പെട്ട സുവിശേഷവേല സ്ഥലമാണിത്. ഇവിടെ ഒരു മിഷൻവീട് നിർമ്മിച്ചിട്ടുണ്ട്. സുവിശേഷകൻ ചുറ്റുപാടുമുള്ള ഭവനങ്ങൾ സന്ദർശിച്ച് സുവിശേഷം അറിയിക്കുന്നു.

തറയിൽകടവ്: കായംകുളത്തിനു സമീപം കടൽത്തീരത്തുള്ള മിഷൻ കേന്ദ്രമാണിത്. ഭദ്രാസനവും, കായംകുളം സെന്ററിലെ ഇടവകകളും, സെന്റർ സന്നദ്ധ സുവിശേഷ സംഘവും ചേർന്ന് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. അഞ്ച് കുടുംബങ്ങൾ തറയിൽകടവ് പള്ളിയിൽ കൂടിവരുന്നു. മൂന്നാം ഞായറാഴ്ച വിശുദ്ധ കുർബ്ബാനയും നടക്കുന്നുണ്ട്. 80 കുട്ടികൾ പഠിക്കുന്ന ഒരു ട്യൂഷൻ സെന്ററും തയ്യൽ സ്കൂളും ബാലജനസഖ്യവും ഇവിടെയുണ്ട്. ഒരു സുവിശേഷകൻ ഇവിടെ താമസിച്ച് പ്രവർത്തിക്കുന്നു.

പുതുപ്പള്ളി: 1937-ൽ സുവിശേഷ സേവികാസംഘം ആരംഭിച്ച വേലസ്ഥലമാണിത്. ഭദ്രാസനത്തിന്റെയും കായംകുളം മാർത്തോമ്മാ ഇടവകയുടെയും ചുമതലയിൽ ഈ പ്രവർത്തനം വളർന്നുകൊണ്ടിരിക്കുന്നു. ഒന്നാം ഞായറാഴ്ചകളിൽ വിശുദ്ധ കുർബ്ബാന നടത്തപ്പെടുന്നു. മാനസിക രോഗികളെ സഹായിക്കുന്ന പ്രകാശധാര, ഭക്ഷണകിറ്റ് വിതരണം എന്നിവ നടത്തപ്പെടുന്നു. പ്രസ്തുത വർഷം മണിമേലി എന്ന സ്ഥലത്ത് ഒരു മിഷൻ ഫീൽഡ് ആരംഭിച്ചു.

സാന്ത്വനം (പെയിൻ & പാലിയേറ്റീവ് കെയർ): സമൂഹത്തിൽ വേദന അനുഭവിക്കുന്നവർക്ക് ആശ്വാസമായിത്തീരുവാൻ, മാറാരോഗികൾക്ക് സാന്ത്വനമേകുവാൻ ഭദ്രാസനമായി ചെയ്യുന്ന പ്രവർത്തനമേഖലയാണ് സാന്ത്വനം. 2019 ആഗസ്റ്റ് മുതൽ പ്രായമുള്ളവർക്കായി പകൽവീട് ആരംഭിച്ചു.

അനുഗ്രഹ ഡി-അഡിക്ഷൻ & മാർ ക്രിസോസ്റ്റം സെന്റിനറി ബ്ലോക്ക്: മദ്യം, മയക്കുമരുന്ന് മുതലായ ലഹരിവസ്തുക്കൾക്ക് അടിമപ്പെട്ടുപോയവരെ അതിൽ നിന്നും വിടുതൽ നൽകുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് അനുഗ്രഹ ഡി-അഡിക്ഷൻ. എല്ലാ മാസവും മദ്യാസക്തർക്കായി 10 ദിവസത്തെ ക്യാമ്പ് സ്പിരിചാലിറ്റി സെന്ററിൽ വെച്ച് നടത്തപ്പെടുന്നു. 240 ഭവനങ്ങൾ ഈ വിപത്തിൽനിന്ന് മോചനം ലഭിച്ച് സന്തോഷ ത്തോടെ ജീവിക്കുന്നു. 14 സ്ഥലങ്ങളിൽ എ.എ. കൂട്ടായ്മകൾ നടക്കുന്നു.

ധ്യാനകേന്ദ്രങ്ങൾ

ഇ.എം.റ്റി.എം. സ്പിരിചാലിറ്റി സെന്റർ, അടൂർ: അഭിവന്ദ്യ ഈശോ മാർ തിമൊഥെയോസ് തിരുമേനിയുടെ സ്മരണാർത്ഥമുള്ള സ്പിരിച്ചാലിറ്റി സെന്റർ അനേകരുടെ ധ്യാന ജീവിതത്തിനും ആത്മീയ വളർച്ചയ്ക്കും പ്രചോദനം നൽകുന്നു. ചൊവ്വാഴ്ച തോറും ധ്യാനവും എല്ലാ ആദ്യ ശനിയാഴ്ചകളിൽ റിവൈവൽ മീറ്റിംഗും നടക്കുന്നു. യുവാക്കൾക്കായി കോർഗ്രൂപ്പ് ഫെല്ലോഷിപ്പ്, ഉദ്യോഗസ്ഥർക്കായി കൂട്ടായ്മയും നടന്നുവരുന്നു.

പ്രീ മാരിറ്റൽ / പോസ്റ്റ് മാരിറ്റൽ കൗൺസിലിംഗ് പ്രോഗ്രാം: ഇ.എം.റ്റി.എം. സ്പിരിചാലിറ്റി സെന്റർ മൂത്താമ്പാക്കൽ സാധു കൊച്ചുകുഞ്ഞ് ഉപദേശിയുടെ സ്മരണയാൽ ധന്യമായ സീയോൻകുന്നിൽ എല്ലാ ബുധനാഴ്ചയും ധ്യാനയോഗങ്ങൾ നടക്കുന്നു. റിപ്പോർട്ട് വർഷത്തിലും സീയോൻകുന്ന് കൺവൻഷൻ വളരെ ഭംഗിയായി നടന്നു.

ഭദ്രാസനത്തിലെ സ്ഥാപനങ്ങൾ

മാർത്തോമ്മാ ഗുരുകുലം: മാർത്തോമ്മാ ദയറായ സമൂഹത്തിന്റെ ചുമതലയിൽ നടത്തുന്ന സുവിശേഷവേലയ്ക്കു വേണ്ടി സമർപ്പിക്കപ്പെട്ട ആൺകുട്ടികളുടെ ഹോസ്റ്റലാണ് മണക്കാലയിലുള്ള മാർത്തോമ്മാ ഗുരുകുലം. ഇപ്പോൾ 20 കുട്ടികൾ ഇവിടെ താമസിച്ച് സ്കൂൾ വിദ്യാഭ്യാസവും ആരാധനാക്രമങ്ങളും പ്രാർത്ഥനാജീവിത ശൈലിയും അഭ്യസിക്കുന്നു.

മാർത്തോമ്മാ ശാന്തിഭവനം, വവ്വാക്കാവ്: കരുനാഗപ്പള്ളി വവ്വാക്കാവിൽ സമൂഹത്തിൽ തഴയപ്പെട്ടവരും വാർദ്ധക്യത്തിൽ ഉപേക്ഷിക്കപ്പെട്ടവരുമായ ആളുകളുടെ ആശ്രയമാണ് ശാന്തിഭവനം. ശ്രീ. സദാശിവ കാരണവരാണ് ഈ സ്ഥലവും കെട്ടിടവും സഭയ്ക്ക് നൽകിയത്. ജാതി-മത വ്യത്യാസം കൂടാതെ നിരാലംബരായ അശരണർക്ക് താമസവും, സംരക്ഷണവും ഇവിടെ ലഭിക്കുന്നു.

ദീപ്തി സ്കിൽ ഡവലപ്പ്മെന്റ് സെന്റർ, പള്ളിപ്പാട്: 1991-ൽ അടൂർ ഭദ്രാസന സേവികാസംഘത്തിന്റെ ചുമതലയിൽ ആരംഭിച്ച ദീപ്തി ബാലികാഭവന്റെ പ്രവർത്തനം 2018 ൽ നിർത്തുകയും തലസ്ഥാനത്ത് ദീപ്തി സ്കിൽ ഡെവലപ്മെന്റ് സെന്റർ എന്ന സ്ഥാപനം ആരംഭിച്ചു. 18 വയസ്സിന് മുകളിലുള്ള 25 പേർ ക്രാഫ്റ്റ്, തയ്യൽ, പെയിന്റിംഗ് ആദിയായ തൊഴിൽ പരിശീലിക്കുന്നു. വ്യത്യസ്ത കഴിവുള്ള 8 പേർ ഇവിടെ താമസിച്ച് തൊഴിൽ പരിശീലിക്കുന്നുണ്ട്.

ആശാഭവൻ - പിടവൂർ: പത്തനാപുരത്തിനടുത്തുള്ള പിടവൂരിൽ ശാരീരിക പരിമിതികളുള്ളവരുടെ ക്ഷേമത്തിനായി 1981-ൽ ആരംഭിച്ചതാണ് ആശാഭവൻ. 61 കുട്ടികൾ ഇപ്പോൾ പഠനത്തിനും തൊഴിലധിഷ്ഠിത പരിശീലനത്തിനുമായി ഇവിടെ താമസിക്കുന്നു. 2 കുട്ടികൾ എം.കോമിനും, 6 കുട്ടികൾ +2 വിനും, 2 പേർ 10 ലും പഠിക്കുന്നു. 7 കുട്ടികൾ തൊഴിലധിഷ്ഠിത കോഴ്സിന് പഠിക്കുന്നു. ഫാഷൻ ഡിസൈനിംഗ്, ഡി.ജി.എ എന്നീ കോഴ്സുകളും ഇവിടെയുണ്ട്. വിവാഹശുശ്രൂഷകൾക്കും മറ്റ് സാംസ്കാരിക പരിപാടികൾക്കുമായി ഒരു ഗായകസംഘം ഇവിടെ പ്രവർത്തിക്കുന്നു. ഡിസംബർ 3-ന് ക്രിസ്തുമസ് പരിപാടിയും നടന്നു. ഇവിടെ ഒരു ഫിസിയോതെറാപ്പി യൂണിറ്റും, സ്പീച്ച് തെറാപ്പി യൂണിറ്റും പ്രവർത്തിക്കുന്നു.

ജ്യോതിസ് - മാവേലിക്കര: ബുദ്ധിപരവും മാനസികവുമായ വൈകല്യംമൂലം സമൂഹത്തിന്റെ മുഖ്യധാരയിൽനിന്നും അന്യവൽക്കരിക്കപ്പെടുന്ന ഭിന്നശേഷിയുള്ള കുട്ടികളെ പരിശീലനവും ചരിചരണവും നൽകി പരിപോഷിപ്പിക്കുവാൻ ഭദ്രാസനത്തിന്റെ ചുമതലയിൽ 1994-ൽ ആരംഭിച്ച കേരള വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരമുള്ള സ്ഥാപനമാണ് ജ്യോതിസ് സ്പെഷ്യൽ സ്കൂൾ. ഇപ്പോൾ ഇവിടെ 67 കുട്ടികളും 23 പ്രവർത്തകരുമുണ്ട്. 4 മുതൽ 18 വയസ്സുവരെയുള്ളവർക്ക് പ്രവേശനം നൽകി സൗജന്യ വിദ്യാഭ്യാസവും പരിശീലനവും നൽകുന്നു. സ്പീച്ച് തെറാപ്പി, ഫിസിയോതെറാപ്പി, എന്നിവയും ബാൻഡ്സെറ്റ്, ഇതര തൊഴിൽ, കലാകായികം, യോഗ, ഡാൻസ്, സംഗീതം എന്നിവയിലും പരിശീലനം നൽകിവരുന്നു. പഠനത്തിൽ നിലവാരം പുലർത്തുന്ന കുട്ടികളെ തെരഞ്ഞെടുത്ത് 4,7,10 ക്ലാസ്സുകളിലേക്ക് തുല്യതാ പരീക്ഷയ്ക്കായി തയ്യാറെടുപ്പിക്കുന്നു. മെത്രാപ്പോലീത്താ തിരുമേനി പ്രസിഡന്റായി പ്രത്യേകം ശ്രദ്ധയും പരിലാളനയും നൽകിവരുന്നു.

മാർത്തോമ്മാ റെസിഡൻഷ്യൽ സ്കൂൾ, കലയപുരം: കലയപുരം സീയോൻകുന്നിൽ 2013-ൽ സ്കൂളിന്റെ പ്രവർത്തനം ആരംഭിച്ചു. സി.ബി.എസ്.ഇ. സിലബസിലുള്ള പഠനമാണ് നടക്കുന്നത്. 213-ൽ അധികം കുട്ടികളുമായി ഈ സ്ഥാപനം വളർച്ചയുടെ പാതയിലാണ്.

സെന്റ് തോമസ് മിഷൻ ഹോസ്പിറ്റൽ, കറ്റാനം: 1948-ൽ ഡോ. സി.ജി. കുര്യൻ സഭയ്ക്ക് ദാനമായി നൽകിയ 4 ഏക്കറും സഭ വാങ്ങിയ 16 ഏക്കൽ സ്ഥലത്തുമായി ആരംഭിച്ച കറ്റാനം സെന്റ് തോമസ് മിഷൻ ഹോസ്പിറ്റൽ 70 വർഷം പിന്നിടുന്നു. 300 കിടക്കകളും 24 ഡിപ്പാർട്ട്മെന്റിലുമായി 43 ഡോക്ടർമാർ പ്രവർത്തിക്കുന്നു. അന്ധതാനിവാരണ പ്രവർത്തനങ്ങളും, ആധുനിക ശസ്ത്രക്രിയ സൗകര്യങ്ങളും, വൃക്കരോഗ ചികിത്സകളും കുറഞ്ഞ ചെലവിൽ ഡയാലിസിസും നടത്തപ്പെടുന്നു. നിർധനർക്കായുള്ള ഗവണ്മെന്റ് ആരോഗ്യ ഇൻഷുറൻസ് പദ്ധതികളും, ലഹരി വിമുക്ത പ്രവർത്തനങ്ങളും, കൗൺസിലിംഗും ഇവിടെ ലഭ്യമാണ്. എ.എൻ.എം, ജി.എൻ.എം, ബി.എസ്.സി(നഴ്സിംഗ്), ബി.ഫാം, സി.സി, ബി,എസ്,സി. ഒപ്ടോമെട്രി, ഡി.എം.എൽ.റ്റി, എന്നിവയിലായി 500 കുട്ടികൾ പഠിക്കുന്നു. കാർഡിക് ഡിപ്പാർട്ട്മെന്റ്, ഒപ് താൽമോളജി ടെക്നോളജി, എൻ.എം. നേഴ്സിംഗ്, ലാബ് ടെക്നീഷ്യൻ, മൾട്ടീപർപ്പസ് ഹെൽത്ത് വർക്കേഴ്സ് ആദിയായവ മികച്ച നിലവാരത്തിൽ നടത്തിവരുന്നു. എം.എസ്.സി. നേഴ്സിംഗ് കോഴ്സും ആരംഭിച്ചു. റിപ്പബ്ലിക്, ഓണം, ക്രിസ്തുമസ് ആഘോഷങ്ങളും, കുട്ടികൾക്കായുള്ള ധ്യാനം, ആരാധന എന്നിവയും നടന്നുവരുന്നു.

സംഘടനകൾ

സൺഡേസ്കൂൾ: സൺഡേസ്കൂൾ സമാജത്തിന്റെ പാഠ്യപദ്ധതി അനുസരിച്ച് 93 സൺഡേസ്കൂളുകളിലായി 4335 കുട്ടികളും 866 അദ്ധ്യാപകരും ഉണ്ട്. വിദ്യാർത്ഥിക്യാമ്പ്, സമർപ്പിത വിദ്യാർത്ഥി ക്യാമ്പ്, താലന്തുപരിശോധന, അർദ്ധവാർഷിക പരീക്ഷ, സമാജം പരീക്ഷകൾ, ബാലസമാജോത്സവം, ബൈബിൾ ക്വിസ്സ്, വി.ബി.എസ്, സൺഡേസ്കൂൾ ദിനാചരണവും റാലിയും, മദ്ധ്യസ്ഥപ്രാർത്ഥന, കുടുംബദിന പ്രത്യേക മീറ്റിംഗ്, അദ്ധ്യാപക പരിശീലന കളരി, ക്ലസ്റ്റർ പരിശീലനം, പ്രഥമാ ദ്ധ്യാപക സമ്മേളനം, സൺഡേസ്കൂൾ കൺവൻഷൻ എന്നിവ നടത്തി.

യുവജനസഖ്യം: ഭദ്രാസന യുവജനസഖ്യത്തിന്റെ പ്രവർത്തനങ്ങൾ വിവിധ സബ് കമ്മിറ്റികളിലൂടെയാണ് നടക്കുന്നത്. ത്രിദിന നേതൃത്വ പരിശീലന കളരി, പഠന കൂട്ടായ്മ, ഭദ്രാസന കലാമേള, വനിതാ സമ്മേളനം എന്നിവ നടത്തി. പച്ചക്കറിവിത്ത്, വൃക്ഷത്തൈ വിതരണം, മദ്യവർജ്ജന ക്യാമ്പ് എന്നിവയും നടത്തി. കൂടാതെ കരിയർ ഗൈഡൻസ് ക്ലാസ്, സ്കൂൾ കിറ്റ് വിതരണം, പുസ്തകശാല, യുവവേദി മീറ്റിംഗ് എന്നിവ നടത്തി.

സന്നദ്ധ സുവിശേഷക സംഘം: ഭദ്രാസന സെന്റർ, ശാഖാ ചുമതലക്കാർക്കായി ഒരു പ്രവർത്തക സമ്മേളനവും, രണ്ട് മേഖലാ സമ്മേളനങ്ങളും, മിഷൻ ടു പാരിഷ്, ഏകദിന ആത്മാ യ പരിശീലന കളരിയും, പാലിയേറ്റീവ് കെയർ, വേദപുസ്തക വായന, മദ്യവർജ്ജന പരിപാടികൾ എന്നിവ നടത്തിവരുന്നു. ഭദ്രാസന കൺവൻഷനോടനുബന്ധിച്ച് പ്രത്യേക സമ്മേളനവും ഉണ്ടായിരുന്നു.

സേവികാസംഘം: 6 സെന്ററുകളിലായി 90 ശാഖകൾ ഉണ്ട്. ചുമതലക്കാരുടെ സമ്മേളനം, മേഖലാസമ്മേളനങ്ങൾ, 'വിഡോസ് ആൻഡ് സിംഗിൾ പേരന്റ്സ്', 'ബ്ലൂം ഫെസ്റ്റ്', ഏകദിന പഠന സമ്മേളനം, യംങ് വിമൻസ് ഫെലോഷിപ്പ് എന്നിവയും നടന്നു. വിദ്യാഭ്യാസ സഹായം, കൺവൻഷൻ ഭക്ഷണശാല, ക്വിസ് മത്സരം എന്നിവയും നടത്തി.

ഭദ്രാസന വികസനസംഘം: ആറ് സെന്ററുകളിലായി 82 ഇടവകകൾ കേന്ദ്രത്തിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നു. പരിസ്ഥിതി പ്രവർത്തനങ്ങൾ, തേനീച്ച വളർത്തൽ പരിശീലനം, കൂൺകൃഷി പരിശീലനം, വാഷിംഗ് സോപ്പ് നിർമ്മാണം, മെഴുകുതിരി നിർമ്മാണം, ഓണത്തിന് ഒരു മുറം പച്ചക്കറി, സ്വദേശി ഉൽപ്പന്നങ്ങളുടെ പ്രദർശനവും വിൽപ്പനയും, ആട് വിതരണം, പ്ലാവിൻതൈ വിതരണം, വിദ്യാഭ്യാസ സഹായപദ്ധതി, തയ്യൽ ക്ലാസ്, മൈക്രോ ഫൈനാൻസ്, പഠനയാത്ര, ആരോഗ്യ സെമിനാർ, വികസന സ്റ്റാൾ എന്നിവ നടത്തി.

3.11 ചെന്നൈ - ബാംഗ്ലൂർ ഭദ്രാസനം

തമിഴ്നാട്, കർണ്ണാടക, ആന്ധ്രാപ്രദേശ്, തെലുങ്കാന എന്നീ നാല് സംസ്ഥാനങ്ങളിലും ആൻഡമാൻ നിക്കോബാർ, പുതുച്ചേരി എന്നീ കേന്ദ്രഭരണ പ്രദേശങ്ങളിലും കുവൈറ്റ് സെന്റ്

തോമസ്, സെന്റ് ജെയിംസ് എന്നീ ഗൾഫ് ഇടവകകളും ചേർന്ന് വ്യാപിച്ചു കിടക്കുന്ന ചെന്നൈ - ബാംഗ്ലൂർ ഭദ്രാസനത്തിൽ 10 സെന്ററുകളിലായി, 74 ഇടവകകളും, 71 കോൺഗ്രിഗേ ഷനുകളും, 54 ചാപ്പലുകളും, 45 മിഷൻ കേന്ദ്രങ്ങളും ധാരാളം ഭവനാരാധനാ സമൂഹങ്ങളും ഉൾപ്പെടുന്നു. വിശ്വാസ സമൂഹത്തെ ആദ്ധ്യാത്മികമായി ബലപ്പെടുത്തുന്നതോടൊപ്പം ദൗത്യനിർവ്വഹണത്തിനായി ഇടവകകളെ സജ്ജമാക്കുന്നതിനും ആവശ്യമായ നേതൃത്വം ഭദ്രാസനം നൽകികൊണ്ടിരിക്കുന്നു. അഭിവന്ദ്യ ഡോ. മാത്യൂസ് മാർ മക്കാറിയോസ് എപ്പിസ് ക്കോപ്പാ തിരുമനസ്സിന്റെ നിസ്തുല്യ നേതൃത്വവും മാർഗ്ഗനിർദ്ദേശങ്ങളും ഈ ഭദ്രാസനത്തിന്റെ ആകമാന വളർച്ചയ്ക്കും ഉന്നമനത്തിനും സഹായിച്ചുകൊണ്ടിരിക്കുന്നതോടൊപ്പം കാലഘട്ടത്തെ വിവേചിച്ച് അറിഞ്ഞ് അതിന്റെ സ്പന്ദനങ്ങൾ ഉൾക്കൊണ്ട് ഒരു മിഷനറി ഭദ്രാസനം എന്ന നാമം അന്വർത്ഥമാകുംവണ്ണം മുന്നേറുവാനും സംഗതിയാക്കി. സർവ്വശക്തനായ ദൈവം കഴിഞ്ഞ പ്രവർത്തന വർഷത്തിലും അനവരതമായ കൃപകളാലും നന്മകളാലും ഭദ്രാസനത്തെ നയിച്ചു എന്നത് നന്ദിപൂർവം സ്മരിച്ചുകൊണ്ട് ഈ ലഘു റിപ്പോർട്ട് സമർപ്പിക്കുന്നു.

1. ഭദ്രാസനം

പട്ടക്കാരും സുവിശേഷകരും: ക്രമീകൃതമായ ഭദ്രാസന പ്രവർത്തനങ്ങളിൽ, ഉൽസുകരായ പട്ടക്കാരുടെയും സുവിശേഷകരുടെയും നിസ്വാർഥ സേവനം അഭിനന്ദനാർഹമാണ്. റിപ്പോർട്ട് വർഷം 92 വൈദികർ ഭദ്രാസനത്തിൽ വിവിധ ഇടവകകളിലും, മിഷൻ ഫീൽഡുകളിലും, സ്ഥാപനങ്ങളിലുമായി സജീവ സേവനത്തിലൂടെ ഭദ്രാസന പ്രവർത്തനങ്ങളെ കൂടുതൽ ധന്യമാക്കി. കൂടാതെ സജീവ സേവനത്തിൽനിന്നും വിരമിച്ച 9 വൈദികരും പഠനം നടത്തുന്ന 5 വൈദികരും ഭദ്രാസനത്തിനുള്ളിൽ താമസിച്ച് വിവിധ പ്രവർത്തനങ്ങളിൽ പങ്കുകാരായി. 68 ഭദ്രാസന സുവിശേഷകരും സുവിശേഷ സംഘത്തിന്റെ 125 സുവിശേഷകരും സുവിശേഷപ്രവർത്തനങ്ങളെ ജീവസുറ്റതാക്കി.

ഭദ്രാസന കൗൺസിൽ: ചിന്തകൾ വാക്കുകളാകണം വാക്കുകൾ പ്രവർത്തികളാകണം. തക്ക തീരുമാനം എടുക്കുന്നതിലും അതു പ്രവർത്തിപദത്തിൽ എത്തിക്കുന്നതിലും ഭദ്രാസന കൗൺസിലിന്റെ മികവ് വളരെ ശ്രദ്ധേയമായിരുന്നു. തന്നാണ്ടിൽ തെരഞ്ഞെടുക്കപ്പെട്ട ഔദ്യോഗിക ഭാരവാഹികളെ കൂടാതെ 24 അംഗങ്ങൾ അടങ്ങിയതായിരുന്നു ഭദ്രാസന കൗൺസിൽ. വിവിധ പദ്ധതികളുടേയും പ്രോഗ്രാമുകളുടേയും നടത്തിപ്പിനാ വശ്യമായ നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനായി തന്നാണ്ടിൽ 6 പ്രാവശ്യം കൗൺസിൽ മീറ്റിങ്ങുകൾ കൂടി. റവ. ബിജു എസ്. ചെറിയാൻ ഭദ്രാസന സെക്രട്ടറിയായും, ശ്രീ. സാബു ജോൺ ഭദ്രാസന ട്രഷററായും സേവനം അനുഷ്ഠിക്കുന്നു. റവ. ഷൈനു ബേബി ബിഷപ്പ് സെക്രട്ടറിയായും പ്രവർത്തിക്കുന്നു.

2. സമ്മേളനങ്ങളും ധ്യാനങ്ങളും

പട്ടക്കാരുടെ വാർഷിക സമ്മേളനം: ഈ വർഷത്തെ വൈദികരുടെ വാർഷിക സമ്മേളനം 2019 നവംബർ 5 മുതൽ 8 വരെ ഗോവയിലുള്ള Pilar മിഷൻ സെമിനാരിയിൽ വച്ച് നടത്തപ്പെട്ടു. അഭിവന്ദ്യ മാത്യൂസ് മാർ മക്കാറിയോസ് എപ്പിസ്കോപ്പ മുഖ്യ നേതൃത്വം നൽകി. റവ. ഷിബു കുര്യൻ 'Kenosis Unveil the time' എന്ന വിഷയത്തെ അടിസ്ഥാനപ്പെടുത്തി ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. Goa and Damen ആർച്ച് ബിഷപ്പ് Most. Rev. Filipe Neri Ferano ഈ സമ്മേളനം ഉത്ഘാടനം ചെയ്തു.

യുവജന സമ്മേളനം: ഭദ്രാസനത്തിലെ 500 ഓളം യുവജനങ്ങൾ പങ്കെടുത്ത 14-ാമത് ഭദ്രാസന യുവജന സമ്മേളനം 2019 മെയ് 30 മുതൽ ജൂൺ 2 വരെ ഹിന്ദുസ്ഥാൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ആന്റ് സയൻസ്, പടൂർ, ചെന്നൈയിൽ വച്ച് നടത്തപ്പെട്ടു

റീജിനൽ യൂത്ത് കോൺഫറൻസ്: ഭദ്രാസനത്തിന്റെ അധീനതയിലുള്ള വിവിധ പ്രദേശങ്ങളിലെ പ്രാദേശിക യുവജനങ്ങളെ ഒരുമിപ്പിച്ച് പല സംസ്ഥാനങ്ങളിലായി റീജിനൽ യൂത്ത് കോൺഫറൻസ് നടത്തുവാൻ സാധിച്ചു. തെലുങ്ക് റീജിനൽ യൂത്ത് കോൺഫറൻസ് ജനുവരി 10,11 തീയതികളിൽ മൈദുക്കൂറിൽ വച്ച് നടത്തപ്പെട്ടു. കർണ്ണാടകയിലെ റീജിനൽ യൂത്ത് കോൺഫറൻസ് ഒക്ടോബർ 24 മുതൽ 28 വരെ ബീരാസാന്ദ്രയിലുള്ള മാർത്തോമ്മാ ക്യാമ്പ് സെന്ററിൽ വച്ചു നടത്തപ്പെട്ടു. തമിഴ് റീജിനൽ യൂത്ത് കോഫറൻസ് ജനുവരി 26,27,28 തീയതികളിൽ നടത്തപ്പെട്ടു.

ടീനേജേഴ്സ് കോൺഫറൻസ്: ഭദ്രാസനത്തിന്റെ 16-ാമത്തെ ടീനേജേഴ്സ് കോൺഫറൻസ് ഷോളയൂർ ദർശന റിഹാബിലി റ്റേഷൻ സെന്ററിൽ വച്ച് 2019 ആഗസ്റ്റ് 31 മുതൽ സെപ്റ്റബർ 2 വരെ നടത്തപ്പെട്ടു. 100 ഓളം ടീനേജ് കുട്ടികൾ പങ്കെടുത്തു.

സെന്റർ കവൻഷനുകൾ: ഭദ്രാസനത്തെ മൂന്നു മേഖലകളായി തിരിച്ച് സെന്റർ കൺവൻഷനുകൾ ക്രമീകരിച്ചു. ഹൈദരാബാദ് - സെക്കന്തരാബാദ് സെന്റർ കൺവൻഷൻ 2019 നവംബർ 14-17 വരെ നടന്നു. ചെന്നൈ സെന്റർ കൺവൻഷൻ 2020 ജനുവരി 10-12 വരെ നടന്നു. ബാംഗ്ലൂർ സെന്റർ കൺവൻഷൻ 2020 ജനുവരി 16-19 വരെ നടത്തി. എല്ലാ സെന്റർ കൺവൻഷൻ യോഗങ്ങൾക്കും ഭദ്രാസന എപ്പിസ്കോപ്പാ നേതൃത്വം നൽകി.

മാർത്തോമ കന്നട സംഗമം: കന്നട സംസാരിക്കുന്ന വിശ്വാസികളുടെ സംഗമം 2019 സെപ്റ്റംബർ 7 ശനിയാഴ്ച ബാഗ്ലൂർ മാർത്തോമ്മ സെന്റർ, ബീരസാന്ദ്രയിൽ നടത്തപ്പെട്ടു. 2200ൽ അധികം കന്നട വിശ്വാസികൾ ഈ സംഗമത്തിൽ പങ്കെടുത്തു.

ജാത്ര (കൺവൻഷൻ): വിവിധ മിഷൻ കേന്ദ്രങ്ങൾ സംയുക്തമായി നടത്തുന്ന കൺവൻഷനുകൾ 'ജാത്ര' എന്ന പേരിൽ കർണ്ണാടകയിൽ വിവിധ ഇടങ്ങളിലായി നടത്തപ്പെട്ടു. അനേകം വിശ്വാസികളും അന്വേഷകരും അതിൽ പ്രാർത്ഥനാപൂർവ്വം പങ്കുചേർന്നു.

പട്ടംകൊട ശുശ്രൂഷ: തന്നാണ്ടിൽ ഭദ്രാസനത്തിൽ ഉൾപ്പെട്ട മൂന്നു യുവജനങ്ങൾ സഭാ ശുശ്രൂഷയിൽ പ്രവേശിച്ചു. ബാംഗ്ലൂർ കെ. ആർ. പുരം ബഥേൽ മാർത്തോമ്മ ഇടവകാഗം റവ. ലതിൻ ജോസഫും, റായൽപാട് ശാലോം മാർത്തോമ്മ ഇടവകാഗം റവ. നരേഷ് ബാബുവും, സങ്കേശ്വർ സെന്റ് തോമസ് മാർത്തോമ്മ കോൺഗ്രിഗേഷൻ അംഗമായിരിക്കുന്ന റവ. വസന്ത് പോൾ എന്നിവരുടെ പട്ടംകൊട ശുശ്രൂഷ ഭദ്രാസന എപ്പിസ്കോപ്പാ അഭിവന്ദ്യ മാത്യൂസ് മാർ മക്കാറിയോസ് എപ്പിസ്കോപ്പാ നിർവ്വഹിച്ചു.

3. **മിഷൻ പ്രവർത്തനങ്ങൾ:** ദൈവത്തിന്റെ ദിവ്യമായ സ്നേഹം മറ്റുള്ളവരിൽ, വിശേഷാൽ എളിയവരിലും വേദനിക്കപ്പെടുന്നവരിലും തള്ളപ്പെടുന്നവരിലും പകരപ്പെടുവാനും സുവിശേഷത്തിന്റെ സനാതന സത്യങ്ങൾ വിവിധ ജനതകളിൽ എത്തുവാനുമായി ഭദ്രാസനം അതിന്റെ മിഷൻ പ്രവർത്തന ങ്ങളിലൂടെ പ്രവർത്തിച്ചുകൊണ്ടേയിരിക്കുന്നു. പ്രാദേശിക ഭാഷകളിൽ അനുഷ്ഠിക്കപ്പെടുന്ന വിശുദ്ധ കുർബ്ബാനയും, ആരാധനകളും, കൂട്ടായ്മകളും മിഷൻ പ്രവർത്തനങ്ങളുടെ മാറ്റ് വർദ്ധിപ്പിക്കുന്നു. സമൂഹത്തിന്റെ ഉദ്ധാരണത്തിനും സുവിശേഷത്തിന്റെ വ്യാപ്തിക്കുമായി നടത്തപ്പെടുന്ന പ്രവർത്തനങ്ങളിൽ മുഖ്യമായവ ഇവിടെ ചേർക്കട്ടെ.

ബാലവാടികൾ / സ്കൂളുകൾ: കുരുന്നുകളുടെ വിദ്യാഭ്യാസ ഉന്നമനം ലക്ഷ്യമിട്ട് ഭദ്രാസനത്തിനു കീഴിലുള്ള വിവിധ ഇടങ്ങളിലെ നമ്മുടെ മിഷൻ കേന്ദ്രങ്ങളിലായി 73 ബാലവാടികൾ പ്രവർത്തിക്കുന്നു. സെന്റ് തോമസ് മാർത്തോമ്മാ സ്കൂൾ & പി.യു. കോളജ് - മൈസൂർ, സെന്റ് തോമസ് സ്കൂൾ - നീരേട്മേട്, സെന്റ് തോമസ് സ്കൂൾ - കുറുവാക്കളം, ജ്ഞാനജ്യോതി സ്കൂൾ - മൈദക്കൂർ, ഗ്രാമജ്യോതി സ്കൂൾ - ദിബുരഹള്ളി സെന്റ് ജോൺസ് മാർത്തോമ്മാ സ്കൂൾ, സങ്കാറെഡി, സെന്റ് തോമസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ പോർട്ട്ബ്ലയർ, സെന്റ് തോമസ് സ്കൂൾ ഗുണ്ടൽപേട്ട് തുടങ്ങിയ സ്കൂളുകളിലൂടെ മെച്ചവും മൂല്യാധിഷ്ഠിതവുമായ വിദ്യാഭ്യാസം നൽകുവാനായി സാധിക്കുന്നു.

ഹോസ്റ്റലുകൾ: നമ്മുടെ മിഷൻ സെന്ററുകളോട് ചേർന്ന് നടത്തപ്പെടുന്ന ഹോസ്റ്റലുകൾ കുട്ടികൾക്ക് മെച്ചവും സ്വച്ഛവുമായ ജീവിത സാഹചര്യം ഒരുക്കി നൽകുന്നു. അത് അവരുടെ വ്യക്തിത്വ വികസനത്തിനും പഠനനിലവാരം

ഉയർത്തുന്നതിനും സഹായകരമാണ്.

HIV/AIDS റീഹാബിലിറ്റേഷൻ പ്രോഗ്രാം: അവഗണനയും തള്ളപ്പെടലും പരിഹാസവും പൊതുസമൂഹത്തിൽ നിന്നും ഏറ്റവുമധികം അനുഭവിക്കുന്നവരാണല്ലോ എയിഡ്സ് രോഗികളും അവരുടെ കുടുംബംഗങ്ങളും. ഇത്തരത്തിലുള്ളവർക്കു മാനസികവും ആത്മീകവും സാമൂഹികവുമായ പിൻബലം നൽകുവാനായി പൊള്ളാച്ചി, കുറുവാക്കുളം മിഷൻ സെന്ററുകൾ കേന്ദ്രീകരിച്ച് 'അൻപിൻ കരം' എന്ന പ്രോജക്ട് അനുഗ്രഹകരമായ വിധത്തിൽ പ്രവർത്തിക്കുവാൻ റിപ്പോർട്ട് വർഷത്തിലും ദൈവം സഹായിച്ചു. 300 കുടുംബങ്ങൾക്ക് ആവശ്യമായ സഹായം നൽകാൻ ഈ പ്രോജക്ടിലൂടെ കഴിയുന്നു. ആയിരത്തിലധികം രൂപാ വിലവരുന്ന പോഷക സമൃദ്ധമായ വിഭവങ്ങൾ അടങ്ങിയ Nutrition Kit ഓരോ മാസവും ഇവർക്കായി നൽകുന്നു. District Aids Control Society യുടെ സഹകരണത്തോടെ ഇതര പ്രവർത്തനങ്ങളും കൗൺസിലിങ്ങ് ക്ലാസ്സുകളും ഇവർക്കായി നടത്തപ്പെടുന്നു.

സാമൂഹ്യ ആരോഗ്യ പാലനം: ആരോഗ്യമുള്ള ഒരു സമൂഹത്തിന്റെ സൃഷ്ടിക്കായി നമ്മുടെ മിഷൻ സെന്ററുകൾ ശ്രദ്ധാപൂർവ്വം പ്രവർത്തിക്കുന്നു. കർണ്ണാടകയിലെ ബീരസാന്ദ്ര, ആന്ധ്രയിലെ മൈദക്കൂർ, തമിഴ്നാട്ടിലെ പൊള്ളാച്ചി എന്നീ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന കമ്യൂണിറ്റി ഹെൽത്ത് ക്ലിനിക്കുകൾ സമൂഹത്തിന് വളരെ പ്രയോജനപ്രദമായി ഭവിക്കുന്നതിൽ ദൈവത്തെ സ്തുതിക്കുന്നു.

ചുമട്ടുതൊഴിലാളി കൂട്ടായ്മ: വലിയ തിരുമേനിയുടെ 100-ാം ജന്മദിന ആഘോഷത്തോടുനുബന്ധിച്ച് ആരംഭം കുറിച്ച ചെന്നൈ സെൻട്രൽ റെയിൽവേ സ്റ്റേഷനുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ചുമട്ടുതൊഴിലാളികളുടെ ഒരു കൂട്ടായ്മ ഭദ്രാസനമായി നടത്തിവരുന്നു. ചുമട്ടുതൊഴിലാളികളുടെ ജീവിത ഭാരങ്ങളിൽ കൈത്താങ്ങൽ നൽകുവാൻ പ്രസ്തുത കൂടിവരവ് ഇടയാക്കുന്നു. ഈ വർഷം അവരോടുകൂടി ക്രിസ്മസ് കൂട്ടായ്മ നടത്തുവാൻ സാധിച്ചു. 100ൽ പരം തൊഴിലാളികൾ പങ്കെടുത്തു.

ജസ്റ്റിസ് ആൻഡ് പീസ് കമ്മീഷൻ : ബാംഗ്ലൂർ പ്രിംറോസ് റോഡ് മാർത്തോമ്മ പള്ളിയിൽ വച്ച് "Citizenship in India today' എന്ന വിഷയത്തിൽ ഒരു സെമിനാർ നടത്തപ്പെട്ടു. സഭാ പ്രതിനിധി മണ്ഡല പഠനം. 'നവോത്ഥാനവും നവീകരണവും: ദർശനവും പ്രയോഗവും' എന്ന വിഷയത്തെ ആസ്പദമാക്കി വിവിധ സെന്ററുകളിൽ സെമിനാർ നടത്തപ്പെട്ടു.

ജനപങ്കാളിത്തത്തോടെ നടത്തപ്പെടുന്ന പ്രോജക്ടുകൾ

ഗുണഭോക്താക്കളുടെ സഹകരണത്തോടെ നടത്തപ്പെടുന്ന പ്രോജക്ടുകൾ ആളുകളിലെ സമ്പാദ്യശീലം വർദ്ധിപ്പിക്കുന്നതോടൊപ്പം അവരുടെ ജീവിതത്തിലെ നിർണ്ണായക സമയങ്ങ ളിൽ ഒരു അനുഗ്രഹമായി മാറുകയും ചെയ്യുന്നു. വിദ്യാഭ്യാസ പദ്ധതിയാണ് ഇവയിൽ പ്രധാനമായും ഉള്ളത്. കുറഞ്ഞ വാർഷിക വരുമാനമുള്ള കുടുംബങ്ങളിലെ കുട്ടികളുടെ പത്താം ക്ലാസ്സ് വരെയുള്ള പഠനത്തിനാവശ്യമായ സാമ്പത്തിക സഹായം നൽകുന്നതിനു വേണ്ടി മാതാപിതാക്കളുടെ പങ്കാളി ത്തത്തോടെയാണ് വിദ്യാഭ്യാസ സഹായപദ്ധതി നടത്തുന്നത്. 900 വിദ്യാർത്ഥികൾ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാണ്. റിപ്പോർട്ട് വർഷം 125550/- രൂപ ഈ പദ്ധതി പ്രകാരം ചെലവഴിച്ചു.

വേദപഠന ക്ലാസ്സുകൾ: പുതു തലമുറകളുടെ ആത്മീയ പരിപോഷണത്തിന് ഉതകുന്ന വിധത്തിൽ വിവിധ മിഷൻ കേന്ദ്രങ്ങളിലായി വേദപഠന ക്ലാസ്സുകളും, വി.ബി.എസ്സും നടത്തിവരുന്നു. കുരുന്നുകളെ ദൈവത്തിങ്കലേക്ക് അടുപ്പിക്കുന്നതിന് ഈ ശുശ്രൂഷകളിലൂടെ സാധിക്കുന്നു.

വയോജന മന്ദിരങ്ങൾ: പെരുവഴിയിൽ തള്ളപ്പെട്ട നമ്മുടെ മാതാപിതാക്കൾക്കു വേണ്ടി കാൽ നൂറ്റാണ്ടായി ഹോസ്ക്കോട്ടയിൽ ശാന്തിമന്ദിരം എന്ന സ്ഥാപനം അനുഗ്രഹകരമായി പ്രവർത്തിക്കുന്നു. സമൂ ഹത്തിൽ ഏകാകികളും നിരാലംബരും ആലംബഹീനരുമായിരുന്ന 32 വ്യക്തികളെ പരിചരിച്ച് ഫലകരമായി മുന്നോട്ടുപോകുന്നു. തമിഴ്നാട്ടിലെ കുറുവാക്കളം മിഷനിൽ പ്രവർത്തിക്കുന്ന 'അൻപിൻ കരം' എന്ന വൃദ്ധസദനം അനുഗ്രഹകരമായി നടത്തുന്നതിനു സാധിക്കുന്നു.

കർണ്ണാടക നവജീവന സമിതി

കർണ്ണാടക സംസ്ഥാനത്തിൽ സിദ്ധിലഗട്ട, ചിന്താമണി, റായൽപ്പാട് എന്നീ പ്രധാന മൂന്ന് കേന്ദ്രങ്ങളെ അധികരിച്ച് 200-ൽപരം ഗ്രാമങ്ങളിൽ കഴിഞ്ഞ 45 വർഷക്കാലമായി സുവി ശേഷ വേലകൾ നടത്തിവരുന്നു. 14 സുവിശേഷകരും 3 പട്ട ക്കാരും പ്രവർത്തിക്കുന്നു. പ്രാർത്ഥനാകൂട്ടങ്ങൾ, വി.ബി.എസ്സ്, സണ്ടേസ്ക്കൂൾ, സൗജന്യ ട്യൂഷൻ, കംപ്യൂട്ടർ ക്ലാസ്സ്, ടെയില റിംഗ് ക്ലാസ്സ്, സമൂഹ വിവാഹം, ചികിത്സാ സഹായം, ഉപവാസ പ്രാർത്ഥന, റിട്രീറ്റ് എന്നിവ ക്രമമായി നടത്തിവരുന്നു.

കർണ്ണാടക മിഷൻ ബോർഡ്

ആരാധനക്രമം, പാഠപുസ്തകങ്ങൾ, സണ്ടേസ്ക്കൂൾ പഠന പുസ്തകങ്ങൾ എന്നിവ തദ്ദേശീയ ഭാഷയിലേക്ക് ഭാഷാന്തരം ചെയ്ത് പ്രസിദ്ധീകരിക്കുന്നതിന് മുഖ്യപങ്ക് വഹിക്കുന്ന ഈ പ്രസ്ഥാനം സുവിശേഷകരെ കാലാനുസൃതമായി സജ്ജരാക്കുന്നതിനും അവർക്കാവശ്യമായ നേതൃത്വ പരിശീലന കളരികൾ, ലഹരി വിമോചന പരിപാടികൾ, ആരോഗ്യ പരിരക്ഷ പരിപാടികൾ, യുവജന സമ്മേളനങ്ങൾ, മിഷനറി കോൺഫറൻ സുകൾ എന്നിവ ക്രമീകരിക്കുന്നതിലും മുന്നിട്ടുനിൽക്കുന്നു.

മേൽ സൂചിപ്പിച്ച വിധത്തിലുള്ള ബഹുമുഖമായ ദൗത്യ ശുശ്രൂഷ കളിലൂടെ അനേകർ വിശ്വാസ സമൂഹത്തിന്റെ ഭാഗമായി മാറുന്നു. അന്വേഷികളായി അനേകർ നമ്മുടെ കൂട്ടായ്മകളിൽ എത്തിച്ചേരുകയും വളരെ സജീവതയോടെ നമ്മുടെ പ്രവർത്തനങ്ങളുടെ ഭാഗമാകുന്നു. പുതിയ ഇടവകകളും കോൺഗ്രിഗേഷനുകളും ഭവനാരാധനകളും ഉണ്ടാകുന്നു

4. സാമൂഹിക ക്ഷേമ പദ്ധതികൾ

സമൂഹത്തിലെ വിവിധ തുറകളിൽപ്പെടുന്ന ആളുകളുടെ സൗഖ്യത്തിനും, ക്ഷേമത്തിനുമായി നിറവേറപ്പെടുന്ന ശുശ്രൂഷകൾ ഭദ്രാസനം നിർവ്വഹിക്കുന്നു. ജീവിതത്തെ ധൈര്യപൂർവ്വം അഭിമുഖീകരിക്കുന്നതിനും, ജീവിതത്തിന്റെ വെല്ലുവിളികളെ ധൈര്യപൂർവ്വം അതിജീവിക്കുന്നതിനും വേണ്ടുന്ന പിൻബലം നൽകുന്നതിനും ജീവിതത്തെ കൂടുതൽ അർത്ഥപൂർ ണ്ണമാക്കുന്നതിനും ഇത്തരം ശുശ്രൂഷകളിലൂടെ സാധിക്കുന്നു. വിശ്വാസത്തിന്റെ പരിപോഷണത്തിനും നൂതനമായ സാങ്കേ തിക വിദ്യയിലൂടെ സുവിശേഷം പകരുന്നതിനും സുവിശേഷ ത്തിന്റെ സാക്ഷികളാവാൻ ഒരുക്കുന്നതിനും ഇത്തരം പ്രവർ ത്തനങ്ങൾ സഹായകരമാകുന്നു. അവയിൽ പ്രധാനമായവ ചുവടെ ചേർക്കെട്ടെ.

Basic Needs ഗൈഡൻസ് ഹോം

ലോകമെമ്പാടുനിന്നും വന്നുചേരുന്ന രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കും ആവശ്യമായ ചികിത്സാ-താമസ-യാത്രാ- ഭക്ഷണ ക്രമീകരണങ്ങൾ അലക്സാണ്ടർ മാർത്തോമ്മാ വലിയ മെട്രോപോലിറ്റൻ മെമ്മോറിയൽ ഫെലോഷിപ്പ് ആന്റ് ഗൈഡൻസ് ഹോം - വെല്ലൂർ, ഹോസ്പിറ്റൽ ഗൈഡൻസ് സെന്റർ - മണിപ്പാൽ എന്നിവിടങ്ങളിൽ ഒരുക്കുന്നു. രോഗാവസ്ഥയെ കൃപയോടെ അഭിമുഖീകരിക്കുവാൻ ആവശ്യമായ ആത്മീയ പിൻബലം നൽകാൻ ഈ സെന്ററുകളിലെ സേവന ങ്ങളിലൂടെ സാധിക്കുന്നു. 5000-ൽ അധികം ആളുകൾ തന്നാണ്ടിൽ ഈ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. നിർദ്ധനരായ രോഗികൾക്ക് ആവശ്യമായ സാമ്പത്തിക സഹായവും നൽകിവരുന്നു.

ശാന്തിസദനം (വെല്ലൂർ ഗൈഡൻസ് ഹോം രണ്ടാംഘട്ടം) ആധുനിക സൗകര്യങ്ങളോട് കൂടിയ 40-ൽപരം മുറികൾ ഉപയോഗപ്രദമായ രീതിയിൽ പ്രവർത്തിക്കുന്നു. CMC ഹോസ്പിറ്റൽ വെല്ലൂർ, ഒരു മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ, വെല്ലൂരിൽ നിന്നും 15സാ മാറി കണികാപുരം എന്ന സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടിരിക്കുന്നു. അതിനോട് ഏകദേശം 2സാ അടുത്ത് 1 ഏക്കർ 58 സെന്റ് ഭൂമി വാങ്ങിക്കു വാൻ ദൈവം സഹായിച്ചു. അവിടെ ഒരു ഗൈഡൻസ് സെന്റർ തുടങ്ങുവാൻ ആഗ്രഹിക്കുന്നു. ഈ സ്ഥലം വാങ്ങുന്നതിനു വേണ്ടി സാമ്പത്തിക സഹായം

നൽകിയ എല്ലാവരോടുമുള്ള നന്ദി അറിയിക്കുന്നു.

Light To Life: നോർത്ത് അമേരിക്ക-യൂറോപ്പ് ഭദ്രാസനത്തിന്റെ മിഷൻ ബോർഡിന്റെ സഹായത്തോടുകൂടി നടക്കുന്ന Light To Life Project, ദേവനഹള്ളി, KNS, mission field കളിലെ 658 കുഞ്ഞുങ്ങൾക്ക് വിദ്യാഭ്യാസ സഹായം നൽകുവാൻ സാധിച്ചു. നോർത്ത് അമേരിക്ക-യൂറോപ്പ് ഭദ്രാസനാധിപൻ അഭിവന്ദ്യ ഐസക് മാർ ഫീലക്സിനോസ് എപ്പിസ്കോപ്പാ യോടുള്ള നന്ദി അറിയിക്കുന്നു.

പെയിൻ ആന്റ് പാലിയേറ്റിവ് : ചെന്നൈ - ബാംഗളൂർ സെന്ററുകളിലെ ഇടവകകളിലും പരിസര പ്രദേശങ്ങളിലും ഉള്ള രോഗികളുടെയും വാർദ്ധക്യ സഹജരായവരുടെയും കരുതലിനു വേണ്ടി പെയിൻ ആന്റ് പാലിയേറ്റിവ് കെയർ യൂണിറ്റുകൾ ആരംഭിച്ചു. ഇതിൽ പ്രവർത്തിക്കുവാൻ സന്നദ്ധരായി വന്നവർക്ക് പരിശീലനം ക്രമീകരിക്കുകയും ചെയ്തു. സന്നദ്ധപ്രവർത്തകർ സംഘമായി പ്രവർത്തിക്കുകയും രോഗികളെ സന്ദർശിക്കുകയും അവർക്കു വേണ്ടുന്ന കൈത്താങ്ങലുകൾ നൽകിയും വരുന്നു.

ഗ്രീൻ ഒലീവ്സ്, ബാംഗ്ലൂർ: വാർദ്ധക്യാവസ്ഥയിൽ എത്തുന്ന നമ്മുടെ മാതാപിതാക്കൾക്ക് ആവശ്യമായ പരിരക്ഷയും കരുതലും നൽകുന്നതിനും സ്വതന്ത്രവും മാന്യവും മഹത്വകരവുമായ വിധത്തിൽ ജീവിക്കുന്നതിനുള്ള സൗകര്യങ്ങൾ തങ്ങൾക്ക് വഹിക്കാവുന്ന ചെലവിൽ ഒരുക്കുന്നതിനും, ആത്മീയമായി അവരെ ശക്തീകരിക്കുന്നതിനുള്ള ശുശ്രൂഷകൾ ഒരുക്കുവാനുമായി ബാംഗ്ലൂർ ബീരസാന്ദ്രയിലുള്ള മാർത്തോമ്മാ സെന്ററിനു സമീപമായി വാങ്ങിയ 2 ഏക്കർ ഭൂമിയിൽ ഗ്രീൻ ഒലീവ്സ് എന്ന പേരിൽ ഒരു കമ്യൂണിറ്റി സെന്ററിനു വേണ്ട ക്രമീകരണങ്ങൾ ചെയ്തുവരുന്നു.

മാർത്തോമ്മാ വെൽഫയർ& എജ്യുക്കേഷൻ സൊസൈറ്റി ബാംഗ്ലൂരിൽ മാർത്തോമ്മാ ഓപ്പർച്ച്യൂണിറ്റി സ്ക്കൂൾ, വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ ഫോർ ഡിഫറന്റലി ഏബിൾഡ് & ആശാഭവൻ ഹോസ്റ്റൽ ഫോർ മെന്റലി ചലഞ്ചിഡ് എന്നീ സ്ഥാപനങ്ങൾ ഈ സൊസൈറ്റിയുടെ നേതൃത്വത്തിൽ ബാംഗ്ലൂരിൽ പ്രവർത്തിക്കുന്നു. 49 കുട്ടികൾ അഭ്യസനം നടത്തുകയും 12 കുട്ടികൾ ഹോസ്റ്റലിൽ താമസിക്കുകയും 8 അദ്ധ്യാപക-അനധ്യാപകർ പ്രവർത്തനങ്ങൾക്ക് നേതൃത്വവും നൽകുന്നു. വിവിധതരത്തിൽ ശാരീരിക മാനസിക വെല്ലുവിളികൾ ഉയർത്തുന്ന കുട്ടികളുടെ പരിരക്ഷയ്ക്കു ആവശ്യമായ പരിശീലനം നൽകുന്ന ശ്രമകരമായ ശുശ്രൂഷ അനുഗ്രഹകരമായി ഇവിടെ നടത്തപ്പെടുന്നു.

മെട്രോപ്പോലീറ്റൻ ഡോ. ജോസഫ് മാർത്തോമ്മാ സെന്റർ ഫോർ ഹോളിസ്റ്റിക്ക് ഡെവലപ്മെന്റ്, ചെന്നൈ: സമൂഹത്തിന്റേയും സഭയുടേയും സമഗ്രമമായ ഉയർച്ച ലക്ഷ്യമാക്കിയുള്ള അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ ദർശനത്തിൽ അടിസ്ഥാനം വച്ച് രൂപം കൊണ്ടതാണ് ഈ സെന്റർ. "committed to connectedness' എന്നതാണ് ഇതിന്റെ ആപ്തവാക്യം. ഉന്നത നിലവാരത്തിലുള്ള പഠന സമ്മേളനങ്ങളും കോൺഫറൻസുകളും ധ്യാനങ്ങളും എല്ലാം നടത്താനുതകുന്ന വിധത്തിൽ സെന്റർ സജ്ജമാക്കപ്പെട്ടിരിക്കുന്നത്. റിപ്പോർട്ട് വർഷത്തിൽ സഭാപാരമ്പര്യങ്ങളേയും ചരിത്രങ്ങളേയും അടിസ്ഥാനപ്പെടുത്തിയും, ആരാധനകളെയും കൂദാശകളേയും ഉൾക്കൊള്ളിച്ചും യുവജനസഖ്യം, സേവി കാസംഘം, ഇടവക മിഷൻ തുടങ്ങി വിവിധ ഗ്രൂപ്പിലുള്ള ആളുകൾക്കായി പഠനശൃംഖലകൾ ക്രമീകരിച്ചു. കൗൺസി ലിംഗ് പ്രോഗ്രാമുകളും, വചനപഠനങ്ങളും സെന്ററിന്റെ ആഭി മുഖ്യത്തിൽ നടത്തപ്പെടുന്നു. കാലികമായ വിഷയങ്ങളെ ഉൾക്കൊള്ളിച്ച് ബുക്ക്ലെറ്റ്സ് പ്രസിദ്ധീകരിക്കുന്നു.

സ്നേഹഭവനം, നീരേടുംമേട്: ശാരീരിക വെല്ലുവിളികൾ അഭിമുഖീകരിക്കുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ ഉയർച്ച ലക്ഷ്യമാക്കി മാർത്തോമ്മാ നവജീവൻ സമിതിയുടെ മേൽനോട്ടത്തിലാണ് നീരേടുംമേട് സ്നേഹ ഭവനം പ്രവർത്തിക്കുന്നത്.

മാർത്തോമ്മാ വിദ്യാസദനം (സ്റ്റുഡൻസ്&മീഡിയ സെന്റർ), പടൂർ, ചെന്നൈ: ഇൻഫർമേഷൻ ടെക്നോളജി വിപ്ലവകരമായ മുന്നേറ്റം നടത്തുന്ന ഈ കാലഘട്ടത്തിൽ വളർന്നുവരുന്ന തലമുറയ്ക്ക് മാധ്യമങ്ങളിലും ഇതര സംവേദന സംവിധാനങ്ങളിലും ആവശ്യമായ പരിശീലനം നൽകുകയും അവരുടെ അത്തരത്തിലുള്ള നൈപുണ്യത്തേയും താത്പര്യത്തേയും സുവിശേഷം പങ്കുവയ്ക്കുന്നതിനും ഇതര മിഷൻ പ്രവർത്തന ങ്ങളിൽ ഉപയുക്തമാക്കാൻ അവരെ ഒരുക്കുന്നതിനുമാണ് മീഡിയാ സെന്റർ ലക്ഷ്യം വയ്ക്കുന്നത്. ചെന്നൈയിൽ പടൂർ എന്ന സ്ഥലത്ത് ലഭ്യമായിരിക്കുന്ന അര ഏക്കർ ഭൂമിയിൽ ആധുനിക സാങ്കേതിക വിദ്യകളുപയോഗിച്ച് സ്റ്റുഡൻസ് സെന്റർ നിർമ്മാണത്തിന് രൂപപ്പെടുത്തുവാൻ ക്രമീകരണം ചെയ്യുന്നു.

5. സ്റ്റുഡൻസ് മിനിസ്ട്രി: ബാംഗ്ലൂർ, ബല്ലാരി, ബൽഗാം, ചെന്നൈ, പോണ്ടിച്ചേരി, കോയമ്പത്തൂർ, ഈറോഡ്, കടപ്പ, ദാവൻഗരെ, ഗുൽബർഗ, ഹൈദരാബാദ്, സെക്കന്തരാബാദ്, കുമാരപാളയം, മംഗലാപുരം, മണിപ്പാൽ, സേലം, തുംകൂർ, വെല്ലൂർ, കാരെക്കൽ, ചിദംബരം എന്നീ 23 പ്രധാന കേന്ദ്രങ്ങളിൽ, ഉപരിപഠനാർത്ഥം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും ഭദ്രാസനാതിർത്തിയിലുള്ള കലാലയങ്ങളിൽ വന്നു ചേരുന്ന കുട്ടികളുടെ ആത്മീയ പരിപോഷണത്തിനും വളർച്ചയ്ക്കും ഉതകുന്ന പ്രവ ർത്തനങ്ങൾ ചെയ്തുവരുന്നു. 12 സ്റ്റുഡൻസ് ചാപ്ലയിൻമാർ സ്തുത്യർഹമായ സേവനം നിർവ്വഹിക്കുന്നു. തന്നാണ്ടിൽ കോയമ്പത്തൂരിലുള്ള കാരുണ്യ യൂണിവേഴ്സിറ്റിയോടു ചേർന്ന് അവിടെ പഠിക്കുന്ന വിദ്യാർത്ഥികൾക്കു കൂടിവരുവാൻ ഒരു സ്റ്റുഡൻസ് സെന്ററും ചാപ്പലും ആവശ്യമാണെന്നുകണ്ട് കാരുണ്യ യൂണിവേഴ്സിറ്റി ക്യാമ്പസിനോടു ചേർന്ന് 12 സെന്റ് സ്ഥലം വാങ്ങുവാൻ സാധിച്ചു, ഇവിടെ ചാപ്പലിന്റെയും സ്റ്റുഡൻസ് സെന്ററിന്റെയും ശിലാസ്ഥാപനം 2019 സെപ്റ്റംബർ 29-ാം തീയതി ഭദ്രാസന എപ്പിസ്കോപ്പാ നിർവ്വഹിച്ചു.

6. പോഷക സംഘടനകളുടെ പ്രവർത്തനങ്ങൾ: സണ്ടേ സ്കൂൾ, യുവജനസഖ്യം, സന്നദ്ധ സുവിശേഷക സംഘം, സേവികാസംഘം, വിമൻസ് ഫെലോഷിപ്പ്, സീനിയർ സിറ്റിസൺ ഫോറം, യംഗ് കപ്പിൾസ് മീറ്റിംഗ് എന്നിവ ഭദ്രാസനത്തിൽ സജീവമായി പ്രവർത്തിക്കുന്നു. ഇവയുടെ ആഭിമുഖ്യത്തിൽ പ്രത്യേക മീറ്റിംഗുകൾ, നേതൃത്വ പരിശീലന കളരികൾ, ശിൽപ്പശാലകൾ, മെഡിക്കൽ ക്യാമ്പുകൾ, കലാ-കായിക മത്സരങ്ങൾ മുതലായവ സംഘടിപ്പിക്കുന്നു. സെന്റർ, ശാഖാതലങ്ങളിലുള്ള വിവിധ സംഘടനകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും ഭദ്രാസനത്തിലുള്ള പ്രവർത്തനങ്ങൾക്ക് സാധിക്കുന്നു.

7. പ്രസിദ്ധീകരണങ്ങൾ: ഭദ്രാസനത്തിന്റെ മുഖപത്രമായ ഡയോസിഷൻ ഹെറാൾഡ് മൂന്നു മാസത്തിൽ ഒരിക്കൽ ക്രമമായി പ്രസിദ്ധീകരിക്കുന്നു. ഭദ്രാസനത്തിലെ വിവിധ പ്രവർത്തനങ്ങളെപ്പറ്റിയും പ്രോഗ്രാമുകളെപ്പറ്റിയും ഉള്ള വാർത്തകൾ നൽകുന്നതോടൊപ്പം കാലികമായ വിഷയങ്ങളെ കോർത്തിണക്കി വേദപഠനങ്ങളും മറ്റ് ലേഖനങ്ങളും പ്രസിദ്ധീകരിക്കാറുണ്ട്. കർണ്ണാടക മിഷൻ ബോർഡിന്റെ നേതൃത്വത്തിൽ കർണ്ണാടക മിഷൻ ഹെറാൾഡ് പ്രസിദ്ധീകരണം വർഷത്തിൽ രണ്ടു പ്രാവശ്യമായി പ്രസിദ്ധീകരിക്കുന്നു. പരിസ്ഥിതി പഠനവുമായി ബന്ധപ്പെട്ട് "Gloria' എന്ന പേരിൽ ഭദ്രാസനത്തിലെ പട്ടക്കാർ എഴുതിയ പു സ്തകം പ്രസിദ്ധീകരണ ഘട്ടത്തിലാണ്. കർണ്ണാടക മിഷൻ ഫീൽഡിലുള്ള യുവജനങ്ങൾക്കായി ജീവവാണി എന്ന മാസികയും പ്രസിദ്ധീകരിക്കുന്നു. ഭദ്രാസനത്തിന്റെ മിഷൻ കേന്ദ്രങ്ങൾ, ഗ്രാമങ്ങളിലുള്ള ചാപ്പലുകൾ, ഭദ്രാസനത്തിലെ സ്ഥാപനങ്ങൾ, ഭദ്രാസന പ്രവർത്തനങ്ങൾ എന്നിവ ഉൾപ്പെടുത്തി ഒരു Single Page കലണ്ടർ പ്രസിദ്ധീകരിച്ചു.

പ്രവർത്തന പാതയിൽ സർവ്വശക്തനായ ദൈവത്തിന്റെ മഹാകരുണയിൽ അനുഗ്രഹകരമായ ഒരു വർഷം കൂടി പിന്നിടുവാൻ ഭദ്രാസനത്തിനു സാധിച്ചു. ഇടവക-കോൺഗ്രിഗേഷൻ പ്രവർത്തനങ്ങൾ ഭംഗിയായി നടത്തുവാൻ സാധിക്കുന്നു. സമൂഹത്തിൽനിന്നും പുറന്തള്ളപ്പെടുന്നവരുടേയും, വേദനിക്കുന്നവരുടേയും, ഏകാന്തത അനുഭവിക്കുന്നവരുടേയും മദ്ധ്യത്തിൽ ക്രിസ്തു സാന്നിദ്ധ്യമായി തീരുവാൻ തുടർന്നുള്ള പ്രവർത്തനങ്ങൾ സഹായകരമായിതീരട്ടെ. സുവിശേഷത്തോടുള്ള വാഞ്ചയും അതു പങ്കുവയ്ക്കുന്നതിലുള്ള

സന്തോഷവും അനേകരിൽ വർദ്ധിക്കുന്നു. ക്രിസ്തുവിനാലും ക്രിസ്തുവിനായും രൂപാന്തരപ്പെടുന്ന ഒരു സമൂഹം വർദ്ധിച്ചുവരുവാൻ എല്ലാ വിശ്വാസികളെയും ദൈവം ഒരുക്കട്ടെ എന്ന പ്രാർത്ഥനയോടെ ഈ റിപ്പോർട്ട് ഉപസംഹരിച്ചു കൊള്ളുന്നു.

3.12 ഡൽഹി ഭദ്രാസനം

മലങ്കര മാർത്തോമ്മാ സുറിയാനി സഭ അതിന്റെ ദൗത്യവും ദർശനവും കൊണ്ട് ഒരു സുവിശേഷ വിഹിത സഭയാണല്ലോ. തൊഴിൽ തേടി ഭാരതത്തിന്റെ എല്ലാ കോണുകളിലും എത്തിച്ചേർന്ന വിശ്വാസികൾ തങ്ങൾ ചെന്നു ചേർന്ന ഇടങ്ങളിൽ എല്ലാം ഇടവകകൾ, മിഷൻ പ്രവർത്തനങ്ങൾ, സ്കൂളുകൾ മറ്റു സ്ഥാപനങ്ങൾ എന്നിവ സ്ഥാപിച്ചു. കാലാകാലങ്ങളിൽ ഈ ദൃശ്യപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാൻ തക്കതായ പട്ടക്കാരേയും, സുവിശേഷകരേയും ലഭ്യമായി. ഭാഷാ സംസ്കാരങ്ങൾക്ക് അതീതമായി ദൈവരാജ്യമൂല്യങ്ങൾ ഉയർത്തിപ്പിടിക്കുവാനും സഭയുടെ വിശ്വാസവും പാരമ്പര്യവും കാത്ത് സൂക്ഷിക്കുന്നതിനും സുവിശേഷവേല കാര്യക്ഷമമായി നിർവ്വഹിക്കുവാനും ദൈവം അവരെ ഒരുക്കി. ദക്ഷിണേന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ ക്രിയാത്മകമായി ക്രിസ്തീയ സാക്ഷ്യം നിർവ്വഹിക്കുവാൻ സഭയെ ദൈവം ഉപയോഗിച്ചു. 18 സംസ്ഥാനങ്ങൾ ഉൾപ്പെടുന്ന ഡൽഹി ഭദ്രാസന ത്തിൽ ഇപ്പോൾ 63 ഇടവകകളും 25 കോൺഗ്രിഗേഷനുകളും 80 പട്ടക്കാരും 16 സുവിശേഷകരും പ്രവർത്തിക്കുന്നു. ഭദ്രാസനത്തിന്റെ വിവിധ ഇടങ്ങളിൽ നല്ല നിലയിൽ പ്രവർത്തിക്കുന്ന ധാരാളം സ്കൂളുകളും, ജനക്ഷേമം ലാക്കാക്കി പ്രവർത്തിക്കുന്ന സാമൂഹ്യ സേവന പദ്ധതികളും നടന്നുവരുന്നു. ഡൽഹി ഭദ്രാസനം ദൈവകൃപയിൽ ആശ്രയിച്ചുകൊണ്ട് കഴിഞ്ഞ 12 വർഷമായി അനുഗ്രഹീതമായ ക്രിസ്തീയ സാക്ഷ്യം നിർവ്വഹിക്കുന്നു.

ഭദ്രാസന എപ്പിസ്കോപ്പാ: ഡൽഹി ഭദ്രാസനത്തിന്റെ ചുമതലകൾ നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന നി.വ.ദി.ശ്രീ. ഡോ. ഗ്രിഗോറി യോസ് മാർ സ്തേ ഫാനോസ് എപ്പിസ്കോപ്പാ തിരുമേനി ഭദ്രാസനത്തിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും അനുഗ്രഹീതമായ നേതൃത്വം നൽകുന്നു. സംഘർഷാത്മകമായ രാഷ്ട്രീയ മത സാംസ്കാരിക സാമൂഹിക പശ്ചാത്തലത്തിൽ വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ സഭയുടെ ദൗത്യവും സാക്ഷ്യവും ഉന്നതമായ നിലയിൽ എല്ലാ നന്മകളോടുംകൂടെ സാക്ഷാത്കരി ക്കുവാൻ കഴിഞ്ഞ സംവത്സരവും അഭിവന്ദ്യ തിരുമേനിക്ക് സാധ്യമായി. ക്രിസ്തുവാകുന്ന പാറമേൽ അചഞ്ചലമായ വിശ്വാസത്തോടും സുവിശേഷത്തിന്റെ തെളിമ നിറഞ്ഞ നിർമ്മലതയോടും, ഉറച്ച നിലപാടുക ളോടുംകൂടി തിന്മകളോട് എതിർക്കുകയും, നീതിയും, നന്മയും സത്യവും പ്രവർത്തനങ്ങളിൽ ഉണ്ടായിരിക്കണമെന്ന ആഗ്രഹവും, അച്ചടക്കവും, പക്വതയും, സ്നേഹവും കലർന്ന മനുഷ്യത്വപരമായ സമീപനവും അഭിവന്ദ്യ തിരുമേനിയെ സമൂഹത്തിൽ വ്യത്യസ്തനായി നിർത്തുന്നു.

ഇന്ത്യയുടെ തലസ്ഥാന നഗരിയിൽ സഭയുടെ ഐക്യുമെനിക്കൽ ദർശനങ്ങൾ മറ്റ് അനേക സഭകളുമായും, മത വിശ്വാസങ്ങളുമായും മനുഷ്യനന്മയേയും ജീവന്റെ വളർച്ചയേയും ലക്ഷ്യമാക്കി ദൈവ സ്നേഹത്തിൽ അധിഷ്ഠി തമായി സമൂഹ സൃഷ്ടിക്കുവേണ്ടി അഭിവന്ദ്യ തിരുമേനി പ്രവർത്തിച്ചു. മാർത്തോമ്മാ സന്നദ്ധ സുവിശേഷ സംഘം പ്രസിഡണ്ട്, NWICC President, Bible Society North West Auxiliary Vice President, ISPCK Vice President, CMC Ludhiana Board member, SHUATS University Alahabad Board Member, CASA National Board member, Delhi Minority Commission Advisory Committee Member എന്നീ നിലകളിൽ സഭയുടെ യശസ്സ് ഉയർത്തിപ്പിടിച്ചു.

ഭദ്രാസന ചുമതലക്കാർ: 2019-2020 സാമ്പത്തിക വർഷം ഭദ്രാസന സെക്രട്ടറിയായി റവ. എം.പി. സോളമൻ അച്ചനും, ഭദ്രാസന ട്രഷററായി ശ്രീ. പി. റ്റി. മത്തായിയും പ്രവർത്തിച്ചു. റിട്ട: വികാരി ജനറാൾ ബഹു. സി.എ വർഗീസച്ചന്റെ സാന്നിദ്ധ്യവും സഹകരണവും ഭദ്രാസനത്തിന് അനുഗ്രഹീതമായി ലഭിച്ചുകൊണ്ടിരിക്കുന്നു. ബിഷപ്പ് സെക്രട്ടറിയായി റവ. ബിജു ജോർജ്ജ് അച്ചനും പ്രവർത്തിച്ചു.

ഭദ്രാസന അസംബ്ലി / ഭദ്രാസന കൗൺസിൽ: ഭദ്രാസന അസംബ്ലി 2019 ആഗസ്റ്റ് 17-ന് ഡൽഹി, മാർത്തോമ്മാ സെന്ററിൽ നടന്നു. ഭദ്രാസന എപ്പിസ്കോപ്പാ അദ്ധ്യക്ഷം വഹിച്ചു. 96 അസംബ്ലി അംഗങ്ങൾ സംബന്ധിച്ചു. റവ. ജോ മാത്യു ധ്യാനപ്രസംഗം നടത്തി. 2018-19 ലെ വാർഷിക റിപ്പോർട്ട്, വാർഷിക വരവ് ചെലവ് കണക്ക്, 2019-20 ലെ ബഡ്ജറ്റ് എന്നിവ അംഗീകരിച്ചു. റിപ്പോർട്ട് വർഷം ഭദ്രാസന കൗൺസിൽ കൂടി ആവശ്യമായ തീരുമാനങ്ങൾ കൈകൊണ്ടു.

സഭാ കൗൺസിൽ: ഭദ്രാസനത്തെ പ്രതിനിധികരിച്ച് റവ. ജയ് വർഗീസ്, ശ്രീ. എൻ സണ്ണി, ശ്രീമതി. ബിനു മേരി ബാബു എന്നിവർ സഭാ കൗൺ സിലിൽ പ്രവർത്തിക്കുന്നു.

വൈദികർ/ വാർഷിക സമ്മേളനം: 2019-20 കാലയളവിൽ 83 വൈദികർ ഭദ്രാസനത്തിന്റെ വിവിധ ഇടവകകൾ, സുവിശേഷ വേല സ്ഥലങ്ങൾ, സ്ഥാപനങ്ങൾ എന്നിവയിൽ സേവനം അനുഷ്ഠിച്ചു. വൈദികരുടെ വാർഷിക സമ്മേളനം ഡൽഹി മാർത്തോമ്മാ പബ്ലിക് സ്കൂൾ, ഗാസിയാ ബാദിൽ 2019 നവംബർ 5 മുതൽ 7 വരെ നടത്തപ്പെട്ടു. അഭിവന്ദ്യ ഡോ. ഗ്രിഗോറിയോസ് മാർ സ്തേഫാനോസ് തിരുമേനി, റവ. ഡോ. റ്റി. ജെ. തോമസ്, ഭദ്രാസനത്തിലെ മറ്റു പട്ടക്കാർ എന്നിവർ നേതൃത്വം നൽകി. "Called to reflect God's heart for a redemptive ministry" എന്നതായിരുന്നു പഠന വിഷയം.

സുവിശേഷകർ: റിപ്പോർട്ട് വർഷത്തിൽ 30 സുവിശേഷകരും മറ്റ് അനുബന്ധ പ്രവർത്തകരും ഭദ്രാസനത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ പ്രവർത്തിച്ചു.

2019-20 വർഷത്തെ പ്രധാന പ്രവർത്തനങ്ങൾ

1. **ഡോ. യൂഹാനോൻ മാർത്തോമ്മ അനുസ്മരണ പ്രഭാഷണം:** ഈ വർഷവും ഡോ. യൂഹാനോൻ മാർത്തോമ്മ അനുസ്മരണ പ്രഭാഷണം YWCA Constantia Hall വച്ച് 2019 സെപ്റ്റംബർ 13-ന് അഭിവന്ദ്യ ഡോ. ഗ്രിഗോറിയോസ് മാർ സ്തേഫാനോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. Safeguarding the "idea of India" എന്ന വിഷയത്തെ അധികരിച്ച് ശ്രീ. സീതാറാം യച്ചൂരി പ്രഭാഷണം നടത്തി.

2. **ഭദ്രാസന കൺവൻഷൻ:** 2019-20 ലെ ഭദ്രാസന കൺവൻഷൻ ഒക്ടോബർ മാസം 31 മുതൽ നവംബർ മാസം 3 വരെയുള്ള തീയതികളിൽ ഗ്രേറ്റർ കൈലാഷിൽ ഉള്ള സെന്റ് ജോൺസ് സ്കൂളിൽ വെച്ചും, സമാപന യോഗം മാർത്തോമ്മാ പബ്ലിക്ക് സ്കൂൾ ഗാസിയാബാദിൽ വെച്ചും നടത്തപ്പെട്ടു. അഭിവന്ദ്യ തിരുമേനി അദ്ധ്യക്ഷത വഹിച്ചു, സഭാ സെക്രട്ടറി റവ. കെ.ജി. ജോസഫ് വചനശുശ്രൂഷ നിർവ്വഹിച്ചു.

3. **NIMTEF കോൺഫ്രൻസ്:** വടക്കേ ഇൻഡ്യയിലെ സുവിശേഷകരുടെ കൂട്ടായ്മയായ NIMTEF റിപ്പോർട്ട് വർഷം 2020 ജനുവരി മാസം 28-30 വരെ ഒറീസയിലെ ഖരിയാറോഡ് മിഷനിൽ വെച്ച് നടത്തപ്പെട്ടു. "This is the way, walk in it" എന്ന വിഷയം കേന്ദ്രീകരിച്ച് നടത്തപ്പെട്ട ഈ കോൺഫറൻസിൽ അഭിവന്ദ്യ ഡോ. ഗ്രിഗോറിയോസ് മാർ സ്തേഫാനോസ് തിരുമേനി, റവ. ജോർജ്ജ് ചെറിയാൻ, ജനറൽ സെക്രട്ടറി, സണ്ടേസ്കൂൾ സമാജം എന്നിവർ നേതൃത്വം നൽകി.

4. **Gloria 2019:** ഡൽഹിയിലെ പൊതുസമൂഹവുമായി ക്രിസ്തുമസ് സന്തോഷം പങ്കുവക്ക എന്ന ഉദ്ദേശത്തോടെ പതിനൊന്നാമത് Gloria-2019 ഗാനസന്ധ്യ ഡിസംബർ 14-ന് ന്യൂഡൽഹി ജീസസ് ആന്റ് മേരി കോൺവെന്റ് സ്കൂൾ ആഡിറ്റോറിയത്തിൽ അഭിവന്ദ്യ ഡോ. ഗ്രിഗോറിയോസ് മാർ സ്തേഫാനോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. കേന്ദ്രമന്ത്രി ബഹു. ശ്രീ. വി.കെ. സിങ്ങ് മുഖ്യ സന്ദേശം നൽകി. ഡൽഹി സെന്ററിലെ വിവിധ ഇടവകകൾ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.

5. **ഇടവക ചുമതലക്കാരുടെ സമ്മേളനം:** ഡൽഹി സെന്റർ ഇടവക ചുമതലക്കാരുടെയും പട്ടക്കാരുടെയും സംയുക്ത സമ്മേളനം റിപ്പോർട്ട് വർഷം മൂന്ന് പ്രാവശ്യം നടത്തപ്പെടുകയുണ്ടായി.

ഭദ്രാസന പ്രസിദ്ധീകരണം/ ദർശൻ: ദർശൻ എന്ന പേരിൽ ഭദ്രാസനത്തിന്റെ ഒരു ഔദ്യോഗിക മാഗസിൻ പ്രസിദ്ധീകരിച്ചുവരുന്നു. ഭദ്രാസന അദ്ധ്യക്ഷൻ, ഭദ്രാസന സെക്രട്ടറി,

എന്നിവരുടെ സന്ദേശങ്ങൾ, എഡിറ്റോറി ആന്റ എന്നിവയ്ക്ക് പുറമേ, ഭദ്രാസന വാർത്തകൾ, ബൈബിൾ പഠനങ്ങൾ, ലേഖനങ്ങൾ എന്നിവയാൽ സമ്പന്നമാണീ പ്രസിദ്ധീകരണം. റവ. ബിജു ജോർജ്ജ് ചീഫ് എഡിറ്ററായി പ്രവർത്തിച്ചു.

Website: www.delhidiocese.com എന്ന പേരിൽ ഭദ്രാസന വെബ്സൈറ്റ് ആധുനിക ലോകത്തെ ഭദ്രാസനവുമായി ബന്ധപ്പെടുത്തുന്നു.

ധർമ്മജ്യോതി വിദ്യാപീഠ്: വടക്കേ ഇന്ത്യയിൽ സുവിശേഷകരെ പരിശീലിപ്പിക്കുവാൻ ആരംഭിച്ച ഈ സ്ഥാപനം ഫരീദാബാദിൽ സ്ഥിതി ചെയ്യുന്നു. B. D., M.Th, D.C.P.C., B.C.S എന്നീ കോഴ്സുകളിൽ പരിശീലനം ലഭ്യമാകുന്ന ഈ സെമിനാരിയിൽ വിവിധ സഭകളിൽ നിന്നും വന്നിട്ടുള്ളവരും, സഭയുടെ സ്പോൺസർ ചെയ്യപ്പെട്ട വിദ്യാർത്ഥികളും വൈദിക പരിശീലനം നേടുന്നു. റവ. ഡോ. സണ്ണി ഇ. മാത്യു പ്രിൻസിപ്പൽ ആയി സേവനം അനുഷ്ഠിക്കുന്നു.

മാർത്തോമ്മാ യൂത്ത് ചാപ്ലൻസി, ലുധിയാന: മാർത്തോമ്മാ സ്റ്റുഡന്റ്സ് ഫെലോഷിപ്പ് 150-ൽപരം മെഡിക്കൽ വിദ്യാർത്ഥികൾ പങ്കെടുക്കുന്ന കൂട്ടായ്മയാണ്. റവ. അലക്സ് പീറ്റർ ഈ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്നു.

മിഷൻ പ്രവർത്തനങ്ങൾ: ഡൽഹി ഭദ്രാസനം ഒരു മിഷനറി ഭദ്രാസനം എന്ന പേരിനർഹമാണ്. ഭദ്രാസനത്തിന്റെ ചുമതലയിലും, സുവിശേഷ പ്രസംഗ സംഘത്തിന്റെയും, മറ്റു ഭദ്രാസനങ്ങൾ, സംഘടനകൾ എന്നിവയിലൂടെയും സുവിശേഷ പ്രവർത്തനങ്ങൾ നടക്കുന്നു. ചില പ്രധാന പ്രവർത്തനങ്ങൾ:

1.ഇറ്റാർസി മിഷൻ: മദ്ധ്യപ്രദേശിലെ ഇറ്റാർസി മിഷൻ 1997-ആരംഭിച്ചു. പിന്നോക്ക ജാതിയിൽപ്പെട്ടവർക്ക് മുൻതുക്കമുള്ള ഗ്രാമങ്ങളിൽ ഗ്രാമജ്യോതി സ്കൂളുകളിലൂടെ അനേകം കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നു.

2.ടെയ്മർ മിഷൻ: 1997-ൽ ജബൽപൂരിലുണ്ടായ ഭൂകമ്പത്തെ തുടർന്ന് പുനരധിവാസ പ്രവർത്തനത്തിനായി ആരംഭിച്ച ഈ മിഷൻ, ദളിത്, ആദിവാസി പശ്ചാത്തലത്തിൽ നിന്നും വരുന്ന വിദ്യാർത്ഥികൾക്ക് പഠന സൗകര്യം ഒരുക്കുന്നു. ഗ്രാമജ്യോതി സ്കൂളിൽ 365 കുട്ടികൾ പഠിക്കുന്നു. മറ്റൊരു ഇംഗ്ലീഷ് മീഡിയം സ്കൂളിൽ 50 കുട്ടികൾ പഠിക്കുന്നു.

3.വാരാണസി മിഷൻ: വാരണാസിയിലെ ചമാവ് ഗ്രാമം കേന്ദ്രമാക്കി, വാരണാസി മാർത്തോമ്മാ മിഷൻ എന്ന പേരിൽ സുവിശേഷ പ്രവർത്തനങ്ങൾ നടത്തി. പ്രധാനമായും ഈ ദേശവാസികളുടെ ആത്മീകവും, സാമൂഹീകവുമായ ഉന്നമനം ലക്ഷ്യമാക്കിയാണ് മിഷൻ പ്രവർത്തിക്കുന്നത് ഇവിടെയുള്ള കുഞ്ഞുങ്ങൾക്ക് അടിസ്ഥാന വിദ്യാഭ്യസം നൽകുവാനായി ഒരു ഗ്രാമജ്യോതി സ്കൂൾ ഭംഗിയായ നിലയിൽ പ്രവർത്തിക്കുന്നു. കൂടാതെ ഈ മിഷന്റെ ഭാഗമായി തയ്യൽ പരിശീലനം, വിദ്യാർത്ഥികൾക്ക് ട്യൂഷൻ, കമ്പ്യൂട്ടർ പരിശീലനം എന്നിവ നടത്തുന്നു.

4.ജമ്മു - കാഷ്മീർ മിഷൻ: പന്ത്രണ്ടാം വർഷത്തിലേക്ക് കടന്ന ഈ മിഷനിൽ തയ്യൽ പരിശീലന കേന്ദ്രം, ഹോസ്റ്റൽ എന്നിവ തുടങ്ങാൻ ആഗ്രഹിക്കുന്നു. 7 ഗ്രാമങ്ങളിലായി മിഷൻ പ്രവർത്തനം, ബാലവാടികൾ, ആരോഗ്യ ബോധവൽക്കരണ ക്ലാസുകൾ, മെഡിക്കൽ ക്യാമ്പ് എന്നിവ നടത്തുന്നു.

5.ഫെയിസ്പൂർ ഖാദർ: ഹരിയാനയിലെ ഫരീദാബദ് ജില്ലയിൽ ഫെയിസ്പൂർ ഖാദർ ഗ്രാമത്തിൽ ഈ മിഷൻ കേന്ദ്രം പ്രവർത്തിക്കുന്നു. ധർമ്മജ്യോതി വിദ്യാപീഠിന്റെ ആഭിമുഖ്യ ത്തിൽ ഗ്രാമവികസന, സുവിശേഷപ്രവർത്തനങ്ങൾ നടന്നുവരുന്നു.

6.അംബികാപൂർ മിഷൻ:സഭയുടെ എളിയ പ്രവർത്തന ഫലമായാണ് 15 വർഷം മുമ്പ് ഈ മിഷൻ ആരംഭിച്ചത്. ബാലവാടിയിൽ കൂടെ 12 കുട്ടികൾ ക്കും, തയ്യൽ സ്കൂളിൽ കൂടെ 8 സ്ത്രീകൾക്കും പരിശീലനം നൽകുന്നു.

7.ശ്രീകാകുളം മിഷൻ (ആന്ധ്രപ്രദേശ്): ഭദാസനത്തിന്റെ ഒരു പ്രധാനപ്പെട്ട മിഷൻഫീൽഡാണ് ശ്രീകാകുളം മിഷൻ. ആന്ധ്രാപ്രദേശ്-ശ്രീകാകുളം ജില്ല മുതൽ ഒറീസ്സ-ഗജപതി ജില്ലവരെ വ്യാപിച്ചു കിടക്കുന്നതാണ് ഈ മിഷൻ ഫീൽഡ്. മിഷനറി അച്ചനും സുവിശേഷകരും, മറ്റ് പ്രവർത്തകരും പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

80 ഗ്രാമങ്ങളിലായി 22 സുവിശേഷകർ ഇവിടെ പ്രവർത്തിക്കുന്നു. ഈ ഗ്രാമങ്ങളിൽ 14 പള്ളികളും, 20 ഭവനങ്ങളിൽ വച്ച് കൂട്ടായമയും നടത്തിവരുന്നു. എല്ലാ ഞായറാഴ്ച ദിവസങ്ങളിലും മൂന്ന് സ്ഥലങ്ങളിൽ വീതം വിശുദ്ധ കുർബാന അനുഷ്ഠിക്കുന്നു. എല്ലാ ചെവ്വാഴ്ചയും വ്യാഴാഴ്ചയും പ്രാർത്ഥന കൂട്ടങ്ങളും വെള്ളിയാഴ്ച ദിവസങ്ങളിൽ ഉപാവസ പ്രാർത്ഥനയും നടത്തുന്നു. എല്ലാ ശനിയാഴ്ചകളിലും ബൈബിൾ സ്റ്റഡി രണ്ട് പ്രദേശങ്ങളിൽ നടത്തുന്നു. മിഷന്റെ നേതൃ ത്വത്തിൽ ദളിത്, ആദിവാസി, ഗോത്രവർഗത്തിലുള്ള കുട്ടികൾക്ക് വേണ്ടി രണ്ട് ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നു. വിവിധ ഗ്രാമങ്ങളിൽ നിന്നുള്ള 86 കുട്ടികൾ താമസിച്ചു പഠനം നടത്തി വരുന്നു. കുട്ടികളുടെ എല്ലാ വിധമായ ചെലവുകളും മിഷൻ വഹിക്കുന്നു.

വിവിധ ആദിവാസി ഗ്രാമങ്ങളിലായി 7 ബാലവാടികൾ പ്രവർത്തിക്കുന്നു. ഓരോ ബാലവാടികളിലും എകദ്ദേശം 15 കുട്ടികൾ വീതം പഠിക്കുന്നു. *സൗറാ* ഗോത്രത്തിൽപെട്ട കുട്ടികൾക്ക് വേണ്ടി കില്ലാഡ ഗ്രാമത്തിൽ രണ്ട് ബാലവാടികൾ പ്രവർത്തിക്കുന്നു. സ്ത്രീകളുടെ ഉന്നമനത്തിനു വേണ്ടി നടത്തുന്ന മൂന്ന് തയ്യൽ പരിശീലന കേന്ദ്രങ്ങളിലായി ഏകദേശം 35 ആളുകൾ പരിശീലനം നടത്തിവരുന്നു. ഗ്രാമനിവാസികൾക്കും, സുവിശേഷകർക്കും കുടുംബത്തിനും ആവശ്യമായ വൈദ്യ സഹായവും മിഷനിൽ നിന്നു നൽകിവരുന്നു.

8.വിജയനഗരം മിഷൻ (ആന്ധ്രപ്രദേശ്): ശ്രീകാകുളത്ത് നിന്നും 50 കി.മീ. ദൂരെ 14 ഗ്രാമങ്ങളിലായി 06 സുവിശേഷകർ ഈ മിഷനിൽ പ്രവർത്തിക്കുന്നു. ഈ ഗ്രാമങ്ങളിൽ 5 പള്ളികളിലും, കൂടാതെ ഭവനങ്ങളിൽ വച്ച് കൂട്ടായ്മയും നടത്തിവരുന്നു. മാസത്തിൽ ഒരു ഞായറാഴ്ച വിശുദ്ധ കുർബാന അനുഷ്ഠിക്കുന്നു. എല്ലാ ചെവ്വാഴ്ചയും വ്യാഴാഴ്ചയും പ്രാർത്ഥന കൂട്ടങ്ങളും വെള്ളിയാഴ്ച ദിവസങ്ങ ളിൽ ഉപാവസ പ്രാർത്ഥനയും നടത്തുന്നു. എല്ലാ ശനിയാഴ്ചകളിലും ബൈബിൾ സ്റ്റഡിയും നടത്തുന്നു. ഗ്രാമങ്ങളിൽ ഫിലിം മിനിസ്ട്രി, തയ്യൽ സ്കൂൾ, മാജിക് ഷോ, ബൈബിൾ ക്വിസ്, തുടങ്ങിയവ ക്രമമായി നടത്തി വരുന്നു. അഞ്ച് ബാലവാടികൾ പ്രവർത്തിക്കുന്നതിൽ ഓരോന്നിലും 15ൽ കുറയാതെ കുട്ടികൾ പഠനം നടത്തുന്നു.

9.ബെവഹാരി മിഷൻ (മദ്ധ്യപ്രദേശ്): 1995-ൽ ആരംഭിച്ച മിഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി തുടരുന്നു. ക്രിസ്തു ജ്യോതി മിഷൻ സ്കൂളിൽ റിപ്പോർട്ട് വർഷത്തിൽ 920 വിദ്യാർത്ഥികൾ പഠിക്കുന്നു. 35 അധ്യാപകർ പഠിപ്പിക്കുന്നു. ചേരിപ്രദേശത്തെ കുട്ടികൾക്കായി വി. ബി. എസ് നടത്തി. ബൻശുക്ളി, ബസൂർ മൊഗല്ല എന്നീ ഗ്രാമങ്ങളിൽ ബാലവാടികൾ നടത്തപ്പെട്ടുന്നു.

10. ഉത്കൽ മിഷൻ: ഭാരതത്തിലെ ഏറ്റം പിന്നോക്കമായ ആദിവാസികൾ പാർക്കുന്ന നാബാറാംഗ്പൂരിൽ 2012 ൽ ആരംഭിച്ചതാണ് ഈ മിഷൻ. ഈ മിഷനിലുള്ള ഹോസ്റ്റലുകളിൽ എകദ്ദേശം 50 കുട്ടികളുണ്ട്. ഇവിടെയുള്ള ഗ്രാമജ്യോതി സ്കൂളുകളിൽ 1-5 വരെയുള്ള ക്ലാസുകൾ പ്രവർത്തിക്കുന്നു.

ഭദ്രാസനത്തിലെ ഇതര പ്രധാന സുവിശേഷകേന്ദ്രങ്ങൾ

മാർത്തോമ്മാ നവജീവൻ കേന്ദ്ര, റാഞ്ചി: ഗ്രാമജ്യോതി സ്കൂൾ സാക്വാ ബഗാനിൽ (Saqua Began) ഇപ്പോൾ കിന്റർ ഗാർട്ടൻ മുതൽ അഞ്ചാം ക്ലാസ് വരെ നടന്നുവരുന്നു. 340 കുട്ടികൾ അധ്യയനം നടത്തുന്നു. അധ്യാപകരായി 9 പേർ സേവനം അനുഷ്ഠിക്കുന്നു. ആഴ്ചയിൽ 2 ദിവസം ഉച്ചഭക്ഷണം നൽ കുന്നു. സത്നായിൽ നടന്ന ഗ്രാമ ജ്യോതി ഒളിമ്പ്യാഡിൽ കുട്ടികൾ പങ്കെടുത്തു. ഒരു പെൺകുട്ടിയെ സ്പോർട്സ് അതോറ്റി ഓഫ് ഇൻഡ്യയുടെ പരിശീലനത്തിനായി തെരഞ്ഞെടുത്തു. സൗജന്യമായി യുണിഫോം, സ്വെറ്റർ, പഠന സാമഗ്രികൾ തുടങ്ങിയവ നൽകുന്നു. സ്വന്തമായ കെട്ടിടത്തിലാണ് സ്കൂൾ പ്രവർത്തിക്കുന്നത്. ഇതു കൂടാതെ രണ്ടിടത്ത് സൗജന്യ ട്യൂഷൻ ക്ലാസുകളും, മുതിർന്ന സ്ത്രീകൾക്ക് വേണ്ട സാക്ഷരതാ ക്ലാസുകളും തയ്യൽ ക്ലാസുകളും നടന്നുവരുന്നു. പതിനഞ്ചിനും ഇരുപ

തിനും ഇടയ്ക്ക് ആളുകൾ പങ്കെടുക്കുന്നു. 17 കുടുംബങ്ങൾ എല്ലാ ഞായറാഴ്ചയും ഹിന്ദിയിലുള്ള ആരാധനയിൽ സംബന്ധിക്കുന്നു. ഈ കുടുംബങ്ങളിലെ കുട്ടികൾക്കായി രണ്ടിടത്തായി സണ്ടേസ്കൂൾ നടത്തുന്നു. കൂടാതെ ഇവർക്കായി വി.ബി.എസും നടത്തുന്നു.

നോർത്ത് ഈസ്റ്റ് സെന്റർ, കൽക്കട്ട: കൽക്കട്ടാ മാർത്തോമ്മാ ഇടവകയുടെ സുവർണ ജൂബിലി പ്രോജക്റ്റായി 1999 മുതൽ ജഗദ്ദൽ ഗ്രാമത്തിൽ ഈ മിഷൻ ആരംഭിച്ചു. കംപാഷൻ ഈസ്റ്റ് ഇൻഡ്യായുടെ സ്പോൺസർഷിപ്പിൽ 290 വിദ്യാർത്ഥികളും, ഇംഗ്ലീഷ് മീഡിയം സ്കൂളിൽ 110 വിദ്യാർത്ഥികളും, ബാലവാടി കളിൽ 150 കുട്ടികളും പഠിക്കുന്നു. നവജാത ശിശുക്കളുടെയും അമ്മമാരുടെയും പ്രാഥമിക ആരോഗ്യ പരിചരണം, സാമൂഹ്യ ബോധവൽക്കരണം, മെഡിക്കൽ ക്യാമ്പ് എന്നിവ ക്രമീകൃതമായി നടത്തിവരുന്നു.

സത്ന ആശ്രമം: കവിയൂർ ഗ്രൂപ്പിന്റെ ദീർഘദർശനത്തിന്റെ ഫലമായിട്ടാണ് 1952-ൽ ഈ മിഷൻ ആരംഭിച്ചത്. വിവിധ തരക്കാരയ ഗ്രാമവാസികളുടെ ഉന്നമനത്തിനായി ബാല വാടികൾ, ട്യൂഷൻ സെന്ററുകൾ എന്നിവ പ്രവർത്തിക്കുന്നു. ഹിന്ദി മീഡിയം ഗ്രാമജ്യോതി സ്കൂളിൽ ഏകദ്ദേശം 400 പരം കുട്ടികൾ പഠിക്കുന്നു. ഒരു കമ്പ്യൂട്ടർ പരിശീലനകേന്ദ്രം കൂടി ഇപ്പോൾ പ്രവർത്തിക്കുന്നു.

സിഹോറാ ആശ്രമം: 1942 -ൽ മൂന്ന് അത്മായരുടെ വിശ്വാസ യാത്രയുടെ ഫലമായി രൂപം കൊണ്ടതാണ് സിഹോറയിലെ ക്രിസ്തപന്തി ആശ്രമം. സിഹോറ താലൂക്കിലെ ഏകദേശം 800ൽപരം ഗ്രാമങ്ങൾ വ്യാപിച്ചു കിടക്കുന്നതാണ് ആശ്രമ ത്തിന്റെ പ്രവർത്തനം. സുവിശേഷീകരണം, വിദ്യാ ഭ്യാസം, ഹോസ്റ്റൽ, മെഡിക്കൽ പ്രവർത്തനം, ഉറ്റവരാലും ഉടയ വരാലും ഉപേക്ഷിക്കപ്പെട്ടവരുടെ സംരക്ഷണം തുടങ്ങിയവ ആശ്രമത്തിന്റെ മേൽനേട്ടത്തിൽ നടക്കുന്നു.

ടിബറ്റൻ ബോർഡർ മിഷൻ: ഹിമാലയൻ അതിർത്തിയിൽ ക്രിസ്തു സാക്ഷിയായി ടിബറ്റൻ മിഷന്റെ സുവിശേഷ പ്രവർത്തനത്തിൽ ഒരാണ്ടു കൂടി പിന്നിടുന്നു. വിദ്യഭ്യാസ ത്തിനും വികസനത്തിനും ഊന്നൽ നൽകി പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. മിഷന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന രണ്ട് ഗ്രാമജ്യോതി സ്കൂളുകളിലൂടെയും ചൈൽഡ് ഡവല്പ്പമെന്റ് പ്രോഗ്രാമിലൂടെയും മൂല്യാധിഷ്ഠിത വിദ്യാഭ്യാ സവും, സാമൂഹിക തിന്മകളെ കുറിച്ചുള്ള അവബോധവും നൽകുന്നു. ഗ്രാമങ്ങൾ സന്ദർശിച്ച് Social Awareness Programme നടത്തുന്നു. അതു കൂടാതെ ഗ്രാമങ്ങളിൽ സണ്ടേ സ്കൂൾ ക്ലാസുകളും, പ്രാർത്ഥനായോഗങ്ങളും, മദ്യപാ നത്തിന് അടിമകളായവർക്ക് വേണ്ടി De-addiction ക്ലാസുകളും നടത്തിവരുന്നു.

സ്കൂളുകൾ: ഭദ്രാസനത്തിൽ വിവിധ സൊസൈറ്റികളുടെ നേതൃത്വത്തിൽ താഴെപ്പറയുന്ന സ്കൂളുകൾ പ്രവർത്തി ക്കുന്നു. ഡൽഹി മാർത്തോമ്മാ പബ്ലിക് സ്കൂൾ, ഗാസിയാ ബാദ്, സെന്റ് തോമസ് പബ്ലിക് സ്കൂൾ കോർബ, ഡൽഹി മാർത്തോ മ്മ പബ്ലിക് സ്കൂൾ പാംഗഡ്, ചത്തീസ്ഗഡ്, ക്രിസ്ത ജ്യോതി മിഷൻ സ്കൂൾ ബെവഹാരി, മാർത്തോമ്മാ മിഷൻ സ്കൂൾ മുൻഷിയാരി, ഉത്തരഘണ്ട്, സെന്റ് തോമസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ ജയ്സിംഗ് നഗർ - മദ്ധ്യപ്രദേശ്, മാർത്തോമ്മാ സ് കൂൾ വാരാണസി, മാർത്തോമ്മാ ഹയർ സെക്കൻഡറി സ്കൂൾ ഇൻഡോർ, സെന്റ് തോമസ് സ്കൂൾ റാഞ്ചി, സെന്റ് പീറ്റേഴ്സ് മാർത്തോമ്മാ സ്കൂൾ ഭോപ്പാൽ, ക്രിസ്തുകുല സെക്കൻഡറി സ്കൂൾ സത്ന, സെന്റ് പോൾസ് മാർത്തോമ്മാ സ്കൂൾ ജയ്പൂർ, മാർത്തോമ്മാ ഇംഗ്ലീഷ് മീഡിയം സ്കൂൾ സീഹോറാ, മാർത്തോമ്മാ ഹിന്ദി മീഡിയം സ്കൂൾ സീഹോറാ, സെന്റ് ജോൺസ് സ്കൂൾ ന്യൂഡൽഹി, ഇറ്റാർസി സ്കൂൾ, സെന്റ് ലൂക്സ് സ്കൂൾ, ബരത്പൂർ എന്നി സ്കൂളുകളും ഉന്നത നിലവാരം പുലർത്തുന്നു. ക്രിസ്ത ജ്യോതി മിഷൻ സ്കൂൾ ബെവഹാരി, സെന്റ് തോമസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ ജയ്സിംഗ് നഗർ - മദ്ധ്യപ്രദേശ്, എന്നീ സ്കൂളുകൾക്ക് സി.ബി.എസ്.ഇ അംഗീകാരം ലഭിച്ചത് സ്കൂളിന്റെ വളർച്ചയിൽ ഒരു നാഴികകല്ലാണ്. ഇത് ലഭ്യമാകുവാൻ കഠിന പ്രയത്നം ചെയ്ത ഭദ്രാസന എപ്പിസ്കോപ്പായെയും, സ്കൂൾ അഡ്മിനി സ്ട്രേറ്റർമാരേയും, പ്രിൻസിപ്പൾമാരേയും അഭിനന്ദിക്കുന്നു.

സംഘടനകൾ: സണ്ടേസ്കൂൾ, സന്നദ്ധസുവിശേഷക സംഘം, യുവജനസഖ്യം, സേവികാസംഘം എന്നിവ ഭദ്രാസന/ സെന്റർ/ഇടവക തലത്തിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ നേഴ്സസ് ഫെലോഷിപ്പും പ്രവർത്തിക്കുന്നു.

ഗ്രാമജ്യോതി സ്കൂളുകൾ: ഗ്രാമജ്യോതി എഡ്യൂക്കേഷൻ ആൻഡ് ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ കീഴിൽ 11 സ്കൂളുകൾ പ്രവർത്തിക്കുന്നു. ഇപ്പോൾ 4500ൽപരം പിന്നോക്ക, ദരിദ്ര വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ ഈ സ്കൂളിൽ വിദ്യ അഭ്യസിക്കുന്നു.

ഉപസംഹാരം: വൈവിദ്ധ്യമാർന്ന വെല്ലുവിളികൾ ഏറ്റെടുത്തു കൊണ്ട് ഡൽഹി ഭദ്രാസനം അതിന്റെ ദൗത്യ നിർവ്വഹണത്തിൽ മുന്നേറുന്നു. ദൈവകൃപയിൽ ശരണ പ്പെട്ടുകൊണ്ട് ദൈവരാജ്യ ശുശ്രൂഷയിൽ എല്ലാവരും ഉൽസുകരായി പങ്കുചേരുന്നു. ഭദ്രാസനത്തിന്റെ വളർച്ച യിൽ കാലാകാലങ്ങളിൽ ദൈവം എടുത്ത് ഉപയോഗിച്ചവരെ ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു. ഭാരതത്തിലെ അവികസിത ഗ്രാമങ്ങളുടെ സമഗ്രമായ വികസനവും ഗ്രാമീണ ജനതയുടെ ഉണർവ്വും നമ്മുടെ പ്രധാന ദൗത്യസ്വപ്നമാണ്. വരും കാലങ്ങളിലും ദൈവത്തിന്റെ കരങ്ങളിൽ താണിരുന്ന് അനേകരെ ദൈവസന്നിധിയിലേക്ക് ആനയിക്കുന്നതിനും കാലത്തിന്റെ സ്പന്ദനങ്ങൾ ഉൾക്കൊണ്ടു കൊണ്ട് വേദനയും ദുഃഖവും അനുഭവിക്കു ന്നവർക്ക് ആശ്വാസത്തിനും ഉന്നമനത്തിനും പ്രതീക്ഷയ്ക്കും സഹായകരമായി ഭദ്രാസനത്തിന്റെ പ്രവർത്തനങ്ങൾ തീരട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

3.13 കുന്നംകുളം - മലബാർ ഭദ്രാസനം

തൃശ്ശൂർ മുതൽ കാസർഗോഡ് വരെയും ഗൂഡലൂരും യു എ ഇ യിലെ ഷാർജായും ഉൾപ്പെടുന്ന ഭദ്രാസനമാണ് കുന്നം കുളം- മലബാർ ഭദ്രാസനം. 1990 ൽ രൂപം കൊണ്ട ഈ ഭദ്രാസനത്തിന്റെ ആറാമത്തെ അദ്ധ്യക്ഷനായി അഭിവന്ദ്യ ഡോ. തോമസ് മാർ തീത്തോസ് എപ്പിസ്ക്കോപ്പാ ഭദ്രാസ നത്തിന് ധന്യമായ നേതൃത്വം നൽകുന്നു. ദർശനം വെറു മൊരു കാഴ്ചയല്ല, ഉള്ളിന്റെയുള്ളിൽ പുകയില്ലാത്ത, ചാഞ്ച ല്യമില്ലാതിരുന്നു പ്രകാശിക്കുന്ന നിത്യദീപ്തിയാണ്. ആ ദർശ നത്തിന്റെ അഭൗമമായ പ്രകാശം ലഭിച്ചവൻ ദാർശനികനാ കുന്നു. ദൈവദത്തമായ ദർശനം മൊഴിയിലും വഴിയിലും പ്രകടമാക്കി അഭിവന്ദ്യ ഡോ. തോമസ് മാർ തീത്തോസ് തിരുമേനി ഭദ്രാസനത്തെ മികവോടെ നയിക്കുന്നു.

വൈദികരും സുവിശേഷകരും: ഭദ്രാസനത്തിൽ 55 വൈദികരും 24 സുവിശേഷകരും ഫലകരമായ ശുശ്രൂഷക്ക് നേതൃത്വം നൽകിവരുന്നു. ഭദ്രാസനത്തിലെ ഇടവകകളി ലൂടെയും സ്ഥാപനങ്ങളിലൂടെയും, മിഷൻ ഫീൽഡുകളിലൂ ടെയും വിശ്വാസ സമൂഹത്തിന്റെ ആദ്ധ്യാത്മിക വളർച്ച യ്ക്കും, ഫലകരമായ സാക്ഷ്യത്തിനും വിശ്വസ്തതയോടെ പ്രവർത്തിക്കുന്ന ബഹുമാനപ്പെട്ട വൈദികരോടും, സുവിശേഷകരോടും അവരെ സഹായിക്കുന്ന കുടുംബാം ഗങ്ങളോടുമുള്ള നിസ്സീമമായ നന്ദി അറിയിക്കുന്നു.

ഭദ്രാസന അസംബ്ലി/ഭദ്രാസന കൗൺസിൽ 2019: കുന്നം കുളം-മലബാർ ഭദ്രാസന അസംബ്ലി 2019 ജൂലൈ 27 ശനിയാഴ്ച ഭദ്രാസന അദ്ധ്യക്ഷൻ നി.വ. ദിവ്യശ്രീ ഡോ. തോമസ് മാർ തീത്തോസ് എപ്പിസ്ക്കോപ്പാ യുടെ അദ്ധ്യക്ഷ തയിൽ കോഴിക്കോട് സെന്റ് പോൾസ് മാർ ത്തോമ്മാ പള്ളിയിൽ നടത്തപ്പെട്ടു. ഭദ്രാസനത്തിൽ നിന്നും 2019-ൽ സഭയുടെ പട്ടത്വശുശ്രൂഷയിൽ പ്രവേശിച്ച വടക്കഞ്ചേരി ഹെർമ്മോൻ മാർത്തോമ്മാ ഇടവകാംഗം ദിവ്യശ്രീ വിപിൻ സാം തോമസ് കശ്ശീശായ്ക്കും ഷാർജാ മാർത്തോമ്മാ ഇടവകാംഗം ദിവ്യശ്രീ ഡീക്കൻ സൂരജ് തോമസ് ചെറി യാൻ, പഴഞ്ഞി ഇമ്മാനുവേൽ മാർത്തോമ്മാ ഇടവകാംഗം ഡീക്ക ൻ ജോസഫ് ലിനോ എന്നിവർക്കും ആശംസകൾ നേർന്ന് മെമന്റോ സമ്മാനിച്ചു. 2018-19 ഭദ്രാസനത്തിന്റെയും സ്ഥാപനങ്ങളുടെയും റിപ്പോർട്ടും വരവു ചെലവു കണക്കു കളും, 2019-20 വാർഷിക റിപ്പോർട്ടും അവതരിപ്പിച്ച് പാസ്സാ ക്കി. റിപ്പോർട്ട് വർഷം അഭി. ഡോ. തോമസ് മാർ തീത്തോസ് എപ്പിസ്ക്കോപ്പാ അദ്ധ്യക്ഷനായും ദിവ്യശ്രീ. കെ.വി.

ചെറിയാൻ കശ്ശീശാ സെക്രട്ടറിയായും ശ്രീ. പി.എം. സാമുവേൽ ട്രഷററായുമുള്ള 27 അംഗ കൗൺസിൽ 5 തവണ കൂടുകയും ഭദ്രാസനത്തിന്റെ സർവ്വതോന്മുഖമായ വളർച്ചയ്ക്ക് ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളുകയും നടപ്പിലാക്കുകയും ചെയ്തു.

പട്ടക്കാരുടെ സമ്മേളനം: നമ്മുടെ ഭദ്രാസനത്തിലെ വൈദികരുടെ വാർഷിക സമ്മേളനം 2019 ഒക്ടോബർ 8-11 വരെ പെരിങ്ങാലം ധ്യാനതീരത്ത് വെച്ച് നടത്തപ്പെട്ടു. Christian Witness in the Secular Social Space (മതനിരപേക്ഷ സാമൂഹ്യ ഇടത്തിലെ ക്രൈസ്തവ സാക്ഷ്യം) എന്ന ചിന്താവിഷയത്തിന്മേൽ അഭി. ഡോ. തോമസ് മാർ തീത്തോസ് എപ്പിസ്ക്കോപ്പായോടൊപ്പം അഭി. ജോസഫ് മാർ ബർന്നബാസ് എപ്പിസ്ക്കോപ്പായും ദിവ്യശ്രീ. ഡോ. സണ്ണി ജോർജ്ജ് കശ്ശീശായും പ്രധാന ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ദിവ്യശ്രീ. ബോബി മാത്യു കശ്ശീശാ വേദപഠനങ്ങൾക്കും, ദിവ്യശ്രീ. റ്റി. കെ വിജി കശ്ശീശാ ദിവ്യശ്രീ. ബിനു ജോൺ കശ്ശീശാ എന്നിവർ ഗാനാലാപന ശുശ്രൂഷയ്ക്കും വിവിധ സെന്ററുകളിൽ നിന്നുള്ള വൈദികർ ആരാധനകൾക്കും നേതൃത്വം നൽകി. സമാപന ദിവസം അഭി. ജോസഫ് മാർ ബർന്നബാസ് എപ്പിസ്ക്കോപ്പാ വിശുദ്ധ കുർബ്ബാനയ്ക്ക് നേതൃത്വം നൽകുകയും സമാപന സന്ദേശം നൽകുകയും ചെയ്തു. കൂടാതെ മൂന്നു മാസത്തിലൊരിക്കൽ സെന്ററുകൾ കേന്ദ്രീകരിച്ചും മേഖലാടിസ്ഥാനത്തിലും വൈദിക കൂട്ടായ്മകൾ ക്രമമായി നടന്നുവരുന്നു.

സുവിശേഷകരുടെ സമ്മേളനം: ഭദ്രാസനത്തിലെ സുവിശേഷകരുടെ സമ്മേളനം 67-ാമത് ഭദ്രാസന കൺവൻഷനോടനുബന്ധിച്ച് 2020 ജനുവരി 29 ബുധനാഴ്ച ഉച്ചകഴിഞ്ഞ് ചുങ്കത്തറ ശാലേം മാർത്തോമ്മാപ്പള്ളിയിൽ നടത്തപ്പെട്ടു. സമ്മേളത്തിന് ഭദ്രാസനാദ്ധ്യക്ഷൻ അഭി. ഡോ. തോമസ് മാർ തീത്തോസ് എപ്പിസ്ക്കോപ്പായോടൊപ്പം സുവിശേഷകൻ മാത്യു ജോൺ (വാളക്കുഴി) നേതൃത്വം നൽകി. സുവിശേഷകനായി 29 വർഷങ്ങൾ സ്തുത്യർഹമായ ശുശ്രൂഷ പൂർത്തിയാക്കി വിരമിച്ച ശ്രീ. എം.എം. ഏബ്രഹാമിനെ ചുങ്കത്തറ കൺവൻഷൻ അനുമോദിക്കുകയും മെമന്റോ സമ്മാനിക്കുകയും ചെയ്തു. 2019 ജൂലൈ 23ന് സുവിശേഷകർ കോഴിക്കോട് ഭദ്രാസന ആസ്ഥാനത്ത് ഒരുമിച്ച് കൂടുകയും, ചാപ്പലിൽ കൂട്ടായ്മ ആചരിക്കുകയും ചെയ്തു.

ഭദ്രാസന കൺവൻഷൻ: കുന്നംകുളം-മലബാർ ഭദ്രാസനത്തിന്റെ 67-ാമത് കൺവൻഷൻ 2020 ജനുവരി 26 ഞായറാഴ്ച മുതൽ ഫെബ്രുവരി 2 ഞായറാഴ്ച വരെ ചുങ്കത്തറ ശാലേം മാർത്തോമ്മാ പള്ളിയങ്കണത്തിൽ പ്രത്യേകം ഒരുക്കിയ പന്തലിൽ നടത്തപ്പെട്ടു. ഭദ്രാസനാദ്ധ്യക്ഷൻ അഭി. ഡോ. തോമസ് മാർ തീത്തോസ് എപ്പിസ്ക്കോപ്പായുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉദ്ഘാടന സമ്മേളനത്തിൽ സീറോ മലബാർ സഭയുടെ തലശ്ശേരി അതിരൂപത സഹായമെത്രാൻ അഭി. ഡോ. മാർ ജോസഫ് പാംപ്ലാനി തിരുമേനി ഉദ്ഘാടനം നിർവ്വഹിച്ചു. അഭി. ഡോ. തോമസ് മാർ തീത്തോസ് എപ്പിസ്ക്കോപ്പാ എല്ലാ യോഗങ്ങൾക്കും അദ്ധ്യക്ഷത വഹിച്ച് പ്രശംസനീയമായ നേതൃത്വം നൽകി. അഭി. ഡോ. ഗീവർഗ്ഗീസ് മാർ തിയഡോഷ്യസ് എപ്പിസ്ക്കോപ്പാ, ദിവ്യശ്രീമാന്മാരായ ഡോ. ഷാം പി. തോമസ്, എൽ. വർഗ്ഗീസ്, തോമസ് തൈത്തോട്ടം, തോമസ് ജോർജ്ജ്, റെജി തോമസ് ചാക്കോ എന്നീ കശ്ശീശാമാരും സുവി. മാത്യു ജോൺ (വാളക്കുഴി), ശ്രീമതി റെയ്ച്ചൽ ഉമ്മൻ വർക്കി എന്നിവരും വിവിധ മീറ്റിംഗുകൾക്ക് നേതൃത്വം നൽകി. തിങ്കൾ, ചൊവ്വ, ബുധൻ ദിവസങ്ങളിലെ റിന്യൂവൽ മീറ്റിംഗിൽ 'ക്രിസ്തീയ ജീവിതം ഡിജിറ്റൽ മാധ്യമ ഭൂമികയിൽ' എന്ന വിഷയത്തെ അടിസ്ഥാനമാക്കി റവ. ഡോ ഷാം പി. തോമസ് ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. വ്യാഴം, വെള്ളി ദിവസങ്ങ ളിലെ വേദപഠനങ്ങൾക്ക് ദിവ്യശ്രീമാന്മാരായ ഷാജി കെ. തോമസ്, അനീഷ് രാജു എന്നീ കശ്ശീശാമാർ നേതൃത്വം നൽകി. ഭദ്രാസനത്തിലെ വിവിധ സംഘടനകളുടെ നേതൃത്വത്തിൽ പ്രത്യേക യോഗങ്ങൾ നടത്തപ്പെട്ടു.

ലഹരിമുക്ത ഭദ്രാസന വിളംബര റാലിയും പൊതു സമ്മേളനവും: 2020 ഫെബ്രുവരി 1 ശനിയാഴ്ച രാവിലെ അഭിവന്ദ്യ ഡോ. തോമസ് മാർ തീത്തോസ് എപ്പിസ്ക്കോപ്പായുടെ അദ്ധ്യക്ഷതയിൽ ചേർന്ന സാമൂഹ്യതിന്മകൾക്കെതിരായുള്ള പൊതു സമ്മേളനത്തിൽ കേരള മദ്യ നിരോധന സമിതിയിൽ തലശ്ശേരി ഫാ. തോമസ് തൈത്തോട്ടം മുഖ്യ പ്രഭാഷണം നിർവ്വഹിച്ചു. വിവിധ ഭാഗങ്ങളിൽ നിന്നും സമ്മേളനത്തിൽ ഡോ. സിറിയക് തോമസ് പ്രഭാഷണം നിർവ്വഹിച്ചു. അഭിവന്ദ്യ തിരുമേനി ചൊല്ലിക്കൊടുത്ത ലഹരിവിരുദ്ധ പ്രതിജ്ഞ സന്നിഹിതരായ മുഴുവൻ ജനങ്ങളും ഏറ്റുചൊല്ലി. സംബന്ധിച്ചവരിൽ ചിലർ തങ്ങളുടെ സൗഖ്യജീവിത അനുഭവം പങ്കുവെച്ചു. ഭദ്രാസന ലഹരി വിമോചന സമിതി വൈദിക ഉപാദ്ധ്യക്ഷൻ റവ അജി ചെറിയാൻ ഏവർക്കും സ്വാഗതം ആശംസിച്ചു.

ഭദ്രാസന ദിനം: 2019 നവംബർ 10 ഞായറാഴ്ച ഭദ്രാസന ദിനമായി വേർതിരിച്ച് ആചരിച്ചു. ഭദ്രാസന എപ്പിസ്ക്കോപ്പായുടെ കല്പനപ്രകാരം പട്ടക്കാരും സുവിശേഷ കരും ഭദ്രാസന കൗൺസിലംഗങ്ങളും ആത്മായ പ്രതിനിധി കളും പുൾപിറ്റ് ചേഞ്ചിന്റെ ഭാഗമായി വിവിധ ഇടവകകൾ സന്ദർശിച്ച് ഭദ്രാസനത്തിന്റെ പ്രവർത്തനങ്ങളെ വിശദീകരിക്കുകയും പ്രത്യേകം തയ്യാറാക്കിയ ആരാധനക്രമം ഉപയോഗിച്ച് ആരാധനക്ക് നേതൃത്വം നൽകുകയും ചെയ്തു. ഭദ്രാസന വികസന പ്രവർത്തനങ്ങൾക്ക് ഓരോ കുടുംബവും ശരാശരി 1000 രൂപ എന്ന നിരക്കിൽ വേർതിരിച്ച് നൽകി സഹായിക്കുന്നതിൽ വിശ്വാസ സമൂഹത്തോട് പ്രത്യേകാൽ ഷാർജാ മാർത്തോമ്മാ ഇടവക വികാരിമാരോടും, കൈസ്ഥാന സമിതിയംഗങ്ങളോടും, ഇടവകാംഗങ്ങളേവരോടും നന്ദിയറിയിക്കുന്നു.

പട്ടംകൊട ശുശ്രൂഷ: റിപ്പോർട്ട് വർഷം പഴഞ്ഞി ഇമ്മാനുവേൽ മാർത്തോമ്മാ ഇടവകയിൽ കൂടാരം വീട്ടിൽ ശ്രീ. ജോസഫ് ലിനോയും, വടക്കഞ്ചേരി ഹെർമ്മോൻ മാർത്തോമ്മാ ഇടവകയിൽ പനയ്ക്കൽ വീട്ടിൽ ശ്രീ വിപിൻ സാം തോമസും, ഷാർജ്ജാ മാർത്തോമ്മാ ഇടവകയിൽ പീടികയിൽ ശ്രീ സൂരജ് തോമസ് ചെറിയാനും മാർത്തോമ്മാ സഭയിലെ പട്ടത്വ ശുശ്രൂഷയിലേക്ക് പ്രവേശിച്ചു. ശ്രീ. ജോസഫ് ലിനോയുടെയും ശ്രീ. വിപിൻ സാം തോമസിന്റെയും ശെമ്മാശ് പട്ടംകൊട ശുശ്രൂഷ 2019 ജൂൺ 8-ന് വടക്കഞ്ചേരി ഹെർമ്മോൻ മാർത്തോമ്മാ പള്ളിയിൽ അഭി. ഡോ. തോമസ് മാർ തീത്തോസ് എപ്പിസ്ക്കോപ്പായുടെ മുഖ്യകാർമ്മികത്വത്തിലും ശ്രീ. സൂരജ് തോമസ് ചെറിയാന്റെ ശെമ്മാശ് പട്ടംകൊട ശുശ്രൂഷ 2019 ജൂൺ 11-ന് കോഴഞ്ചേരി സെന്റ് തോമസ് മാർത്തോമ്മാ പള്ളിയിൽ അഭിവന്ദ്യ ഡോ ഐസക് മാർ ഫീലക്സിനോസ് എപ്പിസ്ക്കോപ്പായുടെ മുഖ്യകാർമ്മികത്വത്തിലും നടത്തപ്പെട്ടു. റവ. ഡീക്കൻ വിപിൻ സാം തോമസ്-ന്റെ കശ്ശീശാ പട്ടംകൊട ശുശ്രൂഷ 2019 ജൂലൈ 10-ന് കടമ്മനിട്ട ശാലേം മാർത്തോമ്മാപള്ളിയിൽ അഭി. തോമസ് മാർ തിമൊത്തിയോസ് എപ്പിസ്ക്കോപ്പായുടെ മുഖ്യകാർമ്മികത്വത്തിലും റവ. ഡീക്കൻ ജോസഫ് ലിനോയുടെ കശ്ശീശാ പട്ടംകൊട ശുശ്രൂഷ 2019 ഡിസംബർ 17-ന് പഴഞ്ഞി ഇമ്മാനുവേൽ മാർത്തോമ്മാപ്പള്ളിയിൽ അഭി. ഡോ. ഗ്രിഗോറിയോസ് മാർ സ്തേഫാനോസ് എപ്പിസ്ക്കോപ്പായുടെ മുഖ്യകാർമ്മികത്വത്തിലും റവ ഡീക്കൻ സൂരജ് തോമസ് ചെറിയാന്റെ കശ്ശീശാ പട്ടംകൊട ശുശ്രൂഷ 2019 ഡിസംബർ 21-ന് ഷാർജാ മാർത്തോമ്മാപള്ളിയിൽ അഭി. ഡോ. തോമസ് മാർ തീത്തോസ് എപ്പിസ്ക്കോപ്പായുടെ മുഖ്യകാർമ്മി കത്വത്തിലും നടത്തപ്പെട്ടു.

ഇടവക ചുമതലക്കാരുടെ സമ്മേളനം: ഭദ്രാസനത്തിലെ എല്ലാ ഇടവകകളിലെയും ചുമതലക്കാർക്കായി 2019 ആഗസ്റ്റ് മാസം 19-ാം തീയതി തിങ്കളാഴ്ച രാവിലെ പാലക്കാട് സെന്റ് തോമസ് മാർത്തോമ്മാപള്ളിയിൽ വച്ചും 21 ബുധനാഴ്ച കോഴിക്കോട് സെന്റ് പോൾസ് മാർത്തോമ്മാപള്ളിയിൽ വച്ചും, 22 വ്യാഴാഴ്ച ഉപ്പട മലബാർ മാർത്തോമ്മാ മിഷൻ കോംപ്ലസിൽ വച്ചും മേഖലാടിസ്ഥാനത്തിൽ ഏകദിന സമ്മേളനങ്ങൾ നടത്തപ്പെട്ടു. ഭദ്രാസന അദ്ധ്യക്ഷൻ അഭി. ഡോ. തോമസ് മാർ തീത്തോസ് എപ്പിസ്ക്കോപ്പാ അദ്ധ്യക്ഷത വഹിച്ച സമ്മേളനങ്ങളിൽ ഇടവക ചുമതലക്കാരുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും, സർക്കാരിന്റെ

നികുതി വകുപ്പുകളോടിണങ്ങി പ്രവർത്തിക്കുന്ന വിധം ഇത്യാദി കാര്യങ്ങൾ വിശദമാക്കുന്ന ക്ലാസിന് മാർത്തോമ്മാ സഭാ ഫിനാൻസ് മാനേജർ ദിവ്യശ്രീ. ജോർവിൻ ജോസഫ് കശ്ശീശാ, ദിവ്യശ്രീ. എസ്സ് ജോർജ്ജ് കശ്ശീശാ എന്നിവർ നേതൃത്വം നൽകി. ദിവ്യശ്രീമാന്മാരായ സാബു സാമുവേൽ, സജു ബി ജോൺ, തോമസ് കോശി എന്നീ കശ്ശീശമാർ ധ്യാനപ്രസംഗങ്ങൾ നിർവ്വഹിച്ചു.

ശിലാസ്ഥാപനങ്ങളും പ്രതിഷ്ഠാ ശുശ്രൂഷയും: റിപ്പോർട്ടു വർഷം 2019 ഒക്ടോബർ 15 ചൊവ്വാഴ്ച രാവിലെ 11 മണിക്ക് സുൽത്താൻ ബത്തേരി ജീവൻജ്യോതി ഗേൾസ് ഹോസ്റ്റൽ പുതിയ കെട്ടിടത്തിനും, വയനാട് പ്രളയദുരന്ത പാർപ്പിട പദ്ധതിയിലുള്ള 3 വീടുകൾക്കും ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. തോമസ് മാർ തീത്തോസ് എപ്പിസ്ക്കോപ്പാ ശിലാസ്ഥാപനം നടത്തി. തൃശ്ശൂർ എബനേസർ മാർത്തോമ്മാ ഇടവകയുടെ പുതിയ ദൈവാലയത്തിന്റെ ശിലാസ്ഥാപനം 2019 നവംബർ 11-ന് അഭിവന്ദ്യ ഡോ ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ മുഖ്യ കാർമ്മികനായും ഭദ്രാസന എപ്പിസ്ക്കോപ്പാ സഹകാർമ്മികനായും നിർവ്വഹിച്ചു. ഉപ്പടയിൽ നിർമ്മിക്കുന്ന കരുണ ഡോ തോമസ് മാർ തീത്തോസ് എപ്പിസ്ക്കോപ്പാ ഷഷ്ട്യബ്ദപൂർത്തി ഡീ അഡിക്ഷൻ സെന്ററിന്റെ ശിലാസ്ഥാപനം 2020 ജനുവരി 7-ന് ഭദ്രാസനാദ്ധ്യക്ഷൻ നിർവ്വഹിച്ചു. നവീകരിച്ച ചുങ്കത്തറ മാർത്തോമ്മാ കോളേജ് ചാപ്പലിന്റെ പ്രതിഷ്ഠാശുശ്രൂഷ 2019 നവംബർ 18 തിങ്കളാഴ്ച അഭിവന്ദ്യ ഡോ. തോമസ് മാർ തീത്തോസ് എപ്പിസ്ക്കോപ്പായുടെ മുഖ്യകാർമ്മികത്വത്തിൽ നടത്തപ്പെട്ടു. പുതിയതായി നിർമ്മിച്ച കടവല്ലൂർ മാർത്തോമ്മാ എൽ.പി. സ്കൂളിന്റെ പുതിയ കെട്ടിടത്തിന്റെ പ്രതിഷ്ഠാ ശുശ്രൂഷ 2020 ജനുവരി 17-ന് ഭദ്രാസനാദ്ധ്യക്ഷൻ നിർവ്വഹിച്ചു.

ഭദ്രാസന പ്രകാശം: ഭദ്രാസനത്തിന്റെ ഔദ്യോഗിക നാവായ ഭദ്രാസന പ്രകാശം ഈടുറ്റ ലേഖനങ്ങൾ, മിഷൻ ഫീൽഡുകളുടെയും സ്ഥാപനങ്ങളുടെയും പ്രവർത്തന റിപ്പോർട്ടുകൾ, കാലികപ്രാധാന്യമുള്ള വിഷയാവതരണം, പ്രത്യേക വാർത്തകളും അറിയിപ്പുകളുമായി തന്നാണ്ടിൽ മൂന്നു ലക്കങ്ങളിലായി പ്രസിദ്ധീകരിച്ചു.

കാവൽ ഡേ കെയർ, കോട്ടൂപ്പാടം: ഭിന്നശേഷിക്കാരുടെ പരിശീലനത്തിനും പുനരധിവാസത്തിനുമായി കോഴിക്കോട് കോട്ടൂപ്പാടം ധ്യാനാശ്രമത്തോട് ചേർന്ന് തുടക്കംകുറിച്ച കാവൽ ഡേ കെയർ പദ്ധതി മൂന്നാം വർഷത്തിലേക്ക് പ്രവേശിച്ചു. കാവൽ ഡേ കെയർ കുടുംബം 2020 ജനുവരി 17-ന് മലമ്പുഴ ഡാം, ഫാന്റസിപാർക്ക് എന്നീ സ്ഥലങ്ങൾ സന്ദർശിച്ചു. അദ്ധ്യാപികയായി ശ്രീമതി. ഷൈമയും സഹായിയായി ശ്രീമതി ഗീതയും, പാചകവൃത്തിയിൽ ശ്രീമതി പുഷ്പയും സഹായിക്കുന്നു. ഡയറക്ടറായി ദിവ്യശ്രീ. കെ.ജി. തോമസ് കശ്ശീശാ നേതൃത്വം നൽകുന്നു. ഈ പദ്ധതിയെ സഹായിക്കുന്ന ഷാർജ്ജാ മാർത്തോമ്മാ ഇടവകയോടും വികാരിമാരോടും കൈസ്ഥാന സമിതിയംഗങ്ങളോടും ഭദ്രാസനത്തിന്റെ നന്ദിയറിയിക്കുന്നു.

കരുതൽ കുടുംബ സംഗമം: അഭിവന്ദ്യ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ ജന്മശതാബ്ദി പ്രോജക്ടായി തുടക്കംകുറിച്ച ജയിൽവാസികളുടെ കുടുംബാംഗങ്ങളുടെ പുനരധിവാസ പദ്ധതിയായ കരുതൽ മൂന്നാം വർഷത്തിലേക്ക് പ്രവേശിച്ചിരിക്കുന്നു. തന്നാ ണ്ടിലും 20 കുടുംബങ്ങൾക്ക് ഈ പദ്ധതിയിലൂടെ പ്രയോജനം ലഭിക്കുന്നു. കുടുംബാംഗങ്ങളുടെ സംരക്ഷണം, കുട്ടികളുടെ പഠനം, ട്യൂഷൻ, ഉന്നത വിദ്യാഭ്യാസത്തിന് കുട്ടികളെ ഒരുക്കുന്ന പ്രത്യേക പരിശീലനം എന്നീ മേഖലകളിൽ കരുതൽ പ്രവർത്തിക്കുന്നു. 2019 ഏപ്രിൽ 1-ന് ഉപ്പട മലബാർ മാർത്തോമ്മാ മിഷൻ കോംപ്ളക്സ് ചാപ്പലിൽ ചേർന്ന കരുതൽ കുടുംബ സംഗമത്തിൽ പ്രിസൺ ഫെലോഷിപ്പ് ഇന്ത്യാ പ്രസിഡന്റ് ശ്രീ. സാബു റ്റി. തോമസ് മുഖ്യാഥിതിയായിരുന്നു. കരുതൽ കുടുംബത്തിലെ 55 അംഗങ്ങൾ സംഗമത്തിൽ സംബന്ധിച്ചു. കരുതൽ കുടുംബത്തിലെ ഭവനരഹിതയായ ഒരംഗത്തിന് ഭദ്രാസന എപ്പിസ്ക്കോപ്പാ അഭിവന്ദ്യ ഡോ തോമസ് മാർ തീത്തോസ് തിരുമേനിയുടെ ഷഷ്ട്യബ്ദ പൂർത്തിയോടനുബന്ധിച്ച് ഭവനം നിർമ്മിച്ചു നൽകുകയുണ്ടായി.

മിനിസ്ട്രി ടു ദ ട്രാൻസ്ജെന്റേഴ്സ്: മാർത്തോമ്മാ സഭയുടെ ട്രാൻസ്ജെന്റേഴ്സ് മിനിസ്ട്രിയുമായി സഹകരിച്ച് കുന്നംകുളം- മലബാർ ഭദ്രാസനം ഭിന്നലിംഗക്കാരുടെ ഉന്നമനത്തിനും പുനരധിവാസത്തിനുമായി വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. എല്ലാ മേഖലകളിലും അവഗണിക്കപ്പെടുന്ന ഭിന്നലിംഗക്കാരെ സംഘടിപ്പിക്കുന്നതിനും തൊഴിലധിഷ്ഠിത പരിശീലനം നൽകി പുനരധിവസിപ്പിക്കുന്നതിനുമായി ഒരു നേതൃത്വ പരിശീലന ക്യാമ്പ് തൃശൂർ നെല്ലിക്കുന്ന് ശ്രീരവി വർമ്മ മന്ദിരത്തിൽ നടത്തപ്പെട്ടു. അതുകൂടാതെ കോഴിക്കോട്, വയനാട്, തൃശ്ശൂർ, പാലക്കാട്, തമിഴ്നാട്ടിലെ ഗൂഡല്ലൂർ ജില്ലകളിൽ പ്രത്യേക കൂടിവരവുകൾ സംഘടിപ്പിച്ചു. കോഴിക്കോട് മാർത്തോമ്മാ ഹോസ്പിറ്റൽ ഗൈഡൻസ് സെന്ററിൽ ക്രമമായി മീറ്റിംഗുകൾ ക്രമീകരിക്കുന്നു.

പ്രശാന്തഭവൻ ഹാഫ്വേ ഹോം: ഉറ്റവരും ഉടയവരും ചേർത്തുകൊള്ളാത്ത സൗഖ്യമായ മനോരോഗികളുടെ പുനരധിവാസാർത്ഥം ബദിയടുക്ക, കാടമനയിൽ തുടക്കം കുറിച്ച പ്രശാന്തഭവൻ സൈക്കോസോഷ്യൽ റീഹാബിലിറ്റേഷൻ സെന്റർ (ഹാഫ്വേ ഹോം) 2 വർഷം പിന്നിട്ട് സജീവമായി പ്രവർത്തിക്കുന്നു. വടക്കൻ കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നുള്ള 10 പുരുഷന്മാർ അന്തേവാസികളായി പ്രശാന്ത ഭവനിൽ പാർക്കുന്നു. ആരോഗ്യപ്രദമായ ദിനചര്യകൾ, യോഗാ പരിശീലനം, അടുക്കളത്തോട്ട പരിചരണം കോഴിവളർത്തൽ ഇത്യാദി മേഖലകളിൽ ഇവർക്ക് പങ്കാളിത്തം നൽകുന്നതിന് ശ്രീ. മാത്യു ജോർജ്, ശ്രീ. സുബിൻ എബ്രഹാം, ശ്രീമതി അനു വിത്സൻ എന്നിവർ ത്യാഗപൂർവ്വം പ്രവർത്തിക്കുന്നു. പ്രശാന്ത ഭവന്റെ രണ്ടാം വാർഷികം 2019 ഒക്ടോബർ 31 വെള്ളിയാഴ്ച വൈകുന്നേരം 4 മണിക്ക് ഭദ്രാസന എപ്പിസ്ക്കോപ്പാ അഭിവന്ദ്യ ഡോ. തോമസ് മാർ തീത്തോസ് തിരുമേനിയുടെ അദ്ധ്യക്ഷ തയിൽ നടത്തപ്പെട്ടു. സ്ഥാപനത്തിന് സാമൂഹ്യനീതി വകുപ്പിന്റെയും കേരളാ ഓർഫനേജ് കൺട്രോൾ ബോർഡിന്റെയും അംഗീകാരം ലഭിക്കുകയുണ്ടായി ഡയറക്ടറായി ദിവ്യശ്രീ. മാത്യു സാമുവേൽ കശ്ശീശാ ശുശ്രൂഷ നിർവ്വഹിക്കുന്നു. മീനത്തേതിൽ പന്തപ്ലാവിൽ ശ്രീ. എം.ജി. ഉമ്മൻ ഈ സ്ഥാപനത്തെ സാമ്പത്തികമായി സഹായിക്കുന്നു.

സേവ് എ ഹാർട്ട്: നിർധന കുടുംബങ്ങളിലെ ഹൃദ്രോഗികളെ ഹൃദയ ശസ്ത്രക്രിയയിലും ഹൃദ്രോഗ ചികിത്സയിലും സഹായിക്കുന്നതിന് തുടക്കം കുറിച്ച സേവ് എ. ഹാർട്ട് പദ്ധതിയിൽ തന്നാണ്ടിൽ 5 നിർധനരായ കുട്ടികളുടെ ഹൃദയ ശസ്ത്രക്രീയ പരുമല സെന്റ് ഗ്രിഗോറിയോസ് കാർഡിയോവാസ്ക്കുലാർ സെന്ററിൽ നടത്തപ്പെട്ടു. അതോടൊപ്പം കോഴിക്കോട് മെഡിക്കൽ കോളേജ് ഹോസ്പിറ്റലിൽ നടത്തിയ കുട്ടികളുടെ ഹൃദയ ശസ്ത്രക്രിയയ്ക്ക് സി.എം.ഓ.യുടെ അഭ്യർത്ഥനപ്രകാരം ആവശ്യമായ അയോഡിൻ, പഞ്ഞി, കയ്യുറകൾ, സാനിറ്റൈസർ തുടങ്ങിയ അവശ്യ വസ്തുക്കൾ വാങ്ങിക്കൊടുത്തു. റിപ്പോർട്ടു വർഷത്തിൽ ഭദ്രാസന അധ്യക്ഷന്റെ ഇടവക സന്ദർശനവേളയിൽ 44,592 രൂപ സ്തോത്രകാഴ്ചയായി ലഭിച്ചു. ഭദ്രാസന സണ്ടേസ്കൂൾ കുട്ടികളുടെ വകയായി 50,000 രൂപ ഈ പദ്ധതിക്കായി നൽകി. പ്രത്യേക നന്ദി അറിയിക്കുന്നു. തുടർ വർഷങ്ങളിൽ ഹൃദ്രോഗികളായ കുട്ടികളുടെ ചികിത്സയ്ക്ക് പ്രാധാന്യം നൽകുവാനും ആദിവാസി മേഖലകളിൽ ഹൃദ്രോഗ നിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിക്കുവാനും പ്രതിമാസം ഒരു ശസ്ത്രക്രിയ എന്ന ക്രമത്തിൽ സഹായം നൽകുവാനും പദ്ധതിയൊരുക്കുന്നു.

ഭദ്രാസന ലഹരി വിമോചന സമിതി: ഭദ്രാസനത്തെ ലഹരി മുക്തമാക്കുക എന്ന ലക്ഷ്യത്തോടെ തുടക്കംകുറിച്ച ഭദ്രാസന ലഹരി വിമോചന സമിതി തന്നാണ്ടിൽ പ്രശംസനീയമാംവിധം അനുധാവന പ്രവർത്തനങ്ങൾ നിർവ്വഹിച്ചതിൽ ദൈവത്തെ സ്തുതിക്കുന്നു. ഇടവക തലത്തിൽ ലഹരി വിമോചന പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് പരമാവധി ലഹരിയാസക്തരെ കണ്ടെത്തുവാനും എ.എ കൂട്ടായ്മകൾ ആരംഭിച്ച് സൗഖ്യ ജീവിതത്തിൽ നിലനിർത്തുവാനും ഇട

വക ലഹരി വിമോചന സമിതികൾ നേതൃത്വം നൽകി. അതിന്റെ ഫലമായി ഇടവകതലത്തിൽ ഒരാളെ 2020 ഫെബ്രുവരി 1-ന് ഭദ്രാസന കൺവൻഷൻ പന്തലിൽ ചേർന്ന പ്രത്യേക സമ്മേളനത്തിൽ സാക്ഷികളായി പങ്കെടുപ്പിക്കുവാൻ ഒരുക്കങ്ങൾ ചെയ്തു. അന്നേദിവസം നടന്ന സമ്മേളനത്തിൽ അഭി. ഡോ. തോമസ് മാർ തീത്തോസ് എപ്പിസ്ക്കോപ്പാ അദ്ധ്യക്ഷത വഹിക്കുകയും കേരള മദ്യവർജ്ജന സമിതി തലശ്ശേരി പ്രസിഡന്റ് ഫാ. തോമസ് തൈത്തോട്ടം മുഖ്യസന്ദേശം നൽകുകയും വിവിധ എ.എ. ഗ്രൂപ്പുകളിൽ നിന്നുള്ള നാലുപേർ തങ്ങളുടെ സാക്ഷ്യം പങ്കുവയ്ക്കുകയുമുണ്ടായി.

കരുണ ഡോ. തോമസ് മാർ തീത്തോസ് എപ്പിസ്ക്കോപ്പാ ഷഷ്ട്യബ്ദപൂർത്തി ഡീ അഡിക്ഷൻ സെന്റർ, ഉപ്പട: വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗം കുട്ടികളുടെയും യുവജനങ്ങളുടെയും ഭാവിയെ തകർത്തെറിയുന്നതിനാൽ ഭദ്രാസനമായി അടിയന്തിര ഇടപെടലുകൾ നടത്തേണ്ടതാണെന്ന തിരിച്ചറിവാണ് കുന്നംകുളം-മലബാർ ഭദ്രാസന കൗൺസിലിനെ ഭദ്രാസന അദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ തോമസ് മാർ തീത്തോസ് എപ്പിസ്ക്കോപ്പായുടെ ഷഷ്ട്യബ്ദപൂർത്തി പ്രോജക്ടായി സൈക്ക്യാട്രിക് ചികിത്സയുൾപ്പെടെ ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു ലഹരി വിമോചന കേന്ദ്രം ഉപ്പടയിൽ ആരംഭിക്കണമെന്ന് തീരുമാനിക്കുവാൻ പ്രേരിപ്പിച്ചത്. അതിന് കരുണ ഡോ തോമസ് മാർ തീത്തോസ് എപ്പിസ്ക്കോപ്പാ ഡി അഡിക്ഷൻ സെന്റർ എന്നു പേരിടുകയും 2020 ജനുവരി 7 ചൊവ്വാഴ്ച ഭദ്രാസന അദ്ധ്യക്ഷൻ ശിലാസ്ഥാപനം നിർവ്വഹിക്കുകയും ചെയ്തു. ദിവ്യശ്രീ സജി പി. സൈമൺ കശ്ശീശാ കൺവീനറായുള്ള ഒരു സബ് കമ്മിറ്റി നിർമ്മാണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

കരുണാലയം ഹാഫ്‌വേ ഹോം: മാനസികാരോഗ്യ കേന്ദ്രങ്ങളിൽ ചികിത്സ ലഭിച്ച് സൗഖ്യം പ്രാപിച്ചിട്ടും സ്വഭവനങ്ങളിൽ ചേർത്തുകൊള്ളപ്പെടാത്ത സ്ത്രീകൾക്കുവേണ്ടി ഉപ്പട മലബാർ മിഷൻ കോംപ്ലക്സിൽ സമാരംഭിച്ച പദ്ധതിയാണ് കരുണാലയം ഹാഫ്‌വേ ഹോം. കോഴിക്കോട് കുതിരവട്ടം മാനസികാരോഗ്യ കേന്ദ്രത്തിൽ ചികിത്സാനന്തരം സൗഖ്യം ലഭിച്ചിട്ടും ബന്ധുക്കളാൽ അവഗണിക്കപ്പെട്ട 10 സ്ത്രീകളെ ഏറ്റെടുത്ത് 2018 മെയ് 10-ന് ഉപ്പടയിൽ സമാരംഭിച്ച കരുണാലയം സൈക്കോ സോഷ്യൽ റീഹാബിലിറ്റേഷൻ രണ്ട് വർഷങ്ങൾ പൂർത്തീകരിക്കുന്നു. തന്നാണ്ടിൽ 9 പേർ ഹാഫ് വേ ഹോം അംഗങ്ങളായുണ്ട്. ഭദ്രാസനാദ്ധ്യക്ഷൻ അഭി. ഡോ. തോമസ് മാർ തീത്തോസ് എപ്പിസ്ക്കോപ്പായുടെ 60-ാം ജന്മദിനത്തിൽ ആരംഭിച്ച ഈ കേന്ദ്രത്തിന്റെ ഡയറക്ടറായി ദിവ്യശ്രീ. ജെയിംസ് തോമസ് കശ്ശീശായും ട്രഷററായി ശ്രീ സജിമോൻ പി.റ്റി. യും, വാർഡനായി ശ്രീമതി സാറാമ്മയും മലബാർ മിഷൻ കോംപ്ലക്സിലെ മറ്റു ജീവനക്കാർ ഇതര ശുശ്രൂഷകളും നിർവ്വഹിക്കുന്നു. ഏവരോടുമുള്ള നന്ദിയറിയിക്കുന്നു.

സമർപ്പിതരുടെ അനുധാവന സമ്മേളനം: കുന്നംകുളം-മലബാർ ഭദ്രാസന കൺവൻഷന്റെ സമാപന ദിനങ്ങളിൽ നടത്താറുള്ള സമർപ്പണശുശ്രൂഷയിൽ പൂർണ്ണ സമയ ദൈവവേലക്കായോ വിവിധ തൊഴിൽ രംഗത്ത് പ്രവർത്തിച്ച് ഒപ്പം സുവിശേഷവേല ചെയ്യുവാനോ സന്നദ്ധരായി സ്വയം സമർപ്പിച്ച കുട്ടികൾക്കാ യുള്ള അനുധാവന സമ്മേളനം ചുങ്കത്തറ ശാലേം മാർത്തോമ്മാ പള്ളിയിൽ നടത്തപ്പെട്ടു. ദിവ്യശ്രീ വി.എം. മാത്യു കശ്ശീശാ നേതൃത്വം നൽകി. റവ. ബ്രസിൻ കെ. മോൻ സമ്മേളനതതിന്റെ കോ-ഓർഡിനേറ്ററായി ധന്യമായ നേതൃത്വം നൽകി. ഏവരോടും ഭദ്രാസനത്തിന്റെ പ്രത്യേക നന്ദിയറിയിക്കുന്നു.

സംഘടനകൾ

സണ്ടേഞ്ചസ്കൂൾ: ഭദ്രാസന സണ്ടേസ്കൂൾ 8 സെന്ററുകളായും 3 ഡിസ്ട്രിക്ടുകളായും തിരിച്ചിരിക്കുന്നു. ഷാർജാ ഉൾപ്പെടെ രജിസ്റ്റർ ചെയ്ത 83 സണ്ടേസ്കൂളുകൾ ഭദ്രാസനത്തിൽ പ്രവർത്തിക്കുന്നു. 2019 മെയ് 11 ന് കോഴിക്കോട് ബിഇഎം ഹയർസെക്കന്ററി സ്കൂളിൽ സെന്റർ തലത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കിയവരെ പങ്കെടുപ്പിച്ച് ഭദ്രാസന താലന്തുപരിശോധനയും ദിവ്യസംഗീതോത്സവവും നടത്തപ്പെട്ടു. 2020 മാർച്ച് 6, 7 തിയതികളിൽ കോഴിക്കോട് ഹോസ്പിറ്റൽ ഗൈഡൻസ് സെന്ററിൽ വി.ബി.എസ്സ്. നേതൃത്വപരിശീലനം ക്രമീകരിച്ചു. ജൂലൈ രണ്ടാം ഞയറാഴ്ച ഭദ്രാസന സണ്ടേസ്കൂൾ ദിനമായി ആചരിച്ചു. ഭദ്രാസനത്തിലെ ഉത്തമ സണ്ടേ സ്കൂളുകൾക്കും ബിരുദ് പരീക്ഷയിലും അധ്യാപക പരീക്ഷയിലും ഭദ്രാസനതലത്തിൽ ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ചവർക്കും പ്രത്യേക ട്രോഫിയും ക്യാഷ് അവാർഡും നൽകി. ഭദ്രാസന ലഹരിമുക്ത യത്നത്തോടനുബന്ധിച്ച് ഭദ്രാസനത്തിലെ 8 സെന്ററുകളെ ഏകോപിപ്പിച്ച് മദ്ധ്യവകുപ്പ് മുതൽ പ്രൗഢവകുപ്പ് വരെയുള്ള കുട്ടികൾക്കായി ഉപന്യാസ രചനാമത്സരം നടത്തപ്പെട്ടു. നിർധനരായ ഹൃദ്രോഗ ബാധിതരായ കുട്ടികളുടെ ഹൃദയശസ്ത്രക്രീയയ്ക്കായി വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും സഹകരണത്തോടെ നടപ്പിലാക്കുന്ന സേവ് എ ലിറ്റിൽ ഹാർട്ട് പദ്ധതിയിൽനിന്നും 50,000 രൂപ ഭദ്രാസനത്തിന് നൽകി.

യുവജനസഖ്യം: കുന്നംകുളം-മലബാർ ഭദ്രാസന യുവജന സഖ്യത്തിന്റെ 2018- 19 ലെ പ്രതിനിധിസമ്മേളനം 2019 ജൂലൈ 6 ശനിയാഴ്ച കോഴിക്കോട് സെന്റ് പോൾസ് മാർത്തോമ്മാ പള്ളിയിൽ കൂടുകയും 2018-19-ലെ വാർഷിക റിപ്പോർട്ട്, കണക്ക്, 2019-20-ലെ ബഡ്ജറ്റ് എന്നിവ അംഗീകരിക്കുകയും 2019-2021 ലെ ഭദ്രാസന ഭാരവാഹികളെ തെരഞ്ഞെടുക്കുകയും ചെയ്തു. 2019-20-ലെ പ്രവർത്തനോദ്ഘാടനവും യുവജന സമ്മേളനവും 2019 സെപ്റ്റംബർ 1 ഞായറാഴ്ച കുന്നംകുളം ആർത്താറ്റ് മാർത്തോമ്മാ പള്ളിയിൽ അദ്ധ്യക്ഷൻ അഭി. ഡോ. തോമസ് മാർ തീത്തോസ് എപ്പിസ്ക്കോപ്പായുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. തൃശ്ശൂർ മുൻ റൂറൽ എസ്സ് പി ശ്രീ പുഷ്ക്കരൻ ഐ.പി.എസ്സ്. മുഖ്യസന്ദേശം നൽകി. പ്രളയദുരന്തം കേരളത്തെ പിടിച്ചുലച്ചപ്പോൾ കുന്നംകുളം, പാലക്കാട്, തൃശ്ശൂർ, യുവജനസഖ്യങ്ങളുടെ സഹകരണത്തോടെ ചുങ്കത്തറ, നിലമ്പൂർ പ്രദേശങ്ങളിൽ ഭക്ഷണക്കിറ്റുകളും അത്യാവശ്യ വീട്ടു സാധനങ്ങളും വിതരണം ചെയ്തു. 2019 ഫെബ്രുവരി 2 ശനിയാഴ്ച 66-ാമത് ഭദ്രാസന കൺവൻഷനോടനുബന്ധിച്ച് യുവജന സമ്മേളനം നടത്തി. യുവജനസഖ്യത്തിന്റെ കലാമേള 2019 നവംബർ 9-ന് കുഴൽമന്ദം എബനേസർ മാർത്തോമ്മാ പള്ളിയിൽ നടത്തപ്പെട്ടു 2019 ഡിസംബർ 29 ഞായറാഴ്ച പാലക്കാട് സെന്റ് തോമസ് മാർത്തോമ്മാ പള്ളിയിൽ ഭദ്രാസന യുവജനസഖ്യത്തിന്റെ ആഭിമുഖ്യത്തിൽ എക്യൂമെനിക്കൽ ഗാനസന്ധ്യ നടത്തപ്പെട്ടു. 2019 നവംബർ 10,11 തിയതികളിൽ അടൂർ യൂത്ത് സെന്ററിൽ നടന്ന കേന്ദ്ര കലാമേളയിൽ മലയാളം പ്രസംഗം ഗ്രൂപ്പ് 1 ൽ തൃശ്ശൂർ എബനേസർ സഖ്യാംഗം കുമാരി അലീന ആൻ ജോസഫ് ഒന്നാം സ്ഥാനം കരസ്ഥമാക്കി.

സേവികാസംഘം: അതിവിസ്തൃതമായ കുന്നംകുളം-മലബാർ ഭദ്രാസനത്തിലെ 7 സെന്ററുകളും ഷാർജ്ജയുമുൾപ്പെടെ ഭദ്രാസന സേവികാസംഘത്തിന്റെ 69 ശാഖകൾ പ്രവർത്തിക്കുന്നു. 2019-20-ലെ പ്രവർത്തനോദ്ഘാടനം 2019 ജൂലൈ 19-ന് കാട്ടുമുണ്ട സെഹിയോൻ മാർത്തോമ്മാ പള്ളിയിൽ അഭിവന്ദ്യ ഡോ തോമസ് മാർ തീത്തോസ് എപ്പിസ്ക്കോപ്പാ നിർവ്വഹിച്ചു. സംഘവാരം 2019 സെപ്റ്റംബർ 2-8 വരെയും സംഘദിനം സെപ്റ്റംബർ 8 ഞായറാഴ്ചയും നടത്തി. 2019 ആഗസ്റ്റ് 24 ന് ഭാരവാഹികളുടെ സമ്മേളനം കോഴിക്കോട് സെന്റ് പോൾസ് മാർത്തോമ്മാ പള്ളിയിൽ നടത്തി. സേവികാസംഘം ജനറൽ സെക്രട്ടറി ശ്രീമതി മിനി ജോയ്സ് തോമസ് നേതൃത്വം നൽകി. മാതാക്കളുടെയും ഏകാന്തത അനുഭവിക്കുന്ന അമ്മമാരുടെയും സമ്മേളനം 2019 ഒക്ടോബർ 18 ന് പാലക്കാട് സെന്റർ കൺവൻഷനോടനുബന്ധിച്ച് കരിമ്പ സെന്റ് തോമസ് മാർത്തോമ്മാ പള്ളിയിൽ നടത്തി. അഡ്വ. മിനി ഫ്രാൻസിസ് നേതൃത്വം നൽകി. തൃശൂർ, കുന്നംകുളം, പാലക്കാട് മേഖലാ സമ്മേളനം 2019 നവംബർ 6-ന് താണിപ്പാടം ശാലേം മാർത്തോ മ്മാപ്പള്ളിയിൽ വച്ചും നിലമ്പൂർ, ചുങ്കത്തറ, കോഴിക്കോട് മേഖലാ സമ്മേളനം 2019 നവംബർ 12 ന് പുതുപ്പാടി എബനേസർ മാർത്തോമ്മാ പള്ളിയിലും നെടുവാളൂർ സെന്റർ സമ്മേളനം കണ്ണൂർ ഇമ്മാനുവേൽ മാർത്തോമ്മാ പള്ളിയിൽ വച്ചും നടത്തപ്പെട്ടു.

പ്രളയ ദുരിതത്തിലകപ്പെട്ട കുടുംബങ്ങൾക്ക് കേന്ദ്ര സേവികാസംഘത്തിന്റെ സഹായത്തോടെ നിത്യോപയോഗ പാത്രങ്ങൾ വിതരണം ചെയ്തു. SSWACന്റെ കീഴിൽ ചന്തക്കുന്ന് വനിതാഹോസ്റ്റലും, ചെർക്കള ബധിര വിദ്യാലയവും പ്രവർത്തിക്കുന്നു.

സന്നദ്ധ സുവിശേഷക സംഘം: കുന്നംകുളം-മലബാർ ഭദ്രാസന സന്നദ്ധ സുവിശേഷക സംഘത്തിന്റെ 2018-19-ലെ വാർഷിക പ്രതിനിധി സമ്മേളനം 2019 ജൂൺ 1-ന് കരിമ്പ സെന്റ് തോമസ് മാർത്തോമ്മാ പള്ളിയിൽ നടത്തപ്പെട്ടു. 2018-19-ലെ വാർഷിക റിപ്പോർട്ട്, വരവ് ചെലവ് കണക്ക്, 2019-20-ലെ ബഡ്ജറ്റ് എന്നിവ അവതരിപ്പിക്കുകയും അംഗീകരിക്കുകയും ചെയ്തു. 2019-20 ലെ പ്രവർത്തനോദ്ഘാടനം 2019 ജൂലൈ 5-ന് ചന്തക്കുന്ന് സെന്റ് പോൾസ് മാർത്തോമ്മാ പള്ളിയിൽ അഭിവന്ദ്യ ഡോ. തോമസ് മാർ തീത്തോസ് തിരുമേനി നിർവ്വഹിച്ചു. ഭദ്രാസന സന്നദ്ധ സുവിശേഷക സംഘത്തിന്റെയും സുവിശേഷ സേവികാസംഘത്തിന്റെയും സംയുക്താഭിമുഖ്യ ത്തിൽ 2019 ഒക്ടോബർ 19-ന് കരിമ്പ സെന്റ് തോമസ് മാർത്തോമ്മാ പള്ളിയിൽ കുടുംബ സമ്മേളനം നടത്തി. അഭി. ഡോ. തോമസ് മാർ തീത്തോസ് തിരുമേനി അദ്ധ്യക്ഷത വഹിക്കുകയും റവ. ബോബി മാത്യു മുഖ്യസന്ദേശം നൽകുകയും ചെയ്തു. ഉണർവ്വുയോഗങ്ങളുടെ ഉദ്ഘാടനം 2019 ആഗസ്റ്റ് 23 ന് മൂത്തേടം എബനേസർ പള്ളിയിലും സെപ്റ്റംബർ 28 ന് തൃശ്ശൂർ എബനേസർ, ഒക്ടോബർ 12 ന് ചുണ്ടേൽ സെന്റ് പീറ്റേഴ്സ്, നവംബർ 16ന് ഇരിട്ടി മിഷൻ സെന്റർ, 2020 ജനുവരി 4 ന് ചൂരിയോട് ബഥേൽ, ഫെബ്രുവരി 22 ന് പഴഞ്ഞി ഇമ്മാനുവേൽ എന്നീ പള്ളികളിലായി ക്രമീകരിച്ചു. ഭദ്രാസന സന്നദ്ധസുവിശേഷക സംഘമായി കുഴൽമന്ദത്ത് പ്രവർത്തിക്കുന്ന പെയിൻ ആന്റ് പാലിയേറ്റീവ് കെയറിന് സാമ്പത്തിക സഹായം നൽകുന്നു. 2019 ഒക്ടോബർ 11,12 തിയതികളിൽ ഭദ്രാസന കമ്മിറ്റിയംഗങ്ങൾക്കുള്ള റിട്രീറ്റും മിഷൻ ടൂറും പെരിങ്ങാലം മാർത്തോമ്മാ ധ്യാനതീരം കേന്ദ്രമാക്കി നടത്തപ്പെട്ടു.

1. മാർത്തോമ്മാ ഹയർ സെക്കണ്ടറി സ്കൂൾ, ചുങ്കത്തറ: ഒന്നു മുതൽ പത്തു വരെയുള്ള ക്ലാസുകളിലായി 2209 ഉം ഹയർസെക്കണ്ടറി വാഭാഗത്തിൽ 460 ഉം വിദ്യാർത്ഥി വിദ്യാർത്ഥിനികൾ അഭ്യസനം നടത്തി. പാഠ്യ-പാഠ്യേതര വിഷയങ്ങളോടൊപ്പം നേതൃപാടവം, വ്യക്തിത്വ വികസനം, അച്ചടക്കം എന്നിവ വളർത്തുന്നതിന് പരിശീലനം നൽകുന്നു. ലഹരി വിരുദ്ധ ക്ലാസിലൂടെ ലഹരിവിരുദ്ധ സന്ദേശവും, 'സാന്ത്വനം' ക്ലബ്ബിലൂടെ സാമൂഹ്യബോധവും സേവന തൽപ്പരതയും പകരുന്നു. എസ്.എസ്.എൽ.സി. വിഭാഗത്തിൽ 404 കുട്ടികൾ പരീക്ഷയെഴുതിയതിൽ 35 കുട്ടികൾക്ക് മുഴുവൻ A+ ഉം 24 കുട്ടികൾക്ക് 9 വിഷയങ്ങളിൽ A+ ഉം ലഭിച്ചു. വിജയശതമാനം 97.52. പ്ലസ് ടു വിഭാഗത്തിൽ പരീക്ഷ എഴുതിയ വിദ്യാർത്ഥികളിൽ 11 കുട്ടികൾക്ക് മുഴുവൻ A+ ഉം 8 കുട്ടികൾക്ക് 5 വിഷയങ്ങളിൽ A+ഉം ലഭിച്ചു വിജയശതമാനം 90.57. സംസ്ഥാന സ്കൂൾ കലോത്സവത്തിൽ ഹയർസെക്കണ്ടറി വിഭാഗത്തിൽ നിഖിത കെ. ഹിന്ദി കവിതാവിഭാഗത്തിൽ എ ഗ്രേഡും, സബ് ജില്ലാ കലാമേളയിൽ ഹയർ സെക്കണ്ടറി വിഭാഗം രണ്ടാം സ്ഥാനവും കരസ്ഥമാക്കി. ഹയർസെക്കണ്ടറി വാഭാഗത്തിൽ കോർഫ് ബോൾ, നെറ്റ്ബോൾ, ത്രോബോൾ, ക്രിക്കറ്റ് എന്നിവയിൽ നേട്ടങ്ങൾ കൈവരിച്ചു. ശാസ്ത്ര, സാമൂഹ്യശാസ്ത്ര, ഐ.റ്റി. ഗണിത പ്രവർത്തിപരിചയമേളകളിൽ സബ് ജില്ലാ തലത്തിലും, ശാസ്ത്ര ക്ലബ് ജില്ലാ തലത്തിലും നേട്ടങ്ങൾ വരിച്ചു. ഹൈസ്കൂൾ വിഭാഗത്തിൽ ലിറ്റിൽ കൈറ്റ്സ്, ജൂനിയർ റെഡ്ക്രോസ്, സ്കൗട്ട് & ഗൈഡ്സ്, കലാകായിക മേളകൾ, പ്രവർത്തിപരിചയമേളകൾ എന്നിവയിൽ മികവ് പുലർത്തി. 82 വിദ്യാർത്ഥികൾ ഗ്രേസ് മാർക്കിന് അർഹത നേടി. ലോക്കൽ മാനേജരായി റവ. മത്തായി ജോസഫും ഹൈസ്കൂൾ വിഭാഗം ഹെഡ്മാസ്റ്ററായി ഡോ. പി.ജെ. സാമുവേലും ഹയർ സെക്കണ്ടറി വിഭാഗം പ്രിൻസിപ്പലായി ശ്രീമതി ബീന ടി. ചെറിയാനും, ട്രഷററായി ശ്രീ. വർഗീസ് മത്തായിയും സേവനമനുഷ്ഠിച്ചു.

2. സെന്റ് തോമസ് ഹൈസ്കൂൾ, ചുള്ളിയോട്: 16 വർഷങ്ങളായി വയനാട് ജില്ലയിലെ വിദ്യാഭ്യാസ മേഖലയിൽ മികച്ച നേട്ടങ്ങൾ കൈവരിച്ചു മുന്നേറുന്ന വിദ്യാഭ്യാസ സ്ഥാപനമാണ് സെന്റ് തോമസ് ഹൈസ്കൂൾ, ചുള്ളിയോട്. മാർത്തോമ്മാ സഭയുടെ യശസ്സുയർത്തിക്കൊണ്ട് നിർധനരായ വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്ക് മികച്ച ഇംഗ്ലീഷ് വിദ്യാഭ്യാസം നൽകിവരുന്ന സ്ഥാപനത്തിൽ 22 അദ്ധ്യാപകരും 7 അനദ്ധ്യാപകരും ആത്മാർത്ഥമായി സേവനം അനുഷ്ഠിക്കുന്നു. 390 കുട്ടികൾ അഭ്യസനം നടത്തുന്ന സ്കൂൾ ഐ.സി.എസ്സ്.ഇ. (കെ.ഇ.154) അംഗീകാരമുള്ള വയനാട് ജില്ലയിലെ 4 സ്കൂളുകളിൽ ഒന്നാണ്. 2019-20 അദ്ധ്യയനവർഷം 10-ാം ക്ലാസ് പരീക്ഷ എഴുതിയ മുഴുവൻ വിദ്യാർത്ഥികളും വിജയിക്കുകയും കുമാരി ഏഞ്ചെല അശ്വിൻ 91% മാർക്കോടെ പാസ്സായത് അഭിമാനകരമായ നേട്ടമാണ്. പഠനത്തോടൊപ്പം കുട്ടികളിലെ കലാ-കായിക വാസനകൾ പരിപോഷിപ്പിക്കുന്ന വിവിധ പദ്ധതികളും നടപ്പിലാക്കിവരുന്നു. 2019-20 സ്കൂൾ വാർഷികം 2020 ഫെബ്രുവരി 4 ന് വിപുലമായി കൊണ്ടാടി. അഭിവന്ദ്യ ഡോ. തോമസ് മാർ തീത്തോസ് എപ്പിസ്ക്കോപ്പായുടെ നേതൃത്വത്തിൽ റവ. വർഗ്ഗീസ് മാത്യു അഡ്മിനിസ്ട്രേറ്ററായും ശ്രീ. എം.കെ. രജനീഷ് പ്രിൻസിപ്പ ലായും മികച്ച സേവനം കാഴ്ചവെച്ചു.

3. സെന്റ് തോമസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, പൊന്നാനി: 1995 ൽ ഒരു പ്ലേ സ്കൂളായി പൊന്നാനിയിൽ ആരംഭിച്ച വിദ്യാഭ്യാസ സ്ഥാപനം ഇന്ന് ഒന്നു മുതൽ നാലു വരെയുള്ള ക്ലാസുകളിൽ 320 വിദ്യാർത്ഥികളുള്ള മികച്ച എൽ.പി സ്കൂളായി മികച്ച സേവനം കാഴ്ചവയ്ക്കുന്നു. പഠനത്തോടൊപ്പം കലാ-കായിക പരിശീലനം, സാന്മാർഗിക വിദ്യാഭ്യാസം എന്നിവയും നൽകി വരുന്നു. കുട്ടികളിൽ വായനാശീലം വളർത്തുവാൻ വായനശാല പ്രവർത്തിക്കുന്നു. ശ്രീ. പി.എൻ. പണിക്കരുടെ ചരമ ദിനമായ ജൂൺ 19ന് വായനാദിനമായും 19 മുതൽ 26 വരെ വായനാവാരമായും ആചരിച്ചു. കൂടാതെ സ്വാതന്ത്ര്യദിനം, ഗാന്ധി ജയന്തി, ക്രിസ്തുമസ് എന്നീ ദിനങ്ങളും സമുചിതമായി ആചരിച്ചു. കുട്ടികളിലെ സർഗ്ഗവാസനകളെ പരിപോഷിപ്പി ക്കുവാൻ സെന്റ് തോമസ് ബാലജനസഖ്യം പ്രവർത്തിക്കുന്നു. സംസ്ഥാന പൊതു വിദ്യാഭ്യാസ വകുപ്പ് നടത്തിയ എൽ എസ് എസ് പരീക്ഷയിൽ കുമാരി അലൈൻ താര, മാസ്റ്റർ റിഥുനന്ദ്, സാംസുനിൽ എന്നിവർക്ക് സ്ക്കോളർഷിപ്പ് ലഭിച്ചു. പാഠ്യേതര വിഷയങ്ങളുടെ കൂട്ടത്തിൽ നൃത്തപരിശീലനം, കരാട്ടേ അഭ്യസനം എന്നിവയും നടത്തപ്പെടുന്നു.

4. സെന്റ് തോമസ് സ്കൂൾ, അങ്ങാടിശ്ശേരിത്തട്ട്: ഷാർജ്ജാ മാർത്തോമ്മാ യുവജനസഖ്യത്തിന്റെ പിന്തുണയോടെ അങ്ങാടിശ്ശേരിത്തട്ടിൽ പ്രവർത്തിച്ചുവന്ന സെന്റ്തോമസ് സ്കൂൾ 2019-20 അദ്ധ്യയന വർഷം പ്ലേ സ്കൂൾ മുതൽ യു.കെ. ജി ക്ലാസുവരെയുള്ള വിദ്യാഭ്യാസത്തിന് നേതൃത്വം നൽകി. റിപ്പോർട്ട് വർഷം 25 കുട്ടികൾ അഭ്യസനം നേടി. സ്കൂൾ അഡ്മിനിസ്ട്രേറ്റർ റവ. മഞ്ജുഷ് എബിൻ കോശിയോടൊപ്പം 3 അദ്ധ്യാപകരും ഒരു അനദ്ധ്യാപികയും സമർപ്പണ പൂർവ്വം സേവനമനുഷ്ഠിച്ചു. സർക്കാർ നിബന്ധനകൾ പൂർത്തീകരി പ്പാൻ സാധിക്കാത്തതിനാൽ വിദ്യാഭ്യാസ വകുപ്പിന്റെ നിർദ്ദേശപ്രകാരം 2019 മാർച്ച് 31ന് പ്ലേ സ്കൂൾ, എൽ.കെ.ജി., യു.കെ.ജി. എന്നിവ നിലനിർത്തിക്കൊണ്ട് മറ്റു ക്ലാസുകൾ പ്രവർത്തനം അവസാനിപ്പിച്ചിരുന്നു.

5. മാർത്തോമ്മാ കോളേജ് ഓഫ് സ്പെഷ്യൽ എഡ്യൂക്കേഷൻ, ബദിയടുക്ക: റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെയും കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസിന്റെയും അംഗീകാരത്തോടെ കേൾവി, സംസാര വൈകല്യം നേരിടുന്നവരുടെ പുനരധിവാസാർത്ഥം ഓഡിയോളജിസ്റ്റ്, സ്പീച്ച് ലാംഗ്വേജ് പതോളജിസ്റ്റ് തുടങ്ങിയ സാങ്കേതിക വൈദഗ്ദ്ധ്യമുള്ളവരെ പരിശീലിപ്പിക്കുന്ന സഭയുടെ സ്ഥാപനമാണ് മാർത്തോമ്മാ കോളേജ് ഓഫ് സ്പെഷ്യൽ എഡ്യൂക്കേഷൻ. 2003 ൽ സ്ഥാപിതമായ ഈ സ്ഥാപനത്തിൽ ബാച്ച്ലർ ഇൻ

ഓഡിയോളജി ആന്റ് സ്പീച്ച് ലാംഗേജ് പതോളജി (ബി.എ.എസ്.എൽ.പി) കോഴ്സിനു പുറമെ 2011 ൽ മാസ്റ്റർ ഇൻ ഓഡിയോളജി ആന്റ് ലാംഗേജ് പതോളജി (എം.എ. എസ്.എൽ.പി) ബിരുദാനന്തര ബിരുദ പഠനസൗകര്യവും സജ്ജമാക്കി. ഒന്നര പതിറ്റാണ്ടു കാലത്തെ പ്രശംസനീയമായ പാഠ്യപാഠ്യേതര സജ്ജീകരണങ്ങളോടെ 500ൽ അധികം വിദ്യാർത്ഥി വിദ്യാർത്ഥിനികളെ പരിശീലിപ്പിക്കുന്നതിന് സാധിച്ചത് അഭിമാനകരമായ നേട്ടമാണ്. അവരൊക്കെയും സ്വദേശത്തും വിദേശത്തും പ്രശംസനീയമായ സേവനം നൽകുന്നു.

6.മാർത്തോമ്മാ ബധിര വിദ്യാലയം, ചെർക്കള: അന്താരാഷ്ട്ര വികലാംഗ വർഷമായി ആചരിച്ച 1981 ൽ പ്രവർത്തന മാരംഭിച്ച മാർത്തോമ്മാ ബധിര വിദ്യാലയം പ്രവർത്തന പാതയിൽ 39 വർഷങ്ങൾ പിന്നിട്ടിരിക്കുന്നു. മാർത്തോമ്മാ സഭയുടെ കുന്നംകുളം-മലബാർ ഭദ്രാസനത്തിന്റെ ചുമതലയിൽ നടത്തപ്പെടുന്ന ഈ സ്ഥാപനത്തിൽ നിന്നും മുന്നൂറോളം ബധിര വിദ്യാർത്ഥികൾ സ്കൂൾ പഠനം പൂർത്തിയാക്കി. ഇപ്പോൾ ഒന്നു മുതൽ 10 വരെ ക്ലാസുകളിൽ 71 വിദ്യാർത്ഥികളും ഹയർ സെക്കൻഡറിയിൽ 14 വിദ്യാർത്ഥികളും അദ്ധ്യയനം നടത്തുന്നു. 18 അധ്യാപകരും 12 അനധ്യാപകരും ഇവിടെ സേവനമനു ഷ്ഠിക്കുന്നു. ഹയർ സെക്കൻഡറിയിൽ കൊമേഴ്സ് വിത്ത് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ കോഴ്സ് ആണ് നിലവി ലുള്ളത്. 1 മുതൽ 10 വരെ ക്ലാസുകൾക്ക് 2005 ൽ എയ്ഡഡ് പദവി ലഭിച്ചു. പത്താം ക്ലാസ് വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുവാൻ പ്രത്യേക ക്ലാസുകളും, 1, 2 ക്ലാസുകളിലെ കുട്ടികൾക്കായി ഉല്ലാസഗണിതം പദ്ധതിയും, 5, 6, 7 ക്ലാസുകൾക്കായി ഹലോ ഇംഗ്ലീഷ് പരിപാടിയും നടത്തിവരുന്നു

7. മാർത്തോമ്മാ കോളേജ്, ചുങ്കത്തറ: മാർത്തോമ്മാ സഭയ്ക്ക് അഭിമാനമായി കുന്നംകുളം-മലബാർ ഭദ്രാസന ത്തിന്റെ ചുമതലയിൽ മലപ്പുറം ജില്ലയിൽ പ്രവർത്തിക്കുന്ന കലാലയ മാണ് ചുങ്കത്തറ മാർത്തോമ്മാ കോളേജ്. "ഗ്രാമ വികസനത്തിന് ഒരു കലാലയം" എന്ന ലക്ഷ്യത്തിലൂന്നി കോളേജ് അതിന്റെ പ്രവർത്തന പന്ഥാവിൽ 39 വർഷം പിന്നിടുമ്പോൾ ദേശീയ തലത്തിൽ നാക്ക് അക്രഡിറ്റേഷൻ എ ഗ്രേഡിന് അർഹതയും ദേശീയ ന്യൂനപക്ഷ കമ്മിഷനിൽ നിന്നും ന്യൂനപക്ഷപദവിയും ലഭിച്ചിട്ടുണ്ട്. കോളേജിൽ ഇപ്പോൾ 8 ബിരുദ കോഴ്സുകളും 2 ബിരുദാനന്തര ബിരുദ കോഴ്സുകളും കൊമേഴ്സ് ഗവേഷണ വിഭാഗവും പ്രവർത്തിക്കുന്നു. 49 അദ്ധ്യാപകരും 20 അനദ്ധ്യാപക വിഭാഗം ജീവനക്കാരും കോളേജിൽ സജീവ സേവനത്തി ലുണ്ട്. കാലിക്കറ്റ് സർവകലാശാലയുടെ എം.കോം പരീക്ഷയിൽ രണ്ട് വിദ്യാർത്ഥികൾ റാങ്ക് കരസ്ഥമാക്കി. കോളേജ് യൂണിയന്റെ ആഭിമുഖ്യത്തിൽ ഒരു നിർദ്ധന കുടുംബത്തിന് ഭവനം നൽകുന്നതിനുള്ള നിർമ്മാണ പ്ര വർത്തനങ്ങൾ പുരോഗമിക്കുന്നു. ഉന്നത് ഭാരത് അഭിയാൻ പദ്ധതിയുടെ നോഡൽ സെന്ററായി കോളേജ് പ്രവർത്തി ക്കുന്നു. സ്വച്ഛ്ഭാരത് അഭിയാൻ പദ്ധതിയുമായി സഹകരിച്ച് കോളേജ് വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു. ഫിസിക്കൽ എഡ്യുക്കേഷൻ വിഭാഗത്തിൽ ചൗക്ക്ബാൾ, കോർഫ്ബോൾ, നെറ്റ്ബോൾ എന്നീ ഇനങ്ങളിൽ നമ്മുടെ വിദ്യാർത്ഥികൾ സംസ്ഥാന ടീമിൽ അംഗങ്ങളാണ്. മലയാളം അദ്ധ്യാപിക ഡോ. എലിസബെത്ത് തോമസിന് മികച്ച അധ്യാ പികയ്ക്കുള്ള പ്രൊഫ. മീരാൻകുട്ടി സ്മാരക അവാർഡ് ലഭി ച്ചു. കോമേഴ്സ് വിഭാഗം മേധാവി പ്രൊഫ. എം. ബി. ഗോപാ ലകൃഷ്ണൻ ഡപ്യൂട്ടേഷനിൽ കാലടി സർവ്വകലാശാല രജി സ്ട്രാറായി നിയമിതനായി.

8.മാർത്തോമ്മാ കോളേജ് ഫോർ ഹിയറിംഗ് ഇംപയേർഡ്, കാസർഗോഡ്: ശ്രവണ വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ മാതാപിതാക്കളുടെ ഏറെക്കാലമായുള്ള സ്വപ്നമായിരുന്നു 2013 ൽ മാർത്തോമ്മാ സഭയുടെ കുന്നം കുളം-മലബാർ ഭദ്രാസനം തുടക്കംകുറിച്ച മാർത്തോമ്മാ കോളേജ് ഫോർ ഹിയറിംഗ് ഇംപയേർഡ്. പ്രവർത്തനത്തിൽ 7 വർഷങ്ങൾ പിന്നിടുന്ന സ്ഥാപനത്തിൽ ബി.കോം കമ്പ്യൂട്ടർ ബിരുദ പഠനത്തിൽ നാലാം ബാച്ച് പഠനം പൂർത്തീകരി ക്കുന്നു. പഠനത്തോടൊപ്പം വിദ്യാർത്ഥികളെ തൊഴിൽ പ്രാപ്തരാക്കുന്നതിന് വിവിധ പരിശീലനം നൽകിവരുന്നു. സ്വാതന്ത്ര്യദിനം, റിപ്പബ്ലിക് ദിനം, ഓണം, ഈദുൽ ഫിത്തർ, ക്രിസ്തുമസ് എന്നീ വിശേഷ ദിവസങ്ങൾ സമുചിതമായി ആഘോഷിച്ചു. റവ. എ.ജി. മാത്യു അഡ്മിനി സ്ട്രേറ്ററായും പ്രൊഫ. ഡോ ബിജു തോമസ് മാത്യു പ്രിൻസി പ്പാളായും എഞ്ചിനീയർ ജേക്കബ് ജോൺ ട്രഷററായും പ്രവർത്തിച്ചു.

9.മാർത്തോമ്മാ ഐ.റ്റി.ഐ, ബദിയടുക്ക: ചെർക്കള മാർ ത്തോമ്മാ ബധിര വിദ്യാലയത്തിന്റെ പുനരധിവാസ പദ്ധതി യുടെ ഭാഗമായി 1996ൽ ആരംഭിച്ച ഐ.റ്റി.ഐ യിൽ 2001 മുതൽ എൻ.സി.വി.റ്റി ദ്വിവത്സര ഇലക്ട്രീഷൻ കോഴ്സ് ആരംഭിക്കു കയും പ്രവേശനം നടത്തി വരികയും ചെയ്യുന്നു. റിപ്പോർട്ട് വർഷം 13 വിദ്യാർത്ഥികൾ പരിശീലനം നടത്തിവരുന്നു. വിജയകരമായി കോഴ്സ് പൂർത്തീകരിച്ചവർ സ്വദേശത്തും വിദേശത്തും വിവിധ മേഖലകളിൽ പ്രവർത്തി ക്കുന്നു. സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന ഈ സ്ഥാപനം നിർധനരായ അനേക വിദ്യാർത്ഥികൾക്ക് പ്രയോജനപ്പെടുന്നു.

10. മാർത്തോമ്മാ എഡ്യൂക്കേഷണൽ സൊസൈറ്റി, ഗൂഡല്ലൂർ: ഗൂഡല്ലൂർ മാർത്തോമ്മാ എഡ്യുക്കേഷൻ സൊസൈറ്റിയുടെ കീഴിൽ സെന്റ് തോമസ് ഇംഗ്ലീഷ് ഹൈസ്കൂൾ, സെന്റ് തോമസ് ഹയർ സെക്കണ്ടറി സ്കൂൾ (ഇംഗ്ലീഷ് മീഡിയം), സെന്റ് തോമസ് ഹൈസ്കൂൾ (മലയാളം മീഡിയം), സെന്റ് തോമസ് പ്രൈമറി സ്കൂൾ (മലയാളം മീഡിയം) എന്നീ വിദ്യാഭ്യാസ സ്ഥാപനങ്ങളി ലൂടെ 1591 വിദ്യാർത്ഥികൾ അഭ്യസനം നേടുന്നു. തമിഴ്നാട് സംസ്ഥാനത്ത് ഏറ്റവും മികച്ച രീതിയിൽ ഈ സ്ഥാപനം നിൽക്കുന്നു എന്നത് അഭിമാനിക്ക ത്തക്കതാണ്. മാത്രവുമല്ല സമൂഹത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന അനേകം സ്ത്രീകൾക്കും യുവതികൾക്കും പ്രയോജനപ്രദമായി ഒരു തയ്യൽ സ്കൂൾ പ്രവർത്തിക്കുന്നു. റിപ്പോർട്ട് വർഷം 50 പേർ പരിശീലനം നേടുന്നു. 2019-20 അദ്ധ്യയനവർഷം സെന്റ് തോമസ് ഇംഗ്ലീഷ് ഹൈസ്കൂളിൽ പരീക്ഷ എഴുതിയ 52 കുട്ടികൾ റിസൽട്ടിനായി കാത്തിരിക്കുന്നു. എസ്.എസ്. എൽ.സി. വിഭാഗത്തിൽ എയിഡഡ് വിഭാഗത്തിലെ 7 കുട്ടി കളുൾപ്പെടെ 34 കുട്ടികളും ഹയർ സെക്കൻഡറി വിഭാഗ ത്തിൽ 103 കുട്ടികളും പരീക്ഷയെഴുതി റിസൽട്ടിനായി കാത്തിരിക്കുന്നു. ഹൈസ്ക്കൂൾ വിഭാഗത്തിലും ഹയർ സെക്കൻഡറി പ്ലസ് വൺ വിഭാഗത്തിലും മുൻ വർഷത്തെ പ്പോലെ 100% വിജയം പ്രതീക്ഷിക്കുന്നു.

സ്റ്റുഡന്റ്സ് മിസിസ്ട്രി

മാർത്തോമ്മോ യൂത്ത് സെന്റർ, തേഞ്ഞിപ്പാലം: കുന്നംകുളം- മലബാർ ഭദ്രാസനത്തിലെ വിദ്യാർത്ഥികളുടെ ഇടയിലെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിന് ആരംഭിച്ച സ്റ്റുഡന്റ്സ് മിനിസ്ട്രി കോഴിക്കോട് യൂത്ത് സെന്റർ കേന്ദ്രീ കരിച്ച് നടന്നുവരുന്നു. കോഴിക്കോട്, തൃശൂർ എന്നീ നഗരങ്ങ ളിലെ എഞ്ചിനീയറിംഗ്, മെഡിക്കൽ വിദ്യാർത്ഥികൾ ക്കായി ക്യാമ്പസ് കൂട്ടായ്മകൾ, വ്യക്തിഗത കൗൺസിലിംഗ്, റിട്രീറ്റുകൾ, കരിയർ ഗൈഡൻസ്, പ്രീ-മാരിറ്റൽ കൗൺസലിംഗ് എന്നിവ നടത്തപ്പെടുന്നു. കോഴിക്കോട് ബേബി മെമ്മോറിയൽ നേഴ്സിംഗ് കോളേ ജിലെ വിദ്യാർത്ഥിനികൾക്കായി എല്ലാ വ്യാഴാഴ്ച വൈകു ന്നേരങ്ങളിലും കോഴിക്കോട് യൂണിവേഴ്സിറ്റി എഞ്ചിനീയ റിംഗ് കോളേജിലെ വിദ്യാർത്ഥികൾക്കായി എല്ലാ ബുധ നാഴ്ച വൈകുന്നേരങ്ങളിലും കൂട്ടായ്മകൾ ക്രമീകരിക്കു ന്നു. പഠനത്തിനായി കോഴിക്കോട് എത്തുന്ന വിദ്യാർത്ഥികൾ ക്കായി താമസ സൗകര്യ ക്രമീകരണം മാർത്തോമ്മാ യൂത്ത് സെന്ററിൽ നൽകപ്പെടുന്നു. റിപ്പോർട്ട് വർഷം 18 ആൺകു ട്ടികൾ ഹോസ്റ്റലിൽ താമസിച്ചുവരുന്നു.

ആതുര ശുശ്രൂഷ

1. മാർത്തോമ്മാ മിഷൻ ഹോസ്പിറ്റൽ, ചുങ്കത്തറ: അഭിവന്ദ്യരായ യൂഹാനോൻ മാർത്തോമ്മ മെത്രാപ്പോലിത്താ, മാത്യൂസ് മാർ അത്താനാസിയോസ് എപ്പിസ്കോപ്പ എന്നീ തിരുമേനിമാരുടെ എപ്പിസ്കോപ്പൽ സ്ഥാനാരോഹണ രജത ജൂബിലി സ്മാരകമായി 1966-ൽ പ്രവർത്തനം ആരംഭിച്ച

ചുങ്കത്തറ മാർത്തോമ്മാ ആശുപത്രി ഇപ്പോൾ മാർത്തോമ്മാ മെഡിക്കൽ മിഷന്റെ ചുമതലയിൽ പ്രവർത്തിക്കുന്നു. 50 കിടക്കകൾ ഉള്ള ഈ ആശുപത്രിയിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കാഷ്വാലിറ്റി, ഫാർമസി, ക്ലിനിക്കൽ ലാബ്, ഡിജിറ്റൽ എക്സ്റേ, ഓപ്പറേഷൻ തിയേറ്റർ എന്നിവ സജീവമാണ്. അഞ്ച് ഡോക്ടർമാർ ഉൾപ്പെടെ 38 ജീവനക്കാർ വിവിധ വിഭാഗങ്ങളിലായി സേവനം ചെയ്യുന്നു. റിപ്പോർട്ട് വർഷത്തിൽ ഒ.പി. വിഭാഗത്തിൽ 29376 രോഗികളും ഇൻപേഷ്യന്റ് വിഭാഗത്തിൽ, 515 പേരും ചികിത്സ തേടി. ആശുപത്രിയിൽ പ്രവർത്തിക്കുന്ന ഡയലിസിസ് സെന്ററിൽ 6 ഡയാലിസിസ് മെഷീനുകൾ ഉപയോഗിച്ച് ഈ വർഷം 3064 ഡയാലിസിസ് നടത്തി. ഒരു ഡയാലിസിസിന് 650 രൂപ മാത്രമാണ് ഈടാക്കുന്നത് ബാക്കി വേണ്ടിവരുന്ന തുക നമ്മുടെ സഭാംഗങ്ങളുടെയും മറ്റും സ്പോൺസർഷിപ്പിലൂടെ കണ്ടെത്തുന്നു. ബാംഗ്ളൂർ തങ്കമ്മ ഇത്താപ്പിരി മെമ്മോറിയൽ ട്രസ്റ്റുമായി സഹകരിച്ച് ആശുപത്രിയുടെ വികസനത്തിന് തുടക്കം കുറിച്ചു.

2. ബി.എ.ജെ.എം. ഹോസ്പിറ്റൽ, കുഴൽമന്ദം: കുഴൽമന്ദം പ്രദേശത്ത് ആതുരശുശ്രൂഷ നൽകുവാൻ 1945-ൽ സ്ഥാപിതമായ ആശുപത്രിയാണ് ബിഷപ്പ് എബ്രഹാം ജൂബിലി മെമ്മോറിയൽ ആശുപത്രി. റിപ്പോർട്ട് വർഷം ഒ.പി. വിഭാഗം പ്രവർത്തിച്ചു. വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളേജിൽ നിന്നും എം.ബി.ബി.എസ്സ് പൂർത്തിയാക്കിയ ഒരു ഡോക്ടറും, ലുധിയാന ക്രിസ്ത്യൻ മെഡിക്കൽ കോളേജിൽ നിന്നും ബി.ഡി.എസ്സ് ബിരുദം പൂർത്തിയാക്കിയ ഒരു ഡോക്ടറും റിപ്പോർട്ട് വർഷം സേവനം അനുഷ്ഠിച്ചു. ആശുപത്രിയോടു ചേർന്നു പ്രവർത്തിക്കുന്ന സാന്ത്വന പരിചരണ വിഭാഗത്തിൽ മൂന്നു ശയ്യാവലംബികളായ രോഗികൾക്ക് ശുശ്രൂഷ നൽകുന്നു. ആശുപത്രി സൗകര്യങ്ങൾ കൂടുതൽ ഫലകരമായി ഉപയോഗിക്കുന്നതിന്റെ ഭാഗമായി; കോയമ്പത്തൂർ കേന്ദ്രമായി പ്രവർത്തിക്കുന്ന ''സഹായ്'' എന്ന ട്രസ്റ്റിന്റെ സഹകരണത്തോടെ നട്ടെല്ലിന് തകരാർ സംഭവിച്ച രോഗികൾക്കായി സ്പൈനൽ റീഹാബിലിറ്റേഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള ചർച്ചകൾ പുരോഗമിക്കുന്നതോടൊപ്പം ആരോഗ്യ വകുപ്പി ന്റെ ആലോചനയും തേടുന്നു.

ഹോസ്പിറ്റൽ ഗൈഡൻസ് സെന്റർ

1. മാർത്തോമ്മാ ഹോസ്പിറ്റൽ ഗൈഡൻസ് സെന്റർ, ചേവായൂർ: കുന്നംകുളം-മലബാർ ഭദ്രാസനത്തിന്റെ ആതുര സേവനത്തിന്റെയും സാമൂഹ്യ പ്രവർത്തനത്തിന്റെയും ഭാഗമായാണ് മെഡിക്കൽ കോളേജിന് സമീപം മാർത്തോമ്മാ ഹോസ്പിറ്റൽ ഗൈഡൻസ് സെന്റർ പ്രവർത്തിക്കുന്നത്. പ്രവർത്തനത്തിൽ 13 വർഷങ്ങൾ പിന്നിടുമ്പോൾ കോഴിക്കോട് മെഡിക്കൽ കോളേജിലും, ഗൈഡൻസ് സെന്ററിനു സമീപവുമുള്ള ആശുപത്രികളിൽ വരുന്ന 600 ൽ അധികം രോഗികൾക്കും, പരിചാരകർക്കും താമസവും ഇതര സൗകര്യങ്ങളുമൊരുക്കി. പെയിൻ & പാലിയേറ്റീവ് പ്രവർത്തനം. ആശുപത്രി സന്ദർശനം എന്നിവ ഈ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളാണ്. ലുക്കീമിയ വന്ന 5 വയസ്സിനു താഴെയുള്ള കുഞ്ഞുങ്ങൾക്ക് സൗജന്യമായി താമസിക്കുന്നതിനുള്ള സൗകര്യം നൽകുന്നതോടൊപ്പം അവർക്കും കൂട്ടിരിപ്പു കാർക്കും പ്രഭാത ഭക്ഷണം നൽകുന്നു. ക്യാൻസറിനു റേഡിയേഷൻ എടുക്കുന്നവർ, ഡയാലിസിസ് ചെയ്യുന്നവർ, കിഡ്നി മാറ്റിവെയ്ക്കപ്പെട്ടവർ, ഹൃദയ ശസ്ത്രക്രിയ കഴിയുന്നവർ, ഹീമോഫീലിയ അസുഖമുള്ളവർ എന്നിവർ ഈ സ്ഥാപനത്തിൽ വന്ന് താമസിക്കുകയും ശുശ്രൂഷകൾ സ്വീകരിക്കുകയും ചെയ്തു. വൈകുന്നേരങ്ങളിൽ രോഗികൾക്കും അവരുടെ പരിചാരകർക്കും സൗജന്യഭക്ഷണം സെന്ററിൽനിന്നും നൽകുന്നു. നിർധന രോഗികൾക്കും ഭിന്നശേഷിക്കാർക്കും പോഷകാഹാരക്കിറ്റ് നൽകി വരുന്നു

2. മാർത്തോമ്മാ ദിവ്യാ നികേതൻ, പരിയാരം: പരിയാരം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ദിവ്യാ നികേതൻ മാർത്തോമ്മാ ഗൈഡൻസ് സെന്റർ പ്രവർത്തന പഥത്തിൽ 16 വർഷം പിന്നിടുന്നു. ഡയാലിസിസിനു വിധേയരാകുന്നവർ, ക്യാൻസർ രോഗികൾ എന്നിവർക്ക് പ്രത്യേക പരിചരണം നൽകിവരുന്നു. ഈ സെന്ററിൽ നടക്കുന്ന പെയിൻ & പാലിയേറ്റിവിന്റെ പ്രവർത്തനങ്ങൾ അനേക രോഗികൾക്ക് ആശ്വാസമാണ്. പാവപ്പെട്ട രോഗികൾക്കുള്ള ആതുര സഹായം, ഭക്ഷണ വിതരണം, ആശുപത്രി സന്ദർശനം, കൗൺസിലിംഗ് എന്നിവ ക്രമമായി നടത്തപ്പെടുന്നു. സാന്ത്വന പരിചരണ രംഗത്ത് ശയ്യാവലംബികളായ രോഗികൾക്ക് ഭവനങ്ങളിലെത്തി ശുശ്രൂഷ നൽകുന്നു.

ലഹരി വിമോചന പ്രവർത്തനങ്ങൾ

1. മുക്തി ഡി-അഡിക്ഷൻ സെന്റർ, നടവയൽ: 15 വർഷമായി വയനാട്ടിലെ നടവയൽ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന മുക്തി ഡി-അഡിക്ഷൻ സെന്റർ നമ്മുടെ സഭയുടെ മാത്രമല്ല സമൂഹത്തിന്റെ തന്നെ ഭാഗമായി കഴിഞ്ഞിരിക്കുന്നു. 12 ദിവസം നീണ്ടുനിൽക്കുന്ന ലഹരി വിമോചനക്യാമ്പുകൾ ക്രമീകൃതമായി നടന്നുവരുന്നു. 2019-20 വർഷം 14 ക്യാമ്പുകളിലൂടെ 475 കുടുംബങ്ങൾ സൗഖ്യജീവിതത്തിലേക്ക് വന്ന് നാളിതുവരെ 235 ക്യാമ്പുകളിലൂടെ 7500 കുടുംബങ്ങൾ സൗഖ്യജീവിതത്തിൽ നിലനിൽക്കുന്നു. പുനഃപതനത്തിലായവർക്ക് 5 ദിവസം നീണ്ടുനിന്ന ചികിത്സാക്യാമ്പ് ക്രമീകരിച്ചു. സെന്ററിന്റെ നേതൃത്വത്തിൽ 85ലധികം എ.എ. കൂട്ടായ്മകൾ, ലഹരി വിമുക്ത അനുധാവന സമ്മേളനങ്ങൾ, ലഹരിവിരുദ്ധ പ്രചാരണ പരിപാടികൾ, സ്കൂൾ തലത്തിലും വില്ലേജ്തലത്തിലും ബോധവത്കരണ പരിപാ ടികൾ എന്നിവ സംഘടിപ്പിക്കുന്നു. അതോടൊപ്പം മദ്യാസ ക്തരുടെ കുട്ടികൾക്കുവേണ്ടിയുള്ള അൽ അറ്റീൻ ക്യാമ്പുകൾ നടത്തിവരുന്നു. റിപ്പോർട്ടുവർഷം അൽ അറ്റീൻ കുട്ടികൾക്കായി പരീക്ഷ മാർഗ്ഗനിർദ്ദേക സെമിനാർ നടത്തുകയുണ്ടായി. മുക്തി ഡി-അഡിക്ഷൻ പ്രവർത്തകർക്കായി ഒരു കൗൺസിലിംഗ് ട്രെയിനിംഗ് പ്രോഗ്രാം ആരംഭിച്ചു. മുക്തിയുടെ സബ്സെന്ററുകളായി വയനാട്ടിലെ പേരിയ, പുൽപ്പള്ളി എന്നിവിടങ്ങളിലും ഭദ്രാസനത്തിന്റെ വിവിധ ഭാഗങ്ങളിലുമായി 5 കൗൺസിലിംഗ് സെന്ററുകളിലൂടെ കൗൺസിലിംഗ് ആവശ്യമുള്ളവർക്ക് ലഭ്യമാക്കി.

2. ദർശന റീ-ഹാബിലിറ്റേഷൻ സെന്റർ, ഷോളയൂർ: 2010-ൽ പ്രവർത്തനമാരംഭിച്ചു. ആദിവാസി മേഖലയിലുള്ള കുടുംബങ്ങൾക്ക് തണലായും ഈ സ്ഥാപനം പ്രവർത്തിക്കുന്നു. 10 ദിവസങ്ങൾ നീണ്ടുനിന്ന 8 ക്യാമ്പുകൾ തന്നാണ്ടിൽ നടത്തപ്പെട്ടു. നാളിതുവരെ 104 ക്യാമ്പുകൾ നടത്തപ്പെട്ടു. മണ്ണാർക്കാട്, പാലക്കാട് തൃശൂർ എന്നിവിടങ്ങളിലായി 3 എ.എ. കൂട്ടാ യ്മകൾ ഭംഗിയായി നടക്കുന്നു. അതോടൊപ്പം അൽ അനോൺ, അൽ അറ്റീൻ മീറ്റിംഗുകളും നടത്തിവരുന്നു. ആദിവാസി കുട്ടികൾക്കായുള്ള സ്കൂൾ, ഡി-അഡിക്ഷൻ സെന്റർ, കൗൺസിലിംഗ് സെന്റർ എന്നിവയും ഇവിടെ നടക്കുന്നു. സാമൂഹ്യ തിന്മകൾക്കെതിരായുള്ള ബോധവൽക്കരണക്ലാസുകൾ വാഹന പ്രചരണ ജാഥകൾ, തെരുവ് നാടകങ്ങൾ എ.എ. കൂട്ടായ്മകൾ എന്നിവയും നടത്തപ്പെടുന്നു. 2019 ലെ പ്രകൃതിക്ഷോഭത്തിൽ ദുരിതമനുഭവിച്ച കുടുംബങ്ങൾക്ക് ഭക്ഷ്യപദാർത്ഥക്കിറ്റുകൾ വിതരണം ചെയ്തു. ഭിന്നശേഷിയുള്ള കുട്ടികളെ ഭവനങ്ങളിൽ സന്ദർശിക്കുകയും സഹായങ്ങൾ നൽകുകയും ചെയ്യുന്നു.

അഗതി മന്ദിരങ്ങൾ

1. ദീനബന്ധു മിഷൻ, അക്കിക്കാവ്: 1966-ൽ ആരംഭിച്ച ദീനബന്ധു മിഷൻ ഹോസ്പിറ്റൽ ഇപ്പോൾ വയോജനമന്ദിരമായും അതോടൊപ്പം വർക്കിംഗ് വിമൻസ് ഹോസ്റ്റലായും പ്രവർത്തിക്കുന്നു. ഈ സ്ഥാപനത്തിൽ റിപ്പോർട്ട് വർഷം 18 മാതാപിതാക്കൾ താമസിച്ചു. 2 പേർ കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. ക്രമമായ വൈദ്യപരിശോധനയും നേത്ര പരിശോധന ക്യാമ്പും നടത്തിവരുന്നു. തന്നാണ്ടിൽ വയോജനമന്ദിരവും, ഹോസ്റ്റലും അഴിച്ചുപണികൾ നടത്തിയും കേടുപാടുകൾ തീർത്തും സൗകര്യങ്ങൾ മെച്ചപ്പെടുത്തി.

2. കരുണാലയം, ഉപ്പട: സമൂഹത്തിലെ നിരാശ്രയരും നിരാലംബരുമായ വയോജനങ്ങളെ കരുതുകയും സ്നേഹിച്ച് സംരക്ഷിക്കുകയും ചെയ്യുന്നത് ദൈവരാജ്യ ശുശ്രൂഷയുടെ

ഭാഗമാണെന്ന് മനസ്സിലാക്കി 1999ൽ ആരംഭിച്ച അഭയസ്ഥാനമാണ് കരുണാലയം. ഉപ്പട മലബാർ മിഷൻ കോംപ്ലക്സിനോട് ചേർന്ന് പ്രവർത്തിക്കുന്ന കരുണാലയത്തിൽ തന്നാണ്ടിൽ 7 പുരുഷൻമാരും 3 സ്ത്രീകളും താമസിച്ചു. മന്ദിരാംഗങ്ങളായ രണ്ടുപേർ കത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. വാർദ്ധക്യം ആനന്ദകരമാക്കുവാനും മന്ദിരാംഗങ്ങളുടെ ശാരീരിക മാനസിക ആദ്ധ്യാത്മിക അഭ്യുന്നതിക്കായുമുള്ള എല്ലാ സൗകര്യങ്ങളും നൽകുന്നു. കൂടാതെ വസ്ത്രം, ആഹാരം, താമസസൗകര്യം, ചികിത്സ തുടങ്ങിയവ സൗജന്യമായും നൽകുന്നു. ചാപ്പലിൽ പ്രത്യേക ആരാധനകളും കൂട്ടായ്മകളും ഇവർക്കായി ക്രമീകരിക്കുന്നു. മന്ദിരാംഗങ്ങളോടൊത്ത് ഒരുദിവസം എന്ന പ്രോഗ്രാമിലൂടെയും സുമനസ്സുകളുടെ സഹായത്തോടെയുമാണ് കരുണാലയത്തി ന്റെ പ്രവർത്തനങ്ങൾക്കുള്ള വിഭവസമാഹരണം നടത്തുന്നത്.

ആശ്രമങ്ങൾ

ക്രിസ്തുദാസ ആശ്രമം, കുഴൽമന്ദം: ക്രിസ്തുദാസ ആശ്രമം പാലക്കാട് മിഷന്റെ സിരാകേന്ദ്രമാണ്. ജീവിതങ്ങളിലേക്ക് സുവിശേഷത്തിന്റെ വെളിച്ചം പകരുവാൻ 1928ൽ സ്ഥാപിച്ച വിശ്വാസ കേന്ദ്രമാണ് ഈ ആശ്രമം. ആശ്രമ പ്രവർത്തകർ സമീപഗ്രാമങ്ങൾ സന്ദർശിക്കുകയും സുവിശേഷം പങ്കുവയ്ക്കുകയും ചെയ്യുന്നു. റവ. ബിനു ജേക്കബ് തോമസ് മിഷനറിയായും, സിസ്റ്റർ പി.എസ്. മേരിക്കുട്ടി ആശ്രമത്തിന്റെ പ്രധാന ചുമതലയും നിർവ്വഹിക്കുന്നു. സിസ്റ്റർ പി.എസ്. മേരിക്കുട്ടി, സിസ്റ്റർ പി.എസ്. മറിയാമ്മ എന്നിവർ സ്ഥിരാംഗങ്ങളായും എലിസബത്ത് സരോജിനി, ഓമന ചെറിയാൻ എന്നിവർ വോളണ്ടിയർമാരായും പ്രവർത്തിക്കുന്നു.

ഹോസ്റ്റലുകൾ

1. മാർത്തോമ്മാ ഹോസ്റ്റൽ, കുന്നംകുളം: കുന്നംകുളം മാർത്തോമ്മാ സെന്ററിൽ പ്രവർത്തിക്കുന്ന വനിതാ ഹോസ്റ്റലിൽ കുന്നംകുളത്തും സമീപ പ്രദേശങ്ങളിലും ഉള്ള കോളേജുകളിലും മറ്റു ഓഫീസുകളിലും പഠിക്കുകയും ജോലി ചെയ്യുകയും ചെയ്യുന്ന വിദ്യാർത്ഥിനികളും ജീവനക്കാരും താമസിച്ചുവരുന്നു. ഇവിടെ ഇപ്പോൾ 17 പേർ താമസസൗകര്യം പ്രയോജനപ്പെടുത്തുന്നു. കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ സെന്ററിൽ താമസിച്ചിരുന്നവർ സ്വഭവനങ്ങളിലേക്ക് പോയി. സെന്ററിലുൾപ്പെട്ട സ്ഥലത്ത് വിവധ കൃഷികൾ ചെയ്യുന്നു. റവ. നോബിൾ വി. ജേക്കബ് ഡയറക്ടറായി പ്രവർത്തിച്ചു.

2. ജീവൻ ജ്യോതി ഗേൾസ് കെയർ സെന്റർ, സുൽത്താൻ ബത്തേരി: നിർധന കുടുംബങ്ങളിലെ പഠനത്തിൽ സമർത്ഥരായ പ്രത്യേകിച്ച് ആദിവാസി കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് മികച്ച താമസ പഠനസൗകര്യങ്ങൾ ഒരുക്കി സഹായിക്കുന്ന സ്ഥാപനമാണ് ജീവൻജ്യോതി ഗേൾസ് കെയർ സെന്റർ. മാതാപിതാക്കൾ നഷ്ടപ്പെട്ടതോ, അവരിൽ ഒരാൾ മാത്രമോ ആയ ഭവനങ്ങളിൽ നിന്നും 4 മുതൽ 12 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന 14 പെൺകുട്ടികൾ താമസിച്ച് പഠനം നിറവേറ്റുന്നതോടൊപ്പം അവരുടെ ആദ്ധ്യാത്മിക, ആരോഗ്യ ജീവിതത്തിന് ഉതകുന്ന തരത്തിൽ പ്രവർത്തനങ്ങൾ ക്രമീക രിക്കുന്നു. എല്ലാ വർഷവും മദ്ധ്യവേനലവധിക്കാലത്ത് നടത്ത പ്പെടുന്ന വി.ബി.എസ്സി.ലും ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ നടത്തുന്ന സണ്ടേസ്ക്കൂൾ, യുവജനസഖ്യം ക്യാമ്പുകളിലും കുട്ടികൾ പങ്കെടുക്കുന്നു. ജീവൻജ്യോതി ഹോസ്റ്റൽ സൗകര്യം ആധുനീകരിച്ച് 50 കുട്ടികൾക്ക് താമസിച്ച് പഠിക്കുവാനുള്ള സൗകര്യങ്ങൾക്കായി കെട്ടിടനിർമ്മാണം പുരോഗമിക്കുന്നു.

സെന്ററുകൾ

1 മാർത്തോമ്മാ സെന്റർ, ചുങ്കത്തറ: മലബാറിൽ കുടിയേറിപ്പാർത്ത വിശ്വാസ സമൂഹത്തിന്റെ പ്രവർത്തന സിരാകേന്ദ്രമായിരുന്നു ചുങ്കത്തറയിൽ പ്രവർത്തിക്കുന്ന മാർത്തോമ്മാ സെന്റർ. ഭദ്രാസന കൺവെൻഷനോടനുബന്ധിച്ച് അതിഥികളായി വരുന്നവർക്ക് താമസ ക്രമീകരണങ്ങളും മറ്റും സെന്ററിന്റെ മേൽനോട്ടത്തിൽ നിർവ്വഹിക്കുന്നു. സെന്ററിനോട് ചേർന്ന സ്ഥലത്ത് റബ്ബർ കൃഷിയുടെയും, അരമന, മറ്റ് കെട്ടിടങ്ങൾ എന്നിവയുടെ പരിപാലനവും സെന്ററിന്റെ ചുമതലയിൽ നടത്തപ്പെടുന്നു.

2. മാർത്തോമ്മാ സെന്റർ, കുന്നംകുളം: ഭാഗ്യസ്മരണീയനായ ഈശോ മാർ തിമഥെയോസ് തിരുമേനി താമസിച്ച അരമനയും, അഭിവന്ദ്യ യുയാക്കിം മാർ കൂറിലോസ് തിരുമേനിയുടെ പൗരോഹിത്യ രജത ജൂബിലി സ്മാരകമായി നിർമ്മിച്ച കെട്ടിടവും ഡയറക്ടർ ക്വാർട്ടേഴ്സും അടങ്ങുന്നതാണ് കുന്നംകുളം മാർത്തോമ്മാ സെന്റർ.

ക്യാമ്പ് സെന്ററുകൾ: ഡോ. ജോസഫ് മാർത്തോമ്മാ & മാർ സ്തേഫാനോസ് ക്യാമ്പ് സെന്റർ, ഷോളയൂർ, വടുവൻചാൽ, ഉപ്പട, കുഴൽമന്ദം, നെല്ലിക്കുന്ന്, തേഞ്ഞിപ്പാലം, കുന്നംകുളം, അക്കിക്കാവ് എന്നിവിടങ്ങളിൽ പഠനത്തിനും ധ്യാനത്തിനും ക്യാമ്പ് സെന്ററുകൾ പ്രയോജനപ്പെടുത്തുന്നു. ഭദ്രാസനത്തിലെ വിവിധ സംഘടനകൾ ഈ സെന്ററുകളിലെ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി.

ഭദ്രാസന മിഷൻ പ്രവർത്തനങ്ങൾ

1. മാനന്തവാടി മിഷൻ: മാനന്തവാടി, പേര്യ പ്രദേശങ്ങളിൽ കൂട്ടായ്മ യോഗങ്ങൾക്ക് പുറമെ ലഹരി വിമോചന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നിർവ്വഹിച്ചു. ലഹരിക്കടിമകളായവരെ മുക്തി ഡി അഡിക്ഷൻ സെന്ററിലെത്തിച്ച് ചികിത്സ ലഭ്യമാക്കി. ഭവനസന്ദർശനം, കൗൺസിലിംഗ്, അനുധാവന പ്രവർത്ത നങ്ങൾ, എ.എ. മീറ്റിംഗുകൾ, കുടുംബസംഗമങ്ങൾ, തെരുവ് നാടകങ്ങൾ എന്നിവ ഫലകരമായി നിർവ്വഹിച്ചു. വിവിധ പ്രദേശങ്ങളിലായി 9 എ.എ. ഗ്രൂപ്പുകൾ പ്രവർത്തിക്കുന്നു. ഭദ്രാസനത്തിന്റെ ലഹരി വിമുക്ത ഭദ്രാസന പ്രഖ്യാപന സമ്മേളനത്തിൽ ഈ പ്രദേശത്തുനിന്നും 500 പേരോളം സംബന്ധിച്ചു. ഈ പ്രദേശത്തെ പ്രവർത്തന ഫലമായി വള്ളിത്തോട് ശാലേം മാർത്തോമ്മാ ഇടവകയെ സമ്പൂർണ്ണ ലഹരിമുക്ത ഇടവകയാക്കുവാൻ സാധിച്ചു.

2. ഗിരിജ്യോതി മിഷൻ സെന്റർ, ചേകാടി: ആദിവാസി, ഗോത്രവിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്ന വനപ്രദേശമാണ് ചേകാടി. 2007-ലാണ് ഗിരിജ്യോതി മിഷൻ എന്ന പേരിൽ ഇവിടെ പ്രവർത്തനം ആരംഭിച്ചത്. എല്ലാ ഞായറാഴ്ചയും സെന്ററിൽവെച്ച് എ.എ. മീറ്റിംഗ് നടക്കുന്നു. 22 കുടുംബങ്ങൾ ഈ മീറ്റിംഗിൽ സംബന്ധിക്കുന്നു. റിപ്പോർട്ട് വർഷം 6 കുടുംബങ്ങൾ മുക്തിയിൽ ചികിത്സയ്ക്കു വിധേയമാകുകയും സൗഖ്യജീവിതം നയിക്കുകയും ചെയ്യുന്നു. ബാലസമാജം, കിളിക്കൂട്ടം, നേഴ്സറി സ്കൂൾ, ട്യൂഷൻ ക്ലാസ്സ് എന്നിവ സജീവമായി പ്രവർത്തിക്കുന്നു. ഈ പ്രദേശത്തിന്റെ സാമൂ ഹികവും, സാംസ്കാരികവും, ആത്മീയവുമായ മേഖലകളിൽ ഗിരിജ്യോതി മിഷൻ സെന്റർ ശ്രദ്ധേയമായ സ്വാധീനം ചെലുത്തുന്നു. കിഴക്കൻ മുത്തൂർ സെന്റ് പോൾസ് മാർ ത്തോമ്മാ ഇടവക ഈ ഫീൽഡിന്റെ പ്രവർത്തനങ്ങളെ സഹായിക്കുന്നു.

3. കാട്ടിക്കുളം മിഷൻ: കർണ്ണാടക സംസ്ഥാനവുമായി അതിർത്തി പങ്കിടുന്ന കുടിയേറ്റ മേഖലയാണ് കാട്ടിക്കുളം. മുക്തിയുടെ മേൽനോട്ടത്തിൽ ഈ മേഖലയിൽ 9 എ.എ. ഗ്രൂപ്പുകൾ സജീവമായി പ്രവർത്തിക്കുന്നു. കാട്ടിക്കുളം ടൗണിൽ മുക്തിയുടെ നേതൃത്വത്തിൽ തെരുവുനാടകം അവതരിപ്പിച്ചു. വി.ബി.എസ്സ് തന്നാണ്ടിലും നടത്തി. ലഹരി വിമോചന ക്ലാസ്സുകൾ നാഷണൽ സർവ്വീസ് സ്കീം ക്യാമ്പുകളിലും, വിവിധ സ്കൂളുകളിലും നടത്തപ്പെട്ടു. വയനാട് ജില്ലയിലെ പ്രധാന വാർത്താമാധ്യമമായ കമ്മ്യൂണിറ്റി റേഡിയോ "മാറ്റൊലി"യിലൂടെ 'ലഹരി ആസക്തി ഒരു രോഗം' എന്ന വിഷയത്തെ ആസ്പദമാക്കി ഏഴ് ആഴ്ചകൾ നീണ്ടുനിൽക്കുന്ന പ്രക്ഷേപണ പരിപാടി നടത്തുകയും, അത് ആദിവാസി ഭാഷയിൽ മൊഴിമാറ്റം നടത്തി പ്രക്ഷേപണം നടത്തി.

4. ദാസനക്കര മിഷൻ (മാർ ക്രിസോസ്റ്റം നവതി മിഷൻ): ദാസനക്കര, നീർവാരം പ്രദേശങ്ങളിൽ 2006 ജനുവരി 1-ന് തുടക്കം കുറിച്ച മിഷനാണിത്. എല്ലാ ചൊവ്വാഴ്ചകളിലും പ്രാർത്ഥനായോഗം നടത്തുന്നു. നീർവാരം നെടുംകുത്ത് കോളനിയിൽ പുതിയ എ.എ. ഗ്രൂപ്പ് ആരംഭിച്ചു. 21 കുടുംബങ്ങൾ ഈ കോളനിയിൽ സൗഖ്യജീവിതം നയിക്കുന്നു. ഇതുകൂടാതെ മറ്റ് 4 എ.എ. ഗ്രൂപ്പുകളും സജീവമായി പ്രവർത്തിക്കുന്നു. ഈ വർഷത്തെ കിളിക്കൂട്ടത്തിൽ 128 കുട്ടികൾ പങ്കെടുത്തു. സ്കൂളുകളിൽ ലഹരി വിമോചന ക്ലാസ്സ്,

കോളനി സന്ദർശനം, തെരുവ് നാടകം എന്നിവ ക്രമമായി നടത്തിവരുന്നു. ഇരവി പേരൂർ ഇമ്മാനുവേൽ മാർത്തോമ്മാ ഇടവകയാണ് ഈ പ്രവർത്തനങ്ങളെ സഹായിക്കുന്നത്. സുവിശേഷകന്റെ ഉപയോഗത്തിനായി ഇരവിപേരൂർ ഇടവക ഒരു ഇരുചക്ര വാഹനം നൽകുകയുണ്ടായി,

5. പുൽപ്പള്ളി മിഷൻ: മുക്തി ഡി അഡിക്ഷൻ സെന്ററിന്റെ സബ് സെന്ററായി പുൽപ്പള്ളിയുടെ സമീപപ്രദേശമായ ചീയമ്പം എന്ന സ്ഥലത്ത് 2007 ജനുവരിയിൽ പ്രവർത്തനം ആരംഭിച്ചു, പൂതാടി, പുൽപ്പള്ളി, മുള്ളൻകൊല്ലി എന്നീ മൂന്ന് ഗ്രാമപഞ്ചാ യത്തുകളിലായി 13 എ.എ. ഗ്രൂപ്പുകൾ സജീവമായി നടത്ത പ്പെടുന്നു. റിപ്പോർട്ട് വർഷം ഈ പ്രദേശങ്ങളിൽനിന്നും 59 കുടുംബങ്ങൾ സൗഖ്യജീവിതത്തിലേക്ക് വന്നു. 73-കാപ്പി സെറ്റ് ആദിവാസി കോളനിയിൽ ഒരു തയ്യൽ സ്കൂൾ പ്രവർത്തിക്കുന്നു. കിളിക്കൂട്ടം പ്രോഗ്രാമിൽ 238 കുട്ടികൾ സംബന്ധിച്ചു. മാസത്തിൽ ഒരു ഞായറാഴ്ച വിശുദ്ധ കുർബ്ബാനയും മറ്റു ഞായറാഴ്ചകളിൽ പരസ്യാരാധനയും നടത്തിവരുന്നു.

6. മുത്തങ്ങ മിഷൻ: വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി നഗരസഭയും, അമ്പലവയൽ, മീനങ്ങാടി, നൂൽപ്പുഴ, നെന്മേനി എന്നീ ഗ്രാമപഞ്ചായത്തുകളെയും ഉൾപ്പെടുത്തി ആരംഭിച്ച മിഷനാണ് മുത്തങ്ങ മിഷൻ. കോളനി സന്ദർശനം, കൂട്ടായ്മ യോഗങ്ങൾ, ലഹരി വിമോചന പ്രവർത്തനങ്ങൾ എന്നിവ പ്രധാന ദൗത്യമേഖലകളാണ്. ലഹരിയാസക്തി എന്ന മാരകരോഗത്തിന് അടിമകളായ അനേക കുടുംബങ്ങളെ മോചിപ്പി ക്കുവാൻ സാധിച്ചു. സുൽത്താൻ ബത്തേരി, അമ്പലവയൽ പോലീസ് സ്റ്റേഷനുകളുടെയും, മീനങ്ങാടി എക്സൈസി ന്റെയും സഹകരണത്തോടെ സ്കൂൾ, കോളേജ്, അയൽക്കൂട്ടം എന്നിവിടങ്ങളിൽ ബോധവൽക്കരണ പരിപാടികൾ നടത്തി. വിവിധ സ്ഥലങ്ങളിലായി 6 എ.എ. ഗ്രൂപ്പുകൾ നടത്തി വരുന്നു. പ്രവർത്തനവർഷം നടത്തിയ കിളിക്കൂട്ടത്തിൽ 90 കുട്ടികൾ പങ്കെടുത്തു.

7. തേലമ്പറ്റ മിഷൻ: സുൽത്താൻ ബത്തേരിയുടെ കിഴക്കു ഭാഗത്തായി 6 കി.മീ ദൂരത്തിൽ കർണാടക വനാതിർത്തിയോട് ചേർന്ന് സ്ഥിതിചെയ്യുന്ന ആദിവാസി ഗ്രാമമാണ് തേലമ്പറ്റ. തേലമ്പറ്റയിലെ ഈരൻകൊല്ലി കോളനിയിൽ പണിയ വിഭാഗത്തിൽപെട്ട 85 കുടുംബങ്ങൾ താമസിക്കുന്നു. അവരുടെ ഉന്നമനം ലക്ഷ്യമാക്കികൊണ്ട് ലഹരി വിമോചന പ്രവർത്തനങ്ങളും സുവിശേഷ പ്രവർത്തനങ്ങളും നടത്തി വരുന്നു. തേലമ്പറ്റ കോളനി കേന്ദ്രീകരിച്ച് മറ്റു കോളനികളിലും നമ്മുടെ പ്രവർത്തനങ്ങൾ നടത്തുവാൻ സാധിച്ചിട്ടുണ്ട്. പല കോളനികളിലും മദ്യത്തിനും മയക്കുമരുന്നിനും അടിമകളായി മാറിയ നമ്മുടെ 85-ഓളം സഹോദരങ്ങളെയും അവരുടെ കുടുംബങ്ങളെയും മുക്തി ലഹരി വിമോചന കേന്ദ്രവുമായുള്ള ബന്ധത്തിൽ ഒരു പുതിയ ജീവിതത്തിലേക്കു നയിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ വാഴവറ്റ കോളനിയെ മദ്യവിമുക്ത കോളനിയാക്കുവാൻ സാധിച്ചു. മീനങ്ങാടി പന്തളം കോളനിയിൽ അതിനായുള്ള ശ്രമങ്ങൾ പുരോഗമിക്കുന്നു. കുട്ടികൾക്കായുള്ള കിളിക്കൂട്ടം പ്രോഗ്രാമുകൾ അവരുടെ സർഗ്ഗവാസനകളെ കണ്ടെത്തു വാനും അവരെ പ്രോത്സാഹിപ്പിക്കുവാനും അവരെ തുടർപഠനത്തിന് അയക്കുവാനുമുള്ള സാധ്യതകൾ നൽകുന്നു.

8. ഓടപ്പള്ളം മിഷൻ: സുൽത്താൻ ബത്തേരി മൈസൂർ ദേശീയ പാതയിൽ 6 കി.മീ അകലെയായി കർണാടക വനാതിർത്തിയോട് ചേർന്ന് സ്ഥിതിചെയ്യുന്ന ആദിവാസി ഗ്രാമമാണ് ഓടപ്പള്ളം. ഓടപ്പള്ളം പുതുവീട് കോളനിയിൽ പണിയ വിഭാഗത്തിൽപെട്ട 65 കുടുംബങ്ങൾ താമസിക്കുന്നു. സുവിശേഷ പ്രവർത്തനങ്ങളിലൂടെയും ലഹരി വിമോചന പ്രവർത്തനങ്ങളിലൂടെയും ആദിവാസി കുടുംബങ്ങളുടെ സമഗ്ര വികസനമാണ് മിഷൻ ലക്ഷ്യമിടുന്നത്. ലഹരിക്ക് അടിമപ്പെട്ട സഹോദരങ്ങളെ മുക്തി ലഹരി വിമോചന കേന്ദ്രത്തിൽ എത്തിക്കുകയും അവരുടെ പ്രശ്നങ്ങളെ മനസ്സിലാക്കി ആവശ്യമായ ചികിത്സ നൽകുകയും ചെയ്യുന്നു. ലഹരിമുക്തമായ ജീവിതം നയിക്കുന്നവർക്കും അവരുടെ കുടംബങ്ങക്കും ആവശ്യമായ മാനസിക പിന്തുണ നൽകുവാൻ ക്രമമായി 4 സ്ഥലങ്ങളിൽ എ.എ മീറ്റിംഗുകൾ നടത്തിവരുന്നു. പഠനം പാതിവഴിയിൽ ഉപേക്ഷിക്കേണ്ടിവന്ന കുഞ്ഞുങ്ങളെ കണ്ടെത്തി അവർക്ക് തുടർവിദ്യാഭ്യാസം നേടുന്നതിന് മിഷൻ പ്രത്യേക ശ്രദ്ധ ചെലുത്തുന്നു. ഓടപ്പള്ളം, പാക്കം വടക്കനാട്, മീനങ്ങാടി, കൽപറ്റ, അരിമുള, പന്തളം, മുട്ടിലാടി, പിണങ്ങോട് എന്നി സ്ഥല ങ്ങളിലെ കോളനികളിൽ സുവിശേഷകൻ പ്രവർത്തിക്കുന്നു.

9. ചുള്ളിയോട് മിഷൻ: വടുവൻചാൽ, ചുള്ളിയോട് പ്രദേശങ്ങൾ കേന്ദ്രീകരിച്ചാണ് മിഷൻ പ്രവർത്തനങ്ങൾ നടക്കുന്നത്. ചുള്ളിയോട് സെന്റ് തോമസ് സ്കൂൾ വിദ്യാഭ്യാസ മേഖലയിൽ ഈ മിഷന്റെ സംരംഭമാണ്. മാർത്തോമ്മാ സഭയ്ക്ക് വയനാട് ജില്ലയിൽ ശക്തമായ ഇടം സൃഷ്ടിക്കുവാൻ ഐ.സി.എസ്സ്.സി അഫിലിയേഷനോടെ പ്രവർത്തിക്കുന്ന ചുള്ളിയോട് സെന്റ്. തോമസ് സ്കൂളിനു സാധിക്കുന്നു. കഴിഞ്ഞ 15 വർഷമായി സ്തുത്യർഹമായി പ്രവർത്തിക്കുവാൻ സെന്റ് തോമസ് സ്കൂളിന് കഴിഞ്ഞു. മലയോരമേഖലയിൽ നിർധനരായ വിദ്യാത്ഥികൾക്ക് കുറഞ്ഞ ഫീസിൽ മൂല്യവത്തായ വിദ്യാഭ്യാസ സൗകര്യം സ്കൂളിൽ നിന്ന് ലഭിക്കുന്നു.

10. കോട്ടുപ്പാടം മിഷൻ: ഭദ്രാസന ആസ്ഥാനത്തിനു സമീപം പ്രവർത്തിക്കുന്ന മിഷൻ കേന്ദ്രമാണിത്. ധ്യാനാശ്രമത്തിന് സമീപമുള്ള ഒറ്റപ്പിലാക്കൽ, ബദിരൂർ, നാലു സെന്റ് കോളനി എന്നീ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഒരു തയ്യൽ സ്കൂൾ പ്രവർത്തിക്കുന്നു. 25 സ്ത്രീകളുടെ കുടുംബശ്രീ കൂട്ടായ്മയായ 'കർമ്മജ്യോതിസ്സ്' പ്രവർത്തിക്കുന്നു. അയൽക്കൂട്ടത്തിനായി സെമിനാറുകൾ, ബോധവൽക്കരണ ക്ലാസ്സുകൾ ക്രമീകരിക്കപ്പെട്ടു. എല്ലാ മാസവും വെള്ളിയാഴ്ച കോഴിക്കോട് ബേബി മെമ്മോറിയൽ ആശുപത്രിയുടെ നേതൃത്വത്തിൽ സൗജന്യ മെഡിക്കൽ ക്ലിനിക്കും നടക്കുന്നു. സാമൂഹിക സേവനം, ബോധവൽക്കരണ ക്ലാസുകൾ എന്നിവ നടത്തപ്പെട്ടു. വിദ്യാഭ്യാസ സഹായം നൽകിവരുന്നു. ഭിന്നശേഷിയുള്ള കുട്ടികൾക്കായി കാവൽ ഡേ കെയർ സെന്റർ പ്രവർത്തിക്കുന്നു. അടുത്ത ഘട്ടമായി കാവൽ സ്പെഷ്യൽ സ്കൂൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

11. മാമ്പറ്റ മിഷൻ: കോഴിക്കോട് ജില്ലയുടെ മലയോര മേഖലയായ മാമ്പറ്റ കേന്ദ്രീകരിച്ച് 1985ൽ ആരംഭിച്ച മാമ്പറ്റ മിഷൻ സെന്റ് തോമസ് മാർത്തോമ്മാ ഇടവകയുമായി ചേർന്ന് മിഷൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. ആത്മീയ പരിപോഷണം, ആശുപത്രി സന്ദർശനം, ക്യാമ്പസ് പ്രവർത്തന ങ്ങൾ എന്നിവയ്ക്ക് പ്രാമുഖ്യം നൽകി പ്രവർത്തിക്കുന്നു. സുവിശേഷകൻ ഷിബു എം. തോമസ് സെന്ററിൽ താമസിച്ച് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. അതോടൊപ്പം തടവുകാരുടെ കുടംബാംഗങ്ങളുടെ പുനരധിവാസാർത്ഥം രൂപം നൽകിയ കരുതൽ പദ്ധതിയുട കോഓർഡിനേറ്ററായും പ്രവർത്തിക്കുന്നു. തടവുകാരുടെ ഭവനങ്ങൾ സന്ദർശിച്ച് കുടുംബാംഗങ്ങളുടെ ക്ഷേമത്തിനും, കുട്ടികളുടെ പഠനത്തിനും ആവശ്യമായ സഹായങ്ങൾ എത്തിക്കുകയും അനുധാവന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്യുന്നു.

12. അങ്ങാടിശ്ശേരിത്തട്ട് മിഷൻ: കണ്ണൂർ ജില്ലയിലെ ഉളിക്കൽ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട മലയോര ഗ്രാമമാണ് അങ്ങാടിശ്ശേരിത്തട്ട്. ഗ്രാമത്തിന്റെ സമഗ്രവികസനം ലക്ഷ്യ മാക്കി പ്രവർത്തിക്കുന്ന മാർത്തോമ്മാ മിഷൻ സുവിശേഷ പ്രവർത്തനങ്ങൾക്ക് പുറമെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ, ഭവനസന്ദർശനം, നഴ്സറി സ്കൂൾ, തയ്യൽ പരിശീലനകേന്ദ്രം, കംപ്യൂട്ടർ പരിശീലനകേന്ദ്രം, ലഹരി വിമോചന പ്രവർത്തനങ്ങൾ, പ്രൈമറി ഹെൽത്ത് സെന്റർ, കമ്മ്യൂണിറ്റി ഹാൾ, വായനശാല, ബാലജനസഖ്യം എന്നീ പ്രവർത്തനങ്ങളും നടത്തുന്നു. കൂടാതെ എ.എ. കൂട്ടായ്മയും രണ്ട് കേന്ദ്രങ്ങളിലായി നടക്കുന്നു. സെന്റ് തോമസ് സ്കൂളിന്റെ പ്രവർത്തനങ്ങൾ ഈ മിഷന്റെ ഭാഗമായി നടക്കുന്നു. മിഷൻ സെന്ററിലെ ഓഡിറ്റോറിയം ഗ്രാമവാസികൾക്ക് വിവിധ തരത്തിൽ പ്രയോജനപ്പെടുന്നു. ഷാർജ മാർത്തോമ്മ

യുവജനസഖ്യം ഈ സംരംഭങ്ങൾക്കാവശ്യമായ പിന്തുണ നൽകുന്നു.

13. മട്ടന്നൂർ മിഷൻ: ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ 2008-ൽ കണ്ണൂർ ജില്ലയിൽ മട്ടന്നൂരിൽ ആരംഭിച്ച മിഷനാണിത്. ലഹരി വിമോചന പ്രവർത്തനങ്ങൾ, ബോധവൽക്കരണ പ്രവർത്തനങ്ങൾ, സാന്ത്വന പരിചരണപ്രവർത്തനങ്ങൾ, വിദ്യാഭ്യാസ പ്രവർത്തനങ്ങൾ എന്നിവ മട്ടന്നൂർ മാർത്തോമ്മാ കെയർ സെന്ററിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്നു. റിപ്പോർട്ട് വർഷം നിർധനരായ രോഗികൾക്കുള്ള ചികിത്സാ സഹായങ്ങൾ, വിദ്യാഭ്യാസ സഹായം, പഠനോപകരണ വിതരണം, 20 വിദ്യാർത്ഥികൾക്ക് ട്യൂഷൻ, 12 വനിതകൾ അംഗങ്ങളായുള്ള സ്വയംതൊഴിൽ യൂണിറ്റ്, എ.എ. കൂട്ടായ്മകൾ, ബോധവൽക്കരണ ക്ലാസ്സുകൾ, എ.എ. കുടുംബ സംഗമങ്ങൾ, കിളിക്കൂട്ടം, പ്രത്യേക ദിനങ്ങളിലെ ആഘോഷപരിപാടികൾ എന്നിവയെല്ലാം അനുഗ്രഹീതമായി നടത്തപ്പെട്ടു. പ്രവർത്തനങ്ങൾക്ക് കണ്ണൂർ ഇമ്മാനുവേൽ മാർത്തോമ്മാ ഇടവകയുടെ പൂർണ്ണ സഹായ സഹകരണങ്ങൾ ലഭിക്കുന്നു.

14. ഇരിട്ടി മിഷൻ: 1995-ൽ ആരംഭിച്ച ഇരിട്ടി മിഷന്റെ നേതൃത്വത്തിൽ ആരാധന, സാമൂഹ്യസേവനം, കൗൺസിലിംഗ്, ബോധവത്ക്കരണ പ്രവർത്തനങ്ങൾ ലഹരി വിമോചന പ്രവർത്തനങ്ങൾ, എ.എ. കൂട്ടായ്മകൾ, ബാലജനസഖ്യം, ഭവന സന്ദർശനം എന്നിവ ക്രമമായി നടത്തപ്പെടുന്നു. ഞായറാഴ്ചകളിൽ സെന്റ് മത്ഥിയാസ് ചാപ്പലിൽ ആരാധന നടത്തിവരുന്നു. പായം പഞ്ചായത്തിലെ വിവിധ സ്കൂളുകളിലും ഗ്രാമ സഭകളിലും, കുടുംബശ്രീകളിലും ലഹരി ബോധവത്ക്കരണ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. ലഹരി ആസക്തരെ കണ്ടെത്തി മുക്തിയിലേക്കയച്ചു. കടത്തും കടവ്, കാഞ്ഞിരം കൊല്ലി, മണിക്കടവ് എന്നിവിടങ്ങളിലായി മൂന്ന് എ.എ. മീറ്റിംഗുകൾ നടത്തപ്പെടുന്നു. എല്ലാ നാലാം വെള്ളിയാഴ്ചകളിലും ഉപവാസ പ്രാർത്ഥനയും, ഞായറാഴ്ചകളിൽ ബാലജനസഖ്യവും നടത്തിവരുന്നു. 55 കുട്ടികൾക്ക് പഠന സഹായവും 4 രോഗികൾക്ക് ചികിത്സാ സഹായവും നൽകി.

15. ഉപ്പട മലബാർ മാർത്തോമ്മാ മിഷൻ: ഭാഗ്യസ്മരണീയനായ ഈശോ മാർ തിമൊഥെയോസ് തിരുമേനിയുടെ ദർശന പൂർത്തീകരണമാണ് ഉപ്പട മലബാർ മാർത്തോമ്മാ മിഷൻ. നിർധനരും പാർശ്വവത്ക്കരിക്കപ്പെട്ടവരുമായ ഗ്രാമീണ ജനതയുടെ മുന്നേറ്റത്തിനായി നിരവധി വികസന പദ്ധതികൾ സെന്ററിന്റെ ആരംഭം മുതൽ നടപ്പിലാക്കി വരുന്നു. നാളെയുടെ വാഗ്ദാനങ്ങളായ കുട്ടികളുടെ വ്യക്തിത്വ വികസനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന എക്സറ്റൻഡഡ് എഡ്യുക്കേഷൻ പ്രോഗ്രാം, ബാലവാടികൾ, തയ്യൽ പരിശീലനകേന്ദ്രം എന്നിവ മിഷൻ സെന്ററിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്നു. നിരാലംബരായ വൃദ്ധജനങ്ങളുടെ അഭയസ്ഥാനമായ കരുണാലയം മന്ദിരത്തിൽ 7 പുരുഷന്മാരും 3 സ്ത്രീകളും പ്രവർത്തനവർഷം താമസിച്ചു. മാനസികരോഗ ചികിത്സയെ ത്തുടർന്ന് സൗഖ്യത്തിലേക്ക് മടങ്ങിവന്നിട്ടും സ്വഭവനങ്ങളിൽ ചേർത്തു കൊള്ളപ്പെടാത്ത 9 സ്ത്രീകളെ ഉൾപ്പെടുത്തി കരുണാലയം ഹാഫ് വേ ഹോം പ്രവർത്തിക്കുന്നു.

16. വരാക്കര മിഷൻ: 1928-ൽ തൃശൂർ സെന്റർ സന്നദ്ധ സുവിശേഷക സംഘമായി ആരംഭിച്ച പ്രാർത്ഥനാ കൂട്ടായ്മയാണ് വരാക്കര മിഷൻ കേന്ദ്രമായി രൂപപ്പെട്ടത്. 1996 മുതൽ ഭദ്രാസനത്തിന്റെ നിയന്ത്രണത്തിലും നേതൃത്വത്തിലും പ്രവർത്തനങ്ങൾ നടത്തിവരുന്നു. വരാക്കര മിഷൻ അതിന്റെ ശുശ്രൂഷയിൽ നവതി പിന്നിട്ടിരിക്കുന്നു. മിഷന്റെ പ്രവർത്തനം ഇവിടെയുള്ള മാർത്തോമ്മാ കോൺഗ്രിഗേഷനുമായുള്ള ബന്ധത്തിൽ നടത്തപ്പെടുന്നു. ഭവന സന്ദർശനത്തിലൂടെ വാർദ്ധക്യത്തിലിരിക്കുന്നവരെയും രോഗികളെയും സന്ദർശിച്ച് ധൈര്യവും പ്രത്യാശയും പകർന്നുനൽകുന്നു. വ്യക്തിപരമായ ഇടപെടലിലൂടെയും ബോധവത്ക്കരണം, ചികിത്സാ ക്രമീകരണങ്ങൾ, എ.എ. കൂട്ടായ്മകൾ, കൗൺസിലിംഗ് എന്നിവയിലൂ ടെയും ലഹരി വിമോചന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. വിവിധ പ്രാർത്ഥനാവിഷയങ്ങൾ ഡയറിയിൽ രേഖപ്പെടുത്തി മദ്ധ്യസ്ഥപ്രാർത്ഥന നടത്തിവരുന്നു.

17. പാലക്കാട് മിഷൻ: 1924-ൽ പ്രവർത്തനമാരംഭിച്ച പാലക്കാട് മിഷന്റെ നേതൃത്വത്തിൽ ക്രിസ്തുദാസ ആശ്രമം, ബി.എ. ജെ.എം ആശുപത്രി, വെമ്പല്ലൂർ സ്കൂൾ, സെന്റ് തോമസ് സ്കൂൾ, എരിമയൂർ, പല്ലശന മിഷൻ, കൊഴിഞ്ഞാംപാറ, സി.ഡി.എ.യു.പി സ്കൂൾ കുഴൽമന്ദം, ചിൽഡ്രൻസ് ക്യാമ്പ് സെന്റർ, തയ്യൽ പരിശീലന കേന്ദ്രം, ലഹരിവിമുക്ത പ്രവർത്തനങ്ങൾ, ജ്യോതിസ് ബാലജന സഖ്യം, റിവൈവൽ ഫെലോഷിപ്പ്, ട്യൂഷൻ സെന്റർ എന്നിവ ക്രമമായി നടത്തിവരുന്നു. ഭവനങ്ങൾ സന്ദർശിച്ച് യേശുക്രിസ്തുവിനെ പരിചയപ്പെടുത്തുകയും, അവരുടെ ആവശ്യങ്ങളിൽ കൂട്ടായ്മ കാണിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു. കാലോചിതമായ വിവിധ വിഷയങ്ങളിൽ സെമിനാറു കളും, പഠനങ്ങളും ക്രമമായി നടന്നുവരുന്നു. ഇതോടൊപ്പം വി.ബി.എസ്, തയ്യൽ പരിശീലനം, ലഹരിവിമുക്ത പ്രവർത്തനം, റിവൈവൽ ഫെലോഷിപ്പ്, വിദ്യാഭ്യാസ സഹായം, മെഡിക്കൽ സഹായം, വിവാഹ സഹായം എന്നിങ്ങനെ സമൂഹത്തിന്റെ വിവിധ ആവശ്യങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കുന്നു.

18. ഷോളയൂർ മിഷൻ: അട്ടപ്പാടിയുടെ അതിർത്തിയിൽ തമിഴ്നാടിനോട് ചേർന്നു കിടക്കുന്ന ഒരു പ്രദേശമാണ് ഷോളയൂർ. കഴിഞ്ഞ ഒരു ദശാബ്ദത്തിലധികമായി ആദിവാസി, ഗോത്ര വിഭാഗക്കാരുടെ മധ്യത്തിൽ സുവിശേഷ പ്രവർത്തനം നിർവ്വഹിക്കുന്നു. ലഹരി വിമുക്തി ലക്ഷ്യമാക്കി ഡി-അഡിക്ഷൻ ക്യാമ്പ് പ്രവർത്തിക്കുന്നു. ആദിവാസി വീടുകളിൽ 300 കുട്ടികൾക്ക് തന്നാണ്ടിൽ സ്കൂൾ കിറ്റ് വിതരണം ചെയ്തു. ഈ പ്രദേശങ്ങളിൽ ലഹരി വസ്തുക്കൾക്ക് അടിമകളായവരെ കണ്ടെത്തി ക്യാമ്പുകളിൽ പങ്കെടുപ്പിച്ച് സൗഖ്യജീവിത ത്തിലേക്ക് നയിക്കുന്നു. സൗഖ്യജീവിതം നയിക്കുന്നവർക്കായി രണ്ട് എ.എ. കൂട്ടായ്മകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നു. പാലക്കാട് ജില്ലയിലെ വിവിധ സ്കൂളുകൾ കേന്ദ്രമാക്കി ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തി.

19. പാക്കുളം മിഷൻ: 1988ൽ ആരംഭിച്ച പാക്കുളം മിഷൻ ആദിവാസികളുടെ ഇടയിലും കുടിയേറ്റ മേഖലകളിലുമുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. പാക്കുളം കർമ്മേൽ മാർത്തോമ്മാ ഇടവകയുടെ സഹകരണത്തിലാണ് മിഷൻ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നത്. ഇടവക പ്രവർത്തനങ്ങൾ കൂടാതെ ആദിവാസി ഊരുകൾ സന്ദർശിക്കുകയും ലഹരി വിമോചന ബോധവത്കരണ പ്രവർത്തനങ്ങൾ എന്നിവ സംഘടിപ്പിക്കുകയും ചെയ്യുന്നു. ഷോളയൂർ ദർശന ഡീ അഡിക്ഷൻ സെന്ററിലെ ക്യാമ്പുകളിൽ ആളുകളെ പങ്കെടുപ്പി ക്കുകയും ക്യാമ്പിന് ആവശ്യമായ നേതൃത്വം നൽകുകയും ചെയ്യുന്നു. സൺഡേ സ്കൂൾ, വി.ബി.എസ്., ആളാംപ്രതി സുവിശേഷവേല എന്നിവ നടത്തപ്പെടുന്നു.

20. പെരുമണ്ണൂർ - കൊരട്ടിക്കര മിഷൻ: മൂന്നു കോളനികൾ കേന്ദ്രീകരിച്ചു നടത്തപ്പെടുന്ന മിഷൻ പ്രവർത്തനങ്ങളിൽ, ഭവന സന്ദർശനം, വി.ബി.എസ്, പഠനോപകരണങ്ങളുടെ വിതരണം, ഡി-അഡിക്ഷൻ പ്രവർത്തനങ്ങൾ, എ.എ. മീറ്റിംഗുകൾ ഭക്ഷ്യധാന്യ വിതരണം എന്നിവ നടത്തപ്പെടുന്നു. കോളനി കളിലെ ഭവനങ്ങൾ സന്ദർശിക്കുകയും ലഹരി വിമോചന ബോധവത്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുന്നു. പെരുമണ്ണൂർ മിഷൻ സെന്ററിൽ പ്രവർത്തിക്കുന്ന കർമ്മേൽ നേഴ്സറി സ്കൂളിൽ 23 കുട്ടികൾ പഠിക്കുന്നു. തൃശ്ശൂർ എബനേസർ മാർത്തോമ്മാ ഇടവക ഈ പ്രവർത്തനങ്ങളെ സഹായിക്കുന്നു കൊരട്ടിക്കരയിൽ മാസത്തിലൊരിക്കൽ വിശുദ്ധ കുർബ്ബാനയും പ്രാർത്ഥനായോഗങ്ങളും, വി.ബി.എസ് എന്നിവയും ക്രമീകരിക്കപ്പെടുന്നു. 24 കുട്ടികൾ പഠിക്കുന്ന ഒരു നേഴ്സറി സ്കൂൾ ഇവിടെ പ്രവർത്തിക്കുന്നു.

21. പൂവത്തിപൊയിൽ - കാരക്കോട് മിഷൻ: മലപ്പുറം ജില്ലയിൽ വഴിക്കടവ് പഞ്ചായത്തിൽ നാടുകാണി മലനിരയോടു ചേർന്നുകിടക്കുന്ന പ്രദേശങ്ങളാണ് പൂവത്തി

പൊയിൽ, കാരക്കോട്. ഈ പ്രദേശത്തുള്ള ദരിദ്രരായ സ്ത്രീകളുടെ ഉന്നമനം ലക്ഷ്യമാക്കി സ്വയംതൊഴിൽ സാദ്ധ്യത മുന്നിൽകണ്ട് ഒരു തയ്യൽ പരിശീലനകേന്ദ്രം പ്രവർത്തിക്കുന്നു. 45 സ്ത്രീകൾ പരിശീലനം പൂർത്തീകരിച്ചു. 2019 ജൂലൈ 1 മുതൽ കരുനെച്ചി കേന്ദ്രമാക്കി തയ്യൽ പരിശീലനം ആരംഭിച്ചു. 2019 ഡിസംബർ 31 ന് 34 പേർ പഠനം പൂർത്തീകരിച്ചു. 2020 ജനുവരി 1 മുതൽ 18 പേരോടുകൂടി പുതിയ ബാച്ച് ആരംഭിച്ചു. ഗ്രാമവാസികളിൽ ലഹരിക്കടിമകളായവരെ സൗഖ്യത്തിലേക്ക് നയിക്കുവാൻ എല്ലാ വെള്ളിയാഴ്ചകളിലും എ.എ. കൂട്ടായ്മ നടത്തിവരുന്നു. 20-25 അംഗങ്ങൾ ക്രമമായി കൂടിവരുന്നു. കൂടാതെ ലഹരിയാസക്തരെ ചികിത്സാകേന്ദ്രങ്ങളിലയച്ച് ചികിത്സിക്കുകയും അനുധാവന പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു. മൂന്ന് കുടുംബങ്ങൾ സൗഖ്യജീവിതം നയിക്കുന്നു. 2019-ലെ പ്രളയത്തിൽ ദുരിതമനുഭവിച്ച കുടുംബങ്ങൾക്ക് എടക്കര ഇമ്മാനുവേൽ ഇടവകയോടു ചേർന്ന് ആവശ്യമായ സഹായങ്ങളെത്തിക്കുന്നതിനും വീടുകൾ വൃത്തിയാക്കുന്നതിനും കിറ്റുകൾ വിതരണം ചെയ്യുന്നതിനും സാധിച്ചു. എടക്കര ഇമ്മാനുവേൽ മാർത്തോമ്മാ ഇടവക ഈ പ്രവർത്തനങ്ങളെ സഹായിക്കുന്നു.

22. പൊന്നാനി മിഷൻ: 1978-ൽ രൂപം കൊണ്ട പൊന്നാനി മിഷൻ വിവിധ ജനവിഭാഗത്തിന്റെ സാമൂഹികവും, ആത്മീകവുമായ വളർച്ചയ്ക്ക് ശക്തിപകരുന്നു. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും തൊഴിൽ സംബന്ധമായി പൊന്നാനിയിൽ എത്തിച്ചേർന്ന ക്രൈസ്തവർ 1970-ൽ ആരംഭിച്ച യൂണിയൻ ക്രിസ്ത്യൻ മൂവ്മെന്റ് എന്ന എക്യുമെനിക്കൽ കൂട്ടായ്മ 1979-ൽ പൊന്നാനി ശാലേം മാർത്തോമ്മാ ഇടവകയായി ഉയർത്തപ്പെട്ടു. 1995-ൽ ഒരു നേഴ്സറി സ്കൂൾ ആരംഭിച്ചു. ഇപ്പോൾ 300-ൽ അധികം കുട്ടികൾ പഠിക്കുന്നതും, സർക്കാർ അംഗീകാരമുള്ളതുമായ വിദ്യാലയമായി വളർന്നു. റിപ്പോർട്ട് വർഷം 48 കുട്ടികൾ നാലാം ക്ലാസ്സ് പഠനം പൂർത്തീകരിച്ചു. ലഹരിയാസക്തരെ കണ്ടെത്തി ബോധവത്കരിക്കുകയും സൗഖ്യജീവിതത്തിന് സഹായിക്കുകയും എ.എ. കൂട്ടായ്മകൾ നടത്തുകയും ചെയ്യുന്നു.

23. കാടമന മിഷൻ: കാസർഗോഡ് ജില്ലയിൽ ബദിയടുക്കയ്ക്കു സമീപമുള്ള കാടമന കേന്ദ്രമായി നടക്കുന്ന മിഷൻ പ്രവർത്തനങ്ങൾക്ക് ഇവിടെയുള്ള മാർത്തോമ്മാ കോൺഗ്രി ഗേഷൻ എല്ലാ പിന്തുണയും നൽകിവരുന്നു. കോൺഗ്രി ഗേഷന്റെ ആരാധനക്രമീകരണങ്ങളിലും, ഭവന സന്ദർശനം, സണ്ടേസ്കൂൾ, വിബിഎസ്സ് എന്നിവയ്ക്കും നേതൃത്വം നൽകുന്നു. മാനസികാരോഗ്യകേന്ദ്രങ്ങളിൽ ചികിത്സയ്ക്കുശേഷം സൗഖ്യം പ്രാപിച്ചിട്ടും സ്വഭവനങ്ങളിൽ തിരികെ ചേർക്കാത്തതിനാൽ ദീർഘവർഷങ്ങളായി ആശുപത്രികളിൽ തന്നെ കഴിയേണ്ടിവരുന്ന നിസ്സഹായർക്ക് കാടമനയിൽ പ്രവർത്തിക്കുന്ന പ്രശാന്തഭവൻ ഹാഫ് വേ ഹോമിന്റെ (സൈക്കോ സോഷ്യൽ റീഹാബിലിറ്റേഷൻ സെന്റർ) ദൈനംദിനപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

24. പരപ്പ മിഷൻ: പരപ്പ എബനേസർ മാർത്തോമ്മാ ഇടവകയോടു ചേർന്ന് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. ഇടവകയിലെ ആരാധനാ ക്രമീകരണങ്ങൾ, ഭവന സന്ദർശനം, കൂട്ടായ്മാ യോഗങ്ങൾ, സണ്ടേസ്കൂൾ, വിബിഎസ്സ്, യുവജനസഖ്യം, സേവികാ സംഘം എന്നിവയ്ക്ക് ക്രമമായി നേതൃത്വം നൽകുന്നു. ലഹരി വിമോചന ബോധവത്കരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും, എ.എ. മീറ്റിംഗുകൾ ക്രമമായി നടത്തുകയും ചെയ്യുന്നു. പരിസര പ്രദേശങ്ങളിലുള്ള നിർധനരോഗികൾക്ക് വൈദ്യസഹായം നൽകിവരുന്നു.

സുവിശേഷനിധി: സുവിശേഷ വേലയ്ക്കു വേണ്ടി ഇടവകകളിൽനിന്നു ലഭിക്കുന്ന സാമ്പത്തിക വിഹിതമാണ് സുവിശേഷനിധി. ഭദ്രാസനത്തിലെ എല്ലാ ഭവനങ്ങളിലും വിതരണം ചെയ്തിട്ടുള്ള മിഷൻ ബോക്സുകളിൽ സ്വരൂപിച്ചിട്ടുള്ള തുകകൾ വർഷത്തിൽ രണ്ടു തവണ അതാത് ഇടവകകളിലെ ചുമതലക്കാർ ശേഖരിച്ച് ഭദ്രാസന ആഫീസിൽ അടയ്ക്കുന്നു. മിഷൻ ഫീൽഡുകളുടെ ആവശ്യങ്ങൾക്കും സുവിശേഷകരുടെ ശമ്പളത്തിനുമായി ഈ തുക വിനിയോഗിക്കുന്നു. റിപ്പോർട്ട് വർഷം 6,39,120 രൂപ സുവിശേഷനിധിയായി ലഭിച്ചു.

Life's Tithe for Christ (LTC) (ആയുസ്സിന്റെ ദശാംശം ക്രിസ്തുവിനായ്): പഠനം പൂർത്തീകരിച്ചശേഷം മറ്റു കോഴ്സുകളിലേക്ക് പോകുന്നതിനു മുമ്പോ, ജോലി ചെയ്യുന്നവർ ജോലിയുടെ മധ്യത്തിലോ ദൈവരാജ്യ ശുശ്രൂഷയ്ക്കു വേണ്ടി തങ്ങളെ തന്നെ വേർതിരിക്കുന്ന പദ്ധതിയാണ് എൽ.ടി.സി. ഇതിൽ ഭദ്രാസനത്തിനു വെളിയിൽ നിന്നും യുവജനങ്ങൾ പങ്കെടുക്കുന്നു.

തൃപ്തി പ്രൊജക്ട്: നമ്മുടെ ഭദ്രാസനത്തിലെ വിധവകളായ സ്ത്രീകളുടെ ഉന്നമനത്തിനും, സഹായത്തിനുമായി ആരംഭിച്ച പദ്ധതിയാണ് 'തൃപ്തി' പ്രൊജക്ട്. സുമനസ്സുകളുടെ സാമ്പത്തിക സഹായത്തോടു കൂടിയാണ് ഈ പദ്ധതി നടപ്പിൽ വരുത്തുന്നത്. കൂടുതൽ വിധവമാർക്ക് പ്രയോജനമാകുംവിധം ചെറുകിട വരുമാനപദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നു.

4.അംഗീകൃത സ്ഥാപനങ്ങൾ

4.1 മാർത്തോമ്മാ സുവിശേഷ പ്രസംഗസംഘം

സഭയുടെ മിഷനറി പ്രസ്ഥാനമായ മാർത്തോമ്മാ സുവിശേഷ പ്രസംഗസംഘം 1888 സെപ്റ്റംബർ 5 ന് ആരംഭം കുറിച്ചു. മദ്ധ്യതിരുവിതാംകൂറിലും കടൽത്തീര മേഖലകളിലും മലബാറിലും സുവിശേഷ ഘോഷണത്തിൽ ശ്രദ്ധയൂന്നിയിരുന്ന സംഘം 1905 ൽ കർണ്ണാടകയിലെ ഹോണോവാറിലും തുടർന്ന് ഉത്തരേ ന്ത്യയിൽ 1942 ൽ മദ്ധ്യപ്രദേശിലെ സിഹോറയിലും പ്രവർത്തനം വിപുലീകരിച്ചു. സംഘം പ്രവർത്തന പന്ഥാവിൽ 132 സംവത്സരങ്ങൾ പൂർത്തിയാക്കുന്നു. സംഘത്തിന്റെ സുവിശേഷ പ്രവർത്തനങ്ങളുടെ ഫലമായി 450ൽപരം ഇടവകകൾ, അനേകം ആരാധനാ സമൂഹങ്ങൾ, ഭാരതത്തിലെ 19 സംസ്ഥാനങ്ങളിലും രണ്ട് കേന്ദ്രഭരണ പ്രദേശങ്ങളിലുമായി ആരംഭിക്കുന്നതിന് ദൈവം ഇടയാക്കി. ഇപ്പോൾ 65 മിഷൻ കേന്ദ്രങ്ങളിലായി 2700 ലധികം ഗ്രാമങ്ങളിൽ 750 ൽപരം പ്രവർത്തകർ വിവിധ മുഖാന്തിരങ്ങളിലൂടെ സുവിശേഷഘോഷണം നിർവ്വഹിക്കുന്നു.

ക്രിസ്തീയ വിശ്വാസം സ്വീകരിച്ചവർക്ക് സഭയുടെ കൂട്ടായ്മയിലേക്ക് പ്രവേശനം നൽകുകയും സത്യാന്വേഷകർക്ക് തിരുവചന പഠനത്തിനും ധ്യാനത്തിനുമുള്ള അവസരങ്ങൾ ഒരുക്കുകയും ചെയ്യുന്നു. ക്രിസ്തേതരരായ 17000 ത്തിൽ അധികം കുട്ടികൾ സണ്ടേസ്കൂളുകളിൽ പഠിക്കുന്നു.

പ്രവർത്തനങ്ങൾ : ഭവനസന്ദർശനം, ലഘുലേഖകളുടെയും വേദപുസ്തകത്തിന്റെയും വിതരണം, പ്രാർത്ഥനാകൂട്ടങ്ങൾ, അന്വേഷകർക്കായുള്ള യോഗങ്ങൾ, വായനശാല, തയ്യൽ പരിശീലനം, കമ്പ്യൂട്ടർ പരിശീലനം, സൗജന്യ മെഡിക്കൽ ക്യാമ്പുകൾ, ഗ്രാമീണ ബാലവാടികൾ, ഗ്രാമജ്യോതി സ്കൂളുകൾ, ഹോമിയോ ക്ലിനിക്കുകൾ, എച്ച്ഐവി./എയ്ഡ്സ് ബോധവൽക്കരണ ക്ലാസ്സുകൾ, മദ്യവിമുക്ത പ്രവർത്തനങ്ങൾ, സൗജന്യ ട്യൂഷൻ, ബൈബിൾ പഠനക്യാമ്പുകൾ, വി.ബി.എസ്., സൺഡേസ്കൂൾ, നിർദ്ധനരായ രോഗികൾക്ക് ചികിത്സാപദ്ധതികൾ, പിന്നാക്ക വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്കുവേണ്ടി ഹോസ്റ്റലുകൾ, ക്രഷുകൾ, നിർദ്ധനരായ കുട്ടികൾക്ക് പഠനസഹായങ്ങൾ, സ്ത്രീകൾക്ക് തൊഴിൽ പരിശീലന പ്രവർത്തനങ്ങൾ, കുഷ്ഠരോഗികൾക്കുവേണ്ടിയുള്ള ശുശ്രൂഷകൾ ആദിയായവയിലൂടെ സുവിശേഷപ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നു.

മിഷൻ കേന്ദ്രങ്ങൾ: 19 സംസ്ഥാനങ്ങളിലായി പ്രവർത്തിക്കുന്ന മിഷൻ കേന്ദ്രങ്ങളുടെ പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

കേരളം: ഗുരുവായൂർ-മുക്കോല, മൂന്നാർ, നേര്യമംഗലം, അട്ടപ്പാടി.

ഭദ്രാസനങ്ങളുമായി ചേർന്ന് തിരുവനന്തപുരം-കൊല്ലം, ചെങ്ങന്നൂർ-മാവേലിക്കര, കൊട്ടാരക്കര-പുനലൂർ, അടൂർ എന്നിവടങ്ങളിൽ സുവിശേഷകർ പ്രവർത്തിക്കുന്നു.

തമിഴ്നാട്: പൊള്ളാച്ചി, ഉദുമൽപേട്ട, സേലം, ഈറോഡ്, ഡിണ്ടിഗൽ-അംബ്ലിക്കൈ നാമക്കൽ, പളനി, തേനി-മധുര,

ആണ്ടിമഠം.
കർണാടക: കുംട, സിർസി, ഹാൻഗൽ, ഹോസ്കോട്ടെ, ഹൂബ്ലി, ഹാവേരി, അങ്കോല, ഹോണവാർ, ശിവനാപുരം, ഡാൻഡേലി, മുണ്ടുഗോഡ്, ജംഗമക്കോട്ട, ശങ്കേശ്വർ, അംദള്ളി, കാർവാർ, കോളാർ, ഹരിഹർ. സീമാന്ധ്ര: വിജയവാഡ, വിശാഖപട്ടണം, ചാഗലമാരി, നന്ദ്യാൽ, ബദ്വേൽ, ബനഗാനപ്പള്ളി. തെലുങ്കാന: സെക്കന്ദരാബാദ്, നാൽഗോണ്ട. മഹാരാഷ്ട്ര: പൻവേൽ, പൂനെ. മദ്ധ്യപ്രദേശ്: ഭോപ്പാൽ, സിഹോറ, ഷഡോൾ, സത്ന, റീവാ, റ്റെയ്മർ. രാജസ്ഥാൻ: ജയ്പ്പൂർ, ബിക്കാനീർ, ഭിൽവാര. പഞ്ചാബ്: ലുധിയാന. ഉത്തരാഖണ്ഡ്: ടിബറ്റൻ ബോർഡർ (മുൻസിയാരി, നാച്ച്നി, തേജം). ബീഹാർ : സമസ്തിപൂർ. ഛത്തീസ്ഗഢ് : ജഗദൽപൂർ, ബോർസി, ബസ്തർ, അകൽത്തറ. ഗോവ: പോണ്ട, പനാജി. പശ്ചിമബംഗാൾ: കല്യാൺപൂർ. ജമ്മുകാശ്മീർ: ജമ്മു താവി. ഒഡീഷ: കലിംഗ. ആൻഡമാൻസ്: പോർട്ട്ബ്ലയർ, ഡിഗ്ലിപൂർ, ബേട്ടാപൂർ, വിംബർലിഗഞ്ച്, മായാബന്തർ, രംഗത്ത്. പോണ്ടിച്ചേരി : പുതുക്കടൈ, കരിക്കലാംപക്കം.

മാരാമൺ കൺവൻഷൻ: ശതോത്തര രജതജൂബിലി മാരാമൺ കൺവൻഷൻ 2020 ഫെബ്രുവരി 9 മുതൽ 16 വരെ മാരാമൺ മണൽപ്പുറത്ത് നടന്നു. മാർത്തോമ്മാ സഭയിലെ അഭിവന്ദ്യ തിരുമേനിമാരെ കൂടാതെ ദൈവശാസ്ത്രപണ്ഡിതരും സുവിശേഷപ്രസംഗകരുമായ പെർത്തിലെ ആർച്ച് ബിഷപ്പ് മോസ്റ്റ് റവ. കെയ്മാരി ഗോഡ്സ്വർത്തി (ഓസ്ട്രേലിയ), ബിഷപ്പ് ഡിനോ ഗബ്രിയേൽ (സൗത്ത് ആഫ്രിക്ക), റവ.ഡോ.മോണോദീപ് ഡാനിയേൽ (ഡൽഹി), റവ.ഡോ.ജോൺ സാമുവേൽ (ചെന്നൈ) എന്നിവരും പ്രസംഗകരായിരുന്നു. കൺവൻഷനു മുൻപുള്ള 6 ദിവസങ്ങളിൽ, മാരാമണ്ണിന് ചുറ്റുപാടുമുള്ള 7 സെന്ററുകളിലെ ഇടവക മിഷൻ പ്രവർത്തകർ മണൽപ്പുറത്ത് ഒരുക്കപ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി. 9-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞുള്ള പ്രാരംഭയോഗത്തിൽ അഭിവന്ദ്യ ഡോ.ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്ത ഉദ്ഘാടന സന്ദേശം നൽകി. തിങ്കൾ മുതൽ ശനിവരെ എല്ലാദിവസവും രാവിലെ 7.30 ന് കുട്ടികൾക്കായും സ്ത്രീകൾക്കായും പുരുഷന്മാർക്കായും പ്രത്യേകം ബൈബിൾ ക്ലാസ്സുകൾ ക്രമീകരിച്ചു. സുവിശേഷവേലയ്ക്കായി പ്രതിഷ്ഠിക്കപ്പെടുന്ന കുട്ടികൾക്കുള്ള പ്രതിഷ്ഠാശുശ്രൂഷ വെള്ളി, ശനി ദിവസങ്ങളിൽ കോഴഞ്ചേരി സെന്റ് തോമസ് പള്ളിയിൽ നടത്തി. തിങ്കൾ, ചൊവ്വ, ബുധൻ ദിവസങ്ങളിൽ ഉച്ചകഴിഞ്ഞുള്ള യോഗങ്ങളെ തുടർന്ന് കുടുംബവേദി യോഗങ്ങളും നടന്നു. ബുധനാഴ്ച രാവിലെ എക്യുമെനിക്കൽ സമ്മേളനത്തിൽ സി.എസ്.ഐ. മോഡറേറ്റർ മോസ്റ്റ് റവ. ഡോ. എ. ധർമ്മരാജ് റസാലം പ്രസംഗിച്ചു. ഇതര സഭകളിലെ മേലദ്ധ്യക്ഷന്മാർ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് സാമൂഹ്യ അനീതിക്കെതിരെയുള്ള യോഗത്തിൽ മോസ്റ്റ് റവ. യുഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പൊലീത്താ പ്രസംഗിച്ചു. വ്യാഴം, വെള്ളി, ശനി ദിവസങ്ങളിൽ നടന്ന യുവവേദി യോഗങ്ങളിൽ സുപ്രീം കോടതി മുൻ ജഡ്ജി ജസ്റ്റീസ് കുര്യൻ ജോസഫ്, എക്സൈസ് അസിസ്റ്റന്റ് കമ്മീഷണർ മാത്യൂസ് ജോൺ, ഡി.വൈ പാട്ടീൽ യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസലർ ഡോ.ജയിംസ് തോമസ് എന്നിവർ പ്രസംഗിച്ചു. വ്യാഴാഴ്ച ഉച്ചകഴിഞ്ഞുള്ള സന്ന്യാസുവിശേഷകസംഘത്തിന്റെ ആഭിമുഖ്യത്തിലുള്ള യോഗത്തിൽ റവ. ഡോ. ജോൺ സാമുവൽ സന്ദേശം നൽകി. വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് സേവികാസംഘത്തിന്റെ യോഗത്തിൽ മോസ്റ്റ് റവ. കെയ് മാരി ഗോഡ്സ് വർത്തി പ്രസംഗിച്ചു. ശനിയാഴ്ച രാവിലെയുള്ള യോഗം മാരാമൺ കൺവൻഷന്റെ ശതോത്തര രജതജൂബിലി സമാപന സമ്മേളനമായി ക്രമീകരിച്ചു. ബിഷപ്പ് ഡിനോ ഗബ്രിയേൽ മുഖ്യസന്ദേശം നൽകി. ശനിയാഴ്ച ഉച്ചകഴിഞ്ഞുള്ള മിഷനറി യോഗത്തിൽ റവ. ഡോ. ജോൺ സാമുവൽ സന്ദേശം നല്കി. 16 ന് ഞായറാഴ്ച ഉച്ചകഴിഞ്ഞ് അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ സമാപന സന്ദേശത്തോടുകൂടി 125-ാമത് മാരാമൺ കൺവൻഷൻ സമാപിച്ചു.

ഗോസ്പൽ ടീം: ഡോ. മാത്യൂസ് മാർ അത്താനാസ്യോസ് മെമ്മോറിയൽ ഗോസ്പൽ ടീം ഇടവകകളും മിഷൻ ഫീൽഡുകളും കേന്ദ്രീകരിച്ച് സുവിശേഷഘോഷണം നിർവ്വഹിക്കുന്നു. ആളാംപ്രതിവേല, വചനഘോഷണം, ഗാനശുശ്രൂഷ, ഭവനസന്ദർശനം, പരസ്യയോഗം മുതലായ മാർഗ്ഗങ്ങളിലൂടെ സുവിശേഷം അറിയിക്കുന്നു. റവ.അലക്സ് പി. ജോൺ ഗോസ്പൽ ടീം ഡയറക്ടറായി പ്രവർത്തിച്ചു.

സുവിശേഷദൂതൻ: സുവിശേഷദൂതൻ മാസികയുടെ 11 സാധാരണ പതിപ്പുകളും മാരാമൺ കൺവൻഷൻ സ്പെഷ്യൽ പതിപ്പും പ്രസിദ്ധീകരിച്ചു.

മാരാമൺ റിട്രീറ്റ് സെന്റർ: മാരാമൺ കൺവൻഷൻ ഓഫീസ് ആയി പ്രവർത്തിക്കുന്നതു കൂടാതെ ക്യാമ്പുകളും കോൺഫറൻസുകളും നടത്തുന്ന മികച്ച ക്യാമ്പ് സെന്ററായി പ്രവർത്തിക്കുന്നു.

കടവിൽ മാളിക: സംഘത്തിന്റെ ജന്മഗൃഹം എന്ന് വിശേഷിപ്പിക്കുന്ന കല്ലിശ്ശേരിയിലെ കടവിൽ മാളിക ഒരു ധ്യാനകേന്ദ്രമായി ഇടവകകളും പ്രാർത്ഥനാഗ്രൂപ്പുകളും പ്രയോജനപ്പെടുത്തുന്നു. എല്ലാ ചൊവ്വാഴ്ചകളിലും വിവിധ ഇടവകകളുടെ നേതൃത്വത്തിൽ കൂട്ടായ്മകളും മദ്ധ്യസ്ഥപ്രാർത്ഥനകളും നടക്കുന്നു.

വിദ്യാഭ്യാസ പ്രവർത്തനങ്ങൾ: മിഷൻ കേന്ദ്രങ്ങളിൽ പ്രാഥമിക വിദ്യാഭ്യാസം നൽകുന്നതിന് ബാലവാടികൾ പ്രവർത്തിക്കുന്നു. കേരളത്തിനകത്തും പുറത്തുമായി 30 പ്രൈമറി സ്കൂളുകളും 6 യു.പി. സ്കൂളുകളും ഏഴ് ഹൈസ്കൂളുകളും അഞ്ച് ഹയർ സെക്കൻഡറി സ്കൂളുകളും പ്രവർത്തിക്കുന്നു. പെരുമ്പാവൂർ വനിതാ കോളജ് മികച്ച രീതിയിൽ പ്രവർത്തിക്കുന്നു. പെരുമ്പാവൂർ ആശ്രമം ക്യാമ്പസിൽ മാർത്തോമ്മാ കോളജ് ഓഫ് മാനേജ്മെന്റ് ആൻഡ് ടെക്നോളജിയിൽ എം.ജി. യൂണിവേഴ്സിറ്റിയുടെ അഫിലിയേഷനോടുകൂടി എം.ബി.എ. കോഴ്സ് നടത്തുന്നു. സത്ന ക്രിസ്ത ബന്ധുകുല ആശ്രമത്തോടു ചേർന്ന് വനിതാ കോളേജും ബി.എഡ് കോളേജും പ്രവർത്തിക്കുന്നു.

നഴ്സിംഗ് കോളജ് : ഹോസ്ക്കോട്ട് മിഷൻ സെന്ററിനോട് ചേർന്നുള്ള ഹോസ്പിറ്റലിനോടനുബന്ധിച്ച് ഇന്ത്യൻ നേഴ്സിംഗ് കൗൺസിലിന്റെ അംഗീകാരത്തോടുകൂടി എം.എസ്.സി, ബി.എസ്.സി. എന്നീ നഴ്സിംഗ് കോഴ്സുകൾ നടത്തുന്നു.

സുവിശേഷ പരിശീലനകേന്ദ്രങ്ങൾ: കൊമ്പാടിയിൽ മലയാളത്തിലും ഹോസ്ക്കോട്ടയിൽ കന്നടയിലും സീഹോറായിൽ ഹിന്ദിയിലും സുവിശേഷ പരിശീലന ഇൻസ്റ്റിറ്റ്യൂട്ടുകൾ പ്രവർത്തിക്കുന്നു. കോഴ്സ് പൂർത്തിയാക്കുന്നവരെ ആവശ്യാനുസരണം സംഘത്തിന്റെ മിഷൻ ഫീൽഡുകളിലും സഭയുടെ ഇതര മിഷൻ കേന്ദ്രങ്ങളിലും നിയമിക്കുന്നു.

ആതുരാലയങ്ങൾ: അങ്കോല, ഹോസ്കോട്ട്, സീഹോറ എന്നീ സ്ഥലങ്ങളിലുള്ള ആശുപത്രികളിലൂടെ അനുഗ്രഹകരമായ ശുശ്രൂഷ നടക്കുന്നു. സാധുക്കളായ രോഗികൾക്ക് ഈ ആശുപത്രികൾ ഏറെ അനുഗ്രഹമാണ്. ഹോസ്കോട്ട് മിഷൻ ഹോസ്പിറ്റലിനോട് ചേർന്ന് എയ്ഡ്സ് രോഗികളെ ചികിത്സിക്കുന്ന ഒരു ക്ലിനിക് പ്രവർത്തിക്കുന്നു. കുഷ്ഠരോഗ ചികിത്സാ വിഭാഗവും ഫലപ്രദമായി പ്രവർത്തിക്കുന്നു.

മന്ദിരങ്ങൾ: കുമ്പനാട്, അയിരൂർ, അങ്കോല, ഹോസ്കോട്ട്, സീഹോറ എന്നീ സ്ഥലങ്ങളിൽ അനാഥരും വൃദ്ധരുമായവർക്ക് അഭയം നൽകുന്നതിന് മന്ദിരങ്ങൾ പ്രവർത്തിക്കുന്നു.

ഹോസ്റ്റലുകൾ: പൊള്ളാച്ചി, നന്ദ്യാൽ, ഹോണവാർ, സിർസി, ചാഗലമാരി, ഭോപ്പാൽ, സെക്കന്ദ്രബാദ്, സീഹോറ, ഷഡോൾ, ഗുരുവായൂർ, കലിംഗ എന്നീ മിഷൻ കേന്ദ്രങ്ങളിൽ ആദിവാസി, പിന്നാക്ക വിഭാഗങ്ങളിലുള്ള വിദ്യാർത്ഥികളെ പഠിപ്പിക്കുന്നതിനുവേണ്ടി ഹോസ്റ്റലുകൾ ആരംഭിച്ച് ഫലകരമായ ശുശ്രൂഷ നിർവ്വഹിക്കുന്നു.

വാർഷിക പ്രതിനിധിയോഗം: 130-ാമത് വാർഷിക പ്രതിനിധിയോഗം ഒക്ടോബർ 26 ന് തിരുവല്ല സെന്റ് തോമസ് മാർത്തോമ്മാ പള്ളിയിൽ സംഘം പ്രസിഡന്റ് ഡോ. യുയാക്കിം മാർ കൂറിലോസ് എപ്പിസ്കോപ്പായുടെ അദ്ധ്യക്ഷതയിൽ കൂടി. റിപ്പോർട്ടും കണക്കും അംഗീകരിച്ചു. തുടർന്ന് നടന്ന തെരഞ്ഞെടുപ്പിൽ 2019-22 കാലയളവിലേക്കുള്ള എട്ട് മാനേജിംഗ് കമ്മറ്റി അംഗങ്ങളെ തെരഞ്ഞെടുത്തു.

വരുമാനമാർഗ്ഗങ്ങൾ : ആണ്ടുവരി, ഉപോഷണം, ആദ്യഫല ശേഖരണം, ബാഹ്യകേരള മിഷൻ സ്തോത്രകാഴ്ച, സുവിശേഷകരുടെ സ്പോൺസർഷിപ്പ്, മിഷൻസൺഡേ സ്തോത്രകാഴ്ച, പ്രത്യേക സംഭാവനകൾ, എൻഡോവ്മെന്റ് പലിശ എന്നിവയാണ് സംഘത്തിന്റെ മുഖ്യവരുമാന മാർഗങ്ങൾ. ഇടവക ചുമതലക്കാരും വൈദികരും ഇവ സമാഹരിക്കുന്നതിൽ സംഘത്തെ സഹായിക്കുന്നു.

കേന്ദ്ര ഓഫീസ്: തിരുവല്ലയിൽ മാർത്തോമ്മാ സഭാ ഓഫീസിനോട് ചേർന്ന് പ്രവർത്തിക്കുന്ന സുവിശേഷ പ്രസംഗ സംഘത്തിന്റെ കേന്ദ്രഓഫീസിൽ 14 ഓഫീസ് പ്രവർത്തകരും ഔദ്യോഗിക ചുമതലക്കാരും പ്രവർത്തിക്കുന്നു. അഭിവന്ദ്യ ഡോ. യുയാക്കിം മാർ കൂറിലോസ് എപ്പിസ്കോപ്പാ (പ്രസിഡന്റ്), റവ. ജോർജ് ഏബ്രഹാം കൊറ്റനാട് (ജനറൽ സെക്രട്ടറി), ശ്രീ. സി.വി. വറുഗീസ് (ലേഖക സെക്രട്ടറി), റവ. സാമുവൽ സന്തോഷം എസ്. (സഞ്ചാര സെക്രട്ടറി), അനിൽ മാരാമൺ (ട്രഷറാർ) എന്നിവർ ഔദ്യോഗിക ചുമതലക്കാരായി പ്രവർത്തിക്കുന്നു. 30 അംഗ മാനേജിംഗ് കമ്മിറ്റി സംഘത്തിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

4.2 മാർത്തോമ്മാ സൺഡേസ്കൂൾ സമാജം

കുഞ്ഞുങ്ങൾ യേശുക്രിസ്തുവിലുള്ള വിശ്വാസത്തിൽ വളരുന്നതിനായി സഭയുടെ അടിസ്ഥാനഘടനയായി ക്രമീകരിക്കപ്പെട്ട പ്രസ്ഥാനമാണ് സൺഡേസ്കൂൾ സമാജം. 52 സൺഡേസ്കൂളുകളുമായി തുടങ്ങിയ പ്രസ്ഥാനം 115 വർഷം പിന്നിടുമ്പോൾ 13 ഭദ്രാസനങ്ങളിൽ 27 ഡിസ്ട്രിക്റ്റുകളും 87 സെന്ററുകളും 1155 സൺഡേസ്കൂളുകളും എന്ന നിലയിൽ എത്തുന്നതിന് ദൈവം കൃപ ചെയ്തു. സമാജത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സൺഡേസ്കൂളുകളിൽ 53383 വിദ്യാർത്ഥികൾ പഠനം നടത്തി. ഭദ്രാസന, സെന്റർ തലങ്ങളിൽ സെക്രട്ടറിമാരും ഡിസ്ട്രിക്റ്റ് തലങ്ങളിൽ ഓർഗനൈസർമാരും സെന്റർ ഇൻപെക്ടർമാരും ഈ പ്രവർത്തനങ്ങൾക്ക് സജീവ നേതൃത്വം നല്കുന്നു. ക്രിസ്തീയ വിദ്യാഭ്യാസത്തോടൊപ്പം സാമൂഹിക പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകി വിവിധ മേഖലകളിൽ പ്രശംസനീയമായ നിലയിൽ പ്രവർത്തിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. വയനാട്ടിലെ സുഗന്ധഗിരിയിൽ ആദിവാസി കുട്ടികളുടെ സമഗ്ര പുരോഗതി ലക്ഷ്യമാക്കിയുള്ള പ്രവർത്തനം ഗ്രാമങ്ങൾ കേന്ദ്രീകരിച്ച് നടന്നു വരുന്നു. മൈ ഷെയർ ഫോർ മിഷൻ വർക്ക് എന്ന പരിപാടിയിലൂടെ സൺഡേസ്കൂൾ വിദ്യാർത്ഥികൾ വർഷം തോറും ശേഖരിച്ചു നല്കുന്ന പണം സുഗന്ധഗിരി പ്രവർത്തനത്തിനു വേണ്ടി വിനയോഗിക്കുന്നു. കൊല്ലം കേന്ദ്രമായി പ്രവർത്തിക്കുന്ന ആശ്രയായിൽ 18 കുട്ടികൾ താമസിച്ച് പഠനം നടത്തുന്നു. അവരിൽ 10-ാം ക്ലാസ് പഠനം പൂർത്തീകരിച്ച 4 കുട്ടികളുണ്ട്.

നേഴ്സറി മുതൽ പ്രൗഢ സൺഡേസ്കൂൾ വരെ 7 വകുപ്പുകളിലായി 15 വർഷം കൊണ്ട് പൂർത്തിയാക്കുന്ന പാഠ്യപദ്ധതിയനുസരിച്ച് ഓരോ വകുപ്പിലും പ്രത്യേക പാഠപുസ്തകങ്ങളും അദ്ധ്യാപകസഹായിയും തയ്യാറാക്കി. ദൈവവചനത്തിലൂടെ രൂപാന്തരം എന്ന മുഖ്യ വിഷയത്തെ ആധാരമാക്കിയുള്ള പാഠപുസ്തകം നേഴ്സറി മുതൽ യുവവകുപ്പ് വരെയുള്ള ക്ലാസ്സുകളിലും 'യേശു ക്രിസ്തു ജീവിതവും ഉപദേശവും' എന്ന പുസ്തകം പ്രൗഢ സൺഡേസ്കൂൾ ക്ലാസ്സിലും പഠനത്തിന് ഉപയോഗിച്ചു. പാഠപുസ്തകങ്ങൾ മലയാളം, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ പ്രസിദ്ധീകരിക്കുന്നു. വാർഷിക പരീക്ഷ, ബിരുദു പരീക്ഷ, അദ്ധ്യാപക പരീക്ഷ എന്നിവ യഥാസമയം നടത്തി സമ്മാനങ്ങൾ നല്കി.

സംഗീതം, കഥാകഥനം, പ്രസംഗം, ഉപന്യാസം എന്നീ ഇനങ്ങളിൽ താലന്തു പരിശോധന നടത്തി കുഞ്ഞുങ്ങളുടെ കലാവാസനകളെ പ്രോത്സാഹിപ്പിക്കുന്നു. ദിവ്യശ്രീ. സി.വി. ഏബ്രഹാം മെമ്മോറിയൽ എൻഡോമെന്റ് പ്രൈസിനു വേണ്ടിയുള്ള ദിവ്യസംഗീതോത്സവം നടത്തി. എസ്.എസ്.എൽ.സി, ബിരുദ് പരീക്ഷകളിൽ ഉന്നത നിലവാരം പുലർത്തിയ വിദ്യാർത്ഥികൾക്ക് വി.പി മാമ്മനച്ചൻ മെമ്മോറിയൽ സ്കോളർഷിപ്പ് നല്കി. കൂടാതെ ഗോൾഡ് മെഡൽ, വൈപ്പിനാൽ പ്രൈസ് എന്നിവയ്ക്കു വേണ്ടി പരീക്ഷകൾ നടത്തി സമ്മാനങ്ങൾ നല്കുകയുണ്ടായി.

റിപ്പോർട്ട് വർഷത്തിലും വി.ബി.എസുകൾ ആകർഷകമായി നടത്തി. 629 സെന്ററുകളിൽ ആയി ഏകദേശം 1,15,000 വിദ്യാർത്ഥികൾ പങ്കെടുത്തു. ദൈവത്തിന്റെ കരവിരുത് എന്നതായിരുന്നു പഠനവിഷയം. വിദ്യാർത്ഥി ക്യാമ്പുകൾ, കോൺഫറൻസുകൾ, പഠന വിനോദയാത്രകൾ, അദ്ധ്യാപക സമ്മേളനങ്ങൾ, ഇവയെല്ലാം പ്രയോജനകരമായി നടത്തി. ബോധന പ്രക്രിയയിലെ ആനുകാലിക വെല്ലുവിളികളെ സമന്വയിപ്പിച്ച് നടത്തിയ ബോധന പരിശീലനം അദ്ധ്യാപകർക്ക് ഏറെ പ്രയോജനപ്പെട്ടു.

സൺഡേസ്കൂൾ പ്രവർത്തകരുടെ വാർഷിക കൂടിവരവ് പ്രവർത്തനം വിലയിരുത്തുന്നതിനു കുറവുകൾ പരിഹരിക്കുന്നതിനും പുതിയ പ്രവർത്തനങ്ങൾക്ക് രൂപരേഖ തയ്യാറാക്കുന്നതിനും സഹായകരമായി. ഇടക്കുളം, വില്ലൂർ എന്നിവിടങ്ങളിലെ എസ്റ്റേറ്റുകൾ സമാജത്തിന്റെ സാമ്പത്തിക ആവശ്യങ്ങൾക്ക് സഹായകരമാണ്. സി.ഇ.സി. ചരൽകുന്ന് സൺഡേസ്കൂൾ സമാജത്തിന്റെ മാത്രമല്ല സഭയ്ക്കും സമൂഹത്തിനും ആകമാനം അഭിമാനകരമായ ക്യാമ്പ് സെന്ററായി നിലകൊള്ളുന്നു. അദ്ധ്യാപകർക്കും പ്രവർത്തകർക്കുമായി 3 മാസത്തിലൊരിക്കൽ 'സന്ദർശിനി'യും കുഞ്ഞുങ്ങൾക്കായി മാസംതോറും 'തളിരുകൾ' എന്ന മാസികയും പ്രസിദ്ധീകരിക്കുന്നു. മിഷൻ ടു സ്കൂൾ, ക്യാമ്പുകൾ, വി.ബി.എസ്സ്, അനുധാവനസമ്മേളനങ്ങൾ, മിഷൻ ടു പാരീഷ് എന്നിവയ്ക്ക് സമാജം ഫീൽഡ് സ്റ്റാഫ്സ് ആവശ്യമായ നേതൃത്വം നൽകി.

സമാജം പ്രസിഡന്റായി അഭിവന്ദ്യ ജോസഫ് മാർ ബർന്നബാസ് എപ്പിസ്കോപ്പാ തിരുമേനി പ്രവർത്തിച്ചു. റവ. ജോർജ്ജ് ചെറിയാൻ ജനറൽ സെക്രട്ടറിയായും റവ. ടോണി ഈപ്പൻ വർക്കി അസി. സെക്രട്ടറിയായും, ഡോ. കെ.കെ. ജോൺ വൈസ് പ്രസിഡന്റായും, ശ്രീ. സജു മാത്യു ട്രഷറാറായും പ്രവർത്തിക്കുന്നു.

4.3 മാർത്തോമ്മാ സന്നദ്ധ സുവിശേഷക സംഘം

പൗരസ്ത്യ ആരാധനാനുഭവവും സുവിശേഷ തീഷ്ണതയും ഒന്നിച്ച് സമന്വയിച്ച മലങ്കര മാർത്തോമ്മാ സുറിയാനി സഭ, ഓരോ മാർത്തോമ്മാക്കാരനും ഓരോ സുവിശേഷകൻ എന്ന വിശാലദർശനം സാക്ഷാത്കരിക്കുന്നതിനായി 1924 ൽ രൂപംകൊണ്ട മാർത്തോമ്മാ സന്നദ്ധ സുവിശേഷക സംഘം പ്രവർത്തന സരണിയിൽ 95 വർഷം പിന്നിടുന്നു. സുവിശേഷ തൽപ്പരരായ അത്മായ ഗണത്തെ ഫലപ്രദമായി സഭയുടെ പ്രേക്ഷിത പ്രവർത്തനങ്ങളിൽ പങ്കുചേർക്കുവാൻ നേതൃത്വം നൽകിയ അഭിവന്ദ്യ പിതാക്കന്മാരുടെ ദർശനത്തെ ഓർത്ത് ദൈവത്തിന് സ്തോത്രം ചെയ്യുന്നു. സംഘത്തിന്റെ ഏഴിന പരിപാടികൾ ദൈവജനത്തിന്റെ ആധ്യാത്മിക പരിപോഷണത്തിന്റെ ചാലക ശക്തിയാണ്.

ഓരോ ഇടവകകളാണ് സംഘത്തിന്റെ മിഷൻഫീൽഡുകൾ. ഇടവകമിഷൻ പ്രവർത്തകരാണ് സംഘത്തിന്റെ മിഷനറിമാർ. വിവിധ ഭദ്രാസനങ്ങളിൽ 81 സെന്ററുകളും കേന്ദ്രത്തിൽ രജിസ്റ്റർ ചെയ്ത 605 ഇടവമിഷൻ യൂണിറ്റുകളും ഉണ്ട്. ഭദ്രാസന അദ്ധ്യക്ഷൻ പ്രസിഡന്റായി ഭദ്രാസന കമ്മറ്റിയും സെന്ററിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന വൈദീകൻ അദ്ധ്യക്ഷനായി സെന്റർ കമ്മറ്റിയും പ്രവർത്തിക്കുന്നു. സെന്റർ തലത്തിൽ സെന്റർ സെക്രട്ടറിയോടൊപ്പം സംഘം നിയമിക്കുന്ന ഓർഗനൈസർ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു. സംഘം പ്രസിഡന്റായി അഭിവന്ദ്യ ഗ്രീഗോറിയോസ് മാർ സ്തേഫാനോസ് എപ്പിസ്ക്കോപ്പ നേതൃത്വം നൽകുന്നു. സംഘത്തിന്റെ 2018-2019 ലെ വാർഷിക സമ്മേളനം 2019 ആഗസ്റ്റ് 23-ന് കായംകുളം ശാലേം മാർത്തോമ്മാ പള്ളിയിൽ ക്രമീകരിച്ചു.

മിഷൻ ഫീൽഡുകൾ: അച്ചൻകോവിൽ, മുക്കട, കൽക്കുളം, സുന്ദരപാണ്ട്യപുരം എന്നീ പ്രദേശങ്ങളിൽ സംഘം സുവിശേഷകർ കുടുംബമായി താമസിച്ച് പ്രവർത്തനങ്ങൾക്ക് ശക്തി പകരുന്നു. കുട്ടികൾക്കായുള്ള സണ്ടേസ്ക്കൂൾ, വി.ബി.എസ്, ഇതര മീറ്റിംഗുകൾ എന്നിവക്കൊപ്പം ലഹരിവിരുദ്ധ ബോധ വൽക്കരണം, ആരോഗ്യകരമായ

ജീവിതദർശനം, ഉദാത്തമായ കുടുംബബന്ധങ്ങൾ എന്നീ ലക്ഷ്യങ്ങൾ ലാക്കാക്കിയുള്ള പ്രവർത്തനങ്ങളിലൂടെ രക്ഷകനായ കർത്താവിനെ സാക്ഷിക്കുന്നു. സ്വയബോധ്യത്തോടെ വിശ്വാസ ജീവിതത്തിലേക്ക് വരുന്ന വർക്ക് സഭ കൂട്ടായ്മ നൽകുന്നു.

എ.എം.എം. ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട്: 1947 ൽ ആരംഭിച്ച ഏബ്രഹാം മാർത്തോമ്മാ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട് അത്മായരുടെ തിരുവചനപഠനത്തിനും പ്രാർത്ഥനയ്ക്കും സമർപ്പണത്തിനും അവസരം ഒരുക്കുന്ന സ്ഥാപനയാണ്. ജനുവരി മാസത്തിൽ ആരംഭിച്ച് മാർച്ചിൽ അവസാനിക്കുന്ന മൂന്നുമാസ കോഴ്സ്, ഏപ്രിൽ - മെയ് മാസത്തിൽ ക്രമീകരിക്കുന്ന സമ്മർ ക്ലാസ്, ജൂൺ മുതൽ ഡിസംബർ വരെയുള്ള ആറുമാസ കോഴ്സ്, നവംബർ ഡിസംബർ മാസത്തിൽ ക്രമീകരിക്കുന്ന ഹ്യസ്വകാല കോഴ്സ് എന്നീ കോഴ്സുകൾ ക്രമീകരിച്ചുവരുന്നു. വിദ്യാർത്ഥികൾക്ക് മിഷൻ ഫീൽഡുകളിൽ പ്രായോഗിക പരിശീലനം നൽകുന്നു. വിവിധ കോഴ്സുകളിൽ പഠനം പൂർത്തീകരിച്ച അനേകർ വ്യത്യസ്ഥ മേഖലകളിൽ ശുശ്രൂഷ നിർവഹിച്ചു വരുന്നു.

പൂർവവിദ്യാർത്ഥി സംഘടന: ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിൽ പഠനം പൂർത്തീകരിച്ചവരുടെ കൂട്ടായ്മ ക്രമമായി നടന്നു വരുന്നു. മദ്ധ്യസ്ഥ പ്രാർത്ഥന, മുഴു രാത്രി പ്രാർത്ഥന, ദർശന ധ്യാനം എന്നിവയിൽ പ്രവർത്തകർ നേതൃത്വം നൽകുന്നു. പിന്നോക്ക മേഖലകളിൽ സുവിശേഷ പ്രവർത്തനം നടത്തുന്നു. റവ. മാത്യു ജോൺ പ്രസിഡന്റായും, സുവി. പി.എസ്. ശാമുവേൽ വൈസ് പ്രസിഡന്റായും, ശ്രീ. തോമസ് മാത്യു റാന്നി സെക്രട്ടറിയായും, ശ്രീ. എ.എം. കോശി ട്രഷറാറായും പ്രവർത്തിക്കുന്നു.

പ്രസിദ്ധീകരണങ്ങൾ: 'സന്നദ്ധ സന്ദേശം' മാസിക സംഘത്തിന്റെ നാവാണ്. വിഷയാസ്പദ പഠനവും ഏവൻ ഗേലിയോൻ അടിസ്ഥാനമാക്കിയ പ്രസംഗക്കുറിപ്പുകളും ഇതര പംക്തികളും ഉൾപ്പെടുന്ന മാസികയുടെ ചീഫ് എഡിറ്റർ റവ. രാജു തോമസാണ്. 150 രൂപ വാർഷിക വരിസംഖ്യയും 1250 രൂപ ആയുഷ്കാല വരിസംഖ്യയുമാണ്. ഉണർവ്വ് ഗാനങ്ങൾ ഉൾപ്പെടുത്തി പ്രസിദ്ധീകരിച്ച 'ഉണർവ്വ് ഗാനങ്ങൾ' പ്രസിദ്ധീകരിക്കുന്നതിന് സാധിച്ചു.

ഏബ്രഹാം മാർത്തോമ്മാ സ്മാരക കൺവൻഷൻ: ഏബ്രഹാം മാർത്തോമ്മാ മെത്രാപ്പോലീത്ത തിരുമേനിയെ അനുസ്മരിക്കുന്ന സ്മാരക കൺവൻഷൻ ആനപ്രാമ്പാൽ മാർത്തോമ്മാ ഇടവകയിൽ നടത്തപ്പെട്ടു. അഭിവന്ദ്യ ഗ്രീഗോറിയോസ് മാർ സ്തേഫാനോസ് തിരുമേനി സന്ദേശം നൽകി.

ഏബ്രഹാം മാർത്തോമ്മാ സ്മാരക പ്രഭാഷണം: ഏബ്രഹാം മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനിയുടെ ദർശനം പുതുതലമുറയ്ക്ക് കൈമാറുന്നതിനായി സംഘത്തിന്റെ ചുമതലയിലുള്ള ഏബ്രഹാം മാർത്തോമ്മാ സ്മാരക പ്രഭാഷണം മാവേലിക്കര തഴക്കര മാർത്തോമ്മാ ഇടവകയിൽ നടത്തപ്പെട്ടു. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസിലർ ഡോ. സിറിയക് തോമസ് പ്രഭാഷണം നടത്തി.

സാധു കൊച്ചുകുഞ്ഞ് ഉപദേശി സ്മാരക സംഗീത സായാഹ്നം: സംഘത്തിന്റെ പ്രഥമ ജനറൽ സെക്രട്ടറി ആയിരുന്ന സാധു കൊച്ചുകുഞ്ഞ് ഉപദേശിയുടെ വിശ്വാസവും കഷ്ടതയോടുള്ള സമീപനവും വരും തലമുറയ്ക്ക് പകരപ്പെടു ന്നതിന്റെ ഭാഗമായി വിവിധ സെന്ററുകളിൽ സംഗീത സായാഹ്നം വിവിധ സെന്ററുകളുടെയും ഇടവകകളുടെയും സഹകര ണത്തോടെ നടത്തപ്പെട്ടു. നിരണം-മാരാമൺ ഭദ്രാസനത്തിൽ തിരുവല്ല വെസ്റ്റ് സെന്റർ സന്നദ്ധ സുവിശേഷക സംഘത്തിന്റെ സഹകരണത്തോടെ 2019 ഡിസംബർ 1 ഞായറാഴ്ച കാരയ്ക്കൽ സെന്റ് തോമസ് മാർത്തോമ്മാ പള്ളിയിലും കൊട്ടാരക്കര പുനലൂർ ഭദ്രാസനത്തിൽ കൊട്ടാരക്കര ഈസ്റ്റ് സെന്റർ സന്നദ്ധ സുവിശേഷക സംഘത്തിന്റെ സഹകരണത്തിൽ 2020 ജനുവരി 5 ഞായറാഴ്ച പട്ടമണ മാർത്തോമ്മാ പള്ളിയിലും സംഗീത സായാഹ്നം ക്രമീകരിച്ചു. എപ്പിസ്ക്കോപ്പൽ സ്ഥാനാരോഹണ ത്തിന്റെ മുപ്പതാം വർഷം പിന്നിട്ട അഭിവന്ദ്യ ഡോ. യൂയാക്കീം മാർ കൂറിലോസ് തിരുമേനിക്ക് ആശംസകൾ നേർന്നു.

വൃക്ക രോഗികൾക്കുള്ള സാമ്പത്തിക സഹായം: സംഘത്തിന്റെ ചുമതലയിൽ നടത്തപ്പെട്ട സംഗീത സായാഹ്നത്തോട് അനുബന്ധിച്ച് മലങ്കര മാർത്തോമ്മാ സഭയുടെ പരമാധ്യക്ഷൻ അഭിവന്ദ്യ. ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനിയുടെ പൗരോഹിത്യ വജ്രജൂബിലി സ്മാരക ഉപഹാരമായും അഭിവന്ദ്യ ഡോ. ഫീലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയമെത്രാപ്പോലിത്ത ജന്മശതാബ്ദി സ്മാരകമായും 275 വൃക്കരോഗികൾക്ക് ഡയാലിസിസിന് ആവശ്യമായ സാമ്പത്തിക സഹായം നൽകുന്നതിന് സാധിച്ചു.

മുഴുരാത്രി പ്രാർത്ഥന: സംഘത്തിന്റെ ചുമതലയിലുള്ള ഡോ. ജോസഫ് മാർത്തോമ്മാ ധ്യാനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ എല്ലാ മാസത്തിന്റെയും ആദ്യ തിങ്കളാഴ്ച വൈകിട്ട് ഏഴുമണി മുതൽ മുഴുരാത്രി പ്രാർത്ഥന ക്രമീകരിച്ചു വരുന്നു. വിവിധ പ്രദേശങ്ങളിൽ നിന്നും അംഗങ്ങൾ ഈ കൂട്ടായ്മിൽ പങ്കെടുക്കുന്നു. സഭയുടെയും സമൂഹത്തിന്റെയും ആത്മീക ഉണർവിനും പുതുക്കത്തിനും പ്രാർത്ഥിക്കുന്നു. വിവിധ ആവശ്യത്തിലിരിക്കുന്നവർ ഈ കൂട്ടായ്മയിൽ സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കുകയും തങ്ങൾക്ക് ലഭിച്ച വിടുതലും അനുഗ്രഹവും സാക്ഷിക്കുകയും ചെയ്യുന്നു.

ദർശന ധ്യാനം: സംഘത്തിന്റെ ചുമതലയിലുള്ള ഡോ. ജോസഫ് മാർത്തോമ്മാ ധ്യാനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ എല്ലാ മാസത്തിന്റെയും രണ്ടാം ചൊവ്വാഴ്ചകളിൽ ധ്യാനം ക്രമീകരിച്ചുവരുന്നു

മദ്ധ്യസ്ഥപ്രാർത്ഥന: മാർത്തോമ്മാ സന്നദ്ധ സുവിശേഷക സംഘത്തിന്റെ രൂപീകരണത്തിന് നിദാനമായ മദ്ധ്യസ്ഥ പ്രാർത്ഥനാസമാജം രൂപീകൃതമായിട്ട് 112 വർഷങ്ങൾ പിന്നിടുന്നു. സഭയുടെയും സമൂഹത്തിന്റെയും വളർച്ചയ്ക്ക് സഹായകരമായി മദ്ധ്യസ്ഥ പ്രാർത്ഥന കാര്യക്ഷമമായി നിർവഹിക്കുന്നു. ഓരോ മാസത്തിന്റെയും മൂന്നാം ബുധനാഴ്ച രാവിലെ 10 ന് കൊമ്പാടിയിൽ ക്രമീകരിക്കുന്ന മദ്ധ്യസ്ഥ പ്രാർത്ഥനയിൽ അനേകർ പങ്കെടുക്കുന്നു.

പ്രാർത്ഥനാ ശൃംഘല: ലോകം നേരിടുന്ന കൊറോണ മഹാമാരിൽ നിന്നും വിടുതൽ ലഭിക്കുന്നതിനായി സംഘത്തിന്റെ ചുമതലയിൽ മാർച്ച് 27, 28 തീയതികളിൽ പ്രാർത്ഥനാ ശൃംഘല ക്രമീകരിച്ചു.

സുവിശേഷ നിലയം: സംഘം പ്രവർത്തകർക്കും, സുവിശേഷ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നവർക്കും കൊമ്പാടിയിൽ വന്ന് താമസിക്കുന്നതിനും, ധ്യാനിക്കുന്നതിനും, പഠിക്കുന്നതിനും ക്രമീകരിച്ചിരിക്കുന്ന സംവിധാനമാണ് സുവിശേഷ നിലയം. സെമിനാരി പഠനത്തിനായി തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളിൽ ചിലരും, സുവിശേഷകരും ഈ അവസരം പ്രയോജനപ്പെടുത്തി. മുൻകൂട്ടി അറിയിക്കുന്നവർക്ക് താമസത്തിനും ഭക്ഷണത്തിനും ആവശ്യമായ ക്രമീകരണം ചെയ്യുന്നതാണ്.

ഗോസ്പൽ ടീം: ഇടവകകൾക്ക് ആത്മീക ഉണർവ്വ് ലഭിക്കുവാനും, പുതിയ തലമുറയെ സുവിശേഷവേലക്ക് ഒരുക്കുന്നതിനും സംഘം ഗോസ്പൽ ടീം പ്രവർത്തനം സഹായകരമാകുന്നു. പ്രോഗ്രാം ക്രമീകരിക്കുന്ന ഇടവകകളിലെ ഭവനങ്ങൾ സന്ദർശിക്കുന്നതിനും പ്രാർത്ഥിക്കുന്നതിനുമുള്ള ക്രമീകരണം ചെയ്തുവരുന്നു. ഭവനസന്ദർശനം ഏകാന്തതയിലും ഭാരങ്ങ ളിലും ആയിരിക്കുന്നവർക്ക് ആശ്വാസത്തിന് മുഖാന്തരമായിതീരുന്നു.

സംഘവാരവും സംഘദിനവും: സംഘം പ്രവർത്തനങ്ങൾ പ്രാദേശികതലത്തിലും സെന്റർ ഭദ്രാസനതലങ്ങളിലും കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി സഭയായി 2019 സെപ്റ്റംബർ 29 മുതൽ ഒക്ടോബർ 6 വരെ സംഘവാരമായും ഒക്ടോബർ 6 സംഘദിനമായും ആചരിച്ചു. സംഘം പ്രവർത്ത നങ്ങളിൽ സഭാജനങ്ങളെ കൂടുതൽ പങ്കാളികൾ ആക്കുന്ന തിനും, ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട് കോഴ്സുകൾ, സംഘം പ്രസിദ്ധീകരണങ്ങൾ എന്നിവ പരിചയപ്പെടുത്തു

ന്നതിനും സംഘവാര പ്രവർത്തനങ്ങളിലൂടെ ഇടയായി.

മാരാമൺ കൺവൻഷനും ആളാംപ്രതി സുവിശേഷ വേലയും: കൺവൻഷനോട് അനുബന്ധിച്ച് ആളാപ്രതി സുവിശേഷ വേല സന്നദ്ധ സംഘാംഗങ്ങൾ പന്തലിനുള്ളിൽ നടത്തപ്പെട്ടു. വ്യക്തികളുമായി ബന്ധം സ്ഥാപിച്ച് സുവിശേഷം പങ്കുവെയ്ക്കുന്ന ഈ ശുശ്രൂഷ വളരെ അനുഗ്രഹമായിരുന്നു. നേതൃത്വം നൽകുന്നവർക്കുവേണ്ടി ഭക്ഷണശാല പ്രവർത്തിച്ചു.

ഡോ. ജോസഫ് മാർത്തോമ്മാ ക്യാമ്പ് റിസേർച്ച് ധ്യാനകേന്ദ്രം: മാർത്തോമ്മാ സന്നദ്ധ സുവിശേഷക സംഘത്തിന്റെ നവതി സംഭാവനയായി പണിത് പൂർത്തീകരിച്ച ധ്യാന കേന്ദ്രമാണ് ഡോ. ജോസഫ് മാർത്തോമ്മാ ക്യാമ്പ് റിസേർച്ച് ധ്യാനകേന്ദ്രം. താമസ സൗകര്യത്തിനായി 28 മുറികളും 3 ഡോർമെറ്ററികളും ഉപയോഗിക്കുന്നു. കോൺഫറൻസുകളും പൊതു യോഗങ്ങളും നടത്തുന്നതിന് സൗകര്യപ്രദമായ ഒരു വലിയ ഓഡിറ്റോറിയവും രണ്ട് ഹാളുകളും ലഭ്യമാണ്. ക്രിസ്തീയ മൂല്യങ്ങൾക്കായി നിലകൊള്ളുന്ന പ്രസ്ഥാനങ്ങളും വ്യക്തികളും കൂടാതെ വിവിധ സഭാവിഭാഗങ്ങളും ഈ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്നു. തിരുവല്ലയിൽ വിവിധ ആവശ്യങ്ങൾക്കായി എത്തുന്ന വിശ്വാസികളും സ്നേഹിതരും താമസത്തിനായും സെന്റർ തെരഞ്ഞെടുക്കുന്നു. കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾക്കായി തിരുവല്ലയിൽ പ്രവർ ത്തിച്ച വോളിന്റിയർമാർക്ക് സൗജന്യമായി താമസിക്കുന്നതിന് ഈ സെന്റർ ഉപയോഗിച്ചു.

സംഘം ചുമതലക്കാർ: സംഘത്തിന്റെ 2017-2020 കാലഘട്ടത്തിലെ ചുമതലക്കാർ പ്രസിഡന്റ് അഭിവന്ദ്യ. ഡോ. ഗ്രീഗോറിയോസ് മാർ സ്തേഫാനോസ് എപ്പിസ്ക്കോപ്പ വൈസ് പ്രസിഡന്റ് ശ്രീ. മാത്യൂസ് ജെ. ഒച്ചാരുകുന്നിൽ ജനറൽ സെക്രട്ടറി റവ. മാത്യു ജോൺ അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. സി.റ്റി. ജോൺ ട്രഷറാർ ശ്രീ. ജോർജ് ഈപ്പൻ കല്ലാക്കുന്നേൽ.

4.4.മാർത്തോമ്മാ സുവിശേഷ സേവികാസംഘം

ഭാഗ്യസ്മരണീയനായ ഏബ്രഹാം മാർത്തോമ്മാ മെത്രാപ്പോലീത്തയുടെ അദ്ധ്യക്ഷതയിൽ 1919 ഫെബ്രുവരി 14-ന് മാരാമൺ മണൽപ്പുറത്ത് ഉദ്ഘാടനം ചെയ്യപ്പെട്ട മലങ്കര മാർത്തോമ്മാ സുവിശേഷ സേവികാസംഘം സഭയ്ക്കും സമൂഹത്തിനും ഒരായിരം നിറച്ചാർത്ത് സമ്മാനിച്ച് അതിന്റെ കർമ്മ മണ്ഡലത്തിൽ നൂറ്റിയൊന്നു വർഷം പിന്നിട്ടു. ഇന്ന് 13 ഭദ്രാസനങ്ങളിൽ 87 സെന്ററുകളിലായി 1000 ശാഖകളിലൂടെ പടർന്നുപന്തലിച്ച് പ്രവർത്തിക്കുന്നു.

അഭിവന്ദ്യ ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പ പ്രസിഡന്റായും ശ്രീമതിമാരായ മേരിക്കുട്ടി ജോർജ്ജ് വൈസ് പ്രസിഡന്റായും മിനി ജോയ്സ് തോമസ് ജനറൽ സെക്രട്ടറി, മിനി റ്റി. അലക്സ് ഖജാൻജിയുമായുള്ള 38 അംഗ മാനേജിംഗ് കമ്മിറ്റി സംഘം പ്രവർത്തനങ്ങൾക്ക് രൂപരേഖ തയ്യാറാക്കി ആവശ്യമായ നേതൃത്വം നല്കുന്നു. സുവിശേഷ, വികസന, വിദ്യാഭ്യാസ, സാമൂഹിക മേഖലകളിൽ സേവികാസംഘത്തിന്റെ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ നടത്തുന്നു.

സുവിശേഷ പ്രവർത്തനം: കേരളത്തിനകത്തും പുറത്തുമായി 15 മിഷൻ ഫീൽഡുകളിൽ 21 സേവിനിമാർ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു. കുമളി, മൂക്കുതല, നിലമ്പൂർ, നെടുവാളൂർ, എരുമയൂർ എന്നീ ഫീൽഡുകളിൽ പൂർണ്ണ സമയ പ്രവർത്തകർ താമസിച്ച് ഭവനസന്ദർശനം, ആളാംപ്രതി സുവിശേഷവേല, പ്രാർത്ഥനാകൂട്ടങ്ങൾ, കൗൺസിലിംഗ്, കുട്ടികളുടെ ഇടയിലെ പ്രവർത്തനങ്ങൾ, നേഴ്സറി സ്കൂൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നു.

ബാഹ്യകേരള മിഷൻ : മാർത്തോമ്മാ സുവിശേഷ പ്രസംഗ സംഘവുമായി സഹകരിച്ച് പൊള്ളാച്ചിയിലെ ഉദുമൽപ്പേട്ട ഗ്രാമത്തിൽ സുവിശേഷവേലയും, തയ്യൽ സ്കൂളും, ട്യൂഷൻ സെന്ററും പ്രവർത്തിക്കുന്നു.

ക്രിസ്തീയ പരിശീലനം : സഭയിലെ സ്ത്രീകളെ സുവിശേഷ വേലയ്ക്കും ഉത്തമ കുടുംബജീവിതത്തിലൂടെ ക്രിസ്തീയ സാക്ഷ്യം നിർവ്വഹിക്കുന്നതിനും പ്രാപ്തരാക്കുകയും ചെയ്യുന്നതിന് ആവശ്യമായ വിവിധ കോഴ്സുകൾ വനിതാമന്ദിരത്തിൽ നടത്തപ്പെടുന്നു. വനിതാമന്ദിരത്തിൽ നിർത്തി വച്ചിരുന്ന ഹ്രസ്വകാല ത്രൈമാസ ബൈബിൾ സ്റ്റഡി & ഹോം മാനേജ്മെന്റ് കോഴ്സ് 2020 ജനുവരിയിൽ പുനരാരംഭിച്ചു. 'പൗലോസിന്റെ ജീവിതവും പഠിപ്പിക്കലുകളും' എന്ന വിഷയത്തെ ആസ്പദമാക്കി ബൈബിൾ സ്റ്റഡി സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നു. ബൈബിൾ സ്റ്റഡി എക്സ്റ്റൻഷൻ പ്രോഗ്രാം - മല്ലപ്പള്ളി ഈസ്റ്റ് & വെസ്റ്റ് സെന്റർ സേവികാ സംഘാംഗങ്ങൾക്കായി മല്ലപ്പള്ളി ആശ്രയയിൽ ജനുവരി 28-ന് ആരംഭിച്ചു.

ബെറ്റർഹോം: സേവികാസംഘാംഗങ്ങളെ തങ്ങളുടെ സഹജമായ കഴിവുകൾ പരിപോഷിപ്പിച്ച് ഉത്തമ കുടുംബിനികളാക്കുന്നതിനു വേണ്ടി പല വിഷയങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് 6 മാസം നീണ്ടു നിൽക്കുന്ന പരിശീലന പദ്ധതി, ആഴ്ചയിൽ ഒരു ദിവസം ജൂലൈ മുതൽ ഡിസംബർ വരെ നടത്തി.

തയ്യൽ പരിശീലനം നടത്തി. എല്ലാ മാസത്തിന്റേയും ആദ്യ ബുധനാഴ്ച മദ്ധ്യസ്ഥ പ്രാർത്ഥനയും ധ്യാനയോഗവും നടത്തി. തേക്കുതോട് മാർത്തോമ്മാ, വാളക്കുഴി തെള്ളിയൂർ ശാലേം, ആമല്ലൂർ സെഹിയോൻ, എഴുമറ്റൂർ മാർത്തോമ്മാ, ഐരാണി ക്കുടി ഇമ്മാനുവേൽ, കല്ലൂപ്പാറ സെന്റ് തോമസ്, ഇലന്തൂർ മേലേഭാഗം ബഥേൽ എന്നീ ഇടവക സേവികാ സംഘങ്ങൾ നേതൃത്വം നൽകി. ഐക്യപ്രാർത്ഥനാ വാരത്തോടനുബന്ധിച്ച് ചണ്ണപ്പേട്ട ബഥനി സേവികാ സംഘാംഗങ്ങൾ വന്നു പ്രാർത്ഥന നടത്തി.

മിസ്. കെല്ലവെ മെമ്മോറിയൽ ലൈബ്രറി : ദൈവശാസ്ത്ര വിദ്യാർത്ഥികൾക്കും സേവികാസംഘാംഗങ്ങൾക്കും വായിക്കുവാനും, പഠിക്കുവാനും ഈ ലൈബ്രറി ഉപകരിക്കുന്നു.

കാണ്ടമ്മ മെമ്മോറിയൽ സ്റ്റഡി & റിസേർച്ച് സെന്റർ : 10,+2 ക്ലാസ്സുകളിൽ പഠനം പൂർത്തിയാക്കിയവർക്കും തുടർപഠനം ചെയ്തുകൊണ്ടിരിക്കുന്നവർക്കും വേണ്ടി ഒരു വ്യക്തിത്വ വികസന ശില്പശാല (ബ്ലൂം ഫെസ്റ്റ്) 2019 മെയ് 5-12 വരെ സേവികാസംഘം കാമ്പസിൽ വളരെ ക്രമീകൃതമായും അനുഗ്രഹകരമായും നടത്തി. Theme: You are the light of the world (നിങ്ങൾ ലോകത്തിന്റെ വെളിച്ചം ആകുന്നു). റിപ്പോർട്ട് വർഷം കാണ്ടമ്മ മെമ്മോറിയൽ പ്രഭാഷണം നിരണം - മാരാമൺ ഭദ്രാസനത്തിന്റെ ചുമതലയിൽ കുറ്റപ്പുഴ ജറുശലേം മാർത്തോമ്മാ പള്ളിയിൽ ജൂലൈ 12-ാം തീയതി അഭിവന്ദ്യ ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പായുടെ അദ്ധ്യക്ഷതയിൽ നടന്നു. 'നവോത്ഥാനവും സ്ത്രീകളും' എന്ന വിഷയം ആസ്പദമാക്കി മുൻ സംസ്ഥാന പ്ലാനിംഗ് കമ്മീഷൻ അംഗം ശ്രീ. സി.പി. ജോൺ മുഖ്യപ്രഭാഷണം നടത്തി. സേവികാസംഘത്തിന്റെ ശതാബ്ദിയോടനുബന്ധിച്ച് ക്രമീകരിച്ച, 365 ദിവസത്തെ ധ്യാനം 'വചനദീപ്തി' ഇംഗ്ലീഷിലും, മലയാളത്തിലും പുസ്തകമായി പ്രസിദ്ധീകരിക്കുവാൻ തീരുമാനിച്ചു.

തുടർപഠന പദ്ധതി : ഒരു പ്രത്യേക വിഷയം അടിസ്ഥാനമാക്കിയുള്ള പഠന പരമ്പര വനിതാബോധിനിയിൽ പ്രസിദ്ധീകരിക്കുന്നു. 'ഇൻഡ്യൻ ക്രൈസ്തവചരിത്രം' എന്ന പരമ്പരയ്ക്ക് റവ. ഡോ. ജോൺ ഫിലിപ്പ് എ. നേതൃത്വം നല്കി.

വാർഷിക യോഗം : സേവികാസംഘത്തിന്റെ 100-ാമത് വാർഷി ക പ്രതിനിധി സമ്മേളനം 2019 ആഗസ്റ്റ് 17-ന് ശനിയാഴ്ച സേവികാസംഘം പ്ലാറ്റിനം ജൂബിലി ഹാളിൽ അഭിവന്ദ്യ ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പായുടെ അദ്ധ്യക്ഷതയിൽ നടത്തി. സേവികാസംഘം വർക്കേഴ്സിന് മെമെന്റോ നൽകി ആദരിച്ചു.

പ്രീ മാരിറ്റൽ കൗൺസിലിംഗ് കോഴ്സ് : റിപ്പോർട്ട് വർഷത്തിൽ 2 പ്രാവശ്യം നടത്തി. മെയ് 17,18,19 തീയതികളിലും നവംബർ 8, 9 തീയതികളിലും കാമ്പസിൽ നടത്തി.

വാർഷിക പഠന കോൺഫ്രൻസ് : 2019 നവംബർ 14,15,16 തീയതികളിൽ സേവികാസംഘം പ്ലാറ്റിനം ജൂബിലി ഹാളിൽ നടത്തി. പഠനവിഷയം : 'അടിസ്ഥാന ക്രിസ്തീയ വിശ്വാസം.' ഈ വിഷയം ആധാരമാക്കി ഒരു പഠനസഹായിയും പ്രസിദ്ധീകരിച്ചു.

ശാലേം ഭവനം : ബോർഡ് ഓഫ് കൺട്രോൾ ഫോർ ഓർഫ

നേജസിന്റെ ചുമതലയിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നു. 12 പേർ താമസിക്കുന്നു. ശാലേം ദിനവും കുടുംബയോഗവും ആഗസ്റ്റ് 4 ഞായറാഴ്ച നടന്നു. വെരി. റവ. കെ.എം. മാമ്മൻ വിശുദ്ധ കുർബ്ബാനയ്ക്ക് നേതൃത്വം നൽകി.

ബാലികാഭവൻ : ജെ.ജെ. ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് ഇലന്തൂരിൽ ശാന്തി ആശ്രമം കാമ്പസിൽ പ്രവർത്തിക്കുന്നു. ചെങ്ങന്നൂർ-മാവേലിക്കര ഭദ്രാസനത്തിന്റെ 'കൂട്ട്' എന്ന പദ്ധതി സെപ്റ്റംബർ 2-ന് ആരംഭിച്ചു. 4-ാം ക്ലാസ് മുതൽ ഡിഗ്രി തലം വരെയുള്ള 30 പെൺകുട്ടികൾ ഇവിടെ താമസിച്ച് പഠിക്കുന്നു.

സ്നേഹതീരം ഹാഫ്‌വേഹോം : മാനസിക രോഗികളുടെ പുനരധിവാസത്തിനായി 2005ൽ ഇലന്തൂരിൽ ആരംഭിച്ചു. ഇപ്പോൾ 7 സ്ത്രീകൾ പാർക്കുന്നു.

എം.റ്റി.എസ്.എസ്. കെ.ജി. & യു.പി. സ്കൂൾ : എൽ.കെ.ജി. മുതൽ 7-ാം ക്ലാസ്സ് വരെ ക്ലാസ്സുകൾ നടത്തപ്പെടുന്നു. തിരുവല്ല വിദ്യാഭ്യാസ ജില്ലയിൽ ഏറ്റവും നല്ല ഹരിത വിദ്യാലയത്തിനുള്ള അവാർഡ് ലഭിച്ചു. കേരള സംസ്ഥാന ബാലശാസ്ത്ര കോൺഗ്രസ്, കേരള ജൈവവൈവിദ്ധ്യ കോൺഗ്രസ് എന്നിവയിൽ ഈ സ്കൂളിലെ വിദ്യാർത്ഥിനികളായ ഷേബാ മേരി ജോസഫ്, ഹന്ന റെനു എന്നിവർ എ. ഗ്രേഡ് കരസ്ഥമാക്കി. 2019 മുകുളം പദ്ധതി ഏർപ്പെടുത്തിയിട്ടുള്ള ഡോ. ജോസഫ് മാർത്തോമ്മാ എവർറോളിംഗ് ട്രോഫിയും ക്യാഷ് അവാർഡും ലഭിച്ചു. കുട്ടി കർഷക പുരസ്കാരത്തിൽ ബിന്റോ കെ. ബിജു മോനും അദ്ധ്യാപിക കോർഡിനേറ്റർ പുരസ്കാരത്തിൽ മിസ് അന്നമ്മ റ്റി. ബേബിയും അർഹരായി. എക്സ്ട്രാ കരിക്കുലർ ആക്ടിവിറ്റിയിൽ കുട്ടികൾക്ക് പ്രത്യേകം പരിശീലനം നല്കുന്നു. നിർധനരായ കുട്ടികളെ സഹായിക്കുന്നതിന്റെ ഭാഗമായി 'ഒരു കുട്ടിക്ക് ഒരു കൈത്താങ്ങ്' എന്ന പദ്ധതി രൂപീകരിച്ചു. ഭക്ഷ്യമേളയും കലാമേളയും നടത്തി. പൂർവ്വവിദ്യാർത്ഥി സമ്മേളനം ജൂലൈയിലും ആഗസ്റ്റിലും നടത്തി. സ്കൂളിന്റെ പ്രഥമ അദ്ധ്യാപിക മിസ്സസ് രൂത്ത് ചെറിയാന്റെ 'എറിഞ്ഞു കളഞ്ഞതിനെ മാറോടണച്ച സ്നേഹം' എന്ന ആത്മകഥ സമ്മേളനത്തിൽ പ്രകാശിപ്പിച്ചു.

നേഴ്സറി ടീച്ചേഴ്സ് ട്രെയ്നിംഗ് സ്കൂൾ : എൻ.സി.റ്റി.യുടെയും, കേരള ഗവണ്മെന്റിന്റേയും അംഗീകാരമുള്ള പത്തനംതിട്ട ജില്ലയിലെ ഏക പ്രീ പ്രൈമറി ടീച്ചേഴ്സ് ട്രെയ്നിംഗ് സ്കൂൾ മഞ്ഞാടിയിൽ പ്രവർത്തിക്കുന്നു. ഒരു വർഷത്തെ മോണ്ടിസോറി കോഴ്സും നടത്തപ്പെടുന്നു. പത്തനംതിട്ട റവന്യൂ ജില്ല, ടി.ടി.ഐ, പി.പി.ടി.ടി.ഐ കലോത്സവത്തിന് നമ്മുടെ സ്കൂൾ ആതിഥ്യം വഹിച്ചു. തിരുവനന്തപുരത്തു നടന്ന സ്റ്റേറ്റ് യൂത്ത് ഫെസ്റ്റിവലിൽ പങ്കെടുത്ത് ക്യാഷ് അവാർഡ് കരസ്ഥമാക്കി.

വിശ്രാന്തി ഭവൻ : സേവികാസംഘത്തിന്റെ പൂർണ്ണ സമയ സുവിശേഷ പ്രവർത്തകർ സേവനത്തിൽ നിന്നും വിരമിച്ചു പാർക്കുന്ന വിശ്രാന്തി ഭവനിൽ ഇപ്പോൾ 8 സേവിനിമാർ താമസിക്കുന്നു. റിപ്പോർട്ടു വർഷം, മിസ് റ്റി.എ. റോസ, മിസ് കുഞ്ഞമ്മ ഫിലിപ്പ് എന്നീ സഹോദരിമാർ നിത്യതയിൽ പ്രവേശിച്ചു. ശവസംസ്ക്കാരം തിരുവല്ല സെന്റ്തോമസ് പള്ളിയിൽ പ്രസിഡന്റ് തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ നടത്തി.

വനിതാ ഹോസ്റ്റൽ: കൊട്ടാരക്കരയിലും, പാലക്കാട്ടും, തിരുവല്ലയിൽ വിശ്രാന്തി ഭവനോട് ചേർന്നും ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നു.

കുടുംബജ്യോതി കൗൺസിലിംഗ് സെന്റർ: 2005 ൽ ആരംഭിച്ച കൗൺസിലിംഗ് സെന്റർ, സേവികാസംഘം കാമ്പസിൽ പ്രവർ ത്തിക്കുന്നു. പ്രാർത്ഥനാ സമൂഹം പ്രവർത്തിക്കുന്നു.

മിഷൻ ടൂർ: അങ്കോല കേന്ദ്രമാക്കി, മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ 2019 നവംബർ 18-23 വരെ മിഷൻ ടൂർ നടത്തി.

വനിതാ മന്ദിരം കെട്ടിട പുനഃപ്രതിഷ്ഠ: തനിമ നിലനിർത്തിക്കൊണ്ട് നവീകരിച്ച വനിതാ മന്ദിരം കെട്ടിടത്തിന്റെ പുനഃപ്രതിഷ്ഠാശുശ്രൂഷ 2019 നവംബർ 17-ന് ഞായറാഴ്ച 4 മണിക്ക് മോസ്റ്റ് റവ. ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനിയുടെയും, അഭിവന്ദ്യ ഡോ. ഏബ്രഹാം മാർ പൗലോസ് തിരുമേനിയുടെയും കാർമ്മികത്വത്തിൽ നടത്തി. വൈദികരും സേവികാസംഘം ചുമതലക്കാരും മാനേജിംഗ് കമ്മിറ്റി അംഗങ്ങളും സേവികാ സംഘാംഗങ്ങളും, നിക്കോൾസൺ സ്കൂളിലെ കുട്ടികളും ശുശ്രൂഷയിൽ പങ്കെടുത്തു.

ക്രിസ്തുമസ് കരോൾ: 2019 ഡിസംബർ 20-ന് വെള്ളിയാഴ്ച ക്രിസ്തുമസ് കരോൾ വനിതാമന്ദിരം ഹാളിൽ നടത്തി. സഭാ ക്ലർജി ട്രസ്റ്റി റവ. തോമസ് സി. അലക്സാണ്ടർ മുഖ്യ സന്ദേശം നല്കി. തെള്ളിയൂർ ശാലേം മാർത്തോമ്മാ സേവികാസംഘാംഗങ്ങൾ കരോൾ ഗാനം ആലപിച്ചു. ഓഫീസ് സ്റ്റാഫിന് മെമെന്റോ നൽകി ആദരിച്ചു. സേവികാ സംഘത്തിന്റെ കെ.ജി.& യു.പി. സ്കൂൾ, നേഴ്സറി ടീച്ചേഴ്സ് ട്രെയിനിംഗ് സ്കൂൾ, സ്നേഹതീരം, ബാലികാഭവൻ, വിശ്രാന്തിഭവൻ, വനിതാമന്ദിരം, ശാലേം എന്നീ സ്ഥാപനകളിലെ അംഗങ്ങൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു.

വികസന പ്രവർത്തനങ്ങൾ: സ്ത്രീജനവികസന സമിതിയുടെ ചുമതലയിൽ ഓഫ്സെറ്റ് പ്രസ്, ബേക്കറി, കറി പൗഡർ, സ്നാക്ക് സെന്റർ എന്നിവ നടത്തപ്പെടുന്നു. മാരാമൺ മണൽപ്പുറത്ത് ഭക്ഷണശാലയും പ്രവർത്തിച്ചു.

തയ്യൽ ഡിപ്പാർട്ട്മെന്റ്: സ്കൂൾ യൂണിഫോം, കുർബാന കുപ്പായം, കാസക്ക്, ചിത്തോല, വിരിക്കൂട്ട് എന്നിവ ഓർഡർ അനുസരിച്ച് തയ്ച്ചു കൊടുക്കുന്നു. പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി തുണി സഞ്ചികൾ, മാസ്ക് എന്നിവ നിർമ്മിച്ച് നല്കുന്നു.

വനിതാ ബോധിനി : സേവികാസംഘം മുഖപത്രമായ വനിതാബോധിനി എല്ലാ മാസവും 3-ാം തീയതി പ്രസിദ്ധീകരിക്കുന്നു. സേവികാസംഘ വാർത്തകൾ, പ്രവർത്തനങ്ങൾ എന്നിവ ശാഖകളെ അറിയിക്കുന്നതിനുള്ള പ്രധാന മാധ്യമമാണ്. ഇനി മുതൽ സെപ്റ്റംബർ മാസം 'വനിതാ ബോധിനി' മാസമായി ആചരിക്കുന്നതിന് തീരുമാനിച്ചു. വാർഷിക വരിസംഖ്യ 150/- ആയുഷ്ക്കാല വരിസംഖ്യ 1500/- രൂപ, വിദേശത്തേക്ക് 1500/- രൂപ.

സേവികാസംഘ ദിനം : റിപ്പോർട്ട് വർഷം സെപ്റ്റംബർ 8 ഞായറാഴ്ച സേവികാസംഘദിനമായും, 2-8 വരെ സംഘവാരമായും ആചരിച്ചു (സംഘദിനവിഷയം: സ്ത്രീകൾ ദൈവരാജ്യ ശുശ്രൂഷയിൽ തുല്യ പങ്കാളികൾ). സേവികാ സംഘദിനത്തിൽ 'പുത്തൻപുലരിയിൽ പുതുവഴിയിൽ' എന്നഗാനം പാടി സ്തോത്രകാഴ്ച സ്വീകരിച്ചു. ശാഖാ, സെന്റർ, ഭദ്രാസന സെക്രട്ടറിമാരുടേയും ചുമതലക്കാരുടേയും സമ്മേളനം ആഗസ്റ്റ് മാസത്തിൽ അതത് ഭദ്രാസനങ്ങളിൽ നടത്തി. സംഘദിനത്തിലേക്ക് ആവശ്യമായ മെത്രാപ്പോലീത്തായുടെ അംഗീകാരത്തോടുകൂടിയ പ്രാർത്ഥനാക്രമം, പ്രവർത്തനങ്ങളെ സൂചിപ്പിക്കുന്ന കാർഡ്, പ്രസ്താവന എന്നിവ പ്രിന്റ് ചെയ്ത് ശാഖകൾക്ക് നല്കി.

എക്യുമെനിക്കൽ സമ്മേളനം : K.C.C., AICCW, Association of Theologically Trained women of India എന്നീ സംഘടനകളുമായി ചേർന്ന് പ്രവർത്തിക്കുന്നു. N.C.C.I. യുടെ Quadrennial Pre Assembly നാഗ്പ്പൂർ വെച്ച് നടന്ന മീറ്റിംഗിൽ മാർത്തോമ്മാ സഭയിലെ വനിതകളെ പ്രതിനിധീകരിച്ച് ജനറൽ സെക്രട്ടറി മിസ്സിസ് മിനി ജോയ്സ് തോമസ് പങ്കെടുത്തു. തിയോളജിക്കലി ട്രെയിൻഡ് വിമൺ മീറ്റിംഗ് ഫെബ്രുവരി 7 വ്യാഴാഴ്ച 4 മണിക്ക് മാരാമൺ മണൽപ്പുറത്ത് ഇവാഞ്ചലി സ്റ്റിക് അസ്സോസിയേഷൻ ഷെഡിൽ നടത്തി.

അഖിലലോക പ്രാർത്ഥനാദിനം : അഖിലലോക പ്രാർത്ഥനാദിനവും അന്താരാഷ്ട്ര വനിതാ ദിനവും ഏകോപിച്ചുള്ള മീറ്റിംഗ് മാർച്ച് 6-ന് വെള്ളിയാഴ്ച പ്ലാറ്റിനം ജൂബിലി ഹാളിൽ നടത്തി. 'സിംബാബ്‌വെ' അഖിലലോക പ്രാർത്ഥനാ കമ്മിറ്റി തയ്യാറാക്കിയ ആരാധനക്രമം ഉപയോഗിച്ച് ആരാധന നടത്തി. 'എഴുന്നേറ്റ് നിന്റെ കിടക്ക എടുത്ത് നടക്ക' എന്ന ചിന്താവിഷയം അടിസ്ഥാനമാക്കി ഡോ. സൂസൻ തോമസ് മുഖ്യ പ്രഭാഷണം നിർവ്വഹിച്ചു.

യംഗ് വിമൻസ് ഫെലോഷിപ്പ് : സഭയിലെ യുവതികളുടെ പങ്കാളിത്തം സേവികാസംഘത്തിൽ സജീവമാക്കുന്നതി

നായി 18-40 വയസ്സുവരെ പ്രായമുള്ള വനിതകളെ ഉൾപ്പെടുത്തി യംഗ് വിമൻസ് ഫെലോഷിപ്പ് രൂപീകരിച്ചു. ഭദ്രാസന, സെന്റർ, ശാഖാതലങ്ങളിൽ മീറ്റിംഗ് നടത്തുന്നു.

കേന്ദ്ര കലാമത്സരം : 2019 മെയ് 11ന് നടത്തി. സമ്മാനദാനം സേവികാസംഘം വാർഷിക യോഗത്തിൽ നിർവഹിച്ചു.

ദുരിതാശ്വാസ സഹായം : മലബാറിലെ പ്രളയ ദുരിത പ്രദേശങ്ങൾ ഭാരവാഹികൾ സന്ദർശിച്ചു. സേവികാസംഘം സഹായപദ്ധതിയിൽ പങ്കാളിയായി അർഹരായ 314 കുടുംബങ്ങൾക്ക് നിത്യോപയോഗ പാത്രങ്ങൾ അടങ്ങിയ കിറ്റ് വിതരണം ചെയ്തു.

മാരാമൺ കൺവൻഷൻ സേവികാസംഘ പൊതുസമ്മേളനം : ശതോത്തര രജതജൂബിലി നിറവിലായ മാരാമൺ കൺവൻഷനിൽ സേവികാസംഘത്തിന്റെ 101-ാമത് പൊതുസമ്മേളനം ഫെബ്രുവരി 14-ന് വെള്ളിയാഴ്ച 2 പി.എം.ന് നടത്തി. പ്രസിഡന്റ് അഭിവന്ദ്യ ഡോ. ഏബ്രഹാം മാർ പൗലോസ് തിരുമേനി അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ആർച്ച് ബിഷപ്പ് മോസ്റ്റ് റവ. കെ. യ്മാരി ഗോൾഡ്സ് വർത്തിവചനം പ്രഘോഷിച്ചു.

അഖണ്ഡ പ്രാർത്ഥന : 2019 മാർച്ച് 22 മുതൽ 31 വരെ ക്രമീകരിച്ചു. സഭയുടെ 13 ഭദ്രാസനങ്ങളിൽ നിന്നും സേവികാ സംഘാംഗങ്ങൾ പ്രാർത്ഥനയിൽ പങ്കാളികളായി.

സാക്ഷ്യ-ശതാബ്ദി സ്മാരക സാമൂഹ്യക്ഷേമ പദ്ധതി: ദൈവസ്നേഹത്തിന്റേയും സാമൂഹ്യ പ്രതിബദ്ധതയുടേയും സാക്ഷ്യ ചിഹ്നമായി ശ്രദ്ധേയമായ പല പദ്ധതികളുടേയും ഒത്തുചേരലാണ് 'സാക്ഷ്യ'. തൊഴിൽ-ലൈംഗിക ചൂഷണങ്ങളാലും നിശബ്ദരാക്കപ്പെട്ട സ്ത്രീകളുടെ വിടുതലും ഉന്നമനവും ലക്ഷ്യമാക്കിയുള്ള സാക്ഷ്യപദ്ധതി പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

ലൈംഗിക തൊഴിലാളികളായ സ്ത്രീകളുടെ ഇടയിൽ പ്രവർത്തിക്കുന്ന ആരോഗ്യ വകുപ്പിന്റെ ചുമതലയിലുള്ള എയ് ഡ്സ് കൺട്രോൾ സൊസൈറ്റിയുടെ കീഴിൽ പത്തനംതിട്ടയിൽ പ്രവർത്തിക്കുന്ന പുനർജനി, കൊട്ടാരക്കര കാർഡിന്റെ ചുമ തലയിലുള്ള സുരക്ഷ, എറണാകുളത്ത് എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെ കീഴിലുള്ള സാന്ത്വന എന്നീ സംഘടന കളുടെ പ്രവർത്തനങ്ങളുമായി പങ്കുചേർന്ന് ഈ മേഖലയിൽ പ്രവേശിക്കുവാൻ നമുക്ക് സാധിച്ചു. തിരുവല്ല, പത്തനംതിട്ട, കൊട്ടാരക്കര എന്നീ സ്ഥലങ്ങളിൽ ഇവരോടൊപ്പം ചേർന്ന് പ്രവർത്തിക്കുന്നു. ഓറിയന്റേഷൻ സെഷൻസ്, ചെറുകിട കച്ചവടങ്ങൾക്കുള്ള ധനസഹായം, ഭവനനിർമ്മാണസഹായം, എച്ച്. ഐ.വി പോസിറ്റീവ് ആയ രണ്ടുപേർക്കുള്ള ഭക്ഷണകിറ്റ് നൽകുക മുതലായ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഈ കുടുംബങ്ങളിലെ കുട്ടികളിലെങ്കിലും ഗുണപരമായ മാറ്റങ്ങൾ ഉണ്ടാകേണ്ടതിന് ശക്തീകരണം നൽകേണ്ടതുണ്ട്. ഇതിനായുള്ള വിവിധ പ്രവർത്തന മേഖലകളിലേക്കാണ് തുടർന്നും നാം പ്രവേശിക്കേണ്ടത്.

പ്രത്യാശാ നിലയം : തടിയൂരിൽ സേവികാസംഘത്തിന് ദാനമായി ലഭിച്ച മണലൂർ പുരയിടത്തിൽ 'പ്രത്യാശാനിലയ'ത്തിൽ പലതരത്തിൽ നിശബ്ദരാക്കപ്പെട്ട സ്ത്രീകളുടെ ഉന്നമനത്തിനായി തൊഴിൽ പരിശീലനം, ക്ലിനിക്ക്, കമ്മ്യൂണിറ്റിഹാൾ മുതലായവ ആരംഭിക്കുന്ന കെട്ടിടത്തിന്റെ പണി പുരോഗമിച്ചു കൊണ്ടിരിക്കുന്നു. വൈദ്യസഹായം, വിദ്യാഭ്യാസ സഹായം, തൊഴിൽ സഹായം എന്നിവ നൽകി.

ഭവന നിർമ്മാണം : ശതാബ്ദി പദ്ധതിയിൽ ഭവന സഹായത്തിന്റെ ഭാഗമായി കുന്നംകുളം - മലബാർ ഭദ്രാസനത്തിലെ ഷീജ മോൻസിയുടെ ഭവനം പൂർത്തിയായി. മറ്റ് 4 ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു. സ്വയംത്രാണന പദ്ധതി'യിൽ ഉൾപ്പെടുന്ന ഉഷാകുമാരിയുടെ ഭവനത്തിന്റെ പണി നടക്കുന്നു. സേവികാസംഘം കാമ്പസിലെ 'ഒറാനാ ഹൗസ്' കെട്ടിടത്തിന്റെ renovation work പൂർത്തിയായി. വനിതാ മന്ദിരത്തോടനുബന്ധിച്ചുള്ള ഡൈനിംഗ് ഹാൾ, ഡോർമിറ്ററി എന്നിവയുടെ renovation നടന്നുകൊണ്ടിരിക്കുന്നു. എ.എം.എം. ചാപ്പലിന്റെ renovation work ഉം പൂർത്തിയായിക്കൊണ്ടിരിക്കുന്നു. മി. പി.സി. ഉമ്മൻ കൺസൾട്ടിംഗ് എഞ്ചിനീയറായി സേവനം അനുഷ്ഠിക്കുന്നു.

സാമ്പത്തികം : സേവികാസംഘത്തിന്റെ വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത് സംഘാംഗങ്ങളിൽ നിന്നും ശേഖരിക്കുന്ന ഡപ്പി പിരിവ്, ബാഹ്യകേരള മിഷൻ പിരിവ്, സൗജന്യദാനം, വാർഷിക പിരിവ്, സംഭാവനകൾ, എൻഡോവ്മെന്റ് പലിശ എന്നിവയിലൂടെയാണ്.

4.5 മാർത്തോമ്മാ യുവജനസഖ്യം

യേശുക്രിസ്തുവിനെ കർത്താവും ദൈവവും രക്ഷിതാവുമായി സ്വീകരിക്കുന്നതിന് യുവജനങ്ങളെ പ്രാപ്തരാക്കുക എന്ന ഉദ്ദേശ്യത്തോടെ സ്ഥാപിതമായ മാർത്തോമ്മാ യുവജനസഖ്യം അതിന്റെ കർമ്മപഥത്തിൽ 86 വർഷങ്ങൾ പിന്നിട്ടിരിക്കുന്നു. മാർത്തോമ്മാ സഭയിലെ എല്ലാ യുവജനങ്ങളും യേശുക്രിസ്തുവിനെ കർത്താവും ദൈവവും രക്ഷിതാവുമായി സ്വീകരിക്കുന്നതിന് സഹായിക്കുകയും, യേശുക്രിസ്തുവിൽ ആളത്വത്തിന്റെ പൂർണ്ണതയിലേക്ക് നയിക്കുകയും ചെയ്യുക എന്നത് സഖ്യത്തിന്റെ പ്രധാന ഉദ്ദേശ്യമാണ്. ആരാധന, പഠനം, സാക്ഷ്യം സേവനം എന്നീ മുഖമുദ്രകളിൽ അധിഷ്ഠിതമായി ലഹരിവിരുദ്ധ-പരിസ്ഥിതി സൗഹാർദ്ദ-സാമൂഹ്യ നിർമ്മിതിക്കായി സുവിശേഷ ദൗത്യത്തിലൂന്നിയുള്ള പ്രവർത്തന പരിപാടികൾക്ക് മുൻതൂക്കം നൽകി പ്രവർത്തിച്ചുവരുന്നു. കാലത്തിന്റെ സാധ്യതകളെയും വെല്ലുവിളികളെയും തിരിച്ചറിഞ്ഞ് തിരുത്തൽ ശക്തിയായി നിലകൊള്ളുവാൻ യുവജനസഖ്യം എപ്പോഴും പ്രതിജ്ഞാബദ്ധമാണ്.

വാർഷിക പ്രതിനിധിസംഘം: മാർത്തോമ്മാ യുവജനസഖ്യത്തിന്റെ 83-ാമത് വാർഷിക പ്രതിനിധിസംഘ യോഗം 2019 ആഗസ്റ്റ് 31 ശനിയാഴ്ച അടൂർ യൂത്ത് സെന്ററിൽ ചേർന്നു. യുവജനസഖ്യം പ്രസിഡന്റ് അഭിവന്ദ്യ ഡോ. തോമസ് മാർ തീത്തോസ് എപ്പിസ്കോപ്പാ തിരുമേനി അദ്ധ്യക്ഷത വഹിച്ചു. റവ. ഡോ. ഷാം പി. തോമസ് ധ്യാനപ്രസംഗത്തിന് നേതൃത്വം നൽകി. 2018-2019 ലെ വാർഷിക റിപ്പോർട്ട് അംഗീകരിക്കുകയും വരവ്-ചെലവ് കണക്ക്, 2019-2020-ലെ ബഡ്ജറ്റ് എന്നിവ പാസ്സാക്കുകയും ചെയ്തു.

ഭാരവാഹികൾ: നി.വ.ദി.ശ്രീ. ഡോ. തോമസ് മാർ തീത്തോസ് എപ്പിസ്കോപ്പാ തിരുമേനി യുവജനസഖ്യം അദ്ധ്യക്ഷനായി അനുഗൃഹീതമായ നേതൃത്വം നൽകിവരുന്നു. ഓതറ എബനേസർ മാത്തോമ്മാ ഇടവകാംഗമായ അഡ്വ. ചെറിയാൻ സി. തോമസ് വൈസ് പ്രസിഡന്റായും ആനിക്കാട് ആരോഹണം മാർത്തോമ്മാ ഇടവകാംഗമായ റവ. ജോൺ മാത്യു സി. ജനറൽ സെക്രട്ടറിയായും അമ്പലത്തുംകാല ഹോരേബ് മാർത്തോമ്മാ ഇടവകാംഗമായ ശ്രീ. റിനു രാജ് ഖജാൻജിയായും റവ. തോമസ് ജോർജ്ജ്, റവ. പ്രിൻസ് ആർ. എന്നിവർ അസി. സെക്രട്ടറിമാരായും പ്രവർത്തിക്കുന്നു. വിവിധ ഭദ്രാസനങ്ങളിൽ നിന്നായി 54 അംഗങ്ങളടങ്ങുന്ന ജനറൽ കമ്മറ്റി സഖ്യം പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

യുവജനസഖ്യം ഓഫീസ്: 13 ഭദ്രാസനങ്ങളിലായി വ്യാപിച്ചു കിടക്കുന്ന മാർത്തോമ്മാ യുവജനസഖ്യം പ്രവർത്തനങ്ങളുടെ ഏകോപനവും നിയന്ത്രണവും നിർവ്വഹിക്കപ്പെടുന്നത് തിരുവല്ലയിലുള്ള കേന്ദ്ര യുവജനസഖ്യം ആഫീസ് മുഖേനയാണ്. ജനറൽ സെക്രട്ടറിയും ഔദ്യോഗിക ചുമതലക്കാരും ഓഫീസ് പ്രവർത്തനങ്ങൾക്കാവശ്യമായ നേതൃത്വം നൽകുന്നു. എല്ലാ പ്രവൃത്തിദിവസങ്ങളിലും രാവിലെ 10 മണിക്ക് പ്രാർത്ഥനയോടെ ഓഫീസ് പ്രവർത്തനങ്ങൾ ആരംഭിക്കുന്നു. 2020-ൽ 727 ശാഖകൾ കേന്ദ്ര ആഫീസിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജനറൽ സെക്രട്ടറി ഉൾപ്പെടെ 6 പേർ കേന്ദ്ര ആഫീസിലും 2 പേർ അടൂർ യൂത്ത് സെന്ററിലും സ്റ്റാഫ് അംഗങ്ങളായി പ്രവർത്തിക്കുന്നു.

മാർത്തോമ്മാ യൂത്ത് സെന്റർ, അടൂർ: യുവജനസഖ്യത്തിന്റെ ഏറ്റവും അഭിമാനമായ സ്ഥാപനമാണ് സഖ്യം സിൽവർ ജൂബിലി സ്മാരകമായ അടൂർ മാർത്തോമ്മാ യൂത്ത് സെന്റർ. സഖ്യം വജ്രജൂബിലിയുടെ ഭാഗമായി നവീകരിക്കപ്പെട്ട യൂത്ത് സെന്റർ മദ്ധ്യതിരുവിതാംകൂറിലെ പ്രശസ്തമായ ക്യാമ്പ് സെന്ററുകളിൽ ഒന്നാണ്. എക്യുമെനിക്കൽ ദർശനത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനമെന്ന നിലയിൽ ദേശീയ, അന്തർദ്ദേശീയ തലത്തിലുള്ള ക്യാമ്പുകൾ പഠനസമ്മേള

നങ്ങൾ, വിവിധ മത-സാമൂഹ്യ-രാഷ്ട്രീയ സമ്മേളനങ്ങൾ, സഭയുടേയും ഇതര സംഘടനകളുടേയും പരിപാടികൾ എന്നിവയ്ക്ക് ആതിഥേയത്വം വഹിച്ചുവരുന്നു.

ബാഹ്യകേരളാ ഓഫീസ് & യൂത്ത് സെന്റർ: കേരളത്തിനു പുറത്തുള്ള വിവിധ ഭദ്രാസനങ്ങളിലെ യുവജനങ്ങളെ സഭ്യം പ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കുന്നതിനും ബാഹ്യകേരളത്തിലെ സഭ്യം പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടത്തുന്നതിനുമായി ബാംഗ്ലൂരിൽ പണികഴിപ്പിച്ച ബാഹ്യകേരളാ ഓഫീസും യൂത്ത് സെന്ററും കാര്യക്ഷമമായി പ്രവർത്തിക്കുന്നു. ചാപ്പൽ, കൗൺസലിംഗ് സെന്റർ, ഗസ്റ്റ് റൂം, ഡോർമിറ്ററി, സ്റ്റുഡന്റ്സ് ചാപ്ലൈനുള്ള ക്വാർട്ടേഴ്സ്, സെക്രട്ടറി ക്വാർട്ടേഴ്സ് എന്നിവയ്ക്ക് പുറമേ ക്യാമ്പുകൾ, കോൺഫറൻസുകൾ എന്നിവ നടത്തുന്നതിനുള്ള സൗകര്യവും യൂത്ത് സെന്ററിൽ ക്രമീകരിച്ചിട്ടുണ്ട്. പഠനത്തിനായും ജോലി സംബന്ധമായും ബാംഗ്ലൂരിൽ എത്തുന്ന യുവജനങ്ങൾക്കും വ്യക്തികളായും കുടുംബങ്ങളായും ബാംഗ്ലൂർ സന്ദർശിക്കുന്നവർക്കും താമസത്തിനും വിശ്രമത്തിനും ഉള്ള സൗകര്യവും ഭക്ഷണ ക്രമീകരണവും ലഭ്യമാണ്. സഭ്യം അസി. സെക്രട്ടറി റവ. തോമസ് ജോർജ്ജ് കുടുംബമായി യുത്ത് സെന്ററിൽ താമസിച്ച് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

കടപ്പ മിഷൻ (സഭ്യം ഗ്രാമം): മാർത്തോമ്മാ യുവജനസഭ്യത്തിന്റെ 80-ാം വർഷാഘോഷ പരിപാടികളുടെ ഭാഗമായി ആരംഭിച്ച മിഷൻ പദ്ധതിയാണ് സഭ്യം ഗ്രാമം (കടപ്പ മിഷൻ). ആന്ധ്രാപ്രദേശിൽ കടപ്പ റെയിൽവേസ്റ്റേഷനിൽ നിന്നും 25 കിലോമീറ്റർ ഉള്ളിലായി വൊണ്ടിമിറ്റ വില്ലേജിൽ സഭ്യം ഗ്രാമം പ്രവർത്തനങ്ങൾ നടക്കുന്നു. കടപ്പ മിഷന്റെ ചുമതലയിൽ സെന്റ് തോമസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ പ്രവർത്തിക്കുന്നു. 2019 ജൂലൈ മാസം മിഷൻ ഹൗസ് കോംപ്ലെക്സിന്റെ നിർമ്മാണം ആരംഭിക്കുകയും പണികൾ പൂർത്തീകരിച്ച് 2020 ഫെബ്രുവരി 22 ന് അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനിയുടെ മുഖ്യകാർമ്മികത്വത്തിൽ കൂദാശ ചെയ്യുകയും ഉണ്ടായി. കടപ്പ മിഷന്റെ തുടർ പ്രവർത്തനങ്ങൾക്ക് സഭാജനങ്ങളുടെ അകമഴിഞ്ഞ പിന്തുണയും പ്രോത്സാഹനവും സഹായവും ആവശ്യമാണ്.

പ്രസിദ്ധീകരണങ്ങൾ: മാർത്തോമ്മാ യുവദീപം (മലയാളം), റിപ്പിൾസ് (ഇംഗ്ലീഷ്) എന്നിവയാണ് യുവജനസഭ്യത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണങ്ങൾ. ഓരോ മാസവും പ്രത്യേക ചിന്താവിഷയം ആസ്പദമാക്കിയുള്ള ധ്യാനപംക്തി, ലേഖനങ്ങൾ, സഭാചരിത്രം, ലിറ്റർജി, കൗൺസലിംഗ് എന്നിവ കൂടാതെ സാമൂഹ്യവും ദൈവശാസ്ത്രപരവും സമകാലികവുമായ ഇതര വിഷയങ്ങളും ഉൾപ്പെടുത്തി ഇവ പ്രസിദ്ധീകരിക്കുന്നു. യുവജനങ്ങളുടെ സർഗ്ഗാത്മക കഴിവുകൾ വളർത്തുന്നതിനും സാഹിത്യാഭിരുചി വളർത്തുന്നതിനും ഈ പ്രസിദ്ധീകരണങ്ങളിലൂടെ ശ്രമിച്ചിട്ടുണ്ട്. റിപ്പോർട്ടു വർഷം മലയാളം, കന്നഡ ഭാഷകളിൽ കലണ്ടറുകളും, 2020-ലെ വലിയനോമ്പിനോടനുബന്ധിച്ച് നോമ്പ് വായന കലണ്ടറും പുറത്തിറക്കി. കൂടാതെ വലിയനോമ്പ് ധ്യാനചിന്തകൾ എന്ന പേരിൽ 50 ദിവസത്തേക്കുള്ള ധ്യാനസമാഹാരവും പ്രസിദ്ധികരിച്ചു.

പ്രവർത്തനങ്ങൾ: ക്രിസ്തുവിലുള്ള ആഴമാർന്ന വിശ്വാസത്തിലും സഭയുടെ വിശ്വാസ-പാരമ്പര്യത്തിലും ആചാരാനുഷ്ഠാനങ്ങളിലും അടിസ്ഥാനപ്പെട്ട് സുവിശേഷ ദൗത്യത്തിലൂന്നി മണ്ണിനോടും പ്രകൃതിയോടും സഹജീവികളോടും ഐക്യദാർഢ്യപ്പെട്ട്, ലഹരി-വിരുദ്ധ, അഴിമതി-രഹിത, നവ സമൂഹം സൃഷ്ടിക്കുക എന്ന താല്പര്യത്തോടെ വിവിധ പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. ഫിനാൻസ് & ഓഫീസ് മാനേജ്മെന്റ്, പ്രതിഭാവേദി, മിഷൻ & ഇവാൻജലിസം, സ്റ്റഡി ഫോറം, വനിതാ ഫോറം, എക്യുമെനിക്കൽ ആക്ഷൻ ഫോറം, ദലിത് കൺസേൺ, സ്പോർട്സ് & ഗെയിംസ്, പബ്ലിക്കേഷൻ മാനേജിംഗ് കമ്മറ്റി, കറന്റ് അഫയേഴ്സ് & മീഡിയ, കരിയർ ഗൈഡൻസ് & പ്ലെയിസ്മെന്റ് സെൽ, മിഷൻ ടു സ്കൂൾസ് & കോളേജസ് & ഡി-അഡിക്ഷൻ, ഡിജിറ്റൽ മീഡിയ & വെബ്സൈറ്റ്, സ്വരലയം, യുവദീപം & റിപ്പിൾസ് എഡിറ്റോറിയൽ ബോർഡുകൾ, മിസ്ഡ എന്നീ സബ് കമ്മറ്റികൾ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

ഇന്റൻസീവ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്: സുവിശേഷ, സാമൂഹ്യ മേഖലകളിൽ പ്രവർത്തന തൽപ്പരരായ യുവജനങ്ങൾക്കുവേണ്ടി മാർത്തോമ്മാ വൈദിക സെമിനാരിയുമായി സഹകരിച്ച് സഭ്യം നടത്തുന്ന ദശദിന തീവ്രപരിശീലന കളരിയാണ് ഇന്റൻസീവ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (ഐ.ടി.ഐ). റിപ്പോർട്ട് വർഷം 2019 മെയ് 1 മുതൽ 10 വരെ അടൂർ യൂത്ത് സെന്ററിൽ വച്ച് നടത്തപ്പെട്ട ഐ.റ്റി.ഐ.യിൽ 29 പേർ പങ്കെടുത്തു. സെമിനാരി അദ്ധ്യാപകരും പ്രഗത്ഭരായ ഇതര നേതാക്കളും ക്ലാസ്സുകൾക്ക് നേതത്വം നൽകി. പങ്കെടുത്ത ഏവർക്കും സർട്ടിഫിക്കറ്റും നൽകി.

എക്യുമെനിക്കൽ ഈസ്റ്റർ ഗാനസന്ധ്യ - 'ക്യംതോ' 2019: മാർത്തോമ്മാ യുവജനസഭ്യം എക്യുമെനിക്കൽ ആക്ഷൻ ഫോറത്തിന്റെ ആഭിമുഖ്യത്തിൽ വിവിധ ക്രൈസ്തവ സഭകളുടെ സഹകരണത്തോടെ 2019 ഏപ്രിൽ 21 ഞായറാഴ്ച വൈകിട്ട് 6 മണിക്ക് അടൂർ കണ്ണംകോട് മാർത്തോമ്മാ പള്ളിയിൽ ഈസ്റ്റർ ഗാനശുശ്രൂഷ 'ക്യംതോ' 2019 നടത്തപ്പെട്ടു. മലങ്കര കത്തോലിക്കാ സഭ, പത്തനംതിട്ട രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റംമെത്രാപ്പോലീത്താ മുഖ്യ സന്ദേശം നല്കി. വിവിധ സഭകളിലെ ഗായകസംഘങ്ങൾ ഗാനശുശ്രൂഷ നിർവ്വഹിച്ചു.

വോളിബോൾ & ഷട്ടിൽ ടൂർണ്ണമെന്റ്: യുവജനസഭ്യം സ്പോർട്സ് & ഗെയിംസ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ 2019 ഏപ്രിൽ 27-ന് കോഴഞ്ചേരിയിൽ വച്ച് വോളിബോൾ & ഷട്ടിൽ ടൂർണ്ണമെന്റ് സംഘടിപ്പിച്ചു. വിവിധ സെന്ററുകളുടേയും ശാഖകളുടേയും നേതൃത്വത്തിലുള്ള ടീമുകൾ മാറ്റുരച്ച മത്സരങ്ങൾ ആവേശകരമായിരുന്നു. ഷട്ടിൽ സിംഗിൾസിൽ ശ്രീ. റിജോ ചാക്കോ ജോൺ (സെന്റ് തോമസ് മാർത്തോമ്മാ യുവജനസഭ്യം, കീഴ്വായ്പ്പൂർ), ശ്രീ. റെഞ്ചി ജേക്കബ് സാമുവൽ (ശാലേം മാർത്തോമ്മാ യുവജനസഭ്യം, കുറിയന്നൂർ), ശ്രീ. ജെഫിൻ ജി. വർഗ്ഗീസ് (സെന്റ് തോമസ് മാർത്തോമ്മാ യുവജനസഭ്യം, നിരണം) എന്നിവർ യഥാക്രമം 1,2,3 സ്ഥാനങ്ങൾ നേടി. ഡബിൾസിൽ ക്രിസ്റ്റിൻ വർഗ്ഗീസ് & ശ്രീ. മാത്യു ജോർജ്ജ് (ജെറുസലേം മാർത്തോമ്മാ യുവജനസഭ്യം, പ്രയാർ), ശ്രീ. റെഞ്ചി ജേക്കബ് സാമുവൽ & ശ്രീ. സ്റ്റാൻ എം. ഫിലിപ്പ് (ശാലേം മാർത്തോമ്മാ യുവജനസഭ്യം, കോഴിക്കോട്), ശ്രീ. ജോഹാൻ പി. ജോൺസൺ & ശ്രീ. റോബിൻ ഡി. വർഗ്ഗീസ് (സെന്റ് തോമസ് മാർത്തോമ്മാ യുവജനസഭ്യം, കോഴിക്കോട്) യഥാക്രമം 1, 2, 3 സ്ഥാനങ്ങൾ നേടി. ഷട്ടിൽ സിംഗിൾസ് വനിതാ വിഭാഗത്തിൽ കുമാരി ജെഫി മേരി ബിജു, (മതിലകം ആരോഹണം മാർത്തോമ്മാ യുവജനസഭ്യം, പുത്തൻകാവ്), കുമാരി ആൻസി സൂസൻ തോമസ് (സെന്റ് തോമസ് മാർത്തോമ്മാ യുവജനസഭ്യം, നിരണം) എന്നിവർ യഥാക്രമം 1, 2 സ്ഥാനങ്ങൾ നേടി. വോളിബോൾ മത്സരത്തിൽ റാന്നി എ സെന്റർ മാർത്തോമ്മാ യുവജനസഭ്യം ഒന്നാം സ്ഥാനവും, വടശ്ശേരിക്കര സെന്റ് ആൻഡ്രൂസ് മാർത്തോമ്മാ യുവജനസഭ്യം രണ്ടാം സ്ഥാനവും നേടി. വിജയികൾക്ക് ക്യാഷ് പ്രൈസും ട്രോഫിയും സമ്മാനമായി നൽകി.

വാരാന്ത്യപരിപാടി: മാർത്തോമ്മാ യുവജനസഭ്യം മിഷൻ & ഇവാഞ്ചലിസം കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ ശാഖ, സെന്റർ, ഭദ്രാസന തലങ്ങളിലെ സഭ്യം പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജസ്വല മാക്കുന്നതിനും, സഭ്യം പ്രസിദ്ധീകരണങ്ങളായ യുവദീപം, റിപ്പിൾസ് എന്നിവയ്ക്ക് കൂടുതൽ വരിക്കാരെ കണ്ടെത്തുന്നതിനും സഭ്യം പ്രവർത്തനങ്ങളിലൂടെ ദൈവരാജ്യ പ്രവർത്തനങ്ങൾക്കായി യുവജനങ്ങളെ സജ്ജരാക്കുന്നതിനുമായി വാരാന്ത്യപരിപാടികൾ ക്രമീകരിച്ചുവരുന്നു. റിപ്പോർട്ടു വർഷം സഭയിലെ വിവിധ ഇടവകകളിൽ പ്രസ്തുത ശുശ്രൂഷ ക്രമീകരിക്കുകയുണ്ടായി. ധ്യാനയോഗം, സഭ്യത്തിന്റെ സംഗീത വിഭാഗമായ സ്വരലയം നേതൃത്വം നൽകുന്ന സംഗീത ശുശ്രൂഷ, വിശുദ്ധ കുർബ്ബാന

എന്നിവ ഇതിന്റെ ഭാഗമായി നടത്തപ്പെട്ടു.

സ്വരലയം: യുവജനസഖ്യത്തിന്റെ സപ്തതി പരിപാടികളുടെ ഭാഗമായി രൂപീകരിച്ച സംഗീതവിഭാഗമാണ് സ്വരലയം. സഖ്യത്തിന്റെ പൊതുപരിപാടികൾ, വിവിധ സബ്കമ്മിറ്റികളുടെ നേതൃത്വത്തിൽ നടക്കുന്ന പരിപാടികൾ, വാരാന്ത്യ പരിപാടികൾ എന്നിവയ്ക്ക് നേതൃത്വം നൽകുക, സംഗീതത്തിലൂടെ സുവിശേഷ സാക്ഷ്യം നിർവ്വഹിക്കുക എന്നീ ഉദ്ദേശ്യങ്ങളോടെ സ്വരലയം പ്രവർത്തിക്കുന്നു. റിപ്പോർട്ടു വർഷത്തിൽ വിവിധ ഇടവകളിലെ കൺവൻഷനുകൾ, ധ്യാനയോഗങ്ങൾ, സഖ്യത്തിന്റെ വാരാന്ത്യ പരിപാടികൾ, നോമ്പ് ധ്യാനം, മറ്റ് പൊതു പരിപാടികൾ എന്നിവയിൽ സ്വരലയം ഗാനശുശ്രൂഷ നിർവ്വഹിച്ചു.

പഠന പ്രവർത്തനങ്ങൾ

പഠന പുസ്തകം: 2019-2020 വർഷത്തെ യുവജനസഖ്യം പഠനപുസ്തകമായി ഡോ. ജോർജ്ജ് കെ. അലക്സ് രചിച്ച 'മാർ ത്തോമ്മാ സഭ കേരളീയ നവോത്ഥാനത്തിൽ' എന്ന പുസ്തകം തെരഞ്ഞെടുക്കുകയുണ്ടായി.

പഠന പുസ്തക പരീക്ഷ: 2019-2020 വർഷത്തെ പഠനപുസ്തകമായ മാർത്തോമ്മാ സഭ കേരളീയ നവോത്ഥാനത്തിൽ' എന്ന പുസ്തകം ആസ്പദമാക്കിയുള്ള പഠന പുസ്തക പരീക്ഷ 2020 ഫെബ്രുവരി 23 ഞായറാഴ്ച നടത്തപ്പെട്ടു. ഇംഗ്ലീഷിലും മലയാളത്തിലും പരീക്ഷകൾ ക്രമീകരിക്കുകയുണ്ടായി. ആകെ 1051 പേർ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തു. പഠന പുസ്തക പരീക്ഷയിൽ യഥാക്രമം 1, 2, 3 സ്ഥാനങ്ങൾ നേടുന്നവർക്ക് ക്യാഷ് പ്രൈസും 80 ശതമാനത്തിനുമേൽ മാർക്ക് നേടുന്നവർക്ക് പ്രത്യേക സമ്മാനവും 60 ശതമാനത്തിനുമേൽ മാർക്ക് നേടുന്ന എല്ലാവർക്കും സർട്ടിഫിക്കറ്റും നൽകുന്നു.

സമർപ്പിതരുടെ കൂടിവരവ്: മാർത്തോമ്മാ യുവജനസഖ്യം മിഷൻ & ഇവാഞ്ചലിസം കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സഭയിലെ സമർപ്പിതരും സുവിശേഷവേലയിലും സഭയുടെ മിഷൻ പ്രവർത്തനങ്ങളിലും തല്പരരുമായ യുവജനങ്ങൾ, മദ്ബഹാ ശുശ്രൂഷകരായ യുവജനങ്ങൾ എന്നിവർക്കായി 2019 ഏപ്രിൽ 28,29,30 (ഞായർ, തിങ്കൾ, ചൊവ്വ) എന്നീ തീയതികളിൽ അടൂർ യൂത്ത് സെന്റൽ പ്രത്യേക പരിശീലന കളരി ക്രമീകരിച്ചു. വെരി. റവ. റ്റി.കെ. മാത്യു ഉത്ഘാടനം ചെയ്ത പ്രസ്തുത പരിശീലനപരിപാടിയിൽ റവ. ഷാനു വി. തോമസ്, റവ. അലക്സാണ്ടർ തോമസ്, റവ. പ്രിൻസ് ആർ., റവ. അജിത് കെ. തോമസ്, റവ. ഈ.ജെ. ജോർജ്ജ് എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

വസന്തോത്സവം: മാർത്തോമ്മാ യുവജനസഖ്യം പഠനവിഭാഗമായ സ്റ്റഡിഫോറത്തിന്റെ ആഭിമുഖ്യത്തിൽ 2019 മെയ് 10, 11, 12 തീയതികളിൽ അടൂർ മാർത്തോമ്മാ യൂത്ത് സെന്ററിൽ ടീനേജേഴ്സ് ക്യാമ്പ് - വസന്തോത്സവം നടത്തപ്പെട്ടു. "യുവജനങ്ങളും ആദ്ധ്യാത്മിക നവ ഉത്ഥാനവും' എന്നതായിരുന്നു മുഖ്യ ചിന്താവിഷയം. അഭിവന്ദ്യ ഡോ. തോമസ് മാർ തീത്തോസ് എപ്പിസ്കോപ്പാ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ അഭിവന്ദ്യ ബിഷപ്പ് ഡോ. മാർ തോമസ് തറയിൽ ക്യാമ്പിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. ഡോ. എം.എസ്. സുനിൽ മുഖ്യ പ്രഭാഷണം നടത്തി. റവ. ഡോ. മോത്തി വർക്കി വിഷയാസ്പദ പഠനത്തിനും റവ. ജിജോ തങ്കച്ചൻ മുത്തേരി വേദപഠനത്തിനും നേതൃത്വം നൽകി. വെരി. റവ. സ്കറിയാ ഏബ്രഹാം, റവ. സനിൽ എം. അലക്സാണ്ടർ, റവ. അലക്സാണ്ടർ തോമസ്, ശ്രീ. ജോൺസ് കെ. ലൂക്ക്, ഡോ. ജോർജ്ജ് കെ. അലക്സ്, ശ്രീമതി ജാൻസി സാറാ ജോൺസ്, ഡോ. ജോർജ്ജ് സാമുവൽ എന്നിവർ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകി. വിവിധ ഭദ്രാസനങ്ങളിൽ നിന്നായി 200ൽപ്പരം യുവജനങ്ങൾ പങ്കെടുത്തു.

എഴുത്തുപുര-2019: മാർത്തോമ്മാ യുവജനസഖ്യത്തിന്റെ ഔദ്യോഗിക മുഖപത്രമായ മാർത്തോമ്മാ യുവദീപം എഡിറ്റോറിയൽ ബോർഡിന്റെ ആഭിമുഖ്യത്തിൽ വിവിധ ക്രൈസ്തവ ആനുകാലിക പ്രസിദ്ധീകരണങ്ങളിലെ എഴുത്തുകാർക്കായി (കഥ, കവിത, ലേഖനങ്ങൾ) എല്ലാ വർഷവും സംഘടിപ്പിക്കുന്ന പരിശീലനകളരിയായ എഴുത്തുപുര റിപ്പോർട്ടു വർഷം 2019 ജൂൺ 7, 8(വെള്ളി, ശനി) തീയതികളിൽ അടൂർ മാർത്തോമ്മാ യൂത്ത് സെന്ററിൽ നടത്തപ്പെട്ടു. 30-ൽ അധികം പേർ പങ്കെടുത്ത പ്രസ്തുത പരിശീലനകളരി ശ്രീ. ലക്ഷ്മി മംഗലത്ത് ഉദ്ഘാടനം ചെയ്തു. എഴുത്തിന്റെ വിവിധ രീതികളെപ്പറ്റി റവ. എ. അലക് സ്, ശ്രീ. സജി കരിങ്ങോലിൽ, പ്രൊഫ. സാറാമ്മ വർഗ്ഗീസ്, ശ്രീ. സജി മര്യാപുരം, പ്രൊഫ. ലിബൂസ് ജേക്കബ് ഏബ്രഹാം, റവ. റെജി ഡാൻ കെ. ഫിലിപ്പോസ്, ഫാ. ഡോ. മാത്യൂസ് വാഴക്കുന്നം, ശ്രീ. അഭിനാഷ് തുണ്ടുമണ്ണിൽ എന്നിവർ ക്ലാസ്സുകൾക്കും ചർച്ചകൾക്കും നേതൃത്വം നൽകി.

പ്രവർത്തനോത്ഘാടനവും യുവജനസമ്മേളനവും: മാർത്തോമ്മാ യുവജനസഖ്യത്തിന്റെ 2019 - 2021 ടേമിലെ പ്രവർത്തന പരിപാടികളുടെ കേന്ദ്രതല ഉദ്ഘാടനവും യുവജന സമ്മേളനവും 2019 ഒക്ടോബർ 27 ഞായറാഴ്ച മാരാമൺ മാർത്തോമ്മാ പള്ളിയിൽ വച്ച് നടത്തപ്പെട്ടു. സഖ്യം പ്രസിഡന്റ് അഭിവന്ദ്യ ഡോ. തോമസ് മാർ തീത്തോസ് എപ്പിസ്കോപ്പായുടെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ മലയാള ചലച്ചിത്ര രംഗത്തെ ശ്രദ്ധേയനും മികച്ച നടനുള്ള ദേശീയ-അന്തർദേശീയ പുരസ്കാര ജേതാവുമായ ശ്രീ. ഇന്ദ്രൻസ് പ്രവർത്തന പരിപാടികളുടെ ഉദ്ഘാടനം നിർവ്വഹിച്ചു. WORLD GUINNESS RECORD 2019 ൽ ഇടം നേടിയ മാർത്തോമ്മാ സഭാംഗവും പ്രശസ്ത സംവിധായകനുമായ ശ്രീ. ബ്ലെസ്സിയെ തദവസരത്തിൽ ആദരിച്ചു. സഭാ-സാമൂഹിക മേഖലകളിലെ വിശിഷ്ട വ്യക്തികൾ സമ്മേളനത്തിൽ ആശംസകൾ നേർന്നു.

തെയ്സെ വർഷിപ്പും സംവാദവും: ലോകത്തിലെ പ്രധാന തീർത്ഥാടക സമൂഹമായ തെയ്സെ കമ്മ്യൂണിറ്റിയുമായി ചേർന്ന് യുവജനപങ്കാളിത്തത്തോടെ മാർത്തോമ്മാ യുവജനസഖ്യത്തിന്റെ നേതൃത്വത്തിൽ 2019 ഒക്ടോബർ 11 വെള്ളിയാഴ്ച 'തെയ്സെ ആരാധന' നടന്നു. തിരുവല്ല മാർത്തോമ്മാ സഭാ ആസ്ഥാനത്തുള്ള ചർച്ച് ആനിമേഷൻ ഹാളിൽ നടന്ന പ്രസ്തുത ആരാധനയിൽ മോസ്റ്റ് റവ. ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ മുഖ്യസന്ദേശം നൽകി. എക്യുമെനിക്കൽ വീക്ഷണത്തോടെ സമൂഹത്തിൽ ദയ, ലാളിത്യം, അനുരഞ്ജനം എന്നീ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുവാൻ യുവാക്കളെ പ്രേരിപ്പിക്കുന്ന തെയ്സെ കമ്മ്യൂണിറ്റിയുടെ വക്താവായ ബ്രദർ ജീൻ പാട്രിക്ക് ആരാധന നയിക്കുകയും യുവജനങ്ങളുമായി സംവദിക്കുകയും ചെയ്തു.

യുവജനവാരം: 2019 ഒക്ടോബർ 13-19 വരെ യുവജനവാരമായും 20-ാം തീയതി യുവജനഞായർ ആയും വേർതിരിച്ച് ആചരിക്കുകയും പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തു. 'യുവജനങ്ങളും ദൈവ പ്രതീക്ഷയും' (Youth and God's Expectation) എന്നതായിരുന്നു ഇത്തവണത്തെ ചിന്താവിഷയം. യുവജനവാരത്തോടനുബന്ധിച്ച് ഇടവകകളിൽ ഡെപ്യൂട്ടേഷനും ക്രമീകരിച്ചു.

'മാർത്തോമ്യൻ പ്രീമിയർ ലീഗ്' ക്രിക്കറ്റ് ടൂർണ്ണമെന്റ്: മാർത്തോമ്മാ യുവജനസഖ്യം സ്പോർട്സ് & ഗെയിംസ് സബ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സഭയിലെ വൈദികരേയും യുവജനങ്ങളേയും പങ്കെടുപ്പിച്ചുകൊണ്ട് 2019 നവംബർ 29, 30 തീയതികളിൽ തിരുവല്ല മാർത്തോമ്മാ കോളേജ് സ്റ്റേഡിയത്തിൽ 'മാർത്തോമ്യൻ പ്രീമിയർ ലീഗ് ' എന്നപേരിൽ ക്രിക്കറ്റ് ടൂർണ്ണമെന്റ് സംഘടിപ്പിച്ചു. ഒരു ഭദ്രാസനത്തിൽ നിന്നും വൈദികരുടെ 2 ടീമുകളും യുവജനങ്ങളുടെ 2 ടീമുകളും വീതം പങ്കെടുത്തു. വൈദികർക്കായുള്ള മത്സരത്തിൽ കൊട്ടാരക്കര-പുനലൂർ ഭദ്രാസനം ഒന്നാം സ്ഥാനവും ചെന്നൈ-ബാംഗ്ലൂർ ഭദ്രാസനം രണ്ടാം സ്ഥാനവും നേടി. യുവജനങ്ങൾക്കായി നടത്തപ്പെട്ട മത്സരത്തിൽ നിരണം-മാരാമൺ ഭദ്രാസനം ഒന്നാം സ്ഥാനവും റാന്നി-നിലയ്ക്കൽ ഭദ്രാസനം രണ്ടാം സ്ഥാനവും നേടി. 1, 2 സ്ഥാനങ്ങൾ നേടി വിജയികളായവർക്ക് സമ്മാനമായി യഥാക്രമം 5000/ രൂപ, 3000/ രൂപ ക്യാഷ് പ്രൈസും എവറോളിംഗ് ട്രോഫിയും സമ്മാനിച്ചു.

പഠന സമ്മേളനങ്ങളും ശില്പശാലയും: വേദപുസ്തക അടിസ്ഥാനത്തിൽ സമകാലീക സാമൂഹിക പ്രശ്നങ്ങളെ ആഴമായി വിലയിരുത്തി ക്രിയാത്മകമായ ചർച്ചകളിലൂടെയും പ്രതികരണങ്ങളിലൂടെയും സംഗതമായ ക്രൈസ്തവ ധർമ്മം

നിർവ്വഹിക്കുവാൻ യുവജനങ്ങളെ പ്രാപ്തരാക്കുക എന്ന താല്പര്യത്തോടെ മാർത്തോമ്മാ യുവജനസഖ്യത്തിന്റെ പഠനവിഭാഗമായ സ്റ്റഡിഫോറത്തിന്റെ ആഭിമുഖ്യത്തിൽ റിപ്പോർട്ടുവർഷം വിവിധ ഭദ്രാസനങ്ങളിൽ പഠന ശില്പശാലകൾ നടത്തി. 2019 നവംബർ 24 ഞായറാഴ്ച തിരുവനന്തപുരം- കൊല്ലം, കൊട്ടാരക്കര - പുനലൂർ ഭദ്രാസനങ്ങളിലെ യുവജനസഖ്യാംഗങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് ആയൂർ ശാലേം മാർത്തോമ്മാ പള്ളിയിലും ചെങ്ങന്നൂർ - മാവേലിക്കര ഭദ്രാസനത്തിലെ വിവിധ ഇടവകകളിലെ യുവജനസഖ്യാംഗങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് 2019 ഡിസംബർ 8 ഞായറാഴ്ച ഉമയാറ്റുകര മാർത്തോമ്മാ പള്ളിയിലും പഠന ശില്പശാലകൾ ക്രമീകരിച്ചു. മാർത്തോമ്മാ സഭ കേരളീയ നവോത്ഥാനത്തിൽ എന്ന വിഷയം ആസ്പദമാക്കി ഡോ. ജോർജ്ജ് കെ. അലക്സ് (സെന്റ് തോമസ് കോളേജ്, കോഴഞ്ചേരി) മുഖ്യപ്രഭാഷണം നടത്തി.

എക്യുമെനിക്കൽ ക്രിസ്മസ് കരോൾ മത്സരം: മാർത്തോമ്മാ യുവജനസഖ്യം സംഗീത വിഭാഗമായ 'സ്വരലയ'ത്തിന്റെയും 'എക്യുമെനിക്കൽ ആക്ഷൻ ഫോറ'ത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ 2019 നവംബർ 24-ാം തീയതി ഞായറാഴ്ച 2.30 പി.എം. ന് കുമ്പനാട് വട്ടക്കോട്ടാൽ ക്രൈസ്റ്റ് മാർത്തോമ്മാ പള്ളിയിൽ വച്ച് എക്യുമെനിക്കൽ ക്രിസ്മസ് ഗായകസംഘ മത്സരം നടത്തപ്പെട്ടു. വിവിധ സഭകളിലെ ഗായകസംഘങ്ങളുടെ നേതൃത്വത്തിലുള്ള ടീമുകൾ പങ്കെടുത്ത പ്രസ്തുത മത്സരത്തിൽ വാളകം സെന്റ് തോമസ് മാർത്തോമ്മാ ചർച്ച് ക്വയർ ഒന്നാം സ്ഥാനവും ഓതറ സെന്റ് പോൾസ് മാർത്തോമ്മാ ചർച്ച് ക്വയർ രണ്ടാം സ്ഥാനവും പട്ടമല മാർത്തോമ്മാ ചർച്ച് ക്വയർ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. വിജയികളാകുന്നവർക്ക് സമ്മാനമായി യഥാക്രമം 3000/രൂപ, 2000/രൂപ, 1000/രൂപ ക്യാഷ്പ്രൈസും എവറോളിംഗ് ട്രോഫിയും നൽകി.

എക്യുമെനിക്കൽ ക്രിസ്മസ് ആഘോഷം: 2019 - ലെ ക്രിസ്മസ് ആഘോഷങ്ങളുടെ ഭാഗമായി യുവജനസഖ്യം എക്യുമെനിക്കൽ ആക്ഷൻ ഫോറത്തിന്റെ ആഭിമുഖ്യത്തിൽ വിവിധ എപ്പിസ്കോപ്പൽ സഭകളുടെ സഹകരണത്തോടെ ഡിസംബർ 7 ശനിയാഴ്ച കീഴ്വായ്പ്പൂർ സെന്റ് തോമസ് മാർത്തോമ്മാ പള്ളിയിൽ ക്രിസ്മസ് ആഘോഷവും ഗാനശുശ്രൂഷയും നടത്തപ്പെട്ടു. അഭിവന്ദ്യ മാത്യൂസ് മോർ അന്തീമോസ് മെത്രാപ്പോലീത്താ (യാക്കോബായാ സുറിയാനി സഭ, അങ്കമാലി ഭദ്രാസനം-മൂവാറ്റുപുഴ മേഖല) മുഖ്യസന്ദേശം നൽകി. വിവിധ സഭകളിലെ ഗായകസംഘങ്ങളുടെ നേതൃത്വത്തിൽ ഗാനശുശ്രൂഷയും നടന്നു.

ഓൺലൈൻ സംഗീത മത്സരം - 'INCARNATIO 2K19': യുവഗായകരെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി മാർത്തോമ്മാ യുവജനസഖ്യം പ്രതിഭാവേദിയുടെ ആഭിമുഖ്യത്തിൽ റിപ്പോർട്ടു വർഷം 'INCARNATIO 2K19' എന്ന പേരിൽ ഒരു ഓൺലൈൻ സംഗീത മത്സരം സംഘടിപ്പിച്ചു.

ക്രിസ്തുമസ് ആഘോഷം: യുവജനസഖ്യം മിഷൻ & ഇവാഞ്ചലിസം കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ 2019 ഡിസംബർ 26 വ്യാഴാഴ്ച തിരുവല്ല തുകലശ്ശേരിയിൽ ഉൾനാടൻ മത്സ്യത്തൊഴിലാളി സമൂഹത്തോടൊപ്പം ജനകീയ ക്രിസ്തുമസ് ആഘോഷം സംഘടിപ്പിച്ചു.

യുവജന കൂട്ടായ്മയും നിയമബോധവത്ക്കരണ ക്ലാസ്സും: ദലിത് കൺസേൺ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ 2019 നവംബർ 16 ന് താമരക്കുടി ഇമ്മാനുവേൽ മാർത്തോമ്മാ പള്ളിയിൽ യുവജനകൂട്ടായ്മയും നിയമബോധവത്ക്കരണ ക്ലാസ്സും നടത്തപ്പെട്ടു. അഡ്വ. സുനിൽ കുമാർ ക്ലാസ്സിന് നേതൃത്വം നൽകി. 35 യുവജനങ്ങൾ പങ്കെടുത്തു.

യുവജന പഠന ക്യാമ്പ് - ദലിത് കൺസേൺ കമ്മിറ്റി: മാർത്തോമ്മാ യുവജനസഖ്യം ദലിത് കൺസേൺ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ 2019 ഡിസംബർ 27, 28, 29 തീയതികളിൽ അടൂർ മാർത്തോമ്മാ യൂത്ത് സെന്ററിൽ സഭയിലെ ദലിത് ഇടവകകളിലെ യുവജന സഖ്യാംഗങ്ങൾക്കായി പഠനക്യാമ്പ് നടത്തപ്പെട്ടു. 'സത്യാനന്തര ലോകത്തിലെ ക്രിസ്തീയ ദൗത്യം' (Christian Mission in the Post - Truth World) മുഖ്യചിന്താവിഷയം. റവ. ഫാ. ഡോ. മാത്യൂസ് വാഴക്കുന്നം ഉദ്ഘാടനം നിർവ്വഹിച്ചു. റവ. ഡോ. ബൈജു മർക്കോസ് മുഖ്യ ക്ലാസ്സിന് നേതൃത്വം നൽകി. റവ. ഷിജി സാം, റവ. റെജിൻ രാജു, ശ്രീമതി മൃദുലാദേവി ശശിധരൻ, റവ. ഷിബിൻ ശിശുമണി എന്നിവരും സഭാ-സാമൂഹ്യ-സാംസ്കാരിക മേഖലകളിലെ പ്രശസ്തരായ ഇതര നേതാക്കളും നേതൃത്വം നേതൃത്വം നൽകി. വിവിധ ഭദ്രാസനങ്ങളിൽ നിന്നായി 75-ൽ അധികം പേർ പങ്കെടുത്തു.

വനിതാഫോറം പ്രവർത്തനോത്ഘാടവും ക്രാഫ്റ്റ് ക്ലാസ്സും: മാർത്തോമ്മാ യുവജനസഖ്യം വനിതാഫോറത്തിന്റെ ആഭിമുഖ്യത്തിൽ 2019-2021 ടേമിൽ നടപ്പാക്കുന്ന വിവിധ പ്രവർത്തനപരിപാടികളുടെ ഉദ്ഘാടനം 2019 ഡിസംബർ 14l ശനിയാഴ്ച കൊട്ടാരക്കര എപ്പിസ്കോപ്പൽ ജൂബിലി മന്ദിരത്തിൽ നടത്തപ്പെട്ടു. പ്രശസ്ത മാധ്യമ പ്രവർത്തകയും സിനിമാ സംവിധായികയുമായ ശ്രീമതി വിധു വിൻസെന്റ് പ്രവർത്തനപരിപാടികളുടെ ഉത്ഘാടനം ചെയ്തു. സമ്മേളനത്തോടനുബന്ധിച്ച് ഒരു ക്രാഫ്റ്റ് ക്ലാസ്സും ക്രമീകരിച്ചു.

കേന്ദ്ര കലാമേള: യുവജനസഖ്യം കേന്ദ്ര കലാമേള റിപ്പോർട്ടു വർഷം 2020 ജനുവരി 10,11 (ശനി, ഞായർ) തീയതികളിൽ നിറപ്പകിട്ടാർന്ന പരിപാടികളോടെ അടൂർ മാർത്തോമ്മാ യൂത്ത് സെന്ററിൽ നടത്തപ്പെട്ടു. കേരളത്തിലെ എല്ലാ ഭദ്രാസനങ്ങളിൽ നിന്നും ബാഹ്യകേരള ഭദ്രാസനങ്ങളിൽ നിന്നുമുള്ള ആയിരത്തിലധികം പ്രതിഭകൾ പങ്കെടുത്തു. രണ്ട് വിഭാഗങ്ങളിലായി 55 ഇനങ്ങളിലായിരുന്നു മത്സരങ്ങൾ. അഭിവന്ദ്യ ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പായുടെ അദ്ധ്യക്ഷതയിൽ പ്രശസ്ത സിനി ആർട്ടിസ്റ്റ് ശ്രീ. പ്രശാന്ത് അലക്സാണ്ടർ കലാമേള ഉത്ഘാടനം ചെയ്തു. റാന്നി-നിലയ്ക്കൽ ഭദ്രാസനം ഏറ്റവും കൂടുതൽ പോയിന്റ് നേടി ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി. കോട്ടയം-കൊച്ചി ഭദ്രാസനം രണ്ടാം സ്ഥാനവും കൊട്ടാരക്കര-പുനലൂർ ഭദ്രാസനം മൂന്നാം സ്ഥാനവും നേടി. ശ്രീ. ജെറോം കെ. ജോൺസൺ (പൂയ്യപ്പള്ളി സെന്റ് തോമസ്), കുമാരി റെയ്ച്ചേല കുര്യൻ (കോട്ടയം ജെറുസലേം) എന്നിവർ യഥാക്രമം കലാപ്രതിഭയായും കലാതിലകമായും തെരഞ്ഞെടുക്കപ്പെട്ടു.

ലഹരി വിരുദ്ധ സന്ദേശയാത്ര 'തിരുത്ത് 2020': മാർത്തോമ്മാ യുവജനസഖ്യം മിഷൻ ടു സ്കൂൾ-കോളേജസ് & ഡി-അഡിക്ഷൻ കമ്മിറ്റിയുടെയും മാർത്തോമ്മാ സഭ ലഹരി വിമോചന സമിതിയുടേയും സംയുക്താഭിമുഖ്യത്തിൽ 2020 ഫെബ്രുവരി 1-ന് പത്തനംതിട്ട, ആലപ്പുഴ ജില്ലക ളിൽ ലഹരി വിരുദ്ധ സന്ദേശ യാത്രയും പ്രധാന തെരുവുകൾ കേന്ദ്രീകരിച്ച് ബോധവത്ക്കരണ പരിപാടികളും നടത്തപ്പെട്ടു. ഫെബ്രുവരി 1 ശനിയാഴ്ച ചെങ്ങന്നൂർ ക്രിസ്ത്യൻ കോളേജ് ജംഗ്ഷനിൽ നിന്നും ആരംഭിച്ച പ്രസ്തുത യാത്ര എഴിക്കാട് കോളനി ജംഗ്ഷനിൽ സമാപിച്ചു.

യുവവേദി: മാരാമൺ കൺവൻഷനോടനുബന്ധിച്ച് 2020 ഫെബ്രുവരി 13, 14, 15 തീയതികളിൽ യുവവേദി സമ്മേളനങ്ങൾ നടത്തപ്പെട്ടു. 'യുവജനങ്ങൾ ആദർശലോക നിർമ്മിതിയിൽ' (Youth in the building up of an ideal world) എന്നതായിരുന്നു പ്രധാന ചിന്താവിഷയം. ശ്രീ. മാത്യൂസ് ജോൺ, ജസ്റ്റസ് കുര്യൻ ജോസഫ്, ഡോ. ജെയിംസ് തോമസ് എന്നിവർ ചിന്താവിഷയത്തിന്റെ വിവിധ മാനങ്ങൾ ആസ്പദമാക്കി പ്രഭാഷണം നടത്തി.

ക്ലീൻ മാരാമൺ: 2020-ലെ മാരാമൺ കൺവൻഷനോടനുബന്ധിച്ച് കൺവൻഷൻ ദിവസങ്ങളിൽ പന്തലും പരിസരവും ശുചിയാക്കുന്നതിനായി ക്ലീൻമാരാമൺ പ്രോഗ്രാം ക്രമീകരിച്ചു. വിവിധ ഭദ്രാസനങ്ങളിലെ യുവജനങ്ങളുടെ നേതൃത്വത്തിൽ ശുചീകരണപ്രവർത്തനങ്ങൾ നടത്തി.

നോമ്പ് ധ്യാനചിന്തകൾ: 2020-ലെ വലിയ നോമ്പിനോടനുബന്ധിച്ച് 50 ദിവസത്തേക്കുള്ള ധ്യാനചിന്തകൾ ഉൾപ്പെടുത്തി. വലിയനോമ്പ് ധ്യാനചിന്തകൾ എന്ന പേരിൽ ഒരു പുസ്തകം പ്രസിദ്ധീകരിച്ചു. ഇതു കൂടാതെ നവമാധ്യമങ്ങളിലും ക്രിസ്തീയ ചാനലുകളിലും നോമ്പ് ധ്യാനചിന്തകൾ സംപ്രേഷണം ചെയ്യുകയുണ്ടായി.

സുകൃത സഞ്ചാരം - നോമ്പ് ധ്യാന യാത്ര: വലിയ നോമ്പിനോടനുബന്ധിച്ച് സഖ്യം മിഷൻ & ഇവാഞ്ചലിസം കമ്മിറ്റി

യുടെ നേതൃത്വത്തിൽ നോമ്പ് നമസ്കാരവും ധ്യാനവും സുകൃത സഞ്ചാരം റിപ്പോർട്ടു വർഷവും വളരെ ഭംഗിയായി ക്രമീകരിച്ചു.

വിമൻ ഇൻ ബ്ലാക്ക് പ്രതിഷേധ കൂട്ടായ്മ: സ്ത്രീകൾക്കും കുട്ടികൾക്കും നേരേയുള്ള അതിക്രമങ്ങൾക്കും വർദ്ധിച്ചുവരുന്ന മനുഷ്യാവകാശ ധ്വംസനങ്ങൾക്കുമെതിരേ പ്രവർത്തിക്കുന്ന അന്താരാഷ്ട്ര കൂട്ടായ്മയായ 'Women In Black Programme'ന്റെ ഭാഗമായി മാർത്തോമ്മാ യുവജനസഖ്യം വനിതാ ഫോറത്തിന്റെയും തിരുവല്ല ടൈറ്റസ് കക ടീച്ചേഴ്സ് ട്രെയിനിംഗ് കോളേജിന്റെയും സംയുക്താഭിമുഖ്യത്തിൽ 2020 മാർച്ച് 8-ന് തിരുവല്ല കെ.എസ്.ആർ.ടി.സി. ജംഗ്ഷനിൽ 'Women In Black' കൂട്ടായ്മ സംഘടിപ്പിച്ചു. ഡോ. അനിത മത്തായി, നീതു മേരി മാമ്മൻ, റവ. ജോൺ മാത്യു സി., റവ. പ്രിൻസ് ആർ, അഡ്വ. ചെറിയാൻ സി. തോമസ്, റിനു രാജ്, സ്നേഹ റേച്ചൽ രാജ് എന്നിവർ നേതൃത്വം നൽകി.

ന്യൂനപക്ഷ ക്ഷേമപദ്ധതി ബോധവത്കരണ സെമിനാർ: കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ സർക്കാർ നടപ്പിലാക്കിവരുന്ന വിവിധ ന്യൂനപക്ഷ ക്ഷേമപദ്ധതികളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി മാർത്തോമ്മാ യുവജനസഖ്യത്തിന്റെ സഹകരണത്തോടെ ജില്ലാ അടിസ്ഥാനത്തിൽ ബോധവത്കരണ സെമിനാറുകൾ സംഘടിപ്പിച്ചു. ഇതിന്റെ ഭാഗമായി 2019 ഡിസംബർ 14 ശനിയാഴ്ച തിരുവല്ല സെന്റ് തോമസ് മാർത്തോമ്മാ പള്ളിയിൽ നടന്നു. ഡിസംബർ 15 ഞായറാഴ്ച അടൂർ മാർത്തോമ്മാ യൂത്ത് സെന്ററിലും ബോധവത്ക്കരണ പരിപാടികൾ ക്രമീകരിച്ചു. ക്രിസ്ത്യൻ, മുസ്ലിം തുടങ്ങിയ ന്യൂനപക്ഷ വിഭാഗങ്ങളുടെ ക്ഷേമത്തിനായി നടപ്പിലാക്കുന്ന ക്ഷേമപദ്ധതികളെക്കുറിച്ചുള്ള ക്ലാസ്സുകൾ നടത്തപ്പെട്ടു.

സൊസൈറ്റി ഫോർ ഡവലപ്മെന്റ് ആക്ഷൻസ് (MYSDA): മാർത്തോമ്മാ യുവജനസഖ്യത്തിന്റെ സാമൂഹ്യ-സേവന വിഭാഗമാണ് സൊസൈറ്റി ഫോർ ഡവലപ്മെന്റ് ആക്ഷൻസ് (മിസ്ഡ) രജിസ്റ്റേർഡ് സൊസൈറ്റിയായ മിസ്ഡ ഭവനനിർ മ്മാണം, വിവാഹം, വിദ്യാഭ്യാസം, ചികിത്സ, സ്വയം തൊഴിൽ എന്നിവയ്ക്കുള്ള സഹായ പദ്ധതികൾ, വികസന സെമിനാറുകൾ, നേതൃത്വ പരിശീലന പരിപാടികൾ തുടങ്ങി വിവിധ വികസന പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകിവരുന്നു.

സൗജന്യ മെഡിക്കൽ ക്യാമ്പ്: മിസ്ഡയുടെ ആഭിമുഖ്യത്തിൽ കറ്റാനം സെന്റ് തോമസ് മിഷൻ ആശുപത്രിയുടെ സഹകരണത്തോടെ 2020 മണ്ണടി നിലമേൽ സെന്റ് തോമസ് മാർത്തോമ്മാ പള്ളിയിൽ ക്രമീകരിച്ച സൗജന്യ മെഡിക്കൽ ക്യാമ്പ് ശ്രീ. ചിറ്റയം ഗോപകുമാർ എം.എൽ.എ. ഉദ്ഘാടനം ചെയ്തു. 150-ലധികം ആളുകൾ പങ്കെടുത്തു. വിവിധ വിഭാഗത്തിലെ വിദഗ്ധരായ ഡോക്ടർമാർ രോഗികളെ പരിശോധിച്ച് രോഗ നിർണ്ണയം നടത്തുകയും മരുന്നുകൾ വിതരണം ചെയ്യുകയും ഉണ്ടായി.

കോവിഡ് - 19 പ്രതിരോധ-ദുരന്തനിവാരണ പ്രവർത്തനങ്ങൾ: ലോകജനതയെ ഭീതിയിലാഴ്ത്തിയ കോവിഡ് - 19 എന്ന മഹാമാരിയുടെ പശ്ചാത്തലത്തിൽ കേരളത്തിൽ സർക്കാരിന്റെ കോവിഡ്- 19 പ്രതിരോധ പ്രവർത്തനങ്ങളിലും ദുരന്തനിവാരണ പ്രവർത്തനങ്ങളിലും മാർത്തോമ്മാ യുവജനസഖ്യവും പ്രവർത്തകരും സജീവമായി പങ്കെടുത്തു. ഇതിന്റെ ഭാഗമായി ശാഖാ, സെന്റർ, ഭദ്രാസന തലങ്ങളിൽ നടന്ന പ്രവർത്തനങ്ങളോടൊപ്പം കേന്ദ്രതലത്തിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തി. 1. പത്തനംതിട്ട ജില്ലാ കളക്ടറുടെ നിർദ്ദേശപ്രകാരം റാന്നി മേഖലയിലേക്ക് ഭക്ഷണ കിറ്റ് നൽകി. 2. ഇതുവരെ 15000-ൽ പരം മാസ്കുകൾ വിവിധ ശാഖകളുടെ സഹകരണത്തോടെ നിർമ്മിച്ച് പത്തനംതിട്ട, ആലപ്പുഴ, കൊല്ലം എന്നീ ജില്ലകളിൽ സർക്കാർ സംവിധാനങ്ങളിലൂടെ വിതരണം ചെയ്തു. 3. ഈ ജില്ലകളിൽ കോവിഡ്-19 പ്രതിരോധ പ്രവർ ത്തകർക്ക് സാനിറ്റൈസർ നിർമ്മിച്ചു നൽകി. 4. സർക്കാരിന്റെ കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളിൽ സഹായിക്കുന്നതിന് ആവശ്യപ്രകാരം സന്നദ്ധ പ്രവർത്തകരുടെ ലിസ്റ്റ് നൽകി. 5. ട്രാൻസിറ്റ്/ഡിസ്ട്രിക്റ്റ് ബോർഡർ സ്ക്രീനിംഗ് പ്രവർത്തനങ്ങളിൽ പങ്കുചേർന്നു. 6. തോന്ന്യാമലയിൽ സഖ്യം ഉടമസ്ഥതയിലുള്ള കെട്ടിടം അതിഥി തൊഴിലാളികളെ പാർപ്പിക്കുന്നതിന് വിട്ടുനൽകി. 7. കോവിഡ്-19 രോഗബാധയെ തുടർന്ന് ആദ്ധ്യാത്മിക മാനസിക സംഘർഷങ്ങളിലൂടെ കടന്നുപോകുന്നവരെ സഹായിക്കുന്നതിനുള്ള ഹെൽപ് ഡെസ്ക് ആരംഭിച്ചു.

സഖ്യം പ്രവർത്തനങ്ങളിലൂടെ ദൈവരാജ്യ ശുശ്രൂഷയിൽ ഒരു സംവത്സരം കൂടെ പിന്നിടുന്നതിന് സഹായിച്ച ദൈവകൃപയ്ക്ക് നന്ദി കരേറ്റുന്നു. സഖ്യത്തിന്റെ വളർച്ചയിലും പ്രവർത്തനങ്ങളിലും ആവശ്യമായ പ്രോത്സാഹനവും പ്രാർത്ഥനയും സഹകരണവും നൽകുന്ന സഭാ നേതൃത്വത്തോടും എല്ലാ സഭാ ജനങ്ങളോടുമുള്ള കൃതജ്ഞത രേഖപ്പെടുത്തുന്നു.

4.6 ഡിപ്പാർട്ട്മെന്റ് ഓഫ് സേക്രഡ് മ്യൂസിക് ആൻഡ് കമ്മ്യൂണിക്കേഷൻസ്

ലോകത്തിൽ ഏറ്റവുമധികം ആസ്വാദകരുള്ള കലാരൂപം സംഗീതമാണ്. സാഹിത്യത്തെക്കാൾ ഭാവനാവൈശിഷ്ട്യം സംഗീതത്തിനുണ്ട്. സംഗീതത്തിന്റെ ഒരു നല്ല കൂട്ടുകാരനായി 50 വർഷം കൂടെ നിൽക്കുവാൻ ഡി.എസ്.എം.സി.ക്കു കഴിഞ്ഞു എന്നതും ചാരിതാർത്ഥ്യമാണ്. കഴിഞ്ഞ അൻപതു സംവത്സരങ്ങൾ ദൈവകരങ്ങളിലായിരുന്നു. അവനു വേണ്ടി ഗാനങ്ങളെ ഒരുക്കുവാൻ ഡി.എസ്.എം.സിയെ അനുവദിച്ചു. അതെ, ഇത് സുവർണ്ണകാലം. ഇത്രയുംകാലം നമ്മെ ശക്തീകരിച്ച ദൈവത്തിനു നന്ദി പറയുവാൻ ദൈവമൊരുക്കിയ കാലം.

ഓസ്കാർ അവാർഡ് ജേതാവായ റസ്സുൽ പൂക്കുട്ടി എന്ന മലയാളി, പ്രശസ്തനും പ്രഗത്ഭനുമായിത്തീർന്നത് ശബ്ദവീചികളെ തരംതിരിച്ചെടുക്കുന്നതിന് അദ്ദേഹത്തിനുള്ള അനിതരസാധാരണമായ കഴിവുകൊണ്ടാണ്. അതൊരു വലിയ ദൈവീക സിദ്ധിതന്നെ. ക്രിസ്തുവും തന്റെ ചുറ്റുമുള്ള ശബ്ദങ്ങളെ നന്നായി അറിയുവാൻ ശ്രമിച്ചിരുന്നു. നിസ്സഹായരുടെ ശബ്ദം വേർതിരിച്ചെടുക്കുന്നതായിരിക്കണം നമ്മുടെ ദൗത്യം. ശബ്ദ കോലാഹലങ്ങൾക്കിടയിൽപ്പെട്ട് നീറുന്ന ശബ്ദങ്ങളുടെ ഉടമകൾക്ക് സാന്ത്വനവും പരിചരണവും അംഗീകാരവും നൽകുന്ന തിനും അവയും മൃദുസ്വരങ്ങളാണ് എന്നു ലോകത്തോട് പ്രഘോഷിക്കുവാനും തുടർന്നുള്ള നാളുകളിൽ ദൈവം നമ്മെ സഹായിക്കട്ടെ.

ഇടവകകളിലെ ആരാധനാ സമൂഹത്തിനു മഹത്ത്വകരമായ ശുശ്രൂഷ നിർവഹിക്കുവാൻ നമ്മുടെ ഗായകസംഘങ്ങൾക്ക് സാധിക്കുന്നു. സുവർണ്ണ ജൂബിലി നിറവിൽ നിൽക്കുന്ന ഡി.എസ്. എം.സി.-യോട് ചേർന്ന് തുടർന്നും സുവർണ്ണ രാഗങ്ങൾ മീട്ടാൻ സർവ്വശക്തൻ കനിയട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ഡി.എസ്.എം.സി. വാർഷിക പൊതുയോഗം: 2018-19-ലെ വാർഷിക പൊതുയോഗം 2019 ഒക്ടോബർ 1 ചൊവ്വാഴ്ച ഡി.എസ്.എം.സി. ഹാളിൽ പ്രസിഡന്റ് അഭി. ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനിയുടെ അദ്ധ്യക്ഷത യിൽ കൂടി. വാർഷിക റിപ്പോർട്ടും ഓഡിറ്റ് ചെയ്ത വരവ് ചെലവ് കണക്കും പുതിയ വർഷത്തേയ്ക്കുള്ള ബഡ്ജറ്റും അവതരിപ്പിച്ചു പാസ്സാക്കി.

മാനേജിംഗ് കമ്മറ്റി: ഡി.എസ്.എം.സി.-യുടെ കാര്യവിചാരക സമിതിയായ മാനേജിംഗ് കമ്മറ്റി തന്നാണ്ടിൽ മൂന്നുപ്രാവശ്യം കൂടി ആവശ്യമായ തീരുമാനങ്ങൾ കൈക്കൊണ്ടു.

ഔദ്യോഗിക ഭാരവാഹികൾ: നി.വ.ദി.മ. ശ്രീ. ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്ത തിരുമേനി പ്രസിഡന്റായി സേവനം അനുഷ്ഠിക്കുന്നു. സഭയുടെ ആകമാന ചുമതല നിർവ്വഹിക്കുന്നതിനൊപ്പം ഡി.എസ്.എം.സി.യുടെ പ്രാരംഭ കാലയളവിലെ വളർച്ചയ്ക്ക് നേതൃത്വം നൽകിയ തിരുമേനിയുടെ അനുഭവസമ്പത്തും ദീർഘവീക്ഷണവും ഡി.എസ്.എം. സി.യ്ക്ക് അനുഗ്രഹമാണ്.

വൈസ് പ്രസിഡന്റ്: കോഴഞ്ചേരി സെന്റ് തോമസ് മാർത്തോമ്മാ ഇടവക വികാരി റവ. വർഗീസ് ഫിലിപ്പ് വൈസ്പ്രസിഡന്റായി സേവനം അനുഷ്ഠിക്കുന്നു. ആവശ്യമായ നിർദ്ദേശങ്ങളും ആലോചനയും നൽകിവരുന്നു.

ഡയറക്ടർ: റവ. ആശിഷ് തോമസ് ജോർജ്ജ് 2018 മെയ് 1 മുതൽ ഡയറക്ടറായി സേവനം അനുഷ്ഠിച്ചുവരുന്നു. 35 ഇടവകകളിൽ ഗായകസംഘം ശബ്ദപരിശോധനയ്ക്കു നേതൃത്വം നൽകി. വിവിധ സംഘടനകളുടെ മത്സര ഗാനങ്ങൾ തിരഞ്ഞെടുക്കുന്നതിന് നേതൃത്വം നൽകി. സംഘടനകളുടെ ഭദ്രാസന കേന്ദ്രമത്സരങ്ങൾക്ക് വിധി കർത്താവായി പ്രവർത്തിച്ചു. മാരാമൺ കൺവൻഷൻ ഗായകസംഘ രൂപീകരണം, ഗാനങ്ങളുടെ തിരഞ്ഞെടുപ്പ്, പാട്ടുപുസ്തകം തയ്യാറാക്കൽ, ഡി.എസ്.എം.സി. ഗായക സംഘം എന്നിവയ്ക്ക് നേതൃത്വം നൽകി.

ട്രഷറാർ: ശ്രീ. ജോസ് തരകൻ ട്രഷറാറായി പ്രവർത്തിക്കുന്നു. തന്റെ ഔദ്യോഗിക ഉത്തരവാദിത്വങ്ങൾക്കിടയിൽ ഡി.എസ്. എം.സി.യുടെ ചുമതല ഭംഗിയായി നിർവ്വഹിപ്പാൻ ശ്രദ്ധിക്കുന്നു. ഇടവകകളിലെ ഗായക സംഘരൂപീകരണത്തിനും സഹായങ്ങൾ നൽകിവരുന്നു.

ഡി.എസ്.എം.സി. ജൂബിലി ലോഗോ: മാനേജിംഗ് കമ്മറ്റിയുടെ തീരുമാനപ്രകാരം ജൂബിലി ലോഗോയ്ക്കു വേണ്ടി ഒരു മത്സരം ക്രമീകരിക്കുകയും അവയിൽ നിന്നും തിരഞ്ഞെടുത്ത ലോഗോ പുൽക്കൂട്ടിൽ പൂക്കാലം തിരുവല്ലയിൽ നടന്ന ഗാനസന്ധ്യയിൽ പ്രദർശിപ്പിക്കുകയും ചെയ്തു. തിരഞ്ഞെടുക്കപ്പെട്ട ലോഗോ തയ്യാറാക്കിയത് റവ. സുനിൽ ജോർജ്ജ് മാത്യു അച്ചൻ ആയിരുന്നു. പ്രത്യേക മെമെന്റോ നൽകുകയും ചെയ്തു.

പുൽക്കൂട്ടിൽ പൂക്കാലം: DSMC ജൂബിലി ആഘോഷത്തോടനുബന്ധിച്ച് ഈ വർഷത്തെ പുൽക്കൂട്ടിൽ പൂക്കാലം കേരളത്തിന്റെ മൂന്നു പ്രദേശങ്ങളിലായി നടത്തപ്പെട്ടു. ഈ വർഷത്തെ പൂക്കാലം 'ഭൂമിക്കൊരു തലോടൽ' എന്ന തലക്കെ ട്ടോടു കൂടിയായിരുന്നു.

നവംബർ 30-ന് ഡോ. അലക്സാണ്ടർ മാർത്തോമ്മാ ഓഡിറ്റോ റിയത്തിൽ തന്നാണ്ടിലെ ആദ്യത്തെ പുൽക്കൂട്ടിൽ പൂക്കാലം നടത്തപ്പെട്ടു. അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്ത ഉദ്ഘാടനം നിർവ്വഹിച്ച ക്രിസ്തുമസ് വിളംബര ഗാനസന്ധ്യയിൽ മുൻ കേരള സംസ്ഥാന ചീഫ് സെക്രട്ടറിയും ഗാനരചയിതാവുമായ ഡോ. കെ. ജയകുമാർ ഐ.എ.എസ് മുഖ്യ സന്ദേശം നൽകി. സി.എസ്.ഐ. ഹോളി ഇമ്മാനുവേൽ ഗായകസംഘം, ഗുഡ് ഫ്രണ്ട്സ് ബാൻഡ്, തിട്ടമേൽ ട്രിനിറ്റി എം.റ്റി.സി. ക്വയർ, ഡി.എസ്.എം.സി. ഗായകസംഘം എന്നിവർ ഗാനങ്ങൾ ആലപിച്ചു. തിരുവല്ല സെന്റ് മേരീസ് റസിഡൻഷ്യൽ പബ്ലിക് സ്കൂൾ, കോഴഞ്ചേരി മാർത്തോമ്മാ സീനിയർ സെക്കൻഡറി സ്കൂൾ കുട്ടികളും കൊറിയോഗ്രാഫി അവതരിപ്പിച്ചു. അഭിവന്ദ്യ ഗ്രിഗോറിയോസ് മാർ സ്തേഫാനോസ് എപ്പിസ്കോപ്പായും ഈ ഗാനസ ന്ധ്യയിൽ സംബന്ധിച്ചു.

ഡിസംബർ 5 വ്യാഴാഴ്ച കുണ്ടറ ശാലേം മാർത്തോമ്മാ പള്ളിയിൽ തന്നാണ്ടിലെ രണ്ടാമത് പൂക്കാലം നടത്തപ്പെട്ടു. കൊട്ടാരക്കര-പുനലൂർ ഭദ്രാസനാധിപൻ അഭിവന്ദ്യയുയാക്കിം മാർ കൂറിലോസ് ഉദ്ഘാടനം നിർവ്വഹിക്കുകയും സി.എസ്.ഐ മദ്ധ്യകേരള കൊട്ടാരക്കര-കൊല്ലം ഭദ്രാസന അദ്ധ്യക്ഷൻ റൈറ്റ്. റവ. ഉമ്മൻ ജോർജ്ജ് മുഖ്യ സന്ദേശം നൽകുകയും ചെയ്തു. ഗാനസന്ധ്യയിൽ കൊല്ലം സി.എസ്.ഐ. ക്രൈസ്റ്റ് ചർച്ച് ക്വയർ, ഹെറാൾഡ്സ് ചെങ്ങന്നൂർ, വൈറ്റ് കോറസ് എന്നീ ഗായകസംഘങ്ങൾ പങ്കെടുത്തു.

ഡിസംബർ 7-ന് ചുങ്കത്തറ ശാലേം മാർത്തോമ്മാ പള്ളി അങ്കണത്തിൽ മൂന്നാമത് ക്രിസ്തുമസ് ഗാനശുശ്രൂഷ നടത്തപ്പെട്ടു. അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്ത ഉദ്ഘാടനം നിർവ്വഹിക്കുകയും, കുന്നംകുളം- മലബാർ ഭദ്രാസനാധിപൻ അഭി. ഡോ. തോമസ് മാർ തീത്തോസ് എപ്പിസ്കോപ്പാ മുഖ്യസന്ദേശം നൽകുകയും ചെയ്തു. Clerics Harmony (Clergy Choir), St. Paul's MTC Choir Calicut, Celestial Voice ചുങ്കത്തറ, ശാലേം മാർത്തോമ്മാ Choir, ചുങ്കത്തറ, ഡി.എസ്.എം.സി. ഗായക സംഘം എന്നിവർ ഗാനങ്ങൾ ആലപിച്ചു. മാർത്തോമ്മാ ഹൈസ്കൂൾ ചുങ്കത്തറ, മാർത്തോമ്മാ കോളജ് ചുങ്കത്തറ എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾ കൊറിയോഗ്രാഫി അവതരിപ്പിച്ചു. കവളപ്പാറയിലെ 10 കുട്ടികൾക്ക് 10,000 രൂപ വീതം വിദ്യാഭ്യാസ സഹായമായി നൽകുകയും ചെയ്തു. മൂന്നിടങ്ങളിലും വിപുലമായ ക്രമീകരണങ്ങൾ ചെയ്തു തന്നവരെ പ്രത്യേകം സ്മരിക്കുന്നു. ചിക്കാഗോ മാർത്തോമ്മാ ഇടവക ഗായകസംഘം നൽകിയ സഹായം പ്രത്യേകം സ്മരിക്കുന്നു. ഡോ. അലക്സാണ്ടർ മാർത്തോമ്മാ അവാർഡ് ഡി.എസ്.എം.സി.യുടെ പ്രഥമ പ്രസിഡന്റ് ആയിരുന്ന ഡോ. അലക്സാണ്ടർ മാർത്തോമ്മാ മെത്രാപ്പോലീത്തയുടെ സ്മരണാർത്ഥം അതാതു വർഷത്തിലെ മാരാമൺ കൺവൻഷൻ ഗാനങ്ങളിൽ നിന്നും ഏറ്റവും കൂടുതൽ ജനപ്രീതിയാർജ്ജിച്ച ഒരു ഗാനം തിരഞ്ഞെടുക്കുന്ന പതിവ് ഡി.എസ്.എം.സി.-യുടെ നേതൃത്വത്തിൽ നടന്നുവരുന്നു. മാനേജിംഗ് കമ്മറ്റി തീരുമാനിച്ചതനുസരിച്ച്, പ്രൊഫ. ജേക്കബ് കുര്യൻ, ശ്രീമതി. ജിജി അലക്സ്, ശ്രീ. ജോസി സാമുവേൽ, റവ. ആശിഷ് തോമസ് ജോർജ് എന്നിവരുൾപ്പെടുന്ന സമിതിയാണ് ഈ ഗാനം തിരഞ്ഞെടുക്കുന്നത്. അപ്രകാരം 2019-ലെ മാരാമൺ കൺവൻഷൻ ഗാനം 'കൃപ മതിയേ കൃപമതിയേ...' എന്ന ഗാനം മികച്ച ഗാനമായി തിരഞ്ഞെടുക്കു കയുണ്ടായി. ആ ഗാനത്തിന്റെ രചന നിർവ്വഹിച്ച ശ്രീ. തോമസ് അലക്സാണ്ടർ സംഗീതം നിർവ്വഹിച്ച ശ്രീ. ജോൺ സ്റ്റുവർട്ട് എന്നിവർക്ക് പുൽക്കൂട്ടിൽ പൂക്കാലം പരിപാടിയിൽ വച്ച് മെമെന്റോയും ക്യാഷ് അവാർഡും അഭിവന്ദ്യ മെത്രാപ്പോലീത്ത നൽകി ആദരിച്ചു.

ഗായകസംഘ രൂപീകരണം /ശബ്ദപരിശോധന: ഇടവകയിലെ ആരാധന സമ്പുഷ്ടമാക്കുന്നതിൽ ഗായക സംഘം പ്രധാന പങ്കു വഹിക്കുന്നു. ഗായകസംഘത്തിന്റെ ശുശ്രൂഷ അനുഗ്രഹ മായി തീരാൻ ആവശ്യമായ ശബ്ദ പരിശോധന കാലാകാല ങ്ങളിൽ നടത്തി സഹായിക്കുന്നത് ഡി.എസ്.എം.സി.യുടെ ചുമതലയാണ്. ഡി.എ.സ്.എം.സി.യുടെ ഭരണഘടനയ്ക്കനുസൃതമായി ആ ചുമതല ഡി.എസ്.എം.സി. വഹിക്കുന്നു. റിപ്പോർട്ടു വർഷം 35 ഇടവകകളിൽ ഡി.എസ്.എം.സി. നേരിട്ട് ശബ്ദപരിശോധന നടത്തി.

ഗായകസംഘ പരിശീലന കളരി (Strings '19): വിവിധ ഇടവകകളിലെ ഗായകസംഘ അംഗങ്ങൾക്കായി മെയ് മാസം 17-19 വരെ ആറാട്ടുപുഴ തരംഗം ക്യാമ്പ് സെന്ററിൽ വച്ച് ഒരു മ്യൂസിക് വർക്ക്ഷോപ്പ് ക്രമീകരിച്ചു. (Strings'19) 90 പേരോളം പങ്കെടുത്തു. ഗായകസംഘ പരിശീലകനായ ശ്രീ. ജിജി അലക്സിന്റെ നേതൃത്വത്തിലാണ് ക്ലാസ്സുകൾ നടന്നത്. റവ. വി.എം. മാത്യു, റവ. ഉമ്മൻ കെ. ജേക്കബ്, ശ്രീ. സെയ്ബു വി. സൈമൺ, Sound Engineer, മുംബൈ, ഡോ. എബ്രഹാം കെ. ജോഷ്വ എന്നിവരും ക്ലാസ്സുകൾ എടുത്ത് സഹായിച്ചു. തരംഗം സെന്ററിലെ ചുമതലക്കാരുടെ സഹകരണത്തിന് പ്രത്യേകം നന്ദി അർപ്പിക്കുന്നു.

ലോകസംഗീത ദിനം (Rhytm'19): 2019 ജൂൺ 21-ന് തിരുവല്ല സെന്റ് തോമസ് മാർത്തോമ്മാ ഇടവകയിൽ ലോക സംഗീത ദിനത്തോടനുബന്ധിച്ച് 'റിഥം 2019' എന്ന പേരിൽ ഒരു സംഗീത പരിപാടി നടത്തപ്പെട്ടു. വിവിധ ഇടങ്ങളിൽ നിന്നുള്ളവർ ഒരുമിച്ചു കൂടുകയും വിവിധ ഗാനങ്ങൾ ആലപിക്കുകയും ചെയ്തു. 10- ഓളം പ്രഗത്ഭരായ സംഗീതജ്ഞർ പശ്ചാത്തല സംഗീതം ഒരുക്കിയ ഈ ഗാനസന്ധ്യയിൽ സംഗീത സംവിധായ കൻ ശ്രീ. വിനു തോമസ് മുഖ്യ സന്ദേശം നൽകി. ഏവരും ചേർന്ന് 'ഞാൻ പാടും എൻ യേശുവേ' എന്ന പുതിയഗാനം ആലപിച്ചായിരുന്നു ഉദ്ഘാടനം നിർവ്വഹിച്ചത്. കൂടാതെ എം.സി. ആർ.ഡി. തെള്ളിയൂരിലെ കുട്ടികൾ അവതരിപ്പിച്ച ഗാനങ്ങൾ ഏവർക്കും ഹൃദയ സ്പർശിയായിരുന്നു. ലോക ത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള പ്രശസ്തരായ സംഗീതജ്ഞർ വീഡിയോയിലൂടെ സംഗീതദിനത്തി ന്റെ ആശംസകൾ അറിയിക്കുകയും ചെയ്തു.

നോവിനൊരു കീർത്തനം (DSMC Media): DSMC മീഡിയയുടെ ആഭിമുഖ്യത്തിൽ DSMC ഗായകസംഘം

ഈസ്റ്ററിനോടനുബന്ധിച്ച് ഗാനങ്ങളുടെ ചിത്രീകരണം ക്രമീകരിക്കുകയുണ്ടായി Youtube-ലും, facebook ലും വിവിധ ദേശങ്ങളിൽ ഉള്ളവർക്കായി അത് പ്രസിദ്ധീകരിച്ചു.

ഓഡിയോ പ്രസിദ്ധീകരണങ്ങൾ: നമ്മുടെ നല്ല പങ്കു പ്രസിദ്ധീകരണങ്ങളും ക്രിസ്തീയ കീർത്തനങ്ങൾ ആധാരമാക്കിയുള്ളതാണ്. സണ്ടേസ്കൂൾ, സേവികാസംഘം, യുവജനസഖ്യം എന്നീ സംഘടനകളുടെ മത്സരഗാനങ്ങൾ അടങ്ങിയ സിഡികൾ ഈ വർഷവും പ്രസിദ്ധീകരിച്ചു.

ഈ വർഷം പ്രസിദ്ധീകരിച്ചവ

ക്രിസ്തീയ കീർത്തനങ്ങൾ Vol. 10, യേശുവിൻ തിരുപാദത്തിൽ, ദൈവത്തിന്റെ സുവിശേഷം, Blessed Assurance, ദിവ്യസംഗീ തോത്സവം 2020, പുൽക്കൂട്ടിൽ പൂക്കാലം& Special Edition, മാരാമൺ കൺവൻഷൻ ഗീതങ്ങൾ, മാരാമൺ കൺവൻഷൻ ഗീതങ്ങൾ കരോക്കേ, മാരാമൺ പ്രസംഗങ്ങൾ മാരാമൺ കൺവൻഷൻ ഗീതങ്ങൾ-USB, മാരാമൺ കരോക്കേ - USB, ക്രിസ്തീയ കീർത്തനങ്ങൾ - USB, ദിവ്യാരാധന - USB, പുൽക്കൂട്ടിൽ പൂക്കാലം - USB.

വിവിധ ഇടവകകളിലായി ഡി.എസ്.എം.സി.-യുടെ നേതൃത്വത്തിൽ ഗായകസംഘ പരിശീലനകളരികൾ നടത്തുകയുണ്ടായി. ശ്രീ. റൂബൻ ഏബ്രഹാം ഫിലിപ്പ്, ശ്രീ. ജിജി അലക്സ് എന്നിവരുടെ സേവനം ലഭിച്ചുവരുന്നു.

ഡി.എസ്.എം.സി. ഓൺലൈൻ സ്റ്റോർ: ഡി.എസ്.എം.സി. പ്രസിദ്ധീകരിച്ച എല്ലാ ആൽബങ്ങളും ഓൺലൈൻ സ്റ്റോറിൽ ലഭ്യമാണ്. ലോകത്തിന്റെ വിവിധ ഭാഗ ങ്ങളിൽ നിന്ന് നമ്മുടെ സഭാംഗങ്ങളും മറ്റുള്ളവരും ഈ ഓൺലൈൻ സ്റ്റോർ ഉപയോഗിക്കുന്നു. ക്രിസ്തീയ കീർത്തനങ്ങൾ, ആൽബങ്ങൾ, മാരാമൺ കൺവൻഷൻ ഗാനങ്ങൾ, മാരാമൺ കരോക്കേ, സ്റ്റാഫ് നൊട്ടേഷൻ, ഇവയെല്ലാം ലഭ്യമാണ്. ഗായക സംഘങ്ങൾക്ക് ഓൺലൈൻ രജിസ്റ്റർ ചെയ്യാൻ സൗകര്യവുമുണ്ട്. വിവിധഫോമുകൾ, ഭരണഘടന എന്നിവ ഡൗൺലോഡ് ചെയ്യാൻ സൗകര്യമുണ്ട്. ഗായക സംഘങ്ങൾ Online-ൽ രജിസ്റ്റർ ചെയ്യാനുള്ള സൗകര്യവുമുണ്ട്.

ഗായകസംഘ രജിസ്ട്രേഷൻ: ഡി.എസ്.എം.സി. ഭരണഘടന പ്രകാരം സഭയിലെ എല്ലാ ഗായകസംഘങ്ങളും ഡി.എസ്. എം.സി.യിൽ രജിസ്റ്റർ ചെയ്യാൻ ബാധ്യസ്ഥരാണ്. രജിസ്റ്റർ ചെയ്യുന്ന ഗായകസംഘങ്ങൾക്കു മാത്രമേ ഇടവക കൈസ്ഥാന സമിതിയിൽ പ്രാതിനിധ്യം ലഭിക്കുകയുള്ളു. തന്നാണ്ടിൽ 460 ഗായകസംഘങ്ങൾ രജിസ്റ്റർ ചെയ്തു. ഇതിൽ 31 ഗായക സംഘങ്ങൾ ഓൺലൈനായി രജിസ്റ്റർ ചെയ്തു.

ഭദ്രാസനം തിരിച്ച് ലിസ്റ്റ് താഴെ കൊടുക്കുന്നു.

കുന്നംകുളം-മലബാർ-15, കോട്ടയം-കൊച്ചി-29, റാന്നി-നിലയ്ക്കൽ-47, നിരണം-മാരാമൺ-51, ചെങ്ങന്നൂർ- മാവേലിക്കര-57, അടൂർ-42, കൊട്ടാരക്കര -പുനലൂർ-37, തിരുവനന്തപുരം -കൊല്ലം-21, ഡൽഹി-13, മുംബൈ -16, ചെന്നൈ - ബാംഗ്ലൂർ-10, ഗൾഫ് റീജിയൻ-13, മലേഷ്യ -സിംഗപ്പൂർ- 7, നോർത്ത് അമേരിക്ക-യൂറോപ്പ്-29.

ദിവ്യസംഗീതോത്സവം/ദിവ്യസംഗീത സന്ധ്യ: ഡി.എസ്. എം.സിയും മാർത്തോമ്മാ സണ്ടേസ്കൂൾ സമാജ വും ചേർന്ന് നടത്തുന്ന ആരാധനാ സംഗീത മത്സരമാണ് ദിവ്യ സംഗീതോത്സവം. റിപ്പോർട്ടു വർഷത്തിലെ ദിവ്യസംഗീതോത്സവ മത്സരങ്ങൾ ജൂൺ 22 ന് ഡി.എസ്.എം.സി.യിൽ നടന്നു. ദിവ്യ സംഗീതോത്സവം സിഡിയും പുറത്തിറക്കി. ആരാധനഗീതങ്ങൾ നമ്മുടെ കുട്ടികൾ പാടിപഠിക്കുന്നു എന്നതാണ് ദിവ്യ സംഗീതോത്സവത്തിന്റെ ഏറ്റവും വലിയ വിജയം. നമ്മുടെ സഭയിലെ മൽപ്പാനായിരുന്ന ദിവ്യ ശ്രീ. സി.വി. ഏബ്രഹാം കശ്ശീശയുടെ ഓർമ്മ നിലനിർത്തുന്നതിനായി ആരംഭിച്ചതാണ് ദിവ്യസംഗീതോത്സവം. അന്നേ ദിവസം വൈകുന്നരം 5 മണിക്ക് തിരുവല്ല സെന്റ് തോമസ് മാർത്തോമ്മാ പള്ളിയിൽ വച്ച് ദിവ്യസംഗീത സന്ധ്യ നടന്നു. ആർത്താറ്റ് കുന്നംകുളം മാർത്തോമ്മാ ചർച്ച്, Clerius Harmony, DSMC, Cheris എന്നീ ഗായകസംഘങ്ങൾ ആരാധന ഗീതങ്ങൾ ആലപിച്ചു. ദിവ്യ സംഗീതോത്സവം ജേതാക്കളായ നാല് ഗായകസംഘങ്ങളും ആരാധനഗീതങ്ങൾ ആലപിച്ചു. പങ്കെടുത്ത എല്ലാ ഗായക സംഘങ്ങൾക്കും മെമെന്റോ നൽകി ആദരിച്ചു.

ദിവ്യസംഗീത ഞായർ: മെയ് 26 ഞായറാഴ്ച ദിവ്യസംഗീത ഞായറായി ആചരിച്ചു. മെത്രാപ്പോലീത്തയുടെ പ്രത്യേക അംഗീകാരം ലഭിച്ച ആരാധനക്രമം എല്ലാ ഇടവകയ്ക്കും അയച്ചു കൊടുത്തു. ഇടവക സംഘത്തിന്റെ പ്രത്യേക ഗാനാലാപനവും പ്രതിഷ്ഠാശുശ്രൂഷയും നടന്നു.

ഡി.എസ്.എം.സി. ഗായകസംഘം: ഡി.എസ്.എം.സി. ഗായകസംഘത്തിനുവേണ്ടിയുള്ള ശബ്ദ പരിശോധന നടത്തുകയും 65 പേരെ തിരഞ്ഞെടുക്കുകയും ചെയ്തു. ഡി.എസ്.എം.സി. ഗായകസംഘം പതിവുപോലെ സഭയുടെ ഔദ്യോഗിക പരിപാടികളിൽ ഗാനങ്ങൾ ആലപിച്ചു. പ്രത്യേകം ക്ഷണം ലഭിക്കുന്നതിനനുസരിച്ച് ഇടവകകളിലും എക്യുമെനി ക്കൽ യോഗങ്ങളിലും ഗാനങ്ങൾ ആലപിച്ചു. സാധു കൊച്ചുകുഞ്ഞു ഉപദേശി സ്മാരക സംഗീത സന്ധ്യയിലും, റ്റി.ജെ. വർക്കിയാശാൻ സ്മാരക ഗാന സന്ധ്യയിലും, കടവിൽ മാളികയിൽ നടത്തപ്പെട്ട ക്രിസ്തുമസ് കാരൾ യോഗങ്ങളിലും ഗാനങ്ങൾ ആലപിച്ചു.

മാരാമൺ ഗായകസംഘം: റിപ്പോർട്ടുവർഷം മാരാമൺ കൺവെൻഷൻ ഗായക സംഘത്തിന് പതിവുപോലെ ഡി.എസ്.എം.സി. നേതൃത്വം നൽകി. ഒക്ടോബർ 2-ന് നടന്ന ശബ്ദപരിശോധന യിൽ 347 പേർ പങ്കെടുത്തു. അതിൽ നിന്നും തിരഞ്ഞെടുത്ത 101 പേരാണ് കൺവെൻഷനിൽ ഗാനങ്ങൾ ആലപിച്ചത്. 12 പരിശീലന ക്ലാസ്സുകൾ റിട്രീറ്റ് സെന്ററിൽ വെച്ച് നടത്തി. സഭാതാരകയിലെ അറിയിപ്പ് അനുസരിച്ച് ലഭിച്ച ഗാനങ്ങളിൽ നിന്നു 16 പുതിയ ഗാനങ്ങൾ കമ്മറ്റി തിരഞ്ഞെ ടുത്തു. പുതിയ ഗാനങ്ങളുടെ സിഡിയും, നൊട്ടേഷൻ ബുക്കും, പെൻഡ്രൈവും പുറത്തിറക്കുകയുണ്ടായി.

മാരാമൺ കൺവൻഷനിൽ ഡി.എസ്.എം.സി. ഗായകസംഘം: ഡി.എസ്.എം.സി. സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് 14-ാം തീയതി ഉച്ചയ്ക്ക് നടന്ന മാരാമൺ കൺവൻഷൻ യോഗത്തിൽ ആദ്യമായി ഡി.എസ്.എം.സി. ഗായകസംഘം ഗാനശുശ്രൂഷ യ്ക്ക് നേതൃത്വം നൽകി. ഡി.എസ്.എം.സി. ചുമതലക്കാർ മാനേജിംഗ് കമ്മറ്റി അംഗങ്ങൾ പ്രഥമ ഡി.എസ്.എം.സി. ട്രഷറർ പ്രൊഫ. തോമസ് ജോർജ്ജ് എന്നിവർ സംബന്ധിച്ചു. ഡി.എസ്. എം.സി. ഗായകസംഘത്തെ സംബന്ധിച്ച് ഇത് ഒരു ചരിത്ര മുഹൂർത്തവും അഭിമാനകരമായ നിമിഷവുമായിരുന്നു.

DSMC Jubilee Exhibition Stall at Maramon: ഡി.എസ്. എം.സി.-യുടെ 50-വർഷത്തെ ഓർമ്മകൾ പുതുക്കു വാനായി ഒരു എക്സിബിഷൻ സ്റ്റാൾ മാരാമൺ കൺവൻഷൻ നഗറിൽ ഒരുക്കുകയുണ്ടായി. ഫെബ്രുവരി 9-ന് അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. ഡി.എസ്.എം. സി.യുടെ ചരിത്രം മനസ്സിലാക്കുന്നതിന് ഈ പ്രത്യേക സ്റ്റാൾ ഏവർക്കും സഹായ കരമായി.

ഡി.എസ്.എം.സി. ടൈംസ്: ഈ വർഷം നടന്ന മൂന്ന് പുൽക്കൂട്ടിൽ പൂക്കാലങ്ങളിലും DSMC Times പ്രസിദ്ധീകരിക്കുകയുണ്ടായി. ഗായകസംഘത്തിന്റെ ക്രിസ്തുമസ് ഗാനങ്ങളും വിശദാംശങ്ങളും മെത്രാപ്പോലീത്താ തിരുമേനി, മറ്റ് എപ്പിസ്കോപ്പാമാർ, എന്നിവരുടെ ആശംസകളും സന്ദേശവും പരസ്യങ്ങളും ഉൾപ്പെടുത്തിയിരുന്നു. ഡി.എസ്. എം.സി. സ്കൂൾ ഓഫ് മ്യൂസിക് ട്രിനിറ്റി കോളജ് ഓഫ് മ്യൂസിക് സിലബസ് അനുസരിച്ച് പിയാനോ, കീബോർഡ് എന്നിവയിൽ പരിശീലനം നൽകുന്നു. നിലവിൽ 112 വിദ്യാർത്ഥികൾ അഭ്യസനം നടത്തുന്നു.

ഡി.എസ്.എം.സി. സ്റ്റുഡിയോ: ഡി.എസ്.എം.സി. ഹൈഡെഫനിഷൻ സ്റ്റുഡിയോ സഭയ്ക്ക് ഒരു മുതൽക്കൂട്ടാണ്. നമ്മുടെ റെക്കോർഡിംഗ് കൂടാതെ മറ്റിടങ്ങളിൽ നിന്നും ജോലികൾ ലഭിക്കുന്നുണ്ട്. നമ്മുടെ എല്ലാ ഭദ്രാസന കൺവെൻഷൻ ഗാനങ്ങളും മാരാമൺ ഗാനങ്ങളും റെക്കോർഡ് ചെയ്തത് നമ്മുടെ സ്റ്റുഡിയോയിൽ ആണ്.

ഫൈനൽ മിക്സിംഗ് എഞ്ചിനിയർ ആയി അജിത്ത് ജോർജ് പ്രവർത്തിക്കുന്നു. സ്റ്റുഡിയോ എഞ്ചിനീയർ ആയി സ്റ്റാൻലി അലക്സ് പ്രവർത്തിക്കുന്നു.

ഡി.എസ്.എം.സി. ഓൺലൈൻ സ്റ്റോർ: മാധ്യമരംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ നടക്കുന്ന ഈ കാലഘട്ടത്തിൽ എല്ലാം വിരൽത്തുമ്പിൽ ലഭിക്കുമ്പോൾ ഡി. എസ്.എം. സി.യും ആ മാറ്റം ഉൾക്കൊണ്ട് അതിനൊപ്പം സഞ്ചരിക്കുവാൻ ശ്രമിക്കുന്നു. ഡി.എസ്.എം.സി. പ്രസിദ്ധീകരിച്ച എല്ലാ ആൽബങ്ങളും ഓൺലൈൻ സ്റ്റോറിൽ ലഭ്യമാണ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് നമ്മുടെ സഭാംഗങ്ങളും അല്ലാത്തവരും ഈ ഓൺലൈൻ സ്റ്റോർ ഉപയോഗിക്കുന്നു. ക്രിസ്തീയ കീർത്തനങ്ങൾ, ആൽബങ്ങൾ, മാരാമൺ കൺവൻഷൻ ഗാനങ്ങൾ, മാരാമൺ കരോക്കേ സിഡി, സ്റ്റാഫ് നൊട്ടേഷൻ, USB ഇവയെല്ലാം ലഭ്യമാണ്. ഗായകസംഘങ്ങൾക്ക് ഓൺലൈനായി രജിസ്റ്റർ ചെയ്യാൻ സൗകര്യമുണ്ട്. വിവിധഫോമുകൾ, ഭരണഘടന എന്നിവ ഡൗൺലോഡ് ചെയ്യാൻ സൗകര്യമുണ്ട്.

4.7.മാർത്തോമ്മാ റിട്ടയർഡ് ക്ലർജി ഫെല്ലോഷിപ്പ്

സഭയുടെ നിബന്ധനകൾക്ക് അനുസരിച്ച് 65-ാം വയസ്സിൽ സജീവ സേവനത്തിൽ നിന്നും വിരമിക്കുന്ന പട്ടക്കാരുടെ ഒരു ഔദ്യോഗിക സംഘടനയാണ്. ഇപ്പോൾ 248 പട്ടക്കാർ അംഗങ്ങളായുണ്ട്. കൊച്ചമ്മമാരും ഫെലോഷിപ്പു മീറ്റിംഗിൽ പങ്കെടുക്കുന്നു. സഭ അംഗീകരിച്ച ഒരു ഭരണഘടന ഇതിനുണ്ട്. മെത്രാപ്പോലീത്താ തിരുമേനി ഇതിന്റെ രക്ഷാധികാരിയാണ്.

ചുമതലക്കാർ താഴെ പേരു പറയുന്നവർ ഈ ഫെലോഷിപ്പിന്റെ ചുമതലക്കാരായി പ്രവർത്തിക്കുന്നു.

പ്രസിഡന്റ്	: റവ. ഡോ. കെ.റ്റി. ജോയി
സെക്രട്ടറി	: റവ. കെ.എം. വർഗീസ്
ട്രഷറാർ	: റവ. പി.ജെ. അലക്സ്
എഡിറ്റർ	: റവ. കെ.വി. സൈമൺ

കമ്മറ്റി മീറ്റിംഗുകൾ

തന്നാണ്ടിൽ രണ്ട് കമ്മറ്റി മീറ്റിംഗുകൾ കൂടി താഴെ പറയുന്ന തീരുമാനങ്ങൾ ചെയ്തു.

1. തന്നാണ്ടിൽ നാലു മീറ്റിംഗുകൾ നടത്തുവാൻ തീരുമാനിച്ചു. അതിൽ ഒരു മീറ്റിംഗ് കൊട്ടാരക്കര വച്ചും, ഒന്ന് ആറാട്ടുപുഴ തരംഗം സെന്ററിൽ വച്ചും, രണ്ടു മീറ്റിംഗുകൾ കൊമ്പാടിയിൽ വച്ചും നടത്തുവാൻ തീരുമാനിച്ചു.
2. രണ്ടു പട്ടക്കാർക്ക് വെൽഫെയർ ഫണ്ടിൽ നിന്നും 50,000/ രൂപ കൊടുക്കുവാൻ തീരുമാനിച്ചു.
3. പ്രാദേശിക ചുമതലക്കാരുടെ നേതൃത്വത്തിൽ അതാതു ഭാഗത്തുള്ള രോഗികളായ പട്ടക്കാരേയും കൊച്ചമ്മമാരേയും സന്ദർശിക്കുവാൻ വേണ്ട ക്രമീകരണം ചെയ്തു. കൂടാതെ ചുമതലക്കാർ ഉൾപ്പെടെ രണ്ടു ദിവസം ഓരോ ഭദ്രാസാനത്തിലുള്ള പട്ടക്കാരേയും കൊച്ചമ്മമാരേയും സന്ദർശിക്കുവാൻ വേണ്ട ക്രമീകരണം ചെയതു.
4. സ്റ്റഡി ഫോറത്തിന്റെ രണ്ടു മീറ്റിംഗ് കൊമ്പാടിയിൽ വച്ച് നടത്തുവാൻ വേണ്ട ക്രമീകരണം ചെയ്തു.
5. ഭവന രഹിതയായ ശ്രീമതി. പി.സി. മറിയാമ്മയുടെ ഭവനത്തിന്റെ കൂദാശ നടത്തുവാൻ വേണ്ട ക്രമീകരണം ചെയ്തു.
6. മാനവസേവാ പുരസ്കാരം ലഭിച്ച റവ. തോമസ് പി. ജോർജ്ജിനെ അനുമോദിച്ചു.

സമ്മേളനങ്ങൾ: 2019 ജൂലൈ മാസം 12-ാം തീയതി വെള്ളിയാഴ്ച രാവിലെ 10 മണിക്ക് കൊമ്പാടി ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് പ്രസിഡന്റ് റവ. ഡോ. കെ.റ്റി. ജോയിയുടെ അദ്ധ്യക്ഷതിയിൽ നടത്തപ്പെട്ടു. വെരി. റവ. കെ.എം. മാമ്മൻ പ്രാർത്ഥിച്ചു. കഴിഞ്ഞ സമ്മേളനത്തിനുശേഷം നിര്യാതരായ റവ. റ്റി.സി. ജോൺ, മിസ്സിസ്സ് മേരി ജോസ് എന്നിവരുടെ ദേഹവിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തി. തുടർന്ന് റവ. കെ.ജെ. ശാമുവേൽ മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി. തുടർന്ന് റവ. ഡോ. കെ.റ്റി. ജോയി അദ്ധ്യക്ഷപ്രസംഗം നടത്തി. റവ. ഉമ്മൻ വി. വർക്കി മുഖ്യപ്രഭാഷനം നടത്തി. പ്രാർത്ഥനയ്ക്കുശേഷം യോഗം സമംഗളം പര്യവസാനിച്ചു.

ഒക്ടോബർ 11-ന് കൊട്ടാരക്കര ജൂബിലി മന്ദിരത്തിൽ റവ. ഡോ. കെ.റ്റി. ജോയിയുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. കഴിഞ്ഞ യോഗത്തിനുശേഷം നിര്യാതരായ കൊച്ചമ്മമാരുടെ ദേഹവിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തി. സെക്രട്ടറി ഏവരേയും സ്വാഗതം ചെയ്തു. വെരി. റവ. കെ.എം. മാമ്മൻ ധ്യാനപ്രസംഗം നടത്തി. തുടർന്ന് റവ. ഡോ. കെ. റ്റി. ജോയി അദ്ധ്യക്ഷപ്രസംഗം നടത്തി. തുടർന്ന് റവ. ഡോ. സി.പി. മാത്യു മുഖ്യപ്രഭാഷണം നടത്തി "Empower the ministry of retired clergy" എന്ന വിഷയം അവതരിപ്പിച്ചു. തുടർന്ന് ചർച്ച നടന്നു.

കഴിഞ്ഞ പ്രതിനിധി മണ്ഡലത്തിൽ മാനവ സേവപുരസ്കാരം ലഭിച്ച റവ. തോമസ് പി. ജോണിനെ അനുമോദിച്ചു. വെരി. റവ. ഡോ. ഡി. ഫിലിപ്പ് അനുമോദന സന്ദേശം നൽകി. തുടർന്ന്. കഴിഞ്ഞ മണ്ഡലത്തിന്റെ റിപ്പോർട്ട് റവ. ഡോ. അത്യാ ൽ അവതരിപ്പിച്ചു.

2020 ജനുവരി 31-ന് ആറാട്ടുപുഴ തരംഗം മിഷ്യൻ ആക്ഷൻ സെന്ററിൽ വച്ച് അഭിവന്ദ്യ തോമസ് മാർ തീമത്തിയോസ് തിരുമേനിയുടെ സാന്നിദ്ധ്യത്തിലും പ്രസിഡന്റ് റവ. ഡോ. കെ.റ്റി. ജോയിയുടെ അദ്ധ്യക്ഷതയിലും നടത്തപ്പെട്ടു. സെക്രട്ടറി വന്നു കൂടിയ ഏവരേയും സ്വാഗതം ചെയ്തു. മിസ്സിസ് ജോളി ജോസഫിന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി.

തുടർന്ന് വെരി. റവ. വി.റ്റി. ജോൺ ധ്യാനപസംഗം നടത്തി. അഭിവന്ദ്യ തോമസ് മാർ തീമത്തിയോസ് തിരുമേനി മുഖ്യപ്രഭാഷണം നടത്തി. റവ. മാമ്മൻ ശാമുവേൽ മദ്ധ്യസ്ഥപ്രാർത്ഥന നടത്തി. റവ. പി.ജെ. അലക്സ് വന്നു കൂടിയ ഏവർക്കും പ്രത്യേകാൽ ചെങ്ങന്നൂർ ഡയോസിസ്സിന്റെ ചുമതലക്കാർക്കും അഭിവന്ദ്യ തിരുമേനിക്കും കൃതജ്ഞത അർപ്പിച്ചു. റവ. ഡോ. ഏബ്രഹാം ഫിലിപ്പിന്റെ പ്രാർത്ഥനയ്ക്കുശേഷം ഒരു മണിക്ക് യോഗം സമംഗളം പര്യവസാനിച്ചു.

2019 ഓഗസ്റ്റ് 9-ന് ഫെലോഷിപ്പ് സ്റ്റഡി ഫോറത്തിന്റെ മീറ്റിംഗ് കൊമ്പാടി ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തപ്പെട്ടു. വെരി. റവ. ഡോ. ജയൻ തോമസ് പ്രാർത്ഥിച്ചു. റവ. ഡോ. എ.പി. അത്യാൽ ട്രിനിറ്റി എന്ന വിഷയം ആസ്പദമാക്കി ക്ലാസ്സെടുത്തു.

ഡിസംബർ 6-ന് സ്റ്റഡി ഫോറത്തിന്റെ സമ്മേളനം കൊമ്പാടിയിൽ നടത്തപ്പെട്ടു. സെക്രട്ടറി കെ.എം. വറുഗീസ് അച്ചൻ ഏവരേയും സ്വാഗതം ചെയ്തു. റവ. കെ.എസ്. ഏബ്രഹാമിന്റെ ദേഹവിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തി. തദനന്തരം "യേശുക്രിസ്തുവിന്റെ നിസ്തുലത" എന്ന വിഷയത്തെ ആധാരമാക്കി റവ. ഡോ. ആർ.സി. തോമസ് ക്ലാസ്സെടുത്തു. പത്തു പട്ടക്കാർ ചർച്ചയിൽ പങ്കെടുത്തു.

റിപ്പോർട്ടു വർഷം 6 പട്ടക്കാരും 7 കൊച്ചമ്മമാരും നിര്യാതരായി. ദേഹവിയോഗത്തിലുള്ള അനുശോചനം രേഖപ്പെടുത്തുന്നു.

പ്രസിദ്ധീകരണം: ലേഖനങ്ങൾ, വേദപഠനം, അനുഭവസാക്ഷ്യം, വാർത്തകൾ മുതലായവ ഉൾപ്പെടുത്തി ന്യൂസ് ആൻ വ്യൂസ് എന്ന പേരിൽ വർഷത്തിൽ രണ്ടു പ്രാവിശ്യം പത്രിക പ്രസിദ്ധീകരിക്കുന്നു. റവ. ഡോ. കെ.വി. സൈമൺ എഡിറ്ററായി പ്രവർത്തിക്കുന്നു.

ഭവനസന്ദർശനം: അതാത് ഏരിയായിലുള്ള കൺവീനറന്മാരുടെ നേതൃത്വത്തിൽ അതാതു ഭാഗത്തുള്ള രോഗികളായിട്ടുള്ള പട്ടക്കാരേയും കൊച്ചമ്മമാരേയും സന്ദർശിച്ചു വരുന്നു. കൂടാതെ ചെങ്ങന്നൂർ, കോട്ടയം, റാന്നി ഭദ്രസാനങ്ങൾ കേന്ദ്രീകരിച്ച് ഫെലോഷിപ്പ് ചുമതലക്കാരും, കമ്മറ്റിയംഗങ്ങളും ചേർന്ന് രോഗികളായ പട്ടക്കാരേയും കൊച്ചമ്മമാരേയും സന്ദർശിച്ച് വേണ്ട കൂട്ടായ്മ നൽകി. നിര്യാതരായ പട്ടക്കാരുടേയും കൊച്ചമ്മമാരുടേയും ശവസംസ്കാര ശുശ്രൂഷയിൽ സംബന്ധിച്ച് അനുശോചനം രേഖപ്പെടുത്തുകയും റീത്ത് സമർപ്പിക്കുകയും ചെയ്യുന്നു.

സാമ്പത്തികം: സഭയിൽ നിന്നു ലഭിക്കുന്ന ഗ്രാന്റ്, എൻഡോവുമെന്റ് പലിശ, സംഭാവനകൾ, സ്തോത്രകാഴ്ച, അംഗങ്ങൾ നൽകുന്ന വാർഷീക സംഭാവന മുതലായവയാണ്

വരുമാന മാർഗ്ഗങ്ങൾ. റിപ്പോർട്ട് വർഷം രണ്ടു പട്ടക്കാർക്ക് വെൽഫയർ ഫണ്ടിൽ നിന്നു 50,000/ രൂപ സംഭാവന നൽകി. ഭവന രഹിതനായ ശ്രീമതി. പി.സി. മറിയാമ്മയ്ക്ക് (Late. V.V. Thomas) പതിനാലു ലക്ഷത്തിൽപരം രൂപാ മുടക്കി വീടു പണിതു നൽകി സഹായിച്ചു.

സഭയിലേയും സമൂഹത്തിലേയും സേവനങ്ങൾ: റവ. തോമസ് പി. ജോർജ്ജ് കേരള മദ്യവർജ്ജന പ്രസ്ഥാനത്തിന്റെ സെക്രട്ടറിയായി പ്രവർത്തിക്കുന്നു. പ്രതിനിധി മണ്ഡലം മാന വസേവാ പുരസ്കാരം നൽകി അച്ചനെ ആദരിച്ചു. റവ. ഡോ. എ.പി. അത്യാൽ മണ്ഡലം മെമ്പറായി പ്രവർത്തിക്കുന്നു. റവ. പി.എം. തോമസ്, റവ. എ.റ്റി. കുര്യൻ, റവ. റ്റി. എം. ഫിലിപ്പോസ്, റവ.കെ.എൻ. ജോൺ, റവ.ഡോ.എം. എ. ഫിലിപ്പ് എന്നിവർ സന്നദ്ധ സംഘം പ്രതിനിധികളായും പ്രവർത്തിക്കുന്നു. റവ. ഐപ്പ് ജോസഫ് അഖിലേന്ത്യാ സസ്കൂൾ സെക്രട്ടറിയായും, C.N.I. Bishop സെക്രട്ടറിയായും പ്രവർത്തിക്കുന്നു. എല്ലാ പട്ടക്കാരും അവരവരുടെ മാതൃ ഇടവകളിൽ കൈസ്ഥാന സമിതി അംഗങ്ങളായും ഭദ്രാസന അസംബ്ലി അംഗങ്ങളായും പ്രവർത്തിക്കുന്നു. ചിലർ കൗൺസിലിംഗ് രംഗത്ത് ഔദ്യോഗിക ചുമതല വഹിക്കുന്നു. ബൈബിൾ ക്ലാസ്സുകൾ, കൺവൻഷൻ യോഗങ്ങൾ, പുസ്തക രചന എന്നിവയിലും പട്ടക്കാരുടെ സംഭാവന എടുത്തുപറയേണ്ടതത്രേ.

4.8 മാർത്തോമ്മാ സ്റ്റുഡന്റ്സ് കോൺഫറൻസ്

മാർത്തോമ്മാ സുറ്റുഡന്റ്സ് കോൺഫറൻസിന്റെ 109-ാം സമ്മേളനം 2019 മെയ് 21 മുതൽ 24 വരെ പത്തനംതിട്ട മാർത്തോമ്മാ ഹയർ സെക്കന്ററി സ്കൂളിൽ നടന്നു. 21-ന് വൈകിട്ട് 5 മണിക്ക് അഭി. ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു. അഭി. ഡോ. ഗീവർഗീസ് മാർ തിയഡോഷ്യസ് എപ്പിസ്കോപ്പായുടെ അദ്ധ്യക്ഷതയിൽ സുപ്രീം കോടതി മുൻ ജഡ്ജി ജസ്റ്റീസ് സിറിയക് ജോസഫ് മുഖ്യ പ്രഭാഷണം നടത്തി. മനുഷ്യാവകാശത്തിനും നീതി ദർശനത്തിനും പാതയൊരുക്കുന്ന ക്രൈസ്തവ വിശ്വാസം എന്നതായിരുന്നു പഠന വിഷയം. റവ. ഡോ. ജോസഫ് ഡാനിയേൽ, റവ. മാത്യൂസ് ജോർജ്ജ് മുംബൈ, റവ. നോബിൾ ഏബ്രഹാം ശ്രീ ബെന്നി പ്രസാദ് എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. സഭയിലെ എല്ലാ എപ്പിസ്കോപ്പാമാരും സഹോദരി സഭയിലെ അഭി. ഡോ. സാമുവേൽ മാർ ഐറേനിയസ് മെത്രാപ്പോലീത്തായും കോൺഫറൻസിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ആയി 350 ഓളം വിദ്യാർത്ഥികളും സീനിയർ ഫ്രണ്ട്സും പങ്കെടുത്തു. വെരി. റവ. സ്കറിയ ഏബ്രഹാം ഉപരക്ഷാധികാരി, ഡോ. റോയ്സ് മല്ലശ്ശേരി (പ്രസിഡന്റ്), പ്രൊഫ. പി.ജി. ഫിലിപ്പ് (സീനിയർ സെക്രട്ടറി), ഡി. സാം മാത്യു (ട്രഷറാർ), പ്രൊഫ. സിബി ജോൺ, മാനസ് രാജു (ഓർഗനൈസിംഗ് സെക്രട്ടറി), അമൽ ഏബ്രഹാം ജേക്കബ്, ജിബി ജോയ് (സ്റ്റുഡന്റ് സെക്രട്ടറിമാർ) എന്നിവർ നേതൃത്വം നൽകി.

5. പൊതു സ്ഥാപനങ്ങൾ

5.1 മാർത്തോമ്മാ വൈദിക സെമിനാരി, കോട്ടയം

2019 ജൂൺ 4-ന് ക്രമീകരിച്ച വർഷാരംഭ ശുശ്രൂഷയോടുകൂടി അദ്ധ്യയനം ആരംഭിച്ചു. അഭി. ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ ശുശ്രൂഷയ്ക്ക് നേതൃത്വം നല്കി. ബി.ഡി. ഒന്നാം വർഷത്തിൽ 18 പേരും, രണ്ടാം വർഷത്തിൽ 10 പേരും, മൂന്നാം വർഷത്തിൽ 18 പേരും, നാലാം വർഷത്തിൽ 20 പേരും ഉൾപ്പെടെ നാല് ബാച്ചുകളിലായി 66 പേർ പഠനം തുടർന്നു. 2019 ൽ നടന്ന ബി.ഡി. അവസാന വർഷ പരീക്ഷയിൽ ഒരാൾ ഫസ്റ്റ് ക്ലാസ്സിലും മറ്റുള്ളവർ സെക്കന്റ് ക്ലാസ്സിലും പാസ്സായി. 8 ഫുൾ ടൈം അധ്യാപകരും 6 പാർട്ടൈം അധ്യാപകരും 6 അനധ്യാപകരും സെമിനാരിയിൽ ശുശ്രൂഷ ചെയ്തു.

എല്ലാദിവസവും പ്രഭാത നമസ്കാരവും സന്ധ്യാ നമസ്കാരവും, ബുധനാഴ്ചതോറും വിശുദ്ധകുർബാന ശുശ്രൂഷയും ചാപ്പലിൽ ക്രമീകരിച്ചു. തിങ്കൾ, വെള്ളി ദിവസങ്ങളിൽ പ്രസംഗ പരിശീലന ക്ലാസ്സുകളും, പ്രസംഗ അവലോകന ക്ലാസ്സുകളും നടത്തി. സമകാലിക വിഷയങ്ങളെ അധികരിച്ച് ചർച്ചാ ക്ലാസ്സുകൾ, സെമിനാറുകൾ മുതലായവ ക്രമീകരിച്ചു. സെമിനാരി യിലെ ആരാധന സമ്പുഷ്ടമാക്കുന്നതിൽ ഗായക സംഘം വലിയ പങ്കുവഹിക്കുന്നു. ക്രിസ്തുമസ് ഗാനശുശ്രൂഷയ്ക്ക് വിദ്യാർത്ഥികൾ പാട്ടുകൾ രചിച്ച് ഈണം പകർന്നു. ഇടവക ജീവിതവുമായും, ഇടവക ശുശ്രൂഷയുമായും മതിയായ പരിചയം ലഭിക്കുന്നതിനുവേണ്ടി ഞായറാഴ്ചതോറും വിദ്യാർത്ഥികളെ പ്രായോഗിക പരിശീലനത്തിനുവേണ്ടി വിവിധ ഇടവകകളിലേക്ക് അയച്ചു. ഇടവകകളിലെ ആരാധന, വചന ശുശ്രൂഷ, ഭവന സന്ദർശനം, പ്രാർത്ഥനാകൂട്ടങ്ങൾ, യുവജന സഖ്യ മീറ്റിംഗുകൾ, സണ്ടേസ്കൂൾ എന്നിവയ്ക്കെല്ലാം വിദ്യാത്ഥികൾ നേതൃത്വം നല്കി. ഓണം, സ്വാതന്ത്ര്യദിനം, വനിതാദിനം എന്നിവയോടനുബന്ധിച്ച് പ്രത്യേക ആരാധന ക്രമീകരിച്ചു. ലിറ്റർജി, സഭാ ഭരണഘടന, ഭരണനിർവ്വഹണം, ക്രിസ്ത്യൻ ലോ എന്നിവയിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നല്കി. ഇടവകയിലെ വിവിധ രജിസ്റ്ററുകൾ കൃത്യമായ രീതിയിൽ എഴുതുന്നതിനും സൂക്ഷിക്കുന്നതിനും ആവശ്യമായ പരിശീലനവും പ്രത്യേക ക്ലാസ്സുകളിൽകൂടി നൽകി. സാമൂഹ്യസേവനത്തിന് സെമിനാരി പ്രത്യേക ശ്രദ്ധ നല്കുന്നു. എല്ലാ വെള്ളിയാഴ്ചയും നിശ്ചയിക്കപ്പെട്ടിരി ക്കുന്ന കേന്ദ്രങ്ങളിൽ വിദ്യാർത്ഥികൾ സാമൂഹ്യസേവനത്തി നായി പോകുന്നു. മെഡിക്കൽ സഹായം അഭ്യർത്ഥിച്ചു വരുന്ന രോഗികൾക്ക് അത്യാവശ്യമായ മരുന്നുകളും മറ്റ് സഹായങ്ങളും ചെയ്തു കൊടുക്കുന്നു. അവശ്യ സാഹചര്യങ്ങളിൽ രോഗികൾക്ക് രക്തദാനം ചെയ്തും സഹായിക്കുന്നുണ്ട്.

അധ്യാപകർക്കായി വർഷാരംഭത്തിൽ നടത്തിയ ധ്യാനത്തിന് ഫാ. ഡോ. റെജി മാത്യൂസും ആദ്യ സെമസ്റ്ററിൽ കമ്മ്യൂണിറ്റി അംഗങ്ങൾക്കായി നടത്തിയ ധ്യാനത്തിന് അഭി. ഡോ. തോമസ് മാർ തീത്തോസ് എപ്പിസ്കോപ്പായും രണ്ടാം സെമസ്റ്ററിലെ ധ്യാനത്തിന് റവ. ഈപ്പൻ ചെറിയാനും, ബി.ഡി. അവസാന വർഷ വിദ്യാർത്ഥികൾക്കുവേണ്ടി ക്രമീകരിച്ച ധ്യാനത്തിന് വെരി റവ. എൻ.എം. ചെറിയാനും, ഗായക സംഘാംഗങ്ങൾക്കു വേണ്ടിനടത്തിയ ക്ലാസ്സിന് ഡോ. വിമൽ ജോർജ് കുര്യനും (സി.എം.എസ് കോളേജ് കോട്ടയം) നേതൃത്വം നല്കി.

'Christian Ministry for a Green Ecumenacy' എന്ന വിഷയത്തെ ആസ്പദമാക്കി വിവിധ സെമിനാരികളിൽ പഠിക്കുന്ന മാർത്തോമ്മാക്കാരായ ദൈവശാസ്ത്ര വിദ്യാർത്ഥികൾക്കായി ഒരു സമ്മേളനം 2019 മെയ് 30, 31 തീയതികളിൽ ക്രമീകരിച്ചു. അഭി. തോമസ് മാർ തിമത്തിയോസ് എപ്പിസ്കോപ്പാ, റവ. ഡോ. എം.ജെ. ജോസഫ്, റവ. ഡോ. പ്രകാശ് കെ. ജോർജ്, റവ. പി. ഏബ്രഹാം സ്കറിയ, റവ. ഡോ. മോത്തി വർക്കി തുടങ്ങിയവർ സമ്മേളനത്തിന് നേതൃത്വം നല്കി. റവ. ഡോ. വൈ.റ്റി. വിനയരാജ് കോ ഓർഡിനേറ്ററായും ശ്രീ. അനി അലക്സ് കുര്യൻ സ്റ്റുഡന്റ് സെക്രട്ടറിയായും പ്രവർത്തിച്ചു. വിവിധ സെമിനാരികളിൽ നിന്നുമായി 116 വിദ്യാർത്ഥികൾ കോൺ ഫ്രൻസിൽ പങ്കെടുത്തു.

വിദ്യാർത്ഥികളുടെ കലാസാംസ്കാരിക വേദിയായ ഏബ്രഹാം മല്പാൻ സൊസൈറ്റിയുടേയും, കറന്റ് അഫയേഴ്സ് ഫോറം, തിയോളജിക്കൽ ഫോറം എന്നിവയുടേയും പ്രവർത്ത നോദ്ഘാടനം ജൂൺ 27 ന് പ്രൊഫ. വർഗീസ് ജോർജ് നിർവ്വഹിച്ചു.

ആഗസ്റ്റ് മാസം 6,7 തീയതികളിൽ ക്ലേർജി റിഫ്രഷർ കോഴ്സ് നടത്തപ്പെട്ടു. 'Pain, Grief and Affirmation of Life' എന്നതായിരുന്നു ചിന്താവിഷയം. റവ. ഡോ. പ്രകാശ് കെ. ജോർജ്, റവ. ഏ.റ്റി. സഖറിയ, റവ. ഡോ. എം.സി. തോമസ്, റവ. പി. ഏബ്രഹാം സ്കറിയ, റവ. കെ.വൈ. ജേക്കബ്, ശ്രീമതി. ലിസി ജോൺ മാത്യു, ശ്രീമതി. ജിജി വറുഗീസ് തുടങ്ങിയവർ ക്ലാസ്സുകൾക്ക് നേതൃത്വം നല്കി. റവ. ഡോ. മോത്തി വർക്കി കോ ഓർഡിനേറ്ററായി പ്രവർത്തിച്ചു. വിവിധ ഭദ്രാസനങ്ങളിൽ നിന്നുമായി 34 പട്ടക്കാർ പങ്കെടുത്തു.

ഏബ്രഹാം മല്പാൻ സൊസൈറ്റി, സെമിനാരി ഗായക സംഘം, ജോർജി അനിൽ ഏബ്രഹാം ക്വായർ

ഫെസ്റ്റിവൽ എന്നിവയുടെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 9-ന് ഒരു സംഗീത സായാഹ്നവും ശ്രീ. ജോർജി അനിൽ ഏബ്രഹാം അനുസ്മരണ ശുശ്രൂഷയും ക്രമീകരിച്ചു. റവ. ആഷിഷ് തോമസ് ജോർജ് (ഡയറക്ടർ ഡി.എസ്.എം.സി.) സന്ദേശം നല്കി. 'Reconciliation and Unity' എന്ന വിഷയത്തെ അധികരിച്ച് സെമിനാരി വിദ്യാർത്ഥികൾ എഴുതി സംഗീതം നല്കിയ ഗാനങ്ങൾ അവതരിപ്പിക്കപ്പെട്ടു. ഡോ. പോൾ മണലിൽ ആഗസ്റ്റ് 16 ന് ക്രമീകരിച്ച ചലനം തീം പ്രസന്റേഷൻ ക്ലാസ്സിനും, സെപ്റ്റംബർ 18ന് 'Refining Power in the Gospel of Matthew' എന്ന വിഷയത്തെ ആസ്പദമാക്കി നടന്ന ഫാക്കൽറ്റി റിട്രീറ്റിന് റവ. ഡോ. കോശി പി. വറുഗീസും നേതൃത്വം നല്കി. തിയോളജിക്കൽ ഫോറത്തി ന്റേയും കറന്റ് അഫയേഴ്സ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ പൗരത്വ ഭേദഗതിയെ സംബന്ധിച്ച് ഒരു സെമിനാർ ജനുവരി 22-ന് നടത്തി. ഡോ. നെബു ജോൺ സ്കറിയ (മാനേജർ പബ്ളിക്കേഷൻ മലയാള മനോരമ) നേതൃത്വം നല്കി.

മാർത്തോമ്മാ തിയോളജിക്കൽ കമ്മീഷന്റെയും, സി.പി. മാത്യു മെമ്മോറിയൽ എക്യുമെനിക്കൽ സ്റ്റഡി സെന്ററി ന്റേയും ആഭിമുഖ്യത്തിൽ WCC General Assembly 2020 മുഖ്യ ചിന്താവിഷയം ആയ Christ's Love Moves the World to Reconciliation and Unity എന്ന വിഷയത്തെ ആസ്പദ മാക്കി ഒരു സെമിനാർ 2020 ഫെബ്രുവരി 4-ന് സെമിനാരി യിൽ ക്രമീകരിച്ചു.അഭി. ഡോ. ഗീവർഗീസ് മാർ തിയഡോ ഷ്യസ് എപ്പിസ്കോപ്പാ അദ്ധ്യക്ഷത വഹിച്ച മീറ്റിഗിൽ റവ. ബോബി മാത്യു, റവ. ഡോ. വൈ.റ്റി. വിനയരാജ് എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിക്കുകയും അഭി. ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പാ, റവ. ഡോ. പ്രകാശ് കെ. ജോർജ്, ഡോ. പ്രെയ്സി വിൽസൺ തുടങ്ങിയവർ പ്രസംഗി ക്കുകയും ചെയ്തു.

ഒക്ടോബർ 28-ന് നടത്തിയ മിഷൻ പ്രഭാഷണത്തിന് റവ. റ്റി. ബാബു നേതൃത്വം നല്കി. മിഷൻ ടൂർ ഒക്ടോബർ 31 മുതൽ നവംബർ 5 വരെ നടത്തപ്പെട്ടു. പൊള്ളാച്ചി, ഉടുമൽപ്പേട്ട്, കരുവാകുളം, ഡിണ്ടിഗൽ തുടങ്ങിയ മിഷൻ ഫീൽഡുകളിൽ ബി.ഡി. അവസാന വർഷ വിദ്യാർത് ഥികൾ റവ. ഡോ. വി.എസ് വറുഗീസ്, റവ. ഡോ. ജോസഫ് ദാനി യേൽ എന്നീ അധ്യാപകരുടെ നേതൃത്വത്തിൽ സന്ദർശനം നടത്തി.

ഏബ്രഹാം മല്പാൻ സ്മാരക പ്രഭാഷണം നവംബർ 8-ാം തീയതി ക്രമീകരിച്ചു. അഭി. ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. ശ്രീ. ജിനു സഖറിയ ഉമ്മൻ (Member Kerala Public Service Commission) 'Kerala Renaissance and Mar Thoma Church' എന്ന വിഷയത്തെ അധികരിച്ച് മുഖ്യ പ്രഭാഷണം നടത്തി. റവ. ഡോ. പ്രകാശ് കെ. ജോർജ് സ്വാഗതവും, റവ. ഡോ. കോശി പി. വറുഗീസ് നന്ദിയും പ്രകാശിപ്പിച്ചു. സെമിനാരി കുടുംബാംഗങ്ങൾക്കു പുറമെ കോട്ടയം സെന്ററിലെ ബഹുമാ നപ്പെട്ട പട്ടക്കാർ, സെമിനാരി സുഹൃത്തുക്കൾ തുടങ്ങിയവർ മീറ്റിംഗിൽ പങ്കെടുത്തുറവ. ഡോ. വി.പി. തോമസ് മെമ്മോറിയൽ വോളിബോൾ ടൂർണമെന്റ് ഡിസംബർ 3 - 6 വരെ നടത്തി. ടൂർണമെന്റിന്റെ ഉദ്ഘാടനം റവ. ഡോ. ഈശോ മാത്യു നിർവ്വഹിച്ചു. ടൂർണ മെന്റിൽ കെ. യു.റ്റി. സെമിനാരി, കണ്ണമ്മൂല, ഓർത്തഡോക്സ് സെമിനാരി, കോട്ടയം, ഇന്ത്യ ബാപ്റ്റിസ്റ്റ് തിയോളജിക്കൽ സെമിനാരി, അരീപ്പറമ്പ്, മാർത്തോമ്മാ സെമിനാരി എന്നീ ടീമുകൾ പങ്കെടുത്തു. മാർത്തോമ്മാ സെമിനാരി ടീം എവർ റോളിംഗ് ട്രോഫിയും ഇന്ത്യ ബാപ്റ്റിസ്റ്റ് തിയോളജിക്കൽ സെമിനാരി ടിം രണ്ടാം സ്ഥാനത്തിനും അർഹരായി. റവ. വിജു വർക്കി ട്രോഫികൾ വിതരണം ചെയ്തു.

ക്രിസ്തുമസ് കരോൾ സർവീസ് ഡിസംബർ 18 ന് ക്രമീകരിച്ചു. അഭി. ഡോ. ഗ്രിഗറിയോസ് മാർ സ്തേഫാനോസ് എപ്പി സ്കോപ്പാ സന്ദേശം നല്കി. സെമിനാരി ഗായകസംഘം ഗാന ശുശ്രൂഷക്ക് നേതൃത്വം നല്കി. ഏബ്രഹാം മല്പാൻ സൊസൈ റ്റിയുടെ ആഭിമുഖ്യത്തിൽ പ്രതീക്ഷയുടെ നാമ്പുകൾ എന്ന ദൃശ്യാവിഷ്ക്കാരവും അവതരിക്കപ്പെട്ടു. ഗവേണിംഗ് ബോർഡ് അംഗങ്ങൾ, സഭാ കൗൺസിൽ അംഗങ്ങൾ, ബഹു പട്ടക്കാർ, സെമിനാരി സ്നേഹിതർ തുടങ്ങിയവർ പങ്കെടുത്തു.

മാർത്തോമ്മാ സെമിനാരി, ഓർത്തഡോക്സ് സെമിനാരി, കെ.യു.റ്റി. സെമിനാരി എന്നിവ സംയുക്തമായി ദൈവ ശാസ്ത്ര ഉപരിവിദ്യാഭ്യാസം എഫ്.എഫ്.ആർ.ആർ. സിയുടെ കീഴിൽ ക്രമീകരിച്ചുവരുന്നു. തന്നാണ്ടിൽ 77 വിദ്യാർത്ഥികൾ പഠന ഗവേഷണങ്ങളിൽ ഏർപ്പെട്ടു. മൂന്ന് സെമിനാരി കളിലേയും അധ്യാപകർ വിദ്യാർത്ഥികൾക്കു വേണ്ടി ക്ലാസ്സുകൾ എടുക്കുകയും ഗവേഷണ ഗൈഡുകളായി പ്രവർത്തിക്കുകയും ചെയ്തു. റവ. ഡോ. ജോസ് ജോൺ എഫ്.എഫ്.ആർ.ആർ.സിയുടെ രജിസ്ട്രാർ ആയി സേവനമനുഷ്ഠിക്കുന്നു. റവ. ഡോ. ഡേവിഡ് ജോയി ചെയർമാനായും, റവ. ഡോ. പ്രകാശ് കെ. ജോർജ്, ഫാദർ ഡോ. ജോൺസ് ഏബ്രഹാം കോനാട്ട് എന്നിവർ കോ ചെയർമാൻമാരായും ചുമതലകൾ നിർവ്വഹിച്ചു.

സെമിനാരി ലൈബ്രറിയിൽ വിവിധ വിഷയങ്ങളിലായി 29,127 ഗ്രന്ഥങ്ങളും, ഇംഗ്ലീഷ്, മലയാളം ഭാഷകളിൽ ഇന്ത്യയിലും വിദേശത്തും പ്രസിദ്ധീകരിച്ച നിരവധി ജേർണലുകളും ഉണ്ട്. ഇന്റർനെറ്റ്, ഈ-മെയിൽ, ഫോട്ടോ കോപ്പി സംവിധാനവും കൂടാതെ ATLA കണക്ഷനും ലൈബ്രറിയിൽ ഉണ്ട്. മാർത്തോമ്മാ സെമിനാരി ജേർണൽ ഓഫ് തിയോളജിയുടെ രണ്ട് ലക്കങ്ങൾ റിപ്പോർട്ട് വർഷം പ്രസിദ്ധീകരിച്ചു. റവ. ഡോ. വി.എസ് വർഗീസ് ചീഫ് എഡിറ്ററായി പ്രവർത്തിച്ചു. പൂർവ്വവിദ്യാർത്ഥികളുടെ രണ്ട് കൂടിവരവുകൾ ആഗസ്റ്റ് 7, നവംബർ 12 എന്നീ തീയതികളിൽ നടത്തി. നവംബർ 12-ന് ക്രമീകരിച്ച 1977,2019 ബാച്ച് ബി.ഡി. വിദ്യാർത്ഥികളുടെ കൂടി വരവ് അഭി.ഡോ ഏബ്രഹാം മാർ പൗലോസ് എപ്പി സ്കോപ്പാ ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ റവ. ഡോ. പ്രകാശ് കെ. ജോർജ് സ്വാഗതം ആശംസിച്ചു. 'Role and significance of Mar Thoma Theological Seminary in the Ministerial Formation' എന്നതായിരുന്നു പ്രധാന ചിന്താ വിഷയം. റവ. ഉമ്മൻ ഫിലിപ്പ്, റവ. നൈനാൻ വർഗീസ്, റവ.മാത്യു ജോൺ, ഡോ. പ്രെയ്സി വിൽസൺ, റവ. ജോസഫ് ജോണി, റവ. ബിജു കെ. ജോർജ്, റവ. റെന്നിഫിലിപ്പ്, റവ. ഡോ. ജോ ജോസഫ് കുരുവിള, റവ. കെ. വൈ. ജേക്കബ് എന്നിവർ നേതൃത്വം നല്കി. 140 പൂർവ്വവിദ്യാർത്ഥികൾ മീറ്റിംഗിൽ പങ്കെടുത്തു.

അപ്പോസ്തോലിക് സെമിനാരി വടവാതൂർ, ഓർത്ത ഡോക്സ് സെമിനാരി കോട്ടയം, മാർത്തോമ്മാ സെമിനാരി എന്നീ സെമിനാരികളിലെ അധ്യാപകരുടെ സംയുക്ത മീറ്റിംഗ് ഫെബ്രു വരി 13-ന് വടവാതൂർ സെമിനാരിയിൽ വെച്ച് നടത്തുവാനും ഇടയായി. അവസാനവർഷ ബി.ഡി., എം.റ്റി.എച്ച്., ഡി.റ്റി.എച്ച് വിദ്യാർത്ഥികൾക്ക് സെമിനാരി ചാപ്പലിൽ പ്രിൻസിപ്പൽ റവ. ഡോ. പ്രകാശ് കെ. ജോർ ജിന്റെ അദ്ധ്യക്ഷതയിൽ കൂടിയ മീറ്റിംഗിൽ യാത്രയയപ്പ് നല്കി.

മാർത്തോമ്മാ സഭയുടെ 2019 ലെ സഭാ സ്ഥാപന വിഭാഗത്തിലുള്ള ഹരിത അവാർഡ് നമ്മുടെ സെമിനാരിക്ക് ലഭിച്ചു. അഭി. ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീ ത്തായിൽ നിന്ന് പ്രിൻസിപ്പൽ റവ. ഡോ. പ്രകാശ് കെ. ജോർജ് അവാർഡ് ഏറ്റുവാങ്ങി.

സെമിനാരിയുടെ ഫാക്കൽറ്റി ക്വാർട്ടേഴ്സ് സ്നേഹഭവൻ പു തുക്കിപ്പണിഞ്ഞ് വാസയോഗ്യമാക്കി. സെമിനാരി ആർക്കൈ വ്സ് പുതുക്കിപ്പണിയുകയും എയർ കണ്ടീഷൻ ചെയ്യുകയും ചെയ്തു. മറ്റ് കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ ചെയ്തു. കറുകച്ചാൽ ക്യാമ്പസ് കൃഷിക്ക് ഉപയുക്തമാക്കുന്നതിനും, കെട്ടിടങ്ങൾ കേടുപാടുകൾ പോക്കുന്നതിനും ഇടയായി. 2019 -20 അക്കാദമിക് വർഷത്തേക്ക് ഒരു ഹാൻഡ് ബുക്ക് പ്രസിദ്ധീകരിക്കുവാനും സെമിനാരി വിദ്യാർത്ഥികൾക്കും അധ്യാപകർക്കും പ്രയോജനപ്പെടത്തക്കവണ്ണം ഒരു ബുക്ക് സർവീസ് സെന്റർ സെമിനാരിയുടെ ഹെറിറ്റേജ് ബിൽഡിംഗിൽ പ്രവർത്തനം ആരംഭിക്കുവാനും ഇടയായി. സ്പോർട്സ് കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ ഒരു ഹെൽത്ത്

ക്ലബ് സെമിനാരിയിൽ ഉദ് ഘാടനം ചെയ്തു. അഗ്രികൾച്ചർ, ഗാർഡനിംഗ്, ശ്രമദാൻ എന്നിവയുടെ ആഭിമുഖ്യത്തിൽ ക്ലീൻ ക്യാമ്പസ് ഗ്രീൻ ക്യാമ്പസ് പദ്ധതി നടപ്പിലാക്കി.
വൈദിക സെമിനാരിയുടെ നിലവിലുള്ള റിഫക്ടറി ഹാളിന്റെ പരിമിതി മനസിലാക്കി പുതിയ റിഫക്ടറി ഹാളും അതിനോട് ചേർന്ന് ഗസ്റ്റ് റൂമുകളും ഫാക്കൽറ്റി ക്വാർട്ടേഴ്സും നിർമിക്കുന്നതിനാവശ്യമായ തീരുമാനം കൈക്കൊണ്ടു. മാർത്തോമ്മാ സഭാകൗൺസിൽ അതിനുള്ള അംഗീകാരം നല്കുകയും ചെയ്തു. നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള പ്രാരംഭ നടപടികൾ നടന്നുവരുന്നു.
ഗവേണിംഗ് ബോർഡ് സമ്മേളിച്ച് സെമിനാരി പ്രവർത്തനങ്ങൾ സുഗമമായി പുരോഗമിക്കുന്നതിനുള്ള തീരുമാനങ്ങൾ കൈക്കൊണ്ടു. അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ ഗവേണിംഗ് ബോർഡ് അദ്ധ്യക്ഷൻ എന്ന നിലയിൽ സെമിനാരി പ്രവർത്തനങ്ങളിൽ സസൂഷ്മമായ നിരീക്ഷണങ്ങളും പ്രോത്സാഹനവും നേതൃത്വവും നല്കി. ഗവേണിംഗ് ബോർഡ് അംഗങ്ങൾ, കൺസ്ട്രക്ഷൻ കമ്മറ്റി അംഗങ്ങൾ എന്നിവരുടെ ആലോചനകൾക്കും സഹകരണത്തിനുമുള്ള കൃതജ്ഞത അറിയിക്കുന്നു. റവ. ഡോ. പ്രകാശ് കെ. ജോർജ് പ്രിൻസിപ്പലായും, റവ. ഡോ. എം.സി. തോമസ് ഡീൻ ഓഫ് സ്റ്റഡീസ് ആയും റവ. ഡോ. വി. എസ്. വറുഗീസ് ബർസാറായും ശുശ്രൂഷകൾ നിറവേറ്റി.

5.2 മാർത്തോമ്മാ എപ്പിസ്കോപ്പൽ ജൂബിലി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇവാഞ്ചലിസം, കൊമ്പാടി, തിരുവല്ല

സുവിശേഷ ദൗത്യനിർവഹണത്തിനായി സമർപ്പിതരായ യുവതീയുവാക്കളെ പരിശീലിപ്പിക്കുന്നതിന് ഭാഗ്യസ്മരണീയരായ ഡോ. യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്തായുടെയും ഡോ. മാത്യൂസ് മാർ അത്താനാസ്യോസ് എപ്പിസ്കോപ്പയുടെയും എപ്പിസ്കോപ്പൽ രജത ജൂബിലി ആഘോഷത്തിന്റെ ഭാഗമായി 1965-ലാണ് ഈ ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിച്ചത്. സെറാമ്പൂർ യൂണിവേഴ്സിറ്റിയുമായി അഫിലിയേഷൻ ഉള്ള ഈ ഇൻസ്റ്റിറ്റ്യൂട്ടിൽ 2019-20-ലെ ക്ലാസുകൾ 2019 ജൂൺ 10-ന് കമ്മ്യൂണിറ്റി റിട്രീറ്റോടുകൂടി ആരംഭിച്ചു. BTh, DRE കോഴ്സു കൾക്ക് 2 വിദ്യാർത്ഥിനികൾ ഉൾപ്പെടെ 19 വിദ്യാർത്ഥികൾ പഠനം നടത്തി.

ഫാക്കൽട്ടി & ഓഫീസ് സ്റ്റാഫ്: റവ. ഡോ. ജോൺ ഫിലിപ്പ് അട്ടത്തറയിൽ പ്രിൻസിപ്പലായും, റവ. സാബു കോശി, റവ. വിനോയ് ദാനിയേൽ, റവ. എം.പി. സാമുവേൽ, ശ്രീ. ജയിംസ് മാത്തൻ എന്നിവർ പൂർണ്ണസമയ അദ്ധ്യാപകരായും സേവന മനുഷ്ഠിച്ചു. കൂടാതെ 10 പാർട്ട്ടൈം അധ്യാപകരും ഇൻസ്റ്റി റ്റ്യൂട്ടിൽ സേവനമനുഷ്ഠിക്കുന്നു. റവ. സാബു കോശി ബർസാർ ആയും റവ. വിനോയ് ദാനിയേൽ ഡീൻ ഓഫ് സ്റ്റഡീസ് ആയും ബോയ്സ് ഹോസ്റ്റൽ വാർഡനായും റവ. എം.പി. സാമുവേൽ ചാപ്ലയിൻ ആയും പ്രവർത്തിച്ചു. ശ്രീമതി സൂസൻ ജോൺ ഫിലിപ്പ് ലേഡീസ് ഹോസ്റ്റൽ വാർഡനായും പ്രവർത്തിച്ചു. ശ്രീ ജെയിംസ് മാത്തൻ, ജീവാമൃതം സ്റ്റാഫായും ശ്രീമതി സൂസൻ ശാമുവേൽ ഓഫീസ് സ്റ്റാഫായും പ്രവർത്തിക്കുന്നു. കൊമ്പാടി എ.എം.എം. ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിലെ ക്ലാസുകൾക്ക് ഇ.ജെ. ഇൻസ്റ്റിറ്റ്യൂട്ടിലെ ഫാക്കൽറ്റി അംഗങ്ങൾ നേതൃത്വം നൽകിവരുന്നു. രണ്ട് ഇൻസ്റ്റിറ്റ്യൂട്ടുകളും ആരാധനയും മറ്റ് പൊതു പരിപാടികളും സംയുക്തമായി നടത്തിവരുന്നു.

റിട്രീറ്റും വിദ്യാർത്ഥികളുടെ പ്രായോഗിക പരിശീലനവും: കമ്മ്യൂണിറ്റി റിട്രീറ്റ് റവ. ഡോ. സണ്ണി മാത്യു അച്ചന്റെ നേതൃത്വ ത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് ചാപ്പലിൽ ജൂൺ 11-ന് നടത്തപ്പെട്ടു. 2019-20 അദ്ധ്യയന വർഷത്തിലെ നേതൃത്വ പരിശീലനം, ആളാംപ്രതി സുവിശേഷവേല, കൗൺസിലിംഗ്, കൃഷിവിജ്ഞാനം, ക്രിസ്തീയ ഗാനങ്ങൾ എന്നീ വിഷയങ്ങളിൽ പ്രഗത്ഭരായവർ നേതൃത്വം നൽകിയ ക്ലാസുകൾ ക്രമീകരിച്ചു. സമീപ ഇടവകകളിൽ ആരാധനയിലെ നേതൃത്വം, ആശുപത്രി സന്ദർശനം, പരിസര ശുചീകരണം, ഫെലോഷിപ്പ്- ട്യൂട്ടോറിയൽ ഗ്രൂപ്പ് മീറ്റിംഗ് തുടങ്ങിയ പരിശീലന പദ്ധതികൾ വിദ്യാർത്ഥികളുടെ വ്യക്തിത്വ വികസനത്തിനും ക്രിസ്തീയ ശിക്ഷണത്തിനും സഹായകമായിരുന്നു.

മിഷൻ ഫീൽഡ് സന്ദർശനം: വിദ്യാർത്ഥികൾക്ക് ഹോസ്ക്കോട്ട്, വെല്ലൂർ ഹോസ്പിറ്റൽ ഗൈഡൻസ് സെന്റർ, അങ്കോല, പൊള്ളാച്ചി മിഷൻ സെന്റർ, സങ്കാറെഡ്ഡി, നവജീവൻ മുംബൈ, ബീരസാന്ദ്ര, ശിവനാപുരം, നരസാപുരം മുതലായ മിഷൻ ഫീൽഡുകളിൽ പ്രായോഗിക പരിശീലനം നൽകി.

ആരാധന: ദിനംപ്രതിയുള്ള പ്രഭാതധ്യാനം, മദ്ധ്യസ്ഥ പ്രാർത്ഥന, സന്ധ്യനമസ്ക്കാരം ബുധനാഴ്ചതോറുമുള്ള വി. കുർബ്ബാന, ഞായറാഴ്ച സന്ധ്യാനമസ്ക്കാരത്തോടനുബന്ധിച്ച് വിദ്യാർത്ഥി കൾ നേതൃത്വം നൽകിയ ദേവാലയ ശുശ്രൂഷകളെ സംബന്ധിച്ച റിപ്പോർട്ടിംഗ് എന്നിവ ആത്മീയ ജീവിതത്തിന്റെ പരിപോഷണത്തിനും ദൗത്യാവബോധത്തിനും സഹായിക്കുന്നു. സ്വാതന്ത്ര്യദിനം, റിപ്പബ്ലിക്ക്ദിനം, സഭാദിനം, സെന്റ്തോമസ് ദിനം, ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപന ദിനം, ഓണം, ക്രിസ്തുമസ്, ദീപാ വലി എന്നീ ദിവസങ്ങളിൽ സന്ദർഭോചിതമായി പ്രത്യേക ആരാധനകളും പ്രഭാഷണങ്ങളും ക്രമീകരിച്ചു.

മിഷൻ ടൂർ: 2019 ഒക്ടോബർ 2 മുതൽ 9 വരെ അദ്ധ്യാപകർ, കുടുംബങ്ങൾ, വിദ്യാർത്ഥികൾ മംഗലാപുരം, ഹോണോവാർ, അങ്കോല ആശ്രമം, കാർവാർ മിഷൻ, ഗോവ തുടങ്ങിയ സ്ഥല ങ്ങളിലെ സഭയുടെ വിവിധ മിഷൻ സെന്ററുകളും ഇടവകകളും സന്ദർശിച്ചു.

പൂർവ്വ വിദ്യാർത്ഥി സമ്മേളനം: 2019 നവംബർ 5-8 വരെ ഇ.ജെ. ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്നു. റവ. ഡോ. സാബു ഫിലിപ്പ് ഇ. മുഖ്യപ്രഭാഷണം നടത്തി. റവ. സാബു കോശി, റവ. എം.പി. സാമുവേൽ എന്നിവർ ബൈബിൾ പഠനങ്ങൾക്ക് നേതൃത്വം നൽകി. അഭിവന്ദ്യ ഡോ. യൂയാക്കിം മാർ കൂറിലോസ് എപ്പിസ്കോപ്പാ വിശുദ്ധ കുർബ്ബാന ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. റവ. ഡോ. ജോൺ ഫിലിപ്പ് അട്ടത്തറയിൽ പ്രസിഡന്റായും ഇവാ. ഷിബു വി. സെക്രട്ടറിയായും ഇവാ. റോജൻ ജെ. മണലൂർ ട്രഷറാർ ആയും പ്രവർത്തിച്ചു.

ജീവാമൃതം ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ്: റിപ്പോർട്ട് വർഷം ജീവാമൃതം ബൈബിൾ കറസ്പോണ്ടൻസ് കോഴ്സി ന്റെ പാഠ്യപദ്ധതിയിൽ 160 അംഗങ്ങൾ പഠനം നടത്തി. ഓഫീസ് പ്രവർത്തനങ്ങൾക്ക് റവ. സാബു കോശിയും ശ്രീ. ജയിംസ് മാത്തനും നേതൃത്വം നൽകുന്നു.

കലാകായിക സാഹിത്യ പ്രവർത്തനങ്ങൾ: തിരുവനന്തപുരം കേരള യുണൈറ്റഡ് തിയോളജിക്കൽ കോളജിന്റെ ആഭിമുഖ്യ ത്തിൽ നടത്തപ്പെട്ട വോളിബോൾ ടൂർണ്ണമെന്റിൽ വിദ്യാർത്ഥികൾ പങ്കെടുത്തു. സാഹിത്യസമാജത്തിന്റെ നേതൃത്വത്തിൽ കലാപരിപാടികളും മത്സരങ്ങളും ക്രമീകരിച്ചു.
റവ. സി.പി. വിൽസൺ മെമ്മോറിയൽ പ്രഭാഷണം 2020 ജനുവരി 25-ന് നടത്തി. റവ. ഡോ. വി.എസ്. വർഗീസ് മുഖ്യ പ്രഭാഷകനായിരുന്നു.

സെമിനാറുകൾ: 2019 ജൂലൈ 15-ന് കെസിസിയുമായി സഹകരിച്ച് Churches response to Transgender Issues എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാർ നടത്തി. മോസ്റ്റ് റവ. ഡോ ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു. മോസ്റ്റ് റവ. ഡോ. ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ മുഖ്യ പ്രഭാഷണം നടത്തി. കാൺഡമാലിലെ ക്രൈസ്തവ പീഢനവും നീതിനിഷേധവും എന്ന വിഷയത്തെക്കുറിച്ച് പ്രശസ്ത പത്രപ്രവർത്തകനായ ആന്റോ അക്കര പ്രഭാഷണം നടത്തി. നാഗസാക്കി ദിനമായ ആഗസ്റ്റ് 9-ന് YMCA Kerala Region-ന്റെ നേതൃത്വത്തിൽ പ്രാർത്ഥനാദിനമായി ആചരിച്ചു. മോസ്റ്റ് റവ. കുരിയാക്കോസ് മാർ ഇവാനിയോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു.

പ്രസിദ്ധീകരണങ്ങൾ: ഗലേദ് എന്ന പേരിൽ സുവനീർ മാരാമൺ കൺവൻഷനോടനുബന്ധിച്ച് പ്രകാശനം ചെയ്തു. അഭിവന്ദ്യ ഗ്രിഗോറിയോസ് മാർ സ്തേഫാനോസ് എപ്പിസ്കോപ്പാ അദ്ധ്യക്ഷനായുള്ള ഗവേണിംഗ് ബോർഡ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുന്നു.

5.3 യൂഹാന്നോൻ മാർത്തോമ്മാ സ്റ്റഡി സെന്റർ, മണ്ണന്തല

ഭാഗ്യസ്മരണീയനായ ഡോ. യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ ജീവിത ദർശനം, കാഴ്ചപ്പാടുകൾ, ദൈവശാസ്ത്ര നിലപാടുകൾ എന്നിവയെപ്പറ്റിയുള്ള പഠനത്തിനും അവയുടെ സമകാലീക പ്രകാശത്തിനുമായി 1981-ൽ മാർത്തോമ്മാ സഭ സ്ഥാപിച്ചതാണ് ജെ.എം.എം. സ്റ്റഡിസെന്റർ. വേദപുസ്തക പഠനം, എക്യുമെനിസം, വികസനം, സഭാദൗത്യം എന്നീ മേഖലകളിൽ കേന്ദ്രീകരിച്ചുള്ള പ്രവർത്ത നങ്ങൾക്ക് ആണ് റിപ്പോർട്ട് വർഷത്തിൽ പ്രാമുഖ്യം നൽകിയത്. താഴെ കുറിക്കുന്ന വിവിധ പരിപാടികൾ നടത്തപ്പെട്ടു.

1.എക്യുമെനിക്കൽ ബ്രേക്ക്ഫാസ്റ്റ് ബൈബിൾ സ്റ്റഡി: സഭാപഞ്ചാംഗം ആസ്പദമാക്കി ജെ.എം.എം. സ്റ്റഡി സെന്ററിൽ വച്ച് മാസത്തിന്റെ എല്ലാ രണ്ടാം ചൊവ്വാഴ്ചകളിലും വേദപഠനം നടത്തി വരുന്നു. റിപ്പോർട്ട് വർഷത്തിൽ 11 വേദപഠനങ്ങൾ നടത്തി. മാർത്തോമ്മ, സി.എസ്.ഐ., ലൂഥറൻ, മലങ്കര കാത്തോലിക്കാ എന്നീ സഭകളിലെ വൈദികരും അത്മായരും ക്ലാസുകൾക്ക് നേതൃത്വം നൽകി. അഭിവന്ദ്യ ജോസഫ് മാർ ബർന്നബാസ് തിരുമേനി പല തവണ ക്ലാസുകളിൽ സംബന്ധിച്ച് നേതൃത്വം നൽകി. കൊട്ടാരക്കര ജൂബിലി മന്ദിരം, കാട്ടാക്കട വയോജന മന്ദിരം എന്നിവിടങ്ങളിലും ബൈബിൾ സ്റ്റഡികൾ ക്രമീകരിച്ചു.

2.യൂഹാനോൻ മാർത്തോമ്മ അനുസ്മരണ പ്രഭാഷണം: 2019 സെപ്ററംബർ 28 ശനിയാഴ്ച കൊട്ടാരക്കര എപ്പിസ്ക്കോപ്പൽ ജൂബിലി മന്ദിരത്തിൽ വച്ച് 30-ാംമത് അനുസ്മരണ പ്രഭാഷണം നടത്തി. അഭിവന്ദ്യ ജോസഫ് മാർ ത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനി അദ്ധ്യക്ഷം വഹിച്ചു. പ്രശസ്ത ദൈവ ശാസ്ത്രജ്ഞനായ ഫാ. ഡോ. കെ.എം. ജോർജ്ജ് പുത്തൻ മാനവികതയിൽ സൗഹൃദത്തിന്റെ ആത്മീ യ മാനങ്ങൾ എന്ന വിഷയത്തെ ആസ്പദമാക്കി പ്രഭാഷണം നടത്തി.

3.എക്യുമെനിക്കൽ വൈദിക ഇൻസർവ്വീസ് പ്രോഗ്രാം-2019: 2019 നവംബർ 11 മുതൽ 13 വരെയുള്ള ദിവസങ്ങളിൽ ഈ ക്യാമ്പ് നടത്തപ്പെട്ടു. ജീവന്റെ പരിപോഷണവും ക്രിസ്തീയ സാക്ഷ്യവും എന്നതായിരുന്നു ചിന്താവിഷയം. തൊഴിയൂർ മലബാർ സ്വതന്ത്ര സുറിയാനി സഭയിലെ അഭിവന്ദ്യ സിറിൾ മാർ ബസേലിയോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം നിർവ്വഹിക്കുകയും അഭിവന്ദ്യ ജോസഫ് മാർ ബർന്നബാസ് എപ്പിസ്ക്കോപ്പാ പ്രധാന നേതൃത്വം നൽകി.

4.കറന്റ് അഫയേഴ്സ് ഫോറം: സമകാലിക രാഷ്ട്രീയ സാമൂഹിക വിഷയങ്ങളുടെ വിശകലനത്തിനായി രൂപീകരിച്ച കറന്റ് അഫയേഴ്സ് ഫോറത്തിന്റെ ആഭിമുഖ്യ ത്തിൽ താഴെ പറയുന്ന സെമിനാറുകൾ നടത്തപ്പെട്ടു.

പൗരത്വ ഭേദഗതി ബിൽ ചർച്ചാ സമ്മേളനം : 2020 ജനുവരി 22 ന് ജെ.എം.എം. സ്റ്റഡി സെന്ററിൽ വച്ച് മാർത്തോമ്മാ സഭ സാമൂഹിക രാഷ്ട്രീയ കമ്മീഷന്റെ ആഭിമുഖ്യത്തിൽ പൗരത്വ ഭേദഗതി ബില്ലിനെ സംബന്ധിച്ച് ഒരു ചർച്ചാ സമ്മേളനം ക്രമീകരിച്ചു.

സാഹിത്യ അക്കാദമിയും, ശ്രേഷ്ഠഭാഷാ മലയാള സമിതിയും : ജെ.എം.എം. പഠന കേന്ദ്രത്തിന്റെ സഹകരണ ത്തിൽ 2019 ആഗസ്റ്റ് 31 ന് സാഹിത്യ സമ്മേളനം നടത്തി. ഡോ. കായംകുളം യൂനുസ് അദ്ധ്യക്ഷം വഹിച്ചു.

ട്രൗമാ ഹീലിംഗ് ഏകദിന സെമിനാർ: പീഡനം, ഹിംസ, ഭയം, എന്നിവമൂലം ഉളവാകുന്ന മാനുഷിക സംഘർഷ ങ്ങളിൽ നിന്ന് എങ്ങനെ വിമോചിതരാകാം എന്നത് സംബന്ധിച്ച് 2020 ജനുവരി 27 ന് ജെ.എം.എം. സ്റ്റഡി സെന്ററിൽ ഒരു ഏകദിന സമ്മേളനം നടത്തപ്പെട്ടു. ഡോ. സണ്ണി ഫിലിപ്പ് മുഖ്യ നേതൃത്വം നൽകി.

5.ക്രിസ്തുമസ്രാവ്-2019: 2019 ലെ ക്രിസ്തുമസ് നവവത്സര സൗഹൃദ കൂട്ടായ്മ ക്രിസ്തുമസ് രാവ് 2019 ഡിസംബർ 29 ന് 6 മണിക്ക് നടത്ത പ്പെട്ടു. അഭിവന്ദ്യ ജോസഫ് മാർ ബർന്നബാസ് തിരുമേനി അദ്ധ്യക്ഷത വഹിച്ചു. ടെക്നോ പാർക്ക് സി.ഈ.ഒ. ആയ ഡോ. ജി. വിജയരാഘവൻ മുഖ്യ സന്ദേശം നൽകി. ട്രിവാൻഡ്രം ബൈബിൾ കോളേജ്, മുക്കോലക്കൽ ബഥേൽ, വട്ടിയൂർ ക്കാവ് സെന്റ് പോൾസ്, പേരൂർക്കട എബനേസർ ജൂനിയർ, ജെ.എം.എം. യുവ, ശ്രീകാര്യം വൈ.എം.സി.എ., മണ്ണന്തല ലൂഥറൻ ചർച്ച്, ജെ.എം.എം. വിമൻ എംപവ്വർമെന്റ് ഗ്രൂപ്പ് എന്നീ ഗായക സംഘങ്ങൾ ഗാനങ്ങൾ ആലപിച്ചു. സ്നേഹ വിരുന്നോടെ പരിപാടി അവസാനിച്ചു. ഏകദേശം മുന്നൂറോളം ആളുകൾ പങ്കെടുത്തു.

6.ജെ.എം.എം. യുവ: എക്യുമെനിക്കൽ രംഗങ്ങളിൽ യുവജന പങ്കാളിത്തം ലക്ഷ്യമാക്കി റിപ്പോർട്ട് വർഷം ജെ.എം.എം. യുവ ക്ലബ്ബ് പ്രവർത്തിച്ചു. 2019 ജൂൺ 9 ന് പരിസ്ഥിതിദിനത്തോട് അനുബന്ധിച്ച് തിരുവനന്തപുരം സെന്റർ മാർത്തോമ്മാ യുവജനസഖ്യ ത്തിന്റെ സഹകരണ ത്തിൽ പരിസ്ഥിതി ദിനാഘോഷം നടത്തി.

7.സ്ത്രീ ശാക്തീകരണ സമിതി: ജെ.എം.എം. സെന്ററിനും ചുറ്റുപാടും അധിവസിക്കുന്ന വിവിധ മതസ്ഥരായ 20 കുടുംബങ്ങളിലെ സ്ത്രീകളുടെ സ്വയം സഹായ സംഘമാണ് ഇത്. സമിതി എല്ലാ ഞായറാഴ്ചയും ഉച്ചകഴിഞ്ഞ് കൂടുകയും നിക്ഷേപ പദ്ധതികൾ നടപ്പിലാക്കുക യും ചെയ്യുന്നു. ശ്രീമതി ലളിതാകുമാരി സെക്രട്ടറിയായും ശ്രീമതി രമാകുമാരി ട്രഷറർ ആയും പ്രവർത്തിക്കുന്നു.

8. ഡോ. യൂഹാനോൻ മാർത്തോമ്മാ ജന്മദിന മതസൗഹാർദ സമ്മേളനം.: യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനി യുടെ 127-ാം ജന്മദിന വാർഷിക ദിനത്തോട് അനുബന്ധിച്ച് 2019 ആഗസ്റ്റ് 7-ന് ഒരു സമ്മേളനം ക്രമീകരിച്ചു.

9. ലിറ്റർജിക്കൽ സ്റ്റഡി ഫോറം: മാർത്തോമ്മാ സഭയുടെ ആരാധനയും ആരാധന സംവിധാനങ്ങളെക്കുറിച്ചും പഠിക്കുന്ന തിനായി ആരംഭിച്ച ഒരു കൂട്ടായ്മ യാണ് ലിറ്റർജിക്കൽ സ്റ്റഡിഫോറം. റിപ്പോർട്ട് വർഷത്തിൽ ആരാധനയും വിശ്വാസ സംവേദനവും, മാർത്തോമ്മാ സഭ ആരാധന, മരണാനന്തര പ്രത്യാശ മാർത്തോമ്മാ ആരാധന ക്രമത്തിൽ, സാക്രമെന്റൽ ഗ്രേസ് ലിറ്റർജിക്കൽ അഫർമേഷൻ എന്നീ വിഷയങ്ങളിൽ ചർച്ച ചെയ്തു.

10. വിദ്യാർത്ഥികളുടെ ആളത്ത വികസന ബോധന പരിപാടി: 8-12 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായി ഒരു ഏകദിന പ്രചോദന പരിപാടി 2019 ഒക് ടോബർ മാസം 12 ന് നടത്തി. പ്രശസ്ത പ്രചോദന പ്രഭാഷകനായ ഡോ. പ്രകാശ് പ്രധാന നേതൃത്വം നൽകി.

11. മറ്റു പ്രവർത്തനങ്ങൾ: ജെ.എം.എം.ന്റെ സഹകരണ ത്തിൽ സ്നേഹതീരത്തിന്റെ കൂട്ടായ്മ എല്ലാമാസവും ജോൺ വിൽസൺ അച്ചന്റെ നേതൃത്വത്തിൽ നടത്തിവരുന്നു. എല്ലാ ഞായറാഴ്ചയും ഉച്ചയ് ക്കുശേഷം മദ്യവിമുക്തരുടെ കൂട്ടായ്മ സെന്ററിൽ നടക്കുന്നു. പരുത്തിപ്പാറ ഇമ്മാനുവേൽ ഇടവകയുടെ മണ്ണന്തല സേവികാസംഘം, സെന്ററിൽ വച്ച് പതിവായി കൂടിവരുന്നു. ഭദ്രാസന സേവികാസംഘം, ഭദ്രാസന സൺഡേസ്കൂൾ, ഭദ്രാസന അസംബ്ലി, എന്നി വയുടെ മീറ്റിംഗുകൾ സെന്ററിൽ വച്ച് ക്രമീകരിക്കപ്പെട്ടു. ശ്രീകാര്യം വൈ.എം.സി.എ., യു.സി.സി.എസ്., സി.ഇ.എഫ്., കെ-പ്ലസ്, എക്സ് എൻ.ആർ.ഐ പ്രവാസി വെൽഫെയർ അസോസി യേഷൻ, ഡൈറ്റ്, നാഷണൽ സ്റ്റുഡന്റ്സ് പാർലമെന്റ്, പാലിയം ഇന്ത്യ എന്നീ സംഘടകളും ക്യാമ്പുകൾ, കോൺഫറൻസുകൾ എന്നിവയ്ക്കായി സെന്റർ ഉപയോഗിച്ചു.

12. നിർമ്മാണ പ്രവർത്തനങ്ങൾ: പ്രധാന ഹാളിനോട് ചേർന്നുള്ള ശുചിമുറികൾ നവീകരിക്കുകയും രണ്ട് ശുചിമുറികൾ പുതു തായി നിർമ്മിക്കുകയും ചെയ്തു. പ്രധാന കെട്ടിടത്തിന്റെ ചോർച്ച ഇല്ലാതാക്കുന്നതിനായി മേൽക്കൂ രയിൽ പുനരുദ്ധാരണ പ്രവർത്തനം നടത്തി. ഗസ്റ്റ് റൂമുകൾക്ക് കൊതുക് വലകൾ പിടിപ്പിച്ചു.

13. ഗവേണിംഗ് കൗൺസിൽ: ജെ.എം.എം. ഗവേണിംഗ് കൗൺ സിൽ റിപ്പോർട്ടുവർഷം മൂന്ന് പ്രാവശ്യം കൂടുകയും പ്രവർത്തനങ്ങൾക്ക് ആവശ്യമായ തീരുമാനങ്ങൾ കൈക്കൊ ള്ളുകയും ചെയ്തു. അഭിവന്ദ്യ ജോ സഫ് മാർ ബർന്നബാസ് എപ്പിസ്കോപ്പ സെന്റർ പ്രസിഡന്റും ഡയറക്ടറുമായി പ്രവർത്തനങ്ങൾക്ക് ഫലപ്രദമായ നേതൃത്വം നല്കുന്നു. ശ്രീ. ജോർജ് ജോൺ ട്രഷറർ ആയി വിശിഷ്ട സേവനം നിർവ്വഹിക്കുന്നു.

2019-2020 വർഷത്തിൽ സെന്ററിന്റെ അസോസിയേറ്റ് ഡയറക്ടർ ആയി റവ. ഡോ. സാബു ഫിലിപ്പ്. ഇ. പ്രവർത്തിച്ചു.

5.4 ഡോ. തോമസ് മാർ അത്താനാസ്യോസ് മെമ്മോറിയൽ റിസേർച്ച് ആൻഡ് ഓറിയന്റേഷൻ സെന്റർ, മാങ്ങാനം, കോട്ടയം

സമാനതകൾ ഇല്ലാത്ത പ്രതിസന്ധിഘട്ടത്തിലൂടെയാണ് നാം കടന്നു പോകുന്നത്. കൊറോണ വൈറസ് ഉയർത്തിയ ഭീഷണിക്ക് മുമ്പിൽ ലോകരാഷ്ട്രങ്ങൾ മുട്ടുമടക്കുന്ന കാഴ്ച അതീവ വേദനാജനകമാണ്. അതിജീവനത്തിനായുള്ള പോരാട്ടത്തിൽ ഏവരും അതീവ ജാഗ്രതയോടെയാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. കൊറോണയെ നേരിടുവാനുള്ള യത്നങ്ങളിൽ നിസ്വാർത്ഥ സേവനം അനുഷ്ഠിക്കുന്ന ആരോഗ്യപ്രവർത്തകർ, ഭരണകൂടം, പോലീസ്, സന്നദ്ധപ്രവർത്തകർ എന്നിവരുടെ സേവനങ്ങളെ നന്ദിയോടെ സ്മരിക്കാം. പകർച്ചവ്യാധിയുമായുള്ള പോരാട്ടത്തിനിടയിൽ ജീവൻ പൊലിഞ്ഞ ഏവരുടെയും പാവനസ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

അഭിവന്ദ്യ മോസ്റ്റ് റവ. ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ സെന്ററിന്റെ ചെയർമാനായി നേതൃത്വം നൽകി വരുന്നു. റവ. ബോബി മാത്യു ഡയറക്ടറായും റവ. ജോസഫ് ജോണി ട്രഷാറാറായും സേവനം അനുഷ്ഠിച്ചു.

പട്ടക്കാരുടെ തുടർ വിദ്യാഭ്യാസ പദ്ധതി (CCEP): പട്ടക്കാരുടെ തുടർ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി 2019 സെപ്റ്റംബർ 23 - 27 വരെ പഠനക്ലാസ്സുകൾ സെന്ററിൽ നടത്തപ്പെട്ടു. "പൊതു ഇടങ്ങളിലെ ഇടയ ശുശ്രൂഷ: സാധ്യതകളും വെല്ലുവിളികളും" എന്ന മുഖ്യവിഷയത്തെ ആസ്പദമാക്കി പഠനങ്ങൾ ക്രമീകരിച്ചു. വിവിധ ഭദ്രാസനത്തിൽനിന്നും 40 വൈദികർ പങ്കെടുത്തു.

ഡോ. തോമസ് മാർ അത്താനാസ്യോസ് മെമ്മോറിയൽ പ്രഭാഷണം: 33-ാമത് ഡോ. തോമസ് മാർ അത്താനാസ്യോസ് മെമ്മോറിയൽ പ്രഭാഷണം 2019 നവംബർ 23-ന് സെന്ററിൽ നടത്തപ്പെട്ടു. മോസ്റ്റ് റവ. ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ച മീറ്റിംഗിൽ റവ. ഡോ. സി.ഐ. ഡേവിഡ് ജോയി (പ്രിൻസിപ്പൽ, കണ്ണമ്മൂല സെമിനാരി, തിരുവനന്തപുരം) "അവഗണിക്കപ്പെട്ടവരുടെ ശബ്ദങ്ങൾ: ഒരു വേദപുസ്തക ഭാഷ്യതന്ത്രം" എന്ന വിഷയത്തെ ആസ്പദമാക്കി പ്രഭാഷണം നടത്തി.

ക്രിസ്തുമസ് കാരൾ സർവ്വീസ്: ക്രിസ്തുമസ് കാരൾ സർവ്വീസ് മല്ലപ്പള്ളി ആശ്രയ വയോജന മന്ദിരത്തിൽവച്ച് 2019 ഡിസംബർ 21-ന് നടത്തപ്പെട്ടു. വെരി. റവ. ജോർജ് സഖറിയാ പി. ക്രിസ്തുമസ് സന്ദേശം നൽകി. ആശ്രയ കുടുംബാംഗങ്ങൾ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.

കറന്റ് അഫയേഴ്സ് ഫോറം: എല്ലാ മാസവും സെന്ററിൽ വച്ച് സമകാലീന വിഷയത്തെ ആസ്പദമാക്കി ചർച്ചകളും പഠനങ്ങളും ക്രമീകരിച്ചു. താഴെപ്പറയുന്ന വിഷയങ്ങൾ ആസ്പദമാക്കി പഠനങ്ങൾ നടത്തി.

ഇന്ത്യൻ ജനാധിപത്യത്തിന്റെ ഭാവി -റവ. സജീവ് തോമസ്
രാഷ്ട്രീയവും ദൈവശാസ്ത്രവും- റവ. ഡോ. വൈ. റ്റി. വിനയരാജ്
കാശ്മീർ: രാഷ്ട്രീയ പ്രതിസന്ധികൾ- ഡോ. നെബു ജോൺ ഏബ്രഹാം
പൗരത്വബില്ലും സാമൂഹിക രാഷ്ട്രീയ പ്രത്യാഘാതങ്ങളും- ഡോ. സി. മാത്യു ജോസഫ്

ഏവൻഗേലിയോൻ പഠനകൂട്ടായ്മ: ഏവൻഗേലിയോൻ വേദഭാഗത്തെ ആസ്പദമാക്കി എല്ലാ മാസത്തിന്റെയും അവസാന ആഴ്ച ഏവൻഗേലിയോൻ പഠന കൂട്ടായ്മ സെന്ററിൽ നടത്തപ്പെട്ടു.

ഓറിയന്റേഷൻ പ്രോഗ്രാം: നോർത്ത് അമേരിക്ക-യൂറോപ്പ് എന്നീ സ്ഥലങ്ങളിലേക്ക് ശുശ്രൂഷയ്ക്കായി നിയോഗിക്കപ്പെട്ട പട്ടക്കാർക്കായി ഒരു ഓറിയന്റേഷൻ പ്രോഗ്രാം 2020 ഫെബ്രുവരി 20, 21 തീയതികളിൽ സെന്ററിൽ നടത്തപ്പെട്ടു. മോസ്റ്റ് റവ. ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ പ്രോഗ്രാം ഉത്ഘാടനം ചെയ്തു. റൈറ്റ് റവ. ഡോ. ഐസക് മാർ ഫിലക്സിനോസ് എപ്പിസ്ക്കോപ്പാ നേതൃത്വം നൽകി.

പാരീഷ് മിനിസ്ട്രി: മാരാമൺ കൺവൻഷനോടനുബന്ധിച്ച് പതിവുപോലെ പാരീഷ് മിനിസ്ട്രി പ്രസിദ്ധീകരിച്ചു. 'പൊതു ഇടങ്ങളിലെ ഇടയശുശ്രൂഷ: സാദ്ധ്യതകളും വെല്ലുവിളികളും' എന്ന വിഷയത്തെ ആസ്പദമാക്കി ബൈബിൾ പഠനങ്ങളും ലേഖനങ്ങളും ഇടയശുശ്രൂഷയുടെ പ്രായോഗിക മാനങ്ങളെക്കുറിച്ചുള്ള ലേഖനങ്ങളും പാരീഷ് മിനിസ്ട്രിയുടെ ഉള്ളടക്കമായി ചേർത്തിട്ടുണ്ട്.

പ്രതിദിന വേദപഠന സഹായി, Every Day with the Word റിപ്പോർട്ടു വർഷം മലയാളത്തിലും ഇംഗ്ലീഷിലുമായി മൂന്നു ലക്കങ്ങൾ പ്രസിദ്ധീകരിച്ചു. 2019 ജൂലൈ - ഒക്ടോബർ- ഉൽപ്പത്തിപുസ്തകം. 2019 നവംബർ - 2020 ഫെബ്രുവരി- ക്രിസ്തീയ കാര്യവിചാരകത്വം. 2020 മാർച്ച് - ജൂൺ-കാരാഗൃഹ ലേഖനങ്ങൾ & യുഗാന്ത്യ ലേഖനങ്ങൾ

റവ. ഡോ. വി.എസ്. വർഗീസ് വേദപഠന സഹായിയുടെ ചീഫ് എഡിറ്ററായും റവ. ഏബ്രഹാം സ്കറിയാ Every Day with the word -ന്റെ ചീഫ് എഡിറ്ററായും റവ. ബോബി മാത്യു ഇരു പ്രസിദ്ധീകരണങ്ങളുടെയും മാനേജരായും പ്രവർത്തിച്ചു.

ലൈബ്രറി: ലൈബ്രറിയിൽ 12500-ൽ പരം പുസ്തകങ്ങളുടെയും ആനുകാലിക പ്രസിദ്ധീകരണങ്ങളുടെയും ഒരു ശേഖരം ഉണ്ട്. പട്ടക്കാർ, ബി.റ്റി.എച്ച്., ബി.ഡി., എം.റ്റി.എച്ച്., ഡി.റ്റി.എച്ച് വിദ്യാർത്ഥികൾ, യൂണിവേഴ്സിറ്റി റിസേർച്ച് വിദ്യാർത്ഥികൾ, അത്മായർ എന്നിവർ പൂർണ്ണമായും കമ്പ്യൂട്ടറൈസ് ചെയ്ത ലൈബ്രറി ഉപയോഗിക്കുന്നു.

സ്കോളർഷിപ്പ് പ്രോഗ്രാം: ജർമ്മനിയിലെ കാസൽ ഡയോസിസിന്റെ ആഭിമുഖ്യത്തിലുള്ള ക്രിസ്ത്യൻ എഡ്യുക്കേഷൻ ഫ ് (CEF) ജനറൽ സെക്രട്ടറി Fr. Bernd Kappes മാർച്ച് 9-ന് സെന്റർ സന്ദർശിക്കുകയും സ്കോളർഷിപ്പ് പ്രോഗ്രാം അടുത്ത സാമ്പത്തിക വർഷം മുതൽ ആരംഭിക്കുന്നതിനുള്ള സാമ്പത്തിക സഹായം അനുവദിക്കുകയും ചെയ്തു.

മഴവെള്ള സംഭരണി: വെള്ളത്തിന്റെ ദൗർലഭ്യം പരിഹരിക്കുവാനായി മഴവെള്ളസംഭരണി തന്നാണ്ടിൽ നിർമ്മിച്ചു.പതിനാറായിരം ലിറ്റർ വെള്ളം സംഭരിക്കുവാനുള്ള ശേഷി മഴവെള്ള സംഭരണിക്ക് ഉണ്ട്. ഇതിനാവശ്യമായ സാമ്പത്തിക സഹായം നൽകിയ കുവൈറ്റ് സാൽമിയ സെന്റ് തോമസ് മാർത്തോമ്മാ ഇടവകയോടും വികാരി റവ. ജിജി മാത്യുവിനോടുമുള്ള നന്ദി അറിയിക്കുന്നു.

സൗണ്ട് സിസ്റ്റം: ദീർഘ വർഷങ്ങളായി ഉപയോഗിച്ചു വന്ന പഴയ മൈക്ക് സിസ്റ്റം മാറ്റി പുതിയത് വാങ്ങി സ്ഥാപിക്കുന്നതിന് തന്നാണ്ടിൽ സാധിച്ചു.

യാത്രയയപ്പ് സമ്മേളനം: അഞ്ച് വർഷം ഡയറക്ടറായി സ്തുത്യർഹമായ ശുശ്രൂഷ ചെയ്ത റവ. ഡോ. ജോൺ ഫിലിപ്പ് അട്ടത്തറയിൽ, രണ്ട് വർഷം ട്രഷറായി പ്രവർത്തിച്ച റവ. ഡോ. മോനി മാത്യു എന്നിവർക്ക് 2019 ഏപ്രിൽ 23-ന് മോസ്റ്റ് റവ. ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സമുചിതമായ യാത്ര അയപ്പ് നൽകി.

സുവിശേഷ വേലയ്ക്കായി സമർപ്പിക്കപ്പെട്ടവരുടെ സമ്മേളനം: കോട്ടയം-കൊച്ചി ഭദ്രാസനയുവജനസഖ്യം മിഷൻ-ഇവാഞ്ചലിസം സബ്കമ്മിറ്റിയോടു ചേർന്ന് ഒക്ടോബർ 11,12 തീയതികളിൽ സുവിശേഷ വേലക്കായി സമർപ്പിക്കപ്പെട്ട യുവജനങ്ങളുടെ സമ്മേളനം നടത്തി. ഇരുപത് യുവജനങ്ങൾ ഈ കോൺഫ്രൻസിൽ സംബന്ധിച്ചു.

ക്യാമ്പ്, കോൺഫ്രൻസ്: ആനപ്രമ്പാൽ മാർത്തോമ്മ സേവികാസംഘം റിട്രീറ്റ്, പുതുപ്പള്ളി സെന്റർ സണ്ടേസ്കൂൾ ക്യാമ്പ്, വൈദികരുടെ മക്കളുടെ ദ്വിദിന ക്യാമ്പ്, കുവൈറ്റ് സെന്റ് തോമസ് മാർത്തോമ്മ ഇടവക ഹോം ലാൻഡ് ഫെലോഷിപ്പ് എന്നീ സമ്മേളനങ്ങൾക്ക് തന്നാണ്ടിൽ ആതിഥ്യമരുളി.

5.5.തോമസ് മാർ അത്താനാസ്യോസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൗൺസിലിംഗ്, അമലഗിരി, കോട്ടയം

സമഗ്ര സൗഖ്യദായക ശുശ്രൂഷയിൽ 36 വർഷം പൂർത്തിയാക്കുവാൻ ടി.എം.എ. കൗൺസിലിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന് ദൈവം കൃപ നൽകി. സെറാംപൂർ സർവ്വകലാശാലയുടെ അംഗീകാരമുള്ള ഇൻസ്റ്റിറ്റ്യൂട്ടിന്റെ സേവനം ജാതിമത ഭേദമെന്യേ അനേകർ പ്രയോജനപ്പെടുത്തുന്നു. റിപ്പോർട്ടുവർഷം മോസ്റ്റ് റവ. ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോ

ലീത്താ അദ്ധ്യക്ഷനായുള്ള ഗവേണിംഗ് ബോർഡ്, ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭരണം സുഗമമായി നിർവ്വഹിച്ചു. ഡയറക്ടർ റവ. ഡോ. ജേക്കബ് ചെറിയാനെ കൂടാതെ റവ. ജോസഫ് മാത്യു, റവ. ഡോ. ജേക്കബ് ജോർജ്ജ്, എന്നിവർ ഫുൾടൈം ഫാക്കൽറ്റി അംഗങ്ങളായി പ്രവർത്തിക്കുന്നു. റവ. ഡെന്നി ഫിലിപ്പ് വിസിറ്റിംഗ് ഫാക്കൽറ്റിയായും ശ്രീ. ഏബ്രഹാം ഇട്ടിച്ചെറിയ ട്രഷറാറായും ശ്രീമതി അനില എലിസബത്ത് മാത്യു അഡ്മനിസ്ട്രേറ്റീവ് അസിസ്റ്റന്റായും ശ്രീ. ജോൺ തോമസ് സൂപ്പർവൈസറായും സേവനം ചെയ്യുന്നു.

1. കൗൺസിലിംഗ് ക്ലിനിക്ക്: ഈ വർഷം 1010 കൗൺസിലിംഗ് സെഷനുകൾ നടത്തി. അതിൽ 427 പേർ പുതിയതായി രജിസ്റ്റർ ചെയ്തവരായിരുന്നു.

2. ബേസിക്ക് സ്കിൽസ് ഇൻ കൗൺസിലിംഗ്: റിപ്പോർട്ടു വർഷം ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള ശനിയാഴ്ചകളിൽ കൗൺസിലിംഗിൽ അടിസ്ഥാന പരിശീലനം നൽകി. പ്രസ്തുത കോഴ്സിൽ വിവിധ മതവിഭാഗങ്ങൾപ്പെട്ട 6 പേർ പരിശീലനം പൂർത്തിയാക്കി.

3. ഡിപ്ലോമ ഇൻ ക്ലിനിക്കൽ പാസ്റ്ററൽ കൗൺസിലിംഗ്: സെറാംപൂർ സർവ്വകലാശാലയുടെ അംഗീകാരത്തോടെ നടത്തപ്പെടുന്ന ഡിപ്ലോമ ഇൻ ക്ലിനിക്കൽ പാസ്റ്ററൽ കൗൺസിലിംഗിൽ ഭാരതത്തിന്റെ വിവിധ സംസ്ഥാനങ്ങളിൽ നിന്ന് 5 പേർ പഠനം പൂർത്തിയാക്കി. കഴിഞ്ഞ വർഷം യൂണിവേഴ്സിറ്റി പരീക്ഷ എഴുതിയവരിൽ 6 പേർക്ക് ഡിപ്ലോമ ലഭിച്ചു.

4. മാസ്റ്റേഴ്സ് ഇൻ കൗൺസിലിംഗ് ആന്റ് സൈക്കോതെറാപ്പി: സെറാംപൂർ സർവ്വകലാശാലയുടെ അംഗീകാരത്തോടെ നടത്തപ്പെടുന്ന മാസ്റ്റേഴ്സ് ഇൻ കൗൺസിലിംഗ് ആന്റ് സൈക്കോതെറാപ്പി എന്ന ബിരുദാനന്തര ബിരുദ കോഴ്സിൽ 26 കുട്ടികൾ, 16 പേർ രണ്ടാം വർഷത്തിലും 10 പേർ ഒന്നാം വർഷത്തിലും പഠനം നടത്തി. കഴിഞ്ഞ വർഷം യൂണിവേഴ്സിറ്റി പരീ ക്ഷ എഴുതിയ 13 പേരും മാസ്റ്റേഴ്സ് ഡിഗ്രിക്ക് അർഹരായി.

5. ശില്പശാലകൾ/പഠനക്കളരികൾ: ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ കൗൺസിലിംഗ്, ഫാമിലി തെറാപ്പി തുടങ്ങിയ വിഷയങ്ങളിൽ പൊതുജനങ്ങൾക്കും കൗൺസിലർമാർക്കും പ്രയോജനപ്രദമായ ശില്ശാലകൾ നടത്തുന്നു. Cognitive behaviour തെറാപ്പിയിൽ നടത്തിയ ശില്പശാലയിൽ 14 പേർ പങ്കെടുത്തു.

6. കുടുംബ ശാക്തീകരണ സെമിനാർ: നോർത്ത് പറവൂർ, മ്ലാമല, വണ്ടിപ്പെരിയാർ, പൊയ്ക എന്നീ മിഷൻ ഫീൽഡുകളിൽ ക്രമീകരിച്ച കുടുംബ ശാക്തീകരണ സെമിനാർ, ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ നടത്തി.

7. പൂർവ്വവിദ്യാർത്ഥി വാർഷിക സമ്മേളനം: ഇൻസ്റ്റിറ്റ്യൂട്ടിന്റെ പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ വാർഷിക സമ്മേളനം ഒക്ടോബർ 2-ന് നടത്തി. 28 പേർ പങ്കെടുത്ത സമ്മേളനത്തിൽ Object Relations Therapy എന്ന വിഷയത്തെ അടിസ്ഥാനമാക്കി പ്രായോഗിക പരിശീലനം റവ. ഡോ. ജേക്കബ് ചെറിയാൻ നൽകി. ശ്രീ. ഫിലിപ്പ് ജോൺസൺ സെക്രട്ടറിയായും ശ്രീ. ജോർജ്ജ് ജോസഫ് ട്രഷറാറായും പ്രവർത്തിച്ചുവരുന്നു.

8. ബിരുദാനന്തര സമ്മേളനം: പ്രസ്തുത വർഷത്തിൽ ഡിപ്ലോമ ഇൻ ക്ലിനിക്കൽ പാസ്റ്ററൽ കൗൺസിലിംഗ് പഠനം പൂർത്തിയാക്കിയ 5 വിദ്യാർത്ഥികൾക്കും മാസ്റ്റേഴ്സ് ഇൻ കൗൺസിലിംഗ് ആന്റ് സൈക്കോ തെറാപ്പി പഠനം പൂർത്തിയാക്കിയ 16 വിദ്യാർത്ഥികൾക്കും റവ. ഡോ. ജേക്കബ് ചെറിയാൻ 2020 മാർച്ച് 18-ന് സർട്ടിഫിക്കറ്റ് നൽകി.

5.6 ഈശോ മാർ തിമൊഥെയൊസ് സെന്റർ ഫോർ ഇവാഞ്ചലിസം & റൂറൽ ഡവലപ്പ്മെന്റ് സീഹോറാ

സുവിശേഷ പ്രവർത്തനങ്ങൾക്കായി ജീവിതം സമർപ്പിച്ച് സീഹോറ ആശ്രമാംഗമായി പ്രവർത്തിക്കുകയും തുടർന്ന് സഭയിൽ എപ്പിസ്കോപ്പാ ആയി ആവരോധിക്കപ്പെടുകയും ചെയ്ത ഭാഗ്യസ്മരണീയനായ ഈശോ മാർ തിമൊഥെയോസ് തിരുമേനിയുടെ സ്മാരകമായി 1989ൽ ഈ പരിശീലന കേന്ദ്രം മാർത്തോമ്മാസഭ സുവിശേഷകപ്രസംഗസംഘത്തോട് ചേർന്ന് ആരംഭിച്ചു. സുവിശേഷവേലക്കായി യുവാക്കളെ പരിശീലിപ്പിക്കുന്ന ദൗത്യത്തിൽ 30 സംവത്സരങ്ങൾ പിന്നിടുന്ന ഈ സ്ഥാപനത്തിൽ നിന്നും ഇതിനോടകം 125 ൽ പരം യുവാക്കൾ പരിശീലനം പൂർത്തിയാക്കി വിവിധ സ്ഥലങ്ങളിൽ സുവിശേഷസാക്ഷികളായി പ്രവർത്തിക്കുന്നു. പിന്നിട്ട നാളുകളിൽ വ്യാപരിച്ച ദൈവകൃപയെ നന്ദിയോടെ സ്മരിക്കുന്നു.

2019 -20 അദ്ധ്യയന വർഷം: വർഷാരംഭ റിട്രീറ്റിനും വി. കുർബ്ബാനയ്ക്കും റവ. ജോൺസൺ എം. ജോൺ (ലിയൊനാർഡ് തിയോളജിക്കൽ കോളേജ്, ജബൽപ്പൂർ) നേതൃത്വം നൽകി. ജൂലായ് 1 ന് ക്ലാസുകൾ ആരംഭിച്ചു. 3 വർഷത്തെ കോഴ്സാണ് ഇവിടെ നടത്തപ്പെടുന്നത്. ഈ അദ്ധ്യയന വർഷം 3 ബാച്ചുകളിലായി 7 വിദ്യാർത്ഥികൾ അഭ്യസനം നടത്തി (മൂന്നാം വർഷം 2, രണ്ടാം വർഷം 2, ഒന്നാം വർഷം 3). രണ്ട് സെമസ്റ്ററുകളായി ക്ലാസുകൾ ക്രമീകരിച്ചു. പഴയനിയമം, പുതിയനിയമം, ദൈവശാസ്ത്രം, ക്രിസ്തീയ വിദ്യാഭ്യാസം, വിശ്വാസാചാരങ്ങൾ, മിഷൻ, ഗ്രാമവികസനം, ഇംഗ്ലീഷ്, ഹിന്ദി ഭാഷാപഠനം എന്നിവ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു.

പ്രായോഗിക പരിശീലനം: ശനി ഞായർ ദിവസങ്ങൾ പ്രായോഗിക പരിശീലനത്തിനായി വേർതിരിച്ചിരിക്കുന്നു. ഗ്രാമ സന്ദർശനത്തോടൊപ്പം വിവിധ സെന്ററുകളിലെ ഗ്രാമജ്യോതി സ്കൂളുകൾ സന്ദർശിച്ച് കുട്ടികൾക്കായി ബാലസഭകൾ നടത്തുന്നു. ഞായറാഴ്ച ആരാധന, പ്രാർത്ഥനായോഗങ്ങൾ, സണ്ടേസ്കൂൾ, യുവജനസഖ്യം, പ്രാർത്ഥനായോഗങ്ങൾ എന്നിവയിൽ നേതൃത്വം നൽകുന്നു. ഒന്നാം സെമസ്റ്റർ പരീക്ഷയെത്തുടർന്ന് വർദ്ധാമിഷൻ, ഛത്തീസ്ഗഡ് മിഷൻ (ബിലാസ്പൂർ) എന്നിവിടങ്ങളിൽ വിദ്യാർത്ഥികളെ 2 ആഴ്ചത്തെ പ്രായോഗിക പരിശീലനത്തിനായി അയച്ചു. സത്ധാര എന്ന സ്ഥലത്ത് നടത്തപ്പെടുന്ന മേളയിൽ സുവിശേഷകരോടും ആശ്രമ അംഗങ്ങളോടുമൊപ്പം സുവിശേഷ പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികൾ പങ്കാളികളായി. ആശ്രമത്തിന്റെ ഇതര ശുശ്രൂഷാമേഖലകളിലും വിദ്യാർത്ഥികളുടെ സഹകരണം പ്രത്യേകം പ്രസ്താവ്യമാണ്.

മാരാമൺ കൺവൻഷൻ ശതോത്തര രജതജൂബിലി ഒരുക്കങ്ങളുടെ ഭാഗമായി സീഹോറയിൽ വച്ച് നടത്തപ്പെട്ട ഹിന്ദിമേഖലയിലെ വിശ്വാസി സമ്മേളനം, ആശ്രമദിന പരിപാടികൾ എന്നിവയിൽ വിദ്യാർത്ഥികൾ പങ്കാളിത്തം വഹിച്ചു. മിഷൻ സെന്ററുകളിൽ നടത്തപ്പെട്ട വി.ബി.എസ്സ്, ക്രിസ്തുമസ് പരിപാടികൾ എന്നിവയിൽ സജീവമായി പങ്കെടുത്തു. ഖരിയാർ റോഡിൽ വച്ചു നടന്ന നോർത്ത് ഇന്ത്യയിലെ സുവിശേഷകരുടെ സമ്മേളനത്തിൽ അവസാനവർഷ വിദ്യാർത്ഥികളും മാരാമൺ കൺവൻഷനിൽ രണ്ടാംവർഷ വിദ്യാർത്ഥികളും പങ്കെടുത്തു.

റവ. മാത്യു കെ. ചാണ്ടി സെന്ററിന്റെ പ്രിൻസിപ്പാളായും റവ. ഷിബു ജോർജ്ജ്, റവ. എം. മാത്യൂ, ശ്രീ. യുഹാൻ മിശ്ര, ശ്രീ. റോഷിൻ എ. സാം, സിസ്റ്റർ സാറാമ്മ മാത്യൂ, സിസ്റ്റർ റ്റി.കെ. മറിയാമ്മ, ശ്രീമതി പ്രഭാദാസ് എന്നിവർ അദ്ധ്യാപകരായും സേവനം അനുഷ്ഠിച്ചു.

യേശു ക്രിസ്തുവിന്റെ സാക്ഷികളായി ഭാരത ഗ്രാമങ്ങളിൽ ജീവിക്കുന്നതിനും ദൈവസ്നേഹം പങ്കിടുന്നതിനും ജീവിതം സമർപ്പിക്കുന്ന യുവാക്കൾക്ക് പരിശീലനം നൽകുന്ന ഈശോ മാർ തിമൊഥെയോസ് സ്മാരക സെന്ററിന്റെ പ്രവർത്തനങ്ങൾക്ക് സഭയായും സുവിശേഷ പ്രസംഗസംഘമായും നൽകുന്ന നല്ല നേതൃത്വത്തെ നന്ദിപൂർവ്വം സ്മരിക്കുന്നു. അഭിവന്ദ്യ മെത്രാപ്പോലീത്ത തിരുമേനിയോടും ഗവേണിംഗ് ബോർഡ് അംഗങ്ങളോടും നന്ദി രേഖപ്പെടുത്തുന്നു. എല്ലാ സ്നേഹിതരുടേയും ആത്മാർത്ഥമായ പ്രാർത്ഥനയ്ക്കും സഹകരണത്തിനും നന്ദി അറിയിച്ചു കൊണ്ട് റിപ്പോർട്ട് ഉപസംഹരിക്കുന്നു.

5.7 ഈശോ മാർ തിമൊഥെയോസ് മെമ്മോറിയൽ ഇവാഞ്ചലിസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിററ്യൂട്ട്, ഹോസ്ക്കോട്ട്.

ഭാഗ്യസ്മരണീയനായ ഈശോമാർ തിമോഥെയോസ് തിരുമേനിയുടെ നാമധേയത്തിൽ, തിരുമേനിയുടെ സുവി

ശേഷ ദർശനം ഉൾക്കൊണ്ടു കൊണ്ട് 1991 ൽ ഹോസ്ക്കോട്ടേയിൽ സ്ഥാപിതമായ പ്രസ്ഥാനമാണ് ഈശോ മാർ തിമോഥെയോ സ് സ്മാരക സുവിശേഷ പരിശീലനകേന്ദ്രം. കർണ്ണാടക, ആന്ധ്രാപ്രദേശ്, തെലുങ്കാന എന്നീ സംസ്ഥാനങ്ങളിലെ സുവിശേഷീകരണം ലക്ഷ്യമിട്ടു കൊണ്ട്, സമർപ്പിതരായ സുവിശേഷ കരെ പരിശീലനത്തിലൂടെ വാർത്തെടുക്കാൻ ഈ സ്ഥാപത്തിലൂടെ സാധ്യമായിക്കൊണ്ടിരിക്കുന്നു. ഈ സ്ഥാപനത്തിൽ നിന്നും അനേകം പേർ പഠനം പൂർത്തിയാക്കി വിവിധ മിഷൻ ഫീൽഡുകളിൽ സുവിശേഷകരായി പ്രവർത്തിക്കുന്നു.

Faculty: 7 അദ്ധ്യാപകർ അടങ്ങുന്ന ഒരു ടീം ക്ലാസ്സുകൾക്ക് നേതൃത്വം നൽകുന്നു. റവ. ബിജോയി ഡാനിയേൽ പ്രിൻസിപ്പാൾ ആയും റവ. ലിജോ. ജെ. ജോസഫ് വാർഡനായും പ്രവർത്തിക്കുന്നു.

വിദ്യാർത്ഥികൾ: പഠനത്തിനു വരുന്ന വിദ്യാർത്ഥികളുടെ എണ്ണം ഇന്ന് ബൈബിൾ സ്കൂൾ നേരിടുന്ന ഏറ്റവും വലിയ വെല്ലു വിളിയാണ്. നിലവിൽ 2 വിദ്യാർത്ഥികൾ ഇപ്പോൾ ക്യാമ്പസിൽ താമസിച്ച് അഭ്യസനം നടത്തിവരുന്നു ശ്രീ നരേഷ. എ., ശ്രീ. ശേഖർ ഡി., ശ്രീ. ആനന്ദ് ജി.എൻ. എന്നിവർ പഠനം പൂർത്തിയാക്കി. എണ്ണം കുറവെങ്കിലും വിദ്യാർത്ഥികൾക്ക് ശരിയായ പരിശീലനം നൽകുവാൻ ബൈബിൾ സ്കൂൾ പ്രത്യേകം ശ്രദ്ധിക്കുന്നു.

ആരാധന: രാവിലെയും വൈകിട്ടുമുള്ള ആരാധനയും മധ്യസ്ഥ പ്രാർത്ഥനയും ബൈബിൾ സ്കൂളിലെ ഒരു പ്രധാനപ്പെട്ട ഘടകമാണ്. രാവിലെ 6.30ന് ബൈബിൾ സ്കൂളിൽ തയ്യാറാക്കിയിരിക്കുന്ന ചാപ്പലിൽ വിദ്യാർത്ഥികൾ പ്രാർത്ഥനയ്ക്കായി കൂടിവരുന്നു. വിദ്യാർത്ഥികൾ തന്നെ ആരാധനയ്ക്ക് നേതൃത്വം നൽ കുകയും ചെയ്യുന്നു.

പ്രായോഗിക പരിശീലനം: പ്രായോഗിക പരിശീലനത്തിനായി ഞായറാഴ്ചകളിൽ വിദ്യാർത്ഥികളെ വിവിധ ഗ്രാമങ്ങളിൽ നിയോഗിക്കുന്നു. അവിടെ ആരാധന, പ്രാർത്ഥനകൾ, സണ്ടേസ്കൂൾ, യൂത്ത് മീറ്റിംഗ് ഭവനസന്ദർശനം എന്നിവ നടത്തി വിദ്യാർത്ഥികൾ പ്രായോഗിക പരിശീലനം നേടിവരുന്നു. കൂടാതെ ക്രമമായി ഗ്രാമ സന്ദർശനം, ആശുപത്രി സന്ദർശനം എന്നിവ നടത്തി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യുന്നു. കൂടാതെ വി.ബി.എസ് ക്ലാസുകൾക്കും വിദ്യാർത്ഥികൾ നേതൃത്വം നൽകുന്നു.

5.8 ഡോ. അലക്സാർ മാർത്തോമ്മ വലിയ മെത്രാപ്പോലീത്താ സ്മാരകധർമ്മ ജ്യോതി വിദ്യാപീഠം, ഫരീദാബാദ്, ഹരിയാന

ദൈവശാസ്ത്ര സാമൂഹിക വികസന പഠനത്തിനും ഗവേഷണത്തിനും ഊന്നൽ നൽകികൊണ്ട് 2000 ജൂൺ മാസം ആരംഭിച്ച ധർമ്മജ്യോതി വിദ്യാപീഠ് അതിന്റെ ശുശ്രൂഷയിൽ രണ്ട് പതിറ്റാണ്ടുകൾ പിന്നിട്ടു. സുവിശേഷീകരണത്തിനും സഭയുടെ പട്ടത്വശുശ്രൂഷയ്ക്കും ഒരുപോലെ ഊന്നൽ നൽകി അഭ്യസനം നടത്തിവരുന്നു. മാർത്തോമ്മാ, യാക്കോബായ, ലൂഥറൻ, കൽദായ ഇൻഡിപ്പെൻഡന്റ് വിഭാഗങ്ങളിൽപെട്ട വിദ്യാർത്ഥി കൾ ഇവിടെ പഠിക്കുന്നുണ്ട്. ഈ വർഷം 53 വിദ്യാർത്ഥികൾ സെമിനാരിയിൽ താമസിച്ച് ബി.ഡി. പഠനം നടത്തി. ബിഡി കോഴ്സിനോടൊപ്പം ബി.സി.എസ്, ഡി.സി.പി.സി, ഡി. സി.എസ് എന്നീ കോഴ്സുകളും നടത്തിവരുന്നു. പുതിയ അദ്ധ്യയന വർഷം ജൂലൈ മാസം 2 നു അഭിവന്ദ്യ ഗ്രിഗോറിയോസ് മാർ സ്തേഫാനോസ് എപ്പിസ്കോപ്പാ ഉദ്ഘാടനം ചെയ്തു ആരംഭിച്ചു. റവ. ഡോ. ജോസഫ് ഡാനിയേൽ ഒന്നാം സെമസ്റ്റർ അദ്ധ്യാപക റിട്രീറ്റിനും കമ്മ്യൂണിറ്റി റിട്രീറ്റിനും, റവ. ജോളി തോമസ് രണ്ടാം സെമസ്റ്റർ റിട്രീറ്റിനും നേതൃത്വം നൽകി. ഞായറാഴ്ച പ്രായോഗിക പരിശീലനത്തിനായി ഡൽഹി സെന്ററിലുള്ള വിവിധ സഭകളുടെ ഇടവകകളിൽ വിദ്യാർത്ഥികളെ അയച്ചു വരുന്നു. കാർഡുമായി ചേർന്ന് അറുവ ഗ്രാമത്തിലുള്ള പാമ്പുപിടുത്തക്കാരായ സപ്പേരാ സമൂഹത്തിലെ കുട്ടികളുടെ ഇടയിൽ ലൈറ്റ് റ്റു ലൈഫ് എന്ന പരിപാടിയുടെ ഭാഗമായി വിദ്യാർത്ഥികൾക്ക് ട്യൂഷനും, പഠന ഉപകരണങ്ങളും, വൈകുന്നേരത്തെ ഭക്ഷണവും നൽകിവരുന്നു. വിശേഷ ദിവസങ്ങളിൽ പ്രത്യേകം ആരാധന ക്രമീകരിച്ചു. ഡൽഹി സെന്റ് പിറ്റേഴ്സ് ഇടവകയുടെ യൂത്ത് ക്യാമ്പും, നോയിഡ ഇമ്മാനുവേൽ ഇടവകയുടെ സണ്ടേ സ്ക്കൂൾ ക്യാമ്പും ഇവിടെ നടന്നു. 2019 ഡിസംബർ 8 ന് സെമിനാരിയിൽ നടത്തിയ ക്രിസ്തുമസ് കാരളിന് വിവിധ ഇടവകളിൽ നിന്നുള്ള പട്ടക്കാരും ഇടവക അംഗങ്ങളും പങ്കെടുത്തു. അഭിവന്ദ്യ ഗ്രിഗോറിയോസ് മാർ സ്തേഫാനോസ് എപ്പിസ്കോപ്പാ ക്രിസ്തുമസ്സ് ദൂത് നൽകി. 2020 ജനുവരി 13,14 തീയതികളിൽ ജൂബിലി 14 ചെയറിന്റെ ആഭിമുഖ്യത്തിൽ നാഷണൽ സെമിനാർ നടന്നു. റവ. ഡോ. കെ. വിജയൻ, റവ. ഡോ. ബൈജു മർക്കോസ്, ശ്രീ. സാമുവേൽ ജോർജ്ജ് എന്നിവർ പേപ്പറുകൾ അവതരിപ്പിച്ചു. വിവിധ സെമിനാരികളിൽ നിന്നുള്ള ഡെലിഗേറ്റ്സ് സെമിനാറിൽ പങ്കെടുത്തു. 2010 ഫെബ്രുവരി 4 ന് ഈശോ മാർ തീമഥെയോസ് സ്മാരക പ്രഭാഷണം നടന്നു. റവ. ഈപ്പൻ മാത്യു നേതൃത്വം നൽകി. തിയോഎക്കോ ഫോറത്തിന്റെ ഈ വർഷത്തെ പ്രവർത്തനങ്ങൾ ഷിക്കാഗോ ലൂഥറൻ സ്കൂൾ ഓഫ് തിയോളജിയിലെ ഡോ. പീറ്റർ വേദനായകമണി ഉദ്ഘാടനം ചെയ്തു. തിയോഎക്കോ ഫോറത്തിന്റെ ആഭിമുഖ്യത്തിൽ ചുറ്റുപാടുമുള്ള സ്കൂൾ കുട്ടികൾക്കു വേണ്ടിയുള്ള പ്രസംഗ ചിത്രരചന മത്സരങ്ങൾ സംഘടിപ്പിച്ചു. കൂടാതെ സെമിനാരി സമൂഹത്തിനു വേണ്ടി ആനുകാലിക പ്രസക്തിയുള്ള വിഷയങ്ങളെക്കുറിച്ചു സംവാദങ്ങളും സംഘടിപ്പിച്ചു.

2020 മാർച്ച് 8 ന് വൈകുന്നേരം 6 മണി മുതൽ സാധു കൊച്ചു കുഞ്ഞ് ഉപദേശി സ്മാരക നോമ്പ് സംഗീത സന്ധ്യയിൽ സെമിനാരി ഗായക സംഘവും ഗാനങ്ങൾ ആലപിച്ചു. അഭിവന്ദ്യ ഡോ. ഗ്രിഗോറിയോസ് മാർ സ്തേഫാനോസ് എപ്പിസ്കോപ്പാ അദ്ധ്യക്ഷത വഹിക്കുകയും, റവ. ഈപ്പൻ വറുഗീസ് ധ്യാനം നടത്തുകയും ചെയ്തു. നാലാം വർഷ വിദ്യാർത്ഥികൾ മിഷൻ ടൂറിന്റെ ഭാഗമായി മാരാമൺ കൺവഷനിലും, തമിഴ്നാട്ടിലുള്ള സഭയുടെ മിഷൻ കേന്ദ്രങ്ങൾ സന്ദർശിക്കുകയും ചെയ്തു. അഭിവന്ദ്യ ഡോ. ഗ്രീഗോറിയോസ് മാർ സ്തേഫാനോസ് എപ്പിസ്കോപ്പാ ചെയർമാനായും, അഭിവന്ദ്യ ഡോ. ഗീവറുഗീസ് മാർ തിയോഡോഷ്യസ് തിരുമേനി കോ ചെയർമാനായുള്ള ഗവേണിംഗ് കമ്മററി സെമിനാരിയുടെ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നു. റവ. ഡോ. സണ്ണി ഇ. മാത്യു (പ്രിൻസിപ്പാൾ) റവ. ഡോ ബൈജു മർക്കോസ്, റവ. ഷിബു കുര്യൻ, റവ. ജോസഫ് ജോൺ, റവ. മനു വറുഗീസ്, റവ. മെറിൻ മാത്യു, മിസ്. ശോഭ് മുനിയപ്പ എന്നിവർ ക്യാമ്പസിൽ താമസിച്ചു ക്ലാസ്സുകൾക്കു നേതൃത്വം നൽകുന്നു. റവ. സോളമൻ എം. പി, റവ. എ.ബി. ബിനു, റവ. ഈപ്പൻ വറുഗീസ് എന്നിവർ ഇടവക സേവനത്തോടൊപ്പം സെമിനാരി അദ്ധ്യാപകരായും പ്രവർത്തിച്ചു.

5.9 ചർച്ച് ആനിമേഷൻ സെന്റർ (CHANCE)

സഭയുടെയും ഇടവകകളുടെയും കർമ്മ പദ്ധതികളെ ചൈതന്യമുള്ളതാക്കുക എന്ന ലക്ഷ്യത്തിൽ ദിവംഗതനായ ഡോ. സഖറിയാസ് മാർ തെയോഫിലോസ് സഫ്രഗൻ മെത്രാപ്പോലീത്ത തിരുമേനിയുടെ എപ്പിസ്കോപ്പൽ രജത ജൂബിലിയോടനുബന്ധിച്ച് സമാരംഭിച്ച ഒരു സ്ഥാപനയാണിത്. ഇടവകകളുടെയും പോഷക സംഘടനകളുടെയും പ്രവർത്തനങ്ങളെ ചേതനയുള്ളതാക്കുവാൻ ഈ സെന്റർ പ്രവർത്തിക്കുന്നു.

അർത്ഥവത്തായ ആരാധനയ്ക്കും സാക്ഷ്യത്തിനും ഏറെ പ്രാധാന്യം നൽകി ഇടവകകളിലും ഭദ്രാസനത്തിലും വിവിധ പരിപാടികൾക്കു നേതൃത്വം നൽകുന്നു. സെന്ററിന്റെ പഠന പരിപോഷണ പരിപാടിയുടെ ഭാഗമായി അടൂർ ഭദ്രാസനത്തിലെ വിവിധ ഇടവകകളിൽ വിശുദ്ധകുർബ്ബാന അനുഷ്ഠിക്കുകയും, വിദ്യാഭ്യാസ മാർഗ്ഗനിർദ്ദേശം, മാധ്യമ ബോധനം, കൗൺസിലിംഗ് എന്നീ വിഷയങ്ങളിൽ സെമിനാറുകൾ നടത്തി. കൊട്ടാരക്കര പുനലൂർ, നിരണം മാരാമൺ, തിരുവനന്തപുരം കൊല്ലം, ചെങ്ങന്നൂർ എന്നീ ഭദ്രാസനങ്ങളിലെ വിവിധ ഇടവകകളിൽ പ്രത്യേക ക്ലാസ്സുകൾക്കും വിശുദ്ധകുർബ്ബാനയ്ക്കും നേതൃത്വം നൽകി. 2019 ഒക്ടോബർ 15 ന് ഓതറ എബനേസർ ഇടവകയിലെ സീനിയർ സിറ്റിസനു വേണ്ടി പ്രത്യേക സെമിനാറും

ഡോക്യുമെന്ററി പ്രദർശനവും നടത്തി. നിരണം മാരാമൺ ഭദ്രാസനം വാരിക്കാട് സെഹിയോൻ ഇടവകയിൽ സംഘടിപ്പിച്ച മുതിർന്ന പൗരന്മാരുടെ സർഗ്ഗവാസന കലാ സംഗമത്തിനു ആനിമേഷൻ സെന്റർ നേതൃത്വം നൽകി. 2019 ഒക്ടോബർ 10 ന് യുവജന സഖ്യത്തിന്റെയും ജർമനിയിലെ Taize Community യുടേയും ആഭിമുഖ്യത്തിൽ ആനിമേഷൻ സെന്ററിൽ ആരാധനയും പഠനസമ്മേളനവും ഡോക്യൂമെന്ററി പ്രദർശനവും നടത്തി. കോഴഞ്ചേരി സെന്റർ സണ്ടേസ്കൂൾ അദ്ധ്യാപകർക്കും കുട്ടികൾക്കും വേണ്ടി നടത്തിയ സമ്മേളന ത്തിൽ സഭയും സെന്റ് തോമസ് പാരമ്പര്യവും എന്ന വിഷയം അവതരിപ്പിച്ച് ഡോക്യുമെന്ററി പ്രദർശനവും നടത്തി. ആനിമേഷൻ സെന്ററിന്റെ മിഷൻ ടു സ്കൂൾ പരിപാടിയുടെ ഭാഗമായി വിവിധ സ്കൂളുകളിൽ മാധ്യമ ബോധനം, വിദ്യാഭ്യാസ മാർഗ്ഗനിർദ്ദേശം, കൗൺസിലിംഗ്, വ്യക്തിത്വ വികസന ക്ലാസ്സുകൾ എന്നിവ നടത്തി. 2019 നവംബർ 19 ന് ആനിമേഷൻ സെന്ററിൽ തിരുവല്ല ഡിസ്ട്രിക്ട് സാൽവേഷൻ ആർമിയുടെ വനിതാ ശുശ്രൂഷകർക്കുവേണ്ടിയുള്ള സമ്മേളനം നടത്തപ്പെട്ടു.

2020 ജനുവരി 12 ന് ആനിമേഷൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ തിരുവല്ല അഭയഭവനിലെ അന്തേവാസികൾക്ക് വിശുദ്ധ കുർബാന അനുഷ്ഠിക്കുകയും, സ്നേഹ സംഗമവും നടത്തി. 2020 ജനുവരി 21 ന് അഖില ലോക ഐക്യപ്രാർത്ഥനയും എക്യൂമെനിക്കൽ സമ്മേളനവും ഈ സെന്ററിൽ വച്ച് നടത്തി. തിരുവല്ല TTIയുടെയും സെന്ററിന്റെയും ആഭിമുഖ്യത്തിൽ കോളേജിലും സെന്ററിലും വിദ്യാർത്ഥികൾക്ക് വേണ്ടി വിവിധ പഠനങ്ങൾ ക്രമീകരിച്ചു. സംവിധായകൻ ശ്രീ. ബ്ലസിയുടെ 'Guinnes world record for longest film award ലഭിച്ച 100 years of Mar Chrysostom, എന്ന ഡോക്യുമെന്ററി സഭാ ജനങ്ങൾക്കും വിദ്യാർത്ഥികൾക്കും വേണ്ടി ആനിമേഷൻ മീഡിയ റൂമിൽ പ്രദർശിപ്പിച്ചു. സെന്ററിന്റെ പാഠ്യപദ്ധതിയുടെ ഭാഗമായി വിവിധ ഗ്രന്ഥങ്ങൾ പ്രസിദ്ധീ കരിച്ചു. ധ്യാനപീഠം ഏറെ ശ്രദ്ധയാകർഷിച്ചു. നേതൃത്വം നല്കിയ ജോസഫ് മാർ ബർന്നബാസ് തിരുമേനിയുടെ പ്രോത്സാഹനത്തിന് നന്ദി. 2020 ഫെബ്രുവരി 9 മുതൽ 16 വരെ മാരാമൺ കൺവൻഷൻ നഗറിൽ ആനിമേഷൻ സെന്റർ, മ്യൂസിയം സ്റ്റാൾ ക്രമീകരിച്ചു. ലോക ചരിത്രത്തിലെ ഏറ്റവും ദാരുണമായ കൊറോണ വൈറസ് കാലഘട്ടത്തിൽ, നഷ്ട ബോധത്തിലും മാനസിക സംഘർഷത്തിലും സുരക്ഷിതത്വമി ല്ലാത്ത അവസ്ഥയിലും കഴിയുന്ന പ്രവാസികൾക്കും ഭാരത ജനതയ്ക്കും സെന്റർ പ്രത്യേക പ്രാർത്ഥനകൾ, ആരാധനകൾ, വീഡിയോ കോൺഫ്രൻസ്, ടെലികൗൺസലിംഗ് എന്നിവ നടത്തി സഹായിച്ചു. ആനിമേഷൻ സെന്ററിലെ കമ്യൂണി ക്കേഷൻ ആന്റ് മീഡിയ റൂമിന്റെ വികസന പ്രവർത്തനം നടക്കുന്നു.

5.10 മാർത്തോമ്മാ സഭാ മ്യൂസിയം & സഭാ റഫറൻസ് ലൈബ്രറി

ചരിത്രബോധം വിശ്വാസസമൂഹത്തിൽ എത്തിക്കുക എന്ന ലക്ഷ്യബോധത്തിൽ പടുത്തുയർത്തിയ മ്യൂസിയം പഴയ പുലാത്തീനിൽ പ്രവർത്തിക്കുന്നു. തീത്തൂസ് ഒന്നാമൻ മെത്രാപ്പോലീത്താ തിരുമേനിയുടെ സ്മരണ നിലനിർത്തുവാൻ തീത്തൂസ് രണ്ടാമൻ തിരുമേനി പണികഴിപ്പിച്ച ഈ ഹെറിറ്റേജ് ഹോം നൂറ് വർഷങ്ങൾ പിന്നിട്ടു. നിരവധി ചരിത്രം പള്ളിയുറങ്ങുന്ന ഈ പഴയ പുലാത്തീൻ സഭാ പൈതൃകത്തിന്റെയും പാരമ്പര്യത്തിന്റെയും നിദർശനമാണ്. മ്യൂസിയവും ആനിമേഷൻ സെന്ററും സന്ദർശിച്ച സഹോദരി സഭയിലെ ബിഷപ്പുമാർ, പ്രത്യേകിച്ച് ഐർലന്റ് ആർച്ച് ബിഷപ്പ് Michael Geoffrey, ആസ്ട്രേലിയ സഭാ പിതാവ് Bishop Dr. Philip L. Freier. നേതൃത്വവും പ്രോത്സാഹനവും നൽകുന്ന ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനി, സഭയിലെ തിരുമേനിമാർ, സഭാ സെക്രട്ടറി, സഭാ ട്രസ്റ്റി, തുടങ്ങിയവരുടെ ഉപദേശം, നിർലോഭ സഹകരണം, കൈത്താങ്ങലുകൾ ഈ മ്യൂസിയത്തിന്റെ വളർച്ചയ്ക്ക് ഏറെ സഹായം ചെയ്യുന്നു. സഭാ ജനങ്ങളിൽ ചരിത്രബോധവും, സ്വത്വബോധവും വർദ്ധിപ്പിക്കുന്ന രീതിയിൽ ചിട്ടപ്പെടുത്തി കൊണ്ടിരിക്കുന്ന ഈ മ്യൂസിയത്തിൽ സഭയുടെ പുരാതന രേഖകളുടെ പകർപ്പ്, ചരിത്ര ഫോട്ടോ ഗാലറി, ഡോക്യുമെന്ററികൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ സ്ഥാപനം വികസനത്തിന്റെ പാതയിലാണ്. ശ്രീ. ബ്ലസ്സി (സിനിമ സംവിധായകൻ) രൂപകല്പന ചെയ്ത Mar Chrysostom Virtual Library Mar Thoma Animation ന് വാഗ്ദാനം ചെയ്തതിൽ നന്ദി അറിയിക്കുന്നു. ആനിമേഷൻ സെന്റർ രൂപപ്പെടുത്തികൊണ്ടിരിക്കുന്ന മറ്റൊരു Virtual Library യുടെ പ്രവർത്തനം പുരോഗമിക്കുന്നു. പ്രശാന്തമായ സാഹചര്യത്തിൽ ധ്യാനത്തിനും, പ്രാർത്ഥനകൾക്കും ഉതകുന്ന മനോഹരമായ ചാപ്പൽ മ്യൂസിയത്തിന് ചാരുതയേകുന്നു.

5.11. യൂഹാനോൻ മാർത്തോമ്മാ & മാത്യൂസ് മാർ അത്താനാസ്യോസ് മെമ്മോറിയൽ സമഗ്ര വികസന കേന്ദ്രം, അയിരൂർ.

മനുഷ്യജീവിതത്തെ രൂപപ്പെടുത്താനുള്ള നിയോഗവഴികളിൽ കാലികമായി നിലകൊള്ളാനുള്ള ദൗത്യം സഭയ്ക്ക് നൽകപ്പെട്ടിരിക്കുന്നു. ദൈവകൃപയിൽ അധിഷ്ഠിതമായ പ്രായോഗിക ദൗത്യനിർവ്വഹണത്തിൽ പങ്കുചേരുക എന്നതാണ് ജെ. എം.എ.എ ഹോളിസ്റ്റിക് സെന്ററിന്റെ നിയോഗം. ജനതയുടെ നിലവിളിയും കഷ്ടതയും കാണുകയും കേൾക്കുകയും ചെയ്യുന്ന ദൈവത്തിലുള്ള വിശ്വാസമാണ് അതിജീവനത്തിന്റെ വെല്ലുവിളി ഏറ്റെടുക്കുവാൻ നമ്മെ പ്രാപ്തരാക്കുന്നത്. ദൗത്യനിർവ്വഹണത്തിന്റെ പാതയിൽ 8 വർഷങ്ങൾ പിന്നിടാൻ ക്രൂശിന്റെ സ്നേഹം അർപ്പണബോധത്തോടെ നമ്മെയും നമ്മുടെ വിഭവങ്ങളേയും ഒരുക്കി. ഇതിന് കരുത്തുപകർന്ന ദൈവത്തിന് നന്ദി അർപ്പിച്ചുകൊണ്ട് 2019-20ലെ പ്രവർത്തനവൃത്താന്തം സമർപ്പിക്കുന്നു.

1.പൂഴയോരം പകൽവീട്: ഭവനത്തിൽ ഏകാന്തതയിൽ കഴിയുന്നവരും സാമൂഹിക സാംസ്കാരിക സമുദായിക ഇടങ്ങളിൽ ഒറ്റപ്പെട്ടുപോയവരുമായവർക്ക് ഉല്ലാസത്തിന്റേയും ആനന്ദത്തിന്റേയും പകലുകൾ സമ്മാനിപ്പാൻ സെന്ററിൽ ആരംഭിച്ച പകൽവീട് വിജയകരമായ 6 സംവത്സരം പിന്നിടുന്നു. 60-ൽ പരം അംഗങ്ങൾ എല്ലാ ബുധനാഴ്ചയും ക്രമമായി പങ്കെടുക്കുന്നു

2.മെത്രാപ്പോലിത്തൻ ഡയമണ്ട് ജ്യൂബിലി പ്രൊജക്ട്:

മെത്രാപ്പോലിത്തൻ ഡയമണ്ട് ജ്യൂബിലിയുടെ ഭാഗമായി 6 രോഗികളുടെ വീടുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് കഴിഞ്ഞു. ഷാജി സൈമൺ (മാരാമൺ), ഉഷ (കാഞ്ഞീറ്റുകര), രുഗ്മിണി (കാഞ്ഞീറ്റുകര), രശ്മി (ചുഴന) മിനി (ചുഴന), രമണി (കൊട്ടിയമ്പലം). അച്ചന്മാരും അത്യാൽ - ചായൽ യുവജനസഖ്യാംഗങ്ങളും സെന്റർ പ്രവർത്തകരും നൽകിയ ശ്രമദാനത്തിന് പ്രത്യേകം നന്ദി അറിയിക്കുന്നു.

3.'സഹന' പാലിയേറ്റീവ് കെയർ: എ. ഹോം കെയർ:- റാന്നി-നിലയ്ക്കൽ, നിരണം - മാരാമൺ, കോട്ടയം -കൊച്ചി ഭദ്രാസനങ്ങളുടെ അതിർത്തിയിൽ ഉൾപ്പെട്ട 220-ൽ അധികം നിർദ്ധനരായ രോഗികളുടെ ഭവനങ്ങളിൽ ക്രമമായി സന്ദർശിച്ച് ചികിത്സാ നിർദ്ദേശങ്ങളും ആവശ്യമായ അടിയന്തിര സേവനങ്ങളും നൽകിവരുന്നു.

ബി. മെഡിക്കൽ അസിസ്റ്റൻസ്:- രോഗികൾക്ക് ആവശ്യമായ മെഡിക്കൽ ഉപകരണങ്ങൾ പുതിയവ നൽകുവാൻ താല്പര്യമുള്ളവരുടെ സഹായത്തോടും ഉപയോഗം കഴിഞ്ഞ് ഭവനങ്ങളിൽ സൂക്ഷിച്ചിരിക്കുന്നവ ശേഖരിച്ചും ആവശ്യത്തിലിരിക്കുന്നവർക്ക് നൽകിവരുന്നു.

സി. മൊബൈൽ മെഡിക്കൽ ലാബ് യൂണിറ്റ്:- ആരോഗ്യപരവും കുടുംബപരവുമായ കാരണങ്ങളാൽ ആശുപത്രിയിൽ എത്തുവാൻ കഴിയാത്തവർക്ക് സെന്ററിന്റെ മെഡിക്കൽ ടീം ഭവനങ്ങൾ സന്ദർശിച്ച് രോഗിപരിചരണവും ലാബ് ടെസ്റ്റുകളും നടത്തിവരുന്നു. റിപ്പോർട്ടുവർഷത്തിൽ 3000 ലധികം വീടുകൾ സന്ദർശിച്ചു.

ഡി. പോഷകാഹാര കിറ്റ് വിതരണം:- സെന്ററിന്റെ പ്രവർത്തനപരിധിയിൽ ഉള്ള സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള 220 ലധികം രോഗികളുടെ കുടുംബങ്ങളിൽ പോഷകാഹാര കിറ്റ് വിതരണം ചെയ്തുവരുന്നു. കിറ്റ് വിതരണത്തിനായുള്ള സഞ്ചികൾ ഫെഡറൽ ബാങ്ക്, വിജയ ബാങ്ക്, ബാങ്ക് ഓഫ് ബറോഡ എന്നീ ബാങ്കുകൾ സ്പോൺസർ ചെയ്തു. കിറ്റുകൾ വിതരണം ചെയ്യുന്ന ഭവനങ്ങളിൽ സെന്റ്

റിന്റെ ചുമതലയിൽ വോളന്റിയേഴ്സിന്റെ സഹായത്തോടെ ക്രിസ്തുമസ് കാരൾ റൗണ്ട്സായി ഭവനങ്ങൾ സന്ദർശിക്കുകയും ചെയ്തു.

ഇ. ഒരുനേരമന്നം:- വിവിധ കാരണങ്ങളാൽ ഭവനങ്ങളിൽ ഒറ്റപ്പെട്ടുപോയവരും തനിയെ ഭക്ഷണം പാകം ചെയ്യുവാൻ കഴിയാത്തവരുമായ 48 ആളുകൾക്ക് ക്രമമായി ഉച്ചഭക്ഷണം ഭവനങ്ങളിൽ എത്തിക്കുന്നു

എഫ്. ആശുപത്രി ഭക്ഷണ വിതരണം:- കോഴഞ്ചേരി ഗവ. ആശുപത്രി, ചെറുകോൽപ്പുഴ ഗവ. ആയുർവേദ ആശുപത്രി എന്നിവിടങ്ങളിൽ കിടപ്പുരോഗികളായവർക്കും കൂട്ടിരുപ്പുകാർക്കും ആഴ്ചയിൽ ഓരോ ദിവസം ഉച്ചഭക്ഷണം നൽകിവരുന്നു.

ജി. ആംബുലൻസ് മെഡിക്കൽ കെയർ:- പാലിയേറ്റീവ് കെയർ വഴി കണ്ടെത്തിയ രോഗികളെയും ഡയാലിസിസ് രോഗികളേയും ആശുപത്രിയിൽ എത്തിക്കുകയും തിരികെ ഭവനങ്ങളിൽ എത്തിക്കുന്നതിനും സഹായിക്കുന്നു. കൂടാതെ മരണാനന്തര ആവശ്യങ്ങൾക്കും പ്രയോജനപ്പെടുത്തുന്നു.

എച്ച്. സന്നദ്ധ പ്രവത്തകർ:- അയിരൂരിലും സമീപപ്രദേശങ്ങളിലുമുള്ള 45 സന്നദ്ധ പ്രവർത്തകരുടെ സമയവും കഴിവും ഉപയോഗിച്ച് ആവശ്യത്തിലിരിക്കുന്നവരെ സന്ദർശിക്കുവാനും അവരുടെ ആവശ്യങ്ങൾ മനസിലാക്കി പ്രവർത്തിക്കുവാനും കഴിയുന്നു.

4.ഹോളിസ്റ്റിക് സെന്റർ ആന്റി അഡിക്ഷൻ മൂവ്മെന്റ്: ലഹരി വസ്തുക്കളുടെ സ്വാധീനത്തിൽപ്പെട്ട് ജീവിതം ദുരിതപൂർണ്ണമാക്കിയവരെയും അവരുടെ കുടുംബാംഗങ്ങളെയും തകർച്ചയിൽ നിന്ന് ഉദ്ധരിക്കുവാനും സൗഖ്യജീവിതം നയിപ്പാനും ഹോളിസ്റ്റിക് സെന്റർ, മലയാലപ്പുഴ നവജീവൻ, കിടങ്ങന്നൂർ നവദർശൻ എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തിൽ മദ്യാസക്തരെ ബോധവല്കരിക്കുകയും സൗഖ്യജീവിതത്തിലേക്ക് നയിക്കുകയും ചെയ്യുന്നുണ്ട്.

5.സരാഫത്ത് കൂട്ടം/ സാക്ഷ്യ: യൗവ്വനത്തിൽ വൈധവ്യം അനുഭവിക്കേണ്ടി വരുന്ന സ്ത്രീകളും ഒറ്റപ്പെട്ടവരുമായ ആളുകളെ ഒരുമിച്ച് ചേർത്ത് നിർത്തി തൊഴിൽ സംരംഭം ഒരുക്കി അവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരികയും ചെയ്യുന്നു

6. ആത്മായ പരിശീലനം: റാന്നി-നിലയ്ക്കൽ ഭദ്രാസന സന്നദ്ധ സുവിശേഷ സംഘവും ഹോളിസ്റ്റിക് സെന്ററും ചേർന്ന് നവംബർ മുതൽ മാർച്ച് വരെ അത്മായ പരിശീലനം നടത്തി. കൊമ്പാടി ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിലെ അദ്ധ്യാപകർ ക്ലാസ്സുകൾക്ക് നേതൃത്വം നല്കി.

7. ട്രാൻസ് ജെന്റേഴ്സ് കൂടിവരവ്: മാർത്തോമ്മാ സഭയുടെ നവോദയ മൂവ്മെന്റിന്റെയും ഹോളിസ്റ്റിക് സെന്ററും ചേർന്ന് ലിംഗവ്യത്യാസമുള്ള ആളുകൾക്ക് ആവശ്യമായ കൈത്താങ്ങലുകൾ നൽകിവരുന്നു

8. രോഗീസംഗമം:അയിരൂർ ഗ്രാമപഞ്ചായത്ത് പാലിയേറ്റീവ് യൂണിറ്റും കാഞ്ഞീറ്റുകര ഹെൽത്ത് സെന്ററും ഹോളിസ്റ്റിക് സെന്ററും ചേർന്ന് ഏപ്രിൽ, ആഗസ്റ്റ്, ഡിസംബർ എന്നീ മാസങ്ങളിൽ രോഗീസംഗമവും ക്രമീകരിച്ചു. 1200-ൽ പരം അംഗങ്ങൾ പങ്കെടുത്തു.

9. ഉല്ലാസക്കൂട്ടായ്മ: സെന്ററിന്റെ പരിധിയിലുള്ള വയോജനങ്ങളെ കൂട്ടിവരുത്തി അവർക്കുവേണ്ടി ആഗസ്റ്റ് 3-ന് ഉല്ലാസകൂട്ടായ്മ എന്ന പേരിൽ കൂടിവരവ് സംഘടിപ്പിച്ചു. പത്തനംതിട്ട ജില്ലാ കളക്ടർ ശ്രീ. പി.ബി. നൂഹ് ഉദ്ഘാടനം ചെയ്യുകയും 100 വയസ്സിനു മുകളിൽ പ്രായമുള്ളവരെ പൊന്നാട അണിയിച്ച് ആദരിക്കുകയും ചെയ്തു.

10. ജനകീയ കൂട്ടായ്മയും ഓണാഘോഷവും: സെന്ററിന്റെ നേതൃത്വത്തിൽ പാലം ജംഗ്ഷനിലും ചെറുകോൽപ്പുഴ ജംഗ്ഷനിലുമുള്ള ഓട്ടോ, ടാക്സി, ചുമട്ടുതൊഴിലാളി സ്നേഹിതരേയും പങ്കെടുപ്പിച്ചുകൊണ്ട് ജനകീയ കൂട്ടായ്മയും ഓണാഘോഷവും നടത്തി. ആറന്മുള സി.ഐ. ശ്രീ. സന്തോഷ് മീറ്റിംഗ് ഉദ്ഘാടനം ചെയ്തു.

11. വഴികാട്ടി - 19: ഹോളിസ്റ്റിക് സെന്ററിന്റെ നേതൃത്വത്തിൽ യൂഹാനോൻ മാർത്തോമ്മ മെത്രാപ്പൊലീത്തായുടെ അനുസ്മരണവും മാർഗനിർദ്ദേശവും 10, +2 ക്ലാസിലെ കുട്ടികൾക്കായി വഴികാട്ടി 2019 എന്നപേരിൽ സെപ്റ്റംബർ മാസം സെന്ററിൽ വെച്ച് നടത്തപ്പെട്ടു.

12. സാന്ത്വനകലാരുചിക്കൂട്ട്: ഹോളിസ്റ്റിക് സെന്ററിന്റെ നേതൃത്വത്തിൽ സാന്ത്വനകലാരുചിക്കൂട്ട് എന്ന പേരിൽ ഒരു ഭക്ഷ്യമേളയും പ്രദർശനവും, കലാസന്ധ്യയും ഒക്ടോബർ മാസം സെന്ററിന്റെ അങ്കണത്തിൽ നടത്തപ്പെട്ടു.

13. സംരക്ഷക 2020: ഹോളിസ്റ്റിക് സെന്ററിന്റെ നേതൃത്വത്തിൽ മാത്യൂസ് മാർ അത്തനേഷ്യസ് തിരുമേനിയുടെ സ്മാരകപ്രഭാഷണത്തിന്റെ ഭാഗമായി സംരക്ഷക 2020 എന്ന തലക്കെട്ടിലൂടെ 50 വയസ്സിനു താഴെയുള്ള കുടുംബാംഗങ്ങളുടെ ഒത്തുചേരൽ സംഘടിപ്പിച്ചു. സമൂഹത്തിന് നൽകേണ്ടതും സമൂഹത്തിൽ നിന്നും ലഭ്യമാകേണ്ട വിഭവങ്ങളെപ്പറ്റി പങ്കിടുന്നതിനുമുള്ള ഒരു കൂടിവരവ്.

14. ഒന്നാം നിലയുടെ കല്ലിടൽ ശുശ്രൂഷ: ഹോളിസ്റ്റിക് സെന്ററിന്റെ ഒന്നാം നിലയുടെ കല്ലിടൽ ശുശ്രൂഷ മാർച്ച് 8-ാം തീയതി 6 മണിക്ക് സഭയുടെ പരമാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പൊലീത്ത നിർവ്വഹിച്ചു. സഭാ സെക്രട്ടറി റവ. കെ ജി ജോസഫ് അച്ചൻ, സഭാ ട്രസ്റ്റി ശ്രീ. പി.പി. അച്ചൻകുഞ്ഞ്, മറ്റു വൈദികർ, കമ്മറ്റി ചുമതലക്കാർ, സെന്റർ പ്രവർത്തകർ, വോളന്റിയേഴ്സ് തുടങ്ങിയവർ ഈ ശുശ്രൂഷയിൽ പങ്കെടുത്തു.

15. കോവിഡ് 19 ദുരിതാശ്വാസകിറ്റ് വിതരണം: ലോകത്താകമാനം ആഞ്ഞടിച്ചുകൊണ്ടിരിക്കുന്ന കോവിഡ് 19 എന്ന വൈറസ് ബാധയിൽ ഒറ്റപ്പെട്ടുപോയവർക്കും ജോലിയില്ലാതെ ദുരിതത്തിലായവർക്കുമായി അയിരൂർ സെന്റർ മാർത്തോമ്മാ യുവജനസഖ്യവും ഹോളിസ്റ്റിക് സെന്ററും സംയുക്തമായി കോവിഡ് 19 ദുരിതാശ്വാസ കിറ്റുകൾ വിതരണം ചെയ്തു.

6. കമ്മറ്റികൾ

6.1 വൈദിക തെരഞ്ഞെടുപ്പു കമ്മറ്റി

റിപ്പോർട്ടു വർഷം മൂന്നു പ്രാവശ്യം കമ്മറ്റി കൂടി ആവശ്യമായ തീരുമാനങ്ങൾ കൈക്കൊണ്ട് നടപ്പിൽ വരുത്തി. സഭ സ്പോൺസർ ചെയ്ത് വിവിധ വൈദിക പാഠശാലകളിൽ അഭ്യസനം പൂർത്തിയാക്കിയ മുപ്പതു വിദ്യാർത്ഥികളെയും സഭയുടെ സ്പോൺസർഷിപ്പില്ലാതെ ബി.ഡി. ബിരുദം നേടിയ രണ്ടുപേരെ പ്രായോഗിക പരിശീലത്തിനു ശേഷവും ഇന്റർവ്യൂ നടത്തി പട്ടത്വശുശ്രൂഷയിലേക്കു പ്രവേശിപ്പിക്കുന്നതിനു എപ്പിസ്ക്കോപ്പൽ സിനഡിനു ശുപാർശ നൽകി. തന്നാണ്ടിൽ ഇരുപത്തിയെട്ടു പേരെ തെരഞ്ഞെടുത്ത് സഭയുടെ സ്പോൺസർഷിപ്പോടെ ബി.ഡി. പഠനത്തിന് അയച്ചു. വൈദിക വിദ്യാർത്ഥികളുടെ പഠനനിലവാരം വിലയിരുത്തുകയും തുടർപഠനത്തിന് അവരെ അയയ്ക്കുന്നതിന് തീരുമാനിക്കുകയും അവർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ബി.ഡി 2020 ബാച്ചിലേക്ക് ഇരുപത്തിയെട്ടു പേരെ പ്രാഥമിക തെരഞ്ഞെടുപ്പു നടത്തി പ്രായോഗിക പരിശീലനത്തിന് അയച്ചു. കോട്ടയം മാർത്തോമ്മാ വൈദിക സെമിനാരിയിൽ അറുപത്തി മൂന്നും ബാംഗ്ലൂർ യുണൈറ്റഡ് തിയോളജിക്കൽ കോളജിൽ ആറും ജബൽപ്പൂർ ലിയനാർഡ് തിയോളജിക്കൽ കോളജിൽ നാലും കൊൽക്കത്ത ബിഷപ്പ്സ് കോളജിൽ ഒന്നും സെറാമ്പൂർ കോളജിൽ ആറും ചെന്നൈ ഗുരുകുൽ ലൂഥറൺ തിയോളജിക്കൽ കോളജിൽ രണ്ടും ഫരീദബാദ് ധർമ്മജ്യോതി വിദ്യാപീഠത്തിൽ ഇരുപത്തി രണ്ടും വിദ്യാർത്ഥികൾ പഠനം നടത്തി. സഭയുടെ സ്പോൺ സർഷിപ്പ് ഇല്ലാതെ ബി.ഡി. ബിരുദം നേടി പ്രായോഗിക പരിശീലനം നടത്തുന്നവരുടെ ഇന്റർവ്യൂ നടത്തി സിനഡിനു ശുപാർശകൾ സമർപ്പിച്ചു.

നി.വ.ദി.മ.ശ്രീ. ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലിത്താ ചെയർമാനായും റവ. കെ.ജി. ജോസഫ് സെക്രട്ടറിയായും ഉള്ള കമ്മറ്റി പ്രവർത്തിക്കുന്നു.

6.2 പ്രോപ്പർട്ടി ആൻഡ് ബിൽഡിംഗ് കമ്മറ്റി

റിപ്പോർട്ട് വർഷം 4 പ്രാവശ്യം പ്രോപർട്ടി & ബിൽഡിംഗ് കമ്മിറ്റി കൂടി താഴെപ്പറയുന്ന കാര്യങ്ങൾ സഭാ കൗൺസിലിന്റെ തീരുമാനപ്രകാരം നടപ്പിലാക്കി.

1. ചെയർമാൻസ് റോഡിൽ നിന്നും എസ്.സി.എസ് ക്യാമ്പസിലേക്ക് നിർമ്മിച്ച പുതിയ റോഡിൽ പ്രവേശന കവാടം പണിയുന്നതിന് തീരുമാനിച്ചു.
2. മാർത്തോമ്മാ പ്രസ്സിനു സമീപം പുതിയ കെട്ടിടം പണിയു ന്നതിന് ടെന്റർ വിളിക്കുന്നതിന് തീരുമാനിച്ചു.

3. എസ്.സി.എസ് ഹയർ സെക്കണ്ടറി സ്കൂളിന്റെ ഡോ. ജോസഫ് മാർത്തോമ്മാ ബ്ലോക്ക് വിപുലീകരിച്ച് നിർമ്മിക്കു ന്നതിന് പ്ലാനും, എസ്റ്റിമേററും തയ്യാറാക്കി നഗരസഭയിൽ നിന്ന് അനുവാദം ലഭിക്കുന്നതിന് അപേക്ഷ നൽകുവാൻ തീരുമാനിച്ചു.
4. വി. ജി. എം. ഹാളിന്റെയും, സഭാ ആഫീസ് കെട്ടിടത്തിന്റെയും ചോർച്ച നീക്കുന്നതിന് അലുമിനിയം ഷീറ്റ് ഇടുവാൻ തീരുമാനിച്ചു.
5. സഭവക കെട്ടിടങ്ങളുടെ വാടക പുതുക്കുന്നതിന് തീരുമാനിച്ചു.

കൺസൽട്ടന്റ് എഞ്ചിനീയറായി ശ്രീ. പി. സി. ഉമ്മൻ, ഓവർസീയറായി ശ്രീ സജി പെരുമാൾ എന്നിവർ പണികൾക്കാവശ്യമായ മേൽനോട്ടം വഹിച്ചു.

6.3.സർവ്വീസ് കമ്മീഷൻ

എം.റ്റി & ഇ.എ സ്കൂൾസ് കോർപ്പറേറ്റ് മാനേജ്മെന്റിന്റെ പരിധിയിലുൾപ്പെടുന്ന ഹൈസ്കൂളുകൾ, അപ്പർ പ്രൈമറി സ്കൂളുകൾ, ലോവർ പ്രൈമറി സ്കൂളുകൾ, ടീച്ചർ ട്രെയിനിംഗ് ഇൻസ്റ്റിററ്യൂട്ട് എന്നിവയിലേക്കുള്ള അദ്ധ്യാപകർ, അനദ്ധ്യാപകർ എന്നിവരെ നിയമിക്കുന്നതിനാവശ്യമായ റാങ്ക് ലിസ്റ്റ് തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിക്കുക എന്നതാണ് സർവ്വീസ് കമ്മീഷന്റെ പ്രധാന ചുമതല.

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഹിന്ദി, അറബിക്, ഫിസിക്കൽ എഡ്യൂക്കേഷൻ, ലോവർ ഡിവിഷൻ ക്ലാർക്ക് എന്നീ തസ്തികകളിലേക്കും റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കി സഭാ കൗൺസിലിന്റെ അംഗീകാരത്തോടുകൂടി നിയമനങ്ങൾ നടത്തുന്നതിനായി എം.റ്റി & ഇ.എ സ്കൂൾസ് കോർപ്പറേറ്റ് മാനേജ്മെന്റിന് നൽകുകയുണ്ടായി.

അഭിവന്ദ്യ ഗ്രീഗോറിയോസ് മാർ സ്തേഫാനോസ് തിരുമേനി ചെയർമാനായും, സെക്രട്ടറിയായി റവ. ജോർജ്ജ് ചെറിയാനും സേവനമനുഷ്ഠിച്ചു.

6.4 ഹയർ എഡ്യൂക്കേഷൻ കമ്മീഷൻ

മലങ്കര മാർത്തോമ്മാ സഭയുടെ കീഴിലുള്ള കോളജുകൾ ഉന്നത വിദ്യാഭ്യാസ നിലവാരം കൈവരിക്കുന്നതിനുതകുന്ന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ മാർത്തോമ്മാ ഉന്നതവിദ്യാഭ്യാസ കമ്മീഷൻ നേതൃത്വം നൽകിവരികയാണ്. അടിസ്ഥാന സൗകര്യങ്ങളുടെ വിപുലീകരണത്തിലൂടെയും പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട പരിപാടികളുടെ കാര്യക്ഷമമായ പുനർനിർമ്മിതിവഴിയും കോളജുകളുടെ ഗുണനിലവാരം ഉയർത്തുന്നതിന്റെ അനിവാര്യത അധ്യയന ലോകം ഏറെ ഗൗരവകരമായി കാണുന്നു. കേന്ദ്ര-സംസ്ഥാന സർക്കാരു കളുടെ നയങ്ങൾ, ഉന്നതവിദ്യാഭ്യാസ രംഗത്തെ നൂതന പ്രവണതകൾ, പുതിയ വിദ്യാഭ്യാസനയങ്ങൾ, അനുദിനം വളർന്നു കൊണ്ടിരി ക്കുന്ന സാങ്കേതിക വിദ്യകൾ തുടങ്ങിയവ കണക്കിലെടുത്താണ് 2019-20 വർഷത്തെ ഉന്നത വിദ്യാഭ്യാസ കമ്മീഷന്റെ പ്രവർത്തനങ്ങൾ ക്രമീകരിച്ചത്.

ഏകദിന സെമിനാർ: ദേശീയ വിദ്യാഭ്യാസനയം-2019. പുതിയ ദേശീയ വിദ്യാഭ്യാസനയം 2019 നടപ്പാക്കാൻ കേന്ദ്ര സർക്കാർ തീരുമാനിക്കുകയും ഡോ. കെ. കസ്തൂരിരംഗൻ അധ്യക്ഷനാ യുള്ള കമ്മീഷൻ പുതിയ നയരൂപീകരണത്തിനുള്ള പ്രവർത്തനങ്ങൾക്ക് 2016-ൽ തന്നെ തയ്യാറെടുപ്പുകൾ ആരംഭിക്കുകയും ചെയ്തു. പ്രാഥമിക വിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിനൊപ്പം അധ്യാപനത്തിന്റെ എല്ലാ തലങ്ങളിലും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും ഗവേഷണ മേഖലയിൽ പുതിയദിശാ ബോധം സൃഷ്ടിക്കുന്നതിനും, അധ്യയനം തൊഴിൽ സമ്പാദനത്തിന് അനുയോജ്യമാക്കുന്നതിനും ഊന്നൽ നൽകുന്ന നയരേഖ അടുത്ത രണ്ട് ദശകങ്ങളിലേക്കെങ്കിലും ഏറെ പ്രസക്തമായിരിക്കും എന്ന് വിവക്ഷിക്കപ്പെടുന്നു. വിദ്യാഭ്യാസനയ ത്തിന്റെ സമഗ്ര സ്വഭാവം, അതിന്റെ വിപുലമായ മാനങ്ങൾ, നയത്തെ സംബന്ധിച്ച ആശങ്കകൾ തുടങ്ങിയവ വിശകലനം ചെയ്യുന്നതിന് മാർത്തോമ്മാ ഉന്നതവിദ്യാഭ്യാസ കമ്മീഷൻ 2019 നവംബർ 30 ശനിയാഴ്ച തിരുവല്ല മാർത്തോമ്മാ കോളജിൽ 'ദേശീയ വിദ്യാഭ്യാസനയം-2019' എന്ന വിഷയത്തിൽ ഏകദിന സെമിനാർ സംഘടിപ്പിച്ചു. ഉന്നത വിദ്യാഭ്യാസകമ്മീഷൻ ചെയർമാൻ അഭിവന്ദ്യ. ഡോ. മാത്യൂസ് മാർ മക്കാറിയോസ് എപ്പിസ്കോപ്പ സെമിനാർ ഉദ്ഘാടനം ചെയ്തു. NEP-2019 (ദേശീയ വിദ്യാഭ്യാസനയം-2019) ആരംഭിക്കുമ്പോൾ അതതു സ്ഥാപനങ്ങളുടെ ലക്ഷ്യങ്ങൾക്കും ആവശ്യകതകൾക്കും അനുസൃതമായി ആവശ്യമായ പുനഃക്രമീകരണങ്ങൾ നടത്തുന്നതിന് കോളജ് അധികൃതർക്ക് മാർഗ്ഗ നിർദേശങ്ങൾ നൽകികൊണ്ട് ഡോ. വി. രഘു, ഡോ. ടി.സി. തങ്കച്ചൻ, ഡോ. എം.ഒ. കോശി, ഡോ. ജോർജ്ജ് വർഗ്ഗീസ് എന്നിവർ ശില്പശാലയുടെ വിവിധ സെഷനുകൾക്ക് നേതൃത്വം നൽകി. മാർത്തോമ്മാ സഭയുടെ വിവിധ കോളേജുകളിൽ നിന്നുമുള്ള 40 അധ്യാപകർ ശില്പശാലയിൽ പങ്കെടുത്തു.

അഫിലിയേറ്റഡ് കോളേജുകളിലെ അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫുകൾക്കുള്ള ശില്പശാല: കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകളായി കോളേജുകളിലെ ഭരണപരമായ നടപടിക്രമങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിൽ സംസ്ഥാന സർക്കാരുകൾ വലിയമാറ്റങ്ങൾ വരുത്തുന്നുണ്ട്. അഡ്മിനിസ്ട്രേറ്റീവ് സേവനങ്ങളും കൊളീജിയറ്റ് വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളും കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് സർക്കാർ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തി വരികയാണ്. മാർത്തോമ്മാ സഭയുടെ കീഴിലുള്ള ചില കോളേജുകൾ കഴിഞ്ഞ കുറച്ച് മാസങ്ങളായി കോളജ് ഓഫീസുകളിലെ ഉദ്യോഗസ്ഥരെ പരിശീലിപ്പിക്കുന്നതിനുവേണ്ടി ഉന്നത വിദ്യാഭ്യാസ കമ്മീഷന്റെ സഹായം തേടിയിരുന്നു. ഇതിനു വേണ്ടി അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റുമാർക്കായി 2019 ഒക്ടോബർ 12, 13 തീയതികളിൽ രണ്ടുദിവസത്തെ ശില്പശാല സംഘടിപ്പിച്ചു. മലങ്കര മാർ ത്തോമ്മാ സിറിയൻ സഭയുടെ കീഴിലുള്ള കോളജുകളിലെ സേവനകാര്യങ്ങൾ, ഓഫീസ് നടപടിക്രമം, പബ്ലിക് ഫിനാൻസ് മാനേജുമെന്റ് സിസ്റ്റം (പിഎഫ്എംഎസ്), ശമ്പള സംബന്ധിത വ്യവഹാരങ്ങൾ, അവധി അക്കൗണ്ടുകൾ, രജിസ്റ്ററുകൾ, ഓഡിറ്റിംഗ്, പിഡി റൂൾസ് എന്നിങ്ങനെയുള്ള പ്രധാന വിഷയങ്ങൾ കേന്ദ്രീകരിച്ചുള്ള ആദ്യത്തെ ശില്പശാലയായിരുന്നു ഇത്. സർക്കാർ സേവനത്തിൽ പരിചയസമ്പന്നരായിട്ടുള്ളവരും വിരമിച്ചവരുമായ ഉദ്യോഗസ്ഥർ ക്ലാസുകൾ എടുത്തു. മാർത്തോമ്മാ സഭയുടെ വിവിധ കോളേജുകളിൽ നിന്നുമുള്ള 27 അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റുമാർക്ക് ശില്പശാലയിൽ പരിശീലനം നൽകി. ആനുകാലിക മൂല്യനിർണ്ണയത്തിന്റെയും അക്രഡിറ്റേഷൻ പ്രക്രിയകളുടെയും പശ്ചാത്തലത്തിൽ അക്കാദമിക് ഭരണ സംവിധാനത്തെ കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ അനിവാര്യത ശില്പശാല എടുത്തു കാട്ടി. കൂടാതെ കോളേജുകളുടെ എൻഐആർ എഫ് (NIRF) റാങ്കിംഗിന് ആവശ്യമായ എല്ലാ രേഖകളും കോളജിൽ കേന്ദ്രീകരിക്കേണ്ടതിന്റെ ആവശ്യകതയും പ്രാധാന്യവും ചൂണ്ടിക്കാട്ടി.

ഉപദേശക സേവനങ്ങളും അക്കാദമിക് ഓഡിറ്റും: ഉന്നത വിദ്യാഭ്യാസ കമ്മീഷൻ സ്ഥിരമായി കോളജുകൾക്ക് ഉപദേശക സേവനങ്ങൾ നൽകുന്നുണ്ട്. അക്കാദമിക് വിദഗ്ധരടങ്ങുന്ന ടീമുകൾ കോളജുകളിൽ നടത്തുന്ന അക്കാദമിക് ഓഡിറ്റിലൂടെ അടിസ്ഥാന സൗകര്യങ്ങളുടെ നിലവാരവും പാഠ്യ-പാഠ്യേതര പദ്ധതികളുടെ പ്രവർത്തനവും വിലയിരുത്തി. ഓഡിറ്റ് റിപ്പോർ ട്ടിലെ ശുപാർശകൾ കോളജുകളുടെ നാക് അംഗീകാരത്തി നുള്ള തയ്യാറെടുപ്പിന് പ്രത്യേക ഊന്നൽ നൽകി. തിരുവല്ല മാർ ത്തോമ്മാ കോളജ്, ക്രിസ്റ്റ്യൻ കോളജ് ചെങ്ങന്നൂർ എന്നിവയ്ക്ക് നാക് പരിശോധനയിലൂടെ യഥാക്രമം എ. ഗ്രേഡ്, ബി++ ഗ്രേഡ് എന്നിവ നേടാൻ കഴിഞ്ഞു. എൻ.ഐ.ആർ.എഫ്. (നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക്-2020) റാങ്കിംഗിൽ അഫിലിയേറ്റഡ് കോളേജുകളുടെ ഗണത്തിൽ തിരുവല്ല മാർത്തോമ്മാ കോളജ് ദേശീയ തലത്തിൽ 84-ാം സ്ഥാനത്തുനിൽ ക്കുന്നു. ചുങ്കത്തറ മാർത്തോമ്മാ കോളജ് നാക് അംഗീകാര ത്തിനായി വിപുലമായ തയ്യാറെടുപ്പുകൾ പൂർത്തീകരിച്ചു കഴിഞ്ഞു.

ഉന്നത വിദ്യാഭ്യാസ കമ്മീഷൻ ന്യൂസ് ലെറ്റർ: പുതിയ രൂപത്തിൽ പുറത്തിറങ്ങിയ ന്യൂസ് ലെറ്റർ അക്കാദമിക് സമൂഹത്തിൽ വലിയ സ്വീകാര്യതയാണ് നേടിയത്. ഉന്നത

വിദ്യാഭ്യാസത്തെക്കുറിച്ച് ഉൾക്കാഴ്ചയുള്ള ലേഖനങ്ങൾ പ്രസിദ്ധീകരി ക്കുന്നതിനു പുറമേ, മാർത്തോമ്മാ സഭയുടെ കീഴിലുള്ള ഓരോ കോളജിലെയും സുപ്രധാന നേട്ടങ്ങളും നാഴിക ക്കല്ലുകളും ഉയർത്തിക്കാട്ടാനും ഈ ന്യൂസ് ലെറ്ററിന് കഴിഞ്ഞു. വിദ്യാർത്ഥി കളുടെയും അധ്യാപകരുടെയും പാഠ്യപാഠ്യേതര മികവുകൾ, ഗവേഷണ സംരംഭങ്ങൾ, സാമൂഹിക പ്രവർത്തനങ്ങൾ (Community-linked extension activities), കൺസൾട്ടൻസി സേവനങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ ന്യൂസ് ലെറ്ററിൽ ഉൾപ്പെടുത്തിയിരിക്കുന്നു. മാർത്തോമ്മാ സഭയുടെ കീഴിലുള്ള വിവിധ കോളജുകൾക്കിടയിൽ കൂടുതൽ ആശയ വിനിമയം നടത്തുന്നതിനും അക്കാദമിക് മികവിലേക്കുള്ള ലക്ഷ്യം നേടുന്നതിൽ ഉന്നത വിദ്യാഭ്യാസ മേഖല നേരിടുന്ന വെല്ലുവിളികൾ എടുത്തു കാട്ടുന്നതിനും ന്യൂസ് ലെറ്ററിലെ ഉള്ളടക്കങ്ങൾ സഹായിച്ചിട്ടുണ്ട്.

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ സമൂഹത്തെയും രാജ്യത്തെയും സേവിക്കുന്നതിനുള്ള, അവരുടെ മുഴുവൻ കഴിവുകളും വിനിയോഗിക്കാൻ തയ്യാറാകേണ്ടത് അനിവാര്യമാണ്. സംസ്ഥാനത്ത് കനത്ത ദുരന്തം വിതച്ച 2018, 2019 വർഷങ്ങളിലെ പ്രളയകാലത്ത് ദുരിതാശ്വാസപ്രവർത്തനങ്ങളിൽ കോളജുകൾ സജീവമായി പങ്കെടുത്തു. കോവിഡ് -19 മഹാമാരിയുടെ ഭാഗമായി നമ്മുടെ രാജ്യത്ത് പ്രഖ്യാപിച്ച ലോക്ഡൗൺകാലത്ത് നമ്മുടെ വിദ്യാർഥികൾക്കായി വിവിധ കോളജുകളിലെ അധ്യാപകർ മുൻകൈയെടുത്ത് ഓൺലൈൻ ക്ലാസുകൾ നൽകിവരുന്നു. മാർത്തോമ്മാ ഉന്നത വിദ്യാഭ്യാസ കമ്മീഷന്റെ നേതൃത്വത്തിൽ അടുത്ത അക്കാദമിക് വർഷം കൂടതൽ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള തയ്യാറെടുപ്പിലാണ്.

അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്ത തിരുമേനി രക്ഷാധികാരിയും അഭിവന്ദ്യ. ഡോ. മാത്യൂസ് മാർ മക്കാറിയോസ് എപ്പിസ്കോപ്പ ചെയർമാനും ഡോ. അലക്സ് മാത്യു സെക്രട്ടറിയും ഡോ. ഐസി. കെ. ജോൺ ട്രഷററുമായുള്ള കമ്മിറ്റിയാണ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്.

6.5 കമ്മീഷൻ ഓൺ എക്യുമെനിക്കൽ റിലേഷൻസ്

എക്യുമെനിക്കൽ റിലേഷൻസ് കമ്മീഷന്റെ ഒരു യോഗം 2020 ഫെബ്രുവരി 11 നു അഭിവന്ദ്യ ഡോ. ഐസക് മാർ ഫീലക്സിനോസ് എപ്പിസ്കോപ്പായുടെ അദ്ധ്യക്ഷതയിൽ മാരാമൺ റിട്രീറ്റ് സെന്ററിൽ സമ്മേളിച്ചു. Switzerland കേന്ദ്രമാക്കിയുള്ള Old Catholic Churchമായുള്ള നമ്മുടെ സഭയുടെ ഐക്യചർച്ചകളെക്കുറിച്ചുള്ള പ്രബന്ധം റവ. ഡോ. ജോസഫ് ഡാനിയേൽ അവതരിപ്പിച്ചു. റവ. ഡോ. സണ്ണി ഇ. മാത്യു പ്രതികരണം നിർവഹിച്ചു. അഭിവന്ദ്യ തിരുമേനിയുടെ നേതൃത്വത്തിൽ നടന്ന ചർച്ചയിൽ ഇരു സഭകളും തമ്മിലുള്ള ബന്ധത്തിലെ സാധ്യതകളും വെല്ലുവിളികളും വിലയിരുത്തപ്പെട്ടു. തുടർപഠനത്തിനായി 2020 ഏപ്രിൽ 14 ന് ഒരു ഏകദിന സെമിനാറും, WCC സമ്മേളന ചിന്താവിഷയം അധികരിച്ച് 2020 സെപ്തംബർ 10, 11 തീയതികളിൽ ഒരു പഠനകോൺഫ്രൻസും ക്രമീകരിക്കുന്നതിന് തീരുമാനിച്ചു.

അഭിവന്ദ്യ ഡോ. ഐസക് മാർ ഫീലക്സിനോസ് തിരുമേനി അദ്ധ്യക്ഷനും, റവ. ഡോ. ഷാം പി. തോമസ് കൺവീനറുമായി പ്രവർത്തിക്കുന്നു. സമിതി അംഗങ്ങൾ: റവ. ഡോ. സണ്ണി ഇ. മാത്യു, റവ. മാത്യു സ്കറിയ, ശ്രീ. ഏബ്രഹാം ഇട്ടിച്ചെറിയ, ശ്രീ. പി.എ. സജിമോൻ, അഡ്വ. എബി. കുരിയാക്കോസ്, ശ്രീമതി. നിർമല ഏബ്രഹാം, ഡോ. ഷീല എലിസബേത്ത് മാത്യു.

6.6 മാർത്തോമ്മാ ലിറ്റർജിക്കൽ കമ്മീഷൻ

മാർത്തോമ്മാ ലിറ്റർജിക്കൽ കമ്മീഷന്റെ മീറ്റിംഗ് റിപ്പോർട്ട് വർഷം 2019 ഒക്ടോബർ 10, 2020 ജനുവരി 6, മാർച്ച് 19 എന്നീ തീയതികളിൽ ചെയർമാർ അഭിവന്ദ്യ ജോസഫ് മാർ ബർന്നബാസ് എപ്പിസ്കോപ്പായുടെ അദ്ധ്യക്ഷതയിൽ കൂടി താഴെ പറയുന്ന കാര്യങ്ങൾ നടപ്പിലാക്കി. സഭയുടെ വലിയ നോമ്പ് നമസ്കാരക്രമം ആവശ്യമായ തിരുത്തലുകൾ നടത്തി പരിഷ്കരിച്ചു. അംഗീകാരത്തിനായി ബഹു. എപ്പിസ്കോപ്പൽ സിനഡിൽ സമർപ്പിക്കുവാൻ തീരുമാനിച്ചു. സിംഗപ്പൂർ ഇടവക തയ്യാറാക്കിയ സഭയിലെ മേൽപ്പട്ടക്കാരുടെയും, പട്ടക്കാരുടെയും ശവസംസ്കാര ശുശ്രൂഷക്രമം, ശെമ്മാശ് കശ്ശീശാ പട്ടംകൊടക്രമം, മോറാനായ പെരുനാളുകളുടെ ക്രമം എന്നിവയുടെ ഇംഗ്ലീഷ് പരിഭാഷ പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങളും തിരുത്തലുകളും വരുത്തി അംഗീകരിച്ചു. ബഹു. എപ്പിസ്കോപ്പൽ സിനഡിന്റെ അന്തിമ അംഗീകാരത്തിനായി സമർപ്പിക്കുവാൻ നിശ്ചയിച്ചു. കഴിഞ്ഞ 25 വർഷമായി ലിറ്റർജിക്കൽ കമ്മീഷൻ അംഗമായും കൺവീനർ ആയും പ്രവർത്തിച്ച് സഭയുടെ ഔദ്യോഗിക ശുശ്രൂഷയിൽ നിന്നും വിരമിക്കുന്ന റവ. ഡോ. ജോർജ്ജ് മാത്യുവിനോടുള്ള കൃതജ്ഞത ചെയർമാൻ തിരുമേനി അറിയിച്ചു. അഭി. ജോസഫ് മാർ ബർന്നബാസ് എപ്പിസ്കോപ്പാ ചെയർമാനായും പ്രവർത്തിച്ചു.

6.7 മാർത്തോമ്മാ സഭാ വെബ്സൈറ്റ് കമ്മറ്റി

വിവരസാങ്കേതികവിദ്യ നിത്യജീവിതത്തിന്റെ ഭാഗമായി മാറുന്ന ഒരു കാല ഘട്ടത്തിന്റെ ആരംഭമായിരുന്നു ഈ വർഷം. Virtual എന്ന വാക്കിന്റെ ആഴവും പ്രയോജനവും പരക്കെ പരിചിത മായ ഒരുകാലം. അനാവശ്യമെന്നോ, ആഡംബര മെന്നോ, അപക്വമെന്നോ കരുതിയിരുന്ന പല സാങ്കേതിക വിദ്യകളും ഇന്ന് ദൈനംദിനജീവിതത്തിന്റെ ആവശ്യമായും ശീലമായും മാറി. അനന്ത സാധ്യതകളുടെയും വെല്ലുവിളികളുടെയും ഈ കാലത്തിൽ സാങ്കേതിക വിദ്യകൾ പ്രദാനം ചെയ്യുന്ന അവസരങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി സഭയുടെ പ്രവർത്തനങ്ങളെ ദൈവം സ്നേഹിച്ച ലോകത്തെ അറിയിക്കുക എന്ന വലിയ ലക്ഷ്യത്തിന്റെ ഭാഗമായി പ്രവർത്തിക്കുന്ന Electronic Data Processing (EDP) Department ന്റെ ചുമതലയിലാണ് സഭയുടെ വെബ്സൈററും മൊബൈൽ ആപ്ലിക്കേഷനുകളും സോഫ്റ്റ്‌വെയറും.

റിപ്പോർട്ട് വർഷം സഭയുടെ വെബ്സൈറ്റ് (www.marthoma.in), മൊബൈൽ അപ്ലിക്കേഷൻഷൻസ് (Marthomian, Mar Thoma Directory) ഇവയിലൂടെയുള്ള സേവനങ്ങൾ ധാരാളം ആളുകൾ ഉപയോഗിച്ചു. ഇവയിലൂടെ മെത്രാപ്പോലീത്താ തിരുമേനിയുടെ കത്ത്, കല്പനകൾ, സഭാ സെക്രട്ടറിയുടെ അറിയിപ്പുകൾ, പള്ളികളുടെയും പട്ടക്കാരുടെയും വിവരങ്ങൾ ഇവ ലഭ്യമാകുകയും സഭയിലേക്ക് അടയ്ക്കേണ്ട തുകകൾ വെബ്സൈറ്റിലൂടെ ഓൺലൈനായി അടയ്ക്കുവാനും സാധിച്ചു. മൊബൈൽ ആപ്ലിക്കേഷൻസ് വഴി ആരാധന ക്രമങ്ങൾ, ക്രിസ്തീയകീർത്തനങ്ങൾ, ഇവയുടെ ഉപയോഗം പുതിയ സാങ്കേതിക വിദ്യയുടെ പ്രയോജനങ്ങൾ പ്രായഭേദമെന്യെ ഉപയോഗിച്ചു വെന്നതിന്റെ തെളിവാണ്.

കോവിഡ് രോഗം വ്യാപിച്ചതിന്റെ ഫലമായി പള്ളികൾ തുറക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ 2020 മാർച്ച് 22 മുതൽ എല്ലാ ഞായറാഴ്ച്ചയും പുലാത്തീനിൽ നിന്നും ശുശ്രൂഷകൾ വെബ്കാസ്റ്റ് ചെയ്തു. ശരാശരി 8000 പേർ തത്സമയം പങ്കെടുത്തു. ദൈവാലയങ്ങൾ അടഞ്ഞു കിടക്കുന്ന അവസ്ഥയിൽ ഹാശാ ആഴ്ച്ചയിലെ ആരാധനകൾ ഓൺലൈനായി നടത്തി. മാർത്തോമ്മാ സഭ എടുത്ത ഈ നിലപാട് പരക്കെ അറിയപ്പെടുകയും അനേകർക്ക് മാതൃകയാകുകയും മാധ്യമ ശ്രദ്ധ പിടിച്ചുപറ്റുകയും ചെയ്തു. ഇത് കൂടാതെ സഭയുടെ പ്രധാന പരിപാടികൾ വെബ്സൈറ്റിലൂടെയും യൂട്യൂബ്, ഫേയ്സ്ബുക്ക് പേജിലൂടെയും ലൈവ് ആയി വെബ്കാസ്റ്റ് ചെയ്യുന്നു.

(Facebook Page Likes: - https://www.facebook.com/MalankaraMarThomaSyrianChurch- 31,226; YouTube Subscribers- https://www.youtube.com/Mar Thoma Syrian Church-: 31,600)

സഭാ ആഫീസ് +914692606080 എന്ന വാട്സ് ആപ്പ് നമ്പർ ആരംഭിച്ചു. Whatsapp, SMS, സംവിധാനങ്ങൾ ഉപയോഗിച്ച്, സഭയുടെ പ്രധാനവാർത്തകൾ, കമ്മറ്റി വിവരങ്ങൾ തിരുമേനിമാർക്കും പട്ടക്കാർക്കും സഭാ കൗൺസിൽ അംഗങ്ങൾക്കും ലഭ്യമാക്കി. ആഭിവന്ദ്യ മെത്രാപ്പോലീത്താ തിരുമേനിയുടെ

സർക്കുലർ കല്പനകൾ എല്ലാ പട്ടക്കാർക്കും ഈമെയിൽ, Whatsapp വഴി അയച്ചുകൊടുക്കുന്നു.

അഭിവന്ദ്യ മെത്രാപ്പോലീത്താ തിരുമേനിയുടെ അനുവാദത്തോടെ സർക്കുലർ കല്പനകളിൽ QR കോഡ് ഉപയോഗിക്കുവാൻ തുടങ്ങി (സർക്കുലർ നമ്പർ 357 മുതൽ).

സഭയുടെ പുതിയ സോഫ്റ്റവെയറിന്റെ വികസനം റിപ്പോർട്ട് വർഷം പുരോഗമിക്കുന്നു. 01.04.2019 മുതൽ പുതിയ അക്കൗണ്ട്സ് മൊഡ്യൂൾ (Accounts Module) ഉപയോഗിക്കുവാൻ തുടങ്ങി. 2019 സെപ്റ്റംബർ 12,13,14 തീയതികളിൽ നടന്ന ഏപ്പിസ്ക്കോപ്പൽ ഇലക്ഷൻ, സഭാ പ്രതിനിധിമണ്ഡലം ഇവയുടെ രജിസ്ട്രേഷ നകൾ പുതിയ സോഫ്റ്റ്വെയർ ഉപയോഗിച്ചു സുഗമമായി നടത്തി. സഭാ കൗൺസിൽ തീരുമാനപ്രകാരം വിദേശത്തും, ഇന്ത്യയ്ക്കകത്ത് മുംബൈ, ഡൽഹി ഭദ്രാസനങ്ങളിലെ മണ്ഡലാംഗങ്ങൾക്കും, അഡ്മിഷൻ ടിക്കറ്റ്, വാർഷിക റിപ്പോർട്ട്, വരവ് ചിലവ് കണക്ക് എന്നിവ അയച്ച് കൊടുത്തു. 140ാം വർഷവും മാരാമൺ കൺവൻഷനിൽ സഭാ ഓഫീസിന്റെ സ്റ്റാളിൽ സഭയുടെ സോഫ്റ്റ്വെയർ പ്രവർത്തിക്കുകയും ധാരാളം പേർ അതിന്റെ സേവനം ഉപയോഗിക്കുകയും ചെയ്തു. കോവിഡും മറ്റ് അപ്രതീക്ഷിത തടസ്സങ്ങളും കാരണം സോഫ്റ്റ്വെയർ ഡെവലപ്പ്മെന്റ് റിപ്പോർട്ട് വർഷം പൂർത്തീ കരിക്കുവാൻ കഴിയാത്തതിനാൽ സഭാകൗൺസിൽ തീരുമാന പ്രകാരം (R. 66/2020) എഗ്രിമെന്റ് കാലാവധി 2020 ജൂൺ 1 മുതൽ ഒരു വർഷം കൂടി നീട്ടുവാൻ തീരുമാനിച്ചു.

അഭിവന്ദ്യ ജോസഫ് മാർത്തോമ്മാ മെത്രാപ്പൊലീത്തായുടെ മേൽനോട്ടത്തിൽ അഭിവന്ദ്യ ജോസഫ് മാർ ബർന്നബാസ് തിരുമേനിയുടെ അദ്ധ്യക്ഷതയിലുള്ള 9 അംഗ വെബ്സൈറ്റ് ആൻഡ് സോഫ്റ്റ്വെയർ കമ്മറ്റി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

6.8 മലങ്കര ദർശൻ ചാനൽ പ്രോഗ്രാം

മാദ്ധ്യമങ്ങളുടെ പ്രസക്തി വർധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ റ്റി.വി. ചാനൽ പ്രോഗ്രാമിലൂടെ ജനങ്ങൾക്ക് ആത്മീയ ബോധനം നല്കണമെന്നുള്ള ഉദ്ദേശത്തോടെ മാർത്തോമ്മാ സഭ ആരംഭിച്ച ചാനൽ പ്രോഗ്രാമാണ് മലങ്കര ദർശൻ. കഴിഞ്ഞ വർഷവും മുടക്കം കൂടാതെ ക്രമമായി പരിപാടികൾ നടത്തുവാൻ സാധിച്ചു. എല്ലാ ശനിയാഴ്ചയും 6.30 പി.എം.നും ബുധനാഴ്ച 8.30 എ.എം.നും ശാലോം ടി.വി. യിലൂടെ പരിപാടികൾ സംപ്രേഷണം ചെയ്യുന്നു. ധ്യാന പ്രസംഗങ്ങൾ, മാരാമൺ കൺവൻഷൻ ദൂതുകൾ, ക്വൊയർ പ്രോഗ്രാം, കൗൺസലിങ്ങ് പരിപാടികൾ, ആരോഗ്യ മാർഗ്ഗ നിർദ്ദേശങ്ങൾ, സുവിശേഷ പ്രവർത്തനങ്ങൾ മുതലായവ പരിപാടിയുടെ ഭാഗങ്ങളാണ്. മൂന്ന് ലക്ഷത്തോളം ആൾക്കാർ ഓരോ ദിവസവും ഈ പരിപാടികൾ കാണുന്നുവെന്നാണ് ലഭ്യമായ കണക്കുകൾ സൂചിപ്പിക്കുന്നത്. കൂടുതലും കേരളത്തിനു വെളിയിലുള്ള ആൾക്കാരാണ് പ്രേക്ഷകരായിട്ടുള്ളത്.

കാലോചിതമായി നമ്മൾ വളരേണ്ടിയിരിക്കുന്നു. ഓൺലൈൻ പ്രോഗ്രാം തുടങ്ങേണ്ടത് വളരെ അത്യാവശ്യമാണ്. ഓരോ പരിപാടിയും സ്പോൺസർഷിപ്പിലൂടെയാണ് നടത്തപ്പെടുന്നത്. കുറഞ്ഞത് 25,000 രൂപ നൽകി ഓരോ പരിപാടികളും സ്പോൺസർ ചെയ്യുവാൻ ശ്രദ്ധിക്കണമേ. സംപ്രേഷണം ചെയ്തു സഹായിക്കുന്ന ശാലോം ടി.വി യോടുള്ള പ്രത്യേക നന്ദി അറിയിക്കുന്നു.

സഭാ സെക്രട്ടറി അദ്ധ്യക്ഷനായുള്ള കമ്മിയുടെ കൺവീനർ റവ. ഡോ. ജോർജ്ജ് വറുഗ്ഗീസ്, ട്രഷറാർ റവ. ആശിഷ് തോമസ് ജോർജ്ജ്, കമ്മറ്റി അംഗങ്ങളായി റവ. ജോസ് പുനമഠം, ശ്രീ. ശാമുവേൽ മാത്യു, ജോബി ജോർജ്ജ് എന്നിവർ പ്രവർത്തിക്കുന്നു.

6.9. മാർത്തോമ്മാ സ്കൂൾ കൗൺസിലിംഗ് പ്രോഗ്രാം

2019-2020 അദ്ധ്യായന വർഷം മാർത്തോമ്മാ സഭയുടെ കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിലുള്ള സ്കൂളുകളിൽ കൗൺസിലിംഗ് പ്രോഗ്രാം കാര്യക്ഷമമായി നടന്നു. ജൂൺ ആദ്യവാരത്തിൽ എല്ലാ കൗൺസിലേഴ്സിനേയും വിളിച്ചു വരുത്തുകയും അവർക്കാവശ്യമായ ട്രെയിനിംഗ് കൊടുക്കുകയും ചെയ്തു. സ്കൂൾ കൗൺസിലിംഗ് പഠിച്ചവരും ആ മേഖലയിൽ പ്രവർത്തിച്ചവരുമാണ് ഈ ശുശ്രൂഷയിൽ പങ്കുചേരുന്നത്. കൗൺസിലിംഗിൽ ഉപരിപഠനം നടത്തിയ അദ്ധ്യാപകരെ കണ്ടെത്തി തെരഞ്ഞെടുത്ത് പരിശീലനം നൽകിയശേഷമാണ് സ്കൂളുകളിൽ കൗൺസിലിംഗ് ചുമതലകളിൽ അവരെ നിയോഗിച്ചത്.

ഈ വർഷം താഴെപ്പറയുന്ന സ്കൂളുകളിൽ സ്കൂൾ കൗൺസിലിംഗ് പ്രോഗ്രാം നടത്തുവാൻ സാധിച്ചു. എസ്. സി.എസ് ഹൈസ്കൂൾ & ഹയർ സെക്കന്ററി സ്കൂൾ, എം.റ്റി. സെമിനാരി ഹൈസ്കൂൾ & ഹയർ സെക്കന്ററി സ്കൂൾ കോട്ടയം, മാർത്തോമ്മാ ഗേൾസ് ഹൈസ്കൂൾ കൊട്ടാരക്കര, മാർത്തോമ്മാ ഹൈസ്കൂൾ വാളകം, റ്റി.എം.റ്റി ഹൈസ്കൂൾ തലവടി, മാർത്തോമ്മാ ഗേൾസ് ഹൈസ്കൂൾ ആനപ്രാമ്പാൽ, മാർത്തോമ്മാ ഹയർ സെക്കന്ററി സ്കൂൾ വെൺമണി, വി.ഒ.യു.പി. സ്കൂൾ പുനലൂർ, എ.എം.എം. ഹൈസ്കൂൾ ഓതറ, ഇ.എ.എൽ.പി സ്കൂൾ തിരുവല്ല, എ. എം.എം. ഹൈസ്കൂൾ കരവാളൂർ, മാർത്തോമ്മാ ഹൈസ്കൂൾ ചണ്ണപ്പേട്ട.

ഓരോ സ്കൂളുകളിലും കുട്ടികളുടെ വ്യക്തിത്വ വികസന പ്രശ്നങ്ങൾ, പഠനം മെച്ചപ്പെടുത്തുന്ന രീതികൾ, ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നതിന് എതിരെയുള്ള ബോധവൽക്കരണ ക്ലാസുകൾ എന്നിവ കൗൺസിലിംഗ് പരിപാടികളിൽ കൂടെ സ്കൂളുകളിൽ ക്രമീകരിച്ചു. ഓരോ അദ്ധ്യാപകരും അതാത് സ്കൂളുകളിൽ നടത്തുന്ന കൗൺസിലിംഗ് പ്രവർത്തനങ്ങളുടെ റിപ്പോർട്ട് മൂന്ന് മാസത്തിലൊരിക്കൽ കൺവീനർ അച്ചന് നൽകുന്നുണ്ട്.

ഒരോ ക്ലാസുകൾ സന്ദർശിക്കുകയും ഓഡിയോ വിഷൽ ഉപയോഗിച്ച് ക്ലാസുകൾ എടുക്കുകയും വ്യക്തിപരമായി കുട്ടികളെ കണ്ട് കൗൺസിലിംഗ് സഹായം നൽകുകയും ചെയ്തു. ചില സ്കൂളുകളിൽ അദ്ധ്യാപകർക്കും രക്ഷകർത്താക്കൾക്കും പ്രത്യേകം ക്ലാസുകൾ ക്രമീകരിക്കുകയുണ്ടായി. സ്കൂൾ കൗൺസിലിംഗ് പ്രോഗ്രാമിന്റെ കൺവീനറായി റവ. ഡോ. ജോ. ജോസഫ് കുരുവിള പ്രവർത്തിച്ചു.

കുടുംബ ശാക്തീകരണ ശുശ്രൂഷ: മാർത്തോമ്മാ സഭയുടെ ഓരോ കുടുംബങ്ങളും ക്രിസ്തുയേശുവിൽ അടിസ്ഥാനപ്പെട്ട് സഭയിലും സമൂഹത്തിലും നല്ല സാക്ഷ്യമുള്ള ജീവിതങ്ങൾ നയിക്കപ്പെടുവാൻ അവരെ ശാക്തീകരിക്കപ്പെടുത്തുന്ന ഒരു ശുശ്രൂഷയാണ് കുടുംബ ശാക്തീകരണ ശുശ്രൂഷ. ഈ വർഷവും കുടുംബ ശാക്തീകരണ ശുശ്രൂഷ ഓരോ ഭദ്രാസനത്തിന്റെ ചുമതലയിൽ ആണ് നടത്തപ്പെട്ടത്. അതാത് ഭദ്രാസനങ്ങളെ സജ്ജീകരിക്കുവാൻ ഒരു കുടുംബ ശാക്തീകരണ മീറ്റിംഗ് ഫെബ്രുവരി മാസം ആറാട്ടുപുഴ തരംഗം മിഷൻ സെന്ററിൽ വച്ച് ക്രമീകരിച്ചു. ഈ മീറ്റിംഗിൽ സഭയുടെ വിവിധ ഭദ്രാസനങ്ങളിൽ ഉള്ള കൗൺസിലിംഗ് ശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്ന വൈദികർ, കൊച്ചമ്മമാർ, കൗൺസിലേഴ്സ്, സോഷ്യൽ വർക്കേഴ്സ് എന്നിവരെ അഭിവന്ദ്യ ഡോ. ഗീവർഗീസ് മാർ തിയോഡോഷ്യസ് എപ്പിസ്കോപ്പാ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ വിളിച്ചു കൂട്ടുകയും ആവശ്യമായ പരിശീലനങ്ങൾ നൽകുകയും ചെയ്തു. തുടർന്ന് കുടുംബ ശാക്തീകരണ ശുശ്രൂഷ എങ്ങനെ അർത്ഥവത്തായി ഭദ്രാസനങ്ങളിൽ നടത്തുവാൻ സാധിക്കുമെന്ന് ആലോചനകൾ സ്വീകരിക്കുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്തു. ഓരോ ഭദ്രാസനങ്ങളിലും കുടുംബ ശാക്തീകരണ ക്ലാസുകൾ വിവിധ പ്രായപരിധി ഉള്ള യുവജനങ്ങൾ, യുവദമ്പതികൾ, മദ്ധ്യവയസുള്ള ദമ്പതികൾ എന്നിവർക്കായി ക്ലാസുകൾ ക്രമീകരിക്കുവാൻ ഭദ്രാസനത്തെ ചുമതലപ്പെടുത്തി.

6.10 ലഹരി വിമോചന സമിതി

യേശുക്രിസ്തുവിന്റെ പ്രവർത്തന ശൈലി പിന്തുടർന്നുകൊണ്ട് സമൂഹത്തിൽ നിന്നും പാർശ്വവൽക്കരിക്കപ്പെട്ടവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരിക എന്ന ദൗത്യം മാർത്തോമ്മാ സഭ ചെയ്തുകൊണ്ടിരിക്കുന്നു. മദ്യത്തിനും മറ്റ് ഉപാധികൾ ക്കും അടിമപ്പെട്ടവരും മറ്റ് സാമൂഹിക തിന്മകളിലും പെട്ടവരെ കണ്ടെത്തി അർത്ഥവത്തായി ജീവിതത്തെക്കുറിച്ച് അവരെ ബോധവാന്മാരാക്കുന്നതിനും സഭ ഒട്ടേറെ പ്രവർത്തനങ്ങൾ ചെയ്തുവരുന്നു. ഇത്തരം തിന്മകളുടെ

സ്വാധീനത്താൽ താളം തെറ്റിപ്പോയ അനേക ലക്ഷം കുടുംബങ്ങൾ നമുക്ക് ചുറ്റിലും ഉണ്ട്. സഭ അവരുടെ നിലവിളി ശ്രദ്ധിക്കുന്നു എന്നതിന്റെ പ്രകടമായ ഉദാഹരണമാണ് ഡി-അഡിക്ഷൻ സെന്ററുകളും പ്രവർത്തനങ്ങളും. ഏത് ലഹരിക്ക് അടിമപ്പെട്ട ആളും നമ്മുടെ സമസൃഷ്ടി ആണെന്നുള്ള വലിയ ബോധ്യമാണ് നമ്മെ ഈ പ്രവർത്തനങ്ങളിലേക്ക് നയിച്ചുകൊണ്ടിരിക്കുന്നത്. കുടുംബങ്ങളെയും വ്യക്തികളെയും ലഹരി തകർത്തു തരിപ്പണമാക്കുന്നത് നോക്കിയിരിക്കുവാൻ നമുക്ക് കഴിയുകയില്ല. കാലഘട്ടത്തിന് അനുയോജ്യമായി സഭ ഇത്തരം പ്രവർത്തനങ്ങളിൽ മുന്നേറിക്കൊണ്ടിരിക്കുന്നു എന്നത് അഭിമാനകരം തന്നെ. ഇത്രത്തോളം നടത്തിയ ദൈവകൃപയ്ക്ക് നന്ദി അറിയിച്ചുകൊണ്ട് ലഹരി വിമോചന സമിതിയുടെ പോയ വർഷത്തെ (2019-20) റിപ്പോർട്ട് സമർപ്പിച്ചുകൊള്ളുന്നു. 2019-20-ലെ സഭയുടെ വാർഷിക ബജറ്റിൽ അനുവദിച്ച 5 ലക്ഷം രൂപയിൽ നിന്നും 4,84,094 രൂപ വിനിയോഗിച്ച് വിവിധ പരിപാടികൾ ക്രമീകരിച്ചു.

ലഹരി വിരുദ്ധ ദിനം: അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനമായ ജൂൺ 26-ന് തിരുവല്ല സിറിയൻ ക്രിസ്ത്യൻ ഹയർ സെക്കണ്ടറി സ്കൂളിൽ തന്നാണ്ടത്തെ സഭാതല പരിപാടികളുടെ ഉദ്ഘാടനം അഭിവന്ദ്യ ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ നിർവ്വഹിച്ചു. വിദ്യാർത്ഥികൾക്കായി ബോധവൽക്കരണ പരിപാടികളും എക്സിബിഷനും ക്രമീകരിച്ചു. കേരളത്തിലെ എല്ലാ ഭദ്രാസനങ്ങളിലും ലഹരിവിരുദ്ധ ദിനത്തിൽ ഭദ്രാസന ചുമതലയിൽ എക്സിബിഷനും ബോധവൽക്കരണ പരിപാടികളും നടത്തി.

ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം: സഭയിലെ ഡി അഡിക്ഷൻ സെന്റർ ഡയറക്ടർമാർക്കും കൗൺസലേഴ്സിനുമായി ബിഹേവിയറൽ അഡിക്ഷനെക്കുറിച്ചുള്ള ക്ലാസ് മലയാലപ്പുഴ നവജീവൻ കേന്ദ്രത്തിൽ നടത്തി. റവ. ഏബ്രഹാം സ്കറിയാ പി. നേതൃത്വം നല്കി.

ഡയറക്ടേഴ്സ് മീറ്റിംഗ്: തന്നാണ്ടിൽ ഡി അഡിക്ഷൻ സെന്റർ ഡയറക്ടർമാരുടെ 3 സമ്മേളനങ്ങൾ നടത്തി.

അനുമോദനം: മാർത്തോമ്മാ മാനവ സേവ അവാർഡിന് അർഹനായ ദിവ്യശ്രീ തോമസ് പി. ജോർജ്ജ് കശ്ശീശായെ കിടങ്ങന്നൂർ നവദർശനിൽ നടത്തിയ യോഗത്തിൽ അനുമോദിച്ചു

പ്രസിദ്ധീകരണം: വിദ്യാർത്ഥികളുടെ ഇടയിലുള്ള ബോധവൽക്കരണത്തിനായി ബ്രോഷറുകൾ അച്ചടിച്ച് വിതരണം ചെയ്തു.

സാഫല്യം 2019: കേരളത്തിലെ 315 വിദ്യാലയങ്ങളിൽ ബോധവൽക്കരണ പരിപാടികൾ നടത്തി. കൊല്ലം ജില്ലയിലെ ഭൂരിഭാഗം സ്കൂളുകളിലും ഇത് നടത്തുവാൻ സാധിച്ചു.

സാഫല്യം 2020: സൺഡേസ്കൂൾ സമാജവുമായി സഹകരിച്ച് വി.ബി.എസ്സിലെ ഒരു ദിനം ലഹരി വിരുദ്ധ ബോധവൽക്കരണ ദിനമായി വേർതിരിച്ചിരുന്നു. ഗെയിം കലണ്ടർ അച്ചടിച്ച് സമാജത്തിൽ ഏൽപിച്ചു.

ലഹരി വിരുദ്ധ ഞായർ:1983 മുതൽ ജനുവരിയിലെ രണ്ടാം ഞായർ ലഹരി വിരുദ്ധ ഞായറായി സഭയിൽ ആചരിച്ചുവരുന്നു. അന്നേ ദിവസ ത്തെ പാഠങ്ങൾ, ശ്ലീഹാ, ഏവൻഗേലിയോൻ ആസക്തിയുമായി ബന്ധപ്പെട്ടിട്ടുള്ളതാണ്. 2018 മുതൽ ആ ദിവസത്തേക്കായി ഒരു പ്രത്യേക ആരാധനക്രമം തയ്യാറാക്കി നല്കിവരുന്നു. ലഹരി വിമോചന പ്രവർത്തകരുടെ ഡെപ്യൂട്ടേഷൻ, എ.എ. അംഗങ്ങളുടെ സാക്ഷ്യം എന്നിവ ആ ദിനത്തിൽ നടത്തുന്നു. ഇതിലൂടെ സഭാംഗങ്ങളിൽ ലഹരിവിരുദ്ധ മനോഭാവം വളർത്തിയെടുക്കുന്നതിനായി പരിശ്രമിക്കുന്നു; ആസക്തർക്കുവേണ്ടിയും കുടുംബാംഗങ്ങൾക്കുവേണ്ടിയും പ്രാർത്ഥിക്കുവാൻ സാധിക്കുന്നു. 2020 ജനുവരി 12 ലഹരിവിരുദ്ധ ദിനമായി വേർതിരിച്ചു.

ലഹരി വർജ്ജന ശതാബ്ദി (മുറുക്കാൻ പൊതി വിപ്ലവം): ആത്മിക വളർച്ചയോടൊപ്പം സാമൂഹിക പ്രതിബദ്ധതയും തിരിച്ചറിയുകയും വിപ്ലവകരമായ ചുവടുകൾ എടുക്കുകയും ചെയ്യുന്നതിൽ നമ്മുടെ സഭ ഒന്നാമതാണ്. 1920-ൽ മാരാമൺ കൺവെൻഷനിലെ മുഖ്യപ്രസംഗകനായിരുന്ന ഷെർവുഡ് എഡ്ഡി തന്റെ പ്രസംഗത്തിൽ ജനങ്ങളുടെ കയ്യിലുള്ള മുറുക്കാനും പുകയിലയും മണലിൽ കുഴിച്ചിടുവാൻ ആഹ്വാനം ചെയ്തു. (അന്നത്തെ സമൂഹത്തിൽ നല്ലൊരു പങ്കാളുകളും പുകയില ഉപയോഗിക്കുന്ന ശീലമുള്ളവരായിരുന്നു). ആ ആഹ്വാനം അനേക ദൈവമക്കൾ ശിരസ്സാവഹിക്കുകയും തങ്ങൾ ഉപയോഗിച്ചിരുന്ന പുകയില ഉപേക്ഷിച്ച് പിന്നീട് ലഹരി രഹിതമായി ജീവിക്കുകയും ചെയ്തു. ഈ സംഭവത്തെ 'മുറുക്കാൻ പൊതി വിപ്ലവം' എന്നറിയപ്പെടുന്നു.

ലഹരി വർജ്ജന ശതാബ്ദി പരിപാടിയുടെ ഉദ്ഘാടനവും ശതാബ്ദി ലോഗോയുടെ പ്രകാശനവും മാരാമൺ കൺവെൻഷനിലെ സാമൂഹിക തിന്മകൾക്കെതിരെയുള്ള യോഗത്തിൽ വെച്ച് അഭിവന്ദ്യ മെത്രാപ്പോലീത്താ തിരുമേനി നിർവ്വഹിച്ചു.

ലോഗോ മത്സരം: ലഹരി വർജ്ജന ശതാബ്ദിയോടനുബന്ധിച്ച് ലോഗോ മത്സരം സംഘടിപ്പിച്ചു. വാഴൂർ സെന്റ് ജോർജ്ജ് ഇടവകാംഗം പ്രശാന്ത് ബാബു ഒന്നാം സമ്മാനാർഹനായി

എക്സിബിഷൻ: മാരാമൺ കൺവെൻഷൻ നഗറിൽ ലഹരി വിരുദ്ധ എക്സിബിഷൻ ക്രമീകരിച്ചു. ആസക്തി രോഗവും അതിന്റെ ദൂഷ്യഫലങ്ങളും ശാസ്ത്രീയമായി മനസ്സിലാക്കത്തക്ക രീതിയിൽ സ്റ്റാൾ ക്രമീകരിച്ചിരുന്നു. പുകവലിയുടെ ദൂഷ്യഫലങ്ങളെപ്പറ്റി live demonstration നടത്തി. "ഞാനും എന്റെ കുടുംബവും ലഹരിക്കെതിരെ" എന്ന ആശയം ഉറപ്പിച്ചു കൊ് "click against addiction' പരിപാടിയിൽ അനേകർ പങ്കെടുത്തു. ാീലേ കാർഡ് വിതരണം ചെയ്തു. ഇപ്രകാരം എക്സിബിഷൻ ക്രമീകരിക്കുവാൻ ക്രമീകരണം ചെയ്തു തന്ന സുവിശേഷ പ്രസംഗ സംഘത്തോടുള്ള നന്ദി അറിയിക്കുന്നു.

മാരാമൺ എ.എ.: മാരാമൺ കൺവെൻഷനിലെ സാമൂഹിക തിന്മയ്ക്കെതിരെയുള്ള യോഗത്തിന് ശേഷം മാരാമൺ എ.എ. കൂട്ടായ്മ കുട്ടിപ്പന്തലിൽ നടത്തി. അഭിവന്ദ്യ തോമസ് മാർ തീത്തൊസ് തിരുമേനി അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ധാരാളം മദ്യവിമുക്തരും ലഹരി വിമോചന പ്രവർത്തകരും പങ്കെടുത്തു.

കുടുംബസംഗമം: മദ്യവിമുക്തരുടെ കുടുംബാംഗങ്ങളുടെ സംഗമം വിവിധ ഡി അഡിക്ഷൻ കേന്ദ്രങ്ങളുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു. 1200 കുടുംബങ്ങൾ പങ്കെടുത്തു.

ഡി അഡിക്ഷൻ പ്രവർത്തക കൂട്ടായ്മ: സഭയിലെ ഡി അഡിക്ഷൻ പ്രവർത്തക കൂട്ടായ്മ മാരാമണ്ണിൽ നടത്തപ്പെട്ടു.

ഹെല്പ് ഡെസ്ക്: കോവിഡ് 19 പശ്ചാത്തലത്തിൽ ഗവൺമെന്റ് മദ്യനിരോധനം ഏർപ്പെടുത്തിയ സാഹചര്യത്തിൽ withdrawal management-നായി സഭയുടെ ഡി അഡിക്ഷൻ സെന്റർ മുഖേന ഹെല്പ് ഡെസ്ക് ക്രമീകരിച്ചു. അനേകം വ്യക്തികൾ, കുടുംബങ്ങൾ ഈ അവസരം പ്രയോജനപ്പെടുത്തി. റവ. ഡോ. പി.ജെ മാമ്മച്ചൻ ചെയർമാനായും ശ്രീ അലക്സ് പി. ജോർജ്ജ് കൺവീനറായും പ്രവർത്തിച്ചു.

6.11 മാർത്തോമ്മാ തിയോളജിക്കൽ കമ്മീഷൻ

ആഗോള ദേശീയ തലങ്ങളിലും പ്രാദേശിക ഇടങ്ങളിലും സഭയും സമൂഹവും അഭിമുഖീകരിക്കുന്ന വെല്ലുവിളികൾ തിരിച്ചറിയുവാനും പഠിക്കുവാനും മാർത്തോമ്മാ തിയോളജിക്കൽ കമ്മീഷൻ പരിശ്രമിക്കുന്നു.

മാർത്തോമ്മാ തിയോളജിക്കൽ കമ്മീഷനും, വൈദിക സെമിനാരിയും സംയുക്തമായി അടുത്തുവരുന്ന അഖിലലോക സഭാ കൗൺസിലിന്റെ പ്രധാന ചിന്താവിഷയം ആയ Christ's Love Moves the World to Reconciliation and Unity എന്ന വിഷയത്തെ അധികരിച്ച് ഒരു സെമിനാർ 2020 ഫെബ്രുവരി 4-ന് മാർത്തോമ്മാ വൈദിക സെമിനാരിയിൽ നടത്തി. അഭി. ഡോ. ഗീവർഗീസ് മാർ തിയഡോഷ്യസ് എപ്പിസ്കോപ്പാ അദ്ധ്യക്ഷത വഹിച്ചു. റവ. ബോബി മാത്യു പ്രധാന വിഷയവു മായി ബന്ധപ്പെട്ട് വേദപഠനവും റവ. ഡോ. വൈ.റ്റി. വിനയരാജ് വിഷയാവതരണവും നടത്തി. അഭി. ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പാ മുഖ്യവിഷയത്തെ അധികരിച്ച് പ്രഭാഷണം നടത്തി.

അഭി. ഡോ. ഗീവർഗീസ് മാർ തിയഡോഷ്യസ് എപ്പിസ്കോപ്പാ ചെയർമാനായും റവ. ഡോ. പ്രകാശ് കെ. ജോർജ് കൺവീനറായും പ്രവർത്തിച്ചു.

6.12 സോഷ്യോ-പൊളിറ്റിക്കൽ കമ്മീഷൻ

മാർത്തോമ്മാ സഭയുടെ സോഷ്യോ പോളിറ്റിക്കൽ കമ്മീഷന്റെ ആഭിമുഖ്യത്തിൽ 2020 ജനുവരി 22 ബുധനാഴ്ച പൗരത്വ ഭേദഗതി ബില്ലിനെക്കുറിച്ച് ഒരു സെമിനാർ തിരുവനന്തപുരം മണ്ണന്തല ജെ.എം.എം. സ്റ്റഡി സെന്ററിൽ നടന്നു. അഭിവന്ദ്യ ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പാ അദ്ധ്യക്ഷത വഹിച്ചു. ഡോ. സനൽ മോഹൻ മുഖ്യപ്രഭാഷണം നടത്തി. തുടർന്ന് പൊതു ചർച്ചയും നടന്നു.

6.13 ഇക്കോളജിക്കൽ കമ്മീഷൻ

2008-ൽ രൂപീകൃതമായ ഇക്കോളജീക്കൽ കമ്മീഷൻ സഭയുടെ പ്രേഷിതവൃത്തിയിൽ പരിസ്ഥിതി അവബോധം വളർത്തുന്നതിനുവേണ്ടി വിവിധ സെമിനാറുകളും, ഇക്കോ കൂട്ടായ്മകളും സംഘടിപ്പിച്ചിട്ടുണ്ട്. പരിസ്ഥിതി സംരക്ഷണം സഭയുടെ വിശ്വാസത്തിന്റെ ഭാഗമായി ദേശീയ തലത്തിലും, പ്രാദേശിക തലത്തിലും സ്വീകരിക്കുന്നതിനുള്ള ആഹ്വാന മാണ് കമ്മീഷൻ നൽകിയത്. 2019 ജൂൺ രണ്ടാം ഞായറാഴ്ച പരിസ്ഥിതി ദിനമായി ആചരിച്ചു. അതിനു സഹായകരമായി മെത്രാപ്പോലീ ത്തായുടെ കല്പനയും എല്ലാ പള്ളികളിലും വായിക്കുകയും. അനുയോജ്യമായ തിരുവചന ശുശ്രൂഷയും മിക്കവാറും എല്ലാ ഇടവകകളിലും നടത്തപ്പെട്ടു.

സഭാതാരക, ചർച്ച് വീക്കിലി, പീപ്പിൾസ് റിപ്പോർട്ടർ, വികസന സന്ദേശം, യെറുശലേം ദൂതൻ, വനിതാ ബോധിനി മുതലായ ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ ലേഖന ങ്ങൾ പരിസ്ഥിതി സമിതി അംഗങ്ങൾ എഴുതിയിട്ടുണ്ട്. കേരള ത്തിനു വെളിയിൽ മുംബൈ, ബാംഗ്ളൂർ, മദ്രാസ് എന്നിവി ടങ്ങളിൽ വിവിധ പരിപാടികൾ പ്രാദേശികതലത്തിൽ സംഘടിപ്പിച്ചു. Beat Plastic Pollution എന്ന UN ചിന്താ വിഷയം അടിസ്ഥാനമാക്കിയുള്ള പ്രഭാഷണങ്ങളും, പ്രവർത്തനപദ്ധതികളും, പ്ലാക്കാർഡു പ്രദർശനങ്ങളും സംഘടിപ്പിക്കുന്നതിൽ ഇടവക ജനങ്ങളും, സംരക്ഷണ സമിതിയംഗങ്ങളും വിവിധ രീതിയിൽ പങ്കെടു ത്തിട്ടുണ്ട്. കൂടാതെ മുംബൈ മിറാ റോഡിലെ മാർത്തോമ്മ പള്ളിയിൽ പരിസ്ഥിതി കൺവൻഷനും നടത്തപ്പെട്ടു.

കൺവീനർ റിപ്പോർട്ടു വർഷം വിവിധ സമ്മേളനങ്ങളിലും കൺവൻഷൻ വേദികളിലും, പ്രഭാഷണം ചെയ്തും ലേഖനങ്ങൾ എഴുതിയും പരിസ്ഥിതി നീതിബോധവും, പരിസ്ഥിതി ആദ്ധ്യാത്മികതയും വളർത്തുന്നതിനുള്ള ആഹ്വാനം നൽകിയിട്ടുണ്ട്.

2019 ലെ സ്ഥാപനങ്ങൾക്കുള്ള ഹരിത അവാർഡ് മാർത്തോമ്മാ തിയോളജിക്കൽ സെമിനാരി കരസ്ഥമാക്കി. 2019-20 ലെ ഡോ. യൂഹാനോൻ മാർത്തോമ്മാ ഇക്കോക്വിസ് പ്രോഗ്രാമിൽ പത്തനംതിട്ട ഹയർ സെക്കഡറിസ്ക്കൂൾ ഒന്നാം സ്ഥാനവും, തിരുവല്ല എസ്.സി. ഹയർ സെക്കൻഡറി സ്ക്കൂൾ രണ്ടാം സ്ഥാനവും കരസ്ഥമാക്കി ഇവർക്കു കാഷ് അവാർഡും, സർട്ടിഫിക്കേറ്റും നൽകി. പ്രൊഫ. ഡോ. ജോർജ്ജ് മാത്യു, ശ്രീമതി ലാലമ്മ വറുഗീസ്, പ്രൊഫ. ഡോ. മോഹൻ വറുഗീസ് എന്നിവർ നേതൃത്വം നൽകി.

ഇക്കോ ധാർമ്മികത പരിപാലിക്കുക എന്ന ഒരു ആഹ്വാന ലേഖനം 2020 ലെ മാർച്ച് മാസത്തെ സഭാതാരകയിൽ പ്രസിദ്ധപ്പെടുത്തി. കൂടാതെ ശബ്ദമലിനീകരണം മാർ ത്തോമ്മാ സഭയുടെ പ്രതികരണം എന്ന് തലക്കെട്ടിൽ ഒരു പ്രസ്താവനയും സഭയ്ക്കു വേണ്ടി പ്രസിദ്ധീകരിച്ചു.

പഞ്ചഭൂതങ്ങൾ ജീവന്റെ പ്രതീകങ്ങൾ എന്നാണ് 2019-2020 ലെ ചിന്താവിഷയമായി പരിസ്ഥിതി സംരക്ഷണസമിതി തെര ഞ്ഞെടുത്തിട്ടുള്ളത്. 2020 ലെ UN പരിസ്ഥിതി ചിന്താവിഷയം Plant health എന്നതാണ്. ഈ വിഷയം അടിസ്ഥാനമാ ക്കിയും 'Right to water is right to life' എന്ന പരിസ്ഥിതി ചിന്ത കേന്ദ്രീകരിച്ചും സെമിനാറുകൾ സംഘടിപ്പിക്കു ന്നതാണ്.

റൈറ്റ് റവ. തോമസ് മാർ തിമോത്തിയോസ് എപ്പിസ്ക്കോപ്പാ ചെയർമാനായും, റവ. ഡോ. എം.ജെ. ജോസഫ് കൺവീന റായും പ്രവർത്തിക്കുന്നു. പ്രൊഫ. ഡോ സജി ചാക്കോ ആയിരുന്നു മുൻ കൺവീനർ.

7. ഭദ്രാസനങ്ങളും, ഇടവകകളും, പട്ടക്കാരും, മണ്ഡലാംഗങ്ങളും

7.1. ഭദ്രാസനങ്ങളും, ഇടവകകളും

ഭദ്രാസനങ്ങൾ	ഇടവകകളും കോൺഗ്രിഗേഷനുകളും
1. നിരണം-മാരാമൺ	89
2. കോട്ടയം-കൊച്ചി	119
3. റാന്നി - നിലയ്ക്കൽ	130
4. മുംബൈ	74
5. കൊട്ടാരക്കര - പുനലൂർ	93
6. തിരുവനന്തപുരം - കൊല്ലം	90
7. മലേഷ്യ-സിംഗപ്പൂർ-ആസ്ട്രേലിയ-ന്യൂസിലാൻഡ്	32
8. ചെങ്ങന്നൂർ - മാവേലിക്കര	92
9. നോർത്ത് അമേരിക്ക - യൂറോപ്പ്	89
10. അടൂർ	95
11. ചെന്നൈ - ബാംഗ്ലൂർ	179
12. ഡൽഹി	88
13. കുന്നംകുളം - മലബാർ	82

7.2. റിപ്പോർട്ടുവർഷം രൂപീകൃതമായ ഇടവകകൾ/കോൺഗ്രിഗേഷൻ

1. മിച്ചിഗൺ സെന്റ് ജോൺസ് മാർത്തോമ്മാ ചർച്ച്
2. ആടുവള്ളി ഹെബ്രോൺ മാർത്തോമ്മാ ചർച്ച്
3. വെങ്ങോട് സെന്റ് സ്റ്റീഫൻ മാർത്തോമ്മാ ചർച്ച്
4. കോത്തന്നൂർ ഇമ്മാനുവേൽ മാർത്തോമ്മാ ചർച്ച്
5. ഡാളസ് ക്രോസ്വേ മാർത്തോമ്മാ ചർച്ച്
6. ഹൂസ്റ്റൺ സെന്റ് തോമസ് മാർത്തോമ്മാ ചർച്ച്
7. റെഡിമർ മാർത്തോമ്മാ ചർച്ച്, ന്യൂജെഴ്സി
8. വൈറ്റ്ഫിൽഡ് മാർത്തോമ്മാ കോൺഗ്രിഗേഷൻ, ബാംഗ്ലൂർ
9. ആലീസ് സ്പ്രിംഗ്സ് മാർത്തോമ്മാ കോൺഗ്രിഗേഷൻ, സെൻട്രൽ ആസ്ട്രേലിയ
10. അൽകരാജ് മാർത്തോമ്മാ കോൺഗ്രിഗേഷൻ, സൗദി അറേബ്യ

7.3 സജീവ സേവനത്തിൽ നിന്നും 2019-2020 ൽ വിരമിച്ച പട്ടക്കാർ

1. റവ. പി. മാത്യു ഭരണിക്കാവ്
2. റവ. ഉമ്മൻ വി. വർക്കി
3. റവ. ഇ. ജെ. ജോസഫ്
4. റവ. ഡോ. ഏബ്രഹാം ഫിലിപ്പ്
5. റവ. ഡോ. അലക്സാർ എ. തോമസ്
6. റവ. സണ്ണി മാത്യു
7. റവ. പി.എ ഏബ്രഹാം
8. റവ. റ്റി. സാമുവേൽ
9. റവ. എം. എം. തോമസ്
10. റവ. പി. എസ്. തോമസ്
11. റവ. ജോൺസൺ വർഗീസ് (വെൺമണി)
12. റവ. ജോസഫ് ചാക്കോ
13. റവ. റ്റി. സി. ചെറിയാൻ
14. റവ. എം. സി. മാത്യു
15. റവ. വി. റ്റി. കുര്യൻ
16. റവ. പി. എം. ജോൺസൺ
17. റവ. ഐ. എ വറുഗീസ്
18. റവ. റ്റി. പി. മാത്യു
19. റവ. മാത്യു വർഗീസ് (അയിരൂർ)
20. റവ. റോയി മാത്യു
21. റവ. മാത്യു സ്കറിയ (കുമ്പളാംപൊയ്ക)
21. റവ. തോമസ് ജോർജ്ജ് (അയിരൂർ)

7.4. നിര്യാതരായ വന്ദ്യവൈദീകർ

1. റവ. റ്റി.സി.മാമ്മൻ
2. റവ. ഡോ. ഗീവർഗീസ് മാത്യു
3. റവ. റ്റി. സി. തോമസ്
4. റവ. റ്റി. സി. ജോൺ
5. റവ. കെ.എസ്. ഏബ്രഹാം
6. റവ. ജോർജ്ജ് അലക്സാർ
7. റവ. എബി തമ്പി നൈനാൻ

7.5. നിര്യാതനായ മണ്ഡലാംഗങ്ങൾ

1. ശ്രീ.പി. റ്റി. തോമസ്
2. ശ്രീ. ജോൺ. സി. ജോർജ്ജ്

7.6. 2019-2020 പട്ടത്വ ശുശ്രൂഷയിലേക്ക് പ്രവേശിച്ചവർ

	ശെമ്മാശ്	കശീശാ
1. റവ. റോബിൻ രാജു	06.06.2019	09.07.2019
2. റവ. ഷിബിൻ ശിശുമണി	06.06.2019	09.07.2019
3. റവ. ജോബിൻ എസ് ഏബ്രഹാം	07.06.2019	03.07.2019
4. റവ. അജീഷ് കെ മാത്യു	07.06.2019	02.07.2019
5. റവ. മാത്യു കെ. ജോൺ	07.06.2019	02.07.2019
6. റവ. ജോസഫ് ലിനോ	08.06.2019	17.12.2019
7. റവ. വിപിൻ സാം തോമസ്	08.06.2019	10.07.2019
8. റവ. ജോജി ജോൺ	10.06.2019	05.07.2019
9. റവ. ജോബി വി. ജോർജ്ജ്	10.06.2019	10.07.2019
10. റവ. ലിജിൻ വർക്കി ഫിലിപ്പ്	10.06.2019	04.07.2019
11. റവ. മഞ്ജുഷ് എബിൻ കോശി	10.06.2019	05.07.2019
12. റവ. റോജിൻ കെ. എസ്	10.06.2019	11.12.2019
13. റവ. റിജോയ് വർഗീസ്	11.06.2019	16.07.2019
14. റവ. ലെതിൻ ജോസഫ്	11.06.2019	12.07.2019
15. റവ. സൂരജ് തോമസ് ചെറിയാൻ	11.06.2019	21.12.2019
16. റവ. റോണി നൈനാൻ ഫിലിപ്പ്	11.06.2019	12.07.2019
17. റവ. അജിൻ ഏബ്രഹാം ജോർജ്ജ്	11.06.2019	12.07.2019
18. റവ. റോബിൻ ജി.കെ	14.06.2019	17.07.2019
19. റവ. നിജോ എ വർഗീസ്	14.06.2019	17.12.2019
20. റവ. ബിനു വർഗീസ്	18.06.2019	19.07.2019
21. റവ. ക്രിസ്റ്റി എം ഏബ്രഹാം	18.06.2019	13.07.2019
22. റവ. സന്തോഷ് ഫിലിപ്പ്	18.06.2019	11.07.2019
23. റവ. ജോൺ വർഗീസ്	18.06.2019	16.07.2019
24. റവ. ജിബിൻ ജോസ്	18.06.2019	07.01.2020
25. റവ. റെക്സ് തോമസ് തോമസ്	20.06.2019	26.07.2019
26. റവ. അഖിലേഷ് ജോൺ സഖറിയ	20.06.2019	26.07.2019
27. റവ. പീറ്റർ രാജു	20.06.2019	08.01.2020
28. റവ. ഷിനോയി തോമസ്	21.06.2019	21.12.2019
29. റവ. ജസ്റ്റിൻ ഫിലിപ്പ് വറുഗീസ്	22.06.2019	19.07.2019
30. റവ. ഷാജൻ വറുഗീസ് മാത്യു	22.06.2019	25.07.2019
31. റവ. ഷിതിൻ സാമുവേൽ	22.06.2019	25.07.2019
32. റവ. ജിതിൻ മാത്യു തോമസ്	22.06.2019	08.01.2020
33. റവ. എബി ഉമ്മൻ	14.08.2019	30.08.2019
34. റവ. വസന്ത് പോൾ	14.10.2019	09.11.2019
35. റവ. നരേഷ ബാബു വി	14.10.2019	09.11.2019

7.7 പട്ടക്കാരുടെ വാർഷിക കോൺഫറൻസ്

മലങ്കര മാർത്തോമ്മാ സുറിയാനി സഭയിലെ മേൽപ്പട്ടക്കാരുടെയും പട്ടക്കാരുടെയും വാർഷിക സമ്മേളനം 2019 നവംബർ 26 മുതൽ 29 വരെയുള്ള ദിവസങ്ങളിൽ ചരൽക്കുന്നിലുള്ള ക്രിസ്ത്യൻ എഡ്യൂക്കേഷൻ സെന്ററിൽ നടന്നു. വൈദിക ട്രസ്റ്റി റവ. തോമസ് സി. അലക്സാണ്ടറിന്റെ പ്രാരംഭ പ്രാർത്ഥനയോടെ ആരംഭിച്ച സമ്മേളനത്തിൽ സഭാ സെക്രട്ടറി റവ. കെ.ജി. ജോസഫ് 2018-19 വർഷം പട്ടത്വ സമൂഹത്തിൽ നിന്ന് വേർപെട്ടുപോയ റവ. ജോർജ്ജ് അലക്സാണ്ടർ, റവ. എബി തമ്പി നൈനാൻ, റവ. റ്റി.സി. മാമ്മൻ, റവ. ഡോ. ഗീവർഗീസ് മാത്യു, റവ. റ്റി.സി. തോമസ്, റവ. റ്റി.സി. ജോൺ, റവ. കെ. എസ്. ഏബ്രഹാം എന്നീ വൈദികരുടെ ശുശ്രൂഷകളെയും ജീവിതത്തെയും ഓർത്ത് സഭയുടെ അനുശോചനം അറിയിക്കുകയും തുടർന്ന് സദസ്സിന് സ്വാഗതം ആശംസിക്കുകയും ചെയ്തു.

റവ. ബെന്നി വി. ഏബ്രഹാം, റവ. സാംസൺ വി. സാം എന്നീ വൈദികരുടെ നേതൃത്വത്തിൽ ദൗത്യ പുനരാവിഷ്ക്കാരത്തിന്റെ നേർചിത്രം വ്യക്തമാക്കുംവിധം 5 ഭാഗങ്ങളായി സർഗ്ഗനിലാവ് കനൽ-2 എന്ന പേരിൽ ടീം പ്രസന്റേഷൻ അവതരിപ്പിച്ചു. 'ദൗത്യപുനരാവിഷ്ക്കാരം സമകാലീന സാമൂഹ്യ പശ്ചാത്തലത്തിൽ' എന്ന പ്രധാന വിഷയത്തെ അടിസ്ഥാനമാക്കി റവ. ഡോ. ബൈജു മർക്കോസ് മുഖ്യപ്രഭാഷണം നിർവ്വഹിച്ചു. റവ. ഡോ. എം.സി. തോമസ് വിഷയാസ്പദ വേദപഠനങ്ങൾക്ക് നേതൃത്വം നൽകി.

പട്ടത്വ ശുശ്രൂഷ-നിയോഗവും ആധുനിക കാലഘട്ട വെല്ലുവിളികളും (Pastoral Vocation and Chalenges in Modern Time) എന്ന വിഷയത്തിൽ ജസ്റ്റിസ് കുര്യൻ ജോസഫും നവോത്ഥാനം ക്രിസ്തീയ വീക്ഷണത്തിൽ (Renaisance in Christian Perspective) എന്ന വിഷയത്തെ അധികരിച്ച് ഡോ. ജോർജ്ജ് കെ. അലക്സും മുഖ്യപ്രഭാഷണങ്ങൾ നിർവ്വഹിച്ചു. റവ. ഡോ. ഏബ്രഹാം മാത്യു, അഡ്വ. ബാലകൃഷ്ണൻ എന്നിവരുടെ നേതൃത്വത്തിൽ വർത്തമാന സാഹചര്യങ്ങളിൽ മാറിവരുന്ന രാഷ്ട്രീയ, വർഗ്ഗീയ ചിന്താധാരകൾ, ക്രിസ്തീയ ശുശ്രൂഷാമേഖലകളിൽ ഉയർത്തുന്ന വെല്ലുവിളികൾ, ആശങ്കകൾ എന്നിവ സമകാലീന സംഭവങ്ങളുടെ പശ്ചാത്തലത്തിൽ വിശദമാക്കി. റവ. സഖറിയ നൈനാൻ (സഖേറച്ചൻ) മാതൃകാപരമായ ഇടയശുശ്രൂഷ സമർപ്പണത്തോടെ നിർവ്വഹിക്കുന്നതിന് പ്രേരകമാകുന്നവിധം ധ്യാനത്തിന് നേതൃത്വം നൽകി.

തിരുവനന്തപുരം ആർ.സി.സി. ന്യൂറോളജി ഡിപ്പാർട്ട്മെന്റ് തലവനായ ഡോ. സഞ്ജീവ് വി. തോമസിന്റെ Medical Tips for Better Living എന്ന ക്ലാസ്സ് വിജ്ഞാനപ്രദവും പ്രയോജനപ്രദവുമായിരുന്നു. അഭിവന്ദ്യ തിരുമേനിമാരെ കൂടാതെ വെരി. റവ. ഡോ. ജയൻ കെ. തോമസ്, വെരി. റവ. ഡോ. ഡി. ഫിലിപ്പ്, വെരി. റവ. സ്കറിയ ഏബ്രഹാം, റവ. ഡോ. എം.ജെ. ജോസഫ് എന്നിവരും വിവിധ സെഷനുകളിൽ അദ്ധ്യക്ഷം വഹിച്ചു. പ്രധാന ചിന്താവിഷയത്തെ അടിസ്ഥാനമാക്കി നിർവ്വഹിച്ച മുഖ്യ പ്രഭാഷണത്തിന്റെയും വേദപഠനത്തിന്റെയും തുടർ ചർച്ചകൾ 10 ഗ്രൂപ്പുകളിലായി നടത്തപ്പെട്ടു. റവ. ഈപ്പൻ ചെറിയാൻ, റവ. ഡോ. കെ. ശലോമോൻ, റവ. വിനോയ് ഡാനിയേൽ, റവ. സജീവ് തോമസ്, റവ. കെ.ഇ. ഗീവർഗീസ്, റവ. കെ. അലക്സ്, റവ. ഡോ. ഏബ്രഹാം സ്കറിയ പി., റവ. ബോബി മാത്യു, റവ. ബി. തോമസ്, റവ. എം.പി. ശാമുവേൽ എന്നിവർ ഗ്രൂപ്പ് ചർച്ചകൾക്ക് നേതൃത്വം നൽകി.

വൈദികരുടെ ശുശ്രൂഷാ മേഖലകൾ, ജീവിതചര്യകൾ, ഭരണപരമായ ഉത്തരവാദിത്വങ്ങൾ എന്നീ മേഖലകളിൽ സ്വീകരിക്കേണ്ടതും പാലിക്കേണ്ടതുമായ ചിട്ടവട്ടങ്ങൾ നിലനിർത്തേണ്ട മൂല്യങ്ങൾ, പകരേണ്ട മാതൃകകൾ എന്നീ വിഷയങ്ങളിൽ നടന്ന പൊതുവായ ചർച്ചകൾക്കും വിശകലനങ്ങൾക്കും റവ. സി.വി. സൈമൺ നേതൃത്വം നൽകി. സമാപന സമ്മേളനം, അഭിവന്ദ്യ ഡോ. ഏബ്രഹാം മാർ പൗലോസ് തിരുമേനിയുടെ നേതൃത്വത്തിൽ നടന്ന വിശുദ്ധ കുർബ്ബാനയോടെ ആരംഭിച്ചു. അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ സമാപന സന്ദേശം നൽകി.

റൈറ്റ് റവ. ഡോ. തോമസ് മാർ തീത്തോസ് (പ്രസിഡന്റ്), റവ. കെ.ജി. ജോസഫ് (സഭാ സെക്രട്ടറി), റവ. ഷാജി തോമസ് നടുക്കേപ്പറമ്പിൽ (കൺവീനർ), റവ. ഡോ. പി. വൈ. മാത്യു (ട്രഷറാർ) എന്നിവരുടെ നേതൃത്വത്തിൽ റവ. തോമസ് ജോൺ (നിരണം-മാരാമൺ), റവ. സാം ലൂക്കോസ് (അടൂർ), റവ. ഏബ്രഹാം വി. സാംസൺ (ചെങ്ങന്നൂർ-മാവേലിക്കര), റവ. ഐസൺ ജോഷ്വാ (ചെന്നൈ-ബാംഗ്ലൂർ) റവ. ടോംസ് നൈനാൻ (ഡൽഹി), റവ. റ്റി. ജോൺസൺ (മുംബൈ), റവ. ജേക്കബ് സി. മാത്യു (കുന്നംകുളം-മലബാർ), റവ. എം.ജെ. ചെറിയാൻ (കൊട്ടാരക്കര-പുനലൂർ), റവ. സോണി തോമസ് (കോട്ടയം-കൊച്ചി), റവ. ബെന്നി വി. ഏബ്രഹാം (റാന്നി-നിലയ്ക്കൽ), റവ. മാത്യു വർഗ്ഗീസ് (തിരുവനന്തപുരം-കൊല്ലം) എന്നിവരടങ്ങുന്ന കമ്മറ്റി കോൺഫ്രൻസിന് നേതൃത്വം നൽകി.

നിഥിൻ മാത്യു തോമസ്, റോജിൻ കെ.എസ്. എന്നീ ശെമ്മാശ്ശന്മാർ കോൺഫ്രൻസ് ചാപ്ലയിൻമാരായി പ്രവർത്തിച്ചു. റവ. ആശിഷ് തോമസ് ജോർജ്ജ് (ഡി.എസ്.എം.സി.) ഗാനപരിശീലനത്തിന് നേതൃത്വം നൽകി.

7.8 മാർത്തോമ്മാ സഭ കൺവൻഷൻ പ്രസംഗകരുടെ കോൺഫറൻസ്

മാർത്തോമ്മാ സഭയിലെ പ്രേഷിത ശുശ്രൂഷയിൽ സമർപ്പിതരായ വൈദികരുടെയും ആത്മായരുടെയും കൂട്ടായ്മയാണ് മാർത്തോമ്മാ കൺവൻഷൻ പ്രസംഗകസംഘം. വൈദികരും ആത്മായരും ഉൾപ്പെടെ 154 പേർ ഈ സംഘടന

യിൽ അംഗങ്ങളാണ്. മാർത്തോമ്മാ കൺവൻഷൻ പ്രസംഗക സംഘത്തിന്റെ വാർഷിക കോൺഫറൻസ് 2019 ഓഗസ്റ്റ് 4,5,6,7 തീയതികളിൽ മാരാമൺ റിട്രീറ്റ് സെന്ററിൽ വച്ച് നടന്നു. ഡോ.ജോസഫ് മാർത്തോമ്മാ മെത്രാപ്പൊലീത്താ ഉദ്ഘാടനം നിർവ്വഹിച്ച ഈ കോൺഫറൻസിന് റൈറ്റ് റവ.തോമസ് മാർ തിമഥിയോസ് എപ്പിസ്കോപ്പാ, റൈറ്റ് റവ.തോമസ് മാർ തീത്തോസ് എപ്പിസ്കോപ്പാ, റവ.കെ.ജി. ജോസഫ്, റവ.ജോർജ് ഏബ്രഹാം, റവ.ജേക്കബ് മാത്യു, റവ. ഡോ. മോത്തി വർക്കി, റവ.വി.എം മാത്യു, റവ. സാബു ഐസക്ക്, ശ്രീ.ഷിജി വർഗീസ്, ശ്രീ. ഉമ്മൻ ജോൺ എന്നിവർ നേതൃത്വം നൽകി. 102 അംഗങ്ങൾ കോൺഫറൻസിൽ പങ്കെടുത്തു. മാരാമൺ കൺവൻഷനു വേണ്ടിയുള്ള പ്രാർത്ഥനാ സംഗമം 2020 ഫെബ്രുവരി 1 ന് മാരാമൺ റിട്രീറ്റ് സെന്ററിൽ നടത്തി. മാർത്തോമ്മാ സുവിശേഷ പ്രസംഗസംഘത്തിന്റെ കർണ്ണാടകയിലെ കോളാറിലെ സുവിശേഷകന്റെ സന്ധാരണത്തിനായി വർഷം തോറും നൽകിവരുന്ന 60000 രൂപ ഈ വർഷവും നൽകി. ഡോ.ജോസഫ് മാർത്തോമ്മാ മെത്രാപ്പൊലീത്താ (പ്രസിഡന്റ്), റവ.കെ.ജി. ജോസഫ് (സഭാ സെക്രട്ടറി), റവ.ജോർജ് ഏബ്രഹാം, (സുവിശേഷ പ്രസംഗസംഗം ജനറൽ സെക്രട്ടറി) (വൈസ് പ്രസിഡന്റുമാർ), ശ്രീ.ജോയി പുല്ലാട് (ആത്മായ വൈസ് പ്രസിഡന്റ്), ശ്രീ.അനിൽ മാരാമൺ (ജനറൽ സെക്രട്ടറി), ശ്രീ.സാം കെ. ഉതുപ്പ് (ജോ.സെക്രട്ടറി), ശ്രീ.ജോർജ് വർഗീസ് (ട്രഷറാർ) എന്നിവർ ഭാരവാഹികളായി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

ഈ സംഘടനയുടെ മാർഗ്ഗദർശിയായി നേതൃത്വം നൽകിയ ഡോ.ജോസഫ് മാർത്തോമ്മാ മെത്രാപ്പൊലീത്ത, കഴിഞ്ഞ വർഷം ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം സഭാ സെക്രട്ടറി റവ.കെ.ജി. ജോസഫ്, സുവിശേഷ പ്രസംഗസംഘം ജനറൽ സെക്രട്ടറി റവ.ജോർജ് ഏബ്രഹാം, അഭിവന്ദ്യ തിരുമേനിമാർ, സഭയുടെ ഔദ്യോഗിക ചുമതലക്കാർ, സഭാകൗൺസിൽ, വൈദികർ ഇവരോടുള്ള നന്ദി രേഖപ്പെടുത്തുന്നു.

8. വിദ്യഭ്യാസ സ്ഥാപനങ്ങൾ

8. A. കോളജുകൾ

8. A.1. മാർത്തോമ്മാ കോളജ്, തിരുവല്ല

1952-ൽ 250 വിദ്യാർത്ഥികളും 12 അധ്യാപകരുമായി പ്രവർത്തനമാരംഭിച്ച തിരുവല്ല മാർത്തോമ്മ കോളേജ് 68 വർഷങ്ങൾ പൂർത്തിയാക്കി. ഇന്ത്യയിലെ ആദ്യ അക്രെഡിറ്റഡ് കോളേജുകളിൽ ഒന്നായ മർത്തോമ്മ കോളേജ് മഹാത്മാഗാന്ധി സർവകലാശാലയിലെ ആദ്യ എ ഗ്രേഡ് റീ അക്രെഡിറ്റഡ് കോളേജ് എന്ന പദവിയും കരസ്ഥമാക്കിയിട്ടുണ്ട്. 2019-2020 അധ്യയനവർഷത്തിൽ നടന്ന നാക് റീ അക്രെഡിറ്റേഷനിലും എ ഗ്രേഡ് നേടുകവഴി തുടർച്ചയായി നാല് തവണ അക്രെഡിറ്റേഷനിൽ എ ഗ്രേഡ് നേടുന്ന കേരളത്തിലെ ആദ്യ കോളേജായി മാർത്തോമ്മ കോളേജ് മാറി.

ഇൻഡ്യ ഗവൺമെന്റ് 2019 ൽ നടത്തിയ MHRD യുടെ NIRF ദേശീയ റാങ്കിംഗിൽ ഇന്ത്യയിലെ 92-ാം സ്ഥാനം ലഭിച്ചത് NIRF 2020 ലെ റാങ്കിംഗിൽ 84-ാമത്തെ സ്ഥാനമായി മെച്ചപ്പെടുത്താൻ സാധിച്ചു.

കോളേജിന്റെ മാനേജരായി അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലിത്തായും, പ്രിൻസിപ്പലായി ഡോ ഐസി കെ. ജോണും നേതൃത്വം നൽകുന്നു. ട്രഷറർ ആയി ഡോ. കെ.ടി. ഫിലിപ്പ് പ്രവർത്തിക്കുന്നു.

മധ്യവേനലവധിക്കുശേഷം 2019 ജൂൺ 6 ന് കോളേജ് തുറന്ന് ബിരുദ ബിരുദാനന്തര ക്ലാസ്സുകൾ ആരംഭിച്ചു. പ്രാരംഭ പ്രാർത്ഥനയ്ക്കും, കൗൺസിലിംഗിനും റവ. ഡോ. എ.ടി. സക്കറിയ അച്ചൻ നേതൃത്വം നൽകി.

കോഴ്സുകളും, വിജയ ശതമാനവും: കോളേജിൽ 12 ബിരുദ പ്രോഗ്രാമുകളും 10 ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളും നടത്തിവരുന്നു. കൂടാതെ 7 ബിരുദാനന്തര ബിരുദ വകുപ്പുകൾ മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ഔദ്യോഗിക ഗവേഷണ കേന്ദ്രങ്ങളാണ്. ഇപ്പോൾ വിവിധ വിഷയങ്ങളിൽ 21 ഗൈഡുകളും 56 ഗവേഷണ വിദ്യാർത്ഥികളും ഉണ്ട്. മേൽ പറഞ്ഞ പ്രോഗ്രാമുകൾക്ക് പുറമേ, റിപ്പോർട്ട് വർഷത്തിൽ താഴെപ്പറയുന്ന Academic Enrichment പ്രോഗ്രാമുകളും നടത്തുകയുണ്ടായി. Nano Technology and Thin Film Coating, Water Quality Analysis, Basic Skill Enrichment Program, Tourism and Heritage Management, Certified Course in Banking and Financial Services, Certificate Course in Computer Based Accounting- Tally, Horticulture and Landscaping, Communicative English. ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിൽ എം.എസ്.സി. മൈക്രോ ബയോളജിയും, ബയോ ടെക്നോളജിയും സ്വാശ്രയ പ്രോഗ്രാമുകളാണ്.

യൂണിവേഴ്സിറ്റി പരീക്ഷകളിൽ ഉന്നത വിജയമാണ് റിപ്പോർട്ട് വർഷം കോളേജിന് കൈവരിക്കുവാൻ കഴിഞ്ഞത്. ബിരുദ പ്രോഗ്രാമുകൾക്ക് 80.36% ബിരുദാനന്തരബിരുദ പ്രോഗ്രാമുകൾക്ക് 88% ആണ് ശരാശരി റിസൾട്ട്. വിവിധ വിഷയങ്ങളിൽ 16 വിദ്യാർത്ഥികൾക്ക് റാങ്കുകൾ ലഭിക്കുകയുണ്ടായി. ബിരുദ പരീക്ഷകളിൽ പൊളിറ്റിക്കൽ സയൻസിൽ 4 റാങ്കുകളും (ഒന്നാം റാങ്ക്, രണ്ടുപേർക്ക് മൂന്നാം റാങ്ക്, ആറാം റാങ്ക്), വോക്കേഷണൽ ബോട്ടണിയിൽ ഒന്നാം റാങ്കും, ഫിസിക്സിൽ മൂന്നാം റാങ്കും ലഭിച്ചു. ബിരുദാനന്തര ബിരുദ പരീക്ഷകളിൽ സുവോളജിയിൽ ഒന്നാം റാങ്കും, ബോട്ടണിയിൽ നാലാം റാങ്കും, അനലിറ്റിക്കൽ കെമിസ്ട്രിയിൽ ആറാം റാങ്കും ലഭിക്കുകയുണ്ടായി. ഇത് കൂടാതെ 26 വിദ്യാർത്ഥികൾക്ക് എ+ ഉം ലഭിച്ചു.

നടപ്പ് വർഷം 11 വിദ്യാർത്ഥികൾ യു.ജി.സി നെറ്റ്/ജെ.ആർ. എഫ് പരീക്ഷ പാസാകുകയും. ഗണിതശാസ്ത്ര വിഷയത്തിൽ നാലു ഗവേഷണ വിദ്യാർത്ഥികൾക്കും, സുവോളജിയിൽ ഒരു ഗവേഷണ വിദ്യാർത്ഥിക്കും പിഎച്ച്ഡി അവാർഡ് ലഭിക്കുകയുണ്ടായി.

അധ്യാപക വിദ്യാർത്ഥികളുടെ എണ്ണം: റിപ്പോർട്ട് വർഷത്തിൽ ഗസ്റ്റ് ഫാക്കൽറ്റി ഉൾപ്പെടെ 99 അദ്ധ്യാപകരും മാനേജ്മെന്റ് സ്റ്റാഫ് ഉൾപ്പെടെ 45 അനദ്ധ്യാപകരും കോളേജിൽ പ്രവർത്തിക്കുകയുണ്ടായി. വിവിധ ബിരുദ - ബിരുദാനന്തര, ഗവേഷണ വിദ്യാർത്ഥികൾ ഉൾപ്പെടെ 1761 വിദ്യാർത്ഥികൾ ഈ വർഷം പഠിക്കുകയുണ്ടായി.

പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ: മാർത്തോമ്മ കോളേജിന്റെ 67-ാം സ്ഥാപകദിനാഘോഷം 2019 ജൂലൈ 11 ന് കോളേജ് ആഡിറ്റോറിയത്തിൽ നടത്തുകയുണ്ടായി. അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലിത്ത അദ്ധ്യക്ഷത വഹിച്ച യോഗ ത്തിൽ കേരള ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ മെമ്പർ സെക്രട്ടറി ഡോ. രാജൻ വർഗീസ് സ്ഥാപക ദിന പ്രഭാഷണം നടത്തി.

ലോക പരിസ്ഥിതി ദിനാചരണം 2019 ജൂൺ 6 ന് ബയോസയൻസിന്റെ ഡയറക്ടർ പ്രൊഫ. ഡോ. തോമസ് മാത്യു ഉദ്ഘാടനം നടത്തി. പരിസ്ഥിതിദിന പ്രതിജ്ഞ, പോസ്റ്റർ ഡിസൈനിംഗ് മത്സരം തുടങ്ങി വിവിധ പ്രോഗ്രാമുകൾ സംഘടിപ്പിച്ചു. കോളേജ് NCC യൂണിറ്റ് "One Cadet One Tree" എന്ന ആശയം മുൻ നിർത്തി സ്പെഷ്യൽ പ്രോഗ്രാം സംഘടിപ്പിച്ചു. അന്തർദേശീയ യോഗ ദിനത്തോടനുബന്ധിച്ച് ജൂൺ 21 ന് ഒരു പ്രത്യേക സമ്മേളനം ക്രമീകരിക്കുകയും പ്രൊഫ. വിഷ്ണു നമ്പൂതിരിയും, പ്രൊഫ. അഗ്നേയ് ജി.കെ.യും യോഗ ക്ലാസ്സുകൾക്ക് നേതൃത്വം വഹിക്കുകയും ചെയ്തു.

കോളേജ് ചാപ്പൽ സർവീസ് ജൂൺ മാസം 18 ന് വിശുദ്ധ കുർബാനയോടുകൂടി ആരംഭിച്ചു. മാർത്തോമ്മ സഭയിലെ സീനിയർ വികാരി ജനറൽ വെരി. റവ. ജോർജ് സഖറിയ നേതൃത്വം നൽകി.

ജൂലൈ 2-ന് 2018-19 ൽ പൂർത്തീകരിച്ച Add on Course കളുടെയും Supplementary Enrichment പ്രോഗ്രാമുകളുടെയും സർട്ടിഫിക്കറ്റ് വിതരണ സമ്മേളനം നടത്തുകയുായി. കണ്ണൂർ യൂണിവേഴ്സിറ്റി മുൻ പ്രോവൈസ്ചാൻസലർ പ്രൊഫ. ഡോ. എം.ഒ. കോശി മുഖ്യസന്ദേശം നൽകി. ആഗസ്റ്റ് 9-ന് ദേശീയ ഗണിതശാസ്ത്രദിനം ആചരിച്ചു. 73-ാം സ്വാതന്ത്ര്യദിനാഘോഷം ആഗസ്റ്റ് 15 ന് കോളേജ് N.C.C യൂണിറ്റിന്റെ നേതൃത്വത്തിൽ സമുചിതമായിട്ട് ആഘോഷിച്ചു. ഒക്ടോബർ 2-ന് ഗാന്ധിജിയുടെ 150-ാം ജന്മവാർഷികത്തോടനുബന്ധിച്ച് കോളേജിലെ N.S.S ഉം N.C.C യും വിവിധ

പ്രോഗ്രാമുകൾ സംഘടിപ്പിച്ചു ഇതിനോടനുബന്ധിച്ച് N.S.S യൂണിറ്റ് പ്രത്യേക ഫ്രൂട്ട് ഗാർഡൻ രൂപവത്കരിച്ചു. 600 ൽ അധികം ഫലവൃക്ഷതൈകൾ നട്ടുപിടിപ്പിച്ചു. മലയാള മനോരമയുടെ സീനിയർ എഡിറ്റർ ശ്രീ. വറുഗീസ് പി. തോമസ് ക്ലാസുകൾക്ക് നേതൃത്വം കൊടുത്തു. 2019 നവംബർ 28-ന് കോളേജ് ബയോസയൻസ് ഡിപ്പാർട്ടമെന്റ് ആസ്പിക്ക് ക്ലബിന്റെയും റിയാക്ട് ഏഷ്യയുടെയും സംയുക്ത ആഭിമുഖ്യത്തിൽ അന്താരാഷ്ട്ര എയിഡ്സ് ദിനം ആചരിച്ചു.

2019 ഡിസംബർ 9 മുതൽ 11 വരെ മൂന്ന് ദിവസത്തെ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ, ഫിലിം ക്ലബിന്റെ നേതൃത്വത്തിൽ കോളേജിൽവെച്ച് നടന്നു. Children of Men, Run LoLa Run, Shutter Island, Prestige തുടങ്ങിയ സിനിമകൾ പ്രദർശിപ്പിച്ചു.

കോളേജിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും ഡോ. വർഗീസ് മാത്യു കോ ഓർഡിനേറ്ററായും, ഡോ ആഷ്‌ലി സൂസൻ ഫി ലിപ്, പ്രൊഫ. സൂസൻ തോമസ് എന്നിവർ സഹകോ ഓർഡിനേറ്റർമാരായും ഉള്ള IQAC മേൽനോട്ടം വഹിക്കുന്നു. അദ്ധ്യാപക, അനദ്ധ്യാപക വിദ്യാർത്ഥികൾക്കുവേണ്ടി നിരവധി ട്രെയിനിംഗ് പ്രോഗ്രാമുകൾ സംഘടിപ്പിച്ചു. 2019 സെപ്റ്റംബർ 4 -6 വരെ ചെന്നൈയിൽ നിന്നും ഡോ. ആർ ശെൽവൻ കോളേജ് സന്ദർശിച്ച് നാക് റീ അക്രഡിറ്റേഷന്റെ പ്രവർത്തനങ്ങൾ വിലയിരുത്തി.

കോളേജ് ക്രിസ്തുമസ് കരോൾ: ഈ വർഷത്തെ ക്രിസ്തുമസ് കാരൾ 2019 ഡിസംബർ 19 ന് വൈകിട്ട് 6.00 ന് കോളേജ് ചാപ്പലിൽവച്ച് നടത്തുകയുണ്ടായി. കോളേജ് കയർ നേതൃത്വം നൽകിയ കാരൾ സർവീസിൽ പ്രസിദ്ധ മലയാള എഴുത്തുകാരനും പ്രഭാഷകനുമായ ഡോ. ജോർജ് ഓണക്കൂർ സന്ദേശം നൽകി. പ്രൊഫ. അനൂപ് കോശി ജോർജ് നേതൃത്വം വഹിച്ചു.

ജൂബിലി മീറ്റിംഗുകൾ: ഫിസിക്സ് ഡിപ്പാർട്ട്മെന്റ് ഡയമണ്ട് ജൂബിലി ആഘോഷ ങ്ങളുടെ സമാപന സമ്മേളനം 2020 ഫെബ്രുവരി 22-ന് റൈറ്റ്. റവ. ഡോ. ഗീവർഗ്ഗീസ് മാർ തിയഡോഷ്യസ് തിരുമേനി ഉദ്ഘാനം ചെയ്തു. ജൂബിലിയോടനുബന്ധിച്ച് നാഷണൽ സെമിനാറുകൾ, ഇന്റർനാഷണൽ ലെവൽ ലക്ചർ സീരിസ്, ബ്രിഡ്ജ് കോഴ്സുകൾ എന്നിവ നടത്തുകയുണ്ടായി. ഇംഗ്ലീഷ് ഡിപ്പാർട്ട് മെന്റ് ഗോൾഡൻ ജൂബിലി സമാപന സമ്മേളനം 2020 മാർച്ച് 6-ന് കോട്ടയം മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ മുൻ വൈസ്ചാൻസലർ ഡോ. ജാൻസി ജെയിംസ് ഉദ്ഘാടനം ചെയ്തു.

പൂർവ്വവിദ്യാർത്ഥി സമ്മേളനം: കോളേജ് പൂർവ്വവിദ്യാർത്ഥി സംഘടനയുടെ ആഭിമുഖ്യത്തിൽ ഓഗസ്റ്റ് 15 ന് പൂർവ്വ വിദ്യാർത്ഥി കുടുംബസംഗമം നടത്തി. പ്രമുഖ സിനിമാ സംവിധായകനും പൂർവ്വവിദ്യാർത്ഥിയുമായ ശ്രീ. ബ്ലെസ്സി ഐപ്പ് തോമസ്സ് മുഖ്യാതിഥിയായിരുന്നു. ഈ സമ്മേളനത്തിൽ 1966-69 ഡിഗ്രി ബാച്ച്, അലുമ്നി ദോഹ ചാപ്റ്റർ സ്പോൺസർ ചെയ്തതും പ്രൊഫ. സി.എ. വർഗ്ഗീസ് സംവിധാനം ചെയ്തതുമായ 'വേരുകളുടെ വിലാപം' എന്ന നാടകം അവതരിപ്പിക്കുകയുണ്ടായി. പൂർവ്വവിദ്യാർത്ഥി സംഘടനയുടെ വാർഷിക സമ്മേളനം ജനുവരി 25-ന് നടത്തുകയുണ്ടായി. തിരുവനന്തപുരം വി.എസ്.എസ്.സി മുൻ ഡെപ്യൂട്ടി ഡയറക്ടറും, 1966 ഡിഗ്രി ബാച്ച് അലുമ്നിയുമായ പ്രൊഫ. കെ. എൻ. നൈനാൻ മുഖ്യാതിഥിയായിരുന്നു.

മെറിറ്റ് ഈവനിംഗ്: 2018-19 വർഷത്തിൽ വിവിധ പരീക്ഷയിൽ ഉന്നത വിജയം നേടിയവരെ ആദരിക്കുവാനായി 2020 ജനുവരി 20 ന് സംഘടിപ്പിച്ച മെറിറ്റ് ഈവനിംഗ് അഭിവന്ദ്യ. ഡോ. ജോസഫ് മാർത്തോമ്മ മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. കേരള കലാമണ്ഡലം മുൻ വൈസ് ചാൻസലർ പ്രൊഫ. പി.എൻ. സുരേഷ് മുഖ്യസന്ദേശം നൽകി. സർവ്വകലാശാല ബിരുദ ബിരുദാനന്തര പരീക്ഷകളിൽ റാങ്കും, എ+ ഉം, നെറ്റ്/ജെ ആർ എഫും, പിഎച്ച്ഡി യും നേടിയ 60 യുവപ്രതിഭകൾക്ക് അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മ മെത്രപ്പോലിത്ത അവാർഡുകൾ നൽകി ആദരിച്ചു.

പ്രളയ ദുരിതാശ്വാസ പ്രവർത്തനം: കേരളത്തിനെ 2019-ലെ പ്രളയത്തോടനുബന്ധിച്ച് വിവിധ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് കോളേജ് നേതൃത്വം നൽകി. കോളേജ് എൻ.സി.സി, എൻ.എസ്.എസ് യൂണിറ്റുകളുടെ നേതൃത്വത്തിൽ സമീപ പ്രദേശങ്ങളിൽ ദുരിതാശ്വാസപ്രവർത്തനങ്ങളിൽ പങ്കാളികളായി. കൂടാതെ 'മിഷൻ ടു നിലമ്പൂർ' ഭാഗമായി എൻ.സി.സി.യും അതുപോലെ എൻ. എസ്. എസ് ഉം ചേർന്ന് വസ്ത്രങ്ങൾ, പലചരക്കുസാധനങ്ങൾ തുടങ്ങിയ ദുരിതാശ്വാസ കിറ്റുകൾ ഏകദേശം 3.5 ടൺ തൂക്കം വരുന്ന സാധനങ്ങൾ നിലമ്പൂർ ജനമൈത്രി പോലീസ് സ്റ്റേഷന്റെ സഹകരണത്തോടെ മലപ്പുറം ജില്ലയിലെ നിലമ്പൂർ വില്ലേജിലുള്ള ട്രൈബൽ കോളനിയിൽ വിതരണം ചെയ്തു. എൻ.എസ്.എസ്. യൂണിറ്റ് 50,000 രൂപ വിവിധ ആൾക്കാരിൽ നിന്നും സ്വരൂപിച്ച് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിൽ അടച്ചു.

മാർത്തോമ്മ ട്രോഫി ടൂർണ്ണമെന്റ്: മാർത്തോമ്മ ട്രോഫിക്ക് വേണ്ടിയുള്ള 57-മത് ഇന്റ്റർ കൊളീജിയറ്റ് ഫുട്ബോൾ ടൂർണമെന്റ് 2020 ഫെബ്രുവരി 10 മുതൽ 15 വരെ കോളേജ് സ്റ്റേഡിയത്തിൽ വച്ച് നടത്തുകയുണ്ടായി. ക്രൈസ്റ്റ് കോളേജ് ഇരിങ്ങാലകുട വിജയികളായി. തിരുവല്ല മുൻസിപ്പാലിറ്റി ചെയർമാൻ ശ്രീ.ചെറിയാൻ പോളച്ചിറയ്ക്കൽ വിജയികൾക്ക് ട്രോഫി വിതരണം ചെയ്തു.

കോൺഫറസുകളും സെമിനാറുകളും: റിപ്പോർട്ട് വർഷത്തിൽ ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ ഒരു ഏകദിന സെമിനാർ, മാത്തമാറ്റിക്സ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ ദ്വിദിന പൈതൺ വർക്ക്ഷോപ്പ്, റിയൽ അനാലിസിസ്സിനെ ആസ്പദമാക്കി ദ്വിദിന നാഷണൽ വർക്ക്ഷോപ്പ്, കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയുടെ മുൻ ഡീൻ കെ ഐ കോശി, തിരുവല്ല മാക്ഫാസ്റ്റ് കംപ്യൂട്ടർ സയൻസ് ഡയറക്ടർ ഡോ എം.എസ്. ശമുവേൽ, എസ്സ് എച്ച് കോളേജ് പ്രൊഫ. ദിതിമോസ് കെ. എന്നിവർ വിവിധ പ്രോഗ്രാമുകളിൽ ക്ലാസുകൾ നയിച്ചു. പ്രൊഫ. ജി. കൊച്ചുമ്മൻ എൻഡോവ്മെന്റ് സ്മാരക പ്രഭാഷണം തിരുനൽവേലി എം.എസ്. യൂണി വേഴ്സിറ്റി ഡിപ്പാർട്ട്മെന്റ് മുൻ മേധാവി ഡോ പോൾരാജ് ജോസഫ് നിർവ്വഹിച്ചു.

ഫിസിക്സ് വിഭാഗം ദ്വിദിന നാഷണൽ കോൺഫറൻസ്, ഒന്നാമത് പ്രൊഫ. ചെല്ലമ്മ മാത്യു മെമ്മോറിയൽ പ്രഭാഷണം എന്നിവ സംഘടിപ്പിച്ചു. യു.എസ്.എ. യിലെ റൈസ് യൂണിവേഴ്സിറ്റി നോബേൽ പ്രൈസ് ടീം അംഗം പ്രൊഫ. പുളിക്കൽ എം. അജയൻ, കുസാറ്റ് പ്രൊഫ. എം.ആർ. അനന്ത രാമൻ, ടി.ഐ.എഫ്.ആർ ഹൈദ്രബാദ് ഫാക്കൽറ്റി ഡോ. ടി.ആർ. നാരായണൻ എന്നിവർ ഫിസിക്സ് ഡിപ്പാർട്ട് മെന്റിലെ പ്രോഗ്രാമുകളിൽ ക്ലാസ്സുകൾ നയിച്ചു.

കെമിസ്ട്രി ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ ഏകദിന സെമിനാർ, കരിയർ സെമിനാർ, പ്രൊഫ. അച്ചൻകുഞ്ഞ് മെമ്മോറിയൽ പ്രഭാഷണം എന്നിവ സംഘടിപ്പിച്ചു. ഭട്നഗർ അവാർഡ് ജേതാവ് ഡോ. ജോർജ് തോമസ്, ഡോ. ജയറാം വി.ജി. മിനിസ്ട്രി ഓഫ് ഡിഫൻസ്, ബെൽജിയം സർവ്വകലാശാല പ്രൊഫ.ഡോ. ശ്രീപ്രശാന്ത് എന്നിവർ വിവിധ പ്രോഗ്രാമുകളിൽ ക്ലാസ്സുകൾ നയിച്ചു. ബോട്ടണി, സുവോളജി, ഇക്കണോമിക്സ്, ചരിത്രം, കൊമേഴ്സ്, പൊളിറ്റിക്കൽ സയൻസ്, ബയോ സയൻസ് എന്നീ ഡിപ്പാർട്ട്മെന്റുകളും ഏകദിന ശില്പശാലകൾ സംഘടിപ്പിക്കുകയുണ്ടായി. ഇക്കണോമിക്സ് ഡിപ്പാർട്ട്മെന്റിന്റെ വാർഷികപ്രഭാഷണം ഡൽഹി ജെ.എൻ.യു പ്രൊഫ. ഡോ. സി.പി. ചന്ദ്രശേഖർ നിർവഹിച്ചു.

ഒന്നാം മൾട്ടി ഡിസിപ്ലിനറി കോൺഗ്രസ്സ്: ഇന്ത്യയിലെ ഒരു ആർട്ട്സ് ആൻഡ് സയൻസ് കോളേജ് സയൻസ് സോഷ്യൽ വിഷയങ്ങളെ ഏകോപിപ്പിച്ച് കേരള സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിലിന്റെ അംഗീകാരത്തോടെ ദ്വിദിന സെമിനാർ സംഘടിപ്പിച്ചു എന്ന സവിശേഷത മൾട്ടി ഡിസിപ്ലിനറി കോൺഗ്രസിനെ ശ്രദ്ധേയമാക്കുന്നു. 2020 ഫെബ്രുവരി 18,19 തീയതികളിൽ Environment Management and Education നെ ആസ്പദമാക്കി "Living with, for/the Environment" എന്ന വിഷയത്തിലാണ് സെമിനാർ ക്രമീകരിച്ചത്. മുൻ രാജ്യസഭ ഡെപ്യൂട്ടി ചെയർമാൻ പ്രൊഫ. പി.ജെ. കുര്യൻ അദ്ധ്യക്ഷത വഹിച്ച സമ്മേളനം കേരള അക്കാദമി ഓഫ് സയസിന്റെ പ്രസിഡന്റ് ഡോ. ജി.എം. നായർ ഉദ്ഘാടനം ചെയ്തു.

വിവിധ വിഷയങ്ങളിൽ പ്രഗത്ഭരായ വിഎസ്എസ് മുൻ ഡയറക്ടർ ഡോ കെ.എൻ. നൈനാൻ, കുസാറ്റിലെ ഡോ മനോജ് എം.ജി., ഡോ. പി.കെ. ഷാജി, ബാംഗ്ലൂരിൽനിന്നും ഡോ എം. ബാലസുബ്രമണ്യം, ഡോ ജോർജ് വർഗീസ് എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. മികച്ച സയൻസ് പ്രോജക്ടിനുള്ള 25,000/- രൂപ ചെന്നൈ W.C.C യും സോഷ്യൽ സയൻസിലുള്ള പ്രത്യേക ജൂറി പ്രൈസ്സ് 10,000/- രൂപ ചങ്ങനാശ്ശേരി എസ്.ബി. കോളേജും കരസ്ഥമാക്കി.

നാഷണൽ സയൻസ് ഡേ:മാർത്തോമ്മ കോളേജ് കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസുമായി ചേർന്ന് നാഷണൽ സയൻസ് ഡേ ആചരിച്ചു. 2020 ഫെബ്രുവരി 28 ന് ഡോ. ജോൺ മത്തായി (റിട്ട. പ്രൊഫ. ഡിപ്പാ. ഓഫ് ഫിസിക്സ്) ഉദ്ഘാടനം ചെയ്തു. ഡോ. ജയപ്രഭ എൻ (എൻഎസ്എസ് കോളേജ്, ചങ്ങനാശേരി) മുഖ്യപ്രഭാഷണം നടത്തി.

ബോയിൽഡ് ബീൻസ് ഓൺ ടോസ്റ്റ്: ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിന്റെ ഗോൾഡൻ ജൂബിലിയോടനുബന്ധിച്ച് ഗിരീഷ് കർണാടിന്റെ വിഖ്യാതമായ ബോയിൽഡ് ബീൻസ് ഓൺ ടോസ്റ്റ് പ്രൊഫ. രാഹുൽ ആർ ന്റെ നേതൃത്വത്തിൽ അവതരിപ്പിച്ചു.

കോവിഡ്-19 അനുബന്ധ പ്രവർത്തനങ്ങൾ: റിപ്പോർട്ട് വർഷം നാം അഭിമുഖീകരിക്കേണ്ടിവന്ന കോവിഡ്-19 എന്ന മഹാമാരി സമസ്തമേഖലകളെയും സ്തംഭിപ്പിച്ചിരിക്കുന്നു. വ്യക്തി ശുചിത്വം പാലിക്കേണ്ടതിന്റെ അനിവാര്യത മനസ്സിലാക്കി കോളേജിലെ കെമിസ്ട്രി ഡിപ്പാർട്ട്മെന്റ് ഹാൻഡ് സാനിറ്റൈസർ ഉണ്ടാക്കുകയും 50ml, 100 ml, 200 ml കുപ്പികളിലാക്കി കോളേജിലും വിവിധ സ്ഥലങ്ങളിലും എത്തി ച്ചു നൽകുകയുണ്ടായി. തിരുവല്ല മുനിസിപ്പാലിറ്റി ആക്ടിങ് ചെയർപേഴ്സൺ ശ്രീമതി അനു ജോർജ് വിതരണോത്ഘാടനം നടത്തി. കോളേജ് എൻ.സി.സി. യൂണിറ്റ് തിരുവല്ല പോലീസ് സ്റ്റേഷനിൽ സാനിറ്റൈസർ വിതരണം ചെയ്തതിന്റെ ഉദ്ഘാടനം ബഹു. തിരുവല്ല എം.എൽ.എ അഡ്വ. മാത്യു റ്റി തോമസ് നിർവ്വഹിച്ചു.

കൂടാതെ എൻ.സി.സി. കേഡറ്റ്സ് തിരുവല്ല മുനിസിപ്പാലിറ്റി 8-ാം വാർഡിലേക്ക് നിർമ്മിച്ച 1500 മാസ്ക്കുകളുടെ വിതരണോത്ഘാടനം ബഹു. എം.എൽ.എ നിർവ്വഹിച്ചു. മുൻസിപ്പൽ ചെയർമാൻ ശ്രീ. ആർ ജയകുമാർ 8-ാം വാർഡിനെ സമ്പൂർണ്ണ മാസ്ക്കുള്ള വാർഡായി പ്രഖ്യാപിച്ചു. എൻ.സി.സി. കേഡറ്റ്സ് തങ്ങളുടെ വീടുകളിൽ കൃഷി ചെയ്തു വിളയിച്ചതും വിവിധ ഇടങ്ങളിൽനിന്ന് സ്വരൂപിച്ചതുമായ പച്ചക്കറികൾ തിരുവല്ല മുനിസിപ്പാലിറ്റി കമ്മ്യൂണിറ്റി കിച്ചനു വേണ്ടി ചെയർമാന് കൈമാറി.

ഏക് ഭാരത് ശ്രേഷ്ഠ ഭാരത് (EBSB): റിപ്പോർട്ട് വർഷം 2020 ജനുവരി 17 -ന് 'ഏക് ഭാരത് ശ്രേഷ്ഠ ഭാരത്' എന്ന ദേശീയ ക്ലബ് മാർത്തോമ്മാ കോളേജിൽ പ്രവർത്തനം ആരംഭിച്ചു. ഡോ. റജിനോൾഡ് വർഗീസ് (കേരള സന്തോഷ് ട്രോഫി ഫുട്ബോൾ, മാനേജർ) ഉദ്ഘാടനം നിർവഹിച്ചു. ദേശീയ നേഴ്സസ് ദിനത്തോടനുബന്ധിച്ച് പോസ്റ്റർ മത്സരവും, കോവിഡ് 19 ഉം ആയി ബന്ധപ്പെട്ട് പെൻസിൽ ഡ്രോയിംഗും കോളേജിൽ സംഘടിപ്പിച്ചു. പ്രൊഫ. ഹാപ്പി കൃഷ്ണ കൺവീനറായി പ്രവർത്തിച്ചു.

ഉന്നത് ഭാരത് അഭയാൻ (UBA): ദേശീയ ഗ്രാമീണ വികസന പരിപാടിയായ ഉന്നത ഭാരത് അഭയാനും മാർത്തോമ്മ കോളേജും ചേർന്ന് തിരുവല്ല മുനിസിപ്പാലിറ്റി, ഇരവിപേരൂർ, കോയിപ്രം, കുന്നന്താനം, നെടുമ്പ്രം പഞ്ചായത്തുകൾ എന്നിവ തിരഞ്ഞെടുത്ത് സമഗ്ര വികസന പ്രവർത്തനങ്ങൾക്ക് റിപ്പോർട്ട് വർഷം തുടക്കം കുറിച്ചു.

വാർഷിക ക്യാമ്പുകൾ: എൻഎസ്എസ് സപ്തദിന സ്പെഷ്യൽ ക്യാമ്പ് 2019 ഡിസംബർ 21-27 വരെ ഓതറ സി.എസ്.ഐ. ഇക്കോ സ്പിരിച്ചാലിറ്റി സെന്ററിൽ നടന്നു. എം.ടി.എസ്.എ. വാർഷിക ക്യാമ്പ് 2020 ജനുവരി 17-19 വരെ പത്തനാപുരം ആശാഭവനിൽ നടത്തുകയുണ്ടായി. പ്രൊഫ. അനൂപ് കോശി ജോർജ് നേതൃത്വം വഹിച്ചു. ബ്രെയിൻസ് ട്രസ്റ്റ് ആനുവൽ ക്യാമ്പ് 2020 മാർച്ച് 6,7 തീയതികളിൽ ആറാട്ടുപുഴ തരംഗം റിട്രീറ്റ് സെന്ററിൽ നടന്നു. റിപ്പോർട്ടു വർഷത്തിൽ നാല് എൻ.സി.സി. ക്യാമ്പുകൾ കോളേജിൽ നടന്നു.

പെയിൻ & പാലിയേറ്റീവ് പരിശീലനം: കോളേജ് മെഡിക്കൽ ക്ലബിന്റെ നേതൃത്വത്തിൽ 50 വിദ്യാർത്ഥികൾക്ക് പുഷ്പഗിരി മെഡിക്കൽ കോളേജിന്റെയും ഇന്ത്യൻ അസോസിയേഷൻ ഓഫ് പെയിൻ ആൻഡ് പാലിയേറ്റീവ് കെയറിന്റെയും സഹകരണത്തോടെ സ്വാന്തന പരിശീലനം നൽകി. വിജയകരമായി പരിശീലനം പൂർത്തിയാക്കിയ 50 വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. ഡോ ഷാജി വർഗീസ് കൺവീനറായി പ്രവർത്തിച്ചു.

പബ്ലിക്കേഷൻസ്, അവാർഡുകളും, ബഹുമതികളും: വിവിധ ഡിപ്പാർട്ട്മെന്റിലെ അദ്ധ്യാപകരായ ഡോ. വറുഗീസ് മാത്യു, പ്രൊഫ. മിനി തോമസ്, ഡോ. നെബു ജോൺ, ഡോ. റീനാമോൾ ജി, ഡോ. ജോസ്മിൻ പി ജോസ്, പ്രൊഫ. മെറിൻ സാറാ തോമസ്, പ്രൊഫ. സൂര്യ ഫിലിപ്പ്, പ്രൊഫ. സോണിയ അന്ന സഖറിയ, ഡോ. ജേക്കബ് തോമസ്, പ്രൊഫ. വിഷ്ണു നമ്പൂതിരി, പ്രൊഫ. റെയ്സൺ സാം രാജു, തുടങ്ങിയവർ ഗവേഷണ പേപ്പറുകൾ പ്രസിദ്ധീകരിക്കുകയുണ്ടായി. പൊളിറ്റിക്കൽ സയസ് ഡിപ്പാർട്ട്മെന്റ് മേധാവി ഡോ.മോഹൻ വർഗീസ് 'ആദി ചേരൻ' എന്ന മലയാള നോവൽ പ്രസിദ്ധീകരിച്ചു. മലയാളം വിഭാഗം അദ്ധ്യാപിക ഡോ. ഷൈനി തോമസ്സ് 'ക്രൈസ്തവ ഗാന സാഹിത്യ ചരിത്രം' എന്ന ഒരു പുസ്തകം പ്രസിദ്ധീകരിച്ചു.

ഡോ. ജോസ്മിൻ. പി. ജോസ് (ഡിപ്പാ. ഓഫ് കെമിസ്ട്രി) അന്തർ ദേശീയ ജേർണലിന്റെ റിവ്യൂവറായും, എം.ജി. സർവ്വകലാശാല ഐ.ക്യു.എസ്.സി മെംബറായും തിരഞ്ഞെടുക്കപ്പെട്ടു. ഡോ. അജേഷ് കെ സഖറിയ (ഡിപ്പാ. ഓഫ് കെമിസ്ട്രി) ഇന്റർനാഷണൽ ജേർണൽ ഓഫ് പോളിമർ ടെസ്റ്റിംഗിന്റെ റിവ്യൂവറായും, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിലെ റിസേർച്ച് ഗൈഡായും തിരഞ്ഞെടുക്കപ്പെട്ടു. ഡോ. റീനാമോൾ ജി (ഡിപ്പാ. ഓഫ് കെമിസ്ട്രി) മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിലെ റിസേർച്ച് ഗൈഡായി തിരഞ്ഞെടുക്കപ്പെട്ടു. ഡോ. ഷില്ലി എലിബേത്ത് ഡേവിഡ് (ഡിപ്പാ. ഓഫ് സുവോളജി) ലെബിനിസ് സെന്റർ ഫോർ ട്രോപ്പിക്കൽ മറൈൻ ഇക്കോളജി, ജർമ്മനിയുടെ അലുമ്നി ഫെലോഷിപ്പ് 2019 കരസ്ഥമാക്കി. പ്രൊഫ. ഹാരിഷ് ആർ (ഡിപ്പാ. ഓഫ് ബയോസയൻസ്), ഡോ. മോഹൻ വർഗീസ് (ഡിപ്പാ. ഓഫ് പോളിറ്റിക്കൽ സയൻസ്) എന്നിവർ വിവിധ യൂണിവേഴ്സിറ്റികളിൽ എക്സ്പേർട്ട് പാനൽ അംഗങ്ങളാണ്. പ്രൊഫ. ലത പി ചെറിയാൻ (ഡിപ്പാ. ഓഫ് സുവോളജി) കേരള സുവോളജിക്കൽ സൊസൈറ്റിയുടെ എക്സിക്യൂട്ടീവ് കമ്മറ്റിയംഗമാണ്. ഡോ. നിജി എ.ജെ. (ഡിപ്പാ. ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ) എം.ജി. യൂണിവേഴ്സിറ്റി ക്രിക്കറ്റ്, ഹോക്കി ടീം സെലക്ടറാണ്.

ഡൽഹിയിൽവെച്ച് നടന്ന 2020 റിപ്പബ്ലിക് ഡേ പരേഡിൽ രണ്ടാം വർഷ ബിരുദ ഇക്കണോമിക്സ് വിദ്യാർത്ഥി സജു എസ് പങ്കെടുത്തു. 2019-2020 വർഷത്തെ കേരള ബെസ്റ്റ് എൻസിസി കേഡറ്റ് അവാർഡ് ഫേബ സാറാ ചെറിയാനും, കോട്ടയം എൻസിസി ഗ്രൂപ്പ് ബെസ്റ്റ് കേഡറ്റ് അവാർഡ് ജ്യോതിലക്ഷമി ആർ ഉം, സ്റ്റേറ്റ് എൻസിസി എലക്ക്യൂഷൻ കോംപറ്റീഷന് ഒന്നാം സ്ഥാനം കാളിദാസൻ വി യ്ക്കും, ഓൾ ഇന്ത്യ എൻസിസി ഒബ്സ്റ്റക്കൾ ട്രെയിനിംഗ് കോംപറ്റീഷനിൽ മൂന്നാം സ്ഥാനവും, കേരളത്തിൽ നിന്ന് ഒന്നാം സ്ഥാനവും മൂന്നാം വർഷ മോഡൽ 2 വിദ്യാർത്ഥി അബിൻ റെജിയ്ക്കും, ഓൾ ഇന്ത്യ എൻസിസി ഒബ്സ്റ്റക്കൾ ട്രെയിനിംഗ് കോംപറ്റീഷനിൽ ഗോൾഡ് മെഡൽ നേടി രണ്ടാം വർഷ ബിരുദ ഇക്കണോമിക്സ് വിദ്യാർത്ഥി ട്രീസ സി.എ. യ്ക്കും, ഓൾ കേരള എൻസിസി പെയിന്റിംഗ് കോംപറ്റീഷനിൽ മോഡൽ 2 ഒന്നാം വർഷ ബികോം വിദ്യാർത്ഥി അനന്തു ശശിലാലും കരസ്ഥമാക്കി.

കോളേജിലെ ഫിസിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റിന്റെ പ്രവർത്തനം മികച്ച രീതിയിൽ നടക്കുന്നു. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി ശരീര സൗന്ദര്യ മത്സരത്തിൽ മൂന്നാം വർഷ ഗണിതശാസ്ത്ര വിദ്യാർത്ഥി അജേഷ് ജോർജ് സഖറിയായ്ക്ക് ഒന്നാം സ്ഥാനവും, 2019 ലെ മികച്ച

വനിത ഫുട്ബോൾ പ്ലേയർക്കുള്ള അവാർഡ് രേഷ്മ ഇ.ആർ.നും ലഭിച്ചു. എംജി യൂണിവേഴ്സിറ്റി വനിത ഹോക്കി ടീം ക്യാപ്റ്റനായി രേഷ്മയും, കേരള സംസ്ഥാന ഹോക്കി ടീം ക്യാപ്റ്റനായി ബ്ലെസി ജോണും, എംജി യൂണിവേഴ്സിറ്റി വനിത ഹോക്കി 5'ഏ ടീം ക്യാപ്റ്റനായി ശലഭ എം. ഡേവിഡും നേതൃത്വം നൽകി. കേരള സംസ്ഥാന മികച്ച ഗോൾകീപ്പർ അവാർഡ് ബ്ലെസി ജോണും നേടി.

കോളേജ് വനിത ഫുട്ബോൾ ടീം എംജി യൂണിവേഴ്സിറ്റി ചാംമ്പ്യൻഷിപ്പ് തുടർച്ചയായി 27-ാം തവണയും നേടുകയുണ്ടായി. കൂടാതെ കേരള സ്റ്റേറ്റ് സീനിയർ വനിത ചാംമ്പ്യന്മാരുമായി. കോളേജ് വനിത ഹോക്കി ടീം കേരള സ്റ്റേറ്റ് സീനിയർ ചാമ്പ്യൻസ്, എംജി യൂണിവേഴ്സിറ്റി ചാമ്പ്യൻസ്, എംജി യൂണിവേഴ്സിറ്റി 5'ഏ ഹോക്കി ചാമ്പ്യൻസ് എന്നിവ നേടുകയുണ്ടായി.

8.A.2 സെന്റ് തോമസ് കോളജ്, കോഴഞ്ചേരി

മദ്ധ്യതിരുവിതാംകൂറിന്റെ പ്രത്യേകിച്ച് കിഴക്കൻമേഖലയുടെ ഉന്നതവിദ്യാഭ്യാസം ലക്ഷ്യമാക്കി, 1953 ൽ ഒരു പ്രീയൂണിവേഴ്സിറ്റി കോഴ്സുമായി എളിയ രീതിയിൽ ആരംഭിച്ച കോഴഞ്ചേരി സെന്റ് തോമസ് കോളജ് കഴിഞ്ഞ 67 വർഷത്തെ യാത്രയിൽ വളരെയേറെ ഉയർന്ന് കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്ത് നാക് എ അക്രഡിറ്റേഷനോടുകൂടി മികച്ച സ്ഥാനത്താണ് നിലകൊള്ളുന്നത്. 15 ബിരുദ കോഴ്സുകളും 9 ബിരുദാനന്തരബിരുദ കോഴ്സുകളും 5 റിസേർച്ച് ഡിപ്പാർട്ടുമെന്റുകളുമായി പ്രശംസനീയമാംവിധം കോളജിന്റെ പ്രവർത്തനങ്ങൾ മുന്നേറിക്കൊണ്ടിരിക്കുന്നു.

ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്ത ചെയർമാനായും ഡോ. മാത്യു പി. ജോൺ പ്രിൻസിപ്പലായും പ്രൊഫ. ഐസക് ഏബ്രഹാം ട്രഷറാറായും സേവനമനുഷ്ഠിക്കുന്നു.

ആറാം സെമസ്റ്ററിലെ പരീക്ഷാഫലം: ബി. എ. ഇംഗ്ലീഷ് 59%, മലയാളം 15%, ഹിന്ദി 55%, ഇക്കണോമിക്സ് 33%, ഹിസ്റ്ററി 72% ബി.എസ്.സി മാത്തമാറ്റിക്സ് 52%, ഫിസിക്സ് 54%, കെമിസ്ട്രി 63%, ബോട്ടണി 53%, സുവോളജി 59%, കമ്പ്യൂട്ടർ സയൻസ് (സ്വാശ്രയം) 54% ബി. കോം. കമ്പ്യൂട്ടർ ആപ്ലിക്കേഷൻ 95%, ബി. കോം. ഫിനാൻസ് & ടാക് സേഷൻ 72% ബി.ബി.എ 84% ബി.കോം. കമ്പ്യൂട്ടർ ആപ്ലിക്കേ ഷൻ (സ്വാശ്രയം) 79 %. ബി.എ. ഹിന്ദി പരീക്ഷയിൽ മേരി ബെറ്റി അൽമേഡ അഞ്ചാം റാങ്കും എം.എ. ഇംഗ്ലീഷ് പരീക്ഷയിൽ ഐശ്വര്യ എട്ടാം റാങ്കും എം.എസ്.സി. കെമിസ്ട്രി ജിസാ റോസ് തോമസ് നാലാം റാങ്കും ബി.എസ്.സി. കമ്പ്യൂട്ടർ സയൻസ് പരീക്ഷയിൽ അർച്ചന വിജയൻ എട്ടാം റാങ്കും എം.എസ്.സി. ആതിര മുരളി എട്ടാം റാങ്കും കരസ്ഥമാക്കി. 67-ാം സ്ഥാപകദിന സ്തോത്രശുശ്രൂഷയും സമ്മേളനവും 2019 ജൂൺ 25 ന് നടന്നു. അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. പത്തനംതിട്ട ജില്ലാ കളക്ടർ ശ്രീ. പി.ബി. നൂഹ് ഐ.എ.എസ്. സ്ഥാപകദിന സന്ദേശം നൽകി.

നിലവിലുള്ള കോഴ്സുകൾ

1. ഡിഗ്രി (ക്രെഡിറ്റ് & സെമസ്റ്റർ സിസ്റ്റം)

ബി.എ. (ഇംഗ്ലീഷ്, മലയാളം, ഹിന്ദി, ഇക്കണോമിക്സ്, ഹിസ്റ്ററി)

ബി.എസ്.സി (മാത്തമമാറ്റിക്സ്, ഫിസിക്സ്, കെമിസ്ട്രി, ബോട്ടണി, സുവോളജി

ബി. കോം. കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, ബി. കോം. ഫിനാൻസ് & ടാക്സേഷൻ

ബിഎസ്.സി കമ്പ്യൂട്ടർ സയൻസ്, ബിബിഎ, ബി.കോം കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (സ്വാശ്രയം)

2. ബിരുദാനന്തര ബിരുദം

എം. ഏ (ഇക്കണോമിക്സ്, ഇംഗ്ലീഷ്, മലയാളം)

എം.എസ്.സി (മാത്മാറ്റിക്സ്, ഫിസിക്സ്, കെമിസ്ട്രി, ബോട്ടണി, സുവോളജി)

എം.കോം

3. ഗവേഷണ വകുപ്പുകൾ

സുവോളജി, കൊമേഴ്സ്, ഫിസിക്സ്, ബോട്ടണി, കെമിസ്ട്രി, ഇംഗ്ലീഷ്

4. ഡിപ്ലോമ/ഷോർട്ട്-ടേം കോഴ്സുകൾ

ജേർണ്ണലിസം, കമ്പ്യൂട്ടർ മെയിന്റനൻസ്, ഡിപ്ലോമ ഇൻ ജി.എസ്.ടി, റ്റാലി വിത്ത് എസ്.എ.പി, പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ റ്റാക്സേഷൻ, സർട്ടിഫിക്കറ്റ് കോഴ്സ് ഓൺ നാനോ സയൻസ്, ജേർണലിസം ആൻഡ് മാസ് കമ്മ്യൂണിക്കേഷൻ, ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ, ഐ.എസ്.ഡി.സി. കേരള, ജെയിൻ യൂണിവേഴ്സിറ്റി ബാഗ്ലൂർ, ഹെഡ്ജ് സ്കൂൾ ഓഫ് അപ്ലൈഡ് ഇക്കണോമിക്സ്, യൂണിവേഴ്സിറ്റി ഓഫ് മലയ, മലേഷ്യ, എഐഎംഎസ്റ്റി യൂണിവേഴ്സിറ്റി മലേഷ്യ, ജെനീവ ബിസിനസ് സ്കൂൾ എന്നിവയുമായി പഠനവുമായി ബന്ധപ്പെട്ട വിവിധ കരാറുകളിൽ ഒപ്പിട്ടു.

കോളജിലെ കൊമേഴ്സ് വിഭാഗത്തിന്റെയും ഇക്കണോമിക്സ് വിഭാഗത്തിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ Union Budget 2019-20 Narative" എന്ന വിഷയത്തിൽ ചെങ്ങന്നൂർ ക്രിസ്ത്യൻ കോളജ് അസിസ്റ്റന്റ് പ്രൊഫസർ ബിജി എബ്രഹാം സെമിനാറിന് നേതൃത്വം നൽകി. കോളജ് IQAC യുടെ ആഭിമുഖ്യത്തിൽ NAAC Accreditation Framework നെ ഓറിയന്റേഷൻ പ്രോഗ്രാം നടത്തപ്പെട്ടു. കേരള യൂണിവേഴ്സിറ്റി UGC-HRDC ഡയറക്ടർ പ്രൊഫ. ഡോ. എസ്.വി. സുധീർ ക്ലാസിന് നേതൃത്വം നൽകി. ഇംഗ്ലീഷ് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ സിലബസ് പരിഷ്കരണത്തെപ്പറ്റി ഏകദിന വർക്ക്ഷോപ്പ് നടന്നു. മഹാത്മഗാന്ധി യൂണിവേഴ്സിറ്റി സ്കൂൾ ഓഫ് ലെറ്റേഴ്സ് ഡീനും ഡയറക്ടറുമായി ഡോ. കെ.എം. കൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ഇക്കണോമിക്സ് വിഭാഗ ത്തിന്റെ ആഭിമുഖ്യത്തിൽ "A Tribute to An Unsung Economist - Dr. P J Thomas 'the Kerala Keynes' എന്ന വിഷയത്തിൽ നടന്ന ഏകദിന സെമിനാർ കേരള ഇക്കണോമിക്സ് അസോസിയേഷൻ ജനറൽ സെക്രട്ടറി ഡോ. ഇ.എം. തോമസ് ഉദ്ഘാടനം ചെയ്യുകയും മുഖ്യപ്രഭാഷണം നടത്തുകയും ചെയ്തു. പുതിയതായി ആരംഭിച്ച ഗോ ഗ്രീൻ സാന്തോം ക്ലബിന്റെ ഉദ്ഘാടനം കേരള ഫോറസ്റ്റ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പ്രിൻസിപ്പൽ സൈന്റിസ്റ്റ് & റിസേർച്ച് കോർഡിനേറ്ററുമായ ഡോ. റ്റി.വി. സജീവ് നിർവ്വഹിച്ചു. ഇലന്തൂർ ബ്ലോക്ക് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിലുള്ള കേരളോത്സവം കോളജിൽ നടത്തപ്പെട്ടു. ശ്രീമതി വീണാ ജോർജ്ജ് എം.എൽ.എ. ഉദ്ഘാടനം ചെയ്തു.

കോളജിലെ കൊമേഴ്സ് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ കെ.എസ്.എഫ്.ഇ.-യുടെ സഹകരണത്തോടെ 2020 ജനുവരി 20, 21 തീയതികളിൽ Recent Trends in Banking & Finance എന്ന വിഷയത്തിൽ ര് ദിവസത്തെ ദേശീയ സെമിനാർ നടത്തപ്പെട്ടു. സി.എ. ഇൻസ്റ്റിറ്റ്യൂട്ട് സതേൺ റിജൺ ചെയർമാൻ ജോമോൻ കെ. ജോർജ്ജ് ഉദ്ഘാടനം ചെയ്യുകയും കെ.എസ്. എഫ്.ഇ. ചെയർമാൻ ഫീലിപ്പോസ് തോമസ് സമാപന സന്ദേശം നൽകുകയും ചെയ്തു. ഹിന്ദി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ Woman in Contemporary Hindi Literature എന്ന വിഷയത്തിൽ നാഷണൽ സെമിനാർ നടത്തപ്പെട്ടു. ഹിന്ദി ലേഖിക ചന്ദ്രകാന്ത് ഉദ്ഘാടനം ചെയ്യുകയും മുഖ്യപ്രഭാഷണം നടത്തുകയും ചെയ്തു. മാത്തമാറ്റിക്സ് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ 2020 ഫെബ്രുവരി 28 ന് Functional Analysis & Wavelet Theory എന്ന വിഷയത്തിൽ ഏകദിന ദേശീയ സെമിനാർ നടന്നു.

ദേശീയ സയൻസ് ദിനാഘോഷത്തടനുബന്ധിച്ച് ഫിസിക്സ് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ 2020 ഫെബ്രുവരി 25 ന് "Women in Science" എന്ന വിഷയത്തിൽ സെമിനാറും ക്വിസ് കോമ്പറ്റീഷനും നടന്നു. 2020 ഫെബ്രുവരി 20, 21 തീയതികളിൽ "Research Insights on Social Science, Litrature, Law and Science" എന്ന വിഷയത്തിൽ അന്തർദേശീയ കോൺഫറൻസ് നടന്നു. കോളജ് മാനേജർ ഡോ. ജോസഫ് മാർത്തോമ്മ മെത്രപ്പോലീത്ത അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ഡോ. അഹമ്മദ് സാലിയ റഹ്മദ് (മലയ യൂണിവേഴ്സിറ്റി) ഉദ്ഘാടനം നിർവ്വഹിച്ചു. വിദേശത്തുനിന്ന് നാൽപതോളം പേർ സെമിനാ റിൽ പങ്കെടുത്തു.

കെമിസ്ട്രി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ "Advances in Organic and Materials Chemistry" എന്ന വിഷയത്തിൽ 2020 ഫെബ്രുവരി 10 ന് അന്തർദേശീയ സെമിനാർ നടത്തപ്പെട്ടു.

കോളജ് ഐ.ക്യൂ.എ.സി.യുടെ ആഭിമുഖ്യത്തിൽ 2020 ജനുവരി 31 ന് Futuristic Approach to Climate Change" എന്ന വിഷയത്തിൽ ഏകദിന ദേശീയ സെമിനാർ നടത്തപ്പെട്ടു. മഹാത്മഗാന്ധി സർവ്വകലാശാല പ്രൊ-വൈസ് ചാൻസലർ ഡോ. സി. റ്റി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്തു. ഫിസിക്സ് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ 2020 ജനുവരി 29, 30 തീയതികളിൽ "Research Innovation in Physics and Applied Science" എന്ന വിഷയത്തിൽ ദേശീയ സെമിനാർ നടത്തപ്പെട്ടു. ഐ.ക്യൂ.എ.സി.യുടെയും പി.റ്റി.എ.യുടെയും സഹകരണത്തിൽ "Statistical Tools and Data Analysis' എന്ന വിഷയത്തിൽ രണ്ട് ദിവസത്തെ വർക്ഷോപ്പ് നടന്നു. ഇക്കണോമിക്സ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ തോമസ് വർക്കി മെമ്മോറിയൽ പ്രഭാഷണം നടത്തി. മുൻ അംബാസിഡർ കെ.പി. ഫാബിൻ ഐ.എഫ്. എസ്. പ്രഭാഷണം നടത്തി.

അദ്ധ്യയനരംഗത്ത് കോളജ് സമുന്നതമായ നിലവാരം പുലർത്തുന്നു. കലാകായിക മത്സരരംഗങ്ങളിലും പ്രശസ്തമായ നേട്ടങ്ങൾ കൈവരിച്ചു. കോളജ് യൂണിയൻ, നാഷണൽ സർവ്വീസ് സ്കിം, എൻ.സി.സി. എന്നിവയുടെ ആഭിമുഖ്യത്തിലുള്ള വിവിധ പരിപാടികളിൽ വിദ്യാർത്ഥികൾ ഉത്സാഹപൂർവ്വം പങ്കെടുക്കുന്നു. യുണൈറ്റഡ് നേഷൻസ് അക്കാദമിക് ഇംപാക്ട് & ആസ്പെയർ അംഗത്വം, ഇന്റേണൽ ക്വാളിറ്റി അഷ്വറൻസ് സെൽ, ഈക്വൽ ഓപ്പർച്യൂണിറ്റി സെന്റർ, ആന്റി റാഗിംഗ് സെൽ, വിമൻസ് സ്റ്റഡീസ് സെന്റർ, വിമൻസ് സെൽ, ബ്രെയിൻസ് ട്രസ്റ്റ്, ഇക്കോ ക്ലബ്, ടൂറിസം ക്ലബ് തുടങ്ങിയവയും അതതു മേഖലകളിൽ കർമ്മനിരതമാണ്. ഗവേഷണരംഗത്ത് ഒരു നൂതന കാൽവെയ്പ്പായി കോളജിലെ എല്ലാ ക്ലാസുകളിൽ നിന്നും സമർത്ഥരായ ഗവേഷണ തൽപരരായ വിദ്യാർത്ഥികളെ കണ്ടെത്തി അവർക്ക് ഗവേഷണത്തിന് വേണ്ട അഭിരുചി ക്ലാസുകൾ നടത്തുന്നതിനും ഗവേഷണത്തിലേക്ക് നയിക്കുന്നതിനുമായി റിസേർച്ച് ബാച്ചുകൾ ആരംഭിച്ചു.

സ്റ്റുഡന്റ്സ് ക്രിസ്ത്യൻ മൂവ്മെന്റ് ഓഫ് ഇന്ത്യ, മാർത്തോമ്മാ സ്റ്റുഡൻസ് അസോസിയേഷൻ, ഇവാഞ്ചലിക്കൽ യൂണിയൻ എന്നിവ ആരാധനയ്ക്കും വേദപഠനത്തിനും ചർച്ചകൾക്കുമായി ക്രമമായി സമ്മേളിക്കുന്നു. മധ്യാഹ്നവേളകളിൽ പ്രാർത്ഥനാ ഗ്രൂപ്പുകൾ കൂടുന്നുണ്ട്. ക്രിസ്തീയ മൂല്യങ്ങൾ പരിരക്ഷിക്കുന്നതിനും സംവേദനം ചെയ്യുന്നതിനും ഈ ഗ്രൂപ്പുകൾ ഏറെ ഉപകരിക്കുന്നു. വ്യക്തിഗത കൗൺസിലിംഗ്, അക്കാദമിക് കൗൺസിലിംഗ്, കരിയർ ഗൈഡൻസ്, യു.ജി.സി. നെറ്റ് കോച്ചിംഗ്, മത്സര പരീക്ഷകൾക്കുള്ള ക്ലാസുകൾ, ട്യൂട്ടോറിയൽ ഗ്രൂപ്പുകൾ എന്നിവ സംഘടിപ്പിച്ച് പഠനത്തിൽ പ്രത്യേക ശ്രദ്ധ നൽകുന്നുണ്ട്.

അനേകം പൂർവ്വവിദ്യാർത്ഥികൾ സഭയുടെ വൈദീക ശുശ്രൂഷയിൽ പ്രവർത്തിക്കുന്നു എന്നത് അഭിമാനകരമാണ്. കോളജ് അലുമ്നി ചാപ്റ്ററുകൾ അമേരിക്ക, മലേഷ്യ, ഗൾഫ് മേഖലകളിൽ സജീവമായി പ്രവർത്തിക്കുന്നു. പി.റ്റി.എയുടെ ആഭിമുഖ്യത്തിൽ ഉച്ചഭക്ഷണ പദ്ധതിയിലൂടെ ദിവസവും നൂറിലധികം വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം സൗജന്യമായി നൽകുന്നു. കോളജിലെ അദ്ധ്യാപക-അനദ്ധ്യാപക, വിദ്യാർത്ഥി സമൂഹത്തിന്റെ സഹകരിച്ചുള്ള പ്രവർത്തനഫലമായി ഈ അദ്ധ്യയനവർഷം വിദ്യാർത്ഥി സമരം മൂലം ഒരു ദിവസം പോലും ക്ലാസുകൾ നഷ്ടപ്പെട്ടിട്ടില്ലായെന്ന് സന്തോഷപൂർവ്വം അറിയിക്കുന്നു. വനിത ഹോസ്റ്റലുകളിൽ നൂറ് വിദ്യാർത്ഥിനികൾക്കു താമസസൗകര്യമുണ്ട്. പി.ജി. വിദ്യാർത്ഥികൾക്കായി പ്രത്യേക ഹോസ്റ്റൽ സൗകര്യം ഒരുക്കി.

അദ്ധ്യാപക- അനദ്ധ്യാപക, രക്ഷാകർത്തൃ സമിതിയുടെയും, പൂർവ്വവിദ്യാർത്ഥി സംഘത്തിന്റെയും ആത്മാർത്ഥമായ സഹകരണം വിവിധ പ്രവർത്തനങ്ങൾക്ക് ലഭിക്കുന്നുണ്ട്. പോസ്റ്റ് ഓഫീസ്, കോ ഓപ്പറേറ്റീവ് സൊസൈറ്റി, കോ ഓപ്പറേറ്റീവ് സ്റ്റോർ എന്നിവ ക്യാമ്പസിൽ പ്രവർത്തിക്കുന്നു. കോളജിന്റെ അക്രഡിറ്റഡ് ഗവേഷണ ജേർണ്ണൽ 'REYONO' ക്രമമായി പ്രസിദ്ധീകരിച്ചുവരുന്നു. കോളജ് ക്യാമ്പസ് ക്ലീൻ ക്യാമ്പസ്-ഗ്രീൻ ക്യാമ്പസായി സൂക്ഷിക്കുന്നതിൽ വിദ്യാർത്ഥികളും അദ്ധ്യാപക അനദ്ധ്യാപക സമൂഹവും പ്രത്യേകം ശ്രദ്ധിക്കുന്നു. പ്രകൃതിരമണീയമായ ഈ ക്യാമ്പസിന്റെ ഹരിതാഭ സൂക്ഷിക്കുന്നതിൽ കലാലയത്തിലെ ഗോ ഗ്രീൻ സാന്തോം ക്ലബ് ജാഗ്രത പുലർത്തുന്നു.

8 A. 3 ക്രിസ്ത്യൻ കോളജ്, ചെങ്ങന്നൂർ

മലങ്കര മാർത്തോമ്മ സുറിയാനി സഭയിലെദീർഘദർശിയും ആത്മീകാചാര്യനുമായ ഡോ. മാത്യൂസ് മാർ അത്തനാസിയോസ് തിരുമേനിയുടെ ദീർഘവീക്ഷണഫലമായി 1964 ൽ ആരംഭിച്ച ചെങ്ങന്നൂർ ക്രിസ്ത്യൻ കോളേജ് വളർച്ചയുടെ പാ തയിൽ 57 വർഷം പിന്നിട്ടു. പരിമിതമായസൗകര്യങ്ങളോടുകൂടി 400 വിദ്യാർത്ഥികളും 17 അദ്ധ്യാപകരുമായി ആരംഭിച്ച കോളേജ് ഇന്ന് 1266 വിദ്യാർത്ഥികളും 52 അദ്ധ്യാപകരും, 26 അനദ്ധ്യാപകരും 12 ഗസ്റ്റ് അദ്ധ്യാപകരുമായി, 9 ബിരുദ കോഴ് സുകളും, 5 ബിരുദാനന്തര ബിരുദകോഴ്സുകളുമായിവളർന്നു. നാക് മൂന്നാം റിഅക്രഡിറ്റേഷനിൽ B++(2.93) ലഭിക്കുകയുണ്ടായി. സാമൂഹിക രാഷ്ട്രീയ വിദ്യാഭ്യാസ മേഖലകളിൽ സമുന്നതരായ വ്യക്തികളെ സംഭാവന ചെയ്യുന്നതിന് കോളേജിന് സാധിച്ചിട്ടുണ്ട്.

കോഴ്സുകൾ ഡിഗ്രി (ക്രെഡിറ്റ്ആന്റ് സെമസ്റ്റർ സിസ്റ്റം): 1.ബിരുദം : ബി. എ. – ഇംഗ്ലീഷ്, ഹിസ്റ്ററി, ഇക്കണോമിക്സ്, ബി.കോം – കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, ബി.എസ്.സി. –മാത്തമാറ്റിക്സ് , ഫിസിക്സ്, കെമിസ്ട്രി, ബോട്ടണി, സുവോളജി

2.ബിരുദാനന്തര ബിരുദം :എം.എ – ഇംഗ്ലീഷ്, ഇക്കണോമിക്സ്, എം.എസ്.സി. – ഫിസിക്സ്, അനലറ്റിക്കൽ കെമിസ്ട്രി, സുവോളജി. **2018 –2019പരീക്ഷാഫലം:** ബി.എ.–ഇംഗ്ലീഷ് 57%, ഹിസ്റ്ററി 16%, ഇക്കണോമിക്സ് 40%, ബി.എസ്.സി.–മാത്തമാറ്റിക്സ് 57%, ഫിസിക്സ് 67%, കെമിസ്ട്രി 45%, ബോട്ടണി 38%, സുവോളജി 30%,

ബി.കോം – കമ്പ്യൂട്ടർ ആപ്ലിക്കേഷൻ 75%, എം.എ – ഇംഗ്ലീഷ് 69%, ഇക്കണോമിക്സ് 50%, എം.എസ്.സി.– ഫിസിക്സ് 69%, അനലറ്റിക്കൽ കെമിസ്ട്രി 50%, സുവോളജി 92%

ഗവേഷണവകുപ്പ്: ഫിസിക്സ് ഡിപ്പാർട്ട്മെന്റ് അംഗീകൃത ഗവേഷണ കേന്ദ്രമാണ്. 7 റിസേർച്ച് ഗൈഡുകളും 25 ഗവേഷണ വിദ്യാർത്ഥികളും ഉ്.വിവിധ ഗവേഷണ ജേർണലുകളിൽ ആയി അദ്ധ്യാപകർ 37 പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചു.

പ്രവർത്തനങ്ങൾ: കേന്ദ്ര സർക്കാർ ഏജൻസികൾ Bb DBT STAR, DST, SERB,സംസ്ഥാന സർക്കാർ ഏജൻസികൾ ആയ KSCSTE, DOECC എന്നിവയുടെ ധനസഹായത്തോടുകൂടി 9 പ്രോജക്ടുകൾ പുരോഗമിക്കുന്നു. 1 കോടിരൂപയുടെ DBT STAR പദ്ധതിയുടെ ഉദ്ഘാടനം അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മ മെത്രാപ്പോലീത്ത നിർവഹിച്ചു. കേന്ദ്ര /സംസ്ഥാന സർക്കാർ എന്നിവയുടെ ധനസഹായത്തോടുകൂടി നാഷണൽ /ഇന്റർ നാഷണൽ സെമിനാറുകളും വർക്ക്ഷോപ്പുകളും നടത്തുകയുണ്ടായി. കായിക കലാമത്സര രംഗങ്ങളിൽ വിദ്യാർത്ഥികൾ പ്രശസ്തമായ നേട്ടങ്ങൾ കൈവരിച്ചു. കേരള യൂണിവേഴ്സിറ്റി ആർട്ട്സ് ഫെസ്റ്റിവലിൽ യൂണിവേഴ്സിറ്റി തലത്തിൽ 14-ാം സ്ഥാനവും ആലപ്പുഴ ജില്ലയിൽ 1-ാം സ്ഥാനവും ലഭിക്കുകയുണ്ടായി. സ്പോർട്സിൽ, 10 ഇന്റർ കോളിജീയേറ്റ് മത്സരങ്ങളിൽ കോളേജ് ടീമുകൾ പങ്കെടുത്തു. 3 ഇനങ്ങളിൽ (Wrestling Women, Judo Women, Net ball Men) യൂണിവേഴ്സിറ്റി ചാമ്പ്യൻ ആകാൻ സാധിച്ചു. Alfi Francis John (DC I, Commerce), Kerala State under 19 Cricket team ലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. ദേശീയതലത്തിൽ വിവിധ മത്സരങ്ങളിൽ പങ്കെടുത്തു.

കോളേജ് യൂണിയൻ, നാഷണൽ സർവ്വീസ് സ്കീമിന്റെ 2 യൂണിറ്റ്, എൻ.സി.സി. എന്നിവയുടെ ആഭിമുഖ്യത്തിൽ വിവിധ പരിപാടികൾ നടത്തപ്പെട്ടു. കരിയർ & ഗൈഡൻസ്, വിമൻസ് സ്റ്റഡിയൂണിറ്റ്, ഭൂമിത്രസേന, എക്കോ ടൂറിസം ക്ലബ്, ബയോ ഡൈവേഴ്സിറ്റി ക്ലബ്, സ്പോർട്സ് & ഗെയിം ക്ലബ്ബ്, റെഡ് റിബൺ ക്ലബ്ബ്, ഹെൽത്ത് ക്ലബ് തുടങ്ങിയവയുടെ അംഗങ്ങൾ അതത് മേഖലകളിൽ കർമ്മനിരതരായി പ്രവർത്തിച്ചു. മെഡിസിനൽ ഗാർഡൻ, ബോട്ടണിസ്മാർട്ട് ക്ലാസ്സ്റൂം, സുവോളജി ഹിസ്റ്ററി മ്യൂസിയങ്ങൾ, ജിംനേഷ്യം

എന്നിവയുടെ പ്രവർത്തനങ്ങൾ പൂർവ്വാധികം ഭംഗിയായി നടത്തി. ആഡ് ഓൺ കോഴ്സ്, വാക് വിത്ത് സ്ക്കോളർ, P.S.C. കോച്ചിംഗ്, സ്കോളാർ സപ്പോർട്ട് പ്രോഗ്രാം, കോച്ചിംഗ് ക്ലാസ്സുകൾ മുതലായവ അദ്ധ്യാപകരുടെ മേൽനോട്ടത്തിൽ ക്രമീകരിച്ചു.

സ്റ്റുഡൻസ് ക്രിസ്ത്യൻ മൂവ്മെന്റ് ഓഫ് ഇൻഡ്യ, മാർത്തോമ്മ സ്റ്റുഡൻസ് അസോസിയേഷൻ എന്നിവ ആരാധനയ്ക്കും വേദപഠനത്തിനും ചർച്ചകൾക്കുമായി ക്രമമായി ഒത്തുചേരുന്നു. ഡോ. ഡെസ്സി പി. കോരുത്, ഡോ. ജോൺ ജോർജ്ജ് അത്യാൽ എന്നിവരെ കൂടാതെ സ്റ്റുഡൻസ് ചാപ്ലയിൻ അച്ചന്മാരും നേതൃത്വം നൽകിവരുന്നു. SCMന്റെ നേതൃത്വത്തിൽ ഇന്റർ കൊളിജീയേറ്റ് മത്സരങ്ങൾ സംഘടിപ്പിച്ചു.

എൻവയോൺമെന്റ് ഡേ, ഇന്റർനാഷണൽ യോഗദിനം, ലോക ആന്റി നർക്കോട്ടിക് ദിനം, കേരളപിറവി, അദ്ധ്യാപകദിനം, ഗാന്ധിജയന്തി, ക്രിസ്തുമസ് കാരൾ, റിപ്പബ്ളിക് ദിനം, കോളജ് സ്ഥാപകദിനം, സയൻസ് ഡെ എന്നീ ദിവസങ്ങൾ അതിന്റേതായ പ്രാധാന്യം നൽകിവിവിധ പരിപാടികളോടെ ക്രമീകരിച്ചു.

പ്രധാന നേട്ടങ്ങൾ: റ്റി.മി. ടൈറ്റസിന് (ബി.എസ്.സി ഫിസിക്സ്) യൂണിവേഴ്സി റ്റി പരീക്ഷയിൽ 3-ാം റാങ്ക്ലഭിച്ചു. കൂടാതെ ജാം പരീക്ഷയും പാസ്സായി. അഗപ്പെ മേരി മാമ്മൻ, ഉണ്ണിയാർച്ച, ആർഷ സി. എന്നിവർ നെറ്റ്/ഗേറ്റ് പരീക്ഷകളിൽ വിജയിച്ചു. ബിബിൻ ജേക്കബ് നാഷണൽ ഫെലോഷിപ്പിന് അർഹനായി. ഊർമ്മിള എസ്, അനുജ്യോതി എന്നിവർ സംസ്ഥാന സർക്കാരിന്റെ SPYT ഫെലോഷിപ്പ് കരസ്ഥമാക്കി.

സി.സി.റ്റി.വി. സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളതും 4000 ഇ-ജേർണലുകളും, 12000 ഇ-ബുക്കുകളും 32000 ടെക്സ്റ്റ് ബുക്കുകളും, ഇൻഫ്ളിബ്നെറ്റ് സൗകര്യവുമുള്ള ഓട്ടോമേറ്റഡ് ലൈബ്രറിയും, ഇംഗ്ലീഷ് ലാംഗ്വേജ് ലാബോറട്ടറിയും, എല്ലാ ഡിപ്പാർ ട്ട്മെന്റിലും ലഭ്യമായ അൺ ലിമിറ്റഡ് ഇന്റർനെറ്റ് സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. ശ്രീ. കൊടിക്കുന്നിൽ സുരേഷ് എം.പി. യുടെ വികസനഫണ്ടിൽ നിന്നും 10 ലക്ഷം രൂപയും മാനേജ്മെന്റ് വിഹിതം 3 ലക്ഷം രൂപയും ചേർത്ത് ചെലവഴിച്ച് സജ്ജമാക്കിയ 20 കെ.വി. സോളാർ എനർജി ഹാർവസ്റ്റിംഗ് സിസ്റ്റം പ്രവർത്തനസജ്ജമായി. കോളജ് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ രണ്ടാംനിലയിൽ ശീതികരിച്ച മാനേജ്മെന്റ് IQAC റൂം, 4-ാം നിലയിൽ 110 കമ്പ്യൂട്ടർ ലബോറട്ടറിയും അതോട്ചേർന്ന് റെക്കോർഡിംഗ്/സംവിധാനവും ഏർപ്പെടുത്തി. ശീതികരിച്ച മാനേജ്മെന്റ് IQAC റൂമിന്റെയും കമ്പ്യൂട്ടർ ലബോറട്ടറിയുടേയും ഉദ്ഘാടനം അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മ മെത്രാപ്പോലീത്ത നിർവഹിച്ചു.

പിറ്റിഎസ്/അലൂമിനി അസോസിയേഷൻ: കോളജ് പൂർവ്വവിദ്യാർത്ഥി സംഘടനയുടെ ആഭിമുഖ്യത്തിൽ മുൻ വർഷത്തെ പോലെ റിപ്പോർട്ട് വർഷത്തിലും വർഷാന്ത്യ മീറ്റിംഗ് നടത്തപ്പെട്ടു. കോളജിന്റെ പ്രവർത്തനങ്ങൾക്ക് പൂർവ്വവിദ്യാർത്ഥി സംഘടനയുടെ ആത്മാർത്ഥമായ സഹകരണം ലഭിച്ചിട്ടുണ്ട്. റിപ്പോർട്ട്വർഷം ഒരു സെമസ്റ്ററിൽ രണ്ടു പ്രാവശ്യം വീതം എല്ലാ ഡിപ്പാർട്ട്മെന്റുകളിലും പി.റ്റി.എസ് മീറ്റിംഗുകൾ നടത്തി.

സാമൂഹ്യപ്രവർത്തനങ്ങൾ: കോളജിൽ പഠിക്കുന്ന ഉച്ചഭക്ഷണംകൊണ്ടുവരാത്ത നിർധനരായകുട്ടികൾക്കു വേണ്ടി മാനേജ്മെന്റ് നൂൺ മീൽ പ്രോഗ്രാം നടപ്പിലാക്കിവരുന്നു. പ്രത്യേകകൂപ്പൺ പ്രകാരം കാന്റീനിൽ നിന്നും കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകിവരുന്നു. റിപ്പോർട്ട് വർഷം 60,000/- ൽപരം രൂപ പ്രസ്തുത ഇനത്തിന് ചെലവഴിച്ചു. വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്തു. Centre for Social Action ന്റെ നേതൃത്വത്തിൽ വിവിധ സാമൂഹ്യപ്രവർത്തനങ്ങൾ നടത്തി.

കോളജിന്റെ മുൻപ്രിൻസിപ്പാളും ഇംഗ്ലീഷ്വിഭാഗം മേധാവിയുമായിരുന്ന ഡോ. അച്ചാമ്മ അലക്സ്, ഗണിതശാസ്ത്ര വിഭാഗം മേധാവി ശ്രീമതി. മറിയാമ്മ വറുഗീസ് എന്നിവർ സജീവസേവനത്തിൽ നിന്നുംവിരമിച്ചു.

മലങ്കരമാർത്തോമ്മ സുറിയാനി സഭയുടെ പരമാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്ത അദ്ധ്യക്ഷനായുള്ള 12 അംഗ ഗവേണിംഗ് കൗൺസിൽ കോളജ് പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുന്നു. 2019 ഏപ്രിൽ 1 മുതൽ ഡോ. ജോൺസൺ ബേബി പ്രിൻസിപ്പാളായും, ശ്രീ. ജോജി ചെറിയാൻ ട്രഷററായും പ്രവർത്തിച്ചു.

8.A.4 മാർത്തോമ്മ കോളേജ്, ചുങ്കത്തറ

ഉത്തര കേരളത്തിൽ സാമൂഹികവും വിദ്യാഭ്യാസപരവുമായി പിന്നിൽ നിൽക്കുന്ന മലപ്പുറം ജില്ലയിലെ കിഴക്കൻ ഏറനാടിന്റെ പ്രദേശങ്ങളുടെ വികസനം എന്ന ലക്ഷ്യത്തോടു കൂടിയാണു ചുങ്കത്തറ മാർത്തോമ്മ കോളേജ് ആരംഭിച്ചത്. മാർത്തോമ്മ സഭയിലെ വലിയ ക്രാന്തദർശിയും വിശ്വാസധീരനുമായിരുന്ന ഭാഗ്യസ്മരണാർഹനായ ഈശോ മാർ തിമോഥെയോസ് തിരുമേനിയുടെ നേതൃത്വത്തിൽ 1981 ഒക്ടോബർ 28 ന് ഈ കലാലയം ആരംഭിച്ചു. ഓരോരുത്തരിലേയും പ്രകാശത്തെ പ്രകാശിപ്പിക്കുക എന്ന ലക്ഷ്യത്തോടു കൂടി ആരംഭിച്ച ഈ കോളേജ് ഒരു ജൂനിയർ കോളേജ് എന്ന നിലയിൽ നിന്നും 8 ബിരുദ കോഴ്സുകളും 2 ബിരുദാനന്തര ബിരുദ കോഴ്സുകളും ഒരു ഗവേഷണ കേന്ദ്രവുമുള്ള കോളേജായി ഉയർത്തപ്പെട്ടിരിക്കുന്നു. ഈ പിന്നാക്ക പ്രദേശത്തെ നൂറുകണക്കിന് ആളുകളുടെ പുരോഗതിക്ക് നമ്മുടെ കോളേജ് നിർണ്ണായക പങ്ക് വഹിക്കുന്നു. കോളേജിന് ദേശീയ ന്യൂനപക്ഷ കമ്മിഷനിൽ നിന്നു ന്യൂനപക്ഷപദവി ലഭിച്ചിട്ടുണ്ട്.

അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്തയുടെയും മാനേജർ അഭിവന്ദ്യ ഡോ. തോമസ് മാർ തീത്തോസ് എപ്പിസ്കോപ്പയുടെയും നേതൃത്വത്തിൽ കോളേജ് ഗവേണിംഗ് ബോർഡും കോളേജ് കൗൺസിലും ബർസാർ റവ. മത്തായി ജോസഫ്, പ്രിൻസിപ്പൽ ഡോ. റെയ്ന തോമസ് എന്നിവരിലൂടെ കോളേജിന്റെ അനുദിന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

കോളേജിൽ 22 സ്ഥിര അദ്ധ്യാപകരും, 16 ഗസ്റ്റ് അദ്ധ്യാപകരും, 8 അനദ്ധ്യാപകരും, 7 മാനേജ്മെന്റ് ജീവനക്കാരും അടക്കം 53 ആളുകൾ ജോലി ചെയ്തു വരുന്നു. കൊമേഴ്സ് വിഭാഗം മേധാവിയായിരുന്ന പ്രൊഫ. തോമസ് കെ. വർഗ്ഗീസ്, ഓഫീസ് എൽഡി ക്ലർക്ക് ശ്രീമതി. എ.യു. ഏലിയാമ്മ, ലൈബ്രേറിയൻ ശ്രീമതി. റേച്ചൽ ജോർജ്ജ് എന്നിവർ റിപ്പോർട്ട് വർഷത്തിൽ സജീവ സേവനത്തിൽ നിന്നും വിരമിച്ചു. റിപ്പോർട്ട് വർഷത്തിൽ കെമിസ്ട്രി വിഭാഗത്തിൽ പുതിയതായി രണ്ട് അദ്ധ്യാപികമാരും അനദ്ധ്യാപക വിഭാഗത്തിൽ ഒരാളും നിയമിതരായി.

റിപ്പോർട്ട് വർഷത്തിൽ താരതമ്യേന നല്ല റിസൾട്ട് നിലനിർത്തുവാൻ സാധിച്ചു. ബി.എ. ഇക്കണോമിക്സ്: 76%, ബി.എസ്.സി. കെമിസ്ട്രി : 61%, ബി.എസ്.സി. ഫിസിക്സ്: 81%, ബി.എസ്.സി. ബോട്ടണി: 81.5%, ബി.എസ്.സി. മാത്സ്: 81%, ബി.കോം: 88%, ബി.ബി.എ: 50%, ബി.എസ്.സി. കമ്പ്യൂട്ടർ സയൻസ്: 51%, എം.കോം.: 100%, എം.എ. ഇക്കണോമിസ്: 93.3 %

ഡിപ്പാർട്ട്മെന്റ് തല പ്രവർത്തനങ്ങൾ: റിപ്പോർട്ട് വർഷം കോളേജിലെ ഫിസിക്സ് പഠന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ദ്വിദിന ദേശീയ സെമിനാർ സംഘടിപ്പിച്ചു. ഇംഗ്ലീഷ് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ മാത്യൂസ് ഡോളി സ്മാരക പ്രഭാഷണം സംഘടിപ്പിച്ചു. പ്രശസ്ത സാഹിത്യകാരൻ ശ്രീ. പി. സുരേന്ദ്രൻ പ്രഭാഷണം നടത്തി. കോളേജിലെ വനിതാ ഫോറത്തിന്റെ ആഭിമുഖ്യത്തിൽ വിവിധ പരിപാടികൾ സംഘടിപ്പിച്ചു. നിയമബോധന ക്ലാസ്സ്, വ്യക്തിത്വ വികസന പരിശീലനം, സെമിനാറുകൾ എന്നിവ സംഘടിപ്പിച്ചു. മാതൃഭൂമി ദിനപത്രവുമായി ചേർന്ന് നടത്തിയ ക്വിസ് കോമ്പറ്റീഷനിൽ എട്ട് ടീമുകൾ പങ്കെടുത്തു. ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന ന്യൂ ഇനിഷ്യേറ്റീവ് പദ്ധതിയിലെ വാക്ക് വിത്ത് സ്കോളർ, എസ്.എസ്.പി പ്രൊജക്ടുകൾ കോളേജിൽ നടത്തുന്നു. ഇതിന്റെ ഭാഗമായി വ്യക്തിത്വ വികസനം, കരിയർ ഗൈഡൻസ്, നിയമ ബോധന പരിപാടികളും സംഘടിപ്പിച്ചു.

മുംബൈ ഐ.ഐ.റ്റിയുമായി സഹകരിച്ച് സ്കൂൾ-കോളേജ് വിദ്യാർത്ഥികളെ സംഘടിപ്പിച്ച് വിദ്യാർത്ഥികൾക്ക് ആവശ്യമായ സോളാർ സ്റ്റഡി ലാമ്പ് നിർമ്മിച്ചു വിതരണം ചെയ്തു.

മാസ്റ്റർ ട്രെയിനർമാരായി ഓൺലൈൻ കോഴ്സ് പൂർത്തീകരിച്ച അദ്ധ്യാപകരും പരിശീലനത്തിൽ പങ്കെടുത്ത വിദ്യാർത്ഥികൾക്കും ഐ.ഐ.റ്റി. സർട്ടിഫിക്കറ്റ് നൽകി.

ശ്രദ്ധേയമായ നേട്ടങ്ങൾ: മലയാള വിഭാഗം അദ്ധ്യാപിക ഡോ. എലിസബത്ത് തോമസിന് മികച്ച അദ്ധ്യാപികയ്ക്കുള്ള പ്രൊഫ. മീരാകുട്ടി സ്മാരക അവാർഡ് ലഭിച്ചു. അറബി വിഭാഗം അദ്ധ്യാപകൻ ശ്രീ.അൻവർ ഷാഫി.സി-ക്ക് കാലിക്കറ്റ് സർവ്വകലാശാലയിൽ നിന്നും പി.എച്ച്.ഡി ലഭിച്ചു. കൊമേഴ്സ് വിഭാഗം മേധാവി ഡോ. എം.ബി. ഗോപാലകൃഷ്ണൻ ഡെപ്യൂട്ടേഷനിൽ കാലടി സർവ്വകലാശാല രജിസ്ട്രാർ ആയി നിയമിതനായി. അതിഥി അദ്ധ്യാപകരായി പ്രവർത്തിച്ചു വന്ന ശ്രീ.നിഷാർ.എം, ശ്രീ. രാജേഷ്. ഇ എന്നിവരും കോളേജിലെ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളായ രണ്ടു പേരും യു.ജി.സി നെറ്റ് യോഗ്യത കരസ്ഥമാക്കി. ബിരുദ വിദ്യാർത്ഥി ശ്രീ. ഫവാസ് കെ.വി ആട്യപാട്യ ദേശീയ ചാമ്പ്യൻഷിപ്പിലും ശ്രീ. ആരിഫ് നിൻസ് തായ്ക്കോണ്ടയിലും ചാമ്പ്യന്മാരായി. കാലിക്കറ്റ് സർവ്വകലാശാലയുടെ മികച്ച എൻ.എസ്.എസ്. വോളന്റിയറായി ബിരുദ വിഭാഗം വിദ്യാർത്ഥി ശ്രീ. വിഷ്ണു പ്രസാദ് തെരഞ്ഞെടുക്കപ്പെട്ടു. സർക്കാരിന്റെയും ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെയും വിവിധ പരിശീലന പരിപാടികളിലും സഭയുടെ ഉന്നത വിദ്യാഭ്യാസ കമ്മീഷൻ നടത്തിയിട്ടുള്ള ശില്പശാലയിലും പരിശീലന പരിപാടികളിലും അദ്ധ്യാപകരും അനദ്ധ്യാപകരും പങ്കെടുത്തു.

സാമൂഹിക പ്രവർത്തനം: നാഷണൽ സർവ്വീസ് സ്കീമിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട അഭയം എന്ന പദ്ധതി പ്രകാരം ഭവനരഹിതരായ ഒരു കുടുംബത്തിന് ഭവനം നിർമ്മിച്ചു നൽകി. കേരളത്തെ പിടിച്ചുലച്ച പ്രളയത്തിൽ എല്ലാം നഷ്ടമായവരെ സഹായിക്കുന്നതിന് വിവിധ പദ്ധതികൾ നടപ്പിലാക്കി. പ്രളയം സാരമായി ബാധിച്ച കോളേജിലെ വിദ്യാർത്ഥികൾക്ക് പ്രത്യേക ധനസഹായം നൽകി. കൂടാതെ പ്രളയാനന്തര പുനർ നിർമ്മാണ പദ്ധതികൾക്കായി കോളേജിലെ എല്ലാ ജീവനക്കാരുടെയും സംഭാവനകൾ ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകി. പ്രളയക്കെടുതിയെ തുടർന്ന് ആരംഭിച്ച ദുരിതാശ്വാസ ക്യാമ്പുകളിലും തുടർന്ന് പ്രളയ ബാധിത പ്രദേശങ്ങളിലെ ശുചീകരണ പ്രവർത്തനങ്ങളിലും കോളേജ് വിദ്യാർത്ഥികളും ജീവനക്കാരും സജീവമായി പ്രവർത്തിച്ചു. ഭാരത സർക്കാർ മാനവ വിഭവശേഷി വികസന വകുപ്പിന്റെ ഉന്നത ഭാരത് അഭിയാൻ (യുബിഎ) പദ്ധതിയിലൂടെ അഞ്ച് ഗ്രാമങ്ങൾ കോളേജ് ദത്തെടുത്ത് പ്രവർത്തനങ്ങൾ നടത്തിവരുന്നു.

സ്വച്ഛ്ഭാരത് അഭിയാന്റെ ഭാഗമായി നടത്തിയ സ്വച്ഛ് ഭാരത് സമ്മർ ഇന്റേൺഷിപ്പ് 19 വിദ്യാർത്ഥികൾ പൂർത്തിയാക്കി. കോളേജ് യൂണിയന്റെ ആഭിമുഖ്യത്തിൽ ഭവനരഹിതരായ ഒരു കുടുംബത്തിന് നിർമ്മിച്ച് നൽകുന്ന വീടിന്റെ നിർമ്മാണം പുരോഗമിക്കുന്നു. ലോകത്തെയാകെ ഭീതിയിലാക്കിയ കോവിഡ്-19 കൊറോണ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കോളേജ് രസതന്ത്ര വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ഹാന്റ് സാനിറ്റൈസർ നിർമ്മിച്ച് വിതരണം ചെയ്തു.

കോളേജ് വികസന പദ്ധതികൾ: കോളേജിൽ പുതിയതായി നിർമ്മിച്ച സയൻസ്ബ്ലോക്ക്, പുനരുദ്ധരിച്ച ഓഫീസ്, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, ലൈബ്രറി എന്നിവയും കോളേജിലെ ചാപ്പലിന്റെ പുനഃപ്രതിഷ്ഠയും 2019 നവംബർ 19-ന് അഭിവന്ദ്യ തോമസ് മാർ തീത്തോസ് എപ്പിസ്കോപ്പാ തിരുമേനി നിർവ്വഹിച്ചു. കൂടാതെ വിദ്യാർത്ഥികളുടെ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനായി പുതിയ പാർക്കിംഗ് ഷെഡ് നിർമ്മിച്ചു. പി.റ്റി.എ.യുടെ സഹായത്തോടെ പുതിയ ടോയ്ലെറ്റുകളും നിർമ്മിച്ചു.

രാജ്യസഭാ അംഗം ശ്രീ. പി.വി. അബ്ദുൽ വഹാബിന്റെ പ്രാദേശീക വികസന ഫണ്ടിൽ നിന്നും ലൈബ്രറിയിലെ നെറ്റ് വർക്ക് റിസോഴ്സ് സെന്ററിലേക്ക് പുതിയതായി പത്ത് ലാപ്ടോപ്പുകൾ അനുവദിച്ചു. നവീകരിച്ച നെറ്റ്വർക്ക് റിസോഴ്സ് സെന്ററിന്റെ ഉദ്ഘാടനം അഭിവന്ദ്യ ഡോ. തോമസ് മാർ തീത്തോസ് എപ്പിസ്കോപ്പാ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ ശ്രീ. പി.വി. അബ്ദുൽ വഹാബ് എം.പി. ഉദ്ഘാടനം ചെയ്തു.

കോളേജിന്റെ അക്കാദമിക പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനായി രണ്ടു പ്രാവശ്യം അക്കാദമിക്ക് ഓഡിറ്റിംഗ് സംഘടിപ്പിച്ചു. മൂന്നാം പാദ NAAC അക്രഡിറ്റേഷനായി സെൽഫ് സ്റ്റഡി റിപ്പോർട്ട് സമർപ്പിച്ചു. NAAC ടീം അംഗങ്ങളുടെ സന്ദർശനം പ്രതീക്ഷിക്കുന്നു.

8.A.5 ടൈറ്റസ് സെക്കന്റ് ടീച്ചേഴ്സ് കോളേജ്, തിരുവല്ല

മലങ്കര മാർത്തോമ്മാ സുറിയാനി സഭയിലെ ദീർഘദർശിയും ആത്മീകാചാര്യനുമായ ഡോ. യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ അനുഗ്രഹീത ആശയങ്ങളോടെ 1957 ൽ പ്രവർത്തനം ആരംഭിച്ച് അദ്ധ്യാപക പരിശീലന രംഗത്ത് തനതായ വ്യക്തിമുദ്രപതിപ്പിച്ചിട്ടുള്ള മാർത്തോമ്മാ സഭയുടെ ഏക എയ്ഡഡ് ബി.എഡ്. കോളേജ് ആകുന്നു തിരുവല്ല ടൈറ്റസ് സെക്കന്റ് ടീച്ചേഴ്സ് കോളേജ്. എം. ജി. സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജ്, നാഷണൽ അസസ്മെന്റ് & അക്രഡിറ്റേഷൻ കൗൺസിലിന്റെ 'F' ഗ്രേഡും കേരള ഫോറം യു.എൻ.ഐ.യുടെ അംഗീകാരവും കിട്ടിയ കേരളത്തിലെ ആദ്യത്തെ എയ്ഡഡ് ടീച്ചർ എഡ്യൂക്കേഷൻ കോളേജ് ആകുന്നു.

റിപ്പോർട്ട് വർഷത്തെ ബി.എഡ്., എം.എഡ്. ക്ലാസ്സുകളുടെ ഉത്ഘാടനം 2019 ജൂലൈ 01 ന് അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്ത നിർവ്വഹിച്ചു. ബി.എഡ് കോഴ്സിൽ 6 വിഷയങ്ങളിലായി 50 വിദ്യാർത്ഥികൾക്കും എം.എഡ്. കോഴ്സിൽ 13 വിദ്യാർത്ഥികൾക്കും പ്രവേശനം നൽകി. എത്തിക്സ് ക്ലാസ്സുകളുടെ ഉത്ഘാടനം ജൂലൈ 03-ന് മാർത്തോമ്മാ സണ്ടേസ്ക്കൂൾ സമാജം ജനറൽ സെക്രട്ടറി റവ. ജോർജ്ജ് ചെറിയാൻ നിർവ്വഹിച്ചു. ഓഗസ്റ്റ് 09-ന് നടത്തപ്പെട്ട സ്റ്റുഡന്റ്സ് ഓറിയന്റേഷൻ പ്രോഗ്രാമിന് അഡ്വ. ഫിജോ ജോസഫ് നേതൃത്വം നല്കി. ഓഗസ്റ്റ് 23-ന് സൗജന്യ ആയുർവ്വേദ ഹോമിയോ മെഡിക്കൽ ക്യാമ്പ് ആമല്ലൂർ മാർത്തോമ്മാ എൽ.പി. സ്കൂളിൽ വച്ച് നടത്തപ്പെട്ടു.

സെപ്റ്റംബർ 03-ന് ഡോ. കെ.കെ. ജോൺ അധ്യാപകദിന സന്ദേശവും സെപ്റ്റംബർ 04-ന് ശ്രീ. എൻ. ശ്രീകുമാർ ഓണാഘോഷ ദിന സന്ദേശവും നല്കി. ഗാന്ധിജയന്തിയുടെ ഭാഗമായി ക്വിസ്സ് മത്സരം ക്രമീകരിക്കപ്പെട്ടു. 2017-19 അദ്ധ്യായന വർഷത്തെ വിദ്യാർത്ഥികളിൽ ബി. എഡിന് 100% ഉം, എം. എഡിന് 100% വിജയവും കരസ്ഥമാക്കി. ഡിസംബർ 19-ന് റൈറ്റ് റവ. ഡോ. ഉമ്മൻ ജോർജ്ജ് ക്രിസ്തുമസ് സന്ദേശം നല്കി. കമ്മ്യൂണിറ്റി ലിവിംഗ് പ്രോഗ്രാം ഡിസംബർ 9 മുതൽ 12 വരെ കൊമ്പാടി ഡോ. ജോസഫ് മാർത്തോമ്മാ റിട്രീറ്റ് സെന്ററിൽ വച്ച് നടത്തപ്പെട്ടു.

ജനുവരി മാസത്തിൽ നടന്ന സ്റ്റാഫ് റിട്രീറ്റിന് റവ. വിനോയ് ദാനിയേലും പുതുവത്സര ദിന സന്ദേശത്തിന് റവ. ഡോ. ജോൺ ഫിലിപ്പും നേതൃത്വം നല്കി. കോളേജ് യൂണിയന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട സ്വാദ് 2020 എന്നപേരിൽ ഫുഡ് ഫെസ്റ്റ് നടത്തപ്പെട്ടു. മുൻ പ്രിൻസിപ്പൽ പ്രഫസർ എം. ഐസക് എൻഡോവ്മെന്റ് സെമിനാർ ജനുവരി 23-ന് നടത്തപ്പെട്ടു. റിപ്പബ്ളിക് ദിനാഘോഷത്തിന്റെ ഭാഗമായി 2020 ജനുവരി 26 ന് പതാക ഉയർത്തൽ ചടങ്ങ് കോളേജിൽ വച്ച് നടത്തപ്പെട്ടു. പന്ത്രണ്ടാമത് പ്രിൻസിപ്പൽ ട്രോഫി ഇന്റർ ബി. എഡ്. ഷട്ടിൽ ബാറ്റ്മിന്റൻ ടൂർണ്ണമെന്റ് മാർച്ച് 3,4 തീയതികളിൽ തിരുവല്ല വൈ.എം.സി.എ. ഇൻഡോർ സ്റ്റേഡിയത്തിൽ നടത്തപ്പെട്ടു. ടി കോളേജിൽ നിന്നും പങ്കെടുത്ത വിദ്യാർത്ഥികൾ ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി. വിവിധ കോളേജുകളിൽ നടത്തപ്പെട്ട മത്സരങ്ങളിലും ജേതാക്കളാകുവാൻ സാധിച്ചു.

വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി യു.ജി.സി. സ്പോൺസേർഡ് സെമിനാറുകൾ, എത്തിക്സ് ക്ലാസ്സുകൾ, തുടങ്ങിയ ക്ലാസുകൾ നടത്തിവരുന്നു. ലിറ്ററി & ഡിബേറ്റിംഗ് സൊസൈറ്റി, മോറൽ & റിലീജിയസ് അസ്സോസിയേഷൻ, സോഷ്യൽ സർവ്വീസ് ലീഗ്, സ്പോർട്സ് & റിക്രിയേഷൻ ക്ലബ്ബ്, ആർട്സ് ക്ലബ്ബ്, നേച്ചർ ക്ലബ്ബ്, വിമൻസ് ഫോറം, അദ്ധ്യാപക രക്ഷകർതൃസമിതി,

പൂർവ്വവിദ്യാർത്ഥി സമിതി എന്നിവയുടെ ആഭിമുഖ്യത്തിൽ വിവിധ പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി. അദ്ധ്യാപകർ, അനദ്ധ്യാപകർ എന്നിവർ കോളേജിന്റെ ദൈനംദിന പുരോഗമന പ്രവർത്തനങ്ങളിൽ സഹായിച്ചുവരുന്നു. പ്രിൻസിപ്പൽ ഉൾപ്പടെ ബി.എഡ് തലത്തിൽ 12 അദ്ധ്യാപകരും 12 അനദ്ധ്യാപകരും എം.എഡ്. വിഭാഗത്തിൽ 3 അദ്ധ്യാപകരും സേവനം അനുഷ്ഠിക്കുന്നു. കോളജിന്റെ വിമൻസ് ഹോസ്റ്റലിൽ 13 കുട്ടികൾ താമസിച്ച് പഠിക്കുന്നു. അഭിവന്ദ്യ ഡോ. ഏബ്രഹാം മാർ പൗലോസ് തിരുമേനി മാനേജരായ 12 അംഗ ഗവേണിംഗ് കൗൺസിൽ കോളേജിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു. ഡോ. അനിതാ മത്തായി പ്രിൻസിപ്പൾ/ സെക്രട്ടറിയായും ശ്രീ. ഐപ്പ് ഏബ്രഹാം ട്രഷററായും പ്രവർത്തിച്ചുവരുന്നു.

8.B. എം.റ്റി.&ഇ.എ.സ്കൂൾസ് കോർപ്പറേറ്റ് മാനേജ്മെന്റ്

ക്രിസ്തീയ സുവിശേഷ ദർശനത്തോടു കൂടി മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിനു പ്രാധാന്യം നൽകിക്കൊണ്ട് എം.റ്റി. ആന്റ് ഇ.എ. സ്കൂൾസ് കോർപ്പറേററ് മാനേജ്മെന്റ് തിരുവല്ല ആസ്ഥാനമാക്കി പ്രവർത്തിക്കുന്നു. 8 ഹയർ സെക്കന്ററി സ്ക്കൂളുകളും 15 ഹയർ സെക്കന്ററി സ്കൂളുകളും ഒരു ടീച്ചർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടും 15 അപ്പർ പ്രൈമറി സ്കൂളുകളും ഉൾപ്പെടെ 152 സ്കൂളുകൾ മാനേജ്മെന്റിനു കീഴിൽ പ്രവർത്തിച്ചുവരുന്നു. കീഴില്ലം, കോട്ടയം, തിരുവല്ല, പത്തനംതിട്ട, ഇടക്കുളം എന്നിവിടങ്ങളിൽ ബോർഡിംഗ് ഹോമുകൾ പ്രവർത്തിക്കുന്നു. റിപ്പോർട്ട് വർഷത്തിൽ എല്ലാ സ്കൂളുകളും സബ് ജില്ല, ജില്ലാതല കായിക മത്സരങ്ങളിലും, സയൻസ് മാത്തമാറ്റിക്സ് എക്സിബിഷനുകളിലും, പ്രവൃത്തിപരിചയ മേളകളിലും മികച്ച പ്രകടനം കാഴ്ചവച്ചു. പല സ്കൂളുകളും ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി. പല സ്കൂളുകളും പഠന കലാകായിക രംഗങ്ങളിലും മികച്ച നിലവാരം പുലർത്തുന്നു. മാനേജ്മെന്റിൽ ഉൾപ്പെടുന്ന എല്ലാ സ്കൂളുകളേയും പങ്കെടുപ്പിച്ച് ഈ വർഷവും മാർത്തോമ്മാ ട്രോഫി അത്ലറ്റിക്ക് ചാമ്പ്യൻഷിപ്പ് നടത്തി. ഈ വർഷത്തെ മാർത്തോമ്മാ ട്രോഫി തിരുവല്ല എസ്.സി.എസ്. എച്ച്.എസ്.എസ് കരസ്ഥമാക്കി. വിജയികൾക്ക് ട്രോഫികളും സർട്ടിഫിക്കറ്റുകളും നൽകി. കൗൺസലിംഗ് പ്രാവീണ്യം നേടിയവരുൾപ്പെട്ട ടീം സ്കൂൾ കുട്ടികൾക്കും അദ്ധ്യാപകർക്കും വേണ്ട മാർഗനിർദ്ദേശങ്ങൾ നൽകിവരുന്നു. നമ്മുടെ മാനേജ്മെന്റിലെ അദ്ധ്യാപക/ അനദ്ധ്യാപകരുടെ കുടുംബാംഗങ്ങൾക്ക് ധനസഹായം നൽകുന്നതിനു വേണ്ടി മാനേജ്മെന്റും, അദ്ധ്യാപകരും അനദ്ധ്യാപകരും ചേർന്ന് മാർത്തോമ്മാ സ്കൂൾ വെൽഫയർ ഫണ്ട് എന്ന പേരിൽ ഒരു നിധി സ്വരൂപിച്ച് നൽകിവരുന്നു.

പ്രഥമ അദ്ധ്യാപകരുടെ നിയമനം, ട്രാൻസ്ഫർ, അദ്ധ്യാപക അനദ്ധ്യാപകരുടെ നിയമനം, ട്രാൻസ്ഫർ, സ്കൂൾ വികസന ഫണ്ട് വിനിയോഗം, ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാമിന്റെ നടത്തിപ്പ് എന്നിവയാണ് ഗവേണിംഗ് ബോർഡിന്റെ പ്രധാന ചുമതലകൾ. അതോടൊപ്പം സ്കൂളുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ഗവേണിംഗ് ബോർഡ് അംഗങ്ങളെ ഉൾപ്പെടുത്തി കമ്മറ്റികളും പ്രവർത്തിക്കുന്നു.

മാനേജ്മെന്റ് സ്കൂളുകളിലെ സ്റ്റാഫംഗങ്ങൾ നൽകുന്ന 1% കളക്ഷൻ ഇനത്തിൽ 41,88,659 രൂപയും വിദ്യാഭ്യാസ സ്തോത്രകാഴ്ചയിനത്തിൽ 21,81,921.60 രൂപയും ലഭിച്ചു. ഈ തുകയിൽ നിന്നും ആഫീസ് പ്രവർത്തനങ്ങൾക്ക് ഉപയോഗിച്ചതിന്റെ ബാക്കി തുക സ്കൂളുകളുടെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നു. ഈ വർഷം സ്കൂൾ ഡെവലപ്പ്മെന്റിനു വേണ്ടി 84,53,000/ രൂപ ചെലവഴിച്ചു.

ഗവേണിംഗ് ബോർഡ് ചെയർമാനായി ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്തായും കോർപ്പറേറ്റ് മാനേജരായി ശ്രീമതി ലാലമ്മ വർഗീസും ഓഫീസിൽ ഡെപ്യൂട്ടി മാനേജരായി ശ്രീമതി വൽസമ്മ ജോർജ്ജും മറ്റ് 4 സ്റ്റാഫ് അംഗങ്ങളും പ്രവർത്തിക്കുന്നു.

8B.1 മാർത്തോമ്മാ സെമിനാരി ഹയർ സെക്കന്ററി സ്കൂൾ, കോട്ടയം

അക്ഷരനഗരിയിൽ കഴിഞ്ഞ 124 വർഷമായി വിജ്ഞാനവെളിച്ചം പകർന്ന് കൊടുത്തുകൊണ്ട് പ്രവർത്തിക്കുന്ന സ്കൂൾ ശതോത്തര രജത ജൂബിലിയിലേക്ക് പ്രവേശിക്കുകയാണ്. കോട്ടയം പട്ടണത്തിന്റെ വളർച്ചയ്ക്ക് സ്കൂൾ നല്കിയ പങ്ക് വളരെ വലുതാണ്. വലിയൊരു ശിഷ്യഗണത്തിന്റെയും പൂർവ്വ അദ്ധ്യാപക, അനദ്ധ്യാപകരുടെയും പിൻതുണ സ്കൂളിന്റെ പ്രവർത്തനങ്ങൾക്ക് ഊർജ്ജം നല്കുന്നു.

റിപ്പോർട്ട് വർഷം ഹൈസ്കൂൾ വിഭാഗത്തിൽ 475, ഹയർ സെക്കണ്ടറി വിഭാഗത്തിൽ 415 വിദ്യാർത്ഥികളും അദ്ധ്യയനം നടത്തി. എസ്.എസ്.എൽ.സി പരീക്ഷയിൽ തുടർച്ചയായി 5-ാം വർഷവും 100% റിസൽട്ടും, അഞ്ച് വിദ്യാർത്ഥികൾക്ക് ഫുൾ എ+ ഉം നേടുന്നതിനും സാധിച്ചു. ഹയർ സെക്കണ്ടറി വിഭാഗത്തിൽ 79% വിജയവും ഫുൾ എ+ 6 വിദ്യാർത്ഥികളും നേടി. പഠനനിലവാരം ഉയർത്തുന്നതിനായി സർക്കാർ നിർദ്ദേശപ്രകാരം വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കി. ക്ലാസ്സ് റൂമുകൾ ഹൈടെക്ക് ആക്കുന്ന പ്രവർത്തനങ്ങൾ നടത്തി. വിവിധ ലാബുകളുടെ നവീകരണം പൂർത്തിയാക്കി. 125 വർഷം പഴക്കമുള്ള പൈതൃക മന്ദിരത്തിന്റെ നവീകരണപ്രവർത്തനങ്ങൾ അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മ മെത്രാപ്പോലിത്തയുടെ പ്രാർത്ഥനയോടെ ആരംഭം കുറിച്ചു. സ്കൂളിനോട് ചേർന്ന് ഡോ. യുഹനോൻ മാർത്തോമ്മ മെമ്മോറിയൽ ബോർഡിങ്ങ് ഹോം പ്രവർത്തിച്ചുവരുന്നു. 43 വിദ്യാർത്ഥികൾ ഇവിടെ താമസിച്ച് പഠിക്കുന്നു. ശ്രീ. സജി ജേക്കബ് ബോർഡിങ്ങ് മാസ്റ്ററായി പ്രവർത്തിക്കുന്നു. ശ്രീ. കുരുവിള മാത്യു പ്രിൻസിപ്പൽ ആയും ശ്രീ.ജേക്കബ് ഏബ്രഹാം ഹെഡ്മാസ്റ്ററായും പ്രവർത്തിച്ചു.

8B.2 മാർത്തോമ്മാ ഹയർസെക്കന്ററി സ്കൂൾ, പത്തനംതിട്ട

പത്തനംതിട്ട നഗരത്തിലും ചുറ്റുപാടുമുള്ള ഗ്രാമങ്ങളിലും വിജ്ഞാനവെളിച്ചം ചൊരിഞ്ഞുകൊണ്ടിരിക്കുന്ന മാർത്തോമ്മാ ഹയർ സെക്കണ്ടറി സ്കൂൾ, പ്രവർത്തനപന്ഥാവിൽ 88 സംവത്സരങ്ങൾ പിന്നിട്ടു. പാഠ്യപാഠ്യാനുബന്ധ മേഖലകളിൽ മികച്ച നേട്ടങ്ങൾ കൈവരിക്കുന്ന ഈ കലാലയം ജില്ലയിലെ മികച്ച സ്കൂളുകളിൽ ഒന്നാണ്. 2019 ഹയർ സെക്കണ്ടറി പരീക്ഷയിൽ 96.6% എസ്.എസ്.എൽ.സി. പരീക്ഷയിൽ 99.2% വിജയം കരസ്ഥമാക്കി. ഹയർ സെക്കണ്ടറി വിജയികളിൽ 26 പേരും എസ്. എസ്.എൽ.സി. വിജയികളിൽ 22 പേരും മുഴുവൻ വിഷയങ്ങൾക്കും A+ ഗ്രേഡ് നേടി. എം.റ്റി. & ഇ.എ. സ്കൂൾസ് മാനേജ്മെന്റിൽ ഹയർ സെക്കറി വിഭാഗത്തിൽ ഏറ്റവും കൂടുതൽ മികച്ച വിജയവും കൂടുതൽ A+ ഗ്രേഡുകളും നേടിയതിനുള്ള പുരസ്കാരം തുടർച്ചയായി നേടാൻ കഴിയുന്നു.

പാഠ്യാനുബന്ധ പ്രവർത്തനങ്ങളിലും സ്കൂൾ മുൻപന്തിയിലാണ്. സബ്ജില്ലാ ശാസ്ത്രോത്സവത്തിൽ ഓവറോൾ ചാമ്പ്യന്മാരായി. സംസ്ഥാന ശാസ്ത്രോത്സവത്തിൽ 5 കുട്ടികൾ A ഗ്രേഡ് നേടി. സ്കൗട്ട് & ഗൈഡ്സ് ഹയർ സെക്കറിയൂണിറ്റ് ചീഫ് മിനിസ്റ്റേഴ്സ് ഷീൽഡ് നേടി. ഹൈസ്കൂൾ വിഭാഗത്തിൽ നിന്ന് 9 കുട്ടികൾ "രാജ്യ പുരസ്കാർ" നേടി" 2 പേർ യു.എസ്.എസ്. സ്കോളർഷിപ്പിന് അർഹരായി. ലിറ്റിൽ കൈറ്റ്സ് സ്റ്റേറ്റ് ക്യാമ്പിലേക്കും കുട്ടികൾ തെരഞ്ഞെടുക്കപ്പെട്ടു. ജൂനിയർ റെഡ്ക്രോസിൽ 16 കുട്ടികൾ ഇലെവൽ പരീക്ഷ പാസ്സായി. സംസ്ഥാന ഹോക്കിയിലും സോളോ ഡാൻസ് ഇൻ ആർട്ടിസ്റ്റിക്ക് സ്കേറ്റിംഗിലും വെള്ളി മെഡൽ ലഭിച്ചു. കേന്ദ്രശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പ് നൽകുന്ന ഇൻസ്പെയർ അവാർഡ് 2 കുട്ടികൾക്ക് ലഭിച്ചു. എൻ.സി.സി. ദേശീയ ട്രിക്കിംഗ് ക്യാമ്പിൽ 8 കേഡറ്റുകൾ പങ്കെടുത്തു.

എസ്.എസ്.എൽ.സി., ഹയർ സെക്കറി ഉന്നത വിജയികൾക്കുള്ള അനുമോദനയോഗം പത്തനംതിട്ട ജില്ലാ കളക്ടർ പി.ബി. നൂഹ് ഐ.എ.എസ്. ഉദ്ഘാടനം ചെയ്തു. സ്കൂൾ വാർഷികദിനാഘോഷവും യാത്രയയപ്പ് സമ്മേളനവും അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു. അദ്ധ്യാപകരായ ജാസ്മിൻ സൂസൻ തോമസ്, റേച്ചൽ ദാനിയേൽ, എലിസബേത്ത് വർഗീസ് എന്നിവർക്ക് യാത്രയയപ്പ് നൽകി. ദേശീയ പ്രാധാന്യമുള്ള ദിനങ്ങൾ, ക്രിസ്മസ്, ഓണം എന്നിവയും ആഘോ

ഷിച്ചു.
എൻ.എസ്.എസ്, എൻ.സി.സി. സ്കൗട്ട് & ഗൈഡ്സ് ജൂനിയർ റെഡ്ക്രോസ്, വിദ്യാരംഗ കലാസാഹിത്യവേദി എന്നീ അംഗീകൃത സംഘടനകളെ കൂടാതെ സയൻസ് ക്ലബ്ബ്, ഇക്കോക്ലബ്ബ്, ഗണിതശാസ്ത്ര ക്ലബ്ബ്, കൊമേഴ്സ് ക്ലബ്ബ്, ഭാഷാ ക്ലബ്ബ്, സോഷ്യൽ സയൻസ് ക്ലബ്ബ് എന്നിവയും പ്രവർത്തിക്കുന്നു. കുട്ടികൾക്ക് തൊഴിൽപരമായ മാർഗ്ഗനിർദ്ദേശം നൽകുന്നതിന് കരിയർ ഗൈഡൻസ് & കൗൺസിംലിംഗ് യൂണിറ്റും വ്യക്തിഗത കൗൺസിംലിംഗ് നൽകുന്നതിനും മാർഗ്ഗദർശക ക്ലാസ്സുകൾ ക്രമീകരിക്കുന്നതിനും സൗഹൃദ ക്ലബ്ബും പ്രവർത്തിക്കുന്നു.
സ്കൂളിനോട് അനുബന്ധിച്ചുള്ള ബോർഡിംഗ് ഹോമിൽ 25 കുട്ടികൾ താമസിച്ച് പഠിക്കുന്നു. ബോർഡിംഗിൽ താമസിച്ച് പഠിച്ച എല്ലാ കുട്ടികളും എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി പരീക്ഷകളിൽ വിജയിച്ചു. വിവിധ പഠനപ്രവർത്തനങ്ങളുടെ അവതരണം പഠനോത്സവം എന്ന പേരിൽ വിവിധ സ്ഥലങ്ങളിൽ നടന്നു. കുട്ടികളുടെ രചനകൾ ചെറുതിരികൾ എന്ന പേരിൽ പുസ്തകമായി പ്രസിദ്ധീകരിച്ചു.
സ്കൂൾ കമ്പ്യൂട്ടർ ലാബ് നവീകരിക്കുകയും എല്ലാ ക്ലാസ്സുമുറികളിലും ഹൈടെക് സംവിധാനം ഒരുക്കുകയും ചെയ്തു. റോബോട്ടിക് എഞ്ചിനിയറിംഗ് പഠനത്തിന് പ്രാധാന്യം നൽകുന്ന കേന്ദ്രസർക്കാർ പദ്ധതിയായ അടൽ ടിങ്കറിംഗ് ലാബിന് അനുമതി ലഭിച്ചു. പി.ടി.എ.യുടെ സാമ്പത്തിക സഹകരണത്തിൽ സ്കൂളിന്റെ പ്രധാന കവാടത്തിന്റെ നിർമ്മാണം ആരംഭിച്ചു. ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ അടിസ്ഥനശില ആശിർവദിച്ചു.
പ്രിൻസിപ്പാൾ ശ്രീ. എം. ജോസ് പോൾ മികച്ച അദ്ധ്യാപകർക്കുള്ള സംസ്ഥാന സർക്കാർ അവാർഡ് നേടി. അനുമോദന സമ്മേളനം ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു. വീണാ ജോർജ് എം.എൽ.എ. മുഖ്യപ്രഭാഷണം നിർവ്വഹിച്ചു. അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ അദ്ധ്യക്ഷനായ സ്കൂൾ ലോക്കൽ അഡ്വൈസറി കൗൺസിൽ സ്കൂളിന്റെ ഭൗതീക അക്കാദമിക പുരോഗതിക്ക് നേതൃത്വം നൽകുന്നു. അദ്ധ്യാപക രക്ഷാകർത്തൃ സമിതിയുടെ പ്രവർത്തനവും പ്രശംസനീയമാണ്. ശ്രീ. ജോസ് പോൾ എം പ്രിൻസിപ്പാളായും ശ്രീമതി എലിസബേത്ത് ജോൺ വൈസ് പ്രിൻസിപ്പാളായും പ്രവർത്തിച്ചുവരുന്നു.

8B.3 സെന്റ്തോമസ് ഹയർ സെക്കന്ററി സ്കൂൾ, കീഴില്ലം

പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽ മികവു പുലർത്തിവരുന്ന കീഴില്ലം സെന്റ് തോമസ് ഹയർസെക്കന്ററി സ്കൂളിന്റെ 98-ാമത് വാർഷികവും യാത്രയയപ്പു സമ്മേളനവും 2020 ജനുവരി 16 വ്യാഴാഴ്ച ബഹു. പെരുമ്പാവൂർ എം.എൽ.എ. അഡ്വ. എൽദോസ് കുന്നപ്പിള്ളി ഉദ്ഘാടനം ചെയ്തു. റൈറ്റ് റവ. തോമസ് മാർ തീത്തോസ് എപ്പിസ്കോപ്പ മുഖ്യപ്രഭാഷണം നടത്തി. 2019-20 അദ്ധ്യയന വർഷത്തിൽ സുബി റേച്ചൽ മാത്യു, ലിനി മറിയം തോമസ്, അച്ചാമ്മ മാത്യൂസ്, ജിജി ചാക്കോ, ജിയ ജോൺ, സുനിത സൂസൻ കുര്യാക്കോസ്, ചെറിയാൻ പി.റ്റി. എന്നിവർക്ക് സ്കൂളിലേക്ക് സ്ഥലം മാറ്റം ലഭിച്ചു. ഹൈസ്കൂൾ, ഹയർ സെക്കന്ററി വിഭാഗങ്ങളിലായി 34 അദ്ധ്യാപകരും 6 അനദ്ധ്യാപകരും പ്രവർത്തിച്ചുവരുന്നു. 2020 മാർച്ചിൽ നടന്ന എസ്.എസ്.എൽ.സി. പരീക്ഷയിൽ ഹൈസ്കൂളിൽ 100% വിജയം ലഭിച്ചു. 5 വിദ്യാർത്ഥികൾ എല്ലാ വിഷയത്തിനും A+ ഗ്രേഡ് നേടി. ഹയർ സെക്കന്ററിയിൽ സയൻസ് വിഭാഗത്തിൽ 96.2% ഉം കൊമേഴ്സ് വിഭാഗത്തിൽ 92.5 വിജയം ലഭിച്ചു. പി.റ്റി.എ. പ്രസിഡന്റായി ശ്രീ. വർഗീസ് തര്യത്ത് പ്രവർത്തിക്കുന്നു.
പ്ലസ് ടു വിഭാഗത്തിൽ നിർമ്മിച്ച ഡോ. ജോസഫ് മാർത്തോമ്മാ ബ്ലോക്കിന്റെ സമർപ്പണ ശുശ്രൂഷ അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്ത നിർവ്വഹിച്ചു. എൻ.എസ്.എസ്.ന്റെ യൂണിറ്റ് ഉദ്ഘാടനത്തോടനുബന്ധിച്ച് ഏറ്റെടുത്ത സഹപാഠിക്കൊരു വീട് പദ്ധതി ഏകദേശം 6 ലക്ഷം രൂപ ചെലവാക്കി പൂർത്തീകരിച്ച് താക്കോൽ കൈമാറുവാൻ ഈ വർഷം സാധിച്ചു.
കേരള സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് ആൻഡ് ഗൈഡ്സിന്റെ യൂണിറ്റ് ഹൈസ്കൂൾ, ഹയർ സെക്കന്ററി വിഭാഗങ്ങളിൽ സജീവമായി പ്രവർത്തിക്കുന്നു. 5 കുട്ടികൾ രാജ്യപുരസ്കാരത്തിന് അർഹരായി. 2018-19-ലെ മികച്ച യൂണിറ്റിനുള്ള കോതമംഗലം വിദ്യാഭ്യാസ ജില്ല അസോസ്സിയേഷൻ പുരസ്കാരം ഈ സ്കൂളിലെ സ്കൗട്സ് ആൻഡ് ഗൈഡ്സിന് ലഭിച്ചു. Hoporce 2 K19-ൽ ഓവറോൾ രണ്ടാം സ്ഥാനവും നേടി. ASAP, സൗഹൃദക്ലബ്, കരിയർ ഗൈഡൻസ് എന്നീ സംഘടനകൾ ഹയർ സെക്കന്ററിയിലും ജൂനിയർ റെഡ്ക്രോസ് വിദ്യാരംഗം, ഹെൽത്ത് ക്ലബ്, ലിറ്റിൽ കൈറ്റ്സ്, വിവിധ വിഷയങ്ങളുടെ ക്ലബുകൾ എന്നിവ ഹൈസ്കൂളിലും സജീവമായി പ്രവർത്തിക്കുന്നു. ഭരണഘടനയുമായി ബന്ധപ്പെട്ട സ്കൂൾതല ശില്പശാല നൈതീകം 2019 സംഘടിപ്പിച്ചു.
പെരുമ്പാവൂർ സബ്ജില്ലാ കലോത്സവത്തിന് ആതിഥ്യം വഹിക്കുവാൻ സ്കൂളിന് ഈ വർഷം സാധിച്ചു. സബ്ജില്ലാ കലോത്സവത്തിൽ ഹൈസ്കൂൾ വിഭാഗം 4-ാം സ്ഥാനം കരസ്ഥമാക്കി. ഹൈസ്കൂൾ തലത്തിൽ അരുന്ധതിയും ഹയർസെക്കന്ററി വിഭാഗത്തിൽ അഭിജിത്ത് വിജയനും സംസ്ഥാനതലത്തിൽ ഉയർന്ന ഗ്രേഡ് ലഭിച്ചു. സജീവ സേവനത്തിൽ നിന്നും കഴിഞ്ഞ അദ്ധ്യയന വർഷം വിരമിച്ച പ്രിൻസിപ്പൽ ശ്രീ. ഫിലിപ്പ് കെ. സാമുവേൽ, ഹെഡ്മാസ്റ്റർ ശ്രീ. അലക്സ് ഏബ്രഹാം എന്നിവരുടെ സ്ഥാനത്ത് ശ്രീ. ബിജു ജി., ശ്രീമതി ജോളി പി. വർഗീസ് എന്നിവർ ചുമതലയേറ്റു. സങ്കീർണ്ണമായ പ്രശ്നങ്ങളുടെ മദ്ധ്യത്തിലും സ്കൂളിന്റെ സർവ്വതോന്മുഖമായ ഉയർച്ച ലക്ഷ്യമാക്കി സ്കൂൾ പ്രവർത്തനങ്ങൾ മുമ്പോട്ടു പോകുന്നു.

8B.4 എസ്.സി. സെമിനാരി ഹയർ സെക്കന്ററി സ്കൂൾ, തിരുവല്ല

118 വർഷം പിന്നിടുന്ന സിറിയൻ ക്രിസ്ത്യൻ സെമിനാരി ഹയർ സെക്കണ്ടറി സ്കൂൾ, തിരുവല്ല പട്ടണത്തിന്റെ തിലകക്കുറിയായി സാമൂഹിക സാംസ്കാരിക, വിദ്യാഭ്യാസ മേഖലകളിൽ പ്രകാശം ചൊരിഞ്ഞുകൊണ്ട് പരിലസിക്കുന്നു. ദേശീയ അന്തർദേശീയ കലാ, കായിക, സാമൂഹിക, ശാസ്ത്ര മേളകളിൽ ഉന്നതനേട്ടം കൈവരിച്ചത് സുവർണ്ണത്തിളക്കത്തോടെയാണ്. ഹയർ സെക്കണ്ടറി ഹൈസ്ക്കൂൾ, യു.പി തലങ്ങളിലായി 1221 വിദ്യാർത്ഥികൾ അധ്യയനം നടത്തുന്നു. 2019 മാർച്ചിൽ നടന്ന S.S.L.C പരീക്ഷയിൽ 100% വിജയം കൈവരിച്ചു. 8 വിദ്യാർത്ഥികൾ എല്ലാ വിഷയത്തിലും A+നേടി. ഹയർ സെക്കറിയിൽ സയൻസ് വിഭാഗത്തിൽ 93% വിജയവും, കൊമേഴ്സ് വിഭാഗത്തിൽ 100% വിജയവും ലഭിച്ചു. സയൻസ് വിഭാഗത്തിൽ 12 വിദ്യാർത്ഥികൾക്ക് Full A+ ഉം കൊമേഴ്സ് വിഭാഗത്തിൽ 6 വിദ്യാർത്ഥികൾക്ക് Full A+ഉം ലഭിച്ചു. മാസ്റ്റർ ബെഞ്ചമിൻ എൻ. നൈനാൻ സയൻസ് വിഭാഗത്തിൽ topper ആയി. കുമാരി സിനി ഈപ്പൻ കൊമേഴ്സ് വിഭാഗത്തിലും topper -ആയി. 2019-ലെ Plus-1 പരീക്ഷയിൽ സയൻസ് വിഭാഗത്തിൽ കുമാരി ദിയ പി. തോമസ് 540 ൽ 540 മാർക്ക് നേടി.
2019 ജൂൺ 6-ന് ഹൈസ്കൂൾ, ഹയർ സെക്കണ്ടറി വിഭാഗം ഒന്നിച്ച് പ്രവേശനോത്സവം നടത്തി. ഉന്നത വിജയികൾക്ക് അനുമോദനവും നൽകി. പൂർവ്വ വിദ്യാർത്ഥി സംഘടനയും അദ്ധ്യാപക രക്ഷാകർ ത്തൃസമിതിയും സജീവമായ പങ്കാളിത്തം സ്കൂളിനു നൽകി. സംസ്ഥാനതല പ്രബന്ധമത്സരത്തിൽ കുമാരി ജ്യോതി സൂസൻ ജെയിംസ് ഒന്നാം സ്ഥാനം കരസ്ഥമാക്കി. സംസ്ഥാനതലത്തിൽ നടന്ന ക്വിസ്സ് മത്സരത്തിൽ കുമാരി പ്രശംസ പ്രസാദ് വായനാവാരത്തോടനുബന്ധിച്ച് പങ്കെടുത്തു. Eco Club, Poultry Club, Quiz Club, Health Club, Traffic Club, ചേതന എന്ന പേരിൽ ലഹരി വിരുദ്ധ ക്ലബ് തുടങ്ങിയവ ഹൈസ്കൂൾ തലത്തിൽ നടത്തപ്പെടുന്നു. പ്രവൃത്തി പരിചയമേളയിലും സാമൂഹ്യശാസ്ത്ര മേളയിലും സംസ്ഥാനതലം വരെ കുട്ടികളെ പങ്കെടുപ്പിക്കുവാനും സമ്മാനം കരസ്ഥമാക്കുവാനും കഴിഞ്ഞു. Little Kites ന്റെ നേതൃത്വത്തിൽ വിവിധ പ്രവർത്തനങ്ങൾ ഹൈസ്കൂൾ തലത്തിൽ നടത്തുന്നു.
ശാസ്ത്രമേളയിൽ സംസ്ഥാനതലത്തിൽ ഹൈസ്കൂൾ വിഭാ

ഗത്തിൽ working modelന് മാസ്റ്റർ ജോൺ സാം എബനേസർ, മാസ്റ്റർ ആദിത്യ അനിൽ എന്നിവർ A grade കരസ്ഥമാക്കി. ബാലശാസ്ത്ര കോൺഗ്രസിൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ സയൻസ് പ്രോജക്റ്റിൽ പങ്കെടുത്തു. ഹയർസെക്കണ്ടറി വിഭാഗത്തിൽ സൗഹൃദക്ലബ്, Career guidence, Adolescent Cell, KDAT Modal Centre എന്നിവ പ്രവർത്തിക്കുന്നു. ഈ വർഷം ഹയർ സെക്കണ്ടറി വിഭാഗത്തിൽ പുതിയതായി Scout unit ആരംഭിച്ചു. മലയാള മനോരമയുടെ നേതൃത്വത്തിലുള്ള നല്ലപാഠം പദ്ധതി ഹൈസ്കൂൾ വിഭാഗത്തിലും, ഹയർ സെക്കണ്ടറി വിഭാഗത്തിലും പ്രവർത്തിക്കുന്നു.

ശുചിത്വ കേരള മിഷന്റെ ഭാഗമായ Collector at School Programme –ൽ പത്തനംതിട്ട ജില്ലയിൽ നിന്നും തെരഞ്ഞെടുത്തത് തിരുവല്ല എസ്.സി.എസ്സ് ഹയർ സെക്കണ്ടറി സ്കൂളാണ്. ഹയർ സെക്കണ്ടറിയിലെ മുഴുവൻ ക്ലാസ്സ് റൂമുകളും WiFi connection ലഭിച്ചു. ഹയർ സെക്കണ്ടറിയിൽ ഒരു roof top auditorium നിർമ്മിക്കുന്നതിനും കഴിഞ്ഞു. NCC, SPC,JRC,NSS Unit കൾ സജീവമായി പ്രവർത്തിക്കുന്നു. വിദ്യാലയം പ്രതിഭകൾക്കൊപ്പം എന്ന പരിപാടി നടത്തി പ്രതിഭകളെ ആദരിച്ചു. സബ്ജില്ലാ കലോത്സവത്തിൽ എസ്.സി.എസ്. ഹയർ സെക്കണ്ടറി വിഭാഗം 2-ാം സ്ഥാനം കരസ്ഥമാക്കി. സബ്ജില്ലാ കായിക മേളയിൽ ഹൈസ്കൂൾ വിഭാഗം ഓവറോൾ 3-ാം സ്ഥാനവും ജില്ലാ തലത്തിൽ 4-ാം സ്ഥാനവും നേടി. കുമാരി വിഷ്ണുപ്രിയ സംസ്ഥാനതല കായിക മേളയിലും നാഷണൽ തലത്തിലും പങ്കെടുത്തു.

നാഷണൽ തലത്തിൽ മാത്യൂസ് നൈനാൻ കൊച്ചിയിൽ, ടേബിൾ ടെന്നീസ് വിഭാഗത്തിലും Kum. Medha A.J, Jisna Prakash, Haripriya L, Arya Sunil എന്നിവർ Hockey Sr. Girls ഇനത്തിലും പങ്കെടുത്തു. ശ്രീമതി റെജി വർഗ്ഗീസ് പ്രിൻസിപ്പാളായും ശ്രീമതിഗീതാ റ്റി. ജോർജ്ജ് ഹെഡ്മിസ്ട്രസ്സായും സേവനമനുഷ്ഠിച്ചു.

8B.5 ആശ്രമം ഹയർ സെക്കറിസ്കൂൾ, പെരുമ്പാവൂർ

1931 ൽ സ്ഥാപിതമായ ആശ്രമം ഹയർ സെക്കന്ററി സ്കൂൾ ഇന്നും മികച്ച ഒരു വിദ്യാലയമായി പ്രവർത്തിക്കുന്നു. മാർത്തോമ്മാ സഭയുടെ ദീർഘവീഷണത്തിന്റെ ഉത്തമോദാഹരണമാണ് ഈ വിദ്യാലയം. ഈ വിദ്യാലയത്തിൽ യു.പി. ഹൈസ്കൂൾ വിഭാഗങ്ങളിലായി 420 വിദ്യാർത്ഥികളും, ഹയർസെക്കണ്ടറിയിൽ 336 വിദ്യാർത്ഥികളും പഠിക്കുന്നു. 2019 ലെ എസ്.എസ്.എൽ.സി. പരീക്ഷയിൽ 100% വിദ്യാർത്ഥികൾ ജയിക്കുകയും നാല് കുട്ടികൾ എല്ലാ വിഷയത്തിനും A+ നേടുകയും ചെയ്തു. ഹയർസെക്കണ്ടറി പരീക്ഷയിൽ 89.5% കുട്ടികൾ വിജയിച്ചു. 6 കുട്ടികൾ എല്ലാ വിഷയത്തിനും A+ കരസ്ഥമാക്കി.

പാഠ്യാനുബന്ധപ്രവർത്തനങ്ങളിൽ സ്കൂൾ മികച്ച നിലവാരം പുലർത്തുന്നു. 100 കേഡറ്റുകൾ എൻ.സി.സി. ട്രൂപ്പിൽ പ്രവർത്തിക്കുന്നു. ഹൈസ്കൂൾ, ഹയർസെക്കണ്ടറി വിഭാഗങ്ങളിൽ സ്കൗട്ട് & ഗൈഡ് യൂണിറ്റ് പ്രവർത്തിക്കുന്നു. ഹയർ സെക്കണ്ടറി എൻ.എസ്.എസ്. യൂണിറ്റിൽ 100 വോളന്റിയേഴ്സ് പ്രവർത്തിക്കുന്നു. പരിസ്ഥിതി പ്രവർത്തനവുമായി ബന്ധപ്പെട്ട് നടത്തിയ തുണി സഞ്ചി വിതരണം, L.E.D. ബൾബ് നിർമ്മാണം, സൗജന്യ ആരോഗ്യ മെഡിക്കൽ ക്യാമ്പ് തുടങ്ങിയവ ശ്രദ്ധേയമായ പ്രവർത്തനങ്ങളാണ്. പൂർവ്വ വിദ്യാർത്ഥികളുടെ സഹകരണത്തോടെ ജൂബിലി കെട്ടിടം ടൈൽ പാകി മനോഹരമാക്കി. കുട്ടികൾക്കായി വാട്ടർ ഫിൽട്ടർ സ്ഥാപിച്ചു. സ്കൂളും പരിസരവും സി.സി.ടി.വി. ക്യാമറ നിരീക്ഷണത്തിലാക്കി. കമ്പ്യൂട്ടർ ലാബിൽ ആധുനിക ഫർണീച്ചറുകൾ സ്ഥാപിച്ചു. വെള്ളിയാഴ്ചയിൽ സ്കൂൾ ചാപ്പലിൽ പ്രാർത്ഥനായോഗം നടക്കുന്നു. 8 മുതൽ 12 വരെയുള്ള എല്ലാ ക്ലാസുകളും ഹൈടെക് ആയി പ്രവർത്തി ക്കുന്നു. 1931 ൽ ആരംഭിച്ച ഈ വിദ്യാലയം ഇന്ന് നവതിയുടെ നിറവിലാണ് 2020 ജനുവരി 22-ന് ഒരു വർഷം നിണ്ടു നിൽക്കുന്ന നവതി ഉദ്ഘാടനം നടന്നു. ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്ത അധ്യക്ഷത വഹിച്ച പൊതു യോഗത്തിൽ മുൻ ഹൈക്കോടതി ചീഫ് ജസ്റ്റിസ് കെ.ബി. കോശി നവതി പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്തു.

യു.പി, ഹൈസ്കൂൾ, ഹയർസെക്കണ്ടറി വിഭാഗങ്ങളിലായി 37 അധ്യാപകരും, 6 അനധ്യാപകരും പ്രവർത്തിക്കുന്നു. സ്കൂൾ പ്രിൻസിപ്പലായി ശ്രീ. ജോൺ. കെ. തോമസ്, സ്കൂൾ ഹെഡ്മാസ്റ്ററായി ശ്രീ. മോൻസി ജോർജ്ജ്. പി. എന്നിവരും പ്രവർത്തിക്കുന്നു.

8.B 6 മാർത്തോമ്മാ ഹയർ സെക്കന്ററി സ്കൂൾ, വെണ്മണി

വെണ്മണിയുടെ വെണ്മതിയായ മാർത്തോമ്മാ ഹയർ സെക്കന്ററി സ്കൂൾ നൂറിന്റെ നിറവിലേക്ക് പ്രവേശിക്കപ്പെട്ട അനുഗ്രഹീത വർഷമായിരുന്നു 2019-2020. തലമുറകളെ വളർത്തിവിട്ടവളായി, പരിചരണങ്ങൾ ഏറ്റു വാങ്ങിയവളായി, നിലനിൽക്കുന്ന ഈ വിദ്യാലയ മുത്തശ്ശി, കാലാനുസൃത മാറ്റങ്ങൾ എന്നും ഏറ്റുവാങ്ങി വരും തലമുറകൾക്കു ഉപയുക്തമാകുവാൻ തക്കവണ്ണം പ്രൗഢിയോടെ നിലകൊള്ളുന്നു.

2019 മാർച്ചിൽ നടന്ന എസ്.എസ്.എൽ.സി, ഹയർ സെക്കന്ററി പരീക്ഷകളിൽ ഉജ്ജ്വലമായ നേട്ടമാണ് സ്കൂൾ കൈവരിച്ചത്. എസ്.എസ്.എൽ.സി.യിൽ 100 ശതമാനം വിജയവും ഹയർ സെക്കന്ററി സയൻസ് വിഭാഗത്തിൽ 96.07% വും കോമേഴ്സ് വിഭാഗത്തിൽ 90.8% വും നേടി മാവേലിക്കര വിദ്യാഭ്യാസ ജില്ലയിലെ ഏറ്റവും ഉയർന്ന വിജയ ശതമാനത്തിന് അർഹമായി.

2019-2020 അദ്ധ്യായന വർഷത്തിലെ പ്രവേശനോത്സവം 2020 ജൂൺ 6ന് വർണ്ണാഭമായ ചടങ്ങുകളോടെ നടത്തപ്പെട്ടു. ഹൈസ്കൂൾ വിഭാഗത്തിൽ സ്കൗട്ട്സ് & ഗൈഡ്സ് യൂണിറ്റ്, ജൂണിയർ റെഡ്ക്രോസ് എന്നിവയും ഹയർ സെക്കന്ററി വിഭാഗത്തിൽ നാഷണൽ സർവ്വീസ് സ്കീം യൂണിറ്റ്, സ്റ്റൂഡന്റ് പോലീസ് കേഡറ്റ് യൂണിറ്റ് എന്നിവയും മികച്ച രീതിയിൽ പ്രവർത്തിക്കുന്നു. ഐ.റ്റി. ക്ലബ്, ലിറ്റിൽ കൈറ്റ്സ്, വിമുക്തി ക്ലബ്, ഇംഗ്ലീഷ് ക്ലബ്, കരിയർ ഗൈഡൻസ് സെൽ, സൗഹൃദ ക്ലബ്, ആന്റിനാർക്കോട്ടിക് സെൽ, സയൻസ് ക്ലബ്, സാമൂഹ്യ ശാസ്ത്രക്ലബ്, ലീഗൽ സർവ്വീസ് അതോറിറ്റിയുടെ നേതൃത്വത്തിലുള്ള SPACE, ട്രാഫിക് ബോധവത്കരണത്തിനുവേണ്ടിയുള്ള സുരക്ഷാ ക്ലബ്ബ് എന്നിവയും വിജയകരമായി പ്രവർത്തിച്ചുവരുന്നു. ആറു ഗൈഡുകളും പത്ത് സ്കൗട്ടുകളും ഇക്കൊല്ലം രാജ്യപുരസ്കാർ അവാർഡ് നേടുകയുണ്ടായി.

എൻ.എസ്.എസ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ 7/2 ലക്ഷം രൂപാ ചെലവഴിച്ച് ഭവനരഹിതയായ ഒരു വിദ്യാർത്ഥിക്ക് സ്നേഹ ഭവനം നിർമ്മിച്ച് നൽകി. രണ്ടു കിഡ്നിയുടേയും പ്രവർത്തനം നിലച്ച ഒരു വിദ്യാർത്ഥിയുടെ കിഡ്നി മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കായി വിദ്യാർത്ഥികളും സ്റ്റാഫംഗങ്ങളും ചേർന്ന് മൂന്നര ലക്ഷം രൂപാ സമാഹരിച്ച് നൽകുകയുണ്ടായി. മറ്റു ചികിത്സാ സഹായമായി 1.10 ലക്ഷം രൂപാ സോഷ്യൽ സർവ്വീസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സ്കൂളിലെ വിദ്യാർത്ഥികൾക്ക് നൽകുകയുണ്ടായി.

1920 മെയ് 19-ന് പ്രവർത്തനമാരംഭിച്ച് വെണ്മണി മാർത്തോമ്മാ ഹയർ സെക്കന്ററി സ്കൂളിന്റെ ശതാബ്ദി ആഘോഷ പരിപാടികളുടെ ഉദ്ഘാടനം 2019 സെപ്റ്റംബർ 30 ന് സെഹിയോൻ മാർത്തോമ്മാ പാരീഷ് ഹാളിൽ വച്ച് നടത്തപ്പെട്ടു. ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനിയുടെ സാന്നിദ്ധ്യത്തിൽ സംസ്ഥാന മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന് വേണ്ടി ബഹു. സംസ്ഥാന വിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് ശതാബ്ദി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു. 2019 സെപ്റ്റംബർ 26 ന് ശാർങ്ങക്കാവിൽ നിന്ന് ആരംഭിച്ച ശതാബ്ദി വിളംബര ഘോഷയാത്രയിൽ പതിനായിരങ്ങൾ അണിനിരന്നു. ഒരു ഗ്രാമത്തിന്റെ മുഴുവൻ സ്നേഹാദരവുകളുടെ പ്രകടനമായിരുന്നു പ്രസ്തുത ഘോഷയാത്ര. ശതാബ്ദി സ്മാരകമായി 4 1/2 കോടി രൂപാ മുതൽ മുടക്കി നിർമ്മിക്കുവാനുദ്ദേശിക്കുന്ന ശതാബ്ദി സ്മാരക കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച് കഴിഞ്ഞിരിക്കുകയാണ്. റവ.

വി.റ്റി. ജോസൻ ചെയർമാനും ശ്രീ. ജിജി മാത്യൂ സ്കറിയ ജനറൽ കൺവീനറുമായ 100 അംഗ സംഘാടക സമിതി ശതാബ്ദി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

ഗ്ലോബൽ അലൂമ്നി മീറ്റ് (GAM) എന്ന പേരിൽ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥികളുടെ ഒരു സംഗമം 2019 ഡിസംബർ 28ന് ആഡിറ്റോറിയത്തിൽ നടത്തപ്പെട്ടു. മിസോറാം ഗവർണറായി നിയമിതനായ പൂർവ്വ വിദ്യാർത്ഥി ശ്രീ. പി. എസ്. ശ്രീധരൻ പിള്ളയെ സ്നഹാദരവുകളോടെ അനുമോദിച്ചു.

രണ്ടു മാസക്കാലം നീണ്ടുനിന്ന (Summer Vacation) സ്പോർട്സ് ക്യാമ്പ് സ്കൂളിന്റെ മൾട്ടിപർപ്പസ് സ്റ്റേഡിയം കോംപ്ലക്സിൽ നടത്തപ്പെട്ടു. ബാസ്കറ്റ് ബോൾ, വോളിബോൾ, ഫുട്ബോൾ, ചെസ്, ബാഡ്മിന്റൺ എന്നീ ഇനങ്ങളിലായി 200 വിദ്യാർത്ഥികൾ ഇതിൽ പങ്കെടുത്തു. ഒളിമ്പ്യൻ സി.വി. സണ്ണി ചീഫ് കോർഡിനേറ്ററായി സേവനം ചെയ്തു. സബ്ജില്ല, ജില്ല, സംസ്ഥാന തലങ്ങളിൽ സ്കൂളിലെ കായിക താരങ്ങൾ പങ്കെ ടുത്തു അഭിമാനകരമായ നേട്ടങ്ങൾ കൈവരിച്ചു.

ജില്ലാ സംസ്ഥാന തലങ്ങളിൽ നടന്ന സ്കൂൾ കലോത്സവങ്ങളിലും ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര പ്രവൃത്തിപരിചയ, ഐറ്റി മേളകളിലും സ്കൂളിലെ വിദ്യാർത്ഥികൾ പങ്കെടുക്കുകയും നേട്ടങ്ങൾ കൈവരിക്കുകയും ചെയ്തു. കരിയർ ഗൈഡൻസ് സെല്ലിന്റെ നേതൃത്വത്തിൽ 10,11,12, ക്ലാസ്സുകളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും കരിയർ സെമിനാറുകളും കൗൺസലിംഗ് ക്ലാസ്സുകളും നടത്തപ്പെട്ടു.

അഭിവന്ദ്യ തോമസ് മാർ തിമഥിയോസ് എപ്പിസ്കോപ്പാ തിരുമേനി ചെയർമാനായ 10 അംഗ ലോക്കൽ അഡ്വൈസറി കൗൺസിലും, ശ്രീ. റോയി കെ. കോശി പ്രസിഡന്റായ അദ്ധ്യാപക രക്ഷാകർത്തൃ സമിതിയും സ്കൂളിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. യു.പി. വിഭാഗത്തിൽ 8 ഡിവഷനുകളിലായി 257വിദ്യാർത്ഥികളും എച്ച്.എസ്. വിഭാഗത്തിൽ 10 ഡിവിഷനുകളിലായി 487 വിദ്യാർത്ഥികളും ഹയർ സെക്കന്ററി വിഭാഗത്തിൽ 8 ഡിവിഷനുകളിലായി 393 വിദ്യാർത്ഥികളും ഉൾപ്പെടെ 1137 വിദ്യാർത്ഥികളും 38 അദ്ധ്യാപകരും 6 അനദ്ധ്യാപകരും സ്കൂളിൽ നിലവില്. ശ്രീ. ജിജി മാത്യൂ സ്കറിയ പ്രിൻസിപ്പലായും ശ്രീമതി ബിനുമോൾ കോശി ഹെഡ്മിസ്ട്രസുമായി പ്രവർത്തിക്കുന്നു.

8B.7 മാർത്തോമ്മാ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ, കുന്നം

കാലഘട്ടത്തിന്റെ അനിവാര്യതയ്ക്ക് അനുസൃതമായി മൂല്യങ്ങൾക്ക് പ്രാധാന്യം നല്കി ഉയർന്ന ചിന്തകളും ഉന്നതമായ ആശയങ്ങളും ആദർശപരമായ വ്യക്തിത്വവും വളർത്തുന്നതിൽ കഴിഞ്ഞ 72 വർഷക്കാലമായി കുന്നം മാർത്തോമ്മാ വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളിന് സാധിച്ചിട്ടുണ്ട്. 2019 മാർച്ചിലെ പൊതുപരീക്ഷയിൽ SSLCക്ക് 100% ഉം VHSE ൽ MLTവിഭാഗത്തിന് 96% ഉം CSITക്ക് 84% ഉം വിജയം നേടി. വി.എച്ച്.എസ്.ഇ. പരീക്ഷയിൽ കുമാരി ലക്ഷ്മി രവീന്ദ്രൻ(CSIT) എല്ലാ വിഷയങ്ങൾക്കും A+ നേടി. ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ ഡിജിറ്റൽ മാഗസിൻ, ഗണിത ശാസ്ത്രക്ലബ്ബിന്റെ നേതൃത്വത്തിൽ ഗണിത മാഗസിന് സംസ്ഥാനതലത്തിൽ 'B grade' നേടി. കാർഡ് കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ സഹകരണത്തിന് പച്ചക്കറി, ഔഷധ ത്തോട്ടം ഇവ നിർമ്മിച്ചു. നാടൻ ഭക്ഷ്യമേളയും പ്രദർശനവും വിപണനവും നടത്തുകയുണ്ടായി. അധ്യാപകരുടെ ശ്രമഫലമായി പഴയ സ്കൂൾ ബസ് മാറ്റി മറ്റൊരു ബസ് വാങ്ങി.

സംസ്ഥാന പ്രവൃത്തിപരിചയമേളയിൽ ഇലക്ട്രോണിക് വിഭാഗത്തിൽ മാസ്റ്റർ ശ്രീദേവ് ബി. 'A grade' നേടി. സ്കൗട്ട് & ഗൈഡിന്റെ രാജ്യപുരസ്കാർ മാസ്റ്റർ ഹാഷ്മി ജോ കരസ്ഥമാക്കി. മാർത്തോമ്മാ ട്രോഫിയിൽ ഷോട്ട് പുട്ടിൽ മാസ്റ്റർ ക്രിസ്റ്റി സാജൻ സാംസൺ ഒന്നാം സ്ഥാനവും, സംസ്ഥാന ജൂനിയർ വോളിബോൾ ചാമ്പ്യൻഷിപ്പിൽ പത്തനംതിട്ട ജില്ലാ ടീമിലേക്ക് മാസ്റ്റർ നെവിൻ സി. ഏബ്രഹാം തിരഞ്ഞെടുക്കപ്പെട്ടു. മാർത്തോമ്മാ സഭയുടെ എക്കോളജിക്കൽ കമ്മീഷന്റെ നേതൃത്വത്തിൽ നടന്ന Eco Quiz ൽ കുമാരി സിജി തോമസ്, കുമാരി ജിൻസു അന്ന ജോൺ എന്നിവരുടെ ടീം മൂന്നാം സ്ഥാനവും ക്യാഷ് അവാർഡും കരസ്ഥമാക്കി. നാഷണൽ സർവ്വീസ് സ്കീമിന്റെ നേതൃത്വത്തിൽ കുന്നം 70-ാം നമ്പർ അംഗൻവാടി നവീകരിച്ച് (ശ്രേഷ്ഠബാല്യം പദ്ധതി) നാടിനു സമർപ്പിച്ചു. മെഡിക്കൽ ക്യാമ്പ്, അഗതികൾക്ക് ഭക്ഷണപ്പൊതി (സ്നേഹാമൃതം) വിതരണം ഇവ നടത്തിവരുന്നു. വിദ്യാലയം പ്രതിഭയോടൊപ്പം എന്ന പരിപാടിയുടെ ഭാഗമായി വിവിധ രാജ്യാന്തര മത്സരങ്ങളിൽ മെഡലുകൾ നേടിയിട്ടുള്ള ശ്രീ രവീന്ദ്രൻ നായർ (SI of Police), കലാകാര നായ ശ്രീ അൻസാരി ഇവരെ ആദരിച്ചു. മലാല ദിനത്തോടനു ബന്ധിച്ച് 5-ാം ക്ലാസ്സിലെ ഒരു പെൺകുട്ടിയെ NSS സ്പോൺസർ ചെയ്യുന്നു.

വെള്ളപ്പൊക്ക ദുരിതാശ്വാസ നിധിയിലേക്ക് 30,000/- രൂപാ സംഭാവന ചെയ്തു. പൂർവ്വവിദ്യാർത്ഥികളുടെ സഹകരണത്തോടെ ഒരു വിദ്യാർത്ഥിയുടെ വീടിന്റെ അടുക്കള നിർമ്മിച്ചു നല്കി. കരിയർ ഗൈഡൻസ് & കൗൺസിലിംഗ് സെല്ലിന്റെ നേതൃത്വത്തിൽ, നവനീനം (10-ാം ക്ലാസ്സ് കഴിഞ്ഞ കുട്ടികൾക്ക് ഉപരിപഠനസാധ്യതകൾ പരിചയപ്പെടുത്തൽ), Positive parenting & Happy learning, SHE Camp, INSIGHT, Face to Face എന്നി പരിപാടികൾ വിദഗ്ധരുടെ നേതൃത്വത്തിൽ നടത്തി പുതിയ അധ്യയന വർഷത്തിലേക്ക് കുട്ടിൾക്കായി ഒരു സ്കൂൾ കലർ തയ്യാറാക്കി വിതരണം ചെയ്യുന്നു.

റിപ്പോർട്ട് വർഷത്തിൽ സ്കൂളിൽ CCTV സ്ഥാപിച്ചു. സ്കൂൾ മുറ്റം ടൈൽ പാകിയും കോൺക്രീറ്റ് ചെയ്തും മനോഹരമാക്കി. സുവിശേഷ സംഘത്തിന്റെ സഹായത്തോടെ സ്കൂൾ കെട്ടിടത്തിന്റെ മേൽക്കൂര നവീകരിച്ചു. 430 കുട്ടികളിൽ അധികം അധ്യയനം നടത്തുന്ന ഈ വിദ്യാലയത്തിന്റെ പ്രിൻസിപ്പാൾ ആയി ശ്രീ. റോബിൻ ജി. അലക്സും, ഹെഡ്മിസ്ട്രസ്സ്/വൈസ് പ്രിൻസിപ്പാൾ ആയി ശ്രീമതി മറിയാമ്മ വർഗീസും സേവനമനുഷ്ഠിക്കുന്നു.

8B.8 മാർത്തോമ്മാ ഹയർസെക്കണ്ടറി സ്കൂൾ വാളകംകാലത്തിനനുസരിച്ച് മാറാനുള്ള ധീരത, ഉൾക്കാഴ്ച, ഭാവന എന്നിവ നേടിയെടുക്കുന്നതാകണം വിദ്യാഭ്യാസം എന്ന ദർശ നത്തിലൂന്നി നിരന്തര പരിശ്രമത്തിലൂടെ മികവിലേക്ക് കുതിക്കുന്നതിന് വിദ്യാർത്ഥികൾക്ക് പ്രചോദനമേകുന്ന വാളകം മാർത്തോമ്മാ ഹയർ സെക്കണ്ടറി സ്കൂൾ വിദ്യാദാന ശുശ്രൂഷയിൽ 96 വർഷങ്ങൾ പിന്നിടുന്നു. ഈ വിദ്യാലയത്തിൽ യു.പി., ഹൈസ്കൂൾ വിഭാഗങ്ങളിലായി 929 വിദ്യാർത്ഥികളും ഹയർ സെക്കണ്ടറിയിൽ 199 വിദ്യാർത്ഥികളും പഠിക്കുന്നു. 2019 എസ്.എസ്.എൽ.സി. പരീക്ഷയിൽ 100% വിജയത്തോടൊപ്പം 46 കുട്ടികൾക്ക് എല്ലാ വിഷയങ്ങൾക്കും A+ ഗ്രേഡും 23 കുട്ടികൾക്ക് 9 A+ ഗ്രേഡുകളും കരസ്ഥമാക്കി. ഹയർ സെക്കണ്ടറി സയൻസ് വിഭാഗത്തിൽ 88% കുട്ടികളും കൊമേഴ്സ് വിഭാഗത്തിൽ 69% കുട്ടികളും വിജയിച്ചു. 3 കുട്ടികൾ എല്ലാ വിഷയങ്ങൾക്കും A+ കരസ്ഥമാക്കി.

പാഠ്യ പാഠ്യാനുബന്ധ പ്രവർത്തനങ്ങളിൽ സ്കൂൾ മികച്ച നിലവാരം പുലർത്തുന്നു. കായികരംഗത്ത് ഉപജില്ല ഓവറോൾ ചാമ്പ്യൻഷിപ്പ്, മാർത്തോമ്മാ ട്രോഫി റണ്ണറപ്പ് കിരീടം എന്നിവ കരസ്ഥമാക്കി. ജില്ലാ സംസ്ഥാന കലാകായിക മത്സരങ്ങളിൽ പങ്കെടുത്ത് നിരവധി കുട്ടികൾ വിജയം നേടി. 100 വോളന്റിയേഴ്സുള്ള NSS യൂണിറ്റ്, 100 കേഡറ്റുകൾ ഉൾപ്പെടുന്ന NCC ട്രൂപ്പ്, 2 യൂണിറ്റുകൾ വീതമുള്ള Scout & Guide, JRC, 40 കുട്ടികളുള്ള Little Kites എന്നിവ പാഠ്യാനുബന്ധ പ്രവർത്തനങ്ങൾക്കും മികവുകൾക്കും മാററുകൂട്ടുന്നു. 13 കുട്ടികൾക്ക് Scout & Guide രാജ്യപുരസ്കാർ അവാർഡ് ലഭിച്ചു 56 വിദ്യാർത്ഥികൾക്ക് NCC 'A' സർട്ടിഫിക്കറ്റ് നേടി. മാത്സ് ടാലന്റ് സേർച്ച് പരീക്ഷ, Inspire അവാർഡ്, USS examination, Quiz മത്സരങ്ങൾ തുടങ്ങിയവയിൽ മികച്ച നേട്ടം കുട്ടികൾ കൈവരിച്ചു.

കരിയർ ഗൈഡൻസ് ശില്പശാലയും ലഹരി വിരുദ്ധ

നാടകവും ബോധവൽക്കരണവും നടത്തി. NSSന്റെ ആഭിമുഖ്യത്തിൽ ഹരിതഗ്രാമം, ഉപജീവനം, സമദർശൻ, അക്ഷരദീപം, പെൺകരുത്ത്, വനയാത്ര, ഓണച്ചങ്ങാതി, അംഗൻവാടി പുനരുദ്ധാരണം തുടങ്ങി പുതുമയാർന്ന പ്രവർത്തനങ്ങൾ നടത്തി. സ്കൂളുകൾ ആശുപത്രികൾ കേന്ദ്രമാക്കി തുറന്ന വായനാ ശാലകൾ സ്ഥാപിച്ചു. സൗജന്യ നേത്ര, ഹൃദയ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. ആത്മീയ മൂല്യങ്ങൾ കാത്തു സൂക്ഷിക്കാൻ വേദപഠന ക്ലാസ്സുകൾ, കൗൺസിലിംഗ് ക്ലാസ്സുകൾ നടത്തിവരുന്നു. മലയാളത്തിളക്കം, സുരീലി ഹിന്ദി, ഹലോ ഇംഗ്ലീഷ്, ശ്രദ്ധ, മികവ്, പത്രക്വിസ് എന്നിവ നടത്തുന്നു.

ദേശീയ പ്രാധാന്യമുള്ള ദിനാചരണങ്ങൾ, കൈയ്യെഴുത്ത് മാസികകൾ, സ്കൂൾ ഭരണഘടന നിർമ്മാണം, വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ കുട്ടികളുടെ സമുചിത ബൗദ്ധിക വികസനത്തിന് വഴിയൊരുക്കുന്നു. മനോരമ നല്ലപാഠം, മാതൃഭൂമി സീഡ് എന്നിവയിൽ സ്കൂൾ പങ്കാളികളാവുകയും, നൂതനമായ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. സ്കൂൾ വികസന പ്രവർത്തനങ്ങൾക്കും ഈ വർഷം പ്രാധാന്യം നൽകി. 6 മുറികളുള്ള പുതിയ കെട്ടിടം അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്ത കൂദാശ ചെയ്തു. CWSN വിദ്യാർത്ഥികൾക്കായി resource room നിർമ്മിച്ചു. ഡൈനിംഗ് ഹാൾ പൂർത്തീകരിച്ചു. മഴവെള്ള സംഭരണി നിർമ്മിച്ചു.

യു.പി., ഹൈസ്കൂൾ, ഹയർ സെക്കറി വിഭാഗങ്ങളിലായി 40 അദ്ധ്യാപകരും 7 അനദ്ധ്യാപകരും പ്രവർത്തിക്കുന്നു. സ്കൂൾ ഹെഡ്മിസ്ട്രസായി ശ്രീമതി. കുഞ്ഞമ്മ. പി യും പ്രിൻസിപ്പാൾ ഇൻ ചാർജ്ജായി ശ്രീമതി. ഹേമ മേരി മാത്യുവും പ്രവർത്തിക്കുന്നു.

8B.9 മാർത്തോമ്മാ ഗേൾസ്ഹൈസ്കൂൾ, കൊട്ടാരക്കര

ശതവർഷത്തിന്റെ സുവർണ്ണ ഗരിമയിലേക്ക് മിനുക്ക് വേഷവുമായി കേളിക്കൊട്ടിനൊരുങ്ങുന്ന കൊട്ടാരക്കര മാർത്തോമ്മാ ഗേൾസ് ഹൈസ്കൂൾ, കഴിഞ്ഞകാലം ഞങ്ങൾക്കു മുമ്പിൽ കൊട്ടിയാടിയ വേഷങ്ങളിൽ ഒന്നു പോലും കൊഴിഞ്ഞു പോകാതെ സംസ്കാരത്തിന്റെ ഉറവയിൽ ഉൾച്ചേർന്നിരിക്കുന്നു. തമസിൽ നിന്നും ജ്യോതിസിലേക്ക് അനുദിനം ഉയരുന്ന അക്ഷര രശ്മികൾ ഈ വിദ്യാലയത്തെ പ്രകാശപൂരിതമാക്കുന്നു. പൂർവ്വപിതാക്കളുടെ അനുഗ്രഹമാരിയിൽ ഹരിത ശോഭയാർന്ന ഈ വിദ്യാലയം കൊട്ടാരക്കരയുടെ പ്രൗഢിയെ മഹത്വവൽക്കരിക്കുന്നു. 97 സംവൽസരങ്ങൾ ഈ വിദ്യാലയം ഒരു പെൺ സംസ്കാരത്തിന്റെ ഈറ്റില്ലമായി നിലകൊള്ളുന്നു. നല്ല സംസ്കാരങ്ങളെ നാടിന്, സമൂഹത്തിന്, കുടുംബങ്ങൾക്ക് നൽകുവാൻ സാധിച്ചതിൽ ഞങ്ങൾ അഭിമാനിക്കുന്നു. വിദ്യാഭ്യാസ നഭസ്സിൽ ശോഭയോടെ നിലകൊള്ളുന്ന ഈ വിദ്യാലയം കൊട്ടാരക്കരയുടെ പുണ്യമാണ്. സദ്ചിന്തകളുടെ ശാന്തിതീരങ്ങളിലൂടെ ഏറ്റവും ശ്രേഷ്ഠമായി പ്രവർത്തിക്കുവാൻ ശക്തീകരിച്ച ദൈവത്തിന് നന്ദി കരേറ്റുന്നു. 2019-2020 എസ്.എസ്.എൽ.സി പരീക്ഷയിൽ 280 കുട്ടികൾ പരീക്ഷ എഴുതി 100 ശതമാനം വിജയം കൈവരിച്ചു. 86 കുട്ടികൾക്ക് ഫുൾ എ-പ്ലസ് ഗ്രേഡും 25 കുട്ടികൾക്ക് 9 എ-പ്ലസ് ഗ്രേഡും 26 കുട്ടികൾക്ക് 8 എ പ്ലസ് ഗ്രേഡും ലഭിച്ചു.

മാർത്തോമ്മാ മാനേജ്മെന്റിന്റെ കീഴിലുള്ള എല്ലാ സ്കൂളിലെയും ഫുൾ എ-പ്ലസ് വാങ്ങിയ കുട്ടികൾക്കുള്ള അവാർഡുദാനം, ഏറ്റവും കൂടുതൽ കുട്ടികൾ ഫുൾ എ-പ്ലസ് വാങ്ങിയ കൊട്ടാരക്കര മാർത്തോമ്മാ സ്കൂളിൽ അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്തയുടെ അധ്യക്ഷ തയിൽ നടന്നു. 86 കുട്ടികളും അനുമോദനം ഏറ്റുവാങ്ങി. സ്കൂളിന്റെ സുഗമമായ നടത്തിപ്പിന് പിൻതുണ നൽകികൊണ്ട് കാര്യക്ഷമമായ ഒരു പി.ടി.എ, എം.പി.ടി.എ ഈ സ്കൂളിൽ പ്രവർത്തിച്ചുവരുന്നു.

റൈറ്റ് റവ. ഡോ. യൂയാക്കീം മാർ കുറിലോസ് എപ്പിസ്കോപ്പ ചെയർമാനായും റവ. എം. ശാമുവേൽ വൈസ് ചെയർമാനായും ശ്രീമതി ലാലമ്മ വർഗ്ഗീസ് (മാനേജർ, എം.ടി & ഇ.എ സ്കൂൾ കോർപ്പറേറ്റീവ് മാനേജ്മെന്റ്) ശ്രീമതി ജോളി പി. വർഗ്ഗീസ് (ഹെഡ്മിസ്ട്രസ്), ശ്രീ. പി.ജെ. ഡേവിഡ്, അഡ്വ. മാത്യൂസ് കെ. ലൂക്ക്, ശ്രീ. ജോർജ്ജ് തോമസ്, ശ്രീമതി. അജി. എം.ആർ. (അദ്ധ്യാപിക) എന്നിവർ അംഗങ്ങളായി ഒരു എൽ.എ.സി സ്കൂളിൽ പ്രവർത്തിക്കുന്നു. സ്കൂളിന്റെ ഭൗതിക പുരോഗതിക്കാവശ്യമായ കൈത്താങ്ങലുകൾ, അക്കാദമിക പുരോഗതിക്കാവശ്യമായ നിർദ്ദേശങ്ങൾ യഥാസമയം നൽകിവരുന്നു. ഹൈസ്കൂൾ വിഭാഗത്തിൽ 23 ഡിവിഷനും, യു.പി. വിഭാഗത്തിൽ 12 ഡിവിഷനുകളിലായി 1359 കുട്ടികൾ അഭ്യസനം നടത്തി. മാനുഷിക മൂല്യങ്ങൾ ഉൾക്കൊണ്ട് സാമൂഹിക പ്രതിബദ്ധതയുള്ള ഒട്ടനവധി പ്രവർത്തനങ്ങൾ നല്ല പാഠത്തിന്റെ ആഭിമുഖ്യത്തിൽ നടത്തുവാൻ സാധിച്ചു. സാമ്പത്തിക സഹായം, തൊഴിൽ സഹായ പദ്ധതികൾ പ്രളയ ബാധിതർക്ക് സഹായം എന്നിവ അവയിൽ ചിലതു മാത്രം.

അക്കാദമിക പ്രവർത്തനങ്ങൾ: മിഡ്ടേം പരീക്ഷങ്ങളും, ടേം പരീക്ഷകളും യഥാസമയം നടത്തുകയും പ്രോഗ്രസ് റിപ്പോർട്ട് തയ്യാറാക്കി ക്ലാസ് പി.ടി. എ കൂടി കുട്ടികുടെ പഠനനിലവാരം വിലയിരുത്തുകയും ചെയ്യുന്നു. എസ്.എസ്.എൽ.സി പരീക്ഷയിൽ ഉന്നത വിജയം നേടുന്നതിനാവശ്യമായ നൂതന പദ്ധതികൾ ആവിഷ്കരിച്ചു. ടേംലി പരീക്ഷയ്ക്ക് ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ കുട്ടികളെ ഗ്രൂപ്പുകളാക്കി പ്രത്യേക പരിശീലനം നൽകി. രാവിലെ 9 മുതൽ 10 വരെയും വൈകിട്ട് 3.45 മുതൽ 5 മണിവരെയും ക്ലാസുകൾ നടത്തുന്നു. പ്രത്യേക ടൈംടേബിൾ ക്രമീകരിച്ച് റെമെഡിയൽ ക്ലാസുകളുടെ പരീക്ഷ നടത്തുകയും ചെയ്യുന്നു. കൂടാതെ ഒരു അധ്യാപിക യ്ക്ക് 8 കുട്ടികളെ വീതം വിഭാഗിച്ചു കൊടത്തു അവരുടെ പഠന കാര്യങ്ങൾ നിരന്തരം ആരാഞ്ഞു മാതാപിതാക്കളുമായി ആശയ വിനിമയം നടത്തി ഉത്തരവാദിത്വത്തോടുകൂടി പ്രവർത്തിക്കുന്നുണ്ട്.

കുട്ടികളിൽ നേതൃത്വപാടവവും സംഘടനാശേഷിയും പരിപോഷിപ്പിക്കുന്നതിനുതകുന്ന ഒട്ടനവധി പ്രവർത്തനങ്ങൾ ഈ വർഷവും നടത്തി. കലോൽസവം, സ്പോട്സ്, മേളകൾ എന്നിവയിൽ നമ്മുടെ കുട്ടികൾ പങ്കെടുത്ത് ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി. സ്കൂളിന്റെ പ്രവർത്തനങ്ങൾ കോർത്തിണക്കി സ്കൂൾ ഡയറി വർഷാരംഭത്തിൽ തന്നെ വിതരണം ചെയ്തു. ചൊവ്വ, വ്യാഴം ദിവസങ്ങളിൽ സ്കൂൾ അസംബ്ലി നടത്തിവരുന്നു. അധ്യാപകരുടെ നേതൃത്വത്തിൽ എല്ലാ ബുധനാഴ്ചയും പ്രെയർസെൽ നടന്നുവരുന്നു. കൊട്ടാരക്കര-പുനലൂർ ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിലുള്ള മിഷൻ ടു സ്കൂൾ പ്രോഗ്രാം നടന്നു.

സ്പോക്കൺ ഇംഗ്ലീഷ്, യോഗ, കരാട്ടെ, എൻ.എം.എം. എസ് സ്കോളർഷിപ്പ് പരീക്ഷയ്ക്കുവേണ്ടി പ്രത്യേക പരിശീലനവും, എസ്.എസ്.എൽ.സി പരീക്ഷയിൽ ഉന്നത വിജയത്തിനായി വിവിധ പദ്ധതികളും, ഗവൺമെന്റ് നടപ്പിലാക്കിയ ഗണിതം മധുരം, ഹലോ ഇംഗ്ലീഷ്, മലയാളത്തിളക്കം, സുരഭി ഹിന്ദി, പഠനോത്സവം, മികവുൽസവം തുടങ്ങിയ പ്രവർത്തനങ്ങളും യഥാസമയം നടത്തി. 5 മുതൽ 9 വരെ ക്ലാസുകളിലെ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി റെമഡിയൽ ക്ലാസ് നടത്തിവരുന്നു. ബാൻഡ് ട്രൂപ്പ്, ഗൈഡിംഗ്, റെഡ്ക്രോസ്, സ്കൂൾബസ്, സൊസൈറ്റി, ലൈബ്രറി, ഉച്ചഭക്ഷണ പ്രോഗ്രാം, എന്നിവയുടെ പ്രവർത്തനങ്ങൾ പ്രശംസനീയമാണ്. പൂർവ്വ അധ്യാപക വിദ്യാർത്ഥി സംഘടനയായ ഓർമ്മക്കൂട്ടത്തിന്റെ പ്രവർത്തനങ്ങൾ സജീവമായി നടന്നുവരുന്നു.

ഗണിതശാസ്ത്രക്ലബ്, സോഷ്യൽ സയൻസ് ക്ലബ്, വിദ്യാരംഗം കലാസാഹിത്യവേദി, ഇംഗ്ലീഷ് ക്ലബ്, ഹിന്ദി ക്ലബ്, സംസ്കൃത ക്ലബ്, സീഡ് ക്ലബ്, റോഡ് സേഫ്റ്റി ക്ലബ്, എക്കോക്ലബ്, ഫോറസ്ട്രി ക്ലബ്, എനർജി ക്ലബ്, ലഹരി മോചന ക്ലബ്, ഹരിതസേന, നേചർ ക്ലബ്, ട്രാഫിക് ക്ലബ്, എന്നിവയുടെ പ്രവർത്തനങ്ങൾ സ്കൂളിന്റെ പുരോഗതിക്ക് മാറ്റുകൂട്ടുന്നു. ഓണം, ക്രിസ്തുമസ്, റംസാൻ ആഘോഷങ്ങൾ സമുചിതമായി തന്നെ നടത്തി. പരിസ്ഥിതിദിനം, വായനാദിനം, ലഹരിവിരുദ്ധ ദിനം, കർഷകദിനം, കേരളപിറവിദിനം, അദ്ധ്യാപകദിനം തുടങ്ങിയ ദിനാചരണങ്ങൾ

നടത്തി. 97-ാംമത് സ്കൂൾ വാർഷികവും രക്ഷാകർതൃ സമ്മേളനവും, യാത്രയയപ്പ് സമ്മേളനവും കൊട്ടാരക്കര പുനലൂർ ഭദ്രാസനാധിപൻ അഭിവന്ദ്യ ഡോ. യുയാക്കീം മാർ കുറിലോസ് എപ്പിസ്കോപ്പ ഉദ്ഘാടനം നിർവ്വഹിച്ചു.

2019-2020 വർഷത്തെ മികവുകൾ: 2020 മാർച്ചിലെ എസ്.എസ്. എൽ.സി പരീക്ഷയിൽ 86 കുട്ടികൾക്ക് ഫുൾ എ പ്ലസ് ഗ്രേഡ്, കൊട്ടാരക്കര വിദ്യാഭ്യാസ ജില്ലയിൽ ഏറ്റവും കൂടുതൽ എ പ്ലസ് ഗ്രേഡ്, കൊട്ടാരക്കര വിദ്യാഭ്യാസ ജില്ലയിലെ ബെസ്റ്റ് പി.ടി.എ. അവാർഡ്, മലയാള മനോരമ നല്ലപാഠം പരിപാടിയിൽ കൊല്ലം ജില്ലയിലെ തുടർച്ചയായ 6 വർഷവും എ പ്ലസ് ഗ്രേഡ്, സംസ്ഥാന ഗണിത ശാസ്ത്രമേളയിൽ എ ഗ്രേഡ്, 42 ഗൈഡ്സിന് രാജ്യപുരസ്കാർ, 20 കുട്ടികൾക്ക് ജെ.ആർ.സി, സി-ലെവൽ പരീക്ഷയിൽ വിജയം, സബ് ജില്ലാ, ജില്ലാ കലോൽസവത്തിൽ യു.പി. വിഭാഗത്തിൽ കിരീടം, ഓവറോൾ കിരീടം, കൊട്ടാരക്കര താലൂക്ക് റിപ്പബ്ലിക്ക് ദിന റാലിയിൽ ഹൈസ്കൂൾ വിഭാഗത്തിൽ ഒന്നാം സ്ഥാനം, 8 കുട്ടികൾക്ക് യു.എസ്.എസ്. സ്കോളർഷിപ്പ്, യു.എസ്.എസ്. പരീക്ഷയ്ക്ക് പ്രത്യേക പരശീലനം എന്നിവയാണ്. ശിലാ ബൈജു ഗിഫ്റ്റഡ് ചൈൽഡ് ആയി തെരഞ്ഞെടുത്തു. 10 കുട്ടികൾക്ക് എൻ.എം.എം.എസ് സ്കോളർഷിപ്പ് കുട്ടികൾക്ക് സംസ്കൃത സ്കോളർഷിപ്പ്. മാർത്തോമ്മാ ട്രോഫി കായികമേളയിൽ ഗേൾസ് ഓവറോൾ കിരീടം, ഹൈടെക് ക്ലാസ് മുറികൾ, പൊതു വിദ്യാഭ്യാസയജ്ഞത്തിന്റെ "പ്രതിഭയെ ആദരിക്കൽ-" ഭാഗമായി കൊട്ടാരക്കരയിലെ കഥകളി പ്രതിഭ കൊട്ടാരക്കര ഗംഗയെ ആദരിച്ചു.

മികച്ച ബാന്റ് ട്രൂപ്പ്, എസ്.എസ്. കെ നടത്തുന്ന ന്യൂമാക്സ് പരീക്ഷയിൽ നമ്മുടെ കുട്ടികൾക്ക് ഉന്നതവിജയം, നല്ല പാഠത്തിന്റെ നേതൃത്വത്തിൽ സാമ്പത്തിക സഹായം, പ്രളയം ധനസഹായം സമർപ്പണം എന്നിവ നേട്ടങ്ങളാണ്. വിദ്യാരംഗം ഉപജില്ല ശില്പശാലയിൽ നമ്മുടെ കുട്ടികൾ പങ്കെടുത്തു. നൂറു ദിന പ്രശ്നോത്തരി സംഘടിപ്പിച്ചു. കൈരളീ വിജ്ഞാന പരീക്ഷയിൽ രണ്ടു കുട്ടികൾക്ക് സംസ്ഥാന തല പുരസ്കാരം. കൊല്ലം ജില്ലയിൽ മികച്ച കൈരളി ക്ലബ്ബിനുള്ള ട്രോഫി. ഡിസ്ട്രിക്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ് എഡ്യൂക്കേഷൻ ആവിഷ്ക്കരിച്ച GOTEC പദ്ധതിയിൽ കൊല്ലം ജില്ലയിൽ തെരഞ്ഞെടുത്ത നാല് സ്കൂളുകളിൽ കൊട്ടാരക്കര മാർത്തോമ്മാ സ്കൂൾ ഉൾപ്പെടുന്നു.

8.B 10 എ.എം.എം.ഹൈസ്ക്കൂൾ, കരവാളൂർ

2019-20 അധ്യയന വർഷം 808 വിദ്യാർത്ഥികൾ സ്കൂളിൽ അധ്യയനം നടത്തി. സ്കൗട്ട് & ഗൈഡ്സ്, ജെ.ആർ.സി., ബാന്റ് ട്രൂപ്പ്, സ്കൂൾ റേഡിയോ ക്ലബ്ബ് എന്നിവ നല്ല രീതിയിൽ പ്രവർത്തിച്ചു. റിപ്പോർട്ട് വർഷം പ്രവേശനോത്സവം, പഠനോത്സവം, ഓണം, ക്രിസ്തുമസ് എന്നിവ സമുചിതമായി ആഘോഷിച്ചു. വിവിധ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ എല്ലാ വിശേഷദിവസങ്ങളും വിവിധ പ്രവർത്തനങ്ങളോടെ ആചരിച്ചു. മാസാന്ത്യ-വർത്തമാനപത്ര ക്വിസ് മത്സരങ്ങൾ, കരാട്ടെ-വുഷു-യോഗാ പരിശീലനങ്ങൾ, സമ്മർ കായിക ക്യാമ്പ്, മാസാന്ത്യത്തിൽ ബെസ്റ്റ് ക്ലാസ്സ് അവാർഡ്, ഭിന്നശേഷിയുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനങ്ങൾ എന്നിവ ക്രമീകരിച്ചു. കൃഷിവകുപ്പുമായി സഹകരിച്ച് ജൈവകൃഷിരീതിയിൽ അടുക്കള തോട്ടം നിർമ്മിച്ചു. വനംവകുപ്പുമായി സഹകരിച്ച് ഫല വൃക്ഷത്തൈകൾ വിതരണം ചെയ്തു. കശുവണ്ടി വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ കശുമാവിൻ തൈകൾ വിതരണം ചെയ്തു. നല്ലപാഠം യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ നിർധനരായ കുട്ടികൾക്ക് ചികിത്സാ സഹായം, ഭവനനിർമ്മാണം എന്നിവ നടത്തി. സ്കൂൾ ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിൻ തയ്യാറാക്കി. ചുറ്റുമതിൽ, പുതിയ രണ്ട് ക്ലാസ്സ് റൂം എന്നിവ നിർമ്മിക്കുകയും ലാബുകൾ ലൈബ്രറി, റീഡിംഗ് റൂം, എന്നിവ നവീകരിച്ചു. ഹൈസ്കൂൾ ക്ലാസ്സുകൾ ഹൈ-ടെക് ആക്കി. പുതിയ സ്കൂൾ ബസ് വാങ്ങി. ശ്രീ. കെ.ജി. തോമസ് ഹെഡ്മാസ്റ്ററായി പ്രവർത്തിക്കുന്നു.

റിപ്പോർട്ട് വർഷത്തിൽ 165 കുട്ടികൾ പരീക്ഷയെഴുതി റിസൾട്ട് പ്രതീക്ഷിക്കുന്നു. കലാ-കായിക മത്സരങ്ങളിൽ സബ്ജില്ല, ജില്ല, സംസ്ഥാന തലങ്ങളിൽ വിവിധയിനങ്ങൾക്ക് സമ്മാനങ്ങൾ കരസ്ഥമാക്കി. സബ്ജില്ലാ തലത്തിൽ സംസ്കൃതോത്സവത്തിൽ ഓവറോൾ കിരീടം നേടി, 10 കുട്ടികൾക്ക് സംസ്കൃത സ്കോളർഷിപ്പ് ലഭിച്ചു. സബ്ജില്ലാ തലത്തിൽ ബെസ്റ്റ് സോഷ്യൽ സയൻസ് ക്ലബ്ബ് അവാർഡ്, ശാസ്ത്ര-ഗണിത ശാസ്ത്ര-പ്രവൃത്തിപരിചയമേളകളിൽ റവന്യൂ തലത്തിൽ പുരസ്കാരം, വിവിധ ജില്ലാതല മത്സരങ്ങൾക്ക് A+ ഗ്രേഡ് എന്നിവ ലഭിച്ചു.

യു.പി ക്ലാസ്സുകൾ ഹൈ-ടെക് ആക്കുക, ഹയർസെക്കൻഡറിക്ക് പുതിയ റൂമുകൾ, ഓപ്പൺ സ്റ്റേജ്, ഓപ്പൺ ക്ലാസ്സ് റൂമുകൾ എന്നിവയുടെ നിർമ്മാണം, അടുക്കള-ഡൈനിംഗ് ഹാൾ നവീകരണം, MLA ഫ് ഉപയോഗിച്ചുള്ള പുതിയ ടോയ്‌ലറ്റുകളുടെ നിർമ്മാണം, S.P.C. യുടെ പുതിയ യൂണിറ്റ് ലഭിക്കുന്നതിനുള്ള ക്രമീകരണം എന്നിവ നടത്തിവരുന്നു.

8.B 11 എം.റ്റി.എസ്. ഗേൾസ് ഹൈസ്കൂൾ, ആനപ്രാമ്പാൽ

ആനപ്രാമ്പാൽ മാർത്തോമ്മാ സിറിയൻ ഗേൾസ് ഹൈസ്കൂൾ പ്രവർത്തന പന്ഥാവിൽ 102 വർഷം പിന്നിടുന്നു. 101-ാമത് വാർഷികവും പ്രളയ പുനർനിർമ്മാണ സമർപ്പണവും 30.03.2019 ൽ ആലപ്പുഴ ജില്ലാ കളക്ടർ ശ്രീ. എസ്. സുഹാസ് IAS നിർവ്വഹിച്ചു. അഭിവന്ദ്യ അലക്സിയോസ് മാർ യൗസേബിയോസ് മുഖ്യ സന്ദേശം നൽകി.

ജൂൺ 6-ന് പ്രവേശനോത്സവത്തോടെ അദ്ധ്യയനവർഷം ആരംഭിച്ചു. 2019 മാർച്ചിൽ നടന്ന SSLC പരീക്ഷയിൽ 21 വിദ്യാർത്ഥികളും വിജയിച്ച് 7-ാം പ്രാവശ്യവും 100% വിജയവും സംസ്ഥാന തലത്തിൽ കുട്ടനാട് വിദ്യാഭ്യാസ ജില്ലയ്ക്ക് 100% ത്തിൽ ഒന്നാം സ്ഥാനവും നേടി. 9 A+ കിട്ടിയ ഒരു കുട്ടി, 8 A+ കിട്ടിയ രു കുട്ടികൾ, 7A+ കിട്ടിയ അഞ്ചു കുട്ടികൾ ഇങ്ങനെ നല്ല ഒരു റിസൽട്ട് നേടുവാൻ സാധിച്ചു.

ജില്ലാതല മത്സരങ്ങളിൽ കുട്ടികൾക്ക് പങ്കെടുക്കുവാൻ അവസരം കിട്ടി. JRC യൂണിറ്റ് ഫലപ്രദമായി നടക്കുന്നു. 5-ാം ക്ലാസ്സിൽ ഇംഗ്ലീഷ് മീഡിയം ആരംഭിച്ചു. ഇത് കുട്ടികളുടെ എണ്ണം വർദ്ധിക്കുവാൻ കാരണമായി. മഹാപ്രളയത്തിനു ശേഷം നിർമ്മാണ പ്രവർത്തനങ്ങൾ ധാരാളം നടന്നു. ഓഫീസ് മുറി, സയൻസ് ലാബ്, സ്റ്റാഫ് മുറി, എട്ട് ക്ലാസ്സ് മുറികൾ എന്നിവ തറ ടൈൽ ഇട്ട്, മുകളിൽ സീലിംഗ് ചെയ്ത് ഹൈടെക് ക്ലാസ്സ് മുറികൾ ആക്കുവാനും സാധിച്ചു. അതിനു വേണ്ടി കുട്ടനാട് എം.എൽ.എ ശ്രീ. തോമസ് ചാണ്ടി സാർ 5 ലക്ഷം രൂപയും, ന്യൂഡൽഹിയിലെ സ്കൂൾ 3 ലക്ഷവും, അമേരിക്കയിലുള്ള ഒരു കുടുംബം മുക്കാൽ ലക്ഷം രൂപയും തന്ന് സഹായിച്ചു. ക്യാമ്പസ് ക്രൂസൈഡ് ഫോർ ക്രൈസ്റ്റ് എന്നിവർ സഹായിച്ചു. ഒരു അടുക്കളയും ഡൈനിംങ്ങ് ഹാളും ESAF എന്ന ബാങ്ക് പണിതുതന്നു.

സ്കൂളിന്റെ മുൻവശം മണ്ണിട്ട് ഉയർത്തി മനോഹരമായ ബാഡ്മിന്റൻ കോർട്ട് ഉദ്ഘാടനം നടത്തി. ഇവയെല്ലാം 2020-21 വർഷം കുട്ടികളുടെ എണ്ണം വർദ്ധിക്കുവാൻ കാരണമായി മാറും. സ്കൂളിലെ 10 കുട്ടികൾക്ക് 'I am for Aleppy''യുടെ നേതൃത്വത്തിൽ സൈക്കിൾ സൗജന്യമായി നൽകി. സമൂഹത്തിലെ വ്യക്തിമുദ്ര പതിപ്പിച്ച വ്യക്തികളെ ആദരിക്കുവാൻ, 'പ്രതിഭവന്ദനം' നടത്തി. ദേശീയ റോവിങ്ങ് താരമായ ശ്രീമതി. ലെബനി മറിയം, TTI പ്രിൻസിപ്പളും എഴുത്തുകാരനുമായ ശ്രീ. ഷാജി ജോർജ്ജ്, കുട്ടികളുടെ സിനിമ തിരക്കഥാകൃത്തും ഗ്രന്ഥകാരനുമായ ശ്രീ. ജോസ്‌ലറ്റ് ജോസഫ് എന്നിവരെ ആദരിച്ചു. മാതൃഭൂമി സീഡിന്റെ ജില്ലാ തല പുരസ്ക്കാരം 3-ാം തവണയും നേടാൻ സാധിച്ചു.

SH 11 ന്റെ മറുവശത്തുള്ള യുപി സ്കൂളിന് ടോയിലറ്റ് സമുച്ചയം, അടുക്കളയും ഡൈനിംഗ് ഹാളും, എട്ട് ക്ലാസ്സ് മുറികൾ ഹൈടെക് ആക്കി സ്മാർട്ട് ക്ലാസ്സ് റൂമാക്കി, ഒരു വീഡിയോ കോൺഫറൻസ് മുറി, സയൻസ് ലാബ്, ഓഫീസ് മുറി, സ്റ്റാഫ് മുറി എന്നിവ ആധുനീകരിച്ചു. പെൺകുട്ടികൾക്ക് കായിക നേട്ടമുാക്കുവാൻ ഒരു നല്ല ബാഡ്മിന്റൻ കോർട്ട്, കൂടാതെ പ്രളയത്തിൽ എല്ലാം നഷ്ടപ്പെട്ട സ്കൂളിലെ കുട്ടികൾക്ക് 9 ലക്ഷം രൂപയുടെ സഹായങ്ങൾ, സ്കൂളിന് മൈക്ക് സിസ്റ്റം, യു.പി, എച്ച്.എസ്സ് കെട്ടിടത്തിൽ നാല് CCTV Cameraകൾ, 13 പുതിയ കമ്പ്യൂട്ടറുകൾ, 5 പ്രൊജക്ടറുകൾ, 4 പ്രിന്ററുകൾ, 6 Wall ഫാനുകൾ, ഇൻസിനറേറ്റർ, വാട്ടർ പ്യൂരിഫയർ സിസ്റ്റം, പുതിയ 6 അലമാരകൾ ഇങ്ങനെ ഭൗതിക

മായി ഉയർത്തുകയും, JRC യൂണിറ്റ്, ഇംഗ്ലീഷ് മീഡിയം എന്നിവ ആരംഭിക്കുകയും, തുടർച്ചയായി ഏഴാം തവണയും SSLC 100% വിജയവും, മാതൃഭൂമി സീഡ് അവാർഡ് 3 തവണയും നേടുവാൻ സാധിച്ചു.

8B .12 ടി.എം.ടി. ഹൈസ്കൂൾ, തലവടി

ഒരു നൂറ്റാണ്ട് പിന്നിടുന്ന തലവടി ടി.എം.ടി ഹൈസ്കൂളിന് തിരിഞ്ഞു നോക്കിയാൽ അഭിമാനിക്കാൻ ഏറെയുണ്ട്. കഴിഞ്ഞ എട്ടുവർഷമായി എസ്.എസ്.എൽസി റിസൾട്ട് 100% നിലനിർത്തുവാൻ കഴിഞ്ഞിട്ടുണ്ട്. 2018 ലെ പ്രളയത്തിൽ മുങ്ങിപ്പോയ സ്കൂൾ അനേകരുടെ കൈത്താങ്ങലുകൾ കൊണ്ട് അതിജീവിച്ചു. അഞ്ചു മുതൽ 10 വരെയുള്ള ക്ലാസ്സുകൾ ഹൈടെക്കായി. 2019-20 അധ്യയനവർഷം മുതൽ അഞ്ചാം ക്ലാസിൽ ഇംഗ്ലീഷ് മീഡിയം ആരംഭിച്ചു. ആരോഗ്യം ശുചിത്വം മൂല്യബോധം ഇവ മെച്ചപ്പെടുത്തുന്നതിനാവശ്യമായ കൗൺസിലിംഗ് ക്ലാസുകൾ സമയബന്ധിതമായി നടത്താൻ സാധിച്ചു. മനോരമ നല്ലപാഠം മാതൃഭൂമി സീഡ് എന്ന സംഘടനകളിലൂടെ ചെയ്ത പ്രവർത്തനങ്ങൾ സ്കൂളിനും പൊതു സമൂഹത്തിനും ഏറെ പ്രയോജനപ്പെട്ടു. പ്ലാസ്റ്റിക് ദുരുപയോഗം തടയാനായി തുണിസഞ്ചി സമീപ പ്രദേശങ്ങളിൽ വിതരണം ചെയ്തു. വിഷരഹിത പച്ചക്കറികൾ കൃഷിചെയ്യുക എന്ന ഉദ്ദേശത്തോടെ സ്കൂളിൽ വിളവെടുത്ത പച്ചക്കറികൾ ഉച്ച ഭക്ഷണത്തിന് ഏറെ പ്രയോജനകരമായി. മാതൃഭൂമി ഹരിത വിദ്യാലയം അവാർഡ് രണ്ടാം സ്ഥാനവും, മനോരമ നല്ലപാഠത്തിന് എ ഗ്രേഡും ലഭിച്ചത് ഏറെ ശ്രദ്ധേയമായി. സർക്കാർ നിർദ്ദേശപ്രകാരം നടത്തിയ പ്രതിഭയെ ആദരിക്കലിലൂടെ കഴിഞ്ഞകാല സൗഹൃദാന്തരീക്ഷം, കുട്ടികളിലെ പഠനതാല്പര്യം, വായനാശീലത്തിന്റെ മഹാത്മ്യം ഇവ മനസ്സിലാക്കാൻ കഴിഞ്ഞു. പ്രഥമാധ്യാപികയായി ശ്രീമതി ജയശ്രീ ആനി തോമസ് പ്രവർത്തിക്കുന്നു.

8B. 13 മാർത്തോമ്മാ ഹൈസ്കൂൾ, ചണ്ണപ്പേട്ട

2019-20 വർഷത്തിൽ 11 ഡിവിഷനുകളിലായി 360 കുട്ടികൾ പഠനം നടത്തുകയുണ്ടായി. SSLC റിസൾട്ട് 4 കുട്ടികൾക്ക് ഫുൾ A+ ഉൾപ്പെടെ 96%. പ്രവേശനോത്സവം, പരിസ്ഥിതി ദിനം, ശുചീകരണദിനം, വായനാവാരം, ലഹരി വിരുദ്ധദിനം, സ്വാതന്ത്ര്യദിനം, ഗാന്ധിജയന്തി, ഹിരോഷിമാ ദിനം, ക്രിസ്തുമസ് എന്നിവ സമുചിതമായി കൊണ്ടാടി. SPC, JRC എന്നിവയുടെ യൂണിറ്റുകൾ സ്കൂളിൽ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. SPC, JRC നല്ലപാഠം എന്നിവയുടെ നേതൃത്വത്തിൽ പ്രളയ ദുരിതാശ്വാസ ക്യാമ്പുകൾ സന്ദർശിക്കുകയും ആവശ്യമായ സഹായങ്ങൾ നൽകുകയും ചെയ്തു. ലിറ്റിൽ കൈറ്റിന്റെ ആഭിമുഖ്യത്തിൽ Cascade എന്ന ഇ-മാഗസിൻ പ്രസിദ്ധീകരിച്ചു. സബ്ജില്ലാ കായിക മേള, ശാസ്ത്ര-സാമൂഹ്യശാസ്ത്ര ഗണിതമേള, കലാമേള എന്നിവയിൽ കുട്ടികൾ പങ്കെടുത്തു മികച്ച വിജയം നേടി.

പൂർവ വിദ്യാർത്ഥി സംഘടനയുടെ 'ഓർമ്മക്കൂട്ടം' ഡിസംബർ 26 നു നടത്തി. കുട്ടികളുടെ വ്യക്തിത്വ വികസനം ലക്ഷ്യമാക്കി എല്ലാ ബുധനാഴ്ചകളിലും കൗൺസിലിങ് ക്ലാസുകൾ നടത്തിവരുന്നു. തിരുവനന്തപുരം കൊല്ലം ഭദ്രാസന കൺവൻഷനോട് അനുബന്ധിച്ച് ജനുവരി മാസം 'മിഷൻ റ്റു സ്കൂൾസ്' പ്രോഗ്രാം നടത്തി. സനാതന വായനാശാലയുടെ നേതൃത്വത്തിൽ നടത്തിയ തമിഴ്നാട് സ്കൂൾ സന്ദർശനം സ്കൂളിലെ സമർത്ഥരായ 11 വിദ്യാർത്ഥികൾ പങ്കെടുത്തു. ഈ വർഷത്തെ SPC യുടെ പാസിംഗ് ഔട്ട് പരേഡ് ജില്ലാ നേതൃത്വത്തിന്റെ അഭിനന്ദനത്തിനു അർഹമായി.

8B. 14 ഗുരുകുലം ഹയർ സെക്കറി സ്കൂൾ, ഇടക്കുളം

മാർത്തോമ്മാ സൺഡേസ്കൂൾ സമാജത്തിന്റെ ഉടമസ്ഥതയിലുള്ള ഇടക്കുളം ഗുരുകുലം ഹയർ സെക്കണ്ടറി സ്കൂളിൽ 2019-20 അദ്ധ്യയനവർഷം 8,9,10 ക്ലാസ്സുകളിലായി 275 കുട്ടികളും ഹയർ സെക്കണ്ടറി വിഭാഗത്തിൽ 180 കുട്ടികളും അദ്ധ്യയനം നടത്തി. 2019-20 ൽ SSLC പരീക്ഷയിൽ 100% വിജയവും. പ്ലസ് ടു പരീക്ഷയിൽ 2 കുട്ടികൾക്ക് മുഴുവൻ വിഷയങ്ങൾക്കും A+ ലഭിച്ചു. പ്രവേശനോത്സവം, പരിസ്ഥിതിദിനം, വായനാവാരം, ലഹരി വിരുദ്ധദിനം, സ്വാതന്ത്ര്യദിനം, ഓണാഘോഷം, ക്രിസ്തുമസ് എന്നിവ സമുചിതമായി ആഘോഷിച്ചു. പഠനോത്സവം റാന്നി താലൂക്കിന്റെ വിവിധ സ്ഥലങ്ങളിൽ നടത്തുവാൻ കഴിഞ്ഞു. NCC, JRC എന്നിവയുടെ യൂണിറ്റുകൾ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. കുട്ടികളുടെ ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യം മെച്ചപ്പെടുത്തുന്നതിനായി എല്ലാ ദിവസവും ഉച്ചയ്ക്ക് റേഡിയോക്ലബ്ബ് നടത്തിവരുന്നു.

സംസ്ഥാന തലത്തിൽ നടത്തപ്പെട്ട ശാസ്ത്രോത്സവത്തിൽ പ്ലസ്ടു വിദ്യാർത്ഥിയായ സാം മാമ്മൻ ഏബ്രഹാം, മിഥുൻ മനോജ് എന്നിവർ എ. ഗ്രേഡോടെ രാം സ്ഥാനം നേടി. കോഴിക്കോട്ടു നടന്ന നാഷണൽ മീറ്റിൽ കായികാദ്ധ്യാപകൻ ശ്രീ. മാത്യൂസ് പി. ഫിലിപ്പ് 100 മീറ്റർ ഹർഡിൽസിൽ സ്വർണ മെഡൽ നേടി. ഹെഡ്മിസ്ട്രസ് ശ്രീമതി ആനി വറുഗീസ് പ്രിൻസിപ്പൽ ഇൻ ചാർജായും സേവനം അനുഷ്ഠിക്കുന്നു.

8 B.15 എ.എം.എം. ഹൈസ്കൂൾ, ഓതറ

2019 ലെ എസ്.എസ്.എൽ.സി പരീക്ഷയിൽ 100% വിജയം നേടി 5 വിദ്യാർത്ഥികൾ എല്ലാ വിഷയത്തിനും A+ ഗ്രേഡ് കരസ്ഥമാക്കി, എസ്.എസ്.എൽ.സി. അവാർഡുകൾ തിരുവല്ല സബ് കളക്ടർ വിനയ് ഗോയൽ IAS വിതരണം ചെയ്തു. അധ്യയനവർഷത്തിൽ പ്രധാനപ്പെട്ട എല്ലാ ദിനാചരണങ്ങളും സംഘടിപ്പിച്ചു. ഹിരോഷിമ ദിനത്തിൽ വിദ്യാർത്ഥികൾ യുദ്ധവിരുദ്ധ പ്രതിജ്ഞ എടുത്തു. വായനാവാരത്തോടനുബന്ധിച്ച് വിദ്യാരംഗം കലാസാഹിത്യ വേദിയുടെ ആഭിമുഖ്യത്തിൽ വൈവിധ്യമാർന്ന പരിപാടികൾ സംഘടിപ്പിച്ചു. വിദ്യാർത്ഥികൾക്കായി വാർത്തവായന മത്സരം, അക്ഷരമുറ്റം ക്വിസ് എന്നിവയും സംഘടിപ്പിച്ചു. ഓണാഘോഷത്തിന്റെ ഭാഗമായി തോരുന്ന മഴ തോരാത്ത കണ്ണീർ എന്ന പേരിൽ പ്രളയകാല ചിത്രങ്ങളുടെ പ്രദർശനം സംഘടിപ്പിച്ചു. വിദ്യാർത്ഥി കളിൽ സ്റ്റാമ്പ് ശേഖരണം ശീലം പരിപോഷിപ്പിക്കുന്നതിനായി ഇന്ത്യൻ പോസ്റ്റൽ വകുപ്പ് നടപ്പിലാക്കിവരുന്ന ഫിലാറ്റലി ക്ലബ് സ്കൂളിൽ പ്രവർത്തിച്ചു വരുന്നു. വിദ്യാലയം പ്രതിഭയ്ക്കൊപ്പം എന്ന പരിപാടിയുടെ ഭാഗമായി സാഹിത്യകാരൻ ഇ.വി. റെജിയുടെ വസതി സന്ദർശിച്ച് വിദ്യാർത്ഥികൾ അദ്ദേഹവു മായി അഭിമുഖം സംഘടിപ്പിച്ചു. കലോൽസവത്തിൽ സ്കൂളിന് മികച്ച വിജയം വരിക്കുവാൻ സാധിച്ചു. സബ്ജില്ല കായികമേള, ശാസ്ത്രമേളകൾ എന്നിവയിലും പങ്കെടുത്ത് സമ്മാനങ്ങൾ നേടി.

8.B 16 സെന്റ് തോമസ് ടീച്ചർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, തിരുവല്ല

ഭൂമിയെക്കുറിച്ചുള്ള ദൈവത്തിന്റെ സ്വപ്നങ്ങളായി ദൈവം സമ്മാനിക്കുന്ന ഓരോ കുഞ്ഞിനെയും സ്വപ്നങ്ങളുടെ മഹാകാശങ്ങളിലേക്ക് വളരുന്നതിനും ഭൂമിക്ക് അനുഗ്രഹമായി പടർന്നുപന്തലിക്കുന്നതിനും തക്ക പരിപോഷണം നൽകുവാനായി, സമുചിതമായ പരിശീലനം ഏകുവാനായി നിയോഗിക്കപ്പെട്ടിരിക്കുന്ന അക്ഷരമായ ജ്ഞാനത്തിന്റെയും അക്ഷയമായ സ്നേഹത്തിന്റെയും ദൈവാലയങ്ങളാണ് ഓരോ വിദ്യാലയവുമെന്ന മഹനീയ ദർശനം സാക്ഷാത്ക്കരിക്കപ്പെടുവാനായി ശ്രേ ഷ്ഠമായ ഒരു അദ്ധ്യാപക സമൂഹത്തെ രൂപപ്പെടുത്തി എടുക്കുന്ന പ്രക്രിയയിൽ മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ യുഗപ്രഭാവനായ തീത്തൂസ് ദ്വിതീയൻ മെത്രാപ്പോലീത്താ 1925-ൽ അനുഗ്രഹിച്ച് ആശീർവദിച്ച് ആരംഭിച്ച തിരുവല്ല സെന്റ് തോമസ് റ്റി.റ്റി.ഐ. ദൈവത്തിന്റെ അനുഗ്രഹം ഏറ്റുവാങ്ങി പ്രഭാപൂരിതമായ 95 സംവത്സരങ്ങൾ പിന്നിടുകയാണ്.

അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ അദ്ധ്യക്ഷനായുള്ള ലോക്കൽ അഡ്വൈസറി കമ്മറ്റി അഭി. ഡോ. മാത്യൂസ് മാർ മക്കാറിയോസ് എപ്പിസ്കോപ്പാ അദ്ധ്യക്ഷനായുള്ള സെലക്ഷൻ (അഡ്മിഷൻ) കമ്മറ്റിയും പ്രവർത്തിച്ചുവരുന്നു. മാനേജർ എന്ന നിലയിൽ ശ്രീമതി ലാലമ്മ വർഗ്ഗീസ് റ്റി.റ്റി.ഐ.യുടെ എല്ലാ പ്രവർത്തനങ്ങൾക്കും ആവശ്യമായ നേതൃത്വം നൽകിവരുന്നുണ്ട്.

ശ്രീമതി ബിന്ദു ജയകുമാർ പ്രസിഡന്റായുള്ള പത്തംഗ പി.റ്റി.എ. കമ്മറ്റി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ സഹായസഹകരണങ്ങൾ നൽകിക്കൊണ്ടിരിക്കുന്നു. സീനി

യർ അസിസ്റ്റന്റ് ശ്രീമതി മറിയം തോമസ് പി.റ്റി.എ. സെക്രട്ടറിയായും സേവനം അനുഷ്ഠിക്കുന്നു. പ്രിൻസിപ്പലായി സേവനം അനുഷ്ഠിക്കുന്ന ശ്രീ. ഷാജി ജോർജ്ജ് 16 വർഷത്തെ സമർപ്പിത ശുശ്രൂഷയ്ക്കു ശേഷം 2020 മാർച്ച് 31ന് സജീവ സേവനത്തിൽ നിന്നും വിരമിക്കുന്നു. 3 അദ്ധ്യാപകരും 3 അനദ്ധ്യാപകരും പ്രവർത്തിക്കുന്നു.

2019-20 അധ്യയനവർഷം രണ്ടു ബാച്ചുകളിലായി 59 വിദ്യാർത്ഥികൾ ഇവിടെ പരിശീലനം നടത്തിവരുന്നു. പരിപാടികളുടെ സുഗമമായ നടത്തിപ്പിനായി ഗംഗ, യമുന, കാവേരി എന്നിങ്ങനെ മൂന്നു ഹൗസുകളായി തിരിച്ചിരിക്കുന്നു. ആഴ്ചയിൽ രണ്ടു ദിവസം ക്രമമായി അസംബ്ലി നടത്തിവരുന്നു.

ഡി.എൽ.എഡ്. പാഠ്യപദ്ധതിപ്രകാരം സാമൂഹ്യ ജീവിത നൈപുണികൾ വളർത്തിയെടുക്കുന്നതിനായി, 2019 ഏപ്രിൽ 25 മുതൽ 30 വരെയും മെയ് 9 മുതൽ 17 വരെയും രണ്ടു ഘട്ടങ്ങളിലായി 15 ദിവസം നീണ്ടുനിന്ന സമൂഹസമ്പർക്ക സഹവാസ ക്യാമ്പ് നടത്തുകയുണ്ടായി. 30 വിദ്യാർത്ഥികളും 4 അദ്ധ്യാപകരും പങ്കെടുത്ത ക്യാമ്പ് മാർത്തോമ്മാ സഭാ സെക്രട്ടറി റവ. കെ.ജി. ജോസഫ് ഉദ്ഘാടനം ചെയ്ത് അനുഗ്രഹിച്ചു. ക്യാമ്പിനോടനുബന്ധിച്ച് എയ്റോബിക്സ് നാടക രചന, കൗൺസിലിംഗ്, ബുക്ക് ബൈന്റിംഗ്, പരിസ്ഥിതി ബോധനവും വായനയും മൂല്യബോധനം എന്നിവയിൽ പ്രത്യേക ക്ലാസ്സുകളും പരിശീലനവും നൽകിയതു കൂടാതെ ആനപ്രാമ്പാൽ ജൂബിലി മന്ദിരം സന്ദർശനം, സമൂഹസദ്യ എന്നിവയ്ക്കും ദിവസങ്ങൾ വേർതിരിച്ചു. ക്യാമ്പിന്റെ ഭാഗമായി തെള്ളിയൂർ ങ്ങഇഞഉ-ൽ 3 ദിവസത്തെ പരിപാടികൾ ക്രമീകരിച്ച് നടത്തി. ഒന്നിടവിട്ട ദിവസങ്ങളിൽ പാർലമെന്റും കൾച്ചറൽ പ്രോഗ്രാമും നടത്തുകയും എല്ലാ ദിവസവും നടക്കുന്ന അസംബ്ലിയോടനുബന്ധിച്ച് ക്യാമ്പ് പത്രങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു.

ഡി.എൽ.എഡ്. മൂന്നാം സെമസ്റ്ററിന്റെ ഭാഗമായി നടത്തുന്ന എൽ.പി. വിഭാഗം അദ്ധ്യാപക പരിശീലനം 2020 ജൂലൈ 16 മുതൽ ഒക്ടോബർ 4 വരെയും 4-ാം സെമസ്റ്റർ യു.പി. വിഭാഗം അദ്ധ്യാപക പരിശീലനം ഡിസംബർ 16 മുതൽ ഫെബ്രുവരി 17 വരെയും 15 സ്കൂളുകളിലായി നടത്തപ്പെട്ടു. 2018-19 അധ്യയനവർഷം 24 അധ്യാപക വിദ്യാർത്ഥികൾ പഠനം പൂർത്തീകരിച്ചു. ഉന്നതനിലവാരത്തിൽ പാസ്സായ അധ്യാപക വിദ്യാർത്ഥികൾക്കുള്ള എൻഡോവ്മെന്റുകൾ വാർഷിക സമ്മേളനത്തിൽ വിതരണം ചെയ്തു.

റ്റി.റ്റി.ഐ.യുടെ 95-ാം വാർഷിക ആഘോഷവും അധ്യാപക രക്ഷാകർത്തൃ സമ്മേളനവും പ്രിൻസിപ്പൽ ശ്രീ. ഷാജി ജോർജ്ജിന്റെ യാത്രയയപ്പും 2020 ഫെബ്രുവരി 28 ന് അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്യുകയും മാർത്തോമ്മാ സഭാ സെക്രട്ടറി റവ. കെ.ജി. ജോസഫ് മുഖ്യ സന്ദേശം നൽകുകയും ചെയ്തു. മലയാള മനോരമയുടെ പത്തനംതിട്ട ഡിവിഷൻ അസിസ്റ്റന്റ് എഡിറ്റർ ശ്രീ. വർഗീസ് സി. തോമസ് പ്രഭാഷണം നിർവ്വഹിക്കുകയും ചെയ്തു.

റിപ്പോർട്ട് വർഷം നടന്ന വിവിധ പരിപാടികൾ: 2019 ജൂൺ 6-ാം തീയതി റവ. ജോജൻ മാത്യൂസ് ജോൺ വിദ്യാലയ വർഷാരംഭ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. ഒന്നാം വർഷ അധ്യാപക വിദ്യാർത്ഥികളുടെ പ്രവേശനോത്സവം അടൂർ ഭദ്രാസനാധിപൻ അഭി. ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പാ ഉദ്ഘാടനം ചെയ്തു. അധ്യാപക വിദ്യാർത്ഥികളുടെ ആത്മീയ വളർച്ചയ്ക്കായി എല്ലാ വെള്ളിയാഴ്ചയും ഉച്ചയ്ക്ക് 1.30 മുതൽ 2.00 വരെയുള്ള സമയം പ്രാർത്ഥനാക്കൂട്ടായ്മ നടത്തിവരുന്നു. ടീച്ചർ എഡ്യൂക്കേറ്റർ ശ്രീമതി സൂസൻ ജോർജ്ജ് ചുമതല വഹിക്കുന്നു. ഓണാഘോഷ പരിപാടികൾ 2019 സെപ്റ്റംബർ 6-ന് വിവിധ പരിപാടികളോടെ ആഘോഷിച്ചു. അഭി. ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്ത് അനുഗ്രഹിച്ചു. ക്രിസ്തുമസ് ഗാനശുശ്രൂഷ ഡിസംബർ 12-ന് മുത്തൂർ അഭയഭവനുമായി ചേർന്ന് അനുഗ്രഹകരമായി നടത്തപ്പെട്ടു. കൂടാതെ പരിസ്ഥിതിദിനം, ദേശീയ ഐക്യദാർഢ്യദിനം, സ്വാതന്ത്ര്യദിനം, റിപ്പബ്ലിക് ദിനം, എയ്ഡ്സ് ദിനം എന്നിവ വിവിധ പരിപാടികളോടുകൂടി നടത്തപ്പെട്ടു.

2019 ആഗസ്റ്റ് 3-ന് റ്റി.റ്റി.ഐ. കലോത്സവം എസ്.സി.എസ്. എച്ച്.എസ്. ഹെഡ്മിസ്ട്രസ് ശ്രീമതി ഗീത റ്റി. ജോർജ്ജ് ഉദ്ഘാടനം ചെയ്തു. തുടർന്നു നടന്ന റ്റി.റ്റി.ഐ. ജില്ലാ കലോത്സവത്തിൽ പങ്കെടുത്ത് തുടർച്ചയായി നാലാം തവണയും ഒന്നാം സ്ഥാനം നേടി. ശ്രീമതി എലിസബത്ത് ജേക്കബ് കലോത്സവത്തിന്റെ ചുമതല വഹിക്കുന്നു. സർവ്വീസിൽ നിന്നും വിരമിച്ച അദ്ധ്യാപകരും റ്റി.റ്റി.ഐ. യുടെ അഭ്യുദയകാംക്ഷികളും ഏർപ്പെടുത്തിയ എൻഡോവ്മെന്റ്, അർഹരായ വിദ്യാർത്ഥികൾക്ക് 23 ഇനങ്ങളിൽ നൽകിവരുന്നു.

8B.17 സെന്റ്. ജോർജ്ജ് യു.പി.സ്കൂൾ വാഴൂർ

പ്രവേശനോത്സവത്തോടെ ആരംഭിച്ച ഈ അദ്ധ്യയനവർഷം കുട്ടികൾക്കും സമൂഹത്തിനും പ്രയോജനപ്രദങ്ങളായ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾ നിറഞ്ഞതായിരുന്നു. വിവിധ ഫെസ്റ്റുകൾ, കോർണർ മീറ്റിംഗുകൾ പഠനോത്സവം എന്നിവയിലൂടെ രക്ഷിതാക്കളെ കുട്ടികളുടെ നിലവാരവും കഴിവുകളും ബോധ്യപ്പെടുത്തുന്നതിന് സഹായിച്ചു. കൂടാതെ ബോധവൽക്കരണ ക്ലാസുകളും അതിഥി ക്ലാസുകളും നടത്തി. രാജ്യസ്നേഹവും ഭരണഘടനയുടെ പ്രാധാന്യവും കുട്ടികളെ ബോധ്യപ്പെടുത്തുകയും സ്കൂൾ ഭരണഘടന നിർമ്മിക്കുകയും ചെയ്തു. സ്കൂൾ ലൈബ്രറി ശാക്തീകരണവും വായനവേളകളും നാട്ടിലെ പ്രതിഭകളെ കണ്ടെത്തി അനുഭവങ്ങൾ പങ്കുവച്ചതും കുട്ടികളുടെ വ്യക്തിത്വ വികസനത്തിന് ഉതകുന്നതായിരുന്നു. പേപ്പർ കവർ നിർമ്മാണപരിശീലനവും തുണിസഞ്ചി നിർമ്മാണവും സ്ക്രീൻ പ്രിന്റിംഗ് പഠനവും പരിശീനവും വേറിട്ട പ്രവർത്തനങ്ങളായിരുന്നു. കുട്ടികൾക്ക് മികച്ച യാത്രാസൗകര്യവും നൽകുന്നു.

സ്കൂൾ എൽ.എ.സി. പ്രസിഡന്റ് റവ. എബി ഉമ്മൻ, ഹെഡ്മാസ്റ്റർ ശ്രീ. സജി കെ. കുര്യൻ എന്നിവരുടെ നേതൃത്വവും എൽ.എ.സി പി.റ്റി.എ പൂർവ്വ അധ്യാപകർ-വിദ്യാർത്ഥികൾ എന്നിവരുടെ സഹകരണവും എല്ലാ അധ്യാപകരുടെയും (8) അനധ്യാപകരുടെയും (2) കൂട്ടായ പ്രവർത്തനവും ഈ അധ്യയനവർഷം മികവുറ്റതാക്കുന്നതിന് സഹായിച്ചു.

8B.18 മാർത്തോമ്മാ പ്രീപ്രൈമറി ടീച്ചേഴ്സ് ട്രെയിനിംഗ് സ്കൂൾ, മഞ്ഞാടി

1979 നവംബർ 14-ന് അന്താരാഷ്ട്ര ശിശു വർഷത്തോടനുബന്ധിച്ച് അലക്സാണ്ടർ വലിയ മെത്രാപ്പോലീത്തായുടെ ആഗ്രഹത്താൽ സ്ഥാപിതമായ ഈ സ്ഥാപനം കേരളാ ഗവൺമെന്റും എൻ.സി.റ്റി.ഇ.യും അംഗീകരിച്ച പത്തനംതിട്ട ജില്ലയിലെ ഒരേയൊരു അംഗീകൃത സ്ഥാപനമാണ്. 40 വർഷം പൂർത്തീകരിച്ച ഈ സ്കൂളിൽ നിന്നും പഠിച്ചിറങ്ങിയ വിദ്യാർത്ഥിനികളെല്ലാം തന്നെ കേരളത്തിനകത്തും പുറത്തും, ഗവൺമെന്റ് പ്രീപ്രൈമറി സ്കൂളുകളിലും അധ്യാപകരാണ്. ഈ വർഷാരംഭം ജൂൺ 4-ാം തീയതി "പഠനോൽസവത്തോടെ" ആരംഭിച്ചു. റവ. ആശിഷ് തോമസ് ജോർജ്ജ് പ്രാർത്ഥിച്ച് ആശീർവദിച്ചു. മൂന്നു ക്ലാസുകളിലായി 35 കുട്ടികൾ പഠനം ആരംഭിച്ചു. എല്ലാ ദിവസവും വേദപഠനത്തോടുകൂടി അധ്യയനം ആരംഭിക്കുന്നു. ശിശു വിദ്യാഭ്യാസത്തോടൊപ്പമുള്ള മനഃശാസ്ത്രം, ആരോഗ്യം, പാഠ്യപദ്ധതി, ശിശു പ്രവർത്തനങ്ങൾ തുടങ്ങിയവ പഠിപ്പിക്കുന്നു. കൂടാതെ ക്രാഫ്റ്റ് വർക്ക് സമീകൃതാഹാരം തയ്യാറാക്കൽ, ഡ്രോയിംഗ്, പെയിന്റിംഗ്, പാട്ട്, ഡാൻസ്, പ്രോജക്ട്വർക്ക് തുടങ്ങിയവയും പഠിപ്പിക്കുന്നു.

പത്തനംതിട്ട റവന്യൂ ജില്ലാ ടി.ടി.ഐ, പി.പി.ടി.ടി.ഐ കലോൽസവത്തിന് മൂന്നാമതും ആതിഥ്യമരുളുവാൻ നമ്മുടെ സ്കൂളിന് കഴിഞ്ഞു. തിരുവനന്തപുരത്തു നടന്ന സ്റ്റേറ്റ് യൂത്ത് ഫെസ്റ്റിൽ കുട്ടികൾ പങ്കെടുക്കുകയും കാഷ് അവാർഡ് കരസ്ഥമാക്കുകയും ചെയ്തു. ഓണാഘോഷം വിവിധ കലാപരിപാടികളോടെ ആഘോഷിച്ചു. സംയുക്ത ക്രിസ്മസ് വനിതാ മന്ദിരത്തിൽ കൊണ്ടാടി. എസ്.സി.ഇ. ആർ.റ്റിയുടെ കോഴ്സിൽ അധ്യാപകർ പങ്കെടുത്തു. ടീച്ചിംഗ് പ്രാക്ടീസ് വിവിധ സ്കൂളുകളിൽ നടത്തി. പഠനയാത്രയുടെ ഭാഗമായി "CRUIS"ലുള്ള 2 മണിക്കൂർ നീണ്ട സായാഹ്ന സവാരി

ആഹ്ലാദപ്രദമായിരുന്നു വാർഷിക സമ്മേളനവും കുട്ടികളുടെ യാത്രയയപ്പും മാർച്ച് 5-ാം തീയതി നടന്നു. സ്കൂൾ മാനേജർ ശ്രീമതി. മിനി ജോയ്സ് തോമസ് അധ്യക്ഷത വഹിച്ച യോഗത്തിൽ സെന്റ് തോമസ് ടി.ടി.ഐ. പ്രിൻസിപ്പൽ ശ്രീ. ഷാജി ജോർജ്ജ് മുഖ്യാതിഥി ആയിരുന്നു. പ്രിൻസിപ്പലായി ശ്രീമതി ഐഡ ചാം കുര്യനും മൂന്ന് ഫുൾ ടൈം അധ്യാപകരും ഒരു പ്യൂണും സ്തുത്യർഹമായ സേവനം അനുഷ്ഠിക്കുന്നു.

8D ഇതര വിദ്യാഭ്യാസ പ്രവർത്തനങ്ങൾ

8D.1 മാർത്തോമ്മാ സ്കൂൾസ് ടീച്ചേഴ്സ് അസോസിയേഷൻ

മലബാർ റീജിയൺ ഉദ്ഘാടനം : നന്നമുക്ക്, എരിമയൂർ, വെമ്പല്ലൂർ, ഒലിവു മൗണ്ട് എന്നീ സ്കൂളുകളെ ഉൾപ്പെടുത്തി മലബാർ മേഖല ഉദ്ഘാടനം അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ നിർവ്വഹിച്ചു.

സൗജന്യ മെഡിക്കൽ ക്യാമ്പ് : മാർത്തോമ്മാ സ്കൂൾസ് ടീച്ചേഴ്സ് അസോസിയേഷന്റെയും തിരുവല്ല പുഷ്പഗിരി മെഡിക്കൽ കോളേജിന്റെയും സംയുക്താഭിമുഖ്യത്തിൽ വെൺമണി ശാലേം യു.പി. എസിൽ സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി.

നവതി സ്റ്റാമ്പ് : നവതിയോടനുബന്ധിച്ച് നവതി സ്റ്റാമ്പിന്റെ പ്രകാശനം അഭിവന്ദ്യ. ഡോ. തോമസ് മാർ തീത്തോസ് എപ്പിസ്കോപ്പാ നിർവ്വഹിച്ചു.

പൂമരത്തണലിൽ: മാർത്തോമ്മാ സ്കൂൾസ് ടീച്ചേഴ്സ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ മാനേജ്മെന്റിലെ പൂർവ്വ അധ്യാപകരുടെയും അസ്സോസിയേഷൻ മുൻകാല ഭാരവാഹികളുടെയും സ്നേഹസംഗമം പൂമരത്തണലിൽ പത്തനംതിട്ട മാർത്തോമ്മാ ഹയർസെക്കൻഡറി സ്കൂളിൽ നടത്തപ്പെട്ടു.

ബോർഡേഴ്സ് സംഗമം&നവതി ക്വിസ് : മാനേജ്മെന്റിന്റെ കീഴിലുള്ള ബോർഡേഴ്സ് സംഗമവും നവതി ക്വിസും ടീച്ചേഴ്സിനുള്ള നവതി ക്വിസ്സും കോട്ടയം എം.റ്റി, സെമിനാരി ഹയർ സെക്കൻഡറി സ്കൂളിൽ വച്ച് നടത്തപ്പെട്ടു.

ചെയിൻ പ്രയർ - നവതി സ്തോത്ര പ്രാർത്ഥന: നവതിയുടെ ഭാഗമായി എല്ലാ സ്കൂളുകളിലും ചെയിൻ പ്രയർ നടത്തപ്പെട്ടു.

നവതി സാഹിത്യ ഗ്രന്ഥ രചയിതാവിനുള്ള അവാർഡ്: സംസ്ഥാനതല ഗവ. എയിഡഡ് അധ്യാപകരുടെ മികച്ച ഗ്രന്ഥത്തിനുള്ള നവതി അവാർഡിന് സുഹ്റ പടിപ്പുര സി.എച്ച്. എസ്.എസ് അടയ്ക്കാകുണ്ട് മലപ്പുറം അർഹയായി.

നവതി സ്മരണിക: നവതി ആഘോഷങ്ങളുടെയും ഈടുറ്റ കൃതികളും ഉൾപ്പെടുത്തി നവതി സമരണിക പുറത്തിറക്കി. ശ്രീ. ജേക്കബ് അറയ്ക്കൽ ചീഫ് എഡിറ്ററായി പ്രവർത്തിച്ചു. അസ്സോസിയേഷൻ എക്സ്ഒഫിഷ്യ മെമ്പർ ശ്രീമതി. ലാലമ്മ വർഗ്ഗീസ് (സകൂൾസ് മാനേജർ) പ്രസിഡന്റായി ശ്രീ. കുരുവിള മാത്യു (പ്രിൻസിപ്പാൾ, എം.റ്റി.എസ്.എച്ച്.എസ്.എസ്. കോട്ടയം), ജനറൽ സെക്രട്ടറിയായി ശ്രീ. സെൻമോൻ ഇ. ഫിലിപ്പ് (എസ്.സി.എസ്.എച്ച്.എസ്.എസ്., തിരുവല്ല), ട്രഷററായി ശ്രീ. ബിജോയ് ഫിലിപ്പ് (എസ്.സി.എസ്.എച്ച്.എസ്.എസ്., തിരുവല്ല) എന്നിവർ പ്രവർത്തിച്ചു.

8D.2. മാർത്തോമ്മാ പ്രൈമറി സ്കൂൾ ടീച്ചേഴ്സ് അസ്സോസിയേഷൻ

അജ്ഞതാന്ധകാരത്തിൽ നട്ടം തിരിയുന്ന ഇളം തലമുറയ്ക്ക് വിജ്ഞാനത്തിന്റെ വിസ്ഫോടനം നടത്തുന്ന അധ്യാപകസമൂഹത്തിന് കൈത്താങ്ങായി നിൽക്കുന്ന ഒരു സംഘടനയാണ് പ്രൈമറി സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ.

40-ാം സംസ്ഥാന സമ്മേളനം 2019 മാർച്ച് 9 ശനിയാഴ്ച 9.30 എ.എം.ന് ഡോ. ജോസഫ് മാർത്തോമ്മാ ക്യാമ്പ് & റിസേർച്ച് സെന്റർ കൊമ്പാടി, തിരുവല്ലയിൽ വച്ച് നടത്തപ്പെട്ടു. സഭാ സെക്രട്ടറി റവ. കെ.ജി. ജോസഫ് ഉദ്ഘാടനം ചെയ്യുകയും മാർത്തോമ്മാ സ്കൂൾ കോർപ്പറേറ്റ് മാനേജർ ശ്രീമതി. ലാലമ്മ വർഗ്ഗീസ് മുഖ്യപ്രഭാഷണം നടത്തി. മീറ്റിംഗിൽ അസോസിയേഷൻ പ്രസിഡന്റ് ശ്രീ. കെ.വി. തോമസ് അദ്ധ്യക്ഷത വഹിക്കുകയും ശ്രീ. ഷാജി ഉമ്മൻ, ശ്രീ. ഷാജൻ മാത്യു, ശ്രീമതി എം.ജി. ഗീതമ്മ എന്നിവർ ആശംസകൾ അർപ്പിക്കുകയും ചെയ്തു. 20 അധ്യാപകർക്ക് സമുചിതമായ യാത്രയയപ്പ് നൽകി. ഗുരുശ്രേഷ്ഠ അവാർഡ് ജേതാവ് ശ്രീമതി എം.ജി. ഗീതമ്മയെ ആദരിച്ചു. സംസ്ഥാന കലാമേളയിൽ വിജയികളായവർക്കും ഓവറോൾ ചാമ്പ്യൻഷിപ്പ് നേടിയ സ്കൂളുകൾക്കും ട്രോഫി വിതരണം ചെയ്തു.

ഒന്നാംസ്ഥാനം-മാർത്തോമ്മാ പ്രൈമറി സ്കൂൾ, ആനമല, പുല്ലാട്, രണ്ടാംസ്ഥാനം- എം.റ്റി.എൽ.പി. സ്കൂൾ, കടമ്മനിട്ട, മൂന്നാംസ്ഥാനം-ഇ.എ.എൽ.പി. സ്കൂൾ ഇലവുങ്കൽ

സ്കൂൾസന്ദർശനം: അസോസിയേഷന്റെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താനും സ്കൂളുകളുടെ പ്രവർത്തനം നേരിട്ട് വിലയിരുത്താനും പ്രസിഡന്റ് ശ്രീ. കെ.വി. തോമസ്, വൈസ് പ്രസിഡന്റ് ശ്രീ. കെ.പി. കുഞ്ഞുമോൻ, സെക്രട്ടറി ശ്രീമതി എം.ജി. ഗീതമ്മ, ട്രഷറാർ ശ്രീമതി ജോളി വർഗീസ്, എക്സിക്യൂട്ടീവ് കമ്മറ്റിയംഗം ശ്രീമതി ജെയ്സി പി. ഡാനിയേൽ എന്നിവർ അടങ്ങുന്ന ടീം 4/10/2019 വെള്ളിയാഴ്ച മൂവാറ്റുപുഴ, കീഴില്ലം, പെരുമ്പാവൂർ എന്നിവിടങ്ങളിലെ പ്രൈമറി വിദ്യാലയങ്ങൾ സന്ദർശിച്ചു. ഇത് ആ പ്രദേശങ്ങളിലെ സ്കൂളുകളിലെ അധ്യാപകർക്കും ഞങ്ങൾക്കും ഒരു പ്രത്യേക അനുഭവമായിരുന്നു.

ഏകദിന അധ്യാപകസമ്മേളനം: മാർത്തോമ്മാ പ്രൈമറി സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ എം.റ്റി. & ഇ.എ. സ്കൂൾസ് എന്നിവയുടെ നേതൃത്വത്തിൽ നടന്ന സംസ്ഥാനതല അധ്യാപക സമ്മേളനം മാർത്തോമ്മാ സ്കൂൾസ് മാനേജർ ശ്രീമതി ലാലമ്മ വർഗ്ഗീസ് ഉദ്ഘാടനം ചെയ്തു. അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് ശ്രീ. കെ.വി. തോമസ് അദ്ധ്യക്ഷത വഹിച്ചു. സഭ വൈദിക ട്രസ്റ്റി റവ. തോമസ് സി. അലക്സാണ്ടർ ധ്യാനപ്രസംഗം നടത്തി. സെന്റ് തോമസ് റ്റി.റ്റി.ഐ. പ്രിൻസിപ്പൽ ഷാജി ജോർജ്ജ് മുഖ്യപ്രഭാഷണം നടത്തി. വൈസ് പ്രസിഡന്റ് ശ്രീ. കെ.പി. കുഞ്ഞുമോൻ, സെക്രട്ടറി ശ്രീമതി എം.ജി. ഗീതമ്മ, ട്രഷറാർ ശ്രീമതി ജോളി വർഗീസ്, ജോയിന്റ് സെക്രട്ടറി ശ്രീ. ഏബ്രഹാം ഉമ്മൻ എന്നിവർ പ്രസംഗിച്ചു.

സംസ്ഥാന കലാമേള: 04/01/2020 ശനിയാഴ്ച പുല്ലാട് ആനമല മാർത്തോമ്മാ പ്രൈമറി സ്കൂളിൽ വച്ച് മാർത്തോമ്മാ പ്രൈമറി സ്കൂൾ സംസ്ഥാന കലോത്സവം റവ. ഏബ്രഹാം പി. ഉമ്മൻ ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് ശ്രീ. കെ.വി. തോമസ് അദ്ധ്യക്ഷത വഹിച്ചു. നൂറിൽപരം കുട്ടികൾ കലാമേളയിൽ പങ്കെടുത്തു. സംസ്ഥാനതല കലോത്സവത്തിൽ പുല്ലാട്-ആനമല മാർത്തോമ്മാ പ്രൈമറി സ്കൂൾ ഓവറോൾ കിരീടം കരസ്ഥമാക്കി. രണ്ടാംസ്ഥാനം ഉമയാറ്റുകര എം.റ്റി.എൽ.പി.എസ്., കോഴഞ്ചേരി എം.റ്റി.എൽ.പി.എസ്, നാറാണംമൂഴി എം.റ്റി.എൽ.പി.എസ്. എന്നിവർക്കും മൂന്നാംസ്ഥാനം നെല്ലിമല ഇ.എ. എൽ.പി. സ്കൂളും കരസ്ഥമാക്കി.

കമ്മിറ്റി മീറ്റിംഗ്: റിപ്പോർട്ട്വർഷം നാല് കമ്മറ്റി മീറ്റിംഗ് നടത്തപ്പെട്ടു. കൂടാതെ 3 സോണൽ മീറ്റിംഗും നടത്തപ്പെട്ടു.

വാർഷികസമ്മേളനം: 2019-20 ലെ 41-ാം സംസ്ഥാന സമ്മേളനം 22/2/2020 ൽ ഡോ. ജോസഫ് മാർത്തോമ്മാ ക്യാമ്പ് റിസേർച്ച് സെന്റർ കൊമ്പാടി, തിരുവല്ലയിൽ നടത്തപ്പെട്ടു. അന്നേദിവസം സർവ്വീസിൽനിന്നും വിരമിക്കുന്ന പ്രഥമാധ്യാപകർക്കും അധ്യാപകർക്കുമുള്ള യാത്രയയപ്പ് നൽകി. അസ്സോസിയേഷൻ പ്രസിഡന്റ് ശ്രീ. കെ.വി. തോമസ് അദ്ധ്യക്ഷത വഹിക്കുകയും അഭിവന്ദ്യ തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്ത സമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു. ആ സമ്മേളനത്തിൽ വച്ച് സഫ്രഗൻ സ്ഥാനത്തേക്ക് നിയോഗിക്കപ്പെട്ട അഭിവന്ദ്യ തിയോഡോഷ്യസ് മെത്രാപ്പോലീത്തായെ ആദരിക്കുകയും ചെയ്തു. ഗീതമ്മ എം.ജി. സ്വാഗതം ആശംസിച്ചു. ശ്രീമതി ലാലമ്മ വർഗീസ് മുഖ്യസന്ദേശം നൽകി. ബോർഡ് മെമ്പേഴ്സ് ശ്രീ. ഷാജി ഉമ്മൻ, ശ്രീ. അജി അലക്സ്, ശ്രീ. തോമസ് ഏബ്രഹാം, കൂടാതെ ശ്രീ. ഷാജൻ മാത്യു, ശ്രീ. കെ.പി. കുഞ്ഞുമോൻ, ശ്രീ. ഏബ്രഹാം ഉമ്മൻ എന്നിവർ ആശംസകൾ അർപ്പിച്ചു.

തന്നാണ്ടിലെ വരവ്-ചെലവ് കണക്കുകൾ അവതരിപ്പിക്കുകയും 2020-21 വർഷത്തേക്കുള്ള ഭാരവാഹികളെ തിരഞ്ഞെടുത്തു. പ്രസിഡന്റ് ശ്രീ. കെ.പി. കുഞ്ഞുമോൻ, ജനറൽ സെക്രട്ടറി ശ്രീമതി ഗീതമ്മ എം.ജി. ട്രഷറാർ ശ്രീമതി ജോളി

വർഗീസ് കമ്മറ്റിയംഗങ്ങളായി ആനി ഫിലിപ്പ്, ഡെയ്സി പി. ഡാനിയേൽ, ഉഷ അലക്സാണ്ടർ, ലീമോൾ ആനി പീറ്റർ എന്നിവരെ തിരഞ്ഞെടുത്തു.

9. സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ

9.1 നവോദയ മൂവ്മെന്റ് സൊസൈറ്റി

സമൂഹത്തിൽ വേർതിരിവുകളുടേയും ഒറ്റപ്പെടലിന്റെയും നൊമ്പരങ്ങൾ ഏറ്റുവാങ്ങി ജീവിക്കേണ്ടിവരുന്ന ട്രാൻസ് ജെൻഡേർസ് വ്യക്തി ജീവിതങ്ങളുടെ സാമൂഹിക ഉന്നമനവും വളർച്ചയും ലക്ഷ്യമിടുന്ന പദ്ധതിയാണ് നവോദയ മൂവ്മെന്റ് ഫോർ ട്രാൻസ്ജൻഡേർസ്. ഇത് മാർത്തോമ്മ സുറിയാനി സഭയുടെ ദീർഘകാല അമരക്കാരനും ഭാരതത്തിന്റെ പത്മഭൂഷണും ആയ അഭിവന്ദ്യ ഡോ. ഫിലിപ്പോസ് മാർ ക്രിസ്സോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്തായുടെ ജന്മശതാബ്ദി ബഹുമാനാർത്ഥം രൂപീകരിച്ച മിഷൻ പ്രവർത്തനം കൂടിയാണ്.

സബ് യൂണിറ്റുകളുടെ ഏകോപനം: ട്രാൻസ്ജെൻഡർ പ്രവർത്തനങ്ങളുടെ ഭാഗമായി സഭയുടെ വിവിധ സംഘടനകളുടെയും ഭദ്രാസനങ്ങളുടെയും നേതൃത്വ ത്തിൽ നടന്നു വരുന്ന മിഷൻ യൂണിററുകൾ സൊസൈററിയുടെ പ്രാഥമീകഘടകമായി ചേർന്ന് പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു വരുന്നു. കൊട്ടാരക്കര-പുനലൂർ, മുംബൈ, കുന്നംകുളം മലബാർ എന്നീ ഭദ്രാസനങ്ങളിലെ ട്രാൻജൻഡേഴ്സ് പ്രവർത്തനങ്ങൾ സൊസൈറ്റിയുടെ ഭാഗമായി വിവിധ മേഖലകളിൽ നടത്തി വരുന്നു.

ബോധവത്ക്കരണ സമ്മേളനങ്ങൾ: ട്രാൻസ്ജെൻഡർ ജന്മങ്ങളുടെ വൈകാരികവും വ്യക്തിപരവും സാമൂഹികവുമായ ജീവിത അനുഭവങ്ങളെക്കുറിച്ചും അവർക്ക് നേരിടേണ്ടിവരുന്ന വെല്ലുവിളികളെ സംബന്ധിച്ചും പൊതുജനങ്ങൾക്കും, സഭാജനങ്ങൾക്കും, പുതുതലമുറയേയും ബോധവാന്മാരാക്കുന്നതിന് ക്ലാസ്സുകൾ വിവിധ ഇടങ്ങളിൽ നടത്തി.

സ്വയം തൊഴിൽ പരിശീലനങ്ങൾ: തൊഴിൽരഹിതരായ ട്രാൻസ്ജെൻഡേർസ് വ്യക്തികൾക്ക് ഉപജീവനമാർഗ്ഗം ലക്ഷ്യമിട്ടുള്ള തൊഴിൽ പരിശീലനങ്ങൾ നടത്തിവരുന്നുണ്ട്. ഇതിന്റെ ഭാഗമായി ഹ്രസ്വകാല തയ്യൽ പരിശീലന ക്ലാസ്സുകൾ നടത്തുകയുണ്ടായി. നിരവധി ട്രാൻസ്ജെൻഡേർസ് വ്യക്തികൾ ഇത് പ്രയോജനപ്പെടുത്തി. സ്വയം തൊഴിൽ പരിശീലനം പൂർത്തിയാക്കിയവർക്കുള്ള സർട്ടിഫിക്കററ് വിതരണം 2019 ഡിസംബർ 2 ന് തൃശ്ശൂർ രവിവർമ്മ മന്ദിരത്തിൽ നടന്ന ചടങ്ങിൽ അഭിവന്ദ്യ ഡോ. ഗീവർഗീസ്സ് മാർ തിയഡോഷ്യസ്സ് എപ്പിസ്കോപ്പാ നിർവ്വഹിക്കുകയുണ്ടായി.

നവസംരഭകർക്കുള്ള സാമ്പത്തിക സഹായം: ട്രാൻസ് ജെൻഡർ വ്യക്തികളിൽ തന്നെ താല്പര്യമുള്ളവർ ചേർന്ന് മുതൽ മുടക്കി ആരംഭിക്കുവാൻ ശ്രമിക്കുന്ന ലഘു വ്യവസായ സംരഭങ്ങൾക്ക് പ്രോത്സാഹനമെന്നവണ്ണം നവോദയ മൂവ്മെന്റ് ഭാഗികമായ സാമ്പത്തിക സഹായം ചെയ്തിട്ടുണ്ട്.

നവോദയ മൂവ്മെന്റ് വെബ്സൈറ്റ്: സൊസൈറ്റിയുടെ അറിയിപ്പുകളും പ്രവർത്തനങ്ങളും പൊതുജനങ്ങൾക്കും സഭാംഗങ്ങൾക്കും മുമ്പിൽ എത്തിക്കുന്നതിന് navodaya.marthoma.in എന്ന ഒരു വെബ്സൈറ്റ് അഭിവന്ദ്യ ഡോ. ഗീവർഗ്ഗീസ് മാർ തെയോഡോഷ്യസ് എപ്പിസ്കോപ്പാ പ്രാർത്ഥിച്ച് ആരംഭിച്ചു.

സൗജന്യ ഭക്ഷ്യവിഭവ കിറ്റ് വിതരണം: കോവിഡ് 19 എന്ന പകർച്ച വ്യാധിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ യാത്രാ വിലക്കുകൾ ട്രാൻസ്ജെൻഡേഴ്സ് വിഭാഗത്തിന്റെ തൊഴിൽ അവസരത്തെയും ഉപജീവന മാർഗ്ഗത്തേയും വല്ലാതെ ഉലച്ചു. ഈ സാഹചര്യം മനസ്സിലാക്കി കേരളത്തിനകത്തും പുറത്തുമുള്ള നമ്മുടെ ഭദ്രാസനങ്ങളുമായി ഏകോപിച്ച് 350 ഓളം സൗജന്യ ഭക്ഷ്യ വിഭവ കിറ്റ് വിതരണം ചെയ്തു.

അഭിവന്ദ്യ ഡോ. ഗീവർഗീസ് മാർ തിയഡോഷ്യസ് എപ്പിസ്കോപ്പാ പ്രസിഡന്റും. റവ. ഫിലിപ്പ് ജോർജ്ജ് സെക്രട്ടറിയും, റവ. കെ.ജി. ജോസഫ് ട്രഷററായും പ്രവർത്തിക്കുന്നു.

9.2 മാർത്തോമ്മാ മെഡിക്കൽ മിഷൻ

''നിങ്ങൾ പോയി രോഗികളെ സൗഖ്യമാക്കുവിൻ'' (മത്തായി 10.8) എന്ന കർത്താവിന്റെ സൗഖ്യദായക ശുശ്രൂഷാ നിയോഗം ശിരസ്സാവഹിച്ചുകൊണ്ട് ആറു ദശാബ്ദങ്ങളിലേറെയായി മാർത്തോമ്മാ സഭ ആതുര ശുശ്രൂഷരംഗത്ത് അനുഗ്രഹീത ശുശ്രൂഷ നിർവ്വഹിക്കുന്നു.

എറ്റവും കുറഞ്ഞ ചെലവിൽ ഏറ്റവും നല്ല വിദഗ്ധചികിത്സ ലഭ്യമാക്കുവാനുള്ള ലക്ഷ്യത്തോടെ മാർത്തോമ്മാ മെഡിക്കൽ മിഷൻ ബോർഡിന്റെ ചുമതലയിൽ പ്രധാനമായി കറ്റാനം സെന്റതോമസ് മിഷൻ ഹോസ്പിറ്റൽ, കുമ്പനാട് ഫെലോഷിപ്പ് മിഷൻ ഹോസ്പിറ്റൽ, ചുങ്കത്തറ മാർത്തോമ്മ മിഷൻ ഹോസ്പിറ്റൽ, ജോർജ്ജ് ജോൺ അച്ചൻ മെമ്മോറിയൽ ഡീ അഡിക്ഷൻ സെന്റർ, വാളകം ഗ്രാമോദ്ധാരണ മിഷൻ ഡീ അഡിക്ഷൻസെന്റർ, കിടങ്ങന്നൂർ എന്നി ആശുപത്രികൾ പ്രവർത്തിക്കുന്നു.ആശുപത്രികളുടെ പ്രവർത്തനങ്ങൾ എച്ച്.എ.സി., എൽ.എ.സി, മെഡിക്കൽ മിഷൻ ബോർഡ് എന്നിവയുടെ നിയന്ത്രണത്തിൽ നടക്കുന്നു.

250 കിടക്കകളുള്ള കറ്റാനം സെന്റ് തോമസ് മിഷൻ ആശുപത്രിയിലെ നേത്രചികിത്സാവിഭാഗം ഡയാലിസിസ് സെന്റർ എന്നിവ എടുത്തു പറയത്തക്കവയാണ്. ആശുപത്രിയോട് അനുബന്ധിച്ച് B.Sc.Nursing, General Nursing, Health Workers Course, B.Sc. Optometry & Opthalmology, B.Sc Medical Lab Thechnology, DMLT, D-Pharms എന്നീ കോഴ്സുകളിലായി 594 കുട്ടികൾ പഠിക്കുന്നു.

100 കിടക്കകളുള്ള കുമ്പനാട് ഫെലോഷിപ്പ് മിഷൻ ആശുപത്രിയോട് ചേർന്നുള്ള എ.എം.എം ജിറിയാട്രിക്ക് സെന്ററിന്റെ പ്രവർത്തനങ്ങളും Community പാലിയേറ്റിവ് കെയർ പ്രവർത്തനങ്ങളും ശ്ലാഘനീയമാണ്. 50 കിടക്കകളോടുകൂടിയ ചുങ്കത്തറ മാർത്തോമ്മ മിഷൻ ആശുപത്രിയുടെ പ്രവർത്തനങ്ങളും അനുഗ്രഹീതമായി നടക്കുന്നു. മെഡിക്കൽ ക്യാമ്പുകൾ, സൗജന്യ ചികിത്സാപദ്ധതികൾ,മൊബൈൽ ക്ലിനിക്ക്, പാലിയേറ്റിവ് കെയർ, ആംബുലൻസ് സർവ്വീസ്, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ തുടങ്ങിയവയിലൂടെ സമൂഹത്തിലെ പാവങ്ങളുടെ ജീവിതത്തിലേക്ക് ഇറങ്ങിചെല്ലുവാൻ സാധിക്കുന്നു. ഫെബ്രുവരി ഒന്നാം ഞായറാഴ്ച മെഡിക്കൽ മിഷൻ ഞായറായി ആചരിച്ചു. അന്നേ ദിവസത്തെ സ്തോത്രകാഴ്ചയാണ് പ്രധാനവരുമാനമാർഗ്ഗം.

സഭയുടെ സ്പോൺസർഷിപ്പോടുകൂടി വെല്ലൂർമെഡിക്കൽ കോളേജിൽ M.B.B.Sന് 11ഉം P. G. Course ന് 7 ഉം അലൈഡ് ഹെൽത്ത് സയൻസിന് 3 ഉം വിദ്യാർത്ഥികളും പഠിക്കുന്നു. മെഡിക്കൽ മിഷൻ ബോർഡ് അദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലിത്താ തിരുമേനിയുടെ അനുഗ്രഹീത നേതൃത്വവും ദീർഘവീക്ഷണവും ആത്മാർത്ഥമായ കർമ്മശേഷിയും, ഒരോ ആശുപത്രികളുടെയും ചെയർമാന്മാരായിരിക്കുന്ന അഭിവന്ദ്യ തിരുമേനിയുടെ പ്രത്യേക താല്പര്യവും, Medical Board എച്ച്.എ.സി, എൽ.എ.സി. അംഗങ്ങൾ, ആശുപത്രികളുടെ അഡ്മിനിസ്ട്രേറ്റർമാർ, ഡോക്ടർമാർ, മറ്റ് പ്രവർത്തകർ എല്ലാവരുടെയും സേവനങ്ങൾ വിലപ്പെട്ടതാണ്. റവ. വർഗിസ് ഫിലിപ്പ് മെഡിക്കൽ മിഷൻ സെക്രട്ടറിയായും, റവ. കെ.ജി. ജോസഫ് ട്രഷറാറായും സേവനം അനുഷ്ഠിക്കുന്നു.

9.3 സെന്റ്തോമസ് മിഷൻ ആശുപത്രി, കറ്റാനം

കഖറഖാനത്ത് ചാങ്ങേത്തറയിൽ Dr. സി.ജി. കുര്യൻ ദാനമായി നൽകിയ 4 ഏക്കർ സ്ഥലവും സഭ വാങ്ങിയ 16 ഏക്കർ സ്ഥലത്തുമയി ഭാഗ്യസ്മരണീയനായ അഭിവന്ദ്യ ഡോ. യൂഹാന്നോൻ മാർത്തോമ്മാ മെത്രപ്പോലീത്താ തിരുമേനിയുടെ നേതൃ ത്വത്തിൽ 1948-ൽ ആരംഭിച്ച കറ്റാനം ആശുപത്രി 72 വർഷം പിന്നിടുകയാണ്. ആശുപത്രിയിൽ 24 Department-കളിലായി 45 ഡോക്ടർമാർ പ്രവർത്തിക്കുന്നു. 2019-2020 സാമ്പത്തിക വർഷം O.P. യിൽ 110094 രോഗികളേയും. I.P.യിൽ 12643ഉം. de-addiction centre. മുഖേന 188 പേരും. C.T Scan Center ലൂടെ 1829 പേർക്കും. Medical & Eye campകളിലൂടെ 4422 ആതുര ശുശ്രൂഷ നൽകപ്പെട്ടു. ആശുപത്രിയോടു ചേർന്ന് വിവിധ കോഴ്സുകൾ നടത്തപ്പെടുന്നു.

School of Nursing, ANM, GNM, St. Thomas College of Nursing, BSc (N), MSc (N), Dr. Joseph Mar Thoma Institute of Pharmaceutical Sciences & Research, B. Pharm.

Cardiac Department: Dr. James Thomas, Dr. Anil Kumar എന്നിവരുടെ നേതൃത്വത്തിൽ Angiogram, Angioplasty നടത്തിയിട്ടു്. എന്നിവ നടക്കുന്നു.

De-addiction Centre: മദ്യം, മയക്കുമരുന്ന് മുതലായവ ഉപയോഗിക്കുന്ന രോഗികൾക്കായി ലഹരി വിമോചന ചികിത്സ നടത്തിവരുന്നു.

Christmas Celebration: Christmas Carol Serive 17th December 2019ന് നടത്തി. അഭിവന്ദ്യ തോമസ് മർ തീമോഥെയോസ് തിരുമേനി Christmas Message നൽകി ഗായകസംഘം ഗാനശുശ്രൂഷക്ക് നേതൃത്വം നൽകി.

സ്റ്റാഫ് പാർക്കിംഗ് ഏരിയ: ഹോസ്പിറ്റൽ ജീവനക്കാർക്ക് വാഹനം സൂക്ഷിക്കുന്നതിനായി ഒരു പുതിയ സ്കൂട്ടർ ഷെഡ് ഹോസ്പിറ്റൽ ക്യാമ്പസിൽ ക്രമീകരിച്ചു.

Medical Camp: ക്യാമ്പുകൾ വിവിധ സ്ഥലങ്ങളിലായി നടത്തുകയുണ്ടായി. 4422 രോഗികളെ ക്യാമ്പുകളിലൂടെ ചികിത്സിച്ചു. അടൂർ ഭദ്രാസനം നടത്തിവരുന്ന പെയിൻ ആൻഡ് പാലിയേററീവ് പ്രോഗ്രാം നമ്മുടെ ആശുപത്രി ഡോക്ടർമാർ പങ്കെടുത്തു നേതൃത്വം നൽകി.

ജന്മദിനം: അഭിവന്ദ്യ ഗീവർഗീസ് മാർ തിയഡോഷ്യസ് എപ്പിസ് കോപ്പായുടെ 70-ാം ജന്മദിനവും, ഡോ. ജെയിംസ് തോമസിന്റെ 70-ാം ജന്മദിനവും ആഘോഷിക്കുകയുണ്ടായി.

റിസൽട്ട്: നമ്മുടെ വിദ്യഭ്യാസ സ്ഥാപനങ്ങളിൽ വിജയ ശതമാനം നല്ല നിലവാരം പുലർത്തുന്നു എന്നുമാത്രമല്ല സ്കൂൾ ഓഫ് നേഴ്സിങ്ങിലെ ഒരു വിദ്യാർത്ഥി കേരള സംസ്ഥാനത്ത് രണ്ടാം റാങ്ക് നേടുകയുണ്ടായി.

ഓർത്തോ ഫിസിയോതെറാപ്പി ആൻഡ് ഫിറ്റ്നസ് സെന്റർ: ആശുപത്രിയുടെ ഓർത്തോപീഡിക് ഡിപ്പാർട്ട്മെന്റിലൂടെ ഡോ. ജെറി മാത്യുവിന്റെ നേതൃത്വത്തിൽ അത്യപൂർവ്വമായ ശസ്ത്രക്രിയകൾ നടക്കുന്നു. കൂടാതെ ഏവർക്കും പങ്കെടുക്കാൻ കഴിയുന്ന ഫിററ്നസ് സെന്റർ നടക്കുന്നുണ്ട്.

9.4 ഫെലോഷിപ്പ് മിഷൻ ആശുപത്രി, കുമ്പനാട്

1946 ൽ ആരംഭിച്ച നമ്മുടെ ആശുപത്രിയിൽ 14 ഡിപ്പാർട്ട്മെന്റുകളിലായി 16 കൺസൾട്ടന്റ് ഡോക്ടേഴ്സും 12 റസിഡന്റ് മെഡിക്കൽ ഓഫീസർമാരും സേവനമനുഷ്ഠിക്കുന്നു. കൂടാതെ ബ്ലഡ് ബാങ്ക്, ഫിസിയോതെറാപ്പി, മൊബൈൽ ഹോം സർവ്വീസ്, ഡയാലിസിസ് സെന്റർ, എ.എം.എം. ജിറിയാട്രിക്ക് സെന്റർ തുടങ്ങിയവിഭാഗങ്ങളിൽ കൂടിയും വിവിധ ശുശ്രൂഷകൾ നിറവേറ്റുന്നു. റിപ്പോർട്ടുവർഷത്തിൽ ഒ.പി. വിഭാഗത്തിൽ 59540 പേർക്കും ഐ.പി വിഭാഗത്തിൽ 2512 പേർക്കും ചികിത്സ നൽകുന്നതിന് ഇടയായി.

ഡോ. ജോസഫ് മാർത്തോമ്മാ ഡയാലിസിസ് സെന്റർ: വൃക്ക രോഗികൾക്ക് സൗജന്യ ഡയാലിസിസ് നടത്തിക്കൊടുക്കുന്നതിന് അബുദാബി മാർത്തോമ്മാ ഇടവക 40-ാമത് വാർഷിക ഉപഹാരമായി നാല് മെഷീൻ നൽകി 2012 ൽ പ്രവർത്തനം ആരംഭിച്ച ഈ സെന്ററിൽ ദോഹ മാർത്തോമ്മാ ഇടവക, കുവൈറ്റ് സെന്റർ സന്നദ്ധ സുവിശേഷ സംഘം, വെൺമണി മാർത്തോമ്മാ ഇടവക, ദമാം മാർത്തോമ്മാ യുവജനസഖ്യം, എപ്പിഫനി മാർത്തോമ്മാ യുവജനസഖ്യം, എന്നിവ ഓരോ മെഷീൻ വീതവും, കുവൈറ്റ് മറാഫി ഫൗണ്ടേഷൻ രണ്ടു മെഷീനുകളും സംഭാവന നൽകി. നിലവിൽ 11 മെഷീനുകളിലായി വൃക്ക രോഗികൾക്ക് ഈ സെന്ററിന്റെ പ്രയോജനം ലഭിച്ചുകൊണ്ടിരിക്കുന്നു. തന്നാണ്ടിൽ ഇവിടെ നടത്തപ്പെട്ട 6324 ഡയാലിസിസിൽ 4078 ഡയാലിസിസ് സൗജന്യമായും 807 എണ്ണം 250 രൂപ നിരക്കിലും 496 എണ്ണം 450 രൂപ നിരക്കിലും 943 എണ്ണം 650 രൂപ നിരക്കിലും നടത്തപ്പെട്ടു. സൗജന്യ ഡയാലിസിസിന് സംഭാവന നൽകിതന്ന ഇടവകകൾ, സംഘടനകൾ, വ്യക്തികൾ, മാരാമൺ മണൽപ്പുറത്ത് സ്റ്റാളിൽ എത്തി സംഭാവന നൽകിയവർ എന്നിവരോടുള്ള നന്ദി അറിയിക്കുന്നു.

ഡോ. അലക്സാണ്ടർ മാർത്തോമ്മാ മെമ്മോറിയൽ സെന്റർ: ശയ്യാവലംബരും, പ്രായാധിക്യത്തിൽ ഉള്ളവരുമായ മാതാപിതാക്കളോടൊപ്പം താമസിച്ച് അവരെ പരിചരിക്കുവാൻ മക്കൾക്ക് സാധിക്കാതെ വരുന്ന സാഹചര്യത്തിൽ ഒരു ഒന്നാം ഗ്രേഡ് ആശുപത്രിയുടെ നേരിട്ടുള്ള നിരീക്ഷണത്തിൽ അവർക്ക് വേണ്ടുന്ന എല്ലാ വൈദ്യസഹായവും ആവശ്യമായ പരിചരണങ്ങവും രുചികരമായ ഭക്ഷണക്രമീകരണവും നൽകി പരിപാലിക്കുന്നു. തികച്ചും ശുചിത്വപൂർണ്ണവും, ശാന്ത സുന്ദരവുമായ അന്തരീക്ഷം. ആരാധനയ്ക്കും പ്രാർത്ഥനയ്ക്കും വിസിറ്റേഴ്സിനെ കാണുന്നതിനും അവരോടൊപ്പം സമയം ചെലവഴിക്കുന്നതിനുമുള്ള സൗകര്യം. ഫിസിയോതെറാപ്പി, കൗൺസിലിംഗ് തുടങ്ങിയവയും ക്രമീകരിക്കുന്നു. അഭിവന്ദ്യ മെത്രാപ്പോലീത്ത തിരുമേനിയുടെ നേരിട്ടുള്ള നിരീക്ഷണത്തിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൽ ഇപ്പോൾ 114 പേർ സന്തോഷ ത്തോടെ പാർക്കുന്നു.

ഫെലോഷിപ്പ് മൊബൈൽ ക്ലീനിക്ക്: ആശുപത്രിയിലെത്തി ചികിത്സ നേടുവാൻ പരസഹായം വേണ്ടിവരുന്ന വ്യക്തികൾക്ക് അവരുടെ വീട്ടിലെത്തി ആവശ്യമായ പരിശോധന നടത്തി ചികിത്സ നിർണ്ണയിക്കുന്നതിന് ആരംഭിച്ച ഈ സ്കീമിൽ ഇപ്പോൾ 200 ൽപരം അംഗങ്ങളുണ്ട്.

ഫെലോഷിപ്പ് ബ്ലഡ് ബാങ്ക്: നമ്മുടെ ആശുപത്രിയിൽ സ്ഥാപിച്ചിരിക്കുന്ന ബ്ലഡ് ബാങ്കിന്റെ പ്രയോജനം ഇവിടെ എത്തുന്ന രോഗികൾക്കും സമീപ ആശുപത്രിയിൽ രക്തം ആവശ്യമായി വരുന്ന രോഗികൾക്കും ലഭിക്കുന്നു. അപകടങ്ങളാലും, രോഗങ്ങളാലും ശസ്ത്രക്രിയയ്ക്ക് ആവശ്യമായി വരുന്നവർക്ക് രക്തം ദാനമായി നല്കുവാൻ സന്മനസ്സുള്ളവർ ബ്ലഡ് ബാങ്കിലെത്തി രക്തദാനം നിർവ്വഹിക്കാവുന്നതാണ്.

ഗവൺമെന്റ് / ഗവൺമെന്റേതര ഇൻഷുറൻസുകൾ: ഇ.സി.എച്ച്.എസ്സ്. പദ്ധതി പ്രകാരം വിമുക്ത ഭടൻമാർക്കും ആശ്രിതർക്കും സൗജന്യ ചികിത്സ നൽകിക്കൊണ്ടിരിക്കുന്നു. കേരളാ ഗവൺമെന്റിന്റെ കാരുണ്യ ബനവലന്റ് സ്കിം, വിവിധ ഇൻഷുറൻസ് കമ്പനികളുടെ ചികിത്സാ പദ്ധതികൾ തുടങ്ങിവയുടെ സൗകര്യം ഇവിടെ ക്രമീകരിച്ചിരിക്കുന്നു.

മാരാമൺ കൺവെൻഷൻ ക്ലിനിക്ക്: 125-ാമത് മാരാമൺ കൺവെൻഷനിൽ എത്തിയ വിശ്വാസികൾക്ക് ആവശ്യമായ വൈദ്യസഹായം നൽകുന്നതിനു വേണ്ടി ആശുപത്രിയുടെ ക്ലിനിക്ക് മാരാമൺ മണൽപ്പുറത്ത് പ്രവർത്തിച്ചു. അറുനൂറിൽപരം ആളുകൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു.

ഡോ. ജേക്കബ് ഉമ്മൻ അനുസ്മരണ പ്രഭാഷണം: ആശുപത്രി സ്ഥാപകൻ ഡോ. ജേക്കബ് ഉമ്മൻ 10-ാമത് അനുസ്മരണ സമ്മേളനം 2019 നവംബർ 28ബുധനാഴ്ച ആശുപത്രി ചാപ്പലിൽ നടത്തപ്പെട്ടു. അഭിവന്ദ്യ മോസ്റ്റ് റവ. ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്ത അദ്ധ്യക്ഷത വഹിച്ചു. ജസ്റ്റീസ് കെ.റ്റി. തോമസ് അനുസ്മരണ പ്രഭാഷണം നടത്തി.

കുമ്പനാട് ഫെലോഷിപ്പ് ആശുപത്രിയിൽ വിശ്രമിക്കുന്ന പത്മഭൂഷൺ അഭിവന്ദ്യ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ തിരുമേനിക്ക് വേണ്ട ശുശ്രൂഷ നൽകുവാൻ ലഭിച്ചിട്ടുള്ള സമയം ഏറ്റവും അനുഗ്രഹ കരമാണ്. 2019 ഏപ്രിൽ 27 -ന് ആശുപത്രി ചാപ്പലിൽ വച്ച് അഭിവന്ദ്യ തിരുമേനിയുടെ 102-ാം ജൻമദിനം സ്തോത്ര ശുശ്രൂഷയോടെ നടത്തപ്പെട്ടു. അഭിവന്ദ്യ ഡോ. ജോസഫ് മാർ ത്തോമ്മാ മെത്രാപ്പോലീത്ത തിരുമേനിയുടെ മുഖ്യകാർമ്മികത്വത്തിൽ വിശുദ്ധ കുർബ്ബാന അനുഷ്ഠിക്കപ്പെട്ടു. സഭയിലെ മറ്റു തിരുമേനിമാർ സഹകാർമ്മികരായിരുന്നു. രാഷ്ട്രീയ സാമൂഹിക സാമൂദായിക നേതാക്കൾ ഉൾപ്പെടെ അനേകമാളുകൾ പങ്കെടുത്തു. 103-ാം വയസ്സിലേക്ക് പ്രവേശിച്ച അഭിവന്ദ്യ തിരുമേനിക്ക് എല്ലാവിധ ആയുരാരോഗ്യസൗഖ്യങ്ങളും ലഭിക്കു വാൻ പ്രാർത്ഥിക്കുന്നു.

സഭയുടെ പരമാദ്ധ്യക്ഷൻ അഭിവന്ദ്യ മോസ്റ്റ് റവ. ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ നേരിട്ടുള്ള പരിലാളന ഈ ആശുപത്രിക്ക് ലഭിക്കുന്നു. മെത്രാപ്പോലീത്ത തിരുമേനി നമ്മുടെ ആശുപത്രിയുടെ അഡ്മനിസ്ട്രേറ്റീവ് കമ്മറ്റിയുടെ ചെയർമാൻ എന്നതിലുപരി ചെറുതും വലുതുമായ എല്ലാ പ്രവർത്തനങ്ങൾക്കും നേരിട്ട് നേതൃത്വം നല്കുന്നു. അഭിവന്ദ്യ തിരുമേനിയുടെ സജീവമായ നേതൃത്വവും ആലോചനകളും നിർദ്ദേശങ്ങളുമാണ് ആശുപത്രിയെ ഇന്നും നിലനിർത്തിക്കൊണ്ടിരിക്കുന്നത്.

നവതിയിലേക്ക് പ്രവേശിച്ചിരിക്കുന്ന അഭിവന്ദ്യ തിരുമേനിക്ക് ആയുർ ആരോഗ്യസൗഖ്യം അനവര ദമായി ദൈവം തമ്പുരാൻ നല്കി അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

സ്വകാര്യമേഖലയിലും പൊതുമേഖലയിലുമായി രണ്ടു മെഡിക്കൽ കോളേജുകൾ ഉൾപ്പെടെ പത്തോളം സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികൾ നമുക്ക് പത്തു കിലോമീറ്റർ ചുറ്റളവുകളിലായി പ്രവർത്തിക്കുന്നു. എന്നാൽ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നവരും ഇടത്തരക്കാരുമായ സാധാരണക്കാർക്ക് ഈ ആശുപത്രി അഭയകേന്ദ്രമായി തുടരുന്നു. പോക്കറ്റിന്റെ അളവു നോക്കാതെ പണമു ണ്ടെങ്കിലും ഇല്ലെങ്കിലും ഇന്നും ഇവിടെ നിന്നും ചികിൽസ നൽകണ മെന്നാണ് മെത്രാപ്പോലീത്ത തിരുമേനിയുടെ നിർദ്ദേശം. താങ്ങാൻ വയ്യാത്ത സാമ്പത്തിക പ്രതിസന്ധി ഉണ്ടാകുന്നു വെങ്കിലും ദൈവത്തിലാശ്രയം വച്ചു കൊണ്ട്, ഈ ആശുപത്രി സ്ഥാപിക്കാൻ നേതൃത്വം നല്കിയ മഹത് വ്യക്തികൾക്കുണ്ടാ യിരുന്ന ദർശനം ഇന്നും ഇവിടെ നടപ്പാക്കിക്കൊണ്ടിരിക്കുന്നു. ഭാരിച്ച കടബാദ്ധ്യത ഉണ്ടായിരു ന്നപ്പോൾ ആശുപത്രി അടക്കേണ്ടി വരുമോ എന്ന് സംശയിച്ച സാഹചര്യത്തിൽ അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്ത ആശുപത്രിയുടെ മുഴുവൻ കടങ്ങളും ഏറ്റെടുത്ത്, ബാദ്ധ്യത മുഴുവൻ പരിഹരിച്ച് ഈ പ്രസ്ഥാ നത്തെ ഇന്നും നിലനിർത്തുന്നു.

ആരോഗ്യ പരിപാലനരംഗത്ത് ഒരു വർഷം കൂടി പൂർത്തീ കരിക്കുന്നതിന് ഇടയാക്കിയ ദൈവകൃപയെ നന്ദിയോടെ സ്മരിക്കുന്നു. പ്രവർത്തനങ്ങളിൽ സഹകരിക്കുകയും പ്രാർത്ഥനയിൽ ആശുപത്രിയെ ഓർക്കുകയും ചെയ്യുന്ന എല്ലാ സന്മനസ്സുക ളോടും ഹൃദയപൂർവ്വം നന്ദി രേഖപ്പെടു ത്തുന്നു. മെഡിക്കൽ സൂപ്രണ്ടായി ഡോ. വിനോദ് ഫിലി പ്പും, അഡ്മിനിസ്ട്രേറ്ററായി ശ്രീ. റ്റി.പി. ഫിലിപ്പും പ്രവർത്തി ക്കുന്നു.

9.5 മാർത്തോമ്മ മിഷൻ ആശുപത്രി, ചുങ്കത്തറ

മധ്യതിരുവിതാംകൂറിൽ നിന്നുമുള്ള നമ്മുടെ ആളുകളുടെ ഒരു മുഖ്യ കുടിയേറ്റ കേന്ദ്രമായിരുന്ന നിലമ്പൂരിന്റെയും സ മീപ പ്രദേശങ്ങളുടെയും അവികസിത സാഹചര്യങ്ങളും, പ്ര ത്യേകിച്ച് മെച്ചപ്പെട്ട വൈദ്യചികിത്സാ സൗകര്യങ്ങളുടെ അ ഭാവവും കണക്കിലെടുത്തു മാർത്തോമാ സഭ നടത്തിയ ശ്ര ദ്ധേയമായ കാൽവെയ്പ്പായിരുന്നു 1966ൽ തുടക്കം കുറിച്ച ചുങ്കത്തറ മാർത്തോമ്മാ മിഷൻ ആശുപത്രി.

ഭാഗ്യസ്മരണീയരായ യൂഹാനോൻ മാർത്തോമ്മാ മെത്രപൊ ലീത്തയുടെയും മാത്യൂസ് മാർ അത്താനാസ്യോസ് എപ്പി സ്കോപ്പയുടെയും എപ്പിസ്കോപ്പൽ രജതജൂബിലി സ്മാ രകമായിട്ടാണ് ആശുപത്രി ആരംഭിച്ചത്. 50 കിടക്കകളുള്ള ഈ ആശുപത്രിയിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കാ ഷ്വാലിറ്റി, ഫാർമസി, ക്ലിനിക്കൽ ലാബ്, ഡിജിറ്റൽ എക്സ്റേ, ഓപ്പറേഷൻ തിയേറ്റർ തുടങ്ങിയ സൗകര്യങ്ങൾ നിലവിലുണ്ട്. ആശുപത്രിയോട് ചേർന്ന് ഒരു മോർച്ചറിയും പ്രവർത്തി ക്കുന്നു.

മെഡിക്കൽ സൂപ്രണ്ട് ഡോ.എൻ.പി.റാവു ഉൾപ്പെടെ ഓർ ത്തോപീഡിയാട്രിക്സ്, ആർഎംഓ 5 ഡോക്ടർമാർ ഇപ്പോൾ ആശുപത്രിയിൽ പ്രവർത്തിക്കുന്നു. കൂടാതെ, ജനറൽ മെഡി സിൻ, ഇ.എൻ.റ്റി, സർജറി, നെഫ്രോളജി വിഭാഗങ്ങളിലും കൺസൾറ്റൻറ് ഡോക്ടർമാരുടെ സേവനം തുടർച്ചയായി ലഭി ക്കുന്നുണ്ട്. 38 ജീവനക്കാർ വിവിധ വിഭാഗങ്ങളിലായി പ്രവർ ത്തിക്കുന്നു. റിപ്പോർട്ട് വർഷത്തിൽ 29376 പേർ ഒപിയിലും 515 പേർ ഐപിയിലും ചികിത്സ തേടുകയുണ്ടായി.

ദോഹ മാർത്തോമ്മാ ഇടവക ആർ.ഒ പ്ലാന്റും 2 ഡയാലിസി സ് മെഷീനും നൽകി 2017 ൽ പ്രവർത്തനം ആരംഭിച്ച ഡ യാലിസിസ് സെന്ററിൽ ഇപ്പോൾ 6 മെഷീനുകൾ ഉപയോ ഗിച്ച് (ചുങ്കത്തറ നിലമ്പൂർ സന്ററുകളിലെ ഇടവകകൾ 1, ലോങ്ങ് ഐലൻഡ് മാർത്തോമ്മാ ഇടവക 1, മാർത്തോമ്മാ യുവജനസഖ്യം 1, ഡാളസ് കരോൾട്ടൻ മാർത്തോമ്മാ ഇ ടവക 1) രോഗികൾക്ക് ഡയാലിസിസ് നടത്തുന്നു. റിപ്പോർ ട്ട് വർഷത്തിൽ 3064 ഡയാലിസിസ് ഈ സെന്ററിൽ നടന്നി ട്ടുണ്ട്. 650 രൂപ നിരക്കിലാണ് ഡയാലിസിസ് നടത്തുന്നത്. അർഹരായ രോഗികൾക്ക് കുറഞ്ഞ നിരക്കിലും സൗജന്യ മായും ഡയാലിസിസ് നടത്തുന്നു. ഈ ആവശ്യത്തിനായി കൂടുതൽ സ്പോൺസർഷിപ് ലഭിക്കേണ്ടിയിരിക്കുന്നു.

ബാംഗ്ലൂർ തങ്കമ്മ ഇത്താപ്പിരി മെമ്മോറിയൽ (റ്റി.ഐ.എം.റ്റി) ട്രസ്റ്റുമായുള്ള പങ്കാളിത്തത്തിൽ ആശുപത്രിയുടെ നവീകര ണ, വികസന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കാൻ ക ഴിഞ്ഞിട്ടുണ്ട് എന്നതും എടുത്തു പറയേണ്ട വസ്തുതയാണ്. അഭിവന്ദ്യ ഡോ. തോമസ് മാർ തീത്തോസ് തിരുമേനി ചെയർ മാനായുള്ള എച്ച്.എ.സി ഹോസ്പിറ്റൽ പ്രവർത്തനങ്ങൾക്ക് ആവശ്യമായ നേതൃത്വം നൽകുന്നു. മാർത്തോമ്മാ മെഡി ക്കൽ മിഷൻ അധ്യക്ഷൻ അഭിവന്ദ്യ. ഡോ. ജോസഫ് മാർ ത്തോമ്മ മെത്രാപോലിത്ത തിരുമേനിയുടെ ശ്രദ്ധാപൂർവമാ യ മാർഗ്ഗനിർദ്ദേശങ്ങളും, ക്രിയാത്മകമായ നേതൃത്വവും ആ ശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിന് ഏറെ സഹാ യകരമാവുന്നു. റവ. മത്തായി ജോസഫ് ഹോസ്പിറ്റൽ അ ഡ്മിനിസ്ട്രേറ്റർ ആയും പ്രൊഫ. തോമസ് കെ. വർഗ്ഗീസ് ട്രഷറർ ആയും പ്രവർത്തിക്കുന്നു.

10. വികസന പ്രവർത്തനങ്ങൾ

10.1. ഡവലപ്പ്മെന്റ് ഡിപ്പാർട്ടുമെന്റ്

മാർത്തോമ്മാ സഭ ഡവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റ് 1977 ൽ ആരംഭിച്ചു. മനുഷ്യന്റെ സമഗ്രവളർച്ച ലക്ഷ്യമാക്കി ഇടവക കളിൽ വികസന സംഘങ്ങൾ രൂപീകരിച്ച് ഇടവക, സെന്റർ, ഭദ്രാസന, കേന്ദ്ര തലങ്ങളിൽ പ്രവർത്തിക്കുന്നു. ദാരിദ്ര്യ നിർമ്മാർജ്ജനം, മെച്ചമായ വിദ്യാഭ്യാസം, മാരക രോഗ ങ്ങളിൽ നിന്നുള്ള വിടുതൽ, പരിസര ശുചീകരണം, പ്രകൃ തിക്കനുയോജ്യമായ ജീവിതശൈലി എന്നിവയിലൂടെ ദൈവം സൃഷ്ടിച്ച ലോകത്തിന്റെ കാവൽക്കാരായി ഓരോ ഇടവക യേയും സജ്ജമാക്കുന്നതിനുള്ള വൈവിദ്ധ്യമാർന്ന പദ്ധതി കൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നു. ഇടവക വികസന സംഘ ങ്ങൾക്ക് വായ്പ നൽകി വികസന സമിതിയംഗങ്ങൾ തൊഴി ലിലൂടെ വരുമാനം വർദ്ധിപ്പിച്ച് സ്വാഭിമാനം വളർത്തുന്നതിന് ശ്രമിക്കുന്നു. സമ്പാദ്യശീലം വളർത്തി ഭാവി സുരക്ഷിതമാ ക്കുന്നതിന് പ്രോത്സാഹനം നൽകുന്നു. 252 വിദ്യാർത്ഥി കൾക്ക് 1992 മുതൽ വിദ്യാഭ്യാസ സഹായ വായ്പ നൽകി. വിദേശത്തും സ്വദേശത്തും മെച്ചമായ രീതിയിൽ ജോലി ചെയ്ത് കുടുംബത്തിന്റെ സംരക്ഷണം ഇവർ ഉറപ്പുവരു ത്തുന്നു.

ഇടവക വികസന സംഘങ്ങൾ, വികസന സമിതികൾ എന്നി വയാണ് വികസന പ്രവർത്തനങ്ങളുടെ മാധ്യമങ്ങൾ. ഗ്രാമ തല വികസനപ്രവർത്തനങ്ങക്ക് പ്രാദേശികമായി ചുക്കാൻ പിടിക്കുന്നതിനുള്ള വേദിയാണ് ഇടവക വികസന സമിതി കൾ. ഓരോ ഇടവകയും അതതു പ്രദേശത്ത് ഉപ്പായും വെളി ച്ചമായും നിലനില്ക്കണമെന്ന് സഭയുടെ ദർശനമാണ് ഇട വക വികസന സംഘങ്ങളുടെ രൂപീകരണത്തിനു പ്രേരക മാകുന്നത്. വികസന സമിതിയിലൂടെ ലഘു സമ്പാദ്യപദ്ധതി, മാലിന്യ സംസ്കരണ സംവിധാനങ്ങൾ, മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണ പരീശീലനം, ആരോഗ്യ പരിരക്ഷാ പദ്ധ തികൾ, ജൈവകൃഷി രീതികൾ, പരിസ്ഥിതി ബോധവൽക്ക രണം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നു.

എല്ലാ വർഷവും ജൂലൈ രണ്ടാമത്തെ ആഴ്ച വികസന വാര മായും ഞയാറാഴ്ച വികസന ഞായർ ആയി ആചരിക്കു കയും ചെയ്യുന്നു. സഭയുടെ വികസന പ്രവർത്തനങ്ങളെ കുറിച്ച് പ്രസ്താവിക്കുകയും വികസന പ്രവർത്തനങ്ങൾക്ക് പങ്കാളിത്തം നൽകുകയും പ്രത്യേക ആരാധനക്രമം അനു സരിച്ച് ആരാധന നടത്തുകയും ചെയ്യുന്നു. വികസനവാര ത്തിന്റെ ഔപചാരികമായ കേന്ദ്രതല ഉദ്ഘാടനം 2019 ജൂലൈ 7 ഞായറാഴ്ച അകംകുടി ബഥേൽ മാർത്തോമ്മാ ഡയറ ക്ടർ റവ. ഏബ്രഹാം പി. വർക്കിയുടെ അദ്ധ്യക്ഷതയിൽ മാർത്തോമ്മ ഡവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റ് പ്രസിഡന്റ് അഭിവന്ദ്യ തോമസ് മാർ തിമൊഥേയോസ് എപ്പിസ്കോപ്പ നിർവ്വഹിച്ചു. വികസന സംബന്ധമായ വിഷയത്തെ അധിക രിച്ച് പഠന സമ്മേളനവും സെമിനാറും സംഘടിപ്പിക്കുന്നു. 2019 ലെ പഠന വിഷയം പ്രാദേശിക ഇടവകകളും ബദൽ വികസന അന്വേഷണങ്ങളും എന്നതായിരുന്നു.

സഭയുടെ ദൗത്യനിർവ്വഹണത്തിന്റെ ഭാഗമായി ഇടവകജനങ്ങ ളിൽ സാമൂഹിക അവബോധം സൃഷ്ടിക്കുന്നതിനും സാമൂ

ഹിക നന്മയും പൊതുസമൂഹത്തിന്റെ വികസനത്തിനും ഊന്നൽ നൽകി പ്രവർത്തനം നിർവ്വഹിക്കുന്നതിനുവേണ്ടി ഭദ്രാസന അടിസ്ഥാനത്തിൽ ഏകദിന നേതൃത്വ പരിശീലന ക്യാമ്പ് ഡിപ്പാർട്ട് മെന്റിന്റെ ചുമതലയിൽ നടത്തിവരുന്നു. ഇപ്പോൾ 10 ഭദ്രാസനങ്ങളിലായി 210 ഇടവകകൾ വികസന സംഘങ്ങൾ രൂപീകരിച്ച് കേന്ദ്ര ഡവലപ്പ്മെന്റെ ഡിപ്പാർട്ടുമെന്റിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഭദ്രാസന തലത്തിലും സെന്റർ തലത്തിലും വിവിധ പരിപാടികളും പഠന സമ്മേളനങ്ങളും സെമിനാറുകളും ക്രമീകരിക്കുന്നു. 2020-2023 വർഷത്തേക്കുള്ള കേന്ദ്ര വികസനസംഘം രജിസ്ട്രേഷൻ നടന്നുവരുന്നു.

ഈ വർഷവും ഡവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റിന്റെ ചുമതലയിൽ മാരാമൺ കൺവൻഷനോടനുബന്ധിച്ച് മാരാമൺ മണൽപ്പുറത്ത് ആഫീസ് സ്റ്റാളും ഭക്ഷണശാലയും പ്രവർത്തിച്ചു. ഭക്ഷണശാല കണ്ണമംഗലം സെന്റ് പോൾസ് മാർത്തോമ്മാ വികസന സംഘത്തിന്റെ ആഭിമുഖ്യത്തിലാണ് നടത്തിയത്. ഡവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റിന്റെ പ്രവർത്തനങ്ങളെ കുറിച്ച് ജനങ്ങളുമായിട്ട് ആശയവിനിമയം നടത്തുവാൻ ആഫീസ് സ്റ്റാളിൽ കൂടി സാധിച്ചു. S.C.S. കാമ്പസിലെ കാന്റീൻ, ഇൻഫോ സെന്റർ, പുല്ലാട്ട് വസ്തുവിലുള്ള കാർഷിക സംരംഭങ്ങൾ എന്നിവ ഡവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നു. വികസന സന്ദേശം ഡവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റിന്റെ മുഖപത്രമാണ്. അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്ത രക്ഷാധികാരി, അഭിവന്ദ്യ തോമസ് മാർ തിമോഥെയോസ് എപ്പിസ്ക്കോപ്പാ പ്രസിഡന്റ്, ശ്രീ. ജോസഫ് ഇലവുംമൂട് വൈസ് പ്രസിഡന്റ്, റവ. ഏബ്രഹാം പി. വർക്കി. ഡയറക്ടർ, റവ. ബി. തോമസ് അസി. ഡയറക്ടർ, ശ്രീ. ജെറി ഈശോ ഉമ്മൻ ട്രഷറാർ കൂടാതെ 17 അംഗങ്ങളടങ്ങിയ മാനേജിംഗ് കമ്മിറ്റിയും ഡവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

10.2 ബാക്ക്‌വേർഡ് കമ്മ്യൂണിറ്റി ഡവലപ്പ്മെന്റ് കമ്മീഷൻ (BCDC)

മാർത്തോമ്മ സഭയിലെ പിന്നോക്ക വിഭാഗത്തിൽപ്പെട്ട ജനങ്ങളുടെ ക്ഷേമവും പുരോഗമനവും ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന പിന്നോക്ക വിഭാഗ വികസന കമ്മീഷൻ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് സാധിച്ചു. വീടുകളുടെ അറ്റകുറ്റപ്പണിക ൾക്കായി 25 കുടുംബങ്ങൾക്ക് 2,50,000 രൂപയും വിദ്യാഭ്യാസ സഹായമായി 10 പേർക്ക് 1,00,000 രൂപയും ഈ സാമ്പത്തിക വർഷം ചെലവഴിച്ചു. ബി.സി.ഡി.സിയുടെ ചെയർമാനായി അഭിവന്ദ്യ ഡോ. തോമസ് മാർ തീത്തോസ് എപ്പിസ്ക്കോപ്പായും കൺവീനറായി ജേക്കബ് ഇമ്മാനുവേലും പ്രവർത്തിക്കുന്നു.

10.3 ക്രിസ്ത്യൻ ഏജൻസി ഫോർ റൂറൽ ഡെവലപ്പ്മെന്റ് (CARD)

എളിയവരോടും ദരിദ്രരോടും ഉള്ള കരുതലും സ്നേഹവും ക്രിസ്തീയ ദൗത്യത്തിന്റെ പ്രധാന ഭാഗമാണ്. ഈ ക്രിസ്തീയ ദൗത്യത്തെ മതേതര മേഖലകളിൽ നടപ്പിലാക്കുന്ന മാർത്തോമ്മാ സഭയുടെ സാമൂഹിക സേവന വിഭാഗമാണ് കാർഡ്. 1977 ൽ സൊസൈറ്റിയായി രജിസ്റ്റർ ചെയ്ത് ഭാരതത്തിലെ ദരിദ്രരും പീഡിതരും, പാർശ്വവൽക്കരിക്കപ്പെട്ടവരുമായ ജനങ്ങൾക്ക് വിദ്യാഭ്യാസം, സമൂഹിക, ആരോഗ്യ, സാമ്പത്തിക സുരക്ഷ പദ്ധതിയിലൂടെ മെച്ചമായ ജീവിത നിലവാരത്തിലേക്ക് ഉയർത്തുവാൻ കാർഡിനു കഴിഞ്ഞിട്ടുണ്ട്. കേരളം ഉൾപ്പെടെ 7 സംസ്ഥാനങ്ങളിൽ വികസനപ്രവർത്തനങ്ങൾക്ക് കാർഡ് നേതൃത്വം നൽകുന്നു. അഖിലലോക സഭാ കൗൺസിലിൽ (WCC) അംഗത്വമുള്ള സഭകളുടെ വികസന കൂട്ടായ്മയായ Act Alliance ൽ കാർഡ് സ്ഥിരാംഗമാണ്.

പ്രളയാനന്തര ദുരിതാശ്വാസ പ്രവർത്തനം: പ്രളയാനന്തര നവകേരള സൃഷ്ടിയിൽ വിവിധ സംഘടനകളുടെ സഹായത്താൽ മൂന്നാം ഘട്ടമായി പുനർ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. നിലമ്പൂർ, വഴിക്കടവ്, ചുങ്കത്തറ, എടക്കര പഞ്ചായത്തുകളിലെ 500 കുടുംബാംഗങ്ങൾക്ക് ദുരിതാശ്വാസ സഹായം നൽകി. വയനാട്ടിൽ KNH ന്റെ സഹായത്തോടെ നടന്നുവന്ന വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി ഭംഗിയായി പൂർത്തികരിച്ചു. പ്രൊജക്ടിന്റെ ഭാഗമായി അറ്റകുറ്റപണി ചെയ്ത വീടുകളുടെ സമർപ്പണം അഭിവന്ദ്യ തോമസ് മാർ തിത്തോസ് എപ്പിസ്കോപ്പാ നിർവ്വഹിച്ചു. 500 ആദിവാസി കുടുംബങ്ങൾക്ക് പ്രൊജക്ടിന്റെ സേവനം ലഭിച്ചു.

വിദ്യാഭ്യാസ മേഖല

കാർഡ് കെയർ: വിദ്യാഭ്യാസ സഹായ പദ്ധതിയായ കാർഡ് കെയറിലൂടെ അയ്യായിരത്തിലധികം നിർധന കുട്ടികളെ സഹായിക്കുന്നു. ചൈൽഡ് ഫോക്കസ്ഡ് കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് പ്രോജക്ട് (CFCD) വയനാട്, പൂയംകുട്ടി, ചെങ്കോട്ട കൂടാതെ മലപ്പുറം ജില്ലയിലെ ചുങ്കത്തറ, പോത്ത്കല്ല് ഗ്രാമപഞ്ചായത്തുകളിൽ കേരള സോഷ്യൽ വെൽഫയർ ബോർഡിന്റെ ധനസഹായത്തോടെ അഞ്ച് ക്രഷ് സെന്ററുകൾ പ്രവർത്തിക്കുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 16 കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനുള്ള സ്കോളർഷിപ്പ് നൽകി.

Light to Life: മാർത്തോമ്മാ സഭയുടെ North America Europe ഭദ്രാസനത്തിന്റെ മിഷൻ ബോർഡിന്റെയും കാർഡിന്റെയും ആഭിമുഖ്യത്തിൽ Light to Life പ്രവർത്തനങ്ങൾ നടത്തിവരുന്നു. കാർഡിന്റെ ആഭിമുഖ്യത്തിൽ ഇന്ത്യയുടെ 7 സംസ്ഥാനങ്ങളിലായി 1100 കുട്ടികൾ ഇതിന്റെ ഭാഗമാണ്. കേരളത്തിൽ (വയനാട്, വട്ടവട) തമിഴ്നാട്ടിൽ (ചെങ്കോട്ട) ഒറീസ (കലഹാണ്ടി) ബിലാസ്പൂർ (അമേരി), മുംബൈ (പൾസായി) മദ്ധ്യപ്രദേശ് (ക്ഷിപ്ര) ഡൽഹി (സഫേറാ) എന്നി സംസ്ഥാനങ്ങളിലാണ് CARD Light to Life പ്രവർത്തനങ്ങൾ നടക്കുന്നത്. സാമ്പത്തികമായും, സാമൂഹികമായും പിന്നോക്കം നിൽക്കുന്ന കുട്ടികളെയാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കോവിഡ്-19 പ്രവർത്തനങ്ങളിൽ Light to Life ൽ 1100 കുട്ടികളും അവരുടെ കുടുംബംങ്ങൾക്കും ഭക്ഷ്യകിറ്റ്, വ്യക്തി ശുചിത്വ സാധനങ്ങൾ, ഓൺലൈൻ പഠനസൗകര്യങ്ങൾ, മാസ്ക്, സാനിറ്റൈസർ മുതലായവയും എല്ലാ പ്രോജക്ടിലും വിതരണം ചെയ്തുവരുന്നു. കോവിഡ്-19 ബോധവത്ക്കരണം, മാസ്ക് നിർമ്മാണം, സാനിറ്റൈസർ നിർമ്മാണം മുതലായവയും Light to Life ന്റെ ഭാഗമായി നടത്തിവരുന്നു.

സ്കൂളുകൾ: മദ്ധ്യപ്രദേശിലെ ക്രിസ്തു സേവാകേന്ദ്രത്തിന്റെ (KSK) അഭിമുഖ്യത്തിൽ സെന്റ് തോമസ് ഇംഗ്ലീഷ് മീഡിയം ഹയർസെക്കൻഡറി സ്കൂളും അഞ്ച് ഗ്രാമജ്യോതി സ്കൂളുകളും പ്രവർത്തിച്ചുവരുന്നു.

ആരോഗ്യമേഖല

കാർഡ് സുരക്ഷ പ്രോജക്ട്, കൊട്ടാരക്കര: നാഷണൽ എയ്ഡ്സ് കൺട്രോൾ ഓർഗനൈസേഷന്റെയും (NACO), കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി (KSACS) എന്നിവയുടെ സഹായത്തോടെ കൊല്ലം ജില്ലയിലെ കൊട്ടാരക്കര കേന്ദ്രമാക്കി കാർഡ് സുരക്ഷ പ്രോജക്ട് നടന്നുവരുന്നു. എച്ച്.ഐ.വി./എയ്ഡ്സ് രോഗ പ്രതിരോധ പ്രവർത്തനം മൂലം പകർച്ച തടയുന്നതുവഴി സമൂഹത്തെ സംരക്ഷിക്കുകയും ലൈംഗീക തൊഴിലാളികൾക്ക് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും പ്രതിരോധ ചികിത്സകൾ നൽകുന്നതുമാണ് പ്രോജ്ക്ടിന്റെ ലക്ഷ്യം. റിപ്പോർട്ടു വർഷത്തിൽ 1351 ലൈംഗീക തൊഴിലാളികൾക്കു പ്രോജക്ടി ന്റെ സേവനം ലഭിച്ചു. A-Grade -ലേക്ക് project ന് KSACS ന്റെ അംഗീകാരം ലഭിച്ചു.

കൃഷി വിജ്ഞാന കേന്ദ്രം: ഗ്രാമീണ മേഖലയിലെ യുവതിയുവാക്കളെ കാർഷിക മേഖലയിലേക്ക് ആകർഷിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിലൂടെ വരുമാനം ഉറപ്പാക്കാനും അവരെ സ്വയംപര്യാപ്തരാക്കുവാനും ഭിന്നശേഷിയുള്ള കുട്ടികൾക്ക് കാർഷിക മേഖലയിലെ തൊഴിൽ പരിശീലനത്തിലൂടെ സ്വയം പര്യാപ്തരാക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി. സ്കൂൾ കുട്ടികൾക്കായി മുകുളം പദ്ധതി, റേഡിയോ മാക്ഫാസ്റ്റുമായി ചേർന്ന് കൃഷിജാലകം എന്ന കമ്മ്യൂണിറ്റി റേഡിയോ പ്രോഗ്രാം, ലോകപരിസ്ഥിതിദിനം, ഭക്ഷ്യദിനം, മണ്ണ്ദിനം, മഹിളാ കിസാൻ ദിവസ്, കാർഷിക ദിനം തുടങ്ങിയ പ്രധാനപ്പെട്ട ദിനാചരണങ്ങൾ മഹാത്മാഗാന്ധിയുടെ 150-ാം ജന്മദിനവാർഷികത്തോടനുബന്ധിച്ച് ക്ലീൻ ഇന്ത്യ, ഗ്രീൻ ഇന്ത്യ പദ്ധതി എന്നിവ നടപ്പിലാക്കി. 2019-20

വർഷം 182 പരിശീലനങ്ങൾ ക്രമീകരിച്ചു. 6188 പേർ പരിശീലനങ്ങളിൽ പങ്കെടുത്തു. കെ.വി.കെ.യിലെ ഉദ്യോഗസ്ഥർക്കായി Capacity Building and Leadership Development എന്ന വിഷയത്തിൽ പരിശീലനം നടത്തി. സ്റ്റേറ്റ് റിസോഴ്സ് സെൻട്രൽ ഫോർ ജാക്ക്ഫ്രൂട്ട് എന്ന പദ്ധതിയുടെ ഭാഗമായി 5 ദിവസത്തെ പരിശീലനം നൽകി. ഭിന്നശേഷിയുള്ളവർക്കും അവരുടെ മാതാപിതാക്കൾക്കും കൃഷി വിജ്ഞാന കേന്ദ്രത്തിലും അവരുടെ ഭവനങ്ങളിലും വെച്ചും പരിശീലനം നൽകി. ജൈവവൈവിദ്ധ്യ സംരക്ഷണം, ഭക്ഷ്യസുരക്ഷ എന്നിവയ്ക്ക് മുകുളം 2019 പദ്ധതിയിലൂടെ ഏർപ്പെടുത്തിയിട്ടുള്ള ജോസഫ് മാർത്തോമ്മാ ഏവറോളിംഗ് ഗ്രീൻ ട്രോഫി ക്യാഷ് അവാർഡിനും മഞ്ഞാടി മാർത്തോമ്മാ സേവികാ സംഘം സ്കൂൾ അർഹരായി.

തൊഴിൽ പരിശീലനം: സോപ്പ്, സോപ്പ് ഉത്പന്നങ്ങൾ, ലോഷൻ, മെഴുകുതിരി, സ്കാഷ്, ജാം, ആഭരണം നിർമ്മാണം, പേപ്പർബാഗ്, സൗന്ദര്യ വർദ്ധക വസ്തുക്കൾ, ഫർണിച്ചർ നിർമ്മാണം, ബാഗ് നിർമ്മാണം, കൂട നിർമ്മാണം, തയ്യൽ എന്നിവ കാർഡിന്റെ വിവിധ തൊഴിൽ പരിശീലന കേന്ദ്രങ്ങളായ ഹരിപ്പാട്, പമ്പാവാലി, റാന്നി, കാർഡ് ബെറ്റർ ഹോം, തിരുവല്ല എന്നി യൂണിറ്റുകളിൽ നൽകിവരുന്നു.

ഗ്രാമശക്തി/ഗ്രാമോൽപ്പന്നം: കാർഡിന്റെ വിവിധ യൂണിറ്റുകളിൽ ഉല്പാദിപ്പിക്കുന്ന തേൻ, ഹാൻഡിക്രാഫ്റ്റ്, കുർബാന അപ്പം, വീഞ്ഞ്, പള്ളി ഉപകരണങ്ങൾ എന്നിവ തിരുവല്ല എം.സി. റോഡിലുള്ള കാർഡിന്റെ ഗ്രാമോത്പന്നം ഷോറൂമിലും, ഗ്രാമശക്തിയിലും ലഭ്യമാണ്. കൂടാതെ Ferrocement Tank, മാലിന്യസംസ്കരണ സംഭരണി എന്നിവയും നിർമ്മിച്ചു നൽകിവരുന്നു. മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തുമായി സഹകരിച്ച് 150 കിണർ റീചാർജ്ജിംഗ് നടത്തി. കുപ്പായം, കുർബ്ബാന കുപ്പായം എന്നിവ തയ്ക്കുന്നു. ഒരു യൂണിറ്റ് കാർഡ് ബെറ്റർ ഹോമിനോടനുബന്ധിച്ച് പ്രവർത്തനം ആരംഭിച്ചു.

12AA രജിസ്ട്രേഷൻ: Income Tax Department –ൽ നിന്നും കാർഡിന് 2019 ൽ 12 AA രജിസ്ട്രേഷൻ ലഭിച്ചു. ഇത് കാർഡിന്റെ വരും കാല പ്രവർത്തനങ്ങൾക്ക് കൂടുതൽ ഉത്തേജനം ലഭിക്കും.

സഭയുടെ അംഗീകൃത സംഘടനകളുടെയും സഭാ കൗൺസിലിന്റെയും പ്രതിനിധികൾ ഉൾപ്പെട്ട ജനറൽ ബോഡിയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടവരും ഉൾപ്പെടെ 15 അംഗ ഗവേണിംഗ് ബോർഡ് ഭരണകാര്യങ്ങൾക്ക് നേതൃത്വം നൽകുന്നു. റൈറ്റ് റവ. തോമസ് മാർ തിമൊഥെയോസ് എപ്പിസ്കോപ്പ പ്രസിഡന്റായും റവ. കെ.ജി. ജോസഫ് (സഭാ സെക്രട്ടറി) സെക്രട്ടറിയായും റവ. ഏബ്രഹാം പി. വർക്കി ഡയറക്ടറായും റവ. ബി. തോമസ് അസ്സി. ഡയറക്ടറായും ശ്രീ. ജോസി കുര്യൻ ട്രഷററായും പ്രവർത്തിച്ചുവരുന്നു. മാർത്തോമ്മാ സഭ ബിൽഡിങ്ങിന്റെ ഒന്നാം നിലയിൽ കാർഡിന്റെ സെൻട്രൽ ഓഫീസ് പ്രവർത്തിച്ചുവരുന്നു.

11. മദ്യവർജ്ജന ചികിത്സാ പുനരധിവാസ പ്രവർത്തനങ്ങൾ

11.1. മോചന ലഹരി ആസക്തി വിമോചന ചികിത്സാ കേന്ദ്രം, മാങ്ങാനം

1993 സെപ്തംബർ 2, ഭാഗ്യസ്മരണീയനായ അഭിവന്ദ്യ ഡോ. സഖറിയാസ് മാർ തെയോഫിലോസ് സഫ്രഗൻ മെത്രാപ്പോലീത്താ തിരുമേനിയുടെ ദർശനത്തിൽ, കോട്ടയം-കൊച്ചി ഭദ്രാസനത്തിന്റെ പദ്ധതിയായി മോചന ആരംഭിച്ചു. 4 മദ്യപാന രോഗികളുടെ ചികിത്സയോടുകൂടി ആരംഭിച്ച മോചന 26 വർഷം പിന്നിട്ടപ്പോൾ പതിനായിരത്തിൽ അധികം മദ്യപാന രോഗികളുടെ സൗഖ്യ ജീവിതത്തിനു സാക്ഷ്യം വഹിച്ചു.

ചികിത്സാ രീതികൾ: 30 ദിവസം ദൈർഘ്യമുള്ള ചികിത്സാ പദ്ധതിയാണ് ക്രമീകരിച്ചിട്ടുള്ളത്. ശരീരം, മനസ്സ്, ആത്മാവ് എന്നീ മൂന്നു തലങ്ങളെ സമഗ്രമായി കൈകാര്യം ചെയ്യത്തക്കവണ്ണം ക്ലിനിക്കൽ, സൈക്കോളജിക്കൽ, സ്പിരിചൽ എന്നീ തലങ്ങളിലായിട്ടാണ് ചികിത്സ ക്രമീകരിക്കുന്നത്. മെഡിക്കൽ കെയർ, ബോധവൽക്കരണ ക്ലാസുകൾ, വ്യക്തിഗത കൗൺസിലിംഗ്, ഫാമിലി കൗൺസിലിംഗ്, ഗ്രൂപ്പ് കൗൺസിലിംഗ്, റിലാക്സേഷൻ തെറാപ്പി, മെഡിറ്റേഷൻ & യോഗ, പ്രാർത്ഥന എന്നിവയാണ് ചികിത്സാരീതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രത്യേകം തയ്യാറാക്കിയ സിലബസ് അനുസരിച്ച് ക്ലാസുകൾ ക്രമീകരിച്ചു.

ലഹരി ആസക്തിചികിത്സയും കൗൺസിലിംഗും: റിപ്പോർട്ട് വർഷം 220 ആളുകൾ ചികിത്സയ്ക്കായി രജിസ്റ്റർ ചെയ്തു. ലഹരി ആസക്തരും അവരുടെ കുടുംബങ്ങളും ചികിത്സയ്ക്കും കൗൺസിലിംഗിനും വിധേയരായി. കൂടാതെ വിവാഹ പൂർവ്വ കൗൺസിലിംഗിന് 23 പേരും ഫാമിലി കൗൺസിലിംഗിന് 6 കുടുംബങ്ങളും, സ്റ്റുഡന്റ്സ് കൗൺസിലിംഗിന് 20 വിദ്യാർത്ഥികളും, ഇതര കൗൺസിലിംഗിനായി 11 വ്യക്തി കളും വിധേയരായിട്ടുണ്ട്.

വിദ്യാർത്ഥികൾക്കായുള്ള ക്ലാസുകൾ: തലപ്പാടി നേഴ്സിംഗ് കോളജ്, വടവാതൂർ ഗിരിദീപം കോളജ്, ടൈറ്റസ് II ടീച്ചേഴ്സ് കോളജ്, അമലഗിരി TMA കൗൺസിലിംഗ് ഇൻസ്റ്റിട്യൂട്ട്, എന്നീ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്കായി ലഹരി ആസക്തിയെ ക്കുറിച്ചും ചികിത്സാ മാർഗ്ഗങ്ങളെക്കുറിച്ചും ക്ലാസുകൾ നടത്തി.

അനുധാവനം (Follow- up): ചികിത്സ കഴിഞ്ഞ് പോകുന്നവർക്ക് അനുധാവന കൗൺസിലിംഗിനായി അവസരങ്ങൾ ഒരുക്കി. മാസത്തിന്റെ മൂന്നാം ബുധനാഴ്ചയിൽ അനുധാവന കൂടിവരവുകൾ ക്രമീകരിച്ചു. 11 മീറ്റിംഗുകൾ നടന്നു. കൂടാതെ എല്ലാ വ്യാഴാഴ്ചയും വൈകിട്ട് 6.30നു എ.എ. കൂട്ടായ്മയും നടന്നു.

ക്രിസ്തുമസ് കുടുംബ സംഗമം: ലഹരി വിമുക്തി നേടിയ കുടുംബങ്ങളുടെ ക്രിസ്തുമസ് കുടുംബസംഗമം 2019 ഡിസംബർ 18-നു മോചനയിൽ നടന്നു. റവ. ബോബി ഫിലിപ്പ് ക്ലാസുകൾക്ക് നേതൃത്വം നൽകി.

മോചന ദിനം: 2019 സെപ്തംബർ 2-നു മോചന 26 വർഷം പൂർത്തീകരിച്ചു. അന്നേദിവസം വിശുദ്ധ കുർബ്ബാനയ്ക്കും സ്തോത്ര പ്രാർത്ഥനയ്ക്കും ഭദ്രാസന സെക്രട്ടറി റവ. ടി. എസ്. ഫിലിപ്പ് നേതൃത്വം നൽകി.

മോചന പ്രസിദ്ധീകരണങ്ങൾ: ലഹരിരഹിത ജീവിതത്തിനു സഹായകരമായ ലേഖനങ്ങൾ, മാർഗ്ഗനിർദേശങ്ങൾ, അനുഭവ സാക്ഷ്യങ്ങൾ എന്നിവ ഉൾപ്പെടുത്തി 'മോചന' മാഗസിൻ പ്രസിദ്ധീകരിച്ചു.

പുളിന്തറകുന്നേൽ പി.സി. ജോർജ് അനുസ്മരണ ഉപന്യാസമത്സരവും: മോചനയുടെ പ്രവർത്തകനായിരുന്ന പുളിന്തറകുന്നേൽ ശ്രീ. പി.സി. ജോർജിന്റെ അനുസ്മരണാർത്ഥം സ്കൂൾ, കോളജ് തലങ്ങളിലുള്ള വിദ്യാർത്ഥികൾക്കായി നടത്തപ്പെടുന്ന ഉപന്യാസ മത്സരവും ക്രമീകരിച്ചു. വിദ്യാർത്ഥികളിൽ വർദ്ധിച്ചുവരുന്ന ആസക്തികൾ എന്തെല്ലാം? എങ്ങനെ നിങ്ങളുടെ സുഹൃത്തിനെ ആസക്തിയിൽ നിന്നും രക്ഷിക്കാം എന്ന വിഷയത്തെ അടിസ്ഥാനമാക്കി നടത്തിയ മത്സരത്തിൽ 101 വിദ്യാർത്ഥികൾ പങ്കെടുത്തു.

വാർഷിക ദിനാചരണവും പി. സി. ജോർജ് അനുസ്മരണ പ്രഭാഷണവും: 2019 ഡിസംബർ 2 ന് വാർഷിക ദിനാചരവും മുണ്ടകപ്പാടം പി.സി. ജോർജ് അനുസ്മരണ പ്രഭാഷണവും നടന്നു. അഭിവന്ദ്യ ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പ വാർഷിക ദിനാചരണം ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. ഡോ. എം.പി. മത്തായി നവോത്ഥാനവും നവീകര ണവും അന്നും ഇന്നും എന്ന വിഷയത്തെ അടിസ്ഥാനമാക്കി പ്രഭാഷണം നിർവ്വഹിച്ചു.

രജത ജൂബിലി സ്മരണിക പ്രകാശനം: മോചനയുടെ ദർശനവും, 25 വർഷത്തെ ചരിത്രവും, നിരവധി ലേഖനങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള രജത ജൂബിലി സ്മരണിക ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ. പ്രകാശനം ചെയ്തു. അഭിവന്ദ്യ ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പാ ആദ്യപ്രതി ഏററുവാങ്ങി.

ഔട്ട്റീച്ച് പ്രോഗ്രാം: കോട്ടയം-കൊച്ചി ഭദ്രാസനത്തിന്റെ വിവിധ മേഖലകളിൽ ഇടവകകൾ കേന്ദ്രീകരിച്ച് ലഹരി വിമുക്തി നേടിയവരുടെ കൂടിവരവ്, കൗൺസിലിംഗ്, ബോധവത്കരണം, ഭവന സന്ദർശനം എന്നിവ ക്രമീകരിച്ചു. തിരുവനന്തപുരം മേഖലയിൽ ചികിത്സ കഴിഞ്ഞ് പോയവരുടെ കൂടിവരവ് ജെ.എം.എം സ്റ്റഡി സെന്ററിൽ

ക്രമീകരിച്ചു.

വിശുദ്ധ കുർബ്ബാന: ആവശ്യാനുസരണം മോചന ചാപ്പലിൽ വിശുദ്ധ കുർബ്ബാന ക്രമീകരിച്ചു. റിപ്പോർട്ടു വർഷം 6 കുർബ്ബാന ശുശ്രൂഷകൾ നടന്നു. ചികിത്സക്കായി വരുന്നവർ, അവരുടെ കുടുംബാംഗങ്ങൾ, സ്റ്റാഫ് എന്നിവർ ശുശ്രൂഷകളിൽ സംബന്ധിച്ചു.

ഇന്റേൺഷിപ്പ് പ്രോഗ്രാം: വിവിധ കോളേജുകളുടെ ആവശ്യപ്രകാരം സൈക്കോളജി, സോഷ്യൽവർക്ക്, B.Ed. വിദ്യാർത്ഥികൾക്കായി ഇന്റേൺഷിപ്പ് ക്രമീകരിച്ചു.

ഗവേണിംഗ് ബോർഡ്: അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ അദ്ധ്യക്ഷനായ 11 അംഗ ഗവേണിംഗ് ബോർഡ് കാര്യനിർവ്വഹണ സമിതിയായി പ്രവർത്തിക്കുന്നു. റവ. കെ.പി. സാബു ഡയറക്ടറായും റവ. ജോസഫ് ജോണി ട്രഷറാർ ആയും പ്രവർത്തിച്ചു.

11.2 നവജീവകേന്ദ്രം, മലയാലപ്പുഴ

മാർത്തോമ്മാ സഭ റാന്നി നിലയ്ക്കൽ ഭദ്രാസനത്തിന്റെയും സുവിശേഷ പ്രസംഗസംഘത്തിന്റേയും സംയുക്ത സംരംഭമായി കൃപസമിതിയുടെ കീഴിൽ മലയാലപ്പുഴയിൽ 1989 ആരംഭിച്ച നവജീവകേന്ദ്രം ഡി അഡിക്ഷൻ സെന്റർ ലഹരി ആസക്തർക്കുള്ള ചികിത്സയും റിഹാബിലിറ്റേഷനും നൽകിവരുന്നു.

ചികിത്സ: ലഹരി ആസ്ക്ത രോഗികളായവർക്ക് 21 മുതൽ 31 ദിവസം വരെ വീണ്ടുനിൽക്കുന്ന ചികിത്സാ പദ്ധതിയാണ് ക്രമീകരിച്ചിട്ടുള്ളത്. യോഗ, മെഡിറ്റേഷൻ പ്രാർത്ഥന ക്ലാസ്സുകൾ, തെറാപ്പികൾ വ്യക്തിഗത കൗൺസിലിങ്ങുകൾ, കുടുംബ കൗൺസിലിങ്ങുകൾ മരുന്നുകൾ എന്നിവയിലൂടെ ഓരോ ലഹരി ആസക്തന്റേയും ശാരീരിക, മാനസിക തലങ്ങളെ ഏകോപിപ്പിച്ച് സാധാരണ ജീവിതത്തിലേക്ക് എത്തിക്കുന്നു. റിപ്പോർട്ട് വർഷം 200 കുടുംബങ്ങൾക്ക് ചികിത്സ ലഭ്യമാക്കിയിട്ടുണ്ട്.

അനുധാവനപ്രവർത്തങ്ങൾ: ചികിത്സ പൂർത്തിയാക്കി ഭവനങ്ങളിലേക്ക് പോയവർ മാസത്തിൽ 2 തവണ സെന്ററിൽ എത്തുകയും കൗൺസിലേഴ്സുമായുള്ള ഇടപെടൽ നിലനിൽപ്പിനെ സഹായിക്കുകയും ചെയ്യുന്നു. കൂടാതെ ചികിത്സയ്ക്ക് വിധേയമായിട്ടുള്ളവരേയും ലഹരി ആസക്തിയിൽ നിന്ന് വിമോചനം ആഗ്രഹിക്കുന്നവരുടേയും സൗഖ്യത്തെ ലക്ഷ്യമാക്കി മലയാലപ്പുഴ, പത്തനംതിട്ട, വടശ്ശേരിക്കര, റാന്നി, തണ്ണിത്തോട്, അയിരൂർ, കുമ്പളംന്താനം എന്നീ സ്ഥലങ്ങളിൽ കേന്ദ്രത്തിന്റെ നേരിട്ടുള്ള ചുമതലയിൽ എ.എ മീറ്റിംങ്ങ് നടത്തപ്പെടുന്നു കൂടാതെ അൽ അനോൺ, അൽ അറ്റീൻ മീറ്റിംഗുകളും ഭവനസന്ദർശനവും നടത്തപ്പെട്ടു.

ബോധവൽക്കരണപ്രവർത്തനങ്ങൾ: ഇടവകകൾ, സംഘടനകൾ, സ്കൂൾ, കോളേജുകൾ, സ്വയംസഹായസംഘങ്ങൾ എന്നിവയിലൂടെ 100 ഇടങ്ങളിൽ തെരുവുനാടകവും ബോധവൽക്കരണ ക്ലാസ്സുകളും ക്രമീകരിക്കുവാൻ സാധിച്ചു. ലഹരി വിമുക്ത ഇടവക എന്ന ലക്ഷ്യത്തോടെ 2020 ജനുവരി 12 ഞായറാഴ്ച്ച ഭദ്രാസനത്തിലെ എല്ലാ ഇടവകകളിലും ഡെപ്യൂട്ടേഷൻ ക്രമീകരിക്കുകയും ആരാധനയും, പ്രസംഗവും, പ്രതിജ്ഞയും ക്രമീകരിച്ചു പങ്കെടുത്ത എല്ലാവരേയും അഭിനന്ദിക്കുന്നു. ഭദ്രാസനത്തിന്റെ എല്ലാ ഇടവകകളിലും ലഹരിവിമോചന സമിതി രൂപീകരിച്ചുവരുന്നു.

പുനരധിവാസം: ലഹരി ആസ്ക്ത ചികിത്സ നേടിയവരുടെ ദീർഘകാല പുനരധിവാസത്തിനായി ഈശോ മാർ തിമൊഥെയോസ് മെമ്മോറിയൽ ആഫ്റ്റർകെയർ ആൻഡ് റീഹാബിലിറ്റേഷൻ സെന്റർ പ്രവർത്തിച്ചുവരുന്നു. പേപ്പർബാഗ് നിർമ്മാണം, കന്നുകാലി വളർത്തൽ, കൃഷി, ചപ്പാത്തി നിർമ്മാണം എന്നിവ നടത്തിവരുന്നു. റിപ്പോർട്ട് വർഷം 30പേർ ഇതിന്റെ സേവനം പ്രയോജനപ്പെടുത്തി.

ആഘോഷപരിപാടികൾ: ഓണം, ക്രിസ്തുമസ്സ് എന്നിവ സമുചിതമായി ആഘോഷിച്ചു. ക്രിസ്തുമസ്സ് ആഘോഷത്തിന് ഭദ്രാസനത്തിലെ വിവിധ ഇടവകകളിലെ ഗായകസംഘങ്ങൾ ഗാനങ്ങൾ ആലപിച്ചു.

സാമ്പത്തികം: ചികിത്സയ്ക്കായി എത്തുന്നവരിൽ നിന്നും ലഭിക്കുന്ന സംഭാവനകൾ കൂടാതെ വ്യക്തികളിൽ നിന്നും ലഭിക്കുന്ന സംഭാവനകൾ ഭദ്രാസന, മാരാമൺ കൺവൻഷനിൽ നിന്ന് ലഭിക്കുന്ന സംഭാവനകൾ എന്നിവ വരുമാന മാർഗ്ഗങ്ങളാണ്. കൂടാതെ സഭയുടേയും സുവിശേഷ പ്രസംഗസംഘത്തിന്റേയും ഭദ്രാസനത്തിന്റേയും ഭദ്രാസന സേവികാസംഘത്തിന്റേയും ഗ്രാന്റുകൾ ലഭിച്ചു. കൂടാതെ ഡാലസ് സെന്റ് പോൾസ്, ന്യൂജേഴ്സി സെന്റ് പീറ്റേഴ്സ്, മെൽബൺ എറണാകുളം ശാലേം എന്നീ ഇടവകകളും സാമ്പത്തികമായി സഹായിച്ചു.

മദ്യവർജ്ജന സമിതി: മാരാമൺ കൺവൻഷനിൽ സമിതിയുടെ സ്റ്റാൾ പ്രവർത്തിക്കുകയും നവജീവകേന്ദ്രം ആവശ്യമായ നേതൃത്വം നൽകുകയും ചെയ്തു.

നവജീവകേന്ദ്രം പ്രവർത്തകർ: റവ. മോൻസി പി. ജേക്കബ് ഡയറക്ടർ ആയും ഡോ. രാമലിംഗം ഫിസിഷ്യനായും, ഡോ. പി.കെ. കുരുവിള, ഡോ. റ്റോമി ഡേവിഡ് എന്നിവർ സൈക്യാട്രിസ്റ്റ് ആയും പ്രവർത്തിച്ചു.

11.3 ഐ.സി. എസ്.ഡി. ഡിഅഡിക്ഷൻ റിട്രീറ്റ് കം റീഹാബിലിറേറഷൻ സെന്റർ, വാളകം

ലഹരി ആസക്തരുടെ ലോകം കുറേക്കൂടി വിശാലമാവുകയാണ്. കൂടാതെ ആസക്തി എന്നതിന്റെ അർത്ഥവും ലഹരിയിൽ നിന്നും മറ്റു സംവിധാനങ്ങളിലേക്ക് മാറിത്തുടങ്ങിയിരിക്കുന്നു. ലഹരിയുടെയും ലഹരിയേതര വസ്തുക്കളുടെയും പ്രലോഭനങ്ങളിൽ അകപ്പെട്ട് ജീവിതം തകർന്നു പോയവരുടെ എണ്ണം ഭയാനകമാംവിധം വർദ്ധിച്ചിരിക്കുന്നു. കൗമാരത്തിന്റെ ആദ്യദശമുതൽ പലതിനും അടിമപ്പെട്ടുപോയവരും പ്രായത്തിന്റെ പക്വതയിൽ എത്തിയിട്ടും അതിൽ നിന്നും വിമോചിതരാകുവാൻ സാധിക്കാത്തവരും എല്ലാം ഒരുപോലെ ലഹരിക്കടിമപ്പെടുന്നു. ആ വിധത്തിൽ കുടുംബ സാമൂഹിക ജീവിതങ്ങൾ കലുഷിതമാകുന്നതും നമ്മുടെ ദൗത്യമേഖലയെ കൂടുതൽ ശക്തിപ്പെടുത്തേണ്ടതാണെന്ന് കാലം നമ്മെ ഓർമ്മപ്പെടുത്തുന്നു. ആ വിധത്തിൽ ഭദ്രാസനത്തിന്റെ ദൗത്യശുശ്രൂഷയുടെ ഭാഗമായി ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ പ്രസക്തി ഏറുകയും ചെയ്യുന്നു.

പ്രവർത്തനങ്ങൾ

ചികിത്സ: 30 ദിവസം നീണ്ടുനിൽക്കുന്ന ചികിത്സയാണ് ഇവിടെയുള്ളത്. 16 കുടുംബങ്ങൾക്ക് ഒരേസമയം താമസിച്ച് ചികിത്സ തേടുന്നതിനുള്ള സൗകര്യങ്ങൾ ഇവിടെ ഉണ്ട്. റിപ്പോർട്ട് വർഷം 187 പേർ ചികിത്സയ്ക്കായി എത്തി. എന്നാൽ അതിൽ തന്നെ 12 പേർ കൗമാരപ്രായത്തിലുള്ളവർ ആണ്. കുട്ടികൾക്കുവേണ്ടിയുള്ള Centre for Adolescent behavioral Management-ന്റെ ചുമതലയിലാണ് കുട്ടികൾക്കുള്ള ചികിത്സയും താൽക്കാലിക പുനരധിവാസവും ക്രമീകരിക്കുന്നത്. സൈക്യാട്രിസ്റ്റ്, നഴ്സ്, കൗൺസിലേഴ്സ്, സോഷ്യൽ വർക്കേഴ്സ് എന്നിവരുടെ ക്രമീകൃതമായ സേവനം ഇവർക്ക് ലഭിക്കുന്നുണ്ട്.

ബോധവത്കരണം: ചികിത്സയേക്കാൾ പ്രധാനം പ്രതിരോധമാണ് എന്ന ആപ്തവാക്യത്തിൽ അടിസ്ഥാനപ്പെട്ടത് ബോധവത്കരണ പരിപാടികൾ ക്രമീകരിക്കുന്നത്. റിപ്പോർട്ട് വർഷത്തിലെ ബോധവത്കരണ പരിപാടികൾ സായൂജ്യം 2019 എന്ന പേരിലാണ് ക്രമീകരിച്ചിരിക്കുന്നത്. ലഹരി വിമുക്ത വ്യക്തിത്വം, ലഹരി വിമുക്ത കുടുംബം, ലഹരി വിമുക്ത ഇടവക, ലഹരി വിമുക്ത ഭദ്രാസനം, ലഹരി വിമുക്ത സമൂഹം തുടങ്ങിയ ലക്ഷ്യത്തെ മുൻ നിർത്തിയാണ് സായൂജ്യം 2019 -ന്റെ പ്രവർത്തനരീതികൾ ക്രമീകരിച്ചത്.

സായൂജ്യം സ്കൂൾ പ്രോഗ്രാം: സ്കൂൾ കോളജ് വിദ്യാർത്ഥികൾക്കിടയിൽ വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗത്തെ കണക്കിലെടുത്ത്, കൊല്ലം ജില്ലയിലെ 213 സ്കൂളുകളെ കേന്ദ്രീകരിച്ച് ബോധവത്കരണ പരിപാടികൾ ക്രമീകരിച്ചു. Click Against Addiction എന്ന ക്യാമ്പയിൻ ഇതോടൊപ്പം നടത്തിയിരുന്നു. സായൂജ്യം 2019 സ്കൂൾ ക്യാമ്പയിന്റെ സമാപനം കൊട്ടാരക്കര എം.ജി.എം. സ്കൂളിൽ നടത്തപ്പെട്ടു. ഒരു വർഷം നീണ്ടുനിന്ന സായൂജ്യം 2019 ക്യാമ്പയിന് നേതൃത്വം നൽകിയ ജി.ജെ.എ.എം. ആശ്വാസ് ഡി-അഡിക്ഷൻ കേന്ദ്രത്തിന്റെ പ്രവർത്തന മികവിന് എക്സൈസ് വകുപ്പ് പ്രശസ്തിപത്രം നൽകി. ഡയറക്ടർ റവ. ഷിജി സാം പ്രശസ്തിപത്രം സ്വീകരിച്ചു.

സായൂജ്യം സൺഡേസ്കൂൾ പ്രോഗ്രാം: എല്ലാ ഞായറാഴ്ചകളിലും സൺഡേസ്കൂൾ കുട്ടികൾക്കുവേണ്ടി പ്രത്യേക

ലഹരിവിരുദ്ധ ബോധവത്കരണ ക്ലാസുകൾ ഇടവകകൾ കേന്ദ്രീകരിച്ച് നടത്തപ്പെട്ടു.

സായൂജ്യം കുടുംബ കേന്ദ്രീകൃത പരിപാടികൾ: ഭദ്രാസനത്തിലെ ഓരോ കുടുംബങ്ങളും ലഹരിവിരുദ്ധ കുടുംബങ്ങളായി രൂപപ്പെടണം എന്ന ലക്ഷ്യത്തോടുകൂടി കുടുംബങ്ങളെ കേന്ദ്രീകരിച്ച് ബോധവത്കരണ പരിപാടികൾ ക്രമീകരിച്ചു വരുന്നു.

സായൂജ്യം പബ്ലിക് പ്രോഗ്രാം: ഭദ്രാസനത്തിലെ 50 സ്ഥലങ്ങൾ കേന്ദ്രീകരിച്ച് പൊതുപരിപാടികൾ ക്രമീകരിച്ചു. തെരുവുനാടകം, ബോധവത്കരണ ക്ലാസുകൾ, ലഘുലേഖാ വിതരണം എന്നിവ നടത്തി.

സായൂജ്യം എക്സിബിഷൻ: 2019, 2020 ഭദ്രാസന കൺവൻഷനുകളോടനുബന്ധിച്ച് ലഹരിയുടെ ദൂഷ്യവശങ്ങളെ കുറിച്ച് ബോധവത്കരിക്കുന്നതിന്റെ ഭാഗമായി കൺവൻഷൻ നഗറിൽ പ്രത്യേക എക്സിബിഷൻ ക്രമീകരിച്ചിരുന്നു. കൂടാതെ 2020 മാരാമൺ കൺവൻഷൻ നഗറിൽ നടത്തപ്പെട്ട എക്സിബഷന് ആശ്വാസ് ഡീ-അഡിക്ഷൻ സെന്റർ നേതൃത്വം നൽകി.

അനുധാവന പ്രവർത്തനങ്ങൾ: ചികിത്സയോടൊപ്പം തന്നെ ലഹരിവിമുക്തരായവരെ സൗഖ്യജീവിതത്തിൽ നിലനിൽക്കാൻ സഹായിക്കുന്ന ഘടകമാണ് അനുധാവന പ്രവർത്തനങ്ങൾ. A.A. Meeting, Follow-up, കൗൺസിലിംഗ്, House visit എന്നീ വിധത്തിൽ അനുധാവന പ്രവർത്തനങ്ങൾ ക്രമീകരിച്ചിരിക്കുന്നു. കൂടാതെ പുനഃപതനം സംഭവിച്ചിട്ടുള്ള ആളുകൾക്ക് പ്രത്യേക കരുതലും സംരക്ഷണവും നൽകത്തക്കവിധത്തിൽ മീറ്റിംഗുകൾ ക്രമീകരിക്കുന്നുണ്ട്.

ആഫ്റ്റ് കെയർ: ചികിത്സാനന്തര ചികിത്സയുടെ ഭാഗമായിട്ടാണ് ആഫ്റ്റർ കെയർ സംവിധാനം ക്രമീകരിക്കുന്നത്. സൗഖ്യ ജീവിതത്തിൽ നിലനിൽക്കുമ്പോൾ തന്നെ പിന്മാറ്റ അസ്വസ്ഥതകൾ പ്രകടമായി തുടങ്ങിയാൽ അത്തരക്കാർക്ക് താൽക്കാലികമായി വന്ന് താമസിക്കുന്നതിനും അസ്വസ്ഥതകൾക്ക് അനുസരണമായി ചികിത്സകൾ നേടുന്നതിനുമുള്ള സൗകര്യം ഇവിടെ ഒരുക്കിയിട്ടുണ്ട്. പ്രസ്തുത വർഷം ഈ വിധത്തിൽ 8 പേർ വന്ന് താമസിച്ചിരുന്നു.

ക്രിസ്തുമസ് പ്രോഗ്രാം: ശാന്തിയുടെയും സമാധാനത്തിന്റെയും സന്ദേശം ലോകത്തിന് നൽകിയ ദൈവപുത്രന്റെ തിരുജനനം തിരുപ്പിറവിയുടെ രാവോർമ്മ ആശ്വാസിൽ വച്ച് നടത്തപ്പെട്ടു. വാളകം സെന്റ് തോമസ്, തോളിക്കോട് സെന്റ് തോമസ്, പിടവൂർ ആശാഭവൻ എന്നീ ഗായക സംഘങ്ങൾ നേതൃത്വം നൽകി. അഭിവന്ദ്യ ഡോ. യൂയാക്കിം മാർ കൂറിലോസ് തിരുമേനി സന്ദേശം നൽകി.

വർക്കിംഗ് കമ്മറ്റി: സ്ഥാപനത്തിന്റെ അനുദിന പ്രവർത്തനങ്ങളെ വിലയിരുത്തുന്നതും കാലാനുസൃതമായ മാറ്റങ്ങൾക്കുള്ള തയ്യാറെടുപ്പുകളെ പിന്തുണയ്ക്കുന്നയും ആവശ്യമായ നിർദ്ദേശങ്ങളും പ്രോത്സാഹനവും നൽകുന്നതും അഭിവന്ദ്യ ഡോ.യൂയാക്കീം മാർ കൂറിലോസ് തിരുമേനി അദ്ധ്യക്ഷനായുള്ള കമ്മറ്റി ആണ്. റവ. ഏബ്രഹാം ചെറിയാൻ വൈസ് പ്രസിഡന്റായും റവ. ഷിജി സാം ഡയറക്ടറായും പ്രവർത്തിക്കുന്നു.

12.ജീവകാരുണ്യ പ്രവർത്തനങ്ങൾ

12.1 എം. സി.ആർ.ഡി തെള്ളിയൂർ

മാർത്തോമ്മാ സഭയിലെ അഭിവന്ദ്യരായ ഡോ. അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ, ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ, ഡോ. തോമസ് മാർ അത്തനാസ്യോസ് സഫ്രഗൻ മെത്രാപ്പോലീത്താ എന്നീ തിരുമേനിമാരുടെ മെത്രാഭിഷേക രജത ജൂബിലി സ്മാരകമായി 1981 ഒക്ടോബർ 15-ാം തീയതി ആരംഭിച്ച പ്രസ്ഥാനമാണ് എം.സി.ആർ.ഡി. നവജ്യോതി സ്കൂൾ.

വ്യത്യസ്ത കഴിവുകളുള്ള കുഞ്ഞുങ്ങളെ പരിശീലിപ്പിക്കുന്നതിനും അവരെ പുനരധിവസിപ്പിക്കുന്നതിനും, സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനുമായി ആരംഭിച്ച ഈ സ്ഥാപനത്തിൽ ഹോസ്റ്റലിൽ താമസിച്ചും പുറമേ നിന്നും ആൺകുട്ടികളും പെൺകുട്ടികളുമായി 110 പേർ അഭ്യസനം നടത്തുന്നു. അദ്ധ്യാപകരും അനദ്ധ്യാപകരുമായി 32 പേർ ഈ സ്ഥാപനത്തിൽ പ്രവർത്തിക്കുന്നു.

മെയ് 31-ന് സ്കൂളിലെ സ്റ്റാഫിനുവേണ്ടി One Day Retreat നടത്തി. ജൂൺ 3-ന് പുതിയ അദ്ധ്യയന വർഷ ക്ലാസ്സുകൾ ആരംഭിച്ചു. വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള SCERT യുടെ പാഠ്യപദ്ധതി അനുസരിച്ചുള്ള പരിശീലനമാണ് നല്കുന്നത്. രാവിലെ 9.30 ന് ക്ലാസ്സുകൾ ആരംഭിക്കുന്നു. 2.00 മുതൽ 3.30 വരെ തൊഴിലധിഷ്ഠിതമായ മെഴുകുതിരി നിർമ്മാണം, കവർ, ക്യാരിബാഗ് നിർമ്മാണം, ക്രാഫ്റ്റ്, തയ്യൽ, എന്നിവയും വ്യക്തിത്വ വികസനത്തിനുതകുന്ന ഡാൻസ്, ചിത്രരചന, സംഗീതം, ബാൻഡ് എന്നിവയും കൃഷി, കോഴി, മുയൽ വളർത്തൽ എന്നിവയും പരിശീലിപ്പിക്കുന്നു. വിദഗ്ദ്ധ സാങ്കേതിക പരിശീലനത്തിനായി ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ഒരു സ്മാർട്ട് ലാബും പ്രവർത്തിക്കുന്നു. സ്പീച്ച് തെറാപ്പി, ഫിസിയോ തെറാപ്പി, ഒക്യുപ്പേഷണൽ തെറാപ്പി എന്നീ യൂണിറ്റുകൾ വിദഗ്ദ്ധരുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നു. പുറമേ നിന്നുള്ളവർക്കും ഇതിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

ജൂൺ 7 ന് പരിസ്ഥിതി ദിനാചരണവും റാലിയും കാർഡ് കൃഷി വിജ്ഞാന കേന്ദ്രവുമായി ചേർന്ന് നടത്തപ്പെട്ടു. ജൂൺ 21 ന് World Music Dayയിൽ DSMCയുടെ റിഥം എന്ന പരിപാടിയിൽ കുട്ടികൾ ഗാനങ്ങൾ ആലപിച്ചു. ഓണാഘോഷം, സ്വാതന്ത്ര്യദിനം, റിപ്പബ്ലിക് ദിനം എന്നിവ സമുചിതമായി ആഘോഷിച്ചു. ഗാന്ധിജയന്തിയോടനുബന്ധിച്ച് കുട്ടികളും സ്റ്റാഫും ചേർന്ന് വള്ളിക്കാല-തടിയൂർ റോഡിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. ലോക മാനസിക ദിനാചരണത്തിന്റെ ഭാഗമായി ഒക്ടോബർ 10 ന് കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസ് അതോറിറ്റിയുടെ ചുമതലയിൽ ബോധവത്ക്കരണ ക്ലാസ്സ് നടത്തി. ലീഗൽ സർവ്വീസ് അതോറിറ്റി ജില്ലാ സെക്രട്ടറി സബ് ജഡ്ജ് ശ്രീ. ജി. ആർ. ബിൽക്കുൽ നേതൃത്വം നല്കി. ഒക്ടോബർ 31 ന് സ്കൂൾ ഡേ സമുചിതമായി ആഘോഷിച്ചു. അഭിവന്ദ്യരായ റൈറ്റ് റവ. ജോസഫ് മാർ ബർന്നബാസ് എപ്പിസ്കോപ്പ അദ്ധ്യക്ഷത വഹിച്ചു. പ്രമുഖ കാർട്ടൂണിസ്റ്റ് അഡ്വ. ജിതേഷ് ജി. സമ്മേളനം ഉത്ഘാടനം ചെയ്തു. തടിയൂർ കാർമ്മേൽ കോൺവന്റ് സ്കൂൾ കുട്ടികളും, എം.സി.ആർ.ഡി. യിലെ കുട്ടികളും ചേർന്ന് വിവിധ കലാപരിപാടികൾ നടത്തി.

ഡിസംബർ 6-ന് ക്രിസ്തുമസ്സ് കരോൾ നടത്തി. അഭിവന്ദ്യ മോസ്റ്റ് റവ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ സന്ദേശം നല്കി. സിനി ആർട്ടിസ്റ്റ് ശ്രീ. പ്രശാന്ത് അലക്സാണ്ടർ ആശംസ നേർന്നു. കുമ്പനാട് പ്രൊവിഡൻസ് ഗായകസംഘം ഗാനശുശ്രൂഷ നടത്തി. നിരണം-മാരാമൺ ഭദ്രാസന യുവജനസഖ്യത്തിന്റെയും, മാരാമൺ സെന്റർ യുവജനസഖ്യത്തിന്റെയും പ്രത്യേക കലാപരിപാടികളും നടത്തപ്പെട്ടു. വിവിധ സ്ഥലങ്ങളിൽ നടത്തപ്പെട്ട കലാകായിക മേളകളിൽ കുട്ടികൾ പങ്കെടുത്തു. 9 കുട്ടികൾ ഫുട്ബോൾ സ്റ്റേറ്റ് സെലക്ഷനിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. ജില്ലാ കൃഷി വജ്ഞാനകേന്ദ്രത്തിന്റെ ട്രെയിനിംഗ് പ്രോഗാമിൽ കുട്ടികൾ പങ്കെടുക്കുന്നു. SCERT യുടെ പാഠ്യപദ്ധതി പ്രകാരം പത്തനംതിട്ട ജില്ലയിലെ അദ്ധ്യാപകർക്കുള്ള ത്രിദിന പരിശീലനം നവംബർ 28 മുതൽ ഇവിടെ വച്ച് നടത്തി. ഈ സ്കൂളിലെ കുട്ടികളുടേയും അദ്ധ്യാപകരുടേയും നേതൃത്വത്തിൽ ഒന്നര മണിക്കൂർ ദൈർഘ്യമുള്ള ഒരു മെഗാഷോയ്ക്ക് രൂപം നല്കി. എല്ലാ ബുധനാഴ്ചയും പ്രത്യേക മെഡിക്കൽ ക്യാമ്പ് ഇവിടെ വച്ച് നടത്തപ്പെടുന്നു. ഇടവകകൾ, സംഘടനകൾ, വിവിധ സ്കൂൾ, കോളജ് വിദ്യാർത്ഥികൾ എന്നിവയുടെ ചുമതലയിൽ ഏകദിന സമ്മേളനങ്ങളും പ്രോഗ്രാമുകളും ഇവിടെ വച്ച് നടത്തപ്പെട്ടു. ഒരു കുട്ടിക്ക് ശരാശരി പ്രതിമാസം 4000/- രൂപയോളം ചെലവ് വരുന്നുണ്ട്. കുട്ടികളുടെ ചെലവുകൾ ഉൾപ്പെടെ പ്രതിമാസം 8 ലക്ഷം രൂപയോളം ചെലവ് വരുന്നുണ്ട്.

അഭിവന്ദ്യ റൈറ്റ് റവ. ജോസഫ് മാർ ബർന്നബാസ് എപ്പിസ്കോപ്പ പ്രസിഡന്റായുള്ള 9 അംഗ കമ്മിറ്റി ഇതിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്നു. തന്നാണ്ടിൽ 3 കമ്മിറ്റി കൂടി. റവ. വിനോദ് ഈശോ ഡയറക്ടറായി പ്രവർത്തിക്കുന്നു.

12.2 നവജീവൻ സെന്റർ, മുംബൈ

മനുഷ്യസഹജമായ എല്ലാ നന്മകളുടെയും കുരുതിക്കളമാണ് ചുവന്ന തെരുവുകൾ മനുഷ്യക്കടത്തിന്റെ വിപുലമായ ശൃംഖലകൾ വളരെ സജീവമായി ഈ മേഖലകളിൽ പ്രവർത്തിക്കുന്നു. മനുഷ്യന്റെ സാമൂഹിക സാംസ്കാരിക മതപരമായ എല്ലാ മൂല്യങ്ങളും വികൃതമാക്കപ്പെടുന്ന പാതാള സമാനമായ ജീവിത സാഹചര്യങ്ങളിൽ തളച്ചിടപ്പെട്ട ചിലരുടെ കദനകഥകളുടെ നേർ ചിത്രമാണ്. മാർത്തോമ്മാ സഭ മുംബൈയിലും സമീപ പ്രദേശങ്ങളിലും ഉള്ള ചുവന്ന തെരുവുകളിൽ ചെയ്യുന്ന ശുശ്രൂഷയാണ് നവജീവൻ സെന്റർ.

ചുവന്ന തെരുവിലെ പ്രവർത്തനം: ചന്ദ്രമണി മുനിസിപ്പിൽ സ്കൂളിലും സിന്ധിഗല്ലി മുനിസിപ്പൽ സ്കൂളിലും ദീവണ്ഡിയിൽ പാർപ്പിട സമുച്ചയത്തിലും ശിശുപരിപാലന സെന്ററുകൾ പ്രവർത്തിക്കുന്നു. 64 കുട്ടികൾ താമസിച്ച് പഠനം നിർവ്വഹിക്കുന്നു. ആയമാരും, അദ്ധ്യാപകരും, സോഷ്യൽ വർക്കേഴ്സും പ്രവർത്തിക്കുന്നു. ലൈംഗിക വ്യാപാത്തിൽ ഏർപ്പെട്ടിരിക്കുന്ന സഹോദരിമാർക്കിടയിലും വിവിധതര ത്തിലുള്ള പ്രവർത്തനങ്ങളിലൂടെ ശുശ്രൂഷ സജീവമാകുന്നു.

നവജീവൻ ഗ്രാമം: ശിശുപരിപാലന സെന്ററുകളിൽ നിന്ന് നിശ്ചിത കാലാവധി പൂർത്തിയാക്കുന്ന മുറയ്ക്ക് കുട്ടികളെ മുർബാദിനടുത്തുള്ള നവജീവൻ വില്ലേജിലേക്ക് പുനരധിവസിപ്പിക്കുന്നു. എസ്.ഒ.എസ്. മോഡൽ വില്ലേജിൽ എട്ട് ഭവനങ്ങളിലായി കുഞ്ഞുങ്ങളെ താമസിപ്പിക്കുന്നു.

കുട്ടികളുടെ ഔദ്യോഗിക വിദ്യാഭ്യാസം, സാമൂഹികവും, മാനസികവുമായ വളർച്ചയ്ക്ക് ആവശ്യമായ ഘടകങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള പദ്ധതികൾ, ധാർമ്മികവും, ആത്മീക വുമായ ഉന്നമനത്തിനുള്ള പഠന ക്രമീകരണങ്ങൾ എന്നിവ ചിട്ടയായും ക്രമീകൃതമായും നടത്തപ്പെടുന്നു. ഔപചാരിക വിദ്യാഭ്യാസത്തിനുള്ള ഇംഗ്ലീഷ് മീഡിയം സ്കൂൾ നമ്മുടെ ക്യാംപസിൽ നടത്തപ്പെടുന്നു. നവജ്യോതി ഇംഗ്ലീഷ് മീഡിയം സ്കൂളിൽ നമ്മുടെ കുട്ടികളോടൊപ്പം സമീപ വില്ലേജുകളിൽ നിന്നും കുട്ടികൾ വന്ന് അഭ്യസനം നടത്തുന്നു. കൃഷി, കന്നു കാലി സംരക്ഷണം, മുട്ടക്കോഴി വളർത്തൽ, മീൻ വളർത്തൽ, മഴവെള്ള സംഭരണം, തോട്ട കൃഷി ആദിയായവ നടപ്പിലാക്കിവരുന്നു.

പുനർ പഠന/അധിവാസ കേന്ദ്രം: നവജീവൻ വില്ലേജിൽ 18 വയസ്സുവരെ താമസിച്ചതിനുശേഷം തുടർ സംരക്ഷണം ആവശ്യമുള്ളവരെ എക്സ്റ്റൻഷൻ സെന്ററിലേക്ക് അയയ്ക്കുന്നു. കല്യാണിൽ ഇത്തരം സെന്റർ പ്രവർത്തിക്കുന്നു. നിലവിൽ 18 കുട്ടികൾ താമസിച്ച് അഭ്യസനം നടത്തിവരുന്നു. നവിമുംബൈയിൽ നെരൂളിൽ പുനരധിവാസ കേന്ദ്രത്തിന്റെ പ്രവർത്തനം അടുത്ത അദ്ധ്യയന വർഷത്തിൽ സാധ്യമാക്കും എന്ന് പ്രതീക്ഷിക്കുന്നു.

നവജീവൻ പൊതുയോഗം/ ഭരണ സമിതി: അറുപത്തിഅഞ്ച് അംഗങ്ങൾ അടങ്ങുന്ന പൊതുയോഗവും 12 അംഗങ്ങളുള്ള ഭരണ സമിതിയും പ്രവർത്തിക്കുന്നു. മുംബൈ ഭദ്രാസന അധിപൻ അഭിവന്ദ്യ. ഡോ. ഗീവർഗീസ് മാർ തിയോഡോഷ്യസ് രണ്ടു സമിതികളുടെയും അദ്ധ്യക്ഷനായി പ്രവർത്തിക്കുന്നു. റവ. ജിനു ഈപ്പൻ കുര്യൻ ഡയറക്ടറായും, റവ എസ്. മനു ഏബ്രഹം അസിസ്റ്റന്റ് ഡയറക്ടറായും, ശ്രീ. വർഗീസ് ഫിലിപ്പ് ട്രഷററായും പ്രവർത്തിക്കുന്നു.

സിൽവർ ജൂബിലി ആഘോഷം: 2019 ജനുവരി 28 മുതൽ 2020 ജനുവരി 25 വരെയുള്ള ഒരു വർഷം നീണ്ടു നിന്ന വിവിധ പരിപാടികളും പ്രോജക്ടുകളും നടത്തപ്പെട്ടു. മുംബൈ ഭദ്രാസനത്തിന്റെ ഗുജറാത്ത്, മുംബൈ, കല്യാൺ, നവിമുംബൈ എന്നി സെന്ററുകളിൽ വിവിധ പരിപാടികൾ നടത്തപ്പെട്ടു. വിവിധ കർമ്മ പദ്ധതികൾ നടപ്പിലാക്കുകയും നവജീവൻ വില്ലേജിൽ മഴവെള്ള സംഭരണികൾ മൾട്ടി പർപ്പസ് ഹാൾ, ജനറേറ്റർ, കോഴിഫാം, ഫിഷ്ഫാം, മാലിന്യ സംസ്കരണപ്ലാന്റ്, കുട്ടികളുടെ വീടുകളുടെ പുനരുദ്ധാരണം, യാത്രയ്ക്ക് ആവശ്യമായ വാഹനം എന്നിവ നടപ്പിലാക്കുവാൻ സാധിച്ചു. വെല്ലുവിളികൾ ഏറെയുള്ള ഈ ദൗത്യമേഖലയിൽ നമ്മുടെ വിളിക്ക് യോഗ്യമാംവിധം പ്രവർത്തിപ്പാനും, അനേകർക്ക് ജീവിതത്തിന്റെ ഉയർച്ചയ്ക്ക് കാരണമാകുവാനും ദൈവം ശക്തീകരിക്കട്ടെ.

12.3 ദളിത് വിദ്യഭ്യാസ പദ്ധതി

റിപ്പോർട്ടു വർഷം 13 കുട്ടികൾ സഭയുടെ വിവിധ ബോർഡിംഗ് ഹോമുകളിൽ താമസിച്ചുകൊണ്ട് വിദ്യാഭ്യാസം നടത്തുന്നു.5-10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന സമർത്ഥരായ കുട്ടികൾക്കാണ് ഇപ്രകാരം പഠനസഹായം നൽകുന്നത്. പ്രസ്തുത വർഷം ഹയർ സെക്കന്ററിയിൽ പഠിക്കുന്ന ഒരു കുട്ടിക്ക് ഈ ഫണ്ടിൽ നിന്നും മെത്രാപ്പോലീത്തായുടെ പ്രത്യേക നിർദ്ദേശാനുസരണം സഹായം നൽകിയിട്ടുണ്ട്. റിപ്പോർട്ടു വർഷം ദളിത് സഭാംഗങ്ങളുടെ വിദ്യാഭ്യാസ പുരോഗതി ലക്ഷ്യമാക്കി 4,74,500 രൂപ സഭാ കേന്ദ്രത്തിൽ നിന്നും ചെലവഴിച്ചു. ഈ ആവശ്യത്തിലേക്ക് പലിശ ഉപയോഗിക്കത്തക്കവിധം ഡോ. അലക്സാണ്ടർ മാർത്തോമ്മ വലിയ മെത്രാപ്പോലീത്താ സ്മാരക പദ്ധതിയുടെ ഭാഗമായി 50 ലക്ഷം രൂപ സ്ഥിര നിക്ഷേപം ചെയ്തിട്ടുണ്ട്. ബോർഡിംഗ് ഹോമുകളിൽ താമസിച്ചു പഠിക്കുന്ന കുട്ടികളുടെ ദൈനം ദിന ചെലവുകൾ കൂടിവരുന്ന സാഹചര്യത്തിൽ ഈ പദ്ധതിയിലെക്ക് കൂടുതൽ തുക കണ്ടെത്തേണ്ടിയിരിക്കുന്നു. അതിനാൽ ഇടവക ജനങ്ങളും അഭ്യുദയ കാംക്ഷികളും ഇതിലേക്ക് ആവശ്യമായ സംഭാവനകളും നൽകി ഈ സംരംഭം വിജയിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

12.4 ശാന്തിഗിരി ആശ്രമം

സമാധാനത്തിന്റെ സമന്വയം എന്ന ആശയത്തിന് പ്രാധാന്യം നൽകി 1992 ൽ സഖറിയാസ് മാർ തെയോഫിലോസ് സഫ്രഗൻ മെത്രാപ്പോലീത്ത തിരുമേനിയുടെ നേതൃത്വത്തിൽ സ്ഥാപി തമായതാണ് ശാന്തിഗിരി ആശ്രമം. ദൗത്യ നിർവ്വഹണത്തിൽ 20 വർഷങ്ങൾ പിന്നിടുന്നു.

ഭരണ സമിതി: മലങ്കര മാർത്തോമ സഭയുടെ തലവനായ ജോസഫ് മാർത്തോമാ മെത്രാപ്പോലിത്ത ചെയർമാനും, ഐസക് മാർ ഫിലക്സിനോസ് തിരുമേനി വൈസ് ചെയർമാനുമായ പത്തംഗ ഭരണ സമിതി കഴിഞ്ഞ വർഷം 4 പ്രാവശ്യം കൂടി ആവശ്യമായ തീരുമാനങ്ങൾ കൈകൊണ്ടു.

പ്രവർത്തനങ്ങൾ: എൺപത്തൊൻപതു കാൻസർ, ഡയാലിസിസ് രോഗികൾക്ക് മരുന്ന് നൽകുന്ന ശുശ്രൂഷ ഭംഗിയായി നിർവഹിച്ചു. നിരാലംബരായ ഇരുപത്തിരണ്ട് കുടുംബങ്ങൾക്ക് പലചരക്കു സാധനങ്ങൾ എല്ലാ മാസവും എത്തിക്കുന്നുണ്ട്. കുഞ്ഞാട്ടു കരയിലുള്ള ഗവണ്മെന്റ് ഹൈസ്കൂളിനും ഹയർ സെക്കന്ററി സ്കൂളിനും പലതരത്തിലുള്ള സഹായങ്ങൾ നൽകുന്നത് തുടരുന്നു. നിർധനരായ കുട്ടികൾക്ക് സ്കോളർഷിപ്, യൂണിഫോം, കൗൺസിലിങ്, മോട്ടിവേഷൻ ക്ലാസുകൾ എന്നിവ നൽകി. ആലുവ ഗവണ്മെന്റ് ആശുപത്രിയിലെ നിർധന രോഗികൾക്കുള്ള ഭക്ഷണ വിതരണം മുടക്കം കൂടാതെ നിർവഹിച്ചു. വിധവ സഹായ പദ്ധതി ആരംഭിച്ചു. 68 പാവപ്പെട്ട വിധവവമാർക്ക് മാസംതോറും 600 രൂപ ഒരു പെൻഷൻ പോലെ നൽകി വരുന്നു. ശാന്തിഗിരി ക്ലിനിക്ക് നിർധന രോഗികൾക്ക് ആശ്വാസം ആയിരുന്നു. കൂടാതെ ഡെന്റൽ ക്ലിനിക്ക്, പൾസ് പോളിയോകേന്ദ്രം ആയൂർവേദ ആശുപത്രി കൗൺസിലിംഗ് തുടങ്ങിയവയിലൂടെ ധാരാളം ആളുകൾക്ക് സഹായം നൽകി. സ്വാശ്രയ ത്രിഫ്ട് ആൻഡ് ക്രെഡിററ് സ്കീമിലൂടെ 350 സ്ത്രീകൾ ചെറുകിട സമ്പാദ്യ പദ്ധതിയിൽ പങ്കാളികളായി.

സൗകര്യങ്ങളും ആകർഷണങ്ങളും: ഇരുന്നൂറു പേർക്ക് താമസിച്ചു ക്യാമ്പുകളും കോൺഫറൻസുകളും നടത്തുവാനുള്ള സൗകര്യം ശാന്തിഗിരിയിൽ ഉണ്ട്. ചെറുതും വലുതുമായി നാല് ഹാളുകളുണ്ട്. കൃഷി, പക്ഷിവളർത്തൽ, മീൻവളർത്തൽ എന്നിവ ഭംഗിയായി നടത്തുന്നു.പ്രകൃതി രമണീയവും ശാന്തവുമായ ക്യാമ്പസ് ശാന്തിഗിരിയുടെ ആകർഷണങ്ങളാണ്. ശാന്തിഗിരി ആയൂർവേദമന എന്ന പേരിൽ ഒരു ആയുർവേദ ആശുപത്രിയും ശാന്തിഗിരിയിൽ പ്രവർത്തിക്കുന്നു.

വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾ: നമ്മുടെ സംസ്ഥാനത്തുണ്ടായ വെള്ളപ്പൊക്കത്തിൽ ആളുകൾക്ക് താങ്ങും തണലുമായി നിൽക്കുന്നതിനു ശാന്തിഗിരിക്ക് സാധിച്ചു. ജാതിമതഭേദമെന്യേ 120 ആളുകൾക്ക് രണ്ടാഴ്ച

ഇവിടെ താമസ സൗകര്യവും ഭക്ഷണവും നൽകി.

സഖറിയാസ് മാർ തെയോഫിലസ് മെമ്മോറിയൽ മ്യൂസിയം: ആശ്രമ സ്ഥാപകനായ സഖറിയാസ് മാർ തെയോഫിലസ് തിരുമേനിയുടെ ഓർമ്മകൾ നിലനിർത്താനായി ഒരു മ്യൂസിയം ശാന്തിഗിരിയിൽ സ്ഥാപിച്ചിട്ടുണ്ട്. തിരുമേനിയുടെ ജീവിതവും ദർശനവും വരും തലമുറകൾക്കു മനസ്സിലാക്കാൻ സാധിക്കുന്ന തരത്തിലാണ് മ്യൂസിയം നിർമിച്ചിരിക്കുന്നത്.

12.5 ഭൂ-ഭവനദാന പ്രസ്ഥാനം

1968-ൽ ഡോ. യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്തായാൽ ആരംഭിച്ച ഈ പ്രസ്ഥാനം വഴി അനേകം നിർധനരായ ഭവനരഹിതർക്ക് വീട് നിർമ്മിച്ചു നൽകാൻ ഇടയായി. 50 വർഷം പിന്നിട്ടിരിക്കുന്ന ഈ പ്രസ്ഥാനത്തിലൂടെ കേരളത്തിലും പുറത്തുമായി ജാതിമതഭേദമെന്യേ 8450-ൽപരം ഭവനങ്ങൾ പൂർത്തിയാക്കാൻ സാധിച്ചു. റിപ്പോർട്ടു വർഷം ഈ ഇനത്തിൽ 3,98,732 രൂപാ ചെലവഴിച്ചു. 2017 ൽ ഒരു ലക്ഷം രൂപാ വീതം ധനസഹായം നൽകി ആരംഭിച്ച 100 ഭവനങ്ങളുടെ നിർമ്മാണം പൂർത്തികരിച്ചു. ഈ ഫണ്ടിലേയ്ക്കുള്ള പ്രധാന വരുമാനം സ്തോത്രകാഴ്ചയിലൂടെയും മറ്റു സംഭാവനകളിലൂടെയുമാണ് ലഭിക്കുന്നത്. റിപ്പോർട്ടു വർഷം ഈ ഇനത്തിൽ 34,73,142.51 രൂപ സ്തോത്രകാഴ്ച ലഭിക്കുകയുണ്ടായി. ഈ വർഷം 40 ലക്ഷം രൂപ വരവ് പ്രതീക്ഷിക്കുന്നു.

സഭാ സ്നേഹിതർ, വീടുകൾ സ്പോൺസർ ചെയ്തും ഉദാരമായ സംഭാവനകൾ നൽകിയും ഈ മഹത്തായ പദ്ധതിയിൽ തുടർന്നും സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനി അദ്ധ്യക്ഷനായുള്ള കമ്മറ്റിയാണ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

12.6. സ്നേഹകരം പദ്ധതി

അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനിയുടെ 80-ാം ജന്മദിനത്തോടനുബന്ധിച്ച് സഭ ആരംഭിച്ച ജീവകാരുണ്യ പദ്ധതിയാണ് സ്നേഹകരം. ഈ പദ്ധതിയിൽ നിന്നും മാരകരോഗ ബാധിതരായവർക്ക് സാമ്പത്തിക സഹായം നൽകുന്നു. ക്യാൻസർ, ഹൃദ്രോഗം, കിഡ്നി സംബന്ധമായ രോഗം, എച്ച്.ഐ.വി. എന്നിവ മൂലം ഭാരപ്പെടുന്ന രോഗികൾക്കാണ് സഹായം നൽകുന്നത്. വിദഗ്ധ ഡോക്ടറന്മാരുടെ ഒരു കമ്മറ്റി അപേക്ഷകൾ പരിശോധിച്ച് അർഹരായവരെ നിശ്ചയിക്കുന്നു.

റിപ്പോർട്ട് വർഷം പ്രസ്തുത കമ്മറ്റി അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ നാല് പ്രാവശ്യം കൂടി. 59,42,290 രൂപ 562 അപേക്ഷകർക്ക് ധനസഹായമായി നൽകി.

12.7 മന്ദിരങ്ങൾ

ലോകത്തിൽ പൊതുവേയും കേരളത്തിൽ പ്രത്യേകിച്ചും ഏകാന്തത അനുഭവിക്കുന്നവരും സ്നേഹശുശ്രൂഷ ലഭിക്കാത്തവരും അവഗണിക്കപ്പെടുന്നവരുമായ വൃദ്ധമാതാപിതാക്കളുടെ എണ്ണം വർദ്ധിച്ചുവരികയും വളരെയധികം പേർ നിരാശ്രയരും നിരാലംബരും സംരക്ഷിക്കുവാൻ ആരുമില്ലാത്തവരുമായി തീരുകയും ചെയ്യുന്നു. സ്നേഹവും കരുതലും ലഭിക്കാതെ പോകുന്ന വയോജനങ്ങൾക്ക് ആശ്വാസവും പ്രത്യാശയും നല്കി ക്രിസ്തു സ്നേഹം പകർന്നു നൽകുന്നതിന് മാർത്തോമ്മാ സഭ മന്ദിരങ്ങളിലൂടെ ശ്രമിച്ചു കൊണ്ടിരിക്കുന്നു.

നിരാശ്രയരും നിരാലംബരുമായ മാതാപിതാക്കൾക്ക് ആശ്രയമേകുവാൻ സഭയായി ആരംഭിച്ച പ്രസ്ഥാനങ്ങളാണ് നമ്മുടെ മന്ദിരങ്ങൾ. നമ്മുടെ സഭയിലെ മന്ദിരങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന സമിതിയാണ് മാർത്തോമ്മാ സഭാ മന്ദിരം ഫെലോഷിപ്പ്. മാർത്തോമ്മാ സുവിശേഷപ്രസംഗ സംഘ ത്തിന്റെ ചുമതലയിൽ കേരളത്തിൽ പ്രവർത്തിക്കുന്ന രണ്ട് മന്ദിരങ്ങളും, കേരളത്തിന് പുറത്ത് ഇതര സംസ്ഥാനങ്ങളിലായി മൂന്ന് മന്ദിരങ്ങളും, കേരളത്തിലെ ഏഴ് ഭദ്രാസനങ്ങളുടെ ചുമതലയിൽ പ്രവർത്തിക്കുന്ന എട്ട് മന്ദിരങ്ങളും ഉൾപ്പെടെ 13 മന്ദിരങ്ങളാണ് മന്ദിരം ഫെലോഷിപ്പ് സമിതിയിൽ പ്രവർത്തിക്കുന്നത്. കുമ്പനാട് ധർമ്മഗിരി മന്ദിരം, അയിരൂർ കർമ്മേൽ മന്ദിരം, കൊട്ടാരക്കര എപ്പിസ്കോപ്പൽ ജൂബിലി മന്ദിരം, ആന പ്രാമ്പാൽ ജെ.എം.എം. ജൂബിലി മന്ദിരം, തൃശ്ശൂർ ശ്രീരവിവർമ്മ മന്ദിരം, മല്ലപ്പള്ളി ആശ്രയാ വയോജന മന്ദിരം, മൈലപ്ര പ്രതീക്ഷാഭവൻ വയോജന മന്ദിരം, ഉപ്പട കരുണാലയം വൃദ്ധ മന്ദിരം, കാട്ടാക്കട മാർത്തോമ്മാ വയോജന മന്ദിരം, സീഹോറാ ശാന്തിഭവൻ, ഹോസ്കോട്ടെ മിഷൻ ശാന്തി മന്ദിരം, അങ്കോല ക്രിസ്തുമിത്ര ആശ്രമ മന്ദിരം, വവ്വാക്കാവ് മാർ ത്തോമ്മാ ശാന്തിഭവൻ എന്നീ മന്ദിരങ്ങൾക്ക് ഫെലോഷിപ്പ് സമിതിയിൽ അംഗത്വമുണ്ട്.

ഭാരവാഹികൾ: റൈറ്റ് റവ. ഡോ. മാത്യൂസ് മാർ മക്കാറിയോസ് എപ്പിസ്കോപ്പാ പ്രസിഡന്റായും, ശ്രീ. ജോസി കുര്യൻ സെക്രട്ടറിയായും, ശ്രീ. വർഗീസ് തരകൻ ട്രഷററായും ശ്രീ. കെ.വി വർഗീസ് ഓഡിറ്ററായും എല്ലാ മന്ദിരങ്ങളിൽ നിന്നും 3 പ്രതിനിധികൾ വീതം ഉൾപ്പെടുന്ന 40 അംഗകമ്മറ്റി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

കമ്മറ്റി യോഗങ്ങൾ: റിപ്പോർട്ട് വർഷം 2019 ഏപ്രിൽ 22, നവംബർ 30, 2020 ഫെബ്രുവരി 1 എന്നീ തീയതികളിൽ പ്രസി ഡന്റ് അഭിവന്ദ്യ ഡോ. മാത്യൂസ് മാർ മക്കാറിയോസ് എപ്പിസ്കോപ്പായുടെ അദ്ധ്യക്ഷതയിൽ മല്ലപ്പള്ളി ആശ്രയ മന്ദിരം, അയിരൂർ കർമ്മേൽ മന്ദിരം എന്നീ സ്ഥലങ്ങളിൽ കമ്മറ്റിയോഗം ചേർന്ന് വിവിധ തീരുമാനങ്ങൾ കൈക്കൊള്ളുകയും നടപ്പിലാക്കുകയും ചെയ്തു.

മന്ദിരം ഫാമിലി ഫെസ്റ്റ് 2019: മന്ദിരങ്ങളിൽ പാർക്കുന്ന മാതാപിതാക്കൾ, കുഞ്ഞുങ്ങൾ, പ്രവർത്തകർ, എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് മന്ദിരം ഫാമിലി ഫെസ്റ്റ് 2019 നവംബർ 30 ശനി മല്ലപ്പള്ളി ആശ്രയ വയോജന മന്ദിരത്തിൽ നടത്തപ്പെട്ടു. ഫെലോഷിപ്പ് സമിതി പ്രസിഡന്റ് റൈറ്റ്. റവ. ഡോ. മാത്യൂസ് മാർ മക്കാറിയോസ് എപ്പിസ്കോപ്പായുടെ അദ്ധ്യക്ഷതയിൽ മാർത്തോമ്മാ സഭാ പരമാദ്ധ്യക്ഷൻ മോസ്റ്റ് റവ. ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോ ലീത്താ മന്ദിരം ഫാമിലി ഫെസ്റ്റ് 2019 ഉദ്ഘാടനം ചെയ്തു. മോട്ടിവേഷൻ ക്ലാസുകൾ, ഗാന പരിശീലനം, എന്റർറ്റെയിൻമെന്റ് പ്രോഗ്രാം എന്നിവയക്ക് റവ. റോബിൻ വർഗീസ്, ഡോ. സ്നേഹാ റോബിൻ എന്നിവർ നേതൃത്വം നൽകി. വിവിധ മന്ദിരങ്ങളിലെയും, ബാലികാ ഭവനിലെയും അംഗങ്ങൾ കലാപരിപാടികൾ അവതരിപ്പിച്ചു. അഡ്വ. മാത്യു ടി. തോമസ് എം.എൽ.എ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു. വികാരി ജനറാൾ വെരി. റവ. ജോർജ്ജ് സഖറിയാ, റവ. രാജു ഫിലിപ്പ് സഖറി യാ, റവ. ജോജി തോമസ്, റവ. ഡോ. ഏബ്രഹാം സഖറിയാ, റവ. തോമസ് സി. അലക്സാണ്ടർ, ശ്രീ. ജോസി കുര്യൻ പ്രൊഫ. ഡോ. ജേക്കബ് ജോർജ്ജ്, ശ്രീ. സാം കുട്ടി അയ്യക്കാവിൽ, ശ്രീ. സാം ജോൺ, ശ്രീ. വർഗീസ് തരകൻ, ശ്രീ. എസ്. ബിനോജ്, അഡ്വ. പി.കെ സഖറിയാ, ശ്രീ. രാജൻ വർഗീസ്, ശ്രീ. കെ എം. ജോൺ, ശ്രീ. എബി ജേക്കബ് ശ്രീമതി. ജിജി തോമസ് പ്രസാദ്, ശ്രീ. കെ.വി. വർഗീസ്, ശ്രീ. അലക്സാണ്ടർ വർഗീസ് മന്ദിരങ്ങളിലെ ഭാരവാഹികൾ എന്നിവർ പ്രസംഗിച്ചു. വിവിധ മന്ദിരങ്ങളിൽ നിന്നായി 200 ലധികം പേർ പങ്കെടുത്തു.

മന്ദിരം പ്രവർത്തക സമ്മേളനം: 2019 നവംബർ 25-ന് പ്രവർത്തക സമ്മേളനം വവ്വാക്കാവ് ശാന്തിമന്ദിരത്തിൽ നടത്തപ്പെട്ടു. റവ. രാജു ഫിലിപ്പ് സഖറിയായുടെ അദ്ധ്യക്ഷതയിൽ കൊല്ലം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി രാധാമണി ഉദ്ഘാടനം നിർവഹിച്ചു. ഓർഫനേജ് കൺട്രോൾ ബോർഡ് അംഗം റവ. ഫാ. ജോഷ്വാ മുഖ്യപ്രഭാഷണം നിർവഹിച്ചു. റവ. മാത്യു ബേബി, റവ. ജി. വിൽസൺ, ശ്രീ. വർഗീസ് തരകൻ, ശ്രീ. എസ്. ബിനോജ് എന്നിവർ നേതൃത്വം നൽകി.

കലാമേള: മന്ദിരം ഫെലോഷിപ്പിന്റെ ആഭിമുഖ്യത്തിൽ മന്ദിരങ്ങളിലെ മാതാപിതാക്കന്മാരെ പങ്കെടുപ്പിച്ചുകൊണ്ട് കലാമേള 2020 ഫെബ്രുവരി 29 ശനി അയിരൂർ കർമ്മേൽ മന്ദിരത്തിൽ നടത്തപ്പെട്ടു. മാർത്തോമ്മാ സഭാ വൈദിക ട്രസ്റ്റി റവ. തോമസ് സി. അലക്സാണ്ടറിന്റെ അദ്ധ്യക്ഷതയിൽ ശ്രീ. രാജു ഏബ്രഹാം എം.എൽ.എ. കലാമേള

ഉദ്ഘാടനം ചെയ്തു. പാട്ട്, പാഠം വായന, കഥാകഥനം, പ്രസംഗം, പ്രച്ഛന്നവേഷം എന്നീ ഇനങ്ങളിലായി പുരുഷന്മാർക്കും സ്ത്രീകൾക്കും പ്രത്യേകം മത്സരങ്ങൾ നടത്തപ്പെട്ടു. കുമ്പനാട് ധർമ്മഗിരി മന്ദിരം, അയിരൂർ കർമ്മേൽ മന്ദിരം, മല്ലപ്പള്ളി ആശ്രയ വയോജന മന്ദിരം, കൊട്ടാരക്കര ജൂബിലി മന്ദിരം, വവ്വാക്കാവ് ശാന്തിഭവൻ, മൈലപ്രാ പ്രതീക്ഷാ ഭവൻ, ആനപ്രാമ്പാൽ ജൂബിലിമന്ദിരം എന്നീ മന്ദിരങ്ങളിൽ നിന്നായി 110 പേർ മത്സരങ്ങളിൽ പങ്കെടുത്തു. 29 പോയിന്റ് നേടി കൊട്ടാരക്കര ജൂബിലി മന്ദിരം ഒന്നാം സ്ഥാനവും 18 പോയിന്റ് നേടി കുമ്പനാട് ധർമ്മഗിരി മന്ദിരം രണ്ടാം സ്ഥാനവും കരസ്ഥമാക്കി. റവ. ഡോ. ഏബ്രഹാം സഖറിയാ, റവ. ജോൺ മാത്യു, റവ. ബെന്നി എസ്. വർഗീസ് എന്നിവർ ട്രോഫികളും സമ്മാനങ്ങളും വിതരണം ചെയ്തു. ശ്രീ. ജോസി കുര്യൻ, ശ്രീ. സാം കുട്ടി അയ്യക്കാവിൽ, ശ്രീ. വർഗീസ് തരകൻ എന്നിവർ നേതൃത്വം നൽകി.

മന്ദിരം റിലീഫ് ഫണ്ട് ശേഖരണവും വിതരണവും: മാരാമൺ കൺവൻഷൻ ആഴ്ചയിൽ മണൽപ്പുറത്ത് മന്ദിരങ്ങളുടെ ഷെഡിൽ മന്ദിരം റിലീഫ് ഫണ്ട് ശേഖരണം നടത്തിവരുന്നു. 2020 ഫെബ്രുവരി 11 മുതൽ 18 വരെ നടന്ന കൺവൻഷനിൽ രണ്ട് ഷെഡ്ഡുകളിൽ നിന്നുമായി 1293425.00 രൂപാ ശേഖരിച്ചു. മല്ലപ്പള്ളി ആശ്രയാ വയോജന മന്ദിരം സൂപ്രണ്ട് റവ. ജോജി തോമസ്, വവ്വാക്കാവ് ശാന്തിമന്ദിരം ഡയറകടർ റവ. രാജു ഫിലിപ്പ് സഖറിയ, ഫെലോഷിപ്പ് സമിതി ട്രഷറാർ ശ്രീ. വർഗീസ് തരകൻ എന്നിവർ കൺവീനേഴ്സായി പ്രവർത്തിച്ചു. ഓരോ ദിവസത്തെയും ക്രമീകരണങ്ങൾക്ക് ഓരോ മന്ദിരത്തിൽ നിന്നുള്ള പ്രവർത്തകർ നേതൃത്വം നല്കി. സംഭവനയായി ലഭിച്ച 1293425 രൂപ സുവിശേഷ പ്രസംഗ സംഘം ഓഫീസിൽ അടയ്ക്കുകയും ചെയ്തു. ചെലവ് കഴിഞ്ഞുള്ള 1240259 രൂപ. ഫെലോഷിപ്പ് കമ്മറ്റിയുടെ ശുപാർശ പ്രകാരം വിവിധ മന്ദിരങ്ങൾക്കായി വീതിച്ചുനൽകി.

സാമ്പത്തികം: റിപ്പോർട്ടു വർഷം മന്ദിരം ഫെലോഷിപ്പിന് 244479.91 രൂപാ വരവും 27942.60 രൂപാ ചെലവും 216537.91 രൂപാ നീക്കി ബാക്കിയും ഉണ്ട്. മന്ദിരം ഫെലോഷിപ്പിന്റെ വിവിധ പ്രവർത്തനങ്ങൾക്കായി ഫെലോഷിപ്പിൽ അംഗത്വമുള്ള എല്ലാ മന്ദിരങ്ങളിൽ നിന്നും മന്ദിരം വിഹിതം നൽകിവരുന്നു.

ദുഃഖവെള്ളി സ്തോത്രകാഴ്ച ശേഖരണം: മാർത്തോമ്മാ സഭയിലെ ഇടവകകളിൽ ദുഃഖവെള്ളി ശുശ്രൂഷാമദ്ധ്യേ ലഭിക്കുന്ന സ്തോത്രകാഴ്ച മന്ദിരങ്ങൾക്കായി വേർതിരിച്ചിട്ടുള്ളതാണ്. അഭിവന്ദ്യ മെത്രാപ്പൊലീത്താ തിരുമേനിയുടെ 363-ാം നമ്പർ സർക്കുലർ പ്രകാരം ഓരോ ഇടവകകളും ഏത് മന്ദിരങ്ങൾക്കാണ് സ്തോത്രകാഴ്ച നൽകേണ്ടതെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

നമ്മുടെ മന്ദിരങ്ങൾ ബുക്ക് പ്രസിദ്ധികരണം: മന്ദിരം ഫെലോഷിപ്പിൽ ഉൾപ്പെട്ടിരിക്കുന്ന മന്ദിരങ്ങളുടെ പ്രവർത്തന വൃത്താന്തങ്ങൾ ഉൾപ്പെടുത്തി നമ്മുടെ മന്ദിരങ്ങൾ എന്ന പേരിൽ ഒരു ബുക്ക് 2000 കോപ്പികൾ അച്ചടിച്ച് വിതരണം നടത്തി.

1.എപ്പിസ്കോപ്പൽ സിൽവർ ജൂബിലി മന്ദിരം, കൊട്ടാരക്കര

അശരണരേയും ആലംബഹീനരേയും സാന്ത്വനപ്പെടുത്തുവാനും ശുശ്രൂഷിക്കുവാനുമായി ഭാഗ്യ സ്മരണീയരായ ഡോ.യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്താ, ഡോ. മാത്യൂസ് മാർ അത്താനാസ്യോസ് എപ്പിസ്കോപ്പ എന്നിവരുടെ മേൽപ്പട്ടത്വ രജതജൂബിലി സ്മാരകമായി 1966 ആഗസ്റ്റ് 27-ന് കൊട്ടാരക്കരയിൽ ആരംഭിച്ചതാണ് മാർത്തോമ്മാ എപ്പിസ്കോപ്പൽ ജൂബിലി മന്ദിരം. വാർദ്ധക്യത്തിൽ ഇടം നഷ്ടമായവർക്കും അഭയമില്ലാത്തവർക്കും പരിരക്ഷനൽകുകയെന്ന ലക്ഷ്യത്തോടെ രണ്ട് അംഗങ്ങളുമായി ആരംഭിച്ച മന്ദിരത്തിൽ ഇതിനോടകം 650 അശരണർക്ക് അഭയം നൽകുവാൻ കഴിഞ്ഞു. ജാതിമതഭേദമെന്യെ ഇപ്പോൾ 32 പുരുഷൻമാരും 43 സ്ത്രീകളും ഉൾപ്പെടെ 75 പേർ സന്തോഷത്തോടും സംതൃപ്തിയോടും പാർത്തുവരുന്നു.

അഭിവന്ദ്യ ഡോ. യൂയാക്കീം മാർ കൂറിലോസ് എപ്പിസ്കോപ്പാ മന്ദിരം പ്രസിഡന്റായി നേതൃത്വം നൽകുന്നു. റവ. മാത്യൂ ബേബി സൂപ്രണ്ടായും, ശ്രീ. സാം കെ. ജോൺ ട്രഷറാർ ആയും പ്രവർത്തിക്കുന്നു. കമ്മിറ്റി അംഗങ്ങൾ, മന്ദിരം പ്രവർത്തകർ, സ്വമേധയാ പ്രവർത്തകർ എന്നിവരുടേയെല്ലാം കൂട്ടായ പ്രവർത്തനമാണ് മന്ദിരത്തിന്റെ വളർച്ചയ്ക്ക് മുഖാന്തരമായിരിക്കുന്നത്. മന്ദിരം പ്രവർത്തനങ്ങളിൽ ഇരുപത്തിയഞ്ചിൽ അധികം പ്രവർത്തകർ പൂർണ്ണസമയം വിവിധശുശ്രൂഷകളിൽ വ്യാപൃതരായിരിക്കുന്നു. വൈദിക സെമിനാരിയിലേയും സുവിശേഷ പരിശീലന ഇൻസ്റ്റിറ്റ്യൂട്ടിലേയും വിദ്യാർത്ഥികൾ പ്രായോഗിക പരിശീലനത്തിനെത്തുന്നു. മന്ദിരാംഗങ്ങളുടെ ആരോഗ്യ പരിപാലനത്തിന്റെ ഭാഗമായി ഒരു ഫിസിയോതെറാപ്പി യൂണിറ്റ് മന്ദിരത്തിൽ പ്രവർത്തിക്കുന്നു. എല്ലാ ഞായറാഴ്ചകളിലും ചാപ്പലിൽ ആരാധനയും ഒന്നാം ഞായറാഴ്ചയും പ്രത്യേക ദിവസങ്ങളിലും വിശുദ്ധകുർബ്ബാനയും നടത്തുന്നു. എല്ലാ ദിവസവും രാവിലെയും വൈകിട്ടും 6.30ന് മന്ദിരം കുടുംബാംഗങ്ങൾ ചാപ്പലിൽ പ്രാർത്ഥനയ്ക്കായി കൂടിവരുന്നു. വെള്ളിയാഴ്ചകളിൽ 10 മണിമുതൽ ഉപവാസ പ്രാർത്ഥനയും പ്രത്യേക വിഷയങ്ങൾക്കായി മദ്ധ്യസ്ഥ പ്രാർത്ഥനയും നടത്തുന്നു.

മാരാമൺ കൺവൻഷനോടനുബന്ധിച്ച് മാർത്തോമ്മാ സഭയുടെ ആഭിമുഖ്യത്തിൽ പ്രവർത്തിച്ചുവരുന്ന 13 മന്ദിരങ്ങളിലേക്കും സംഭാവന സ്വീകരിക്കുന്നതിനായി മാർത്തോമ്മാ സുവിശേഷപ്രസംഗസംഘം മാരാമൺ കൺവൻഷൻ നഗറിൽ ക്രമീകരിച്ച അഗതിമന്ദിരം സ്റ്റാളുകളുടെ സംഭാവന സ്വീകരിക്കുന്ന ശുശ്രൂഷയിൽ പങ്കുചേർന്നു.

അഭിവന്ദ്യ ഡോ. യൂയാക്കീം മാർ കുറിലോസ് തിരുമേനിയുടെ മേൽപ്പട്ടത്വ രജതജൂബിലേയോടനുബന്ധിച്ച് ഭദ്രാസന യുവജനസഖ്യത്തിന്റെ നേതൃത്വത്തിൽ കൊട്ടാരക്കര തെരുവിലെ അശരണർക്കും കൊട്ടാരക്കര, പുനലൂർ താലൂക്ക് ആശുപത്രികളിലെ രോഗികൾക്കും കൂട്ടിരിപ്പുകാർക്കും പ്രഭാത ഭക്ഷണം നൽകുന്ന പദ്ധതി 6 വർഷം പിന്നിട്ടു. ജൂബിലി മന്ദിരത്തിന്റെ അടുക്കളയിൽ പാകം ചെയ്യുന്ന ഭക്ഷണം ആണ് പ്രതിദിനം ഇതിനായി ഉപയോഗിക്കുന്നത്.

മന്ദിരത്തിന്റെ 54-ാമത് വാർഷിക സമ്മേളനം 2019 സെപ്റ്റംബർ 1 ഞായറാഴ്ച മന്ദിരാംഗണത്തിൽ നടത്തപ്പെട്ടു. കൊട്ടാരക്കര - പുനലൂർ ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. യൂയാക്കീം മാർ കുറിലോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ കൊല്ലം ജില്ലാ കളക്ടർ ബഹു. ബി. അബ്ദുൾ നാസർ ഐ.എ.എസ്. ഉദ്ഘാടനം നിർവ്വഹിക്കുകയും മാർത്തോമ്മാ സഭാ സെക്രട്ടറി കെ.ജി. ജോസഫ് അച്ചൻ മുഖ്യസന്ദേശം നൽകുകയും ചെയ്തു. അന്നേദിവസം രാവിലെ നടന്ന വിശുദ്ധകുർബ്ബാന ശുശ്രൂഷയ്ക്ക് മുൻ മന്ദിരം സൂപ്രണ്ടായിരുന്ന വികാരി ജനറൽ എബ്രഹം സാമുവേൽ അച്ചൻ നേതൃത്വം നൽകി. ഭദ്രാസന സേവികാ സംഘം, ഭദ്രാസന യുവജനസഖ്യം എന്നിവയുടെ ആഭിമുഖ്യത്തിൽ ഫുഡ്ഫെസ്റ്റ്, ഗെയിം എന്നിവ നടത്തപ്പെട്ടു. കൊട്ടാരക്കര ശാലേം ബീറ്റ്സിന്റെ ഗാനസന്ധ്യയും നടത്തുകയുണ്ടായി.

ക്രിസ്തുമസ് കാരൾ 2019 ഡിസംബർ 1-ന് ജൂബിലി മന്ദിരാങ്കണത്തിൽവച്ച് അഭിവന്ദ്യ ഡോ. യുയാക്കീം മാർ കുറിലോസ് എപ്പിസ്കോപ്പയുടെ മഹനീയ അദ്ധ്യക്ഷതയിൽ വൈകിട്ട് 6.30 ന് നടന്നു. ഡി.ജി.പി. ലോക്നാഥ് ബെഹ്റ വീഡിയോ കോൺഫറൻസിലൂടെ ഉദ്ഘാടനം നിർവ്വഹിച്ചു. കൊല്ലം റൂറൽ എസ്.പി. ഹരിശങ്കർ ക്രിസ്തുമസ്സ് സന്ദേശം നൽകി. അഡ്വ. ഐഷാ പോറ്റി എം.എൽ.എ ആശംസാ പ്രസംഗം നടത്തി. മന്ദിരാംഗങ്ങൾ, മന്ദിരം പ്രവർത്തകർ,ഏനാത്ത് മാർത്തോമ്മാ ചർച്ച്, കുണ്ടറ ശാലേം മാർത്തോമ്മാ ചർച്ച്, മൈലം ക്രിസ്തോസ് മാർത്തോമ്മാ ചർച്ച് എന്നീ ഗായകസംഘാംഗങ്ങൾ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.

2020 ഫെബ്രുവരി 29-ന് അയിരൂർ കർമ്മേൽ മന്ദിരത്തിൽ വച്ച് നടന്ന മന്ദിരം കലാമേളയിൽ നമ്മുടെ മന്ദിരാംഗങ്ങൾ മത്സരത്തിൽ പങ്കെടുക്കുകയും നാലാം തവണയും ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കുകയും ചെയ്തു. മന്ദിരത്തെ സ്നേഹിക്കുന്ന സുമനസുകളുടെ കൂട്ടായ്മയിലാണ് ഭക്ഷണക്രമീകരണങ്ങൾ സുഗമമായി മുന്നോട്ടു പോകുന്നത്. നിര

വധി വ്യക്തികളും ഇടവകകളും സ്ഥാപനങ്ങളും മുന്നോട്ടു വരുന്നതിൽ ഏറെ സന്തോഷമുണ്ട്. പ്രിയപ്പെട്ട ഏവരോടുമുള്ള കൃതജ്ഞത അറിയിക്കുന്നു.

പെയിൻ & പാലിയേറ്റീവ് കെയർയൂണിറ്റ്: ജൂബിലിമന്ദിരത്തിന്റെ സുവർണ്ണജൂബിലി പരിപാടികളുടെ ഭാഗമായി പെയിൻ & പാലിയേറ്റീവിന്റെ ഒരു യൂണിറ്റ് ആരംഭിച്ചു. ജൂബിലിമന്ദിരം കേന്ദ്രമാക്കി 7 യൂണിറ്റുകളിലായി പെയിൻ & പാലിയേറ്റീവിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. 84 രോഗികളുടെയും അവരുടെ കുടുംബങ്ങളെയും അവരുടെ സാഹചര്യം അനുസരിച്ച് ഒന്നോ രണ്ടോ ആഴ്ചകൾ കൂടുമ്പോൾ സന്ദർശിച്ച് ശാരീരികമായി അവശതയിലായിരിക്കുന്നവരെ വൃത്തിയാക്കുകയും മുറിവ് വൃത്തിയാക്കി മരുന്ന് വെച്ച്കെട്ടുകയും ചെയ്യുന്നു.രോഗാവസ്ഥയിൽ ആയവരെ ആശുപത്രിയിൽ എത്തിക്കുന്നു.സാമ്പത്തിക സ്ഥിതി അനുസരിച്ച് ആവശ്യമായ മരുന്നും രോഗീപരിചരണ ഉപകരണങ്ങളും അർഹരായവർക്ക് നൽകിവരുന്നു. വൈസ്പ്രസിഡന്റായി റവ.ജോസഫ് കെ. തോമസ് പ്രവർത്തിച്ചു.

ഹോസ്പീസ്: ശയ്യാവലംബികളായ രോഗികളെ താമസിപ്പിച്ചു ശുശ്രൂഷനൽകുന്ന ഈ സ്ഥാപനം ഇതിനോടകം 110 രോഗികൾക്ക് ശുശ്രൂഷനൽകി. അത്യാവശ്യ സന്ദർഭങ്ങളിൽ മന്ദിരാംഗങ്ങൾക്കുപുറമേ പുറത്തുനിന്നുള്ള ക്ഷീണിതരും മരണാസന്നരുമായ രോഗികളേയും പ്രവേശിപ്പിച്ചു ശുശ്രൂഷകൾ നൽകി. ഇപ്പോൾ 22 പേർക്ക് ഹോസ്പീസിൽ പരിചരണം നൽകുന്നു. റിപ്പോർട്ട് വർഷം ഹോസ്പിസിനു വേണ്ടി ആധുനിക സൗകര്യങ്ങളോടുകൂടിയ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിച്ചു. പണികൾ പുരോഗമിച്ചുവരുന്നു.

വ്യക്തിഗത സംഭാവനകൾ, ഭദ്രാസന, സെന്റർ, ശാഖാ സേവികാസംഘങ്ങളുടെ ആത്മാർത്ഥമായ പങ്കാളിത്വം സ്ഥാപനത്തിന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്ക് സഹായകമാകുന്നു. ഹോസ്പീസിന്റെ പ്രവർത്തനചെലവുകൾ ഭാഗികമായി നിർവ്വഹിക്കുന്നതിനു സഭാകേന്ദ്രത്തിൽ നിന്നു നൽകുന്ന ഗ്രാന്റിനായി നന്ദി രേഖപ്പെടുത്തുന്നു.

മന്ദിരംചാപ്പൽ: ജൂബിലിമന്ദിരത്തിന്റെ രജത ജൂബിലി സ്മാരകമായി നിർമ്മിച്ച ചാപ്പൽ മന്ദിരാംഗങ്ങളുടെ ആരാധനയ്ക്കും മറ്റ് കൂട്ടായ്മയ്ക്കും, സമ്മേളനങ്ങൾക്കും കൂടാതെ ഭദ്രാസനത്തിന്റെ പ്രവർത്തനങ്ങൾക്കും കൂടിവരവുകൾക്കും, സംഘടനകളുടെ കൂട്ടായ്മകൾ, സഭാംഗങ്ങളുടെ വിവാഹം, മാമ്മോദീസ എന്നീ കൂദാശകൾക്കും ഉപയോഗിച്ചുവരുന്നു. എല്ലാ ഞായറാഴ്ചയും ചാപ്പലിൽ ആരാധനയും മാസത്തിൽ ഒന്നാം ഞായറാഴ്ച വിശുദ്ധ കുർബാന ശുശ്രൂഷയും നടത്തപ്പെടുന്നു.

2. പ്രതീക്ഷാ ഭവൻ, മൈലപ്ര

മാർത്തോമ്മാ സഭയുടെ റാന്നി-നിലയ്ക്കൽ ഭദ്രാസനത്തിന്റെ കീഴിലുള്ള കൃപാസമിതിയുടെ ചുമതലയിൽ നടത്തപ്പെടുന്ന വയോജന മന്ദിരമാണ് മൈലപ്ര ചീങ്കൽത്തടം പ്രതീക്ഷാഭവൻ. പ്രതിസന്ധികളുടെ മധ്യത്തിലെ അതിജീവനത്തിന്റെ അനുഭവ ങ്ങളുടെ സമ്മിശ്രഭാവത്തോടെ മന്ദിരത്തിന്റെ പ്രവർത്തനങ്ങൾ സമർപ്പിക്കുന്നു.

മന്ദിരം പ്രവർത്തനം: അഭിവന്ദ്യ. ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനിയുടെ നേതൃത്വത്തിലുള്ള ഈ സ്ഥാപനത്തിൽ ജാതി-മത വ്യത്യാസമില്ലാതെ 60 വയസ്സിനുമേൽ പ്രായമുള്ള അനാഥരും, ആലംബഹീനരുമായ 22 സ്ത്രീ-പുരുഷന്മാർ താമസിച്ചു വരുന്നു. ക്രമീകൃതമായ ദൈനംദിന ജീവിത ക്രമങ്ങളിലൂടെ മന്ദിരം പ്രവർത്തനങ്ങളിൽ ഭാഗഭാക്കാകുകവഴി മന്ദിരാംഗങ്ങളെ സാധാരണ ജീവിതത്തിലേക്ക് എത്തിക്കുവാൻ മന്ദിരത്തിന് സാധിക്കുന്നു. ഈ സ്ഥാപനത്തിന്റെ ഡയറക്ടർ റവ. ബെന്നി എസ്. വർഗ്ഗീസും സ്നേഹവും കൂട്ടായ്മയും നൽകുന്ന സേവിനി -സേവകരും അനുഷ്ഠിക്കുന്ന ശുശ്രൂഷയും തുല്യതയില്ലാത്ത വളർച്ചയ്ക്ക് സഹായകരമായിരുന്നു.

സാമ്പത്തികം: ഭദ്രാസനങ്ങളിൽ നിന്ന് ലഭിക്കുന്ന ഗ്രാന്റ്, അഗതി റിലീഫ് ഫണ്ട്, Good Friday Offertory (Selected parish) കൂടാതെ ഇടവകയിൽ നിന്നും കുടുംബങ്ങളിൽ നിന്നും നൽകുന്ന കരുതലോടൊപ്പം, മാരാമൺ കൺവൻഷൻ സമയത്തു ലഭിച്ച സംഭാവനകളുമാണ് പ്രധാന ധനാഗമ മാർഗ്ഗങ്ങൾ.

പ്രവർത്തനങ്ങൾ

പഴമതണൽ: സഭയുടെ വയോജന ദിനത്തോടനുബന്ധിച്ച് വയോജന ദിനാഘോഷമായി നടത്തപ്പെടുകയുണ്ടായി.

മന്ദിരം ഫെലോഷിപ്പ് : മാർത്തോമ്മാ സഭ മന്ദിരം ഫെലോഷിപ്പ് പ്രവർത്തനങ്ങളിലും പ്രത്യേകിച്ച് അയിരൂർ കർമ്മേൽ മന്ദിരത്തിൽ നടത്തപ്പെട്ട മന്ദിരം ഫെസ്റ്റിലും മന്ദിരാംഗങ്ങൾ പങ്കെടുക്കുകയും സമ്മാനങ്ങൾ കരസ്ഥമാക്കുകയും ചെയ്തു.

പ്രളയ ദുരിതാശ്വാസ സഹായം: പ്രതീക്ഷാഭവൻ കുടുംബവും, താവളപ്പാറ മാർത്തോമ്മാ ചിൽഡ്രൻസ് ഹോമും സംയുക്തമായി വസ്ത്രങ്ങളും, ഭക്ഷ്യവസ്തുക്കളും ശേഖരിച്ച് 2019 ഓഗസ്റ്റ് 27 ന് ആലപ്പുഴ ജില്ലാ കളക്ടറുമായി സഹകരിച്ച് ദുരിതാശ്വാസ ക്യാമ്പിലേക്ക് അയച്ചു നൽകുകയുണ്ടായി.

കൺവൻഷനും വാർഷികവും: ചീങ്കൽത്തടം പ്രതീക്ഷഭവന്റെ 15-ാമത് കൺവൻഷൻ 2018 ഡിസംബർ 4-7 വരെ നടത്തപ്പെട്ടു. യോഗങ്ങളിൽ റവ പി.കെ. സഖറിയാ, റവ ഏ.ടി. സഖറിയാ, ഫാ. ബോബി ജോസ് കട്ടിക്കാട് എന്നിവർ വചനശുശ്രൂഷകൾ ക്കും റാന്നി നിലക്കൽ ഭദ്രാസന യുവജന സഖ്യം മിഷൻ ഇവാൻജെലിസം ടീം ഗാനശുശ്രൂഷകൾക്കും നേതൃത്വം നൽകി.

പറവക്കൂട്ടം: പ്രതീക്ഷാഭവൻ കുടുംബാംഗങ്ങളുടെ ബന്ധുക്കളുടെ സംഗമമായി പ്രതീക്ഷാഭവൻ ദിനമായ ഡിസം. 7-ന് ക്രമീകരിച്ചിരുന്ന കൂടിവരവാണ് പറവക്കൂട്ടം. തന്നാണ്ടിൽ റവ. സി.വി. സൈമൺ അച്ചന്റെ വി. കുർബ്ബാനയോടു ചേർന്ന ക്ലാസ്സ് പറവക്കൂട്ടത്തിന് വ്യത്യസ്തമായ ഒരു മാനം നൽകുകയുണ്ടായി.

ക്രിസ്തുമസ് ആഘോഷം 'നിലാവ് 2019' : പ്രതീക്ഷാഭവന്റെ ക്രിസ്തുമസ് ആഘോഷം 'നിലാവ് 2019' ഡിസംബർ 14 ശനിയാഴ്ച നടത്തപ്പെട്ടു. സമീപ ഇടവകളിലെ കുടുംബാംഗങ്ങളും ഗായകസംഘങ്ങളും വൈദീകരും താവളപ്പാറ എം.ടി.സി.എച്. കുട്ടികളും സാന്നിധ്യം കൊണ്ടും ഗാനങ്ങൾ കൊണ്ടും കരുതുകയുണ്ടായി.

കുമ്പനാട് നെല്ലിമല സെന്റ് തോമസ് മാർത്തോമ്മാ യുവജനസഖ്യത്തിന്റെ ക്രിസ്മസ് ആഘോഷം 2019 ഡിസംബർ 29-ന് നടത്തി.

സൗജന്യ മെഡിക്കൽ ക്യാമ്പ് : മൗണ്ട് സിയോൻ മെഡിക്കൽ കോളേജ് വിഭാഗത്തിന്റെ നേതൃത്വത്തിൽ 2019 ഡിസംബർ 23-ന് പ്രതീക്ഷാഭവനിൽവച്ച് 'സൗജന്യ നേത്ര ചികിത്സാ ക്യാമ്പ്' നടത്തപ്പെട്ടു.

സ്വാതന്ത്ര്യദിനം, റിപ്പബ്ലിക് ദിനാഘോഷങ്ങൾ : 2019 ഓഗസ്റ്റ് 15-ന് വി. കുർബ്ബാനയ്ക്കും പതാക ഉയർത്തലിനും ശേഷം മന്ദിരങ്ങൾ മധുരം പങ്കുവച്ച് രാജ്യത്തിന്റെ സ്വാതന്ത്ര്യദിനം ആഘോഷമാക്കി. ഇന്ത്യയുടെ 70-ാമത് റിപ്പബ്ലിക് ദിനാചരണം 2019 ജനുവരി 26 ന് പ്രഭാതരാധനയ്ക്കുശേഷം മുതിർന്ന മന്ദിരാംഗമായ ശ്രീ.എ.എസ്.ശമുവേൽ പതാക ഉയർത്തുകയും, കുടുംബാംഗങ്ങൾ പരസ്പരം മധുരം പങ്കുവയ്ക്കുകയും ചെയ്തു.

ഇതൾ : പ്രതീക്ഷാഭവൻ കുടുംബാംഗങ്ങളുടെ മാനസിക ഉല്ലാസത്തിനായി വിവിധ ഇടവകകളിലെ യുവജനങ്ങളുടെയും അവരുടെ മാതാപിതാക്കളുടെയും പങ്കാളിത്വത്തോടെ ഔപചാരികതയുടെ മുഖം മൂടികളില്ലതെ എല്ലാ മാസവും നടത്തപ്പെടുന്ന കലാസന്ധ്യ. ഭദ്രാസന വ്യത്യാസങ്ങളില്ലാതെ യുവജനസഖ്യങ്ങൾ പങ്കെടുക്കുകയുണ്ടായി.

വാത്സല്യം: മാസത്തിലൊരിക്കൽ സേവികാ സംഘാംഗങ്ങളായ വീട്ടമ്മമാരുടെ പൊതിച്ചോറിലൂടെയുള്ള സ്നേഹസാന്നിധ്യമാണ് വാത്സല്യം. ഇത്തരം ഭക്ഷണ പൊതികൾ ആഴ്ചകളിൽ മൂന്നു മുതൽ നാലു ദിനങ്ങൾ വരെ ലഭിച്ചു വരുന്നു. ഇപ്രകാരം കരുതുന്ന ഇടവകകളേയും പ്രത്യേകം സേവികാ സംഘാംഗങ്ങളേയും കൃതജ്ഞതാപൂർവം സ്മരിക്കുന്നു.

സഫലം : മാസത്തിന്റെ നാലാം വ്യാഴാഴ്ചകളിൽ വിവിധ ഇടവകകളിലെ ഇടവക മിഷന്റെ ആഭിമുഖ്യത്തിൽ പ്രതീക്ഷാഭവൻ കുടുംബാംഗങ്ങൾക്ക് ഒപ്പമിരുന്ന് വിവിധ വിഷയങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കുന്ന കൂടിവരവായ സഫലം

വിവിധ ഇടവകകളുടെ സഹകരണത്തിൽ നടത്തിവരുന്നു.
ഒപ്പം: മാസത്തിലൊരിക്കൽ യുവജനങ്ങളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും പങ്കാളിത്വത്തോടെ നടത്തിവരുന്ന ചപ്പാത്തി ഫെലോഷിപ്പാണ് ഒപ്പം. നിരാലംബരായ മന്ദിരാംഗങ്ങൾക്ക് യുവജനങ്ങളുടെ സ്നേഹപൂർണ്ണമായ പാചകവും പങ്കിടലും വളരെ സന്തോഷവും ഊർജ്ജവും നൽകുന്നതാണ്.
സ്പർശം: പ്രതീക്ഷാഭവന്റെ ചുറ്റുപാടുമുള്ള സ്കൂൾ, സൺഡേസ്കൂൾ എന്നിവയിലുള്ള വിദ്യാർഥികളെ മന്ദിരം പ്രവർത്തനങ്ങളിൽ ഭാഗമാക്കുന്നതിന് സ്പർശം എന്ന പരിപാടി എല്ലാ മാസവും നടത്തപ്പെടുയുണ്ടായി.
ഓർഫനേജ് ഫെസ്റ്റ്: പത്തനംതിട്ട ജില്ലാ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി നടത്തപ്പെട്ട ഓർഫനേജ് ഫെസ്റ്റിൽ നമ്മുടെ കുടുംബാംഗങ്ങൾ പങ്കെടുക്കുകയും മത്സരങ്ങളിൽ വിജയികളാകുകയും സമ്മനാർഹരായി തീരുകയും ചെയ്തു.
കൊവിഡ് 19 ദുരിതാശ്വാസ സഹായം: കൊവിഡ് 19 രോഗ പ്രതിരോധത്തിന്റെ ഭാഗമായി പ്രവർത്തിച്ചു വന്ന രണ്ട് സമീപ സമൂഹ അടുക്കളയിലേയ്ക്ക് ഭക്ഷണ സാധനങ്ങൾ എത്തിച്ചു നൽകുകയും, മലയാലപ്പുഴ ഗ്രാമപഞ്ചായത്തുമായി സഹകരിച്ച് പത്ത് അശരണരായ കുടുംബങ്ങൾക്ക് ഭക്ഷണകിറ്റ് നൽകുകയും ചെയ്തു.
കൃഷി മൃഗ പരിപാലനം: കോഴി വളർത്തൽ, കന്നുകാലി വളർത്തൽ, കൃഷി എന്നീ പ്രവർത്തനങ്ങൾ മന്ദിരാംഗങ്ങളുടെ സഹകരണത്തോടെ നടന്നുവരുന്നു. മൃഗങ്ങളും പക്ഷികളും സംരക്ഷിക്കപ്പെടുന്നതു വഴി മന്ദിരാംഗങ്ങളുടെ മാനസികവും ശാരീരികവുമായ പ്രയാസങ്ങൾ ഒരു പരിധി വരെ പരിമിതപ്പെടുത്തുന്നതിനു സഹായകമായി. സ്ഥാപനത്തിൽ മാതാപിതാക്കളെ സന്ദർശിക്കാനെത്തുന്ന പ്രായഭേദമെന്യേ ഏവർക്കും സന്തോഷവും ഉണർവും നൽകിവരുന്നു.
സിക്ക് വാർഡ് നിർമ്മാണം:മരണാസന്നരും, കിടപ്പുരോഗികളുമായ മന്ദിരാംഗങ്ങൾക്ക് പ്രത്യേക പരിചരണം നൽകുന്നതിനായുള്ള നിർമ്മാണത്തിലിരുന്ന സിക്ക് വാർഡിന്റെ പണികൾ പൂർത്തീകരിച്ചു. 2020-21 സാമ്പത്തിക വർഷം മന്ദിരാംഗങ്ങളുടെ ഉപയോഗത്തിലേയ്ക്ക് നിർമ്മിക്കപ്പെട്ട പുതിയ സിക്ക് വാർഡി ൽ രണ്ട് നിലകളിലായി സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേകം ഐസൊലേഷൻറൂമുകളും സ്റ്റാഫ് റൂമുകളും സജ്ജമാക്കിയിരിക്കുന്നു.

3.ധർമ്മഗിരി മന്ദിരം, കുമ്പനാട്

1944 ൽ മാരാമൺ കൺവൻഷന്റെ ചുമതലയിൽ അഗതികളെ സ്ഥിരമായി പാർപ്പിച്ച് ശുശ്രൂഷിക്കുന്നതിന് ഒരു മന്ദിരം ആരംഭിക്കുന്നതിന് സുവിശേ പ്രസംഗസംഘം തീരുമാനിച്ചു. വികാരി ജനറാൾ ദിവ്യശ്രീ കെ.ഇ. ഉമ്മൻ കശ്ശീശായുടെ നേതൃത്വത്തിൽ കുമ്പനാട് സ്ഥലം കണ്ടെത്തുകയും, 1948 ഫെബ്രുവരി 2-ന് അഭിവന്ദ്യ യൂഹാനോൻ മാർത്തോമ്മാ മെത്രാപ്പോലീത്താ ധർമ്മഗിരി മന്ദിരത്തിന്റെ ഔപചാരിക ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. 1949 ൽ അന്തേവാസി കൾക്കും സേവകർക്കും താമസിക്കുന്നതിനുള്ള ഷെഡുകൾ നിർമ്മിച്ചു. 1950 ൽ സേവകനായി ചുമതലയേറ ശ്രീ. എം. കെ. വർഗീസിന്റെ പ്രവർത്തനം മന്ദിരത്തിന്റെ വളർച്ചയ്ക്ക് സഹായ കമായി. പിൽക്കാലത്ത് പുരുഷന്മാർക്കും സ്ത്രീകൾക്കും പ്രത്യേക വാർഡുകളും, ചാപ്പലും അടുക്കളയും, ഭക്ഷണഹാളും, സേവിനിമാർക്ക് ക്വാർട്ടേഴ്സും നിർമ്മിക്കുകയുണ്ടായി. കാലാ കാലങ്ങളിൽ ചുമതല വഹിച്ച സൂപ്രണ്ടുമാർ, മന്ദിരം കമ്മറ്റി, പ്രസിഡന്റുമാർ, സെക്രട്ടറിമാർ, ട്രഷറാറുമാർ എന്നിവരുടെ സേവനങ്ങൾ മന്ദിരത്തിന്റെ വളർച്ചയ്ക്ക് സഹായമായിട്ടുണ്ട്. സുവിശേഷസംഘത്തിന്റെ മേൽ നോട്ടത്തിൽ 26 പേരടങ്ങുന്ന ഒരു മാനേജിംഗ് കമ്മററി മന്ദിരം പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. വാർഷിക വരവ് ചെലവ് കണക്ക്, ബഡ്ജററ് എന്നിവ യഥാക്രമം അംഗീകരിക്കുന്നതുകൂടാതെ എല്ലാ മാസവും ഓഡിറ്റ് ചെയ്ത വരവ് ചെലവ് കണക്ക് കേൾക്കുകയും മന്ദിരത്തിന്റെ പ്രവർത്തനം വിലയിരുത്തുകയും ചെയ്യു ന്നു. റവ. ഡോ. ഏബ്രഹാം സഖറിയാ കെ. മന്ദിരത്തിന്റെ സൂപ്രണ്ടായി പ്രവർത്തിക്കുന്നു. റവ. ഏബ്രഹാം പി. ഉമ്മൻ മന്ദിരം കമ്മറ്റിയുടെ പ്രസിഡന്റായും. ശ്രീ. രാജൻ വർഗീസ് സെക്രട്ടറിയായും ശ്രീ. എബി ജേക്കബ് ട്രഷററായും പ്രവർത്തിക്കുന്നു. മന്ദിരത്തിന്റെ പ്രവർത്തനങ്ങൾക്ക് നിദ്ദേശങ്ങളും സഹായ സഹകരണങ്ങളും നൽകുവനായി 140 അംഗങ്ങളുള്ള ഒരു ഉപദേശക സമിതിയും നിലനിൽക്കുന്നു.
എല്ലാദിവസവും വൈകിട്ട് ചാപ്പലിൽ ആരാധന ക്രമീകരിക്കുന്നു. രാവിലെ പ്രത്യേക പ്രാർത്ഥന ക്രമീകരിച്ചിട്ടുണ്ട്. മാസത്തിൽ രണ്ട് ഞായറായ്ചകളിൽ വിശുദ്ധകുർബ്ബാനയും മററു ഞായറാഴ്ച്ചകളിൽ സാധാരണ ആരാധനയും ക്രമമായി നടത്തിവരുന്നു. കൂടാതെ വിശേഷ ദിവസങ്ങളിൽ വിശുദ്ധ കുർബ്ബാന അനുഷ്ഠിക്കുന്നുണ്ട്. ചാപ്പലിൽ എത്തി ആരാധന യിൽ പങ്കെടുക്കാൻ കഴിയാത്തവർക്ക് ആരാധന കേൾക്കുന്ന തിനുള്ള ക്രമീകരണം അതാതിടങ്ങളിൽ ചെയ്തിട്ടുണ്ട്.
മന്ദിരത്തിന്റെ 71-ാം മത് വാർഷികം 2019 ഒക്ടോബർ 20 ന് മന്ദിരം ചാപ്പലിൽ നടന്നു. 2019 ഡിസംബർ 27-ാം തീയതി മന്ദിരം ദിനാഘോഷവും ക്രിസ്തുമസ് ഗാനശുശ്രൂഷയും നടന്നു. കാഞ്ഞിരപ്പള്ളി രൂപതയുടെ അദ്ധ്യക്ഷൻ അഭിവന്ദ്യ ജോസ് പുളിയ്ക്കൽ തിരുമേനി ക്രിസ്തുമസ് ദൂത് നൽകി. നിർദ്ധനരും സഹായിപ്പാൻ ആരുമില്ലാത്തവരുമായ 60 വയസ്സിന് മുകളിൽ പ്രായമുള്ളവർക്ക് ജാതി മത വ്യത്യാസം കൂടാതെ പ്രവേശനം നൽകുന്നു. അന്തേവാസികളിൽ അധികം പേരും രോഗികളും ക്ഷീണിതരുമാണ്. അവരുടെ താമസം, ഭക്ഷണം, വസ്ത്രം, ചികിത്സ തുടങ്ങിയവ എല്ലാം സൗജന്യമായി നിർവ്വഹിക്കുന്നു. ഇപ്പോൾ 86 അന്തേവാസികളുണ്ട്.
സാമ്പത്തിക സൗകര്യം ഉണ്ടെങ്കിലും തനിയെ താമസിക്കുന്ന സ്ത്രീ വയോജനങ്ങളുടെ എണ്ണം വർദ്ധിച്ചുവരുന്ന ഈ കാലത്ത് അവർക്ക് ശുശ്രൂഷയും കൂട്ടായ്മയും നൽകുന്നതിന് ആരംഭിച്ചതാണ് ശാന്തിഭവൻ. 18 പേർ ഇപ്പോൾ ഇവിടെ താമസിക്കുന്നു. മന്ദിരാംഗങ്ങളിൽ രോഗികളായവർക്ക് ആവശ്യമായ ചികിത്സ യഥാസമയം ലഭ്യമാക്കുന്നു. ഡോ. റെജി തോമസ് കക്കുടിയിൽ ദന്ത ചികിത്സ സൗജന്യമായി നൽകിവരുന്നു. അന്തേവാസികളുടെ അടിയന്തര ശുശ്രൂഷകൾക്ക് ഒരു ഡിസ്പെൻസറിയും മന്ദിരത്തിൽ പ്രവർത്തിക്കുന്നു. റിപ്പോർട്ട് വർഷം തിരുവല്ല മെഡിക്കൽ മിഷൻ ആശുപത്രിയുടെയും, കോയിപ്രം ഹെൽത്ത് സെന്ററിന്റെയും ആഭിമുഖ്യത്തിൽ മെഡിക്കൽ ക്യാമ്പ് നടത്തുകയും മരുന്നുകൾ വിതരണം ചെയ്യുകയും ചെയ്തു.
15 പശുക്കളെ വളർത്തത്തക്കവിധം ആധുനിക രീതിയിൽ നിർമ്മിച്ച കാലിത്തോഴുത്തിൽ 6 പശുക്കളും അതിന്റെ കിടാക്കളും ഉണ്ട്. കാലിത്തൊഴുത്തിന് ക്ഷീരവകുപ്പിൽ നിന്ന് 50000 രൂപാ സബ്സിഡിയായി ലഭിക്കുകയും ചെയ്തു. മന്ദിരത്തിന് ആവശ്യമായ പാലും പാൽ ഉത്പ്പന്നങ്ങളും ഡയറി യൂണിറ്റിൽ കൂടി ലഭിക്കുന്നു. മുയൽ, കോഴി എന്നിവയും വളർത്തുന്നു. മന്ദിരത്തിന്റെ പുരയിടത്തിൽ എല്ലാവിധ കൃഷികളും നടത്തുന്നു.
മന്ദിരാംഗങ്ങളുടെ മാനസിക ഉല്ലാസത്തിനായി വാർഡുകളിൽ ടി.വി ക്രമീകരിച്ചിട്ടുണ്ട്. വർഷത്തിലൊരിക്കൽ യാത്ര ചെയ്യാൻ പറ്റുന്ന മന്ദിരാംഗങ്ങൾക്കായി ഏകദിന ടൂർ ക്രമീകരിക്കാറുണ്ട്. ഈ വർഷം ആലപ്പുഴ ബീച്ച് സന്ദർശിച്ചു. മാർത്തോമ്മാ സഭയിലെ 13 മന്ദിരങ്ങളെയും ഏകോപിച്ചു കൊണ്ടുള്ള മന്ദിരം ഫെല്ലോഷിപ്പിന്റെ ഓഫീസായി ഈ ഓ ഫീസ് പ്രവർത്തി ക്കുന്നു. അയിരൂർ കർമ്മേൽ മന്ദിരത്തിൽ നടത്തപ്പെട്ട കലാമേളയിൽ പങ്കെടുക്കുകയും രണ്ടാം സ്ഥാനം ലഭിക്കു കയും ചെയ്തു. മന്ദിരത്തിന്റെ സഹായ ഇടവകളിൽ നിന്നുള്ള ദുഃഖവെള്ളിയാഴ്ച, മാരാമൺ കൺവൻഷൻ സമയത്ത് മന്ദിരങ്ങൾക്ക് വേണ്ടി ലഭിക്കുന്ന പണത്തിന്റെ വിഹിതം, ഗവണ്മെന്റ് ഗ്രാന്റ്, പ്രത്യേക ഭക്ഷണത്തിനും സന്ധാരണത്തിനുമായി വ്യക്തികൾ നൽകുന്ന സംഭാവന എന്നിവയാണ് പ്രധാന വരുമാന മാർഗ്ഗങ്ങൾ.

4. കർമ്മേൽ മന്ദിരം, അയിരൂർ

മലങ്കര മാർത്തോമ്മാ സുവിശേഷ പ്രസംഗസംഘത്തിന്റെ ഉടമസ്ഥതയിൽ 1953-ൽ കേവലം 2 അന്തേവാസികളോടൊപ്പം ആരംഭം കുറിച്ച സ്ഥാപനത്തിൽ ഇപ്പോൾ മന്ദിരം, ബാലികാഭവൻ, ആശ്രമം, പെയ്ൻ & പാലിയേറ്റീവ് യൂണിറ്റ് എന്നീ സ്ഥാപനങ്ങളിലായി പ്രവർത്തകർ ഉൾപ്പെടെ 190ഓളം ആളുകൾക്ക് തണലേകുന്ന ഒരു വലിയ ജീവകാരുണ്യ പ്രസ്ഥാനമായി മാറിയിരിക്കുന്നു. സമൂഹത്തിൽ ഉറ്റവരും ഉടയവരും ഇല്ലാത്തവരും ആലംബഹീനരുമായ 60 വയസ്സിനു മുകളിൽ പ്രായമുള്ളവരുമായ സ്ത്രീ-പുരുഷ ഭേദമെന്യേ ഏവരെയും സ്വീകരിച്ച് ശിഷ്ടായുസ് ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് സന്തോഷകരമായി നയിക്കുവാൻ മന്ദിരം ശ്രദ്ധിക്കുന്നു. 60 പേർ മന്ദിരത്തിൽ താമസിക്കുന്നു. 1970-ൽ സ്ഥാപിതമായ ബാലികാഭവനിൽ 5 മുതൽ 9 വരെ വയസ്സ് പ്രായമുള്ള പെൺകുട്ടികളെ സ്വീകരിച്ച് തൊഴിലുകൾ അഭ്യസിപ്പിക്കുന്നതിനും ദൈവവിശ്വാസത്തിൽ അധിഷ്ഠിതമായ ധാർമ്മിക മൂല്യങ്ങൾ ഉൾക്കൊള്ളുന്നവരാക്കി മാറ്റുവാൻ സ്ഥാപനം ശ്രദ്ധിക്കുന്നു. 40 പെൺകുട്ടികൾ അംഗങ്ങളായിട്ടുണ്ട്. സ്ഥാപനത്തിലെ കുട്ടികളുടെ മാനസിക വികാസത്തിനു സഹായകരമായ കൗൺസിലിംഗ് ക്ലാസ്സുകൾ, കരിയർ ഗൈഡൻസ് ക്ലാസുകൾ എന്നിവ നടത്തിവരുന്നു. 1978 മുതൽ സ്ഥാപനത്തോടു ചേർന്ന് തയ്യൽ സ്കൂൾ പ്രവർത്തിക്കുന്നു. സ്വാതന്ത്ര്യദിനം, ക്രിസ്തുമസ് കാരൾ സർവ്വീസ്, കലാസന്ധ്യ എന്നിവ നടത്തപ്പെടുന്നു. 15000 പുസ്തകങ്ങൾ ഉള്ള വിപുലമായ ലൈബ്രറി പ്രവർത്തിക്കുന്നു.

അന്വേഷണത്തിനോ, സഹായത്തിനോ ആരുമില്ലാത്തവരും എന്നാൽ സാമ്പത്തിക ശേഷിയുള്ളവരുമായ സ്ത്രീപുരുഷന്മാരെ ആശ്രമത്തിൽ താമസിപ്പിച്ച് അവരുടെ പരിചരണം, ഭക്ഷണം, താമസസൗകര്യം, വൈദ്യസഹായം, ആത്മീയ പരിപോഷണം എന്നിവ ലഭ്യമാക്കുന്നു. 28 പേർ അംഗങ്ങളായി താമസിക്കുന്നു. ഗുഡ്സമരിറ്റൻ പെയ്ൻ & പാലിയേറ്റീവ് യൂണിറ്റിൽ 7 പേർ താമസിക്കുന്നു.

മന്ദിരത്തിൽ അംഗങ്ങൾക്ക് ആവശ്യമായ പാൽ ഉത്പാദിപ്പിക്കുന്നതിനായി ഡയറി യൂണിറ്റ് പ്രവർത്തിക്കുന്നു. മാരാമൺ കൺവൻഷനോടനുബന്ധിച്ച് മണൽപ്പുറത്ത് ഫുഡ്സ്റ്റാൾ പ്രവർത്തിക്കുന്നു. ഡോ. യൂഹാനോൻ മാർത്തോമ്മാ & മാത്യൂസ് മാർ അത്താനാസ്യോസ് കമ്മ്യൂണിറ്റി സെന്ററിൽ സ്ഥാപനത്തിന്റെ പൊതുപരിപാടികൾ, കർമ്മേൽ സെന്റർ കൺവൻ ഷൻ, സെമിനാറുകൾ, വിവാഹസദ്യ തുടങ്ങിയവ നടത്തപ്പെടുന്നു. കേരള ക്രൈസ്തവ സമിതി നൽകിയ ആംബുലൻസിന്റെ പ്രവർത്തനം ഭംഗിയായി നടക്കുന്നു. ഇടവകകളിൽ നിന്നും 2 വർഷത്തിലൊരിക്കൽ ഉള്ള ഇടവക പിരിവ്, ദുഃഖവെള്ളിയാഴ്ചത്തെ സ്തോത്രകാഴ്ച, പ്രത്യേക ഭക്ഷണത്തിനു ലഭിക്കുന്ന സംഭാവന, ഗവ. ഗ്രാന്റ്, ഐ.എഫ്. ഗ്രാന്റ്, പെട്ടിപ്പിരിവ്, എൻഡോവ്മെന്റ് പലിശ, കന്നുകാലി വളർത്തൽ, കാർഷിക വിളകളിൽ നിന്നുള്ള ഫണ്ട്, മാരാമൺ ഫുഡ് സ്റ്റാൾ, അഗതി റിലീഫ് ഫണ്ട്, പ്ലാങ്കമൺ ജംഗ്ഷനിൽ ഉള്ള കെട്ടിടത്തിന്റെ വാടക മുതലായവ ആണ് പ്രധാന വരുമാന മാർഗ്ഗങ്ങൾ. മന്ദിരം സ്ഥാപനങ്ങളുടെ ചുമതലക്കാരനായി റവ. ജോർജ്ജ് മാത്യു (പ്രസിഡന്റ്), ശ്രീ. സാംകുട്ടി അയ്യക്കാവിൽ (ജനറൽ സെക്രട്ടറി), റവ. ജോൺ മാത്യു (അഡ്മിനിസ്ട്രേറ്റർ) എന്നിവർ പ്രവർത്തിക്കുന്നു.

5.ശ്രീ രവി വർമ്മ മന്ദിരം തൃശ്ശൂർ

1941-ൽ തൃശ്ശൂർ ഇടവകാംഗമായിരുന്ന (എബനേസർ മാർത്തോമ്മാ ചർച്ച്, തൃശ്ശൂർ) ശ്രീ. റ്റി.പി. വർഗ്ഗീസ് മാസ്റ്ററുടെ നേതൃത്വത്തിൽ ആരംഭിച്ച ഈ വൃദ്ധസദനം അതിന്റെ ദൗത്യനിർവ്വഹണത്തിൽ 79 വർഷം പിന്നിടുകയാണ്. ജാതിമതഭേദമെന്യേ അനേകം വ്യക്തികൾക്ക് പ്രത്യാശയും സന്തോഷവും പകരുവാൻ കഴിഞ്ഞു എന്നത് അഭിമാനകരമാണ്. അശരണരായ 60 വയസ്സ് മുതൽ 90 വയസ്സുവരെയുള്ള 5 പുരുഷന്മാരും 10 സ്ത്രീകളും ഇപ്പോൾ മന്ദിരത്തിലുണ്ട്. തന്നാണ്ടിൽ 3 പേർ കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ഒരു ക്യാമ്പ് സെന്ററും സ്റ്റുഡന്റ്സ് ഹോസ്റ്റലും ഗസ്റ്റ് ഹൗസും ഡയറി ഫാം, ഗോട്ട് ഫാം കൃഷിയും മന്ദിരത്തിൽ ഉണ്ട്. ദുഃഖവെള്ളിയാഴ്ച സ്തോത്രകാഴ്ച, പ്രത്യേക സംഭാവനകൾ, പ്രത്യേക ഭക്ഷണ സംഭാവനകൾ, സ്പോൺസർഷിപ്പ് എന്നിവയാണ് പ്രധാന വരുമാനമാർഗ്ഗങ്ങൾ. റവ. മാത്യു ഏബ്രഹാം സൂപ്രണ്ടായും ശ്രീ. സി.ജി. ജോൺസൺ സെക്രട്ടറിയായും ഡോ. കെ.സി. ചാക്കോ ട്രഷറാറായും പ്രവർത്തിച്ചു.

6. ജെ.എം.എം. ജൂബിലി മന്ദിരം, ആനപ്രമ്പാൽ

ആനപ്രമ്പാൽ മാർത്തോമ്മാ ഇടവകയുടെ കനകജൂബിലി ആഘോഷത്തോടനുബന്ധിച്ച് ഇടവകയിൽ ഒരു അനാഥമന്ദിരം കൂടി സ്ഥാപിക്കുന്നത് നന്നായിരിക്കുമെന്ന് ഇടവക സംഘമായി തീരുമാനിക്കുകയും അതിനുവേണ്ട ക്രമീകരണങ്ങൾക്കായി ഇടവക ശുശ്രൂഷാ സംഘാംഗങ്ങളുടെ ചുമതലയിൽ നടത്തി വരികയും ചെയ്ത സമയത്ത്, എടത്വാ ഓടേറ്റിൽ അച്ചാമ്മ തോമസ് 1965 മെയ് 30-ന് തന്റെ സമ്പത്തു മുഴുവനും ആനപ്രമ്പാൽ മാർത്തോമ്മാ ഇടവകയ്ക്ക് ദാനം ചെയ്തു. അതു ഒരു ദൈവിക നിയോഗം എന്ന് മനസ്സിലാക്കി; അങ്ങനെ ഇടവകയ്ക്ക്ദാനം ലഭിച്ച സ്ഥലത്ത് ഒരു അഗതി മന്ദിരം സ്ഥാപിക്കുവാൻ തീരുമാനിക്കുകയും, 1965 ഒക്ടോബർ 16 ശനിയാഴ്ച മന്ദിരം ആരംഭിക്കുവാൻ രണ്ട് മുറികൾ ഉള്ള കെട്ടിടത്തിന് തറക്കല്ലിട്ട് പണി ആരംഭിക്കുകയും ചെയ്തു. ആനപ്രമ്പാൽ ഇടവക ശുശ്രൂഷാ സംഘാം ഗളുടെ നേതൃത്വത്തിൽ മന്ദിരം പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

രണ്ട് അന്തേവാസികളും ശ്രീമതി. അച്ചാമ്മയും ഒരു സേവിനിയും ഉൾപ്പെടെ 4 അംഗങ്ങളുമായി പ്രവർത്തനം ആരംഭിച്ചു. ഇടവകാംഗങ്ങളിൽനിന്നുമുള്ള നെല്ല് പിരിവും സ്തോത്രകാഴ്ചയുമായിരുന്നു ആദ്യകാലത്തെ മന്ദിരത്തിന്റെ വരുമാന മാർഗങ്ങൾ.

നിരാലംബർക്ക് രക്ഷ നൽകുക, ആവശ്യത്തിലിരിക്കുന്നവരെ സഹായിക്കുക, പെൺകുട്ടികൾക്ക് തുന്നൽ പഠിപ്പിച്ച് ഒരു ജീവിത മാർഗ്ഗം ഉണ്ടാക്കികൊടുക്കുക എന്നിവ ആയിരുന്നു മന്ദിരം സ്ഥാപനത്തിന്റെ ഉദ്ദേശം. ക്രമേണ മന്ദിരത്തിൽ അന്തേവാസികൾ കൂടുതലായിവരികയും ആവശ്യമനുസരിച്ചുള്ള വരുമാനം ലഭിക്കാതിരിക്കുകയും ചെയ്ത സമയത്ത് മന്ദിരത്തിന്റെ പുരോഗതി ലക്ഷ്യമാക്കി മന്ദിരത്തേയും അതിന്റെ പ്രവർത്തനങ്ങളേയും ഇടവകയായി നിരണം-മാരാമൺ ഭദ്രാസനത്തിന് കൈമാറുകയും ചെയ്തു.

തുടർന്ന് 1971 നവംബർ 19-ന് ഇപ്പോഴത്തെ മന്ദിരത്തിന്റെ ഔപചാരികമായ ഉദ്ഘാടനവും, പുതുതായി നിർമ്മിച്ച കെട്ടിടത്തിന്റെ കൂദാശയും നടത്തപ്പെട്ടു. മാർത്തോമ്മാ സഭയുടെ പരമാദ്ധ്യക്ഷനായിരുന്ന ഡോ. യൂഹാന്നോൻ മാർത്തോമ്മാ മെത്രാപ്പൊലീത്തായുടെ സ്ഥാനാരോഹണ രജത ജൂബിലി സ്മാരകമായി ഈ മന്ദിരത്തിന് ജെ.എം.എം. ജൂബിലി മന്ദിരം എന്ന് നാമകരണം ചെയ്തു. പിന്നീട് മന്ദിരത്തിനടുത്തുള്ള കൂടുതൽ സ്ഥലം വാങ്ങുകയും കൂടുതൽ താമസ സൗകര്യങ്ങൾ, ഓഫീസ്റൂം, ഐസൊലേഷൻ വാർഡ്, സൂപ്രണ്ട് ക്വാർട്ടേഴ്സ്, അബുദബി മാർത്തോമ്മാ ഇടവക സ്പോൺസർ ചെയ്ത ഒരു വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്; ദുബായി വർക്കി ഗ്രൂപ്പ് സ്പോൺസർ ചെയ്ത കംപ്യൂട്ടർ സിസ്റ്റം; കുഴൽ കിണർ; ഓഫീസ് ഫർണീഷിംഗ്; ചുറ്റുമതിൽ നിർമ്മാണം മുതലായവ നടത്തുകയും ചെയ്തു.

2019-20 വർഷം റവ. തോമസ്. സി. അലക്സാണ്ടർ മന്ദിരം സൂപ്രണ്ടായും, ശ്രീ. കെ.എം. ജോൺ, കന്യേക്കോണിൽ സെക്രട്ടറിയായും, ശ്രീമതി ജിജി തോമസ്പ്രസാദ്, പുത്തൻപുരയ്ക്കൽ ട്രഷറർ ആയും സേവനം അനുഷ്ഠിച്ചു. റിപ്പോർട്ടു വർഷം ആനപ്രമ്പാൽ ഇടവക വികാരി ബഹുമാനപ്പെട്ട റവ. രഞ്ചി വർഗീസ്, മല്ലപ്പള്ളി പ്രസിഡന്റായും, ബഹുമാനപ്പെട്ട റവ. വർഗീസ് ചെറിയാൻ വൈസ്പ്രസിഡന്റായും ഉള്ള 16 അംഗ നിർവ്വാഹക സമിതി മന്ദിരത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

മന്ദിരത്തിന്റെ ഭരണ ചുമതല അഭിവന്ദ്യ. ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പൊലീത്ത പ്രസിഡന്റായുള്ള ഭരണസമിതിയിൽ നിക്ഷിപ്തമാണ്. ബഹുമാനപ്പെട്ട റവ. ഡോ. പി.ജി. ജോർജ്ജ് വൈസ്പ്രസിഡന്റായും, നിരണം-മാരാമൺ ഭദ്രാസന സെക്രട്ടറി ബഹുമാനപ്പെട്ട റവ. ജോജൻ മാത്യൂസ് ജോൺ സെക്രട്ടറി & കൺവീനർ ആയും ഭദ്രാസന ട്രഷറർ

അഡ്വ. അൻസിൽ സെഖറിയ ട്രഷറാർ ആയും ഉള്ള ഭരണ സമിതിയിൽ 24 അംഗങ്ങൾ ഉണ്ട്.

റിപ്പോർട്ടു വർഷാരംഭത്തിൽ 32 വൃദ്ധ മാതാപിതാക്കൾ മന്ദിരത്തിൽ ഉണ്ടായിരുന്നു. 7 അംഗങ്ങൾ ഉൾപ്പെട്ട സ്റ്റാഫും, മന്ദിരത്തിൽ വോളണ്ടിയർ ശുശ്രൂഷ ചെയ്ത ശ്രീ. ജെബിൻ സി. ബ്ലെസൻ അടങ്ങുന്ന ടിം ഈ മാതാപിതാക്കളെ ശുശ്രൂഷിക്കുകയുണ്ടായി. ബഹുമാനപ്പെട്ട റവ. തോമസ്. സി. അലക്സാണ്ടർ അച്ചനും കൊച്ചമ്മയും കുടുംബമായി മന്ദിരത്തിൽ താമസിച്ച് സേവനം ചെയ്യുന്നു.

മന്ദിരം ഫെലോഷിപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട എല്ലാ കമ്മറ്റികളിലും മറ്റു പ്രോഗ്രാമുകളിലും സൂപ്രണ്ട് അച്ചനും ചുമതലക്കാരും മന്ദിരം അന്തേവാസികളും പങ്കെടുത്തു. മന്ദിരാംഗങ്ങളുടെ സന്തോഷത്തിനായി ക്രിസ്മസ്സ്, ഓണം, മന്ദിരംദിനം, റിപബ്ലിക് ദിനം മുതലായവ ആഘോഷിച്ചു. കേബിൾ റ്റി. വി, പത്രങ്ങൾ, മാസികകൾ മുതലായവ മന്ദിരത്തിൽ ഏർപ്പാടാക്കിയിട്ടുണ്ട്. മന്ദിരത്തിന്റെ 48-ാ മത് വാർഷിക സമ്മേളനം അഭിവന്ദ്യ. ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പൊലീത്ത ഉദ്ഘാടനം ചെയ്തു. ലോകരെല്ലാം പകർച്ചവ്യാധിയുടെ ഭീതിയിൽ കഴിയുന്ന ഈ സമയത്ത് മഹാകാരുണ്യവാനായ ദൈവം ഇവിടെ വസിക്കുന്ന മാതാപിതാക്കളെ സൗഖ്യത്തോടെ കാത്തുപരിപാലിച്ചതിനായി നന്ദി കരേറ്റുന്നു. ദൈവത്തിന്റെ കാരുണ്യത്തിനായി നമുക്ക് അപേക്ഷിക്കാം. ലോകർക്കുവേണ്ടിയും നമുക്ക് പ്രാർത്ഥിക്കാം.

7. ശാന്തിമന്ദിരം, ഹോസ്കോട്ട്

സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് പാർശ്വവത്കരിക്കപ്പെട്ടവരെയും തഴയപ്പട്ടവരെയും ചേർത്തു നിർത്തുക എന്നത് യേശുവിന്റെ ശുശ്രൂഷാശൈലിയുടെ ഒരു പ്രധാന ഘടകമായിരുന്നു. യേശുക്രിസ്തുവിലൂടെ സഭയിൽ ഭരമേൽപ്പിക്കപ്പെട്ട ഈ വലിയ ദൗത്യത്തിൽ പങ്കുകാരായിക്കൊണ്ടുള്ള ഹോസ്കോട്ടെ മിഷൻ ശാന്തിമന്തിരം ശുശ്രൂഷാപടവുകളിൽ 39 വർഷം പിന്നിടുന്നു.

ഹോസ്കോട്ടെ ഗ്രാമവീഥിയിൽ മൃതപ്രായനായി വഴിയാത്രക്കാരുടെ ദയയ്ക്കായ് കാത്തുകിടന്ന സലിം എന്ന ഒരു പക്ഷവാത രോഗിയിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് അന്നത്തെ മിഷനറി ആയ പി.വി. ഫിലിപ്പ് അച്ചൻ ആരംഭിച്ചതാണ് ശാന്തി മന്ദിരം. പിന്നീട് മേരി എന്ന സ്ത്രീയെ ബാംഗ്ലൂരിലെ ഒരു വഴിയരികിൽ നിന്ന് ശാന്തി മന്ദിരത്തിൽ എത്തിച്ചു. ഈ രണ്ട് അംഗങ്ങളാൽ ഒരു താൽക്കാലിക കെട്ടിടത്തിൽ ആരംഭിച്ച ഈ സ്ഥാപനത്തിൽ ഇപ്പോൾ ജാതിമത ഭേദമെന്യേ 18 അംഗങ്ങൾ താമസിക്കുന്നു.

ഇവരിൽ പ്രായാധിക്യത്തിലുള്ളവർ, പ്രീയപ്പെട്ടവരാൽ ഉപേക്ഷിക്കപ്പെട്ടവർ, ശാരീരികവും മാനസീകവുമായി വൈകല്യമുള്ളവർ എന്നിവരെല്ലാമുണ്ട്. സമൂഹത്തിൽ ഉപേക്ഷിക്കപ്പെട്ട ആളുകൾക്ക് പാർപ്പിടവും ഭക്ഷണവും വസ്ത്രവും മരുന്നും അതിലുപരി സ്നേഹവും അംഗീകാരവും നൽകുക എന്നതാണ് ഈ സ്ഥാപനത്തിന്റെ ഉദ്ദേശം.

ചുമതലക്കാർ: മാർത്തോമ്മാ സുവിശേഷ പ്രസംഗസംഘം പ്രസിഡന്റ് അദ്ധ്യക്ഷനായും ഭദ്രാസന എപ്പിസ്കോപ്പ ഉപാദ്ധ്യക്ഷനായും എൽ.എ.സി. ചെയർമാൻ, സംഘം മാനേജിംഗ് കമ്മറ്റിയിൽ നിന്നുള്ള രണ്ടുപ്രതിനിധികളും ബാംഗ്ലൂർ സെന്ററിലെ എല്ലാ ഇടവകകളിൽ നിന്നുമുള്ള പട്ടക്കാരും ഓരോ പ്രതിനിധികളും ഉൾപ്പെടുന്ന ഗവേണിംഗ് ബോർഡ് ആണ് ഇതിന്റെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നത്. റവ. ബിജോയ് ഡാനിയേൽ മിഷനറി ആയും റവ. ലിജോ കെ. ജോസഫ് സഹമിഷനറി ആയും പ്രവർത്തിക്കുന്നു.

പ്രവർത്തകർ: മന്ദിരത്തിൽ മൂന്നുപേർ പൂർണ്ണസമയം വിവിധ ശുശ്രൂഷകളിൽ വ്യാപൃതരായിരിക്കുന്നു. കോട്ടയം വൈദീക സെമിനാരിയിലെയും ഫരീദാബാദ് സെമിനാരിയിലെയും കൊമ്പാടി സുവിശേഷ പരിശീലന ഇൻസ്റ്റിറ്റ്യൂട്ടിലെയും വിദ്യാർ ത്ഥികൾ പ്രായോഗിക പരിശീലനത്തിനെത്തുന്നു. ഹോസ് കോട്ടെ മിഷൻ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിലെ വിദ്യാർത്ഥികൾ പ്രഭാതത്തിലെയും സായാഹ്നത്തിലെയും പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകുന്നു.

ക്രിസ്തുമസ് ആഘോഷം: ഹോസ്കോട്ടെ മിഷന്റെയും അതിന്റെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങളുടെയും ഒരുമിച്ചുള്ള കാരൾ പ്രോഗ്രാം ഡിസംബർ 15-ന് മിഷൻ കോമ്പൗണ്ടിൽ നടത്തപ്പെട്ടു. റവ. തോമസ് ജോർജ്ജ് (Asst. Secretary MTYS) മുഖ്യപ്രഭാഷണം നടത്തി. മന്ദിരാംഗങ്ങൾ കാരൾ ഗാനങ്ങൾ ആലപിച്ചു.

Christian Medical Association of India (CMAI)യുടെ ക്രിസ്തുമസ് ആഘോഷം ഡിസംബർ 19-ന് ശാന്തിമന്ദിരത്തിൽ നടത്തപ്പെട്ടു.

ഫിസിയോതെറാപ്പി: മിഷൻ ഹോസ്പിറ്റലിലെ ഫിസിയോതെറാപ്പി യൂണിറ്റിലെ ഡോക്ടർമാർ മന്ദിരാംഗങ്ങൾക്ക് വേണ്ട exercise നൽകുന്നു. എല്ലാ ദിവസവും രണ്ട് മണിക്കൂർ ഫിസിയോതെറാപ്പി ചികിത്സ നൽകുന്നു.

വൈദ്യസഹായം: മന്ദിരത്തിലെ അംഗങ്ങളുടെ ചികിത്സ മിഷൻ ഹോസ്പിറ്റലിൽ നിന്ന് നൽകിവരുന്നു. ഹോസ്പിറ്റലിൽ നിന്നും ഒരു ഡോക്ടർ സ്ഥിരമായി അവരെ പരിശോധിക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. ഇതുകൂടാതെ അവരുടെ ആരോഗ്യനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. ഇതുകൂടാതെ അവരുടെ ആരോഗ്യപരിപാലനത്തിനായി 24 മണിക്കൂറും നഴ്സുമാരുടെ സേവനം ശാന്തിമന്തിരത്തിൽ ലഭ്യമാണ്.

ലെപ്രസി യൂണിറ്റ്: ഇതിന്റെ ഭാഗമായി മുനിസ്വാമി, വെങ്കടേഷ് എന്നിവർ ശാന്തിമന്ദിരത്തിനോട് ചേർന്ന് താമസിക്കുന്നു.

സാമ്പത്തികം: ഉദാരമതികളുടെ സംഭാവനകൾ ഹൈദരാബാദ്, സെക്കന്തരാബാദ്, ചെന്നൈ, ബാംഗ്ലൂർ എന്നീ സെന്റുകളിലെ ഇടവകകളും, ചികാഗോ, അൽഎയ്ൻ, മാഞ്ചസ്റ്റർ താബോർ, മിഡ്ലാന്റ് ഹെർമ്മോൻ, ലോസ് ഏഞ്ചൽസ് (Glendora), ഡിട്രോയിറ്റ്, സെന്റ് ലൂയിസ്, ഫ്യോനിക്സ് അരിസോണ എന്നീ ഇടവകകളിൽ നിന്നുള്ള ദുഃഖവെള്ളിയാഴ്ചത്തെ സ്തോത്രകാഴ്ച, അഗതി റിലീഫ് ഫണ്ട് വിഹിതം ഇവയാണ് വരുമാനമാർഗ്ഗം. കൂടാതെ അനേകം പേർ അവരുടെ ജീവിതത്തിലെ വിശേഷ ദിവസങ്ങളിൽ ഭക്ഷണത്തിനായി പ്രത്യേക സംഭാവനകൾ നൽകുന്നുണ്ട്. ബാംഗ്ലൂർ സെന്ററിലെ ഇടവകകളുടെ സഹായം എടുത്തു പറയത്തക്കതാണ്.

8. കരുണാലയം വൃദ്ധമന്ദിരം, ഉപ്പട

1. കരുണാലയം വൃദ്ധമന്ദിരം: സർവ്വരാലും ഉപേക്ഷിക്കപ്പെട്ട വൃദ്ധജനങ്ങളുടെ പ്രതീക്ഷയാണ് കരുണാലയം വൃദ്ധമന്ദിരം ഉപ്പട. മലബാറിലെ കുടിയേറ്റ ജൂബിലിയോടും മഹാജൂബിലിയോടുമുള്ള ബന്ധത്തിൽ 1999 സെപ്റ്റംബർ 16-ന് 4 വൃദ്ധജനങ്ങളുമായി പാലുണ്ടയിൽ കളരിക്കൽ ശ്രീ. ജോർജ്ജ് ഫിലിപ്പ് നൽകിയ താത്കാലിക കെട്ടിടത്തിൽ ആരംഭിച്ച മന്ദിരത്തിന് 2003-04 ൽ ചുങ്കത്തറ കൺവെൻഷൻ സുവർണ്ണ ജൂബിലി സ്മാരകമായി ഇപ്പോഴത്തെ കെട്ടിടം സ്ഥാപിച്ചു. വാർദ്ധക്യത്തിന്റെ നാളുകളിൽ പ്രത്യാശയുടെ കിരണങ്ങൾ പൂവിടുന്നതിനും, ആസ്വാദ്യകരമാക്കുന്നതിനും, ആഘോഷമാക്കുന്നതിനും ഈ മന്ദിരത്തിലൂടെ സാധ്യമായിക്കൊണ്ടിരിക്കുന്നു. ഭദ്രാസന കൺവൻ ഷൻ വജ്രജൂബിലിയോടനുബന്ധിച്ച് കരുണാലയമന്ദിരത്തിന് പുതിയ അടുക്കളയും മെസ്സ് ഹാളും നിർമ്മിക്കുകയുണ്ടായി.

2. പ്രവർത്തനങ്ങളും പ്രവർത്തകരും: മന്ദിരാംഗങ്ങളുടെ ശാരീരിക - മാനസിക - ആദ്ധ്യാത്മിക തലങ്ങളിലുള്ള അഭ്യുന്നതിയ്ക്കായി എല്ലാ സഹായങ്ങളും സൗകര്യങ്ങളും ഇവിടെ നിന്ന് നൽകിവരുന്നു. വസ്ത്രം, ആഹാരം, താമസസൗകര്യം, ചികിത്സ തുടങ്ങിയ എല്ലാ കാര്യങ്ങളും സൗജന്യമായി നൽകുന്നു. എല്ലാവരും ചേർന്ന് രാവിലെയുള്ള കരുണാലയം കുടുംബ പ്രാർത്ഥനയോടെ ഓരോ ദിവസവും ആരംഭിക്കുന്നു. വൈകുന്നേരങ്ങളിലും ഇത് മുടങ്ങാതെ നടന്നുവരുന്നു.

സഭയിലെ എല്ലാ വിശേഷദിനങ്ങളിലും കൂടാതെ പ്രത്യേക അവസര ങ്ങളിലും ആരാധനകളും വി. കുർബ്ബാനയും നടത്തി വരുന്നു. മന്ദിരാംഗങ്ങളുടെ ജീവിതം ചൈതന്യവത്താക്കുന്നതിന് ഈ ക്രമീകരണങ്ങൾ കാരണമായിത്തീർന്നുകൊണ്ടിരിക്കുന്നു. ക്രമമായ വൈദ്യ പരിശോധനയ്ക്ക് വിധേയരാക്കുകയും ചെയ്തു. ഇതിന്റെ ഭാഗമായി പോത്തുകല്ല് ഗ്രാമപഞ്ചായത്തിന്റെ പരിരക്ഷ പദ്ധതിയിൽ ഉൾപ്പെടുത്തി

സൗജന്യ ചികിത്സ നൽകിവരുന്നു. മറ്റ് അവസരങ്ങളിൽ കോഴിക്കോട്ടും, ചുങ്കത്തറയിലും ഉള്ള ആശുപത്രികളുടെ പ്രയോജനങ്ങൾ സ്വീകരിച്ച് വരുന്നു.

മന്ദിരാംഗങ്ങളുടെ മാനസിക ശക്തിക്ക് ഉതകുന്ന തരത്തിൽ വർത്തമാനപത്രങ്ങൾ, പുസ്തകങ്ങൾ, ടെലിവിഷൻ, മ്യൂസിക് സിസ്റ്റം എന്നീ സൗകര്യങ്ങൾ ക്രമീകരിച്ചുവരുന്നു.

3. കരുണാലയം കുടുംബാംഗങ്ങൾ: റിപ്പോർട്ട് വർഷത്തിൽ 7 പുരുഷൻമാരും 3 സ്ത്രീകളും മന്ദിരത്തിൽ താമസിച്ച് ഇതിന്റെ പ്രയോജനം അനുഭവിച്ചു. കരുണാലയം ഹാഫ് വേഹോമിൽ 10 സ്ത്രീകൾ അംഗങ്ങളായുണ്ട്.

4. ധനാഗമ മാർഗങ്ങൾ: ദൈവീക സ്നേഹത്തിന്റെ മാറ്റ് എളിയവരെ ആദരിക്കുന്ന ശുശ്രൂഷയാണെന്ന് വിശ്വസിക്കുകയും ഈ സ്ഥാപനത്തെ ആത്മാർത്ഥതയോടെ സ്നേഹിക്കുകയും ചെയ്യുന്ന നല്ലവരായ ആളുകളുടെ സഹകരണവും കരുതലും കൊണ്ടാണ് പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടക്കുന്നത്. ഇങ്ങനെയുള്ളവരുടെ വിശേഷ ദിവസങ്ങളിൽ പ്രത്യേകിച്ച് ജന്മദിനം, വിവാഹ വാർഷികം മറ്റ് പ്രത്യേകദിനങ്ങൾ എന്നിവയിൽ പ്രത്യേക ഭക്ഷണവും സംഭാവനകളും നൽകി സഹായിച്ചുവരുന്നു. വ്യക്തികൾ, ഇടവകകൾ, സംഘടനകൾ എന്നിവിടങ്ങളിൽ നിന്നുള്ള സ്പോൺസർഷിപ്പും, പ്രത്യേക സംഭാവനകളും കോഴിക്കോട്, നെടുവാളൂർ, ചുങ്കത്തറ, നിലമ്പൂർ സെന്ററുകളിലെ ഇടവകകളിലെ ദുഃഖവെള്ളി സ്തോത്രകാഴ്ച, മാരാമൺ കൺവൻഷൻ മന്ദിരം റിലീഫ് ഫണ്ട് വിഹിതം, എൻഡോവ്മെന്റ് പലിശ, ചുങ്കത്തറ കൺവെൻഷനിലെ വെള്ളിയാഴ്ച രാത്രിയോഗത്തിലെ സ്തോത്രകാഴ്ച ഇവയാണ് പ്രധാനവരുമാനമാർഗങ്ങൾ.

5. കരുണാലയത്തോടൊപ്പം ഒരു ദിവസം (A day with Karunalayam): മന്ദിരത്തെ സ്നേഹിക്കുന്ന വ്യക്തികളും കുടുംബങ്ങളും സ്ഥാപനങ്ങളും വർഷത്തിൽ തങ്ങളുടെ ഒരു ദിവസം മന്ദിരാംഗങ്ങളോടൊപ്പം ചെലവഴിക്കുകയും അവർക്ക് കൂട്ടായ്മയും ഉത്സാഹവും പകരത്തക്ക രീതിയിൽ സന്ദർശനവും ക്രമീകരിച്ചുകൊണ്ടുള്ള പ്രോഗ്രാമാണ് "കരുണാലയത്തോടൊപ്പം ഒരുദിവസം (A day with Karunalayam)" ജീവതത്തിന്റെ സന്തോഷമുഹൂർത്തങ്ങളിൽ ഒരു ദിവസത്തെ ഭക്ഷണം മന്ദിരത്തിലെ മാതാപിതാക്കൾക്ക് സ്പോൺസർ ചെയ്യുന്ന ഈ പദ്ധതിയിൽ ധാരാളം ആളുകൾ പങ്കുചേർന്നുകൊണ്ടിരിക്കുന്നു. സോഷ്യൽ നെറ്റ്വർക്ക് സൈറ്റുകളിലൂടെയും ഈ പ്രോഗ്രാമിൽ ആളുകൾ പങ്കുചേർന്നുവരുന്നു.

6. ഓർഫനേജ് കൺട്രോൾ ബോർഡ്: പ്രസ്തുത ബോർഡിന്റെ അംഗീകാരം (രജി.നമ്പർ 1782) ഈ സാമ്പത്തിക വർഷം പുതുക്കി ലഭിച്ചതിലൂടെ സർക്കാർ അംഗീകൃത സ്ഥാപനമായി പ്രവർത്തിക്കുന്നു.

8. മന്ദിരം ഫെലോഷിപ്പ്: മന്ദിരം ഫെലോഷിപ്പിൽ കരുണാലയം മന്ദിരത്തിന് അംഗത്വമുണ്ട്. മാരാമൺ കൺവെൻഷനിലെ മന്ദിരങ്ങളുടെ സ്റ്റാളിൽ സംഭാവന ശേഖരിക്കുന്നതിന് പ്രസ്തുത വർഷവും സാധിച്ചു.

9. ദിനാചരണങ്ങൾ: ഓണം, ക്രിസ്തുമസ്, ഈസ്റ്റർ ദിനങ്ങൾ സമുചിതമായി ആഘോഷിച്ചു. എല്ലാ പ്രത്യേക ദിവസങ്ങളിലും വിവിധ പ്രോഗ്രാമുകൾ ക്രമീകരിക്കുകയും കാമ്പസ് അംഗങ്ങൾ സജീവമായി പങ്കുചേരുകയും ചെയ്യുന്നു.

മൂത്തേടം മാർത്തോമ്മാ യുവജനസഖ്യാംഗങ്ങൾ ബഹുമാനപ്പെട്ട അനീഷ് രാജു അച്ചന്റെ നേതൃത്വത്തിൽ കരുണാലയം സന്ദർശിച്ച് വിവധ പ്രോഗ്രാമുകൾ നടത്തി. എല്ലാവർക്കും പുതുവസ്ത്രങ്ങൾ വിതരണം ചെയ്തു.

(a) ക്രിസ്തുമസ് ആഘോഷം: 2019 ഡിസംബർ 21-ാം തീയതി ക്രിസ്തുമസ് കാരൾ സർവ്വീസും, ഗാനശുശ്രൂഷയും നടത്തുകയുണ്ടായി. വൈസ് പ്രസിണ്ടന്റ് റവ. മത്തായി ജോസഫ് ക്രിസ്തുമസ് ദൂത് നൽകി. മുതുകുളം ക്രിസ്തോസ്, എടക്കര ഇമ്മാനുവേൽ എന്നീ ഗായക സംഘങ്ങൾ മനോഹരമായ ഗാനങ്ങൾ ആലപിച്ചു.

11. ഗവേണിംഗ് ബോർഡ്: അഭിവന്ദ്യ ഡോ. തോമസ് മാർ തീത്തോസ് എപ്പിസ്കോപ്പാ ചെയർമാനായും, റവ. മത്തായി ജോസഫ് വൈസ് പ്രസിഡന്റായും, റവ. ജെയിംസ് തോമസ് ഡയറക്ടറായും ശ്രീ. സജിമോൻ പി.റ്റി. ട്രഷററായും പ്രവർത്തിക്കുന്നു.

9. മാർത്തോമ്മാ വയോജനമന്ദിരം - കാട്ടാക്കട

കുടുംബ ബന്ധങ്ങളും വ്യക്തിബന്ധങ്ങളും ശൈഥില്യം നേരിടുന്ന ഈ കാലഘട്ടത്തിൽ ഏകാന്തതയുടെയും നിരാശയുടെയും തുരുത്തുകളിൽ കഴിയേണ്ടിവരുന്നവരെ സാന്ത്വനത്തിന്റെ സമൃദ്ധിയിലേക്ക് കൈപിടിച്ചുയർത്താൻ 2000 ഏപ്രിൽ 22 നു തിരുവനന്തപുരം കൊല്ലം ഭദ്രാസനത്തിലെ സിൽവർ ജൂബിലി പ്രോജക്ട് ആയി ആരംഭിച്ച പ്രസ്ഥാനമാണ് കാട്ടാക്കട മാർത്തോമ്മാ വയോജന മന്ദിരം. ഭദ്രാസന അദ്ധ്യക്ഷൻ അഭിവന്ദ്യ ജോസഫ് മാർ ബർന്നബാസ് തിരുമേനി പ്രസിഡന്റായും, റവ. ജി. വിൽസൺ സൂപ്രണ്ട് ആയും, റവ മാത്യു കെ. ജാക്സൺ കൺവീനറായും, ശ്രീ. സ്റ്റുവർട്ട് ഹാരിസ് ട്രഷറർ ആയും പ്രവർത്തിക്കുന്നു.

ആരും സംരക്ഷിക്കുവാൻ ഇല്ലാത്ത 60 വയസ്സിന് മേൽ പ്രായമുള്ള സ്ത്രീകൾക്ക് ഇവിടെ അഭയം നൽകുന്നു. എല്ലാ ദിവസവും രാവിലെയും വൈകിട്ടും ചാപ്പലിൽ ആരാധന ക്രമീകരിക്കുന്നു. ഞായറാഴ്ചകളിൽ വിശുദ്ധകുർബാനയും, പരസ്യ ആരാധനയും ക്രമീകരിക്കുന്നു. മന്ദിര അംഗങ്ങൾക്ക് ആവശ്യമായ ചികിത്സ യഥാസമയം ലഭ്യമാക്കുന്നു. ഡോ. അലക്സാണ്ടർ പോൾ, ഡോ. കെസിയ അലക്സ് കുടുംബമായി മന്ദിരം സന്ദർശിച്ച് ആവശ്യമായ ചികിത്സ നൽകി വരുന്നു. വിദ്യാഭ്യാസ കരുതൽ പദ്ധതിയിലൂടെ നിർധനരും സമർത്ഥരും ആയ കുട്ടികൾക്ക് പഠന സൗകര്യങ്ങൾ മന്ദിരം നൽകുന്നു. ഇപ്പോൾ മന്ദിരത്തിന്റെ ചുമതലയിൽ ഹോസ്കോട്ട് നഴ്സിംഗ് കോളേജിൽ ബി.എസ്.സി. നേഴ്സിങ്ങിന് ഒരു വിദ്യാർത്ഥി പഠിക്കുന്നു. വിവിധ ആഘോഷ പരിപാടികൾ മന്ദിരത്തിൽ നടത്തിവരുന്നു. റിപ്പോർട്ട് വർഷം സ്വാതന്ത്ര്യദിനാഘോഷം, റിപ്പബ്ലിക് ഡേ, വയോജന ദിനം, ഓണാഘോഷം, ക്രിസ്മസ് കരോൾ മുതലായവ സമുചിതമായി ആഘോഷിച്ചു. റിപ്പോർട്ട് വർഷം മന്ദിരത്തോട് ചേർന്നുള്ള 7 സെന്റ് പുരയിടം വാങ്ങുന്നതിനു ദൈവം കൃപനൽകി.

മാർത്തോമ്മാ കൗൺസിലിംഗ് സെന്റർ: എപ്പിസ്ക്കോപ്പൽ ജൂബിലി പ്രോജക്ടായി 2018 ഒക്ടോബർ 18 ന് പ്രവർത്തനം ആരംഭിച്ചു. അഭിവന്ദ്യ ജോസഫ് മാർ ബർണബാസ് തിരുമേനി ഉത്ഘാടനം നിർവഹിച്ച് ആരംഭിച്ച സെന്റർ വിവിധ കൗൺസിലിംഗ് സഹായങ്ങൾ നൽകി വരുന്നു. പ്രീമാരിറ്റൽ, പോസ്റ്റ് മാരിറ്റൽ കൗൺസിലിംഗ്, ഫാമിലി കൗൺസിലിംഗ് മുതലായ സേവനങ്ങൾ ഇവിടെ ലഭ്യമാകുന്നു. റവ. ജി. വിൽസൺ ഡയറക്ടറായി പ്രവർത്തിക്കുന്നു. റിപ്പോർട്ട് വർഷം 28 പേർ സെന്ററിന്റെ പ്രവർത്തനം പ്രയോജനപ്പെടുത്തി. കൂടാതെ വിവിധ ട്രെയിനിംഗ് പ്രോഗ്രാമുകളും ക്ലാസുകളും നടത്തുന്നു

10. ആശ്രയ വയോജന മന്ദിരം, മല്ലപ്പള്ളി

സഭയുടെ കോട്ടയം-കൊച്ചി ഭദ്രാസനത്തിന്റെ ചുമതലയിൽ മല്ലപ്പള്ളി സെന്ററിലെ 25 ഇടവകകളുടെ സംയുക്ത സംരംഭമായി 2000 ഏപ്രിൽ 30 ന് മല്ലപ്പള്ളി മാർത്തോമ്മാ സെന്ററിന്റെ ഒരു പ്രവർത്തന പദ്ധതിയായി ആരംഭിച്ച ആശ്രയ വയോജന മന്ദിരത്തിലൂടെ കഴിഞ്ഞ 20 വർഷമായി അനേകം വൃദ്ധമാതാക്കൾക്ക് ആശ്രയവും സംരക്ഷണവും നൽകിവരുന്നു.

വാർഷിക ജനറൽ ബോഡി യോഗം: 2018-19 ലെ വാർഷിക ജനറൽ ബോഡിയോഗം 2019 ഒക്ടോബർ 27 ഞായർ മന്ദിരം ചാപ്പലിൽ വർക്കിംഗ് പ്രസിഡന്റ് വെരി റവ. ജോർജ്ജ് സഖറിയാ പി. യുടെ അദ്ധ്യക്ഷതയിൽ കൂടി. 2018-19 ലെ വാർഷിക റിപ്പോർട്ട്, വരവു ചെലവു കണക്ക്, ആഡിറ്റേഴ്സ് റിപ്പോർട്ട്, 2019-20 ലെ ബഡ്ജറ്റ് എന്നിവ ഏകാഭിപ്രായമായി അംഗീകരിച്ചു. 2019-20 ലേക്കുള്ള എക്സ്റ്റേണൽ ആഡിറ്റേഴ്സ് ആയി മെസ്സേഴ്സ് ജോർജ്ജ് & ഷാജൻ കമ്പനിയെ നിയമിച്ചു.

എക്സിക്യൂട്ടീവ് കമ്മറ്റി

റിപ്പോർട്ടുവർഷം എക്സിക്യൂട്ടീവ് കമ്മറ്റി 3 പ്രാവശ്യം കൂടി. കമ്മറ്റി കൈക്കൊണ്ട പ്രധാന തീരുമാനങ്ങളും നടപടികളും ചുവടെ ചേർക്കുന്നു.

1. പൊതുയോഗ തീരുമാനങ്ങൾ നടപ്പിൽ വരുത്തുകയും ആശ്രയ മന്ദിരത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുകയും ചെയ്തു.
2. ആഡിറ്റു ചെയ്ത ത്രൈമാസ വരവുചെലവു കണക്കു

കളും വാർഷിക റിപ്പോർട്ടും വാർഷിക കണക്കുകളും അംഗീ കരിച്ചു. 2019-2020 ലെ ബഡ്ജറ്റും തയ്യാറാക്കി.

3. ചാപ്പൽ നിർമ്മാണം സംബന്ധിച്ച് കൺസ്ട്രക്ഷൻ കമ്മറ്റിയുടെ അപ്പോഴപ്പോഴുള്ള ശുപാർശകൾ അംഗീ കരിച്ചു. പണികൾക്ക് കൈവശമുള്ള പണം തികയാതെ വന്നാൽ എൻഡോവ്മെന്റ് ഫണ്ടിൽ നിന്നും അഡ്വാൻസ് എടുക്കുന്നതിനു നിശ്ചയിച്ചു.
4. ചാപ്പലിന്റെ കൂദാശയ്ക്കു വേണ്ട ക്രമീകരണങ്ങൾ ചെയ്തു.
5. സ്ഥലം മാറിപ്പോകുന്ന ആശ്രയ സൂപ്രണ്ട് റവ. എം.എം. ജോൺ, വാർഡൻ ശ്രീമതി സുനിതാ ജോൺ എന്നി വർക്ക് യാത്രയയപ്പ് നൽകുന്നതിന് നിശ്ചയിക്കുകയും ആയതിനുള്ള ക്രമീകരണം ചെയ്യുകയും ചെയ്തു.
6. പൊതുയോഗ തീയതിയും ആലോചനാ വിഷയങ്ങളും നിശ്ചയിച്ചു.
7. തെള്ളിയൂർ പുത്തൻപറമ്പിൽ ശ്രീ. പി.വി. ഏബ്രഹാം, ശ്രീ. പി.വി. വറുഗീസ്, ശ്രീ. ഏബ്രഹാം കെ. തോമസ് എന്നിവരുടെ പേരിലുള്ള രണ്ടു ഏക്കറോളം സ്ഥലം മല്ലപ്പള്ളി മാർത്തോമ്മാ സെന്റർ ആശ്രയ വയോജന മന്ദിരത്തിന്റെ ഉപയോഗത്തിനായി ദാനം നൽകാമെന്ന് അറിയിച്ചതനുസരിച്ച് മന്ദിരത്തിനു വേണ്ടി അദ്ധ്യക്ഷൻ അഭിവന്ദ്യ മെത്രാപ്പോലീത്താ തിരുമേനിയുടെ പേരിൽ എഴുതി വാങ്ങുന്നതിന് നിശ്ചയിച്ചു.
8. ആശ്രയയ്ക്കുവേണ്ടി പുതിയ ഒരു വാഹനം വാങ്ങുന്നതിനു നിശ്ചയിച്ചു.
9. ഒരു നേരത്തെ ഭക്ഷണം സ്പോൺസർ ചെയ്യുന്നവർ 5000 രൂപയും ഒരു ദിവസത്തെ ഭക്ഷണം സ്പോൺസർ ചെയ്യു ന്നവർ 7500 രൂപയും നൽകേണ്ടതാണ് എന്ന് നിശ്ചയിച്ചു.
10. ശ്രീ. ലിറ്റു മാത്യു, ശ്രീമതി റോണിയാ ലിറ്റു എന്നീ ദമ്പതികളെ യഥാക്രമം ഡ്രൈവർ കം കെയർ ടേക്കർ, നേഴ്സിംഗ് അസിസ്റ്റന്റ് എന്നീ തസ്തികകളിൽ നിയമിച്ചു.

ഭാരവാഹികൾ: മല്ലപ്പള്ളി മാർത്തോമ്മാ സെന്ററിന്റെയും ആശ്രയ വയോജന മന്ദിരത്തിന്റെയും പ്രസിഡന്റായി മോസ്റ്റ് റവ. ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനി നേതൃത്വം നൽകി. വർക്കിംഗ് പ്രസിഡന്റായി വികാരി ജനറാൾ വെരി റവ. ജോർജ്ജ് സഖറിയ പി. സ്തുത്യർഹമായ നേതൃത്വം നൽകി. മന്ദിരത്തിന്റെ പ്രവർത്തനങ്ങളുടെ പൊതു നിയന്ത്രണം വഹിക്കുകയും നിർമ്മാണ കമ്മറ്റി അദ്ധ്യക്ഷൻ എന്ന നിലയിൽ നിർമ്മാണ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുകയും ചെയ്യുന്നു. പ്രൊഫ. ഡോ. ജേക്കബ് ജോർജ്ജ് സെക്രട്ടറി എന്ന നിലയിൽ ആത്മാർത്ഥമായി ശുശ്രൂഷകൾ നിർവ്വഹിച്ചു വരുന്നു. ട്രഷറാർ ശ്രീ. ജോസി കുര്യൻ വരവു ചെലവു കണക്കുകളുടെ പൂർണ്ണചുമതല നിർവ്വഹിക്കുകയും കണക്കുകൾ എഴുതി തയ്യാറാക്കുകയും ചെയ്യുന്നു. നിർമ്മാണ പ്രവർത്തനങ്ങൾക്കും സജീവ നേതൃത്വം വഹിച്ചു.

സൂപ്രണ്ട്: മന്ദിരത്തിന്റെ സൂപ്രണ്ടായി 2019 ഏപ്രിൽ 30 വരെ റവ. എം. എം. ജോൺ സേവനമനുഷ്ഠിച്ചു. മൂന്നുവർഷത്തെ സ്തുത്യർഹമായ സേവനത്തിനുശേഷം കവുങ്ങുംപ്രയാർ സെന്റ് തോമസ് പള്ളിയിലേക്ക് സ്ഥലംമാറിപ്പോയ റവ. എം. എം. ജോൺ, വാർഡൻ ശ്രീമതി സുനിതാ ജോൺ എന്നിവർക്ക് 2019 ഏപ്രിൽ 30 ന് യാത്രയയപ്പ് നൽകി. അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനി സമ്മേളനം ഉദ്ഘാടനം ചെയ്യുകയും മെമെന്റോ നൽകി അവരെ ആദരിക്കുകയും ചെയ്തു. 2019 മെയ് 1 ന് റവ. ജോജി തോമസ് സൂപ്രണ്ടായി ചുമതലയേറ്റു. ആശ്രയ വയോജനമന്ദിരത്തി ന്റെയും സ്നേഹജ്യോതി ബാലികാ ഭവന്റെയും ദൈനംദിന പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നു.

കൺസ്ട്രക്ഷൻ കമ്മറ്റി - ചാപ്പൽ നിർമ്മാണം: നിർമ്മാണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത് വെരി. റവ. ജോർജ്ജ് സഖറിയ പി. (ചെയർമാൻ), ശ്രീ. അലക്സാണ്ടർ വറുഗീസ് (കൺവീനർ), റവ. എം.എം. ജോൺ, റവ. ഡോ. ജയിംസൺ കെ., എഞ്ചിനീയർ ശ്രീമതി ശോശാമ്മ വറുഗീസ്, ഭദ്രാസന ട്രഷറാർ ശ്രീ. എ.എം. മാണി, പ്രൊഫ. ഡോ. ജേക്കബ് ജോർജ്ജ്, ശ്രീ. ജോസി കുര്യൻ, ശ്രീ. സജി കുര്യൻ എന്നിവരടങ്ങിയ കമ്മറ്റിയാണ്. ഈ കമ്മറ്റിയുടെ നേതൃത്വത്തിലാണ് ചാപ്പൽ നിർമ്മാണം പൂർത്തീകരിച്ചത്. റവ. എം.എം. ജോൺ സ്ഥലം മാറിപ്പോയതിനെ തുടർന്ന് റവ. ജോജി തോമസ് കൺസ്ട്രക്ഷൻ കമ്മറ്റിയംഗമായി പ്രവർത്തിക്കുന്നു.

ആശ്രയയുടെ പഴയ കെട്ടിടം പുനർനിർമ്മിച്ച് ഒരു ചാപ്പലായി രൂപപ്പെടുത്തുന്നതിന് തീരുമാനിക്കുകയും 2018 ഡിസംബർ 10 ന് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. നിശ്ചിത സമയത്തിനുള്ളിൽ ചാപ്പലിന്റെ നിർ മ്മാണം പൂർത്തീകരിച്ചു. ചാപ്പലിന്റെ കൂദാശ 2019 ഏപ്രിൽ 30നു അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാ പ്പോലീത്താ തിരുമേനി നിർവ്വഹിച്ചു. തുടർന്നു നടന്ന പൊതു സമ്മേളനത്തിൽ അഭിവന്ദ്യ മെത്രാപ്പോലീത്താ തിരുമേനി അദ്ധ്യക്ഷത വഹിക്കുകയും ഭദ്രാസന ട്രഷറാർ ശ്രീ. എ.എം. മാണി, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. റജി ശാമുവേൽ, ബ്ലോക്ക് പഞ്ചായത്ത് അംഗം ശ്രീ. കുഞ്ഞു കോശി പോൾ, റവ. ഡോ. ജയിംസൺ കെ. എന്നിവർ ആശംസ അർപ്പിച്ചു.

ആശ്രയ കുടുംബം: റിപ്പോർട്ടു വർഷാരംഭത്തിൽ 29 അമ്മമാർ ആശ്രയായിൽ താമസിച്ചിരുന്ന തിരുവൻവണ്ടൂർ സ്വദേശിനി യായ തങ്കമ്മ തേപ്പാൻ (90) 23.05.2019 നും മാവേലിക്കര സ്വദേശി നിയായ സുജ എം. (90) 12.08.2019 നും റാന്നി സ്വദേശിനിയായ കെ. എം. റേച്ചൽ (85) 15.03.2020 നും ആനിക്കാട് സ്വദേശി നിയായ അമ്മിണി കൊച്ചുകുഞ്ഞ് (80) 27.03.2020 നും നിര്യാ തരായി. തങ്കമ്മ തേപ്പാൻ, കെ.എം. റേച്ചൽ എന്നിവരുടെ മൃതശരീരങ്ങൾ കുടുംബാംഗങ്ങൾ ഏറ്റുവാങ്ങി അവരവരുടെ നാട്ടിൽ സംസ്കാരം നടത്തി. സുജ എം., അമ്മിണി കൊച്ചുകുഞ്ഞ് എന്നിവരുടെ സംസ്ക്കാരം ആശ്രയയുടെ ചുമതലയിൽ മല്ലപ്പള്ളി സെഹിയോൻ പള്ളിയിലുള്ള ആശ്രയ കുടുംബക്ക ല്ലറയിൽ നടത്തി. റിപ്പോർട്ടുവർഷം 7 അമ്മമാർ പുതുതായി വന്നു ചേർന്നു. റിപ്പോർട്ടുവർഷാവസാനം 32 അമ്മമാർ ആശ്ര യയിൽ പാർക്കുന്നു. 50 അമ്മമാരെ താമസിപ്പിക്കുന്നതിന് സർക്കാരിന്റെ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

ശ്രീമതി സുനിത ജോൺ ആശ്രയയുടെ വാർഡനായി 2019 ഏപ്രിൽ 30 വരെയും തുടർന്ന് ശ്രീമതി ലിജി ജോജിയും പ്രവർ ത്തിച്ചു. ശ്രീ. ലിറ്റു മാത്യു ഡ്രൈവർ കം കെയർ ടേക്കറായും ശ്രീമതി പൊന്നമ്മ ജോസഫ് സ്നേഹജ്യോതി ബാലികാഭവൻ വാർഡനായും ശ്രീമതി മനു ലെജു ചീഫ് കുക്കായും, ശ്രീമതി റേച്ചൽ ബാബു, ശ്രീമതി കുഞ്ഞുമോൾ ജോസഫ്, ശ്രീമതി മിനി പി.ജെ., ശ്രീമതി സോണിയാ ലിറ്റു എന്നിവർ സഹായികളായും പ്രവർത്തിക്കുന്നു.

ക്രിസ്തുമസ് കാരൾ സർവ്വീസ്: സെന്ററിലെ വിവിധ ഇടവകകളുടെ സഹകരണത്തോടുകൂടി ആശ്രയ വയോജന മന്ദിരത്തിന്റെയും സ്നേഹജ്യോതി ബാലികാഭവന്റെയും സംയുക്ത ആഭിമുഖ്യത്തിൽ ക്രിസ്തുമസ് കരോൾ സർവ്വീസ് 2019 ഡിസംബർ 29-ന് ആശ്രയ ആഡിറ്റോ റിയത്തിൽ നടത്തി. പൊന്നുരുക്കുംപാറ സി.എസ്.ഐ. ഇടവക, കങ്ങഴ ബേത്‌ലഹേം മാർത്തോമ്മ ഇടവക, കാരമല എബനേസർ മാർത്തോമ്മാ ഇടവക, മല്ലപ്പള്ളി മെലോ സർക്കിൾ, മല്ലപ്പള്ളി മാർത്തോമ്മാ സേവികാസംഘം, മല്ലപ്പള്ളി സെഹിയോൻ യുവജനസഖ്യം എന്നീ ഗായക സംഘങ്ങളും ആശ്രയ വയോജന മന്ദിരത്തിലെ അമ്മമാരും ഗാനശുശ്രൂ ഷയ്ക്കു നേതൃത്വം നൽകി. സ്നേഹജ്യോതി ബാലികാഭവനിലെ കുട്ടികളുടെ കലാപരിപാടികളും നടത്തപ്പെട്ടു. അഭിവന്ദ്യ ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ ക്രിസ്തുമസ് സന്ദേശം നൽകി. വികാരി ജനറാൾ വെരി റവ. ജോർജ്ജ് സഖറിയാ പി. അദ്ധ്യക്ഷത വഹിച്ചു. സൂപ്രണ്ട് റവ. ജോജി തോമസ് സ്വാഗതവും ട്രഷറാർ ശ്രീ. ജോസി കുര്യൻ കൃതജ്ഞതയും പറഞ്ഞു.

വിശുദ്ധ കുർബ്ബാന: മാസത്തിന്റെ നാലാം ശനിയാഴ്ച രാവിലെ മന്ദിരം ചാപ്പലിൽ വിശുദ്ധ കുർബ്ബാന അനുഷ്ഠി

ക്കുന്നു. വിശുദ്ധ കുർബ്ബാന അനുഷ്ഠിക്കുന്ന പട്ടക്കാരന്റെ പള്ളിയിലെ അംഗങ്ങളും സമീപവാസികളും ആശ്രയയിലെ അമ്മമാരും സ്നേഹജ്യോതിയിലെ കുഞ്ഞുങ്ങളും ശുശ്രൂഷയിൽ പങ്കെടുക്കുന്നു. സൂപ്രണ്ട് റവ. ജോജി തോമസ് മാസത്തിന്റെ ഒരു ഞായറാഴ്ച ചാപ്പലിൽ പരസ്യാരാധന ക്രമീകരിക്കുന്നുണ്ട്.

സംഭാവന: ആശ്രയയുടെ പ്രവർത്തനങ്ങൾക്ക് റിപ്പോർട്ടു വർഷം 10,94,369 രൂപ സംഭാവനയായി ലഭിച്ചു. റിപ്പോർട്ടുവർഷം ബിൽഡിംഗ് ഫണ്ടിലേക്ക് 1,11,600 രൂപയും ഫർണീച്ചർ വാങ്ങുന്നതിനായി 1,13,108 രൂപയും മെഡിക്കൽ എയ്ഡ് ഫണ്ടിലേക്ക് 76,000 രൂപയും മൈക്ക് സെറ്റിനായി 41,500 രൂപയും, ക്രിസ്തുമസ് കരോൾ സർവ്വീസിനായി 38,000 രൂപയും അമ്മമാരുടെ പുതുവസ്ത്രത്തിനായി 10,000 രൂപയും സംഭാവനയായി ലഭിച്ചു.

സ്പെഷ്യൽ ഫുഡ് സ്പോൺസർഷിപ്പ് ഇനത്തിൽ റിപ്പോർട്ടു വർഷം 16,30,638 രൂപാ സംഭാവനയായി ലഭിച്ചു. ഒരു നേരത്തെ ഭക്ഷണത്തിന് 5000 രൂപയും ഒരു ദിവസത്തെ ഭക്ഷണത്തിന് 7500 രൂപയുമാണ് നിശ്ചയിച്ചിട്ടുള്ളത്.

ഇടവക വിഹിതം, ഭദ്രാസന ഗ്രാന്റ്: ആശ്രയയുടെ പ്രവർത്തനങ്ങൾക്കായി സെന്ററിലെ ഇടവകകൾക്ക് നിശ്ചയിച്ചിട്ടുള്ള വിഹിതം റിപ്പോർട്ടുവർഷം പൂർണ്ണമായി ലഭിച്ചില്ല. 57,000 രൂപ മാത്രമാണ് ലഭിച്ചത്. ഭദ്രാസന ഗ്രാന്റായി 15,000 രൂപയും തൻവർഷം ലഭിച്ചു.

ദുഃഖവെള്ളി സ്തോത്രകാഴ്ച: മെത്രാപ്പോലീത്താ തിരുമേനിയുടെ 363-ാം നമ്പർ സർക്കുലർ കല്പന പ്രകാരം മല്ലപ്പള്ളി, വാഴൂർ, കുമളി, കീഴില്ലം, മൂന്നാർ എന്നീ സെന്ററുകളിൽപ്പെട്ട ഇടവകകളും സോഹാർ സെന്റ് തോമസ്, ഹൂസ്റ്റൺ സെന്റ് തോമസ്, ന്യൂയോർക്ക് സെന്റ് ജെയിംസ്, കൻസാസ് മാർത്തോമ്മാ, കുവൈറ്റ് സെന്റ് ജോൺസ്, ലണ്ടൻ സെന്റ് പീറ്റേഴ്സ്, ഫുജൈറ ഇമ്മാനുവേൽ, ബഹ്റൈൻ സെന്റ് പോൾസ് എന്നീ വിദേശ ഇടവകകളുടെയും ദുഃഖവെള്ളി സ്തോത്രകാഴ്ച മന്ദിരത്തിനായി വേർതിരിച്ചിരിക്കുന്നു. 3,27,201 രൂപ മാത്രമേ ഈയിനത്തിൽ ലഭിച്ചുള്ളൂ. പല ഇടവകകളുടെയും സ്തോത്രകാഴ്ച ലഭിക്കാനുണ്ട്.

എൻഡോവ്മെന്റ്: റിപ്പോർട്ടുവർഷം ലഭിച്ച 1,56,000 രൂപ ഉൾപ്പെടെ 17,10,000 രൂപയുടെ എൻഡോവ്മെന്റ് നിലവിലുണ്ട്.

സ്നേഹജ്യോതി ബാലികാഭവൻ: മാതാവോ പിതാവോ മരണപ്പെട്ടതോ, മാതാപിതാക്കൾ തമ്മിലുള്ള ബന്ധം അറ്റുപോയതോ ആയ കുടുംബങ്ങളിലെ പെൺകുട്ടികൾക്കായി കോട്ടയം-കൊച്ചി ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ 2012 മെയ് 26 ന് ആശ്രയയിൽ ആരംഭിച്ച സ്നേഹജ്യോതി ബാലികാഭവനിൽ 19 പെൺകുട്ടികൾ താമസിച്ച് നെടുങ്ങാടപ്പള്ളി സി. എം. എസ് ഹൈസ്കൂളിൽ പഠനം നടത്തി. ഇവരിൽ 5 പേർ ഈ വർഷം 10-ാം ക്ലാസ് പഠനം പൂർത്തീകരിച്ച് എസ്. എസ്. എൽ. സി. പരീക്ഷ എഴുതിയിരിക്കുകയാണ്. 25 കുട്ടികളെ താമസിപ്പിക്കുന്നതിനുള്ള ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

മന്ദിരം ഫെലോഷിപ്പ് കമ്മറ്റി: സഭയിലെ വിവിധ മന്ദിരങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള മന്ദിരം ഫെലോഷിപ്പ് കമ്മറ്റിയുടെ പ്രവർത്തനങ്ങളിൽ നമ്മുടെ മന്ദിരവും സജീവമായി പങ്കെടുത്തുവരുന്നു. കമ്മറ്റിയിൽ സൂപ്രണ്ട്, സെക്രട്ടറി, ട്രഷറാർ എന്നിവർ ആശ്രയയെ പ്രതിനിധീകരിക്കുന്നു. മന്ദിരം ട്രഷറാർ ശ്രീ. ജോസി കുര്യൻ മന്ദിരം ഫെലോഷിപ്പ് കമ്മറ്റിയുടെ സെക്രട്ടറിയായും പ്രവർത്തി ക്കുന്നു. മാരാമൺ കൺവൻഷൻ നഗറിൽ പ്രവർത്തിച്ച സ്റ്റാളുകളിൽ കൂടിയുള്ള റിലീഫ് ഫണ്ട് ശേഖരണത്തിന്റെ കൺവീനറായി സൂപ്രണ്ട് റവ. ജോജി തോമസ് നേതൃത്വം വഹിച്ചു. റിപ്പോർട്ടുവർഷം റിലീഫ് ഫണ്ടിൽ നിന്നും 73,801 രൂപ നമ്മുടെ മന്ദിരത്തിന്റെ വിഹിതമായി ലഭിച്ചു. മാരാമൺ കൺവൻഷനോടനുബന്ധിച്ച് പ്രസിദ്ധീകരിച്ച 'നമ്മുടെ മന്ദിരങ്ങൾ' എന്ന പ്രസിദ്ധീകരണത്തിന്റെ ചീഫ് എഡിറ്ററായി പ്രൊഫ. ഡോ. ജേക്കബ് ജോർജ്ജും കൺവീനറായി ശ്രീ. ജോസി കുര്യനും സേവനമനുഷ്ഠിച്ചു. മന്ദിരം ഫെലോഷിപ്പ് കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ സഭയിലെ വിവിധ മന്ദിരങ്ങൾക്കായി 2019 നവംബർ 30 നു നടന്ന ഫാമിലി ഫെസ്റ്റിനു നമ്മുടെ മന്ദിരം ആഥിത്യമരുളി. ഫാമിലി ഫെസ്റ്റ് അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. ഫെലോഷിപ്പ് കമ്മറ്റി പ്രസിഡന്റ് അഭിവന്ദ്യ ഡോ. മാത്യൂസ് മാർ മക്കാറിയോസ് എപ്പിസ്കോപ്പാ അദ്ധ്യക്ഷത വഹിച്ചു. സമാപന സമ്മേളനം അഡ്വ. മാത്യു റ്റി. തോമസ് എം.എൽ.എ. ഉദ്ഘാടനം ചെയ്തു. സമാപന സമ്മേളനത്തിൽ വികാരി ജനറാൾ വെരി റവ. ജോർജ്ജ് സഖറിയാ പി. അദ്ധ്യക്ഷത വഹിച്ചു.

ഭൂസ്വത്ത് ലഭിച്ചു: തെള്ളിയൂർ പുത്തൻപറമ്പിൽ ശ്രീ. വറുഗീസിന്റെ മക്കൾ അമേരിക്കയിൽ ജോലി ചെയ്യുന്ന ശ്രീ. ഏബ്രഹാം വറുഗീസ് (പി. വി. ഏബ്രഹാം), ശ്രീ. ഏബ്രഹാം കെ. തോമസ്, ശ്രീ. പി.വി. വറുഗീസ് എന്നിവർ തങ്ങളുടെ പേരിലുള്ള 2 ഏക്കറോളം സ്ഥലം മല്ലപ്പള്ളി മാർത്തോമ്മാ സെന്റർ ആശ്രയ വയോജന മന്ദിരത്തിന്റെ ഉപയോഗത്തിനു വേണ്ടി ദാനം നൽകാം എന്നറിയിക്കുകയും ആയത് മെത്രാപ്പോലീത്താ തിരുമേനിയും കമ്മറ്റിയും സ്വീകരിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തതനുസരിച്ച് ശ്രീ. ഏബ്രഹാം വറുഗീസ് (പി.വി. ഏബ്രഹാം) തന്റെ പേരിൽ തെള്ളിയൂർ വില്ലേജിൽ റീസർവ്വേ 20/2-5 നമ്പരിൽപ്പെട്ട 26.30 ആർ സ്ഥലം 03.10.2019 നും ശ്രീ. ഏബ്രഹാം കെ. തോമസ് തന്റെ പേരിൽ തെള്ളിയൂർ വില്ലേജിൽ റീസർവ്വേ 20/2-4 നമ്പരിൽപ്പെട്ട 26.30 ആർ സ്ഥലം 28.11.2019 നും മല്ലപ്പള്ളി മാർത്തോമ്മാ സെന്റർ ആശ്രയ വയോജന മന്ദിരത്തിന്റെ ഉപയോഗത്തിനു വേണ്ടി അഭിവന്ദ്യ മെത്രാപ്പോലീത്താ തിരുമേനിയുടെ പേരിൽ എഴുതി നൽകുകയുണ്ടായി. എഴുത്തുകൂലിയും മുദ്രപ്പത്ര വിലയും പൂർണ്ണമായും ദാതാക്കൾ തന്നെയാണ് വഹിച്ചത്. ശ്രീ. പി.വി. വറുഗീസും അദ്ദേഹത്തിന്റെ പേരിലുള്ള 27.41 ആർ സ്ഥലം നൽകാമെന്ന് അറിയിച്ചിട്ടുണ്ട്.

കൃതജ്ഞത: മോസ്റ്റ് റവ. ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനി മല്ലപ്പള്ളി മാർത്തോമ്മാ സെന്റർ, ആശ്രയ വയോജന മന്ദിരം, സ്നേഹജ്യോതി ബാലികാഭവൻ എന്നിവയുടെ അദ്ധ്യക്ഷൻ എന്ന നിലയിൽ നൽകിത്തരുന്ന മാർഗ്ഗ നിർദ്ദേശങ്ങൾക്കും ഉപദേശങ്ങൾക്കും നന്ദിയും കടപ്പാടും അറിയിക്കുന്നു. വർക്കിംഗ് പ്രസിഡന്റ്, നിർമ്മാണകമ്മറ്റി അദ്ധ്യക്ഷൻ എന്നീ നിലകളിൽ സ്തുത്യർഹമായ നേതൃത്വം നൽകിവരുന്ന വികാരി ജനറാൾ വെരി റവ. ജോർജ്ജ് സഖറിയ പി., സെന്ററിന്റെ എക്സിക്യൂട്ടീവ് കമ്മറ്റി അംഗം എന്ന നിലയിൽ വേണ്ട കൈത്താങ്ങലും നേതൃത്വവും നൽകിയ ഭദ്രാസന സെക്രട്ടറി റവ. ടി. എസ്. ഫിലിപ്പ്, എക്സിക്യൂട്ടീവ് കമ്മറ്റി അംഗം എന്ന നിലയിലും നിർമ്മാണ കമ്മറ്റി അംഗം എന്ന നിലയിലും സഹായസഹകരണം നൽകിയ ഭദ്രാസന ട്രഷറാർ ശ്രീ. എ.എം. മാണി എന്നിവരോടെല്ലാം നന്ദിയും കടപ്പാടും അറിയിക്കുന്നു.

സൂപ്രണ്ട് എന്ന നിലയിൽ 2019 ഏപ്രിൽ 30 വരെ ഊർജ്ജസ്വലമായും നിസ്വാർത്ഥമായും ശുശ്രൂഷ നിർവ്വഹിച്ച റവ. എം.എം. ജോൺ, ആത്മാർത്ഥമായും ശ്രദ്ധയോടും തുടർന്നു ശുശ്രൂഷ ഏറ്റെടുത്ത റവ. ജോജി തോമസ്, സാമ്പത്തിക കാര്യങ്ങളിലും ദൈനംദിന പ്രവർത്തനങ്ങളിലും നിർമ്മാണ പ്രവർത്തനങ്ങളിലും കാര്യക്ഷമമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ട്രഷറാർ ശ്രീ. ജോസി കുര്യൻ, എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങൾ, ഇന്റേണൽ എക്സ്റ്റേണൽ ആഡിറ്ററന്മാർ, സെന്ററിലെ ഇടവക വികാരിമാർ, ഇടവക ചുമതലക്കാർ, ജനറൽബോഡി അംഗങ്ങൾ, നിർമ്മാണ കമ്മറ്റി അംഗങ്ങൾ, നിർമ്മാണ കമ്മറ്റി കൺവീനറായി പ്രവർത്തിച്ച ശ്രീ. അലക്സാണ്ടർ വർഗീസ്, നിർമ്മാണ പ്രവർത്തനങ്ങൾക്ക് കൺസൾട്ടന്റ് എഞ്ചിനീയറായി സഹായിക്കുന്ന എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി ശോശാമ്മ വറുഗീസ് തുടങ്ങി എല്ലാവരോടും നന്ദി അറിയിക്കുന്നു. വാർഡന്മാർ, അമ്മമാരെയും കുഞ്ഞുങ്ങളെയും ശുശ്രൂഷിക്കുന്ന പ്രവർത്തകർ എന്നിവരോടും നന്ദിയും കടപ്പാടും അറിയിക്കുന്നു.

11. ശാന്തിഭവൻ, സീഹോറ

വടക്കേ ഇന്ത്യയിൽ സുവിശേഷ സാക്ഷ്യം നിർവ്വഹിക്കുന്നതിനായി കേരളത്തിൽ നിന്നും സഭയുടെ ആശീർവാദത്തോടെ 1942 ൽ യാത്രതിരിച്ച റവ. കെ.റ്റി. തോമസ്. റവ. എം.പി. മാത്യൂ, റവ. ജോൺ വറുഗ്ഗീസ് എന്നീ വന്ദ്യവൈദീകർ സീഹോറായിലുള്ള ക്രിസ്തപന്ഥി ആശ്രമത്തിന് തുടക്കംകുറിച്ചു. 77 സംവത്സരങ്ങൾ പൂർത്തിയാക്കിയ ഈ വിശ്വാസ പ്രസ്ഥാനത്തിൽ സാധുക്കളായ വൃദ്ധജനങ്ങളുടെ സംരക്ഷണാർത്ഥം ആരംഭിച്ച പ്രവർത്തനമാണ് ശാന്തിഭവൻ. വ്യത്യസ്ത ആവശ്യങ്ങളിൽ ഇരിക്കുന്നവരോടുള്ള ക്രിസ്തീയ പ്രതിബദ്ധത ആശ്രമത്തിന്റെ പ്രവർത്തനങ്ങളിൽ ആരംഭം മുതൽ ഉണ്ടായിരുന്നു എങ്കിലും ശാന്തിഭവന്റെ പ്രവർത്തനം 1971 ലാണ് ആരംഭിച്ചത്. ആശ്രമ സ്ഥാപകരിലൊരാളായ എം.പി. മാത്യൂ അച്ചൻ റോഡരികിൽ അവശനായി കിടന്ന വൃദ്ധനെ ആശ്രമത്തിൽ കൊണ്ടുവന്ന് പരിചരിച്ചതോടെയാണ് ആശ്രമം ക്യാമ്പസിൽ അശരണരെ ശുശ്രൂഷിക്കുന്നതിനാവിശ്യമായ ഒരു സ്ഥിരസംവിധാനം ഉണ്ടായത്. എല്ലാവരാലും ഉപേക്ഷിക്കപ്പെട്ട അനേകം വൃദ്ധജനങ്ങൾക്ക് അഭയമേകാൻ ശാന്തിഭവന്റെ പ്രവർത്തനങ്ങൾ കാരണമായി.

7 പുരുഷന്മാരും ഒരു സ്ത്രീയും ശാന്തിഭവന്റെ സംരക്ഷണയിൽ ഇവിടെ താമസിക്കുന്നു. ഇതുകൂടാതെ ചുറ്റുപാടും ഗ്രാമങ്ങളിലുള്ള 120 ൽപ്പരം വൃദ്ധജനങ്ങൾക്ക് ആവശ്യമായ സഹായങ്ങൾ ക്രമമായി ഇതോടൊപ്പം ചെയ്തുവരുന്നു. അവർ സ്വഭവനങ്ങളിൽ താമസിക്കുന്നവരെങ്കിലും സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്നവരും മറ്റാരും സഹായിക്കാത്തവരുമാണ്. വിഭവ ലഭ്യത അനുസരിച്ച് അവർക്ക് ആവശ്യമായ ഗോതമ്പ്, അരി, പരിപ്പ് എന്നിവ നിശ്ചിത അളവിൽ നൽകിവരുന്നു. ആശ്രമ ആശുപത്രിയിൽ നിന്നും ആവശ്യമായ വൈദ്യപരിചരണവും മരുന്നും ലഭ്യമാക്കുന്നു. വിവിധ ഇടങ്ങളിൽ നിന്നും തുണികൾ ശേഖരിച്ച് വിതരണം ചെയ്യുന്നു. ക്രിസ്തുമസ് കാലയളവിൽ ആശ്രമത്തിൽ വച്ച് അവരുടെ ഒരു കൂടിവരവ് ക്രമീകരിച്ചു. മാർത്തോമ്മാ ഗ്രാമജ്യോതി സ്കൂളിലെ വിദ്യാർത്ഥികൾ അവർക്കായി വിവിധ പരിപാടികൾ അവതരിപ്പിച്ചു.

ശാന്തിഭവന്റെ പ്രവർത്തനങ്ങൾക്ക് ഡൽഹി ഭദാസനത്തിലെ ഇടവകകളിൽ നിന്നും ചില വിദേശ ഇടവകകളിൽ നിന്നും സമാഹരിച്ചു നൽകുന്ന ദുഃഖവെള്ളിയാഴ്ച സ്തോത്രകാഴ്ചയാണ് പ്രധാന സാമ്പത്തിക സഹായം. കഴിഞ്ഞ വർഷം ലഭിച്ച സഹായങ്ങളിലൂടെ ശാന്തിഭവന്റെ ചില അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും സാധിച്ചു. വിവിധ രീതിയിൽ സഹായങ്ങൾ നൽകുന്ന എല്ലാവരോടും നന്ദി അറിയിക്കുന്നു. നിരന്തരം വ്യാപരിക്കുന്ന ദൈവകൃപയെ സ്മരിച്ചുകൊണ്ട് റിപ്പോർട്ട് ഉപസംഹരിക്കുന്നു.

12.ക്രിസ്തമിത്ര ആശ്രമ സേവാമന്ദിരം, അങ്കോല

1940 സെപ്റ്റംബർ 28-ന് സ്ഥാപിതമായ വടക്കേ കർണ്ണാടകയിലെ അങ്കോല ആശ്രമം, ശുശ്രൂഷയിൽ ഒരു വർഷംകൂടി പിന്നിടുവാൻ സാധിച്ചു. കഴിഞ്ഞ ഒരു വർഷക്കാലം ശുശ്രൂഷയിൽ വ്യാപരിച്ച ദൈവകൃപ അളവറ്റതാണ്. അങ്കോലയിലും ചുറ്റുപാടും സുവിശേഷത്തിന്റെ വെളിച്ചം വിതറുവാൻ ആശ്രമത്തിന്റെ വ്യത്യസ്ഥങ്ങളായ ശുശ്രൂഷയിലൂടെ സാധ്യമാകുന്നതിൽ ദൈവത്തെ സ്തുതിക്കുന്നു.

ഇപ്പോൾ ആശ്രമത്തിന് 16 സ്ഥിരാംഗങ്ങളും 40 ൽ പരം മറ്റു പ്രവർത്തകരും ഉണ്ട്. റവ. ഡോ. അലക്സാണ്ടർ ഏബ്രഹാം ആശ്രമ ആചാര്യയായി ശുശ്രൂഷ നിറവേറ്റുന്നു. റവ. ഷിജു കെ ഏബ്രഹാം അങ്കോല, യെല്ലാപ്പുര ഇടവകകളുടെ വികാരിയായും റവ. ഡോ. കെ.എം. സാമുവേൽ ആശ്രമത്തിന്റെ സീനിയർ അംഗമായും ശുശ്രൂഷ നിറവേറ്റുന്നു. മാർത്തോമ്മാ സുവിശേഷ പ്രസംഗ സംഘത്തിന്റെ 4 സുവിശേഷകർ അങ്കോല, യെല്ലാപ്പുര, ഹാർവാട, പുരലക്കിബേണ എന്നിവടങ്ങളിൽ താമസിച്ച് സുവിശേഷ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി വരുന്നു. അന്വേഷകരായും വിശ്വാസികളായും ധാരാളം ആളുകൾ ആരാധനയ്ക്കായ് ദേവാലയത്തിൽ കടന്നുവരുന്നു.

അങ്കോലയിലെ പാവപ്പെട്ട രോഗികളുടെ അഭയസ്ഥാനമായ ആശ്രമ ആശുപത്രിയുടെ ശുശ്രൂഷ തുടരുന്നു. 5 ഡോക്ടേഴ്സും 25 ൽപരം മറ്റ് പ്രവർത്തകരും സൗഖ്യദായക ശുശ്രൂഷയിൽ പങ്കാളികളാകുന്നു.

അജ്ജിക്കട്ട ക്യാമ്പസിൽ 32 അംഗങ്ങളുള്ള ആശ്രമത്തിന്റെ സേവാമന്ദിരം പ്രവർത്തിക്കുന്നു. ഭൂരിഭാഗം പേരും മാനസീക പ്രശ്നമുള്ളവരും അംഗവികലരുമാണ്. എപ്പിസ്കോപ്പൽ സിനഡിന്റെ തിരുമാനപ്രകാരമുള്ള ഇടവകകളിൽ നിന്നുള്ള ദു:ഖവെള്ളിയാഴ്ച്ചത്തെ സ്തോത്രകാഴ്ചയാണ് പ്രധാന വരുമാനമാർഗ്ഗം, HIV+ve ആയ കുഞ്ഞുങ്ങളുടെ പുനരധിവാസത്തിനായി കെയർ സെന്റർ പ്രവർത്തിക്കുന്നു. ഇൻഡ്യൻ സ്പോൺസർഷിപ്പ് പ്രോജക്ടിലൂടെ 145-ൽപരം കുഞ്ഞുങ്ങളുടെ പഠനത്തിൽ സഹായം നൽകിവരുന്നു. ഗ്രാമീണ തയ്യൽ പരിശീലനം, കമ്പ്യൂട്ടർ പരിശീലനം എന്നിവ ഈ പ്രോജക്ടിലൂടെ നിറവേറ്റപ്പെടുന്നു.

13. മാർത്തോമ്മാ പബ്ലിക്ക് ചാരിറ്റബിൾ ട്രസ്റ്റ്

13.1 ചാരിറ്റബിൾ ട്രസ്റ്റ്

മാർത്തോമ്മാ പബ്ലിക് ചാരിററബിൾ ട്രസ്റ്റ് 1981 ഒക്ടോബർ മാസം 27 ന് രജിസ്റ്റർ ചെയ്ത് മാർത്തോമ്മാ സഭാ ഓഫീസിനോട് ചേർന്ന് തിരുവല്ല ആസ്ഥാനമാക്കി ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകി പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു. വയോജനമന്ദിരങ്ങൾ, വിദ്യാഭ്യാസം, സ്വയംതൊഴിൽ കണ്ടെത്തൽ, സാധുജന സഹായം തുടങ്ങിയ മേഖലകളിലെ പ്രവർത്തനമാണ് ട്രസ്റ്റിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ.

2018 ആഗസ്റ്റിൽ ഉണ്ടായ മഹാപ്രളയത്തിൽ ഭവനങ്ങൾ നഷ്ടപ്പെട്ടവർക്ക് ഭവനം നിർമ്മിക്കുവാനായി ഈ സാമ്പത്തിക വർഷം 10,39,0000 രൂപ നൽകി. ഭവനങ്ങളുടെ അററകുററപണികൾ നടന്നുവരുന്നു. പ്രളയത്തിൽ തകരാറുകൾ സംഭവിച്ച ഭവനങ്ങളുടെ പണി പൂർത്തിയാക്കി 2020 ജനുവരി 2ന് താക്കോൽ ദാനം നടത്തി .

ട്രസ്റ്റിന്റെ വരുമാനം ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നു. ജാതിമതഭേദമെന്യേ അർഹരായവർക്ക് വൈദ്യസഹായവും വിദ്യാഭ്യാസ സഹായവും നൽകുന്നു. ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വിദ്യാഭ്യാസ സൗകര്യങ്ങൾ നൽകുന്നു. ഈ വർഷം വിദ്യാഭ്യാസ സഹായമായി 1,06,910 രൂപയും സാധുജന സഹായമായി 49,000 രൂപയും ചെലവഴിച്ചു

വിവിധ എൻഡോവ്മെന്റുകളിൽ നിന്നും ലഭിച്ച പലിശ പഠനസഹായത്തിനും, വൈദ്യസഹായത്തിനും വൃദ്ധജന പരിപാലന സ്ഥാപനങ്ങൾക്കും, ഭിന്നശേഷിയുള്ള കുട്ടികളുടെ സംരക്ഷണ കേന്ദ്രങ്ങൾക്കും, ദളിത് വിദ്യാർത്ഥിനികളുടെ നഴ്സിംഗ് പഠനത്തിനും, തിരുവനന്തപുരം ഹോസ്പിറ്റൽ ഗൈഡൻസ് സെന്ററിനും, മഞ്ഞാടിയിലെ ശാലേം ഓർഫനേജിനും, മാർത്തോമ്മാ തിയളോജിക്കൽ സെമിനാരിക്കും നൽകി.

സഭയുടെ ട്രസ്റ്റിലേക്ക് ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി സംഭാവനകൾ നൽകുന്ന വ്യക്തികൾക്ക് ഇൻകം ടാക്സ് ആക്ട് 80 ജി പ്രകാരം ആദായ നികുതിയിൽ ഇളവു ലഭിക്കും. ട്രസ്റ്റിനു വേണ്ടി തുടർന്നും സംഭാവനകളും എൻഡോവ്മെന്റുകളും പ്രതീക്ഷിക്കുന്നു.

13.2 സ്നേഹഭവൻ

ആധുനിക ഉപഭോക്ത സംസ്കാരവും ജീവിതക്രമവും സമ്മാനിച്ച ഏകാന്തതയിൽ കഴിയുന്ന മാതാപിതാക്കൾക്ക് അവരുടെ വാർദ്ധക്യകാലം സന്തോഷകരവും അനുഗ്രഹീതവും നിരാശരഹിതവുമായിരിക്കണം എന്ന താൽപര്യത്തോടും ഉദ്ദേശ്യത്തോടെയും ഭാഗ്യസ്മരണീയനായ ഡോ. അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്ത തിരുമേനിയുടെ ദീർഘവീക്ഷണത്താൽ 1985-ൽ സ്നേഹഭവൻ സ്ഥാപിതമായി. കഴിഞ്ഞ 35 വർഷമായി അനേകം മാതാപിതാക്കൾക്ക് അഭയവും ആശ്വാസവുമായിതീർന്ന ഈ സ്ഥാപനം മാർത്തോമ്മാ ചാരിറ്റബിൾ ട്രസ്റ്റിന്റെ കീഴിൽ നന്നായി പ്രവർത്തിക്കുന്നു.

എല്ലാ മാസവും 2-ാം ഞായറാഴ്ച രാവിലെ വിശുദ്ധ കുർബ്ബാന ശുശ്രൂഷയും മറ്റു ഞായറാഴ്ചകളിൽ പരസ്യാരാധനയും സ്നേഹഭവൻ ചാപ്പലിൽ നടത്തപ്പെടുന്നു. പരസ്യാ

രാധന ശുശ്രൂഷയ്ക്ക് കൊമ്പാടി ഈ.ജെ. ഇൻസ്റ്റിറ്റ്യൂട്ടിലെ വിദ്യാർത്ഥികൾ നേതൃത്വം നൽകുന്നു. വിവിധ സെമിനാറുകൾ റിട്രീറ്റുകൾ മറ്റ് ആഘോഷപരിപാടികൾ ഇവയും നടത്തപ്പെടുന്നു. മാർത്തോമ്മാ മെത്രാപ്പോലീത്ത അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്ത ചെയർമാനായും സഭാ സെക്രട്ടറി വൈസ്ചെയർമാനായും റവ. ജോസ് സി. ജോസഫ് മാത്യു സെക്രട്ടറിയായും അഡ്വ. അൻസിൽ സഖറിയ ട്രഷറാറായും പ്രവർത്തിച്ചു.

14. മാർത്തോമ്മാ ദയറായ/സന്യാസിനി സമൂഹം

14.1 ദയറാ സമൂഹം

അഭിവന്ദ്യ മോസ്റ്റ് റവ. ഡോ. ജോസഫ് മാർത്തോമ്മാ മെത്രോപ്പൊലീത്ത രക്ഷാധികാരിയായും അഭിവന്ദ്യ റൈറ്റ് റവ. ഡോ. യൂയാക്കീം മാർ കൂറിലോസ് തിരുമേനി പ്രസിഡന്റായും മാർത്തോമ്മാ ദയറാ സമൂഹം 24 വർഷം പിന്നിടുകയാണ്. കഴിഞ്ഞ് കാൽനൂറ്റാണ്ടിനിടെ സഭയുടെ പലമേഖലയിലും ദയറയുടെ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ ഉണ്ടായിട്ടുണ്ട്. റവ. പി.ഫിലിപ്പ് ആചാര്യയായി പ്രവർത്തിക്കുന്നു. റവ. സനിൽ മാത്യു അലക്സാണ്ടർ വടവാതൂർ അപ്പൊസ്തൊലിക് സെമിനാരിയിൽ ഡോക്ടറേറ്റ് ചെയ്യുന്നു. റവ. ഐസക് മാത്യു അടൂർ മാർത്തോമ്മാ ഗുരുകുലത്തിന്റെ ചുമതല നിർവ്വഹിക്കുന്നു.

മാർത്തോമ്മാ ബോയ്സ് ഹോം: 1923 ൽ ആരംഭിച്ച ബോയ്സ് ഹോമിന്റെ ചുമതല ദയറാ സമൂഹമാണ് നിർവ്വഹിക്കുന്നത്. 96 വർഷം പിന്നിടുന്ന ഈ സ്ഥാപനം കാലോചിതമായി വളരുന്നതിന് ദയറാ സമൂഹത്തിന്റെ വലിയ പ്രയത്നം ഉണ്ടായിട്ടുണ്ട്. കഴിഞ്ഞ വർഷം 29 കുട്ടികൾ പഠനം നടത്തി. 6 പേർ ഡിഗ്രിക്കും മറ്റുള്ളവർ അഞ്ചാം സ്റ്റാൻഡേർഡ് മുതൽ ജഹൗ 2 വരെ പഠിക്കുന്നവരുമാണ്. ഒരാൾ ചെങ്ങന്നൂർ ക്രിസ്ത്യൻ കോളേജിൽ ബി.എ മൂന്നാം വർഷം തരംഗം മിഷനിൽ താമസിച്ച് പഠനം നടത്തുന്നു.

വി.ഒ.യൂ.പി. സ്കൂൾ: ബോയ്സ് ഹോമിന് വേണ്ടി ആരംഭിച്ച സ്കൂൾ ഇന്ന് ഉയർച്ചയുടെ പാതയിലാണ്.സ്കൂളിന്റെ കെട്ടിടങ്ങളും കോമ്പൗണ്ടുകളും നവീകരിക്കുകയും പുതുതായി നാല് ക്ലാസ്സ്റൂം, പുതിയ ആഫീസ് എന്നിവയും നിർമ്മിക്കുകയും ചെയ്തു. എൽ.കെ.ജി മുതൽ ഏഴാം ക്ലാസ്സ് വരെ 230 കുട്ടികൾ പഠിക്കുന്നു. പുതിയ ഓഫീസ് ബ്ലോക്കിന്റെ കൂദാശയും ഹൈടെക് സ്കൂളിന്റെ ഉത്ഘാടനവും സഭയുടെ മെത്രാപ്പൊലീത്ത തിരുമേനി 2019 ഡിസംബർ 2-ന് നിർവ്വഹിച്ചു.

മിഷൻ പ്രവർത്തനങ്ങൾ: 5 സുവിശേഷകർ വിവിധയിടങ്ങളിലായി സുവിശേഷ വയൽ പ്രദേശങ്ങളിൽ പ്രവർത്തിക്കുന്നു. 200ലധികം വിശ്വാസികൾ ഉണ്ട്. 4 ട്യൂഷൻ സെന്ററുകളിലായി 200 കുട്ടികൾക്ക് സൗജന്യ ട്യൂഷൻ നൽകുന്നുണ്ട്. കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് പ്രോഗ്രാം, വി.ബി.എസ്. എന്നിവ വിവിധയിടങ്ങളിൽ ക്രമീകരിക്കുന്നു.

14.2 സന്യാസിനി സമൂഹം, ഇലന്തൂർ

മലങ്കര സഭയെയും സമൂഹത്തെയും അദ്ധ്യാത്മികമായി സമുദ്ധരിച്ചുകൊണ്ട് ഭാരതമാസകലം ക്രിസ്തുവിന്റെ സുവിശേഷം പ്രഘോഷിക്കപ്പെടണമെന്നുള്ള ലക്ഷ്യത്തോടെ പരിശുദ്ധാത്മ ശക്തിയിൽ നിറഞ്ഞ് ലോകരക്ഷകനായ യേശുക്രിസ്തുവിന്റെ ശ്ലീഹന്മാരിൽ ഒരുവനായ മാർത്തോമ്മയാൽ സ്ഥാപിതമായതെന്ന് വിശ്വസിക്കപ്പെട്ടിരിക്കുന്നതും ആ പേരിനാൽ അറിയപ്പെട്ടതുമായ മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ ആത്മീയ ജ്യോതിസ്സായി വിളങ്ങേണ്ട ഒരു സംഘടനയാണ് മാർത്തോമ്മാ സന്യാസിനി സമൂഹം. 2001 -ൽ ആരംഭിച്ച പ്രസ്ഥാനമാണ് മാർത്തോമ്മാ സന്യാസിനി, സമൂഹം കഴിഞ്ഞ 18 വർഷക്കാലം സേവനമർപ്പിപ്പാൻ ദൈവം തന്ന അവസരത്തിനായി സ്തോത്രം. റൈറ്റ് റവ. ഡോ ഏബ്രഹാം മാർ പൗലോസ് തിരുമേനി പ്രസിഡന്റായും, സിസ്റ്റർ പി.റ്റി. മറിയാമ്മ സുപ്പീരിയർ ആയും പ്രവർത്തിക്കുന്നു.

പ്രവർത്തനങ്ങൾ: ധ്യാനം, യാമപ്രാർത്ഥന വേദപഠനം എന്നിവയ്ക്കായി സമയം ചെലവഴിക്കുന്നു.

മദ്ധ്യസ്ഥപ്രാർത്ഥന: എല്ലാ ദിവസവും ഉച്ചയ്ക്ക് 12 മണി മുതൽ 1 മണിവരെ മദ്ധ്യസ്ഥപ്രാർത്ഥന നടത്തിവരുന്നു. എല്ലാ ചൊവ്വാഴ്ചകളിലും 10.30 മുതൽ 12.30 വരെ ഇലന്തൂർ സെന്ററായി മദ്ധ്യസ്ഥപ്രാർത്ഥന നടത്തുന്നു.

വി.കുർബ്ബാന അപ്പം, വീഞ്ഞ് നിർമ്മാണം: സന്യാസിനി സമൂഹത്തിന്റെ ചുമതലയിൽ കുർബ്ബാന അപ്പം, വീഞ്ഞ്, മെഴുകുതിരി എന്നിവ നിർമ്മിച്ച് ഇടവകകളുടെ ആവിശ്യാനുസരണം വിതരണം ചെയ്യുന്നു.

ഇടവക സന്ദർശനം: ഇടവകകളിൽ ആരാധനയിൽ പങ്കെടുക്കുകയും വചന ശുശ്രൂഷ നടത്തുകയും പോഷകസംഘടനകളുടെ പ്രവർത്തനങ്ങളിൽ ഭാഗഭാക്കുകളാകുകയും ഭവനങ്ങൾ സന്ദർശിക്കുകയും ചെയ്യുന്നു.

കുട്ടികളുടെ ഇടയിലുള്ള പ്രവർത്തനം: സണ്ടേസ്കൂൾ, പ്രയർസെൽ, ഫ്രീ ട്യൂഷൻ ഇവ നടത്തുന്നു.

ഏകദിന ക്യാമ്പ്: 2019 മെയ് 21-ാം തീയതി 10, പ്ലസ്വൺ, പ്ലസ് ടു, എന്നീ വിദ്യാർത്ഥികൾക്കായി ഏകദിന ക്യാമ്പ് നടത്തി.

വിദ്യാഭ്യാസ സഹായം: എൻഡോവ്മെന്റ് ഫണ്ടിൽ നിന്നും അർഹരായ വിദ്യാർത്ഥിനികൾക്ക് സഹായം നൽകുന്നു.

പകൽ വീട്: വീട്ടിൽ ഏകാന്തത അനുഭവിക്കുകയും മാനസികമായും ശാരീരികമായും ബുദ്ധിമുട്ട് അനുഭവിക്കുകയും ചെയ്യുന്ന യുവതികാളാണ് പകൽ വീട്ടിൽ വന്നുപോകുന്നത്.

തയ്യൽ പരിശീലനം: സന്യാസിനി സമൂഹത്തിന്റെ ചുമതലയിൽ തയ്യൽ പരിശീലനം നടത്തിവരുന്നു. 2018-2019 കാലയളവിൽ തയ്യൽ പഠനം പൂർത്തീകരിച്ച 21 പേർക്ക് സർട്ടിഫിക്കേറ്റ് വിതരണം ചെയ്തു.

മിഷൻ ടൂർ: റിപ്പോർട്ടുവർഷം അങ്കോല, സിഹോറ, പാലക്കാട് പുനലൂർ ദയറാ, ടിബറ്റ് ബോർഡൻ എന്നീ മിഷൻ ഫീൽഡുകൾ സന്ദർശിച്ചു.

ബഥാന്യഭവനം: സേവികാസംഘത്തിന്റെ കെട്ടിടം സന്യാസിനി സമൂഹത്തിന്റെ ചെലവിൽ പുതുക്കി പണിതു. റൈറ്റ് റവ. ഡോ. ഏബ്രഹാം മാർ പൗലോസ് തിരുമേനി പ്രാർത്ഥിച്ചു. അതിൽ പ്രവർത്തനവും ആരംഭിച്ചു.

കഴിഞ്ഞ 18 വർഷക്കാലമായി സമൂഹമായി പ്രവർത്തിക്കാൻ ദൈവം തന്ന അവസരത്തിനായി നന്ദി അർപ്പിക്കുന്നു. സന്യാസിനി സമൂഹത്തിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വവും ഉപദേശവും തന്നുകൊണ്ടിരിക്കുന്ന പ്രസിഡന്റ് തിരുമേനിയോടും കമ്മറ്റി അംഗങ്ങളോടും ഉള്ള നന്ദി അർപ്പിച്ചുകൊണ്ട് ഈ റിപ്പോർട്ട് ഉപസംഹരിച്ചുകൊള്ളുന്നു.

15. പ്രസിദ്ധീകരണങ്ങൾ

15.1 സഭാ ബുക്ക്ഡിപ്പോ

സഭാ പ്രസിദ്ധീകരണങ്ങൾ, സഭാ ഡയറി, വേദവായന ഭാഗങ്ങൾ, മറ്റു ക്രൈസ്തവ പ്രസിദ്ധീകരണങ്ങൾ മുതലായവ ബുക്ക് ഡിപ്പോയുടെ ചുമതലയിൽ വിൽപ്പന നടത്തിവരുന്നു. ഇടവക സംബന്ധമായ രജിസ്റ്ററുകൾ, റിക്കാർഡുകൾ, സി.എസ്.എസ്., ആനിമേഷൻ സെന്റർ മുതലായവയുടെ പ്രസിദ്ധീകരണങ്ങൾ, ക്രിസ്തീയ കാസറ്റുകൾ, കുർബ്ബാന അപ്പം, വീഞ്ഞ്, മെഴുകുതിരി എന്നിവയുടെ വിൽപ്പനയും നടത്തിവരുന്നു. മാരാമൺ കൺവൻഷനിലും ഭദ്രാസന ഇടവക കൺവൻഷനുകളിലും സഭാ പ്രസിദ്ധീകരണങ്ങൾ ഡിസ്ക്കൗണ്ട് വ്യവസ്ഥയിൽ യുവജനസഖ്യത്തിലൂടെ വിൽക്കുകയുണ്ടായി.

തന്നാണ്ടിൽ 1,09,95,105 രൂപയുടെ വിൽപ്പന നടത്തി. ഇതു മുൻവർഷത്തേക്കാൾ 6,03,157 രൂപാ കൂടുതലാണ്. 20 ലക്ഷം രൂപാ സഭാ ഓഫീസിൽ അടയ്ക്കുകയുണ്ടായി. ബഹു. സഭാ സെക്രട്ടറി ചെയർമാനായും റവ. അലക്സ് പി. ജോൺ കൺവീനറും റവ. ഏബ്രഹാം പി. വർക്കി, ശ്രീമതി പി.ജെ. മറിയാമ്മ, ശ്രീമതി ഗീതാ മാത്യു എന്നിവർ കമ്മറ്റി അംഗങ്ങളുമായു ള്ള ഉപദേശകസമിതി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. ശ്രീ. ബിജു പി. ജോർജ്ജ് മാനേജരായി പ്രവർത്തിക്കുന്നു.

15.2 മലങ്കര സഭാതാരക

മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ മുഖപത്രമായ മലങ്കര സഭാതാരക 1893 ജനുവരിയിൽ പ്രസിദ്ധീകരണം ആരംഭിച്ചു. വേദപുസ്തകാധിഷ്ഠിതമായ വിശ്വാസം, സഭയുടെ ആചാരങ്ങൾ, ദൗത്യദർശനം, സാമൂഹിക പ്രതിബദ്ധത എന്നിവയെക്കുറിച്ച് സഭാജനങ്ങളെ പ്രബുദ്ധരാക്കുക എന്ന ലക്ഷ്യത്തോടെ കഴിഞ്ഞ 127 വർഷമായി പ്രവർത്തിക്കുന്നു. മെത്രാപ്പോലീത്തയുടെ കത്ത്, പത്രാധിപക്കുറിപ്പ്, വിചാരദീ

പ് തി, ധ്യാനപംക്തി, വിഷയാസ്പദ പഠനം, ദൈവശാസ്ത്ര ചിന്തകൾ, പുസ്തകപരിചയം, വാർത്തകൾ, അറിയിപ്പുകൾ എന്നിവ താരകയുടെ വിഭവങ്ങളാണ്. താരകയുടെ മുഴുവൻ പേജുകളും ബഹുവർണ്ണത്തിൽ മുദ്രണം ചെയ്യുന്നതിന് ഇടയായി. സഭാതാരക എല്ലാ മാസവും 2-ാം തീയതി പ്രസിദ്ധീകരിക്കുന്നു. സഭാ താരകയുടെ പ്രസിദ്ധീകരണം ആരംഭിച്ച ജനുവരി മാസം റിപ്പോർട്ടു വർഷവും താരകമാസമായി ആചരിച്ചു.

മാരാമൺ, കോട്ടയം, അടൂർ, റാന്നി, കൊട്ടാരക്കര, ചുങ്കത്തറ, ആയൂർ, മുംബൈ, ഡൽഹി, എന്നീ സ്ഥലങ്ങളിൽ ഭദ്രാസനകൺവൻഷനോടനുബന്ധിച്ചും മാരാമൺ കൺവൻഷൻ മണൽപുറത്തും സഭാതാരക സ്റ്റാളുകൾ ക്രമീകരിച്ച് വരിസംഖ്യ പുതുക്കുന്നതിനും പുതിയ വരിക്കാരെ ചേർക്കുന്നതിനും ഇടയായി. ഇതുകൂടാതെ ഓരോ ഭദ്രാസനത്തിലും നിയമിക്കപ്പെട്ടിട്ടുള്ള പ്രൊമോട്ടർമാർ ഇടവകകൾ സന്ദർശിച്ച് വരിസംഖ്യ പുതുക്കുന്നതിനും പുതിയ വരിക്കാരെ ചേർക്കുന്നതിനും സഹായിക്കുന്നു. അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനിയും സഭാ കൗൺസിലും താരകയ്ക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു. അഭിവന്ദ്യ ജോസഫ് മാർ ബർന്നബാസ് എപ്പിസ്കോപ്പാ ചെയർമാനായും റവ. ജേക്കബ് ജോർജ്ജ് സി. മാനേജരായും റവ. ഡോ. വൈ.റ്റി. വിനയരാജ് ചീഫ് എഡിറ്ററായും പ്രവർത്തിക്കുന്നു. 4 അംഗങ്ങൾ ഉൾപ്പെടുന്ന പത്രാധിപസമിതിയും 5 അംഗങ്ങൾ ഉൾപ്പെടുന്ന മാനേജിംഗ് കമ്മറ്റിയും ആവശ്യമായ ആലോചനകൾ നൽകുന്നു.

15.3 മാർത്തോമ്മാ പബ്ലിക്കേഷൻ സൊസൈറ്റി

മാർത്തോമ്മാ പബ്ലിക്കേഷൻ സൊസൈറ്റി സഭയുടെ ഔദ്യോഗിക അച്ചടി മുദ്രണ വിഭാഗം എന്ന നിലയ്ക്ക് 2002 മുതൽ അഭിമാനകരമായി സേവനം തുടരുന്നു. മാർത്തോമ്മാ സഭയും സൺഡേസ്കൂൾ സമാജം, സുവിശേഷ പ്രസംഗ സംഘം, യുവജനസഖ്യം, സന്നദ്ധ സുവിശേഷക സംഘം, ഡവലപ്മെന്റ് ഡിപ്പാർട്ട്മെന്റ്, ഡിപ്പാർട്ട്മെന്റ് ഓഫ് സേക്രട്ട് മ്യൂസിക് & കമ്മ്യൂണിക്കേഷൻസ് എന്നീ സഭയുടെ പോഷക സംഘടനകളും അംഗങ്ങളായി ചേർന്നുള്ള ഒരു സൊസൈറ്റിയാണിത്. ഈ സൊസൈറ്റിയിൽ അംഗത്വമുള്ള എല്ലാ സംഘടനകളുടെയും സെക്രട്ടറിമാരും ട്രസ്റ്റിമാരും സഭാ കൗൺസിൽ അംഗങ്ങളും ഉൾപ്പെടുന്ന ഒരു ജനറൽബോഡിയും, ജനറൽ ബോഡി തിരഞ്ഞെടുക്കുന്ന ഒരു എക്സിക്യൂട്ടീവ് ബോർഡി ന്റെയും തീരുമാനങ്ങൾക്ക് വിധേയമായി പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ പ്രസിഡന്റായും റവ. ജിനിൽ ഏബ്രഹാം സെക്രട്ടറിയായും ഡോ. സജി ചാക്കോ ട്രഷററായും സൊസൈറ്റിക്ക് നേതൃത്വം നൽകിവരുന്നു.

15.4 മാർത്തോമ്മാ പ്രസ്സ്

മാർത്തോമ്മാ പബ്ലിക്കേഷൻ സൊസൈറ്റിയുടെ കുടക്കീഴിൽ പ്രവർത്തിക്കുന്ന പ്രധാന സ്ഥാപനമാണ് മാർത്തോമ്മാ പ്രസ്സ്. പ്രിന്റ് മീഡിയായിലൂടെ ദൈവരാജ്യ പ്രവർത്തനങ്ങളിൽ സജീവമായി പങ്കുചേരുക എന്ന ലക്ഷ്യത്തോടെ പ്രവർത്തനങ്ങൾ തുടർന്നുവരുന്നു. സഭയുടെയും സംഘടനകളുടെയും എല്ലാ അച്ചടി ജോലികളും ഭംഗിയായി നിർവ്വഹിക്കാനുള്ള സംവിധാനം ഇപ്പോഴുണ്ട്. സഭയുടെ ആരാധനക്രമങ്ങളും പാട്ടുപുസ്തകങ്ങളും, സഭാ ഓഫീസിലേക്ക് ആവശ്യമായി വരുന്ന എല്ലാ പ്രിന്റിംഗ് ജോലികളും സമയബന്ധിതമായി ചെയ്തുവരുന്നു. സഭാ ആഫീസ്, സഭാ ബുക്ക് ഡിപ്പോ എന്നിവിടങ്ങളിലെ എല്ലാ പ്രിന്റിംഗ് ജോലികളും; സുവിശേഷ പ്രസംഗസംഘം, സന്നദ്ധ സുവിശേഷക സംഘം, യുവജനസഖ്യം, സൺഡേസ്കൂൾ സമാജം, ഡി.എസ്.എം.സി., വികസനസം ഘം എന്നിവിടങ്ങളിലെ നിർദ്ദിഷ്ട ജോലികളും; മലങ്കര സഭാതാരക, സുവിശേഷ ദൂതൻ, യുവദീപം, സന്നദ്ധ സന്ദേശം, റിപ്പിൾസ്, തളിരുകൾ, സന്ദർശിനി എന്നീ പ്രസിദ്ധീകരണങ്ങളും, സഭയുടെയും ഭദ്രാസനത്തിന്റെയും റിപ്പോർട്ടുകൾ, ഭദ്രാസന കൺവൻഷൻ ഗീതങ്ങൾ, ഭദ്രാസന പ്രസിദ്ധീകരണങ്ങൾ, ഇടവക റിപ്പോർട്ടുകൾ, വാർത്താപത്രികകൾ, സുവനീറു കൾ, ഡയറക്ടറികൾ എന്നിവയും ഇടവകകളിൽ നിന്നുള്ള ഒട്ടനവധി മുദ്രണങ്ങളും നിർവ്വഹിച്ചു. മാരാമൺ കൺവൻഷൻ ഗീതങ്ങൾ, സൺഡേസ്കൂൾ പാഠപുസ്തകങ്ങൾ, യുവജന സഖ്യം കലണ്ടർ എന്നിവയും നമ്മുടെ പ്രസ്സിൽ അച്ചടിക്കു വാൻ സാധിച്ചു.

സഭയുടെയും പോഷക സംഘടനകളുടെയും എല്ലാവിധ അച്ചടി ജോലികളും സമയബന്ധിതമായി നമ്മുടെ പ്രസ്സിൽ നിർവ്വഹിക്കത്തക്കവിധമുള്ള വികസനമാണ് നടന്നു കൊണ്ടിരിക്കുന്നത്. ഗുണമേന്മയിലും ഉത്തരവാദിത്വത്തിലും ഉന്നതനിലവാരം പുലർത്തുവാൻ കഴിഞ്ഞ വർഷവും സാധിച്ചു. മാർത്തോമ്മാ പ്രസ്സിലെ സൗകര്യങ്ങളും സാധ്യതകളും സഭയ്ക്ക് ആകമാനം പ്രയോജനപ്പെടണം എന്ന താല്പര്യത്തോടെ പ്രവർ ത്തനം തുടരുന്നു. റവ. ജിനിൽ ഏബ്രഹാം ഡയറക്ടറായി പ്രവർത്തിക്കുന്നു.

16.A പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾ

കേരളത്തെ ആകെ പിടിച്ചു കുലുക്കിയ പ്രളയത്തിൽ വൻ നാശനഷ്ടമാണ് നമ്മുടെ സംസ്ഥാനത്ത് ഉണ്ടായത് ദുരിതാശ്വാസ പ്രവർത്തനങ്ങളിലും, പുനരധിവാസ പ്രവർത്തനങ്ങളിലും സഭ പ്രഥമസ്ഥാനം നൽകി. വിവിധ ഇടവകകൾ, സ്ഥാപനങ്ങൾ, സംഘടനകൾ, തുടങ്ങിയവയുടെ നേതൃത്വത്തിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടന്നു. പ്രളയ ബാധിതരെ സഭ കരുതലോടെ കൈ പിടിച്ചുയർത്തുന്നതിന്റെ ഭാഗമായി സഭാ കൗൺസിലിന്റെയും, സഭ പ്രതിനിധി മണ്ഡലത്തിന്റെയും അംഗീകാരത്തോടെ പുനരധിവാസ പദ്ധതിക്ക് രൂപം നൽകി. പൂർണ്ണമായി ഭവനം നഷ്ടപ്പെട്ടവർക്ക് ഭവനവും, ഭാഗികമായി ഭവനം നഷ്ടപ്പെടുകയും കേടുപാടുകൾ സംഭവിക്കുകയും ചെയ്ത ഭവനങ്ങൾക്ക് അറ്റകുറ്റപ്പണിക്കുള്ള സഹായവും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി. അഭിവന്ദ്യ മെത്രാപ്പോലി ത്താ തീരുമേനിയുടെ നേതൃത്വത്തിലുള്ള കമ്മിറ്റി ഇതിനായി പ്രവർത്തിച്ചുവരുന്നു. സഭാതാരകയിൽ പരസ്യപ്പെടുത്തിയത നുസരിച്ച് ലഭിച്ച അപേക്ഷയിൽ നിന്നും അർഹരായ 108 അപേക്ഷകർക്ക് പുതിയ ഭവനവും 69 അപേക്ഷകർക്ക് അറ്റകുറ്റപ്പണികൾക്കുള്ള സഹായവും ചെയ്തു. 2020 ജനുവരി മാസം 2ാം തീയതി ഡോ. അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ സ്മാരക ഓഡിറേറാറിയത്തിൽ ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനി അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ വച്ച് ബഹുമാനപ്പെട്ട കേരള ഗവർണർ ശ്രീ. ആരീഫ് മുഹമ്മദ് ഖാൻ പണി പൂർത്തിയായ വീടുകളുടെ താക്കോൽദാനം നിർവ്വഹിച്ചു. ഭവന നിർമ്മാണ പദ്ധതിയുടെ പ്രവർത്തനങ്ങളോടൊപ്പം പ്രളയത്തിൽ ഭവനവും സ്ഥലവും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു. തോട്ടയ്ക്കാട്ട് ശ്രീ. തോമസ് ജോൺ ചിറപ്പുറത്ത് സഭയ്ക്ക് വാഗ്ദാനം ചെയ്ത സ്ഥലത്ത് 14 ഭവനങ്ങൾ നിർമ്മിച്ച് അർഹരായ അപേക്ഷകരിൽനിന്ന് തെരഞ്ഞെടുത്തവർക്ക് നൽകുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തുവരുന്നു. പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് റിപ്പോർട്ട് വർഷം 6,00,34,041 രൂപാ സഭയുടെ ദുരിതാശ്വാസ ഫണ്ടിൽ നിന്ന് ചെലവായി ഇത് കൂടാതെ മാർത്തോമ്മാ പബ്ലിക്ക് ചാരിററബിൾ ട്രസ്റ്റിൽ നിന്നും 1,03,90,000 രൂപാ ഭവന നിർമ്മാണ പ്രവർത്തനങ്ങൾക്ക് ചെലവഴിച്ചു. സഭയുടെ പ്രളയ ദുരിതശ്വാസ പ്രവർത്തനങ്ങളിൽ പ്രാർത്ഥനാപൂർവ്വം സഹകരിച്ച എല്ലാവരോടും നന്ദി അറിയിക്കുന്നു. തുടർന്നും ദുരിതശ്വാസ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സഹായ സഹകരണം പ്രതീക്ഷിച്ചു കൊള്ളുന്നു.

16.B ഫണ്ടുകൾ

പ്രോവിഡന്റ് ഫണ്ട്: സഭയിലെ സജീവ സേവനത്തിലുള്ള പട്ടക്കാർക്കും ഓഫീസ് ജീവനക്കാർക്കുമായി പ്രോവിഡന്റ് ഫണ്ട് ക്രമീകരിച്ചിരിക്കുന്നു. അടിസ്ഥാന ശമ്പളത്തിന്റെ 10% ഗുണഭോക്താവും 10% പ്രവർത്തിക്കുന്ന ഇടവകയോ, സ്ഥാപനമോ ആകെ 20% പ്രതിമാസം പ്രോവിഡന്റ് ഫണ്ട് വിഹിതമായി അടയ്ക്കുന്നു. റിപ്പോർട്ടു വർഷം 3,35,03,473.14 രൂപ വരവായി ലഭിച്ചു. 3,51,15,414.98 രൂപ സ്ഥിരനിക്ഷേപങ്ങളിൽ നിന്നും പലിശയായി ലഭിച്ചു. 2019-20സാമ്പത്തിക വർഷം 3,17,33,877.51 രൂപ പട്ടക്കാരും ജീവനക്കാരും പ്രോവിഡന്റ്

ഫണ്ടിൽ നിന്നും പിൻവലിച്ചു.

പെൻഷൻ ഫണ്ട്: സജീവ സേവനത്തിൽ നിന്നും വിരമിച്ച പട്ടക്കാർക്കും വിധവകളും സ്ഥിരവരുമാനമില്ലാത്തവരുമായ ബസ്ക്കിയാമ്മമാർക്കും പ്രതിമാസം പെൻഷൻ നൽകുന്നതിന് ഈ ഫണ്ട് ഉപയോഗിക്കുന്നു. സജീവ സേവനത്തിലുള്ള പട്ടക്കാരുടെ അടിസ്ഥാന ശമ്പളത്തിന്റെ 15% ഓരോ മാസവും സേവനം ചെയ്യുന്ന ഇടവകയോ/സ്ഥാപനമോ അവരുടെ വിഹിതമായി ഈ ഫണ്ടിലേയ്ക്ക് അടയ്ക്കേണ്ടതാണ്. റിപ്പോർട്ടു വർഷം 2,20,48,575.60 രൂപ വരവിനത്തിൽ ലഭിച്ചു. 2,18,46,877 രൂപ പെൻഷൻ ഇനത്തിൽ 2019-20 സാമ്പത്തിക വർഷം ചെലവായി. നിലവിലെ ജീവിത ചെലവുകൾ വർദ്ധിക്കുന്നതിനാൽ പെൻഷൻ തുകയും കാലോചിതമായി വർദ്ധിപ്പിക്കേണ്ടതാണ്. പട്ടക്കാരുടെയും ബസ്കിയാമ്മമാരുടെയും പെൻഷൻ കാലതാമസം കൂടാതെ നൽകുന്നതിന് ഇടവകകളും സ്ഥാപനങ്ങളും പെൻഷൻഫണ്ട് വിഹിതം യഥാസമയം സഭാ ഓഫീസിൽ അടയ്ക്കുന്നതിന് പട്ടക്കാരും ഇടവക ചുമതലക്കാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

പട്ടക്കാരുടെ മെഡിക്കൽ എയ്ഡ് ഫണ്ടും പ്രത്യേക മെഡിക്കൽ എയ്ഡ് സ്കീമും: എല്ലാ വർഷവും ജൂൺ മാസത്തിലെ ഒന്നാം ഞായറാഴ്ച ലഭിക്കുന്ന സ്തോത്രകാഴ്ച പട്ടക്കാരുടെ മെഡിക്കൽ എയ്ഡ് സ്തോത്രകാഴ്ചയാണ്. റിപ്പോർട്ടുവർഷം സ്തോത്രകാഴ്ചയായി 32,79,611.11 രൂപ ലഭിച്ചു. പട്ടക്കാരുടെ പ്രത്യേക ചികിത്സാ പദ്ധതി പ്രകാരം 2019-2020 സാമ്പത്തിക വർഷം 1,39,84,543 രൂപ ചികിത്സാ സഹായമായി ചെലവഴിച്ചു. 1,73,73,387.35 രൂപ റിപ്പോർട്ട്വർഷം മെമ്പർഷിപ്പ് ഇനത്തിൽ വരവായി ലഭിച്ചു.

പട്ടക്കാരുടെ പ്രത്യേക വൈദ്യസഹായ പദ്ധതി സുഗമമായി നടക്കുവാൻ മെഡിക്കൽ എയ്ഡ് സ്തോത്രകാഴ്ചയായി ലഭിക്കുന്ന തുകയും, മെമ്പർഷിപ്പ് തുകയും ക്രമമായി ഓരോ മാസവും സഭാ ഓഫീസിൽ അടയ്ക്കുവാൻ പട്ടക്കാരും ചുമതലക്കാരും ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശമ്പളക്രമീകരണഫണ്ട്: സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഇടവകകളിൽ ശുശ്രൂഷ ചെയ്യുന്ന പട്ടക്കാരുടെ ശമ്പളത്തിൽ നിന്നും ഒരു വിഹിതം ഈ ഫണ്ടിൽ നിന്ന് നൽകിവരുന്നു. എല്ലാ ഇടവകകളും സ്ഥാപനങ്ങളും അവിടെ ശുശ്രൂഷ ചെയ്യുന്ന പട്ടക്കാരുടെ ഒരു മാസത്തെ അടിസ്ഥാന ശമ്പളം ഇതിനായി ഭദ്രാസന ഓഫീസിൽ അടയ്ക്കേണ്ടതാണ്. ഭദ്രാസന ഓഫീസിൽ ശേഖരിക്കുന്ന തുകയുടെ 15% ബഹു. എപ്പിസ്കോപ്പൽ സിനഡ് തീരുമാനപ്രകാരം സഭാ ഓഫീസിൽ അടയ്ക്കേണ്ടതാണ്. വിദേശ ഇടവകകളിൽ നിന്നും ഭദ്രാസന ഓഫീസിൽ ലഭിക്കുന്ന ശമ്പളക്രമീകരണ ഫണ്ട് തുകയുടെ 50% സഭാ ഓഫീസിൽ അടയ്ക്കേണ്ടതാണ്. സഭയുടെ ക്രമീകരണം അനുസരിച്ച് ഒരു ഭദ്രാസനത്തിന്റെയും കീഴിൽ വരാത്ത പട്ടക്കാർക്ക് അത്യാവശ്യ സന്ദർഭങ്ങളിൽ ശമ്പളം കൊടുക്കുവാനും ഈ ഫണ്ട് ഉപയോഗിക്കുന്നു.

ക്ലർജിമെൻ ഫാമിലി എയ്ഡ് റിസർവ്വ് ഫണ്ട്: സർവ്വീസിലിരിക്കെ മരണമടയുന്ന പട്ടക്കാരുടെ ബസ്ക്കിയാമ്മോമാർക്ക് അലവൻസ് നൽകുന്നതിന് ഈ ഫണ്ട് ഉപയോഗിക്കുന്നു. സഭയുടെ റവന്യു വരുമാനത്തിൽ നിന്നും ഓരോ വർഷവും ട്രാൻസ്ഫർ ചെയ്യുന്ന തുകയാണ് ഈ ഫണ്ടിന്റെ വരുമാന മാർഗ്ഗം. 2019-20 സാമ്പത്തിക വർഷം 5,85,463 രൂപ ഈ ഇനത്തിൽ വരവായി ലഭിച്ചു. 8,19,598 രൂപ ചെലവായി. ഈ ഫണ്ടിലേയ്ക്ക് അധികം തുക കണ്ടെത്തേണ്ടിയിരിക്കുന്നു. വ്യക്തികളിൽ നിന്നും ഇടവകകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും സംഭാവന പ്രതീക്ഷിക്കുന്നു.

വിവാഹ സഹായ ഫണ്ട്: സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പെൺകുട്ടികളുടെ വിവാഹം നടത്തുന്നതിന് ഭദ്രാസനങ്ങൾ വഴി ഈ ഫണ്ടിൽ നിന്നും സംഭാവന നൽകിവരുന്നു. ഇടവകകൾ, വ്യക്തികൾ എന്നിവരിൽ നിന്നും ലഭിക്കുന്ന സംഭാവനയും എൻഡോവ്മെന്റ് പലിശയുമാണ് വരുമാന മാർഗ്ഗം. 2019-2020 സാമ്പത്തിക വർഷം പ്രീമാരിററൽ കൗൺസിലിംഗിന് ഉൾപ്പെടെ ആകെ 5 ലക്ഷം രൂപ വിവാഹ സഹായ ഫണ്ടിൽ നിന്നും ചെലവായി

